Shri T. S. Ramaswami : Sir, I want answer for sub-division (a), as in the Enquiry Commissioner's report the number killed is stated to be 7 whereas previously in a Communique published by Government the number was stated as 4. I want answers to sub-divisions (e) and (f) also, because those points are not covered by the report of the Enquiry Commissioner.

ശ്രീ. എ. താണുപിള്ള : അതു കമ്മീഷൻ റിപ്പോർട്ടിലുണ്ട്.

(ഈ, എഫ്) വാർണിംഗ് കൊടുത്തിട്ടുണ്ട്. ലാത്തിചാർജ്ജ് നടത്തിയിട്ടുണ്ട്. അതിനുശേഷം നിർവാഹമില്ലാതെ വന്നപ്പോഴാണ് വെടിവയ്പ് നടത്തിയതു്.

Shri T. S. Ramaswami : My sub-division (e) is, whether any measures other than firing were taken for the dispersal of crowds before firing such as tear gas. I have to submit, Sir, that these are measures which are followed elsewhere before firing is resorted to. Why are not these measures followed in this case ?

ശ്രീ. എ. താണുപിള്ള : ടിയർഗ്യാസ് ഉപയോഗിക്കുന്നതു പല സംഗതികളെ ആശ്രയിച്ചിരിക്കും. ജനക്കൂട്ടത്തിന്റെ സ്വഭാവവും സ്ഥലത്തിന്റെ സ്വഭാവവും മററും നോക്കിയേ ടിയർഗ്യാസ് ഉപയോഗിക്കുന്നതിന് ഒക്കുകയുള്ളൂ. അതിന് പററിയ സൗകര്യങ്ങളല്ലായിരുന്നു അവിടെ ഉണ്ടായിരുന്നതു്.

Shri T. S. Ramaswami : Were the tear gas and house pipes ready at the time for use ?

ശ്രീ. എ. താണുപിള്ള : ടിയർഗ്യാസ് റെഡിയാക്കി വയ്ക്കുന്നതിനു പററിയ സ്ഥലമല്ലായിരുന്നു അതു്.

Shri T. S. Ramaswami : Were they ready anywhere in South Travancore ?

ശ്രീ. എ. താണുപിള്ള : ഒരു ഹൈക്കോടതി ജഡ്ജി അതിനെപ്പററി ഒരു എൻക്വയറി നടത്തി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

Shri T. S. Ramaswami : The answer to sub-division (a) has also not been given. In the Enquiry Report the number killed has been stated as 7. Formerly, in the Government Communique it was stated as 4.

ശ്രീ. എ. താണുപിള്ള : പൂർണ്ണമായ വിവരങ്ങൾ അറിയുന്നതിനു മുമ്പുള്ള റിപ്പോർട്ടായിരുന്നു ആദ്യത്തേതു്.

Shri Panampilly Govinda Menon : After the events in South Travancore on the 11th August, have the Government cared to give instructions, or rather a code of conduct to the Police regarding firing in future ?

ശ്രീ. എ. താണുപിള്ള : കോഡ് ആഫ് കാൺടക്റ്റ് മുൻപ് തന്നെ ഉണ്ട്. അതു മാററണമോ എന്നുള്ളതു് ആലോചിച്ചുകൊണ്ടിരിക്കയാണ്.

Shri Panampilly Govinda Menon : My question, Sir, is whether after the events on the 11th August in Southern Travancore, a fresh code of conduct has been formulated and communicated to the Police ?

ശ്രീ. എ. താണുപിള്ള : അങ്ങിനെ ചെയ്തിട്ടില്ല.

Moniam Karam Enquiry Committee.

*8. [9] **Shri T. S. Ramaswami :** Will the Minister for Finance be pleased to state :

(*a*) the recommendations of the Moniam Karam Enquiry Committee regarding the abolition of Thiruppuvaram charged on Pandaravaga lands in favour of Sripandaravaga;

(*b*) the steps taken by the Government for implementing the recommendations;

(*c*) the names of the members of the Enquiry Committee;

(*d*) whether any of the Land Reform Bills now circulated has any provision implementing the recommendations of the Committee;

(*e*) if so, in which Bill and if not, the reasons why the recommendations were not implemented yet ?

Minister for Finance (**Shri P. S. Nataraja Pillai**) : (*a*) The Committee has recommended that in view of the special features of Thiruppuvaram due to Sri Pandaravaga, the land holders charged with Thiruppuvaram to Sri Pandaravaga may be relieved of the burden.

(*b*) The matter is under the consideration of Government.

(*c*) 1. Shri A. S Damodaran Asan, Retired First Member, Board of Revenue, Chairman.

2. „ K. B. Perumal Pillai, Kadukara.

3. „ P. S. Nataraja Pillai, M. L. A.

4. „ P. Ramaswami Pillai, M. L. A., Eraniel.

5. „ R. Ponnappa Nadar, Advocate, M. L. A., Nagercoil.

6. „ G. Chandrasekhara Pillai, M. L. A.

7. „ Taikad N. Subramonia Iyer, Advocate general.

8. „ S. Vaidyanatha Aiyar, Private Secretary to His Highness the Raj Pramukh.

9. „ T. R. Krishna Aiyar, Executive Officer, Sree Padmanabhaswami Temple.

(*d*) Yes.

(*e*) Attention is invited to the provisions contained in Sections 4 and 7 of the Travancore Land Tax Bill and Sections 10, 11, 12 and 14 in Part II of the Travancore Special Rights in Lands Abolition Bill. The question relating to Thiruppuvaram will be taken up separately as a general question as there is no justification for making a special provision regarding Thiruppuvaram due to Sree Padmanabhaswami Temple as distinguished from other Thiruppuvarams?

Shri T. S. Ramaswami: Sir, may I know whether the Enquiry Committee was unanimous in recommending the abolition of Thiruppuvaram.

Shri P. S. Nataraja Pillai: Yes; it was a unanimous recommendation.

Shri T. S. Ramaswami: May I know whether Government will implement that recommendation ?

Shri P. S. Nataraja Pillai: The question of abolition of Thiruppuvaram is to be taken up as a general question. This is a matter affecting all tenures of lands, and hence this has to be taken up and disposed of as a general question. There is no justification for making a special provision regarding Thiruppuvaram due to Sree Pad nanabhaswami Temple as distinguished from other Thiruppuvarams.

Shri T. S. Ramaswami: May I know the attitude of the Government with regard to Thiruppuvarams in connection with Sree Padmanabhaswami Temple lands.

Shri P. S. Nataraja Pillai: As I said when we deal with Thiruppuvaram, we have to deal with Thiruppuvarams as a whole. It is a general question which is to be dealt with as such.

Shri T. S. Ramaswami: May I know how long it will take for implementing the recommendations of the Moniam Karam Enquiry Committee?

Shri P. S. Nataraja Pillai: Thiruppuvaram is Thiruppuvaram whether it is in respect of Sri Pandaravaga lands or other lands. That is a matter to be dealt with as a whole. Here as far as the Sri Pandaravaga Thiruppuvaram is concerned, the Committee came to the conclusion that the landholders may be relieved of the burden. With regard to other Thiruppuvarams it is to be decided whether the landholders should pay for it or not. That is a matter which is engaging the attention of the Government. Government cannot arrive at a decision solely in respect of one type of land.

Shri T. S. Ramaswami: May I know whether in view of the special features of Thiruppuvaram due to Sri Pandaravaga, Government will consider the question of abolition of Thiruppuvaram at least in the case of these lands?

Shri P. S. Nataraja Pillai: Government will try to do what they can to the best of their ability.

തെക്കൻതിരുവിതാംകൂറിലെ വെടിവയ്പ്പ്.

*9. [10] ശ്രീ. ടി. പി. സീതാരാമൻ: തഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) തെക്കൻതിരുവിതാംകൂറിലെ വെടിവയ്പിൽ എത്ര പേർക്ക് പരുക്കുകൾ പററിയിട്ടുണ്ട്;

(ബി) വെടിവയ്പിനുള്ള കാരണമെന്ത്;

(സി) തെക്കൻതിരുവിതാംകൂറിലെ വെടിവയ്പിനെ സംബന്ധിച്ചു എത്ര തവണ അന്വേഷണം നടത്തി;

(ഡി) ഡിസ്ട്രിക്ററ കളക്ററരുടെ അന്വേഷണഫലമെന്ത്;

(ഈ) ആയതിനു എന്തു ചെലവു വന്നിട്ടുണ്ട്;

(എഫ്) ഹൈക്കോടതി ജഡ്ജിയുടെ അന്വേഷണഫലമെന്ത്; ആയതിനു എന്തു ചെലവായി;

(ജി) ഓരോന്നിലും എത്രപേർ മൊഴികൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഈ ചോദ്യത്തിനു് മുമ്പു് ഉത്തരം പറഞ്ഞിട്ടുണ്ട്.

ശ്രീ. ററി. പി. സീതാരാമൻ: (ഈ)-യുടേയും (എഫ്)-ന്റേയും ഉത്തരം കിട്ടണം. അതു മുമ്പു പറഞ്ഞിട്ടുള്ളതല്ല.

ശ്രീ. എ. താണുപിള്ള: (ഈ) ഡിസ്ട്രിക്ട് കലക്ടരുടെ അന്വേഷണത്തിനു ചെലവൊന്നുമില്ല.

(എഫ്) ഹൈക്കോടതിജഡ്ജിയുടെ അന്വേഷണത്തിനു് 1700 രൂപ ചെലവായിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇതുസംബന്ധിച്ചു് ഒരു സ്പെഷ്യൽ പ്രാസിക്യൂട്ടക്ക് വലിയ ഒരു തുക ഫീസു് കൊടുത്തിട്ടുള്ളതായി പത്രങ്ങളിൽ കണ്ടിരുന്നു. അങ്ങിനെ സ്പെഷ്യൽ പ്രാസിക്യൂട്ടക്ക് കൊടുത്തതുൾപ്പെടെയുള്ള തുകയാണോ ഇപ്പോൾ പറഞ്ഞതു്?

ശ്രീ. എ. താണുപിള്ള: വക്കീൽഫീസു് കൂടാതെയുള്ള തുകയാണെന്നാണു് തോന്നുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: വക്കീൽഫീസു് പിന്നെ എതിനാണിലാണു് കൊള്ളിച്ചിരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസുവേണം.

Landholdings.

*10. [11] **Shri T. P. Sitaraman:** Will the Minister for Finance be pleased to state :

(*a*) whether this Government have agreed to conduct a sample survey of agricultural land holdings in this State ;

(*b*) the reasons that prevailed upon the Centre to request this Government to do so ;

(c) when this survey is scheduled to be completed ;

(d) which Government will provide the staff required and meet the expenditure ; and

(e) what are the details of information to be collected?

Minister for Finance (**Shri P. S. Nataraja Pillai**) :

(a) Yes.

(b) The survey is one sponsored on an All India basis by the Government of India as part of a World Programme instituted by the World Food and Agriculture Organisation. The object of the survey is to collect for purposes connected with agro-economic development, detailed information in regard to land holdings of households, trend of self management, household indebtedness and farming practices.

(c) The survey is scheduled to be completed by the middle of February 1955.

(d) The State Government have provided the staff required for the survey and is meeting the expenditure in connection with the pay and allowances of the staff. All other expenditure such as T. A., contingencies, cost of tabulation, etc., will be met by the Central Government.

(e) The details of information to be collected are the following :—

(1) *Land holding of house-holds*: Under this head detailed information is to be collected regarding the family size, size of operational holding, economic status of the household, demographic and occupational particulars of the members, particulars of plots owned and cultivated, tenure of plots, land utilization of plots cultivated, agricultural implements owned and livestock.

(2) *Trend of self management*: Under this, information is to be collected to ascertain whether and if so to what extent there is a tendency on the part of the owners to take over self-cultivation by evicting non-occupancy tenants.

(3) *Household indebtedness*: Details regarding loans taken by the family are to be collected under this.

(4) *Farm Practices*: In this, information on the farming practices in each plot operated by the family is to be collected.

പ്രൈമറിസ്കൂൾ അദ്ധ്യാപകർ.

* 11. [12] ശ്രീ. കെ സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1952-ൽ പബ്ലിക്ക്സർവ്വീസ് കമ്മിഷൻ എത്ര പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് വൈവാവോസ് ടെസ്റ്റു നടത്തി;

(ബി) അതിൽ മലയാളം ഹയറും ടീച്ചേഴ്സ് ട്രെയിനിംഗും ഉള്ളവർ എത്രപേർ ഉണ്ടായിരുന്നു;

(സി) അപ്പോൾ തയ്യാറാക്കിയ ലിസ്റ്റിൻപ്രകാരം ഇതുവരെ എത്ര ഹയർ ട്രെയിൻഡുകാർക്ക് നിയമനം ഉണ്ടായിട്ടുണ്ട്;

(ഡി) മാനേജ്മെൻറ് സ്കൂളുകളിൽ ജോലി നോക്കിയിട്ടുള്ള അദ്ധ്യാപകന്മാർക്ക് അന്നു മുൻഗണന നൽകിയിരുന്നോ;

(ഈ) സർവ്വീസ് സർട്ടിഫിക്കറുകൾ ഹാജരാക്കിയ അനവധി ഉദ്യോഗാർത്ഥികൾക്ക് പറഞ്ഞിരുന്ന പ്രകാരം സർവ്വീസ് പരിഗണിച്ചിട്ടുണ്ടോ;

(എഫ്) മാനേജ്മെൻറിൽ സർവ്വീസ് ലഭിച്ചിട്ടില്ലാത്തതിനാൽ പലരും 38 വയസ്സു കഴിഞ്ഞു എന്നുള്ള കാരണത്താൽ നിയമനം ലഭിക്കാത്തവരായി തീർന്നിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 4197.

(ബി) അതിൽ 2,445 പേർ മലയാളം ഹയർ, ശാസ്ത്രി മുതലായ പരീക്ഷകൾ പാസായവരും ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഉള്ളവരുമായിരുന്നു.

(സി) 1063.

(ഡി) ഇല്ല. എന്നാൽ എവിടെയുള്ളവരായാലും പഠിപ്പിക്കുന്നതിനുള്ള പരിചയത്തിന് പരിഗണന നൽകിയിട്ടുണ്ട്.

(ഈ) ഡൈവാവോസ് ടെസ്റ്റ്സമയത്ത് സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവർക്ക് പരിഗണന നൽകിയിട്ടുണ്ട്.

(എഫ്) പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരായി നിയമനം കിട്ടാനുള്ള യോഗ്യതകളിൽ മാനേജ്മെൻറ് സ്കൂളുകളിലുള്ള സർവീസ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മാനേജ്മെൻറ് സ്കൂളുകളിലുള്ള സർവ്വീസിന് മുൻഗണന കൊടുത്തിട്ടില്ല.

ശ്രീ. കെ. സി. ജാർജ്ജ്: മാനേജ്മെൻറ് സ്കൂളുകളിലുള്ളവർക്ക് മുൻഗണന കൊടുക്കുമെന്ന് ഒരു ധാരണ ഗവണ്മെൻറ് വരുത്തിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: സ്കൂളുകളിൽ അങ്ങിനെ ഇല്ല. പഠിപ്പിക്കുന്നതിനുള്ള പരിചയത്തിന് പരിഗണന നൽകുന്നുണ്ട്.

സിനിമാശാലകൾക്കുള്ള ലൈസൻസ്.

* 12. [13] ശ്രീ. കെ. സി. ജാർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെമ്പററി സിനിമാശാലകൾക്ക് ലൈസൻസ് കാലാവധി നീട്ടിക്കൊടുക്കുന്നതല്ലെന്ന് ഗവണ്മെൻറ്തീരുമാനമുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് അങ്ങിനെ ഒരു തീരുമാനമെടുത്തത്;

(സി) അതേപ്പററി വല്ല നിവേദനവും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) സിനിമാടോഗ്രാഫ് ആക്റ്റിന്റെയും റൂളുകളുടേയും അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുത്തത്.

(സി) ഉണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : സിനിമാടോഗ്രാഫ് ആക്റ്റിലുള്ള ഏതെല്ലാം വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുത്തിട്ടുള്ളതെന്ന് അറിഞ്ഞാൽകൊള്ളാം.

ശ്രീ. എ. താണുപിള്ള : കെട്ടിടത്തിന്റെ സ്ഥിതിയേയും മററും ബാധിക്കുന്ന വകുപ്പുകളുടെ അടിസ്ഥാനത്തിലാണ്.

ശ്രീ. കെ. സി. ജാർജ്ജ് : ഫിലിം തീപിടിക്കുന്നതുകൊണ്ട് കെട്ടിടത്തിനു അപകടമാണെന്ന് ഒരു ധാരണ ഗവണ്മെന്റിനുണ്ടെന്നുള്ളത് ശരിയാണോ ?

ശ്രീ. എ. താണുപിള്ള : അതു കെട്ടിടത്തിന്റെ സ്ഥിതി അനുസരിച്ചിരിക്കും.

ശ്രീ. കെ. സി. ജാർജ്ജ്: സിനിമാടോഗ്രാഫ് ആക്റ്റിൽ ടെമ്പററിയായി നീട്ടിക്കൊടുക്കാൻ പാടില്ലെന്നു വിധിയുണ്ടോ ?

ശ്രീ. എ. താണുപിള്ള : അതു നിയമപരമായ കാര്യമാണ്.

ശ്രീ. കെ. സി. ജാർജ്ജ് : ഇതു ഗവണ്മെന്റിന്റെ സ്വന്തമായി എടുത്തിട്ടുള്ള ഒരു തീരുമാനമല്ലേ ?

ശ്രീ. എ. താണുപിള്ള : മുൻകാലത്തിൽ അവധി വച്ച് കൊടുത്തിട്ടുണ്ട്. നിയമപ്രകാരം നീട്ടിക്കൊടുക്കുന്നതു ശരിയല്ല.

ശ്രീ. കെ. സി. ജാർജ്ജ് : ഗവണ്മെന്റിന്റെ ഡിസ്ക്രിഷൻ ഉപയോഗിച്ചാണോ ഇങ്ങനെ ഒരു തീരുമാനം എടുത്തിട്ടുള്ളത് ?

ശ്രീ. എ. താണുപിള്ള : ഗവണ്മെന്റിന്റെ അധികാരം ഉപയോഗിച്ച് ചെയ്തതാണ്.

ശ്രീ. കെ. സി. ജാർജ്ജ് : അതിനുള്ള കാരണം എന്താണ് ?

ശ്രീ. എ. താണുപിള്ള : കാരണം വേണ്ടിടത്തോളം രഹസ്യമല്ലെന്നുള്ളതാണ്.

ശ്രീ. കെ. സി. ജാർജ്ജ് : കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കിടയിൽ എവിടെയെങ്കിലും കെട്ടിടങ്ങൾക്ക് അപകടം പററിയതായി ഗവണ്മെന്റിന് അറിവു കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : എവിടെയെങ്കിലും അപകടമുണ്ടായി ജനങ്ങൾ മരിച്ചതിനുശേഷം ചെയ്യണമെന്നു ഗവണ്മെന്റു കരുതിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ആക്റ്റ് ഫിലിം തീപിടിക്കുന്നകാലത്തു ഉണ്ടാക്കിയതാണെന്ന് അറിയാമോ ?

ശ്രീ. എ. താണുപിള്ള : അങ്ങനെയല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിനെപ്പററി കൂടുതലായ അന്വേഷിക്കുമോ ?

ശ്രീ. എ. താണുപിള്ള : അന്വേഷിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കാലാവധി നീട്ടിക്കൊടുത്തതു കൊണ്ടു് ഇതിൽ ഏർപ്പെട്ടിരുന്ന പലരും തൊഴിലില്ലാത്തവരായിത്തീന്നിട്ടുണ്ടെന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : അങ്ങിനെ ഉണ്ടു്. പക്ഷെ എല്ലാക്കാര്യങ്ങളും പരിഗണിച്ചശേഷമേ ഗവണ്മെൻറിനു് ഒരു തീരുമാനം എടുക്കാൻ സാധിക്കയുള്ളു.

അടയ്ക്കാ ഗവേഷണകേന്ദ്രം.

* 13. [14] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴഞ്ഞിയിൽ അടയ്ക്കാഗവേഷണകേന്ദ്രം തുടങ്ങുന്നതാണെന്ന തീരുമാനത്തെ തുടന്നു ടി തീരുമാനം നടപ്പിലാക്കുവാൻ വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) : പഴഞ്ഞിയിൽ അടയ്ക്കാ ഗവേഷണകേന്ദ്രം തുടങ്ങുന്നതാണെന്നു് തീരുമാനിച്ചിട്ടില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : കഴിഞ്ഞ ബഡ്ജററിൽ അതിനു് പ്രൊവിഷൻ ഉണ്ടായിരുന്നതല്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങനെ ഒന്നു് ഉണ്ടാക്കണമെന്ന ഒരു പ്രപ്പോസൽ ഉണ്ടായിരുന്നു. അവിടെ വെള്ളത്തിനു് സൗകര്യമില്ലാത്തതുകൊണ്ടു് അവിടെ തുടങ്ങുന്നതു് ഉചിതമല്ലെന്നു തീർച്ചചെയ്തു്, അതു് വേണ്ടന്നുവച്ചു.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : വെള്ളത്തിനു് സൗകര്യമില്ലെന്നു റിപ്പോർട്ടുചെയ്തതു് ഏതു ഉദ്യോഗസ്ഥനാണു്?

Shri P. S. Nataraja Pillai: The Director of Agriculture reported that there was a proposal to start an Arecanut Research Station at Pazhanji sometime back. But due to scarcity of water the question of starting the Research Station there was dropped.

ലാത്തിച്ചാർജ്ജ്.

* 14. [15] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 മാസത്തിനുള്ളിൽ സംസ്ഥാനത്തു എത്ര ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ടു്;

(ബി) എത്രയെണ്ണത്തെപ്പററി പരസ്യാന്വേഷണം നടത്തിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവയെപ്പററി പരസ്യാന്വേഷണം നടത്താതിരിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) നാലു്.

(ബി) രണ്ടു്.

(സി) പരസ്യാന്വേഷണം ആവശ്യമുള്ളതായി ഈ ഗവണ്മെൻറു കരുതിയില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : പരസ്യാന്വേഷണം വേണമെങ്കിൽ വല്ലവരും നിരാഹാരവ്രതം എടുത്താലെ പററുകയുള്ളു എന്ന നിർബന്ധമുണ്ടോ?

ശ്രീ. എ. താണുപിള്ള : കഴിയുന്നതും ഈ നിരാഹാരവ്രതം ഇല്ലാതാക്കിയാൽ കൊള്ളാമെന്നുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഏതെല്ലാം ലാത്തിചാർജ്ജുകളെപ്പററിയാണു് അന്വേഷണം നടത്തിയതു് എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : ഒല്ലൂർ I, പുതുക്കാട I; ഡിസ്ട്രിക്ററുമജിസ്ട്രേട്ടാണു് അന്വേഷണം നടത്തിയതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : 4 ലാത്തിചാർജ്ജുകൾ നടന്നതു് എവിടെയെല്ലാമണു്?

ശ്രീ. എ. താണുപിള്ള : പുതുക്കാട, ആലുവാ, കുഴിത്തുറ, ഒല്ലൂർ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആഗസ്റ്റു് 28-ാംതീയതി ഈ സംസ്ഥാനത്തു് എത്ര ലാത്തിചാർജ്ജുകൾ നടന്നിട്ടുണ്ടെന്നു പറയാമോ?

(ഉത്തരമില്ല.)

ശ്രീ. ടി. പി. സീതാരാമൻ : ഒല്ലൂരിൽ ഉണ്ടായ ലാത്തിചാർജ്ജിനെപ്പററി ഡിസ്ട്രിക്ററു മജിസ്ട്രേട്ടിൻെറ അന്വേഷണഫലം എന്താണെന്നു് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള : റിപ്പോർട്ടു ഞാൻ കണ്ടിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ : ആലുവായിൽ ലാത്തിചാർജ്ജു നടന്നതിനെപ്പററി ഒരു പരസ്യാന്വേഷണം നടത്താഞ്ഞതിനു് വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. എ. താണുപിള്ള : പ്രത്യേക കാരണം ഒന്നും ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ : അവിടെ നിരാഹാരവ്രതം ആരംഭിക്കത്തതാണോ കാരണം?

Mr Speaker : That question is disallowed.

ശ്രീ. ടി. കെ. ദിവാകരൻ : ലാത്തിചാർജ്ജുകൾ നടന്ന ചില സ്ഥലത്തു് അന്വേഷിക്കുകയും ചില സ്ഥലത്തു് അന്വേഷിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണം എന്താണ്?

ശ്രീ. എ. താണുപിള്ള : ചില സ്ഥലത്തു് പരസ്യാന്വേഷണം നടത്തണമെന്നു് വളരെ ആളുകൾ ആവശ്യപ്പെടുമ്പോൾ അപ്രകാരം ചെയ്യും.

ശ്രീ. കെ. എ. ബാലൻ : ആലുവായിൽ നടന്ന ലാത്തിചാർജിനെപ്പററി പരസ്യാന്വേഷണം നടത്തണമെന്നു് ഗവണ്മെൻറിനു് നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ഉണ്ടു്. അതിനെക്കുറിച്ചു് ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. യശോധരൻ : ഡിസ്ട്രിക്ററ മജിസ്ട്രേട്ടുതന്നെ അന്വേഷണം നടത്തണം എന്നു് നിർബന്ധിക്കുന്നതിനു് കാരണം എന്താണു്?

ശ്രീ. എ. താണുപിള്ള : അങ്ങനെ നിർബന്ധമില്ല.

മട്ടാഞ്ചേരിയിൽ നടന്ന വെടിവെയ്പു്.

* 15. [17] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 53 സെപ്ററംബർ 15-ാംതീയതി മട്ടാഞ്ചേരിയിൽ നടന്ന വെടിവെയ്പിൽ എത്രപേർ മരിച്ചു;

(ബി) ആ സംഭവത്തിൽ ധീരതയും മനസ്സാന്നിദ്ധ്യവും പ്രകടിപ്പിച്ച പോലീസ് ഉദ്യോഗസ്ഥന്മാർക്കു് ഗവണ്മെൻറിൽനിന്നും പാരിതോഷികങ്ങൾ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പാരിതോഷികത്തിനർഹരായവരുടെ പേരുവിവരം പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) 2.

(ബി) ആ സംഭവത്തിൽ ധീരതയും മനസ്സാന്നിദ്ധ്യവും പ്രകടിപ്പിച്ച പോലീസ് ഉദ്യോഗസ്ഥന്മാർക്കു് പാരിതോഷികങ്ങൾ നൽകിയിട്ടുണ്ടു്.

(സി) പേരുവിവരം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു. †

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മനുഷ്യനെ വെടിവച്ചുകൊല്ലുന്നതു ധീരതയും മനസ്സാന്നിദ്ധ്യവും ആണോ?

ശ്രീ. എ. താണുപിള്ള : വെടിവയ്ക്കുന്നതിനു് മനസ്സാന്നിദ്ധ്യം വേണം.

---

† Please See Appendices I. & II.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കൂടുതൽ വെടിവയ്ക്കുന്നതോ, അതോ കൂടുതൽ വെടിവയ്ക്കാതിരിക്കുന്നതോ മനസ്സാന്നിദ്ധ്യം?

(ഉത്തരം ഇല്ല)

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : വെടിവയ്പ്പിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് വല്ല നഷ്ടപരിഹാരവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഉണ്ടെന്നാണ് എന്റെ ഓർമ്മ.

ശ്രീ. ആർ. സുഗതൻ : ഇനിമേൽ ഏത്ര സ്ഥലത്ത് വെടിവയ്പ്പ് നടത്തണമെന്ന് അന്വേഷിക്കുവാൻ ഒരു കമ്മിററി വയ്ക്കാമോ? (ചിരി)

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കൊടുത്ത പാരിതോഷികങ്ങളുടെ കണക്കുകൾ എന്താണ് ; എന്തെല്ലാം പാരിതോഷികങ്ങളാണ് കൊടുത്തിട്ടുള്ളത് ?

ശ്രീ. എ. താണുപിള്ള : അതിന്റെ ലിസ്ററ് ഞാൻ കണ്ടില്ല. അത് പണമായും ശമ്പളക്കൂടുതലായും കൊടുത്തിരിക്കും.

രാഷ്ട്രീയത്തടവുകാർ.

* 16. [18] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയലാർ-പുന്നപ്ര രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ രാഷ്ട്രീയതടവുകാരെ മോചിപ്പിക്കണമെന്നു കാണിച്ചു ഗവണ്മെന്റിലേയ്ക്ക് എത്ര നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) (ബി) വയലാർപുന്നപ്ര തടവുകാരെ മോചിപ്പിച്ചിട്ടുണ്ട് സർ.

ശ്രീ. ആർ. സുഗതൻ : ഇനി ഈ സ്റ്റേററിൽ എത്ര രാഷ്ട്രീയതടവുകാർ ഉണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതിന് വേറെ ചോദ്യം വേണം.

കയർ വ്യവസായസഹകരണസംഘം.

* 17. [19] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായസഹകരണസംഘങ്ങളിൽ തൊഴിലാളികളെ അംഗമായി ചേർക്കുന്നില്ലെന്നു ഗവണ്മെന്റിനു പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികളെടുത്തു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ : പരാതി വേണ്ടിവന്നിച്ചാൽ അതിനെപ്പറ്റി അന്വേഷിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : കയർ വ്യവസായസഹകരണ സംഘങ്ങളിൽ തൊഴിലാളികളെ അംഗമായി ചേർക്കുന്നില്ലെന്ന് ഗവണ്മെന്റിന് പരാതി കിട്ടിയിട്ടില്ല.

ശ്രീ. ആർ. സുഗതൻ : അങ്ങനെ പരാതി ഉണ്ടായാൽ അതിനെക്കുറിച്ച് അന്വേഷിക്കാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : സഹകരണസംഘത്തിൽ അംഗമായി ചേരുന്നതിന് തൊഴിലാളികൾ അപേക്ഷിച്ചിട്ട് ചേർത്തിട്ടില്ലാ എന്ന ഒരു പരാതി ഗവണ്മെൻറിന് കിട്ടിയിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ : ചിറയിൻകീഴിൽ ഒരു കയർവ്യവസായ സഹകരണസംഘത്തിൽ തൊഴിലാളികൾ അപേക്ഷിച്ചിട്ട് ചേർത്തില്ല എന്നു പരാതി ലഭിച്ചിട്ടില്ലേ ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇല്ല.

ശ്രീ. യു. നീലകണ്ഠൻ : ഞാൻ പറയുന്നതിനെ വിശ്വസിച്ചുകൊണ്ട് അങ്ങിനെ ചേർത്തിട്ടില്ലെന്നു വിശ്വസിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ബഹുമാനപ്പെട്ട മെംബറന്മാർ എല്ലാവരും പറയുന്നതിനെ ഗവണ്മെൻറ് വിശ്വസിക്കാം. പക്ഷേ അങ്ങനെ ഒരു പരാതി ഗവണ്മെൻറ് ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഞാൻതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്ത് ഒരു പരാതി തന്നതായി അറിയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ഓർമ്മിക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഉൾപ്പാടവമല്ലാത്ത മററാരേയും സൊസൈററിയിൽ ചേർക്കരുതെന്ന് ഡിപ്പാർട്ടുമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങനെ നിർദ്ദേശം കൊടുത്തിട്ടില്ല. തൊഴിലാളികളെ അംഗങ്ങളായി ചേർത്തിട്ടുണ്ടെന്നാണ് കയർ സ്പെഷ്യൽ ആഫീസർ പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. എ. ബാലൻ : ഇനി 80 ശതമാനമെങ്കിലും തൊഴിലാളികളെ ചേർക്കണമെന്ന് ആവശ്യപ്പെടുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അതു് കോഓപ്പറേററീവ് സൊസൈററിയുടെ റൂൾസിൽ ചേർക്കേണ്ട ഒരു വകുപ്പാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഗവണ്മെൻറിന് അങ്ങനെ ഒരു നിർദ്ദേശം ഈ സൊസൈററികൾക്ക് കൊടുക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : വർക്കേഴ്സിനെ ചേർക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

തരിശുഭൂമി.

* 18. [20] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര ഏക്കർ തരിശുഭൂമി ഗവണ്മെൻറ അധീനതയിലുണ്ട്;

(ബി) അതു കർഷകത്തൊഴിലാളികൾക്ക് പതിച്ചു കൊടുക്കുവാനുള്ള നടപടികൾ എന്തെങ്കിലും ഗവണ്മെൻറ സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 4,60,121 ഏക്കർ 6 സെൻറ്.

(ബി) തരിശുഭൂമി പതിച്ചുകൊടുക്കുന്നതു് നിറുത്തിവച്ചിരിക്കുകയാണ്. അതു് കർഷകത്തൊഴിലാളികൾ ഉൾപ്പെടെ അർഹിക്കുന്ന അപേക്ഷകർക്ക് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തുവരുന്നുണ്ട്.

കുടിയിറക്കു കേസുകൾ.

* 19. [21] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

( ) ഭൂനയബില്ലുകൾ അവതരിപ്പിക്കപ്പെട്ടതിനുശേഷം സംസ്ഥാനത്ത് എത്ര കുടിയിറക്കുകേസുകൾ ഉണ്ടായിട്ടുണ്ട്;

(ബി) എന്തു നടപടികൾ അതിന്മേൽ സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) രണ്ട്.

(ബി) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. ടോപ്പിൽ ഭാസ്കരൻ പിള്ള: രണ്ടു കുടിയിറക്കു കേസുകൾ ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞു ഈ കണക്കുകൾ ഗവണ്മെൻറ ശേഖരിക്കുന്നതു് എങ്ങനെയാണ്?

ശ്രീ പി. എസ്. നടരാജപിള്ള: ഇവയെല്ലാം പോലീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളാണ്.

ശ്രീ. ടോപ്പിൽ ഭാസ്കരൻ പിള്ള: ഈ കേസ്സുകൾ കുടിയിറക്കപ്പെടുന്നവരുടെ കേസുകളോ അതോ കുടിയിറക്കുന്നവരുടെ പേരിലുള്ള കേസുകളോ?

ശ്രീ. പി. എസ്. നടരാജപിള്ള: കുടിയിറക്കിയവരുടെ പേരിലുള്ള കേസുകളാണ്.

ശ്രീ. ടോപ്പിൽ ഭാസ്കരൻ പിള്ള: കുടിയിറക്കുകൾ ധാരാളം നടക്കുന്നുണ്ടെന്ന് ഗവണ്മെൻറിന് അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: കുടിയിറക്കുകൾ അധികമുണ്ടാകാം. ഗവണ്മെൻറിന് അതിനെക്കുറിച്ച് പരാതി അയച്ചാൽ ഗവണ്മെൻറ പ്രോസിക്യൂട്ടർ അതിനെക്കുറിച്ച് കേസെടുക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഇന്ന് അവതരിപ്പിച്ചിട്ടുള്ള ബിൽ നിയമമായി വരുന്നതുവരെ എല്ലാ കുടിയിറക്കുകളേയും ഒരു ആർഡിനൻസു മുഖേന നിരോധിക്കുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ?

ശ്രീ. പി. എസ്. നടരാജപിള്ള : അതിന് ഇപ്പോൾത്തന്നെ നിയമം ഉണ്ട്.

ശ്രീ. സി. ജി. സദാശിവൻ : ഗവണ്മെൻറതന്നെ കുടിയിറക്ക് നടത്തുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇല്ല.

ശ്രീ. കെ. സി. ജോർജ്ജ് : കുടിയിറക്കിന് പോലീസ് സഹായിക്കുന്നുണ്ട് എന്ന പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങനെ പരാതിയുണ്ട്. ബലവാന്മാർ അങ്ങനെ ചെയ്യുന്നുണ്ട്.

ഇൻലൻറ ഫിഷറീസ്.

* 20. [22] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്ററിൽ എത്ര ഇൻലൻറ് ഫിഷറീസ് ഉണ്ട്;

(ബി) അവയിൽ മത്സ്യത്തൊഴിലാളിപരസ്പരസഹായസംഘങ്ങൾക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ളതു് എത്ര; ഏതെല്ലാം;

(സി) ഇതിൽ ഏതെങ്കിലും ഫിഷറി, ഗവണ്മെൻറ് പൊതുലേലംചെയ്തു കൊടുക്കുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം;

(ഡി) എന്തു വ്യവസ്ഥയിന്മേലാണ് സംഘങ്ങൾക്ക് ഫിഷറീസു ഏൽപ്പിച്ചുകൊടുക്കുന്നതു്;

(ഇ) നിലവിലുള്ള കത്തുകപ്പാട്ടത്തിൽ നേർപകുതി കുറവു ചെയ്തു്, മത്സ്യത്തൊഴിലാളിപരസ്പരസഹായസംഘങ്ങൾക്ക്, അവർ കൈവശം വച്ചുകൊണ്ടിരിക്കുന്ന ഫിഷറീസ് ഏൽപ്പിച്ചുകൊടുക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് കൊച്ചി പട്ടണ മഹാസഭയിൽനിന്നും എന്തെങ്കിലും നിവേദനം ലഭിക്കുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എന്തു നടപടി എടുത്തു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 150.

(ബി) 15.

1. ഇഞ്ചിമുടിക്കായ്പ്
2. മാനാഞ്ചേരിക്കായ്പും പുറമ്പോക്കു ചാലുകളും
3. കരുവന്നൂർപ്പുഴ
4. ചിറയ്ക്കൽത്തോട്

5. ചേവൂർ ചേർപ്പും പൂവ്വളം വില്ലേജിലെ പുറമ്പോക്ക ചാലുകളും
6. പള്ളിപ്പുറംവില്ലേജിൽ സർവ്വെ 102, 117, 157, 127
7. ചേറവെഴ
8. കൊക്കരചാൽ
9. കരിവന്നൂർ കിഴക്കെ പഞ്ചപ്പാടം
10. പുഴക്കരചാൽ
11. ആമ്പല്ലൂർ വില്ലേജിൽ സർവ്വെ 69
12. പുഴഞ്ഞി ഫിഷറി
13. ഇളങ്കുളം വില്ലേജിൽ സർവ്വെ 803
14. കാട്ടുകംപാൽ ഫിഷറി
15. ആനാപ്പുഴത്തോട്.

(സി) രണ്ടു കാപ്പുകൾ പൊതുലേലംചെയ്തു കൊടുത്തിട്ടുണ്ട്. അതായതു് ഇഞ്ചിമുടിക്കാപ്പും, ചേറവെഴക്കാപ്പും. ഇഞ്ചിമുടിക്കാപ്പു ഏറ്റെടുത്തു നടത്തിയ സൊസൈററിയുടെ പേരിൽ കാപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചു് തെളിഞ്ഞിട്ടുള്ള ആക്ഷേപങ്ങളെ പരിഗണിച്ചും ചേറവെഴക്കാപ്പു് ഏറ്റെടുത്ത സൊസൈററി കാപ്പിന്റെ കഴിഞ്ഞ രണ്ടു കൊല്ലത്തെ കിസ്തുസംഖ്യ അടയ്ക്കാതെ വീഴ്ച വരുത്തുക നിമിത്തവും ഈ രണ്ടു കാപ്പുകളും ലേലം വിളിയ്ക്കുവാൻ ഇടയായി.

(ഡി) സംഘാംഗങ്ങളായ മത്സ്യവ്യവസായികളുടെ അഭിവൃദ്ധിയെ പരിഗണിച്ചു് സൗജന്യനിരക്കിനാണു് കുത്തകാവകാശം ഏൽപ്പിച്ചുകൊടുക്കുന്നതു്.

(ഇ) നിവേദനം ലഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളിസംഘങ്ങൾക്കു് കാപ്പുകൾ(ഫിഷറീസ്)സൗജന്യനിരക്കിലാണു് ഇപ്പോൾ കൊടുത്തുവരുന്നതു്. അതുകൊണ്ടു് ആ നിരക്കിൽനിന്നു് കുറച്ചു് നേർപകുതിയാക്കിക്കൊടുക്കണമെന്നുള്ള നിവേദനം പരിഗണിക്കത്തക്കതല്ല.

WRITTEN ANSWERS.

ടെൻഡർ കൂടാതെ കൊടുത്ത കാൺട്രാക്ററ്.

* 21. [16] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനമ്പൂരിൽനിന്നും പുറപ്പെടുന്ന 'പ്രതിധ്വനി' എന്ന പത്രത്തിൽ ഫാറസ്ററ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ പരാമർശിച്ചുള്ള പത്രക്കുറിപ്പു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിസ്റ്റർ പി. എസ്. ശേഷാചലത്തിനു് ടെൻഡർകൂടാതെ കാൺട്രാക്ററ് കൊടുത്തതിന്മേൽ ശ്രീ. പി. വേലായുധൻപിള്ള, കെ. കൊച്ചുപ്പൻപിള്ള, എസ്. വള്ളിനായകംപിള്ള, കെ. നടരാജൻ എന്നീ കൺട്രാക്ററന്മാർ ചേർന്നു് ഫാറസ്ററവകുപ്പുമന്ത്രിക്കു് 26-8-1954-ൽ പരാതി ബോധിപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) പത്രക്കുറിപ്പ് 'പ്രതിജ്ഞാവന്'യുടെ ഏതു് പ്രതിയിലാണ് പ്രസിദ്ധപ്പെടുത്തിയതെന്ന് പറയാത്തതുകൊണ്ട് ഉത്തരം പറയുവാൻ സാദ്ധ്യമല്ല.

(ബി) പരാതി ബോധിപ്പിച്ചിട്ടുണ്ട്.

(സി) അതിന്മേൽ ഗവണ്മെൻറ് വേണ്ട അന്വേഷണം നടത്തി കൊണ്ടിരിക്കുകയാണ്.

പുറമ്പോക്കു ഭൂമി.

* 22. [23] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിൽ ആകെയുള്ള പുറമ്പോക്കു ഭൂമി എത്ര ;

(ബി) അവയിൽ വ്യക്തികൾ കൈവശംവച്ചിരിക്കുന്നതു് എത്ര;

(സി) ഭൂമി ധാരാളം സ്വന്തമായിട്ടുള്ള വ്യക്തികൾ കൈവശം വച്ചിരിക്കുന്ന പുറമ്പോക്കു ഭൂമി തിരിയെ എടുത്ത് ഭൂമിയില്ലാത്ത കർഷകർക്കും മററും വിതരണം ചെയ്യുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 9,53,535 ഏക്കർ, 47.829 സെൻറ്.

(ബി) 69,137 ഏക്കർ, 98·268 സെൻറ്.

(സി) നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) അങ്ങനെ ഭൂമി കൈവശം വച്ചിട്ടുള്ളവരിൽ അനധികൃതമായുള്ള കൈവശങ്ങളെ ഭൂമിസംരക്ഷണ ആക്റ്റ് അനുസരിച്ച് ഒഴിപ്പിച്ചെടുത്ത് അർഹരായിട്ടുള്ളവർക്ക് പാട്ടം കൊടുത്തുവരുന്നുണ്ട്.

ലേബർ ഡിപ്പാർട്ടുമെൻറിലേയ്ക്ക് എടുത്ത ഉദ്യോഗസ്ഥന്മാർ.

* 23. [27] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസു ഡിപ്പാർട്ടുമെൻറിൽനിന്നും എത്രപേരെ ലേബർ ഡിപ്പാർട്ടുമെൻറിലേയ്ക്ക് എടുത്തിട്ടുണ്ടെന്നും അവരുടെ ഇപ്പോഴത്തെ ഗ്രേഡ്, സ്കെയിൽ ഇവ എന്താണെന്നും പറയുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

പോലീസു ഡിപ്പാർട്ടുമെൻറിൽനിന്നും പി. ആർ. ശ്രീനിവാസയ്യർ എന്നൊരാളെ 1-10-1121-ൽ ലേബർ ഡിപ്പാർട്ടുമെൻറിൽ എടുത്തിട്ടുണ്ട്. ഇപ്പോൾ 45-5-75 രൂപ സ്കെയിലിൽ ഒന്നാം ഗ്രേഡ് വെൽഫെയർ അസിസ്റ്റൻറായിരിക്കുകയാണ്.

Sales-tax Enquiry Committee.

* 24. [33] **Shri Manjanatha Prabhu :** Will the Minister for Finance be pleased to state :

(*a*) whether the Government have received the report of the Sales-tax Enquiry Committee ;

(*b*) whether the Government will be pleased to publish the report ; and

(*c*) whether the Government intend to impose sales-tax on single-point basis?

Minister for Finance **(Shri P. S. Nataraja Pillai) :**

(*a*) Yes.

(*b*) Government will publish the report after final orders are passed on the various recommendations contained in the report.

(*c*) Government are examining the system of sales-tax with a view to introduce necessary changes.

Remission of kist.

* 25. [34] **Shri Manjanatha Prabhu :** Will the Minister for Finance be pleased to state:

(a) whether the Government have received representations from abkari contractors for remission of kist for 1954-55; and

(b) whether it is a fact that there is real loss to abkari contracts in 1954-55?

Minister for Finance **(Shri P. S. Nataraja Pillai)**

(*a*) Yes.

(*b*) Whether the abkari contractors for the year 1954-55 have suffered real loss can be known only after the expiry of the contract year 1954-55 *ie.* after 31-3-1955.

കാളനിനിലനിലനം.

* 26. [40] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് 1954 ജനുവരിക്കു ശേഷം കാളനികൾ സ്ഥാപിക്കുന്നതിനായി എത്ര ഏക്കർ ഭൂമി കുഴിപ്പിച്ചെടുത്തു ;

(ബി) കാളനി സ്ഥാപിക്കാൻ എടുത്തിട്ടുള്ള ഭൂമിയിൽനിന്നും ആരെയെങ്കിലും കുടി ഇറക്കിവിട്ടിട്ടുണ്ടോ ;

(സി) കുടിയിറക്കിവിട്ടിട്ടുണ്ടെങ്കിൽ അവർക്ക് താമസിക്കുന്നതിനും, വീടുകൾ വയ്ക്കുന്നതിനും എന്തു സഹായം ഗവണ്മെൻറ്ൽനിന്നും നൽകി ;

(ഡി) മേലിൽ കാളനികൾ സ്ഥാപിക്കുമ്പോൾ ഇങ്ങനെ നേരത്തെ താമസിക്കുന്ന ആളുകളെ ഇറക്കിവിടാതിരിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) കാളനികൾ സ്ഥാപിക്കുന്നതിലേയ്ക്കുവേണ്ടി 1954 ജനുവരിക്കുശേഷം ഭൂമി ഒഴിപ്പിച്ചെടുത്തിട്ടില്ല.

(ബി) ഇല്ല.

(സി) & (ഡി) മേൽപ്പറഞ്ഞ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

എക്സ്സർവീസുകാർ.

* 27. [46] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ് സർവീസുകാർക്ക് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളതിൽ നീക്കിയിരിപ്പുള്ള തുക എന്ത് ; ആ തുക ഏതു രീതിയിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) തൊഴിൽ ശൂന്യരായ എക്സ് സർവീസുകാർ വീതാംശം പണമായി കിട്ടണമെന്നാപേക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) എക്സ്സർവീസുകാർക്ക് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളതിൽ 30-11-1954-ൽ നീക്കിയിരിപ്പുള്ള 31,72,689 രൂപ 11 പൈസ.

(ബി) മേൽപ്പറഞ്ഞ തുക ലാൻഡ് കാളനൈസേഷൻ, വിദ്യാഭ്യാസസഹായം, സഹകരണസംഘങ്ങൾക്കു വായ്പ, ആശുപത്രി വാർഡുപണി, തൊഴിൽ ഉപകരണങ്ങൾ വാങ്ങിക്കൊടുക്കൽ, തിരുവിതാംകൂർ-കൊച്ചി വിമുക്തഭടന്മാർക്ക് ഉപയോഗപ്രദമായ പരിശീലനം നൽകിവരുന്ന സ്ഥാപനങ്ങൾക്ക് ഗ്രാൻറ്, അംഗവൈകല്യം സംഭവിച്ചതു നിമിത്തം സഹകരണപ്രസ്ഥാനങ്ങളിൽ പങ്കുകൊള്ളുവാൻ നിവൃത്തിയില്ലാത്തവർക്ക് അവർ എന്തെങ്കിലും തൊഴിൽ ശീലിച്ചിട്ടുണ്ടെങ്കിൽ തൽസംബന്ധമായ ഉപകരണങ്ങൾ നൽകുക മുതലായ ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു. തൊഴിൽശൂന്യരായ എക്സ്സർവീസുകാർ വീതാംശം പണമായി കിട്ടണമെന്നാപേക്ഷിച്ചിട്ടില്ല. ഫണ്ടിൻെറ നിയമപ്രകാരം അങ്ങനെ വീതാംശം കൊടുക്കത്തക്കതുമല്ല.

കയറ്റുമതിപ്പുഡനസ്തംഭനം.

* 28. [47] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1954 ഡിസംബർ 1-ാംതീയതി മുതൽ ഉണ്ടായ കയറ്റുമതിപ്പുഡനസ്തംഭനംമൂലം ഉൽപ്പാദനത്തിൽ ഉണ്ടായ കുറവെന്ത് ; തന്നിമിത്തം സ്റ്റേറിനുണ്ടാകാവുന്ന നഷ്ടം എത്ര ; സ്തംഭനത്തെ നേരിടാൻ സർക്കാർ എന്തു നടപടി നടത്തി ; അതു് എത്ര കണ്ട് പ്രയോജനപ്പെട്ടിട്ടുണ്ട് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

1954 ഡിസംബർ 1-ാംതീയതി മുതൽ ഉള്ള കയർ ഉൽപ്പാദനത്തെ സംബന്ധിച്ചു കണക്കെടുത്തിട്ടില്ല. കയർ വ്യവസായ തൊഴിലാളികൾക്കു മിനിമം വേജസ് കൊടുക്കാൻ ഉത്തരവായതിനെ തുടർന്നു് പ്രസ്തുത വ്യവസായത്തിൽ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങളെപ്പററി അന്വേഷിച്ചു് റിപ്പോർട്ടു് ചെയ്യുവാൻ ഒരു കമ്മിററിയെ നിയമിച്ചു കഴിഞ്ഞു. കമ്മിററിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വേണ്ട മേൽ നടപടികൾ സ്വീകരിക്കുന്നതാണു്.

ഗവണ്മെന്റു കൺട്രാക്ററുകൾ.

* 29. [50] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റു കാൺട്രാക്ററുകൾ കൺട്രാക്ററന്മാർക്കു് നൽകുന്നതു് എങ്ങനെയാണു് ;

(ബി) ടെൻഡർ വിളിച്ചു് ഏററവും കുറഞ്ഞ ടെൻഡർക്കു മാത്രമേ കാൺട്രാക്ററു നൽകാവൂ എന്നു് ഗവണ്മെന്റു ഏതെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോഴെങ്കിലും അതിനു വിപരീതമായി പ്രവർത്തിച്ചിട്ടുണ്ടോ ;

(ഡി) നെയ്യാർ അണക്കെട്ടു പ്രദേശത്തെ തടികൾ വെട്ടുന്നതിനു് പി. ശേഷാചലത്തിനു കൊടുത്തിട്ടുള്ള കാൺട്രാക്ററു് ഏതു വ്യവസ്ഥയിലാണു് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) സാധാരണഗതിയിൽ ദർഘാസുകൾ ക്ഷണിച്ചാണു് കാൺട്രാക്ററുകൾ കൊടുക്കുന്നതു്. ചില പ്രത്യേക പരിതഃസ്ഥിതികളിൽ അങ്ങനെയല്ലാതെയും കൊടുക്കുന്നുണ്ടു്.

(ബി) ടെൻഡർ വിളിച്ചു് ഏററവും കുറഞ്ഞ ടെൻഡർ നിരക്കിനാണു് സാധാരണ കാൺട്രാക്ററുകൾ കൊടുക്കുന്നതു്. അപ്രകാരമല്ലാതെ കാൺട്രാക്ററുകൾ കൊടുപ്പാൻ പാടില്ലെന്നു് ഗവണ്മെന്റു തീരുമാനം ചെയ്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മുൻജോലിയുടെ തുടർച്ച എന്ന വ്യവസ്ഥയിലാണു്.

മദ്യനിരോധനനിയമം.

* 30. [64] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനിരോധനനിയമം കൂടുതൽ സ്ഥലങ്ങളിലേയ്ക്കു് വ്യാപിപ്പിക്കാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇന്നു നിരോധനനിയമം നിലവിലുള്ള സ്ഥലങ്ങളിൽ മദ്യനിരോധനനിയമം കർശനമായി പാലിക്കുന്നുണ്ടോ ;

(സി) ഇന്നത്തെ മന്ത്രിസഭ അധികാരമേററെടുത്തശേഷം ഈ നിയമം ലംഘിച്ച വല്ല കേസ്സുകളുമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്. 1919 കേസുകൾ.

Sales Tax.

* 31. [68] **Shri N. Narayana Kurup :** Will the Minister for Finance be pleased to state :

(*a*) the sales-tax realised in the State in the years 1950-51, 1951-52 respectively ; and

(*b*) the sales-tax realised in the State in the year 1952-53, 1953-34 and 1954-55.

Minister for Finance **(Shri P. S. Nataraja Pillai) :**

(*a*) Sales-tax collected during :—

		Rs.
1950-51	..	2,10,61,000.
1951-52	..	2,44,44,000.

(*b*) Sales-tax collected during :—

1952-53	..	2,26,25,000.
1953-54	..	2,38,64,000.

and First six months of—

1954-55	..	1,08,46,000.

കല്ലൊരവ്യവസായം.

* 32. [79] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, ഒല്ലൂർ, പുതുക്കാട് എന്നീ പ്രദേശങ്ങളിൽ പതിനായിരത്തിൽപ്പരം ജനങ്ങൾക്ക് തൊഴിലുണ്ടാക്കുന്ന കല്ലൊരവ്യവസായത്തെ (Imitation Stones) പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ;

(ബി) കല്ലൊരവ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം ചെയ്യണമെന്ന് അന്വേഷിക്കുവാൻ ഉടൻതന്നെ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) കല്ലൊരവ്യവസായം (Imitation Stones) പ്രോത്സാഹിപ്പിക്കുന്നതിനായിട്ട്, അതിൽ താൽപ്പര്യമുള്ള ആളുകളിൽനിന്നും

യാതൊരു നിവേദനങ്ങളും ഇതുവരെ കിട്ടിയിട്ടില്ല. അങ്ങനെ കിട്ടുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ബി) കല്ലുരവ്യവസായത്തെമാത്രം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകമൊരു ഉദ്യോഗസ്ഥന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കൂടാതെ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ മുഖാന്തിരം, ഈ വ്യവസായത്തെക്കുറിച്ചും അന്വേഷണം നടത്താവുന്നതാണ്.

ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പൊറേഷൻ.

* 33. [80] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പൊറേഷൻ ഇതുവരെ എത്ര സംഖ്യ കടം കൊടുത്തിട്ടുണ്ട്;

(ബി) എത്ര വ്യവസായങ്ങൾക്കായിട്ടാണ് അതു് കൊടുത്തിരിക്കുന്നതു്;

(സി) പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് എത്ര സംഖ്യ കൊടുത്തിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 31,13,000 രൂപാ.

(ബി) പതിനാറ് (16) വ്യവസായങ്ങൾക്ക്.

(സി) 1951-ലെ സ്റ്റേറ്റ് ഫൈനാൻസ് കാർപ്പൊറേഷൻസ് ആക്റ്റ് സെക്ഷൻ 2 (സി) അനുസരിച്ച് പുതിയ വ്യവസായങ്ങൾക്ക് കടം കൊടുക്കാൻ പാടില്ലാത്തതാകുന്നു.

സിറാമിക് ഫാക്ടറി ബ്രാഞ്ചുകൾ.

* 34. [81] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ സിറാമിക് ഫാക്ടറിയുടെ ബ്രാഞ്ചുകൾ പ്രവർത്തനം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏവിടെയെല്ലാം;

(ബി) ഓരോ ബ്രാഞ്ചിലും എത്ര രൂപവീതം ചെലവു ചെയ്തിട്ടുണ്ട്;

(സി) ഇപ്പോൾ ആ ബ്രാഞ്ചുകൾ പ്രവർത്തനത്തിലാണോ; അല്ലെങ്കിൽ കാരണമെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഉവ്വ്. മാവേലിക്കരയിലും ചങ്ങനാശ്ശേരിയിലും.

(ബി) മാവേലിക്കര സെൻറിൽ 34,963 രൂ. 2 ണ. 2 സയും, ചങ്ങനാശ്ശേരി സെൻറിൽ 28,480 രൂ. 11 ണ. 11 സയും.

(സി) അല്ല, വിജയകരമായി നടക്കാത്തതിനാൽ അടയ്ക്കേണ്ടതായി വന്നു.

മാവേലിക്കര സിറാമിക് ഫാക്ററി ബ്രാഞ്ച്.

* 35. [82] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സിറാമിക്സ് ഫാക്ററി ബ്രാഞ്ചിൽ ഉൽപ്പാദിപ്പിച്ച ഉൽപ്പാദനങ്ങൾ എന്തെല്ലാം; അതു് വിറവ കിട്ടിയ തുക എന്തു്;

(ബി) മാവേലിക്കര കമ്പനി തുടങ്ങുവാൻ പ്രേരിപ്പിച്ച സംഗതികൾ എന്തെല്ലാം;

(സി) ഈ കമ്പനിമൂലം ഗവണ്മെൻറിനു വരുത്തിയ നഷ്ടത്തിന് ഉത്തരവാദി ആരാണ്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ പി. എസ്. നടരാജപിള്ള):

(എ) Bowls, Rice dishes, Plates മുതലായവ.
ഉദ്ദേശം 4000 രൂപ

(ബി) സ്ഥലത്തെ മൺപാത്രപണിക്കാരെ, പരിഷ്കരിച്ച സമ്പ്രദായത്തിൽ കുടിൽവ്യവസായടിസ്ഥാനത്തിൽ പാത്രങ്ങൾ ഉണ്ടാക്കുവാൻ പഠിപ്പിക്കുക എന്നതായിരുന്നു പ്രധാന ഉദ്ദേശം.

(സി) പൊതുജനങ്ങളെ ഉദ്ദേശിച്ച് നടത്തിയ പദ്ധതിയായതുകൊണ്ട് അതിൽ വന്ന നഷ്ടത്തിനു ആരെയും ഉത്തരവാദപ്പെടുത്താവുന്നതല്ല.

കുത്തകപ്പാട്ടം.

* 36. [83] ശ്രീ. എ. സി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തകപ്പാട്ടം ഭൂമികളെ സംബന്ധിച്ച് കൃഷിക്കാർക്ക് സ്ഥിരാവകാശം നൽകുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വക ഭൂമിയിലെ കരത്തിന് എന്തെങ്കിലും വ്യത്യാസം വരുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) ഇല്ല.

പുഞ്ചകൃഷിക്കാർക്ക് വളം.

* 37. [84] ശ്രീ. പി. നാരായണൻപോററി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഞ്ചകൃഷിക്കാർക്ക് സർക്കാർവ്യവസായിൽ കടമായി കൊടുത്തിരുന്ന വളത്തിന്റെ വില വകയിൽ ഇനി ഗവണ്മെൻറിലേയ്ക്കു ഈടാകാനുള്ള തുക എന്തു്;

(ബി) ആ തുക ഏതുവർഷം മുതൽ ഈടാക്കാനുള്ളതാണ്;

(സി) അതു ഈടാക്കുവാൻ അടുത്തകാലത്തെങ്ങാനും എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ;

(ഡി) വരുന്ന കൊയ്ത്തുകാലത്തിനുമുൻപ് അതു് ഈടാക്കുവാൻ നടപടി നടത്തുന്നതു് കർഷകർക്ക് ബുദ്ധിമുട്ടാണെന്നു വിവരിച്ച് ഗവണ്മെൻറിലേയ്ക്ക് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി; എന്തു തീരുമാനം ചെയ്തു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) രൂപ 6,34,674–3–9

(ബി) 1123 മുതൽ.

(സി) കരക്കുടിശ്ശിക ആക്ററിൻപ്രകാരം നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) നിവേദനങ്ങളെപ്പററി അന്വേഷിച്ചതിൽ പരാതിക്ക് മതിയായ കാരണങ്ങൾ ഇല്ലെന്നു തെളിഞ്ഞതിനാൽ കുടിശ്ശിക ഉടൻ തന്നെ അടച്ചുതീർക്കാത്തപക്ഷം മേൽനടപടികൾ നടത്തുന്നതാണെന്ന് നിവേദകരെ അറിയിച്ചിട്ടുണ്ട്.

UNSTARRED QUESTIONS

Indo-Mercantile Bank.

1. [5] **Shri K. C. George :** Will the Minister for Finance be pleased to state :

(*a*) is it a fact that Travancore Government had loaned Rs. 30 lakhs to the Indo-Mercantile Bank. If so when ;

(*b*) whether that amount has been realised ; and

(*c*) has the Bank gone under liquidation ?

Answer.

(*a*) Government have deposited Rs. 25 lakhs with the Bank as fixed deposits :

Rs. 16 lakhs in 1948 by the erstwhile Cochin Government.

Rs. 5 lakhs in 1949) After integration of Travan-
Rs. 4 lakhs in 1950) core-Cochin.

25 lakhs.

(*b*) No.

(*c*) No.

തെങ്ങുകർഷകരുടെ സുഖക്കേട്

2. [6] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാടൻ പ്രദേശങ്ങളിൽ തെങ്ങുകർഷകരുടെ സുഖക്കേട് പടർന്നുപിടിച്ചുവരുന്നതായി ഗവണ്മെൻറിനറിയാമോ ;

(ബി) അതിനെ തടയുന്നതിന് വല്ല നടപടിയും എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് ?

ഉത്തരം.

(എ) അറിയാം.

(ബി) ഉണ്ട്.

(സി) സുഖക്കേടുള്ള എല്ലാ തെങ്ങുകളിന്മേലും മരുന്നു തളിക്കുന്നതിനുള്ള ഒരു പദ്ധതി കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും കോവാപ്പ റേറിവ് ഡിപ്പാർട്ടുമെൻറിൽ നിന്നും ആവിഷ്കരിച്ചിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെൻറ പദ്ധതിയനുസരിച്ച് സംസ്ഥാനത്തുള്ള എല്ലാ തെങ്ങുകളിന്മേലും മരുന്നു തളിക്കുന്നതിന് വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ട്. തെങ്ങുടമസ്ഥന്മാർ തെങ്ങൊന്നിന് ഒരണമാത്രമേ ചാർജ്ജ് കൊടുക്കേണ്ടതുള്ളു.

എഫ്. എ. സി. ററി. ഫാക്ടറി.

3. [7] ശ്രീ. കെ. സി. ജാർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. ററി. ഫാക്ടറിയിൽ 1951-52, 53 ഈ വർഷങ്ങളിലെ നഷ്ടം എന്താണ് ;

(ബി) ഫാക്ടറി വികസിപ്പിക്കുന്നതിന് വേണ്ടി ഇൻഡ്യാഗവണ്മെൻറിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) അതിൻെറ മാനേജ്മെൻറിനെപ്പററി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതേപ്പററി വല്ല അന്വേഷണവും നടത്തിട്ടുണ്ടോ ?

ഉത്തരം.

(എ) 1951-ലെ നഷ്ടം 1083735 രൂപ
1952-ലെ നഷ്ടം 1581819 രൂപ
1953-ലെ നഷ്ടം 1904600 രൂപ

(ബി) ഉണ്ട്.

(സി) പൊതുവെ ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) വ്യക്തമായ ആരോപണങ്ങൾ ഒന്നുമില്ലാതിരുന്നതിനാൽ നടപടി ഒന്നും സ്വീകരിച്ചില്ല.

ചീക്കത്തൊണ്ടിൻെറ വില.

4. [11] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീക്കത്തൊണ്ടിൻെറ വില നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

ഉത്തരം.

(എ) ഉണ്ട്, തൊണ്ടുവില നിയന്ത്രിക്കാനാണ് 1951-ലെ Husk Control Order ഏർപ്പെടുത്തിയത്. പക്ഷേ ഗവണ്മെൻറിന് നിയന്ത്രണാധികാരം ഇല്ലെന്ന് ഹൈക്കോർട്ടിൽ നിന്നും വിധിയുണ്ടായപ്പോൾ ടി ഓർഡർ ദുർബലപ്പെടുകയാണുണ്ടായത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയറിൻെറ വില്പനനികുതി.

5. [12] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിൻെറ വില്പനനികുതി റദ്ദുചെയ്യണമെന്നു കാണിച്ചു വല്ല നിവേദനവും ഗവണ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്തു നടപടി നടത്തിയിട്ടുണ്ട്;

ഉത്തരം.

(എ) ഉണ്ട്.

(ബി) ഗവണ്മെൻറ് അവസാനതീരുമാനം എടുക്കുന്നതുവരെ താൽക്കാലികമായി കയറിനേയും കയറുല്പാദനങ്ങളേയും വില്പനനികുതിയിൽ നിന്ന് 31-3-55 വരെ ഒഴിവാക്കിയിട്ടുണ്ട്.

കൈയ്ത്തറി നെയ്ത്ത്.

6. [225] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈയ്ത്തറിനെയ്ത്തു വികസന പദ്ധതിയനുസരിച്ച് എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര സംഘങ്ങൾക്ക് ലോൺ നൽകിയിട്ടുണ്ട്?

ഉത്തരം.

(എ) 131 എണ്ണം (1954 ഡിസംബർ അവസാനത്തെ കണക്കിൻ പ്രകാരം)

(ബി) 47 സംഘങ്ങൾക്ക് ഓഹരി ഇനത്തിലും മൂലധനം ഇനത്തിലും ലോൺ അനുവദിച്ചിട്ടുണ്ട്.

പുതിയ വ്യവസായശാലകൾ.

7. [14] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കേന്ദ്രഗവണ്മെൻറ് അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഇരുപതു വ്യവസായശാലകൾ പുതുതായി തുറക്കുവാൻ തീരുമാനിച്ചിട്ടുള്ളതിൽ നമ്മുടെ സ്റ്റേറിന് വിഹിതം തരാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) അതിൽ ഒരെണ്ണം ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽ ഉൾക്കൊള്ളുവാൻ ഭയവുണ്ടാകുമോ :

(ഡി) അതിനാവശ്യമായ ഭൂമി സൌജന്യമായി തരാമെന്നു ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി വാഗ്ദാനം ചെയ്തുകൊണ്ടു് ഏതെങ്കിലും നിവേദനം നടത്തുകയുണ്ടായിട്ടുണ്ടോ ?

ഉത്തരം.

(എ) കേന്ദ്രഗവണ്മെൻറ് അങ്ങനെ തീരുമാനിച്ചിട്ടുള്ളതായി അറിവില്ല.

(ബി) & (സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) ഒരു നിവേദനം കിട്ടിയിട്ടുണ്ടു്.

കുടിൽവ്യവസായ ബോർഡ്.

8. [20] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിൽ വ്യവസായബോർഡ് പിരിച്ചുവിടാൻ കാരണമെന്തു്;

(ബി) അതു് സംഘടിപ്പിച്ചതു് കേന്ദ്രഗവണ്മെൻറിന്റെ ഉപദേശത്തോടുകൂടിയാണോ ;

(സി) വല്ല വ്യവസായ ഉപദേശകസമിതിയേയും നിയമിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

(എ) കേന്ദ്രഗവണ്മെൻറ് സംഘടിപ്പിച്ചിട്ടുള്ള കൈയ്ത്തറി, കരകൗശലം, ഖാദി, ഗ്രാമവ്യവസായ ഉപദേശകസമതികളുടെ മാതൃകയിൽ സംസ്ഥാനത്തും മൂന്നു ഉപദേശക സമിതികൾ രൂപീകരിക്കുന്നതു് ചെറുകിടവ്യവസായങ്ങളുടേയും കുടിൽവ്യവസായങ്ങളുടേയും പുരോഗതിക്കു് കൂടുതൽ സഹായകമായിരിക്കുമെന്നു് ഗവണ്മെൻറ് വിശ്വസിക്കുന്നതിനാൽ നിലവിലുണ്ടായിരുന്ന കുടിൽവ്യവസായ ഉപദേശകസമിതി പിരിച്ചുവിടുകയുണ്ടായി.

(ബി) അല്ല.

(സി) ഉണ്ടു്. മൂന്നു ഉപദേശകസമിതികൾ സംഘടിപ്പിച്ചിട്ടുണ്ടു്.

(1) ഖാദി ഗ്രാമവ്യവസായ ഉപദേശകസമിതി.

(2) കൈയ്ത്തറി ഉപദേശകസമിതി.

(3) കരകൗശല ഉപദേശകസമിതി

വനം കാൺട്രാക്റ്റ്.

9. [25] ശ്രീ. ജെ. എ. ഷട്ടു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 മാർച്ചുമാസത്തിനുശേഷം ഫാറസ്റ്റ് കാൺട്രാക്റ്റ് ടെൻഡർ വിളിച്ചതു് എപ്പോഴാണു്;

(ബി) ഓരോ റേഞ്ചിലും എന്തു നിരക്കുവച്ചാണ് കാൺട്രാക്റ്റ് ഏൽപ്പിച്ചതു്?

(സി) കാൺട്രാക്റ്റ് ഏൽപ്പിച്ചതിനുശേഷം ഏതെങ്കിലും കൺട്രാക്റ്ററന്മാർക്ക് കോഴവിലയിൽ കൂടുതൽ അനുവദിച്ചുകൊടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനു പ്രത്യേക കാരണമെന്തു്?

ഉത്തരം.

(സി) 1954 ഏപ്രിൽ 20, 21, 28, 29 തീയതികളിൽ.
,, മേയ് 10, 15, 25, 31 ,,
,, ജൂൺ 7, 12, 17, 28, 29, 30 ,,
,, ജൂലൈ 2, 6, 12, 24, 27, 30, 31 ,,
,, ആഗസ്റ്റ് 7, 13, 16, 19, 27 ,,
,, സെപ്റ്റംബർ 18, 20, 30 ,,
,, അക്ടോബർ 18, 29 ,,
,, നവംബർ 6, 11, 20 ,,
,, ഡിസംബർ 11, 20 ,,

(ബി)

റേഞ്ച്.	ഓരോ സ്ഥലത്തിലെ സ്റ്റാൻഡാർഡ് നിരക്കിന്റെ ശതമാനം.	
പാലപ്പിള്ളി	2,23	38½
പറവൂത്താനി	34,42	50
മച്ചാട്	52,55,57	
നെല്ലിയാംപതി	20	
ഷൊർണ്ണൂർ	87,115,107	
ആയുർവ്വേദം	55	
ചെങ്കോട്ട	61½	
പറമ്പിക്കുളം	22	
കോടശ്ശേരി	109,175	
കോന്നി	79,67,99,70	
റാന്നി	57,66,100	
നടുവട്ടം	64,48	
[illegible]	42.5	
[illegible]	.78	
[illegible]	52,57,72	
[illegible]	48	

ഇങ്ങനെ ഓരോ റേഞ്ചിലും വിവിധ നിരക്കുവച്ചാണ് കാൺട്രാക്റ്റ് ഏല്പിച്ചിട്ടുള്ളതു്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

വ്യവസായങ്ങൾക്ക് ധനസഹായം.

10. [27] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ഏപ്രിൽ 1-ാംനു-ക്കു ശേഷം വല്ല പ്രൈവററു വ്യവസായങ്ങൾക്കും ഗവണ്മെൻറ് ധനസഹായം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ; എത്ര രൂപ വീതം;

(സി) എന്തു വ്യവസ്ഥകളിലാണ് പണം കൊടുത്തിട്ടുള്ളതു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) 1. സീതാറാം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ് തൃശ്ശൂർ, രണ്ടുലക്ഷം രൂപ.

2. വെസ്ററുകോസ്ററ് ഫിഷറീസ്, എറണാകുളം, 86,000 രൂപ.

(സി) മേൽക്കാണിച്ചിട്ടുള്ളതിൽ ഒന്നാമത്തെ കടം നാലര ശതമാനം പലിശസഹിതം 10 മാസം കൊണ്ടു് തിരിയെ അടയ്ക്കണം. രണ്ടാമത്തെ കടം നാലു ശതമാനം പലിശയോടുകൂടി അഞ്ചു വർഷത്തെ ഗഡുക്കളായി തിരിയെ അടയ്ക്കണം.

നിരോധനനികുതി.

11. [36] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്ററിൽ പാണഞ്ചേരി വില്ലേജിൽ എത്ര ഏക്കർ ഭൂമിക്ക് ഇപ്പോൾ നിരോധനനികുതി ചുമത്തിയിട്ടുണ്ടു്;

(ബി) ആകെ ചുമത്തിയിരിക്കുന്ന നിരോധനനികുതി സംഖ്യ എത്ര വരും;

(സി) കൈയേററത്തിലിരിക്കുന്ന ഭൂമികളിൽ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ കൈവശം വല്ല ഭൂമിയുമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു് എത്ര ഏക്കർ വരും?

ഉത്തരം.

(എ) 981 ഏക്കർ, 64 സെൻറ് ഭൂമിക്ക് ഇപ്പോൾ നിരോധനനികുതി ചുമത്തിയിട്ടുണ്ടു്.

(ബി) 43,796 രൂപ 12 അണ വരും.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സിറാമിക് ഫാക്ററി ഉൽപ്പാദനങ്ങൾ.

12. [39] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ സിറാമിക് ഫാക്ററിയിൽ കെട്ടിക്കിടപ്പുള്ള ഉൽപ്പാദനങ്ങൾ വിററഴിക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും വ്യവസ്ഥകൾ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം എത്ര രൂപായ്ക്ക് ചെലവു ചെയ്യാമെന്നു കരുതുന്നുണ്ട്.

(ബി) വെളിയിൽനിന്നും ആരെങ്കിലും ഏജൻസി വ്യവസ്ഥയിൽ ഗവണ്മെൻറിനെ സമീപിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവർ ആരെല്ലാം;

(ഡി) എന്തെല്ലാം വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്?

ഉത്തരം.

( ) ഉണ്ട്. എട്ട് വില്ലന ഡിപ്പോകൾ തുറക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അതിൽ രണ്ടെണ്ണം തുറന്നുകഴിഞ്ഞു. പ്രതിമാസം എത്ര രൂപായ്ക്ക് ചെലവ് ചെയ്യാമെന്ന് ഇവയുടെ പ്രവർത്തനം തുടങ്ങി ഒരുമാസം കഴിഞ്ഞതിനുശേഷമേ പറയുവാൻ സാധിയ്ക്കുകയുള്ളൂ.

(ബി) ഉണ്ട്.

(സി) മെസ്സേഴ്സ് ബാവാ ഏജൻസീസ് ലിമിററഡ്, കൽക്കട്ട

(ഡി) വ്യവസ്ഥകൾ ഗവണ്മെൻറ് പരിശോധിച്ചു വരികയായതിനാൽ അതെന്തെല്ലാമെന്ന് ഇപ്പോൾ വെളിപ്പെടുത്തുന്നതു് ആശാസ്യമായിരിക്കയില്ല.

റവന്യൂ തരിശുഭൂമികൾ.

13. [40] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

( ) തൊടുപുഴ താലൂക്കിൽ എത്ര ഏക്കർ റവന്യൂ തരിശുഭൂമികൾ ഉണ്ട്;

(ബി) അതിൽനിന്നും ഒരു ഏക്കറിന് എത്ര കരം വീതം ഈടാക്കിവരുന്നുണ്ട്;

(സി) ഈ തരിശുഭൂമികളിൽ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് സ്ഥിരാവകാശം നൽകുന്നുമെന്നു കാണിച്ച് നിവേദനങ്ങൾ കിട്ടിയിട്ടില്ലേ;

(ഡി) അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം.

( ) 12,055 ഏക്കർ, 1.962 സെൻറ് തരിശുഭൂമിയുണ്ട്.

(ബി) തരിശുഭൂമികൾക്ക് കരം ഈടാക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗക്കയററം.

14. [41] ശ്രീ. പി. നാരായണൻ പോററി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 മാർച്ച് 16-നു ശേഷം ഡിസംബർ 31 വരെയായി പോലീസ് ഡിപ്പാർട്ടുമെൻറിൽ എത്ര ഹെഡ്കാൺസ്റ്റബിൾമാരെ സബ് ഇൻസ്പെക്ററന്മാരായി കയററം ചെയ്തിട്ടുണ്ട് ;

(ബി) ഈ കയററത്തിൻെറ മാനദണ്ഡം കാര്യക്ഷമതയോ സീനിയാറിററിയോ ;

(സി) സീനിയാറിററിയുള്ള ആളുകൾക്ക് തങ്ങൾ അർഹിക്കുന്ന പ്രമോഷൻ കിട്ടിയിട്ടില്ലെന്നു എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(ഡി) പോലീസ് ഹെഡ്കാൺസ്റ്റബിൾ ശ്രീ. എൻ. കെ. എബ്രഹാം (നമ്പർ 1276) അദ്ദേഹം അർഹിക്കുന്ന ഉദ്യോഗക്കയററം ഇതുവരെ ലഭിച്ചില്ലെന്നു കാണിച്ചു എന്തെങ്കിലും നിവേദനം അധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(ഈ) അതിന്മേൽ എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതു വച്ചുതാമസിപ്പിക്കുന്നതു എന്തു കാരണത്താലാണ്?

ഉത്തരം.

(എ) 16.

(ബി) കാര്യക്ഷമത, സീനിയാറിററി, സ്വഭാവശുദ്ധി മുതലായവയാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളതു്.

(സി) ഉവ്വ്.

(ഡി) ഉവ്വ്.

(ഈ) ശ്രീ. എൻ. കെ. എബ്രഹാം 1-ാംഗ്രേഡ് ഹെഡ്കാൺസ്റ്റബിളുന്മാരിൽ ഏററവും സീനിയർ അല്ല. എന്നാൽ സബ്ബ് ഇൻസ്പെക്ററന്മാരായി പ്രമോട്ടുചെയ്യുവാൻ ഉദ്ദേശിച്ചു് പരിശീലനത്തിനു് എടുക്കുന്ന 1-ാംഗ്രേഡ് ഹെഡ്കാൺസ്റ്റബിളുന്മാരുടെ കൂട്ടത്തിൽ ശ്രീ. എബ്രഹാമിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിവരം ശ്രീ. എബ്രഹാമിനെ അറിയിച്ചിട്ടുമുണ്ട്.

മരച്ചീനി ഗവേഷണശാല.

15. [43] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യതിരുവിതാംകൂറിൽ ഒരു മരച്ചീനി ഗവേഷണശാല സ്ഥാപിക്കുന്നതിനെപ്പററി വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പററി ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) (ബി) മദ്ധ്യതിരുവിതാംകൂറിൽ ഒരു മരച്ചീനി ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനെപ്പററി യാതൊരു നിവേദനവും ലഭിച്ചിട്ടില്ല.

പുറമ്പോക്കുകളിൽനിന്ന് കുടിഒഴിപ്പിക്കൽ.

16. [45] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ഡിസ്ട്രിക്ററിൽ മാത്രമായി ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര പുറമ്പോക്ക് കയ്യേററങ്ങൾ കുടികിടപ്പില്ലാത്ത കർഷകതൊഴിലാളികളുടേതായി ഉണ്ടായിട്ടുണ്ട് എന്ന് പറയാമോ?

ഉത്തരം.

597 കയ്യേററങ്ങൾ ഉണ്ടായിട്ടുണ്ട്.

പത്തനംതിട്ട സബ്ട്രഷറി.

17. [46] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട സബ്ട്രഷറി ഇപ്പോൾ സ്ഥിതി ചെയ്യുന്നതു് വളരെ അസൗകര്യപ്രദമായ ഒരു കെട്ടിടത്തിലാണെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) പത്തനംതിട്ട സബ്ട്രഷറിയിലെ അസൗകര്യത്തെപ്പററി ഗവണ്മെൻറ് അറിഞ്ഞിട്ടുണ്ട്.

(ബി) പോലീസ്സ്റ്റേഷൻ താലൂക്കുകച്ചേരി കെട്ടിടത്തിൽ നിന്നു മാററി ട്രഷറിക്ക് കൂടുതൽ സ്ഥലസൗകര്യമുണ്ടാക്കാൻ ഗവണ്മെൻറ് ഉർജ്ജിതമായ നടപടികൾ എടുക്കുന്നുണ്ട്. പോലീസ്സ്റ്റേഷൻ മാററിയാലുടൻ ട്രഷറിക്കുവേണ്ട സ്ഥലസൗകര്യം കിട്ടുന്നതാണ്.

കുടിയിറക്ക്.

18. [48] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരത്ത് മലവക പുറംപോക്കുകളിൽനിന്ന് ഫാറസ്ററുകാർ കുടികിടപ്പുകാരെ പുരകൾ നശിപ്പിച്ച് ഇറക്കിഅയച്ചു എന്ന പരാതിയെ തുടർന്ന് (refer file No. L. Dis. 7288|54|R. D.| Forest etc.Section) അന്വേഷണംനടത്തി ഗവണ്മെൻറിലേയ്ക്കു റിപ്പോർട്ട് സമർപ്പിച്ചതു് ഏതുദ്യോഗസ്ഥനാണ്;

(ബി) ഈ അന്വേഷണറിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) മേൽപ്പറഞ്ഞ അന്വേഷണത്തിൽ ആക്ഷേപം എന്തെങ്കിലും സർവ്വന്റിനു കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) കോടതിയിലെ റെജിസ്ട്രാഫീസരുടെ അന്വേഷണത്തിന്മേൽ ചീഫ് കൺസർവേററർ റിപ്പോർട്ടു സമർപ്പിച്ചു.

(ബി) പൊതു താല്പര്യത്തെ പരിഗണിച്ച് ആ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കേണ്ട ആവശ്യമില്ല.

(സി) ആക്ഷേപം കിട്ടിയിട്ടുണ്ട്. അന്വേഷണം നടത്തിക്കൊണ്ടിരിക്കുയാണ് ?

9 A. M. **Adjournment Motions,**

Mr. Speaker : Order, order. Question time is over.

(*a*) The demands made by the Union consisted mainly of increase in wages and allowances, better conditions of service, grant of bonus to pensionable employees etc. The demand for increase in pay and allowances and better conditions of service has been met to the extent possible. The remaining items have been left to be decided after the receipt of the report from the Transport Department Enquiry Commission.

(*b*) Rs.26, 244/-

ലിഫ്റ്റ് ഇറിഗേഷൻ.

* 51. [32] ശ്രീ. കെ. പി. ഹാർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഗവണ്മെൻറ് അധികാരത്തിൽ വന്നതിൽ പിന്നെ കമ്മ്യൂണിററി പ്രാജക്ററ് ഏര്യായിൽപ്പെടാത്ത ദേശങ്ങളിൽ ഏതെങ്കിലും ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) അവയുടെ എസ്റ്റിമേററ് ആകെ തുക എത്ര ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ടു തൊഴിലാളികളുടെ അവശത.

* 52. [35] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ തൊഴിലാളികളുടെ അവശതകളും ആവശ്യങ്ങളും അന്വേഷിച്ച് റിപ്പോർട്ടു ചെയ്യാൻ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) കമ്മീഷനിൽ ഉള്ള അംഗങ്ങളെത്ര ;

(സി) അത് എന്നു മുതൽ പ്രവർത്തനത്തിൽ വന്നിരിക്കുന്നു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉണ്ട്.

(ബി) ഒരംഗകമ്മീഷനെയാണ് നിയമിച്ചിട്ടുള്ളത്.

(സി) 1954 നവംബർ മാസം മുതൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

Transport Service.

* 53. [38] **Shri D. Vivekanandan:** Will the Minister for Transport be pleased to state:

(*a*) how many new lines were taken up for the operation of Departmental services since 30-11-1954;

(*b*) how many more lines are proposed to be taken up and when;

(*c*) will the Government consider the necessity of taking in to Departmental services Drivers and Conductors working under the private Companies who stand the chance of losing their jobs on account of the nationalisation process;

(*d*) has the Government received any representation in this respect;

(*e*) what action was taken on the basis of the representation?

Minister for Works and Transport **(Shri A. Achuthan):**

(*a*) Six new lines were taken up for running Departmental Express Services on 1-12-1954.

(*b*) No new lines are proposed to be taken up immediately.

(*c*) Yes.

(*d*) Yes.

(*e*) The question will be considered at the time of nationalisation.

ഗ്രാമറോഡുകൾ.

* 54. [39] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗ്രാമറോഡുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അപ്രകാരം വിട്ടുകൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഗ്രാമറോഡുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടില്ല.

(ബി) വിട്ടുകൊടുക്കുന്ന കാര്യം പര്യാലോചിച്ചുവരികയാണ്.

ആയുർവ്വേദാശുപത്രികളും ഡിസ്പെൻസറികളും.

* 55. [45] ശ്രീ. കെ. ററി. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി തുടങ്ങുന്നതിനു് ഗവണ്മെൻറ് അനുവദിച്ച ആയുർവേദ ആശുപത്രികളും, ഡിസ്പെൻസറികളും എത്ര;

(ബി) എവിടെല്ലാം ;

(സി) അതിൽ കാർത്തികപ്പള്ളി താലൂക്കിൽ എത്ര എണ്ണം ?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ) യും (ബി) യും മൂന്നു ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിനും, പുതുതായി ഒരു ആശുപത്രിയും, 15 ഡിസ്പെൻസറികളും തുടങ്ങുന്നതിനും അനുവദിച്ചു.

ഡിസ്പെൻസറികളെ ആശുപത്രികളാക്കിയത് :—

1. കൊല്ലം. 2. ആലപ്പുഴ. 3. കോട്ടയം.

പുതിയ ആശുപത്രി :—

1. തൊടുപുഴ

പുതിയ ഡിസ്പെൻസറികൾ :—

1. തൃക്കടവൂർ.
2. തലവടി.
3. പൂവച്ചൽ.
4. തെന്മല.
5. ചെറുവട്ടൂർ
6. ശ്രായിക്കാട്.
7. കുമാരപുരം.
8. കവിയൂർ.
9. റാന്നി.
10. വാഴൂർ.
11. ചേരാനല്ലൂർ.
12. കൃഷ്ണപുരം.
13. തൃപ്പുതിസാരം.
14. ആയൂർ.
15. പൂജപ്പുര.

(സി) കാർത്തികപ്പള്ളിതാലൂക്കിൽ കുമാരപുരം ഡിസ്പെൻസറി മാത്രം.

ബസ്സുറൂട്ടുകൾ.

* 56. [47] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ബസ്സുറൂട്ടുകൾ ദേശവൽക്കരിച്ചത് ഏതെല്ലാം;

(ബി) പഴയ കൊച്ചിവിഭാഗത്തിൽ ഏതെല്ലാം റൂട്ടുകൾ ദേശവൽക്കരിച്ചു ;

(സി) ഇതിൽ തൃശ്ശൂർ–കൊടുങ്ങല്ലൂർ ലൈൻ ഉൾപ്പെടുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഉടനെ ഈ റൂട്ട് ഗവണ്മെന്റ് ഏറ്റെടുത്ത് യാത്രക്കാരുടെ സൗകര്യത്തെയും, സമയലാഭത്തെയും ഉദ്ദേശിച്ച് എക്സ്പ്രസ്സ് സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന് അനുഭാവപൂർവ്വം ആലോചിച്ച് വേണ്ടനടപടികൾ എടുക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) പുതിയതായ് ഒരു റൂട്ടും ദേശവൽക്കരിച്ചിട്ടില്ല.

(ബി) ഒരു റൂട്ടും ദേശവൽക്കരിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വേണ്ട നടപടികൾ എടുക്കുന്നതാണ്.

അഴക്കൽ തൊണ്ടിന്റെ വില നിയന്ത്രണം.

* 57. [48] ശ്രീ കുട്ടപ്പൻകോയിക്കൽ : താഴെ പറയുന്നചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അഴക്കൽ തൊണ്ടിന്റെ വില നിയന്ത്രിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതു് എന്നു നടപ്പിൽ വരുമെന്നു പറയുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

നിലവിലുള്ള ചട്ടപ്രകാരം സംസ്ഥാനഗവണ്മെന്റിന് തൊണ്ടുവില നിയന്ത്രിക്കാൻ നിർവാഹമില്ല.

Trade disputes

* 58. [52] **Shri P. V. Avira Tharakan** : Will the Minister for Labour be pleased to state.

(*a*) how many trade disputes were there in this financial year ;

(*b*) of these, how many were settled

(c) how many are still pending ; and

(*d*) whether there was a memorandum from the Shertalai Coir Factory Employees Union, Aroor ?

Minister for Local Self Government (**Shri P. K. Kunju**) :

(*a*) 3104 trade disputes.

(*b*) 2568 disputes have been settled till the end of 1954.

(*c*) 536.

(*d*) Yes.

തോട്ടം തൊഴിലാളികൾ.

* 59. [54] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞായറാഴ്ച ദിവസം ശമ്പളത്തോടുകൂടിയ അവധി നൽകണമെന്ന നിയമം തോട്ടങ്ങളിൽ പ്രാബല്യത്തിൽ വന്നതു് എന്നുമുതൽക്കാണ്; ഇന്നും ആ വ്യവസ്ഥ നടപ്പാക്കിയിട്ടില്ലാത്ത തോട്ടങ്ങൾ സംസ്ഥാനത്തു് എത്രയുണ്ട് ;

(ബി) നിയമവിരുദ്ധമായി പണിയെടുപ്പിച്ചു ഞായറാഴ്ചകളിലെ ഓവർടൈം, കാമ്പൻസേഷൻ തുടങ്ങിയ കുടിശ്ശികാവകാശങ്ങൾ കൊടുക്കാത്ത തോട്ടങ്ങൾ സംസ്ഥാനത്തു് എത്രയുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ഞായറാഴ്ച ദിവസം അവധി നൽകണമെന്നു നിയമമുള്ളതല്ലാതെ ശമ്പളത്തോടുകൂടി അവധി നൽകണമെന്നു നിയമമില്ല. മിനിമം വേജസ് റൂൾസ് പ്രസിദ്ധപ്പെടുത്തിയ 1951 അക്ടോബർ 2-ാംനു മുതലാണ് ഞായറാഴ്ച ഒഴിവു ദിവസമായിരിക്കണമെന്നുള്ള നിയമം

പ്രാബല്യത്തിൽ വന്നതു്. ഈ നിയമം എല്ലാ തോട്ടങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടു്.

(ബി) ഞായറാഴ്ച ദിവസങ്ങളിൽ ജോലി ചെയ്തിട്ടുള്ള തൊഴിലാളികൾക്കു് നിയമപ്രകാരമുള്ള ഓവർടൈം വേജസ് കൊടുക്കാത്ത തോട്ടങ്ങൾ ഒന്നും തന്നെയില്ല.

ട്രാൻസ്പോർട്ടു ബുക്കിംഗ് ആഫീസ്.

* 60. [58] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറുവക ബസ്സുകൾ ബുക്കിംഗ് ആഫീസുകൾക്കായി ഉപയോഗിച്ചുവരുന്നതു് എത്ര സ്ഥലങ്ങളിലുണ്ടു്;

(ബി) ആലുവായിൽ ഇങ്ങനെ ബുക്കിംഗ് ആഫീസായി ഒരു ബസ്സ് ഉപയോഗിച്ചു വരുന്നില്ലേ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ഒരു സ്ഥലത്തുമാത്രം.

(ബി) ഉണ്ടു്.

Sub-Division Works Committee.

* 61. [60] **Shri V. V. Sebastian:** Will the Minister for Works and Transport be pleased to state :

(*a*) whether the recommendations made by the different Sub Division Works Committees in the State for works to be undertaken during the year 1954-55 have ever been considered by the Central Works Committee ;

(*b*) if not, why were those recommendations not considered;

(*c*) how were the selections of works for 1954-55 made ?

Minister for Works and Transport **(Shri A. Achuthan) :**

(*a*) No.

(*b*) For want of funds.

(*c*) No new works under communication and irrigation were selected for inclusion in the budget 1954-55.

Honorary Medical Officers.

* 62. [63] **Shri K. C. Abraham:** Will the Minister for Public Health and Medicine be pleased to state :

(*a*) how many Honorary Medical Officers are there in the Government Hospitals now ;

(*b*) do the Government contemplate abolishing the honorary system in Hospitals ; and

(*c*) if so what are the reasons that weighed with the Government in coming to this decision ?

Minister for Local Self Government—(**Shri. P. K. Kunju**):

(*a*) Now there are 26 Honorary Medical Officers.

(*b*) Yes.

(*c*) Government are of the view that Honorary Medical Officers need be appointed only to posts, for filling up of which specially qualified and skilled persons are not available in the paid cadre. With this view, Government consider that the present honorary system may be abolished.

വനവർഗ്ഗ മഹാജനസഭയുടെ നിവേദനം.

* 63. [65] ശ്രീ. പി. എം. മാർക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മേയ്മാസത്തിൽ തിരുവിതാംകൂർ–കൊച്ചി വനവർഗ്ഗമഹാജനസഭയുടെ ഒരു നിവേദനം ബഹുമാനപ്പെട്ട ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) വനവർഗ്ഗമഹാജനസഭയുടെ ഒരു നിവേദനം ഗവണ്മെൻറിന് കിട്ടിയിട്ടുണ്ട്.

(ബി) നിവേദനത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളെപ്പററി അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ വനവർഗ്ഗക്കാരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങളെ പര്യാലോചിച്ച് വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഡിസ്ട്രിക്ട് കളക്ടർ, ഫാറസ്ററ് ആഫീസർ, ഡി. എസ്. പി. എന്നീ ഉദ്യോഗസ്ഥന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ അവശസമുദായ ഡിപ്പാർട്ടുമെൻറ് കമ്മീഷണക്ക് നിർദ്ദേശം നൽകീട്ടുമുണ്ട്.

തൊഴിലാളിയൂണിയനുകൾ.

* 64. [66] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

1953 ലും, 54 ലും സംസ്ഥാനത്തു് എത്ര തൊഴിലാളിയൂണിയനുകൾ തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി പണിമുടക്കുകൾ നടത്തിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

1953–ൽ അൻപത്തിയൊൻപതും, 1954–ൽ തൊണ്ണൂററിയെട്ടും തൊഴിലാളിയൂണിയനുകൾ തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി പണിമുടക്കുകൾ നടത്തിയിട്ടുണ്ട്.

ബസ്സ്റ്റുകൾ ദേശവല്ക്കരണം.

* 65. [70] ശ്രീ. എ. സി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കൊല്ലം പുതുതായി എത്ര റൂട്ടുകൾ ദേശവല്ക്കരിച്ചിട്ടുണ്ട്;

(ബി) തൊടുപുഴനിന്നും ഒരു Express Bus Service ഓടുവാൻ നിവേദനം ലഭിച്ചിട്ടില്ലേ;

(സി) അതു് എന്നുമുതൽ നടപ്പിലാകും ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഈ കൊല്ലം പുതുതായി ഒരു റൂട്ടും ദേശവല്ക്കരിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) അക്കാര്യം ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ. എന്നു നടപ്പിലാകുമെന്നു് ഇപ്പോൾ പറയുക സാദ്ധ്യമല്ല.

Compensation for Persons killed in Motor Accidents.

* 66. [77] **Shri T. S. Ramaswami**: Will the Minister for Transport be pleased to state :

(*a*) The number of applications from injured persons or relations of killed persons in Motor accidents for compensation from the third party insurance funds to the Government in 1954;

(*b*) the number of persons who were given compensation;

(*c*) whether one A. Alangaram of Cape Comorin applied for compensation for the death of his son Kanniah due to accident by the Car T. C. Q No. 2472 in 1953;

(*d*) whether his case was enquired into;

(*e*) whether any compensation was paid to him; and

(*f*) if not, why not ?

Minister for Works and Transport— **(Shri A. Achuthan)**

(*a*) 27 applications were received in 1954.

(*b*) Compensation paid to 49 persons in 1954 (inclusive of 41 persons whose claims arose before 1-1-1954).

(*c*) Yes.

(*d*) Yes.

(*e*) Yes.

(*f*) Does not arise, in view of answer to (e).

ടൈററാനിയം ഫാക്ടറി.

* 67. [2] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുള്ള ടൈററാനിയം ഫാക്ടറി 1954 ജനുവരിയിൽ റീകാപ്പിന്റെ ചെയ്തു പ്രവർത്തനം ആരംഭിച്ചതിനുശേഷം ലാഭത്തിലാണോ നഷ്ടത്തിലാണോ നടക്കുന്നത്;

(ബി) നഷ്ടമാണെങ്കിൽ എത്ര;

(സി) ഈ ഫാക്ടറിയുടെ മാനേജിംഗ് ഡയറക്ടർ ആരാണ്;

(ഡി) അദ്ദേഹത്തിന്റെ പ്രതിമാസശമ്പളം അലവൻസുകളുടെ എത്ര;

(ഇ) ഈ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചതിനുശേഷം എപ്പോഴെങ്കിലും കണക്കുകൾ ആഡിററുചെയ്തിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ലാഭത്തിൽ.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ ഫാക്ടറിക്ക് മാനേജിംഗ്ഡയറക്ടർ ഇല്ല, ഇൻഡ്യൻ ടൈററൽ പ്രൊഡക്ററ്സ് എന്ന ഏജൻസിയാണ് തിരുവിതാംകൂർ ടൈററാനിയം പ്രൊഡക്ററ്സ് നടത്തുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിയമമനുസരിച്ച് കമ്പനിയുടെ കണക്കുകൾ ആഡിററു ചെയ്യുന്നുണ്ട്. കൂടാതെ ഗവണ്മെൻറ് ആഡിററുഡിപ്പാർട്ടുമെൻറും കണക്കുകൾ ആഡിററു ചെയ്യുന്നുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

മണ്ണുപരിശോധനകേന്ദ്രം.

* 68. [10] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേററിൽ ഒരു മണ്ണുപരിശോധനകേന്ദ്രം സ്ഥാപിക്കുവാനുള്ള പരിപാടി ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ അതിന് എന്തു നടപടി സ്വീകരിച്ചു;

(സി) കേന്ദ്രഗവണ്മെൻറിൽനിന്നും എന്തെങ്കിലും സഹായവാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എവിടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഉണ്ട്.

(ബി) മണ്ണുപരിശോധനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതു് ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(സി) ഇല്ല.

(ഡി) ഒരു കേന്ദ്രം തിരുവനന്തപുരത്തും, മറെറാന്നു് തൃശ്ശൂരിലും സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്.

വനം കാൺട്രാക്ററുകൾ.

*69. [24] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിൽനിന്നും തടി വെട്ടിയിറക്കുന്നതിനുള്ള കാൺട്രാക്ററുകൾ കൊടുക്കുന്നതിന്റെ സാധാരണ നടപടിക്രമം എന്താണു്;

(ബി) ഈ നടപടിക്രമത്തിനു വിപരീതമായി 16-7-1954-ൽ ഏതെങ്കിലും ഉത്തരവു് ഗവണ്മെൻറ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്; അതുകൊണ്ടു ഗവണ്മെൻറിനുണ്ടായിട്ടുള്ള നഷ്ടം എത്ര?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) പരസ്യംചെയ്തു് ടെൻഡർ വിളിച്ചു് ഏററവും കുറഞ്ഞ നിരക്കിനു് കാൺട്രാക്ററു് കൊടുക്കുകയാണു് സാധാരണയുള്ള നടപടിക്രമം.

(ബി) 16-7-1954-ൽ നൽകിയിട്ടുള്ള ഗവണ്മെൻറ്ഉത്തരവു്, മുൻടെൻറർപ്രകാരം ഉടമ്പടിവച്ചു് നടത്തിക്കൊണ്ടിരുന്ന ജോലിയുടെ തുടർച്ചയായി ചെയ്യേണ്ടിവന്ന ജോലിക്കു് അനുവദിച്ചുകൊണ്ടുള്ളതാകുന്നു.

(സി) ടി ജോലിയുടെ തുടർച്ചയായതുകൊണ്ടു് ടെൻററിന്റെ ആവശ്യം വന്നിട്ടില്ല. ഗവണ്മെൻറിനു് അതുകൊണ്ടു് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല.

Silvi Culture Officer in the Malayattur Division.

*70. [25] **Shri Manjanatha Prabhu** : Will the Minister for Forests be pleased to state :

(*a*) whether the post of Silvi Culture Officer in the Malayattur Division is in any way helpful to the Forest Department;

(*b*) whether the planting is done on the basis of his recommendation ;

(*c*) whether reports are submitted by the Silvi Culture Officer for soft-wood plantations and are they in any way useful; and

(*d*) what are the species of softwood planted ?

Minister for Finance—(**Shri P. S. Nataraja Pillai**) :

(*a*) Yes.

(b) Planting is not generally done on the recommendation of the Silviculturist since Silvicultural operations are now only being experimented upon.

(c) Since the results of the experiments and research works conducted have not yet been achieved, no report has been made.

(d) 1. Nurseries have been opened for softwood species like Evodia roxburghiana and Balsa.

2. Sample plot has been laid out in the Elavu Plantation at Thundathil. Seeds of Balsa and experimental planting of the same have been tried successfully by this Division.

3. Experiments on both exotic and indigeneous species are being conducted by the Division and the results are being watched.

ഈറ വ്യവസായം.

* 71. [27] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ റിസർവ് ഫാറസ്റ്റുകളിൽനിന്നും ഈറ വെട്ടുന്നതിന് ഈറവ്യവസായത്തൊഴിലാളികൾക്ക് പാസ്സ് നൽകാറുണ്ടോ;

(ബി) ഒരു തൊഴിലാളിക്ക് ഒരു പ്രാവശ്യം എത്ര ഈറയാണ് വെട്ടിക്കൊള്ളുന്നതിന് അനുവദിച്ചിട്ടുള്ളത്;

(സി) ഒരു പാസ്സ് നൽകുന്നതിന് ഫീസ് എന്താണ്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) അതിലേയ്ക്ക് നിബന്ധന ഒന്നും ഇല്ല. സാധാരണ എത്ര ആവശ്യപ്പെടുന്നുവോ അത്രയും കൊടുക്കാറുണ്ട്.

(സി) 100 ഈറയ്ക്ക് 8ണ. നിരക്കിലാണ് പാസ്സ് കൊടുക്കുന്നത്.

കുടിപാർപ്പു പദ്ധതി.

* 72. [34] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം–പീരുമേട് താലൂക്കിൽ എത്ര ഏക്കർ ഭൂമിയിലാണ് കുടികിടപ്പുപദ്ധതി ഗവണ്മെൻറിൽനിന്നും പ്ലാൻ ചെയ്തിട്ടുള്ളത്;

(ബി) ഓരോ കുടുംബത്തിനും എത്ര ഏക്കർ ഭൂമി വീതമാണ് കൊടുക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഭൂമി കൂടാതെ മറ്റെന്തൊക്കെ സഹായമാണ് കുടിപാർക്കുന്നവർക്ക് കൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(ഇ) ഈ പദ്ധതി എന്നു പൂർത്തിയാകുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നു;

(എഫ്) ഈ പദ്ധതിക്കുവേണ്ടി ഭൂമിയെടുത്തപ്പോൾ 5 ഏക്കറിൽ കുറവുള്ള ആളുകളിൽനിന്നും ഭൂമി ഒഴിപ്പെടുത്തുക ഉണ്ടായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) അഞ്ചനാട്, വണ്ടൻമേട്, ഉടുമ്പൻചോല എന്നീ പ്രകൃതികളിലായി ഉദ്ദേശം 12,000 ഏക്കർ സ്ഥലത്ത് ഇപ്പോൾ സർവ്വേ നടത്തുന്നതാണ്. ഈ സർവ്വേ കഴിയുമ്പോൾ കൂടുതൽ സ്ഥലം തിരഞ്ഞെടുക്കുന്നതാണ്.

(ബി). അഞ്ച് ഏക്കർ വീതം.

(സി) പ്രാരംഭച്ചിലവുകൾക്കും, ഭവനനിർമ്മാണത്തിനും ആവശ്യമായ ഒരു തുക കടമായി കൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) സർവ്വേ തൃപ്തികരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 200 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഒരു പൈലററ് കോളനി ഈ മാസം അവസാനത്തിൽ പ്രവർത്തനം തുടങ്ങുന്നതാണ്.

(ഇ) മേൽപ്പറഞ്ഞ 12,000 ഏക്കർ സ്ഥലത്തെ അധിനിവേശം അടുത്ത ആറുമാസങ്ങൾക്കകം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

(എഫ്) മേൽവിവരിച്ച പദ്ധതിക്കുവേണ്ടി ഇതേവരെ ആരിൽനിന്നും ഭൂമി ഒഴിപ്പെടുത്തിട്ടില്ല. സർക്കാർ കൈവശമുള്ളതും, മററാരും പ്രവേശിച്ചിട്ടില്ലാത്തതുമായ തരിശുഭൂമിയിലാണ് ഇപ്പോൾ സർവ്വേ ആരംഭിച്ചിരിക്കുന്നത്. എന്നാൽ അനർഹമായും, അനധികൃതമായും സർക്കാർഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും ഭൂമി ഒഴിപ്പെടുക്കുന്നതിനുള്ള സർവ്വേ സെററിൽമെൻറ് നടപടികൾ തുടങ്ങുവാൻ പോകുന്നതേയുള്ളൂ. അങ്ങനെയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തുന്ന അവസരത്തിൽ ആരിൽനിന്നെങ്കിലും സ്ഥലം ഒഴിപ്പെടുക്കുവാൻ ഇടയാകുന്നുവെങ്കിൽ, അപ്രകാരം ഭൂമി രഹിതരാകുന്നവർക്ക് പകരം സ്ഥലം, അർഹരെന്നുകണ്ടാൽ കൊടുക്കുന്നതിന്, അതിനുത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിശ്ചിത നിർദ്ദേശങ്ങൾ ഇതിനകം നൽകപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

വില്ലനനികുതി.

* 73. [39] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിൽവ്യവസായോൽപ്പന്നങ്ങളെ വില്ലനനികുതിയിൽനിന്നും ഒഴിവാക്കുകയെന്നതു് ഇപ്പോഴത്തെ ഗവണ്മെൻറിന്റെ നയമാണോ;

(ബി) പ്രസ്തുത ഇനത്തിൽപ്പെടുന്ന ഏതെല്ലാം വ്യവസായങ്ങളെ വില്ലനനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്;

(സി) ഏതെല്ലാം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) പനമ്പ് മുതലായ കുടിൽവ്യവസായോൽപ്പന്നങ്ങളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള)

(എ) നിലവിലിരിക്കുന്ന വില്പനനികുതി നിയമത്തിൽ കുടിൽവ്യവസായോൽപ്പന്നങ്ങളും, വൻകിട വ്യവസായോൽപ്പന്നങ്ങളും തമ്മിൽ വ്യത്യാസം ഒന്നും ഇല്ല.

(ബി) 1. ഖദർ.

2. ഉപഭോക്താക്കൾക്ക് കൈയ്ത്തറിത്തുണി വിൽക്കുന്ന അവസാനത്തെ കച്ചവടക്കാരൻമാത്രം രൂപയ്ക്ക് ഒന്നരപൈസ എന്ന നിരക്കിന് വിൽപ്പനനികുതി കൊടുക്കേണ്ടതാണ്.

3. 31-3-1955 വരെ എല്ലാവിധത്തിലുള്ള കയറിനെയും കയറുൽപ്പന്നങ്ങളെയും വില്പനനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) മറ്റു കുടിൽവ്യവസായങ്ങളെ വില്പന നികുതിയിൽ നിന്ന് ഒഴിവാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഡി) ഇല്ല.

State Aid to Industries Board.

* 74. [45] **Shri D. Vivekanandan:** Will the Minister for Industries be pleased to state:

(*a*) when was the Board under the State Aid to Industries Act constituted;

(b) how many sittings have the Board so far made;

(c) has the Board recommended loan to any applicant so far; and

(*d*) if not, what is the reason for the delay ?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) The Board under the State Aid to Industries Act was constituted as per Notification I. 6-11661/52/DD. dated 7-5-1954.

(b) The Board had only one sitting.

(c) No loan has been recommended so far.

(*d*) As certain clarifications had to be made in the rules, the Board did not recommend any loan.

Lemon Grass Oil Factory.

* 602. [55] **Shri K. M. George:** Will the Minister for Industries be pleased to state:

(*a*) whether the Government propose to start a factory for processing of Lemon grass oil;

(*b*) if so, where and when do Government propose to start the factory ; and

(*c*) is it a fact that Muvattupuzha is the centre of lemon grass cultivation in the State ?

Minister for Industries **(Shri P. S. Nataraja Pillai)** :

(*a*) Inclusion of a Scheme for processing of Lemon grass oil in the Second Five Year Plan is being considered by Government.

(*b*) The location has not been decided.

(*c*) Muvattupuzha is one of the centres of lemon grass cultivation in the State.

ബഹുമുഖവില്ലന നികുതി.

* 75. [52] ശ്രീ. സ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തയാണ്ടിലെ ബഡ്ജററിലെങ്കിലും ബഹുമുഖവർത്തന നികുതി നിറുത്തലാക്കി ഏകസ്ഥാനവില്ലനനികുതി ആക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇന്നത്തെ വില്ലനനികുതി അസസ്സുചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനു ഗവണ്മെൻറ് ആവശ്യമായ അടിയന്തരനടപടികൾ കൈക്കൊള്ളുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപ്പിള്ള) :

(എ) ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

(ബി) ഏതെങ്കിലും വില്ലന നികുതി ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള ക്രമക്കേടുകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെപ്പററി ശരിയായി അന്വേഷിച്ച് വേണ്ട നടപടി എടുക്കുന്നതാണ്.

വള്ളത്തിനും, വലയ്ക്കുമുള്ള ലൈസൻസ്.

* 76. [56] ശ്രീ. കുട്ടൻ കോയക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകളിൽനിന്നും മത്സ്യം പിടിക്കുന്നതിന് വലയ്ക്കും വള്ളത്തിനും (പാച്ചിൽ ചെത്തോടം) ലൈസൻസുഫീസ് ഈടാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ തുക എന്താണെന്നു പറയുമോ ; പ്രതിവർഷം ഈ ഇനത്തിൽ എന്തു് ആദായം സർക്കാരിന് കിട്ടുന്നുണ്ടെന്നും, ശരാശരി എത്ര വലകൾക്കും, വള്ളങ്ങൾക്കും ലൈസൻസു കൊടുക്കുന്നുവെന്നും പറയുമോ ;

(ബി) കായംകുളം കായലിൽനിന്നും മത്സ്യം പിടിക്കുന്നതിന് എത്ര വള്ളങ്ങൾക്കും, വലയ്ക്കും ലൈസൻസു കൊടുത്തിട്ടുണ്ടെന്ന് പറയുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഒരു രൂപ, രണ്ടു രൂപ, മൂന്നു രൂപ, അഞ്ചു രൂപ, ഏഴര രൂപ എന്നീ നിരക്കിൽ ലൈസൻസുകൾ വലയുടെ തരമനുസരിച്ച് വലകൾക്കും, ഏഴര രൂപ നിരക്കിൽ പാച്ചിൽ ചെങ്ങാടത്തിനും ലൈസൻസുഫീസ് ഈടാക്കിവരുന്നു. പ്രതിവർഷം 12,205 രൂപ ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചുവരുന്നു (9835 രൂപ വലകളുടെ ലൈസൻസുവകയിലും, 2,370 രൂപ ചെങ്ങാട ലൈസൻസുവകയിലും). ശരാശരി 3345 വലകൾക്കും, 316 പാച്ചിൽ ചെങ്ങാടങ്ങൾക്കും ലൈസൻസു നൽകിവരുന്നുണ്ട്.

(ബി) കായംകുളം കായലിൽനിന്നുമാത്രം മത്സ്യം പിടിക്കുന്നതിനു പ്രത്യേകം ലൈസൻസു കൊടുക്കാറില്ല. വലയുടെ തരമനുസരിച്ച് ലൈസൻസ് എടുക്കുന്ന ഏതൊരു മീൻപിടിത്തക്കാരനും വേമ്പനാട്ട്, കായംകുളം, അഷ്ടമുടി എന്നീ കായലുകളിലും, എല്ലാ പുറമ്പോക്ക ജലാശയങ്ങളിലുംനിന്നു നിർബന്ധം മീൻപിടിക്കാവുന്നതാണ്.

തലച്ചിറ പുറമ്പോക്കുകൾ.

* 77. [57] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്ക് ജലസേചനത്തിനായി ഉപയോഗത്തിലിരിക്കുന്ന തലച്ചിറ പുറമ്പോക്കുകൾ കുത്തകപ്പാട്ടത്തിനു കൊടുക്കുകയെന്ന നയമാണോ ഗവണ്മെൻറിനുള്ളത് ;

(ബി) കൃഷിക്കാരുടെ ഉപയോഗത്തിലിരിക്കുന്ന തലച്ചിറകൾ അന്യകൈവശത്തിൽനിന്നുമൊഴിപ്പിച്ച് കൃഷിക്കുവേണ്ടി നന്നാക്കി സംരക്ഷിക്കുമെന്നൊരു ഉറപ്പ് നൽകാൻ ദയവുണ്ടാകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) അല്ല.

(ബി) തലച്ചിറ പുറമ്പോക്കുകൾ ഒഴിപ്പിച്ച് കൃഷിക്കുവേണ്ടി നന്നാക്കിക്കൊടുത്തു് വരുന്നുണ്ട്. അവ സംരക്ഷിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ റവന്യൂ ഡിപ്പാർട്ടുമെൻറിനും, പി. ഡബ്ലിയു. ഡി. ക്കും, പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനും കൊടുത്തിട്ടുണ്ട്.

ചെമ്പുകമ്പിമോഷണം.

* 78 [60] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവാ ഡിവിഷൻ ഇലക്ട്രിക്കൽ സ്റ്റോറിൽനിന്നും വമ്പിച്ച തുകയ്ക്കുള്ള ചെമ്പുകമ്പികൾ മോഷണം ചെയ്തതായി ഒരു കേസ് തുടർച്ചിട്ടുണ്ടോ ;

(ബി) ഈ കേസിലെ പ്രതികളിൽ ചിലർ നേരിട്ടു കോടതിയിൽ ഹാജരായി ജാമ്യത്തിൽ പോവുകയുണ്ടായോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) അങ്ങിനെ ഒരു കേസ്സ് ഉണ്ടായിട്ടുണ്ട്.

(ബി) ഈ കേസ്സിൽ പ്രതിയെന്നു സംശയിക്കപ്പെടുന്ന ഒരാളെ അറസ്റ്റ് ചെയ്തു പിന്നീട് ജാമ്യത്തിൽ വിട്ടതായി അറിവുണ്ട്.

Pottery Factory at Lappalam.

* 79. [62] **Shri N. Parameswaran Pillai**: Will the Minister for Finance be pleased to state :

(*a*) what is the reason for abolishing the working of the Pottery factory at Lappalam in Changanacherry ;

(*b*) are the Government aware that clay required for pottery is available in abundance in the western pakuthies of Changanacherry taluk ;

(*c*) will the Government take steps to re-start the working of the said factory ; and

(*d*) is it a fact that the employment potential of the said venture is considerable ?

Minister for Finance (**Shri P. S. Nataraja Pillai**) :

(*a*) Since the Centre was continuously working at a loss.

(*b*) Yes.

(*c*) The question is under consideration.

(*d*) The Centre can give work to some people.

ഉദ്യോഗസ്ഥന്മാരുടെ സർവ്വീസുബുക്ക്.

* 80. [65] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന നിസ്സാര (minor) കുറ്റങ്ങൾക്കുള്ള ശിക്ഷ അവരുടെ സർവ്വീസുബുക്കുകളിൽ ചേർക്കാറുണ്ടോ ;

(ബി) ഇതിനു തിരുവിതാംകൂറിലും കൊച്ചിയിലും പ്രത്യേക നിയമങ്ങൾ ഉണ്ടോ ;

(സി) പഴയ കൊച്ചിയിൽ ഇത്തരം കുറ്റങ്ങൾക്ക് സർവ്വീസുബുക്കിൽ ചേർക്കുന്ന സമ്പ്രദായം ഉണ്ടെങ്കിൽ അതു നിവൃത്തിചെയ്തു തിരുവിതാംകൂറിലെ നിയമം സ്റ്റേറ്റ് ഒട്ടുക്ക് ബാധകമാക്കാൻ വേണ്ട നടപടികൾ ദയവുചെയ്തു കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തുകൊണ്ട് രേഖാമൂലമായ വല്ല ഉത്തരവുകളും ഉണ്ടെങ്കിൽ അതിന്റെ വിവരം സാധാരണയായി സർവ്വീസുബുക്കുകളിൽ ചേർക്കാറുണ്ട്.

(ബി) രണ്ടു വിഭാഗങ്ങളിലും മേൽപ്പറഞ്ഞ വ്യവസ്ഥ നിലവിലുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ബീഡിക്കമ്പനികൾ.

* 81. [66] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുറമേ നിന്നും വരുന്ന ബീഡിയോടു മത്സരിക്കുന്നതിനു സാഹചര്യങ്ങൾ ഇവിടത്തെ കമ്പനികൾക്ക് ഉണ്ടാക്കിക്കൊടുക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

പുറമേനിന്നു ഇറക്കുമതി ചെയ്യുന്ന ബീഡിയുമായ്ട്ടുള്ള മത്സരത്തെക്കുറിച്ച് ബീഡിവ്യവസായികളിൽ നിന്നും യാതൊരു നിവേദനങ്ങളും ലഭിച്ചിട്ടില്ല. നിവേദനങ്ങളെന്തെങ്കിലും ലഭിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് പര്യാലോചിക്കുന്നതാണ്.

പുറമ്പോക്കു ഭൂമികൾ.

* 82. [67] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ 117 മീനമാസത്തിലെ ഒരു പ്രസ്സ്നോട്ടനുസരിച്ച് പുറമ്പോക്കുഭൂമികളും കൈവശംവച്ചു കൃഷിചെയ്യുവാൻ അനുവദിച്ചിട്ടുണ്ടോ ;

(ബി) തങ്ങൾ ഗവണ്മെൻറിന്റെ അനുമതിയോടുകൂടി കൈവശംവച്ചു കൃഷിചെയ്തു നന്നാക്കിത്തീർത്ത ഭൂമി അവരവർക്കുതന്നെ സ്ഥിരം പാട്ടത്തിനു കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ഗവണ്മെൻറ് ആലോചിക്കുമോ ;

(സി) അതുവരെയും അത്തരം ഭൂമികളിൽ നിന്നും ഉള്ള ഒഴിവാക്കൽ നടത്തിവയ്ക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഗവണ്മെൻറ് ഉത്തരവനുസരിച്ച് (G. P. P. 6-16296/117 dated 20-3-42) അനുവദിച്ചിട്ടുള്ളതല്ലാതെ പ്രസ്സ് നോട്ടനുസരിച്ച് അനുവദിച്ചിട്ടില്ല.

(ബി) കൈവശത്തിലിരിക്കുന്ന ഭൂമികളിൽ നിന്നും അങ്ങനെയുള്ളവരെ ഇറക്കിവിടരുതെന്ന് ഉത്തരവുകൾ അയച്ചിട്ടുണ്ട്.

(സി) ഇങ്ങനെ കൈവശം ഇരിക്കുന്ന വസ്തുക്കൾ പൊതുജനാവശ്യത്തിനു തിരിയെ എടുക്കേണ്ടിവരുന്നതുകൊണ്ട് വസ്തു ഒഴിപ്പിക്കൽ നിറുത്തിവയ്ക്കുവാൻ പാടുള്ളതല്ല.

പിന്നാക്കസമുദായക്കാർക്കുവേണ്ടി ഒഴിച്ചിട്ട സ്ഥലങ്ങൾ.

* 83. [71] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായക്കാർക്കു വേണ്ടി ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ പിന്നാക്കസമുദായക്കാർക്കുതന്നെ കുത്തകപ്പാട്ടം പതിച്ചുകൊടുത്തിട്ടുണ്ടോ ;

(ബി) കുന്നത്തൂർ താലൂക്കിൽ എത്ര പിന്നാക്കസമുദായക്കാരുടെ പേരിൽ കുത്തകപ്പാട്ടകേസ്സെടുത്തിട്ടുണ്ട്;

(സി) അതിൽ എത്രപേർക്ക് കുത്തകപ്പട്ടം അനുവദിച്ചു കൊടുത്തു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) പിന്നാക്കസമുദായക്കാർക്കുവേണ്ടി ഒഴിച്ചിടപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ അവരുടെ അപേക്ഷ അനുസരിച്ച് അവർക്കുതന്നെ കുത്തകപ്പാട്ടമായി പതിച്ചുകൊടുത്തുവരികയാണ്.

(ബി) കുന്നത്തൂർ താലൂക്കിൽ 479 പിന്നാക്കസമുദായക്കാരുടെ പേരിൽ കുത്തകപ്പാട്ടകേസ്സെടുത്തിട്ടുണ്ട്.

(സി) അതിൽ 406 പേർക്ക് കുത്തകപ്പാട്ടം അനുവദിച്ചു കൊടുത്തിട്ടുണ്ട്.

UNSTARRED QUESTIONS

Posted for answer on 28-1-1955.

Engineers.

19. [1] **Shri N. G. Chacko:** Will the Minister for Works and Transport be pleased to state whether there is any scheme for taking round the Engineers of Government to the various parts of the Indian Union where construction work is progressing ?

Answer.

There is no such scheme.

Water pumping equipment for Agricultural development.

20. [2] **Shri A. A. D. Luiz:** Will the Minister for Public Works be pleased to state whether petitions from the people at Kadukutty (near Chalakudy) were received by the Executive Engineer, Irrigation, Trichur or the Officer-in-charge, Community Project, Chalakudy, for erecting a water pumping equipment for agricultural development ?

Answer.

An application for Electrical extension and for installing a Pump set at Kadukutty was received by the Project Executive Officer, Kunnathunad-Chalakudy Community Project from the Anglo-Indian Association.

ടിക്കറ്റവില്പനയിൽ ഉള്ള വരവ്.

21. [6] ശ്രീ. കെ. സി. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടുവകുപ്പിൽ നിന്നും ടിക്കറ്റവില്പന വകയിൽ ആഗസ്റ്റ് 25,26,27,28,29,30 ഇയ തീയതികളിൽ വരവ് എന്തു്;

(ബി) അതിൽ സിററി സർവ്വീസ് വകയിൽനിന്നും എത്ര രൂപ ഇയ ദിവസങ്ങളിൽ വരവുണ്ട്?

ഉത്തരം.

		ഗ്രാ.	ണ.	സ.
(എ)	25-8-54	32,977	4	6
	26-8-54	35,868	13	0
	27-8-54	17,022	2	6
	28-8-54	8,530	1	0
	29-8-54	11,813	10	6
	30-8-54	15,036	4	6
(ബി)	25-8-54	2,709	0	6
	26-8-54	2,718	14	6
	27-8-54	1,532	13	0
	28-8-54	943	4	6
	29-8-54	961	10	0
	30-8-54	1,233	8	8

വെട്ടിക്കടവു പാലം പണി.

22. [8] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-ആദ്യത്തിൽ കൂടിയ സെൻട്രൽ വർക്സ് കമ്മിററി സംസ്ഥാനത്തു നിർമ്മിക്കാൻ ശുപാർശ ചെയ്തിരുന്ന പാലങ്ങളുടെ ലിസ്റ്റിൽ വെട്ടിക്കടവുപാലം ഉൾപ്പെടുത്തിയിരുന്നില്ലേ ;

(ബി) പിന്നീട് ആ പാലത്തിന് വക കൊള്ളിക്കാതിരിക്കാൻ കാരണമെന്തു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) വർക്സ് കമ്മിററി അംഗീകരിച്ച ലിസ്റ്റിൽ ടി പാലം പത്തിന്നാലാമതായിരുന്നതുകൊണ്ടു് അതിന് വക കൊള്ളിക്കുവാൻ കഴിഞ്ഞില്ല.

വാഹനനികുതി.

23. [11] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഇപ്പോൾ വാഹനനികുതി നിരക്കെത്ര ;

(ബി) എത്രകാലമായി ഈ നിരക്കു നടപ്പിലാക്കിയിട്ടു്;

(സി) മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ഇവിടത്തെ നികുതി നിരക്കു് വളരെ കൂടുതലല്ലെ ;

(ഡി) എത്ര ബസ്സുകളുടേയും ലോറികളുടേയും നികുതി ഇക്കൊല്ലം അടയ്ക്കാതിരുന്നിട്ടുണ്ടു് ?

ഉത്തരം.

(എ) വെഹിക്കിൾസ് ടാക്സേഷൻ ആക്റ്റപ്രകാരം 20-7-1950-ൽ പുറപ്പെടുവിച്ചിട്ടുള്ള 3-ാം നമ്പർ നോട്ടിഫിക്കേഷന്റെ ഷെഡ്യൂളിലേയ്ക്കു ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(ബി) 17-8-1949 മുതൽ.

(സി) അല്ല.

(ഡി) (1) ബസ്സുകൾ 583

(2) ലോറികൾ 1012

ബസ്സ് ചാർജ്.

24. [13] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സ്ചാർജ് വസൂലാക്കുന്ന കാര്യത്തിൽ, ഏതെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ ;

(ബി) ഈ വ്യവസ്ഥകൾ പാലിക്കുന്ന കാര്യത്തിൽ പല ബസ്സുടമകളും വിമുഖത കാണിക്കുന്നുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) കാണിക്കുന്നതായി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല.

പ്രൈവറ്റുബസ്സുകൾക്കുള്ള പെർമിറ്റുകൾ.

25. [14] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ട്രാൻസ്പോർട്ട് ബോർഡുകളുടെ അധികാരങ്ങൾ എന്തെല്ലാം;

(ബി) പ്രൈവറ്റു ബസ്സുകൾക്ക് ടെമ്പററി പെർമിറ്റുകൾ നേരിട്ടു കൊടുക്കുവാൻ ഗവണ്മെന്റിനധികാരമുണ്ടോ ?

ഉത്തരം.

(എ) Motar Vehicles Act 1939 Chapter IV പ്രകാരം ട്രാൻസ്പോർട്ടുവണ്ടികളുടെ കൺട്രോളും, ഈ ആക്റ്റും റൂൾസുംപ്രകാരമുള്ള മറ്റ് അപ്പീലറ്റ് അധികാരങ്ങളും.

(ബി) ഇല്ല.

റോഡ് ടാറിംഗ്.

26. [15] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിഞ്ഞാലക്കുട ടൗണിലെ റോഡ് ടാറിംഗിനെ സംബന്ധിച്ച് ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയിൽനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെൻറിലേയ്ക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്;

(സി) ഇത്രനാളായിട്ടും അതിൽ ഒരു നടപടിയും എടുത്തു കാണാത്തതിൻെറ കാരണമെന്ത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) 3-6-53-ൽ.

(സി) വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

കൈക്കൂലി.

27. [22] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രി സൂപ്രണ്ട് രജിസ്റ്റർ ചെയ്തിട്ടുള്ള സീനിയാറിറി ക്രമനമ്പർ അവഗണിച്ചുകൊണ്ട് ചില പ്രതിഫലത്തിൻെറ പേരിൽ ക്ഷയരോഗികളെ പ്രവേശിപ്പിക്കുന്നതായി പരാതിയുണ്ടായിട്ടുണ്ടോ;

(ബി) അദ്ദേഹത്തിൻെറ ഉദ്യോഗജീവിതത്തിൽ വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.

(ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. പക്ഷേ അവയെല്ലാം അടിസ്ഥാനരഹിതങ്ങളാണ്.

പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ.

28. [23] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്ക് സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്ന സംഗതിയിൽ ഗവണ്മെൻറിൻെറ നയം എന്താണ്;

(ബി) പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെ തീരുമാനത്തെ സമാദരിച്ച് അവർക്കാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കെടുത്തു കൊടുക്കുന്നതിന് ഗവണ്മെൻറ് തുനിയുമോ;

(സി) തിരുവല്ലാ മുനിസിപ്പാലിറ്റി ഒരു മുനിസിപ്പൽ ബസ്സ് സ്റ്റാൻറ് പണിയിക്കുന്നതിന് ഒരു ഏക്കർ സ്ഥലം പൊന്നുംവിലയ്ക്കെടുത്തു കൊടുക്കണമെന്നു ഗവണ്മെൻറിലേയ്ക്ക് അപേക്ഷിച്ചിട്ടു മൂന്നുവർഷക്കാലമായെങ്കിലും ഇതുവരെയായും അതു് എടുത്തുകൊടുക്കാത്തതു് എന്തുകൊണ്ടാണ്?

ഉത്തരം.

(എ) ഗവണ്മെൻറിന്റെ നയം പൊന്നുംവില ആക്ററിൽ വിവരിച്ചിട്ടുണ്ടു്

(ബി) ഗവണ്മെൻറ് അങ്ങനെ ചെയ്യുന്നുണ്ടു്.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

Ernakulam-Mattancherry Town Service.

29. [24] **Shri M. P. Menon:** Will the Minister for Transport be pleased to state:

(*a*) whether Government contemplate taking up the Ernakulam-Mattancherry Town Service for running State Transport buses;

(*b*) if so from what date onwards;

(*c*) whether any representation has been received from representatives of the workmen now engaged in the private bus lines of this area about their being given employment in the State Transport Department in the event of nationalisation; and

(*d*) if the answer is in the affirmative what action has been taken?

Answer.

(*a*) Yes.

(*b*) The date has not been decided.

(*c*) Yes.

(*d*) The question will be considered at the proper time.

കടത്തുവള്ളങ്ങളും ചങ്ങാടങ്ങളും.

30. [31] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുള്ള ചങ്ങാടങ്ങളുടേയും കടത്തുവള്ളങ്ങളുടേയും കേടുപാടുകൾ പോക്കുന്നതിന് വല്ല തുകയും അനുവദിക്കാറുണ്ടോ?

ഉത്തരം.

അനുവദിക്കാറുണ്ടു്.

ആശുപത്രിയിലേയ്ക്കു് ആവശ്യമുള്ള മരുന്നുകൾ.

31. [32] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മല്ലപ്പള്ളി, ഏഴുമറ്റൂർ ഈ ഡിസ്പെൻസറികളിൽ അത്യാവശ്യമായ മരുന്നുകൾപോലും ഇല്ലാത്തതുമൂലം രോഗികൾ വിഷമിക്കുന്നുണ്ടോ;

(ബി) ടി ആശുപത്രികളിൽ എത്രയുംവേഗം മരുന്നുകൾ എത്തിച്ചുകൊടുക്കാൻ ശ്രദ്ധ പതിപ്പിക്കുമോ?

ഉത്തരം.

(എ) അവിടെ രോഗികൾ വിഷമിക്കുന്നതായി പ്രത്യേകം അറിവൊന്നുമില്ല.

(ബി) ആശുപത്രികളിൽ എത്രയും വേഗം മരുന്നു എത്തിച്ചു കൊടുക്കുന്നതിൽ അമാന്തം കാണിക്കാറില്ല.

ഓതറ ആശുപത്രി.

32. [33] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓതറ ആശുപത്രിയിൽ വല്ല നേഴ്സുകളേയും നിയമിച്ചിട്ടുണ്ടോ ;

(ബി) ഒരു നേഴ്സിനെയും, ഒരു മിഡ്വൈഫിനേയും പ്രസ്തുത ആശുപത്രിയിൽ ഉടനെ നിയമിക്കുന്നതിന് ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഇപ്പോൾ ഒരു മിഡ്വൈഫ് ഉണ്ടു്. ഒരു നേഴ്സിനെ കൂടി നിയമിക്കേണ്ട ആവശ്യമില്ല.

Roads in the Trivandrum City.

33. [34] **Shri T. S. Ramaswami :** Will the Minister for Works and Transport be pleased to State :

(*a*) whether the Government have received any petitions from the Manakattu Yuvajana Seva Samithy regarding urgent necessity of repairing roads in the Trivandrum City for the last two years ;

(*b*) if so, the number of petitions ; and

(*c*) the steps taken by the Government relating to the matters contained in those petitions ?

Answer.

(*a*) Yes.

(*b*) Two.

(*c*) Estimates for the Works are under preparation.

ഇലക്ട്രിക്ക് ലൈൻ നീട്ടൽ.

34. [38] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലഞ്ഞൂർ പഞ്ചായത്തിന്റെ അതിർത്തിയിൽപ്പെട്ട കൂടലിലേയ്ക്ക് ഇലക്ട്രിക്ക് ലൈൻ നീട്ടുന്നതെന്നൊരു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് കൂടലിലേയ്ക്ക് ഇലക്ട്രിക്ക് ലൈൻ നീട്ടിക്കൊടുക്കാൻ നടപടി സ്വീകരിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം.

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ബസ്സ് സർവീസ്.

35. [41] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂരിൽനിന്ന് തൃശ്ശൂക്ക് ഒരു ടൗൺബസ്സ് സർവീസ് വേണമെന്ന് അന്നാട്ടുകാർ ആവലാതി ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉടൻതന്നെ ബസ്സ് സർവീസ് നടപ്പാക്കുവാൻ വേണ്ടതു ചെയ്യുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

Nationalisation of Bus—routes.

36. [43] **Shri P. V. Avira Tharakan** : Will the Minister for Transport be pleased to state :

(*a*) whether any bus-route has been nationalised after this Ministry have taken charge ;

(*b*) did the Government assure at the floor of the Legislative Assembly that the Government would nationalise Ernakulam-Mattancherry and other routes ;

(*c*) if so, what steps the Government have taken in this connection ; and

(*d*) is the Transport Employees' Union against nationalising the routes ?

Answer.

(*a*) No.

(*b*) Yes.

(*c*) Arrangements are being made to run Departmental buses on these routes.

(*d*) No.

Employees of the Royal United Carpet Factory.

37. [44] **Shri P. V. Avira Tharakan**: Will the Minister for Labour be pleased to state :

(*a*) whether any complaint has been received from the Sherthalai Coir Factory Employees' Union regarding the lay off in the Royal United Carpet Factory in the year 1954-55 ; and

(*b*) if so, what steps the Government have taken ?

Answer.

(*a*) No.

(*b*) Does not arise.

ക്ഷയരോഗാശുപത്രിയിലെ പ്രവേശനം.

38. [46] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ 1954 വരെ വെയിററിംഗ് ലിസ്റ്റിൽ എത്ര പേരുണ്ട്;

(ബി) മുൻഗണനയനുസരിച്ച് രോഗികൾക്ക് പ്രവേശനം ലഭിക്കുന്നില്ലെന്ന് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) 1360.

(ബി) ഇല്ല.

Thottabhagam-Mallappally Road

39. [47] **Shri M. M. Mathai**: Will the Minister for Works be pleased to state:

(*a*) whether the Government have received any representation from the public to raise the low and worst portions of the Thottabhagam-Mallappally Road in Thiruvella Sub-Division;

(*b*) if so, what action has been taken on it;

(*c*) will the Government be pleased to implement this, this year or at least next year?

Answer.

(*a*) Yes.

(*b*) The work has been approved by the Taluk Works Committee.

(*c*) The work will be taken up when it is included in the priority list to be approved by the Central Works Committee and funds provided.

പടിഞ്ഞാറെക്കല്ലട ആറുവരമ്പ്.

40. [49] ശ്രീ. കെ. എസ്സ്. കൃഷ്ണൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യ ിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കല്ലട ആറിൽ പടിഞ്ഞാറെക്കല്ലട ആറുവരമ്പ് കാൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

എക്സ്റേ.

41. [52] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴഞ്ചേരി ആശുപത്രിയിൽ ഒരു എക്സ്റേ സ്ഥാപിക്കണമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ട് എങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ ജോലി ഉൾപ്പെടുത്തണമെന്ന് ഉദ്ദേശിച്ചിട്ടുണ്ട്.

ക്ഷയരോഗാശുപത്രികൾ.

42. [53] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്ത് എത്ര ക്ഷയരോഗ ആശുപത്രികളുണ്ട്;

(ബി) ഏതെല്ലാം;

(സി) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ എത്ര രോഗികളെ അഡ്മിറ്റ് ചെയ്യാം;

(ഡി) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ രോഗികളായ ചിലർ കമ്മ്യൂണിസ്റ്റ് പ്രവർത്തനം നടത്തുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) രോഗം സുഖം പ്രാപിക്കുന്ന ആളുകൾ കമ്മ്യൂണിസ്റ്റുകളുടെ പ്രവർത്തനംമൂലം ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജ് ചെയ്യാതെ പോകാതെ ഇരിക്കുന്നുവെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) രണ്ട്.

(ബി) നാഗർകോവിലിലും, മുളംകുന്നത്തുകാവിലും.

(സി) 237.

(ഡി) അറിവില്ല.

(ഇ) ഉണ്ട്.

ചങ്ങനാശ്ശേരി ഗവണ്മെൻറ് ഡിസ്പെൻസറി.

43. [56] ശ്രീ. എൻ. പരമേശ്വരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ഗവണ്മെൻറ് സിസ്പെൻസറിയിൽ എത്ര ഡാക്ടർമാരുണ്ട്; ലേഡി ഡാക്ടർ ഉണ്ടോ;

(ബി) ഒരു ലേഡീഡാക്ടരേയും, രണ്ടു മെയിൽ ഡാക്ടർമാരേയും അവിടെ സ്ഥിരമായി നിയമിക്കുവാൻ ഏർപ്പാടു ചെയ്യുമോ;

(സി) ചങ്ങനാശ്ശേരി ആശുപത്രിയിൽ ഉപകരണങ്ങളും, സ്ഥലവും, ഡാക്ടർമാരും അപര്യാപ്തമാണെന്ന് നിവേദനം കിട്ടിയിട്ടുണ്ടോ,

(ഡി) അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ചങ്ങനാശ്ശേരിയിലുള്ളത് ഡിസ്പെൻസറിയല്ല, ആശുപത്രിയാണ്. അവിടെ ഒരു ലേഡീഡാക്ടരുൾപ്പെടെ മൂന്നു ഡാക്ടർമാരുണ്ട്.

(ബി) ഇപ്പോൾ തന്നെ ഒരു ലേഡീഡാക്ടരും, രണ്ട് മെയിൽ ഡാക്ടർമാരും ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

[Question Nos. 44 & 45 omitted]

ആയുർവേദാശുപത്രികളും ഡിസ്പെൻസറികളും.

46. [57] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ആകെ എത്ര ഗവണ്മെൻറ് ആയുർവേദാശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയുണ്ട്;

(ബി) ഒടുകര ഗവണ്മെൻറ് ആയുർവേദാശുപത്രിയിൽ എത്ര കട്ടിലുകൾ ഉണ്ട്;

(സി) ആയുർവേദാശുപത്രികളിൽ പിഴിച്ചിൽ, ഉഴിച്ചിൽ, ധാര തുടങ്ങിയവ ആവശ്യമായവർക്ക് സൗജന്യച്ചെലവിൽ നടത്തിക്കൊടുക്കുവാൻ ഏർപ്പാടുകളില്ലേ?

ഉത്തരം.

(എ) 9 ആശുപത്രികളും, 46 ജനറൽ ഡിസ്പെൻസറികളും, ഏഴ് വിഷവൈദ്യഡിസ്പെൻസറികളും ഉണ്ട്.

(ബി) പത്തു കട്ടിലുകൾ.

(സി) പിഴിച്ചിൽ, ഉഴിച്ചിൽ, ധാര എന്നിവ ആവശ്യമുള്ള സാധുരോഗികൾക്ക് സൗജന്യമായിത്തന്നെ ചെയ്തുകൊടുക്കുന്നുണ്ട്. അപ്രകാരമുള്ള ചികിത്സകൾ സ്വന്തം ചിലവിൽ നടത്തുന്നതിന് ത്രാണിയുള്ളവരല്ലെന്ന് സർട്ടിഫൈ ചെയ്യേണ്ടതുമാണ്.

UNSTARRFD QUESTIONS.

(Posted for answer on 29-1-55)

Bhopal State Bonds.

47. [10] **Shri. K. C. George:** Will the Minister for Finance be pleased to state:

(*a*) is it a fact that Rs. 30 lakhs worth of Bhopal State Bond was purchased by Shri C. P. Ramaswamy Iyer as Dewan of Travancore;

(*b*) whether that amount was written off by the Congress Government; if so, why?

Answer.

(*a*) Bhopal Bonds worth Rs. 50 lakhs were subscribed for by the former Government of Travancore at the time of its floatation in 1946.

(*b*) No.

കക്കാ.

48. [11] ശ്രീ. കെ. സി. ജോർജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിലെ കക്കാനിക്ഷേപത്തെപ്പററി ഗവണ്മെൻറ് വല്ല സർവ്വേയും നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ ഫലം എന്താണ്;

(സി) തിരുവിതാംകൂർ സിമൻറുകമ്പനി പ്രതിവർഷം എത്ര ടൺ കക്കാ എടുക്കുന്നുണ്ട്;

(ഡി) ഇതിനെ നിയന്ത്രിക്കുന്നതിന് ഗവണ്മെൻറ് വല്ല നിയമവും ഉണ്ടാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) 1940-ൽ ഗവണ്മെൻറിൻെറ നിർദ്ദേശപ്രകാരം Associated Cements കമ്പനി യുടെ പ്രധാന ഭൂഗർഭശാസ്ത്രജ്ഞനായ മിസ്റ്റർ ബനാറ് വേമ്പനാട്ടുകായലിലെ കക്കാനിക്ഷേപത്തെക്കുറിച്ച് ഒരു സർവ്വെ നടത്തിയിട്ടുണ്ട്.

(ബി) ഇതനുസരിച്ച് പ്രസ്തുതലക്ഷം ടൺ കക്കാ വേമ്പനാട്ടുകായലിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈയിടയ്ക്ക് തിരുവിതാംകൂർ

സിമൻറ് കമ്പനിക്കാർ വേമ്പനാട്ടുകായലിൽ അവക്ക് അനുവദിച്ചിട്ടുള്ള ഭാഗങ്ങളിൽ നടത്തിയ സർവ്വേപ്രകാരം 44 ലക്ഷം ടൺ കക്കാ ഉള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രതിവർഷം ശരാശരി അൻപതിനായിരം ടൺ കക്കാ തിരുവിതാംകൂർ സിമൻറുകമ്പനി ശേഖരിക്കുന്നുണ്ട്.

(ഡി) കമ്പനി ശേഖരിക്കുന്ന കക്കാ സിമൻറ് നിർമ്മാണമൊഴികെ മററു യാതൊരു ആവശ്യത്തിനും ഉപയോഗിച്ചുകൂടെന്നും നിവൃത്തിയുള്ളിടത്തോളം ജീവനുള്ള കക്കാ ശേഖരിക്കരുതെന്നും നിബന്ധന ഉണ്ട്.

ചന്ദ്രിക കപ്പലിൻെറ വില.

49. [12] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യം പിടിക്കുന്നതിനായി ഗവണ്മെൻറ് വാങ്ങിയ ചന്ദ്രിക കപ്പലിൻെറ വില എന്ത്;

(ബി) അതു് വിലയ്ക്കു വിററു എന്നുള്ള വാർത്ത ശരിയാണോ ?

(സി) ആണെങ്കിൽ ആർക്ക്; എന്ത വിലയ്ക്ക് ?

ഉത്തരം.

(എ) 32,500 രൂപാ.

(ബി) ശരിയാണ്.

(സി) മദ്രാസിലുള്ള M/S മസ്ക്കഫാ ആൻറ് കോ എന്ന സ്ഥാപനത്തിന് 8150 രൂപയ്ക്കു വിററു.

കുത്തകപ്പാട്ടംഭൂമി.

50. [14] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുത്തകപ്പാട്ടംവ്യവസ്ഥയിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം എത്ര;

(ബി) ഈ ഭൂമിയിൽനിന്ന് കുടിശ്ശികഇനത്തിൽ ഗവണ്മെൻറ് ഇപ്പോൾ ഡിമാൻറ് ചെയ്തിട്ടുള്ള തുക എത്ര;

(സി) അതു് പിരിഞ്ഞുകിട്ടുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു ?

ഉത്തരം.

(എ) 50,160 ഏക്കർ, 61.444 സെൻറ്.

(ബി) 3,14,875 രൂപാ 5 അണ 6 പൈസ.

(സി) കുടിശ്ശിക പിരിക്കുന്നതിന് റവന്യൂ റിക്കവറി ആക്ററ് പ്രകാരമുള്ള നടപടികൾ നടത്തിവരികയാണ്.

കയർബോർഡ്.

51. [21] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർബോർഡ് സംഘടിപ്പിച്ചത് കേന്ദ്രഗവണ്മെന്റോ സംസ്ഥാനഗവണ്മെന്റോ;

(ബി) കയർതൊഴിലാളികളിൽ ഒരു ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതിക്കാരെ പ്രതിനിധീകരിച്ച് പട്ടികജാതിയിൽനിന്ന് ആരെയെങ്കിലും കയർബോർഡിൽ നാമിനേറ്റ് ചെയ്തിട്ടുണ്ടോ;

(സി) ഇതേപ്പററി വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ ?

ഉത്തരം.

(എ) കേന്ദ്രഗവണ്മെൻറ്.

(ബി) ഇല്ല. കയർബോർഡിൽ പ്രത്യേക ജാതിക്കാർക്ക് പ്രാതിനിധ്യം കൊടുക്കുന്നതിന് കയർ ഇൻഡസ്ട്രിഅക്ററിൽ നിർദ്ദേശിച്ചിട്ടില്ല.

(സി) പരാതി ലഭിച്ചതായി കാണുന്നില്ല.

Industrial Concerns.

52. [22] **Shri M. P. Menon:** Will the Minister for Finance be pleased to state:

(*a*) what is the total value of Government investments by way of shares in the various industrial concerns working in the State;

(*b*) what is the total amount of loan given to various private companies for purposes of industrial expansion;

(*c*) what is the total amount of loan so far given to the Sri Chitra Mills, Alwaye;

(*d*) what is the machinery that checks up whether these loans are being utilised for the purposes for which they are granted?

Answer.

(*a*) Rs. 4,01,49,603—11—8.

(*b*) Rs. 1,97,20,364— 0—0.

(*c*) No loan has been given.

(*d*) All the Government sponsored Industrial concerns are having a Government nominee as one of the members of the Board of the concern to safeguard Government interests.

Forest Area.

53. [23] **Shri K. M. George:** Will the Minister for Forests be pleased to state:

(*a*) whether Government propose to continue the lease of Forest area given under the G. M. F. lease;

(b) is it a fact that some of the lessees have been in possession of more area than they were allotted?

(c) do Government propose to evict them and lease it out to landless people?

Answer.

(a) The areas given for cultivation under the G. M. F. Scheme have been classified as revertible and non-revertible. The revertible areas have been ordered to be resumed by the end of 1954 and the non-revertible areas will be surveyed and excluded from the Reserve for being handed over to the Revenue Department for future management.

(b) Since the allotments were made without survey and demarcation in order to begin immediate cultivation, there are instances of some of the lessees possessing greater extent than they wereallotted.

(c) The occupant of revertible areas will be evicted and re-allotment of the non-revertible areas will be made giving special reference to the resident landless agriculturists.

രാജകീയവൃക്ഷങ്ങൾ.

54. [24] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേരിയമംഗലം, കോതമംഗലം റെയിഞ്ചുകളിൽ രാജകീയവൃക്ഷങ്ങൾ വെട്ടിമാററാൻ എത്ര തവണ കാലാവധി നീട്ടിക്കൊടുത്തു ;

(ബി) ഇതിലേക്ക് ഇനിയും അവസാന തീയതി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) മററു പ്രദേശങ്ങൾ, വിളംബരംമൂലം വളരെ മുമ്പെ ഇതിൽ നിന്നും ഒഴിവാക്കപ്പെട്ടതല്ലേ ?

ഉത്തരം.

(എ) നാലു പ്രാവശ്യം കാലാവധി നീട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്. 1955 ജൂൺമാസം അവസാനംവരെ.

(സി) ഒന്നും രണ്ടും ബ്ലാക്കുകളിലെ രാജകീയവൃക്ഷങ്ങളിന്മേലുള്ള അവകാശം നേരത്തെ വിട്ടുകൊടുത്തിട്ടുള്ളതാകുന്നു. എന്നാൽ 3-ാംനമ്പർ ബ്ലാക്കിലെ ഒരു ഭാഗവും ഒഴിവാക്കിയിട്ടില്ല.

ഈസ്റ്റ് കോവാപ്പറേററീവ് ബാങ്ക്.

55. [28] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപേരൂർ സ്ഥാപിച്ചിട്ടുള്ള തിരുവല്ലാ ഈസ്റ്റ് കോവാപ്പറേററീവ് ബാങ്കിന് എന്തെങ്കിലും ധനസഹായം ഗവണ്മെൻറ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു ധനസഹായമാണ് ;

ഉത്തരം.

(എ) തിരുവല്ലാ ഈസ്റ്റ് കോവാപ്പറേററീവ് ബാങ്കിന് ഗവണ്മെൻറ് ധനസഹായം ചെയ്തിട്ടുണ്ട്.

(ബി) 1000 (ആയിരം) രൂപാ പുനരുദ്ധാരണ ഗ്രാൻറായി 1953-54-ൽ കൊടുത്തിട്ടുണ്ട്.

Agricultural Incometax.

56 [29] **Shri P. V. Avira Tharakan:** Will the Minister for Finance be pleased to state :

(*a*) the total amount collected as agricultural incometax in 1953-54; and

(*b*) the amount collected from Individuals, Companies, Trusts, Hindu Religious institutions, Catholic churches, Monasteries etc. and other Christian churches ?

Answer.

(*a*) Rs. 89,24,844

(*b*) Individuals. Rs.25,36,138
Companies ,, 63,05,214
Trustees ,, 64,391
Hindu Religious institutions. Nil
Catholic churches. Nil
Monasteries ,, Nil
Other Christian churches ,, Nil

Industrial Housing Scheme

57. [31] **Shri Prakkulam Bhasi:** Will the Minister for Finance be pleased to state:

(*a*) Whether the Central Government have sanctioned a loan of Rs. 10 lakhs to this State for the implementation of Industrial Housing Scheme in February 1952;

(*b*) If so what was the term of this loan ?

Answer.

(*a*) This Government obtained a loan of Rs. 10 lakhs from the Central Government for the implementation of the Industrial Housing Scheme for 1951-52. But the loan was refunded as it was found that the scheme could not be implemented in the State.

(*b*) The loan was repayable in equated annual instalments within 25 years.

മാലിപ്പുറം ഉപ്പുഡിപ്പോ കെട്ടിടങ്ങൾ.

58. [33] ശ്രീ. കെ. സി. എബ്രഹാം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായി കിടക്കുന്ന മാലിപ്പുറം ഉപ്പുഡിപ്പോ കെട്ടിടങ്ങൾ ജീർണ്ണിച്ച് നശിച്ചുപോകുന്നു എന്ന വിവരം ഗവണ്മെൻറിന് അറിവുണ്ടോ ;

(ബി) ആ കെട്ടിടങ്ങളെ തൊഴിൽശാലയായി രൂപാന്തരപ്പെടുത്തുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) അല്ലാത്തപക്ഷം തൊഴിൽശാല സ്ഥാപിക്കുന്നതിന് ആരെങ്കിലും ആ കെട്ടിടങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവക്ക് കൊടുക്കുന്നതിന് ഗവണ്മെൻറിന് വല്ല വിരോധവുമുണ്ടോ ?

ഉത്തരം.

(എ) അറിവില്ലാട്ടിട്ടുണ്ട്.

(ബി) (സി) ഇവ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ഭൂമി പതിപ്പ്.

59. [34] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാലിപ്പുറത്തുള്ള കടൽവയ്പ്പ് ഭൂമികളിൽ കുടികയറിയിട്ടുള്ളവരിൽ, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് അവർ കൈവശം എടുത്തിട്ടുള്ള സ്ഥലങ്ങൾ പതിച്ചു കൊടുക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

മാലിപ്പുറത്തുള്ള കടൽവയ്പ്പ് ഭൂമിയിൽ ഇപ്പോൾ തന്നെ 430-ൽ കൂടുതൽ ആളുകൾ അനധികൃതമായി കയ്യേറിയിട്ടുണ്ട്. ഇവരിൽ സാധുക്കളായുള്ളവർക്ക് കുടികിടപ്പിന്നാവശ്യമായ സ്ഥലങ്ങൾ കൊടുക്കുന്നതിലേക്ക് ഗവണ്മെൻറിൽനിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവരിൽ സ്വന്തമായി ഭൂമിയില്ലാത്തവരുടെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

Import of Copra.

60. [38] **Shri P. V. Avira Tharakan** : Will the Minister for Finance be pleased to state :

(*a*) whether the Government made any recommendation to stop the import of copra from foreign countries ;

(*b*) if so, what is the reason the Union Government have granted the import of copra ; and

(*c*) do this Government propose to make representation to the Union Government to safeguard the interests of coconut growers by banning the import of copra from outside ?

Answer.

(*a*) This Government have not made any recommendation to the Government of India as the matter is already under the consideration of that Government.

(*b*) & (*c*) These questions do not arise in view of the answer to (*a*).

മൃഗാശുപത്രി.

61. [44] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കീക്കൊഴൂർ കരയിൽ ഒരു മൃഗാശുപത്രി വേണമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി എടുത്തിട്ടുണ്ട് ;

(സി) അവിടെ ഒരു മൃഗാശുപത്രി സ്ഥാപിക്കുമോ ?

ഉത്തരം.

(എ) ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഇതിനെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തി.

(സി) പുതിയ മൃഗാശുപത്രികൾ അനുവദിക്കുമ്പോൾ ഇക്കാര്യം കൂടി പരിഗണിക്കുന്നതാണ്.

വായനശാലയ്ക്കു സ്ഥലം.

62. [45] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പത്തനംതിട്ട താലൂക്കിൽ ചേർന്നീക്കര വായനശാലയുടെ ആവശ്യത്തിനു കുറെ പുറംപോക്കു സ്ഥലം പതിച്ചു കൊടുക്കണമെന്നു കാണിച്ച് പ്രസ്തുത വായനശാലാപ്രവർത്തകരിൽനിന്നു വല്ല നിവേദനവും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി എടുത്തിട്ടുണ്ട് ;

(സി) പ്രസ്തുത വായനശാലക്കു ടി അപേക്ഷ അനുസരിച്ച് പുറംപോക്കു സ്ഥലം പതിച്ചു കൊടുക്കുമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അതേപ്പററി അന്വേഷണം നടത്തിയതിൽ വായനശാല ആവശ്യപ്പെട്ട സ്ഥലം വിട്ടുകൊടുക്കുവാൻ നിർവാഹമില്ലെന്നു കണ്ടു അപേക്ഷ നിരസിച്ചു. ഈ തീരുമാനം പുനഃപരിശോധന ചെയ്യുന്നതിലേക്ക് സ്ഥലനിവാസികളുടെ ഒരു ഹർജി ലഭിച്ചിട്ടുള്ളതു് ഇപ്പോൾ പരിഗണനയിൽ ഇരിക്കുകയാണ്.

(സി) ഇതേപ്പററി ഖണ്ഡിതമായി ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

Harijan Students—I. T. C. Section.

63. [47] **Shri Thalekkara K. Krishnan :** Will the Minitesr for Education be pleased to state: have the Harijan Students studying in the I. T. C. Section in M. T. I., Trichur, been given their stipends and other concessions for this academic year ?

Answer.

The stipends due to the Harijan students studying in M. T. I. Trichur, for this academic year has not been paid since the stipend bills for the students have not been received from the Principal of the Institute.

ADJOURNMENT MOTIONS.

Mr. Speaker; Order, order. I will dispose of the adjournment motions.

ആദ്യത്തെ പ്രമേയം ശ്രീ. ആർ. പ്രകാശവും, ശ്രീ. മജീദും കൂടി അയച്ചിട്ടുള്ളതാണ്. "കയർമിനിമംവേജസ് നടപ്പിലാക്കിക്കൊണ്ടുള്ള ഗവണ്മെൻറുത്തരവ് പുറപ്പെടുവിച്ചിട്ടും അതനുസരിച്ചുള്ള കൂലിനിരക്ക് കൊടുക്കുവാൻ കയർ ഉൽപ്പാദകർ കൂട്ടാക്കാത്തതിനെ തുടർന്ന് കയർവ്യവസായ കേന്ദ്രങ്ങളിൽ നിലവിലുണ്ടായിരിക്കുന്ന തൊഴിൽത്തർക്കങ്ങളും നിർബ്ബന്ധിത തൊഴിലില്ലായ്മയും തൻമൂലമുളവായിട്ടുള്ള രാജ്യവ്യാപകമായ അരക്ഷിതാവസ്ഥയും ഗുരുതരമായിക്കൊണ്ടിരിക്കുന്നതിനെപ്പററി ചർച്ച ചെയ്യാൻ സഭാനടപടി നിർത്തിവക്കേണ്ടതാണ്.

1954 ഡിസംബർ ഒന്നാം തീയതിമുതൽ കയർമിനിമംവേജസ് നൽകണമെന്നുള്ള ഗവണ്മെൻറുത്തരവുണ്ടായിട്ടും ഇന്നോളം കയർഉൽപ്പാദകർ എന്നുമാത്രമല്ല ഒരു വിഭാഗം ഉൽപ്പാദകർ ഉൽപ്പാദനംതന്നെ നിർത്തിവച്ചിരിക്കുകയാണ്. ഈ നില ഇന്നും കയർ കേന്ദ്രങ്ങളിൽ തുടർന്നുവരുന്നു. തൻമൂലം ലക്ഷക്കണക്കിനുള്ള കയർതൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മയും പട്ടിണിയും അസ്വസ്ഥതയും രൂക്ഷമായിത്തീർന്നിരിക്കുകയാണ്. ഈ നില ഉടൻതന്നെ പരിഹരിച്ചില്ലെങ്കിൽ കൂടുതൽ ഗുരുതരമായ സ്ഥിതിഗതികൾ സംജാതമാകുന്നതാണ്. ഇക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നത്."

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു): സർ, കയർതൊഴിലാളികൾക്ക് കുറഞ്ഞകൂലി നിശ്ചയിച്ചിട്ടുണ്ടായിരുന്നതനുസരിച്ചുള്ള കൂലിനിരക്ക് തുടർന്നുകൊണ്ടുപോകുന്നപക്ഷം തൊഴിൽ നടത്തുന്നതിന് വൈഷമ്യമുണ്ടെന്നും കൂലിനിരക്ക് കൂടുന്നതനുസരിച്ച് കയറിന് വിലകൂടാതിരിക്കുന്നതുകൊണ്ടും നിശ്ചയിച്ചിട്ടുള്ള കൂലി തൊഴിലാളികൾക്കുകൊടുക്കാൻ പ്രയാസമാണെന്ന് കണ്ട് കൂലി കുറയ്ക്കാൻ ചില മുതലാളിമാർ ശ്രമിച്ചു എന്നുള്ളതു ശരിയാണ്. ഈ കുഴപ്പം പരിഹരിക്കുന്നതിനുവേണ്ടി എന്താണു ചെയ്യേണ്ടതെന്നുള്ളതിനെപ്പററി ഗവണ്മെൻറാലോചിക്കുകയും തൊഴിലാളികളുടേയും മുതലാളിമാരുടെയും പ്രതിനിധികളെ വിളിച്ചുകൂട്ടി ഒരു കാൻഫറൻസ് കൂടുകയും ശരിയായവിധത്തിൽ വ്യവസായം തുടർന്നുകൊണ്ടുപോകുന്നതിന് വേണ്ട കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഒരു കമ്മിററിയെ നിയമിക്കുകയും ചെയ്തു. ഈ വിധത്തിൽ ഗവണ്മെൻറ് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അടിയന്തിരവും അവശ്യവുമായ നടപടികൾ കൈക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ട കൂലി കിട്ടാതിരിക്കുന്നതിനു

വേണ്ടി മുതലാളിമാർ ചെയ്യുന്ന നീതിരഹിതമായ ഏതൊരു സംരംഭത്തെയും ഗവണ്മെൻറ് അനുകൂലിക്കുകയില്ല എന്നുള്ളതു ഗവണ്മെൻറിന്റെ ഇന്നത്തെ നയങ്ങളിൽ ഒന്നാണ്. അതുകൊണ്ട് ഈ അടിയന്തരപ്രമേയത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഗവണ്മെൻറ് ഇതിലേയ്ക്കു വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ഈ പ്രമേയം ഇവിടെ ചർച്ചചെയ്യുന്നതെന്നില്ല.

Mr. Speaker : I am rejecting the adjournment motion in the light of the statement made by the Minister.

The next adjournment motion is from Shri P. R. Madhavan Pillai "The grave and serious threat to the life and peace of the people of the areas under the jurisdiction of Messrs. Rishikesan Nair and Venugopalan, S. I., Chavara and Circle Inspector, Kottayam respectively arising out of wanton police excesses."

There is a similar motion given notice of by Shri N. Raghava Kurup—"The grave and serious threat to the life and peace of the people of the areas under the jurisdiction of Mr. Venugopalan,Circle Inspector of Police, Kottayam, arising out of wanton police excesses." The Statement given is as follows:—"The arrest and illtreatment of Shri M. Thomas, advocate, Kottayam, at the Kasba Police Station on 25-12-1954 at the hands of the Circle Inspector of Police, Kottayam, the lathi charge on a peaceful procession consisting of more than ten thousand people at Kottayam on 14-1-1955 and the lltreatment and misbehaviour towards Com. P. T. Punnoose M. P. and N. Raghava Kurup, M. L. A. who went to the spot to enquire into the incident of lathi charge are only a few of the many atrocities perpetrated by the police under the leadership of the Circle Inspector, Kottayam. It has become a serious and grave threat to peaceful existence for the people at and near about Kottayam."

The adjournment motion given notice of by Shri K. A. Sivarama Bharathy is as follows:- "that the business of this House be adjourned to discuss a definite matter of urgent public importance, *viz.* the arrests and the continuing high-handed action of the Police against innocent workers and their families after the 16th of January." Statement is as follows:—"On the 16th January night Shri Krishnan and some others are alleged to have been attacked by unknown persons. Following the incident Police terror has been let loose on the workers of the Nelliampathi Estate. 20 workers have been arrested. Police enter the Estate workers' lines, force open houses, molest and beat innocent women and Children. Hundreds of innocent men have already fled from the estate for fear of Police torture."

I will now call upon the Chief Minister to explain, the fact.

Chief Minister **(Shri A. Thanu Pillai)**: Sir, These matters have been brought to the notice of the Government. I can assure the House that Government are very much interested in seeing that in the maintenance of peace and order, the police behave in such a way that there will be no legitimate ground for

[Shri A. Thanu Pillai]

complaint. Sir, you know, the House also knows, that Government have already taken steps to improve the conditions of service of the Police. Government have in view in doing so the enforcement of right behaviour on the part of the Police as well. I can assure the House that Government are not at all interested in any way sheltering the Police against the legitimate complaints of the public. These matters that have come here in the various adjournment motions are now being enquired into. I can assure the House that Government will see to it, that while improving the conditions of service, as I said, of the Police, constabulary and the officers, Government will take all possible steps to stamp out conditions in which there will be legitimate ground for complaint. Proper steps will certainly be taken to bring to book any officer who is found to be at fault. The House will be aware, I hope, that certain allegations of this kind have already been enquired into under orders of Government, and some reports have been already received. There has been very little time to look into those matters. I hope that this statement of mine will satisfy all sections of this House. While everybody can legitimately expect the necessary lawful protection from the Police, they can also expect that Government will not spare any pains to see that the police are not allowed to give any room for legitimate complaints. I hope, Sir, that this statement will satisfy the House. I don't think it is necessary to go into every incident in detail. All these allegations are under enquiry now. I hope hon. Members who have given notice of these motions will consider this situation and will find it unnecessary to move these motions.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ ആരോപണത്തിന്റെ വിഷയമായ ഉദ്യോഗസ്ഥനെ സസ്പെൻഡു ചെയ്തുകൊണ്ട് അന്വേഷണം നടത്തിക്കൂടേ ?

ശ്രീ. എ. താണുപിള്ള : അതിനെപ്പററിയുള്ള എൻക്വയറി നടന്നുവരുന്നുണ്ട്. I think it would be fair and proper that such details are left to Government.

ശ്രീ. ടി. പി. സീതാരാമൻ : സർ, നെല്ലിയാമ്പതിയിൽ നടന്ന സംഭവത്തിൽ ഈ സഭയിലെ ഒരു മെംബർ ആയ ശ്രീ. പി. ആർ. കൃഷ്ണനും ഉൾപ്പെട്ടിട്ടുണ്ട്. അവിടെ നടന്ന മർദ്ദനത്തിന്റെ വിഷയമായി അദ്ദേഹം ഇപ്പോൾ ആശുപത്രിയിൽ കിടക്കുകയാണ്. അവിടത്തെ റിക്കേഴ്സിന്റെ ന്യായമായിട്ടുള്ള അവകാശങ്ങളെ സേഫ്ഗാർഡ് ചെയ്യുന്നതിനുവേണ്ടി അവിടത്തെ.....

ശ്രീ. ആർ. പ്രകാശം : സർ, ഇപ്രകാരം ഒരു പ്രസംഗം ചെയ്യുന്നതിന്റെ ഈ സമയം ഉപയോഗിക്കാമോ എന്നു അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: He is just placing some facts for the information of Government regarding an incident which took place.

ശ്രീ. ടി. പി. സീതാരാമൻ : നിയമസഭയിലെ ഒരു അംഗത്തിനും കൂടി ഉപദ്രവം നേരിട്ട ഈ സംഗതിയിൽ പോലീസ് ശരിയായി നടപടി

നടത്തുന്നില്ല എന്നു പറയുന്നുണ്ട്. ഇതു സംബന്ധമായി ഇന്നു മുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രസ്താവന വളരെ ശ്രദ്ധേയമാണ്. എന്നാൽ ഇവിടെ നടപടി നടത്തുന്ന കാര്യത്തിൽ വളരെ അമാന്തത്തോടെ ഉണ്ടെന്നുള്ള സംഗതി അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുമെന്ന് ആഗ്രഹിക്കുന്നു. അതിനാൽ പോലീസിൽത്തന്നെ ഡി. എസ്. പി. ക്കോ മറ്റോ വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് ഇതിലേയ്ക്കു വളരെ ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. കെ. എ. ശ്രീധരാമഭാരതി : സർ, നെല്ലിയാമ്പതി സംഭവത്തെക്കുറിച്ചു പോലീസ് യാതൊരു നടപടിയും ഇതേവരെ നടത്തിയിട്ടില്ല. ഇത്ര പ്രധാനപ്പെട്ട.....

Shri T. P. Sitaraman : On a point of order. We don't hear what the hon. Member says. There is some defect in the mike arrangement.

Mr. Speaker : If hon. Members will speak up, I am sure all of us will hear.

Shri T. P. Sitaraman : I request that the arrangement may be made more efficient. We don't hear what the other party says.

ശ്രീ. കെ. എ. ശ്രീധരാമഭാരതി: സർ, ഇവിടെ പോലീസ് മർദ്ദനം വളരെ അധികം നടക്കുന്നുണ്ടെന്നുള്ളതിനു തന്നെയാണ് എന്റെ ഈ ഉപക്ഷേപം. അവിടെ മി. കൃഷ്ണനെ മർദ്ദിച്ചു എന്നുള്ളതും ശരിയാണ്. 16-ാം തീയതി അവിടെ പോലീസും തൊഴിലാളികളും തമ്മിൽ ചില കശപിശകൾ ഉണ്ടായി. അതിൽ പോലീസ് അങ്ങേ അറത്തെ മർദ്ദനപരിപാടികളാണ് അവിടെ നടത്തിയിട്ടുള്ളതു്. കാട്ടിന്റെ നാനാഭാഗത്തും ഓടിക്കളിച്ചു .....

ശ്രീ. പി. കെ. യശോധരൻ : സർ, ഒരു പോയിന്റ് ആഫ് ആർഡർ. ഇങ്ങനെ ഈ ചർച്ച തുടർന്നുകൊണ്ടുപോയാൽ പല മെംബറന്മാർക്കും സംസാരിക്കാൻ സാധ്യമല്ലാതെ വരികയില്ലേ?

Mr. Speaker : I am not going to allow any such discussion. Now, the facts have been gathered. Government have also assured that necessary steps will be taken in the matter. So in the light of the reply of the Chief Minister, I am rejecting all the adjournment motions in connection with police excesses.

അടുത്ത പ്രമേയം ശ്രീ. സി. ജെ. സദാശിവന്റേതാണ്.

"ഇനയബില്ലുകൾ പ്രസിദ്ധീകരിച്ചതോടുകൂടി ഭൂവുടമകൾ രാജ്യമെമ്പാടും നടത്തിവരുന്ന ഒഴിപ്പിക്കലുകളും കുടിയിറക്കലുകളും നിമിത്തം ഉണ്ടായിരിക്കുന്ന ഗുരുതരവും അടിയന്തിരപ്രാധാന്യമർഹിക്കുന്നതുമായ സ്ഥിതിഗതികളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനുവേണ്ടി സമാനടപടികൾ നിറുത്തിവയ്ക്കണമെന്നു താല്പര്യപ്പെടുന്നു."

പ്രമേയത്തോടൊന്നിച്ച് അയച്ചിട്ടുള്ള സ്റ്റേറ്റുമെന്റ് ഇപ്രകാരമാണ്: "തിരുവിതാംകൂർ കൊച്ചിയുടെ നാനാഭാഗത്തും ഇന്നു വസ്തുഒഴിപ്പിക്കലു

[മി. സ്പീക്കർ]

കളും കുടിയിറക്കലുകളും ഒരു സാർവ്വത്രികസംഭവമായി തീർന്നിട്ടുണ്ട്. കുടി ഒഴിപ്പിക്കൽ നിരോധനനിയമം നിലവിലിരിക്കേ മററു പല കൃത്രിമ മാർഗ്ഗങ്ങളിലും കൂടിയാണ് ഈ ഒഴിപ്പിക്കൽ നടപടികൾ ഭൂവുടമകൾ സ്വീകരിച്ചുവരുന്നത്. പോലീസിനേയും ഗുണ്ടാകളേയും ഭൂവുടമസ്ഥന്മാർ പരസ്യമായി ഒഴിപ്പിക്കലുകൾക്കുവേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷപാതപരമായി പോലീസ് ജന്മികളുടേയും ഭൂ ഉടമസ്ഥന്മാരുടേയും ഭാഗത്തു ചേർന്നുനിന്നുകൊണ്ടു കുടിക്കിടപ്പുകാർക്കും കുടിയാന്മാർക്കും അങ്ങേ അററത്തെ സൈ്വരക്കേടു സൃഷ്ടിച്ചുകൊണ്ടിരിക്കയാണ്. ഓരോ പ്രത്യേക സംഭവത്തിന്മേലും പോലീസിൻെറ പക്ഷപാതപരമായ പെരുമാററവും പരസ്യമായ സഹായത്തേയും തടയാൻ അധികാരികളുടെ അടുക്കൽ സമർപ്പിക്കുന്ന നിവേദനങ്ങൾ ഫലശൂന്യങ്ങളായിട്ടാണ് അനുഭവത്തിൽ കണ്ടുവരുന്നത്. ഭൂനയബില്ലുകൾ നിയമങ്ങളാക്കുവാൻ പോകുന്നുവെന്നുള്ള ഉൽക്കണ്ഠ ഭൂവുടമകളെ ഏതുതരത്തിലും കുടി ഒഴിപ്പിക്കൽ നടത്തണമെന്നുള്ള ചിന്താഗതിയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും അങ്ങേ അററം അരക്ഷിതമായ ഒരവസ്ഥയാണുള്ളത്. അതിനാൽ ഈ അടിയന്തിരവും പൊതുപ്രാധാന്യമർഹിക്കുന്നതുമായ സ്ഥിതിഗതികളെപ്പററി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ചർച്ച ചെയ്യുന്നതിനുമായിട്ടാണ് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നത്.

Minister for Finance **(Shri P. S. Nataraja Pillai):** Sir, This is a motion bearing on evictions. We in this State, have a Stay of Execution Proceedings Act which prohibits eviction. We have another law in the State, giving permanency of occupation to Kudikidappukars. Thus there is protection, protection in the sense that all lands which are leased out and are in possession of tenants cannot be taken possession of by their owners, and the tenants have the right to enjoy these lands without being evicted. The tenants cannot be evicted under the law. In the same manner Kudikidappukars in the properties of others are also given permanency of occupancy of their households and they also cannot be evicted. Then, Sir, I think, it is the eviction by illegal methods or by force that is envisaged in this motion. When the State has taken care to provide adequate protection by law, if anybody acts illegally it is for the parties who are subjected to that illegal action to seek remedies in Courts of Justice. But being a matter in which the parties evicted are poor and have very little economic resource, Government can certainly consider the matter and examine the question once again as to how far any steps can be taken to give more adequate protection. As far as the Law as it stands today, Government have provided as much protection as possible to the leaseholders and tenants-at-bill. If it is felt that the question should be re-examined further so as to give further protection or adequate protection to the tenants and lessees, certainly Government is prepared to examine this. But at this moment I am not in a position to say without further legal examination of this question how far the Government will be able to act in the matter.

Then a reference was made about the Police and goondas effecting eviction. Sir, as far as I know, if the Police and goondas do an illegal act, then they themselves are subject to the ordinary laws of the country and can be proceeded against.

Under the Kudikidappukars Act there is a provision that the kudikidappukars should register themselves within a particular period. Notifications were published once or twice and the time for such registration was also extended. There may be cases still, where they might not have registered themselves. If that is giving room for this kind of eviction, certainly Government can consider the matter again and give further time to have the kudikidappukars registered under the provisions of that Act. That is a question which Government can examine. Anyway there have not been such complaints pending before the Government, but if it is the view of the Members of this House, that it is a matter to be examined again and time for registration must be extended, certainly Government are prepared to consider it. Government will enquire into the matter and study the question once more and if it is found necessary that any further legislation should be undertaken to protect these lessees and tenants, action will be taken on these lines to give them security. Sir, in the light of this explanation I think that my friend who has tabled the motion will see his way to withdraw it.

ശ്രീ. പി. ആർ. മാധവൻപിള്ള : പോലീസ് നിന്നുകൊണ്ടുതന്നെ കാർഷികത്തൊഴിലാളികളുടെ പുരകൾ തീവച്ച് നശിപ്പിച്ചിട്ടുണ്ടെങ്കിൽ അവരെ പ്രതിയാക്കി കേസെടുക്കുമോ ?

ശ്രീ. പി. എസ്സ് നടരാജപിള്ള : പോലീസ് അങ്ങനെ ചെയ്താൽ പ്രതിയാക്കാൻ പാടില്ലെന്നില്ല. അങ്ങിനെ ഒരാൾക്കു പരാതിയുണ്ടെങ്കിൽ അയാൾക്ക് ക്രിമിനൽപ്രൊസീഡിംഗ്സ് പോലീസിന്റെമേൽ എടുക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. ആർ. സുഗതൻ : ജനകീയഭരണം വന്നതിനുശേഷം പോലീസുകാരുടെ നമ്പർ തൊപ്പിയിൽ കാണാറില്ല. നമ്പർ തൊപ്പിയിൽ കാണത്തക്കതരത്തിൽ എഴുതിവയ്ക്കുന്നതിനു ഏർപ്പാടുചെയ്യണം. നമ്പരില്ലാത്ത പോലീസുകാരുടെ പേരിൽ എങ്ങിനെയാണ് കേസ്സുകൊടുക്കുന്നതു് ?

Shri A. Thanu Pillai : Sir, I can assure the House that Government are very much interested in seeing that the Police do not give room for legitimate complaints. If there are cases where the Police want to hide their identity, Government will certainly look into them. I admit there have been cases of complaint of this kind in various places, but it will be the earnest endeavour of Government, Sir, to see that protection is given wherever protection is deserved. As I have already stated this morning, nobody need be under any apprehension that Government will anyway offer shelter to any Government officer including members of the Police Force in the wrong things that they do. That is all I can say about this at this stage.

[Shri A. Thanu Pillai]

With regard to evictions generally, as my colleague informmed the House, Government are very much interested to see that landless and homeless people are not turned out of their homesteads. All possible steps in that direction will be taken by Government.. It will be seen from the bills which we have already presented before the House that more protection is sought to be given to occupants than is available under the existing law and it will be possible so far as I can see the trends in this House that that protection is made more secure. This House may also consider whether illegal evictions effected during recent times may not also be covered by the protective provisions of the bill when it is passed into law. I do not see any reason why retrospective effect should not be given to evictions of that kind. Government are as much interested as anybody else in this House and in the country, to see that poor land less and homeless people are given as much protection as possible. I hope, Sir, that this statement of mine will reassure the Member who has brought forward the motion.

ശ്രീ. ടി. വി. തോമസ്സ് : കുടിയിറക്ക നിരോധിച്ച് കുടികിടപ്പുകാക്ക് താമസസ്ഥിരത നൽകാൻ നിയമം പാസ്സാക്കാൻ പോകുന്നു എന്ന് പറയുകയുണ്ടായി. അതുവരെ കുടിയിറക്ക നിരോധിക്കാൻ വേണ്ട നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ എന്നറിഞ്ഞാൽകൊള്ളാം.

Shri A. Thanu Pillai : As I have already stated, we will examine that.

Mr. Speaker : In the light of the statements made by the Ministers I am rejecting this adjournment motion also.

അടുത്ത പ്രമേയം ശ്രീ. സി. കെ. വിശ്വനാഥമേനോനാണ്.

കൊയ്ത്തു ആരംഭിച്ചിരിക്കുന്ന കുട്ടനാട്ടിലും പരിസരങ്ങളിലും മുൻകാലങ്ങളിൽ കൊടുത്തുവന്നിരുന്നതും ത്രികക്ഷി സമ്മേളനം അംഗീകരിച്ചതുമായ ഒന്ന് വിട്ട ദിവസങ്ങളിൽ കൊടുക്കേണ്ട തീർപ്പുകൽപ്പനകൾ കൊയ്ത്തുകാക്ക് കാർഷിക മുതലാളിമാർ കൊടുക്കാത്തതുകൊണ്ടും, യൂണിയൻ അംഗങ്ങളേയും പ്രവർത്തകരേയും മനഃപൂർവ്വം കൊയ്യുവാൻ ഇറക്കാത്തതുകൊണ്ടും പതിനായിരക്കണക്കിനു കാർഷികത്തൊഴിലാളികൾക്ക ഉണ്ടായിക്കൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾ മൂലം സംജാതമായിട്ടുള്ള അടിയന്തിരവും പൊതുപ്രാധാന്യവുമുള്ള പ്രശ്നത്തെക്കുറിച്ച് ആലോചിക്കുന്നതിന് ഈ സഭനടപടികൾ നിർത്തിവയ്ക്കണമെന്ന് നിയമസഭയുടെ ഈ സമ്മേളനം അഭിപ്രായപ്പെടുന്നു.

ശ്രീ. പി. കെ. കുഞ്ഞു് : ഈ പ്രത്യേക സംഭവം സംബന്ധിച്ച് വിശദമായ അറിവുകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ത്രികക്ഷി സമ്മേളനം അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകളേയും തീരുമാനങ്ങളേയും ആശ്രയിച്ചുകൊണ്ട് ലേബർഡിപ്പാർട്ടുമെൻറിൽനിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിപരീതമായി സ്വീകരിക്കുന്ന ഏതുനയത്തേയും ഗവണ്മെൻറ് തെറ്റായ

ത്തിലും അനുകൂലിക്കയില്ലെന്നാണ് എനിക്കു ഈ അവസരത്തിൽ പറയാനുള്ളതു്. ലേബർഡിപ്പാർട്ടുമെൻറ സ്വീകരിച്ചിട്ടുള്ള നടപടികൾ നടപ്പിൽവരുത്തുന്നതിന് വിപരീതമായി നിൽക്കുന്ന ഭൂവുടമകളുടെമേൽ അതിനനുസരണമായ നടപടികൾ എടുക്കുമെന്നുള്ളതു ഗവണ്മെൻറിന്റെ നയമാണ്. ഈ പ്രത്യേക കാര്യത്തെപ്പററി അറിഞ്ഞതിനുശേഷം മറുപടി പറഞ്ഞാൽ മതിയെങ്കിൽ നാളത്തേയ്ക്കു മാററിവയ്ക്കണം. പൊതുവേ പറയുന്നപക്ഷം ഇതു സംബന്ധിച്ച് അന്വേഷണം നടത്തി പരാതികളുണ്ടെന്നു കാണുന്നപക്ഷം പരിഹാരം നടത്തുന്നതിന് ആവശ്യമായ നടപടികൾ ഉടൻ ജീതമായി സ്വീകരിക്കുന്നതാണെന്നു പറഞ്ഞുകൊള്ളുന്നു.

Mr. Speaker: I am rejecting this adjournment motion also.

ശ്രീ. എ. ജെ. ജോൺ: തീരുമാനങ്ങൾക്കും വ്യവസ്ഥകൾക്കും വിപരീതമായി തൊഴിലാളികൾ എന്തെങ്കിലും ചെയ്താൽ നടപടി എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങിനെ തൊഴിലാളികൾ വിപരീതമായി ചെയ്യുന്ന പ്രവൃത്തികളെ ഗവണ്മെൻറ സ്വാഗതം ചെയ്യുകയില്ല.

ശ്രീ. ആർ. സുഗതൻ: മുതലാളികൾക്ക് അനുകൂലമായി ഇൻസ്പെക്ടർ ആത്മാറാം തൊഴിലാളികളെ മർദ്ദിച്ചതായി റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: എനിക്ക് കിട്ടിയിട്ടില്ല.

ശ്രീ. ആർ. സുഗതൻ: അങ്ങിനെ നടന്നുവെന്ന് ഞാൻ പറഞ്ഞാൽ വിശ്വസിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞു്: വിശ്വസിക്കാം.

ശ്രീ. ആർ. സുഗതൻ: എന്നാൽ അതിൻെറപേരിൽ വേണ്ട നടപടി എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: വിശ്വസിക്കാമെന്ന് പറഞ്ഞാൽ നടപടി നടത്തുമെന്നുകരുതാവുന്നതാണ്.

ശ്രീ. ആർ. സുഗതൻ: തൊഴിലാളികളെ തൊഴിക്കുന്ന നടപടിയാണ് ഈ ഇൻസ്പെക്ടർ സ്വീകരിച്ചിരിക്കുന്നതു്. അതിന് ഗവണ്മെൻറ നടപടി എടുത്തില്ലെങ്കിൽ തൊഴിലാളികൾതന്നെ നടപടി എടുക്കും.

Shri J. Alexander Parambithara : Sir, I rise to a point of order Rule 67 (2) lays down :

> "If the Speaker is of opinion that the motion is in order, he shall read the motion to the Assembly and shall request those members who are in favour of leave being granted to rise in their places, and if not less than twenty five members rise accordingly, the Speaker shall intimate that leave is granted, and that the motion will be taken on such day, not being more than ten days from the date on which the leave is asked, as he may appoint."

Here is a No—confidence motion which was tabled early and you were pleased to have it taken up by giving top priority to it on the 27th January. But when the matter came up on the 27th,

[Shri J. Alexander Parambithara]

the member who gave notice of the motion wanted to have it discussed on the 5th of February as he wanted some more time to consider some other aspects of the matter. Then you were pleased to fix up the discussion for today and in the meanwhile you had the Assembly adjourned. This action, I understand, was because when a No—confidence motion was hanging in the air, Government cannot justify its action before a decision of the House on the Motion was known. Now, that being the case, supposing another motion of this sort were to come up and you were to fix the time for discussion according to the rule read out by me, will the business of the House have to be adjourned till that period ? And, supposing the adjournment is not made, will the actions taken by Government during the period be invalid or void ? I want a ruling on this matter.

ശ്രീ. ടി. കെ. ദാമോദരൻ: സർ, ഒരു പാർലിമന്ററി ആക്ഷ്ആർഡർ. ഇതു് ഒരു hypothetical case അല്ല?

Mr. Speaker: It is an hypothetical question. And the whole matter was discussed threadbare during the time when the motion was taken up last time. I cannot allow any more time for discussing that aspect of the matter. I would request Mr. Nadar to move his motion.

Shri A. Chidambaranatha Nadar: Sir, on the 27th January, when I asked for leave to move my No-confidence, motion. I requested you to put the motion for discussion on the 5th February. This request was made because of my hope that seven members of my party who are in custody may be available by that time. I am repeating that request today. If my request cannot be granted, I am constrained to refuse to move the No-confidence' motion standing in my name.

Shri A. Thanu Pillai: Sir, can a Member state in the House that he refuses to do a certain thing?

Shri Panampilli Govinda Menon: Refuse to move here means refrain from moving.

Mr. Speaker: That is all right. After all English is a foreign language. So the motion is withdrawn.

Shri Panampilli Govinda Menon: Sir there is no question of withdrawing because the motion has not been moved at all. What happened yesterday was that leave to make a motion was granted by the House. When the mover is called upon to move his motion he says "I am not moving"

Shri. N. Raghava Kurup: When a ruling has already been given on this question by the Chair, can a responsible member of this House question that ruling?

Mr. Speaker: No. The ruling of the Chair has not been questioned. Now, when the mover was called upon to move his motion he did not do so. Then, the motion shall be deemed to have been withdrawn. That is what the Rule says. So, we will proceed to the next business on the Agenda, *viz*,, papers to be laid on the Table.

Papers laid on the Table.

Minister for Finance (**Shri P. S. Nataraja Pillai**): I beg to lay on the Table the Statement of assets and liabilities, profit and loss account, auditor's report etc., of the Travancore-Cochin Financial Corporation for the financial year ended 31st March 1954.

Chief Minister (**Shri A. Thanu Pillai**): I beg to lay on the Table the report of the Public Service Commission' for the year 1952-53 together with the Memorandum pertaining to it under Article 323 (2) of the Constitution.

Shri. D. Damodaran Potti: I beg to present the First Report of the Committee on Government Assurances.

LEGISLATIVE BUSINESS

The Travancore-Cochin Hindu Religious Institutions (Amendment) Bill.

Chief Minister (**Shri. A. Thanu Pillai**): Sir I beg to introduce the Travancore-Cochin Hindu Religious Institutions (Amendment) Bill.

Minister for Finance (**Shri. P. S. Nataraja Pillai**): I second it.

Shri A. Thanu Pillai: I move that the Travancore-Cochin Hindu Religious Institutions Amendment Bill be taken into consideration.

Shri P. S. Nataraja Pillai: I second it.

Shri. A. Thanu Pillai: Sir, this is a Bill that seeks to replace an Ordinance issued by the Government. The situation arose, Sir, as a consequence of a decision of the Travancore-Cochin High Court whereby the Cochin Devaswom Board was deprived of one of its members. The law as it stands provides that for each of the Devaswom Boards *i. e.*, the Travancore Devaswom Board and the Cochin Devaswom Board there should be three members. The Member elected by this House to the Cochin Devaswom Board was unseated as a consequence of the decision of the High Court that the election was invaid:. As a result, there are only two members now functioning in the Board. And, there is no provision in the Act to meet such a situation. Therefore the Ordinance was issued enabling the Board to function even if there was not the full complement of members. This was found to be absolutely necessary. I hope that the House will give its consent that the bill to be passed into law.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഈ നിയമം ആവശ്യമായി വന്ന സാഹചര്യം മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചു. ഇപ്രകാരമുള്ള നിയമങ്ങൾ ആവശ്യമല്ലാതെ ഏതു കാര്യത്തിൽ ഒരു നിയമഭേദഗതി ചെയ്യുന്നതിന് ശ്രദ്ധിച്ചുകൂടെന്നാണ് എന്റെ ആക്ഷേപം. ഇവിടെ ദേവസ്വം ബോർഡിലേയ്ക്ക് ഒരു തിരഞ്ഞെടുപ്പു നടന്നു. ആ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപം ഹൈക്കോടതിയിൽ വന്നു. ഹൈക്കോടതി അതിൽ ഒരു മെംബർ തിരഞ്ഞെടുപ്പിനു നിൽക്കുവാൻ അർഹനായിരുന്നില്ലെന്നു വിധിച്ചു.

Shri P. S. Nataraja Pillai: Was he not elected by the Hindu Members of this House?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതല്ലെന്ന് ഞാൻ പറഞ്ഞില്ല; അതായിരുന്നു. ഞാൻ പറഞ്ഞുവന്ന കാര്യങ്ങൾ മുഴുവൻ ശ്രദ്ധിച്ചാൽ ചോദ്യങ്ങൾക്ക് ആവശ്യം ഉണ്ടാകയില്ല. ആ തിരഞ്ഞെടുപ്പ് അസാധുവാക്കാനുള്ള കാരണങ്ങളാണ് ഞാൻ പറഞ്ഞുവന്നത്. രണ്ടു പ്രമാദങ്ങൾ ഈ നിയമത്തിൽ ഉണ്ട്. അതുമൂലമാണ് കുഴപ്പമുണ്ടായത്. ഒന്നാമത്ത് ഹിന്ദു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റ് അനുസരിച്ച് തിരഞ്ഞെടുപ്പ് നടത്തുന്നതിന് തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മറ്റു തിരഞ്ഞെടുപ്പ് ചട്ടങ്ങളെ അപേക്ഷിച്ച് ഈ തിരഞ്ഞെടുപ്പ് ചട്ടത്തിൽ ഒരു വ്യത്യസ്തത കാണുന്നുണ്ട്. ദേവസ്വംബോർഡ് തിരഞ്ഞെടുപ്പിന് ഒരു നാമിനേഷൻപേപ്പർ സമർപ്പിച്ചാൽ ആ നാമിനേഷൻ പേപ്പറിന്റെ സ്ക്രൂട്ടിനിക്ക് വേണ്ട സാവകാശം അതിൽ ഇല്ല. നാമിനേഷൻപേപ്പർ സമർപ്പിച്ചാൽ ഉടനെ തിരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ വോട്ടുചെയ്യാൻ അവകാശമുള്ള മെംബറന്മാർക്ക് സ്ഥാനാർത്ഥികൾ എങ്ങനെയുള്ളവരാണെന്ന് അറിയുവാൻ സാദ്ധ്യതയുണ്ടാകയില്ല. അതിനെ സംബന്ധിച്ച് ആക്ഷേപം കൊടുക്കുവാൻ ഒരു സാവകാശം ഇപ്പോഴത്തെ റൂളിൽ ഇല്ല. നേരേമറിച്ച് നാമിനേഷൻപേപ്പർ സമർപ്പിക്കുന്നതിന് ഒരു തീയതി നിശ്ചയിക്കുകയും അതിന്മേൽ ആക്ഷേപം ബോധിപ്പിക്കുവാൻ മറ്റൊരു ദിവസവും നിശ്ചയിക്കുകയാണെങ്കിൽ ആക്ഷേപം കൊടുക്കുവാൻ ഒരു സാവകാശം ലഭിച്ചു് നാമനിർദ്ദേശപത്രിക സാധുവോ അസാധുവോ എന്നു സ്ഥാപിക്കുന്നതിന് കഴിയുമായിരുന്നു. ഈ റൂളിൽ അങ്ങനെയുള്ള ഒരു വ്യവസ്ഥ ഇല്ലായിരുന്നതുകൊണ്ടാണ് നിയമസഭയുടെയും ഹൈക്കോടതിയുടെയും സമയം വേറെ വ്യയം ചെയ്യേണ്ടിവന്നത്. ഇനിയും നാലോ അഞ്ചോ ദിവസം കഴിഞ്ഞാൽ ഒരു തിരഞ്ഞെടുപ്പുവരുന്നു. ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ട് ഇത്രയും ദിവസം ആയിട്ടും ഈ റൂളിലെ പ്രമാദം തീർക്കുവാൻ ഇതേവരെ ശ്രദ്ധിച്ചിട്ടില്ല. നാമനിർദ്ദേശപത്രിക കൊടുക്കുന്നതിന് ഒരു സമയം നിശ്ചയിക്കണം. ആ നാമനിർദ്ദേശപത്രികയുടെ സ്ക്രൂട്ടിനിക്കും സമയം കൊടുക്കണം. ഈ ആർഡിനൻസ് കൊണ്ടുവന്ന അവസരത്തിൽ ഗവണ്മെൻറും, ലാഡിപ്പാർട്ടുമെൻറും ഈ കാര്യത്തിൽ ശ്രദ്ധിച്ച് അതുംകൂടി റൂളിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ മേലിൽ ഇങ്ങനെയുള്ള പ്രമാദം ഉണ്ടാകാതെ കഴിക്കാമായിരുന്നു. ഇനി തിരഞ്ഞെടുപ്പു വരുമ്പോൾ ആരെല്ലാമാണ് നാമിനേഷൻ പേപ്പറുകൾ കൊടുക്കാൻ പോകുന്നതു്? നാമിനേഷൻപേപ്പർ കൊടുക്കുന്നവരുടെ അയോഗ്യതയെപ്പററി അറിയുന്നതിന് മെംബറന്മാർക്ക് ഒരു സൌകര്യവുമില്ല. മറ്റൊരു പ്രമാദം ഈ നിയമത്തിൽ ഉണ്ട്. അതിനെക്കുറിച്ച് ഈ നിയമം ഇവിടെ പാസ്സാക്കിയ അവസരത്തിൽത്തന്നെ ഇവിടെ ആക്ഷേപം ഉണ്ടായിട്ടുള്ളതായി അന്നത്തെ നിയമസഭാനടപടികൾ പരിശോധിച്ചാൽ അറിയാവുന്നതാണ്. അന്ന് ആ ആക്ഷേപത്തെ വകവയ്ക്കാതെ ഈ നിയമം പാസ്സാക്കുകയാണ് ഉണ്ടായതു്. ദേവസ്വംബോർഡ് തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയായി നിൽക്കുന്നതിന് എന്താണ് അയോഗ്യത നിശ്ചയിച്ചിട്ടുള്ളതു്? ഈ രാജ്യത്തെ ഏതു് ആളിനും ദേവസ്വംബോർഡിൽ അംഗമാകാം. എന്നാൽ ഭ്രാന്തന്മാർക്ക് പാടില്ലാ എന്നു പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയകാര്യ

ങ്ങളിൽ ഇടപെടുന്ന ആളുകൾക്കും ദേവസ്വംബോർഡിൽ അംഗമാകുവാൻ പാടില്ലാ എന്നു പറഞ്ഞിട്ടുള്ള സമിതിക്ക് രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നവർക്ക് വോട്ടുചെയ്യുവാൻ പാടില്ലാ എന്നും ഒരു വ്യവസ്ഥ ചെയ്യേണ്ടതായിരുന്നു.

ശ്രീ. എം. പി. മേനോൻ: ഈ നിയമം ആരെഴുതിയുണ്ടാക്കിയതാണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ നിയമസഭയാണ്. ഇതു് അന്നുതന്നെ പ്രമാദമാണെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അന്ന് അതിനെ വകവയ്ക്കാതെ നിയമം പാസ്സാക്കുകയാണ് ഉണ്ടായതു്. അതുകൊണ്ട് ഇത്തരം ഭേദഗതിനിയമം ഈ രാജ്യത്ത് ആവശ്യമായി വന്നു. മൂന്നു അംഗങ്ങളെയാണ് ദേവസ്വംബോർഡ് ലേയ്ക്ക് തിരഞ്ഞെടുക്കേണ്ടതു്. അതിൽ ഒരംഗത്തെ ഈ നിയമസഭയിലെ ഹിന്ദുക്കളായ സാമാജികന്മാർ തിരഞ്ഞെടുക്കണം. എന്നാൽ നിയമസഭാ സാമാജികന്മാർക്ക് ദേവസ്വംബോർഡിൽ മെംബറായി നിൽക്കുവാൻ അവകാശമില്ല. വോട്ടുചെയ്യുവാൻ അവകാശമുള്ള നിയമസഭാസാമാജികന്മാർക്ക് തിരഞ്ഞെടുപ്പിന് നിൽക്കുവാൻ പാടില്ലാ എന്നുള്ള വ്യവസ്ഥ ഇല്ലാതാക്കണം.

Shri P. S. Nataraja Pillai: Had the Member tabled an amendment for that Act when it was under consideration?

Shri Kalathil Velayudhan Nair: Yes Sir, I had.

Shri P. S. Nataraja Pillai: And, I had the honour of supporting that amendment. Has the member put in any amendment now?

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്റെ ബഹുമാന്യസ്നേഹിതൻ ഇപ്പോൾ ഉന്നയിച്ച ഒരു സംശയം അന്നു ഞാൻകൂടെ ഉൾക്കൊള്ളുന്ന സഭയിൽവച്ച് ഈ ബിൽ പാസ്സാക്കിയ അവസരത്തിൽ ഈ ഭേദഗതി കൊണ്ടുവരാമായിരുന്നല്ലോ എന്നാണെങ്കിൽ അന്നും ഞാൻ ഈ അഭിപ്രായം സഭയിൽ കൊണ്ടുവന്നിട്ടു താണെന്നാണെന്നു പറയുവാനുള്ളതു്. ഒരു മെംബറെ തിരഞ്ഞെടുക്കുന്നതിന് എന്തെല്ലാം പരിഗണനകളാണ് നോക്കേണ്ടതെന്നും മററും അന്ന് ആലോചനയ്ക്കു വരികയും അന്ന് എന്റെ അഭിപ്രായങ്ങൾ സഭയിൽ അതുസംബന്ധിച്ച് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്ന് തീരുമാനിച്ചിട്ടുള്ളതനുസരിച്ച് ഈ നിയമത്തിന്റെ രൂപം നോക്കുന്നപക്ഷം നിയമസഭാംഗങ്ങൾക്കു മാത്രമല്ല, മുനിസിപ്പൽ പ്രസിഡന്റായിട്ട് ഇരിക്കുന്നവർക്കും ദേവസ്വംബോർഡിൽ അംഗമായി നിൽക്കുവാൻ പാടില്ലാ എന്നുകൂടെ കാണാവുന്നതാണ്. ശ്രീ. ബാലകൃഷ്ണമാരാർ നാമനിർദ്ദേശപത്രിക സമർപ്പിച്ച അവസരത്തിൽ അന്ന് നിലവിലിരുന്ന നിയമമനുസരിച്ച് അദ്ദേഹത്തിനു യോഗ്യതയില്ലായിരുന്നു. എന്നാൽ, ദേവസ്വം ബോർഡംഗത്വം സ്വീകരിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന് അയോഗ്യതയില്ലായിരുന്നു. ദേവസ്വം ബോർഡംഗത്വം സ്വീകരിക്കുന്ന അവസരത്തിലുള്ള യോഗ്യതയോ അയോഗ്യതയോ അല്ല പരിഗണിക്കേണ്ടതു്. നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന അവസരത്തിലുള്ള യോഗ്യതയാണ് പരിഗണിക്കേണ്ടതു്

[ശ്രീ കളത്തിൽ വേലായുധൻ നായർ]

എന്ന് നിയമത്തിലനുശാസിച്ചിരിക്കുന്നതിൽനിന്നാണ് തിരഞ്ഞെടുപ്പ് അസാധുവാക്കപ്പെടുന്നതും, ഈ ഭേദഗതിബിൽ ആവശ്യമായി വന്നതും. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് ഈ വകുപ്പുതന്നെ മേലാൽ കുഴപ്പത്തിനിടയാകാത്തവിധത്തിൽ ഭേദഗതി ചെയ്യാമായിരുന്നു എന്നാണ്. അതങ്ങനെ ചെയ്യാതെ ആവശ്യമില്ലാത്ത നിയമങ്ങൾ നിർമ്മിക്കുന്നതു് ശരിയല്ല.

ശ്രീ. മഞ്ജുനാഥപ്രഭു: ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ ഇവിടെ നിലവിലിരുന്ന ഒരു ഓർഡിനൻസിന്റെ സ്ഥാനത്താണ്.

"The Bill is intended to replace the Ordinance by an Act of the Legislature"

അതുമാത്രമല്ല, ഇവിടെ ഉന്നയിച്ചിട്ടുള്ള വാദം മാറിവരാൻപോകുന്ന വകുപ്പുകളെ ഒഴിച്ചല്ല. ഈ നിയമത്തിൽ മെംബറുടെ ആവശ്യമനുസരിച്ച് മാററാവുന്നതാണെന്നുള്ളപക്ഷം അതിന് പ്രത്യേകമായി അമെൻഡ്മെൻറുകൾ കൊണ്ടുവരാനുള്ള ചട്ടങ്ങൾ നിലവിലുണ്ട്. ഈ ബില്ലിന്റെ ആവശ്യകതയെപ്പററി അതിന്റെ ഓബ്ജക്ററ്സ് ആൻഡ് റീസൺസ് തന്നെ പറയുന്നില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ചോദ്യത്തിന്റെ ആവശ്യം എന്താണെന്നു മനസ്സിലാകുന്നില്ല. ഇപ്പോൾ ഞാൻ പറയുന്നതിന്റെ ആവശ്യമെന്താണെന്നായിരിക്കാം അദ്ദേഹത്തിന്റെ സംശയം. ഗവണ്മെൻറ് നടത്തുന്ന ആവശ്യമായ ഭേദഗതികൾ അപ്പോഴപ്പോൾ കൊണ്ടുവരുന്നതിനു ഭേദം ഈ ഭേദഗതിബിൽതന്നെ ഒരു സെലക്ററ് കമ്മററിക്കയച്ച്, അസ്സൽ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ ചെയ്യാം. ഇതു മുഴുവൻ ക്രോഡീകരിച്ച് അതിൽ ഉള്ള ദൂഷ്യങ്ങൾ പരിഹരിക്കുന്നതു നാം സാദ്ധ്യമാണ്. അതുകൊണ്ടാണ് ഞാൻ ഇത്രയും സംസാരിച്ചതു്. എന്റെ സ്നേഹിതൻ ചോദിച്ചു, ഞാൻ പഴയ നിയമസഭയിൽ ഇക്കാര്യം ചോദിച്ചിട്ടുണ്ടോ എന്ന്. അന്ന് ഞാൻ ചോദിച്ചിട്ടില്ലായിരുന്നെങ്കിൽ ഇന്ന് എന്റെ സ്നേഹിതൻ എന്നെ ആക്ഷേപിക്കുമായിരുന്നു. അന്നും ഞാൻ ഈമാതിരി അപകടങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ഇനിയും ആവശ്യമായ ഭേദഗതികൾ ഇപ്പോൾ വരുത്തിയില്ലെങ്കിൽ വീണ്ടും ഈമാതിരി കുഴപ്പങ്ങൾ ഉണ്ടാകാം. ഇന്നു നിലവിലിരിക്കുന്ന 'ഹിന്ദു റിലിജിയസ് ഇൻസ്റ്റിററ്യൂഷൻ' ബില്ലിൽ ഇതുപോലെ കുഴപ്പങ്ങൾ ഉണ്ടാകത്തക്ക പല വകുപ്പുകളും ഉണ്ട്. ഇന്നാണെങ്കിൽ തിരുവിതാംകൂർഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരു നിയമം; കൊച്ചിയെ സംബന്ധിച്ചിടത്തോളം മറെറാരു നിയമം; ഇങ്ങനെയാണ്. ഈ നിയമങ്ങളിൽത്തന്നെ വ്യത്യസ്തമായ പല വകുപ്പുകളും ഉണ്ടായിരിക്കും. ആ വ്യത്യാസങ്ങൾ ഇല്ലാത്തതരത്തിൽ ഈ ഭേദഗതി കൊണ്ടുവരുന്ന അവസരത്തിൽ അതിനെ വ്യത്യസ്ത പരിഗണനകൾ ഇല്ലാതാക്കുന്നതിന് ഈ അവസരം ഉപയോഗിക്കാം. നിലവിലുള്ള ഹിന്ദു റിലിജിയസ് ഇൻസ്റ്റിററ്യൂഷൻ ആക്ററിലെ പോരായ്മകളെപ്പററി പ്രതിപാദിക്കാൻ ഈ അവസരം ഞാനുപയോഗിക്കുന്നില്ല. ഇത്രയും കാര്യങ്ങൾ

ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഇതൊരു സെലക്റ്റ കമ്മിററിക്കയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Shri A. Thanu Pillai: Sir, I have to say just a word about that. I admit there are many defects in the existing Act. The whole Act may have to be examined; probably the whole basis of the Act may have to be reconsidered. Anyway the situation arose in which a change in the law was necessary. An ordinance has been issued and that has to be made law. I admit defects in the Act, have to be remedied. Of course, this is not the occasion to review all those things. There may also be many other things in which there can be differences of opinion. But this is an emergency measure and therefore this Bill has to be passed. We will deal with all those things later. Mr. Velayudhan Nair can as well bring in a non-official Bill.

Shri Kalathil Velayudhan Nair: I am drafting a Bill, and I will bring it before this House. The only question is whether it will be accepted.

Shri A. Thanu Pillai: Government are also interested and the matter is engaging the attention of Government. I may inform the House that certain suggestions are being obtained regarding the matter because Government feel that the whole thing has to be reconsidered.

In regard to the question of changing the Rule this is not the proper time. Government are considering whether some time can be given before the coming election. Government will see that the matter is examined and if possible the necessary changes introduced. Probably some adjustment has to be made. But these are not insurmountable difficulties. I request that the Bill be passed at once.

The question that the Travancore-Cochin Hindu Religious Institutions (Amendment) Bill be taken into consideration was put and carried.

Mr. Speaker: Now we will proceed with the Bill Clause by Clause.

Clauses 2 to 5.

The question that clauses 2 to 5 stand part of the Bill was put and carried.

The clauses were added to the Bill.

Preamble and title.

The question that the preamble and title stand part of the Bill was put and carried.

The Preamble and title were added to the Bill.

Shri A. Thanu Pillai: I move that the Bill be passed.

Shri P. S. Nataraja Pillai: I second it.

The question that the Bill be passed, was put and carried.

The Bill was passed.

The Travancore-Cochin Verumpattamdars Bill.

Shri P. S. Nataraja Pillai: I move that the Travancore-Cochin Verumpattamdars Bill be referred to a Select Commitee consisting of the Members I shall name shortly. In doing so I wish to place before the Members of the House some facts. This Bill was circulated by the Legislative Assembly for eliciting public opinion. Representative opinions covering practically all shades of opinion, and all points of view have been received. The opinions have been printed and made available to the Members. A rough analysis of the opinion reveals that, so far as this Bill is concerned, there is not much opposition in regard to the principles of the Bill, which is to ensure that the fruit of enterprise and labour is fairly apportioned among all who contribute them and not unjustly withheld by a few from the many. The bulk of the opinions relates to matters of detail. Regarding the necessity for granting fixity or for stipulating fair rent there does not seem to be much opposition. This was recommended by the Land Policy Committee of the Travancore-Cochin State on pages 51, 52 of the Report. In the Report we find:

> "We do not believe that elimination of tenants at will 'who generally are a servile crowd dependant upon the arbitrary whims of their landlord', for continuity of possession, and their conversion into practically independent farmers in cultivation with substantially all rights of property in the soil, subject only to the liability to pay fair rent to their lessors, whose rights of ownership are sterilised against all possible misuse can in any way affect adversely the agricultural economy of the State. The tenant who does not enjoy fixity of tenure has seldom any attachment to the land and does not feel any interest in making improvements at his expense, as that means increase of rent, and there is always the possibility that he may not get full value for the improvements on eviction. Even attempts to make improvements are in some cases, met by suits for eviction, as the landlord, sometimes with perfect bonafides, think that the improvements are sought to be made to make eviction difficult for him. Absence of satisfactory leasing contracts, which give the tenant a share, not only in the improvements which he makes, but also in the residual fertility of the soil, is one of the reasons which contributes to the progressive deterioration of the soil in any country. We are definitely of opinion that security of tenure or fair rents, should be guaranteed to the verumpattam tenants within the State".

Not only that. In their recommendations they have definitely recorded that fixity of tenure is a necessity for the tenants.

The Planning Commission, in their report on Land Policy, has advocated fixity of tenure to the tenants. This view is thus accepted on all hands. The difference, if at all, seems to be as regards the kind of transaction to which the Bill should be applied, the quantum of fair rent, the class of tenants to whom fixity should be given, the extent of land to be allowed for resumption of cultivation, the necessity for periodical revision, payment of pattam in kind and matters of a similar nature.

One important provision in the Bill, as I have stated in the objects and reasons, is the deviation from the existing Cochin Law regarding resumption, but the provisions in this Bill are based on the report of the Land Policy Committee wherein they provide that cultivators or owners must be given the right to resume land for self-cultivation. The provisions in this Bill closely follow the recommendations. The Planning Commission has also recommended resumption of land for self cultivation. Hon. Members will agree, I hope, that regarding these detailed provisions, various views are possible and with the advantage of the materials now available, it would be possible to hammer out at least in the Select Committee stage a Bill acceptable to all. I am confident that the Select Committee would consider in detail all the points raised and opinions expressed and would be in a position to evolve a solution reconciling all points of a view and the Bill as it emerges from the Select Committee will be one which would be generally acceptable to all.

I move that the Select Committee may be composed of the following members:

1. Shri A. Thanu Pillai
2. ,, Panampilly Govinda Menon
3. ,, A. J. John
4. ,, N. Narayana Kurup
5. ,, T. M. Varghese
6. ,, T. V. Thomas
7. Sry. K. R. Gouri
8. Shri P. R. Madhavan Pillai
9. ,, T. K. Divakaran
10. ,, M. P. Menon
11. ,, A. Chidambaranatha Nadar
12. ,, P. V. Avira Tharakan
13. ,, C. K. Ramachandran Nair
14. ,, A. A. D. Luiz, and
15. the mover,

the quorum being five.

ശ്രീ. എം. ഭാസ്കരൻനായർ : സർ, ഭൂനയപരിഷ്കരണത്തിന് ഏഴ് ബില്ലുകളായിട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എല്ലാ കക്ഷികളും തന്നെ സ്വാഗതംചെയ്യുന്ന ഒന്നാണ് ഭൂനയപരിഷ്കരണം.

[ശ്രീ. എം. ഭാസ്കരൻനായർ]

കാൺഗ്രസ്സിന്റെ പൊതുസമ്മേളനത്തിലും, ഇൻഡ്യൻ നാഷണൽകാൺഗ്രസ്സ് കമ്മിററികളിലും, വിശേഷിച്ചും 1947-ൽ എ. ഐ. സി. സി-ൽ നിന്നും നിയമിച്ചിട്ടുള്ള സാമ്പത്തികസമത്വ കമ്മിററിയുടെ റിപ്പോർട്ടിലും ഭൂനയ പരിഷ്കരണത്തെ സംബന്ധിച്ചു ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ഈയവസരത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ന് ഭൂനയപരിഷ്കരണത്തെ എതിർത്തുകൊണ്ടുള്ള അഭിപ്രായം വ്യക്തിഭേദത്തിലെങ്കിലും ഉണ്ടാകുമോ എന്നുള്ളതു സംശയമാണ്. ഈ രാജ്യത്തു ഇന്നു കാണുന്ന സാമൂ

9 A. M. ഹ്യ സ്ഥിതി മാററി സാമ്പത്തിക സമത്വം നടപ്പിലാക്കണമെങ്കിൽ തീർച്ചയായും ഈ രാജ്യത്തെ ഏററവും വലിയ സമ്പത്തായ ഭൂസ്വത്തിനെ സ്വകാര്യമല്ലെന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഈ അടിസ്ഥാനത്തിൽ വസ്തുതകൾ വിശദമായി പഠിച്ചും, കഴിഞ്ഞ സുക്ഷ്മമായി ചിന്തിച്ചും പ്ലാനിംഗ്കമ്മീഷൻ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇന്ന് രാജ്യത്തു കാണുന്ന സാമ്പത്തിക അസമത്വങ്ങൾ മാററുന്നതിനും, ഭൂമിയിൽനിന്നും ആദായം വർദ്ധിപ്പിച്ച് ഭാരതത്തിലെ ജനതയുടെ സാമ്പത്തികനിലവാരം ഉയർത്തുന്നതിനും വേണ്ട പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ള ഒരു റിപ്പോർട്ടാണ് പ്ലാനിംഗ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ളത്. ആ റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഭൂനയപരിഷ്കാരം നാം സ്വീകരിക്കുന്നതു് സമാധാനപരമായ പുരോഗതിക്കും രാജ്യക്ഷേമത്തിനും ഏററവും അത്യാവശ്യമാണ്. ഇന്നു ഈ സഭയുടെ പരിഗണനയ്ക്കു വരുന്ന ബില്ലിനു ഉൾ ഏററവും പ്രാധാന്യം അർഹിക്കുന്നതു് വെറുംപാട്ടം ഭാർബില്ലും ഭൂമിക്കൈവശാവകാശവും ഉടമയും നിയന്ത്രണബില്ലും ആണെന്നാണ് എന്റെ വിശ്വാസം.

ഈ ബിൽ ശരിയായി പരിശോധിക്കുകയാണെങ്കിൽ, വളരെ ധൃതഗതിയിലുള്ള അശ്രദ്ധമായ ഒരു നിയമനിർമ്മാണത്തിന്റെ ലക്ഷണങ്ങൾ വെളിപ്പെടുത്താൻ കഴിയും. ഈ ബില്ലുകൊണ്ടു നാം എന്തെല്ലാം പ്രയോജനം ഉണ്ടാകുമെന്നുദ്ദേശിക്കുന്നുവോ, അവ സാധ്യതപ്രായമാകുന്നില്ലെന്നുള്ളതുമാത്രമല്ല, രാജ്യത്തു അരാജകത്വം സൃഷ്ടിക്കുന്നതിനുള്ള സാഹചര്യങ്ങൾകൂടി ഈ ബില്ലിന്റെ പ്രവർത്തനംമൂലം ഉണ്ടാകുമെന്നു ഞാൻ ഭയപ്പെടുന്നു.

ഈ ബിൽ ഓരോ വകുപ്പായിട്ടു ഡിസ്കസ്സ് ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രധാനമായിട്ടു വെറുംപാട്ടംഭാർബില്ലും, ഭൂമിക്കൈവശാവകാശവും ഉടമയും നിയന്ത്രണബില്ലും പരിശോധിച്ചാൽ കാണുന്ന—എളുതെ മുഴച്ചുകാണുന്ന—ചില വൈകല്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്നുമാത്രമാണ് ഞാൻ വിചാരിക്കുന്നതു്. വെറുംപാട്ടം ഭാർബില്ലിന്റെ ഉദ്ദേശകാരണവിവരണത്തിൽ കൊച്ചിയിൽ നിലവിലിരുന്ന 1118-ലെ പെറുംപാട്ടംഭാർസ് ആക്ററ് തിരുവിതാംകൂറിലേക്കുകൂടി ബാധകമാക്കത്തക്ക രീതിയിൽ വേണ്ട നിയമനിർമ്മാണം നടത്തുകയാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതെന്നു പറഞ്ഞിട്ടുണ്ട്. പക്ഷെ ഈ രണ്ടു വിഭാഗങ്ങളിലും നിലവിലിരിക്കുന്ന ലീസ് ടെനച്ചറിനെ (lease tenure) സംബന്ധിച്ചു യഥാർത്ഥ സ്വഭാവം മനസ്സിലാക്കാതെയാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നിട്ടുള്ളതെന്നു എനിക്കു തോന്നുന്നു.

തിരുവിതാംകൂറിലെ ജന്മികുടിയാൻ ആക്റ്റനുസരിച്ച് കുടിയാന്റെ കൈവശാവകാശത്തിന് സാദൃശ്യം വഹിക്കുന്ന ഒരു ലീസ് ടെനൻസിയാണ് കൊച്ചിയിലും മലബാറിലും നിലവിലിരിക്കുന്നത്. തിരുവിതാംകൂർവിഭാഗത്താണെങ്കിൽ ജന്മികുടിയാൻ ആക്റ്റനുസരിച്ച് 1071-ൽതന്നെ കുടിയാനവന് സ്ഥിരം കൈവശാവകാശം കൊടുത്തിട്ടുണ്ട്. 'വെറുംപാട്ടംദാർ' എന്ന വാക്കിന് വളരെ വ്യത്യസ്തമായ ഒരു നിർവ്വചനമാണ് ഈ ബില്ൽ കൊടുത്തിരിക്കുന്നത്. തിരുവിതാംകൂർവിഭാഗത്തെ ജന്മികുടിയാൻ ആക്റ്റിലെ 'കുടിയാനും' ഈ ബില്ലിലെ വെറുംപാട്ടംദാരുടെ നിർവ്വചനത്തിൽ ഉൾപ്പെടുമെന്നു കാണാവുന്നതാണ്. ഈ രീതിയിൽ ഇതു പരിശോധിക്കുമ്പോൾ 1071-ൽതന്നെ സ്ഥിരം കൈവശാവകാശം സിദ്ധിച്ചിട്ടുള്ള കുടിയാനവന് ഈ വെറുംപാട്ടംദാർബില്ലിന്റെ പ്രവർത്തനംമൂലം സ്ഥിരം കൈവശം നഷ്ടപ്പെടുന്നതിനുള്ള സന്ദർഭം ഉണ്ടാകുന്നതാണെന്നു കാണാൻ കഴിയും. അങ്ങനെ വെറുംപാട്ടദാർ ബില്ലിന്റെ പ്രവർത്തനം മൂലം ജന്മികുടിയാൻ സ്ഥിരാവകാശത്തിൽ, കുടിയാനവന്റെ കൈവശം നഷ്ടപ്പെടാനുള്ള വ്യവസ്ഥയുൾപ്പെടുത്തി വെറുംപാട്ടംദാർ ബിൽ തിരുവിതാംകൂർ-കൊച്ചിയിൽ പ്രവർത്തിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നത് ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. ഓരോ വിഭാഗത്തും നിലവിലിരിക്കുന്ന ടെനൻസി ആക്റ്റ് ഭേദപ്പെടുത്തി പൊതുവെ ബാധകമാകുന്ന ഒരു നിയമനിർമ്മാണം നടത്തുമ്പോൾ മുൻപുണ്ടായിരുന്ന ആനുകൂല്യം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതും ആവശ്യമാണ്. മദ്രാസ്സംസ്ഥാനത്തു് മലബാർ റെറനൻസി ആക്റ്റ് Tanjore Tenancy Act എന്നു് ഓരോ പ്രദേശത്തും നിലവിലിരുന്ന സ്ഥിതിഗതികളെ അടിസ്ഥാനപ്പെടുത്തിനിയമനിർമ്മാണം ചെയ്തിട്ടുണ്ട്.

തിരുവിതാംകൂർവിഭാഗത്തു് മിക്കവാറും ചെറുകിട ഭൂവുടമകളും ഇടത്തരം ഭൂവുടമകളുമാണ് അധികമുള്ളത്. ഏതാണ്ട് 96.4 കുടിയാന്മാരും, ഇടത്തരക്കാരും ചെറുകിട ഭൂവുടമകളുമാണ്. മൂന്നേക്കറിൽ കുറവു ഭൂമി കൈവശമുള്ള ജന്മിത്വമുള്ള ജന്മിമാരെയാണ് തിരുവിതാംകൂറിൽ അധികവും കാണാൻ സാധിക്കുന്നത്. ഈ ബിൽ ആക്റ്റായിത്തീരുന്നപക്ഷം ഇതു് അധികമായി ബാധിക്കുന്നതു് ഒരു ഭൂരിപക്ഷവിഭാഗമായ ചെറുകിട ഭൂവുടമകളെ ആയിരിക്കും. അതുകൊണ്ടു വളരെ ആലോചിച്ചു ചെയ്യേണ്ട ഒരു കാര്യമാണിതു്.

[Deputy Speaker in the Chair]

എന്തു ഉദ്ദേശത്തോടുകൂടിയാണോ ഈ ബിൽ നിയമമാക്കാൻ പോകുന്നതു്, ആ ഉദ്ദേശം സാധിക്കുന്നില്ലെന്നു മാത്രമല്ല ചെറുകിട ഭൂവുടമകളെ സാരമായി ബാധിക്കുന്ന അനവധി പ്രൊവിഷൻസും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ ഒരാൾ തനിക്കുള്ള അല്പമായ ഭൂമികൊണ്ടു് ചെലവു നടത്താൻ സാധിക്കാത്തതുനിമിത്തം പാട്ടം കൊടുത്തിട്ട് അന്യനാട്ടിൽ പോയി സേവനം അനുഷ്ഠിക്കയും കുറെ വർഷം കഴിഞ്ഞു അയാൾ തിരിച്ചു വന്നു വസ്തു ആവശ്യപ്പെടുന്നപക്ഷം ഒഴിഞ്ഞുകൊടുക്കാൻ പാട്ടക്കാരൻ ബാദ്ധ്യസ്ഥനല്ലാതെ വരികയും തൻമൂലം അയാൾക്കു സ്വന്തമായുള്ള പാട്ടം നഷ്ടപ്പെടേണ്ടതായും വരുന്നു. ഈ വകയിൽ അയാൾക്കു ധാരാളം പണച്ചെലവുണ്ടാകുന്നതിനും പുറമെ പല കഷ്ടനഷ്ടങ്ങളും സംഭവിക്കയും ചെയ്യുന്നു. ഈ

[ശ്രീ. എം. ഗോസ്വരൻനായർ]

ഒരു പരിതഃസ്ഥിതി ഉണ്ടാകാതിരിക്കാൻ ബില്ലിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്. Absentee landlordism പരിഷ്കൃതാശയന്മാർ ആരും അനുകൂലിക്കുന്ന ഒന്നല്ല. എന്നാൽ ചെറുകിട ഭൂവുടമകളെ Absentee land lords ആയിട്ടു പരിഗണിക്കരുതെന്നു Planning committee report-ൽ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയെ വിഗണിച്ചു കൊണ്ടാണ് ഈ ബില്ലിനു രൂപം കൊടുത്തിരിക്കുന്നത്. ഈ ബില്ലിൽ സാരമായ ഭേദഗതികൾ വരുത്തിയില്ലെങ്കിൽ തൻമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ നാട്ടിൽ പല കുഴപ്പങ്ങൾക്കും കാരണമാകുന്നതാണ്. വൻകിട ഭൂവുടമസ്ഥന്മാരായ പാട്ടക്കാരിൽനിന്നും ചെറുകിട ഭൂവുടമകളായ ജന്മികൾക്ക് തങ്ങളുടെ ചെറിയ പാട്ടവസ്തുക്കൾ ഒഴിപ്പിക്കുന്നതു് അസാദ്ധ്യമാക്കിത്തീർക്കുന്ന വ്യവസ്ഥകളാണ് ഇതിൽ ഉള്ളതു്. അതു കൊണ്ടു് ജന്മിയുടേയും പാട്ടദാരന്റേയും സാമ്പത്തികസ്ഥിതിയെ താരതമ്യപ്പെടുത്തി അവയുടെ ആനുപാതികം അനുസരിച്ചായിരിക്കണം fixity of tenure നിശ്ചയിക്കേണ്ടതു്.

അടുത്തതായി ഈ ബില്ലിലെ സെക്ഷൻ 4-നെപ്പററിയാണ് പറയാനുള്ളതു്. നാലാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു് "Any person holding immovable property under a Kanapattam or any other demise by whatever name called shall be deemed to be a Verumpattamdar if the Kanapattam or other demise has the following incidents, namely,

(a) renewal on the expiry of any specified period and
(b) payment of customary dues etc.

സർ, holding stay of execution നിയമം ഈ രാജ്യത്തു 1124-ൽ നിലവിൽ വരികയും അതിനെത്തുടർന്ന് 1950-ൽ അതിനെ അമർന്ന ചെയ്യുകയും ഉണ്ടായി. ആ കാലംമുതൽതന്നെ ഈ പറഞ്ഞ നാലാം വകുപ്പിന്റെ സ്വഭാവത്തിലുള്ള നിയമം അതിൽ ഉൾപ്പെടുത്തണമെന്നുള്ള വാദം പല പ്രാവശ്യവും ഈ നിയമസഭയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ ഫലമായി ഈ നാലാംവകുപ്പിനു സദൃശമായി ഒരു ഖണ്ഡിക ഉൾപ്പെടുത്തുന്നതിനുവേണ്ടി 1953 March-ൽ ഒരു ഭേദഗതി കൊണ്ടുവരികയും വളരെ തീവ്രമായ വാദപ്രതിവാദങ്ങൾക്കുശേഷം ആ ഭേദഗതി വേണ്ടെന്നു വയ്ക്കുകയുംചെയ്തു. എന്റെ അഭിപ്രായത്തിൽ തിരുവിതാംകൂർ വിഭാഗത്തുള്ള ചെറുകിട ഭൂവുടമകളെസംബന്ധിച്ചിടത്തോളം ഈ ക്ലാസ് നിയമമാക്കുകയാണെങ്കിൽ വിപരീതഫലമായിരിക്കും ഉണ്ടാകുന്നതെന്നു ഞാൻ ഒന്നുകൂടി പറഞ്ഞുകൊള്ളുന്നു. ഈ ക്ലാസ്സിൽ പറയുന്ന കാണപ്പാട്ടത്തിന്റെ നിർവ്വചനം ഹൈക്കോടതിയുടെ പരിഗണനയിൽപ്പെട്ടിട്ടുണ്ട്. 1952 കെ. എൽ. ററി. പേജ് 224 നോക്കിയാൽ കാണാം. ഈ വകുപ്പിന്റെ പ്രവർത്തനംമൂലം ഏപ്പോഴെങ്കിലും ഒരാൾ തനതാവശ്യം പ്രമാണിച്ചു തന്റെ വസ്തുവിനെ ഒററികൊടുക്കയും കുറെ കഴിഞ്ഞു് ഒററികാലാവധി കഴിഞ്ഞു് ഒരു കാലാവധിക്കുടെ വച്ചു് പുതുക്കി ഒരു പുറക്കടംകൂടി എഴുതേണ്ടിവരികയും സർക്കാർകരമോ കൂരകെട്ടാനുള്ള ഓലയോമറേറാ കൊടുക്കുന്നതിനുള്ള വ്യവസ്ഥയും ചേർത്താൽ വസ്തു ഒഴിപ്പിച്ചെടുക്കാൻ സാധിക്കാതെ വരുന്നു. ബില്ലിലെ ഈ വകുപ്പ് ധനവാന്മാരെ സഹായിക്കുന്ന ഒന്നാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ധനവാന്മാരെ സഹായിക്കരുതെന്നാണോ പറയുന്നതു് ?

ശ്രീ. എം. ഭാസ്കരൻനായർ : സാധുക്കളെ ഉപദ്രവിച്ചു ധനവാന്മാരെ സഹായിക്കുന്നതു ശരിയല്ലെന്നാണു ഞാൻ പറയുന്നതു്. അടുത്തതായി എനിക്കു പറയുവാനുള്ളതു് 5-ാം വകുപ്പിനെ സംബന്ധിച്ചാണു്. ഈ സെക്ഷൻ വസ്തുവിനെ സംബന്ധിച്ചിടത്തോളം പിന്നാലെപ്രാബല്യം നൽകുന്ന ഒരു വകുപ്പാണു്. അതായതു് " Where, before the commencement of this Act, a person holding immovable property on kanapattam or other demise of the nature specified in Section 4 was dispossessed in execution of a decree passed by a Court on or after the 22nd March, 1949, such person shall, subject to the provisions of sub-section (3), be entitled to be restored to the possession of the property with all the rights and with all the liabilities of a verumpattamdar under this Act...." എന്റെ അഭിപ്രായത്തിൽ സെക്ഷൻ 5 പ്രവർത്തനത്തിൽ വന്നാൽ പല അസ്വാസ്ഥ്യങ്ങൾക്കും ഇടയാകും. വളരെ ചൊല്ലുങ്ങളായി കോടതികളിൽ കേസു പറഞ്ഞു് വളരെ പണവും ചെലവാക്കി നിയമപ്രകാരം ഒഴിപ്പിച്ചെടുത്തിട്ടുള്ള വസ്തുക്കൾ അവരിൽനിന്നുതന്നെ തിരിയെ വീണ്ടെടുക്കും എന്നുള്ളതുതന്നെ യുക്തിക്കും നീതിക്കും യോജിച്ചതല്ല. സർ, ഇങ്ങനെ കിട്ടിയ വസ്തുക്കളിൽ ചിലപ്പോൾ കെട്ടിടംവച്ചു് കുടുംബസമേതം താമസിക്കുകയായിരിക്കും. അവയെ ചിലപ്പോൾ കൈമാറം ചെയ്തിരിക്കും. കൈമാററക്കാരൻ പിന്നെയും കൈമാററം ചെയ്തിരിക്കും. അങ്ങനെ വരുമ്പോൾ ഈ ബില്ലിലെ ഈ വ്യവസ്ഥയനുസരിച്ചു ഉത്തമവിശ്വാസമായി കൈമാററം വാങ്ങിയവരിൽനിന്നും തിരിയെ വസ്തു ഒഴിപ്പിച്ചെടുക്കും എന്നു പറഞ്ഞാൽ അതിൽ എന്തു നീതിയാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ആ വകുപ്പിനെ സംബന്ധിച്ചിടത്തോളം സാരമായ ഭേദഗതികൾ വരുത്തേണ്ടതാണു്.

പിന്നീടു് എനിക്കു പറയാനുള്ളതു് ഈ ബില്ലിന്റെ ഏഴാം വകുപ്പിനെ അതായതു് Grounds for eviction നെ സംബന്ധിച്ചാണു്. അല്പം ഭൂമിയുള്ള ഒരാൾ തന്റെ ഭൂമിയെ പാട്ടത്തിനു കൊടുക്കുകയും ആ ഭൂമിയുടെ ആദായത്തിൽ നിന്നും കിട്ടുന്ന ഒരംശംവാങ്ങി ജീവിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി പാട്ടക്കാരന്റിൽ വസ്തു ഏൽപ്പിക്കുകയും ഓരോ കൊല്ലവും പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനു കോടതിയെ അഭയം പ്രാപിക്കുകയും ചെയ്തുണ്ടിവരുന്ന ഒരവസ്ഥയാണു് ഉണ്ടാകുന്നതു്. അങ്ങനെ ഓരോ കൊല്ലവും പാട്ടത്തിൽ വരുന്ന കുടിശ്ശികയ്ക്കുവേണ്ടി അയാൾ പണം ചെലവാക്കി കേസുകൊടുത്തു ഈടാക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട ആളുകളെയാണു ഇതു കൂടുതൽ ബാധിക്കുന്നതു്. ഞാൻ ഈ ബില്ലിന്റെ വിശദാംശങ്ങളിലേയ്ക്കു കടക്കാതെ പൊതുവെ പറഞ്ഞുവെന്നേയുള്ളൂ. ഓരോ ഖണ്ഡികയും പ്രത്യേകം പ്രത്യേകം എടുത്തു ചർച്ചചെയ്യുന്നതിനു സമയം ഇല്ലാത്തതുകൊണ്ടു് ചുരുക്കി പറയുകയാണു്. പ്രത്യക്ഷത്തിൽ കണ്ട ചില വൈകല്യങ്ങൾ ചൂണ്ടിക്കാണിച്ചതു് സെലക്ടുകമ്മിററി വേണ്ടതുപോലെ പര്യാലോചിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബിൽ പാട്ടത്തിനു ഭൂമി എടുത്തു കൃഷിചെയ്യുന്ന കർഷകരുടെ തൽക്കാല ആശ്വാസത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. സ്റ്റേറിന്നും ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്കും മദ്ധ്യേ മദ്ധ്യവർത്തികൾ ഉണ്ടായിരിക്കരുത് എന്നുള്ളതാണ് നമ്മുടെ ഉദ്ദേശം. ഈ ഉദ്ദേശം സാധിക്കുന്നതുവരെയുള്ള ഒരു ഇടക്കാല വ്യവസ്ഥഎന്ന നിലയിൽ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു. ഇതിലെ പ്രധാന ചില ന്യൂനതകൾമാത്രമെ ഞാൻ ചൂണ്ടിക്കാണിക്കുവാനുദ്ദേശിക്കുന്നുള്ളൂ. ഈ ബില്ലുകൊണ്ട് എന്തുകൊണ്ടാ ഉദ്ദേശിക്കുന്നത് ആ ഉദ്ദേശത്തിനു വിപരീതമായ ഒരു വ്യവസ്ഥയാണു ഈ ബില്ലിലെ ക്ലാസ്സ് 7 (ഏഴ്) കൊണ്ടു ഉണ്ടാകുന്നത്. ക്ലാസ്സ് 7-ൽ കുടിയാന്റെ കൈവശമിരിക്കുന്ന വസ്തു 3 ഏക്കറിൽ കൂടുതൽ ഉണ്ടെങ്കിൽ ജന്മിക്കു സ്വന്തം ആവശ്യത്തിനു ഒഴിപ്പിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതായതു് 3 ഏക്കർ വരെ ഭൂമി ഒഴിപ്പിക്കാൻ പാടില്ലെന്നാണു പറഞ്ഞിരിക്കുന്നത്. സർ, ഈ വ്യവസ്ഥ കൊച്ചിവിഭാഗത്തെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന ആനുകൂല്യങ്ങൾ വെട്ടികുറക്കുന്ന ഒരു ക്ലാസാണ്. ഇന്നു കൊച്ചിയിലെ നിയമമനുസരിച്ചു യാതൊരുവിധത്തിലും ഒഴിപ്പിക്കാൻ വ്യവസ്ഥയില്ല. എന്നാൽ ചില ഭാഗങ്ങളിലുള്ള വാദം ജന്മിയെന്നുള്ള നാമധേയംകൊണ്ടുമാത്രം ഒരാൾക്കു കുടിയാന്റെ കൈവശമുള്ള ഭൂമി ഒഴിപ്പിക്കാൻ അവകാശം നിഷേധിക്കരുതെന്നാണ്. കുടിയാന്റെ പക്കൽ ആറു കണക്കിന്നു ഭൂമി കൈവശമുണ്ടാവുകയും ജന്മി നാലോ അഞ്ചോ ഏക്കറിന്നു ഉടമസ്ഥനുമായി വരുമ്പോൾ അത്തരം ജന്മിക്കു ഒഴിപ്പിച്ചുകൂടെ എന്നുള്ള വാദം ആലോചിക്കേണ്ടതാണ്. പക്ഷെ ആ ന്യൂനത സീലിങ്ങ് ബില്ലിലെ വ്യവസ്ഥകൊണ്ടു പരിഹരിക്കാവുന്നതാണ്. ആയതുകൊണ്ടു ഒഴിപ്പിക്കാനുള്ള വ്യവസ്ഥ ഉണ്ടാവാൻ പാടില്ലാത്തതാണ്. അതുകൊണ്ടു് ഈ കാര്യം സെലക്ററ കമ്മിററിയുടെ പര്യാലോചനയ്ക്കു വിഷയീഭവിപ്പിക്കണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നത്. മറെറാന്നു് മര്യാദപ്പാട്ടത്തിനെ സംബന്ധിച്ചാണ്. മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിൽ കൃഷിച്ചെലവു കഴിച്ചു ബാക്കിയുള്ളതു് വീതിക്കുക എന്ന നയമാണ് സ്വീകരിക്കേണ്ടതു്. ചെറുതരം ഭൂ ഉടമസ്ഥന്മാർക്കു്, ഈ ബിൽ നിയമമാകുന്നതോടുകൂടി, ഉണ്ടാകാനിടയുള്ള സാമ്പത്തികത്തകർച്ചയ്ക്കു് എന്തെങ്കിലും പരിഹാരമുണ്ടാക്കാൻ ഗവണ്മെൻറ് ശ്രമിക്കണം. ആയതിനു ഒരു Rehabilitation scheme ഗവണ്മെൻറിനുണ്ടായിരിക്കണം. അവരുടെ ഇന്നത്തെ ജീവിതനിലവാരം ഇന്നത്തെ തോതിൽനിന്നും തീരെ അധഃപതിക്കാത്ത വിധത്തിൽ വേണ്ട പരിരക്ഷ ചെയ്യണം. ഇതിലേയ്ക്കു് വേണ്ടനടപടി ഗവണ്മെൻറ് നടത്തണം.

മറെറാന്നു് എനിക്കു് പറയുവാനുള്ളതു് പാട്ടബാക്കിയെ സംബന്ധിച്ചാണ്. ഈ ബില്ലിൽ പാട്ടബാക്കിയെ സംബന്ധിച്ചു് യാതൊന്നും തന്നെ പറഞ്ഞു കാണുന്നില്ല. പാട്ടബാക്കി വർദ്ധിക്കുമ്പോൾ കുടിയാനവനു് അതു കൊടുത്തു തീർക്കുവാൻ ദുർവഹമായി വരുന്ന അവസരങ്ങളിൽ വളരെയധികം കേസുകൾ കൊടുക്കുകയാണു ചെയ്യുന്നതു്. മുമ്പിലത്തെ നിയമത്തിൽ കുടിയാനവന്മാർ ജന്മിക്കു കൊടുക്കുന്ന പാട്ടബാക്കിക്കു് രസീതു കൊടുക്കുന്നതിനു് വ്യവസ്ഥയൊന്നുമുണ്ടായിരുന്നില്ല. പക്ഷെ ഈ ബില്ലിൽ അപ്രകാരം രസീതുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടു്. ഈ ബിൽ പാസ്സാക്കിയതിനുശേഷം പത്തോ പന്ത്രണ്ടോ കൊല്ലത്തെ പാട്ട ബാക്കിക്കു കേസുകൊടുക്കാൻ ജന്മിക്കു് അവകാശമുണ്ടായിരിക്കും.

ആയതുകൊണ്ടു പാട്ടബാക്കിക്കു നടപടി നടത്തുന്നതു്, ഇത്രകൊല്ലത്തെ മുൻപാട്ടബാക്കിക്കു മാത്രമേ നടപടി നടത്താവൂ എന്നു് ഒരു പരിധി നിശ്ചയിക്കേണ്ടതു് അത്യാവശ്യമാണു്. കഴിഞ്ഞ ഇത്രകൊല്ലത്തെ പാട്ടബാക്കി മാത്രമേ ജന്മിക്കവകാശമുള്ളു എന്നൊരു പരിധി നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യണം. ഇല്ലെങ്കിൽ ജന്മിയ്ക്കു കുടിയാനവനെ ഇട്ടു ഞെരുക്കുവാൻ സന്ദർഭമുണ്ടാകും. ഈ കാര്യത്തിലും ഗവണ്മെൻറ് വേണ്ട ശ്രദ്ധ ചെലുത്തണം. മററു പല ഭൂനയബില്ലുകളുമായി കൂട്ടിച്ചേർന്നിട്ടുള്ള ഒരു ബില്ലായതുകൊണ്ടു് ഈ ബില്ലിൻെറ മററു വിശദാംശങ്ങളിലേയ്ക്കു് ഞാൻ പ്രവേശിക്കുന്നില്ല. സിലക്ട് കമ്മിററിക്കു അയയ്ക്കണമെന്നുള്ള നിർദ്ദേശത്തെ അനുകൂലിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, ഈ സഭയിൽ അവതരിപ്പിക്കുന്നതിനു് ഭൂമിയെ സംബന്ധിക്കുന്ന ഒന്നിലധികം ബില്ലുകൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ഭൂമിയെ സംബന്ധിക്കുന്ന ബില്ലുകളെപ്പററി നാം ചർച്ച ചെയ്യേണ്ടതു് വളരെ സാവകാശത്തിലും വളരെ ബുദ്ധിപൂർവ്വമായിട്ടും വേണ്ടതാണു്. ലോകത്തിലെ മററു ഏതു രാജ്യങ്ങളെ അപേക്ഷിച്ചും തിരുവിതാംകൂർ—കൊച്ചിയെ സംബന്ധിച്ചിടത്തോളം ഭൂമി ഒരു പ്രത്യേക തരത്തിൽ ഉള്ളതാണു്. ഇവിടെ ആരു് ഏതെല്ലാം വിധത്തിൽ എന്തെല്ലാം സമ്പാദിച്ചാലും ആ സമ്പാദ്യമെല്ലാം ഭൂമിയിൽ വയ്ക്കണമെന്നാണു് അവരുടെ ഉദ്ദേശം. ഭൂമിയ്ക്കു് ഇത്രയും വിലകൂടുതലുള്ള രാജ്യങ്ങൾ ലോകത്തു് വേറൊരു സ്ഥലത്തും കാണുകയില്ല. അതുപോലെതന്നെ ജനങ്ങൾക്കു് ഭൂമി കുറവുള്ള സ്ഥലങ്ങളും വേറെയില്ല. റഷ്യയിൽ ഒരാളിനു് ശരാശരി പല നൂറു് ഏക്കറും, ആസ്ട്രേലിയായിൽ ഇരുന്നൂറോ മുന്നൂറോ ഏക്കറും, അമേരിക്കയിൽ അൻപതോളം ഏക്കറും ഉണ്ടെന്നാണു കാണുന്നതു്. തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിലാണെങ്കിൽ ഒരാളിനു് ഇരുപത്തഞ്ചോ മുപ്പതോ സെൻറു ഭൂമി മാത്രമേ ശരാശരി കാണുന്നുള്ളു. അങ്ങനെയിരിക്കെ ഭൂമിയെ സംബന്ധിച്ചു് ചില നിയമങ്ങൾ ഉണ്ടാക്കുന്നതിൽ ഇന്നു് ഈ നിയമസഭയിലിരിക്കുന്ന ആളുകൾ വളരെ കരുതലോടുകൂടി ആലോചിച്ചില്ലെങ്കിൽ, ഭാവി തലമുറകൾക്കു് കൂടുതൽ ദോഷം വന്നേയ്ക്കും. ഒരാളിൻെറ കൈവശമുള്ള ഭൂമി ഇത്ര ഏക്കർമാത്രമേ ആകാവൂ അല്ലെങ്കിൽ ഇത്ര ഏക്കർ ഭൂമി മാത്രമേ ഒരാളിനു് കൈവശം വയ്ക്കാവൂ എന്നു് നിയമം വരുന്നുഎന്നു കേട്ടപ്പോൾ ഞാനെ അൻപതിനായിരക്കാരൻ പതിനായിരക്കാരനായിത്തീർന്നു കഴിഞ്ഞു.

ഈ ബിൽ സാമ്പത്തികമായി ഈ രാജ്യത്തെ ജനങ്ങളെ വളരെ ഏറെ ബാധിക്കുന്ന ഒന്നാണെന്നു നമുക്കറിയാം. അതുകൊണ്ടു് ഭൂമിയിൽ കൈവയ്ക്കുന്നതു് വളരെയധികം സൂക്ഷിച്ചുവേണം എന്നാണു് എനിക്കു പറയുവാനുള്ളതു്. ഭൂമിയാണു് തിരുവിതാംകൂർ സംസ്ഥാനത്തെ ആളുകൾ ഏററവും വിലയുള്ളതായി കരുതുന്നതു്. അതുകൊണ്ടു് അതിനെ സംബന്ധിച്ചൊരു നിയമമുണ്ടാക്കുന്നതു് വളരെ ആലോചിച്ചുവേണം. ഇവിടെ ഭൂമിയെസംബന്ധിച്ചുള്ള നിയമങ്ങൾ ഉണ്ടാക്കുന്നതു കാണുമ്പോൾ ഇടവപ്പാതി ആരംഭിച്ചിട്ടുണ്ടോ എന്നു തോന്നിപ്പോകും. നിയമസഭയിൽ കൊണ്ടുവന്നു, പരസ്യം ചെയ്തു, വളരെ തിടുക്കത്തിൽ സെലക്ററു കമ്മിററിക്കയയ്ക്കുന്നു ഇങ്ങനെ നടക്കുകയാണു്. ഭൂമിയെസംബന്ധിച്ചിടത്തോളം തലമുറ തലമുറയായി ഉണ്ടായിരുന്ന അവകാശങ്ങളിലാണു് നാം ഇന്നു കൈവയ്ക്കുവാൻ പോകുന്നതു്.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ഫെയർ റെൻറ് എന്നൊരുപദം ഈ ബില്ലിൽ കാണുന്നുണ്ട്. അതിനെ Unfair rent എന്ന് ആക്കണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. എം. എം. മത്തായി : ബഹുമാനപ്പെട്ട മെംബർ ഉൾപ്പെട്ട പാർട്ടിയല്ലെ ഇപ്പോൾ ഈ ബില്ല കൊണ്ടുവന്നിരിക്കുന്നത്?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ മെംബർ ഈ പാർട്ടിയിൽ വരുന്നതിന് മുമ്പുതന്നെ ഉണ്ടാക്കിവച്ചിരുന്ന ബില്ലാണിത്. പാട്ടത്തിൻെറ അനുഭവം മുക്കാൽഭാഗം ജന്മിക്കും കാൽഭാഗം കുടിയാനവനും.....

ശ്രീ. എം. എം. മത്തായി : മെംബറുടെ അഭിപ്രായം ഈ ബിൽ പാസ്സാക്കണമോ എന്നാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ക്ഷമിച്ചിരുന്ന് എൻെറ പ്രസംഗം മുഴുവൻ കേട്ടതിനുശേഷമറിയാം.

ശ്രീ. പി. ഗോപാലൻ : ഇതു് മെംബറുടെ സ്വന്ത അഭിപ്രായമാണോ; പാർട്ടിയുടെ അഭിപ്രായമാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : പാർട്ടിക്ക് അഭിപ്രായം വല്ലതുമുണ്ടോ ആളുകൾക്കല്ലേ അഭിപ്രായമുള്ളു. എൻെറ സ്വന്ത അഭിപ്രായമാണ്.

ശ്രീ. എം. എം. മത്തായി : മെംബർ ഈ പാർട്ടിയിൽ ചേർന്നതിനുശേഷമാണോ ഈ അഭിപ്രായമുള്ളതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അല്ല. ഏഴുവയസ്സു മുതലുള്ള അഭിപ്രായമാണ്. അഭിപ്രായം പറയാൻ തുടങ്ങിയകാലംമുതലുള്ള അഭിപ്രായമാണ്. ഇവിടെയിരിക്കുന്ന എല്ലാ മെംബറന്മാരും, എല്ലാ പാർട്ടിക്കാരും ഈ അഭിപ്രായക്കാർ ആകണമെന്നാണ് എൻെറ അഭിപ്രായം.

ഇരുപ്പു നിലങ്ങൾക്ക് ഒരേക്കറിന് പതിനായിരമോ പന്തീരായിരമോ രൂപ വിലയുണ്ട്. സെൻറിന് നൂറുരൂപ എന്നുള്ളതു് സാധാരണയാണ്. 125 രൂപ 150 രൂപ എന്നിങ്ങനെയും വിലയുണ്ട്. അടുത്ത കാലത്ത് ഉദ്യോഗങ്ങൾക്കായി മലയായിലോ, വാർസർവ്വീസിലോ പോയിട്ടുവന്ന ആളുകൾ കൊണ്ടുവന്ന രൂപ മുഴുവൻ നിലം വാങ്ങുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളതു്. ഞങ്ങളുടെ നാട്ടിൽ സെൻറിന് ഒരു പറ നെല്ല് പാട്ടം കിട്ടും. അവർ സമ്പാദിച്ചിട്ടുള്ള നിലങ്ങൾ പാട്ടം കൊടുത്താൽ അവർക്ക് സുഖമായി ജീവിക്കുവാനുള്ള നെല്ലുകിട്ടും. ജീവിക്കുവാനുള്ള മാർഗ്ഗം എടുത്തുകളഞ്ഞിട്ട് എങ്ങനെയെങ്കിലും ജീവിച്ചുകൊള്ളാൻ പറഞ്ഞാൽ ശരിയാകുമോ?

ഭൂമിയെ മൂന്നായിട്ട് ഈ ബില്ലിൽ തരംതിരിച്ചിരിക്കുന്നു. അതായതു് നിലം, തെങ്ങിൻതോപ്പുകൾ, മറ്റെല്ലാം ഉൾപ്പെട്ട പറമ്പുകൾ എന്നിങ്ങനെയാണ് തിരിച്ചിരിക്കുന്നതു്.

ശ്രീ. എം. എം. മത്തായി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. വെറംപാട്ടബില്ലിനെപ്പററി സംസാരിക്കുമ്പോൾ മററു വല്ല കാര്യങ്ങളും സംസാരിക്കാമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: വെറംപാട്ടബില്ലിൽ പറമ്പ്, നിലം മുതലായവയെല്ലാം ഉൾപ്പെടുന്നു് ഇതേവരെ മനസ്സിലായിട്ടില്ലേ? പീട്ടിൽ വെറുതെയിരിക്കുമ്പോൾ ഈ ബില്ലുകളെല്ലാം ഒന്നു വായിച്ചുനോക്കണം. വായിച്ചു നോക്കിയിട്ടുവേണം ഇവിടെ വരാൻ.

Mr. Deputy Speaker : The hon. Member will please address the Chair.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ചെയറിനോടുതന്നെയാണു് പറഞ്ഞതു്. കൈ അങ്ങോട്ടു നീട്ടിപ്പോയെന്നേയുള്ളു.

ഒരേക്കർ നിലത്തിൽനിന്നും നൂറുപറനെല്ല് പാട്ടം കിട്ടും. എന്നാൽ ഒരേക്കർ ഭൂമിയിൽ തെങ്ങോ, മുളകോ മറേറാ വച്ചാൽ ആണ്ടിൽ ആയിരം രൂപ ആദായം കിട്ടും. പതിനായിരം രൂപ കൊടുത്തുവാങ്ങിച്ചു നിലത്തിനു് ആദായത്തിൻെറ നാലിലൊന്നു കൊടുത്താൽ മതിയെന്നാണു് പറയുന്നതു്. ബില്ലിലെ ഈ ക്ലാസ്സിനോടു് എനിക്കു് അനുകൂലം ഇല്ല. ഇവിടെ ഫെയർ റെൻറ് നാലിലൊന്നു വേണമെന്നു പറയുന്നവരുണ്ടു്; ആറിലൊന്നു ആക്കണമെന്നു പറയുന്നവരുണ്ടു്. പകുതിയാക്കണം എന്നു പറയുന്നവരുമുണ്ടു്. ചിലർക്കു് ജന്മിക്കു് ആദായംകൊടുക്കണ്ടാ എന്ന അഭിപ്രായവും ഉണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: ജന്മി വേലയെടുക്കുന്ന ആളാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തലമുറ തലമുറയായി ഭൂമിയിൽ അദ്ധ്വാനിച്ചു് ആദായമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരാൾ ഒരു വെറംപാട്ട ആധാരം എഴുതിക്കൊടുത്തു് അതിൻെറ ആദായം വാങ്ങി ജീവിച്ചുകൊണ്ടു വരുന്നതായി നമുക്കു് കാണാൻ കഴിയും. ഒരു പത്തേക്കർ ഭൂമിയോമറേറാ അങ്ങനെ കൊടുത്തതിൽ തെങ്ങു്, പ്ലാവു് മുതലായവ വച്ചു പിടിപ്പിച്ചു് ആദായമുണ്ടാക്കിയിട്ടുണ്ടെങ്കിൽ അപ്പേക്കർ ഉടമസ്ഥനു കൊടുത്തിട്ടു് ബാക്കി വേലയെടുത്തവനു് കൊടുക്കണമെന്നാണെങ്കിൽ അതു മനസ്സിലാക്കാൻ കഴിയും. അങ്ങനെ ഒരു പരിവു മീനച്ചലിലുണ്ടു്. ആദായങ്ങളുടെ പകുതി കിട്ടുക എന്നുള്ള നാട്ടുനടപ്പു് എല്ലാ സ്ഥലങ്ങളിലുമുള്ളതാണു്. അതുകൊണ്ടു് ഈ ഫെയർറെൻറ് വ്യത്യാസപ്പെടുത്തേണ്ടതാണു്. അതുപോലെ ഈ ബില്ലിൽ അനേകം സംഗതികൾ വ്യത്യാസപ്പെടുത്തേണ്ടതുണ്ടു്. ഒരുത്തൻ പണവും അദ്ധ്വാനവും ഭൂമിയിൽ മുടക്കിയിരിക്കേ വാർദ്ധക്യകാലം വന്നപ്പോൾ നാലിലൊന്നു പററിക്കൊണ്ടു് മുക്കാൽ മററവനു് വിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ അതെന്തൊരു മര്യാദകേടാണു്. ഈവക നിയമങ്ങൾ ഉണ്ടാക്കണമെങ്കിൽ അതു് ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കുമുമ്പേ പറയണം. അതിനകം ജീവിക്കാനുള്ള മാർഗ്ഗം അവർ നോക്കിക്കൊള്ളും. അതല്ലാതെ ഒരു സുപ്രഭാതത്തിൽ വന്നു് നിലവിലിരിക്കുന്നതിനു കടകവിരുദ്ധമായ സംഗതികൾ ചെയ്യുന്നതു് ഒരു വല്ലാഷനറിയാണു്. നമുക്കു് അങ്ങനെ ഒന്നും ചെയ്യേണ്ടാ. സ്വത്തുകാരേയും ഇല്ലാത്തവരേയും എല്ലാം സന്തുഷ്ടിപ്പെടുത്തിക്കൊണ്ടു പോകേണ്ട ഒരു നിയമമാണു് നമുക്കു വേണ്ടതു്.

ശ്രീ. ഇടിക്കുള ഇടിക്കുള : ഇന്നു് നിലവിലിരിക്കുന്ന ഭൂവ്യവസ്ഥിതിയിൽ എന്തെങ്കിലും മാററം വരുത്തണമെന്നു് മെംബർ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : എന്തെങ്കിലും മാററം വരുത്തണമെന്നു് എനിക്കു് അഭിപ്രായമില്ല. വേണ്ടതും ശരിയായതും ഭൂരിപക്ഷഭൂരിസുഖത്തിനു് ആവശ്യമായതുമായ മാററം വരുത്തണമെന്നാണു് എനിക്കുള്ള അഭിപ്രായം.

ശ്രീ. ഇടിക്കുള ഇടിക്കുള : ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥിതിക്കു് എന്തെങ്കിലും പോരായ്മയുണ്ടെന്നു മെംബർക്കു് അഭിപ്രായമുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : അല്പസ്വല്പം പോരായ്മകളുണ്ടു്. അതുപോലെ നന്മകളുമുണ്ടു്. പോരായ്മകളെമാററി നല്ലതിനെ മുറുകെപ്പിടിച്ചു് നാം മുമ്പോട്ടു പോകണം. ഒരു ബഹളം ഉണ്ടാകത്തക്ക നിയമം ഉണ്ടാക്കണമെന്നു് അഭിപ്രായമുള്ളവരും ഉണ്ടു്.

ശ്രീ. കെ. ഏ. ശിവരാമഭാരതി : ഇന്നു നിലവിലുള്ള പാട്ടവ്യവസ്ഥ കൂടുതലാണെന്നു മെംബർക്കു് അഭിപ്രായമുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : എവിടെയുള്ളതാണെന്നു് അറിയണം എന്റെ നാട്ടിൽ മയ്യാദപ്പാട്ടമാണു്. ബഹുമാനപ്പെട്ട മെംബറുടെ നാട്ടിലെ വ്യവസ്ഥ എനിക്കറിഞ്ഞുകൂടാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പാർട്ടിക്കുള്ളിലുള്ള ആഭ്യന്തരസമരങ്ങൾ പാർട്ടിക്കുള്ളിൽവച്ചു് നടത്തിക്കൂടെ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : അതു് എവിടെനിന്നു മനസ്സിലാക്കി എന്നെനിക്കു് മനസ്സിലാകുന്നില്ല.

Mr. Deputy Speaker : No such questions please. The hon. Member will please conclude.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : പുത്തൻ വാലു പോകുന്ന കാര്യത്തിനാണു് കാള വാലുപോകുന്നതെന്നു വിചാരിക്കരുതു്. ഞങ്ങളുടെ പാർട്ടിയിൽ കുറച്ചുപേരെ ഉള്ളു. അതുകൊണ്ടു് ഞങ്ങളെല്ലാവരും ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞുകൂടുകയാണു്. എനിക്കുള്ള അഭിപ്രായം പറയാനുള്ള അവസരം കിട്ടിയപ്പോൾ പറയുന്നു എന്നു മാത്രമേ ഉള്ളു. ഞങ്ങളുടെ പാർട്ടിയിലുള്ള കാര്യങ്ങൾ ഞങ്ങൾ എങ്ങിനെയും അഡ്ജസ്ററു ചെയ്തുകൊള്ളാം. ബഹുമാനപ്പെട്ട മെംബർ അതിൽ ഖേദിക്കേണ്ടാ.

ചാലക്കുടി മെംബർ അവിശ്വാസപ്രമേയം സംബന്ധിച്ചു ഇന്നലെ ഇവിടെ പറഞ്ഞ ഒരു കാര്യം ഞാൻ ഇപ്പോൾ ഓർക്കുന്നു. ജയിലിൽ കിടക്കുന്ന തമ്പ് എം. എൽ. ഏ. മാർ കൂടി വരട്ടെ. അവരും കൂടി വന്നിട്ടു് ഈ ബില്ലിനെപ്പററി ഒരു തീരുമാനം എടുത്താൽ മതി. ആ നിലയിൽ ഈ ബിൽ മാററിവയ്ക്കുന്നതിൽ എനിക്കു് വിരോധമില്ല. സെലക്ററുകമ്മററിക്കു് ആലോചിക്കുന്നതിനുവേണ്ടി വിടുന്നതിനുമുമ്പായി ഈ സഭയിലുള്ള എല്ലാവർക്കും അവരുടെ അഭിപ്രായങ്ങൾ പറയുന്നതിനുള്ള അവകാശങ്ങൾ കൊടുക്കണം. ഓരോ സെക്ഷനെപ്പററിയും ഞാനിപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. മുമ്പു പ്രസംഗിച്ചു പലരും അതിനെപ്പററിയൊക്കെ പറഞ്ഞിട്ടുണ്ടു്. കുടിശ്ശിക കൊടുക്കാനുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കിയില്ലെങ്കിൽ ആരുംകുടിശ്ശികതന്നത്താൻ കൊണ്ടുപോയി

കൊടുക്കുകയില്ല. 1124-ന മുന്നുകൊല്ലംമുമ്പ് വസ്തു ഒഴിപ്പിച്ചെടുത്തു നല്ല കെട്ടിടങ്ങളും മററും പണിയിച്ച് സുഖമായി കഴിഞ്ഞുകൂടുന്ന ആളുകളെ അവിടെ നിന്നു ഇറക്കിവിടുന്ന വ്യവസ്ഥ ഈ ബില്ലിൽ കൊള്ളിക്കുന്നതിനെപ്പററി വിചാരിക്കാൻപോലും സാദ്ധ്യമല്ല. കഴിഞ്ഞ കാലങ്ങളിൽ വളരെ അനീതിയായി നടന്നു എന്നു കാണുന്ന കാര്യങ്ങളിൽ മുൻകാലപരിഗണന കൊടുത്താലും തരക്കേടില്ല. കഴിഞ്ഞകാലത്തു ചെയ്തതെല്ലാം മറിച്ചുവയ്ക്കണമെന്നു പറഞ്ഞാൽ പല തടസ്സങ്ങളും വിപ്ലവങ്ങളും രാജ്യത്തുണ്ടാകും. കുറെപ്പേക്ക് വിപ്ലവം വേണമെന്നു കാണും. അതല്ല നമുക്ക് വേണ്ടതു്. ബില്ലിനെപ്പററി കുലംകുഷമായി ചർച്ചചെയ്ത് ഭൂരിപക്ഷഭൂരിസുഖത്തിന് ഭംഗംവരാത്തതരത്തിൽ പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ല് ഇനി അവതരിപ്പിക്കാനിരിക്കുന്ന ലാൻഡ് ബില്ലുകളുമായി പരസ്പരം ബന്ധപ്പെട്ടുകിടക്കുകയാണ്. അങ്ങിനെ പരസ്പരം ബന്ധപ്പെട്ട മാത്രമേ ഇതിനെ കാണാൻ കഴിയൂ. ഈ ബില്ലുകൾ കർഷകരുടെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നു നാം മനസ്സിലാക്കണം ഈ ബില്ലുകൾ പരിശോധിച്ചു നോക്കിയാൽ ഉടനീളം കാണാൻകഴിയുന്ന ഒരു കാര്യമാണ് ഫ്യൂഡലിസ്റ്റ് ആധിപത്യം നിലനിറത്താൻ ശ്രമിക്കുന്നുവെന്ന്. ഈ രാജ്യത്തെ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നുണ്ടെങ്കിൽ കൃഷിക്കാരുടെ മേലുള്ള ഫ്യൂഡലിസ്റ്റ്ആധിപത്യം പരിപൂർണ്ണമായി അവസാനിപ്പിക്കേണ്ടതാണ്. അതിനുള്ള വ്യവസ്ഥകളൊന്നും ഈ ബില്ലിലില്ല. ഫ്യൂഡലിസ്ററു താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുള്ള പഴുതുകൾ ബില്ലിൽ കാണുന്നുണ്ട്. Absentive landlordism അനുവദിക്കാൻ പാടില്ലാത്ത ഒരു കാര്യമാണ്. അതും ഈ ബില്ലുകളിൽ സംരക്ഷിക്കുന്നുണ്ട്. എനിക്കു പൊതുവെ പറയാനുള്ളതു് കാമ്പൻസേഷന്റെ കാര്യത്തെപ്പററിയാണ്. ഏതെങ്കിലും കാമ്പൻസേഷൻ കൊടുക്കുകയാണെങ്കിൽ ഒരു നാമിനലിൽ കവിഞ്ഞു കൂടുതലായി അനുവദിക്കാൻ പാടില്ല. അതെല്ലാം പരിഗണിച്ചു് നോക്കുമ്പോൾ ഫ്യൂഡലിസ്ററ് താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എല്ലാ പഴുതുകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വെറംപാട്ടദാർ ബില്ലിൽ പ്രധാനമായി ആരൊക്കെയാണ് ഈ ബില്ലിന്റെ പരിധിയിൽ വരാത്തതെന്ന് പറയേണ്ടതുണ്ട്. സെക്ഷൻ മൂന്നിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്:

"(ii) Leases of buildings owned by a landlord including a house, shop or warehouse, and the site thereof, together with the garden or land appurtenant thereto."

ഏതെങ്കിലും ഒരു പരയ്ടം പാട്ടത്തിനുകൊടുക്കുകയാണെങ്കിൽ ഒരു കെട്ടിടമോ മറേറാ ഉണ്ടെങ്കിൽ അതിനെ ഇതു ബാധിക്കയില്ലെന്നു പറയുന്നതു ശരിയല്ല. അതിനെയും ഈ ബില്ലിന്റെ അത്തിയിൽ പെടുത്തേണ്ടതാണ്. അതുപോലെ ആ സെക്ഷനിൽ 5-ാം സബ്ക്ലാസിൽ ഇങ്ങനെ കാണുന്നു.

"(v) Leases of land situated within the City of Trivandrum or within the limits of Municipalities constituted under any law relating to constitution of Municipalities, except leases of nilams situated within the limits of Municipalities, constituted under the Cochin Municipal Act, XVIII of 1113 subsisting immediately before the commencement of this Act."

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

ഈ ക്ലാസ്സ് എടുത്തുകളയേണ്ടതാണ്. അങ്ങിനെ ഒഴിവാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സെക്ഷൻ 4 ഇപ്രകാരമാണ്:

"(1) Any person holding immovable property under a kanapattam or any other demise by whatever name called shall be deemed to be a verumpattamdar if the kanapattam or other demise has the following incidents, namely: —

(*a*) renewal on the expiry of any specified period; and

(*b*) payment of customary dues, and the provisions of this Act shall apply accordingly."

കാണസ്വഭാവമുള്ള വസ്തുക്കളെ കാണ്ട്രാക്ട് റിജിസ്റ്റേറ്റ് അതത്തിലാണ് ചെടുത്തേണ്ടത്.

മറ്റൊരു കാര്യം പറയാനുള്ളത് ഈ ബില്ലിൽ ഇറക്കിവിടുന്നതിനുള്ള പഴുതുകൾ ധാരാളം നൽകിയിട്ടുണ്ടെന്നാണ്. ഇന്നുതന്നെ അടിയന്തിരപ്രമേയം വന്ന അവസരത്തിൽ പറയുകയുണ്ടായി. രാജ്യവ്യാപകമായി കുടിയിറക്കലുകളും ഒഴിപ്പിക്കലുകളും നടക്കുന്നുണ്ടെന്ന്. ഇന്ന് അതിനെ തടയുന്ന നിയമങ്ങൾ ഉണ്ടെങ്കിൽപ്പോലും ആ നിയമങ്ങളെ ധിക്കരിച്ചുകൊണ്ട് നിയമവിരുദ്ധമായി കുടിയിറക്കലുകൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. വീടിനു ചുറ്റും വേലി കെട്ടിയും കിടങ്ങുകുഴിച്ചും വസ്തു ഒഴിപ്പിക്കുന്നുണ്ട്. ഒഴിപ്പിക്കലുകളെ കുറെ തടഞ്ഞിട്ടുണ്ടെങ്കിലും ഈ മാതിരി സാഹചര്യത്തിൽ ഒഴിപ്പിക്കലുകൾ നടത്തിക്കൊണ്ടിരിക്കയാണ്. അതുകൊണ്ട് ഈ ബില്ലിൽ ഒഴിപ്പിക്കുന്നതിനുള്ള പഴുതുകൾ ഒന്നും തന്നെ ഉണ്ടായിരിക്കാൻ പാടില്ലാത്തതാണ്. ഏഴാം വകുപ്പിൽ ഒന്നാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതു നോക്കുക.

"(1) that he has wilfully denied the title of the jenmi or any intermediate landlord between himself and the jenmi before the date of such suit."

അതേ വകുപ്പിൽതന്നെ 4-ം, 5-ം ഉപവകുപ്പുകളിൽ ഇങ്ങനെ കാണാം.

"(4) that at the end of an agricultural year, the jenmi needs the holding or part thereof *bona fide* for his own cultivation or for that of any member of his family, or tarwad or tavazhi who has a proprietary or beneficial interest therein;

"(5) that at the end of an agricultural year, the jenmi needs the holding or part thereof *bona fide* for the purpose of constructing a building for his own residence or for that of any member of his family or tarwad or tavazhi who has a proprietary and beneficial interest in the holding."

ജന്മിക്കുമാത്രമല്ല ജന്മിയുടെ തായ്‌വഴിയിലോ തറവാട്ടു വഴിയിലോ ഉള്ള ആൾക്കും ഒഴിപ്പിച്ചെടുക്കുന്നതിനുള്ള ഒരു സാഹചര്യമാണ് നൽകിയിട്ടുള്ളത്. ഈ നിലയിൽ ഈ രാജ്യത്തുള്ള ഏതു പാട്ടഭൂമിയും ഒഴിപ്പിച്ചെടുക്കുന്നതിനു യാതൊരു വിഷമവും വരുന്നതല്ല. അതുകൊണ്ട് ഈ ഭാഗം ബില്ലിൽ നിന്നും എടുത്തുകളയണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഒരാൾക്ക് രണ്ടേക്കർ ഭൂമിയുള്ളതിൽ ഒരേക്കർ വെറും പാട്ടത്തിനു കൊടുത്തിരിക്കുകയാണ്. അയാളുടെ മകൻ കല്യാണം കഴിക്കുമ്പോൾ അവരുടെ ആവശ്യത്തിനു വേണ്ടി ആ ഭൂമി ഒഴിപ്പിക്കാൻ പാടില്ലെന്നു പറയുന്നതു് ശരിയാണോ ?

ശ്രീ. ടി. ഒ. ബാവാ : ഈ ബഹുമാനപ്പെട്ടമെംബർ സ്പീക്കറെ അഭിമുഖീകരിച്ചുകൊണ്ടു് ഒരിക്കലും സംസാരിക്കാറില്ല. പുറകോട്ടുനോക്കിയാണ് സംസാരിക്കുന്നതു്. അതിനു ഒരു റൂളിംഗ് തന്നാൽ അതനുസരിച്ച് ഞങ്ങൾക്ക് പ്രവർത്തിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : റൂളിംഗ് ഒന്നും വേണ്ടാ. അതു് ഒന്നാലോചിക്കുന്നു ഞാൻ സമ്മതിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ രാജ്യത്തു് ആളുകൾ വർദ്ധിക്കുന്നതോടുകൂടി ഭൂമിയുടെ ഏക്കറേണ്ണം വർദ്ധിക്കുന്നില്ല. അപ്പോൾ അങ്ങിനെയുള്ള ആളുകൾക്ക് മററു തൊഴിലുകൾ കണ്ടുപിടിക്കണം, അല്ലാതെ ഭൂമി ഒഴിപ്പിക്കണമെന്നു പറയുന്നതു ശരിയല്ല.

അതുപോലെ തന്നെ വെറും പാട്ടംഡാർസ് റൈറ്റ് ഫാർ റസ്റ്റോ
10 A. M. രേഷൻ എന്ന ഭാഗത്തു് പറയുന്നതു് ഇങ്ങനെയാണ്.

"In any case in which eviction has been obtained on the grounds specified in clause (4) of Section 7, if within any one of five agricultural years following such eviction, the Jenmi who has obtained such eviction, fails without reasonable excuse to use the major portion of lands, for the purpose for which such eviction was obtained, or transfers any of the lands to any person on any kind of lease or mortgage with possession or on kanapattam or verumpattom, the verumpattamdar shall be entitled to sue for the restoration to him of the possession of all the lands from which he was evicted and to hold them with all the rights and subject to all the liabilities of a verumpattamdar."

ഇങ്ങനെ ഭൂമി ഒഴിപ്പിച്ചെടുത്തതിനുശേഷം അഞ്ചുവർഷംവരെ ആ ഭൂമിയിൽ കൃഷിചെയ്യാതിരിക്കുന്നതിനുള്ള അവകാശം ജന്മിയ്ക്കുണ്ടു്. അഞ്ചുവർഷം എന്നുള്ളതു് മൂന്നുവർഷമായി കുറയ്ക്കണമെന്നാണ് എനിക്കു പറയാനുള്ളതു്.

അതുപോലെ ഏഴാം പേജിൽ ഫെയർറെന്റ് ക്ലാസ്സ് (സി)-യിൽ പറയുന്നതു് ഇങ്ങനെയാണ്:

"10. (c) 'Fair Rent' in the case of parambas shall be one-half of the net yield of the crops that can be raised on it with due regard to its situation, nature of soil and other local conditions, and if no crops can be raised thereon the rent which similar lands will fetch in the locality or the pattom payable by a verumpattamdar under the contract of tenancy in force immediately prior to the commencement of this Act, whichever is less."

അവിടെ പറമ്പിനുള്ള ഫെയർ റെന്റ് പകുതി എന്നുള്ളതു് മൂന്നിൽ ഒന്ന് ആക്കണമെന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെ ഈ ബില്ലിൽ കൃഷിക്കാരനു് കൂടുതൽ ആനുകൂല്യം കിട്ടുന്നതിനും രാജ്യത്തു് എല്ലാ

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

യിടത്തുമുള്ള ഒഴിപ്പിക്കൽ തടയുന്നതിനും ഉള്ള ഭേദഗതികൾ വരുത്തുന്നതിന് സെലക്റ്റ്കമ്മിററി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ബിൽ സെലക്റ്റ്കമ്മററിയ്ക്ക് അയക്കുന്നതിനെ അനുകൂലിച്ചുകൊണ്ട് രണ്ടു വാക്ക് സംസാരിക്കണമെന്ന് വിചാരിക്കുകയാണ്. ഇന്നത്തെ ഗവണ്മെൻറ് ഈ അടുത്തകാലത്ത് പ്രസിദ്ധീകരിച്ച ഭൂപരിഷ്കരണ നിയമങ്ങളിൽ വെറംപാട്ടകുടിയാൻ ബില്ലിനും ഭൂപരിധി നിർണ്ണയിക്കുന്ന ബില്ലിനും ആണ് ഈ രാജ്യത്ത് ഏററവും കൂടുതൽ അനുകൂല്യവും പ്രതീക്ഷയും ഉണ്ടായിട്ടുള്ളത്. പൊതുവെ ഇന്നു ഗവണ്മെൻറിൽ നിന്നു പ്രസിദ്ധീകരിച്ചിരിക്കുന്ന അഭിപ്രായങ്ങളെ വച്ച് നോക്കുകയാണെങ്കിൽ ഈ രാജ്യത്ത് രണ്ടുവർഗ്ഗങ്ങൾ ഉണ്ടെന്നും, ഒന്ന് സ്ഥാപിതതാല്പര്യത്തിനുവേണ്ടി നിൽക്കുന്ന വർഗ്ഗവും ഒന്ന് നാട്ടിലെ അദ്ധ്വാനിക്കുന്ന വിഭാഗത്തിനുവേണ്ടി നിൽക്കുന്ന വർഗ്ഗവും ആണ് അതെന്നും മനസ്സിലാക്കാവുന്നതാണ്. ഈ രണ്ടു ബില്ലുകളെപ്പററി സംസാരിക്കുമ്പോൾ പൊതുവെ അവതരിപ്പിച്ചിരിക്കുന്ന മുഴുവൻ ബില്ലുകളെപ്പററിയും നോക്കാതിരിക്കുവാൻ തരമല്ല. കാരണം, മൗലികമായി നാം നോക്കുകയാണെങ്കിൽ ഈ ബില്ലിൽ കാൺഗ്രസ്ഗവണ്മെൻറുകൾ ഭരിക്കുന്ന സ്റ്റേററുകളിൽ അവതരിക്കപ്പെട്ടിരിക്കുന്ന ബില്ലുകളിൽ ഉള്ളതുപോലെതന്നെ ഭൂപ്രഭുത്വം നില നിറുത്തിക്കൊണ്ട് അവരുടെ അവകാശങ്ങൾ സംരക്ഷിച്ച് അവർക്കു കുടിയിറക്കുന്നതിന് അവകാശം നൽകിക്കൊണ്ട്, കൃഷിഭൂമി കൃഷിക്കാരന് എന്ന തത്വത്തെ അവഗണിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉണ്ട് എന്നു കാണാം. ഈ വെറംപാട്ടകുടിയാൻ ബില്ലിൽതന്നെ ഇന്ന വ്യവസ്ഥയിൽ ഒഴിപ്പിക്കാം എന്നുള്ളത് മൗലികപ്രാധാന്യം കൊടുത്തിരിക്കുന്നതായി കാണാം. കാൺഗ്രസ് ഗവണ്മെൻറ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, കാൺഗ്രസ് പ്രമേയം എന്തുതന്നെയായിരുന്നാലും കർഷകൻെറ ഭൂമി കർഷകൻേറതു തന്നെയാണ് എന്നുള്ള മൗലികതത്വം വച്ച് കർഷകൻെറ ഭൂമി യാതൊരുതരം പ്രതിഫലവും കൊടുക്കാതെ എടുക്കണമെന്നുള്ള വിധത്തിൽ ഒരു പ്രമേയം പാസാക്കീട്ടുള്ളതായി അറിവില്ല. അടുത്തു തന്നെ ആ വിധത്തിൽ ആകുമെന്നിരുന്നാൽതന്നെ കാൺഗ്രസ് ഭരിക്കുന്ന സ്റ്റേററുകളിലും ഇതുപോലെയുള്ള ഒരു ബിൽ കൊണ്ടുവന്നിട്ടില്ല. പ്രധാനമായി ഈ ബില്ലിനെപ്പററി സംസാരിക്കുമ്പോൾ ഞാൻ പറയുന്നത് ഈ നാട്ടിലെ കർഷകരുടെ സംഘടിതപ്രക്ഷോഭണവും നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ ദീർഘകാലത്തെ സംഘടിതശ്രമവും കൊണ്ടാണ് ഗവണ്മെൻറ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്നാണ്. ഇതിനു കാരണഭൂതരായ നാട്ടിലെ മുഴുവൻ കർഷകരെയും മുഴുവൻ സഖാക്കളേയും ഞാൻ അഭിനന്ദിക്കുകയാണ്. കൃഷിഭൂമി കൃഷിക്കാർക്ക് എന്ന തത്വം എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇന്നു നിലവിലിരിക്കുന്ന ഭൂപ്രഭുത്വം അവസാനിപ്പിച്ചു കൃഷിക്കാരനു ഭൂമി കൊടുക്കുക എന്നുള്ളതായിരിക്കണം മൌലികതത്വം. വെറംപാട്ടക്കുടിയാന്മാർ ആഗ്രഹിക്കുന്നത് രണ്ടു കാര്യങ്ങളാണ്. (1) ഒഴിപ്പിക്കുവാൻ പാടില്ല; (2) അവർക്ക് ന്യായമായിട്ടുള്ള മര്യാദപാട്ടം നിശ്ചയിക്കണം. പ്രധാനമായി ഈ രണ്ടു വ്യവസ്ഥകളാണ് ബില്ലിലുള്ളത്. ഈ മര്യാദപാട്ടത്തെപ്പററിയും ഒഴിപ്പിക്കലിനെപ്പററിയും

വിവിധാഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ നാട്ടിലെ കൃഷിക്കാർക്ക് ഗുണം ചെയ്യ. ഉദ്ദേശിച്ചാണ് ഗവണ്മെൻറ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. എന്നാൽ ആ വിചാരത്തെ വിസ്മരിച്ചുകൊണ്ടാണ് അവരവരുടെ സ്വന്തംഭൂമി സ്വന്ത ആവശ്യത്തിന് ഒഴിപ്പിച്ചെടുക്കാമെന്ന് വച്ചിരിക്കുന്നത്. 12 വർഷം തുടർച്ചയായി കൈവശംവച്ചുകൊണ്ടിരിക്കുന്ന വെറും പാട്ടക്കാരനിൽ നിന്നോ അല്ലെങ്കിൽ കാണപ്പാട്ടക്കാരനിൽ നിന്നോ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് ജന്മിക്ക് അവകാശം കൊടുക്കുകയാണ് ചെയ്യുന്നത്. സ്വന്തം ആവശ്യത്തിന്റെ പേരിൽ, ഒരേക്കർ ഭൂമിയുള്ള ഒരാൾക്ക് ഒരു മകനുണ്ടായിപ്പോയി ആ മകന് താമസിക്കുന്നതിന് സ്വന്തം കുറെ സ്ഥലം വേണം എന്നുള്ളതിന്റെ പേരിൽ, കർഷകന്റെ ഭൂമി അവനിൽ നിന്നും ഒഴിപ്പിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഈ ഒഴിപ്പിക്കലിന് ഒരു വ്യവസ്ഥ വയ്ക്കാം. ജന്മിയേക്കാൾ കൂടുതൽ വസ്തുക്കൾ വെറുംപാട്ടക്കാരന്റെ കൈവശമുണ്ടെങ്കിലെ അങ്ങിനെ ഒഴിപ്പിച്ചെടുക്കുവാൻ പാടുള്ളൂ എന്ന നിലയാണ് സെലക്ററുകമ്മററി എടുക്കേണ്ടത്.

മര്യാദപ്പാട്ടം നിശ്ചയിക്കേണ്ടത് ഇന്ന വിധത്തിലാണെന്നു പറഞ്ഞിട്ടുണ്ട്. ഭൂമികൃഷി ചെയ്യുന്നവന്റേതായിരിക്കണം. എട്ടിൽ മൂന്ന് ഷെയർ റെന്റ് എന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. നിലത്തിൽ കൃഷി ചെയ്യുകയാണെങ്കിൽ വിളവിന്റെ പകുതി കൃഷിക്കാരന് കൃഷിച്ചെലവിനായി മാറുന്നു. വലിയ പുഞ്ചനിലങ്ങളിലോ കോൾനിലങ്ങളിലോ വരുന്ന കൃഷി നഷ്ടം അതിൽ കൂട്ടുകയില്ല. സാധാരണ ഇന്ന നിലത്തിലുണ്ടാകുന്നതിന്റെ നേർപകുതി കൃഷിയുടെ ആവശ്യത്തിന് കൊടുക്കുകയാണ് ചെയ്യുന്നത്. അതിന്റെ നേർപകുതി ജന്മിക്കുപോകുകയാണ്. വീട്ടിൽ അനങ്ങാതിരുന്നു വെറുംപാട്ടം വാങ്ങിച്ചുകൊണ്ടിരിക്കുന്ന ആൾക്ക് നേർപകുതി കൊടുക്കുകയാണ്. ഇന്ന ജന്മിയുടെ അവകാശം വിൽക്കുകയാണെങ്കിൽ ആയിരം രൂപാ കിട്ടുമെങ്കിൽ വെറുംപാട്ടക്കാരന്റെ അവകാശം വിററാൽ 800 രൂപയേ കിട്ടുകയുള്ളൂ. ആ സ്ഥിതിക്കു പാട്ടം നാലിലൊന്നാക്കി വച്ചിരിക്കുവാൻ പാടില്ല. അതിൽ കുറയ്ക്കേണ്ടതാണ്. വേറെ ഒരു കാര്യംകൂടി ഇവിടെ പറയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതു് കാണപ്പാട്ടത്തെപ്പററിയാണ്. കാണപ്പാട്ടം കുടിയാൻ ബിൽ എന്ന ഒരു ബിൽ ഇവിടെയുണ്ട്. ആ ബിൽ വായിച്ചുനോക്കുകയാണെങ്കിൽ അതു് കൊച്ചിപ്രദേശത്തു ബാധിക്കുന്ന ഒരു ബില്ലാണെന്നു കാണാം. ചേത്തല താലൂക്കിൽ കാണപ്പാട്ടം വെറുംപാട്ടംപോലെ തന്നെയുള്ളതാണ്. ആ നാട്ടിലെ കർഷകരുടെ സംഘടിത പരിശ്രമത്തിന്റെ ഫലമായി മൈഹക്കോടതി, ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധം പ്രത്യേകമാക്കത്തക്കവിധത്തിലുള്ള ആധാരങ്ങൾ എവിടെയെല്ലാമുണ്ടോ അതിൽ കാണപ്പാട്ടത്തിന്റെ സ്വഭാവമുള്ള ആധാരങ്ങളെല്ലാം കാണാധാരമാക്കി തടഞ്ഞു വച്ചിരിക്കുകയാണ്. ആ ബില്ലിൽ ഇതുംകൂടി ഉൾപ്പെടുത്തണമെന്നും യാതൊരു തരത്തിലും ഗവണ്മെൻറിന്റെ ഭൂമി ഈ കാരണംപറഞ്ഞു ഒഴിപ്പിക്കാൻ പാടില്ലെന്നും എനിക്കഭിപ്രായമുണ്ട്. അതുപോലെ മുനിസിപ്പാലിററിയിൽ നിന്നു കഷ്ടപ്പെട്ടു ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്ന മുനിസിപ്പാൽ അതിർത്തിയിൽ കൃഷിക്കാർക്ക് താമസിക്കുവാൻ പാടില്ല എന്നു പറഞ്ഞിരിക്കുന്നതു് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അവിടെ

[ശ്രീമതി കെ. ആർ. ഗൗരി]

കർഷകരുണ്ടാകും. അവർ ഒന്നുകിൽ ഫാക്ററികളിൽ പോകുന്നവരായിരിക്കും. അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരായിരിക്കും. അവർ വീട് ഒഴിഞ്ഞു കൊടുക്കണമെന്നു പറയുന്നതു് തെററായിരിക്കും. ഈ വക കാര്യങ്ങൾക്കു വേണ്ട ഭേദഗതികൾ സെലക്ററുകമ്മററി ചെയ്യണമെന്നു് അഭ്യർത്ഥിച്ചു കൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

(Several Members stood up to speak)

Mr. Deputy Speaker: Now that we have got a provisional list of the Members of the Select Committee on this bill, I think it is better that Members who have a chance to go into the Select Committee may at present keep away allowing the other members to express their view points.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു വാടകക്കുടിയാൻ നിയമത്തിൽ അന്തർഭവിച്ചിരിക്കുന്ന മഹത്തായ തത്വത്തോടു ഞാൻ യോജിക്കുകയാണു്. ഇതു് സെലക്ററുകമ്മിററിക്കയയ്ക്കണമെന്ന അഭിപ്രായത്തോടും ഞാൻ യോജിക്കുകയാണു് ചെയ്യുന്നതു്. സെലക്ററുകമ്മററി പരിഗണിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്ന ചില വസ്തുതകളെ സംബന്ധിച്ചു് ഇവിടെ പറയണമെന്നു് വിചാരിക്കുന്നു. വെറുംപാട്ടക്കുടിയാൻ നിയമത്തിൽ അടങ്ങിയിരിക്കുന്ന ഒരു പ്രധാനമായ തത്വം പാട്ടക്കാർക്കു് സ്ഥിരാവകാശം നൽകണമെന്നുള്ളതാണു്. ഈ പാട്ടക്കാർക്കു് സ്ഥിരാവകാശം നൽകണമെന്നു പറയുമ്പോൾ ഈ ബില്ലിനെ തുടർന്നു അവതരിപ്പിക്കപ്പെട്ടിരിക്കുന്ന കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുന്ന ബില്ലു് പാസ്സായാലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ കൂടി പരിശോധിക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. ജന്മിയ്ക്കു ഏതെങ്കിലും ഒരു നിർവ്വചനംകൊടുത്തു് ജന്മിയാക്കിയും പാട്ടക്കാരനു് ഒരു നിർവചനം കൊടുത്തു് പാട്ടക്കാരനാക്കിയും പാട്ടക്കാരനു് സ്ഥിരാവകാശത്തിനുള്ള നിയമനിർമ്മാണം ചെയ്യുന്നതു് തിരുവിതാംകൂർ-കൊച്ചിയുടെ സ്ഥിതിക്കു പററിയതായിരിക്കുമെന്നു് എനിക്കു് തോന്നുന്നില്ല. മദ്ധ്യപ്രദേശത്തോ ഉത്തരപ്രദേശത്തോ ഇങ്ങനെയുള്ള നിയമനിർമ്മാണംകൊണ്ടു് ആർക്കും വലിയ ബുദ്ധിമുട്ടു ഉണ്ടാകയില്ലായിരിക്കാം. എന്നാൽ ജന്മി എന്ന നിലയിൽ സ്വന്തമായി കൃഷിചെയ്യുവാനും താമസിക്കുവാനും സ്ഥലമില്ലാത്ത ആളുകൾ നമ്മുടെ രാജ്യത്തുണ്ടു്. അതുപോലെ ലക്ഷക്കണക്കിനു് വരവുള്ള പാട്ടക്കാരൻ നമ്മുടെ രാജ്യത്തുണ്ടു്. ജന്മിനാമധാരിയെയും സ്വന്തമായി അനേകം ഏക്കർ ഭൂമി കൈവശമുള്ള പാട്ടക്കാരനെയും കൂടി പരിഗണിച്ചുവേണം ഈ നിയമത്തിനു് രൂപം നൽകേണ്ടതെന്നാണു് എനിക്കു് പറയുവാനുള്ളതു്. ജന്മം മാത്രം കൈവശം ഉള്ളവർക്കു് ഒട്ടും ഒഴിപ്പിക്കുവാൻ അവകാശമില്ലാത്തതരത്തിൽ, അവരുടെ ഭൂമി വളരെ വർഷമായി പാട്ടക്കാരനു കൊടുത്തിരിക്കുന്നതുകൊണ്ടു് അതു് ഒഴിപ്പിക്കുവാൻ പാടില്ലെന്നു പറയുന്നതു് നീതിക്കു് ഒരിക്കലും യോജിച്ചതായിരിക്കയില്ല. സ്ഥിരാവകാശം നൽകുന്നതു് അതിനു് അർഹരായ പാട്ടക്കാർക്കായിരിക്കണം. അതുകൊണ്ടാണു് ഈ നിയമം ഉണ്ടാക്കുന്ന അവസരത്തിൽ, സെലക്ററുകമ്മിററി ഈ നിയമം പരിശോധിക്കുന്ന അവസരത്തിൽ, ഈ തത്വംകൂടി പരിശോധിക്കണമെന്നു് പറയാൻ ഞാൻ ആഗ്രഹിക്കുന്നതു്.

അതുപോലെ മറ്റൊരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളതു് abolition of intermediate land lord എന്ന കാര്യമാണു്. നമ്മുടെ രാജ്യത്തു ധാരാളം ഇടനിലക്കാരുണ്ടു്. അതായതു് ജന്മിമാരിൽനിന്നും ദേവസ്വങ്ങളിൽനിന്നും ഭൂമി പാട്ടത്തിനു വാങ്ങി അതു് മറ്റുള്ളവർക്കു് കൂടുതൽ പാട്ടത്തിനു കൊടുത്തു അതിൽനിന്നും കൂടുതൽ ആദായം ഉണ്ടാക്കുന്ന കൂട്ടരാണു്. അവർ യഥാർത്ഥത്തിൽ ഭൂമി കൈവശം ഉള്ളവരല്ല. അവരുടെ പണത്തിന്റെ ശക്തികൊണ്ടു് ഭൂമി പാട്ടത്തിനു വാങ്ങിക്കുകയാണു്. എന്നിട്ടു് അതു് വീണ്ടും പാട്ടത്തിനു കൊടുക്കുകയാണു്. അങ്ങിനെ പാട്ടത്തിനു കൊടുക്കുന്ന ഭൂമികളിൽനിന്നും കിട്ടുന്ന പാട്ടത്തിൽ ജന്മിക്കു് ഒരു ഭാഗം കൊടുക്കുകയും അതിൽനിന്നും ലാഭം ഉണ്ടാക്കുകയും ചെയ്യുന്നു. ഈ ഇടനില വ്യവസ്ഥ ബില്ലിൽ ഇല്ലാതാക്കുന്നില്ല. ഇങ്ങനെ ഇടനിലക്കാരെ ഇല്ലാതാക്കേണ്ടതു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണു്.

പാട്ടക്കാർക്കു് അല്ലെങ്കിൽ ഭൂമി കൈവശമുള്ളവർക്കു് സ്ഥിരാവകാശം കൊടുക്കുക എന്നുള്ള തത്വം അംഗീകരിച്ചിട്ടുള്ളതു് ഈ അടുത്ത കാലത്തു വിപ്ലവകരമായി ചിന്തിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി ഉണ്ടായതായ ഒരു കാര്യമല്ല. തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം നാം പരിശോധിച്ചുനോക്കിയാൽ ഇവിടെ 1041-ലെ തിരുവെഴുത്തു വിളംബരംമൂലം അതു് മഹാരാജാവു തിരുമനസ്സുകൊണ്ടു് അംഗീകരിച്ചു പ്രവർത്തിച്ചിട്ടുള്ളതാണു്. വസ്തു കൈവശക്കാരനു് സ്ഥിരാവകാശം കൊടുക്കണമെന്നും അവർക്കു് കാണപ്പാട്ടമായി വസ്തുക്കൾ അനുഭവിക്കാമെന്നും ആ തിരുവെഴുത്തു വിളംബരത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ഈ തത്വം അംഗീകരിച്ചതുകൊണ്ടാണു്. ആ തത്വം അനുസരിച്ചു് വസ്തു കൈവശം വച്ചു കൊണ്ടിരിക്കുന്നവർക്കു് സ്ഥിരാവകാശം കൊടുക്കണമെന്നാണു് അന്നത്തെ തിരുവെഴുത്തു വിളംബരത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. ഇതു് 1041-ാമാണ്ടു് മുതൽക്കുള്ള ഒരു നിയമമാണു്. ഈ നിയമം സാധുകരിക്കുന്ന പല ആളുകളും ഇന്നു് ഈ വെറംപാട്ടനിയമം വരുമ്പോൾ അതിനെ എതിർക്കുന്നതായി കാണുന്നുണ്ടു്. അതായതു് ഏതാനും ജന്മികൾക്കുള്ളതായ അവകാശം എടുക്കുന്നതിനെ അനുകൂലിച്ചവർ ഇന്നു് സാധാരണ കർഷകനു് സ്ഥിരാവകാശം ലഭിക്കുന്നതിനെ എതിർക്കുകയാണു്. ഇതിനു കത്തു് വിപ്ലവകരമായ ചിന്തകൾ ഒന്നും അന്തർഭവിച്ചിട്ടില്ല. മുൻപിനാലെ ഈ രാജ്യത്തുണ്ടായിരുന്ന ഒരു ചിന്താഗതിയുടെ ഒരു ലാജിക്കൽ കൺക്ളൂഷൻ മാത്രമാണിതു്. തിരുവിതാംകൂർ--കൊച്ചിയിൽ ലഭ്യമായിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണവും ഈ രാജ്യത്തെ ആളുകളുടെ ജനസംഖ്യയും പരിശോധിച്ചുനോക്കുന്നപക്ഷം ഇന്നു് ഇങ്ങനെ വിപ്ലവകരമായ ഒരു പരിവർത്തനം ഉണ്ടാകുന്നതിനുള്ള സാഹചര്യം ഉള്ളതായിക്കാണാം. ഇവിടെ ഭൂമി അശേഷം കൈവശമില്ലാത്ത ദരിദ്രന്മാരായ ജന്മികളും ഏതെങ്കിലും ഒരു തൊഴിൽകൊണ്ടു മാത്രം ജീവിക്കാൻ സാദ്ധ്യതയില്ലാത്തതായ പരിതഃസ്ഥിതിയിലുള്ള ചെറിയ സർക്കാർ ജീവനംകൊണ്ടു കഴിഞ്ഞുകൂടുന്നവരും മററുമായി അനവധിപേരുണ്ടു്. ചെറിയ ഇതരവരവുകൊണ്ടു ജീവിതം കഴിക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നവരായി ധാരാളം ആളുകളെ കാണാം. അങ്ങിനെയുള്ളവർക്കു് കുറച്ചു കൃഷികൂടി ചെയ്യാൻ സൗകര്യമുള്ളപക്ഷം അതുകൂടി മററുതൊഴിലോടുകൂടി നടത്തി ജീവിതവൃത്തി കഴിച്ചുകൊണ്ടാണിരിക്കുന്നതു്. അങ്ങിനെ അല്ലാതെ ജീവിതം

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

കഴിക്കാൻ നിവ്വാഹമില്ലാത്ത ആളുകൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലാതെ വരികയാണെങ്കിൽ അതു് വളരെ കഷ്ടമാണ്. അതുകൊണ്ടു് ഭൂവുടമയെ സംബന്ധിച്ചു് നിയമനിർമ്മാണം ചെയ്യുമ്പോൾ ഈ തരത്തിലുള്ള എല്ലാം സാഹചര്യങ്ങളെക്കുറിച്ചും പരിഗണിച്ചു് യഥാർത്ഥമായി ആനുകൂല്യമർഹിക്കുന്ന കർഷകർക്ക് അവർ അർഹിക്കുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുകയും അല്ലാതെ കേവലം എക്സ്പ്രാപ്രിയേററിയായി മാത്രം ലജിസ്ലേഷൻ നടത്തുന്നതിന് അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ സീലിംഗിന്റെ കാര്യവും ഇവിടെ പറയുകയുണ്ടായി. അതായതു restriction of possession and ownership ആ വകുപ്പുകൂടി ഈ നിയമത്തിൽതന്നെ ഉൾപ്പെടുത്തേണ്ടതാണ്. സ്ഥിരാവകാശം കൊടുക്കുന്നതിനോടുകൂടി ഈ ഒരു വ്യവസ്ഥകൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അതങ്ങിനെ ചെയ്തില്ലെങ്കിലുള്ള പരിതഃസ്ഥിതി എന്തായിരിക്കും? ആയിരം ഏക്കറുള്ള ഒരാൾക്കുതന്നെ പിന്നെയും ഒരായിരം ഏക്കർ കൊടുക്കുക എന്നു വരുന്നപക്ഷം അതു് ഇല്ലാതാക്കുന്നതിന് മറെറാരു നിയമനിർമ്മാണം ഈ രാജ്യത്തു ഉടനെ ആവശ്യമായിവരും. അതില്ലാതാക്കുന്നതിനു അതായതു് ആ ഒരു പരിതഃസ്ഥിതി ഉണ്ടാകാതെ തടയുന്നതിനുവേണ്ടി സ്ഥിരാവകാശം സ്വന്തമായി ഭൂമി കൈവശം ഇല്ലാത്തവർക്ക് കൊടുക്കുന്നതിനു സഹായകമായ തരത്തിൽ ഈ നിയമനിർമ്മാണം നടത്തേണ്ടതാണ്.

മറെറാരു സംഗതി എനിക്കു് നിയമത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളതു് ഈ നിയമത്തിലെ ഒരു വകുപ്പിൽ കാണപ്പാട്ടക്കാർക്ക് വസ്തുവിൽ സ്ഥിരാവകാശം കൊടുക്കുന്ന ഒരു വ്യവസ്ഥ കാണുന്നതിനെപ്പററിയാണ്. ഇന്ന് ഇതുപോലെ ഒരു വ്യവസ്ഥ ആവശ്യമായി വന്നതു് ഹൈക്കോടതിയിൽ ഉണ്ടായ ഒരു തീരുമാനമനുസരിച്ചാണ്. സ്ഥിരാവകാശമുണ്ടായിരിക്കേണ്ട വസ്തുക്കളെ സാങ്കേതികമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കുവാൻ അനുവദിക്കുന്ന ചില വകുപ്പുകൾ മുൻനിയമങ്ങളിൽ ഉള്ളതായി ആക്ഷേപങ്ങൾ ഉണ്ടു്. ഇവിടെ ഒററി ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചു സത്യാഗ്രഹവും മററും നടന്ന കാലത്തു ഈ നിയമസഭയിലെ ഒരു വിഭാഗം ആളുകൾ അതിനെ അനുകൂലിച്ചിരുന്നു. അന്ന് അവരിൽ ഒരു സ്നേഹിതൻ എന്നെ സമീപിച്ചു് ഒററിഒഴിപ്പിക്കൽ നിവത്തിവയ്ക്കുന്നതിന് അനുകൂലിക്കുന്നതിനായി ആവശ്യപ്പെട്ടു. കാരണം അദ്ദേഹത്തിന്റെ കൈവശം കുറെ ഭൂമിയുണ്ടു്. ഏകദേശം രണ്ടായിരം ഏക്കർ ഭൂമി മാത്രമേ അദ്ദേഹത്തിന്റെ കൈവശമുള്ളു. അതിനെ ഒഴിപ്പിക്കുന്നതിനുവേണ്ടി ജന്മിക്ക് അവകാശം കൊടുത്തിരിക്കുകയാണ്. ആ ജന്മിക്ക് കുടുംബഭാഗത്തിൽ കിട്ടിയിട്ടുള്ളതു് പത്തേക്കർ ഭൂമിയാണ്. അതിനെ ഒഴിപ്പിക്കാതിരിക്കുന്നതിനുള്ള ഏർപ്പാടുചെയ്തു സത്യഗ്രഹത്തിനു ആളുകളെ വിടുകയാണ് ചിലർ ചെയ്യുന്നതു്. ഇതനുവദിക്കുകയാണോ വേണ്ടതു്? ഈ പരിതഃസ്ഥിതിയിൽ ഒററി ഒഴിപ്പിക്കാൻ പാടില്ലയോ. കാണപ്പാട്ടം എന്ന നിവ്വചനത്തിൽ മാത്രം പിടിച്ചുകൊണ്ടു് വസ്തുവിൽ സ്ഥിരാവകാശം കൊടുക്കുന്നതു് ശരിയാണോ? അത്തരത്തിൽ ഒരു നിയമനിർമ്മാണം ഉണ്ടായി ഒററി ഒഴിപ്പിക്കാൻ പാടില്ല എന്നുള്ള ഒരുറപ്പു് പരോക്ഷമായിട്ടുപോലും നൽകുന്നതു് ശരിയായിരിക്കുകയില്ലെന്നാണ് ഞാൻ പറയുന്നതു്. സ്വന്തം ഭൂമിയുള്ള ജന്മികളാണ് ഇന്ന് അനേകം ഏക്കർ പാട്ടമായി കൈവശം

വച്ചു കൃഷി ചെയ്യുവരുന്നതു്. അങ്ങിനെയുള്ളവരെ ഈ നിയമംകൊണ്ടു അനുകൂലിക്കരുതെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് ആ കാര്യത്തെ സംബന്ധിച്ചും ആ വകുപ്പു ഭേദഗതിചെയ്യണം.

പിന്നീടു് ഇതിനകത്തു ചില എക്സംപ്ഷനെപ്പററി പറയുന്നുണ്ടു്. അതേ സംബന്ധിച്ചു് ബഹുമാനപ്പെട്ട ചേത്തല മെംബർ പറയുകയുണ്ടായി. മുനിസിപ്പാലിററികളെ ഈ നിയമത്തിൽനിന്നും ഒഴിവാക്കി നിർത്തിയിരിക്കുന്നതു് ശരിയാണിരിക്കുകയില്ലെന്നാണെന്റെ അഭിപ്രായം. മുനിസിപ്പാലിററിക്കകത്തും സ്ഥിരാവകാശം നൽകേണ്ടതായ ഭൂമികൾ ഉണ്ടു്. നമ്മുടെ രാജ്യത്തുള്ള മുനിസിപ്പാലിററികളെ സംബന്ധിച്ചാണെങ്കിൽ എനിക്കറിയാം. മിക്കവാറും എല്ലാ മുനിസിപ്പാലിററികളും വെറും പേരിൽമാത്രം മുനിസിപ്പാലിററികളായി കഴിയുന്നവയാണു്. അതുകൊണ്ടു് മുനിസിപ്പാലിററികളെ സംബന്ധിച്ചിടത്തോളം ഈ എക്സംപ്ഷൻ വ്യവസ്ഥ ഒന്നുകൂടി പുനഃപരിശോധന ചെയ്യേണ്ടതാണു്. ഇത്രയും കാര്യങ്ങൾ സെലക്ററു് കമ്മിററിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു് ആഗ്രഹിച്ചുകൊണ്ടു് ഈ ബിൽ സെലക്ററു് കമ്മിററിക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എം. പി. മേനോൻ : സെലക്ററു് കമ്മിററിയിലെ അംഗങ്ങൾക്കു് ഇതേ സംബന്ധിച്ചു് പറയാൻ പാടില്ലാ എന്നു വല്ല വിളംബരം ഉണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ അങ്ങിനെ പറഞ്ഞില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : ഈ ബില്ലുകൾ വളരെ നല്ല കാര്യങ്ങൾ ഉൾക്കൊള്ളുന്ന ബില്ലുകളാണു്. ഇതുകൊണ്ടു് ജനങ്ങൾക്കു് വളരെ ഗുണമുണ്ടാകണമെന്നുള്ള വിചാരത്തോടുകൂടിയാണു് ഗവണ്മെൻറു് ഈ ബില്ലുകൾ കൊണ്ടുവന്നിരിക്കുന്നതു്. അതിനു ഗവണ്മെൻറിനെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. അതോടൊപ്പംതന്നെ ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ പറഞ്ഞാൽ കൊള്ളാമെന്നു ആഗ്രഹമുള്ളതു കൊണ്ടു് ഞാൻ പറയുകയാണു്.

വസ്തു ഒഴിപ്പിക്കലിനെ സംബന്ധിച്ചു പറയുമ്പോൾ എനിക്കു് ഒരു അഭിപ്രായം ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ടു്. ഈ ഒഴിപ്പിക്കൽ നിയമത്തെ സംബന്ധിച്ചാണെങ്കിൽ അതിൽ ഉദ്ദേശിച്ചിട്ടുള്ള നല്ല വശങ്ങളെ സ്പർശിച്ചെങ്കിൽ മാത്രമേ ഈ നാട്ടിൽ അതിന്റെ ആപ്ലിക്കേഷൻകൊണ്ടു ഗുണമുണ്ടാവുകയുള്ളു. എന്നാൽ അത്രത്രമാത്രം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയും എന്നുള്ളതിലാണെനിക്കു സംശയം. ഒഴിപ്പിക്കൽ സംബന്ധിച്ചു് പൊതുവേ ഇല്ലായ്മ ചെയ്യണമെന്നാണു് എന്റെ വിചാരം. ഈ വെറുംപാട്ട ബില്ലിനോടു വളരെ ബന്ധപ്പെട്ട ഒരു ബില്ലാണു് ഭൂമിയുടെ പരിധി നിർണ്ണയബില്ലും. അതേ സംബന്ധിച്ചു പറയുന്ന കൂട്ടത്തിൽ എനിക്കു ഒന്നു രണ്ടു സംഗതികൾ പറയാനുണ്ടു്. സ്വന്ത ആവശ്യത്തിനായി ജന്മിക്കു ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നു് വ്യവസ്ഥയും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഇങ്ങനെ വരുന്ന അവസരത്തിൽ പാട്ടക്കൃഷിക്കാരനു് കൃഷിചെയ്യുന്നതിനുള്ള താല്പര്യം കുറയുന്നതിനു കാരണമായിത്തീരുന്നു. ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മേൽ പറഞ്ഞ വ്യവസ്ഥകൾ പരിശോധിച്ചു നോക്കുന്നപക്ഷം കൃഷിക്കാരെ സംബന്ധിച്ചിട

[ശ്രീ. കെ. എ. ശിവരാമഭാരതി]

ത്തോളം അവർ വളരെ അവശതകൾ അനുഭവിക്കേണ്ടതായിട്ടാണിരിക്കുന്നത്. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾക്ക് ഇട നൽകരുതെന്ന് ഒരു സോഷ്യലിസ്റ്റ് ഗവണ്മെൻറ് എന്നു അഭിമാനിക്കുന്ന ഇന്നത്തെ ഗവണ്മെൻറിനെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ കാര്യത്തിൽ സെലക്ട് കമ്മിററി വളരെ കാര്യമായി ശ്രദ്ധിക്കേണ്ടതാണ്.

ഇനി ഫെയർ റെൻറിനെപ്പററി പറയുമ്പോൾ ആദായത്തിൻെറ നാലിൽ ഒന്ന് കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതു വളരെ കൂടുതലാണോ കുറഞ്ഞുപോയോ എന്നുള്ളത് അഭിപ്രായ വ്യത്യാസമുള്ള കാര്യമാണ്. എന്നെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഇത് വളരെ ആശ്വാസകരമാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇന്ന് പല സ്ഥലങ്ങളിലും ഭീമമായ പാട്ടമാണ് നിശ്ചയിച്ചിരിക്കുന്നത്. ചില സ്ഥലങ്ങളിൽ പകുതിയും ചിലയിടങ്ങളിൽ മൂന്നിലൊന്നുമാണ് കൊടുക്കുന്നത്. എന്നാൽ ഈ ബില്ലിൽ നാലിൽ ഒന്നു എന്നു വച്ചിരിക്കുന്നതു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമാണ്. പക്ഷേ ഫെയർ റെൻറ വ്യവസ്ഥയുടെ വേറൊരു ഭാഗത്തു പറമ്പുകളെ സംബന്ധിച്ച് പറയുന്നതു നോക്കുകയാണെങ്കിൽ അതു കർഷകരെ സംബന്ധിച്ചിടത്തോളം വളരെ അധികമാണ് എന്ന് പറയാതെ തരമില്ല. അതു കുറച്ചു കിട്ടത്തക്കവിധം വേണ്ടതു ചെയ്യേണ്ടതാണ്. നിവൃത്തിയുള്ളിടത്തോളം കുറയ്ക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നുമെന്നുള്ള കാര്യത്തിൽ സെലക്ട് കമ്മിററി ശ്രദ്ധിക്കണം.

പിന്നെ മുനിസിപ്പാലിററികളുടെ അതിർത്തിക്കകത്തുള്ള വസ്തുക്കളെ സംബന്ധിച്ച് ഇവിടെ പലരും സംസാരിച്ചു. അതു വാസ്തവത്തിൽ ശരിയാണ്. മുനിസിപ്പാലിററിക്കകത്തു കൃഷി നടത്തുന്നു എന്നുള്ളതുകൊണ്ടു മാത്രം ബില്ലിൽ ഉള്ള ആനുകൂല്യങ്ങൾ ഒന്നും അവർക്ക് കിട്ടുന്നില്ല എന്നു പറയുന്നതു ശരിയല്ല. എല്ലാത്തരത്തിലുള്ള ആനുകൂല്യങ്ങളും എല്ലാവർക്കും ലഭിക്കത്തക്കവണ്ണമുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തണം.

പൊതുവേയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. എല്ലാ ബില്ലുകളേയും സംബന്ധിച്ച് ഇപ്പോൾ പറയുന്നതു് അനൗചിത്യം കൂടിയാണ്. ഈ ബില്ലിനെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ സെലക്ട് കമ്മിററി ഗൗരവമായി പരിചിന്തനം നടത്തണമെന്നും ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : സർ, കർഷകരും, സാധാരണക്കാരുമായ ബഹുജനങ്ങളുടെ നിരന്തരവും, ആവേശകരവുമായ പ്രക്ഷോഭണങ്ങളുടേയും, പ്രവർത്തനങ്ങളുടേയും ഫലമായിട്ടാണ് ഇങ്ങനെയൊരു ബിൽ ഇവിടെ ഹാജരാക്കാനിടയായതെന്നുള്ള യാഥാർത്ഥ്യം ബഹുമാനപ്പെട്ട പത്തനാപുരം മെംബർ വിസ്മരിച്ചിരിക്കുകയാണ്. ഞാൻ അദ്ദേഹത്തെ അതിൽ കുററപ്പെടുത്തുന്നില്ല. ചരിത്രപരമായ യാഥാർത്ഥ്യങ്ങൾ ആരെക്കൊണ്ടും മറയ്ക്കാൻ സാദ്ധ്യമല്ലല്ലോ. അദ്ദേഹം എന്തു പറഞ്ഞാലും ബഹുജന പ്രക്ഷോഭണമാണ് ഈ ബിൽ അവതരിപ്പിക്കുന്നതിനുള്ള ഒരു

പശ്ചാത്തലം സൃഷ്ടിച്ചതെന്നുള്ള വസ്തുത ഞങ്ങൾക്കു പ്രത്യേകം സ്മരിക്കാതെ വയ്യാതായി. സർ, ഇന്നു നിലവിലിരിക്കുന്ന വർഗ്ഗസംഘട്ടനങ്ങളുടെ സാഹചര്യത്തിൽ, നിലവിലിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിനല്ലാതെ ഈ ഗവണ്മെൻറിന് സാദ്ധ്യമല്ലെന്നുള്ള വിവരം ഞങ്ങൾക്കറിയാം.

സർ, ഈ ബില്ലിനെ പരാമർശിച്ചു പ്രധാനമായി ഇവിടെ രണ്ടു അഭിപ്രായഗതിയാണുണ്ടായതു്. ഒരു ഭാഗത്തുനിന്നും ഉണ്ടായ ആക്ഷേപങ്ങളുടെ ആകെത്തുക എടുക്കുകയാണെങ്കിൽ, ഇതിൽ അത്രമാത്രം ആശ്വാസപ്രദമായി കർഷകർക്കു് ഒന്നും പ്രതീക്ഷിക്കാനില്ലെന്നും, താരതമ്യേന കൂടുതൽ വൈഷമ്യങ്ങൾ സൃഷ്ടിക്കുകയായിരിക്കും ഇതിന്റെ അനന്തരഫലമെന്നും, 'വെറും പാട്ടദാർ ബിൽ കുടിയാന്മാരുടെ കൈവശാവകാശസ്ഥിരതയ്ക്കു കുറെക്കൂടി ദുർബ്ബലതയാണുണ്ടാകുന്നതെന്നും ആണു് പറഞ്ഞിരിക്കുന്നതു്. മറുഭാഗക്കാരാകട്ടെ, ഈ ബിൽ ക്രമത്തിലധികം വിപ്ലവകരമായിപ്പോയി എന്നു സമ്മതിക്കുകയും, ഇത്രമാത്രം പരിവർത്തനം ഉടനടി വരുത്തുന്നതിൽ തൈ മുഖ്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഈ ബിൽ ശരിയായി പരിശോധിച്ചാൽ, പാട്ടം സ്ഥിരതയ്ക്കുള്ള വ്യവസ്ഥ കുറെക്കൂടി ശക്തിമത്താക്കണമെന്നും, ബിൽ കുറെക്കൂടി വിപുലീകരിക്കണമെന്നും പൊതുവെ പറയാതിരിക്കാൻ സാദ്ധ്യമല്ല.

ബഹുമാനപ്പെട്ട മണലൂർ മെംബറും, രാമപുരം മെംബറും, നെയ്യാററിങ്കര മെംബറും പറഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങളെ സ്പർശിച്ചു സംസാരിക്കാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മണലൂർ മെംബർ പറഞ്ഞ ഒന്നുരണ്ടു അഭിപ്രായത്തോടു യോജിക്കാൻ ഞാൻ തയാറാണു്. അദ്ദേഹം പറയുകയുണ്ടായി, ഇന്നു കൊച്ചിയിൽ നിലവിലുള്ള വെറും പാട്ടദാർ ആക്ററിൽ ഒരു കാരണവശാലും കുടിയാനവനെ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഭേദഗതി ചെയ്തു അവർക്കു് കൂടുതൽ വൈഷമ്യമുണ്ടാക്കുന്ന ഒരു ബില്ലായിട്ടാണു് ഇതു് പ്രയോഗത്തിൽ വരുന്നതെന്നു്. അതു് നീതിരഹിതമായ ഒരു ഭേദഗതിതന്നെയാണെന്നു ഞാനും സമ്മതിക്കുന്നു. പുതിയതായി നിയമനിർമ്മാണം നടത്തുമ്പോൾ നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന മനോഭാവം ആശാസ്യമല്ല. കുടിയാനവനെ ഗുണപ്പെടുത്താൻ നടത്തുന്ന നിയമനിർമ്മാണം അവനു് അനുഭവത്തിലിരിക്കുന്ന ഗുണഫലങ്ങൾ നഷ്ടപ്പെടുത്തുകയാണെങ്കിൽ അതു് സ്വീകാര്യമായിരിക്കുകയില്ല. ഈ കാര്യം സെലക്ററുകമ്മിററിയുടെ ശ്രദ്ധയിൽപ്പെടുമെന്നു വിശ്വസിക്കുന്നു.

മറെറാരു കാര്യം ജന്മിയെ സംബന്ധിച്ചിടത്തോളം ഭൂപരിധി നിശ്ചയിക്കാതെ, കുടിയാനവനു് മൂന്നേക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ പാടില്ലെന്നു് ഒരു പരിധിനിർണ്ണയം ചെയ്തിരിക്കുന്നതാണു്. അതും ശരിയല്ല. ജന്മിക്കു് എത്രമാത്രം ഭൂമിയുണ്ടായിരുന്നാലും, കുടിയാനവന്റെ മൂന്നേക്കറിൽ കൂടുതലുള്ള കൈവശഭൂമി ഒഴിപ്പിക്കാമെന്ന വ്യവസ്ഥ മാറേറണ്ടതാണു്. ഇങ്ങനെ ഭൂപരിധി നിർണ്ണയിച്ചിരിക്കുന്നതു് കുടിയാനവനെ സംബന്ധിച്ചിടത്തോളം ദോഷകരമാണു്. സർ, ഈ ബില്ലിന്റെ ഗുണമോ, ദോഷമോ, നന്മയോ, തിന്മയോ നിശ്ചയിക്കേണ്ടതു് ബിൽ അവതരിപ്പിക്കുന്നവരുടെ ചിന്താഗതിയെയും, വർഗ്ഗതാൽപ്പര്യങ്ങളെയും അടിസ്ഥാനമാക്കിയാണു്. അങ്ങനെ നോക്കുമ്പോൾ ഈ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

ബിൽ ജന്മിമാരുടെ അവകാശങ്ങളും, താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി പക്ഷപാതപരമായി രൂപം കൊണ്ടിട്ടുള്ള ഒന്നാണെന്ന് നിസ്സംശയം പ്രസ്താവിക്കാൻ സാധിക്കും. സർ, പൊതുവേ നോക്കുമ്പോൾ ഇതു് ജന്മി പക്ഷപാതപരമായ ഒരു ബില്ലാണെന്ന് തീർത്തു പറയേണ്ടിയിരിക്കുന്നു. എന്നാലും കുടികിടപ്പുകാർക്കു തിരെ ആനുകൂല്യം ഇല്ലാതാക്കിത്തീർക്കുന്ന ഒരു ബില്ലാണിതെന്നു ഞാൻ കരുതുന്നില്ല. അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി ഇനിയും ഈ ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. എന്റെ ബഹുമാന്യ സ്നേഹിതൻ രാമപുരം മെംബർ ഇവിടെ ചില ചില്ലറ അഭിപ്രായങ്ങൾ ഉന്നയിക്കുകയുണ്ടായി. അദ്ദേഹം, തന്റെ സ്വതന്ത്രസിദ്ധമായ വിളുഷകഭാഷയിൽ ചില കാര്യങ്ങൾ സഭയിൽ ചൂണ്ടിക്കാണിച്ചു. അദ്ദേഹത്തിന്റെ ഭാഷയെപ്പററിയോ, വേഷത്തെപ്പററിയോ, അഭിനയത്തെപ്പററിയോ പറഞ്ഞു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രധാനമായി അദ്ദേഹം ഉന്നയിച്ചതു് ബില്ലിൽ 'ഫെയർ റെൻറ്' എന്നു പറഞ്ഞിട്ടുള്ളതു് യഥാർത്ഥത്തിൽ ഒരു 'അൺ ഫെയർ റെൻറ്' ആണെന്നാണ്. സർ, ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കുകയാണ് ചെയ്യുന്നതു്. ഇനി മറെറാന്ന്, ബില്ലിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വായനയും, കണക്കുകൂട്ടലുംമററും ഒരു പ്രത്യേക രീതിയിലാണ്. അതു മാത്രമോ, ബില്ലിനെപ്പററി മററുള്ളവർക്ക് തന്നെപ്പോലെ അറിവില്ലെന്ന് ഒരു ഭാവവും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ കണക്കു കൂട്ടലനുസരിച്ച്, നൂറു പറ നെല്ല് ആണ്ടിനാൽ പാട്ടം കിട്ടുന്ന സ്ഥലത്തുനിന്നും ഈ ബിൽ പാസായിക്കഴിഞ്ഞാൽ ഇരുപത്തഞ്ചുപറ നെല്ല് മാത്രമെ കിട്ടുകയുള്ളൂ എന്നു സമർത്ഥിച്ചിരിക്കുന്നു. ഈ കണക്കു കൂട്ടലിൽനിന്നും മനസ്സിലാക്കുന്നതു്, ഭൂമിയുടെ നല്ലതില്ല അനുസരിച്ചുള്ള ഉൽപ്പാദനവും പാട്ടവുംതമ്മിൽ യാതൊരു വിവരവും അദ്ദേഹത്തിനില്ലെന്നാണ്. എന്നാൽ അദ്ദേഹം ഉദ്ദേശിക്കുന്നതു്, ബില്ലിൽ പറയുന്നതുപോലെ വിളവിനെ അടിസ്ഥാനപ്പെടുത്താതെ, ഏക്കറേക്കു കണക്കിൽ നാലിലൊന്ന്, എട്ടിലൊന്ന് ഇങ്ങനെയുള്ള ഒരു ഫെയർ റെൻറ് ആണെങ്കിൽ ഞാൻ അതിനോടു് യോജിക്കുന്നില്ല. മാത്രമല്ല, അത്തരം ഒരു പാട്ടസമ്പ്രദായം അശാസ്ത്രീയവുമാണ്. കാരണം ഭൂമിയെ സംബന്ധിച്ചു വൈവിദ്ധ്യം വിളവിനെ സംബന്ധിച്ചും ഉണ്ടായിരിക്കും. ആ സ്ഥിതിക്ക് പാട്ടം നിശ്ചയിക്കുന്നതു് സാർവ്വത്രികമായ ഒരു അടിസ്ഥാനതത്വത്തിൽ ആയിരിക്കേണ്ടതാണ്. അല്ലെങ്കിൽ, ഓരോ വർഷവും കൃഷിച്ചെലവു കഴിച്ചു് ബാക്കിയുള്ള വിളവിന്റെ കണക്കനുസരിച്ചു് പാട്ടം നിശ്ചയിക്കേണ്ടതാണ്. അതുചെയ്യാതെ, നിലത്തിന് ഇന്നപാട്ടം, തെങ്ങിൻതോപ്പിനു ഇന്ന പാട്ടം, പറമ്പിന് ഇന്ന പാട്ടം എന്നൊക്കെ ഒന്നും കാണാതെയും, അറിയാതെയും അശാസ്ത്രീയമായിട്ടുള്ള പാട്ടം നിശ്ചയിച്ചാൽ അതു് കുടിയാന് വലിയ ദോഷമാണുണ്ടാക്കുന്നതു്. ഉദാഹരണത്തിനു വേണ്ടി പറയുകയാണെങ്കിൽ, കായൽക്കൃഷിക്ക് നാലിലൊന്നു പാട്ടം നിശ്ചയിച്ചിരിക്കുന്നതു്, മിക്കപ്പോഴും പാട്ടക്കാരൻ നഷ്ടപ്പെട്ടു പാട്ടം കൊടുക്കേണ്ടതായിട്ടാണു വരുന്നതു്. അതുപോലെതന്നെ തെങ്ങിന്റെ കാര്യത്തിലും. അതുകൊണ്ടു് ഇങ്ങനെ നാലിലൊന്ന്, എട്ടിലൊന്ന് എന്നിങ്ങനെയുള്ള പാട്ടവ്യവസ്ഥ തത്വത്തിനും യുക്തിക്കും യോജിച്ചതല്ല എന്നു പറയേണ്ടിയിരിക്കുന്നു.

അടുത്തതായി, ബില്ലിലെ 5-ാം വകുപ്പിനെപ്പററി ബഹുമാനപ്പെട്ട നെയ്യാററിങ്കര മെംബർ ഉന്നയിച്ച ഒരു വാദമുഖത്തെപ്പററിയാണ് എനിക്ക് പറയാനുള്ളത്. കുടിയാന്റെ അല്ലെങ്കിൽ പാട്ടക്കാരന്റെ പാട്ടക്കുടിശ്ശികയെ സംബന്ധിച്ചിടത്തോളം കുടിയാനിൽനിന്നും വസ്തു ഒഴിപ്പിക്കാനുള്ള വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. ഞാൻ ആദ്യമെ പറഞ്ഞല്ലോ ഇതിൽ രണ്ടു വിഭാഗക്കാരുണ്ടെന്ന്. അതിൽ ഒന്നാണ് അദ്ദേഹത്തിന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ഉൾപ്പെടുന്ന വിഭാഗം. ഒരു കുടിയാൻ നിവൃത്തിയില്ലാതെ ഒരാണ്ടിൽ പാട്ടക്കുടിശ്ശിക വരുത്തിയാൽ ഉടനെ അയാളെ അവിടെനിന്നും ഇറക്കിവിട്ട് വസ്തു ഒഴിപ്പിച്ചെടുക്കാൻ അവകാശം ഉണ്ടായിരിക്കണമെന്നു പറയുമ്പോൾ അദ്ദേഹത്തെ പഠിപ്പിച്ച ഭൂവുടമ സമ്പ്രദായമായിരിക്കണം ഇങ്ങനെ ആവശ്യപ്പെടാൻ പ്രേരിപ്പിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വാദം അദ്ദേഹം മറെറാരു സന്ദർഭത്തിൽ പറയുകയായിരുന്നെങ്കിൽ ഞാൻ അതിന് ഭംഗിയായി മറുപടി നൽകുമായിരുന്നു. സർ, ഏതായാലും സോഷ്യലിസത്തിന്റേതായുള്ള ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ പി. എസ്. പി. ഗവണ്മെന്റ് ആഗ്രഹിക്കുന്നുവെങ്കിൽ ഒരു കുടിയാൻ വരുത്തുന്ന നിസ്സാരമായ പാട്ടക്കുടിശ്ശികയ്ക്കുവേണ്ടി അയാളെ വസ്തുവിൽനിന്നും ഇറക്കിവിടുന്നത് ന്യായീകരിക്കത്തക്കതാണെന്ന് ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് എവിക്ഷനെ സംബന്ധിച്ചിടത്തോളം ബില്ലിലെ 7-ാംവകുപ്പിൽ പറയുന്ന എല്ലാ വ്യവസ്ഥകളെയും എടുത്തുകളയണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ഈ ബില്ലിന്റെ പേരുതന്നെ 'വെറും പട്ടാദാർ'ബിൽ എന്നാണ്. പേരു കേൾക്കുമ്പോൾ പട്ടാദാരന്മാർക്ക് ഗുണകരമായ ഒരു ബില്ലെന്നാണ് മനസ്സിലാകുന്നത്. എന്നാൽ വെറും പാട്ടക്കുടിയാൻ ബില്ലെന്നു പറയുന്നത് ഭൂമിയിൽ അവർക്കുള്ള അവകാശത്തെ സംരക്ഷിക്കാത്ത ഒരു ബില്ലെന്നുവേണം മനസ്സിലാക്കേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ കളിപ്പിച്ചു കളിപ്പിച്ചു കുഞ്ഞില്ലാതായതുപോലെ വെറും പട്ടാദാർ ബില്ലിന്റെ പ്രവർത്തനത്തോടുകൂടി ഈ സംസ്ഥാനത്ത് അങ്ങനെയൊരു വർഗ്ഗമേ ഇല്ലാതാകാനുള്ള സാദ്ധ്യതകളാണുള്ളത്. അതുകൊണ്ട് ഞാൻ പറയുന്നത് പട്ടാദാരന്മാർക്ക് നന്മ വരത്തക്കവിധത്തിൽ, വേണ്ട ഭേദഗതികൾ ഈ ബില്ലിൽ വരുത്തണമെന്നാണ്. അതല്ലാതെ, അസാധാരണത്വത്തിനുവേണ്ടി സാധാരണത്വത്തെ നിഹനിക്കുന്ന ഒരു ബിൽ അവതരിപ്പിക്കുന്നതിൽ അനുകൂലിക്കാൻ തയ്യാറില്ല. Prevention of Eviction Bill-നെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു ഡിക്ലറേഷൻ നടത്തിക്കഴിഞ്ഞിരിക്കുന്നുവെന്നു പ്രസ്താവിക്കുകയുണ്ടായി. പക്ഷെ, കുടികിടപ്പുകാരൻ അവന്റെ വസ്തുവിൽനിന്നും ഇറങ്ങി വെളിയിൽപോയാലും നിർഭാഗ്യവശാൽ അവൻ കോടതി കാക്കണമെന്നുള്ള അവസ്ഥയാണ് അതുകൊണ്ടുണ്ടായിരിക്കുന്നത്. പട്ടാദാരന് ഭൂമിയിലുള്ള സ്ഥിരാവകാശം ഇല്ലായ്മ ചെയ്തു അവനെ ഒഴിപ്പിച്ചുവിടാൻ ജന്മിമാർക്ക് അവകാശം കൊടുക്കുന്ന ഒരു പ്രത്യേകതരം നിവൃത്തനം ഉൾക്കൊള്ളുന്നതാണ് ഈ ബില്ലിലെ 7-ാംവകുപ്പ്. സമയച്ചുരുക്കത്താൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ലെങ്കിലും ബില്ലിലെ സെക്ഷൻ 7 (1)-ാംവകുപ്പിൽ പറയുന്നതു ഇങ്ങനെയാണ്.

"That he has wilfully denied the title of the Jenmi or of any intermediate landlord between himself and the Jenmi, before the date of such suit".

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

ഇത വ്യവസ്ഥയനുസരിച്ച് ഒരു കുടിയാനു് അവന്റെ ഭൂമിയിലുള്ള ഉടമസ്ഥാവകാശത്തെസംബന്ധിച്ച് ഒരു ഡിക്ലറേഷൻകേസ് കോടതിയിൽ കൊടുക്കണമെങ്കിൽ ഭൂമിയിൽനിന്നും ഇറക്കിവിടപ്പെട്ട കുടിയാൻ തന്നെ പണം ചെലവാക്കി കേസുകൊടുക്കണമെന്നാണു ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്. അതുപോലെ സെക്ഷൻ, 7 (2)—ാംവകുപ്പിൽ പറയുന്നതു കൂടി ഞാൻ വായിക്കാം.

"that he has intentionally and wilfully committed such acts of waste as are calculated to impair materially and permanently the value of utility of the holding for agricultural purposes;"

ഈ വ്യവസ്ഥയും മനപ്പൂർവ്വമായി കുടിയാനെ ഭൂമിയിൽനിന്നും ഒഴിപ്പിച്ചുവിടാനായിട്ട് അറിഞ്ഞുകൊണ്ടുവച്ചിട്ടുള്ള ഒരു വകുപ്പാണു്. ഒരു കുടിയാൻ അവന്റെ ഭൂമിയിൽ, അല്ലെങ്കിൽ ഒരു കൃഷിക്കാരൻ അവന്റെ ഭൂമിയിൽ വെളുപ്പിനു മുതൽ അർദ്ധരാത്രിവരെ താനും തന്റെ സഹധർമ്മിണിയുംകൂടി കഠിനാദ്ധ്വാനംചെയ്തു ഉണ്ടാക്കിയിരിക്കുന്ന വിളവുകളെ ഇല്ലായ്മചെയ്തു അവരെ അവിടെനിന്നും ഒഴിപ്പിക്കാനുള്ള ഒരു വ്യവസ്ഥയാണു് ഈ വകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. സർ, ഇതാണോ Fixity of tenure?

ഇങ്ങനെ ഇന്നൊഴിപ്പിക്കും, നാളെ ഒഴിപ്പിക്കും എന്നു കരുതിയിരിക്കുന്ന പാട്ടക്കാരനു് പാട്ടഭൂമിയിൽ ചെയ്ത അദ്ധ്വാനത്തിനെങ്കിലും ഒരു പ്രതിഫലവുമില്ലാതെ ഒഴിയേണ്ടിവരും. അനാവശ്യമായ ഭൂമികയ്യേറ്റങ്ങളെ തടയുവാൻ തൻറേടുള്ള ലാൻഡ് മിനിസ്റ്റർ, കർഷകൻ ദേഹണ്ഡിച്ചു നന്നാക്കിവച്ച ഭൂമി ഒഴിപ്പിച്ചെടുക്കാതിരിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടാക്കിയില്ലാ എന്നു് വ്യസനത്തോടുകൂടി പറയുവാനു ഞാൻ ആഗ്രഹിക്കുന്നു.

11 A. M.]

പിന്നീട് ഈ ബില്ലിൽ ക്ലാസ് ഏഴിൽ സബ്ക്ലാസ് മൂന്നിൽ പറയുന്നതുനോക്കുക.

"That he has collusively allowed a stranger to encroach on the holding or part thereof adversely to the interest of the jenmi or any intermediate landlord between himself and the jenmi."

ഞാൻ ഇതു സംബന്ധിച്ച് എന്റെ ഒരു അനുഭവം ഇവിടെ പറയാം. ഈ അടുത്തകാലത്തു നടന്ന ഒരു സംഭവം. ഞാൻ താമസിച്ചുകൊണ്ടിരുന്ന സ്ഥലത്തിനടുത്തു് രണ്ടു പുരയിടങ്ങൾ ഉണ്ടു്. ഒരു അതിരാണു്. അതിൽ ഒന്നിൽ ഒരു കൂലിപ്പണിക്കാരനാണു് താമസിച്ചിരുന്നതു്. വൈകുന്നേരംവരെ പണിചെയ്തു് മുന്നിടങ്ങഴി നെല്ലുകിട്ടുന്നതു് വച്ചുകുലം കഴിക്കുകയാണു് ഒരാൾ—മറ്റൊരാൾ ഈയാളെക്കൊണ്ടു് കൂലിപ്പണി ചെയ്യിച്ചു് ഈ വസ്തുവും കൂടി സമ്പാദിക്കണമെന്നു കരുതിയിരിക്കുന്നയാളുമാണു്. ഇവർ തമ്മിൽ വസ്തുക്കളുടെ അതിരു സംബന്ധിച്ചു് വഴക്കുകൾ തുടങ്ങി. അതു വലിയ വഴക്കായി. അതിൽ മാറ്റം എന്നു പറഞ്ഞതു് ഒടുവിൽ പുറമ്പോക്കു ഭൂമി കൈവശപ്പെടുത്തിയതായി—ആ വസ്തു ഒഴിപ്പിച്ചെടുക്കാനുള്ള നടപടികളെല്ലാമായി—ഈ

ബിൽ കൃഷിക്കാരനുവേണ്ടിയുള്ള നിയമമല്ല, അദ്ധ്വാനിക്കുന്നവനുവേണ്ടിയുള്ള നിയമമല്ല; സാധാരണക്കാരനുവേണ്ടിയുള്ള നിയമമല്ല, സാധാരണക്കാരനുവേണ്ടിയുള്ള ഒരു ബില്ലായിരിക്കും ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിക്കുന്നതു് എന്നായിരുന്നു ഞങ്ങളുടെ ധാരണ. കണ്ടപ്പോൾ മറിച്ചാണു്. ഈ ബിൽ ഇങ്ങനെ ഡ്രാഫ്റ്റ് ചെയ്ത ധനകാര്യമന്ത്രിയെ അനുമോദിക്കാൻ ഞാൻ ഒന്നുംതന്നെ ഈ ബില്ലിൽ കാണുന്നില്ല. ഈ ബില്ലിലെ ഓരോ വകുപ്പുകളും എടുത്തു പരിശോധിച്ചു ഞാൻ ബോദ്ധ്യപ്പെടുത്തിത്തരാം. ജന്മിക്കു ന്യായമായിട്ടു അയാളുടെ ഭൂമിയിന്മേലുള്ള ഷെയർ റെൻറ് കിട്ടാനുള്ള വ്യവസ്ഥ മാത്രമെ ഈ വെറംപാട്ടബില്ലിൽ കാണുവാൻ തരമുള്ളു എന്നാണു് എന്റെ അഭിപ്രായം.

സർ, മറെറാരു കാര്യം ഇവിടെ പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. വെറംപാട്ടക്കാർ ആരാണു് എന്നുള്ള വകുപ്പിനെപ്പററി ഈ ബില്ലിൽ വെറംപാട്ടക്കാരൻ എന്ന നിർവ്വചനത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു് ഈ ബിൽ പാസ്സായിക്കഴിയുമ്പോഴേക്കും, എത്രപേർ കാണുമെന്നാണു് നോക്കാനുള്ളതു്. ഈ നിർവചനത്തിൽ പലതരം പാട്ടക്കാരേയും ഒഴിവാക്കിയിരിക്കുന്നു. കാണപ്പാട്ടക്കാരനെ, പാതിവാരക്കാരനെ, പങ്കുപാട്ടക്കാരനെ എന്നിങ്ങനെ പലരേയും ഒഴിവാക്കിയിട്ടുണ്ടു്. അതു നിമിത്തം ഈ ബില്ലിനെസംബന്ധിച്ചിടത്തോളം കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ല എന്ന മാതിരി, അവസാനം ഈ ബില്ലിന്റെ പരിധിയിൽപ്പെടുന്ന ആളുകൾ ആരും ഇല്ലാതെവരുമെന്നാണു് എനിക്കു പറയുവാനുള്ളതു്.

[Mr. Speaker in the Chair.]

ഞങ്ങളുടെ പ്രദേശത്തു് വെറം പാട്ടത്തിന്റെ സ്വഭാവത്തിൽ ജന്മിയുടെ കൈയിൽനിന്നും ഭൂമിയെടുത്തു കൃഷി നടത്തുന്നവർ ഉണ്ടു്. കൃഷിയുടെ സകലചുമതലയും അവൻതന്നെ വഹിക്കുന്നു. കൃഷിയിടുന്നതു് അവൻ, കൂലികൊടുക്കുന്നതു് അവൻ, കൊയ്യുന്നതു് അവൻ, ഇങ്ങനെ എല്ലാം അവൻ തന്നെ ചെയ്യുന്നു. ദേവസ്വം വസ്തുക്കളെസംബന്ധിച്ചും ഊരാഴ്മക്കാരൻ ഇവ മുഴുവനും ചെയ്യുന്നുണ്ടു്. പക്ഷെ അവർക്കു് പ്രതിമാസം മൂന്നു പറ നെല്ലുവച്ചു കണക്കാക്കി രണ്ടുമാസത്തെ ശമ്പളം കൊടുക്കുന്നു. നിരവധികാലമായി ഭൂമി കൈവശംവച്ചു് കൃഷിചെയ്തുവരുന്ന കുടിയാനവന്മാരെ വസ്തു എളുപ്പം ഒഴിപ്പിക്കുന്നതിനുവേണ്ടി പാട്ടക്കാരുടെ പരിധിയിൽ കൺവർട്ടു ചെയ്തുകൊണ്ടു് വരികയാണിപ്പോൾ ചെയ്യുന്നതു്. ഇപ്രകാരം നിരാക്ഷേപമായി, വളരെക്കാലമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ, ഇന്നു് ഒരു ജന്മിക്കു, പ്രാമാണ്യമുള്ള ഒരു ജന്മിക്കു്, പണമുള്ള ഒരു ജന്മിക്കു്, പോലീസ്സിനു കൈക്കൂലി കൊടുത്തു് അവരെക്കൊണ്ടു് ഒഴിപ്പിച്ചെടുക്കുന്ന ജന്മിക്കു്, ഈ ബിൽ നടപ്പിൽ വരുമ്പോൾ കുറെക്കൂടി സൗകര്യമായി എന്തെല്ലാം വേണമെങ്കിലും ചെയ്യാം. പോലീസുകാരെക്കൊണ്ടു് പല കുടിയാനവന്മാരെയും ഒഴിപ്പിച്ചിട്ടുള്ളതായി ഞങ്ങൾക്കറിയാം. ഈ രാജ്യത്തു് അഴിമതി നടത്തുന്ന പോലീസുകാരുടെ പേരിൽ നടപടി എടുക്കാം എന്നു് ഇന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചു. അതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഇപ്പോൾ കുടിയാനവന്മാർക്കു് അവരുടെ കൈവശമിരിക്കുന്ന വസ്തുക്കളിന്മേൽ യാതൊരവകാശവുമില്ല. വെറം പാട്ടകുടിയാൻമാർക്കുവേണ്ടി നിയമം ഉണ്ടാക്കിയാൽ, അതു് അവർക്കു് പ്രയോ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

ജനമുണ്ടായിരിക്കണമെന്നാണു ഞാൻ പറയുന്നതു്. ഈ ബില്ലിൽ ജന്മിക്കു പ്രയോജനപ്രദമായ വ്യവസ്ഥകളാണുള്ളതു്. ഇങ്ങനെ ഈ ബില്ലിനെപ്പററി അനേകം മണിക്കൂറുകൾ സംസാരിക്കാനുണ്ടു്.

Clause 34 deals with conditions of surrender of holding. It says:—

"A verumpattamdar may surrender the holding to his landlord where he has not sub-leased the holding, provided

(*a*) one month's notice of his intention to do so has been given in writing to the landlord;

(*b*) no portion of the holding is excluded except as the result of irresistible force;

(*c*) the arrears of pattam and other accrued dues are tendered;

(*d*) the value or utility of the holding has not been materially and permanently impaired during the tenancy by acts of waste.

The landlord shall be bound to accept the surrender after giving credit to the security for pattam, if any, received, but shall not be liable to pay the value of improvements, which he would otherwise be bound to pay under the Travancore-Cochin Compensation for Tenants' Improvements Act, 1954."

ഇതു് ഏതു ചിന്താഗതിയിൽനിന്നും ഉൽഭവിച്ച വകുപ്പാണെന്നു് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകുമെന്നു ഞാൻ ആശിക്കുന്നു. ഭൂ ഉടമസ്ഥന്മാരുടെ താൽപ്പര്യ സംരക്ഷണത്തിനു് യാതൊരു ന്യൂനതയും വന്നിട്ടില്ല. ദേഹണ്ഡം പോലും കുടിയാന്മാർക്കു് കൊടുക്കാതെ വസ്തു ഒഴിപ്പിച്ചെടുക്കാൻ കഴിയും. ഈ വകുപ്പു് ഇതിനകത്തു് എഴുതിച്ചേർക്കാൻ എന്തു ചിന്താഗതിയാണു് ഇതിന്റെ ഭാരവാഹികളെ പ്രേരിപ്പിച്ചതു് എന്നുള്ളതു മനസ്സിലാക്കാൻ കഴിയുന്നില്ല.

സർ, ഞാൻ കുറെ അധികം സമയം ഈ ബില്ലിനെപ്പററി പറയുവാൻ എടുത്തു. ഈ രാജ്യത്തെ ഭൂമിയില്ലാത്തവന്റെ താൽപ്പര്യത്തെ സംരക്ഷിക്കണമെന്നുള്ള ഒരു തത്വം വേണം ഈ മാതിരി ബില്ലുകളിൽ ഉണ്ടായിരിക്കാൻ. അതു് ഈ ബിൽ എഴുതി ഉണ്ടാക്കിയ സമയം നോക്കിയോ എന്നു ഞാൻ സംശയിക്കുന്നു. നിയമം സാധാരണക്കാരന്റെ സാരമായി, മൗലികമായി ബാധകമായി വരണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതു സെലക്ററുകമ്മിററിക്കയയ്ക്കുമ്പോൾ ഈ വകുപ്പുകൾ കൂടി ശ്രദ്ധിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

സർ, അടിയന്തിരമായ ഒരു കാര്യംകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. പുറംപോക്കുഭൂമിയിൽ കുടികെട്ടി പാർക്കുന്ന നിരവധി ആളുകളെ പുറംപോക്കു നിയമം അനുസരിച്ചു കേസ്സെടുത്തു് ഒഴിപ്പിച്ചിട്ടുണ്ടു്. ഇതു പറയുമ്പോൾ ഹൃദയം ഉള്ളവരുടെ ഹൃദയം തകരത്തക്കവിധത്തിലുള്ളതും ഈ രാജ്യത്തു നടക്കുന്നുണ്ടെന്നാണു് ഞാൻ സഭയെ അറിയിക്കുന്നതു്. സർ, മാവേലിക്കരെ ഒരു പുറംപോക്കു ചിറയുണ്ടു്. എന്റെ ഒഴിവുകാലത്തു്, അവിടെ ആരും നടക്കുകയില്ല; അങ്ങനെ കുടുപിടിച്ചു

കിടന്നിരുന്ന സ്ഥലം ഒരു ഉദ്യാനമായി മാററിയിരുന്നു. അവ്ടെ അടയ്ക്കാ മരം, പ്ലാവ്, തെങ്ങ് മുതലായവ കൃഷി ചെയ്തിരുന്നതു കണ്ടാൽ ആരും നോക്കി നിന്നുപോകും. അങ്ങനെ അദ്ധ്വാനിച്ച് അവ്ടെ കുടികെട്ടി താമസിച്ചിരുന്നവരെ കുടിയ്റക്ക നിയമപ്രകാരം ഒഴിപ്പിച്ചു. ഇതൊരു കൊടിച്ചുപ്പട്ടിയുടെ പ്രവൃത്തിപോലെയാണ് കാണുന്നതു്. ചൊവ്വുള്ള വരെ കണ്ടാൽ കുരയ്ക്കുകയേ ഉള്ളു. പാവങ്ങളുടെ അടുക്കളയിൽപ്പോലും കയറി നാശനഷ്ടങ്ങൾ വരുത്തും. ആ തരത്തിലാണ് ഇവ്ടെ നിയമം നടത്തുന്നതു്. ഈ ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ ഞാൻ ഒരു ഫോട്ടോ അവതരിപ്പിക്കുന്നുണ്ട്. ആ ചിറയിലുണ്ടായ നാശനഷ്ടങ്ങൾ ഈ ഫോട്ടോയിൽ കാണാം. ബഹുമാനപ്പെട്ട മെംബറന്മാർ എല്ലാ പേരും ഈ ഫോട്ടോ നോക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. പോലീസുകാരല്ല അവ്ടെ ഇതു് നടത്തിയതു്. പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ അവ്ടെയുള്ള വിരുദ്ധന്മാരാണ് അവിടെയെല്ലാം നശിപ്പിച്ച് കുടിലും പൊളിച്ച് ചട്ടിയും കലവുമെല്ലാം തട്ടിത്തൂ് ഇറക്കി വിടാൻ ശ്രമം നടത്തിയതു്. ഈ വിരുദ്ധന്മാരെന്നു പറയുന്നവരെ ഇങ്ങക്ക് എന്നു പറയാം, കോൺഗ്രസ്സ് എന്നും പറയാം. ആയിരക്കണക്കിനു് ഏക്കർ ഭൂമി പതിച്ചുവാങ്ങി തോട്ടങ്ങളും മററും നടത്തുന്നവരുടെ പേരിൽ ഒരു നടപടിയും എടുക്കുന്നില്ല. അതേയവസരത്തിൽ കുടിവച്ച് താമസിക്കുന്ന സാധു കർഷകരെയാണ് ഇറക്കിവ്ടുന്നതു്. എന്തുകൊണ്ടാണ് ഈ സാധുക്കളെ ഇറക്കിവ്ടുന്നതു്? കുടികെട്ടി താമസിക്കുന്നവരാണ്. അവരെ ഇറക്കിവിടരുതെന്ന് ഉദ്യോഗസ്ഥന്മാർക്ക് എഴുതി അയച്ചിരുന്നുവെങ്കിൽ ഇങ്ങനെയുള്ള നടപടികൾ നടക്കുമോ? എന്തഴിമതി കാണിച്ചാലും അവർക്ക് അവിടെത്തന്നെ ഇരുന്നുകൊള്ളാമെന്നുകണ്ട് അവർ കാണിക്കുന്ന ധിക്കാരം ചില്ലറയൊന്നുമല്ല. എന്തെല്ലാം വൃത്തികേടുകളാണ് കാണിക്കുന്നതെന്ന് അറിയാമോ? ഒക്കുലിയൻ ഇതിന്റെ ചന്തയാണ്. ഇതെപ്പററി ഞാൻ ഇനിയെങ്കിലും പറഞ്ഞാൽ പുച്ഛരസത്തിലാണ് അതെ സ്വീകരിക്കുന്നതു്. ഈ ചക്കിപ്പോയ്ക്കൊണ്ടു പറയുന്നതുതന്നെ സ്വീകരിച്ചുവേണ്ടിയിരിക്കുന്നു. ഇങ്ങനെ ഒരു പരാധീനതകൊണ്ടു ചന്നതിന്റെ ഫലമായി ഭരണകക്ഷിയുടെ മെംബർ ഒരു കേസിലെ പ്രതിയായിരിക്കുകയാണ്. അതുകൊണ്ടു് ഏതുപ്രകാരമെങ്കിലും കുടിയിറക്ക് കാഗ്നിസ്സിക്കാനും അഫൈൻസാക്കുന്ന ഒരു നിയമം ഉണ്ടാക്കുന്നതെന്നാണ് ഞാൻ പറയുന്നതു്. അല്ലെങ്കിൽ കുടികിടപ്പുകാർക്ക് യാതൊരു രക്ഷയും കിട്ടുന്നതല്ല. അങ്ങനെ നേരായ ഒരു നയം സ്വീകരിക്കാതെ വളഞ്ഞുപുളഞ്ഞു് അങ്ങോട്ടുമിങ്ങോട്ടും ചാവുട്ടുന്നതു് ഒരിക്കലും നല്ലതല്ല. ആ നിലയിൽ ജനങ്ങൾക്ക് ഗുണകരമായ രീതിയില്ല. ഭേദഗതികൾ ഈ ബില്ലിൽ വരുത്തണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Dr. A. R. Menon: Sir, I feel very much diffident in entering into a discussion on this subject because this Bill has been presented in various Legislative Assemblies in India and though it was on the anvil of the Legislative Assembly for a long time no where has it reached the stage of implementation. The reason is not far to seek, for there is no question which bristles with greater difficulty as the question of agrarian reform. If you want to solve this question, the spirit of extreme

[Dr. A. R. Menon]

views should be given up and all of us must put together our views to produce a measure of relief, if not perfect, at least some measure of relief to the labouring classes who are working day and night in the fields. Sir, I see representatives of various parties indulging in quarrels here. But I do not see that one important party, the party of the people of Travancore-Cochin. We forget the interests of the general public in our attempts to get advantage of each other and criticise each other's policy. Unless we give up this idea, unless we properly handle it, this question which is such an important one will bring about graver consequences than what we are seeking to remedy today. Do we realise the real situation ? Out of 100 pattadars, 95 pattadars hold lands of five acres or less, and if you fix the ceiling at 15 acres, 98 per cent. of the landholders come under this category. Then what remains ? Only 2 per cent. of the landholders hold more than 15 acres. Do you propose to take lands and if so to what extent, and thus give relief to the 2 per cent. ? It is a mistake to think that the lands acquired by our ancestors and our fore-fathers should not be touched by the Government. Conditions have changed in this land with the birth of Independence. Various forces have been liberated, and those forces act and react upon the framework of society, twist and bring about changes to shape it in a different form. We are at a stage when radical changes are taking place. It is folly on the part of landholders to claim inviolability of their lands. At the same time we, sitting on this side, have a responsibility, a greater responsibility than my friends, sitting on the other side—I mean the Communists and the United Front Party Members. They represent sections in the lower economic sphere whereas we represent a larger section, of the whole people divided vertically, that is to say, we represent the landed, landless, the tenants, the labourers, all the categories. Therefore, we represent a larger section of the people whereas they confine their attention to a limited section. They can confine their attention to a limited scope whereas we have to take a general and broader view. It is inevitable that in these circumstances, there will be differences of opinion between these two sections. At the same time, let it not be understood that we are against the interests of the working classes, of the labourers or the poor farmers who earn their bread with great difficulty and feed their children with empty breasts. But what I stress here is if you want to give relief to them you must be guided by reason and by fair sense. It is easy to make a lot of noice here and show much lip sympathy. We must regulate our conduct here, take into consideration all the various aspects of the problem and then devise means and measures to give, if not completely, at least some relief to them. How long are they to remain like this ? The majority of our people are poor. They have practically no houses. They are half-naked and are living in huts. Unless the benefits of the administration penetrate to them all the exertions of this Government, all your attempts to relieve the distress of the people will fail and fail

disastrously. That is the reason why I say that we should join together, adjust the view points as far as possible, forget the party label and remember that there is only one party—the Travancore-Cochin People's Party. Then there is a chance of solving this problem. I do not wish to say anything further except that it is the considered policy of the great organisation to which I have the privilege to belong, that there must be a ceiling with regard to the holding of land. What is the nature of the ceiling has to be decided by a Committee of this House. But the principle of ceiling is accepted by the House. There must be fixity of tenure. Congress initaited it and we, as its humble and loyal followers, are prepared to accept an agreed decision.

Then with regard to fair rent. That is a very difficult question. In France it is accepted. There all the expenses of cultivation are borne by the landlord and all the labour given by the farmers and the produce is divided equally. That is their principle. There are various principles operating in different parts of the world. The data may vary from State to State What we have to bear in mind is, while giving solace and help to the poor you should not persecute the other classes. As I said, we represent all these classes, and while our sympathies will always be with the peasants and agriculturists, we are bound to look after the interests of the other sections of the population also. There is no country in the universe where agrarian reforms have been carried out without bloodshed. Ours is the only country where by reason and logic we have been able to persuade the people to change their minds with regard to the agrarian question. Is there a greater honour in a huge land like ours than to carry out reforms of far-reaching consequences in agriculture? Ours is an agricultural country. We can effect reforms without resorting to violence. Is it not a great honour? Can we not forget each other for a moment? Can we not accommodate each other by a spirit of sacrifice and by a spirit of consideration for other people's difficulties? That, I think, should be our guiding principle. If this House wants to do something to the poor, let the terms be moderate. What is the use of high idealism if you cannot translate it into practicality? I again appeal to the House to take a moderate course. Mr. Thomas may have an easy solution of the whole problem, that is, to take away all the lands and distribute it among the poor. I do not subscribe to that view. Nor do I subscribe to the view of the landholders that the land belongs to them and their rights are inviolable. That is absurd. Crowns and Coronets are in the melting pot, and are you going to uphold the rights on landed property? No body shall touch these properties because they were handed over to you by their ancestors, do you say? Why, these crowns were handed over to them by their ancestors centuries ago. Where are those six hundred Crowns now? They have all been wiped out. Such are the revolutions taking place in this country. If we use our sense and if we direct those forces that are operating, it will lead to a better

[Dr. A. R. Menon]

and happier land. But if we mishandle these forces, it will create chaos and confusion. I appreciate the Bill that has been brought forward. Usually word conveys ideas and impressions and often times the word is abused. When you say 'jenmi', immediately an impression is produced in the mind of a wealthy man leading a prosperous life. I know, gentlemen, of jenmies, who were compelled to sell pieces of land to pay tax. Similarly when you say 'tenant', the impression produced is that he is poor and starved. Is that so? In our parts, there are tenants who are gliding in motor-cars and living very prosperously. So, if you want to divide the lands and give them to the poor people, you must take the lands of the real landholders and the real jenmies. Then only you will get lands sufficient to be distributed among the poor classes. You are causing a great danger by your agitation and by your inordinate talk of grappling the jenmies. You have created in the minds of the people of Travancore-Cochin that a large portion of lands may be available for distribution. As I gave the figure, you will get only a little which will be sufficient for distribution to say 2,000 or 3,000 people.

Now, you may ask if that is so, what is the use of this Bill? The Bill serves one important purpose a psychological one—that the ruling Government is anxious, within the limitation prescribed by the natural conditions, to do what ever they can for the amelioration and relief of these miserable, poor, who live, as I said, from the cradle to the grave, a life of starvation and misery. You find in those men the gloom of anxiety of what is to be tomorrow, the gloom of intellect, and you see them going about like shadows. Such is the economic depression in this country. Many big factories are tottering. Cottage industries are not thriving. Here there is the land reform question and unless you handle it properly, that will be creating trouble and difficulty in the country. I am not an expert in land reform, and I do not pretend to know much about it. I want you, apart from party consideration, to listen to reason, to listen to argument, find out the existing circumstances and so regulate your conduct in order that by your joint wisdom, you may confer some benefit upon these people. I would appeal to the committee, if it is appointed, for God's sake give some relief to the people to whom all of us are agreed that something should be done, and if you do that, then you have done something. But it is a matter of regret to me that during these last 9 months nothing substantial has been done by this House. I am not criticising anyone. But I feel it. These 9 months we were not able to do anything substantial to give relief or relieve the distress of these people. Are we going to continue like this? A Ministry like this which unfortunately has not got the majority depends upon the breeze that blows this side and that side and in a land reform question even a majority Ministry like Madras took 20 years, but have not done anything substantial. 4 or 5 successive Congress Governments appointed Committees, but all the reports of the Committees have been

shelved. So, where there was an absolute majority it was found difficult to tackle a question of this kind. Various forces enter into this and as you know legislative men depend upon votes and all these considerations come into play and people find it difficult to form an opinion and carry out that. When circumstances are such, here is a Ministry for whom I have the greatest sympathy—I don't mind to be criticised by anybody—and that Ministry had the courage to bring in a piece of Legislation like this. Why, you may ask. In the whole of India, this agrarian reform movement is assuming a threatening attitude and it is necessary that this question must be tackled ; and it is because of its fear, not a cowardly fear, an anxiety that nothing untoward should happen to this State-that the Ministry, I believe, has brought this legislation for your acceptance. I would advise the Ministry not to treat it as their own but only as a frame work placed before the House so that the united wisdom of this House may shape it as they like. Do not make it a party question. Do not depend upon its success or failure. I hope that the majority of the House in the light of the remarks I have given will certainly be able to form it, reform it, change it and the resultant shape and form will be acceptable and will assuage the hardships and miseries of the poor people in this land. Gentlemen, it is a very great responsibility on us. If we mishandle this question or if this Bill is delayed for some time, the history of this reform in the provinces will be repeated. I therefore beseech, however imperfect the Bill may be, to give a chance to the Bill if it is going to improve the lot of the very poor people whom you are anxious to serve. I do not personally take any interest in the landlord or the tenant. My anxiety is only about the poor fellow who works in the farm. There has been plenty of representations here for the jenmies and the tenants. But I think there have been no representations for labourers who actually work on the fields, living in huts and working as slaves. I represent him and I want to see that this Council extends its generosity to those poorest of the poor, and in doing so, this Council will enhance its reputation and prestige. It is with these thoughts that I wanted to say a few words on this Bill. The Congress will lend their support in matters of this kind. All the other things are minor things which will admit of being resolved and it will be possible for you to come to a decision by discussion, provided all of us enter with no reservation and with only one thought, the thought of helping the poor people who suffer so much in this land.

ശ്രീ. എം. പി. മേനോൻ: സർ, നമ്മുടെ രാജ്യത്തെ വെറും പാട്ടക്കാരായാണ്മാക്ക് സ്ഥിരാവകാശം നൽകണമെന്നും മര്യാദപ്പാട്ടം നിശ്ചയിക്കണം എന്നുമുള്ള മുറവിളി അധ്വാനിക്കുന്ന കർഷകജനവിഭാഗങ്ങളിൽ നിന്നു ഉയരുവാൻ തുടങ്ങിട്ട് നാൾ ഏറെയായി. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പുകൾ നടത്തുവാൻ തുടങ്ങിയ കാലംമുതൽക്കു ഇവ നാട്ടിലെ സംഘടിതരാഷ്ട്രീയപാർട്ടികൾ തിരഞ്ഞെടുപ്പു മാനിഫെസ്റ്റോകൾ ഇറക്കുവാൻ തുടങ്ങിയ കാലം മുതൽ ഈ കാര്യങ്ങൾ സമാധാനപരമായ നിയമനിർമ്മാണത്തിൽക്കൂടി സാധിക്കുന്നതാ

[ശ്രീ. എം. പി. മേനോൻ]

ന്നെന്നു് അതു് അവസരങ്ങളിൽ വാഗ്ദാനം നൽകിയിട്ടുള്ളതുമാണു്. നാട്ടുകാരുടെ മുമ്പാകെ കാർഷികപരിഷ്കാരത്തെക്കുറിച്ചു് വാഗ്ദാനങ്ങൾ നിരത്തിയ അനേകം രാഷ്ട്രീയപാർട്ടികൾ അതിരേഴുകൊല്ലക്കാലം തുടർച്ചയായി അധികാരത്തിൽ ഇരിക്കുവാൻ കഴിഞ്ഞതു് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ സ്റ്റേറ്റുശാഖയ്ക്കു് മാത്രമാണു്. ഇന്നും പ്ലാനിംഗ് കമ്മീഷന്റെ കനത്ത പുസ്തകത്തിൽ എഴുതി വച്ചിരിക്കുന്ന ശാസ്ത്രത്തെക്കുറിച്ചും അനേകം കൊല്ലങ്ങൾക്കുമുമ്പു് കാൺഗ്രസ്സ് പാസ്സാക്കിയ പ്രമേയങ്ങളെക്കുറിച്ചും, വലിയവലിയ പ്രസംഗങ്ങൾ നടക്കുന്നുണ്ടെങ്കിലും അധികാരത്തിൽ ഇരുന്ന കാലത്തൊന്നും വളരെ നിസ്സാരമായ ഒരു ബില്ലുപോലും ഈ കാര്യത്തിനുവേണ്ടി കാൺഗ്രസ്സിനു കൊണ്ടുവരുവാൻ സാധിച്ചില്ല എന്നു ഓർക്കണം. ഈ ബില്ലിൽ അനേകം പോരായ്മകൾ ഉണ്ടു്. ന്യൂനതകൾ ഉള്ള ചില വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ, അധികാരത്തിൽ വന്നു് ഏതാനും മാസങ്ങൾക്കുള്ളിൽ ഒരു ബില്ലെങ്കിലും, ഏതു് രീതി ഉണ്ടെങ്കിലും, ഏതു കുറവുണ്ടെങ്കിലും, ഈ നിയമസഭ മുമ്പാകെ സമർപ്പിക്കുവാൻ സന്മനസ്സുകാട്ടിയ മന്ത്രിസഭയെ ഞാൻ അഭിനന്ദിക്കുന്നു. അതു് മുഴുവൻ അവരുടെ സന്മനസ്സുകൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ മന്ത്രിസഭ നിലവിൽവന്ന തിരഞ്ഞെടുപ്പുകാലത്തു് പ്രജാസോഷ്യലിസ്റ്റുപാർട്ടിയും മററു ഇടതുപക്ഷ കക്ഷികളും ചേർന്നു് ജനങ്ങൾക്കു നൽകിയ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽക്കൂടി ഉണ്ടായതാണു്. സ്വന്തം സന്മനോഭാവത്തേക്കാളധികം ജനകീയ സമ്മർദ്ദവും ഇത്തരത്തിലുള്ള ഒരു ബിൽ രൂപീകരിക്കുവാൻ മന്ത്രിസഭയെ നിർബന്ധിച്ചിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. കേരളപ്രതീക്ഷിച്ചതുപോലെയുള്ള ഒരു ബില്ലു ഇവിടെ കൊണ്ടുവരുവാൻ കഴിയാതിരുന്നതു് ഒരു കോംപ്രിഹെൻസീവ് ലാൻഡ് ലജിസ്ലേഷൻ ഉണ്ടാകുമെന്നു നാം എല്ലാവരും പ്രതീക്ഷിച്ചിരുന്നു. കൊച്ചിയിലുള്ളതു് തിരുവിതാംകൂറിലേയ്ക്കും തിരുവിതാംകൂറിലുള്ളതു് കൊച്ചിയിലേയ്ക്കും വ്യാപിപ്പിക്കുന്ന തരത്തിൽ, ശങ്കരനു് പററാത്തതു് ശങ്കുണ്ണിക്കു പററും എന്ന സമ്പ്രദായത്തോടുകൂടി 1118-ലെ കൊച്ചിയിലെ വെറുംപാട്ടക്കുടിയാൻ നിയമം തിരുവിതാംകൂറിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്ന ഒരു ബില്ലാണു് ഇതെന്നു നമുക്കു് കാണുവാൻ കഴിയും. അങ്ങനെ വ്യാപിപ്പിക്കുമ്പോൾ കൊച്ചിയിലെ ബില്ലിൽ ഉണ്ടായിരുന്ന ചില വ്യവസ്ഥകൾ തിരുവിതാംകൂറിലേയ്ക്കു് വ്യാപിപ്പിക്കാതിരിക്കാനുള്ള പരിശ്രമമാണു് കാണുന്നതു്. കൊച്ചിയിലെ ആക്ററിലുണ്ടായിരുന്ന ചില നല്ല വശങ്ങൾ ഇവിടേയ്ക്കു വ്യാപിപ്പിക്കുമ്പോൾ ഏടുത്തുകളയുന്നു. ഈ ബില്ലിലെ വ്യവസ്ഥകളെക്കുറിച്ചു് പല മെംബറന്മാരും ഇവിടെ സംസാരിച്ചിട്ടുള്ളതു് ഞാൻ ആവർത്തിക്കുന്നില്ല. ഭൂവുടമസ്ഥന്മാരുടെ സ്വന്തം ആവശ്യത്തിനുവേണ്ടി കുടിയാന്മാരെ ഒഴിപ്പിക്കാം എന്ന വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടു്. അത്തരത്തിലുള്ള ഒരു വ്യവസ്ഥ നിലവിലുള്ള കൊച്ചിയിലെ ആക്ററിൽ ഇല്ല. തിരുവിതാംകൂറിൽ അതു് നിർബന്ധമായി നടപ്പാക്കണമെന്നുണ്ടെങ്കിൽ കൊച്ചിയെ അതിൽ നിന്നും ഒഴിവാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. കൊച്ചിയിൽ നിലവിലുള്ള വ്യവസ്ഥ തിരുവിതാംകൂറിലും വേണം എന്നുണ്ടെങ്കിൽ ഞാൻ അതിനു് എതിരല്ല. കൊച്ചിയിൽ ഇന്നു് അതു് നിലവിലുള്ള കാര്യമായതുകൊണ്ടു് കൊച്ചിയെ സംബന്ധിച്ചിടത്തോളമെങ്കിലും അതു് മാററാതിരിക്കണം,

ഈ ഭൂനയബില്ലുകൾ ആറേഴെണ്ണം പരിശോധിച്ചുനോക്കിക്കഴിഞ്ഞപ്പോഴും ചില പ്രത്യേകതരം കുടിയായ്മകൾ ഇതിൽ ഒന്നും ഉൾപ്പെടുത്തിയതായി കാണാൻ സാധിക്കുന്നില്ല. കാണം ടെന്യൂവറിനെ സംബന്ധിച്ച് മറ്റൊരു ബില്ലിൽ പറയുന്നുണ്ട്. കുടിയിരിപ്പുകളെ സംബന്ധിച്ചുള്ള ബില്ലും ആലോചനയ്ക്കു വരുന്നുണ്ട്. എന്നാൽ സ്ഥിരാവകാശത്തെ സംബന്ധിച്ചും മററും നിയമനിർമ്മാണം നടക്കുന്നതിനിടയിൽ ചില പ്രത്യേകതരം ടെന്യൂവർ ഒഴിച്ചു നിർത്തിയിരിക്കുന്നതായി നമുക്കു കാണാൻ കഴിയുന്നു. കാണം ടെന്യൂവറിന് ടെനൻസിബില്ലിലെ നിർവചനമനുസരിച്ച് നാലു ഇൻഗ്രീഡിയൻസ് ഉണ്ട്. അതിൽ ഏതെങ്കിലും ഒന്നിന്റെ കുറവുകൊണ്ട് കാണമല്ലാതായിപ്പോകുന്ന പല കുടിയായ്മകളും നമ്മുടെ നാട്ടിലുണ്ട്. അവയെ ഏതെങ്കിലും ബിൽവഴി പരിരക്ഷിച്ചേ പററൂ. ശ്രീ. കോമാട്ടിൽ അച്ചുതമേനോൻ പ്രസിഡൻറായി നിയമിച്ച കമ്മിററി തയ്യാറാക്കിയ റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് ധനകാര്യമന്ത്രി ഇവിടെ സംസാരിക്കയുണ്ടായി. വെറംപാട്ടക്കുടിയാന്മാരെ സ്പർശിച്ചുകൊണ്ടു എഴുതിവച്ചിട്ടുള്ള വശങ്ങളിൽ, പങ്കുവാരം, പങ്കുപാട്ടം എന്നിവയെക്കൂടി വെറംപാട്ടത്തിന്റെ പരിധിയിൽപെടുത്തണമെന്ന് ആ റിപ്പോർട്ടിൽ ശുപാർശ ചെയ്തുകാണാം. 1118-ലെ നിയമം നടപ്പിലായപ്പോൾ, വെറംപാട്ടങ്ങളെ പങ്കുപാട്ടങ്ങളാക്കി മാററി, ബില്ലിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയാണു കാണിച്ചു വ്യഗ്രതയുടെ അനുഭവത്തെ മുൻനിറത്തിയാണ് അങ്ങിനെ ശുപാർശ ചെയ്തിരിക്കുന്നത്. ആ റിപ്പോർട്ട് ശരിയായി പഠിക്കാഞ്ഞിട്ടാണോ, അതോ ആ ഭാഗം മനഃപൂർവം വിട്ടുകളഞ്ഞിരിക്കയാണോ, എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്തെങ്കിലും ഒരു വിശദീകരണം നൽകുമെന്നു ഞാൻ കരുതുന്നു. അതുകൊണ്ട് വെറംപാട്ടം, പങ്കുവാരം മുതലായവയെയും ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമായിരിക്കുന്നു.

കഴിഞ്ഞ നിയമസഭാസമ്മേളനം ഇവിടെ കൂടിക്കൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട മണലൂർ മെംബർ വളരെ വാശിയോടുകൂടി ഇവിടെ ചില അവകാശപ്രഖ്യാപനങ്ങൾ നടത്തുന്നതു കേൾക്കുകയുണ്ടായി. പക്ഷെ, ഇന്ന് അദ്ദേഹം പുറകോട്ടു പോവുകയാണ്. സെമിന്ദാരിയെപ്പോലെയുള്ള അനേകം കൈലാസങ്ങൾ കയ്യിലെടുത്താടിയ കാൺഗ്രസ്സ് ദുശാസനനാണ് ഈ ബില്ല് നിസ്സാരമാണെന്നുപറഞ്ഞ് മണലൂർമെമ്പറും മററും പി. എസ്സ്. പി. കൊണ്ടുവന്ന ഭൂനയബില്ലുകളെ കഴിഞ്ഞ സമ്മേളനത്തിൽ പച്ചിച്ചു തള്ളിയവരാണ്. കൊച്ചിയിൽ വെറംപാട്ടക്കുടിയാൻ നിയമം പണ്ടേ കൊണ്ടുവന്നെങ്കിലും, ഒഴിപ്പിക്കൽ പൂർണ്ണമായി തടഞ്ഞതു് കാൺഗ്രസ്സാണെന്നും അതു കാൺഗ്രസ്സിന്റെ വലിയ നേട്ടങ്ങളിൽ ഒന്നാണെന്നും മണലൂർ മെംബർ അന്നു പറഞ്ഞതു് ഞാൻ കേൾക്കുകയുണ്ടായി. പക്ഷെ, സ്വന്തം ആവശ്യത്തിനു ഒഴിപ്പിക്കാമെന്നാണ് ഇപ്പോളദ്ദേഹം പറയുന്നതു്.

ശ്രീ. കെ. കരുണാകരൻ : ഞാൻ അങ്ങനെ പറയുകയുണ്ടായില്ല.

ശ്രീ. എം. പി. മേനോൻ : ഞാൻ അങ്ങനെ വിചാരിച്ചുപോയി. പക്ഷേ, നെയ്യാററിൻകര മെംബർ മി. ഭാസ്കരൻ നായർ പറഞ്ഞു, പാട്ടക്കുടിശ്ശിക വരുത്തിയവരെ ഒഴിപ്പിക്കാനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ വേണമെന്ന്. അതും കൊച്ചിയിലെ നിയമത്തിൽ ഇല്ലാത്തതാണ് എന്നു

[ശ്രീ. എം. പി. മേനോൻ]

ന്റെ ഓർമ്മ. കൊച്ചിയിൽ വളരെ അധികം ഖ്യാതി അടിച്ചുശേഷം, കാൺഗ്രസ്സിന്റെ ഈ സംസ്ഥാനത്തെ ആദ്യത്തെ കൊല്ലത്തെ ഭരണത്തിനു ശേഷം, പി. എസ്സ്. പി. യുടെ ഈ ബില്ല് അന്നിന്നു ഇനിയും പുറകോട്ടു പോകണമെന്നാണ് പറയുന്നത്. ഒരു രാഷ്ട്രീയപാർട്ടിയുടെ സത്യസന്ധതയ്ക്കു് ഇതു് ചേർന്നതാണോ?

ശ്രീ. ടി. പി. ഹാർമ്മിസ്: അതു പാർട്ടിയുടെ അഭിപ്രായമല്ല.

ശ്രീ എം. ജോസ്കുട്ടി മാത്തർ: ഞാൻ അങ്ങിനെയല്ല പറഞ്ഞതു്. പാട്ടക്കുടിശ്ശിക പിരുത്തു [illegible] ഈടാക്കുന്നതിനു് ഈ ബില്ലു് വ്യവസ്ഥയില്ലാത്തതുകൊണ്ട് സാധിക്കുന്നില്ലെന്നും തന്മൂലം ജന്മിക്കു് കൂടുതൽ ബുദ്ധിമുട്ടു് കിട്ടുകയാകുന്നു എന്നുമുള്ള [illegible] അതു് പറഞ്ഞതു്.

ശ്രീ. എം. പി. മേനോൻ: ഈ ബില്ലുകൊണ്ടു് പാവപ്പെട്ടവർക്കു് കുറെ കിട്ടും [illegible] ഉദ്ദേശത്തോടുകൂടി ഞാൻ സന്തോഷിക്കുകയാണു്. പക്ഷേ, ഇതിന്റെ വൈകല്യങ്ങളെക്കുറിച്ചു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. കൊച്ചിയിലെ അനുഭവങ്ങളെക്കുറിച്ചാലോചിച്ചാൽ, ഒഴിപ്പിക്കലിനെ സംബന്ധിച്ചു് ആ നിയമം വളരെ അപര്യാപ്തമാണെന്നു് ആർക്കും പറയാൻ സാധിക്കുകയില്ല. ഒഴിപ്പിക്കലിനെ സംബന്ധിച്ചു് കൊച്ചിയിലെ ഇന്നത്തെ വ്യവസ്ഥകൾ അപര്യാപ്തമാണെന്നു് ഒരു അഭിപ്രായം ഇതുവരെ കേൾക്കുവാൻപോലും സാധിച്ചിട്ടില്ല. ബില്ലിനെ സംബന്ധിച്ചു് പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞപ്പോൾ, അനേകം വാല്യങ്ങളായി പ്രസിദ്ധം ചെയ്തിട്ടുള്ള പുസ്തകങ്ങൾ പരിശോധിച്ചുനോക്കിയതിലും വളരെ തുച്ഛമായ ഒരു ശതമാനം മാത്രമേ ഒഴിപ്പിക്കൽ വേണമെന്നു പറഞ്ഞിട്ടുള്ളു. മറെറാരഭിപ്രായം ശ്രീ. മണലൂർ മെംബർ പറഞ്ഞിട്ടുള്ളതു് പാട്ടബാക്കിയുടെ പേരിൽ വസ്തു ഒഴിപ്പിക്കുന്ന വ്യവസ്ഥ അംഗീകരിക്കുകയാണെങ്കിൽ അതിനു വ്യക്തമായ ഒരു പരിമിതി വയ്ക്കണം എന്നാണു്. എനിക്കു പറയാനുള്ളതു് എത്ര കൊല്ലത്തെ പാട്ടബാക്കിയുണ്ടെങ്കിലും അതിലേയ്ക്കു് ഭൂമി ഒഴിപ്പിച്ചെടുക്കുന്ന സമ്പ്രദായം പുതുതായിക്കേണ്ടതാണു്. പാട്ടബാക്കിക്കു വസ്തു ഒഴിപ്പിക്കാൻ പാടില്ല. അതു വളരെ കർശനമായി ചേർക്കേണ്ട ഒരു വ്യവസ്ഥയാണു്.

മറെറാന്നു്, ഒരു ജന്മി സ്വന്തം ആവശ്യത്തിനെന്നും പറഞ്ഞു് കുടിയാന്മാരിൽനിന്നും വസ്തു ഒഴിപ്പിച്ചു എടുത്തശേഷം, അഞ്ചുകൊല്ലക്കാലം അതു കൃഷിചെയ്യാതെ നശിപ്പിച്ചു ഇരിക്കുന്നതാൽ പിന്നീടു് ആ വസ്തു ഒഴിപ്പിച്ചെടുത്ത കുടിയാനവനുതന്നെ തിരിച്ചു കൊടുക്കണമെന്നു് ഞാനൊരു പററിയാണു്. ഇങ്ങനെ അഞ്ചുകൊല്ലമെന്നും ആറുകൊല്ലമെന്നും കണക്കെടുക്കേണ്ട ആവശ്യമല്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഈ അഞ്ചുകൊല്ലക്കാലം വളരെ ദീർഘമായ ഒരു കാലാവധിയാണു്. വസ്തു ഒഴിപ്പിച്ചു ദിനശേഷം കൃഷി ചെയ്യാതെയിട്ടുകഴിഞ്ഞാൽ ഒരുകൊല്ലം മാത്രം അന്യാധീനങ്ങൾ കൈവശം വയ്ക്കാൻ അവകാശം കൊടുക്കുന്നതിനും, കൃഷി ചെയ്തു ത്തക്ഷം മുൻ കൃഷിക്കാരനു് നഷ്ടപരിഹാരത്തോടുകൂടി വസ്തു തിരിയെ കൊടുക്കുന്നതിനുമുള്ള വ്യവസ്ഥ ഈ ബില്ലിൽ ചേർക്കേണ്ടതാണു്. അതും, ഒഴിപ്പിക്കൽ പൂർണ്ണമായി തടയുന്നതിനു് പ്രയാസമുണ്ടെങ്കിൽ മാത്രം.

പിന്നെ, മയ്യാദപ്പാട്ടം നാലിലൊന്ന് എന്നു പറയുന്നതായി കേട്ടു. അതേ സംബന്ധിച്ചു സഖാവു ശങ്കരനാരായണൻ തമ്പി സംസാരിച്ചതിനോടു ഞാൻ യോജിക്കുന്നു. ഭൂമിയുടെ അനുഭവത്തിന്റെ മാനദണ്ഡത്തിന്റെ പേരിൽവേണം അതു കണക്കാക്കുവാൻ. മലബാറിലും മററു പല സ്ഥലങ്ങളിലും നടപ്പിലിരിക്കുന്ന ചട്ടങ്ങൾ മനസ്സിലാക്കിയും ഭൂമിയുടെ അനുഭവവും കൃഷിച്ചെലവും മാനദണ്ഡമാക്കിയുംവേണം മയ്യാദപ്പാട്ടം നിശ്ചയിക്കുവാൻ. പറമ്പുകൾക്ക് ഇപ്പോൾ വച്ചിരിക്കുന്ന മയ്യാദപ്പാട്ടം അമിതമാണെന്ന അഭിപ്രായത്തോടും ഞാൻ യോജിക്കുന്നു. നിലം എന്നു പറഞ്ഞാൽ നെൽക്കൃഷി ചെയ്യുന്ന സ്ഥലമെല്ലാം എന്നാണ് ബിൽ പറഞ്ഞിരിക്കുന്നത്. (Lands adopted for cultivation of paddy) ഈ അഡപ്റ്റഡ് എന്നു പറഞ്ഞാൽ എന്ത് ഞെന്നെന്നു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഇതിനും ചില വ്യാഖ്യാനങ്ങൾ ആവശ്യമാണ്. പ്രത്യേകിച്ചും കഴിഞ്ഞ യുദ്ധകാലത്തു അരിയുടെ കായ്ത്തൽ വലിയ ക്ഷാമം രാജ്യത്തു നേരിട്ടിരുന്ന അവസരത്തിൽ നെൽക്കൃഷി ചെയ്യുന്നതു വലിയ ആദായകരമല്ലെങ്കിലും പറമ്പുകളിൽ നെൽക്കൃഷി ചെയ്യുന്നതിന് കൃഷിക്കാർ ആരംഭിക്കയുണ്ടായി. എല്ലായ്പ്പോഴും അങ്ങിനെ നടക്കുക സാദ്ധ്യമല്ല. ഒരു കാലത്തും നെൽക്കൃഷിയിറക്കിയതുകൊണ്ടുമാത്രം പറമ്പ് നിലമായി പരിഗണിക്കാൻ ഇടവരരുത്.

ചില പ്രദേശങ്ങളിൽ, ഉദാഹരണത്തിന് കണയന്നൂർ താലൂക്കിൽ, പാട്ടത്തിനു കൊടുത്തിരിക്കുന്ന കൃഷിനിലങ്ങളിൽ വാളവെട്ടത്തു ഴഞ്ഞാൽ ചെമ്മീൻ കെട്ടുന്ന ഒരു സമ്പ്രദായമുണ്ട്. അതിൽനിന്നും ലഭിക്കുന്ന ആദായം ഇന്നു പൂർണ്ണമായും അനുഭവിച്ചുവരുന്നതു ജന്മിയാണ്. അനേക വർഷങ്ങളായി ഭൂമിയിൽ കൃഷി ചെയ്തുവരുന്ന കർഷകനു അതിനു യാതൊരവകാശവും ഇല്ല. അതും ഒന്നു പുനഃപരിശോധന ചെയ്യണം. അതു പൂർണ്ണമായും കർഷകർക്ക് അനുഭവപ്പെടണം. അതുകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നെനിക്കഭിപ്രായമുണ്ട്. പിന്നെ സർക്കാരിലേയ്ക്ക് അപ്പീൽ ചെയ്യുന്ന ഭൂമികളെ സംബന്ധിച്ചു ചില വ്യവസ്ഥകൾ ഇതിൽ കാണാനുണ്ട്. അതിൽ പറയുന്നതു ആകെയുള്ള നഷ്ടപരിഹാരത്തിന്റെ പകുതി ജന്മിക്ക് കൊടുക്കണമെന്നാണ്. ബാക്കിക്ക് ചില പ്രമോർഷൻ വച്ചുകൊണ്ട് ഇടനിലക്കാർക്കും കുടിയാനവനും കൊടുക്കാനുള്ള വ്യവസ്ഥകളും കാണുന്നു. ജന്മിക്ക് ആദായത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായി കൊടുക്കണമെന്നുണ്ടെങ്കിൽ എന്തുകൊണ്ട് കുടിയാനവന് അതു കൊടുത്തുകൂടാ? ജന്മിക്ക് ഒരു തരത്തിലും, കർഷകന് വേറെ ചില പ്രമോർഷനും നിശ്ചയിക്കുന്നതു തെററാണ്. ആദായത്തിന്റെ മാക്സിമം നിരക്ക് വെച്ചുകൊണ്ടു നിലജന്മിക്ക് കൊടുക്കാൻ നിർദ്ദേശിക്കുന്നതിനു പകരം, കുടിയാന്റെ വരുമാനത്തിന്റെ മുഴുവൻ വിലയും അവനും നൽകാനാണ് വ്യവസ്ഥ ചെയ്യേണ്ടതു്.

മറെറാരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാനാണുദ്ദേശിക്കുന്നതു്. ഇതായതു് ഉണക്ക്, അതിവർഷം, ചാഴിക്കേട് ഇവ നേരിടുന്നപക്ഷം ഈതിനെ സംബന്ധിച്ചു പാട്ടം ഇളവു ചെയ്യാനുള്ള അധികാരം ഡിസ്ട്രിക്ററ് കളക്ടറക്ക് കൊടുക്കുന്നുണ്ട്. ഓരോ കർഷകനും ഡിസ്ട്രിക്ററ് കളക്ടറുടെ അടുത്തു പ്രത്യേകം പ്രത്യേകമായി അപേക്ഷകൾ കൊടുത്തു പരിഹാരം നേടണം എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതായി കാണുന്നു. ഈ ഉണക്കം അതിവർഷവും ചാഴിക്കേടും ചില

[ശ്രീ. എം. പി. മേനോൻ]

പ്രത്യേക കർഷകക്കു മാത്രമായി ഉണ്ടാകുന്നതല്ല. ഒരു പ്രദേശത്തുള്ള കർഷകക്കു് ഒന്നിച്ചു സംഭവിക്കാനാണു് ഇടയുള്ളതു്. അതുകൊണ്ടു് ഓരോ കർഷകനും ഡിസ്ട്രിക്റ്റ് കളക്റ്ററുടെ അടുത്തു് അന്യായവും വക്കാലത്തുമായി ഹാജരായിക്കൊള്ളണം എന്നുള്ള വ്യവസ്ഥ മാററി സുവോമോട്ടോ എല്ലാ കർഷകക്കും ആനുകൂല്യങ്ങൾ ചെയ്യുന്നതിനു് കളക്ററരെ അധികാരപ്പെടുത്തത്തക്കവണ്ണം ഭേദഗതി വരുത്തണം എന്നുകൂടി അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

ശ്രീ. ടി. ഒ. ബാവാ: സർ, ഈ സഭയുടെമുൻപാകെ ഗവണ്മെൻറു ഭാഗത്തു നിന്നും അവതരിപ്പിച്ചിരിക്കുന്ന ഭൂനയ ബില്ലു [12 Noon] വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് വെറംപാട്ടം ഭാർബിൽ. കർഷകക്കു ഭൂമിയിൽ സ്ഥിരാവകാശം നൽകുന്നതിനുവേണ്ടി കൊച്ചിയിലെ വെറംപാട്ട കുടിയാൻ നിയമം ഇവിടെയും പ്രാവർത്തികമാക്കുന്നതിനാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതെന്നു Object and reason-ൽ പറഞ്ഞിട്ടുണ്ടു്. എന്നാൽ അങ്ങനെ ബില്ലിൻെറ ഉദ്ദേശം ഒന്നു പററി പറഞ്ഞിട്ടുണ്ടെങ്കിലും, ചിലവസ്തുതകൾ അതിനോടു സാമ്യപ്പെടാതെ വളരെ അകന്നുപോയിട്ടുള്ളതായി നമുക്കു കാണാൻകഴിയും. മര്യാദപ്പെട്ടം നിശ്ചയിക്കുന്ന വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്നതു പരിശോധിക്കുമ്പോൾ എനിക്കുമുൻപു പ്രസംഗിച്ച പല ബഹുമാനപ്പെട്ട മെംബറന്മാരുടെയും അഭിപ്രായം തന്നെയാണു് എനിക്കുമുള്ളതു് അടയ്ക്കാമരത്തിനും, തെങ്ങിനും ഒരുപോലെയുള്ള തല്ലാപ്പു് കെട്ടുന്ന നയമാണു് പാട്ടം നിശ്ചയിക്കുന്നതിൽ സ്വീകരിച്ചിരിക്കുന്നതെന്നു കാണാം. ശ്രീ. എം. പി. മേനോൻ പറയുകയുണ്ടായി, ഭൂമിയുടെ നല്ലതല്ലു നോക്കിയും അതിൽ കൃഷിക്കു മുടക്കുന്ന സംഖ്യകഴിച്ചുള്ള അററാദായത്തിൻെറ പരിഗണനയിലുമായിരിക്കണം പാട്ടം നിശ്ചയിക്കേണ്ടതെന്നു്. വാസ്തവത്തിൽ വളരെ ശരിയായിട്ടുള്ള ഒരു കാര്യമാണിതു്. ഞങ്ങളുടെ പ്രദേശത്തു വിത്തു പാട്ടത്തിനു് ഭൂമി കൈവശമുള്ള കർഷകരുണ്ടു്. ഒരു പറ വിത്തു വിതയ്ക്കുന്ന സ്ഥലത്തിനു് ഒരു പറനെല്ലു് പാട്ടംകൊടുക്കണമെന്നുള്ള വ്യവസ്ഥയിൽ സമ്മതിച്ചുകൊടുക്കുന്ന ഭൂമിയാണിതു്. അങ്ങനെയുള്ള ഭൂമികൾക്കു ഇന്നു ബില്ലിൽ കൊള്ളിച്ചിരിക്കുന്ന മൊത്തം ആദായത്തിൻെറ നാലിലൊന്നു പാട്ടം നിശ്ചയിക്കുകയാണെങ്കിൽ കൃഷിക്കാരൻ ഭീമമായ ഒരു സംഖ്യ ജന്മിക്കു കൊടുക്കേണ്ടിവരും. ഒരു പറ നെല്ലു പാട്ടം കൊടുക്കേണ്ട നിലത്തിൽ കൂടുതൽ മുതൽ മുടക്കും കഠിനാദ്ധ്വാനവും ഉണ്ടായെങ്കിലേ പന്ത്രണ്ടു പറനെല്ലു് എങ്കിലും വിളയിക്കാൻ കഴിയുകയുള്ളു. അതേ അവസരത്തിൽ അമിതമായ അദ്ധ്വാനവും കൂടുതൽ മുടക്കും കൂടാതെ 40 —ം, 45 —ം വിളയുന്ന ഭൂമിയുമുണ്ടു്. ഇത്തരം വിവിധ ഭൂമികൾക്കു് ഒരേ താരിപ്പു സ്വീകരിക്കുന്നതു ഒരുതരത്തിലും ശരിയല്ല. പല മെംബറന്മാരും ഇതു അൺഫെയർ റെൻറാണെന്നു അഭിപ്രായപ്പെടുകയുണ്ടായി.

മറെറാന്നു് നെൽക്കൃഷിക്കു് നാലിലൊന്നു പാട്ടം നിശ്ചയിച്ചിരിക്കുമ്പോൾ, തെങ്ങിൻ തോപ്പുകൾക്കു് എട്ടിൽ മൂന്നുഭാഗം പാട്ടം കൊടുക്കണമെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. പറമ്പുകളെസംബന്ധിച്ചു് 50 ശതമാനം ജന്മിക്കു് പാട്ടം കൊടുക്കണമെന്നാണു വ്യവസ്ഥ. 500 രൂപ ആദായമുള്ള തെങ്ങിൻതോപ്പിനു് അതിൻെറ എട്ടിൽ മൂന്നു പാട്ടം മാത്രമേ ലഭി

ക്കയുള്ളു എന്നു കാണുമ്പോൾ ഇന്നത്തെ കൃഷി സമ്പ്രദായത്തിൽ ചെറുതരം കൃഷിനടത്തുന്നതിന്നു ആ ഭൂമിയിലെ തെങ്ങുകൾ വെട്ടിനശിപ്പിച്ചാലും കൂടുതൽ ആദായം ലഭിക്കുവാൻ സാധിക്കുമെന്നു് ചെറുതരം കൃഷിയിൽ പരിചയമുള്ള എനിക്കു ബോദ്ധ്യമുണ്ടു്. അങ്ങനെ നോക്കുമ്പോൾ ഈ രാജ്യത്തു തെങ്ങിൻ തോപ്പുകളെല്ലാം വെട്ടിനശിപ്പിച്ചിട്ടു് ജന്മി ആ ഭൂമി മററു ചെറുതരം കൃഷിക്കു പാട്ടത്തിനു് കൊടുത്താൽ ഇതിനെക്കാൾ ആദായമായിരിക്കും. ആ സ്ഥലത്തു കൃഷിയോ, അതുപോലുള്ള മററുതരം ചെറുകൃഷികളോ നടത്തിയാൽ മതി. കൂടുതൽ ഉല്പാദനത്തിനു് സൗകര്യമുണ്ടാക്കത്തക്ക വിധം മര്യാദ പാട്ടം നിശ്ചയിക്കുന്നതിനു് ഈ ബില്ലിൽ നാം വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ, അതു രാജ്യത്തിനു് വലിയ ദ്രോഹമായിരിക്കും. ഈ വസ്തുത ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെയും, സെലക്ററു കമ്മററിയുടെയും ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. തെങ്ങിൻ തോപ്പുകളുടെ പാട്ടം ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു കൂട്ടപ്പെടുത്തിയാൽ അനേകം തോട്ടങ്ങൾ നശിക്കുന്നതിനും രാജ്യത്തെ ഉൽപ്പാദനം കുറയ്ക്കുമായി കുറയുന്നതിനും ഇടവരുന്നതാണു്. പറമ്പുകളുടെ കുറയ്ക്കലിൽ വളരെ അധികം സംഗതികൾ നാം ശ്രദ്ധിക്കേണ്ടതുണ്ടു്. പറമ്പുകളെല്ലാം ഒരേ തരത്തിൽ പരിഗണിക്കുന്ന പക്ഷം കൃഷിക്കാർക്കു് വലിയ കുഴപ്പങ്ങൾ നേരിടുമെന്നു കാണ്മാൻ സെലക്ററു കമ്മററിയുടെ ഗാഢമായ ശ്രദ്ധയിൽ പെടണമെന്നു ഞാനുദ്ദേശിക്കുന്നു.

കുന്നത്തുനാടു താലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ കുന്നിൻ പ്രദേശങ്ങളാണു അവിടെ അധികവും. മലമുകളിൽ കിളച്ചു തട്ടിനിരത്തി കൃഷിയോഗ്യമാക്കി, ചെറുതരം കൃഷികൾ ചെയ്താൽ 50 ശതമാനം ജന്മിക്കു കൊടുക്കണമെന്നു പറയുകയാണെങ്കിൽ അങ്ങനെ കൃഷി ചെയ്യാൻ ആളുകൾ കാണുകയില്ല. ഈ കാരണം കൊണ്ടുതന്നെ അവിടെ അധികം സ്ഥലം കൃഷിചെയ്യാതെ തരിശായി കിടക്കാൻ ഇടവരുന്നതാണു്. പ്ലാവു്, മാവു്, മുളകുകൊടി മുതലായവ വച്ചു പിടിപ്പിച്ചു, പട്ടിണികിടക്കുന്ന, സാധുക്കളായ, അധ്വാനിക്കുന്ന ജനങ്ങൾ അവർ ഫലത്തിൽ വരുത്തിയ പറമ്പുകൾക്കു് 50 ശതമാനം പാട്ടം കൊടുക്കണമെന്നു പറഞ്ഞാൽ അതു തികച്ചും ന്യായരഹിതമായിരിക്കും. എന്നാൽ ജന്മി അയാളുടെ ഭൂമിയിൽ തെങ്ങും, കമുകും, പ്ലാവും മററും വച്ചു പിടിപ്പിച്ചാൽ അവയ്ക്കു വളം ഇടുകയും കൊല്ലത്തിൽ ഒരിക്കൽ പറമ്പു കിളപ്പിക്കുകയും ചെയ്താൽ മതിയാവുന്നതാണു്. അങ്ങിനെയുള്ള പറമ്പുകൾക്കു ആദായത്തിന്റെ പകുതി പാട്ടം വളരെ കുറവായിരിക്കുകയും ചെയ്യും. ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചതിനു ശേഷം ഭൂവുടമസ്ഥൻ പാട്ടത്തിനു കൊടുക്കുകയാണെങ്കിൽ പാട്ടക്കാരനു കൂടുതൽ അദ്ധ്വാനവും മുടക്കും വരുന്നില്ല. അതിനാൽ പറമ്പുകളിലെ പാട്ടം നിശ്ചയിക്കുമ്പോൾ ഇനം തിരിച്ചു ന്യായമായ മാനദണ്ഡം സ്വീകരിച്ചു വ്യവസ്ഥ ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പി. എസ്. പി. ഗവണ്മെൻറു അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ പരിശോധിക്കുമ്പോൾ മുപ്പതു ഏക്കർ വരെ പറമ്പുള്ളവർ അവരുടെ പറമ്പു പാട്ടത്തിനു കൊടുക്കണമെന്നില്ല. മുപ്പതിൽ കൂടുതൽ ഏക്കർ പറമ്പു കൈവശമുണ്ടെങ്കിൽ മാത്രം പാട്ടത്തിനു കൊടുത്താൽ മതിയെന്നാണു വ്യവസ്ഥ. ഈ വക പ്രശ്നങ്ങൾ പറമ്പുകളുടെ പാട്ടം നിശ്ചയിക്കുമ്പോൾ സെലക്ററു കമ്മററിയുടെ പരിഗണനയിൽ പെടുത്തണ

[ശ്രീ. ടി. ഒ. ബാവ]

മെന്നു ഞാൻ ആഗ്രഹിക്കുന്നു. പാട്ടം ക്രിയ്ക്കപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം ബില്ലിൽ പറഞ്ഞിരിക്കുന്ന ഫെയർ റെൻറ വാസ്തവത്തിൽ ഒരു ഫെയർ റെൻറ തന്നെ ആയിരിക്കണം. മര്യാദപ്പാട്ടം നിശ്ചയിക്കുന്നതു 'മര്യാദ' എന്നു പറയുന്ന പദത്തിൻെറ അർത്ഥം മനസ്സിലാക്കി വേണം പാട്ടക്കാരൻെറയും ജന്മിയുടെയും ഭാഗത്തു മര്യാദ പാലിക്കേണ്ടതു പാട്ടത്തിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. കൂടുതൽ അദ്ധ്വാനിച്ചു നല്ല തോട്ടങ്ങളാക്കിത്തീർത്തിരിക്കുന്ന ഭൂമിയുടമസ്ഥന്മാർ അവരുടെ ഭൂമി ഇന്നത്തെ വ്യവസ്ഥയനുസരിച്ചു പാട്ടത്തിനു കൊടുക്കുകയാണെങ്കിൽ, മര്യാദ പാട്ടം കൂട്ടുന്നുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നില്ല. സർ, ഇതു കൂടാതെ, ബില്ലിലെ 26-ാം വകുപ്പനുസരിച്ചു് മുൻസിഫ് കോടതിയിൽ പാട്ട ബാക്കിക്കു് അന്യായം കൊടുത്തു ഈടാക്കുന്നതിനു വച്ചിരിക്കുന്ന 200 രൂപ വാസ്തവത്തിൽ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്. 200 രൂപ എന്നു പറഞ്ഞാൽ ഇന്നത്തെ നെല്ല വിലയനുസരിച്ചു് 50 പറ നെല്ല് പാട്ടം കിട്ടുന്ന ഒരാളിനു് രണ്ടുകൊല്ലത്തെ പാട്ടക്കുടിശ്ശിക വന്നാൽ മതി. 200 രൂപയിൽ കൂടുതൽ തുക ഈടാക്കുന്നതിനു വേണ്ടി ജില്ലാകോടതിയെ അഭയം പ്രാപിക്കേണ്ടിയിരിക്കുന്നു. സാധാരണ കർഷകർ 200 രൂപാക്കു മേലുള്ള കുടിശ്ശികകൾക്കു ഡിസ്ട്രിക്ററ കോടതിയിൽ പോകുന്നതു വളരെ ബുദ്ധിമുട്ടുള്ള സംഗതിയാണ്. അതുകൊണ്ടു 200 രൂപ എന്നതു മാററി 500 രൂപ എന്നു ബില്ലിൻെറ 26-ാം വകുപ്പു ഭേദഗതി വരുത്തേണ്ടതാണ്. മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, എല്ലാ ബില്ലുകളിലും മദ്ധ്യവർത്തികളെ കൂടുതൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട ഇന്നത്തെ ഗവണ്മെൻറും, കക്ഷിയും മററു പാർട്ടികളും കൂടി ആലോചിച്ചു് ഇപ്രകാരം ഇടയ്ക്കു നിൽക്കുന്ന മദ്ധ്യവർത്തികളെ കളയുന്നതും ഒഴിവാക്കി ഈ ബിൽ പരിഷ്കരിക്കണമെന്നു സെലക്ററകമ്മിററിയെ ഓർമ്മപ്പെടുത്തുന്നു.

സർ, ഗവണ്മെൻറ ഭൂമി പൊന്നും വിലയ്ക്കെടുത്താൽ കർഷകനും, ഭൂവുടമയ്ക്കും തമ്മിലുള്ള ബന്ധമല്ലാതെ, രണ്ടിനും മദ്ധ്യേ ഒരു മദ്ധ്യവർത്തിക്കു സ്ഥാനം കൊടുക്കുന്നതിനെ അനുകൂലിക്കാൻ നിവൃത്തിയില്ല. ഞങ്ങളുടെ പ്രദേശത്തു വാസ്തവത്തിൽ ഇങ്ങനെയുള്ള മദ്ധ്യവർത്തികൾ ഒരു തൊരു മുതൽ മുടക്കും കൂടാതെ ഈ ഇടപാടുകളിൽ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. അതു കൊണ്ടു ഇക്കൂട്ടരെ ഒഴിവാക്കി കർഷകക്കു് യഥാർത്ഥത്തിൽ ഗുണമുണ്ടാകുന്നതരത്തിലും ജന്മിമാക്കു, അല്ലെങ്കിൽ ഭൂസ്വാമിടമസ്ഥന്മാക്കു് അവരുടെ ന്യായമായ അവകാശം ലഭിക്കത്തക്കവിധത്തിലും ഈ ബില്ലിനെ പരിഷ്ക്കരിക്കണമെന്നു് എനിക്കഭിപ്രായമുണ്ടു്. അതുപോലെ തന്നെ ഭൂസ്വാമിടമസ്ഥൻ എന്ന നാമമാത്രമായ ജന്മിമാരുണ്ടു്. ഗവണ്മെൻറ ഉദ്യോഗം ഒരു ഭൂഷണമായി കരുതി, അല്ല ഭൂമിയുള്ള ചില കുടുംബങ്ങളിലെ അംഗങ്ങൾ നിസ്സാരശമ്പളം കൊണ്ടു ജീവിക്കാൻ സാധിക്കാതെ അന്യസ്ഥലങ്ങളിൽ പോകുകയും, തൻെറ ഭൂമി പാട്ടത്തിനു കൊടുക്കുകയും ചെയ്തിട്ടു ഒടുവിൽ പെൻഷൻ പററിയതിനു ശേഷം തിരിയെ വന്നു അയാൾക്കും കുടുംബത്തിനും ജീവിക്കുന്നതിനു വേണ്ടി അയാളുടെ ഭൂമി സ്വയം കൃഷി ചെയ്യുന്നതിനു ആവശ്യപ്പെട്ടാൽ അതു ലഭിക്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഇല്ല. അതുകൊണ്ടു എനിക്കു പറയാനുള്ളതു്

നിത്യത കഴിക്കുന്നതിനുവേണ്ടി വെളിയിൽ പോയി നിസ്സാരമായ സർക്കാർ ഉദ്യോഗം വഹിച്ച് വേലചെയ്തു ആരോഗ്യം നശിച്ചു ക്ഷീണിതരായി മടങ്ങിയെത്തുന്ന ആളുകൾ പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമി അവർ ആവശ്യപ്പെട്ടാൽ തിരിച്ചു കൊടുക്കുന്നതിന് ഒരു തടസ്സവും ഇല്ലാത്തവിധത്തിലുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നാണ്. സർ, ഞങ്ങളുടെ സ്ഥലത്ത് ആനയുള്ള വെറും പാട്ടക്കുടിയാന്മാരുണ്ട്. രണ്ടും, മൂന്നും കാറുകളുള്ള പാട്ടക്കുടിയാന്മാരുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ആനയുള്ള പാട്ടക്കുടിയാൻ പട്ടിണി കിടക്കുന്ന ജന്മി ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയാണു ഞങ്ങളുടെ നാട്ടിലുള്ളത്. അതു കൊണ്ടു ഗതികേടു സംഭവിച്ചിട്ടുള്ള ഭൂസ്വത്തുടമസ്ഥന്മാരുടെ കാര്യത്തിൽ അവർക്കുകൂടി രക്ഷ നൽകുന്ന ഒരു വകുപ്പു ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു അപേക്ഷിച്ചു കൊള്ളുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഏഴു ഭൂനയബില്ലുകളും ഒരുമിച്ചു സെലക്ട് കമ്മിററിക്കു അയക്കേണ്ടതാണെന്നാണു ഞാൻ ആദ്യമേ അഭിപ്രായപ്പെടുന്നതു്. ഈ ബില്ലുകൾ നിയമമാക്കുന്നതിനുമുപ് അധികാരത്തിലായിരിക്കുന്നവർ, കുറെക്കൂടി ഗൗരവതരമായി ചിന്തിക്കയും അതനുസരിച്ചു വേണ്ട ഭേദഗതികൾ വരുത്തുകയും ചെയ്യേണ്ടതാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വെറുംപാട്ടദാർ ബില്ലിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ ചിന്താഗതി അറിയണമെങ്കിൽ ഈ ബിൽമാത്രം വായിച്ചാൽ പോരാ, ഇതിനോടു അനുബന്ധിച്ചുള്ള മററു ബില്ലുകളും വായിച്ചാലേ സാധ്യമാകയുള്ളു. ബില്ലിന്റെ ഉള്ളടക്കം വിശദമായി മനസിലാക്കത്തക്കവണ്ണം വേണ്ടവിധത്തിൽ പരിശോധിച്ചു പഠിക്കുന്നതിനുവേണ്ടി ഇവയെല്ലാംകൂടെ വിപുലമായ ഒരു സെലക്ട് കമ്മിററിക്കു റെഫർ ചെയ്യുന്നതു നന്നായിരിക്കും. കാരണം, ഒരു ബില്ലിനകത്തുള്ള വ്യവസ്ഥകൾ ഭൂ ഉടമയേയോ പാട്ടാദാരനേയോ ബാധകമാകുന്നതു് ഏതെല്ലാം വിധത്തിലാണെന്നുള്ളതു മനസ്സിലാകണമെങ്കിൽ മററു ബില്ലുകൾ എല്ലാം പരിശോധിക്കണം. വ്യവസ്ഥകളൊന്നും അത്ര വ്യക്തവുമല്ല. അങ്ങനെയിരിക്കെ ഈ എല്ലാ ബില്ലുകളും കൂടി ഒന്നിച്ചു അവതരിപ്പിക്കുന്നതിൽ വല്ല പ്രത്യേക കാരണവുമുണ്ടോയെന്നു് അറിയാൻ പാടില്ല. കർഷകർക്കും വളരെ വിഷമിച്ചു ജീവിതം കഴിക്കുന്നവർക്കും ആശ്വാസം നൽകണമെന്നുള്ള ഉദ്ദേശമാണെങ്കിൽ അതു ഈ ബിൽ മുഖേന സാധിക്കുമോ എന്നു തോന്നുന്നില്ല. മാത്രമല്ല, ഏററവും കൂടുതൽ കൃഷിക്കാർക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങൾ സൃഷ്ടിക്കുന്നതു തന്നെ അവതിയില്ലാത്ത വ്യവഹാരങ്ങൾക്കു കാരണമാകുന്നതാണ്. പാസാക്കി വിടുന്ന നിയമത്തിന്റെ പഴുതിൽ കൂടി വല്ല ആശ്വാസത്തിനും വകയുണ്ടെങ്കിൽ അതിനെ അങ്ങേയററം പ്രയോജനപ്പെടുത്തുന്നവരാണ് നമ്മളെല്ലാപേരും. ആ സ്ഥിതിക്കു ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു ഉപരിയായി വൈഷമ്യങ്ങളായിരിക്കും ഈ ബിൽ കാരണമായി നിയമമാകുമ്പോൾ ഉണ്ടാകാൻപോകുന്നതു്. അങ്ങനെ ഒരു പരിതഃസ്ഥിതി ഉണ്ടാകരുതെന്നുള്ള ഉദ്ദേശം കൊണ്ടാണ് സെലക്ട് കമ്മിററിക്കു റെഫർ ചെയ്യണമെന്നു ഞാൻ പറഞ്ഞതു്. ഇന്നു നിലവിലിരിക്കുന്ന ചില നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഭൂവുടമയെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന മാററങ്ങളെപ്പററി നാട്ടിൽ ചില അഭിപ്രായഗതികൾ പൊന്തിവന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലായിരിക്കണം ഈ ഗവണ്മെൻറ് ഭൂവുടമയിൽ വരുത്തേണ്ട മാററങ്ങൾ.

[ശ്രീ. കെ. ബാലകൃഷ്ണൻ]

അതേ അവസരത്തിൽ നാം ഒരു കാര്യം ഓർക്കേണ്ടതാണ്. എല്ലാവർക്കും യോജിക്കാൻ കഴിയുന്ന നിയമങ്ങൾ പാസാക്കുന്നതിൽ എല്ലാവരും യോജിക്കേണ്ടതാണ്. നിലവിലിരിക്കുന്ന ഭൂവുടമ സംപ്രദായത്തിൽ ഒരു മാററം വരുത്തണമെങ്കിൽ നിലവിലിരിക്കുന്ന ചില നിയമങ്ങളിൽതന്നെ മാററം വരുത്തേണ്ടതാണ്. അങ്ങനെ വരുമ്പോൾ ചിലർക്ക് ഉപദ്രവം തട്ടാതെ സാധ്യമല്ല. ഈ കാര്യത്തിൽ ഗവണ്മെൻറിന്റെ മനോഭാവം എന്താണെന്നു ഇനിയും അറിയേണ്ടിയിരിക്കുന്നു. ഭൂരണക്കൂടത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നിലനില്പ് നോക്കി ക്രിയാത്മകമായിട്ടെങ്കിലും നിലവിലിരിക്കുന്ന നിയമത്തിൽ ഒരു മാററം വരുത്തേണ്ടതു് ആവശ്യമാണെന്നു കണ്ടുകൊണ്ടും എന്നാൽ നിലവിലിരിക്കുന്ന നിയമങ്ങൾ നിവർത്തിയുള്ളിടത്തോളം തുടർന്നുകൊണ്ടു പോകണമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി എഴുതിത്തുടങ്ങുന്ന അപ്പക്ഷണങ്ങളായിരിക്കരുതു്. ഈ ബില്ലുകൾ. ജനങ്ങളുടെ ഇടയിൽ പൊന്തിവന്നിരിക്കുന്ന അഭിപ്രായഗതികളെ തൽക്കാലം എങ്ങിനേയും നിവൃത്തിക്കാമെന്നു മുൻഗവണ്മെൻറിന്റെ സമീപന രീതിയാണോ അതോ, നിലവിലിരിക്കുന്ന നിയമങ്ങൾ മൂലമുണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കും തകരാറുകൾക്കും സ്ഥായിയായ ഒരു മാററം വരുത്താനാണോ ഈ സമീപന രീതി ഗവണ്മെൻറ് സ്വീകരിക്കുന്നതെന്നറിയേണ്ടിയിരിക്കുന്നു. ഒരു സ്ഥായിയായ മാററമാണു വരുത്താനുദ്ദേശിക്കുന്നതെങ്കിൽ ഒരു വലിയ ജനവിഭാഗം ഗവണ്മെൻറിനോടു യോജിക്കുമെന്നുള്ളതിൽ സംശയമില്ല ഈ സഭയിൽതന്നെ ചിലർക്കു ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ആവേശത്തും പരവേശങ്ങളും ഉണ്ടാകുന്നുണ്ട്. ചിലർക്കു നഷ്ടപ്പെടാനുള്ളതു നഷ്ടപ്പെടുമ്പോൾ ആവേശമുണ്ടാകും, അങ്ങനെയുള്ള ആവേശങ്ങളെ പരിഗണിച്ചു മാററങ്ങൾ വരുത്തിയാൽ ഈ ബില്ലിൽ മാത്രമല്ല, മററു ആറു ബില്ലുകളിലുംമാററങ്ങൾ വരുത്തേണ്ടിവരും. ചെറിയ ദ്വാരത്തിൽക്കൂടെ വലിയ ഉലക്ക കയററാൻ സാധിക്കുന്ന മാററങ്ങളായിരിക്കും അവ. ഭൂനയബില്ലുകളെ സംബന്ധിച്ചിടത്തോളം എല്ലാവരേയും ഒരുപോലെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായ ഒരു നയമ നിർമ്മാണം നടത്താൻ സാധിക്കുമെങ്കിൽ അതു അഭിനന്ദനാർഹമാണ്. സർ, തിരുവിതാംകൂർ-കൊച്ചി വെറുംകുടിയാർ ബില്ലാണ് ഇന്നത്തെ ചർച്ചാവിഷയം. വളരെ പുരോഗമനാത്മകമായും നൂതന ചിന്താഗതിയോടും കൂടിയാണെന്നു ഭാവിച്ചുകൊണ്ടു അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ മുൻപു മുതൽക്കെ കൊച്ചിയിലുള്ള വെറുംകുടിയാർ ബില്ലിനെ അപേക്ഷിച്ചു വളരെ പുറകോട്ടുപോയിട്ടുണ്ടെങ്കിൽ അതു് ആക്ഷേപകരമാണ്. വല്ല സമ്മർദ്ദങ്ങൾക്കും വശംവദരാണ് ഇപ്പോഴത്തെ ഗവണ്മെൻറ് ഇങ്ങനെ ചെയ്യേണ്ടിവന്നതെങ്കിൽ ഇന്നു് അവർ അതിൽ നിന്നെല്ലാം വിമുക്തമായിരിക്കുകയാണ്. രാജ്യനന്മക്കായി ചെയ്യാനുള്ള സന്നദ്ധതയോടെ മുൻപോട്ടു പോകാൻ അവർക്കു ഇപ്പോൾ സാധിക്കും.

സർ, ഈ ബില്ലിനെപ്പററിയുള്ള പല വാദമുഖങ്ങളും എന്റെ മാന്യസുഹൃത്തുക്കൾ ഉന്നയിച്ചു കഴിഞ്ഞ സ്ഥിതിക്കു അതിൽ വിട്ടുപോയ ഒന്നു രണ്ടു കാര്യങ്ങൾ മാത്രം എടുത്തു പറയാമെന്നു വിചാരിക്കുന്നു. കാണത്തക്കവിധം വ്യവസ്ഥയനുസരിച്ചു വസ്തു കൈവശം കിട്ടിയിട്ടുള്ളവർ, പൊളിച്ചെഴുത്തു വേണമെന്നുള്ള വ്യവസ്ഥയില്ലാതെ തന്നെ പൊളിച്ചെഴുത്തു നടത്തിയി

ട്ടുണ്ട്. ഇത്തരത്തിലുള്ള വസ്തുക്കൾ കൂടി വെറും പാട്ടദാർ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. മറ്റൊന്ന്, മാമൂൽ തുക ഈടാക്കുന്ന സംപ്രദായമാണ്. മാമൂൽ തുക എന്നു പറയുന്നത്, ജന്മിമാർക്കു കൊടുക്കുന്ന മിച്ചവാരം, ഓണക്കാഴ്ച, ഓലപ്പണം, ഒപ്പുസൂചിപ്പണം, മുതലായവയാണ് ഞാൻ മനസ്സിലാക്കുന്നത്. മാമൂൽതുകയെപ്പററി ഒരു വിശദീകരണംകൂടി ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. മാമൂൽതുക ഈടാക്കുന്ന കാര്യത്തിൽ വസ്തു ഉടമസ്ഥന്മാർ വേണ്ടിടത്തോളം നിയമത്തിന്റെ പഴുതിൽകൂടി ഉള്ളിലേക്ക് കടക്കുന്നവരായതുകൊണ്ട് വളരെ അധികം വ്യവഹാരങ്ങൾക്കും കാരണമാകുന്നതാണ്. അതു സംഭവിക്കാതിരിക്കാൻ വേണ്ടി ബില്ലിൽതന്നെ വിശദമായ രീതിയിലുള്ള വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്. ചില വസ്തുക്കൾ വീണ്ടെടുക്കുന്നതിനെ സംബന്ധിച്ച ചില വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതിനോടു ഞാൻ യോജിക്കുകയാണു ചെയ്യുന്നത്. അതായത് 1949 മുതൽ ഭൂതകാലപ്രാബല്യത്തോടുകൂടി വസ്തു ഒഴിപ്പിക്കുന്ന വ്യവസ്ഥയാണു അത്.

ദേഹണ്ഡത്തെപ്പററി ഇതിൽ ഒന്നുംതന്നെ പറഞ്ഞിട്ടില്ല. 1949 മാർച്ച് 22-ാംതീയതിക്കും, ഈ ബിൽ പാസാകാവുന്ന 1955-നും ഇടയ്ക്ക്, പതിനായിരമൊ പന്തീരായിരമൊ രൂപ ചെലവാക്കി ഭൂമി ഇംപ്രൂവു ചെയ്തിട്ടുള്ള ഒരാളിനു ദേഹണ്ഡവിലകൂടി അവകാശപ്പെടാവുന്നതാണ്. ഭൂമി പാട്ടത്തിനു കൊടുത്ത അവസരത്തിൽ വേലചെയ്തു താമസിച്ചുകൊള്ളുന്നതിനായിരിക്കും കൊടുത്തിട്ടുള്ളത്. ഒഴിപ്പിക്കുന്ന സന്ദർഭത്തിൽ പതിനായിരമൊ പതിനയ്യായിരമൊ രൂപ ദേഹണ്ഡം കൊടുക്കണമെന്നു പറഞ്ഞാൽ ഉദ്ദേശിക്കുന്ന പ്രതിഫലം ഉടമസ്ഥനു കിട്ടാതെ വരും. ഇവിടെ ഈ ബില്ലിൽ ദേഹണ്ഡം കൊടുക്കേണമൊ കൊടുക്കേണ്ടയൊ എന്നു പറഞ്ഞിട്ടില്ല. അതിനു ഒരു വ്യവസ്ഥ ചെയ്യുമെന്നാണ് എന്റെ അഭിപ്രായം. സർ, ഈ ബില്ലിനെപ്പററി ഇവിടെ പല ബഹുമാനപ്പെട്ട മെംബറന്മാരും സംസാരിച്ചു കഴിഞ്ഞു. എനിക്കു പറയുവാനുണ്ടായിരുന്ന പലകാര്യങ്ങളും ഞാൻ പറയുമായിരുന്നതിനെക്കാൾ ഭംഗിയായിട്ട് ഇവിടെ സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. എനിക്കു ഒരു കാര്യംകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അതായത് ഈ മാതിരിയുള്ള കേസുകൾ, കർഷകരുടെ കേസുകൾ ഇപ്പോൾ സിവിൽ കോടതികളിൽ നടന്നുവരികയാണ്. എന്നാൽ കൃഷിക്കാരുടെ ഇത്തരത്തിലുള്ള കേസുകൾ സിവിൽ കോടതികളിൽ വിസ്തരിക്കാതെ, ലാൻഡ് ട്രിബ്യൂണൽസ് ഏർപ്പെടുത്തുന്നതു് നന്നായിരിക്കും എന്നാണ്. അതിനാൽ ഇതലേയ്ക്ക് ലാൻഡ് ട്രിബ്യൂണൽസ് കാൺസ്റ്റററ്റ്യൂട്ട ചെയ്തു ഈ വക കേസുകൾ നടത്തുന്നതിനു് നിർദ്ദേശം നൽകണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ ബില്ലും, ഭൂനയം സംബന്ധിച്ചുള്ള മററു ബില്ലുകളും എല്ലാം ഒന്നിച്ചു സെലക്ററു കമ്മിററിക്ക് അയയ്ക്കണമെന്ന് ഞാൻ ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. ഹോർമിസ്: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ബിൽ സെലക്ററു കമ്മിററിക്ക് അയയ്ക്കണമെന്നുള്ള ധനകാര്യവകുപ്പുമന്ത്രിയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭൂനയബില്ലുകളിൽ വച്ച് സാധാരണക്കാർക്ക് ഏററവും വലിയ ആശ്വാസം നൽകുന്നതും സാധാരണക്കാർ കാംക്ഷിക്കുന്നതും വേഗം നിയമമായി കാണുവാൻ ആഗ്രഹിക്കുന്നതും വെറുംപാട്ടബില്ലാണ്.

[ശ്രീ. കെ. പി. ഹോർമിസ്]

ഭൂനയബില്ലുകളെല്ലാം ഒന്നിച്ച് പരിഗണിക്കണമെന്ന് അഭിപ്രായമുണ്ടായിട്ടുണ്ട്. വെറംപാട്ടബില്ല് പ്രത്യേകിച്ച് പരിഗണിച്ചു നിയമമാക്കുന്നതിൽ വിരോധമില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വെറംപാട്ടബില്ലിനേക്കാൾ കൂടുതൽ പുരോഗമനപരമായ ഒരു ബിൽ കൊച്ചിയിൽ 1118-ൽ നിയമമായിട്ടുണ്ട് ഭൂപരിധി നിശ്ചയിച്ചുകൊണ്ടുള്ള ഒരു ബിൽ അന്ന് ചിന്തിക്കപ്പെടുകയുണ്ടായിട്ടില്ല. നിലവിലിരിക്കുന്ന കൊച്ചി വെറംപാട്ടബിൽ അവിടത്തെ കൃഷിക്കാർക്ക് വളരെ ആശ്വാസം നൽകിക്കൊണ്ടിരിക്കുന്നു. അതിന്റെ പ്രവർത്തനത്തിൽ കാര്യമായ പരാതികളൊന്നും ഇതുവരെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. കൊച്ചി വെറംപാട്ടബില്ലിനെ അപേക്ഷിച്ച് രണ്ടു പ്രത്യേകതകളുണ്ട് അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബില്ലിനുള്ളത്. ഒന്നാമതായി ബില്ലിലെ സെക്ഷൻ 7 ചില വ്യവസ്ഥകൾക്ക് വിധേയമായി വെറംപാട്ടക്കുടിയാനെ ഒഴിപ്പിക്കുവാനുള്ള അവകാശം ജന്മിക്ക് നൽകിയിരിക്കുന്നു. ഈ അവകാശം നിലവിലിരിക്കുന്ന കൊച്ചിബില്ലിൽ ഇല്ല. സെക്ഷൻ 7 പൂർണ്ണമായും ബില്ലിൽനിന്നും നീക്കംചെയ്യണമെന്നുള്ള ഖണ്ഡിതമായ അഭിപ്രായമാണ് എനിക്കുള്ളത്. വെറം പുരോഗമനത്തിന്റെ പേരിലല്ല ഞാൻ അങ്ങനെ വാദിക്കുന്നത്. ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത് വെറംപാട്ടക്കുടിയാന് അവൻ ദേഹണ്ഡിക്കുന്ന വസ്തുവിൽ ഒരവകാശം കൊടുക്കുകയെന്നുള്ളതാണ്. ആയത് പൂർണ്ണമാകണമെങ്കിൽ വെറംപാട്ടക്കുടിയാന് കിട്ടുന്ന അവകാശത്തിന് ഒരു സെക്യൂറിട്ടി വാല്യു ഉണ്ടായിരിക്കണം. സെക്യൂറിട്ടി വാല്യു ലഭിച്ചെങ്കിൽ മാത്രമേ വെറംപാട്ടക്കുടിയാന് ലഭിക്കുന്ന അവകാശം ക്രയവിക്രയം ചെയ്യുന്നതിനോ പണയംകൊടുക്കുന്നതിനോ സാധിക്കുകയുള്ളൂ. ജന്മിയുടെ ആകെ വസ്തുവിന്റെ വിസ്തീർണ്ണത, ജന്മിയുടെ സ്വന്തമായ ആവശ്യങ്ങൾ മുതലായ വ്യവസ്ഥകൾക്ക് വിധേയമായി വസ്തു ഒഴിപ്പിക്കുവാനുള്ള അവകാശം ജന്മിക്ക് കൊടുത്താൽ മുൻപറഞ്ഞ രൂപത്തിലുള്ള സ്ഥിരവും പൂർണ്ണവുമായ ഒരവകാശം വെറംപാട്ടക്കുടിയാന് ലഭിക്കാതെ പോകും. ഇതിൽ വളരെ വൈഷമ്യങ്ങൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. കുടിയാനെക്കാൾ ദരിദ്രരായ ജന്മിമാരും മററുമുണ്ടെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഭൂനയബില്ലുകളേപ്പോലെ പുരോഗമനപരങ്ങളായ ബില്ലുകൾ നിയമമാകുമ്പോൾ ചിലർക്കെല്ലാം ചില വൈഷമ്യങ്ങൾ ഉണ്ടാകും. ഇത് അപരിഹാര്യമാണ്. ഈ വൈഷമ്യങ്ങളേക്കുറിച്ച് ഈ രാഗ്രസ്സിന്ന് ചിലർ പരാമർശിച്ചപ്പോൾ സെക്ഷൻ 7 നിലനിർത്തണമെന്ന് കാൺഗ്രസ്സ് പാർട്ടിക്ക് അഭിപ്രായമുള്ളതായി സ്ഥാപിക്കുവാൻ ഇടതുപക്ഷബഞ്ചുകളിൽനിന്ന് വ്യഗ്രത കാണിക്കുകയുണ്ടായി. അങ്ങിനെ യൊരഭിപ്രായം കാൺഗ്രസ്സുപാർട്ടിക്കുള്ളതായി എനിക്കറിവില്ല. അതുകൊണ്ട് സെക്ഷൻ 7 ബില്ലിൽനിന്നും നീക്കംചെയ്ത കൊച്ചിയിലിരിക്കുന്ന ബില്ലിനു തുല്യമാക്കി യാതൊരു കാരണവശാലും വെറംപാട്ടക്കുടിയാനെ വസ്തുവിൽനിന്നും ഒഴിപ്പിക്കുവാൻ പാടില്ലെന്നുള്ള വ്യവസ്ഥ ബില്ലിൽ ചേർക്കേണ്ടതാണ്.

അവതരിപ്പിക്കപ്പെട്ടിരിക്കുന്നബില്ലിലുള്ള മറെറാരു പ്രത്യേകത ന്യായപ്പാട്ടത്തിന് വ്യവസ്ഥ ചെയ്തിരിക്കുന്നുവെന്നുള്ളതാണ്. ഈ വ്യവസ്ഥ നിലവിലിരിക്കുന്ന കൊച്ചി വെറംപാട്ടബില്ലിലില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പ്രവേശിക്കാതെ ഒരു സംഗതി മാത്രം എടുത്തു പറയുവാൻ

ഞാനാഗ്രഹിക്കുന്നു. ബില്ലിലെ 10-ാംവകുപ്പിൽ നിർദ്ദേശിക്കുന്നതു് ബിൽ നിയമമാകുന്ന തീയതിയിൽ നിലവിലിരിക്കുന്ന പാട്ടമോ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന പാട്ടമോ ഏതാണു് കുറവു് എന്നുവച്ചാൽ അതാണു് മര്യാദപ്പാട്ടം എന്നാണു്. ബിൽ നിയമമാകുവാൻ ഇനിയും കാലതാമസം വേണ്ടിവരും. ഭൂപരിഷ്ക്കാരത്തെക്കുറിച്ചു് കേട്ടുതുടങ്ങിയ അവസരം മുതൽക്കുതന്നെ പൊളിച്ചെഴുത്തു നടത്തുവാനും പാട്ടം കൂട്ടുവാനും ഇവിടത്തെ ഏററവും വലിയ ജന്മിയായ ദേവസ്വം നടപടികൾ നടത്തിവരികയാണു്. കുന്നത്തുനാടുതാലൂക്കിലെ നേരിട്ടുള്ള അനുഭവത്തിൽനിന്നുമാണു് ഞാനിതു വ്യക്തമാക്കുന്നതു്. 1949-ലെ വിധിനടത്തുനിവൃത്തൽ വയ്ക്കുന്ന നിയമത്തിന്റെ പരിധിയിൽ ദേവസ്വം വസ്തുക്കളെ ഒഴിവാക്കിയിരിക്കുകയാണു്. അതിനാൽ 10-ാം വകുപ്പിൽ ബിൽ നടപ്പിൽ വരുന്ന തീയതി എന്നതിനു പകരം വിധിനടത്തുനിവൃത്തൽ വയ്ക്കുന്ന നിയമം പാസായ 1949 എന്നു ഭേദഗതി ചെയ്യണം.

മറെറാരു സംഗതി പറയുവാനുള്ളതു് പങ്കുവാരത്തെ സംബന്ധിച്ചാണു് പങ്കുവാരം ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. ഉൾപ്പെടുത്തണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നുമില്ല. എന്നാൽ സ്വാധീനമുള്ള ചില ജന്മിമാർ വെറുംപാട്ടസ്വഭാവമുള്ള വസ്തുക്കളെ പങ്കുവാരമായി അടുത്ത കാലത്തു മാററിച്ചിട്ടുണ്ടു്. അതിനാൽ ഇപ്പോൾ നിലവിലിരിക്കുന്നതു് പങ്കുവാരമാണെങ്കിലും വ്യക്തമായ രേഖകൾകൊണ്ടു് വസ്തു വെറുംപാട്ടഭൂമിയായിരുന്നുവെന്നു് തെളിയിക്കുവാൻ സാധിക്കുന്നപക്ഷം ആവക ഭൂമികളെക്കൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബില്ലിനെ ഞങ്ങൾ സാമാന്യമായി സ്വാഗതം ചെയ്യുകയാണു്. ഈ ബില്ലിൽ പ്രധാനമായ രണ്ടു തത്വങ്ങൾ ഉൾപ്പെടുത്തിക്കാണുന്നുണ്ടു്. വെറുംപാട്ടക്കുടിയാന്മാർക്കു സ്ഥിരാവകാശം നൽകണമെന്നും, ഈ കുടിയാന്മാർക്കു് മര്യാദപ്പാട്ടത്തിന്റെ ഗുണം കിട്ടണമെന്നും ഉള്ളതാണു് ഈ ബില്ലിൽ ഉൾക്കൊള്ളുന്ന തത്വങ്ങൾ. എന്നാൽ ഈ ബില്ലിനെപ്പററി അധികം ആക്ഷേപങ്ങൾ ഇവിടെ പല ഭാഗത്തുനിന്നും പറയുകയുണ്ടായി. ഞങ്ങിനെയുള്ള ആക്ഷേപങ്ങളിൽ പലതും അടിസ്ഥാനമുള്ളവയാണു്. ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ കാരണമെന്താണെന്നു നാം ആലോചിക്കണം. ഈ വിധത്തിലുള്ള ഒരു ഭൂപരിഷ്കരണബില്ലു് കൊണ്ടുവരുന്നതിനു മുൻപു് ഈ ബില്ലിന്റെ പ്രായോഗികതയ്ക്കു് എന്തുദ്ദേശമാണുള്ളതെന്നുള്ളതിനെപ്പററി വ്യക്തമായ ഒരു ധാരണ വേണം. നമ്മുടെ രാജ്യത്തു് ഭൂ ഉടമയുടെ കാര്യത്തിൽ എന്തു വ്യവസ്ഥ വരുത്തണമെന്നാണു് ആഗ്രഹിക്കുന്നതു് എന്നുള്ള ഒരു ചിത്രം മനസ്സിൽ ഉണ്ടെങ്കിൽ ഈ ബുദ്ധിമുട്ടു തെററാം വരുകയില്ലായിരുന്നു. "പ്രിയാംബിളിൽ" പറയുന്നതു്, കൊച്ചിയിൽ 1118-ൽ ഉണ്ടായിരുന്ന വെറുംപാട്ട നിയമം തിരുവിതാംകൂറിലേക്കുകൂടി വ്യാപിപ്പിക്കണം എന്നുള്ളതാണു് ഈ ബില്ലിന്റെ ഉദ്ദേശമെന്നാണു്. ഇതു വളരെ ചെറിയ ഒരു ഉദ്ദേശംമാത്രമാണു്. ഈ രണ്ടു സ്ഥലങ്ങളിലെയും വെറുംപാട്ട നിയമങ്ങൾ ഒന്നുപോലെ ആക്കുക എന്നുള്ളതു മാത്രമാണു് ഇതിന്റെ പിന്നിൽ ഉള്ള ഉദ്ദേശമെങ്കിൽ ഇതിനെപ്പററി ഇത്ര ഏറെ വാദപ്രതിവാദം ഉണ്ടാക്കേണ്ട കാര്യമില്ല. 1118-ൽ, അതായതു് പന്ത്രണ്ടു കൊല്ലങ്ങൾക്കു മുമ്പു്, കൊച്ചിരാജ്യത്തു് ഒരു മഹാരാജാവിന്റെ ഭരണം നിലവിലിരുന്നകാലത്തു്, ഒരു ദിവാൻ ഭരണം മാത്രം നിലവിലി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

രുന്ന അവസരത്തിൽ, യാതൊരു ആക്ഷേപവുംകൂടാതെ അവതരിപ്പിച്ചു പാസ്സാക്കിയിട്ടുള്ള ഒരു ബിൽ, ഇപ്പോൾ ഈ സോഷ്യൽ സ്റ്റേറ്റ് ഗവണ്മെൻറ് തിരുവിതാംകൂറിലേക്കുകൂടി വ്യാപിപ്പിക്കാൻ മാത്രമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എങ്കിൽ അതു ശരിയാണെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ ശ്രീ. ബാലകൃഷ്ണൻ പറഞ്ഞ കാര്യത്തോടു ഞാനും യോജിക്കുന്നു. ഭൂപരിഷ്കാരം എന്നു പറയുന്നതു കുറേശ്ശെ കുറേശ്ശെയായി ചെയ്യാവുന്ന ഒന്നല്ല. വെറും പാട്ടംദാരുടെ കാര്യത്തിനു ഒരു ബിൽ കൊണ്ടുവരുക, കുടിയാന്മാരുടെ കാര്യത്തിനു വേറൊന്നു കൊണ്ടുവരുക, ഇടവകക്കാരുടെ കാര്യത്തിനു വേറൊന്നു കൊണ്ടുവരുക, ഇങ്ങനെ അല്ലാല്ലമായി നടത്തുകയാണെങ്കിൽ നമ്മുടെ ചിത്രം പൂർത്തിയാകുകയില്ല. നമുക്ക് ആലോചിക്കേണ്ടതു് ഏതു വിധത്തിലുള്ള ഒരു ഭൂവുടമയാണ് നമുക്ക് വേണ്ടതെന്നാണ്. ഇത്രനാളും നിലനിന്നിരുന്ന ജന്മിത്വവും, ആ ജന്മിയുടെ കീഴിൽ നൂലാമാലപോലെ അനേകമനേകം കീഴ് കുടിയായ്മകളും പിന്നെ സ്വന്തം നിർദ്ദേശമനുസരിച്ചു കൃഷി നടത്താനുള്ള കൃഷിക്കാരും ഉൾപ്പെട്ട ഒരു വ്യവസ്ഥയാണോ നമുക്ക് വേണ്ടതു്? നിർഭാഗ്യവശാൽ കേരളത്തിൽ അങ്ങനെ ഒരു വ്യവസ്ഥയാണ് ഇപ്പോഴും ഉള്ളതു്. ഇൻഡ്യയുടെ മററു ഭാഗങ്ങളിലുള്ളതിനേക്കാൾ കൂടുതൽ നൂലാമാലകൾ ഭൂമിയുടെ ഉടമസ്ഥാവകാശത്തെപ്പററി കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഭൂമിയെപ്പററിയുള്ള നിയമങ്ങൾ പഠിച്ചിട്ടുള്ള പണ്ഡിതന്മാരൊക്കെ പറയുന്നതു് ഭൂമിയുടെ ഉടമസ്ഥാവകാശം പാട്ടാദാക്കന്മാർക്കുള്ളതു് കേരളത്തിൽമാത്രമേ ഉള്ളു എന്നാണ്. ഇങ്ങനെ ചിലർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ ഭൂമിക്കു് പട്ടയംവാങ്ങി നാലു സർവ്വേക്കല്ലിട്ടു് രാജ്യത്തെ സെററിൽമെൻറ് നിയമമനുസരിച്ചു് ഭൂമി തന്റേതാണെന്നു അവകാശപ്പെട്ടുകൊണ്ടു് ജന്മി വളരെ പുരാതന കാലംമുതൽ ഭൂമി അനുഭവിച്ചുവരുന്നുണ്ട്. ഞാൻ ഭൂവുടമസ്ഥാവകാശത്തെപ്പററി പറയുകയല്ല; ജന്മിമാരെപ്പററി പറയുകയാണ്. മുമ്പു് ഭൂമി ചാർത്തി കൊടുക്കുകയായിരുന്നു ചെയ്തിട്ടുള്ളതു്. ഭൂമിയിൽ കിളച്ചോ മററു വേലകാര്യങ്ങൾചെയ്തോ അല്ല കിട്ടിയിട്ടുള്ളതു് ഒന്നുകിൽ കാണമായോ പണയമായോ, വെറും പാട്ടമായോ അല്ലെങ്കിൽ നിയമപുസ്തകങ്ങളിൽ കാണുന്ന ഏതെങ്കിലും വഴിക്കോ ചാർത്തിക്കൊടുത്തു. ആദ്യം ചാർത്തിക്കൊടുത്ത കാലം അവസാനിക്കുമ്പോൾ പിന്നെയും ചാർത്തിക്കൊടുക്കുന്നു. വേണമെങ്കിൽ അപ്പോൾ കൊടുക്കാതെയുമിരിക്കാം. ഇങ്ങനെയുള്ള നൂലാമാലാസമ്പ്രദായത്തിലാണ് ഭൂമി അനുഭവിക്കുന്നതിനു വിട്ടുകൊടുത്തിട്ടുള്ളതു്. അതിന്റെ സ്ഥാനത്തു മറെറാരു വ്യവസ്ഥിതി വേണം. പാസന്റെ പ്രൊപ്രൈററർഷിപ്പ് എന്നുള്ള ഒരു വ്യവസ്ഥിതി വേണമെന്ന ഒരു ചിന്താഗതി പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങനെയുള്ള വ്യവസ്ഥിതി ഇവിടെ നടപ്പിൽ വരുത്തുന്നതിന് ഈ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു ചിത്രം (Comprehensive picture) നമ്മുടെ മുൻപിൽ വേണം. അതില്ലാതെ പ്രവർത്തിക്കുകയാണെങ്കിൽ പല പിശകുകളും വരും. നമ്മുടെ നാട്ടിന്റെ നാനാഭാഗത്തു ഭൂമിയിൽ കൃഷി ചെയ്യുന്നവരെ ഭൂമിയുടെ ഉടമസ്ഥന്മാരാക്കിത്തീർക്കത്തക്കവിധം ഒരു നിയമനിർമ്മാണം നടത്താൻ സാധിക്കുമോ എന്നു നാം നോക്കണം. കൃഷിഭൂമി കൃഷിക്കാർക്കു് എന്നുള്ള മുദ്രാവാക്യങ്ങൾ ഈ നിയമസഭയുടെ എല്ലാ ഭാഗത്തു

മിരിക്കുന്ന രാഷ്ട്രീയപാർട്ടിയിൽപ്പെട്ട പ്രവർത്തകന്മാർ വിളിച്ചു പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ എല്ലാവർക്കും ഏകാഭിപ്രായമാണുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. കൃഷിഭൂമി കൃഷിക്കാർക്ക് കിട്ടത്തക്ക വിധത്തിൽ, അതായതു് ഒരു പെസന്റ് പ്രൊപ്രൈറ്ററർഷിപ്പ് ഈ രാജ്യത്തു വരത്തക്ക വിധത്തിൽ നമ്മുടെ നിയമങ്ങൾക്ക് രൂപം കൊടുക്കാൻ സാധിച്ചാൽ, അങ്ങിനെയുള്ള ഒരു വ്യവസ്ഥിതി ഇവിടെ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് നാം പ്രവർത്തിക്കുന്നതെന്ന് ഓർത്തു പ്രവർത്തിച്ചാൽ നമ്മുടെ വിഷമങ്ങളെല്ലാം ഇല്ലാതാകും.

നാം ഈ ബില്ലിലെ വ്യവസ്ഥകളെ മിക്കവാറും സമീപിക്കുന്നതു് ഇന്നവിധത്തിൽ വേണമെന്നുള്ള മുൻവിധികളോടുകൂടിയാണ്. ജന്മിക്കാർക്ക് ഒഴിപ്പിക്കാനൊരു വ്യവസ്ഥവേണമെന്ന് ഒരാൾ പറഞ്ഞാൽ ഉടൻ അതു് പുരോഗമനാത്മകമല്ലെന്നു വിധിക്കുകയായി. നേരേമറിച്ച് ഒരിക്കലും ഒഴിപ്പിക്കാൻ പാടില്ലെന്നു പറഞ്ഞാൽ അതു് പുരോഗമനാത്മകമാണെന്നു വിധിക്കുകയായി. അങ്ങിനെയുള്ള മുൻ വിധികളോടുകൂടിയാണ് നാം ഈ കാര്യങ്ങളെ സമീപിക്കുന്നതു്. അതുപോലെ മര്യാദപ്പാട്ടം നാലിലൊന്നെന്നു പറഞ്ഞാൽ മൂന്നിലൊന്നെന്നു പറയുന്നതിനേക്കാൾ പുരോഗമനാത്മകമാണെന്നും മററുമുള്ള മുൻ വിധികളോടുകൂടി നാം സമീപിക്കുന്നു. അങ്ങിനെയുള്ള മുൻവിധികളുപേക്ഷിച്ച് ശാസ്ത്രീയമായി ഈ രാജ്യത്തു് ഏതുവിധത്തിലുള്ള ഒരു വ്യവസ്ഥിതി വേണമെന്നുള്ള ചിത്രം സദാ മുന്നിൽ വച്ചുകൊണ്ടു് ആലോചിക്കുകയാണെങ്കിൽ ഈ നിയമസഭയിലുള്ള എല്ലാവർക്കും യോജിക്കത്തക്ക വിധത്തിൽ നമുക്കും നാട്ടിലെ കൃഷിക്കാർക്കും ഉപകാരമുള്ള ഒരു നിയമനിർമ്മാണം ചെയ്യാൻ കഴിയും. ഈ ബില്ല കഴിഞ്ഞാൽ ആലോചനക്കെടുക്കാനുള്ള ബില്ലിൽ ഭൂവുടമയുടെ പരിധി നിർണ്ണയിക്കുന്നുണ്ടു്. ഒരു വ്യക്തിക്കോ അല്ലെങ്കിൽ കുടുംബത്തിനോ ഇത്ര ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ പാടില്ലെന്നു് ആ ബിൽ അനുശാസിക്കുന്നുണ്ടു്. ഈ ബിൽ എഴുതി ഉണ്ടാക്കിയപ്പോൾ പരിധി നിർണ്ണയിക്കുന്ന ബില്ലിന്റെ കാര്യം, എഴുതി ഉണ്ടാക്കിയവർ ആലോചിച്ചില്ല. ഞാൻ ഇക്കാര്യം ഒരവസരത്തിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയോടു നേരിട്ടു പറയുകയുണ്ടായി. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വെറുംപാട്ടകുടിയാന്മാർ പെട്ടെന്നു് ഭൂവുടമകളായിത്തീരുകയാണ്. ആ ഭൂവുടമകൾക്ക് എല്ലാം സ്ഥിരാവകാശം നൽകണമെന്നു് ഈ ബില്ലിൽ പറയുന്നു. 1000 ഏക്കർ ഭൂമി വെറുംപാട്ടമായി കൈവശം വച്ചിട്ടുള്ളവർ ഉണ്ടാകാം. 15 ഏക്കറിൽ കൂടുതൽ കൈവശം വയ്ക്കാൻ പാടില്ലെന്നു നാളെ എടുക്കാൻപോകുന്ന ബില്ലിൽ പറയുന്നുണ്ടു്. ഇന്നത്തെ ബില്ലിൽ 1000 ഏക്കർ ഭൂമി വെറുംപാട്ടമായി കൈവശംവച്ചു് സ്ഥിരാവകാശം കൊടുക്കണമെന്നു പറയുന്നു. ഒരിഞ്ചുപോലും ഭൂമി ഇല്ലാത്തവരാണ് പാട്ടത്തിനു ഭൂമി കൊടുത്തിട്ടുള്ളതെങ്കിലും അതു് വെറുംപാട്ടക്കാരനു നൽകിക്കൊള്ളണമെന്നു പറയുന്നതു് പുരോഗമനാത്മകം ആയിക്കൊള്ളണമെന്നില്ല. മററു ചില ഏർപ്പാടുകൾ ചെയ്യണമെന്നു പറഞ്ഞാൽ അതിലും പുരോഗമനത്തിനു വിപരീതമായി യാതൊന്നും ഉണ്ടാകുകയില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : Restriction on Possession and Ownership of Land ബില്ലിൽ വ്യക്തമായി പറഞ്ഞാൽ പോരേ, യാതൊരുതരത്തിലും 15 ഏക്കറിൽ കൂടുതൽ കൈവശം വയ്ക്കാൻ പാടില്ലെന്ന്?

Shri P. S. Nataraja Pillai : May I draw the attention of the hon. Member to clause 4 of the Restriction on Possession and Ownership of Land Bill. It says:

> "No person either by himself or through any member of his family, tarwad or thavazhi shall possess as owner or tenant, lands in the state of Travancore Cochin exceeding in the aggregate the following limits, namely: .."

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, അതിനെപ്പററി ഒരു വാദം നടത്താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് കാര്യം നടക്കുമെങ്കിൽ എനിക്ക് വിരോധമില്ല. ഭൂപരിധിബില്ലിൽ എത്രയാണോ പരിധി നിർണ്ണയിക്കുന്നത് അതിൽ കൂടുതൽ സ്ഥിരാവകാശം കൊടുക്കേണ്ട കാര്യമില്ല. 4-ാംവകുപ്പ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വായിച്ചു. അതുകഴിഞ്ഞുവരുന്ന വകുപ്പുകളിൽ എന്താണ് പറയുന്നത്? ഇന്ന് 1000 ഏക്കർ ഭൂമി കൈവശമുള്ള ഒരു വെറംപാട്ടക്കാരനുണ്ടെങ്കിൽ നടക്കാൻ പോകുന്നത് എന്താണെന്ന് നമുക്ക് അറിയാം. ഈ രണ്ടു ബില്ലുകളും പാസ്സായാൽ എങ്ങിനെയാണ് അയാൾ ആ ഭൂമിയുടെ സ്ഥിരാവകാശമുള്ളവനായിത്തീരുന്നത്? അതിന്നു നാലാംവകുപ്പു തടസ്സമല്ല. ഈ ബില്ല പ്രകാരം സ്ഥിരാവകാശം കൊടുത്തിട്ട് രണ്ടാമത്തെ ബില്ലിലെ 5-ം, 6-ം വകുപ്പുകളനുസരിച്ച് ലാൻഡ് ട്രിബ്യൂണൽ അയാളെ വിളിച്ച് തന്റെ കയ്യിൽ എത്ര ഭൂമിയുണ്ട് എന്നു ചോദിക്കുകയായി. വെറംപാട്ടനിയമമനുസരിച്ച് 1000 ഏക്കർ കിട്ടി എന്നുപറഞ്ഞാൽ 15 ഏക്കറേ കൈവശം പാടുള്ളൂ; ബാക്കി ആർക്കെങ്കിലും പാട്ടം കൊടുക്കണമെന്ന് പറയും. ഈ ബില്ലിന്റെ ഉദ്ദേശം നമ്മുടെ രാജ്യത്ത് ഒരു പെസന്റ് പ്രൊപ്രൈറ്റർഷിപ്പ് ഉണ്ടാക്കുക എന്നുള്ളതായിരിക്കണം. ഈ ബില്ലിന്റെ ഉദ്ദേശം അതായി സ്വീകരിക്കാൻ ഞാൻ വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അങ്ങനെ സ്ഥിരാവകാശം കൊടുക്കുന്ന ഒരു കൂട്ടം പെസന്റ് പ്രൊപ്രൈറേറഴ്സിനെ ഉണ്ടാക്കാനാണെങ്കിൽ ഈ ഒഴിപ്പിക്കാനുള്ള വകുപ്പുകളൊന്നും ഈ ബില്ലിൽ ഉണ്ടാവുകയില്ല. ഒരു പത്തോ പതിനഞ്ചോ ഏക്കർ ഭൂമിയിൽ ഒരാൾക്ക് സ്ഥിരാവകാശം നൽകുകയാണെങ്കിൽ പിന്നീട് അതിൽനിന്നു തടി മുറിച്ചെന്നോ മററുമുള്ള കാര്യംപറഞ്ഞ് ഒഴിപ്പിക്കാനുള്ള വ്യവസ്ഥകൾ അതിലുണ്ടാക്കേണ്ടതില്ല. അങ്ങിനെയുള്ള വ്യവസ്ഥകൾ ഉണ്ടാകാനുള്ള കാരണം നാം ഏതുവിധത്തിലുള്ള ചിത്രം വരയ്ക്കാൻ പോകുന്നുവെന്ന് അനുസൃതമായി നമ്മുടെ ചിന്തയിൽ ഇല്ലാത്തതുകൊണ്ടാണ്. അങ്ങിനെ ചിത്രം നമ്മുടെ മനസ്സിലുണ്ടെങ്കിൽ നികുതി കൊടുത്തില്ലെന്നോ പാട്ടം കൊടുത്തില്ലെന്നോ ഉള്ള കാരണം കൊണ്ട് ഒഴിപ്പിക്കാൻ ആവശ്യപ്പെടുകില്ല. സ്ഥിരാവകാശം നൽകണമെന്നുള്ള ഈ ബില്ലിന്റെ തത്വം ഈ രാജ്യത്ത് ഒരുകൂട്ടം പെസന്റ് പ്രൊപ്രൈറേറഴ്സിനെ ഉണ്ടാക്കാനുള്ള തത്വമായി സ്വീകരിച്ചാൽ സെലക്ററുകമ്മിററിയിൽ ചെല്ലുമ്പോൾ അതിന്റെ വെളിച്ചത്തിൽ ഓരോ വകുപ്പുകളും പരിശോധിച്ച് ഉറപ്പു കൊടുക്കാൻ കഴിയും. പെസന്റ്

പ്രൊപ്രൈററർഷിപ്പ് ഉണ്ടാകുകയാണെങ്കിൽ അവർ ഇന്നു കൊടുക്കുന്ന മാതിരി പാട്ടം ജന്മികൾക്ക് കൊടുക്കേണ്ട. ഇന്ന് പലവിധത്തിലാണ് പാട്ടം കൊടുക്കുന്നതു്. ഇവിടെ മര്യാദപ്പാട്ടത്തെപ്പററി പറയുകയുണ്ടായി. മാവേലിക്കര മെംബർ പറഞ്ഞ അഭിപ്രായത്തെ ഞാൻ അംഗീകരിക്കുകയാണ്. ശാസ്ത്രീയമായി മര്യാദപ്പാട്ടം നിശ്ചയിക്കണം. മര്യാദപ്പാട്ടം എന്നു പറയുന്നതു് ആകെ ഉണ്ടാകുന്ന വിളവിൻെറ നാലിലൊന്നെന്നോ മൂന്നിലൊന്നെന്നോ ഒക്കെ പറയാൻ എളുപ്പമാണ്. നാലിൽ ഒന്നു ചിലപ്പോൾ ഒരു മര്യാദപ്പാട്ടമായിവരാം. ചിലപ്പോൾ അതു കുടിയാന് വഹിക്കാൻവയ്യാത്ത ഒരു പാട്ടമായും വരാം.

Announcement by Speaker

Mr. Speaker: The hon. the Leader of the Opposition can continue his speech next day. Now, I have to make an announcement. Thursday the 3rd February, 1955 is allotted for the transaction of Private Members' business originally scheduled for Saturday the 29th January, 1955.

ഈ സാമ്പത്തികവർഷത്തേയ്ക്ക് രൂപീകരിച്ചിട്ടുള്ള എസ്റ്റിമേററ് കമ്മിററിയിലും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററിയിലും ഇപ്പോഴുള്ള ഓരോ ഒഴിവിലേയ്ക്കും ഒരംഗം വീതം തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. അപ്രകാരം തിരഞ്ഞെടുക്കുന്ന ഓരോ അംഗത്തിൻെറയും കാലാവധി ഈ സാമ്പത്തികവർഷാവസാനത്തോടുകൂടി തീരുന്നതാണ്.

ലെജിസ്ലേററീവ് ലൈബ്രറി അഡ്വൈസറി കമ്മററിയിലേയ്ക്കും അഞ്ചു അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു.

മേൽ പറഞ്ഞ തിരഞ്ഞെടുപ്പുകൾ ആനുപാതികപ്രാതിനിദ്ധ്യതത്വം അനുസരിച്ച് കൈമാററം ചെയ്യാവുന്ന ഒററ വോട്ടുമൂലം നടത്തുന്നതായിരിക്കും.

തിരഞ്ഞെടുപ്പുകൾക്ക് താഴെ പറയുന്ന പ്രോഗ്രാം നിശ്ചയിച്ചിരിക്കുന്നു.

1.	നിയമസഭാ സെക്രട്ടറിയുടെ പക്കൽ നാമനിർദ്ദേശങ്ങൾ നൽകേണ്ടതു്	1955 ഫെബ്രുവരി 1-ാംതീയതി ഉച്ചയ്ക്ക് 1 മണിക്കു മുമ്പ്.
2.	നാമനിർദ്ദേശങ്ങളുടെ പരിശോധന	മേൽപ്പറഞ്ഞ തീയതി സഭ പിരിഞ്ഞതിനുശേഷം സ്പീക്കറുടെ ചേമ്പറിൽവച്ച്
3.	നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും അംഗത്തിന് പിന്മാറാനുള്ള സമയം	1955 ഫെബ്രുവരി 2-ാംനു- ഒരു മണിക്കു മുമ്പ്
4.	തിരഞ്ഞെടുപ്പു വേണമെങ്കിൽ പോൾ എടുക്കുന്ന തീയതിയും സമയവും സ്ഥലവും	1955 ഫെബ്രുവരി 3-ാംതീയതി കാലത്തു 8 മണിക്കുമേൽ 11 മണിയ്ക്കകം കമ്മിററി മുറിൽവച്ച്

The House will now adjourn and meet at 8 A. M. tomarrow.

The Assembly adjourned at 1 P. M. to meet again at 8 A. M. on Monday the 31st January, 1955.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1955.

Monday, the 31st January 1955.

Vol. XII] OFFICIAL REPORT [No. 4

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 31st January 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

Mr. Speaker : In response to the wishes of many Members of the Assembly I will try my best reach at least 30 questions to-day. I request hon. Members to co-operate with me.

ശ്രീ. എം. വി. ചെറിയാൻ : സർ, ഇന്ന നമ്മേ... ചോദ്യങ്ങളും ഗാൻസ്റ്റോർട്ട് സമരത്തെ അധികരിച്ചുള്ളതാണ്. ഉദാഹരണമായി 1, 2, 3, 4, മുതലായി പത്തു പന്ത്രണ്ടു ചോദ്യങ്ങളുണ്ട്. ഈ ചോദ്യങ്ങളെയെല്ലാം പററി ഒന്നാമത്തെ ചോദ്യത്തിൽ ചോദ്യം ചോദിക്കുവാൻ എല്ലാ മെംബറന്മാക്കും സൌകര്യം കൊടുത്തു പോയാൽ അതു് കുറേക്കൂടി സൗകര്യമായിരിക്കുകയില്ലേ?

Mr. Speaker : Very good.

ഗാൻസ്റ്റോർട്ട് എംപ്ലായീസ് യൂണിയനും ഗവണ്മെൻറും തമ്മിലുള്ള ഒത്തുതീർപ്പ്.

* 84. [1] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ആഗസ്റ്റ്–സെപ്ററംബർ എന്നീ മാസങ്ങളിലായി നടന്ന സ്റ്റോറ് ഗാൻസ്റ്റോർട്ടുതൊഴിലാളി പണിമുടക്കുസമരത്തെത്തുടൻ

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂ ?
യൻ പ്രതിനിധികളും ഗവണ്മെൻറും തമ്മിൽ എന്തെങ്കിലും ഒത്തുതീർപ്പ് ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒത്തുതീർപ്പുവ്യവസ്ഥകൾ എന്തെല്ലാം;

(സി) ഈ ഒത്തുതീർപ്പുവ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉണ്ട്.

(ബി) 5-9-1954-ൽ ഗവണ്മെൻറ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സ്നോട്ടിൻപ്രകാരം ഒരു എൻക്വയറി കമ്മിഷനെ നിയമിക്കുവാനും, ശമ്പളപരിഷ്കാരം ഏർപ്പെടുത്തുവാനും, 14-9-1954-ലോ അതിനുമുമ്പോ ജോലിക്കു ഹാജരാകുന്ന തൊഴിലാളികളെ ഡിപ്പാർട്ടുമെൻറിൽ തിരിച്ചെടുക്കുവാനും ആണ്. * പ്രസ്സ്നോട്ടിൻെറ കാപ്പി മേശപ്പുറത്തുവച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ജോലിക്കാരുടെ നേരെ പ്രതികാരനടപടികൾ എടുക്കുകയില്ലെന്ന വ്യവസ്ഥയില്ലേ?

ശ്രീ. എ. അച്യുതൻ : ആ ഒത്തുതീർപ്പു വ്യവസ്ഥകളെല്ലാം പ്രസ്സ്നോട്ടിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : പണിമുടക്കിൽപ്പെട്ട തൊഴിലാളികളുടെ പ്രിവിലേജ്ലീവ് ക്യാൻസൽചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: പ്രിവ്ലേജ്ലീവ് ക്യാൻസൽചെയ്തിട്ടുള്ളതായി അറിയുന്നില്ല.

ശ്രീ. വി. ശ്രീധരൻ : പണിമുടക്കിനെ തുടർന്ന തൊഴിലാളികളുടെ മേൽ ചാർജ്ജുചെയ്തിട്ടുള്ള കേസുകൾ ഇനിയും പിൻവലിച്ചിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ : മിക്കവാറും കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്.

ശ്രീ. കെ. എം. ജോർജ്ജ് : പണിമുടക്ക് പരിപൂർണ്ണമായി പരാജയപ്പെട്ടതിന് ശേഷമാണോ ഈ ഒത്തുതീർപ്പുണ്ടായത്?

ശ്രീ. എ. അച്യുതൻ : പണിമുടക്ക് നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഒത്തുതീർപ്പുണ്ടായത്.

ശ്രീ. സി. എ. മാത്യു : ട്രാൻസ്പോർട്ട് തൊഴിലാളികളിൽ എത്ര പേരോളം പണിമുടക്കി എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ : 25 ശതമാനം തൊഴിലാളികൾ പണിമുടക്കിൽ ഏർപ്പെട്ടിട്ടുണ്ട്.

---

* Please see Appendices I and II.

ശ്രീ. എം. വി. ചെറിയാൻ : ശ്രീ. ടി. വി. തോമസിന്റെ നേതൃത്വത്തിലുള്ള ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ ഗവണ്മെന്റ് അന്നു അംഗീകരിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. എ. അച്യുതൻ : ട്രാൻസ്പോർട്ട് യൂണിയൻ പ്രതിനിധികളെ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ലായിരുന്നു.

ശ്രീ. എം. വി. ചെറിയാൻ : ശ്രീ. ടി. വി. തോമസ് അന്ന് ട്രാൻസ്പോർട്ടുവർക്കേഴ്സ് യൂണിയൻ പ്രസിഡന്റായിരുന്നില്ല?

ശ്രീ. എ. അച്യുതൻ : അതെ.

ശ്രീ. എം. വി. ചെറിയാൻ : അങ്ങനെയാണെങ്കിൽ ആരുമായിട്ടാണ് ഗവണ്മെന്റ് അന്ന് ഒത്തുതീർപ്പുണ്ടാക്കിയത്?

ശ്രീ. എ. അച്യുതൻ : ട്രാൻസ്പോർട്ട് എംപ്ലോയിസുമായിട്ടാണ്.

ശ്രീ. എം. വി. ചെറിയാൻ : ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ ഇങ്ങനെ യൂണിയൻ ഉണ്ടാക്കുന്നതിനെപ്പററി ഗവണ്മെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. എ. അച്യുതൻ : ഗവണ്മെന്റ് ജോലിക്കാർ യൂണിയൻ സംഘടിപ്പിച്ചിട്ടുണ്ട്. എൻ. ജി. ഓ. അസോസിയേഷൻ ഉണ്ട്. ട്രാൻസ്പോർട്ടിൽ യൂണിയൻ ഉണ്ട്. പ്രസ്സിൽ യൂണിയനുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : പണിമുടക്കിയവരുടെ ഭാഗത്തുനിന്ന് ആവശ്യപ്പെട്ടിട്ടാണോ അതോ ഗവണ്മെന്റിൽനിന്നും ആവശ്യപ്പെട്ടിട്ടാണോ ഒത്തുതീർപ്പ് ഉണ്ടായത്?

ശ്രീ. എ. അച്യുതൻ : പണിമുടക്കിയവരുടെ ഭാഗത്തുനിന്ന് ആവശ്യപ്പെട്ടതനുസരിച്ചാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഒത്തുതീർപ്പിനെപ്പററി സംഭാഷണം നടന്നതു് ആരുമായിട്ടാണ് എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ : മാതിനുള്ള ഉത്തരം വേറെ ഒരു ചോദ്യത്തിൽ വരുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : പണിമുടക്കു തുടങ്ങുന്നതിനു മുമ്പ് നടന്ന കൂടിയാലോചനകളിൽനിന്ന് വ്യത്യസ്തമായി എന്തു വ്യവസ്ഥയാണ് പണിമുടക്ക് നിറുത്തിയ വ്യവസ്ഥയിൽ ഉള്ളതു്?

ശ്രീ. എ. അച്യുതൻ : ഒരു കമ്മീഷനെ നിയമിക്കുവാൻ ഉള്ള വ്യവസ്ഥയുണ്ട്.

ട്രാൻസ്പോർട്ട് അന്വേഷണക്കമ്മീഷൻ.

* 85. [2] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ടുവ്യവസായത്തെപ്പററി അന്വേഷണം നടത്തുവാൻ ഗവണ്മെന്റ് ഒരു അന്വേഷണക്കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം;

(സി) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റ്വർക്കേഴ്സ് ഫെഡറേഷൻ എംപ്ലോയീസ് യൂണിയനുമായി ആലോചിച്ചതിനുശേഷമാണോ ഈ കമ്മീഷനെ നിയമിച്ചിട്ടുള്ളത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉണ്ട്.

(ബി) സൗത്ത് ഇൻഡ്യൻ റയിൽവേയിലെ ഡപ്യൂട്ടി ജനറൽ മാനേജർ ആയിരുന്ന ശ്രീ. കെ. പി. വേലുപ്പിള്ള അംഗമായിട്ടുള്ള ഒരംഗ കമ്മീഷനെയാണ് നിയമിച്ചിട്ടുള്ളത്.

(സി) അല്ല.

ശ്രീ. വി. ശ്രീധരൻ : കമ്മീഷനെ നിയമിക്കുന്നതിനുമുമ്പു യൂണിയനുമായി ആലോചന നടത്താമെന്ന് മന്ത്രി സമ്മതിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. എ. അച്യുതൻ : സമ്മതിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രസ്തുതനോട്ടീസിൽ ഉണ്ട്.

ശ്രീ. വി. ശ്രീധരൻ : ഏത്രമാസത്തിനുള്ളിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ?

ശ്രീ. എ. അച്യുതൻ : ആറുമാസത്തിനുള്ളിൽ.

ശ്രീ. വി. ശ്രീധരൻ : ഇതിനകം കമ്മീഷൻ ഏതെങ്കിലും പ്രവർത്തനം നടത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ : കമ്മീഷന്റെ പ്രവർത്തനം നടക്കുകയാണ്.

ശ്രീ. ടി. പി. സീതാരാമൻ : ഇതിന് എന്തു ചിലവു വരുമെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ : നോട്ടീസ് വേണം.

ശ്രീ. ടി. പി. സീതാരാമൻ : കമ്മീഷന് മാസശമ്പളമുണ്ടോ?

ശ്രീ. എ. അച്യുതൻ : അതിന് സ്റ്റാഫ് ഉണ്ട്. കമ്മീഷനിലെ അംഗത്തിന് ശമ്പളവും ഉണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : ഇതിന് എന്തു ചിലവുവരും എന്ന് നിശ്ചയിച്ചതിന് ശേഷമല്ലേ കമ്മീഷനെ വച്ചത്?

ശ്രീ. എ. അച്യുതൻ : അതെ.

ശ്രീ. ടി. പി. സീതാരാമൻ : ഭീമമായ ഒരു തുക ചിലവാകുമോ?

ശ്രീ. എ. അച്യുതൻ : ഭീമമായ തുക വേണ്ടിവരികയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : പ്രതിമാസം ശമ്പളത്തിനു എന്തുതുക വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ : നോട്ടീസ് വേണം.

ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പെൻഷൻപദ്ധതി.

* 86. [3] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 9–8–1954-നുശേഷം ട്രാൻസ്പോർട്ടുതൊഴിലാളികളുടെ പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും പരിഷ്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് ;

(സി) ട്രാൻസ്പോർട്ടുതൊഴിലാളികളുടെ ശമ്പളം, ബാററം അലവൻസ് എന്നിവയിൽ എന്തെങ്കിലും മാററം വരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉണ്ട്.

(ബി) 1952 ഏപ്രിൽ ഒന്നാംതീയതിക്കുമുൻപ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ പെൻഷനബിൾ എസ്റ്റാബ്ലിഷ്മെൻറിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർ ഒഴിച്ച് മറെറല്ലാവർക്കും ചില വ്യവസ്ഥകൾക്ക് വിധേയമായി അവരവർക്ക് യുക്തമെന്നു തോന്നുന്നതുപോലെ പെൻഷണബിൾ എസ്റ്റാബ്ലിഷ്മെൻറിലോ നാൺപെൻഷണബിൾ എസ്റ്റാബ്ലിഷ്മെൻറിലോ ഉൾപ്പെടുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നു ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ട്.

(സി) & (ഡി) ശമ്പളത്തിലും ബാററായിലും ചില പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾക്ക് ഗവണ്മെൻറു ഉത്തരവുകളുടെ കാപ്പി മേശപ്പുറത്തു വച്ചിരിക്കുന്നതു് നോക്കുക.

ശ്രീ. എൻ. ജി. ചാക്കോ : ട്രാൻസ്പോർട്ട് തൊഴിലാളികളുടെ നിവേദനത്തിൻെറ ഫലമാണോ ഈ പരിഷ്ക്കാരം ?

ശ്രീ. എ. അച്യുതൻ : ട്രാൻസ്പോർട്ട് തൊഴിലാളികളുടെ നിവേദനം ഉണ്ടായിരുന്നു. പിന്നെ യൂണിയൻ പ്രതിനിധികളുടേയും നിവേദനം ഉണ്ടായിരുന്നു. ഗവണ്മെൻറ് ആലോചിച്ചതിൽ അതു് നടപ്പിൽ വരുത്തേണ്ടതു് ആവശ്യമാണെന്നു തോന്നി ചെയ്തതാണ്.

ശ്രീ. സി. എ. മാത്യു : ട്രാൻസ്പോർട്ട് സമരംമൂലമാണോ ഈ പരിഷ്ക്കാരം ഉണ്ടായതു് ?

ശ്രീ. എ. അച്യുതൻ : അതിനു മുമ്പാണ് ഈ പരിഷ്ക്കാരം ചെയ്തതു്.

ശ്രീ. എം. പി. മേനോൻ : ഹെറി ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ശമ്പളം ബാററാ അലവൻസ് എന്നിവ കുറവാണെന്നും അതിൽ എന്തെങ്കിലും മാററം വരുത്തണമെന്നും ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ : അതും ഗവണ്മെൻറിൻെറ ആലോചനയിൽ ഉണ്ട്.

Please see Appendices I and II.

ശ്രീ. എം. വി. ചെറിയാൻ : ഈ പരിഷ്ക്കാരംമൂലം ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് തൃപ്തിയുണ്ടായിട്ടുണ്ടോ ?

ശ്രീ. എ. അച്ചുതൻ : തൃപ്തരായിരിക്കുമെന്നാണ് ഗവണ്മെൻറിന്റെ വിശ്വാസം.

ട്രാൻസ്പോർട്ട് പണിമുടക്ക്.

* 87. [4] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ആഗസ്റ്റുമാസം 27-ാംതീയതി മുതൽ ട്രാൻസ്പോർട്ട് തൊഴിലാളികൾ പണിമുടക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പണിമുടക്ക് എത്ര ദിവസം നീണ്ടുനിന്നു ;

(സി) ഈ പണിമുടക്കുമൂലം എത്ര ആളുകളെ ശിക്ഷിച്ചു ജയിലിൽ ആക്കി ;

(ഡി) ഈ പണിമുടക്കുമൂലം ഗവണ്മെൻറിനു വല്ല നഷ്ടവും ഉണ്ടായിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) 1954 ആഗസ്റ്റ് 28-ാംതീയതിമുതൽ ഏതാനും തൊഴിലാളികൾ പണിമുടക്കുകയുണ്ടായി.

(ബി) 9 ദിവസത്തോളം നീണ്ടുനിന്നു.

(സി) 433 പേരെ ശിക്ഷിക്കുകയും 381 പേരെ ജയിലിൽ ആക്കുകയും ചെയ്തു.

(ഡി) ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്നു പറയാമോ ?

ശ്രീ എ. അച്ചുതൻ : 26,244 രൂപ നഷ്ടം വന്നിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഏതെല്ലാം ഇനങ്ങളിലാണ് നഷ്ടം ഉണ്ടായതെന്ന് ഒന്ന് പറഞ്ഞുകേൾപ്പിക്കാമോ ?

ശ്രീ. എ. അച്ചുതൻ : കണ്ടിൻജൻസിയിൽ 10,670 രൂപയും, ടെമ്പററി എസ്റ്റാബ്ലിഷ്മെൻറിൽ 11,216 രൂപയും, പ്രോപ്പഗാൻറ പബ്ലിസിററി ഇനത്തിൽ 4,380 രൂപയും ആണ് ചിലവായതു്.

ശ്രീ. സി. എ. മാത്യു : അറസ്റ്റു ചെയ്തു ജയിലിൽ ആക്കിയവരിൽ ട്രാൻസ്പോർട്ട് തൊഴിലാളികൾ അല്ലാത്തവർ ഉണ്ടായിരുന്നോ ?

ശ്രീ. എ. അച്ചുതൻ : ഉണ്ടായിരുന്നു.

ശ്രീ. സി. എ. മാത്യു : എത്രപേർ ഉണ്ടായിരുന്നു ?

ശ്രീ. എ. അച്ചുതൻ : അതിനെക്കുറിച്ച് വേറെ ഒരു ചോദ്യം വരുന്നുണ്ട്. അപ്പോൾ പറയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ നഷ്ടം വന്ന തുകയിൽ പണിമുടക്ക് അവസാനിപ്പിക്കുവാനായി ഖദർ കമ്പായക്കാർക്ക് കൊടുത്ത തുക പെട്ടിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : അതും ഉണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പണിമുടക്ക് ഉണ്ടായിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. അച്യുതൻ : അങ്ങനെ പറഞ്ഞിട്ടുള്ളതായി ഓർക്കുന്നില്ല.

ശ്രീ. എം. എ. അന്റ്ണി : പണിമുടക്കിൽപ്പെട്ട തൊഴിലാളികളെ ഭയങ്കരമായി മർദ്ദിച്ചു എന്നു പറയുന്നതിൽ വല്ല വാസ്തവവുമുണ്ടോ?

ശ്രീ. എ. അച്യുതൻ : അതിൽ വാസ്തവം ഇല്ല.

ആശുപത്രി ജീവനക്കാർ.

* 88. [5] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ആശുപത്രിയിലെ കണ്ടിജൻസി ജീവനക്കാർക്ക് എന്തു ശമ്പളം നൽകിവരുന്നുണ്ട്;

(ബി) എത്ര കൊല്ലംവരെ സർവ്വീസുള്ളവർ അവരുടെ കൂട്ടത്തിലുണ്ട്;

(സി) അവരെക്കൂടി പെൻഷനബിളാക്കുന്നതിനുള്ള വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 20 രൂപ ശമ്പളം 22 രൂപ ഡിയർനസ് അലവൻസ്.

(ബി) 45 കൊല്ലംവരെ.

(സി) ഇക്കാര്യത്തിൽ എന്തുചെയ്യണമെന്നുള്ളതു് ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. ഗോപാലൻ : ഈ ജീവനക്കാരെ നിയമിക്കുവാനുള്ള അധികാരം ആർക്കാണ്?

ശ്രീ. പി. കെ. കുഞ്ഞു: ഇപ്പോൾ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരാണ് നിയമിക്കുന്നതു്.

ശ്രീ. പി. ഗോപാലൻ: ദിവസം എത്ര മണിക്കൂർ അവർ ജോലി ചെയ്യണം?

ശ്രീ. പി. കെ. കുഞ്ഞു : തുടരെ ഒരു ജോലിക്രമം അവർക്ക് നൽകിയിരിക്കുകയാണ്. രണ്ടുദിവസത്തെ ജോലി തുടർച്ചയായിരുന്നാൽ എടുക്കുകയാണെങ്കിൽ അവർക്ക് അടുത്തദിവസം ജോലി ഇല്ല.

ശ്രീ. പി. ഗോപാലൻ : ജോലിയില്ലാത്ത സമയത്തു് അവർക്ക് ശമ്പളം കൊടുക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. കെ. കുഞ്ഞു : ജോലിസമയം അനുസരിച്ചല്ല ഇവരുടെ ശമ്പളം, മാസശമ്പളക്രമമാണ്.

ശ്രീ. ടി. കെ. ദിവാകരൻ : അവരെ പെൻഷനബിൾ ആക്കുന്നതു് നീതിയായിരിക്കുമെന്നു ഗവണ്മെൻറു കരുതുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : അതിൽ കാര്യമുണ്ടെന്നും അതു് ആലോചിക്കേണ്ടകാര്യമാണെന്നും ഗവണ്മെൻറു കരുതുന്നു.

ശ്രീ. പി. ഗോപാലൻ : ഈ കാര്യത്തിൽ അനുകൂലമായ ഒരു നടപടി ഗവണ്മെൻറിൽനിന്നു ഉണ്ടാകുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. പി. കെ. കുഞ്ഞു : പ്രതീക്ഷിക്കാം.

പുറമ്പോക്കുസ്ഥലം.

* 89. [6] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു അതിർത്തിയിൽപ്പെട്ട പുറമ്പോക്കുസ്ഥലങ്ങൾ പഞ്ചായത്തുകളെ ഏല്പിക്കാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്;

(ബി) പഞ്ചായത്തു അതിർത്തിയിൽപ്പെട്ട പുറമ്പോക്കുസ്ഥലങ്ങളുടെ ഉപയോഗത്തെപ്പററി പ്രത്യേക നിർദ്ദേശം വല്ലതും നൽകിയിട്ടുണ്ടോ;

(സി) പുറമ്പോക്കുസ്ഥലം വീടില്ലാത്തവർക്കും, സ്ഥലമില്ലാത്തവർക്കും, ഏതെങ്കിലും വ്യവസ്ഥയിൽ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പുറമ്പോക്കുസ്ഥലങ്ങളിൽനിന്നും താമസക്കാരായ ആളുകളെ ഇറക്കിവിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) പഞ്ചായത്തുതുത്തിയിൽപ്പെട്ട പുറംപോക്കുസ്ഥലങ്ങളിൽ സർക്കാർ ചിലവിൽ കുഴിപ്പിച്ചിട്ടുള്ള കുളങ്ങളും, ചാലുകളും അതാതു പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുന്നതിനു നടപടി നടത്തിവരുന്നു. മററു പുറംപോക്കുകളും പഞ്ചായത്തിലേയ്ക്കു് വിട്ടുകൊടുക്കുന്നതിനെപ്പററി ആലോചനയിൽ ഇരിക്കുകയാണു്.

(ബി) നൽകിയിട്ടില്ല.

(സി) പൊതുജനാവശ്യങ്ങൾക്കു വേണ്ടതല്ലാത്ത പുറംപോക്കുസ്ഥലങ്ങൾ പ്രവേശനക്രമം, മററു സ്ഥലമില്ലാത്തവർക്കും നിലവിലിരിക്കുന്ന കുത്തകപാട്ടവ്യവസ്ഥയനുസരിച്ചു് പാട്ടത്തിനു് കൊടുക്കുന്ന സംപ്രദായവും ഉണ്ടു്.

(ഡി) ലഭിച്ചിട്ടുണ്ടു്.

ശ്രീ. പി. ഗോപാലൻ : ഭൂമിയില്ലാത്ത കുടികിടപ്പുകാരെ പുറമ്പോക്കുസ്ഥലത്തുനിന്നു ഇറക്കുവാനായിട്ടു് വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു : അതിനു് ഗവണ്മെൻറു നിയമപ്രകാരമുള്ള നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പഞ്ചായത്ത് ആക്ടനുസരിച്ച് പുറംപോക്കുസ്ഥലങ്ങൾ അതാതു പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്നതാണെന്ന് കഴിഞ്ഞ അസംബ്ളിയിൽ ഗവണ്മെൻറ് ഉറപ്പുതന്നിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു : പുറംപോക്കുസ്ഥലങ്ങൾ അതാതു പഞ്ചായത്തിലേയ്ക്ക് വിട്ടുകൊടുക്കുന്നതിന് ആവശ്യമായ വ്യവസ്ഥ ചെയ്യുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ ആക്ട് നിലവിൽ വന്നതിനുശേഷം ഇതുവരെ ഒരു കൊല്ലമായിട്ടും നടപടി എടുത്തുകൊണ്ടിരിക്കുന്നതിനുള്ള ആവശ്യം എന്താണ് ?

ശ്രീ. പി. കെ. കുഞ്ഞു : ഈ സ്ഥലങ്ങളിൽ ചിലതെല്ലാം മററു ഡിപ്പാർട്ടുമെൻറിൻെറ കൈവശത്തിലിരിക്കുന്നവയും മററുമാണ്. അതു് ആ ഡിപ്പാർട്ടുമെൻറുകളിൽനിന്നും കൈമാററം ചെയ്യേണ്ട കാര്യമാണ്. അതിനു നിലവിലുള്ള ചില നിയമങ്ങളിൽ മാററം വരുത്തേണ്ടതാവശ്യമാണ്. അതിനല്പം സമയം വേണ്ടിവരുമെന്നുള്ളതു് തക്കമററ സംഗതിയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതാതു പഞ്ചായത്തതിർത്തികൾക്കുള്ളിൽ കിടക്കുന്ന പുറമ്പോക്കു സ്ഥലങ്ങൾ അതാതു പഞ്ചായത്തുകൾക്കുതന്നെ കൊടുക്കുമെന്നുള്ള കാര്യം ഗവണ്മെൻറാലോചിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു : ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : പുറമ്പോക്കു സ്ഥലങ്ങളിൽ നിന്നും താമസക്കാരെ ഇറക്കിവിടുന്നതായി ഗവണ്മെൻറിനു പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : അങ്ങിനേയും പരാതികൾ ഉണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : പുറമ്പോക്കു സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പേരിൽ നിരോധനനികുതി ചുമത്താറുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഉണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : പാണംചേറി വില്ലേജിൽ അങ്ങിനെ ഒരു സംഭവം ഉണ്ടായതായി പി. ആർ. കൃഷ്ണൻ, എം. എൽ. എ. അയച്ചിട്ടുള്ള ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യനിൽ കാണുന്നു. അതായതു പാണംചേറി വില്ലേജിൽനിന്നും ഇങ്ങനെ തൊള്ളായിരം ഏക്കർ പുറംപോക്കു സ്ഥലത്തിന് 44000 രൂപയിൽ ചിലപ്പാനം നിരോധനക്കരം ചുമത്തിയിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : അതു് നോക്കി പറയേണ്ട കാര്യമാണ്.

ശ്രീ. എൻ. ജെ. ചാക്കോ : ഇതു് ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു : അതു കഴിയുന്നത്ര വേഗത്തിൽ പൂർത്തിയാക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എം. എ. ആന്റണി : അതിന് ആവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിനും ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റിനും കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഗവണ്മെന്റിൽനിന്നും വില്ലേജ് പഞ്ചായത്തുകൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടും വില്ലേജ് പഞ്ചായത്തുകാരോടാലോചിക്കാതെ പുറംപോക്കു സ്ഥലങ്ങൾ പതിച്ചു കൊടുക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നതായി ഗവണ്മെന്റിനറിവുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇതേവരെ അങ്ങനെ ഒരു നടപടി സ്വീകരിച്ചിട്ടുള്ളതായി ഗവണ്മെന്റിനറിവില്ല.

ശ്രീമതി കെ. ആർ. ഗൗരി : പഞ്ചായത്തിനോടാലോചിക്കാതെ പുറംപോക്കു സ്ഥലങ്ങൾ പതിച്ചു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞാൽ അതു വിശ്വസിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു : അതു് ഈ ചോദ്യവുമായി വളരെ ബന്ധമുള്ള ഒന്നല്ല. അതുകൊണ്ടു് പ്രത്യേകമായി ചോദിച്ചാൽ മറുപടി പറയാം.

ശ്രീമതി കെ. ആർ. ഗൗരി : ജനങ്ങൾക്ക് ഉപകാരപ്രദമായ വിധം പുറംപോക്കു സ്ഥലങ്ങൾ വിനിയോഗിക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശങ്ങൾ കൊടുത്തതിനുശേഷം അതിനെതിരായി ആ വക സ്ഥലങ്ങൾ ഗവണ്മെന്റിൽനിന്നും വ്യക്തികൾക്കും മറുമായി പഞ്ചായത്തിനോടാലോചിക്കാതെ പതിച്ചു കൊടുക്കുന്നതു് ഈ ചോദ്യവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ടാണ് ഞാൻ ചോദിച്ചതു്.

ശ്രീ. പി. കെ. കുഞ്ഞു : അതു് ഈ ചോദ്യവുമായി ബന്ധമൊന്നുമില്ല. എങ്കിലും അന്വേഷിച്ചു പറയാം.

ട്രാൻസ്പോർട്ട് യൂണിയൻ.

* 90. [7] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റംബർ 4-ാം തീയതി ഗവണ്മെന്റ് പ്രതിനിധികളും ട്രാൻസ്പോർട്ട് യൂണിയൻ പ്രതിനിധികളും തമ്മിൽ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ആവശ്യങ്ങളെപ്പററി വല്ല സംഭാഷണങ്ങളും നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാം അതിൽ പങ്കെടുത്തു ;

(സി) വല്ല തീരുമാനങ്ങളും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(ഡി) അതിൽ എന്തെല്ലാം നടപ്പിൽ വരുത്തി ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) നടന്നിട്ടുണ്ടു്,

(ബി) ലേബർ മന്ത്രിയും, ധനകാര്യമന്ത്രിയും ട്രാൻസ്പോർട്ട് ഡയറക്ടരും, ലേബർ കമ്മീഷണരും, ട്രാൻസ്പോർട്ട് എംപ്ലായീസ് യൂണിയൻ അംഗങ്ങളും അതിൽ പങ്കെടുത്തിട്ടുണ്ട്.

(സി) തീരുമാനങ്ങൾ ചെയ്തിട്ടുണ്ട്. 5-9-1954-നു മുമ്പ് ഒരു അന്വേഷണകമ്മീഷനെ നിയമിക്കുന്നതിനും 14-5-1954-ൽ ജോലിക്കു ഹാജരാകുന്നവരെ ഡിപ്പാർട്ടുമെൻറിൽനിന്നും തിരിച്ചെടുക്കാമെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്.

*(ഡി) മേൽ പറഞ്ഞ പ്രസ്സ്നോട്ടിൻെറ കാപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്. പ്രസ്സ്നോട്ടിൽ പറഞ്ഞിട്ടുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ് : യൂണിയൻ പ്രതിനിധികൾ ഈ സംഭാഷണത്തിൽ പങ്കെടുത്തു എന്നു പറഞ്ഞു. അതാരൊക്കെയെന്നു പറയാൻ സാധിക്കുമോ ?

ശ്രീ. എ. അച്യുതൻ: ശ്രീ. ടി. വി. തോമസ്, ശ്രീ. എം. എൻ ഗോവിന്ദൻ നായർ ഇവരാണ്.

ശ്രീ. കെ. സി. ജോർജ്ജ് : ശ്രീ. ടി. വി. തോമസ് യൂണിയൻ പ്രതിനിധി എന്ന നിലയിലാണോ പങ്കെടുത്തത്?

ശ്രീ. എ. അച്യുതൻ : സൈട്രക്ക് നടത്തിയവരുടെ ആളെന്ന നിലയിൽ പങ്കെടുത്തതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ശ്രീ. ടി. വി. തോമസ് ട്രാൻസ്പോർട്ട് എംപ്ലായീസ് യൂണിയൻ പ്രസിഡൻറ് എന്ന നിലയിലല്ലേ പങ്കെടുത്തത് ?

ശ്രീ. എ. അച്യുതൻ : ശ്രീ. ടി. വി. തോമസ് യൂണിയൻ പ്രസിഡൻറാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ സംഭാഷണത്തിൻെറ അടിസ്ഥാനത്തിലാണോ ഒത്തുതീർപ്പുവസാനിച്ചത് ?

ശ്രീ. എ. അച്യുതൻ : സമരം തുടങ്ങുന്നതിനു മുമ്പുതന്നെ തീരുമാനത്തിൽ എത്തിയിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : മററു ട്രാൻസ്പോർട്ട് യൂണിയനുകളിലെ പ്രതിനിധികളുമായും ആലോചന നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ട്രാൻസ്പോർട്ട് എംപ്ലായീസ് യൂണിയൻ പ്രതിനിധികളുമായി ആലോചന നടത്തിയിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : തൊഴിലാളി പ്രതിനിധികളുമായി ആലോചന നടത്തിയതിൻെറ ഫലമായിട്ടാണോ ഒത്തുതീർപ്പിലെത്തിയത് ?

ശ്രീ. എ. അച്യുതൻ : അതെ.

---

* Please see Appendix—I

ട്രാൻസ്പോർട്ട് പണിമുടക്ക്.

* 91. [8] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ആഗസ്റ്റ് 27-ാംനു- തിരുവിതാംകൂർ-കൊച്ചി ഒട്ടുക്ക് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ വരുമാനമെന്തു് ;

(ബി) ആഗസ്റ്റ് 26-ാംനു- വരവെത്ര ;

(സി) ട്രാൻസ്പോർട്ട് പണിമുടക്കുകാലത്തു് സ്റ്റേറ്റിലാകെ എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ടു് ;

(ഡി) സമരകാലത്തു് ഏതെങ്കിലും ബസ്സിനു തൊഴിലാളികളോ മറേറാ കേടു വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെ ; എത്ര ബസ്സുകൾ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) 34,918 രൂ. 14 ണ. 6 പൈസ.

(ബി) 36,329 രൂ. 13 ണ.

(സി) 229.

(ഡി) ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇത്രയും രൂപ നഷ്ടം വന്നതു് ഏതിനു പിലാണു്; അതായതു് യാത്രക്കാരുടെ ചാർജ്ജിനത്തിൽനിന്നു വന്നതാണോ ?

ശ്രീ. എ. അച്യുതൻ : രണ്ടു ദിവസത്തെ വരവാണു് ചോദിച്ചിട്ടുള്ളതു്. നഷ്ടം എങ്ങിനെ ഉണ്ടായി എന്നു ചോദിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : 26-ാം തീയതിയിൽ നിന്നും 27-ാംതീയതി വന്നിട്ടുള്ള കുറവിനെപ്പററിയാണു ഞാൻ ചോദിച്ചതു്.

ശ്രീ. എ. അച്യുതൻ : അതു് യാത്രക്കാരുടെ കുറവുകൊണ്ടായിരിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ടിക്കററ് ചാർജ്ജ് അല്ലാതെ മററു നഷ്ടം വന്നിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : മററു നഷ്ടങ്ങളും ഉണ്ടായിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഗവണ്മെൻറിനു് നഷ്ടം വന്നതുക ഇത്രയേ ഉള്ളോ ?

ശ്രീ. എ. അച്യുതൻ : ഇത്രയേ ഉള്ളു.

ശ്രീ. ആർ. സുഗതൻ : പോലീസിനെ ഉപയോഗിച്ചതിൽ വല്ല നഷ്ടവും വന്നിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഇല്ല.

ശ്രീ. ആർ. സുഗതൻ : റോഡിലിട്ടു ചവുട്ടിയവർക്കു് വല്ല നഷ്ടവും ഉള്ളതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. അച്യുതൻ : അറിഞ്ഞതുകൂടെ.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ബന്ധുകൾക്ക് മാല ചാർത്തിയതിനും പഴക്കുല കെട്ടിയതിനും വല്ല ചിലവും വന്നിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : അതു് ഈ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : പണിമുടക്കുകാലത്തു് എത്ര എം. എൽ. എ. മാരെ ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ടു് ?

ശ്രീ. എ. അച്യുതൻ : അങ്ങനെ എം. എൽ. എ. മാരെ ആരെയും ലാത്തിച്ചാർജ്ജ് നടത്തിയിട്ടില്ല

ശ്രീ. എൻ. ജി. ചാക്കോ : ട്രാൻസ്പോർട്ടു സമരം നടന്ന കാലത്തു് സെക്രട്ടറിയേറ്റ് ഗേറ്റിൽ എം. എൽ. എ. മാർ സത്യഗ്രഹം നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : അതിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടു് ?

ശ്രീ. എ. അച്യുതൻ : ആ നിമിഷം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ട്രാൻസ്പോർട്ട് സമരം അവസാനിച്ചതിനുശേഷം ഗവണ്മെൻറ് അങ്ങോട്ടു ചെന്നു് ഒരു ഒത്തുതീർപ്പുണ്ടാക്കി എന്നു പറയുന്നതു് ശരിയാണോ ?

Mr. Speaker: That question is disallowed.

ശ്രീ. ആർ. പ്രകാശം : ശ്രീ. എ. കെ. ഗോപാലൻ മുതലായ എം. പി. മാർ ട്രാൻസ്പോർട്ടു സമരത്തിൽ പോലീസ് കാണിച്ച മർദ്ദനത്തെ സംബന്ധിച്ചു് ഒരു നിവേദനം നടത്തുകയും മെമ്മോറാണ്ടം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഉണ്ടു്.

ശ്രീ. ആർ. പ്രകാശം : അതിന്നെന്തു നടപടി നടത്തി ?

ശ്രീ. എ. അച്യുതൻ : അതേപ്പററി അന്വേഷണം നടത്തി.

ശ്രീ. ആർ. പ്രകാശം : അതിന്റെ ഫലം എന്തായി എന്നു പറയാമോ ?

ശ്രീ. എ. അച്യുതൻ : നിവേദനത്തിൽ പറഞ്ഞിട്ടുള്ള സംഗതികൾ അതിശയോക്തിപരമാണു് എന്നു തെളിവായി.

ശ്രീ. ആർ. പ്രകാശം : ആ വിവരം ഏതെങ്കിലും പത്രത്തിൽ കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : പത്രത്തിൽ കൊടുക്കേണ്ട ആവശ്യമില്ല.

മിനിമം വേജസ്.

* 92. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർതൊഴിലാളികളുടെ മിനിമംവേജസ് നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ മിനിമംവേജ് കയർതൊഴിലാളികൾക്കു ലഭിക്കുന്നില്ലെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ) കയർ തൊഴിലാളികളുടെ മിനിമംവേജസ് ആക്റ്റ് 1-9-1954 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ചില സ്ഥലങ്ങളിൽ ആക്ടിൽ പറഞ്ഞിട്ടുള്ളതനുസരിച്ചുള്ള കൂലി ലഭിക്കുന്നില്ലെന്നുള്ള പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : അതിനുള്ള കാരണം എന്താണെന്നന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഉണ്ട്.

ശ്രീ. ആർ. സുഗതൻ : എന്താണ് കാരണങ്ങൾ ?

ശ്രീ. പി. കെ. കുഞ്ഞു : മിനിമംവേജസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ചു കൂലികൊടുക്കുന്നപക്ഷം ഇന്ന് കയർ ഉൽപ്പാദകർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ലാഭം കിട്ടുകയില്ല എന്നുള്ളതുകൊണ്ട് കൊടുക്കാൻ മടി കാണിക്കുന്നതായാണ് ഗവണ്മെൻറിന് ഇതുവരെ കിട്ടിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. ആർ. സുഗതൻ : ഇന്ന് അഞ്ചുതെങ്ങ് കയറിനു ഇപ്പോഴുള്ള വില അനുസരിച്ച് മുതലാളിമാർക്ക് 50 രൂപായിലധികം ലാഭം കിട്ടുന്നുണ്ടെന്ന് ഗവണ്മെൻറിനറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : അതേപ്പററി സൂക്ഷ്മമായി അറിവില്ല. സാധാരണ നിലയിൽ അവർക്ക് ആക്ടിൽ പറയുന്ന കൂലി കൊടുക്കാൻ കഴിയുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : ഏതെല്ലാം സ്ഥലങ്ങളിലാണ് മിനിമം വേജസ് ആക്ട് നടപ്പിലാക്കിട്ടുള്ളത് ?

ശ്രീ. പി. കെ. കുഞ്ഞു : തിരുവിതാംകൂർ-കൊച്ചി മുഴുവനുമാണ്. ഇന്നയിന്ന സ്ഥലങ്ങളിൽ എന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കരുണാകരൻ : ഈ സംസ്ഥാനത്ത് ബഹുഭൂരിപക്ഷം സ്ഥലങ്ങളിൽ അതു നടപ്പിലാക്കിയിട്ടില്ല എന്നു പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു : അതു ശരിയല്ല.

ശ്രീ. കെ. കരുണാകരൻ : അതിനെന്തു നടപടിയാണ് ഗവണ്മെൻറടുത്തിട്ടുള്ളത് ?

ശ്രീ. പി. കെ. കുഞ്ഞു : അതിനാവശ്യമായ നടപടികൾ ഗവണ്മെൻറ് എടുത്തുവരികയാണ്.

ശ്രീ. കെ. കരുണാകരൻ : അതു് നടപ്പിലാക്കാത്ത ഏതെങ്കിലും മുതലാളിയുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇല്ല.

ശ്രീ. കെ. കരുണാകരൻ : നടപ്പാക്കാ — മുതലാളിമാരുടെ പേരിൽ നടപടി എടുക്കാത്തതിനു കാരണങ്ങൾ എന്താണ് ?

ശ്രീ. പി. കെ. കുഞ്ഞു : ഗവണ്മെൻറ് അതേ സംബന്ധിച്ചു അന്വേഷണം നട — വരുകയാണ്.

ശ്രീ. കെ. കരുണാകരൻ : എത്ര ആളുകളുടെ പേരിൽ ഗവണ്മെൻറിനു റിപ്പോർട്ടു കിട്ടീട്ടുണ്ട് ?

ശ്രീ. പി. കെ. കുഞ്ഞു : ഇതുവരെ റിപ്പോർട്ടു കിട്ടീട്ടില്ല.

ശ്രീ. കെ. കരുണാകരൻ : ഈ കയർ മുതലാളിമാരെ പ്രീണിപ്പിക്കാൻ ഗവണ്മെൻറ് ശ്രമിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇല്ല.

ശ്രീ. കെ. കരുണാകരൻ : ഗവണ്മെൻറ് ഇതു് സംബന്ധിച്ചു് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഉണ്ട്.

ശ്രീ. കെ. കരുണാകരൻ : അതു് എന്തിനുവേണ്ടിയാണ് ?

ശ്രീ. പി. കെ. കുഞ്ഞു : അതു സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്നതിനുവേണ്ടിയും തൊഴിലാളികളും മുതലാളികളും തമ്മിൽ സൗഹാർദ്ദമായി വർത്തിക്കുന്നതിനും മിനിമംവേജസ് നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ചു് അന്വേഷിക്കുന്നതിനും മററുമാണ്. അല്ലാതെ അതിൽ മാററം വരുത്തുന്നതിനല്ല.

ശ്രീ. കെ. കരുണാകരൻ : മുമ്പ് നിയമിച്ച കമ്മിററി ഐകകണ്ഠ്യേന പാസ്സാക്കി ഒരു റിപ്പോർട്ട് സമർപ്പിച്ചിരിയ്ക്കുകയാണെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : അറിയാം.

ശ്രീ. കെ. കരുണാകരൻ : എന്നിട്ടും മുതലാളിമാരെ പ്രീണിപ്പിക്കാൻ വല്ല വഴിയും ഉണ്ടോ എന്നന്വേഷിക്കാൻ വേണ്ടിയാണോ പിന്നേയും ഒരു കമ്മിററിയുണ്ടാക്കിയിട്ടുള്ളതു് ?

ശ്രീ. പി. കെ. കുഞ്ഞു : ആരേയും പ്രീണിപ്പിക്കുന്ന വാസന ഈ ഗവണ്മെൻറിനില്ല.

ശ്രീ. കെ. കരുണാകരൻ : ഇനിയെങ്കിലും ഈ നിയമത്തെ ലംഘിക്കുന്ന മുതലാളിമാരുടെപേരിൽ നടപടി നടത്താൻ വൈകാതെയിരിക്കാൻ ഗവണ്മെൻറ് സന്നദ്ധമാകുമോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇതുവരെ ഏതൊരു താമസവും ഉണ്ടായിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : മിനിമംവേജസ്ആക്റ്റ് നടപ്പിലാക്കാത്ത മുതലാളിമാരെ സംബന്ധിച്ചു അടുത്ത കാലത്തു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : റിപ്പോർട്ടു ലഭിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇത്രയും കാലമായിട്ട് യാതൊരുദ്യോഗസ്ഥനും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നാണോ പറയുന്നതു് ?

ശ്രീ. പി. കെ. കുഞ്ഞു : റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ശ്രീ. എം. പി. മേനോൻ : മിനിമം വേജസ് ആക്റ്റ് ലംഘിച്ചതിന് ആരുടെ പക്കലാണ് പരാതി ബോധിപ്പിക്കേണ്ടതു് ?

ശ്രീ. പി. കെ. കുഞ്ഞു : ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടിൻെറ മുമ്പിലാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അഴക്കൽ തൊണ്ടിനു വിലകൂടുതൽകൊണ്ടാണ് കൂലി കൂടുതൽ കൊടുക്കാൻ വിസമ്മതിക്കുന്നതെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : അതും ഒരു കാരണമാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ചീക്കത്തൊണ്ടു് കോവാപ്പറേറീവ്സൊസൈററിമുഖാന്തരം വില്ക്കുന്ന നടത്തരുതോ ?

ശ്രീ. പി. കെ. കുഞ്ഞു് : ചില സൊസൈററികൾ നടത്തുന്നുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എല്ലാ കോവാപ്പറേറീവ് സൊസൈററീസിനും അങ്ങനെ ചീക്കത്തൊണ്ടു വില്ക്കുന്നതിനു നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇല്ല. അങ്ങിനെ നിർദ്ദേശിക്കാൻ ഗവണ്മെൻറിനധികാരമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അങ്ങിനെ എല്ലാ കോവാപ്പറേറീവ് സൊസൈററീസിനും നിർദ്ദേശം കൊടുക്കാൻ ഗവണ്മെൻറിനു കഴിയുമോ ?

ശ്രീ. പി. കെ. കുഞ്ഞു് : അതെക്കുറിച്ചാലോചിക്കാം.

ശ്രീ. കെ. എ. ബാലൻ : ഈ മിനിമംവേജസ് സംബന്ധിച്ച് എത്ര സ്ഥലങ്ങളിൽ സമരം നടക്കുന്നുണ്ടു് ?

ശ്രീ. പി. കെ. കുഞ്ഞു : ചില സ്ഥലങ്ങളിൽ സമരം നടക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : കൂടുതൽ മിനിമംവേജസ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്ന കാര്യം ഗവണ്മെൻറാലോചിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു : ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : ഓരോ മാസത്തിലും ഓരോ കയറിന്റെയും ശരാശരി വില പ്രസിദ്ധപ്പെടുത്തണമെന്നുള്ള രീതി അനുസരിച്ച് ഈ ഡിസംബർമാസത്തിലെ കയറിന്റെ ശരാശരി വില ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : അതു നോക്കി പറയേണ്ട കാര്യമാണ്.

ശ്രീ. കെ. പി. ഗോപാലമേനോൻ : ഇപ്പോൾ നടപ്പാക്കിയിരിക്കുന്ന നിയമം വളരെ അവ്യക്തമാണെന്നും അതു വ്യക്തമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു നിവേദനങ്ങൾ ഗവണ്മെന്റിലേയ്ക്കു കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : അതു സംബന്ധിച്ച രേഖകൾ എന്റെ കൈവശം ഇല്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : ഈ മിനിമം വേജസ് ആക്റ്റ് സ്റ്റേ ചെയ്യണമെന്ന് ഗവണ്മെന്റിന്റെ അടുക്കൽ കാൺഗ്രസ്സുകാർ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇല്ല.

ശ്രീ. കെ. എ. ബാലൻ : ഇതു സംബന്ധിച്ച് ഇവിടത്തെ ചില എം. എൽ. എ-മാർ നിവേദനം നടത്തിയിട്ടുള്ളതായറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഹെൽത്ത് ഇൻഷ്വറൻസ് സ്കീം.

* 93 [10] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെന്റിന്റെ Health Insurance Scheme അനുസരിച്ച് സംസ്ഥാനത്തെ മുതലാളിമാരിൽനിന്നും ഇതുവരെ എന്തു തുക ഈടാക്കിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

അറിഞ്ഞുകൂടാ.

ശ്രീ. കെ. എം. ജാർജ്ജ്: സംസ്ഥാനത്തെ മുതലാളിമാർ ആരൊക്കെയാണെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. കെ. കുഞ്ഞു: അതിനൊരു പട്ടിക ആവശ്യമായിരിക്കുകയാണ്.

ശ്രീ. കെ. എം. ജാർജ്ജ്: മുതലാളി എന്നതിന്റെ ഡഫനിഷൻ എന്താണ്?

ശ്രീ. പി. കെ. കുഞ്ഞു: വ്യവസായ ഉടമ എന്നു ധരിച്ചുൾക്കൊൾമതി.

ശ്രീ. ടി. കെ. ദിവാകരൻ: ഹെൽത്ത് ഇൻഷ്വറൻസ് സ്കീം, 1954-ൽ നടപ്പിലാക്കുമെന്നു പ്രഖ്യാപിച്ചിരുന്നിട്ട്, ഇതുവരെ നടപ്പിലാക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു: വിശേഷിച്ചു കാരണമൊന്നുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അടുത്ത സാമ്പത്തിക വർഷത്തിലെങ്കിലും അതു നടപ്പിലാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു: നടപ്പിലാക്കാം.

ശ്രീ. സി. ജി. സദാശിവൻ: ഏതെങ്കിലും വ്യവസായ ഉടമകൾ ഈ സ്കീം നടപ്പിലാക്കാതിരിക്കാൻ ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു: അങ്ങനെ ശ്രമിച്ചിട്ടുള്ളതായി അറിവില്ല.

പുതുതായി വരുത്തുന്ന ബസ്സുകൾ.

* 94. [11] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിലേയ്ക്ക് പുതുതായി ബസ്സുകൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ആർഡർ കൊടുത്തിട്ടുണ്ടോ; എത്ര ബസ്സുകൾക്ക്;

(ബി) ഏതിനം ബസ്സുകളാണ് വരുത്താൻ തീരുമാനിച്ചത്;

(സി) സ്റ്റാൻഡർഡൈസേഷൻ റിപ്പോർട്ടിൽ ശുപാർശചെയ്തിട്ടുള്ള ഇനത്തിൽപ്പെട്ട ബസ്സാണോ ഇത്;

(ഡി) മുമ്പ് വാങ്ങിയിട്ടുള്ള വണ്ടികളുടെ ചേസ്സ് ഇനിയും ബാഡി പണിയാതെ കിടപ്പുണ്ടോ; ഉണ്ടെങ്കിൽ അതിനു കാരണം എന്ത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്. പുതുതായി 100 ബസ്സുകൾ വാങ്ങിക്കാൻ ആർഡർ കൊടുത്തിട്ടുണ്ട്.

(ബി) മേഴ്സിഡസ് ബൻസ് ബസ്സുകളാണ് വരുത്താൻ തീരുമാനിച്ചത്.

(സി) അതെ.

(ഡി) ഇല്ല.

ശ്രീ. ടി. എ. മജീദ്: പുതിയതരം ബസ്സുകൾ വാങ്ങാൻ പ്രത്യേക കാരണമെന്താണ്?

ശ്രീ. എ. അച്യുതൻ: ബോർഡിൻെറ തീരുമാനം അനുസരിച്ച് അങ്ങനെ വാങ്ങാമെന്നു നിശ്ചയിച്ചതാണ്.

ശ്രീ. ടി. എ. മജീദ്: ഈ ബസ്സുകൾ പുതുതായി മാനുഫാക്ചർ ചെയ്യുന്നതാണോ?

ശ്രീ. എ. അച്യുതൻ: ഇതു വളരെക്കാലമായി നിലവിലിരിക്കുന്നതാണ്. ഈ സ്റ്റോററിൽ പുതുതായി വരുത്തുന്നുവെന്നുമാത്രം.

ശ്രീ. ടി. എ. മജീദ്: ആറു വണ്ടികൾ ഒന്നാകെ വരുത്താതെ കുറേ ബസ്സുകൾ വരുത്തി നല്ലതാണോ എന്നു പരീക്ഷിച്ചശേഷം ബാക്കി വരുത്തിയാൽ പോരേ?

ശ്രീ. എ. അച്യുതൻ: ഈ വണ്ടികൾ ഇൻറർനാഷണൽ റപ്പുട്ടേഷൻ ഉള്ളവയാണ്. ഡീസൽ എൻജിനുള്ള ഈ വണ്ടികൾ വളരെ നല്ലതാണെന്നു ബോദ്ധ്യമുള്ളതുകൊണ്ടാണ് ഇതുതന്നെ വരുത്താമെന്നു തീരുമാനിച്ചതു്.

ശ്രീ. ടി. എ. മജീദ്: ഈ വണ്ടികൾ നല്ലതാണെന്നു ബോദ്ധ്യമുണ്ടെന്നുപറഞ്ഞു, എങ്ങനെ ബോദ്ധ്യമുണ്ടെന്നാണ്?

ശ്രീ. എ. അച്യുതൻ: വിദഗ്ദ്ധാഭിപ്രായത്തിൻെറ അടിസ്ഥാനത്തിൽ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ വണ്ടി വാങ്ങുന്ന കാര്യത്തിൽ ബോർഡിൽ വല്ല അഭിപ്രായവ്യത്യാസവുമുണ്ടായിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇല്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അതിനെക്കുറിച്ചു് മലയാളി പത്രത്തിൽ ഒരു റിപ്പോർട്ടുണ്ടായിരുന്നതു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: മലയാളിയിൽ പലതും കാണും. അതെല്ലാം ശരിയായിരിക്കണമെന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: എന്നാണ് ഈ വണ്ടികൾ വാങ്ങേണമെന്നു തീരുമാനിച്ചതു്?

ശ്രീ. എ. അച്യുതൻ: അക്ടോബർമാസത്തിലാണെന്നു തോന്നുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: വണ്ടി വാങ്ങുന്നതിന് പ്രത്യേകം ഏജൻസി വ്യവസ്ഥയുണ്ടോ?

ശ്രീ. എ. അച്യുതൻ: പ്രത്യേക വ്യവസ്ഥയൊന്നുമില്ല. മാനുഫാക്ചറിംഗ് ഫേമുമായി നേരിട്ട് ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: മററ് ഏതെങ്കിലും കമ്പനികൾ കൊട്ടേഷൻസു സമ്പീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: മററു കമ്പനികളും കൊട്ടേഷൻസ് സമ്പീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഓരോ കമ്പനിയുടെയും വിലവ്യത്യാസമെന്താണ്?

ശ്രീ. എ. അച്യുതൻ: നോട്ടീസു വേണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കൊളിൻസ് റിപ്പോർട്ടു് അനുസരിച്ചുള്ള വണ്ടികൾ വാങ്ങിക്കാതിരിക്കാൻ കാരണമെന്തു്?

ശ്രീ. എ. അച്യുതൻ: കൊളിൻസ് റിപ്പോർട്ടിൽ പറയുന്ന വണ്ടികളേക്കാൾ ഇതു നല്ലതായിട്ടു ബോദ്ധ്യപ്പെട്ടതുകൊണ്ടുതന്നെ.

ശ്രീ. കെ. എം. ജോർജ്ജ്: ഈ ബസ്സുകൾ വരുത്തുന്നതിന് തിരുവനന്തപുരത്തു് ഏജൻസിയുണ്ടോ?

ശ്രീ. എ. അച്ചുതൻ : ഇപ്പോൾ ഉണ്ട്. ഈ വണ്ടി വരുത്താൻ തീരുമാനിക്കുന്നതിനു മുൻപ് ഇല്ലായിരുന്നു.

ശ്രീ. കെ. പി. ഹാർമിസ് : ഈ ബസ്സുകൾ വാങ്ങുന്നതിനു് ആ ഏജൻസിക്കു് വല്ല കമ്മീഷനുമുണ്ടോ?

ശ്രീ. എ. അച്ചുതൻ : ഇല്ല.

തൊഴിൽക്കുഴപ്പങ്ങൾ.

* 95. [13] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം എത്ര തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) ഈ തൊഴിൽക്കുഴപ്പങ്ങൾമൂലം എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ടു് ; എത്രപേരെ ശിക്ഷിച്ചിട്ടുണ്ടു് ;

(സി) നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ എംപ്ലോയ്മെൻറ് നിർത്തലാക്കിയതിനെക്കുറിച്ചു് എത്ര തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ) 2865.

(ബി) ഉത്തരം തയ്യാറായിട്ടില്ല. ഈ സംസ്ഥാനത്തെ വിവിധ പോലീസ്സ്റ്റേഷനുകളിൽ നിന്നും ഇതുസംബന്ധിച്ചു് ആവശ്യമായ വിവരങ്ങൾ കിട്ടാത്തതുകൊണ്ടാണു് ഇപ്പോൾ ഇതിനുത്തരം നൽകാൻ സാധിക്കാത്തതു്.

(സി) 179.

ശ്രീ. ആർ. പ്രകാശം : ബി-യുടെ ഉത്തരം കിട്ടുന്നതിനു് 10 ദിവസം മതിയായില്ലെന്നാണോ പറയുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു : മജിസ്ട്രേട്ടു കോടതികളിൽ അന്വേഷിച്ചു് വിവരങ്ങൾ പൂർണ്ണമായി ലഭിച്ചതിനുശേഷം ഉത്തരം തയ്യാറാക്കാൻ കുറെ സമയം എടുക്കും.

ശ്രീ. ആർ. പ്രകാശം : ഇത്രയധികം 2865-ഓളം തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടാകാൻ കാരണമെന്തു്?

ശ്രീ. പി. കെ. കുഞ്ഞു : പല കാരണങ്ങളും ഉണ്ടു്.

ശ്രീ. ആർ. പ്രകാശം : തൊഴിൽക്കുഴപ്പങ്ങൾ കൂടുതലുണ്ടാകുന്നതിനു് ഗവണ്മെൻറിന്റെ തൊഴിലാളി വിരുദ്ധനയമല്ലേ കാരണം?

ശ്രീ. പി. കെ. കുഞ്ഞു : അതാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ് : പി. എസ്. പി. ഭരണം ഏറ്റതിനു ശേഷം ചവറ മിനറൽസ് കമ്പനിയിൽ വല്ല തൊഴിൽക്കുഴപ്പവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു : ഇതൊരു പ്രത്യേക ചോദ്യമാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : തൊഴിൽക്കുഴപ്പം കാരണം ഏതെങ്കിലും മുതലാളിയെ അറസ്റ്റു ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു : അങ്ങനെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടണമെന്ന നയം ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു : ഇല്ല. സമാധാനലംഘനം ഉണ്ടാകുമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ അവിടെ പോലീസ് ഇടപെടാറുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ അടുത്തകാലത്ത് ആലപ്പുഴയ്ക്കു ഫാക്ടറിയിൽ പോലീസ് ഇടപെട്ട് ലാത്തിച്ചാർജ്ജുവരെ നടത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു : ഇതേപ്പററി പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല.

Street Electrification.

*96. [14] **Shri M. Bhaskaran Nair :** Will the Minister for Works and Transport be pleased to state :

(*a*) the terms and conditions on which street electrification is carried out by the Department ;

(*b*) whether cent per cent contribution is being realised from the Neyyattinkara Municipality for providing the street with electric installations ;

(*c*) the amount originally due from the Municipality and

(*d*) the amount so far realised ?

Minister for Works and Transport : **(Shri A. Achuthan) :** (*a*) The practice generally followed by the Electricity Department is to give preference to the installation of street lights on existing posts. In the above case and in cases where street lights are to be installed after extending fresh lines which are found to be remunerative to the Electricity Department taking into account the possibility of supplying electricity to domestic consumers also in the area, the Panchayat or other local bodies requiring these street lights have to meet the maintenance charges of the street lights. In the case of extensions which are not by themselves remunerative, a guarantee of minimum return on the capital cost involved in the work according to the rates in force is obtained.

(*b*) No. Only the minimum required by the Electricity Department as per rules is being realised.

(*c*) Rs. 10,885-9-14 per annum for the first five years and Rs. 1159-0-8 for the next three years.

(*d*) Rs. 3,986-7-6.

National Highway Scheme.

*97. [15] **Shri M. Bhaskaran Nair :** Will the Minister for Works and Transport be pleased to state :

(*a*) whether any steps are taken for the implementation of the National Highway Schemes ;

(*b*) the alignment now adopted ;

(*c*) whether there was a proposal to adopt the alignment through the coastal side where the houses are very few and far between ; and

(*d*) if the answer to (c) is yes, is it dropped and if so, why ?

Minister for Works and Transport : (Shri **A. Achuthan**) :

(*a*) Yes.

(*b*) Along the existing road-way, *viz.*, Main South Road, Trivandrum—Quilon road, and Quilon—Alleppey road.

(*c*) No ; but there was such a proposal for the "Bombay—Cape Coastal Road."

(d) In view of answer to part (c) this question does not arise.

Shri M. Bhaskaran Nair : May I know whether the Government are aware that if the alignment of the road is taken along the Main South Road, a large number of houses will be destroyed by the implementation of this scheme ?

ശ്രീ. എ. അച്യുതൻ : നിലവിലുള്ള കുറെ വീടുകൾക്ക് നാശം സംഭവിച്ചേക്കാം.

Shri M. Bhaskaran Nair : May I know, Sir, whether by taking the alignment of the road through the coastal side this destruction of houses can be avoided or at least minimised?

ശ്രീ. എ. അച്യുതൻ : ഒരു പുതിയ റോഡു വെട്ടാൻ ശ്രമിക്കുകയാണെങ്കിൽ ചെലവ് അധികരിക്കുന്നതാണ്. തന്നെയുമല്ല ഇതു് സെൻട്രൽ ഗവണ്മെൻറിൻെറ തീരുമാനമാണ്. അവർതന്നെ ഡ്രാഫ്റ്റു ചെയ്ത ഒരു സ്കീമാണിതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : നാഷനൽ ഹൈവേ ഹൈനലായിട്ടു തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഉണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ സ്കീം നടപ്പിലാകുന്നതോടുകൂടി വീടുകൾ നഷ്ടപ്പെടുന്ന സാധുക്കൾക്ക് സർക്കാരിൽ നിന്നും വീടുകൾ ഉണ്ടാക്കിക്കൊടുക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

ശ്രീ. എ. അച്യുതൻ : ആലോചിക്കാം.

ആശുപത്രികളും ഡിസ്പെൻസറികളും.

* 98. [16] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ധനകാര്യവർഷത്തിൽ സംസ്ഥാനത്തു് ആകെ എത്ര ആശുപത്രികളും ഡിസ്പെൻസറികളും പുതുതായി ആരംഭിക്കപ്പെട്ടിട്ടുണ്ടു്; അവ ഏവിടെയെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

ഈ സാമ്പത്തികവർഷത്തിൽ പുതിയ അലോപ്പതി ആശുപത്രി ഒന്നും തന്നെ അനുവദിച്ചിട്ടില്ല. വാകത്താനം, പൂവാർ, പോത്തനിക്കാട്, നേമം, പുത്തൻചിറ, മാഖിപ്പുറം എന്നീ സ്ഥലങ്ങളിലായി 6 അലോപ്പതി ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ടു്. ആലപ്പുഴ, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ 3 ആയുർവ്വേദ ആശുപത്രികളും 12 ആയുർവ്വേദ ഡിസ്പെൻസറികളും പുതുതായി ആരംഭിച്ചിട്ടുണ്ടു്. താഴെ പറയുന്ന സ്ഥലങ്ങളിലാണ് ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുള്ളതു്.

1. തൃക്കടവൂർ	7. കവിയൂർ
2. തലവടി	8. റാന്നി
3. പൂവച്ചൽ	9. വാഴൂർ
4. തെന്മല	10. ചേരാനല്ലൂർ
5. കുമാരപുരം	11. കൃഷ്ണപുരം
6. ചെറുവട്ടൂർ	12. തൃപ്പുതിസാരം

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആയുർവ്വേദ ആശുപത്രികൾ അനുവദിക്കുന്നതിന് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്താണ് ?

ശ്രീ. പി. കെ. കുഞ്ഞു : ആളുകൾക്ക് ചികിത്സാസഹായങ്ങൾ നൽകുന്നതിനുള്ള ആവശ്യം എവിടെയെല്ലാം കൂടുതലായി ഉണ്ടെന്നു ബോദ്ധ്യപ്പെടുന്നുവോ അവിടെ സ്ഥലവാസികളുടെ അപേക്ഷയനുസരിച്ചു് ആശുപത്രികൾ അനുവദിക്കുകയാണു പതിവു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആശുപത്രികൾ വേണമെന്നു കാണിച്ചു നാട്ടുകാർ അയയ്ക്കുന്ന അപേക്ഷകൾക്കു് പ്രയോറിറ്റി നൽകാറുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : അപേക്ഷകളെ സംബന്ധിച്ചു് അന്വേഷിച്ചു് കൂടുതൽ ആവശ്യമുള്ള സ്ഥലം ഏതാണെന്നു ബോദ്ധ്യപ്പെട്ടിട്ടു് വേണ്ട നടപടികൾ സ്വീകരിക്കുകയാണു ചെയ്യുന്നതു്.

ശ്രീ. പി. കെ. യശോധരൻ : പുതുതായി ആരംഭിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഉണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് : അവിടെയെല്ലാം പ്രത്യേകം ഡാക്ടർമാരേയും നഴ്സുകളെയും നിയമിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : നിയമിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ്: ഏതെങ്കിലും ആശുപത്രി ഉൽഘാടനം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വർണ്ണമാല കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു: ഒരു യാത്രയിൽ അങ്ങനെ കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: എത്ര പവൻ വരും?

ശ്രീ. പി. കെ. കുഞ്ഞു: തൂക്കിനോക്കിയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: ആ മാല എന്തു ചെയ്തു?

ശ്രീ. പി. കെ. കുഞ്ഞു: തന്ന ആളിനു തിരിച്ചുകൊടുത്തു.

ശ്രീ. ടി. പി. സീതാരാമൻ: പുതിയതായി ആശുപത്രികൾ തുടങ്ങുന്നതിനുമുമ്പ് ഉള്ള ആശുപത്രികൾക്ക് മരുന്നു കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു: ഉള്ള മരുന്ന് കൊടുക്കുന്നുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ഉള്ളൂർ ആശുപത്രിയിൽ ഇൻസുലിൻ ഇല്ലാതെ ആരെങ്കിലും മരിച്ചതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു: അറിഞ്ഞുകൂട.

ശ്രീ. ടി. പി. സീതാരാമൻ: ഈ അടുത്തകാലത്തു നടന്ന സംഭവമാണ്. അതിനെപ്പററി അന്വേഷിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു: അന്വേഷിക്കാം.

ശ്രീ. എം. എ. ആൻറണി: ആശുപത്രിസ്ഥാപിക്കുന്ന കാര്യത്തെപ്പററി വേണ്ട അന്വേഷണം നടത്തുന്നതിന് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു: സമീപകാലത്ത് ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ട്.

ഫാക്ററികൾ.

* 99. [17] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) ഫാക്ററി ആക്ററനുസരിച്ചു രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഫാക്ററികൾ സംസ്ഥാനത്തുണ്ട്;

(ബി) അവ പരിശോധിക്കുന്നതിന് എത്ര ഫാക്ററി ഇൻസ്പെക്ടർമാരുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 916.

(ബി) ചീഫ് ഫാക്ററി ഇൻസ്പെക്ടർ ഉൾപ്പെടെ ഏഴ് ഇൻസ്പെക്ടർമാരുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : ഈ ഇൻസ്പെക്ടർമാരുടെ ശമ്പളത്തെപ്പറ്റി എങ്ങനെയാണെന്നു പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : ഇവരിൽ രണ്ടു ഗ്രേഡുകളുണ്ട്. ഓരോ ഗ്രേഡിന്റെയും ശമ്പളത്തുക ഫയൽ നോക്കാതെ പറയാൻ നിവൃത്തിയില്ല..

ശ്രീ. കുട്ടപ്പൻ കോയിക്കൽ : മററു സ്ഥലങ്ങളെ സംബന്ധിച്ച് ഈ ശമ്പളം കുറവാണോ ; അതോ കൂടുതലാണോ ?

ശ്രീ. പി. കെ. കുഞ്ഞു : കുറവാണെന്നാണ് തോന്നുന്നത്.

ശ്രീ. കെ. എ. ബാലൻ : ഫാക്ടറി ആക്ട് അനുസരിച്ചു രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : അങ്ങനെ ഉണ്ടെങ്കിൽ അതെപ്പററി അന്വേഷിക്കാം.

ശ്രീ. കെ. എ. ബാലൻ : രജിസ്റ്റർ ചെയ്തിട്ടില്ല എന്നുള്ള കാരണത്താൽ ആ ഫാക്ടറികളിൽ ഉണ്ടാകുന്ന തൊഴിൽ ദുഷ്പ്രയോഗങ്ങളിൽ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടുന്നില്ലായെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : അങ്ങനെ അറിവില്ല.

മലമ്പനി.

* 100. [18] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പനിമൂലം ആണ്ടിനാൽ ശരാശരി എത്ര പേർ ഇവിടെ മരണമടയുന്നുണ്ട് ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ ഇപ്പോൾ മലമ്പനി ഉണ്ട് ;

(സി) മലമ്പനി നിവാരണാർത്ഥം എന്തെല്ലാം നടപടികൾ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു)

(എ) ശരാശരി അറുപതുപേർ മരണമടയുന്നുണ്ട്.

(ബി) മലമ്പനി ബാധിതപ്രദേശങ്ങളുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് †മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) വാസസ്ഥലങ്ങളിൽ ഡി. ഡി. ററി. തളിക്കുന്നതാണു പ്രധാന നിവാരണമാർഗ്ഗം. കൂടാതെ രോഗബാധിത പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ഉപയോഗത്തിനായി ക്ലോറോക്വിൻ, നിവാക്വിൻ മുതലായ മരുന്നുകളും സൗജന്യമായി വിതരണം ചെയ്യുന്നു. കൂടാതെ രക്തവും പ്ലീഹയും പരിശോധിച്ച് രോഗാണുസംക്രമം ഉണ്ടോയെന്നു നിർണ്ണയിക്കുകയും, സെൻട്രൽ മലേറിയ ലാബറട്ടറിയിൽ കൊതുകിനെയും, രക്തത്തെയും സൂക്ഷ്മപരിശോധന നടത്തി നിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

† Please See Appendix III.

ശ്രീ. സി. എ. മാത്യു : മലമ്പനി നിവാരണത്തിനുവേണ്ടി എന്തെങ്കിലും തുക കേന്ദ്രഗവണ്മെൻറിൽ നിന്നും തരുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : ഉണ്ട്.

ശ്രീ. സി. എ. മാത്യു : ഉണ്ടെങ്കിൽ തുക എന്താണെന്നു പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : തുകയെ സംബന്ധിച്ച് കടലാസുകൾ നോക്കാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : കേന്ദ്രഗവണ്മെൻറിൽ നിന്നും തരുന്ന തുകതന്നെ മുഴുവനും മലമ്പനി നിവാരണത്തിനുവേണ്ടി ഉപയോഗിക്കുന്നില്ലായെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : ഉപയോഗിക്കുന്നുവെന്നാണ് മനസ്സിലാക്കിയിരിക്കുന്നത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ വകയ്ക്കുവേണ്ടി വരുത്തിയിട്ടുള്ള മരുന്നുകൾ പബ്ലിക്കുഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ നിന്നും കുറഞ്ഞ വിലയ്ക്കു വെളിയിൽ വിൽക്കുന്നുവെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : അറിഞ്ഞുകൂടാ.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ കൊല്ലം മലമ്പനി നിവാരണത്തിനുവേണ്ടി വല്ല തുകയും കേന്ദ്രഗവണ്മെൻറു തന്നിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു : നോക്കിപ്പറയാം

ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ വാങ്ങുന്ന ടയറുകൾ.

* 101. [19] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിലേയ്ക്ക് ആണ്ടിനാൽ എത്ര ടയറുകൾ, എന്തു വിലയ്ക്കു വാങ്ങുന്നുണ്ട് ;

(ബി) ഏതെല്ലാം കമ്പനിയിൽനിന്നുമാണ് ഇവ വാങ്ങുന്നത് ;

(സി) എത്ര തുക കമ്മിഷൻ ഇനത്തിൽ, സാധാരണനിരക്കിൽ നിന്നും കുറവുചെയ്തുകിട്ടുന്നുണ്ട് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉദ്ദേശം 29 ലക്ഷം രൂപ വിലവരുന്ന 7200-ഓളം ടയറുകൾ വാങ്ങുന്നുണ്ട്.

(ബി) 1. ഡൺലപ്പ് ടയർ ആൻഡ് റബ്ബർ കമ്പനി ഓഫ് ഇൻഡ്യാ, ലിമിററഡ്, മദ്രാസ്.

2. ഗുഡ് ഈയർ ടയർ ആൻഡ് റബ്ബർകമ്പനി ആഫ് ഇൻഡ്യാ ലിമിററഡ്, മദ്രാസ്.

3. ഇൻഡ്യാ ടയർ ആൻഡ് റബ്ബർകമ്പനി ആഫ് ഇൻഡ്യാ ലിമിററഡ്, മദ്രാസ്.

4. ഫയർസ്റ്റോൺ ടയർ ആൻഡ് റബ്ബർകമ്പനി ആഫ് ഇൻഡ്യാ ലിമിററഡ്, മദ്രാസ്.

(സി) ഡീലേഴ്സ് പ്രൈസിൽനിന്നു രണ്ടര ശതമാനവും പ്രൈസ് ലിസ്റ്റിൽനിന്നു 16.6 ശതമാനവും കുറച്ചുകിട്ടുന്നുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : നമ്മുടെ റബ്ബർ ഫാക്ററിയിൽ ഇത്തരം ടയറുകൾ ഉൽപ്പാദിപ്പിക്കാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : ഇപ്പോൾ ഇല്ല.

ശ്രീ. കെ. എം. ജോർജ്ജ് : വരുത്തിയിട്ടുള്ള ടയറുകളുടെ സ്റ്റാക്ക് തീട്ടപ്പെടുത്തുന്നുണ്ടോ?

ശ്രീ. എ. അച്ചുതൻ : ആവശ്യമുള്ളപ്പോഴെല്ലാം സ്റ്റാക്ക് ടേക്കിംഗ് നടത്തുന്നുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്. ഇവിടെ സ്റ്റാക്ക് ചെയ്തിരിക്കുന്ന ടയറുകളിൽ കുടക്കളുടെ കുറവുവന്നുകൊണ്ടിരിക്കുന്നുവെന്നുള്ള ആരോപണം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ : അടുത്ത പഞ്ചവത്സരപദ്ധതിയിൽ യർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു ഫാക്ററി തുറക്കുന്നതിനായി ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. എ. അച്ചുതൻ : ആ കാര്യത്തെപ്പററി ആലോചിക്കാം.

പ്രൈവററ ബസ്സുകൾ.

*102. [20] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവററ ബസ്സുകൾ സർവ്വീസു നടത്തുന്നതിനുള്ള അനുവാദം ബസ്സുടമകൾക്കു നൽകുന്നതു് ഏതെല്ലാം വ്യവസ്ഥയിന്മേലാണ്;

(ബി) ബസ്സ് പെർമിററും ഷെഡ്യൂൾസമയവും നൽകിയശേഷം ആയതു പാലിച്ചുവേണം ഉടമകൾ സർവ്വീസ് നടത്താനെന്നു് വല്ല നിബന്ധനയും നിയമമനുസരിച്ചു് നിലവിലുണ്ടോ;

(സി) ഷെഡ്യൂളുകൾക്ക് മുടക്കം വരുത്തി സർവ്വീസു നടത്താതെ തുടർച്ചയായി വണ്ടി ഷെഡ്ഡിൽ കയററി ഇടുകയാണെങ്കിൽ ആ വണ്ടികളുടെ പെർമിററുംമററും പിൻവലിക്കാൻ ഗവണ്മെൻറിനധികാരമുണ്ടോ;

(ഡി) ഇങ്ങനെ തുടർച്ചയായി ഷെഡ്യൂൾ മുടക്കം വരുത്തി ഷെഡ്ഡിൽ കയററിനിർത്തിയ ഏത്ര ബസ്സുകളുടെ പെർമിററ് ഈ മന്ത്രിസഭ അധികാരമേററശേഷം പിൻവലിക്കപ്പെട്ടു;

(ഇ) R. K. V., K. M. S., K. M. K. S. എന്നീ മുതലുടമകൾ ഇങ്ങനെ വളരെയധികം ബസ്സുകൾ തുടർച്ചയായി സർവീസു മുടക്കം വരുത്തി ഷെഡ്ഡിൽ കയററിയിട്ടിരിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഇൻഡ്യൻ മോട്ടാർ വെഹിക്കിൾസ് ആക്റ്റ്, 1939, അദ്ധ്യായം 4 പ്രകാരമുള്ള വ്യവസ്ഥകളുന്മേലും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള റൂളുകൾ പ്രകാരവും.

(ബി) ഉണ്ട്. അതു് 1939-ലെ മോട്ടാർ വെഹിക്കിൾസ് ആക്റ്റ് സെക്ഷൻ 48 അനുസരിച്ചാണ്.

(സി) ട്രാൻസ്പോർട്ട് അതാറിട്ടിക്ക് അധികാരം ഉണ്ട്.

(ഡി) 40 ബസ്സുകളുടെ പെർമിറ്റ് റദ്ദ് ചെയ്തിട്ടുണ്ട്.

(ഈ) ചില സർവ്വീസുകൾ മുടക്കം വരുത്തിയിട്ടുള്ളതായി അറിയാം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: മുടക്കംവരുത്തിയിട്ടുള്ള ബസ്സുടമകളുടെ പേരിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: നടപടി നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: എന്തു നടപടികളാണ നടത്തിയിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഈ ആക്റ്റ് അനുസരിച്ചുള്ള നടപടികളായിരിക്കും നടത്തിയിട്ടുള്ളതു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ബസ്സു സർവ്വീസുകൾ മുടക്കിയിട്ടുന്നതുകൊണ്ടു് അവയിലെ വളരെയധികം തൊഴിലാളികൾ തൊഴിലില്ലാത്തവരായിത്തീരുന്നുവെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ അറിഞ്ഞുകൂട.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ ഇടക്കാലത്തു് ആർ. കെ. വി. കമ്പനിയിലെ കുറെ തൊഴിലാളികൾ പണിമുടക്കിയിട്ടുള്ളതു് എന്തു കാരണത്താലാണെന്നു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അറിഞ്ഞുകൂട.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അവയെപ്പററി വല്ല നിവേദനവും ഗവണ്മെൻറിലേയ്ക്കു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: കിട്ടിയിട്ടുണ്ടോയെന്നു് അന്വേഷിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ബസ്സു റൂട്ടുകൾ കൈമാററം ചെയ്യാൻ ഗവണ്മെൻറ് അനുവാദംകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ കൊടുത്തിട്ടുള്ളതായി അറിവില്ല.

ട്രാൻസ്ഫോർട്ട് പണിമുടക്ക്.

* 103. [21] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്ഫോർട്ട് പണിമുടക്ക് (ഈ കഴിഞ്ഞതു്) ആകെയെത്ര ദിവസം നീണ്ടുനിന്നു;

(ബി) അക്കാലത്തു് സേവനമനുഷ്ഠിക്കുന്നതിനുവേണ്ടി പുതിയ റിക്രൂട്ടുമെൻറ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ, ഏതേതു വിഭാഗം ജോലികൾക്കായി;

(സി) ഇവരുടെ റിക്രൂട്ടുമെൻറ നടത്തിയതു് ആരാണു്, അവരിന്നു് സർവ്വീസിൽ തുടരുന്നുണ്ടോ;

(ഡി) ഇവർക്ക് നിയമനഉത്തരവു് നൽകിയതെന്നാണു്; നിയമനം സ്ഥിരമായാണോ ടെമ്പററിയായിട്ടാണോ നടത്തിയതു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

(എ) 1954 ആഗസ്റ്റുമാസം 28-ാംനു- മുതൽ സെപ്റ്റംബർ മാസം 6-ാംനു- വരെ.

(ബി) ഉണ്ടു്. 483 പേരെ. അതിൽ 271 കണ്ടക്റ്റർമാർ, 181 ഡ്രൈവർമാർ, 31 മെക്കാനിക്കും ക്ലീനർമാരും.

(സി) അതാതു ഡിസ്ട്രിക്റ്റ് ആഫീസർമാരാണു റിക്രൂട്ടു ചെയ്തതു്. അവരിലാരും ഇപ്പോൾ സർവ്വീസിൽ ഇല്ല.

(ഡി) ആഗസ്റ്റ് അവസാനത്തെ ആഴ്ചയിലും സെപ്റ്റംബർ ആദ്യവും പലപ്പോഴായി നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ടു്. ഈ നിയമനങ്ങളെല്ലാം താൽക്കാലികമായിട്ടാണു നടത്തിയിട്ടുള്ളതു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : മേലുദ്ധരിച്ച കണക്കിനും പുറമെ 100 കണ്ടക്റ്റർമാരെക്കൂടി എടുക്കുന്നതിനു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മെമ്മോ അയച്ചിട്ടുള്ളതായി കേൾക്കുന്നതു ശരിയാണോ?

ശ്രീ. എ. അച്ചുതൻ : അതേപ്പററി അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ട്രാൻസ്പോർട്ടു സമരകാലത്തു് പിരിച്ചുവിടപ്പെട്ട കരിങ്കാലികൾ സംഘടനാരൂപത്തിൽ വല്ല നിവേദനവും ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : ഉള്ളതായിട്ടു് അറിവില്ല.

ശ്രീ. എം. എം. മത്തായി : പബ്ലിക്ക്സർവ്വീസ് കമ്മീഷൻ മുഖേന തിരം എടുത്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്കു് മുൻഗണന കൊടുക്കാൻ ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. അച്ചുതൻ : അവർ്ൽ കുറേപ്പേരെ എടുക്കാൻ നിശ്ചയിച്ചിരിക്കുകയാണു്.

പുതിയ റോഡുകൾ.

* 104. [22] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ൽ ആരംഭിച്ചിരിക്കേണ്ടതും ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുള്ളതുമായ പുതിയ റോഡുകളുടെ ആകെ എണ്ണം;

(ബി) ഇതിൽ, 1954 നവംബർ 30-ാംനു- വരെ പണി ആരംഭമായിട്ടില്ലാത്ത റോഡുകളുടെ എണ്ണം;

(സി) നെടുമങ്ങാട്ട താലൂക്കിൽ മാത്രം പണി ആരംഭിക്കേണ്ടിയിരുന്ന പുതിയ റോഡുകളുടെ ആകെ എണ്ണം;

(ഡി) 1954 നവംബർ 30-ാംനു-വരെ നെടുമങ്ങാട്ട താലൂക്കിലെ പണി ആരംഭിച്ചിട്ടുള്ള പുതിയ റോഡുകളുടെ എണ്ണം;

(ഇ) പുതിയ റോഡുകളുടെ പണി ആരംഭിച്ചിട്ടില്ലെങ്കിൽ ഇപ്രകാരമുള്ള വീഴ്ചകൾക്ക് കാരണമെന്താണ്;

(എഫ്) ഇതൊഴിവാക്കാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) 102.
(ബി) 57.
(സി) 8.
(ഡി) 2.

(ഇ) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള താമസംകൊണ്ടാണ്.

(എഫ്) താമസം ഒഴിവാക്കാൻ കഴിയുന്നതും ശ്രമിക്കുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 1953-54-ൽ ചെയ്തുതീർക്കാൻ കഴിയാത്തതും അനുവദിച്ചിട്ടുള്ളതുമായ പണികളുടെ ചെലവിലേയ്ക്കുള്ള തുകകൾ 1954-55-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലായെന്നറിയാമോ?

ശ്രീ. എ. അച്യുതൻ : അങ്ങനെ ഉണ്ടാകാൻ ഇടയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 57 റോഡുകളുടെ പണി ആരംഭിച്ചിട്ടില്ലായെന്നു പറയുന്നു. ഉടനെ ജോലി തുടങ്ങാൻ എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ : ഉണ്ട്.

ആയുർവേദ ഡിസ്പെൻസറികൾ.

* 105. [23] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55-ാം സാമ്പത്തികവർഷത്തിൽ ഈ സംസ്ഥാനത്തിൽ ആകെ എത്ര ആയുർവേദ ഡിസ്പെൻസറികൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്;

(ബി) പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന സന്ദർഭത്തിൽ അതാതു പ്രദേശങ്ങളിലെ ജനങ്ങളുടെ സൗകര്യം പരിഗണിച്ചുകൊണ്ടു് സ്ഥലനിർണ്ണയം ചെയ്യുന്നതിനു പഞ്ചായത്തുകളുടെയോ, മുനിസിപ്പാലിറ്റികളുടെയോ അഭിപ്രായം ആരായുകയുണ്ടായിട്ടുണ്ടോ ;

(സി) സ്വയംഭരണസ്ഥാപനങ്ങളുടെ അഭിപ്രായങ്ങളെ വിഗണിച്ചുകൊണ്ടു് ഉത്തരവുകൾ നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ആ വക നടപടികൾ പുനഃപരിശോധന ചെയ്യാൻ ഉദ്ദേശമുണ്ടോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) : (എ, ബി, സി) 15 ഡിസ്പെൻസറികൾ സ്ഥാപിക്കുവാൻ അനുവദിച്ചിട്ടുണ്ടു്. പൊതുജനങ്ങളുടെ അപേക്ഷ അനുസരിച്ചും പഞ്ചായത്തുകളുമായോ മുനിസിപ്പാലിറ്റികളുമായോ അഭിപ്രായം ആരാഞ്ഞും, പൊതുജനങ്ങൾ കെട്ടിടവും സ്ഥലവും സൗകര്യപ്പെടുത്തിത്തരുന്ന സ്ഥലങ്ങൾക്കു് മുൻഗണനനൽകിയുമാണു പുതിയ ഡിസ്പെൻസറികൾക്കു സ്ഥലനിർണ്ണയം ചെയ്തിട്ടുള്ളതു്. പൊതുജനാഭിപ്രായവും അവർ കെട്ടിടസൗകര്യം ഉണ്ടാക്കിത്തരുന്നതിനേയും ഡിസ്പെൻസറികൊണ്ടു് കൂടുതൽ ആളുകൾക്കു് പ്രയോജനപ്പെടുന്നതിനെയും പരിഗണിച്ചു പഞ്ചായത്തു കേന്ദ്രവും കൂടിയായ പൂവച്ചൽ എന്ന സ്ഥലത്തു് ഡിസ്പെൻസറി സ്ഥാപിച്ചു. കുററിച്ചൽ എന്ന സ്ഥലത്തു് സ്ഥാപിക്കണമെന്നുള്ള സ്ഥലം (പൂവച്ചൽ) പഞ്ചായത്തിന്റെ അഭിപ്രായം ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ തരമില്ലാതെ വന്നിട്ടുണ്ടു്.

(ഡി) മേൽവിവരിച്ച അടിസ്ഥാനത്തിലുള്ള നടപടികൾക്കു് കൂടുതൽ പൊതുജനാഭിപ്രായപിൻതുണയുള്ളതിനാൽ പുനഃപരിശോധന ചെയ്യണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കുററിച്ചൽ എന്ന സ്ഥലത്തു് സ്ഥാപിക്കണമെന്നല്ലേ പൂവച്ചൽ പഞ്ചായത്തു് അഭിപ്രായപ്പെട്ടിട്ടുള്ളതു് ?

ശ്രീ. പി. കെ. കുഞ്ഞു : ഉത്തരത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെ അടിസ്ഥാനപ്പെടുത്തി കുററിച്ചലിൽ സ്ഥാപിക്കാൻ നിവൃത്തിയില്ലാതെയാണു വന്നതു്.

Shri K. Krishna Pillai : I do not put question No 24.

Mr. Speaker : Question No. 25

ശ്രീ. എം. എം. മത്തായി : സർ, ഒരു പോയിൻറ് ആഫ് ആർഡർ ; ചോദ്യം 24 (ബി) യുടെ ഉത്തരം സഭയിൽ കിട്ടിയിട്ടില്ല.

മി. സ്പീക്കർ : ചോദ്യകർത്താവു് ആവശ്യപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണു് ആ ചോദ്യം ചോദിക്കാത്തതു്.

ശ്രീ. കെ. പി. ഗോപാലമേനോൻ : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ചോദ്യം 24 (ബി) വകുപ്പിലേക്കു മറുപടി കിട്ടിയിട്ടില്ലെന്നു ഒരു ബഹുമാനപ്പെട്ട മെംബർ പരാതി പറയുമ്പോൾ അതു നൽകേണ്ടതല്ലേ ?

മി. സ്പീക്കർ : ചോദ്യകർത്താവുതന്നെ ആ ചോദ്യം ചോദിക്കുന്നില്ലായെന്നു പറഞ്ഞാൽ മറെറാരു മെംബറിനു് അതിന്റെ മറുപടിവേണമെന്നു നിർബന്ധിക്കാൻ പാടില്ല.

സെൻട്രൽ പി. ഡബ്ല്യു. ഡി. വർക്സ് കമ്മിററി.

* 106. [25] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സെൻട്രൽ പി. ഡബ്ല്യു. ഡി. വർക്സ് കമ്മിററി എന്നാണ് രൂപീകരിച്ചത്;

(ബി) ഈ കമ്മിററി രൂപീകരിച്ചതിനുശേഷം എത്ര പ്രാവശ്യം കൂടിയിട്ടുണ്ട്;

സി) ഇല്ലെങ്കിൽ കാരണമെന്ത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) 19-5-1954-ലെ ഉത്തരവനുസരിച്ച്.

(ബി) ഇതേവരെ കൂടിട്ടില്ല.

(സി) അടുത്തവർഷത്തേയ്ക്കു പബ്ലിക്ക് വർക്സിനുള്ള തുക നിശ്ചയിച്ചതിനുശേഷമേ സെൻട്രൽ കമ്മിററി കൂടേണ്ട ആവശ്യമുള്ളൂ. തുക നിശ്ചയിച്ചുകഴിഞ്ഞാൽ ഉടനെ കൂടുന്നതാണ്.

ശ്രീ. ടി. പി. സീതാരാമൻ : ഓരോ താലൂക്കിലും ഉള്ള വർക്സ് കമ്മിററിയുടെ ശുപാർശകൾ അതേപടി സ്വീകരിക്കുന്നില്ലായെന്നറിയാമോ ?

ശ്രീ. എ. അച്യുതൻ : ചിലപ്പോൾ എല്ലാം സ്വീകരിച്ചുവെന്നു വരികയില്ല.

ശ്രീ. ടി. പി. സീതാരാമൻ : കൂടക്കൂടെ സെൻട്രൽ കമ്മിററി കൂടാത്തതുകൊണ്ടാണ് ഈ വർക്കുകൾ ശരിയായ വിധത്തിൽ നടത്താൻ താമസം ഉണ്ടാകുന്നതെന്നറിയാമോ ?

ശ്രീ. എ. അച്യുതൻ : ഓരോ വർഷവും തുക നിശ്ചയിച്ചതിനു മേൽ മാത്രമേ സെൻട്രൽ കമ്മിററി കൂടുകയുള്ളൂ. അതല്ലാതെ കൂടക്കൂടെ സെൻട്രൽ കമ്മിററി കൂടേണ്ട ആവശ്യമില്ല.

Written Answers.

പുതിയ ആശുപത്രികൾ.

* 107. [27] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് 1952-നു ശേഷം ഗവണ്മെൻറു ആശുപത്രികൾ സ്ഥാപിക്കാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര ആശുപത്രികൾ സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്; എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു.):

(എ) 152.

(ബി) 17. വേണ്ട എല്ലാനടപടികളും സ്വീകരിച്ചിട്ടുണ്ട്.

ട്രാൻസ്ഫോർട്ട് ദേശവൽക്കരണം.

* 108. [29] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഫോർട്ട് ദേശവൽക്കരണ നടപടിക്കെതിരായി മുതലാളിമാർ റിട്ട് കൊടുത്തിരിക്കുകയാണോ;

(ബി) ബസ്സുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ;

(സി) ഏതുവിധത്തിൽ;

(ഡി) തൊഴിലാളികളുടെ പ്രശ്നം എങ്ങിനെ പരിഹരിക്കും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ഡിപ്പാർട്ടുമെൻറിൽനിന്നും ഏതാനും പുതിയ എക്സ്പ്രസ്സ് സർവ്വീസുകൾ നടപ്പിലാക്കിയതിനും, ചില സർവ്വീസ്സുകൾ നീട്ടിയതിനും എതിരായി റിട്ട് ഹർജികൾ ചിലർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ആ പ്രശ്നം ഉദിക്കുമ്പോൾ തക്കതായ വിധത്തിൽ കൈകാര്യം ചെയ്യുന്നതാണ്.

സഹകരണസംഘങ്ങൾ.

* 109. [32] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ആകെ എത്ര പിന്നോക്കസമുദായങ്ങളുടെ സഹകരണസംഘങ്ങൾ ഉണ്ട്;

(ബി) അവക്ക് ഗവണ്മെൻറിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) കോളനൈസേഷൻ സ്കീമിൻെറ വ്യവസ്ഥകളിൽനിന്ന് സഹകരണസംഘങ്ങളെ ഒഴിവാക്കി പ്രത്യേക ഒരു പരിഗണനയിന്മേൽ ഈ പദ്ധതി അവകൾക്കും ബാധകമാകത്തക്കവിധത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 188 സഹകരണസംഘങ്ങൾ ഉണ്ട്.

(ബി) ഗ്രാൻറായും കടം വായ്പയായും ധനസഹായം ചെയ്യും, സർക്കാർ ഭൂമി പാട്ടത്തിനു കൊടുത്തും, സഹകരണസംഘങ്ങൾ ശരിയായി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തും സഹായിക്കുന്നു.

(സി) കോളനൈസേഷൻ സ്കീമിൻെറ പദ്ധതികൾ ജാതിമത പരിഗണനയില്ലാതെ എല്ലാ സാധുക്കൾക്കും പ്രയോജനപ്പെടേണ്ടതാകയാൽ ചില സംഘങ്ങൾക്കുമാത്രം പ്രത്യേക പരിഗണന നൽകുവാൻ നിബന്ധനകൾ അനുവദിക്കുന്നില്ല.

അരിയും, പാലും വിതരണം.

* 110. [33] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ ഡിപ്പാർട്ടുമെൻറിൽനിന്നും വിതരണം നടത്തുന്ന യൂണിസെഫ് പദ്ധതിയനുസരിച്ചുള്ള അരിയും, പാലും ഇപ്പോൾ എത്ര സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്;

(ബി) അതിൽ പട്ടികജാതിക്കാർ നടത്തുന്ന എത്ര സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്;

(സി) വിതരണത്തിൻെറ നയത്തെസംബന്ധിച്ചിടത്തോളം പന്നോക്കസമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് മുൻഗണന നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഗവണ്മെൻറ് അങ്ങിനെ നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) അരി 320 സ്ഥാപനങ്ങൾമുഖേനയും, പാൽ 605 സ്ഥാപനങ്ങൾ മുഖേനയും വിതരണം നടത്തുന്നു.

(ബി) പട്ടികജാതിക്കാർമാത്രം നടത്തുന്ന സ്ഥാപനങ്ങളുടെ കണക്കെടുത്തിട്ടില്ല.

(സി) UNICEF-ൻെറ നിർദ്ദേശം അവർ സൗജന്യമായിതരുന്ന അരിയും, പാൽപ്പൊടിയും ജാതിമതഭേദമെന്യേ സാധുക്കളായ കുഞ്ഞുങ്ങൾക്കും, ഗർഭിണികൾക്കും സൗജന്യമായി വിതരണം ചെയ്യണമെന്നാണ്. ഇതനുസരിച്ച് ശരിയായവിധത്തിൽ വിതരണംചെയ്യുന്ന സ്ഥാപനങ്ങളിൽ സ്റ്റാക്കനുസരിച്ച് സംധനങ്ങൾ നൽകുന്നുണ്ട്.

(ഡി) മേൽപറഞ്ഞ തത്വം അടിസ്ഥാനമാക്കി അങ്ങനെ നിർദ്ദേശിക്കേണ്ട ആവശ്യമുണ്ടെന്ന് ഗവണ്മെൻറ് കരുതുന്നില്ല.

തൊഴിൽ തർക്കം.

* 111. [37] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ചുമാസം 1-ാംതീയതിക്കുശേഷം ഈ സംസ്ഥാനത്തിൽ ആകെ എത്ര തൊഴിൽതർക്കങ്ങൾ ഉണ്ടായി;

(ബി) അതിൽ എത്രയെണ്ണം തീരുമാനിക്കപ്പെട്ടിട്ടുണ്ട്; അവ ശേഷിച്ചിട്ടുള്ളതെത്ര;

(സി) ഈ കാലഘട്ടത്തിൽ അഡ്ജൂഡിക്കേഷന് വിട്ടിട്ടുള്ള തക്കങ്ങളുടെ എണ്ണമെത്ര; ഇതിൽ എത്രയെണ്ണം തീരുമാനിക്കപ്പെട്ടു കഴിഞ്ഞു;

(ഡി) അഡ്ജൂഡിക്കേഷൻ അവാർഡ് നടപ്പാക്കാത്തതു നിമിത്തം വീണ്ടും കുഴപ്പമുണ്ടായിട്ടുള്ള കേസ്സുകളെത്രയുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 1954 മാർച്ച് 1.ാംതീയതിക്കുശേഷം ഈ സംസ്ഥാനത്തിൽ ആകെ 2865 തൊഴിൽ തക്കങ്ങളുണ്ടായി.

(ബി) അവയിൽ 2495 എണ്ണം തീരുമാനിക്കപ്പെട്ടിട്ടുണ്ട്. 370 എണ്ണം അവശേഷിച്ചിട്ടുണ്ട്.

(സി) ഈ കാലഘട്ടത്തിൽ അഡ്ജൂഡിക്കേഷന് 88 തക്കങ്ങൾ വിട്ടിട്ടുണ്ട്. ഇവയിൽ 60 എണ്ണം തീരുമാനിക്കപ്പെടുകയും ഉണ്ടായി.

(ഡി) അഡ്ജൂഡിക്കേഷൻ അവാർഡ് നടപ്പാക്കാത്തതു നിമിത്തം വീണ്ടും കുഴപ്പമുണ്ടായിയിട്ടുള്ള കേസ്സുകൾ 7 (ഏഴ്).

ട്രാൻസ്പോർട്ട് സമരം.

* 112. [39] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ആഗസ്റ്റ് 28, 29, 30, 31 ഈ ഓരോ തീയതികളിലും സ്റ്റേററ് ട്രാൻസ്പോർട്ട് സർവ്വീസിൽനിന്നും, യാത്രക്കാരിൽനിന്നു കിട്ടിയിട്ടുള്ള കളക്ഷൻ എത്ര രൂപവീതമാണ്;

(ബി) ട്രാൻസ്പോർട്ട് സമരംമൂലം ഡിപ്പാർട്ടുമെൻറിൽ ആകെ ഉണ്ടായിട്ടുള്ള നഷ്ടം എത്ര;

(സി) ട്രാൻസ്പോർട്ട് സ്ട്രൈക്കിനെ നേരിടാൻ, ട്രാൻസ്പോർട്ട് സർവ്വീസിലേയ്ക്ക് പുതിയ ഡ്രൈവർമാരേയും, കണ്ടക്ടർമാരേയും റിക്രൂട്ട് ചെയ്തിരുന്നോ; അവർ ഇപ്പോൾ സർവ്വീസിലുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ)	28-8-54	രൂ.	8592	15	0
	29-8-54	,,	11865	8	0
	30-8-54	,,	15605	9	6
	31-8-54	,,	13330	3	3

(ബി) രൂ. 26,244-0-0

(സി) പുതിയതായി ഡ്രൈവർമാരെയും, കണ്ടക്ടർമാരെയും ജോലിയിൽ ഏർപ്പെടുത്തിയിരുന്നു. ഇപ്പോൾ അവർ ജോലിയിലില്ല.

Works under V. R. D. Scheme.

* 113. [40] **Shri K. M. George** : Will the Minister for Works and Transport be pleased to state :

(*a*) whether the priority list for works under V. R. D. Scheme had been approved by the previous Ministry ;

(*b*) whether this Government have made any alteration in the priority list prepared by the previous Ministry ;

(*c*) if so whether Taluk or Central Works Committees have been referred to in making these changes ?

Minister for Works and Transport **(Shri A. Achuthan)** :

(*a*) Yes.

(b) No.

(c) Does not arise in view of answer to (b).

മാർക്കററിംഗ് സൊസൈററി.

* 114. [42] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ യഥാർത്ഥവില ഉൽപ്പാദകന് കിട്ടുന്നക്കവിധം വില്ലേജടിസ്ഥാനത്തിൽ കുറഞ്ഞതു് ഒരു മാർക്കററിംഗ് സൊസൈററിവീതമെങ്കിലും സ്ഥാപിച്ചു് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കേണ്ടതാണെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ;

(ബി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഇതിനെക്കുറിച്ചു് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ പരിപാടികൾ സ്വീകരിച്ചു് പഞ്ചവത്സരപദ്ധതിയിൽ ഇതുംകൂടി ഉൾപ്പെടുത്തുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ), (ബി), (സി) ഓരോ വില്ലേജിനും ഓരോ മാർക്കററിംഗ് സൊസൈററിവീതം സ്ഥാപിക്കണമെന്നു് ഗവണ്മെൻറ് കരുതുന്നില്ല. ഓരോ പഞ്ചായത്തുത്തിക്കകത്തു് ഓരോ വിവിധോദ്ദേശ പരസ്പരസഹായസംഘം സ്ഥാപിക്കുന്ന കാര്യം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടു്. ഈ വിവിധോദ്ദേശ പരസ്പരസഹായസംഘങ്ങൾക്കു് മാർക്കററിംഗിനും വേണ്ട ഏർപ്പാടുകൾ ചെയ്യാം.

കയർവ്യവസായസഹകരണസംഘങ്ങൾ.

* 115. [43] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർവ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾക്കു് ഈ സാമ്പത്തികവർഷത്തിൽ ഗവണ്മെൻറിൽനിന്നു എന്തു തുക സഹായധനമായി നൽകിയിട്ടുണ്ടു് ;

(ബി) കഴിഞ്ഞവർഷത്തിൽ മൊത്തം എന്തു തുക സഹായധന ഇനത്തിൽ ചിലവഴിച്ചിരുന്നു ;

(സി) ഈയാണ്ടിൽ എത്ര കയർവ്യവസായ സഹകരണസംഘങ്ങൾക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) ഇതിൽ എത്ര എണ്ണം അനുവദിച്ചു;

(ഇ) അനുവദിക്കാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ കാരണമെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 20,000 ഉറുപ്പിക സഹായധനമായി കൊടുക്കാൻ ഉത്തരവയച്ചുകഴിഞ്ഞു.

(ബി) 1,13,500 ഉറുപ്പിക.

(സി) 70.

(ഡി) 47.

(ഇ) കയർസഹകരണപദ്ധതിപ്രകാരം 120 കയർ സഹകരണ സംഘങ്ങളാണ്, രജിസ്റ്റർചെയ്യേണ്ടതു്. മുൻകൊല്ലങ്ങളിൽ രജിസ്റ്റർ ചെയ്തതും ഇപ്പോൾ അനുവദിച്ചിട്ടുള്ള 47-ം ഉൾപ്പെടെ 120 സംഘങ്ങൾ ആയിക്കഴിഞ്ഞു.

വില്ലേജ് ആഫീസ്.

* 116. [44] ശ്രീ. കെ. നാരായണക്കുറുപ്പ് : പഞ്ചായത്തുകൾ രൂപംപ്രാപിച്ചിട്ടുള്ള സ്ഥിതിക്ക് വില്ലേജ്ആഫീസുകൂടി പഞ്ചായത്തിൽ ലയിപ്പിക്കുവാൻ സാദ്ധ്യതയുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

വില്ലേജ് ആഫീസുകൂടി പഞ്ചായത്തിൽ ലയിപ്പിക്കുവാൻ സാദ്ധ്യതയില്ല.

പൂട്ടിയിട്ടിട്ടുള്ള ഫാക്ടറികൾ.

* 117. [45] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ആഗസ്റ്റിനുശേഷം സ്റ്റേററിലെ വിവിധഭാഗങ്ങളിലായി എത്ര ഫാക്ടറികൾ പൂട്ടിയിട്ടിട്ടുണ്ട്;

(ബി) അത്തരം പൂട്ടിയിടൽ, നിയമംമൂലം നിരോധിക്കുവാൻ ഗവണ്മെൻറു തയ്യാറാകുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 1954 ആഗസ്റ്റിനുശേഷം സ്റ്റേററിൽ ആകെ 21 ഫാക്ടറികൾ പൂട്ടിയിട്ടിട്ടുണ്ട്.

(ബി) നിരോധിക്കുവാൻ ഗവണ്മെൻറിന് അധികാരമില്ല. പക്ഷെ പൂട്ടിയിടുമ്പോൾതന്നെ അനുയോജ്യമായ നടപടികൾ എടുത്ത് ഫാക്ടറികൾ തുറപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

പഞ്ചായത്തുകളുടെ പ്രവർത്തനം.

* 118. [46] ശ്രീ. കെ. ടി. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം ശരിയായി പുരോഗമിക്കുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം ശരിയായി പുരോഗമിക്കുന്നില്ല എന്നു പറയുന്നതു് ശരിയല്ല. പഞ്ചായത്തു പ്രവർത്തനം ക്രമേണ പുരോഗതിച്ചുവരികയാണ്.

(ബി) ചില പഞ്ചായത്തുകളുടെ പ്രവർത്തനത്തെപ്പററി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) അന്വേഷിച്ചു വേണ്ട നടപടികൾ എടുത്തുവരികയാണ്.

പഞ്ചായത്തുകളുടെ പ്രതിഷേധം.

* 119. [47] ശ്രീ. കെ. ടി. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ് നടപടിയിലുള്ള പ്രതിഷേധസൂചകമായി ഒന്നടങ്കം രാജിവയ്ക്കുന്നതാണെന്നു കാണിച്ച് എത്ര പഞ്ചായത്തുകൾ നിശ്ചയം പാസ്സാക്കിയിട്ടുണ്ട്;

(ബി) ഈ പഞ്ചായത്തുകളുടെ പ്രതിഷേധകാരണങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) ഒന്നടങ്കം രാജിവയ്ക്കുന്നതാണെന്നു കാണിച്ച് നാലു പഞ്ചായത്തുകൾ നിശ്ചയം പാസ്സാക്കിയിട്ടുണ്ട്.

(ബി) പ്രതിഷേധകാര്യങ്ങൾക്ക് വേഗത്തിൽ പരിഹാരം നേടുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

നാവികതൊഴിലാളികളുടെ മെമ്മോറാണ്ടം.

* 120. [49] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ജനുവരിക്കുശേഷം അക്ടോബർ 30-ന് അകമായി നാവികതൊഴിലാളികളിൽ നിന്നും വല്ല മെമ്മോറാണ്ടവും സർക്കാരിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളിൽനിന്ന്; മെമ്മോറാണ്ടത്തിൽ ഉന്നയിച്ച ഏതെല്ലാം ആവശ്യങ്ങൾ ഇതിനകം സാധിച്ചു കൊടുത്തുവെന്നു പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 1954 ജനുവരിക്കുശേഷം അക്ടോബർ 30-ന് അകമായി നാവികതൊഴിലാളികളിൽനിന്നും മെമ്മോറാണ്ടം കിട്ടിയിട്ടുണ്ട്.

(ബി) അഖിലകേരള നാവികതൊഴിലാളിസംഘം, അഖിലതിരുവിതാംകൂർ നാവികതൊഴിലാളിസംഘം, കൊച്ചി-തിരുവിതാംകൂർ വാട്ടർ ട്രാൻസ്പോർട്ട് തൊഴിലാളിയൂണിയൻ, ഐക്യകേരള നാവിക തൊഴിലാളി യൂണിയൻ, ദക്ഷിണഭാരത നാവികതൊഴിലാളി യൂണിയൻ, തിരുവിതാംകൂർ-കൊച്ചി നാവികതൊഴിലാളിയൂണിയൻ, അഖിലകൊച്ചി നാവികതൊഴിലാളി യൂണിയൻ, സെൻട്രൽ ട്രാവൻകൂർ വാട്ടർ ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ എന്നീ എട്ട് നാവികതൊഴിലാളി യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ നാവിക തൊഴിലാളികളേയും പ്രതിനിധീകരിച്ചുകൊണ്ട് "സംയുക്ത നാവിക തൊഴിലാളി യൂണിയൻ കേന്ദ്രകമ്മിറ്റി" (The United Navika Thozhilali Union Central Committee) 15-5-54-ൽ ഗവണ്മെൻറിൽ ഒരു മെമ്മോറാണ്ടം സമർപ്പിച്ചു.

ലേബർ മന്ത്രിക്കൂടി സംബന്ധിച്ച ഒരു കാൺഫറൻസിൽ ഇതിനെ സംബന്ധിച്ച് ആലോചിക്കുകയും അവ നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടികൾ എടുത്തുവരികയുമാണ്.

കക്കാവ്യവസായം.

* 121. [50] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ കക്കാവ്യവസായം നടത്തുന്ന എത്ര സഹകരണസംഘങ്ങൾ ഉണ്ട്;

(ബി) കക്കാവാരുന്നതിന് ലൈസൻസ് കൊടുക്കുന്നതിനുള്ള അധികാരം ഇന്ന് ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്;

(സി) സഹകരണസംഘങ്ങൾ ലൈസൻസ് കൊടുത്തു് കക്കാവാരുന്നുണ്ടെങ്കിൽ വാരുന്ന കക്കയ്ക്കു എന്തുവിലവച്ചാണ് സഹകരണസംഘങ്ങൾ വാങ്ങുന്നത്;

(ഡി) കക്കാവാരൽ നടത്തുന്ന ആളുകൾക്ക് ന്യായമായ വില സഹകരണസംഘങ്ങൾ കൊടുത്തില്ലെന്നുള്ളതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 12 (പന്ത്രണ്ട്).

(ബി) കക്കാവ്യവസായ സഹകരണസംഘം സ്പെഷ്യൽ ഇൻസ്പെക്ടറിലാണ് കക്കാവാരുന്നതിന് ലൈസൻസ് കൊടുക്കുന്നതിനുള്ള അധികാരം ഇന്ന് നിക്ഷിപ്തമായിരിക്കുന്നത്.

(സി) ഓരോ സ്ഥലത്തും ഓരോ വിലയ്ക്കാണ്. *വിലവിവരപ്പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്.

കുത്തുഅണ്ടി ഫാക്ടറികൾ.

* 122. [52] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒട്ടാകെ എത്ര കുത്തുഅണ്ടി ഫാക്ടറികൾ ഈ കഴിഞ്ഞ വർഷത്തിൽ മുതലാളിമാർ അടച്ചിട്ടുണ്ട് ;

(ബി) ഉള്ള ഫാക്ടറികൾ അടച്ചിടാതിരിക്കുന്നതിനും അടച്ചിട്ട ഫാക്ടറികൾ തുറപ്പിക്കുന്നതിനും ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) കുറഞ്ഞതു് 240 ദിവസമെങ്കിലും ആണ്ടിൽ തൊഴിലാളികൾക്ക് ജോലികൊടുക്കാത്ത കുത്തുഅണ്ടി ഫാക്ടറികൾ സംസ്ഥാനത്ത് എത്ര ഉണ്ട് ;

(ഡി) 240 ദിവസം ജോലി കിട്ടാത്ത തൊഴിലാളികൾക്ക് കുറവുള്ള ദിവസങ്ങളിലെ കൂലി തൊഴിലില്ലായ്മവേതനമായി കൊടുക്കണമെന്ന് ഗവണ്മെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി എടുത്തു ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ) 123 ഫാക്ടറികൾ അടച്ചിട്ടുണ്ട്.

(ബി) മുതലാളി, തൊഴിലാളി പ്രതിനിധികളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ഈ പ്രശ്നത്തെപ്പററി ചർച്ചചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(സി) 69.

(ഡി) ഉണ്ട്. ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ഡാക്ടറന്മാരുടേയും വൈദ്യന്മാരുടേയും ശമ്പളം.

* 123. [53] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവണ്മെൻറ് അലോപ്പതി ആശുപത്രികളിലെ ഡാക്ടർമാരുടെ ഏററവും കുറഞ്ഞ ശമ്പളം എന്താണ് ;

(ബി) സംസ്ഥാനത്തെ ഗവണ്മെൻറ് ആയുർവ്വേദ ആശുപത്രികളിലെ വൈദ്യന്മാരുടെ ഏററവും കൂടിയ ശമ്പളം എന്താണ് ;

(സി) ആയുർവ്വേദ വൈദ്യന്മാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് വേണ്ട നടപടികൾ നടത്തുമോ ?

* Please See Appendix IV.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) Rs. 100–250

(ബി) Rs. 125–150.

(സി) വൈദ്യന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി എടുത്തുകഴിഞ്ഞിരിക്കുകയാണ്.

ക്ഷേമവർദ്ധന പ്രവർത്തനം.

* 124. [54] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തേയിലത്തോട്ടങ്ങളിലും റബ്ബർ, ഏലം, കാപ്പി തോട്ടങ്ങളിലും ക്ഷേമവർദ്ധന പ്രവർത്തനങ്ങളുടെ ചുമതലയ്ക്കായി എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്;

(ബി) അവർ ആരെല്ലാമാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) & (ബി) തോട്ടമുടമകൾ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതായി ഗവണ്മെൻറിന് അറിവില്ല. എന്നാൽ താഴെ പറയുന്ന ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ തോട്ടം തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ കൂടി നോക്കുന്നുണ്ട്.

(1) ആലുവാ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം അസിസ്റ്റൻറ് ലേബർ കമ്മീഷണർമാർ.

(2) ചിറവൂർ, ഇരിങ്ങാലക്കുട, മൂന്നാർ, പീരുമേട്, കോട്ടയം, മങ്കൊമ്പ്, പത്തനംതിട്ട, പുനലൂർ, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, നാഗർകോവിൽ ഈ സ്ഥലങ്ങളിലെ ലേബർ ആഫീസറന്മാർ.

Transport Bus Stand.

* 125. [56] **Shri N. Parameswaran Pillai:** Will the Minister for Works and Transport be pleased to state:

(a) is it a fact that there is no parking convenience for Transport buses at the present Transport Bus stand at Changanacherry; and

(b) what steps have the Government taken to remove the present congestion and inconvenience in the Transport Bus stand at Changanacherry?

Minister for Works and Transport **(Shri A. Achuthan):**

(*a*) Yes, to some extent.

(*b*) Investigations are being made in the matter.

പട്ടികജാതിക്കാരുടെ ഉദ്ധാരണച്ചിലവ്.

* 126. [59] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി എത്ര തുക ഈ സാമ്പത്തികവർഷത്തിൽ ചിലവാക്കിയിട്ടുണ്ട്;

(ബി) തൊടുപുഴതാലൂക്കിൽ ഇതിൽ ഏതു തുക ചിലവാക്കിയിട്ടുണ്ട്;

(സി) എന്തിനുവേണ്ടിയാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) പട്ടികജാതിക്കാർക്കുവേണ്ടി 8,97,500 ക. യും, പട്ടികവർഗ്ഗക്കാർക്കുവേണ്ടി 25,000 ക. യും ചിലവാക്കിയിട്ടുണ്ട്.

(ബി) ഓരോ താലൂക്കുകളിലെ ചിലവിനെപ്പററി പ്രത്യേക കണക്കുകൾ വച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

Kuttanad Development Scheme.

* 127. [61] **Shri N. Parameswaran Pillai** : Will the Minister for Works be pleased to state :

(*a*) is there any target date fixed for the completion of the main items of work under the Kuttanad Development Scheme ; if so what ;

(*b*) is the progress of the work in Kuttanad Development Scheme not conforming to the time schedule fixed ; and

(*c*) has the Government enquired into the cases of the delay ; if so, what are the causes and what are the remedies ?

Minister for Works and Transport **(Shri A. Achuthan) :**

(*a*) Yes. Three years from date of commencement of each work.

(*b*) The scheme comprises (1) construction of a Spillway at Thottapally, (2) construction of a road *cum* canal between Alleppey and Changanacherry and (3) construction of a Salt Water Barrier at Thanneermukhom. For the Spillway work, the progress conformed to the schedule, while it did not in regard to item 2. The Salt Water Barrier has not yet been commenced.

(*c*) Yes. The alignment of the road *cum* canal between Alleppey and Changanacherry was objected to by certain interested parties and work in this portion had to be held up under stay orders issued by the Government and the Hon'ble High Court at the instance of the parties. The stay orders have been recently vacated and the work in that portion has been resumed. Regarding the Salt Water Barrier, the Government of India are re-examining the question of how far the Barrier work will influence silting of the Cochin Harbour. The work can be taken up only after the above question is decided.

പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവ് ആഫീസർമാരുടെ നിയമനം.

* 128. [62] ശ്രീ. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവ് ആഫീസർമാരുടെ നിയമനം നിറുത്തിവച്ചുകൊണ്ട് ഗവണ്മെൻറ് എപ്പോഴെങ്കിലും കല്പനയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പി. എസ്. പി. ഗവണ്മെൻറ് അധികാരത്തിൽവന്നതിനുശേഷം ഓരോ പഞ്ചായത്തുകളോടും പ്രത്യേകമായി ആഫീസർമാരെ ആവശ്യമാണോ എന്ന് ചോദിച്ചുകൊണ്ട് കല്പന അയച്ചിട്ടുണ്ടോ;

(ഡി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ആകെ എത്ര പഞ്ചായത്തുകളുണ്ടെന്നും, ഇവയിൽ ആഫീസർമാരെ ആവശ്യമുണ്ടെന്നും ഇല്ലെന്നും ആവശ്യപ്പെട്ടുകൊണ്ട് എത്ര വീതം പഞ്ചായത്തുകൾ ഗവണ്മെൻറിലേയ്ക്കു മറുപടി തന്നുവെന്നും, ഇക്കാര്യത്തിൽ ഒരു മറുപടിയും തരാത്ത പഞ്ചായത്തുകൾ ഈ ഡിസ്ട്രിക്റ്റിൽ ഉണ്ടോ എന്നും ശരിയായ ഒരു കണക്കു പറയുമോ;

(ഇ) എല്ലാ പഞ്ചായത്തുകളിലേയ്ക്കും പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാരെ നിയമിക്കുവാൻ ഗവണ്മെൻറ് കല്പനയായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) ഉണ്ട്. 17-12-1953-ൽ പഞ്ചായത്താഫീസർമാരുടെ നിയമനം നിറുത്തിവച്ചുകൊണ്ട് കല്പന ആയിട്ടുണ്ട്.

(ബി) പഞ്ചായത്താഫീസർമാരുടെ നിയമനത്തെ എതിർത്തുകൊണ്ട് ചില പഞ്ചായത്തുകൾ പാസ്സാക്കിയ പ്രമേയങ്ങൾ പരിശോധിച്ചു വേണ്ടതു ചെയ്യുവാൻ വേണ്ടിയാണ് ഗവണ്മെൻറ് മുമ്പ് പാസ്സാക്കിയ ഉത്തരവ് താൽക്കാലികമായി നിറുത്തിവച്ചത്.

(സി) 12-4-54-ൽ പഞ്ചായത്തു ഡയറക്ടർ എല്ലാ അസിസ്റ്റൻറ് ഡയറക്ടർമാർക്കും ഇക്കാര്യത്തിൽ ഒരു സർക്കുലർ അയച്ചിട്ടുണ്ട്.

(ഡി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ആകെ 133 പഞ്ചായത്തുകൾ ഉണ്ട്. അതിൽ 42 പഞ്ചായത്തുകൾ പഞ്ചായത്താഫീസർമാർ ആവശ്യമുണ്ടെന്നും, 73 പഞ്ചായത്തുകൾ ആവശ്യമില്ലെന്നും അറിയിച്ചിട്ടുണ്ട്. 81 പഞ്ചായത്തുകൾ യാതൊരു മറുപടിയും തന്നിട്ടില്ല.

(ഇ) എല്ലാ പഞ്ചായത്തുകളിലേയ്ക്കും പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാരെ നിയമിക്കുവാൻ ഗവണ്മെൻറ് കല്പനയായിട്ടുണ്ട്.

പഞ്ചായത്തുകളുടെ ബഡ്ജററുകൾ.

* 129. [63] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55 വർഷത്തെയുള്ള പഞ്ചായത്തുകളുടെ ബഡ്ജററുകൾ എല്ലാ പഞ്ചായത്തുകളിലേയ്ക്കും ഗവണ്മെൻറ് പാസ്സാക്കിക്കൊടുത്തുകഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര പഞ്ചായത്തുകളുടെ ബഡ്ജററുകൾ പാസ്സാക്കി അയയ്ക്കാനുണ്ടെന്നും അവയുടെ പേരും പറയുമോ;

(സി) അവസാനമായി ഏതു പഞ്ചായത്തിൻെറ ബഡ്ജററാണ് പാസ്സാക്കിയതെന്നും അതു് ഏതു തീയതിയാണെന്നും പറയുമോ;

(ഡി) ഈ ബഡ്ജററുകൾ പാസ്സാക്കുന്ന കാര്യത്തിൽ ഈ ഗവണ്മെൻറിൻെറ മാനദണ്ഡം എന്താണെന്നു് വ്യക്തമാക്കാമോ;

(ഇ) ഗവണ്മെൻറിൽനിന്നു് പഞ്ചായത്തുകൾക്കുള്ള ഗ്രാൻറ് സംഖ്യ ഈ ബഡ്ജററ വർഷത്തിൽ എത്ര പഞ്ചായത്തുകൾക്ക് എത്ര സംഖ്യ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചുകൊടുക്കാത്ത പഞ്ചായത്തുകൾ എത്ര യെന്നും അതിനു് കാരണവും പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 545 പഞ്ചായത്തുകളുടെ 1954-55-ലെ ബഡ്ജററുകൾ പാസ്സാക്കിക്കൊടുത്തിട്ടുണ്ടു്.

(ബി) മൂന്നു പഞ്ചായത്തുകളുടെ ബഡ്ജററ് പാസ്സാക്കുവാനുണ്ടു് അവ (1) ചാത്തന്നൂർ, (2) മേലില, (3) കുരുനാഗപ്പള്ളി.

(സി) അവസാനമായി പാസ്സാക്കിയതു് പാലിത്രേശ്വരം പഞ്ചായത്തിൻെറ ബഡ്ജററാണ്. 7-1-1955-ൽ ആണ് ആ ബഡ്ജററ് പാസ്സാക്കിക്കൊടുത്തതു്.

(ഡി) കഴിഞ്ഞ മൂന്നുകൊല്ലത്തെ വരവു ചിലവിനേയും പഞ്ചായത്തിൻെറ സാമ്പത്തികസ്ഥിതിക്കനുരൂപമായ വികസനപദ്ധതികളേയും ആസ്പദമാക്കിയാണ് ബഡ്ജററ് പാസ്സാക്കുന്നതു്.

(ഇ) 415 പഞ്ചായത്തുകൾക്കായി 1,88,501 രൂപ ഗ്രാൻറായി ഈ വർഷത്തിൽ നൽകിയിട്ടുണ്ടു്. 133 പഞ്ചായത്തുകൾക്ക് 1953-54 വർഷത്തിൽ യാതൊരു പിരിവും നടത്താതിരുന്നതിനാൽ പഞ്ചായത്തു് ആക്ററ് 55 (1) വകുപ്പനുസരിച്ചു് ഗ്രാൻറ് നൽകിയിട്ടില്ല.

Buses purchased by Government.

* **130. [64] Shri V. V. Sebastian:** Will the Minister for works and Transport be pleased to state:

(*a*) the number of buses purchased by the Government during 1954-55 and the cost thereof;

(*b*) the agency through which these purchases were made and the amount of commission, if any, paid therefor; and

(c) whether the purchases were made by private negotiation or by getting quotations from different agencies?

Minister for Works and Transport: **(Shri A. Achuthan).**

(a) No purchase has yet been made. Orders have been placed for the purchase of 100 Mercedes Benz vehicles at about Rs. Twentyfour lakhs.

(b) Orders have been placed with manufacturers direct and not through any agency.

(c) Orders have been placed after obtaining competitive quotations for different makes from different dealers.

Ayurveda Dispensaries and Mid-wifery Centres.

* 131. [67] **Shri M. A. Antony:** Will the Minister for Public Health be pleased to state:

(a) how many Ayurveda Dispensaries and Mid-wifery Centres have been sanctioned by this Government; and

(b) the names of places where these Institutions are sanctioned in the Trichur District?

Minister for Local Self Government **(Shri P. K. Kunju):**

(a) 15 Ayurveda Dispansaries and 20 Mid-wifery Centres have been sanctioned during 1954-55.

(b) *Ayurveda Dispensaries.*

Midwifery Centres. Cheranalloor.

(1) Kuthiathode

(2) Vallivattom.

UNSTARRED QUESTIONS.

കന്യാകുമാരി ഗാന്ധിസ്മാരകഘട്ടം.

64. [1] ശ്രീ. എൻ. ജി. ചാക്കൊ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുമാരി ഗാന്ധിസ്മാരകഘട്ടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പണി എന്ന് പൂർത്തിയാക്കും?

ഉത്തരം.

(എ) ഉണ്ട്.

(ബി) 1955–56-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

എറണാകുളം തൊഴിൽത്തക്ക കോടതി.

65. [2] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം തൊഴിൽത്തക്ക കോടതി നിറുത്തൽ ചെയ്യാൻ കാരണമെന്താണ് ;

(ബി) എത്ര കേസ്സുകൾ പ്രസ്തുത ട്രൈബ്യൂണലിന്റെ തീരുമാനത്തിന് ഫയൽ ചെയ്തിരുന്നു;

(സി) എത്ര കേസ്സുകൾക്ക് നടപടി പൂർത്തിയാക്കിയിട്ടുണ്ട്;

(ഡി) 1954-ൽ എത്ര കേസ്സുകൾക്ക് തീരുമാനം എടുത്തിട്ടുണ്ട്; അതിൽ 1954-ലെ കേസ്സുകൾ എത്ര ;

(ഇ) ഇതിനുവേണ്ടി എന്തു തുക കഴിഞ്ഞ ബഡ്ജററിൽ അനുവദിച്ചിട്ടുണ്ട്?

ഉത്തരം.

(എ) സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന തൊഴിൽത്തക്ക കേസ്സുകളുടെ എണ്ണം പരിഗണിച്ചാൽ രണ്ട് തൊഴിൽത്തക്ക കോടതികൾ ആവശ്യമില്ലെന്ന് ബോദ്ധ്യമായതിനാൽ എറണാകുളത്തുണ്ടായിരുന്ന തൊഴിൽത്തക്ക കോടതി നിറുത്തലാക്കി.

(ബി) പ്രസ്തുതകോടതിയിൽ ആണ്ടുതോറും ഫയൽ ചെയ്ത കേസ്സുകളുടെ എണ്ണം താഴെ കാണുംപ്രകാരമാണ്:—

1950	11.
1951	39.
1952	26.
1953	70.
1954	48.

(സി) ആണ്ടുതോറും നടപടി പൂർത്തിയാക്കിയ കേസ്സുകളുടെ എണ്ണം താഴെ കാണുംപ്രകാരമാണ്:—

1950	11.
1951	11.
1952	38.
1953	42.
1954	49.

(ഡി) 1954-ൽ 49 കേസ്സുകൾക്ക് തീരുമാനം എടുത്തിട്ടുണ്ട്. അതിൽ 54-ലെ കേസ്സുകൾ 17.

(ഇ) ഇതിനുവേണ്ടി 13,000 രൂപ കഴിഞ്ഞ ബഡ്ജററിൽ അനുവദിച്ചിരുന്നു.

അഴകപ്പാ ടെക്സ്റ്റൈയിൽസ്

66. [4] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) 27-9-1954-ൽ അഴകപ്പാ ടെക്സ്റ്റയിൽസിൽ തുടങ്ങിയ പണിമുടക്കം നിയമപരമാണോ ;

(ബി) മാനേജ്മെൻറിസ് ആരു്, എന്നു് സ്ട്രൈക്ക് നോട്ടീസ് കൊടുത്തു ;

(സി) പണിമുടക്കം അവസാനിച്ചു ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തെല്ലാം?

ഉത്തരം.

(എ) നിയമപരമാണ്.

(ബി) അഴകപ്പാ ടെക്സ്റ്റൈയിൽ വർക്കേഴ്സ് കാൺഗ്രസ്സിൽ നിന്നും 13-9-1954-ൽ നോട്ടീസ് കൊടുത്തു.

(സി) ഒത്തുതീർപ്പ് വ്യവസ്ഥകൾ.

(1) 1952-53, 1953-54-എന്നീ രണ്ടു വർഷത്തേയ്ക്കുംകൂടി ബോണസ്, പണിമുടക്കുവേതനം എന്നീ ഇനങ്ങളിലായി പ്രസ്തുതവർഷങ്ങളിൽ തൊഴിലാളികൾക്കു് ലഭിച്ചിട്ടുള്ളതു് മൊത്തം വരുമാനത്തിൻെറ ശരാശരിയിൽ നിന്നും കണക്കാക്കപ്പെടുന്ന അടിസ്ഥാനവേതനത്തിൻെറ തോതുവച്ചു് 4 മാസം 17 ദിവസത്തെ വേതനം കൊടുത്തുകൊള്ളാമെന്നു് മാനേജുമെൻറ് സമ്മതിച്ചു.

(2) ഒരു മാസത്തിനകം ഗവണ്മെൻറിൻെറ അംഗീകാരത്തോടുകൂടി മിൽമാനേജ്മെൻറ് നിയമിക്കുന്ന ഒരു വിദഗ്ദ്ധനെക്കൊണ്ടു് പരിശോധിപ്പിക്കുന്നതിനായി (അന്വേഷണം നടത്തുന്നതിനായി) രാത്രിയിലെ അലവൻസ്, വർക്ക്ലോഡ്, വേജ്സ്ട്രക്ച്ചർ എന്നീ പ്രശ്നങ്ങൾ മാററിവയ്ക്കപ്പെട്ടു. രാത്രി ജോലിക്കുള്ള അലവൻസ്, $7\frac{1}{2}$ മണിക്കൂർ ജോലിക്കു് 8 മണിക്കൂറിനു് നിശ്ചയിച്ചിട്ടുള്ള വേതനം കൊടുക്കുക എന്നീ കാര്യങ്ങളെ സംബന്ധിച്ചുണ്ടാകുന്ന വിദഗ്ദ്ധോപദേശങ്ങൾക്കു് ഒത്തുതീർപ്പു് ദിവസം മുതൽ പ്രാബല്യം നൽകുന്നതാണ്.

(3) പണിമുടക്കും മററു് പ്രകടനങ്ങളും ഉടനടി പിൻവലിക്കപ്പെടുന്നതാണ്.

പഞ്ചായത്തു്.

67. [6] ശ്രീ. കെ. സി, ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി-പെരുനാട്ടു് പഞ്ചായത്തിൽ നിന്നും മരാമത്തു പണികൾക്കുള്ള എസ്റ്റിമേററു് ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടില്ലെന്നും 1954-55-ലെ ബഡ്ജററു് ഏഴുമാസമായിട്ടും പാസ്സാക്കി കിട്ടിയിട്ടില്ലെന്നുമുള്ള പരാതി ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തുവോ ;

(സി) ഇങ്ങനെയുള്ള പരാതി മറേറതെല്ലാം പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ടു്?

ഉത്തരം.

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇങ്ങനെയുള്ള പരാതി ഒരു പഞ്ചായത്തിൽ നിന്നും കിട്ടിയിട്ടില്ല.

രോഗികൾക്കുള്ള ഭക്ഷണം.

68. [7] ശ്രീ. കെ. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ കുഷ്ഠരോഗാശുപത്രിയിൽ രോഗികൾക്ക് കൊടുത്തുകൊണ്ടിരുന്ന ഭക്ഷണത്തിൽ അരി 4 ഔൺസ് കൂട്ടുകയും, മാസത്തിൽ മൂന്നുതവണ ഇറച്ചിയുണ്ടായിരുന്നതു് ഒരുതവണയായി കുറയ്ക്കുകയും രോഗികൾക്കു കൊടുത്തിരുന്ന മുട്ടയും, മററു സുഖക്കേടുകൾക്ക് അനുവദിച്ചിരുന്ന കാപ്പിപ്പൊടിയും, കരുപ്പുകട്ടിയും നിറുത്തൽചെയ്യുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഈ മാററം ഗവണ്മെൻറിന്റെ നിർദ്ദേശപ്രകാരം ഉണ്ടായിട്ടുള്ളതാണോ ;

(സി) ആണെങ്കിൽ എന്തുകൊണ്ടാണ് അങ്ങനെയുള്ള നിർദ്ദേശം കൊടുത്തതു്?

ഉത്തരം.

(എ) തൃശൂർ കുഷ്ഠരോഗാശുപത്രിയിൽ രോഗികൾക്ക് ഭക്ഷണാവശ്യത്തിനായി 14 ഔൺസ് അരി ദിവസംതോറും കൊടുത്തുവന്നിരുന്നതു് 4 ഔൺസുകൂട്ടി 18 ഔൺസാക്കിയിട്ടുണ്ട്. എന്നാൽ ഇറച്ചിയും, മുട്ടയും കുറച്ചിട്ടില്ലാത്തതും കാപ്പിപ്പൊടിയും, കരുപ്പുകട്ടിയും ആവശ്യമെന്നു തോന്നുന്ന സുഖക്കേടുകൾക്ക് കൊടുത്തുവരുന്നതും ആകുന്നു.

(ബി) അതെ.

(സി) രോഗികളുടെ അപേക്ഷ പരിഗണിച്ച്.

ആയുർവ്വേദകാളേജിലെ നിയമനം.

69. [8] ശ്രീ. ററി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദകാളേജിൽ ശ്രീ. ച്ററേഴം എന്ന ഒരു വൈദ്യനെ ഈയിടെ നിയമിച്ചിട്ടുണ്ടോ ;

(ബി) അപേക്ഷകൾ ക്ഷണിച്ചുകൊണ്ടു് ഇൻറർവ്യൂ നടത്തിയതിനു ശേഷമാണോ ഈ നിയമനം നടത്തിയതു് ;

(സി) ഈ നിയമനം നടത്തിയതാരു് ; ഈ വൈദ്യനുള്ള യോഗ്യത എന്തു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അല്ല.

(സി) ഗവണ്മെൻറ്; വൈദ്യകലാനിധി പരീക്ഷ, ആയുർവ്വേദാചാര്യപരീക്ഷ.

ലോൺ.

70. [9] ശ്രീ ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികൾക്ക് ഗവണ്മെൻറിൽനിന്നും ലോൺ നൽകുന്നതിന് എന്തു മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) 1951–52 വർഷംമുതൽ 1954–55 വരെ ഓരോ ആണ്ടിലും ഗവണ്മെൻറ് ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക് ലോൺ നൽകിയിട്ടുണ്ട്;

(സി) മേൽപ്പറഞ്ഞ ലോണുകൾ പ്രസ്തുത മുനിസിപ്പാലിറ്റികൾ ഏതെല്ലാം രീതിയിലാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ; അവയുടെ വിശദവിവരം നൽകുമോ;

(ഡി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഇക്കാര്യത്തിൽ അയച്ചിട്ടുള്ള മെമ്മോറാണ്ടത്തെക്കുറിച്ച് എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ; അതിന്മേൽ എന്തെങ്കിലും ഉറപ്പു നൽകിയിട്ടുണ്ടോ?

ഉത്തരം.

(എ) മുനിസിപ്പാലിറ്റികളുടെ പ്രത്യേകാവശ്യം, നിശ്ചിത കാലാവധിക്കുള്ളിൽ ലോൺ മടക്കിക്കൊടുക്കുവാനുള്ള ധനശേഷി മുതലായവ പരിഗണിച്ച് ലോൺ നൽകുന്നതാണ്. കൂടാതെ ലോണിന്നപേക്ഷിക്കുന്ന മുനിസിപ്പാലിറ്റികൾ, ലോക്കൽ അതാറിട്ടീസ് ലോൺസ് ആക്റ്റിലേയും, റൂളിലേയും നിബന്ധനകൾ അനുസരിക്കേണ്ടതുമാണ്.

(ബി) കോട്ടയം മുനിസിപ്പാലിറ്റിക്ക് 1,25,000 രൂപ ലോൺ കൊടുത്തിട്ടുണ്ട്.

(സി) ഏതു കാര്യത്തിനാണോ ലോൺ അനുവദിച്ചു കൊടുത്തിട്ടുള്ളത് ആ കാര്യത്തിൽ മാത്രമേ ആ ലോൺ ഉപയോഗിക്കാവൂ. ഇതിന് വ്യത്യാസം വരുത്തുന്നതായാൽ, ആഡിറ്റ് ഡിപ്പാർട്ടുമെൻറ് അതു കണ്ടുപിടിച്ച് ഗവണ്മെൻറിലേയ്ക്ക് റിപ്പോർട്ടുചെയ്യും. അതിന്മേൽ ഗവണ്മെൻറ നടപടിയെടുക്കുന്നതുമായിരിക്കും.

(ഡി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഒരു ബസ്സ്സ്റ്റാൻറ് പണിയുന്നതിലേക്കായി, 20,000 രൂപ ലോണായി കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

തൊഴിൽക്കുഴപ്പങ്ങൾ.

71. [10] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953 മാർച്ച് മുതൽ ഡിസംബർ 31-ാംതീയതിവരെ എത്ര തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) 1954 മാർച്ച് മുതൽ ഡിസംബർവരെ എത്ര തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം.

(എ) 2274.
(ബി) 2865.

കൈക്കൂലിയെപ്പററിയുള്ള പരാതി.

72. [14] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ - കുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

( ) സംസ്ഥാനത്തുള്ള ഗവ്രാ ആസ്പത്രിക്കളിൽനിന്നും ഡാക്ടർമാർ, കമ്പൗണ്ടറർമാർ, തുടങ്ങിയ ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങുന്നതായി 1954 ജനുവരിക്കുശേഷം ഗവ്രാ പരാതികൾ കിട്ടിയിട്ടുണ്ട്;

(ബി) ചെങ്ങന്നൂർ ആസ്പത്രിയിലെ മെയിൽ ഡാക്ടർ അപ്രകാരം കൈക്കൂലി വാങ്ങിയതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇപ്പോഴും പഴയ രീതിയിൽ കൈക്കൂലി വാങ്ങിയതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം.

( ) എട്ടു പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) വേണ്ട അന്വേഷണം നടത്തിയതിൽ ആരോപണങ്ങൾ കേവലം അടിസ്ഥാനരഹിതങ്ങളാണെന്നു കാണുന്നു.

(ഡി) പഴയരീതിയിലോ, പുതിയരീതിയിലോ കൈക്കൂലി വാങ്ങിയതായി ഗവണ്മെൻറിന് അറിവില്ല.

Transport Buses.

73. [16] **Shri P. K. Yasodharan:** Will the Minister for works and Transport be pleased to state:

(*a*) the average number of passenger seats daily engaged by State Transport buses during 1953-54;

(*b*) the total gallons of diesel oil consumed for passenger services during 1953-54;

(*c*) the total gallons of petrol consumed for passenger services during 1953-54;

(*d*) the expense per mile of passenger bus in 1953-54;

(*e*) the capital outlay. on rolling stock on 31-3-1954;

(*f*) the collection per miles of passenger service in 1953-54;

(*g*) total bus mile operated on diesel oil and petrol in 1953-54;

(*h*) the average collection per mile of Express service from Kottayam to Quilon *via* Mavelikkara.

Answer.

(*a*) 9408.

(*b*) 4, 97, 207, gallons.

(*c*) 9, 56,930 gallons.

(*d*) 14·3 annas.

(*e*) Rs. 92,75,492-10-0.

(*f*) 15.7 annas.

(*g*) 65, 54, 400 miles on diesel oil. 79,18,896 miles on petrol.

(*h*) 9.3 annas per mile.

മൈനർ പോർട്ട്.

74. [18] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചുതെങ്ങ് ഒരു മൈനർ പോർട്ടായി ഉദ്ധരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനെപ്പററി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.

(ബി) ഇല്ല.

കല്ലർ മലംഡിപ്പോ.

75. [20] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലർ മലംഡിപ്പോ മാററി സ്ഥാപിക്കാനായി ഗവണ്മെൻറ് എന്തെങ്കിലും കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണ്; അതനുസരിച്ചുള്ള പണികൾ നടന്നുവരുന്നുണ്ടോ ;

(ബി) ഗവണ്മെൻറ് കല്പനയെ തുടർന്ന് ഏറണാകുളം മുനിസിപ്പാലിററിയിൽനിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിൻെറ രൂപമെന്ത് ; എന്ത് നടപടി എടുത്തു ;

(സി) മലംപറമ്പ് എന്നേക്ക് മാററിസ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം.

(എ) ഉണ്ട്. മലംഡിപ്പോ കല്ലുരിൽനിന്ന് അരിമ്പാറമുക്കിലേക്ക് മാററാനാണ് ഗവണ്മെൻറ് നിശ്ചയിച്ചിരിക്കുന്നത്. പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽനിന്നും മലംഡിപ്പോവിനുള്ള സ്ഥലം മുനിസിപ്പാലിററിക്ക് കിട്ടിയശേഷം വേണ്ടതായ പണികൾ തുടരുന്നതാണ്.

(ബി) മുനിസിപ്പാലിററിയിൽനിന്ന് ടി സംഗതിയിൽ ഗവണ്മെൻറിൽനിന്നും ധനസഹായത്തിനു ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. അതനുസരിച്ചു ഗവണ്മെൻറ് അക്കാര്യനടപ്പിനെ പരിഗണിച്ചും ചില പ്രോത്സാഹനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) കഴിയുന്നതും വേഗത്തിൽ മാററി സ്ഥാപിക്കാം.

മൈനർ തുറമുഖങ്ങൾ.

76. [22] ശ്രീ. പി. കെ. അബ്ദുൾഖാദർ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ അഴിമുഖം താഴ്ത്തുകയും മററു ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയും ഒരു മൈനർ തുറമുഖമായി ഉയർത്താനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

കൊടുങ്ങല്ലൂർ ഒരു മൈനർ തുറമുഖമായി ഉയർത്താനുള്ള പദ്ധതികളൊന്നും ഗവണ്മെൻറിന്റെ പരിഗണനയിലില്ല.

വൈദ്യുതി വിതരണം.

77. [24] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലവടിപഞ്ചായത്തിലും, കോഴിമുക്ക പഞ്ചായത്തിൽ എടത്വാ പരിധിയിലും വൈദ്യുതലൈനുകൾ കാലുകൾ നാട്ടിയും, എടത്വായിൽ ട്രാൻസ്ഫാർമർ വച്ചും, 1954 മേമാസത്തിൽ താൽക്കാലിക കണക്ഷൻ കൊടുക്കുകയും പ്രസ്തുത നിരക്കുകൾ ചെയ്തിട്ടും ലയിൻ വലിച്ചു് കണക്ഷൻ കൊടുത്തിട്ടില്ലെന്നും, ഉടനടി വേണ്ട നടപടി നടത്തുന്നതിനെന്നും വല്ല നിവേദനവും നിയമസഭാംഗങ്ങളിൽനിന്നും പൊതുജനങ്ങളിൽനിന്നും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് വല്ല നടപടിയും നടത്തിയിട്ടുണ്ടോ ;

(സി) എടത്വായിൽ ട്രാൻസ്ഫാർമർ വയ്ക്കുകയും, തലവടിപഞ്ചായത്തിൽ പോസ്റ്റുകൾ നാട്ടുകയും ചെയ്തിട്ടു് എത്രനാളായി ?

ഉത്തരം.

(എ) കിട്ടിയിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) ആറുമാസത്തിൽ കൂടുതലായി.

പ്രാദേശിക ആവശ്യങ്ങൾ.

78. [25] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്നു സർക്കാർ ആശുപത്രിയോടുചേർന്നു് കുട്ടനാട്ടിൽ ഒരു പബ്ലിക്കു് ഹെൽത്തു് യൂണിറ്റുകേന്ദ്രവും, എടത്വാ ആശുപത്രിയോടു ചേർന്നു് ഒരു ശിശുസംരക്ഷണകേന്ദ്രവും സ്ഥാപിക്കുമെന്നു് ത. കൊ. നിയോജകമണ്ഡല പ്രതിനിധിയിൽനിന്നും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനോ, ബഹുമാനപ്പെട്ട മിനിസ്റ്റർക്കോ നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്ന് സദയം പറയാമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പളിങ്കുന്നിൽ ഒരു പ്രൈമറി ഹെൽത്തു യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ട്രാൻസ്പോർട്ടു സർവ്വീസ്.

79. [27] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴഞ്ചേരി—തിരുവല്ലാ റോഡിൽ ട്രാൻസ്പോർട്ടു സർവ്വീസു നടത്തുന്നതിന് ഗവണ്മെൻറിന് ഉദ്ദേശമുണ്ടോ ?

ഉത്തരം.

ഉദ്ദേശമുണ്ട്.

ആയുർവ്വേദ ആശുപത്രി.

80. [29] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാതാലൂക്കിൽ എത്ര ആയുർവ്വേദ ആശുപത്രികൾ ഉണ്ട്;

(ബി) എവിടെയെല്ലാം;

(സി) ഈ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഒന്ന്.

(ബി) തിരുവല്ലാ ടൌണിൽ (മതിൽഭാഗത്ത്)

(സി) അങ്ങനെ പരാതികൾ ലഭിച്ചിട്ടില്ല. രോഗികളുടെ വർദ്ധനവനുസരിച്ച് ഔഷധത്തിനു അനുവദിച്ചിട്ടുള്ള തുക മതിയാകാതെ വരുമ്പോൾ വൈദ്യന്മാരുടെയും, ഇൻസ്ട്രക്ടറന്മാരുടെയും അപേക്ഷപ്രകാരം കൂടുതൽ തുക അനുവദിച്ചുകൊടുത്തിട്ടുണ്ട്.

Price of Buses.

81. [32] Shri Prakkulam Bhasi: Will the Minister for Works and Transport be pleased to state:

(*a*) what is the price per vehicle of the Mercedes Benz buses purchased by Government;

(*b*) how many such vehicles were purchased;

(*c*) what were the terms of purchase; and -

(*d*) did Government get any commission in this transaction; if so, what is the amount gained?

Answer.

(*a*) Purchase has not been made. Only orders have been placed for—

1. 60 Nos. at Rs. 25,010|-each.
2. 20 Nos. at Rs. 22,755|-each.
3. 20 Nos. at Rs. 23,985|-each.

(*b*) Orders have been placed for 100 chassis.

(*c*) The terms of purchase are:—

1. That the rates quoted are the same as the prices quoted to the Director General of Supplies and Disposals, and that if lower prices are fixed under the Rate Contract during the period of supply of the chassis the benefit of such lower prices would be extended to Government for all vehicles purchased under the contract.

2. 95 per cent of the price of the chassis plus full sales tax will be paid after receipt of the chassis at Trivandrum, and the balance 5% of the price of the chassis after the fixation of the Rate Contract price.

3. Supply should be completed before the 31st March 1955.

4. The Department will be at liberty to stop delivery at any time if the performance of these vehicles is not satisfactory.

5. The company agrees to enter into a Contract with the Department in regard to the price of chassis, stocking spares, servicing, and other technical assistance.

(*d*) No. But the manufacturers have allowed a discount of 18 percent on the retail list price. The total amount thus reduced comes to Rs. 5, 34, 600|-approximately.

ശൂരനാട്ട് ആശുപത്രി.

82. [35] ശ്രീ. പി. ആർ. മാധവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-ൽ ശൂരനാട്ടേയ്ക്ക് അനുവാദം ലഭിച്ചിരുന്ന ആശുപത്രി സ്ഥാപനം എന്തുകൊണ്ടാണ് ഇന്നും നടത്താൻ സാധിക്കാതിരിക്കുന്നത്;

(ബി) പഞ്ചായത്തിൽനിന്നും ശൂരനാട്ട് പ്രകൃതിയുടെ പ്രത്യേകതകളെ ലക്ഷ്യമാക്കി തിരഞ്ഞെടുത്ത സൈറ്റ് എന്തുകൊണ്ടംഗീകരിച്ചില്ല;

(സി) തുടർച്ചയായി നടന്നുവന്നിട്ടുള്ള എഴുത്തുകുത്തുകളുടെ ഫലമായി ഒരന്ത്യതീരുമാനം കൈക്കൊള്ളാത്തതെന്താണ്?

ഉത്തരം.

(എ) ആശുപത്രിക്ക് ആവശ്യമുള്ള സ്വീകാര്യമായ സ്ഥലവും, കെട്ടിടവും, ഉപകരണങ്ങളും അവിടത്തെ പ്രത്യേകതകൾ കരാറനുസരിച്ച്

നൽകേണ്ടതാണ്. ഇവയെല്ലാം തയ്യാറായാൽ ആശുപത്രി തുറന്ന് പ്രവർത്തനം നടത്തുന്നതിന് വേണ്ടതു ഗവണ്മെൻറ് ചെയ്യാം.

(ബി) പ്രസ്തുത സൈറ്റ് അത്ര സൗകര്യമായിട്ടുള്ളതല്ല.

(സി) ബി-യുടെ ഉത്തരം അനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

റോഡ് മെററലിംഗ്.

83. [37] ശ്രീ. ഗ്വി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം-എറണാകുളം ലൈനിൽ, പിറവം കടവിൽനിന്നും പെപ്പുതിപ്പാറവരെയുള്ള രണ്ടുമൈൽ റോഡ് കുന്നും കുഴിയുമായി വേണ്ടത്ര വീതിയില്ലാതെ ഗതാഗതസൗകര്യമില്ലാതെ കിടക്കുകയാണെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ;

(ബി) ധാരാളം വാഹനങ്ങൾ കടന്നുപോകേണ്ട ഈ റോഡ് വീതികൂട്ടി മെററൽ ചെയ്യുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) അറിയാം.

(ബി) ഈ ജോലി സബ്ഡിവിഷൻ വർക്ക്സ് കമ്മിററിയുടെ ശ്രദ്ധയിൽപെടുത്തുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. കമ്മിററിയുടെ ശുപാർശ അനുസരിച്ച് മേൽ നടപടികൾ നടത്തുന്നതാണ്.

കല്ലടയാററിലെ വെള്ളം.

84. [38] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമില്ലിൽനിന്നും പുറത്തേക്കു വിടുന്ന അഴുക്കുകൾ കല്ലടയാററിലെ വെള്ളത്തോടുചേർന്ന പ്രദേശങ്ങൾ താമസിക്കുന്നവർക്കു വളരെയധികം ഉപദ്രവമുണ്ടാക്കുന്നുവെന്നു ഗവണ്മെൻറിനറിയാമോ;

(ബി) അതിനു പരിഹാരം നേടുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് ഏവ ടെവരെയായിട്ടുണ്ട്?

ഉത്തരം.

(എ) അറിയാം.

(ബി) ഡാക്ടർ ഭാസ്കരന്റെ അഭിപ്രായപ്രകാരം ഒരു സോഡാ റിക്കവറി പ്ലാൻറ് സ്ഥാപിക്കുന്നതിന് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സോഡാ റിക്കവറി പ്ലാൻറിനു ആവശ്യമായ മെഷീനറിക്ക് ആർഡർ കൊടുത്തിട്ടുണ്ട്. എല്ലാം ഇതേവരെ വന്നു ചേർന്നിട്ടില്ല.

Coir co-operative societies.

85 [42] **Shri P. V. Avira Tharakan:** Will the Minister for Co-operation be pleased to state:

(*a*) the number of Coir Co-operative societies in the State as on 31st December 1954;

(*b*) the names of such societies which have completely sold the share capital;

(*c*) the grants given to the societies in Shertallai Taluk ?

Answer

(*a*) 96.

(*b*) None of the societies has sold its shares in full.

(c) The names of the societies in the Shertallai Taluk which have been given grants and the amounts given to each are-

1.	Shertallai Coir Co-operative society Ltd., No. 3057.	Rs. 3000
2.	Kadakarapally coir co-operative society Ltd., No. 15	„ 2000
3.	Poochakal coir co-operative society Ltd., No. 14	„ 2000
4.	Muhamma coir co-operative society Ltd., No. 9	„ 2000
5.	Chenganda coir co-operative society Ltd. No. 32	„ 2000
6.	Ezhupunna coir co-operative society Ltd., No. 37	„ 2000
7.	Vayalar coir co-operative society Ltd., No. 42	„ 1500
8.	Aroor coir co-operative society Ltd., No. 49	„ 2000

ഉരുൾപൊട്ടൽ.

86. [46] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ചിങ്ങമാസത്തിൽ തൊടുപുഴ താലൂക്കിലുണ്ടായ ഉരുൾപൊട്ടലിനെ സംബന്ധിച്ച് ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തിയോ;

(ബി) എന്തുനഷ്ടം ഇതുമൂലമുണ്ടായിയെന്നാണ് ഗവണ്മെൻറിന് ബോദ്ധ്യമുണ്ടായത്;

(സി) അതിനുവേണ്ടി എന്താശ്വാസനടപടികൾ ഗവണ്മെൻറിൽനിന്നും ഇതിനകം നടത്തിയിട്ടുണ്ട്;

(ഡി) കൃഷിനാശം വന്നവർക്ക് ഇനി എന്തെല്ലാം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം.

(എ) നടത്തിയിട്ടുണ്ട്.

(ബി) 164 ചേക്ക് നിസ്സാരമായ നെൽക്കൃഷിനാശങ്ങളും, 14 സാധുക്കൾക്ക് വീടുകളും നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) നെൽക്കൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടം സ്വയം പരിഹരിക്കത്തക്കതായതുകൊണ്ടും, സാരമല്ലാത്ത നഷ്ടമായതുകൊണ്ടും സഹായങ്ങൾ ചെയ്തിട്ടില്ല. എന്നാൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് അവ നന്നാക്കുന്നതിന് അത്യാവശ്യമായ ധനസഹായങ്ങൾ ചെയ്തിട്ടുണ്ട്.

(ഡി) സി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഡിസ്പെൻസറി.

87. [48] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ടതാലൂക്കിൽ ഇലന്തൂർ എന്ന കരയിൽ ഒരു ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(ഡി) ഉടൻതന്നെ ടി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ആശുപത്രിക്കാവശ്യമുള്ള കെട്ടിടവും, ഉപകരണങ്ങളും തയ്യാറായിട്ടില്ല.

(ഡി) കെട്ടിടവും, ഉപകരണങ്ങളും തയ്യാറായാൽ ആശുപത്രി ഉറക്കുന്നതാണ്.

ആയുർവേദ ആശുപത്രികളും, ഡിസ്പെൻസറികളും.

88. [49] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ആയുർവേദ ആശുപത്രികളും, ഡിസ്പെൻസറികളും ഉണ്ട് ;

(ബി) ആയുർവേദ ആശുപത്രികളിലും, ഡിസ്പെൻസറികളിലും വിഷചികിത്സ നടത്തുന്നുണ്ടോ ;

(സി) വിഷചികിത്സ നടത്തുന്നതിന് ആയുർവേദ ആശുപത്രികളിൽ ക്രമീകരണം ഇല്ലെങ്കിൽ അതു് ഏർപ്പെടുത്തുവാൻ വേണ്ട നടപടി സർക്കാരെന്ന് സ്വീകരിക്കുമോ ;

(ഡി) വിഷവൈദ്യവിശാരദ പരീക്ഷ പാസ്സായ്ട്ടുള്ളവർ ആയുർവേദ ആശുപത്രികളിൽ വിഷവൈദ്യന്മാരായി നിയമിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആ അപേക്ഷകളെപ്പററി പരിഗണിക്കുമോ ?

ഉത്തരം.

(എ) 18 ഗവണ്മെൻറ ആയുർവേദ ആശുപത്രികളും, 78 ഡിസ്പെൻസറികളും ഉണ്ട്.

(ബി) ചില ആശുപത്രികളിലും, ചില ഡിസ്പെൻസറികളിലും വിഷചികിത്സ നടത്തുന്നുണ്ട്.

(സി) വിഷബാധ അധികമായി ഉണ്ടാകുന്ന സ്ഥലങ്ങളിലെ ആശുപത്രികളിൽ വിഷചികിത്സയ്ക്കു വേണ്ട ഏർപ്പാടു ചെയ്യുന്നതിനെപ്പററി ആലോചിക്കാം.

(ഡി) ആശുപത്രികളിൽ വൈദ്യന്മാരെ നിയമിക്കുന്നതു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻെറ റിക്രൂട്ടുമെൻറ് അനുസരിച്ചാണ്. വിഷവൈദ്യന്മാരുടെ സ്ഥാനം ഒഴിവുവരുമ്പോൾ വിഷവൈദ്യവിശാരദ പരീക്ഷ പാസ്സായവർ അപേക്ഷിച്ചിരിക്കാം.

(ഇ) ഉദ്യോഗത്തിനുള്ള അപേക്ഷകളെപ്പററി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരിഗണിക്കുന്നതാണ്.

Representation from Rickshawallahs.

89. [51] **Shri N. Parameswaran Pillai :** Will the Minister for Works be pleased to State :

(*a*) has the Minister received a representation from the Rickshawallahs of Changanacherry complaining about the extension of Town Service bus route from M. C. road Junction to Market landing, Changanacherry ; and

(*b*) what steps has the Government taken thereon ?

Answer.

(*a*) Government have received a reperesentation complaining against the extension of the Town Service from Kavala to Boat jetty at Changanacherry.

(*b*) Government have found on enquiry that the extension of the Town Service was granted on grounds of public necessity. Hence the representation was recorded.

Municipal Employees.

90. [52] **Shri N. Parameswaran Pillai :** Will the Minister for Local Self Government be pleased to State.

(*a*) how many municipalities have and how many have not implemented the recommendations of the Minimum Wages Committee in respect of municipal employees ; and

(*b*) what action has the Government taken to see that minimum Wages are given to the municipal employees of all municipalities ?

Answer.

(*a*) The Corporation of Trivandrum and 20 Municipalities have implemented the Minimum wages order While 7 municipalities have not.

(*b*) Government have fixed the Minimum Wages and have issued orders that it will take effect from 1-10-1954. If there is avoidable delay on the part of any Municipality to implement the same, Government will look into the matter.

Improvement of Roads.

91. [53] **Shri P. Viswambharan :** Will the Minister for Works and Transport be pleased to state.

(*a*) Whether the Government intend to improve the Pachalloor—Venganoor and Thiruvallam—Pappanamcode roads in the near future ; and

(*b*) if so when ?

Answer.

(*a*) and (*b*) Soon after the encroachments on the Pachalloor—Venganoor road are evicted, easing curves that can be done departmentally engaging departmental labour will be carried out and the remaining works to be carried out through contract agencies will be taken up after regular estimates are sanctioned and funds provided. The first 1½ miles of Thiruvallam—Pappanamcode road from Pappanamcode has already been improved and estimate for improving the remaining portion is under preparation.

Road Transport.

92. [60] **Shri *J.* V. Sebastian :** Will the Minister for Works and Transport be pleased to state :

(*a*) has there been a directive by the Planning Commission to this Government to prepare phased programmes of their schemes of road transport ;

(*b*) has any such programme been prepared by this Government ;

(*c*) has this Government made a clarification of the spheres of private and public ownership in road transport ; and

(*d*) if so, how are the spheres divided ?

Answer.

(*a*) Yes.

(*b*) A phased programme is being prepared.

(*c*) No.

(*d*) Does not arise in view of (c) above.

പഞ്ചായത്തു എക്സിക്യൂട്ടീവ് ആഫീസർമാർ.

93. [65] ശ്രീ. എം. എ. ആൻറണി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവ് ആഫീസർമാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്നാണ് അവരുടെ നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം.

(എ) പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവ് ആഫീസർമാരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) ഉദ്യോഗാർത്ഥികളിൽ നിന്നും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകൾ നൽകേണ്ട അവസാനതീയതി 28-1-1955 ആണ്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നതും അതിനുശേഷം നിയമനം നടത്തുന്നതുമാണ്.

Motion Expressing Thanks to His Highness the Rajpramukh for his Address.

Mr. Speaker : Order, order. Question time is over. We will now pass on to the next item. I have received notice of an adjournment motion from Shri Prakkulam Bhasi. I am not allowing any adjournment motion today, because we are discussing the Address by His Highness the Rajpramukh.

As hon. Members are aware, the whole day is allotted for the discussion of His Highness the Rajpramukh's Address. The discussion shall conclude at 1 P. M. today. In order that we may have a useful and systematic discussion, I would like to make a suggestion to the House. The time available is four hours in all, of which nearly an hour will be taken by the mover and seconder of the motion of thanks and for the reply by the Chief Minister. Notices of 35 amendments have been received and circulated. It may not be possible to move all these amendments within the time available. It is therefore for consideration whether three select amendments, Nos. 19, 28 and 14 given notice of by Shri Panampilli Govinda Menon, Shri T. V. Thomas and Shri T. K. Divakaran respectively may alone be moved. The other members can then take part in the discussion. Regarding the allocation of time among the parties, I would suggest that the Congress Party may take 1¼ hours and the U. F. L., Tamilnad and R. S. P. may take the remaining time. I presume that the House is agreeable to the above suggestions.

Shri T. S. Ramaswami : What about the independent Member, Sir ?

Mr. Speaker : I will give you a chance to speak.

Shri Idiculla Idiculla : Sir, I move that a motion in the following form may be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him on the 25th January, 1955.

"May it please Your Highness,

We, the members of the Legislative Assembly, beg leave to thank your Highness for the Address delivered to this Assembly."

സർ, രാജപ്രമുഖൻ തിരുമനസ്സിന്നിന്നു ജനുവരി 25-ാം തീയതി നിയമസഭയെ അഭിമുഖീകരിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിന് കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കുന്ന അവസരത്തിൽ അതു സംബന്ധിച്ച് രണ്ടുവാക്കുകൂടി പറയണമെന്നു വിചാരിക്കുന്നു. ഇതിനു മുൻപു പലതവണയും രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് നിയമസഭയെ അഭിമുഖീകരിച്ചു പ്രസംഗിച്ചിട്ടുണ്ട്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഈ കൊല്ലത്തെ പ്രസംഗത്തിന് സാരമായ പുരോഗമനം ഉണ്ട് എന്നു പറയുന്നതിൽ സന്തോഷമുണ്ട്. സാധാരണ അതാതു വർഷത്തെ നയപ്രഖ്യാപനം മാത്രമാണു നടന്നുവരുന്നത്. 1954 ജനുവരി 22-ാം തീയതി രാജപ്രമുഖൻ ഇവിടെ ചെയ്ത പ്രസംഗം നമ്മുടെ സ്മരണയിൽ നിന്നും അകന്നിട്ടില്ല. അന്ന് അതിൽ ഉന്നയിച്ചിരുന്ന നയപരിപാടികളിൽ എന്തെല്ലാം നടപ്പിൽ വന്നിട്ടുണ്ട് എന്നും മററും ഈ 25-ാംതീയതി നടന്നിയ പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. അത് ഒരു നല്ല കാൽവെയ്പ്പാണ്. കഴിഞ്ഞ വർഷം ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള നിരവധി നയപരിപാടികളെപ്പററി വിശദമായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ ഈ സർക്കാർ, വളരെ കാലമായി തീരുമാനമുണ്ടാകാതെയിരുന്ന സർവ്വീസു സംഘടനാപ്രശ്നം പൂർത്തിയാക്കിയതിനെപ്പററിയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു. തൽസംബന്ധമായി ഉന്നയിക്കപ്പെട്ടുള്ള അപ്പീലുകളിൽ ഗുരുതരമായ പരിശോധിച്ചു തീരുമാനിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള അപ്പീലുകൾ ഉടനടി കേട്ടു തീരുമാനം ചെയ്യുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

എൻ. ജി. ഒ. മാരുടെ ശമ്പളസ്കെയിൽ പരിഷ്കരിച്ച് അതു 1955-56 സാമ്പത്തികവർഷം ആരംഭംമുതൽ നടപ്പിൽ വരുത്തുവാൻ ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടെന്നും, ജി. ഒ. മാരുടെ ശമ്പളസ്കെയിൽ അടുത്തുതന്നെ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു എന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. അഴിമതിനിവാരണത്തിനായി ഒരു ബിൽ അവതരിപ്പിക്കുന്നതാണെന്നും അദ്ദേഹം പ്രസംഗിച്ചു.

മൂന്നാമത്തെ പഞ്ചവത്സരപദ്ധതിയനുസരിച്ചു് പദ്ധതികളുടെ അഭിവൃദ്ധിയിൽ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിയിട്ടുണ്ട് എന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാം. രണ്ടാമത്തെ പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുന്നതിന് പ്രാദേശികകാര്യങ്ങളെപ്പററി ആലോചിക്കുന്നതിനും മററു സംഗതികളെപ്പററി അന്വേഷണം നടത്തുന്നതിനും അഭിപ്രായങ്ങൾ നിർദ്ദേശിക്കുന്നതിനും മററുമായി, പ്രാദേശികസമിതികളിലേയും നിയമസഭയിലേയും അംഗങ്ങളെയും മററു പൊതുജനപ്രതിനിധികളേയും ഉൾപ്പെടുത്തിയിട്ടുള്ളതായും അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ട്.

[ശ്രീ. ഇടിക്കുള ഇടിക്കുള]

നയങ്ങൾ രൂപവത്ക്കരിക്കുന്നതിനും പദ്ധതികൾ പരിശോധിക്കുന്നതിനും മററും ആവശ്യമായ സകല സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുന്നതിനും അങ്ങനെ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി ഇവിടെ സൃഷ്ടിക്കുന്നതിന് ഒരു സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് രൂപവത്ക്കരിച്ചിട്ടുണ്ടെന്നും ആ പ്രസംഗത്തിൽനിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കൈവശമിരിക്കുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുന്നതിനും, കുടിയാന്മാർക്ക് സ്ഥിരാവകാശം ലഭിക്കുന്നതിനും യഥാർത്ഥ പർഷാദനു പരമാവധി ആദായം സുനിശ്ചിതമാക്കാനും മററുമായി, ഭൂപരിഷ്കരണം സംബന്ധിച്ച ഏഴ് ബില്ലുകൾ ഈ നിയമസഭയുടെ അംഗീകരണത്തിന് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ നടപടികൾ വികസിപ്പിക്കാൻ ദൂരവ്യാപകമായ നടപടികൾ എടുത്തിട്ടുണ്ടെന്നും ഇതുവരെ പഞ്ചായത്തുകൾക്കുണ്ടായിരുന്ന ജോലികൾക്കുപുറമെ ഗ്രാമീണാഭിവൃദ്ധിക്ക് ഏററവും ഫലവത്തായിരിക്കുന്നതിനുവേണ്ടി, പ്രാദേശിക വികസനവും ചെറുകിട ജലസേചനപണികളും പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിൻെറ പ്രസംഗത്തിൽനിന്നും നമുക്കു മനസ്സിലാക്കാം.

തൊഴില്ലായ്മ ഇപ്പോൾ നമ്മുടെ രാജ്യത്തിൽ അങ്ങോളമിങ്ങോളം കാണുന്നുണ്ട്. അക്കാര്യത്തിൽ നമ്മുടെ സർക്കാർ ഗൗരവപൂർവ്വമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. അതിലേക്കു വേണ്ടി 335 ലക്ഷം രൂപ ചിലവു വരുന്നതും മണ്ണൊലിപ്പു തടയുന്നതിനുള്ളതുമായ ഒരു പദ്ധതി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികൊണ്ട് ഒരുലക്ഷത്തി എൺപതിനായിരം ഏക്കർ സ്ഥലത്തെ ബാധിക്കുന്നതും 162ലക്ഷം തൊഴിലാളിദിവസങ്ങളും ആറുലക്ഷത്തിനാല്പത്തെണ്ണായിരം ജോലിദിവസങ്ങളും അടങ്ങിയിട്ടുള്ള ലേബർ പൊട്ടൻഷ്യൽ ഉൾക്കൊള്ളുന്നതുമാണ്. അതുകൂടാതെ 7500 തൊഴിലാളികൾ ഉൾക്കൊള്ളുന്ന ഒരു ഭൂസേന സംഘടിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. ദേവികുളം താലൂക്കിൽ ക്ലമ്പൻപാറയിൽ ജോലി തുടങ്ങിക്കഴിഞ്ഞു. നേരിയമംഗലം ഹൈഡ്രോ എലക്ട്രിസിററി സംബന്ധിച്ചു ജോലിയും ആരംഭിച്ചിട്ടുണ്ട്. വൈപ്പിൻ, ചെല്ലാനം മുതലായ സ്ഥലങ്ങളിൽ കടലാക്രമണം തടയാൻ ബണ്ടുകൾ നിർമ്മിക്കുന്നതുസംബന്ധിച്ചുള്ള ജോലിയും ആരംഭിച്ചുകഴിഞ്ഞു. ഈവക പദ്ധതികളിലെല്ലാം ധാരാളം തൊഴിലാളികൾക്ക് ജോലിനൽകി തൊഴില്ലായ്മ തടയുവാൻ ശ്രമിച്ചിട്ടുണ്ട്. ഈ പറഞ്ഞ വിവരങ്ങളും രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽനിന്നും നമുക്കു കാണാം.

മെഡിക്കൽ, ആയുർവേദം, പബ്ലിക്കുഹെൽത്ത് മുതലായ ഡിപ്പാർട്ടുമെൻറുകൾ വളരെ പുരോഗമിച്ചിട്ടുണ്ട്. ഉൾനാടുകളിൽ വൈദ്യസഹായം ലഭിക്കാതെ കഷ്ടപ്പെട്ട് കഴിയുന്ന നിരവധി ആളുകൾക്കു വളരെ അധികം ഡിസ്പെൻസറികൾ അവിടവിടെയായി തുറക്കുന്നതിന് സർക്കാരിനു സാധിച്ചിട്ടുണ്ട്. നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ ക്ഷയരോഗികളുടെ സൗകര്യത്തെ ഉദ്ദേശിച്ച് കൂടുതൽ കിടക്കകൾ സജ്ജീകരിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അവിടെ ക്ഷയരോഗികൾക്കുവേണ്ടി രണ്ട് സുഖവാസകേന്ദ്രങ്ങൾ തുറക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അതുപോലെതന്നെ കുഷ്ഠരോഗികളെ ചികിത്സിക്കുന്നതിനുവേണ്ടി രണ്ടു കേന്ദ്രങ്ങൾകൂടി തുറക്കപ്പെട്ടിട്ടുണ്ട്. ആയുർവ്വേദഡിപ്പാർട്ടുമെൻറിൽ 15 ഡിസ്പെൻസറികളും 3 ആശുപത്രികളും കൂടി തുറന്നിട്ടുണ്ട്. പൊതുജനാരോ

ശ്വകുപ്പിൽ 20 മിഡ്‌വൈഫറി കേന്ദ്രങ്ങളും, രണ്ട് സെക്കൻററി ഹെൽത്ത് യൂണിററുകളും ആറ് പ്രൈമറി യൂണിററുകളും ആരംഭിച്ചിട്ടുണ്ട്. ഇൻഡ്യാഗവണ്മെൻറിൻെറ അഭിമുഖ്യത്തിൽ ഒരു ഫൈലേറിയൽ യൂണിററ് ഇവിടെ ഇപ്പോൾ പ്രവത്തനം നടത്തുന്നുണ്ട്. ഈവക കാര്യങ്ങളും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കുറെക്കാലമായി നമ്മുടെ രാജ്യത്തെ അഭിമുഖീകരിച്ചുകൊണ്ടിരുന്നതു് ഭക്ഷ്യപ്രശ്നമാണ്. നാട്ടിലെ സാധുക്കളായ ജനങ്ങൾക്ക് സാരമായ ആശ്വാസം നൽകുന്നതിനുവേണ്ടി വളരെ കുറഞ്ഞവിലയ്ക്കു് അരി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നാട്ടിൽ ഉണ്ടായിരുന്ന നെല്ലെടുപ്പു പദ്ധതി പിൻവലിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ എല്ലാം രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗം വായിക്കുന്നപക്ഷം നമുക്കു മനസ്സിലാക്കാൻ കഴിയും.

വിദ്യാഭ്യാസസംബന്ധമായി നോക്കുന്നപക്ഷം, തൊഴിൽപരമായ പരിശീലനം നൽകുന്നതിനായി വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. മിഡിൽസ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കുന്നതിൻെറ പ്രാരംഭമായി ഒന്നും രണ്ടും ഫാറങ്ങളിലെ ഫീസ് നിറുത്തൽചെയ്തിട്ടുണ്ട്. തുടർച്ചയായി അടുത്ത സാമ്പത്തികവർഷത്തിൽ മൂന്നാംഫാറത്തിലും ഫീസ് നിവത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഇങ്ങനെ സർവ്വതോമുഖമായ പുരോഗതി ഈ രാജ്യത്തെ ജനങ്ങൾക്ക് ഉണ്ടാക്കണമെന്നുള്ള ആത്മാർത്ഥമായ ഉദ്ദേശത്തോടുകൂടി ഈ സക്കാർ പ്രവത്തിച്ചുവരുന്നു എന്ന് നമുക്ക് കാണാൻ കഴിയുന്നതാണ്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ ഈ രാജ്യത്തു ഈ സക്കാരിന് സ്വൈരതയോടുകൂടി പ്രവത്തിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നോ എന്നും ഈ നിയമസഭയിലെ ബഹുമാനപ്പെട്ട മെംബർമാർ ആലോചിക്കേണ്ടതാണ്. ഒരു ഗവണ്മെൻറിന് രാജ്യപുരോഗതിക്ക് ആവശ്യമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സൃഷ്ടിപരമായ വീക്ഷണങ്ങൾ നൽകി ആത്മാർത്ഥമായ സഹായസഹകരണങ്ങൾ എല്ലാ നിയമസഭാസാമാജികന്മാരിൽനിന്നും ഉണ്ടാകേണ്ടതാണ്. ഇക്കഴിഞ്ഞകാലത്തു അത്തരത്തിലുള്ള ഒരു സാഹചര്യം ഈ ഗവണ്മെൻറിന് കിട്ടിയിട്ടില്ലെന്ന് എല്ലാവർക്കും അറിവുള്ളതാണ്. ഇതുവരെയും ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കത്തക്ക വിധത്തിൽ ഈ സഭയെ അഭിസംബോധനംചെയ്ത് പ്രസംഗം നടത്തിയ രാജപ്രമുഖൻ തിരുമേനി നമ്മുടെ കൃതജ്ഞത അർഹിക്കുന്നുണ്ട്. ഇനിയും അടുത്തുതന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പല പല നയപരിപാടികളെപ്പററിയും രാജപ്രമുഖൻ തിരുമേനി ആ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അടുത്തുതന്നെ പല പല നല്ല പരിഷ്കാരങ്ങളും ഈ രാജ്യത്തെ ജനങ്ങളുടെ നന്മയെ ലാക്കാക്കി സക്കാർ പ്രവത്തിക്കാൻ പോകുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ലേബർ കാര്യങ്ങളെപ്പററിയാണെങ്കിൽ മൂന്നു വ്യവസായങ്ങളിൽ മാത്രമേ മിനിമംവേജസ് തീരുമാനിച്ചിരുന്നുള്ളു. എന്നാൽ, ഇന്ന് ഒൻപതു വ്യവസായങ്ങളിൽ മിനിമംവേജസ് നടപ്പിലാക്കാൻ വേണ്ട ഏപ്പാടുകൾ ചെയ്തിട്ടുണ്ട്. രാജ്യത്തെ അഭിമുഖീകരിച്ചിരുന്ന പല പ്രശ്നങ്ങളെയും അപ്പോഴപ്പോൾ നേരിട്ട് തീരുമാനങ്ങൾ എടുക്കുന്നതിന് നമ്മുടെ സക്കാർ പരിശ്രമിച്ചിരുന്നു എന്നുള്ളതു് ബഹുമാനപ്പെട്ട മെംബർമാക്ക് അറിയാവുന്ന ഒരു കാര്യമാണ്. അങ്ങനെ ഏതുവിധത്തിൽ നോക്കിയാലും

[ശ്രീ. ഇടിക്കുള ഇടിക്കുള]

ഇന്നത്തെ പ്രതികൂലമായ സാഹചര്യങ്ങളിലും അധികാരവടംവലിക്കുവണ്ടി കുഴപ്പംകൊണ്ടു സ്വൈരതയില്ലാതിരുന്ന ഈ സമയത്തും സർക്കാർ ആവുന്നത്ര കഴിവുള്ളതു ചെയ്യാൻ പരിശ്രമിച്ചിട്ടുണ്ട്. ഈ രാജ്യത്തിന്റെ ഇതുവരെയുള്ള ചരിത്രം നാം പുറകോട്ടെടുത്തു നോക്കുന്നപക്ഷം ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ഇത്രയും ഭംഗിയായി പ്രവർത്തിക്കാൻ ഏതെങ്കിലും ഒരു സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്നുള്ളതു് വളരെ സംശയാസ്പദമായ ഒരു കാര്യമാണ്. ഇതുവരെ ആവിഷ്ക്കരിച്ചിട്ടുള്ള നയപരിപാടികളെപ്പററി രാജപ്രമുഖൻതിരുമേനി വളരെ വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. ഇനിയും നടത്താനുദ്ദേശിക്കുന്ന പരിപാടികളെപ്പററിയും അദ്ദേഹം വളരെ വിശദമായ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന് നിയമസഭയുടെ നാമധേയത്തിൽ കൃതജ്ഞത രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: സർ, റാന്നി മെംബർ അവതരിപ്പിച്ച കൃതജ്ഞതാപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. കഴിഞ്ഞ 10 മാസക്കാലത്തെ ഈ ഗവണ്മെൻറിന്റെ പ്രവർത്തനങ്ങളുടെ ഒരു വിവരണം നൽകിക്കൊണ്ടാണ് രാജപ്രമുഖൻ അദ്ദേഹത്തിന്റെ പ്രസംഗം ഇവിടെ നടത്തിയതു്. ഇതിനുമുമ്പുള്ള അവസരങ്ങളിൽ നടത്താറുള്ളതിൽനിന്നും വ്യത്യസ്തമായ ഒരു രീതിയിൽ കഴിഞ്ഞകൊല്ലത്തെ ഗവണ്മെൻറിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം സവിസ്തരമായി പ്രതിപാദിക്കുകയുണ്ടായി. ഈയവസരത്തിൽ കഴിഞ്ഞ 10 മാസക്കാലംകൊണ്ട് ഈ ഗവണ്മെൻറ് ചെയ്തിട്ടുള്ള കാര്യങ്ങളും അതിനുമുമ്പുള്ള വർഷങ്ങളിൽ ഇതുമാതിരി 10 മാസക്കാലംകൊണ്ട് മുമ്പിരുന്ന ഗവണ്മെൻറുകൾ ചെയ്തിട്ടുള്ള കാര്യങ്ങളും തമ്മിൽ ഒരു താരതമ്യപഠനം നടത്തിവേണം ഈ ഗവണ്മെൻറിന്റെ ചെയ്തികളെപ്പററി ഒരു വിധിയെഴുതേണ്ടതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളതു്. 1953 ഫെബ്രുവരി 25-ാംനു- രാജപ്രമുഖൻ ഈ സഭയെ അഭിസംബോധനംചെയ്തുകൊണ്ടുനടത്തിയ 8 പേജുകളുള്ള ശുഷ്കമായ പ്രസംഗത്തിന്റെ ഒരു പ്രതി എന്റെ കയ്യിലുണ്ട്. ഇന്നു പ്രതിപക്ഷനേതാവായിരിക്കുന്ന ചാലക്കുടി മെംബർ മന്ത്രിയായിരുന്ന കാലത്തു രാജപ്രമുഖൻ ചെയ്ത ഒരു പ്രസംഗമാണതു്. ആ പ്രസംഗത്തിൽ രാജപ്രമുഖൻ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങളിൽ എന്തെല്ലാമാണ് അന്നത്തെ മന്ത്രിസഭ നടപ്പിൽ വരുത്തിയതെന്ന് ഈ അവസരത്തിൽ ആലോചിക്കുന്നതു് നന്നായിരിക്കും. ചാലക്കുടിമെംബർ ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിൽ പാവപ്പെട്ട രാജപ്രമുഖനെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ ആ പദം ഇവിടെ ഉപയോഗിക്കുന്നില്ല. ബഹുമാനപ്പെട്ട ചാലക്കുടി മെംബർ അങ്ങനെയുള്ള രാജപ്രമുഖനെക്കൊണ്ട് പല കാര്യങ്ങളും പറയിപ്പിച്ചശേഷം അതൊന്നും നടപ്പിൽവരുത്താതെ അതിന്റെ കുററം മുഴുവൻ രാജപ്രമുഖനിൽ ചുമത്താൻ ശ്രമിച്ചിരിക്കെ ഈ ഗവണ്മെൻറ് പറഞ്ഞിട്ടുള്ളതെല്ലാം വളരെ ഭംഗിയായി ചെയ്തിട്ടുണ്ടെന്നു കാണാം. പ്രമേയാവതാരകൻ പ്രസ്താവിച്ചതുപോലെ ഏററവും പ്രതികൂലമായ ഒരു പരിതഃസ്ഥിതിയിലാണ് ഈ ഗവണ്മെൻറ് പ്രവർത്തിച്ചുകൊണ്ടിരുന്നതു് എന്നുള്ളതു നമുക്ക് വിസ്മരിക്കാൻ പാടുള്ളതല്ല. ഞങ്ങളെ അനുകൂലിച്ചുകൊണ്ടിരുന്നവരും എതിർത്തുകൊണ്ടിരുന്നവരും ഒരവസരത്തിലല്ലെങ്കിൽ

മറ്റൊരവസരത്തിൽ സഹായകരമല്ലാത്ത നിലപാടുകൾ ഈ ഗവണ്മെൻറിനോടു സ്വീകരിച്ചിട്ടുണ്ടെന്നുള്ളതു് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. എനിക്കു് സന്തോഷം നൽകുന്ന ഒരു വസ്തുത ഈ സമ്മേളനത്തിൽ കാണാൻ കഴിയുന്നുണ്ടു്. കഴിഞ്ഞ സമ്മേളനകാലത്തു് ഇനി മദ്രാസ് നിയമസഭയിൽമാത്രമേ സംബന്ധിക്കയുള്ളു എന്നു പറഞ്ഞുകൊണ്ടു് ഇവിടെ വരാതിരുന്ന തമിഴ്നാടു് കാൺഗ്രസ്സ് സ്നേഹിതന്മാർ ഈ സമ്മേളനത്തിൽ ഹാജരായി കാണുന്നതിൽ എനിക്കു് വളരെ സന്തോഷമുണ്ടു്. മദ്രാസ് നിയമസഭയിൽ പോകാനുള്ള അവരുടെ ആഗ്രഹം അവർ ഉപേക്ഷിച്ചിരിക്കുന്നു എന്നു് കരുതുന്നതിൽ, തെററില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. ഇന്നു് പ്രതിപക്ഷത്തിൻെറ നേതൃത്വം വഹിച്ചുകൊണ്ടു് വളരെ വിമർശനാത്മകമായ ഒരു ഭേദഗതിക്കു് നോട്ടീസ് നൽകിയിരിക്കുന്ന ചാലക്കുടി മെംബർ ഇവിടെ ഇരിക്കുന്നുണ്ടു്. അദ്ദേഹത്തിനു് ഒരു ഗവണ്മെൻറിനെപ്പററി എന്തെല്ലാം കുററങ്ങൾ ഭാവനയിൽ ആരോപിക്കാമോ അതെല്ലാം ആരോപിച്ചുകൊണ്ടുള്ള ഒരു ഭേദഗതിക്കാണു് നോട്ടീസ് നൽകിയിരിക്കുന്നതു്. ആ ഭേദഗതിയിലെ വസ്തുതകളും ഈ ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളുമായി യാതൊരു പൊരുത്തവുമില്ലെങ്കിലും ചാലക്കുടി മെംബർ അവതരിപ്പിക്കുന്നതിനു് നോട്ടീസ് നൽകിയിട്ടുള്ളതായതുകൊണ്ടു് അതിൽ പൊരുത്തമില്ലാത്ത വസ്തുതകൾ പ്രസ്താവിച്ചിട്ടുള്ളതിൽ എനിക്കു് അത്ഭുതമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിൻറ് ആഫ് ആർഡർ. അവതരിപ്പിക്കാത്ത ഒരു ഭേദഗതിയെപ്പററി സംസാരിക്കുന്നതു് ശരിയാണോ? അദ്ദേഹം ചിലപ്പോൾ അതു് അവതരിപ്പിച്ചില്ലെന്നു വന്നേയ്ക്കാം.

ശ്രീ. പി. വിശ്വംഭരൻ: ഏതായാലും ഒരു കാര്യം എനിക്കു് തീർച്ചയായി പറയാൻ കഴിയും. കഴിഞ്ഞ ഏഴു വർഷം കൊണ്ടു് ഇവിടെ കാൺഗ്രസ്സ് മന്ത്രിമാർ നടത്തിക്കൊണ്ടിരുന്ന ഭരണത്തേക്കാൾ തികച്ചും മെച്ചമായ ഒരു ഭരണമാണു് ഇപ്പോഴത്തെ ഗവണ്മെൻറ് നടത്തിക്കൊണ്ടു പോകുന്നതെന്നു്. ചാലക്കുടി മെംബർ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതിയിൽ ഒരു ഭാഗത്തു് ഇങ്ങനെ കാണുന്നുണ്ടു്.

> "Your Highness's Government are carrying on the administration in a capricious manner ignoring canons of good administration."

അദ്ദേഹത്തിൻെറ കാനൻസ് ഞങ്ങൾക്കു് സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

ശ്രീ. എൻ. ജി. ചാക്കോ : ബഹുമാനപ്പെട്ട മെംബർ ഈ ഗവണ്മെൻറിനെപ്പററി അനുദിനമുണ്ടായിക്കൊണ്ടിരിക്കുന്ന ആരോപണങ്ങൾ പത്രങ്ങളിൽ കണ്ടിട്ടില്ലേ? പത്രങ്ങൾ വായിക്കുന്ന പതിവില്ലേ?

ശ്രീ. പി. വിശ്വംഭരൻ : പത്രങ്ങൾ വായിക്കുക മാത്രമല്ല പത്രങ്ങളിൽ എഴുതുന്ന പതിവുംകൂടി എനിക്കുണ്ടു്.

എനിക്കു് ഈ അവസരത്തിൽ ഗവണ്മെൻറിനെ പ്രത്യേകമായി അനുമോദിക്കേണ്ട ഒരു വസ്തുതയുണ്ടു്. ഇവിടത്തെ ഡവലപ്പുമെൻറുപ്രവർത്തനങ്ങളിലും രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുന്നതിലും ഗവ

[ശ്രീ. പി. വിശ്വംഭരൻ]

ണ്മെൻറ് കൈക്കൊണ്ട നയത്തെപ്പററി പല വിമർശനങ്ങളും പത്രങ്ങളിൽ കാണുകയുണ്ടായി. ഇവിടത്തെ വികസനപ്രവർത്തനങ്ങളിൽ ശവണ്മെൻറ് കക്ഷിതാല്പര്യം പുലർത്തുന്നുണ്ടെന്ന് ഒരാരോപണം ഉണ്ടായിരുന്നു. അതുപോലെതന്നെ രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുന്ന കാര്യത്തിലും കക്ഷിതാല്പര്യം പുലർത്തുന്നു എന്ന് ഒരാരോപണം ചില സ്നേഹിതന്മാർ ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഈ വികസനപ്രവർത്തനങ്ങൾ എങ്ങനെ നടന്നിരുന്നുവെന്നും ഇപ്പോൾ എങ്ങനെ നടക്കുന്നു എന്നും നാം താരതമ്യപ്പെടുത്തി നോക്കണം. ഇവിടെ ഏതാനും ഡവലപ്പുമെൻറ്കമ്മിററികൾ രൂപീകരിച്ചതിനെ സംബന്ധിച്ച് വളരെ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. മുമ്പും ഈ രാജ്യത്തു കമ്മിററികൾ ഉണ്ടായിരുന്നു. ഡിസ്ട്രിക്ററ് ഡവലപ്പുമെൻറ്കമ്മിററികൾ മുമ്പുണ്ടായിരുന്നതിൽ വെറും ഔദ്യോഗികാംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്നു ആ നില മാററി അനൗദ്യോഗസ്ഥമെംബറർമാരെ ഉൾപ്പെടുത്തി ആ കമ്മിററികളെ പുനഃസംഘടിപ്പിക്കയാണ് ചെയ്തിട്ടുള്ളത്. ഇതിനെ ആക്ഷേപിക്കാൻ സാമാന്യബുദ്ധിയുള്ളവർക്കാർക്കും സാദ്ധ്യമല്ല. ഈ രാജ്യത്തു കമ്മ്യൂണിററിപ്രാജക്ററുകൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. പൊതുജനങ്ങളുടെ സഹകരണംകൊണ്ടുമാത്രം വിജയിക്കേണ്ട ഒരു പദ്ധതിയാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ആരംഭിച്ചിട്ടുള്ളതായിരുന്നു കമ്മ്യൂണിററി പ്രാജക്ററുകൾ. അതിലേക്ക് ഉപദേശകസമിതികൾ മുമ്പു രൂപീകരിച്ചിരുന്നതിൽ കാൺഗ്രസ്സുകാരല്ലാത്ത ആരെയുംതന്നെ ഉൾപ്പെടുത്തിയിരുന്നില്ല. ഈ നിയമസഭയിൽതന്നെ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതാണ്. അങ്ങിനെ ഒരു കക്ഷിക്കു മാത്രം മുതലെടുക്കാൻ ഉപദേശകസമിതി രൂപീകരിച്ചവർ ഇന്ന് എല്ലാ കക്ഷികൾക്കും പ്രാതിനിദ്ധ്യം നൽകി ഉപദേശകസമിതികൾ രൂപീകരിച്ചതിനെ ആക്ഷേപിക്കയാണ് ചെയ്യുന്നത്. ഇന്ന് സമിതികൾ എങ്ങിനെയാണ് രൂപീകരിച്ചിട്ടുള്ളതെന്ന് നമുക്ക് പരിശോധിക്കാം. പ്രാജക്ററുമേഖലകളിലെ കക്ഷിഭേദമെന്യേ എല്ലാ എം. പി. മാരേയും എം. എൽ. എ-മാരേയും പഞ്ചായത്തുപ്രസിഡൻറന്മാരിൽനിന്ന് ആനുപാതികപ്രാതിനിദ്ധ്യതത്വമനുസരിച്ച് തെരഞ്ഞെടുക്കുന്ന 5 ആളുകളേയും മററു താല്പര്യങ്ങളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തിയാണ് കമ്മിററി രൂപീകരിച്ചിട്ടുള്ളത്. അങ്ങിനെ കാൺഗ്രസ്സിനുമാത്രം പ്രാതിനിദ്ധ്യം നൽകുന്ന കമ്മിററികൾ ആയിരിക്കണമെന്നുള്ള അവരുടെ ആഗ്രഹം നിറവേററിക്കൊടുക്കാൻ കഴിയാതെവന്നതിൽ അവർക്ക് ഖേദമുണ്ട്. ഒന്നാം പഞ്ചവത്സരപദ്ധതി എങ്ങിനെയാണ് ഇവിടെ എഴുതി ഉണ്ടാക്കിയിരുന്നതെന്ന് നാം അറിയണം. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുതന്നെ, ഇവിടെ ഉത്തരവാദിത്വഭരണം ഉണ്ടാകുന്നതിനുമുമ്പുതന്നെ, ആസൂത്രണംചെയ്തു ആരംഭിച്ചിരുന്ന പല പദ്ധതികളും എഴുതിക്കൂട്ടി ഒന്നാം പഞ്ചവത്സരപദ്ധതി എന്നു പറഞ്ഞു് പ്ലാനിംഗ്കമ്മിഷനു് സമർപ്പിക്കുകയാണ് ഉണ്ടായത്. അന്ന് യാതൊരു അനുദ്യോഗസ്ഥനുമായും ഇക്കാര്യത്തെപ്പററി ആലോചിച്ചിരുന്നില്ല. ഇന്നാണെങ്കിൽ പഞ്ചായത്തുകൾ, താലൂക്കുകമ്മിററികൾ, ഡിസ്ട്രിക്ററ്കമ്മിററികൾ എന്നീ രീതിയിൽ ഏററവും ജനകീയമായ അടിസ്ഥാനത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഞങ്ങൾ കക്ഷിതാല്പര്യങ്ങൾ ഒട്ടും പരിഗണിച്ചിട്ടില്ല. പ്രാദേശികപദ്ധതികൾ നിർദ്ദേശിക്കുവാനുള്ള അവകാശം പഞ്ചായത്തുകൾക്കു

നൽകിയിരിക്കുകയാണ്. ഈ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ നില എന്താണെന്നു നമുക്കറിയാം. ഞങ്ങളുടെ പാർട്ടിക്ക് കാൺഗ്രസ്സിനേയും കമ്മ്യൂണിസ്റ്റുപാർട്ടിയേയും അപേക്ഷിച്ച് കുറച്ചു പഞ്ചായത്തുകളുടെ നിയന്ത്രണമേയുള്ളു. അങ്ങനെ നോക്കുമ്പോൾ കക്ഷിതാല്പര്യങ്ങൾക്ക് ഉപരിയായിട്ടാണ് ഈ ഗവണ്മെൻറ് പ്രവർത്തിക്കുന്നതെന്നു അവിതർക്കിതമായി കാണാൻ കഴിയും. നിയമസഭാസാമാജികന്മാരും മററാളുകളും ഉൾപ്പെടെ ഇരുന്നൂറോളം പേർ താലൂക്കുവലപ്പുമെൻറുകമ്മിററികളിൽ അംഗങ്ങളായുണ്ട്. ഇതിൽ പി. എസ്സ്. പി-ക്കാർ 35 അംഗങ്ങളേയുള്ളു. ഇതുപോലെതന്നെയാണ് ഡിസ്ട്രിക്റ്റുകമ്മിററികളുടെ കാര്യവും. ഇങ്ങനെ ഏററവും ജനകീയമായ അടിസ്ഥാനത്തിൽ ഈ പ്രശ്നം കൈകാര്യം ചെയ്യുതിൽ ഗവണ്മെൻറിനെ അനുമോദിക്കേണ്ടതുണ്ട്. പ്ലാനിംഗ് സംബന്ധിച്ച് ഈ ഗവണ്മെൻറുണ്ടാക്കിയ കോഡാണ് ഇൻഡ്യാഗവണ്മെൻറിനു മാതൃകയായി അംഗീകരിച്ചിട്ടുള്ളതെന്നതിലും സന്തോഷമുണ്ട്.

ശ്രീ. കെ. പി. ഹാർമീസ് : പ്ലാനിംഗിൽ വിശ്വസിക്കാത്തവർക്കു കമ്മിററിയിൽ പ്രാതിനിദ്ധ്യം കൊടുത്താൽ അതെങ്ങിനെ വിജയിക്കും ?

ശ്രീ. പി. വിശ്വംഭരൻ : പ്ലാനിംഗിൽ വിശ്വസിക്കാത്തവർ ആരും തന്നെ ഉണ്ടെന്നു തോന്നുന്നില്ല. എല്ലാവരും പ്ലാനിംഗിൽ വിശ്വാസമുള്ളവരാണ്. അതിൻെറ രീതിയെപ്പററി ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി എന്നു വന്നേക്കാം. ഒരുപക്ഷേ കാൺഗ്രസ്സുകാർ പ്ലാനിംഗിനെപ്പററി ആലോചിക്കുന്നതിനുമുമ്പുതന്നെ അതു പ്രയോഗത്തിൽ വരുത്തിയിട്ടുള്ളവരാണ് ബഹുമാനപ്പെട്ട മെംബർ വിചാരിക്കുന്ന ആളുകളെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ബഹുമാനപ്പെട്ട റാന്നി മെംബറുടെ പ്രമേയത്തിൻെറ ഒടുവിൽ താഴെ പറയുന്ന വാചകങ്ങൾകൂടി ചേർക്കണമെന്ന് ഞാൻ ഒരു ഭേദഗതി അവതരിപ്പിക്കയാണ്

19. At the end of the motion add—

"But regret to note that the promises held out in Your Highness's speech in March 1954 have not been, to a large extent, carried out by Your Highness's Government; that Your Highness's Government have failed to bestow adequate attention to development, industrialisation and Five Year Plan works; that in the meanwhile they have been inflating non-developmental expenditure without due regard to the financial security of the State ; that Your Highness's Government are carrying on the administration in a capricious manner ignoring canons of good administration ; that the Council of Ministers is using the administrative machinery to serve party interests and to secure stability for a most unstable ministry; and that above all, the Council of Ministers has regular backing from only a small minority of members in the House and that thereby it has been and is incapable of giving a good and a strong administration to the country."

സർ, ഈ ഭേദഗതിയെപ്പററി ദീർഘമായോ വിസ്തരിച്ചോ പ്രസംഗിക്കുവാൻ എനിക്ക് ഇപ്പോൾ സമയമില്ല. എൻെറ പാർട്ടിക്ക് അനു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വദിച്ചിട്ടുള്ള സമയത്തിൽനിന്നു ഒരു ഭാഗം മാത്രമേ എനിക്കു് വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു് വിശദാംശങ്ങളിലേയ്ക്കു ഒന്നും പ്രവേശിക്കാതെ ഏതാനും കാര്യങ്ങൾ മാത്രം പറയാം എന്നു ഉദ്ദേശിക്കുകയാണു്. കഴിഞ്ഞ മാർച്ചുമാസത്തിലും ഈ ജനുവരി 25-ാം തീയതിയും രാജപ്രമുഖൻ തിരുമേനി ചെയ്ത പ്രസംഗങ്ങൾ വായിക്കുകയാണെങ്കിൽ രാജപ്രമുഖന്റെ പ്രസംഗത്തെപ്പററി നിയമസഭാംഗങ്ങൾക്കോ ജനങ്ങൾക്കോ യാതൊരു മതിപ്പും ഉണ്ടാകാത്ത ഒരു സ്ഥിതി ഇന്നത്തെ ഗവണ്മെന്റു വരുത്തിവച്ചിരിക്കുകയാണു് എന്നു കാണാം. ബഹുമാനപ്പെട്ട റാന്നി മെംബറും ബഹുമാനപ്പെട്ട നേമം മെംബറും ചെയ്ത പ്രസംഗങ്ങളിൽ രാജപ്രമുഖൻ ചെയ്യേണ്ട പ്രസംഗങ്ങളുടെ രീതിക്കു ഒരു വ്യത്യാസം വരുത്തിയിരിക്കുന്നു എന്നാണു് പറയുന്നതു്. അതായതു് നയപ്രഖ്യാപനങ്ങൾ ചെയ്യുന്നതിനുപകരം, രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളിലേയ്ക്കു പ്രവേശിച്ചു് ആ കാര്യങ്ങൾക്കു് പരിഹാരമുണ്ടാക്കുവാൻ ഗവണ്മെന്റു് എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്നു പറയുന്നതിനുപകരം, അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുപോലെ അല്ലെങ്കിൽ ഇന്നതെല്ലാം ചെയ്തു എന്നുള്ളതു് രേഖപ്പെടുത്തലാണു് രാജപ്രമുഖന്റെ പ്രസംഗമെന്നു വരുത്തിവച്ചിരിക്കുകയാണു്. അതു് തീർച്ചയായും അഭിമാനകരമായ ഒരു മാററമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദാഹരണമായി 25-ാം തീയതിയിലെ അദ്ദേഹത്തിന്റെ പ്രസംഗം ഒന്നു എടുത്തുനോക്കാം.

ശ്രീ. ഇടിക്കുള ഇടിക്കുള: പറയുന്നതിന്റെ ഭാഗമായി കഴിഞ്ഞ ചില കാര്യങ്ങളെപ്പററി പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പറയുന്നതിന്റെ ഒരു ഭാഗമായിട്ടാണോ പറഞ്ഞിട്ടുള്ളതു് എന്നു അതു് നോക്കിയാൽ അറിയാം.

ഏതെങ്കിലും ഒരു നിയമസഭയിൽ ഏതെങ്കിലും രാജപ്രമുഖനോ ഗവർണ്ണരോ ചെയ്ത ഒരു പ്രസംഗത്തിൽ ഇത്ര ആശുപത്രികളിൽ ഇത്ര ബെഡ്ഡുകൾ കൂടി കൂടുതൽ അനുവദിച്ചിട്ടുണ്ടു് എന്നു പറഞ്ഞിട്ടുള്ളതായി കാണുവാൻ സാദ്ധ്യമല്ല. ഇതൊക്കെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ വരേണ്ട കാര്യങ്ങളാണു്. ബെഡ്ഡുകൾ കൂടുതൽ ഉണ്ടാക്കീട്ടുണ്ടെങ്കിൽ അതു നല്ലതാണു്. പക്ഷെ ഇത്ര ലഘുവായ കാര്യങ്ങൾ, അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ മാത്രം ചേർക്കേണ്ട വിഷയങ്ങൾ, അല്ലെങ്കിൽ പ്രസ്സുനോട്ടു് ഇറക്കേണ്ട കാര്യങ്ങൾ, ആരെങ്കിലും ഒരു ചോദ്യം ചോദിക്കുകയാണെങ്കിൽ മറുപടി പറയേണ്ട കാര്യങ്ങൾ ഇതൊക്കെ രാജപ്രമുഖനെപ്പോലെയുള്ള ഒരു രാഷ്ട്രത്തലവൻ കൊല്ലത്തിലൊരിക്കൽ ചെയ്യുന്ന നയസമുദ്ധാമായിരിക്കേണ്ട പ്രസംഗത്തിൽ പറയുന്നതു് ശരിയല്ല. ഇതിനെ പുതിയ ഒരു വഴക്കം സൃഷ്ടിച്ചതിനു ദൃഷ്ടാന്തമായി കണക്കാക്കാവുന്നതല്ല. എന്നാൽ വസ്തുത എന്താണു്? പുതിയതായി ബെഡ്ഡുകൾ ഉണ്ടാക്കുവാൻ സാധിച്ചു എന്നു പറയുന്നതു് വൈദ്യഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കുറെ ഏറെ നന്നായിട്ടുണ്ടെന്നു് തെളിയിക്കുവാനാണു്. ഈ അവസരത്തിൽ എന്റെ പ്രസംഗത്തിൽ ഉദ്ദേശിക്കാത്ത ഒരു സംഗതി ഇവിടെ പറയാൻ വിചാരിക്കുകയാണു്. ഇന്നലെ എന്റെ ഒരു സുഹൃത്തിനെ കാണുന്നതിനുവേണ്ടി ഞാൻ ഉള്ളൂർ അവിട്ടംതിരുനാൾ ആശുപത്രിയിൽ പോകുകയുണ്ടായി. അവിടെ ചെന്നപ്പോൾ വൈദ്യകാര്യമന്ത്രി ധരിക്കാത്ത ചില

സംഗതി അവിടെ നടക്കുന്നുണ്ടെന്നു എനിക്കു ധരിക്കുവാൻ കഴിഞ്ഞു. സർ, ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇൻസുലീൻ എന്ന മരുന്നില്ലാത്തതു കൊണ്ടു്, രാജ്യത്തിന്റെ തലസ്ഥാനനഗരിയിൽ ലക്ഷക്കണക്കിനു് പണം ചിലവുചെയ്തു നടത്തിവരുന്ന ഉള്ളൂർ ആശുപത്രിയിൽ ഇൻസുലീൻ മരുന്നില്ലാത്തതുകൊണ്ടു് ഡയബററിക്കുകോമമൂലം രണ്ടുരോഗികൾ മരിക്കുവാൻ ഇടയായി. അതിനിടയാക്കാതെ ഈ ഗവണ്മെൻറു കൂടുതൽ ബെഡ്ഡുകൾ ആശുപത്രിയിൽ ഉണ്ടാക്കി എന്ന രാജപ്രമുഖനെകൊണ്ടു് പ്രസംഗിപ്പിച്ചിരുന്നുവെങ്കിൽ നന്നായിരുന്നു. ഇതിനെക്കുറിച്ചു് ഞാൻ കൂടുതൽ പറയുന്നില്ല. ഞാൻ അവിടെ പോയപ്പോൾ ഈ സംഭവം അറിയാൻ ഇടയായതുകൊണ്ടു മാത്രം ഇവിടെ എടുത്തു പറഞ്ഞതാണു്.

രാജപ്രമുഖന്റെ പ്രസംഗത്തെപ്പററി ജനങ്ങൾക്കും നിയമസഭയ്ക്കും മതിപ്പുണ്ടാകുവാൻ ഇടയാകാത്തവിധത്തിലാണു് കഴിഞ്ഞ തവണയും ഈ തവണയും പ്രസംഗങ്ങൾ ചെയ്തതെന്നു് ഞാൻ പറഞ്ഞു. മാർച്ചു് 22-ാം തീയതി ഞങ്ങളിൽ അനേകംപേക്കു് ഉന്മേഷം ഉണ്ടാകുമാറു് ഇവിടെ പറഞ്ഞതു് ഒരു ലാൻറുകമ്മിഷൻ വെക്കുവാൻ പോകുന്നുവെന്നാണു്. പറഞ്ഞ ലാൻറുകമ്മിഷൻ എവിടെ? 10 പത്തുമാസത്തിനുമുമ്പു് പറഞ്ഞതാണു് അതു്. ഗ്രോ-മോർഫഡ് അനുസരിച്ചു് കൊടുത്തിട്ടുള്ള വസ്തുക്കൾ പരിശോധിച്ചു് അതിന്റെയൊക്കെ ശാസ്ത്രീയമായ വിതരണത്തിനുവേണ്ടി, സർക്കാരിനു് യഥേഷ്ടം വിനിയോഗിക്കാവുന്ന ഭൂമികൾ വിതരണം ചെയ്യുന്നതിനു് ഒരു ലാൻറുകമ്മിഷനെ നിയമിക്കുവാൻ പോകുന്നുവെന്നു പറഞ്ഞു. ഈ സഭയിലെ എല്ലാഭാഗത്തുള്ളവരും അതിൽ സന്തോഷിച്ചു. എന്തുകൊണ്ടു് ഇതേവരെ ഒരു ലാൻറുകമ്മീഷനെ നിയമിച്ചില്ല? ഇന്നു് ഈ നിയമസഭയിൽ ഭൂമിസംബന്ധമായ അഞ്ചാറു ബില്ലുകൾ കൊണ്ടുവന്നിട്ടുണ്ടു്. അപ്പയെ സഭയിലെ എല്ലാഭാഗത്തുമുള്ള ആളുകളും സ്വാഗതംചെയ്തിട്ടുമുണ്ടു്. ഇന്നു് രാജ്യത്തെ ജനങ്ങളുടെ മനസ്സിനെ വേദനിപ്പിക്കുന്ന ഒരു പ്രശ്നമാണു് അതു്. ആളുകൾക്കു് പാർക്കുവാൻ ഇടമില്ല. കൃഷിചെയ്യുവാൻ ഭൂമിയില്ല അങ്ങനെയിരിക്കുമ്പോൾ സർക്കാരിന്റെ ഭൂമികൾ വളരെ ആശാസ്യമായ കുത്തകപാട്ടത്തിന്മേൽ അതാതു ഉദ്യോഗസ്ഥന്മാർക്കു് ബോധിക്കുന്ന വ്യവസ്ഥകളിലാണു് നൽകിയിരിക്കുന്നതു്. അതു തെററാണു്. കാൺഗ്രസ്സു് ഗവണ്മെൻറിന്റെ കാലത്തായിരിക്കാം അങ്ങിനെ നടന്നതു്. അങ്ങനെയുള്ള സ്ഥലത്തു നിന്നു, ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽനിന്നായാലും റവന്യൂഡിപ്പാർട്ടുമെൻറിൽ നിന്നായാലും ദിവസേന ആളുകളെ കുടിയിറക്കുകയാണെന്നു് ഈ നിയമസഭയിലെ നാനാഭാഗത്തുനിന്നും ഉന്നയിക്കുകയുണ്ടായി. റവന്യൂഉദ്യോഗസ്ഥന്മാരും ഫാറസ്ററു ഉദ്യോഗസ്ഥന്മാരും പാവപ്പെട്ടവരും ഭൂമിയില്ലാത്തവരും കൈവശം വച്ചിട്ടുള്ള ഭൂമിയിൽനിന്നും അവരെ കുടിയിറക്കിവിടുകയാണു്. അതിനു് ഒരു നിവാരണം ഉണ്ടാക്കുവാൻവേണ്ടി ഒരു ഉന്നതാധികാരകമ്മിഷനെ വെച്ചു് ആവക ഭൂമികളെക്കുറിച്ചു് അന്വേഷിക്കുന്നതാണെന്നു് രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. ഞാൻ നേമം മെംബറോടും റാന്നിമെംബറോടും ചോദിക്കുകയാണു് ആ കാര്യത്തിൽ ഇതേവരെ എന്തു നടപടിയാണു് എടുത്തതു് എന്നു്.

ആ പ്രസംഗത്തിൽ വേറെ ഒരു സംഗതികൂടി പറഞ്ഞിട്ടുണ്ടു്. അതായതു് ഒരു ആൻറികറപ്ഷൻ ട്രൈബ്യൂണൽ, ഹൈക്കോടതി ജഡ്ജിമാരുടെ സ്ഥാനവലിപ്പമുള്ള ആളുകൾ ഉൾപ്പെട്ടതായ ഒരു ആൻറികറപ്പ്-

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഷൻ ട്രൈബ്യൂണൽ, വയ്ക്കാമെന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. ഈ നിയമസഭ മാർച്ചു് മാസത്തിൽ കൂടുന്നതിനുമുൻപുതന്നെ, മി. പട്ടം താണുപിള്ള മുഖ്യമന്ത്രിയാകുന്നതിനു മുമ്പുതന്നെ, പറഞ്ഞ കാര്യമണു് ആൻറികറപ്ഷൻ ട്രൈബ്യൂണലിൻെറ കാര്യം. മന്ത്രിമാരുടെ കറപ്ഷനെ സംബന്ധിച്ചുപോലും അന്വേഷിക്കുന്നതിനുള്ള അധികാരത്തോടുകൂടിയുള്ള ഒരു ട്രൈബ്യൂണലിനെ വയ്ക്കുമെന്നാണു് അന്നു മുഖ്യമന്ത്രി പത്രങ്ങളിൽ എഴുതിയതും പറഞ്ഞു് പ്രസ്താവിച്ചതും. അങ്ങനെ എഴുതിയും പ്രസ്താവിച്ചും ജനങ്ങളുടെ ഹസ്തഘോഷം സ്വീകരിച്ചതിനുശേഷം പത്തുമാസം കഴിഞ്ഞു നിയമസഭയിൽ വന്നു പറയുകയാണു് ആൻറികറപ്ഷനെ സംബന്ധിച്ചു് ഒരു ബിൽ കൊണ്ടുവരുവാൻ പോകുന്നു എന്നു്. സർ, ഈ പറയുന്നതെല്ലാം ഒരു പകിട്ടാണു്. പകിട്ടുപോലെയുള്ള പ്രവൃത്തിയാണു് ഇവിടെ ഉണ്ടായിട്ടുള്ളതെന്നു് ഞാൻ ഓർമ്മിപ്പിക്കുകയാണു്. അതിനു മറുപടിയായി 1953-ലെ പ്രസംഗത്തിൽ എന്തുണ്ടായിരുന്നു എന്നിവിടെ ചോദിക്കുകയുണ്ടായി. 1953-ലെ പ്രസംഗത്തിൽ ചെയ്യുവാനുദ്ദേശിക്കാത്തതൊന്നും പറഞ്ഞിട്ടില്ല. അഥവാ ചിലതു് ചെയ്യുവാൻ സാധിച്ചില്ലെങ്കിൽ അതിനു മുമ്പുണ്ടായ രാഷ്ട്രീയവികാസം മൂലം ചെയ്യാത്തതാണു്. അന്നത്തെ ഗവണ്മെൻറു ചെയ്തില്ല എന്നുള്ളതു ഇന്നത്തെ ഗവണ്മെൻറിനു പ്രവർത്തിക്കാതിരിക്കുവാനുള്ള ന്യായമല്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട നേമം മെംബറോടു് ഞാൻ ചോദിക്കുന്നതു് ഇതിനുമുമ്പു് അധികാരത്തിൽ ഇരുന്ന ഗവണ്മെൻറിൻെറ ന്യൂനതകൾ പറഞ്ഞാൽ ഇപ്പോഴത്തെ ഗവണ്മെൻറിൻെറ ന്യൂനതകൾ മാറുമോ എന്നാണു്. ആ ഒരു തത്വം ആരും സ്വീകരിക്കുകയില്ല. ഇതിനുമുമ്പു് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടത്തുവാൻ യാതൊരു പരിശ്രമവും ഈഗവണ്മെൻറു ചെയ്തിട്ടില്ല. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നപ്പോൾ നാട്ടിലെ ജനങ്ങളെ ഏററവുമധികം ആകർഷിച്ച പ്രസ്താവന താൻ അധികാരത്തിൽ കയറിയാൽ ഉടനെ തന്നെ നാട്ടിൽ എല്ലാവർക്കും തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമെന്നുള്ളതാണു്. ഒന്നിലധികം തവണ ഇതിനേക്കുറിച്ചു് അദ്ദേഹം പത്രപ്രസ്താവന ചെയ്തിട്ടുണ്ടു്. രാജപ്രമുഖൻെറ പ്രസംഗത്തിൽ പറഞ്ഞു ഇവിടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ പോകുന്നു; വ്യവസായദേശവൽക്കരണം വരുത്തുവാൻ പോകുന്നു എന്നു്. ഇതു് കഴിഞ്ഞ തവണത്തെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. അഗ്രികൾച്ചർ കൊണ്ടുമാത്രം കാര്യങ്ങൾ നടക്കുകയില്ല; അതുകൊണ്ടു് ഇൻഡസ്ട്രിയലൈസേഷനാണു് ഞങ്ങൾ നടത്തുവാൻ പോകുന്നതെന്നു് പറഞ്ഞിട്ടുണ്ടു്. ആ വാചകം ഇവിടെ വായിക്കുവാൻ എനിക്കു കൗതുകം ഉണ്ടു്.

Realising that agriculture alone cannot maintain the people in view of the heavy density of population in the State (perhaps the highest in the world), my Government will devote utmost attention to industrial development.

ഇതനുസരിച്ചു് എന്തെങ്കിലും പ്രവർത്തിക്കുവാൻ ഉത്സാഹിച്ചിട്ടുണ്ടോ? രാജപ്രമുഖൻെറ ഈ പ്രസംഗം കഴിഞ്ഞു് 1954 ജൂലൈ മാസത്തിൽ ബഡ്ജററു കൊണ്ടുവരികയുണ്ടായി. ഒരു ഉദാഹരണം മാത്രം എടുത്തു പറയാം. ആ ബഡ്ജററിൽ നാം എല്ലാവരുംകൂടി അനുകൂലിച്ചു് നാലു

ലക്ഷം രൂപ വോട്ടുചെയ്തു. കൊടുത്തു. അതായതു് കുണ്ടറയിലെ അലൈഡ് ഇൻഡസ്ട്രി സക്കാരിൽ നിന്നു ഏറ്റെടുത്തു നടത്തുവാനായി 4 ലക്ഷം രൂപ നാം ഇവിടെ വോട്ടുചെയ്തുകൊടുത്തു. അതിനു് മുമ്പു് കാൺഗ്രസ്സ് ഗവണ്മെൻറ് അധികാരത്തിൽ ഇരുന്ന കാലത്താണു് അതിനുള്ള ഏർപ്പാടുകൾ ചെയ്തുവച്ചിരുന്നതു് എന്നു് മുഖ്യമന്ത്രി ഇവിടെ സമ്മതിച്ചിട്ടുള്ളതാണു്. കുണ്ടറയിലെ അലൈഡ് ഇൻഡസ്ട്രിയും ഇന്നാമൽ ഇൻഡസ്ട്രിയും ഗവണ്മെൻറു ഏറ്റെടുത്തു നടത്തുവാൻ ഏർപ്പാടുചെയ്തു. അതിനുള്ള പണവും വോട്ടുചെയ്തുകൊടുത്തു. ഒരു സോഷ്യലിസ്റ്റ് ഗവണ്മെൻറാണു് ഇവിടെയുള്ളതു്. എന്താണു് സോഷ്യലിസ്റ്റ് ഗവണ്മെൻറു തത്വം? സമൂഹത്തിൻെറ വകയായി, സക്കാരിൻെറ വകയായി നാട്ടിൽ വ്യവസായം നടത്തുകയാണു് അവരുടെ തത്വം. ഇപ്പോൾ ജനുവരി 25-ാം തീയതി രാജപ്രമുഖൻവന്നു പറയുകയാണു് കുണ്ടറയിലെ അലൈഡ് ഇൻഡസ്ട്രി ഗവണ്മെൻറ് ഏറ്റെടുത്തു നടത്തുവാൻ തീർച്ചയാക്കിയിരിക്കുന്നു എന്നു്. കഴിഞ്ഞ ജൂലൈ മാസത്തിൽ ഇവിടെ വോട്ടുചെയ്തുകൊടുത്തതു് എന്താണു്? ചാലക്കുടിയിൽ സക്കാരിൻെറ വകയായി ഒരു സ്ഥാപനം ഉണ്ടു്. അതായതു് ചാലക്കുടി പോട്ടറീസ് സക്കാരിൻെറ വക കെട്ടിടം, സക്കാരിൻെറ വക സ്ഥലം, സക്കാരിൻെറ വക യന്ത്രസാമഗ്രികൾ അതെല്ലാം അവിടെ കിടന്നു തുരുമ്പുപിടിക്കുകയാണു്. എന്തുകൊണ്ടു് അതു് ഏറ്റെടുത്തുനടത്തിക്കൂടാ?

ശ്രീ. പി. കെ. കുഞ്ഞു് : അതു് മുൻഗവണ്മെൻറ് പാട്ടത്തിനുകൊടുത്തിരിക്കുകയാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പാട്ടത്തിനു കൊടുക്കാനാണോ യന്ത്രസാമഗ്രികൾ വാങ്ങിച്ചിരിക്കുന്നതു്? കഴിഞ്ഞ ഗവണ്മെൻറിനെ കുററം പറഞ്ഞിട്ടു കാര്യമില്ല. കഴിഞ്ഞ കാൺഗ്രസ്സ് ഗവണ്മെൻറ് പ്രസ്താവിച്ചതു് 1953 സെപ്ററംബറോടുകൂടി എല്ലാം പ്രവർത്തിച്ചിരുന്നു.

ശ്രീ. പി. കെ കുഞ്ഞു; എത്ര കാലത്തേക്കാണു് അതു് മുൻ ഗവണ്മെൻറ് പാട്ടത്തിനു കൊടുത്തിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് കാൺഗ്രസ്സ് ഗവണ്മെൻറ് പാട്ടത്തിനു് കൊടുത്തതല്ല. അതു് കൊച്ചിയിലെ ദിവാൻഭരണകാലത്തെ ഗവണ്മെൻറാണു്. കാൺഗ്രസ്സ് ഗവണ്മെൻറിൻെറ കാലത്തു കൊടുത്തതല്ല എന്നാണു്. അതു് ഗവണ്മെൻറു തുറന്നുപ്രവർത്തിച്ചിരുന്നുവെങ്കിൽ അനേകം ആളുകൾക്കു് ജോലികൊടുക്കുവാൻ കഴിയുമായിരുന്നു.

ശ്രീ. എ. താണുപിള്ള : കാൺഗ്രസ് ഗവണ്മെൻറ് അവസാനിക്കുന്നതിനു എത്ര കാലം മുമ്പാണു് അതു് പൂട്ടിയിട്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മൂന്നുനാലു മാസം മുമ്പാണു്. ഞങ്ങൾക്കു് അതു് തുറക്കുവാൻ സാധിച്ചില്ല. സോഷ്യലിസ്റ്റ് ഗവണ്മെൻറ് അതു് തുറന്നു പ്രവർത്തിപ്പിക്കും എന്നു ഞങ്ങൾ വിചാരിച്ചു. എന്തെങ്കിലും പറയുമ്പോൾ അതു ചെയ്യാത്തതിനു മററുള്ളവരെ കുററം പറയുക

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

യല്ല വേണ്ടതു്. നാഷണലൈസേഷൻ നടപ്പിൽ വരുത്തുമെന്നു പറഞ്ഞു്. അധികാരത്തിൽ കയറി ഇരുന്നതിനുശേഷം ഈ വിധത്തിൽ കാര്യങ്ങൾ ഇടുന്നതു് ശരിയല്ല. ഇപ്പോഴത്തെ പ്രസംഗത്തിൽ അതിനെപ്പററി ഒന്നും പറയുന്നില്ല. ഞാൻ പറഞ്ഞുവന്നതു് നാഷണലൈസേഷൻ എന്നു പറഞ്ഞതു് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വെറുതെ പറഞ്ഞ കാര്യമാണെന്നാണു്. നാഷണലൈസേഷനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല.

കഴിഞ്ഞ നിയമസഭയിൽ ഒരു കോടി രൂപ ബഡ്ജററിൽ സപ്ലിമെൻററി ഡിമാൻറായി കൊണ്ടുവരണമെന്നു് ഞാൻ ഒരു ഉപക്ഷേപം കൊണ്ടുവന്നു. എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. ടി. വി. തോമസ്സു് ആ ഉപക്ഷേപത്തെ അനുകൂലിക്കയുമുണ്ടായി. എനിക്കതേപ്പററി പറയാനുള്ളതു എൻെറ ജീവിതത്തിൽ ഒരു അബദ്ധം പററിപ്പോയി എന്നാണു്. എന്താണെന്നുവച്ചാൽ ഈ മുഖ്യമന്ത്രിയുടെ വാക്കു കേട്ടു് ആ ഉപക്ഷേപം ഞാൻ ഒടുവിൽ പിൻവലിച്ചു എന്നുള്ളതാണു്. എന്തുകൊണ്ടു ഞാൻ ഇതു പറയുന്നു എന്നു വച്ചാൽ ഇതു് നിങ്ങൾക്കൊരു സാധനപാഠമായിരിക്കട്ടെ എന്നു വച്ചാണു്. എന്തിനാണു് ഈ സപ്ലിമെൻററി ഡിമാൻറു് കൊണ്ടുവരുന്നതു്, ഇതിൽ പറയുന്ന തൊഴില്ലായ്മ പരിഹരിക്കുന്നതിനും വികസനപദ്ധതികൾക്കുമെല്ലാം വേണ്ടതൊക്കെ ഞാൻ ചെയ്യാം, ഞങ്ങൾ പിന്തുണ കൊടുക്കണം എന്നു് ഈ മുഖ്യമന്ത്രി എന്നെ എഴുതി അറിയിച്ചു. ഒരു മുഖ്യമന്ത്രിയാണു് ഇതു പറയുന്നതു്. ഇവർ അധികാരത്തിൽ വന്നിട്ടു് ഇത്ര കാലമേ ആയിട്ടുള്ളു. അവരെ ഒന്നു വിശ്വസിക്കുക എന്നു വിചാരിച്ചു. ശ്രീ. ടി. വി. തോമസ്സു് എന്നെ ആക്ഷേപിച്ചതുപോലും കണക്കാക്കാതെ ഞാൻ ആ ഉപക്ഷേപം പിൻവലിച്ചു. ഞാൻ അതു ശ്രീ. തോമസ്സിനോടുചെയ്ത വലിയ ഒരു തെററാണു്. ഞാൻ അതിനുവേണ്ടി ഇപ്പോൾ അദ്ദേഹത്തോടു മാപ്പപേക്ഷിക്കുകയാണു്. അന്നു് അതു പാസ്സാക്കിയിരുന്നുവെങ്കിൽ ഈ ഗവണ്മെൻറു് വല്ലതും ചെയ്യാൻ നിർബ്ബന്ധിതമായിരുന്നേനേ. അങ്ങിനെ ഈ രാജ്യത്തിൻെറ വികസനപദ്ധതികളിൽ ഒന്നും ചെയ്യുന്നതിനു ഈ ഗവണ്മെൻറു നു സാധിച്ചിട്ടില്ല. ദീർഘമായ ഡവലപ്പ്മെൻറു് പ്രവർത്തനങ്ങളിലാണു് ഒരു ഗവണ്മെൻറു് എപ്പോഴും ശ്രദ്ധിക്കേണ്ടതു്. ഒരു കുടുംബത്തിലെ കാരണവൻ കുട്ടികൾക്കു് വലിയ സന്തോഷമായിരിക്കും എന്നു കരുതി ദിവസേന കടംവാങ്ങി ജിലേബി, ലഡ്ഡു മുതലായ പലഹാരങ്ങളും മററും വാങ്ങിച്ചുകൊടുക്കുന്നു എന്നിരിക്കട്ടെ. കുട്ടികൾക്കു് വലിയ സന്തോഷമായിരിക്കും. പക്ഷെ, അതു തുടർന്നാൽ അതോടുകൂടി ആ കുടുംബത്തിൻെറ സാരമായ നിലനിൽപ്പിനു അതു ബാധകമായിത്തീരും. കുടുംബത്തിൻെറ നിലനിൽപ്പിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനു പകരം കുട്ടികൾക്കു് വലിയ സന്തോഷമുണ്ടാകുമെന്നു കരുതി കടം വാങ്ങി പലഹാരം വാങ്ങിക്കൊടുത്താൽ രണ്ടു ദിവസത്തെ പലഹാരം വാങ്ങിക്കൊടുക്കാമെന്നല്ലാതെ പിന്നീടു് കഞ്ഞികുടിക്കാൻപോലും ഒന്നും ഉണ്ടാവുകയില്ല എന്നുള്ളതാണു് അനുഭവം. ഇന്നത്തെ ഗവണ്മെൻറു നിർഭാഗ്യവശാൽ ഈ രാജ്യത്തെ സമ്പത്തു വർദ്ധിപ്പിക്കുന്ന കാര്യത്തിലും വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിലും യാതൊന്നും ശ്രദ്ധിക്കാതെയിരിക്കുകയാണു്. ഞാൻ എൻെറ പ്രമേയത്തിൽ അതു എടുത്തു പറ

ഞിട്ടുമുണ്ട്. എന്റെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് ഈ ഗവണ്മെന്റ നാൺ-ഡവലപ്പ്മെന്റ എക്സ്പെൻഡിച്ചർ എന്ന കാര്യ . ിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. അതെന്താണെന്നുള്ള കാര്യങ്ങളിലേയ്ക്കു ഞാൻ പ്രവേശിക്കുന്നില്ല. വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്നതിനുപകരം ഉദ്യോഗസ്ഥന്മാരെ നിർമ്മിക്കാനുള്ള വ്യവസായത്തിലാണ് ഈ ഗവണ്മെന്റ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇൻഡസ്ട്രിയുടെ കാര്യത്തിൽ ഒന്നും ചെയ്തില്ല എന്നു പറയുന്നതു ശരിയല്ല. ഇൻഡസ്ട്രീസിന്റെ കാര്യത്തിൽ ചിലതു ചെയ്തിട്ടുണ്ട്. 450 മുതൽ 750 രൂപാവരെ ശമ്പളമുള്ള ഒരു ഇൻഡസ്ട്രിയൽ ഡയറക്ടറക്ക് പകരം ഇപ്പോൾ മൂന്ന് ഇൻഡസ്ട്രിയൽ ഡയറക്ടറന്മാരുണ്ട്. മൂന്നു പേരും ആ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരാണ്. അവർ അതിന് അർഹതയുള്ളവരുമാണ്. അവക്ക് ഇത്രയും ശമ്പളം കൊടുക്കുന്നതുകൊണ്ട് ഞാൻ ഇതു് പറയുന്നതല്ല. പക്ഷെ അതു നാൺ ഡവലപ്പ്മെന്റ് എക്സ്പെൻഡിച്ചർ ആണ്. അതാണ് ഞാൻ പറയുന്നതു് ഈ മന്ത്രിസഭ ഒരു കാലത്തും പുരോഗമിക്കാനാവാത്ത വിധത്തിലുള്ള നയപരിപാടികളാണ് ഉൾക്കൊണ്ടിട്ടുള്ളതെന്ന് അനന്തര തലമുറ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിധത്തിൽ ഒരു രാജ്യവും മുന്നോട്ടു പോവുകയില്ല. ഒരു വിധത്തിലും രാജ്യത്തിനു ഉയർച്ച ഉണ്ടാവുകയുമില്ല.

ഞാൻ എന്റെ പ്രമേയത്തിൽ ഈ മന്ത്രിസഭ കാപ്രീഷ്യസ് ആയി പ്രവർത്തിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങളിൽ ചിലതു നല്ല കാര്യങ്ങളായിരിക്കും. നല്ല കാര്യങ്ങൾ എന്നു പ്രമേയകർത്താവും ഉപയോഗിയ്ക്കുകയുണ്ടായി. ആറേഴ് ബില്ലുകൾ ഈ നിയമസഭയിൽ കൊണ്ടുവരുവാൻ പോകുന്നു എന്ന് രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ സോഷ്യലിസ്റ്റ ഗവണ്മെന്റ എന്തുകൊണ്ട് ട്രാൻസ്പോർട്ട ദേശസാൽക്കരണത്തിനുവേണ്ടി ഒരു ബിൽ കൊണ്ടുവന്നില്ല? ട്രാൻസ്പോർട്ട് ദേശസാൽക്കരണത്തെപ്പററി പല അവസരങ്ങളിലും ട്രാൻസ്പോർട്ട മന്ത്രി പറയാറുണ്ട്. ട്രാൻസ്പോർട്ട ദേശസാൽകരണം ഇന്ന് ഒരു നിയമംകൂടാതെ സാദ്ധ്യമാകയില്ല. എന്തുകൊണ്ട് ഈ മന്ത്രിസഭ ട്രാൻസ്പോർട്ട് ദേശസാൽക്കരണത്തിനുവേണ്ടി ഈ സഭ വെമ്പൽ കൊള്ളുമ്പോൾ അടിയന്തിരമായി ഒരു ആക്ററ് മുഖേന ഒരു നിയമം ഇന്നു നടപ്പിലാക്കാതെ അതു മാററിവച്ചു? ഈ രാജ്യത്തെ ട്രാസ്പോർട്ട മുഴുവൻ ദേശസാൽക്കരിക്കണമെന്ന് ഗവണ്മെൻറിനുദ്ദേശമുണ്ടെങ്കിൽ തീർച്ചയായും അതിനൊരു നിയമംവേണം. അങ്ങിനെ ഒരു നിയമം വേണമെന്നുള്ളതു് ഭരണഘടനയുടെ 19-ാംവകുപ്പിൽ പറയുന്നുണ്ട്. 1951-ൽ ഭരണഘടനയിൽ എഴുതിച്ചേർത്ത ഒരു ഭേദഗതിയാണിതു്. ഇൻഡ്യയിലെ മററനേകം സംസ്ഥാനങ്ങളിൽ റോഡ്ട്രാൻസ്പോർട്ട് ദേശസാൽക്കരണം നടപ്പാക്കുന്നതിന് ഭരണഘടന തടസ്സമായി നിൽക്കുന്നു എന്നു കണ്ടു് ഒരു ഭേദഗതി കൊണ്ടുവരുകയാണ് ചെയ്തതു്. ഇതൊരു സോഷ്യലിസ്റ്റ ഗവണ്മെൻറല്ലേ? ഇവർ വ്യവസായങ്ങൾ ദേശസാൽക്കരണത്തിന് അനുകൂലിക്കുന്നവരല്ലേ? അതിനുപകരം ഇവർ എന്തുചെയ്തു? ട്രാൻസ്പോർട്ട മന്ത്രി ഒരു ദിവസം വൈകുന്നേരം ഒരു പ്രസ്സുനോട്ടിറക്കി. ഒരു ദിവസം വൈകുന്നേരം ചില ലൈനുകളിൽ, പ്രൈവററ സർവ്വീസ് നടന്നുകൊണ്ടിരുന്ന സ്ഥലങ്ങളിൽ, നമ്മുടെ ട്രാൻസ്പോർട്ടുമന്ത്രി ഓരോ വണ്ടി ഓടിക്കുവാൻ അനുവാദം കൊടുത്തു. അതേ തുടർന്നുണ്ടായ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

കഴപ്പുണ്ടെന്നു നിങ്ങൾ അറിഞ്ഞിട്ടുള്ളതാണല്ലോ. ഞാൻ ഈ രാജ്യത്തെ ട്രാൻസ്പോർട്ടു മുതലാളിമാർക്കുവേണ്ടി വാദിക്കുകയല്ല. പ്രൈവറ്റു ഉടമകൾ വണ്ടികൾ നടത്തുന്ന ലൈനുകളിൽ അതായതു ട്രാൻസ്പോർട്ടു ബോർഡിന്റെ അനുമതിയോടുകൂടി ഒരു ലൈനിൽ എത്ര വണ്ടികൾ ആവശ്യമുണ്ടു് എന്നും മററുമുള്ള കാര്യങ്ങൾ അന്വേഷിച്ചതിന്റെ ശേഷമാണു് ട്രാൻസ്പോർട്ടു ബോർഡു പ്രൈവറ്റു ഉടമകൾക്കു് ലൈനുകളിൽ ബസ്സുകൾ അനുവദിച്ചുകൊടുത്തിരിക്കുന്നതു്. ഇങ്ങനെ ട്രാൻസ്പോർട്ടു് ബോർഡു് അനുവദിച്ചുകൊടുത്തിരിക്കുന്ന ലൈനുകളിൽ നമ്മുടെ ട്രാൻസ്പോർട്ടുമന്ത്രി ഒരു ദിവസം ഒരു പ്രസ്സുനോട്ടുമിറക്കിയിട്ടു പറയുകയാണു് നാളെ ഞങ്ങളുടെ വണ്ടികൾ ആ ലൈനുകളിൽ കൊണ്ടുചെന്നോടാൻ പോവുകയാണു് എന്നു്. കാക്കകൾ പറക്കുന്നതുപോലെ പ്രൈവറ്റു് വണ്ടികൾ ഓടിക്കൊണ്ടിരിക്കുന്ന ലൈനുകളുടെയിടയിൽ ഇങ്ങനെ ഗവണ്മെൻറുവണ്ടികൾ ഓടിക്കുകയാണെങ്കിൽ പ്രൈവറ്റു ട്രാൻസ്പോർട്ടു ഉടമകൾ നശിക്കും. അവർക്കും നഷ്ടം നേരിടും. ഗവണ്മെൻറിനും നഷ്ടം വരും. ഇന്നു് ഗവണ്മെൻറിനു് അതുമൂലം നഷ്ടം വന്നുകൊണ്ടാണിരിക്കുന്നതു്. ട്രാൻസ്പോർട്ടു് ബസ്സുകൾ പ്രൈവറ്റു ബസ്സുകളുടെയിടയിൽ കൊണ്ടുപോകുന്നതുനിമിത്തം ഭയങ്കരമായ നഷ്ടമാണു് ഗവണ്മെൻറിനും രാജ്യത്തിനുമുണ്ടാകുന്നതു്. ഇതുമൂലം ഉണ്ടാകുന്ന നഷ്ടം മന്ത്രി അച്ചുതനാണോ? നഷ്ടം ഈ രാജ്യത്തിനാണു്. അതാണു് ഞാൻ എന്റെ പ്രമേയത്തിൽ പറയുന്നതു് നശിപ്പിച്ചുകൊണ്ടു് ഭരണം നടത്തുകയാണു് എന്നു്. ഇതിനു് ഗവണ്മെൻറു് പ്രൈവറ്റു സെക്രട്ടറിനു് ഒരു നോട്ടീസു കൊടുക്കണമായിരുന്നു. ഇന്നു് സംസ്ഥാനത്തെ വ്യവസായങ്ങളിൽ പ്രൈവറ്റു് സെക്ററിനു് ഒരു സ്ഥാനമുണ്ടു്. അപ്പോൾ പ്രൈവറ്റു് സെക്ററിനെ നീക്കം ചെയ്യുന്നതിനു് ഗവണ്മെൻറു് നിയമപരമായ നടപടികൾ നടത്തണം. അതു ചെയ്യാതിരുന്നതു് ന്യായമോ നീതിക്കു് യോജിച്ചതോ അല്ല. ഈ ട്രാൻസ്പോർട്ടു് ദേശസാൽക്കരണം എന്നു പറയുന്നതു് ഇൻഡ്യയുടെ പല ഭാഗത്തും നടത്തിക്കഴിഞ്ഞിട്ടുണ്ടു്. യു. പി. യിലും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. അവിടെ എടുത്തിട്ടുള്ള നടപടികൾ ഒന്നും ഓർക്കാതെയാണു് ഇപ്പോൾ ഇവിടെ ചെയ്തുകഴിഞ്ഞിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : പ്രൈവറ്റു വണ്ടികൾ ഓടുന്ന ലൈനുകളിൽ എക്സ്പ്രസ്സു് വണ്ടികൾ ഓടിച്ചുവന്നിരുന്ന ഒരു പതിവു് പഴയ ഗവണ്മെൻറിന്റെ കാലത്തു് ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരിക്കാം. അതു തെററാണു്. ആ തെററു് തിരുത്താവുന്നതാണല്ലോ. എന്നാൽ ഇന്നു് നാം നാഷണലൈസ്ഡ് റൂട്ടുകൾ എന്നു പറയുന്നവ വാസ്തവത്തിൽ അങ്ങിനെയല്ല. അവിടെ പ്രൈവറ്റു ഓണേഴ്സിനു ബസ്സുകൾ ഓടിക്കണമെങ്കിൽ അതിനു് ഫീജി കൊടുക്കണം, അതനുവദിക്കാൻ നിവൃത്തിയില്ലെന്നാണു് പറയുന്നതു്. ഈ വിധത്തിലുള്ള കാപ്രിഷ്യസ് അഡ്മിനിസ്ട്രേഷൻ.....

ശ്രീ. ടി. കെ. ദിവാകരൻ : ആലുവാ ലൈനിൽ എക്സ്പ്രസ്സു് ബസ്സുകൾ മാത്രമല്ലേ ഓടുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെനിക്കറിഞ്ഞുകൂടാ. സർ, ഈ ട്രാൻസ്പോർട്ടിന്റെ കാര്യത്തിൽ ഒരു വ്യത്യാസം വരുത്തണമെങ്കിൽ അതിന് ഒരു ട്രാൻസ്പോർട്ട് ദേശസാൽക്കരണബില്ല വേണം. ഈ നിയമസഭയിൽ ഏതെങ്കിലും ഭാഗത്തുനിന്ന് ആ ബില്ലിനെ എതിർക്കുമെന്നു വിചാരിക്കുന്നുണ്ടോ ? അതാണ് ഞാൻ പറഞ്ഞതു്, ഈ മന്ത്രിസഭയ്ക്ക് അതിനുള്ള വിവരമില്ലെന്ന്. അല്ലെങ്കിൽ ദേശസാൽക്കരണത്തിന് ആവശ്യമായ ഒരു ബില്ല കൊണ്ടുവരികയോ മറ്റൊന്നും ചെയ്യാതെ നൂറു പുതിയ ബസ്സുകൾ വാങ്ങിക്കാൻ പോകുമോ ? വേണ്ടതു വേണ്ട സമയത്തു വേണ്ടവണ്ണം ചെയ്യാൻ ഇവർക്കു കഴിവില്ല. ഗവണ്മെന്റ് അതു ചെയ്യാത്തതുകൊണ്ട് ഗവണ്മെന്റിന് നഷ്ടം നേരിടും, പ്രൈവറ്റുടമകൾ നശിക്കും എന്നുള്ളതാണ് ഇതിന്റെയെല്ലാം ഫലം.

അവസാനമായി ഞാൻ ഈ മിനിസ്ട്രിയുടെ സ്റ്റേബിലിറ്റിയെപ്പററി ചോദിക്കുകയാണ്. രാജപ്രമുഖൻ ഇവിടെ ചെയ്ത പ്രസംഗത്തെപ്പററി ആലോചിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉൾക്കൊള്ളുന്ന ഏററവും പ്രധാനമായ സംഗതി ഈ മന്ത്രിസഭയെപ്പററിയാണ്. ഈ മന്ത്രിസഭയ്ക്ക് ഞങ്ങൾ അതായതു് കാൺഗ്രസ് പാർട്ടി പിൻതുണ നൽകാം എന്ന് രാജപ്രമുഖന് എഴുതിയ ഒരു എഴുത്തിനെ തുടർന്നാണ് ഈ മന്ത്രിസഭ അധികാരത്തിൽ വന്നതെന്നു പ്രസിദ്ധമാണ്. ശ്രീമാൻ പട്ടം താണുപിള്ള ഒരു മന്ത്രിസഭ രൂപീകരിക്കുകയാണെങ്കിൽ കാൺഗ്രസ്സ് പാർട്ടി ആ മന്ത്രിസഭയ്ക്ക് പിൻതുണ നൽകാം എന്നു ഞങ്ങൾ രാജപ്രമുഖന് എഴുതി അയയ്ക്കുകയുണ്ടായി. അതേ തുടർന്നാണ് ഈ രാജ്യത്തു പി. എസ്സ്. പി. മന്ത്രിസഭ രൂപീകരിക്കാൻ സാധിച്ചതു്. അതു തുടർന്നുവരവേയാണ് ഈ ഡിസംബർ മാസത്തിൽ കാൺഗ്രസ്സ്, അവർ നൽകികൊണ്ടിരുന്ന പിൻതുണ പിൻവലിച്ചതു്. അതിനുള്ള കാരണങ്ങളെപ്പററി ഈ നിയമസഭയിൽ പറയുന്നതു പ്രസക്തമല്ല. അങ്ങിനെ പിൻതുണ പിൻവലിച്ചു എന്നുള്ള വസ്തുത ഞങ്ങൾ രാജപ്രമുഖനേയും എഴുതി അറിയിച്ചു. അതിനുശേഷം അങ്ങനെ പതിനേഴോ പതിനെട്ടോ അംഗങ്ങൾ മാത്രം ഇന്നു ഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. പത്തോ പതിനെട്ടോ ആളുകൾ ഭരണം നടത്തുക എന്നുവെച്ചാൽ അതു് ഒരു അൺസ്റ്റേബിൾ അഡ്മിനിസ്ട്രേഷനായിരിക്കാനെ തരമുള്ളു എന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങനെയുള്ള മിനിസ്ട്രിക്ക് അതിൽ എത്രതന്നെ ധർമ്മബോധമുള്ള ആളുകളായാൽതന്നെയും അവരുടെ ധർമ്മബോധത്തിനു പാർട്ടിക്കു പുറത്തുവരാതേയും ഒരു അൺസ്റ്റേബിൾ അഡ്മിനിസ്ട്രേഷനാകാതേയും അവർക്കു തെററു ചെയ്യാതേയും ഇരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ശ്രീമാൻ താണുപിള്ള അദ്ദേഹത്തിന്റെ അഡ്മിനിസ്ട്രേററീവ് ആയുധം ഉപയോഗിച്ചു് തന്റെ മന്ത്രിസഭയുടെ ആയുസ്സിന് ഓക്സിജൻ കൊടുക്കാതെ നിവൃത്തിയില്ല. അതിലേക്ക് ഓക്സിജൻ അഡ്മിനിസ്ട്രേററീവ് മെഷനറി ആകാതെ നിവൃത്തിയില്ല. അങ്ങനെ ഈ മന്ത്രിസഭ ഇന്നത്തെ ഗവണ്മെന്റിലും മററും ശക്തിയുപയോഗിച്ചു സോഷ്യലിസ്ററു പാർട്ടിയുടേയും മന്ത്രിസഭയുടേയും സ്വന്തം കാര്യം നടത്തുന്നതിനുവേണ്ടി പ്രവൃത്തിക്കുന്നു എന്നു ഞാൻ ഈ മന്ത്രിസഭയെ കുററപ്പെടുത്തുകയാണ്. അതിന് അധികം ഉദാഹരണങ്ങൾ ഇനിയും എടുത്തു പറയേണ്ട ആവശ്യമില്ല.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇനി പുന്നപ്ര-വയലാർ കേസുകളിലെ പ്രതികളുടെ കാര്യത്തെപ്പററി പറയുകയാണ്. അതിന്റെ സൂക്ഷ്മവിവരങ്ങൾ ഒന്നും എനിക്കറിവില്ല. പക്ഷെ, അവരെ മോചിപ്പിക്കാൻവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ ഒരു പകർപ്പ് എനിക്കു കാണാൻ കഴിഞ്ഞു. എന്താണ് അതിൽ പറയുന്നത് എന്നു നോക്കാം. ഈ രാജ്യത്തെ സ്വാതന്ത്ര്യസമരത്തിൽ പംകുകൊണ്ടവരാണ് ഇവർ. അഞ്ചാമത്തു റിപ്പബ്ളിക്കൻ ദിനം സംബന്ധിച്ചാണു പുന്നപ്ര-വയലാർ പ്രതികളെ വിടുന്നതെന്നു ഗവണ്മെന്റ് ആർഡേഴ്സിൽ പറഞ്ഞിരിക്കുന്നു. സർ, ഈ ഗവണ്മെന്റ് ആർഡേഴ്സ്.ലെ ഓരോ അക്ഷരവും അവാസ്തവമല്ലേ? ഗവണ്മെന്റ് ആർഡേഴ്സിലുള്ള ഓരോ അക്ഷരത്തിന്റെയും ആത്മാർത്ഥതക്കുറവിനെപ്പററി മാത്രമാണ് ഞാൻ പറയുന്നത്. തടവുകാരെ ഇപ്പോൾ വിട്ടതിനെപ്പററി എനിക്കു പരാതിയില്ല. പത്തു മുപ്പതു പ്രതികൾ അഞ്ചെട്ടുകൊല്ലക്കാലം ജയിലിൽ കിടന്ന, സ്വാതന്ത്ര്യത്തിനുവേണ്ടി കാൺഗ്രസ്സിന്റെ സമരപരിപാടികളിൽ പങ്കെടുത്ത ഏതാനുംപേരെ മോചിപ്പിക്കുന്നതിൽ എനിക്കു പരാതിയില്ല. പക്ഷെ അവരെ മോചിപ്പിക്കുന്നതു് റിപ്പബ്ളിക്കൻ ദിനത്തിന്റെ ഒരു പ്രത്യേകതയായി മി. താണുപിള്ള പറയുമ്പോൾ അതിന്റെ ആത്മാർത്ഥതയില്ലായ്മയെ ചോദ്യം ചെയ്യാതിരിക്കാൻ സാദ്ധ്യമല്ല. അതിന്റെ അടിസ്ഥാനത്തിലാണു ഈ തടവുകാരെ മോചിപ്പിച്ചതെന്നു പറയുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല.

സർ, 1110 മുതൽ 1123 വരെ ഈ രാജ്യത്തെ ഭരണം കാൺഗ്രസ് ഏറെറടുക്കുന്നതുവരെ, സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടത്തിക്കൊണ്ടിരുന്ന സ്റ്റേററുകാൺഗ്രസ് സംഘടനയുടെ പ്രസിഡൻറായിരുന്നു മി. പട്ടം താണുപിള്ള. അദ്ദേഹം നേതൃത്വം വഹിച്ചിരുന്ന സംഘടനയുടെ സമരപരിപാടിയിൽ പങ്കെടുത്തു ജയിൽവാസം അനുഭവിച്ച പുന്നപ്ര-വയലാർ പ്രതികളെ വിടണമെന്നു അദ്ദേഹത്തിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ, ആദ്യമായി കാൺഗ്രസ്സിനു അധികാരം കിട്ടി അദ്ദേഹം മുഖ്യമന്ത്രിയായി അധികാരം ഏറെറടുത്ത അവസരത്തിൽ, ആദ്യത്തെ ഫയലിൽ ഒപ്പിടുന്നതിനു മുൻപുതന്നെ പുന്നപ്ര-വയലാർ പ്രതികളെ വിടുകയായിരുന്നില്ലേ വേണ്ടിയിരുന്നതു്? ഞാൻ അന്നു തിരുവിതാംകൂറിലായിരുന്നില്ല. മറെറാരു രാജ്യത്ത്, ഇവിടെ നടക്കുന്നതു എന്തെല്ലാമെന്നു അറിയാതെ കഴിയുകയായിരുന്നു. എങ്കിലും ഈ സ്റ്റേററിലെ പ്രമുഖന്മാരായ ശ്രീ. സി. കേശവൻ, ശ്രീ. കുമ്പളത്തു ശംകുപ്പിള്ള തുടങ്ങിയ കാൺഗ്രസുകാർ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടത്തോടു അഭ്യർത്ഥിച്ചതാണ്; യാചിച്ചതാണ് പുന്നപ്ര-വയലാർ പ്രതികളെ വിടണമെന്ന്. ആറേഴുമാസക്കാലം മുഖ്യമന്ത്രിയായി അധികാരത്തിലിരുന്ന ശ്രീ. പട്ടം താണുപിള്ള അന്നു പുന്നപ്ര-വയലാർ പ്രതികളെ മോചിപ്പിക്കുവാൻ കൂട്ടാക്കിയില്ല. ചില കാരണങ്ങളാൽ അദ്ദേഹം അധികാരത്തിൽനിന്നും പോയി, 1954 ജനുവരിമാസത്തിൽ കമ്മ്യൂണിസ്ററുകാരും, ആർ. എസ്സ്. പി-ക്കാരും, കെ. എസ്സ്. പി-ക്കാരും, യോജിച്ച് ഒരു തെരഞ്ഞെടുപ്പുസഖ്യം ഉണ്ടാക്കി. ആ സഖ്യത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ വിജയിച്ച്, 1954 മാർച്ചിൽ അദ്ദേഹം വീണ്ടും മുഖ്യമന്ത്രിയായി. ആ തെരഞ്ഞെടുപ്പുകാലത്ത് ഐക്യമുന്നണിക്കാർ തമ്മിലുണ്ടായിരുന്ന കരാറുകളിൽ ഒന്നായിരുന്നു രാഷ്ട്രീയതടവുകാരുടെ മോചനവും. അതു ശരിയാണോ എന്നു എനിക്ക്

അറിവില്ല. പത്രപ്രസ്താവനകൾ മൂലവും, ചില ഐക്യമുന്നണിസ്നേഹിതന്മാർ പറഞ്ഞും എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതാണ് ഈ വസ്തുത. ശ്രീ. താണുപിള്ള 1954 മാർച്ചുമാസത്തിൽ അധികാരത്തിൽ വന്നഉടനെ പറഞ്ഞതു് രാഷ്ട്രീയതടവുകാരെ വിടുന്നതിനെ സംബന്ധിച്ച് ഒരു ജുഡീഷ്യറി എൻക്വയറി നടത്താൻപോകുന്നുവെന്നാണ്. പക്ഷെ, നിയമസഭയിൽ അദ്ദേഹം പറഞ്ഞതു്, ഒന്നുരണ്ടു സന്ദർഭങ്ങളിൽ സൂചിപ്പിച്ചതു് കൊലയും കൊള്ളയും, കൊലപാതകവും നടത്തി ശിക്ഷിക്കപ്പെട്ടു കിടക്കുന്ന ഇക്കൂട്ടരെ മോചിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നാണ്. ആ മി. താണുപിള്ളയാണോ ഇപ്പോൾ ഇങ്ങനെ ചെയ്തതെന്നു ഞാൻ ചോദിക്കുന്നു. 1955 ജനുവരി 25-ാംനു- ഉച്ചയ്ക്കു 11 മണിക്കു് രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ഈ കാര്യത്തെപ്പററി—രാഷ്ട്രീയപ്രാധാന്യമുള്ള ഈ സംഗതിയെപ്പററി ഒന്നും തന്നെ നയപ്രഖ്യാപനപ്രസംഗത്തിൽ സൂചിപ്പിച്ചിട്ടില്ല. റിപ്പബ്ളിക്കൻ ദിനം സംബന്ധിച്ച ഔപചാരികമായ ചടങ്ങുകൾ കഴിഞ്ഞു് 13 മണിക്കൂറിനുശേഷം—1955 ജനുവരി 26-ാംനു- അർദ്ധരാത്രി മുതൽ പിറേറന്നു് അർദ്ധരാത്രിവരെയാണല്ലൊ റിപ്പബ്ളിക്കൻ ദിനം—റിപ്പബ്ളിക്കൻ ദിനം തുടങ്ങുന്നതിനു് 12 മണിക്കൂർ മുൻപു് ഈ പ്രതികളെ വിടുന്നതിനുള്ള തീരുമാനത്തെപ്പററി രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ ഒന്നുംതന്നെ പ്രസ്താവിക്കാതെ, ആഴ്ചപത്രികളിൽ കട്ടിലുണ്ടാക്കുന്ന കാര്യങ്ങളും മററുമാണു പറഞ്ഞുകാണുന്നതു്. റിപ്പബ്ളിക്കൻദിനം തുടങ്ങി രാത്രി 12 മണിവരെ പുന്നപ്ര–വയലാർ പ്രതികൾ പൂജപ്പുര സെൻട്രൽ ജയിലിൽ കിടക്കുകയായിരുന്നു. 27-ാംനു- കാലത്തു് 9 മണിക്കു് ശ്രീ. ചിദംബരനാഥനാടാർ മന്ത്രിസഭയുടെ മേൽ ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ പോകുന്നുവെന്നറിഞ്ഞതുകൊണ്ടു്, ആ പ്രമേയം ചർച്ചയ്ക്കു വരുന്നതിനു് 6 മണിക്കൂർ മുൻപല്ലേ സർ, ഇവരെ മോചിപ്പിച്ചതു്. അതും അർദ്ധരാത്രി മൂന്നുമണിക്കു്, റിപ്പബ്ളിക്കൻ ദിനം കഴിഞ്ഞു്, 1955 ജനുവരി 27-ാംതീയതി വെളുപ്പിനു് മൂന്നുമണിക്കു രാജ്യത്തുള്ള എല്ലാ ആളുകളും ഉറങ്ങിക്കിടക്കുന്ന സന്ദർഭത്തിൽ, ഏതോ ചെയ്യരുതാത്തതു ചെയ്യുന്നുവെന്ന മനോഭാവത്തോടുകൂടി, അതാരും താൽക്കാലികമായിട്ടെങ്കിലും അറിയാതിരിക്കട്ടെ എന്നു കരുതിയല്ലേ ഇങ്ങനെയൊരു പ്രത്യേക സമയത്തു് മി. താണുപിള്ള പുന്നപ്ര–വയലാർ പ്രതികളെ മോചിപ്പിച്ചതെന്നു ഞാൻ ചോദിക്കുന്നു? എന്താണ് സർ, ഇതിൽ നിന്നും മനസ്സിലാകുന്നതു്? കൊള്ളയും, കൊലപാതകവും നടത്തിയവരെ മോചിപ്പിക്കാൻ ആദ്യം വിസമ്മതിച്ചിരുന്ന മി. പട്ടം താണുപിള്ള ഇപ്പോൾ ഇതു ചെയ്തതു് രണ്ടുദിവസം കൂടിയെങ്കിലും മന്ത്രിസഭ തുടരട്ടെ എന്നുള്ള മോഹംകൊണ്ടല്ലേ; അതെത്ര ലജ്ജാകരമായ ഒരു നടപടിയായിരുന്നു? സർ ഈ തരത്തിൽ സ്വന്തം പാർട്ടിതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി, അധികാരം നിലനിറത്താൻവേണ്ടി രണ്ടുദിവസംകൂടിയെങ്കിലും മന്ത്രിമാരായി തുടരാൻ ആഗ്രഹിക്കുന്ന ഈ രാജ്യത്തെ നാലു പന്ത്രന്മാരുടെ കയ്യിയാണല്ലൊ ഈ രാജ്യത്തിന്റെ ഭാവിഭാഗധേയങ്ങൾ അപ്പിക്കപ്പെട്ടിരിക്കുന്നതെന്നോർത്തു ഞാൻ വ്യസനിക്കുകയാണ്.

സർ, ഈ അവസരത്തിൽ ഞാൻ കമ്മ്യൂണിസ്റ്റുപാർട്ടിയെ അനുമോദിക്കുകയാണ്. അതു അവരുടെ നയപരിപാടികളേയൊ, ഇതുവരെയുള്ള അവരുടെ പ്രവർത്തനങ്ങളേയോ ആസ്പദമാക്കിയല്ല. തടവിൽനിന്നും മോചിതരായവർക്കു് എന്റെ വിപ്ലവാഭിവാദ്യങ്ങൾ നൽകുകയാണ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഞാൻ. അവരെ അനുമോദിക്കുന്നതിന് കാരണമുണ്ട്. എന്തുകൊണ്ടെന്നാൽ മിടുക്കന്മാരായ ശ്രീ. ടി. വി. തോമസും സഹപ്രവർത്തകരും മി. താണുപിള്ളയിൽനിന്നും അവർക്ക് എന്തെങ്കിലും പിടിച്ചുപററാൻ പററിയ സന്ദർഭം ഇതാണെന്നു മനസ്സിലാക്കി വേണ്ടവണ്ണം പ്രവർത്തിച്ചല്ലോ എന്ന ഒരു അഭിനന്ദനമാണു എനിക്കുള്ളത്. മരിക്കാൻപോകുന്ന ആളുകളെക്കൊണ്ടു മരണപത്രം എഴുതിച്ചുവാങ്ങുന്ന മിടുക്കന്മാരും മിടുക്കികളുമുണ്ട്. അതുപോലെ മന്ത്രിസഭ വീഴാൻപോകുന്നുവെന്നു കണ്ടപ്പോൾ 27-ാംനു-9 മണിക്ക്.....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇതുപോലൊരു സന്ദർഭത്തിൽ, പിണങ്ങി പിരിഞ്ഞ തമിഴനാട്ടുകാരെ പിടിക്കാൻ കാൺഗ്രസുകാർ പോയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാൺഗ്രസുകാർ അങ്ങനെ പോയിട്ടില്ല; ശ്രീ. ചാഴിക്കാട്ടു ജോസഫ് അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ അനുകൂലിച്ചു ഞങ്ങൾക്ക്, ശ്രീ. ചിദംബരനാഥനാടാർ കൊണ്ടുവന്ന അവിശ്വാസപ്രമേയത്തെ പിൻതാങ്ങുന്നതിൽ സാങ്കേതിക തടസ്സം ഒന്നുമുള്ളതായി തോന്നുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ചാഴിക്കാട്ടു ജോസഫിൻെറ വിശ്വാസപ്രമേയത്തെ പിൻതാങ്ങുകയില്ല, പിൻതാങ്ങുകയില്ല എന്നു വെളുക്കുന്നതുവരെ പറഞ്ഞിട്ട് നേരംവെളുത്തപ്പോൾ പിൻതാങ്ങുകയല്ലേ ചെയ്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറഞ്ഞുവന്നതു് പുന്നപ്ര–വയലാർ തടവുകാരെ മോചിപ്പിക്കുന്നതിൽ കമ്മ്യൂണിസ്ററുകാർ അവരുടെ കരുക്കൾ ബോധപൂർവം നീക്കുകയും, റിപ്പബ്ളിക്കൻ ദിനത്തിൽ രാഷ്ട്രീയതടവുകാരെ വിടുന്നതായി ഉത്തരവു പുറപ്പെടുവിച്ചിട്ട്, നിലവിലിരിക്കുന്ന ജയിൽനിയമങ്ങൾപോലും ലംഘിച്ചുകൊണ്ടു 27-ാംനു-വെളുപ്പിനു് തടവുകാരെ വിടുവിക്കുകയും ചെയ്തതിനെപ്പററിയായിരുന്നു. മന്ത്രിസഭയുടെ നിലനിൽപ്പിനുവേണ്ടി ഗവണ്മെൻറു എല്ലാ വിധത്തിലുള്ള മിഷനറികളും ഉപയോഗിച്ചുവെന്നുള്ളതിനു് ഉദാഹരണമായി ഇതു ഞാൻ ചൂണ്ടിക്കാണിച്ചതാണ്.

സർ, ഈ രാജ്യത്തു ഒരു സൽഭരണം നടത്താൻ ആഗ്രഹിക്കുന്ന ഗവണ്മെൻറിനു് ശക്തിയായി ഭരണം തുടരാൻ ഈ വിധത്തിലുള്ള പിൻതുണയോ, പാർട്ടിതാൽപ്പര്യസംരക്ഷണമോ കൊണ്ടു സാദ്ധ്യമല്ല. പി. എസ്സ്. പി. ഗവണ്മെൻറു ഇവിടെ ഭരണമേററ 9 മാസത്തിനുള്ളിൽ നാലു ലാത്തിച്ചാർജ്ജു നടത്തിയിട്ടുള്ളതായി അധികൃതമായ പ്രസ്താവനയുണ്ടായി, ചോദ്യോത്തരങ്ങളിൽനിന്നും നാലല്ല നാൽപ്പതുവരെ ലാത്തിത്തല്ല നടന്നിട്ടുള്ളതായി മനസ്സിലാകുന്നു. ചില ലാത്തിച്ചാർജ്ജുകളിന്മേൽ മാത്രം എൻക്വയറി നടത്താമെന്നു സമ്മതിച്ചിട്ടുണ്ട്. സർ, ഞാൻ ചോദിക്കുന്നതു് പാർട്ടിതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിമാത്രം ഇങ്ങനെയുള്ള അവസരങ്ങൾ ഉപയോഗിക്കുന്നതു ശരിയാണോ എന്നാണ്. എൻെറ പ്രസ്താവനയിൽ വല്ല പരുഷ്യവും തോന്നുന്നുണ്ടെങ്കിൽ ക്ഷമിക്കണം. സ്വന്തം പാർട്ടിയിലെ ചില.....

ശ്രീ. മഞ്ജുനാഥപ്രഭു : സർ, രാജപ്രമുഖന്റെ നയപ്രഖ്യാപന പ്രസംഗത്തെ പരാമർശിച്ചു പ്രസംഗിക്കുമ്പോൾ മററു പാർട്ടികളെപ്പററി പറയുന്നതു സംഗതമാണോ ?

മി. സ്പീക്കർ : ഇതുവരെ പറഞ്ഞിട്ടുള്ളിടത്തോളം സംഗതമായ കാര്യങ്ങൾതന്നെയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഞാൻ പറയുന്നതു്, പാർട്ടി താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് അതിന്റെ മിഷനറികൾ ഉപയോഗിക്കുന്നുവെന്നാണ്. ഒല്ലൂരിൽ ഒരു ലാത്തിചാർജ്ജ് ഉണ്ടായി. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ഒരാൾ തേക്കുംകാട്ടിൽ ഒരു നിരാഹാരസത്യാഗ്രഹം നടത്തിയതിനെ തുടർന്നാണ് ഈ ലാത്തി ചാർജ്ജ് ഉണ്ടാകാൻ കാരണമായിട്ടുള്ളതു്. അതെപ്പററി ഒച്ചപ്പാടുണ്ടായി, അന്വേഷണം നടത്തി. അന്വേഷണം നടത്തിയതു് ഡിസ്ട്രിക്ററ മജിസ്ട്രേട്ടായിരുന്നു. അന്വേഷണം വേണ്ടെന്നോ വേണമെന്നോ ഉള്ളതിനെപ്പററി ഞാൻ വാദിക്കുകയല്ല. പക്ഷെ, ലാത്തി ചാർജ്ജ് ഉണ്ടാകാനുള്ള കാരണം ഉണ്ടാക്കിയതിനെയാണ് ഞാൻ അപലപിക്കുന്നതു്. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ഒരു പുരുഷൻ ഈ ഭരണകാലത്തു് നിർാഹാരസത്യാഗ്രഹം നടത്താനും അതിനെത്തുടർന്നു് ലാത്തിചാർജ്ജ് ഉണ്ടാക്കാനും ഇടയായതു് ഓർക്കുമ്പോൾ ചില ദുർബ്ബലരായ മാതാപിതാക്കളുടെ സന്താനങ്ങൾ ചിലപ്പോൾ വിഡ്ഢിത്തം കാണിക്കുന്നതിൽ ഉത്സാഹം പ്രകടിപ്പിക്കുന്നതുപോലെയാണ് ഈ സംഭവം. തെക്കൻ തിരുവിതാംകൂറിലെ അനിഷ്ടസംഭവങ്ങളെപ്പററി, അതായതു് അവിടെ പല സ്ഥലങ്ങളിലും നടത്തിയ വെടിവയ്പിനെപ്പററി ഗവണ്മെൻറ് നേരിട്ടു ഒരു കാരണവശാലും അന്വേഷണം നടത്തുകയില്ലായെന്നു് ശപഥം ചെയ്തു മുഖ്യമന്ത്രി അതു കഴിഞ്ഞു് ഡെൽഹിയിൽ പോകേണ്ടി വന്നപ്പോൾ അവിടെവച്ചു് ലോഹ്യയും കൂട്ടരും അദ്ദേഹത്തെ വിട്ടില്ല. ശാഠ്യം പിടിച്ചു വല്ലാതെ വിഷമിപ്പിച്ചു. തിരിയെ വന്നയുടനെതന്നെ അദ്ദേഹം എൻക്വയറി നടത്തുകയാണു ചെയ്തതു്. രാജ്യനന്മയെ പുരസ്കരിച്ചു് ഭരണം നടത്തുന്ന ഒരു മന്ത്രിസഭയാണെങ്കിൽ രാജ്യത്തിന്റെ സ്ഥിതിഗതികളെ അപ്പോഴപ്പോൾ മനസ്സിലാക്കി എന്താണോ കരണീയം എന്നു ചിന്തിച്ചു പ്രവർത്തിക്കുന്നതു്. നേരെ പകരം ഉദ്യോഗസ്ഥമിഷനറിയെക്കൊണ്ടു് രാജ്യത്തിനും ജനങ്ങൾക്കും യോജിക്കാത്തവിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കുകയാണു് ചെയ്തിട്ടുള്ളതു്. നിയമസഭയിലെ ഭൂരിപക്ഷമുള്ള ഒരു പാർട്ടിയുടെ പിൻതുണയോടുകൂടി ഭരണം നടത്തുന്ന ഒരു ഗവണ്മെൻറ് ഈ വിധത്തിലുള്ള അന്യായങ്ങൾ നടത്തുന്നതു് വെറും മൗഢ്യമാണെന്നു പറയാനെ നിവർത്തിയുള്ളൂ. രാജ്യത്തിനും ജനങ്ങൾക്കും ഗുണപ്രദമായവിധത്തിൽ ഭരിക്കാനാണു്, ഭരണം നടത്താനാണു് തങ്ങളുടെ ആഗ്രഹമെന്നു് അവർ സ്ഥാപിക്കുന്നുവെങ്കിൽ ഇത്തരുണത്തിൽ ഞങ്ങളെകൊണ്ടു് ഭരിക്കാൻ സാധിക്കുകയില്ലായെന്നു് ആത്മാർത്ഥതയോടുകൂടി പറഞ്ഞു പിരിയണം. എന്നാൽ അധികാരത്തിൽ പററി നിൽക്കുന്നതിനുവേണ്ടി എന്തു ചെയ്താലും തരക്കേടില്ലായെന്നുള്ള വിചാരത്തോടുകൂടി, അതായതു് വയലാർ-പുന്നപ്ര പ്രതികളെ വെളുപ്പിനു 3 മണിക്കു് വിട്ടാലും തരക്കേടില്ല, നിയമസഭയിൽ കമ്മ്യൂണിസ്ററുപാർട്ടി അംഗങ്ങൾ 1, 2, 3, എന്നു് വിരൽചൂണ്ടി പറയുന്ന പോലീസുകാരെയോ പോലീസു ഉദ്യോഗസ്ഥന്മാരെയോ സസ്പെൻഡു ചെയ്യാനോ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഡിസ്മിസ് ചെയ്യാനോ തയ്യാറായിരിക്കുകയാണു ചെയ്യുന്നതു്. സർ, ഇൻസ്പെക്ടർ വേണുഗോപാലനേയും, ഹൃഷികേശനേയും വാസ്തവത്തിൽ എനിക്കു് പരിചയമില്ല. ഈ ഉദ്യോഗസ്ഥന്മാരെ എന്തു ചെയ്യണമെന്നു് കമ്മ്യൂണിസ്റ്റുപാർട്ടി ഉത്തരവു പുറപ്പെടുവിക്കുന്നുവോ അപ്രകാരം പ്രവർത്തിക്കുന്നതിനു് തയ്യാറായിരിക്കുകയാണു് ഇന്നത്തെ ഗവണ്മെൻറു്. അധികാരത്തിൽ തുടരാൻവേണ്ടിയുള്ള അത്യധികമായ അഭിവാഞ്ഛമൂലം ഏതു അനീതിയും ചെയ്യാൻ സന്നദ്ധമാകുന്നതു് ഡെമാക്രസിക്കു് യോജിച്ചതാണോയെന്നു് ചിന്തിക്കേണ്ടതാണു്. ഈ ഗവണ്മെൻറു് ഈ കമ്മ്യൂണിസ്റ്റുപാർട്ടിയോടു ബന്ധപ്പെട്ടു് അധികാരത്തിൽ തുടരുന്നിടത്തോളം കാലം ഈ രാജ്യത്തെ യാതൊരു പൗരനും, യാതൊരു പോലീസു് ഉദ്യോഗസ്ഥനും രക്ഷയുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. സർ, ഒല്ലൂരിൽ നടന്ന ലാത്തി ചാർജ്ജുവേളയിൽ ഇപ്പോഴത്തെ മന്ത്രിസഭാ പാർട്ടിയുടെ പ്രമുഖ നേതാക്കന്മാരിൽ ഒരാൾ അവിടെ നടന്ന ഒരു പൊതുയോഗത്തിൽ കയറിച്ചെന്നു് പരസ്യമായി പറഞ്ഞതു് അവിടത്തെ പോലീസു ഇൻസ്പെക്ടർ കുറാലിംഗംപിള്ളയുടെ ക്രാസ്ബെൽറ്റു് കത്തിക്കു മൂർച്ചകൂട്ടാൻ കൊണ്ടുവരണമെന്നാണു്. സർ, ഞാൻ പി. എസ്സ്. പി. പാർട്ടിയെ ആക്ഷേപിക്കുകയല്ല ചെയ്യുന്നതു്. ഡമാക്രാററിക്കു് ഭരണസമ്പ്രദായം പുരോഗമിപ്പിക്കണമെന്നു് വളരെയധികം ആവേശം പ്രകടിപ്പിക്കുന്ന പി. എസ്സ്. പി. പാർട്ടി ഈ വിധമുള്ള ആഭാസമായ പദപ്രയോഗങ്ങൾ നടത്തുന്നതു് പാർട്ടിക്കുതന്നെ ഭൂഷണമല്ല. ആരുതന്നെയായിരുന്നാലും അവരെ എന്തും പറയുകയും പ്രവർത്തിക്കുകയും ചെയ്യാമെന്നുള്ള ഒരു പരിതഃസ്ഥിതി പി. എസ്സ്. പി. ഭരണകാലത്തു് ഉണ്ടായിരിക്കുന്നതു് വളരെ നിർഭാഗ്യകരമായിപോയിയെന്നു് പറയേണ്ടിയിരിക്കുന്നു. ഈ നിർഭാഗ്യകരമായ അവസ്ഥ ഈ രാജ്യത്തിനു കുറെക്കാലത്തേക്കുകൂടിയെങ്കിലും ചുമക്കേണ്ടിവരുമല്ലോ എന്നോർത്തു ഞാൻ സങ്കടപ്പെടുകയാണു ചെയ്യുന്നതു്.

ശ്രീ. ടി. വി. തോമസ്: സർ, ബഹുമാനപ്പെട്ട റാന്നി മെംബർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള കൃതജ്ഞതാ പ്രമേയത്തിൻെറ അവസാന ഭാഗത്തു് ഈ ഭേദഗതികൾ ചേർക്കേണ്ടതാണെന്നാണു് എൻെറ അഭിപ്രായം. ഈ ഭേദഗതികൾകൂടി സഭ അംഗീകരിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

"But regret to note that—

(i) there is no mention in the speech regarding the securing of the legitimate right of the Tamil-speaking people of the State for a linguistic State and creating congenial and peaceful atmosphere in South Travancore by releasing the leaders of the Tamil-speaking people and withdrawing cases against them;

(ii) there is no mention of any action to protect people against police repression;

(iii) there is no mention of any step to prevent the large scale eviction going on in the State ; and

(iv) there is no declaration of policy to protect the rights and demands of the working class"

സർ, ബഹുമാനപ്പെട്ട ചാലക്കുടിമെംബർ സഭാംഗങ്ങളോട് ചിന്തിച്ചുകൊള്ളുവാൻ സൂചിപ്പിച്ച ഒരു സാധനപാഠം മനസ്സിൽവച്ചുകൊണ്ടാണു ഞാൻ സംസാരിക്കുവാൻ ഭാവിക്കുന്നതു്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ ബാലപാഠപുസ്തകത്തിലെ ഒരു കഥയാണു് എന്റെ ഓർമ്മയിൽ വരുന്നതു്. മരക്കൊമ്പിൽ അപ്പക്കഷണവും വായിൽ വച്ചുകൊണ്ടിരിക്കുന്ന കാക്ക; താഴെ ബുദ്ധിമാനായ ഒരു കുറുക്കൻ; അപ്പക്കഷണം തട്ടിയെടുക്കാൻ ബുദ്ധിമാനായ കുറുക്കൻ കാക്കയെ ഒന്നു പരിഹസിച്ചു. കാക്ക അതിനു് മറുപടി പറയാൻ വായൊന്നു തുറന്നുരോടുകൂടി കുറുക്കന്റെ ആഗ്രഹം സാധിച്ചു. സർ, ആ സാധനപാഠം വളരെ അർത്ഥവത്താണു്. പക്ഷെ കാക്കയുടെ കയ്യിലുള്ള അപ്പക്കഷണം ബഹുമാനപ്പെട്ട ചാലക്കുടി മെംബർക്കു തട്ടിയെടുക്കാൻ സാധിക്കുകയില്ല. ഞങ്ങൾ അതിനു് അനുവദിക്കുകയില്ല. കഴിഞ്ഞ കാലങ്ങളിൽ അധികാരത്തിലിരിക്കുമ്പോൾ തെററുചെയ്യുകയും, ആ തെററിനെ ഞങ്ങൾ ചൂണ്ടിക്കാണിക്കുകയും, എന്നാൽ തെററുകളേ ചെയ്യുകയുള്ളു എന്നുള്ള അഭിപ്രായത്തോടുകൂടി ഭരണം നടത്തുകയും ചെയ്ത ഒരു പാർട്ടിയുടെ കയ്യിൽ രാജ്യത്തെ വിട്ടുകൊടുക്കാൻ ഞങ്ങൾ തയ്യാറില്ല.

ബഹുമാനപ്പെട്ട ചാലക്കുടി മെംബർ വയലാർ—പുന്നപ്ര തടവുകാരെ വിട്ടതിനെപ്പററി വളരെ ശക്തിയായി വാദിക്കുകയുണ്ടായി. അദ്ദേഹത്തിനു് ഈ തടവുകാരെ വിട്ടതിൽ പരിഭവം ഇല്ലെന്നും, എന്നാൽ വിട്ട രീതിയെപ്പററി മാത്രമെ പരിഭവം ഉള്ളുവെന്നുമാണു അദ്ദേഹം ഭംഗിക്കുവേണ്ടി സമർത്ഥിച്ചതു്. പരമാർത്ഥത്തിൽ അദ്ദേഹം വയലാർ—പുന്നപ്ര പാർട്ടിയെ കുററപ്പെടുത്തി സംസാരിക്കുകയാണു് ചെയ്തതു്. അതോടുകൂടി ഒടുവിൽ അനുകൂലിക്കുകയും ചെയ്തു. സർ, വളരെ ബുദ്ധിമാനെന്നും മിടുക്കനെന്നും മററും പറയുമ്പോഴേയ്ക്കു ഭൂതിന്റെ പിന്നിൽ ഒളിഞ്ഞു കിടക്കുന്ന അർത്ഥം ഏറക്കുറെ എല്ലാവർക്കും മനസ്സിലാകും. അദ്ദേഹം കമ്മ്യൂണിസ്ററു പാർട്ടിയെ അനുമോദിക്കുന്നതിന്റെ പിന്നിൽ ഒരു വിമർശനം ഉണ്ടു്. എനിക്കു് അദ്ദേഹത്തോടു പറയാനുള്ളതു് പ്രതിപക്ഷകക്ഷിയെന്ന നിലയിൽ അദ്ദേഹത്തിനു ഒരു കടമയുണ്ടു്; ആ കടമ നിർവഹിക്കുന്നതിലുള്ള സാമാന്യതത്വം അദ്ദേഹം സ്വീകരിച്ചിട്ടില്ലായെന്നുള്ളതാണു്. സാധാരണയായി പ്രതിപക്ഷകക്ഷികൾ വിമർശനങ്ങൾ നടത്തി അധികാരത്തിലേയ്ക്കു കയറാൻ ശ്രമിക്കുക; അതു സാധിച്ചില്ലെങ്കിൽ രാഷ്ട്രീയ സമ്മർദ്ദം തുടങ്ങിയ ചില ഉപാധികൾ മുമ്പിൽവച്ചുകൊണ്ടു് അതുമുഖാന്തിരം ജനങ്ങൾക്കു് പ്രയോജനം ഉണ്ടാക്കാൻ ശ്രമിക്കുക; ഇങ്ങനെ രണ്ടു അടവുകളാണുള്ളതു്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ബുദ്ധിപൂർവ്വമായി പ്രതിപക്ഷപാർട്ടി ഏതൊരു നിലയാണു് സ്വീകരിക്കേണ്ടതെന്നാണു് നോക്കേണ്ടതു്. ഇപ്പോൾ പി. എസ്സ്. പി. സർക്കാർ കാൺഗ്രസ്സ് സർക്കാരിൽനിന്നും ഭിന്നമായ ഒരു നിലപാടാണു് എടുത്തിട്ടുള്ളതു്. പി. എസ്സ്. പി. ഗവണ്മെൻറിന്റെ വക്കാലത്തു ഹാജരാക്കാൻ അല്ല ഞാൻഭാവിക്കുന്നതു്. പി. എസ്സ്. പി. സർക്കാരിന്റെ ലാത്തിഅടി അനുഭവിച്ചിട്ടുള്ള ആളാണു ഞാൻ. അതുപോലെതന്നെ കാൺഗ്രസ്സ് സർക്കാരിന്റെയും ലാത്തി പ്രഹരം ഏൽക്കാനിടയായിട്ടുണ്ടു്. ഇതു രണ്ടും തമ്മിൽ വലിയ വ്യത്യാസമൊന്നും ഞാൻ കാണുന്നില്ല. ഇതൊന്നും മനസ്സിൽവയ്ക്കാതെ ഇപ്പോൾ പി. എസ്സ്. പി. ഗവണ്മെൻറിനെ അധികാരത്തിൽനിന്നും മാററാൻ ശ്രമിച്ചാൽ രാജ്യത്തു എന്തെല്ലാം ആപത്തുകളാണു് ഉണ്ടാകാൻ പോകുന്നതെന്നു ചിന്തിക്കേണ്ടതായിട്ടുണ്ടു്,

[ശ്രീ. ടി. വി. തോമസ്]

അ ികാരത്തിനുവേ ിടി വെമ്പൽകൊള്ളുന്ന, അതായതു് ആ കാക്കയുടെ വായിലിരിക്കുന്ന അപ്പക്ഷണത്തിനുവേണ്ടി, കാൺഗ്രസ്സുപാർട്ടി കഴിഞ്ഞ പത്തുമാസങ്ങളിലെ പി. എസ്സ്. പി. സർക്കാരിന്റെ ഭരണപരമായ നടപടികളെ സംബന്ധിച്ചു വിമർശിക്കുകയുണ്ടായി. സർ, പണ്ടത്തെസക്കാർ തെററുചെയ്തതുകൊണ്ടു് ഇനി വരുന്ന സക്കാരിനും തെററുചെയ്യാമെന്നു പറയുന്ന കൂട്ടരല്ല ഞങ്ങൾ. ഇപ്പോഴത്തെ പി. എസ്സ്. പി. സക്കാരിനെ അധികാരത്തിൽനിന്നും മാററിയാൽ പിന്നെ ആരുടെ കയ്യിലാണു് അധികാരം ചെന്നുചേരുന്നതെന്നു് ശാന്തമായി ചിന്തിക്കേണ്ട ഒരു ചുമതല ഞങ്ങൾക്കുണ്ടു്. നിലവിലിരിക്കുന്ന ഗവണ്മെൻറിന്റെ കൊള്ളരുതായ്മകൾ എന്റെ ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഇവിടെ വളരെ വാശിയോടും വീറോടുംകൂടി ഉന്നയിക്കുകയുണ്ടായി. ആ പട്ടികയോടുകൂടി ചേർക്കാൻ അതിലും ഏറെ വസ്തുതകൾ ഞങ്ങളുടെ കൈവശം ഉണ്ടെന്നുള്ളതു് ഈ അവസരത്തിൽ അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. സർ, തമിഴ്നാട്ടിലുണ്ടായ അനിഷ്ടസംഭവങ്ങളെപ്പററി നമ്മുടെ എല്ലാപേരുടെയും ഹൃദയത്തെ വേദനിപ്പിക്കത്തക്കവണ്ണം അദ്ദേഹം അറിഞ്ഞുകൊണ്ടോ അറിയാതെയോ ഇവിടെ പ്രസ്താവിക്കയുണ്ടായി. അവർ അനുഭവിച്ച ദുരിതങ്ങൾ, അവരുടെ നേരെ ഗവണ്മെൻറു എടുത്തിട്ടുള്ള നടപടികൾ, അതിന്മേൽ ഉണ്ടായിട്ടുള്ള ദുരിതങ്ങൾ ഇവയെല്ലാം ഞങ്ങൾക്കും അറിയാം. ഞങ്ങൾ ആ കാര്യം മറന്നിട്ടില്ല. എന്നാലും തമിഴ്നാട്ടുകാരെ പ്രതിനിധീകരിച്ചു ഈ അസംബ്ലിയിൽ വന്നിരിക്കുന്ന ആളുകളോടു് എനിക്കു ചോദിക്കുവാനുള്ളതു് ഈ അവസരത്തിൽ പി. എസ്സ്. പി. ഗവണ്മെൻറിനെ മാററണോ എന്നാണു്. സർ, ഇത്ര ഏറെ നിശിതമായി വിമർശനം ചെയ്ത ചാലക്കുടി മെംബറിന്റെ കയ്യിൽ തമിഴനാട്ടുകാരുടെ രക്തം പുരണ്ടിട്ടുണ്ടു്. തമിഴ്നാട്ടിലെ സഹോദരന്മാരുടെ രക്തം അദ്ദേഹത്തിന്റെ കയ്യിൽ ഇപ്പോഴുംഉണ്ടു്. സർ, യഥാർത്ഥത്തിൽ തമിഴനാടിൽ നടന്ന വെടിവയ്പ്പിൽഅദ്ദേഹത്തിനു ഖേദം ഉണ്ടായിരുന്നെങ്കിൽ കുഴിത്തുറയിലും മാർത്താണ്ഡത്തും വെടിപൊട്ടിയപ്പോൾ അദ്ദേഹം അതിനെതിരായി പ്രതിഷേധത്തിന്റെ ഒരു സൂചനപോലും രേഖപ്പെടുത്തിയില്ലെന്നു മാത്രമല്ല, വെടിവയ്പു നടത്തിയതു ശരിയാണെന്നു സർട്ടിഫിക്കററു് എഴുതിക്കൊടുക്കുകയാണു് ചെയ്തതു്. അങ്ങിനെ സർട്ടിഫിക്കററു എഴുതിക്കൊടുത്ത ഒരു പാർട്ടിയുടെ കയ്യിൽ അധികാരം പോകാൻ ഞങ്ങൾ സമ്മതിക്കയില്ല.

തമിഴനാട്ടുകാരുടെ യാതനയെപ്പററി, അവരുടെ കഷ്ടപ്പാടുകളെപ്പററി, അവരുടെ മററു പല കാര്യങ്ങളെപ്പററി ബോദ്ധ്യമില്ലാതെയല്ല ഞാനിങ്ങനെ പറയുന്നതു്. തീർച്ചയായും അതു പരിഹരിക്കേണ്ടതാണു്; അതു പരിഹരിക്കാനുള്ള ഒരു പ്രശ്നമാണു്. പക്ഷെ മി. രാമസ്വാമിയോടും, മി. ചിദംബരനാഥനാടാരോടും എനിക്കു പറയുവാനുള്ളതു് അതു നിങ്ങൾക്കു് സമ്പാദിക്കുന്നതിനു് സത്യസന്ധമായ, നേരായ ഒരു മാർഗ്ഗം നിങ്ങൾ സ്വീകരിക്കേണ്ടതായിരുന്നു എന്നാണു്. ഞങ്ങളുടെ കക്ഷിയെ തന്നെ നിങ്ങൾക്കു് കൂട്ടുപിടിക്കാമായിരുന്നു. നാല്പതും പന്ത്രണ്ടും അംഗങ്ങൾ വരുമായിരുന്നു, ഞങ്ങളോടു ഒന്നിച്ചുനിന്നുകൊണ്ടു് വേണ്ട നടപടികൾ ചെയ്യാമായിരുന്നു. അതായിരുന്നില്ലേ ശരിയായ നടപടി? ഞാൻ ഇത്രയും പറഞ്ഞതു് ഈ 27-ാംതീയതി ശ്രീ. ചിദംബരനാഥ

നാടാരുടെ അവിശ്വാസപ്രമേയം ചർച്ചയ്ക്കു വന്ന സമയം ആ പ്രമേയത്തിന്റെ ചർച്ചയ്ക്കു ഫെബ്രുവരി 5-ാംതീയതിവരെ സമയം കൊടുക്കണമെന്നു് ആവശ്യപ്പെട്ടു എന്നും, അതിനെ ഞങ്ങൾ എതിർത്തു എന്നും ഒരു പരാതി ഉണ്ടായിട്ടുള്ളതുകൊണ്ടാണു്. അപ്രകാരം ഒരു നിലപാടു സ്വീകരിച്ചതിനു ഞങ്ങൾക്കു് ചില ന്യായങ്ങൾ ഉണ്ടു്. 27-ാംതീയതി മുതൽ 5-ാംതീയതിവരെയുള്ള സഭാനടപടികൾ നിറുത്തിവയ്ക്കേണ്ടിവരുമെന്നുള്ളതാണു് ഒരു കാരണം. ഇതിലേയ്ക്കു സാവകാശം ലഭിക്കാനുള്ള വേറെ എളുപ്പമായ മാർഗ്ഗവും ഉണ്ടു്. തമ്പ്രാക്കന്മാരുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനും ഉപദേഷ്ടാവുമായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും ഇതറിയാമായിരുന്നില്ലേ? 2-ാംതീയതി നിങ്ങൾക്കു് ഈ പ്രമേയം അവതരിപ്പിക്കാൻ സമയം കിട്ടുകയില്ലായിരുന്നോ? 5-ാംതീയതി വരെ നിയമസഭാനടപടികൾ സ്തംഭനാവസ്ഥയിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവരപ്പെട്ട പ്രമേയത്തെ 5-ാംതീയതിവരെ മാററി വയ്ക്കുന്നതിനോടു് അനുകൂലിക്കുന്നതു് ശരിയാണോ? ഈ നിലയിലായിരുന്നു ഞങ്ങൾ അതിനെ എതിർത്തതു്.

പി. എസ്. പി. സർക്കാരിനെ നിരുപാധികമായി പിൻതാങ്ങുന്ന ഒരു പ്രശ്നമേ ഞങ്ങൾക്കില്ല. പി. എസ്. പി. ഗവണ്മെൻറ് നാട്ടിനു് പ്രയോജനപ്രദമായ പരിപാടികൾ നടത്തുമെന്നുള്ള വിശ്വാസത്തിന്മേലാണു് പി. എസ്. പി. യെ പിൻതാങ്ങിക്കൊള്ളാമെന്നു കാൺഗ്രസ്സു് സമ്മതിച്ചതു് എന്നു് അദ്ദേഹം പറഞ്ഞു. കാൺഗ്രസ്സു് പാർട്ടിയുടെ നയപരിപാടികളിൽനിന്നും വ്യത്യസ്തമായ നടപടികൾ സ്വീകരിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസമെന്നു് അദ്ദേഹം പറഞ്ഞു. സർ, കാൺഗ്രസ്സു് പാർട്ടി പി. എസ്. പി. ഗവണ്മെൻറിനു് പിൻതുണ വാഗ്ദാനം ചെയ്തതും ഇപ്പോൾ അതു പിൻവലിച്ചതും ഈ നാട്ടുകാരോടും നാട്ടിനോടും ചെയ്ത ഒരു വഞ്ചനയാണു്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പി. എസ്. പി. ഐക്യമുന്നണിയുമായി യോജിച്ചു് ഒരു ഭരണകൂടം ഇവിടെ സ്ഥാപിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു—അന്നും ജനങ്ങളോടു് ഒരു വലിയ വഞ്ചനയാണു ചെയ്തതു്. ഞങ്ങൾ പിന്തുണ വാഗ്ദാനം ചെയ്യുന്നതായാൽ, അതു് ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയായിരിക്കും—അതായതു് നാട്ടിനും നാട്ടുകാർക്കും പ്രയോജനപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടിയായിരിക്കും; രാഷ്ട്രീയതടവുകാരെ മോചിപ്പിക്കുക, വയലാർ—പുന്നപ്ര കേസ്സുകളിലെ പ്രതികളെ മോചിപ്പിക്കുന്നതുപോലെയുള്ള പല കാര്യങ്ങളും ചെയ്യുന്നതിനുവേണ്ടിയായിരിക്കും. ഞങ്ങളുടെ ഈ നിലപാടു ശരിയല്ല എന്നു് എനിക്കു തോന്നുന്നില്ല. ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ നടത്തുകയാണു് ഒരു ഗവണ്മെൻറ്, അതു് രാഷ്ട്രീയമായ താൽപ്പര്യങ്ങൾ കൊണ്ടായാലും മററു പാർട്ടികളുടെ സമ്മർദ്ദം കൊണ്ടായാലും അല്ലെങ്കിലും ചെയ്യേണ്ടതു്. ഇന്നത്തിന്നു പരിപാടികൾ നടപ്പിലാക്കിയാലേ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാവൂ—അല്ലെങ്കിൽ അവരുടെ ആവശ്യതകൾ പരിഹരിക്കാവൂ—എന്നു് ഒരു ഗവണ്മെൻറിനു തോന്നിയാൽ അതു് ഉടനടി നടപ്പിലാക്കാം, അതിൽ തെററൊന്നുമില്ല.

സർ, ഞങ്ങൾ പി. എസ്. പി. യോടു സഹകരിക്കുന്നതു് ജനങ്ങളുടെ ചില പ്രധാന പ്രശ്നങ്ങൾക്കു് പരിഹാരം കാണുവാൻവേണ്ടിയാണു്,

[ശ്രീ. ടി. വി. തോമസ്]

തമിഴനാടു കാൺഗ്രസ്സ് നേതാക്കന്മാരിൽ ചിലർ ഇന്ന് ജയിലിൽ കിടക്കുന്നുണ്ട്. അതിൽ ചിലർ ഇന്ന് വാറണ്ടിനെ ഭയന്ന് ഒളിവിൽ കഴിയുകയാണ്. ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാൻ വേണ്ടി നിങ്ങൾ കാൺഗ്രസ്സിനോടു യോജിക്കുകയാണ്. ഞങ്ങൾ ഏതിക്കുന്നതും ഈ പ്രശ്നം പരിഹരിക്കാനായിട്ടാണ്. തമിഴനാടുപ്രശ്നം പരിഹരിക്കാനായി കാൺഗ്രസ്സിനെ കൂട്ടു പിടിക്കുകയാണെങ്കിൽ, അതിനേക്കാൾ കൂടുതൽ മാനിക്കുന്ന, അതിനെക്കാൾ കൂടുതൽ നല്ലതായ ഒരു മാർഗ്ഗം സ്വീകരിക്കണമെന്നാണ് എനിക്കു നിങ്ങളോടു പറയുവാനുള്ളത്. ഈ പ്രശ്നം പരിഹരിക്കുന്നതിനോടൊപ്പംതന്നെ പരിഹരിക്കപ്പെടേണ്ട മററു പ്രശ്നങ്ങളും ഈ രാജ്യത്തുണ്ടെന്ന് നിങ്ങൾക്കു മനസ്സിലാക്കിത്തരാം. തമിഴനാടു നേതാക്കളിൽ കുറേപേർ ജയിലിൽ കിടക്കുന്നു എന്നുള്ളതു മാത്രമല്ല ഇന്നത്തെ പ്രശ്നം. ശ്രീ. പനമ്പിള്ളി ഇവിടെ ചോദിച്ച പോലീസ് അക്രമങ്ങളെപ്പററിയുള്ള പ്രശ്നവും ഉണ്ട്.

ശ്രീ. വയലായും, ശ്രീ. വിശ്വംഭരനും ഗവണ്മെൻറിൻെറ നേട്ടങ്ങളെപ്പററി ഇവിടെ പ്രസംഗിച്ചുകേട്ടു. ഇതിലെല്ലാം ഉപരിയായ ഒരു പ്രശ്നം ഇവിടെ ശേഷിക്കുന്നുണ്ട്. അതിന് ഇവർ ആരും പരിഹാരം കണ്ടില്ല. ജനങ്ങൾക്ക് പൗരുഷത്തോടുകൂടി, അഭിമാനത്തോടുകൂടി, ഈ നാട്ടിൽ ജീവിക്കാൻ കഴിവുണ്ടോ എന്നാണ് എൻെറ ചോദ്യം. എന്താണ് ഈ പോലീസ് അക്രമം? അക്രമികളായ പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി നടത്തണം—പല അക്രമങ്ങളും നടത്തിയതായി പരാതി കിട്ടിയിട്ടുള്ള ഹൃഷീകേശൻനായർ, വേണുഗോപാലൻ മുതലായവരുടെ പേരിൽ നടപടി നടത്തുന്നുണ്ടോ എന്നു ഞാൻ ചോദിച്ചതിന് എൻക്വയറി നടത്തുകയാണ് എന്നാണു മറുപടി പറഞ്ഞതു്—ഈ നിയമസഭയുടെ പാവനതയിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഇതിലേക്ക് ഒരു എൻക്വയറി നടത്തേണ്ട ആവശ്യമില്ല. ഈ സഭയിലെ ഒരു മെംബർ ഇവിടെ വന്ന് "എന്നെ ഒരു പോലീസ് ആഫീസർ അപമാനിച്ചു" എന്നു പറഞ്ഞാൽ അതിന് ഒരു എൻക്വയറി നടത്തുന്നതിൻെറ ആവശ്യമെന്താണ്? യാതൊരു എൻക്വയറിയും നടത്തേണ്ട ആവശ്യമില്ല. ഈ സഭയിലെ ഒരു മെംബറുടെ പ്രസ്താവനയെ വച്ചുകൊണ്ട് നടപടി നടത്തേണ്ടതാണ്. തിരുവാർപ്പു മെംബർ ഇവിടെ പറഞ്ഞു "എന്നെ ഒരു പോലീസ് ഇൻസ്പെക്ടർ അപമാനിച്ചു, അതിനുവേണ്ട നടപടി നടത്തണം" എന്ന്. അതു തെററാണോ? അതു തെററാണെന്നു കരുതുന്ന ആളുകളുടെ കൈകളിലേക്ക് അധികാരം കൊടുത്താൽ എന്താണ് അപ്പോഴുള്ള സ്ഥിതി എന്ന് നമുക്കു അറിയാം. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ പല നല്ല കാര്യങ്ങൾ പറഞ്ഞു. എന്നാൽ ഒരു കാര്യം അദ്ദേഹം വിസ്മരിച്ചുകളഞ്ഞു. കിടക്കാൻ ഇടമില്ലാത്ത പല സാധുക്കളേയും ഗുണ്ടാകളെക്കൊണ്ടും പോലീസുകാരെക്കൊണ്ടും മററും ബലാൽക്കാരമായി ഇറക്കിവിടുന്ന ഒരു പ്രശ്നത്തെക്കുറിച്ച്—അതിനെ നേരിടുന്നതിന് കഴിവില്ലാത്ത ഒരു സർക്കാരാണ്.....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് എന്ക്കുവേണ്ടി നിങ്ങൾ പറഞ്ഞാൽ മതി.

ശ്രീ. ടി. വി. തോമസ് : നിങ്ങൾക്കുവേണ്ടിയോ മറ്റാർക്കെങ്കിലും വേണ്ടിയോ വക്കാലത്തു ഹാജരാക്കുന്ന തൊഴിൽ എനിക്കില്ല. മുൻപ് പി. എസ്സ്. പി-ക്കുവേണ്ടി ശ്രീ. പനമ്പിള്ളി വക്കാലത്തു ഹാജരാക്കി; ഇപ്പോൾ ടി. ടി. എൻ. സി-ക്കു വേണ്ടി വക്കാലത്ത് ഹാജരാക്കുകയാണ്. എനിക്കു ആ തൊഴിൽ ഇല്ല. കിടക്കാൻ സ്ഥലമില്ലാതെ വലയുന്ന സാധാരണക്കാർക്കു സ്ഥലമുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ പി. എസ്സ്. പി. ഗവണ്മെൻറു യാതൊരു നടപടിയും നടത്തുന്നില്ല എന്നു് അദ്ദേഹം പറഞ്ഞില്ല.

നാട്ടിൽ അങ്ങോളം ഇങ്ങോളം തൊഴിലാളികളുടെ സമരങ്ങൾ നടക്കുന്നുണ്ട്. അതിനെപ്പററി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ആലപ്പുഴെ വച്ചുകൂടിയ കാൺഗ്രസ്സ് യോഗത്തിൽ പ്രസ്താവിച്ചതു് നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ഇപ്രകാരം തൊഴിലാളി സമരങ്ങൾ നടത്തുന്നുവെന്നാണ്. അധികാരം കിട്ടാത്തതിലുള്ള പരിഭവം, അധികാരം കൈമാററം ചെയ്യുന്നതിനുവേണ്ടിയുള്ള ആഗ്രഹം ഇവയെല്ലാം കൊണ്ടാണ് ഇങ്ങനെയെല്ലാം പ്രസ്താവനകൾ നടത്തുന്നതു് എന്നു നാം അറിഞ്ഞിരിക്കണം.

ഒരു ഗവണ്മെൻറ് നിയമത്താൽ അനുശാസിക്കപ്പെടുന്ന കൂലി കിട്ടാതെവന്നാൽ, അതു വാങ്ങിക്കാൻവേണ്ടി സ്വന്തം കഴിവിൻെറ അടിസ്ഥാനത്തിൽ തൊഴിലാളികൾ സമരം നടത്തുകയാണെങ്കിൽ, അതിനെ അരാജകത്വം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സംരംഭമാണെന്നു പറയുകയാണ്. അങ്ങിനെ തൊഴിലാളിസമരങ്ങളെ അടിച്ചമർത്താൻ ശ്രമിച്ചിട്ടുള്ള കാൺഗ്രസ്സ് പാർട്ടി നേതാവിനോടു് എനിക്കു ഒരു ചോദ്യം ചോദിക്കുവാനുള്ളതു് ഈ തൊഴിലാളി മനോഗതിയോടുകൂടിയ പാർട്ടി അധികാരം ആഗ്രഹിക്കുന്നതു ശരിയാണോ എന്നാണ്. അവരുടെ സമരത്തിനു കൂട്ടുനിൽക്കാൻ കഴിവില്ലാത്ത ഒരു പാർട്ടി അധികാരത്തിനു കൊതിക്കുന്നു.

ശ്രീ. കെ. കരുണാകരൻ : അപ്പോൾ ഗവണ്മെൻറ് മിനിമം വേജസ് നടപ്പിലാക്കേണ്ട എന്നാണോ മെംബറുടെ അഭിപ്രായം?

ശ്രീ. ടി. വി. തോമസ്: നടപ്പിലാക്കിയില്ലെങ്കിൽ കാൺഗ്രസ്സ് ഗവണ്മെൻറിൻെറ അനുഭവംതന്നെ പി. എസ്സ്. പി. ഗവണ്മെൻറിനും വരും. നടപ്പിൽ വരുത്തണമോ വേണ്ടയോ എന്നുള്ളതിനെപ്പററിയുള്ള കസർത്തിൽ ഞാൻ ഇല്ല. തൊഴിലാളി സമരങ്ങളെ പുച്ഛിക്കുന്ന ഒരു പാർട്ടി എന്നു പറഞ്ഞാൽ തൊഴിലാളി താൽപ്പര്യങ്ങൾക്കുവേണ്ടി നിലനിൽക്കാത്ത ഒരു പാർട്ടി എന്നാണ് വിചാരിക്കാനുള്ളതു്. തൊഴിലാളികൾക്കു വേണ്ട പ്രവർത്തനസൗകര്യങ്ങൾ നൽകാതിരിക്കുകയും തൊഴിലാളികളുടെ സംരക്ഷണത്തിനു ഹാനികരമായി എന്തെങ്കിലും നടപടികൾ നടത്തുകയും ചെയ്യുന്നതായാൽ ആ പാർട്ടിയ്ക്കു ഞങ്ങളുടെ പാർട്ടിയുടെ ആനുകൂല്യം ഉണ്ടാകുമെന്നു തോന്നുന്നില്ല. പി. എസ്സ്. പി. യിൽനിന്നും അധികാരം മാററി കാൺഗ്രസ്സ് എടുത്തുകഴിഞ്ഞാൽ, മററു ഇടതുപക്ഷ പാർട്ടികളുടെ സഹകരണം ലഭിക്കുമെന്നു് ശ്രീ. പനമ്പിള്ളി വിചാരിച്ചിരിക്കണം. അതു് ആപത്തല്ലേ എന്നു ശാന്തമായി ആലോചിച്ചു് മറുപടി പറയണം. ഞങ്ങൾ പി. എസ്. പി. സർക്കാരിനു് സഹകരണം കൊടുക്കുന്നു

[ശ്രീ. ടി. വി. തോമസ്]

ണ്ടെങ്കിൽ, ആ ഗവണ്മെൻറിനെ പിൻതാങ്ങുന്നുണ്ടെങ്കിൽ അതു് general and responsive co-operation-ന്റെ അടിസ്ഥാനത്തിലല്ല. ചില ഉപാധികളുടെ അടിസ്ഥാനത്തിലാണ്. ഇന്നു് ജനങ്ങളെ നീറുന്ന പ്രശ്നങ്ങൾക്കു് പരിഹാരം കാണുമ്പൻ് അവർ തയ്യാറാകുമോ? ഇന്നു് വ്യാപകമായ തോതിൽ കുടിയിറക്കു് നടക്കുന്നുണ്ട്. അതുപോലെതന്നെ പോലീസിന്റെ അക്രമങ്ങളും നടക്കുന്നുണ്ട്. ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷം സൈ്വരക്കേടുണ്ടാക്കുന്ന ഒന്നായിരിക്കയാണ്. ശ്രീ. ഇടിക്കുളയും. ശ്രീ. വിശ്വംഭരനും പറഞ്ഞതുപോലെ സൈ്വരക്കേടുണ്ടാക്കുന്ന ഒരന്തരീക്ഷമാണ് ഇന്നു് നിലവിലിരിക്കുന്നതു്. ഈ സൈ്വരക്കേടു് തീർക്കാൻ ക്രിയാത്മകമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുമോ എന്നുള്ളതാണ് പ്രശ്നം. ഇങ്ങനെയുള്ള നീറുന്ന പ്രശ്നങ്ങൾക്കു് പരിഹാരം കാണുന്നതിനു് ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ രണ്ടു് അടവുകൾ സ്വീകരിക്കുകയേ പ്രതിപക്ഷങ്ങൾക്കു് കരണീയമായിട്ടുള്ളു. ഒന്നുകിൽ അധികാരത്തിൽ കയറാൻ ശ്രമിക്കുക, അല്ലെങ്കിൽ സന്ദർഭം ചെലുത്തി കാര്യങ്ങൾ നേടാൻ ശ്രമിക്കുക. അധികാരത്തിൽ തുടരാൻ പാടില്ലെന്നു ജനങ്ങൾതന്നെ വിധിച്ച കാൺഗ്രസ്സിനു് അധികാരം കൊടുക്കാൻ ഞങ്ങൾ തയ്യാറാവുകയില്ല. രാഷ്ട്രീയപ്രകടനപ്രാക്കൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ കടമയാണ്. ഒരു ശത്രുവിന്റെ കയ്യിൽനിന്നു മറെറാരു ശത്രുവിന്റെ കയ്യിൽ പോകാൻ കൂട്ടുനില്ക്കുക എന്നുള്ളതു് ഒരു പ്രതിപക്ഷത്തിന്റെ കടമയല്ല. കുടിയിറക്കു്, പോലീസ്മർദ്ദനം, സൈ്വരക്കേടുണ്ടാക്കുന്ന രാഷ്ട്രീയാന്തരീക്ഷം ഇവയ്ക്കെല്ലാം പരിഹാരം കാണുക. ഒരു പുതിയ ഭരണകൂടം ഉദയംചെയ്യാൻ ഈ ഗവണ്മെൻറു് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ അധികാരത്തിൽ കയറാൻ സാധിക്കുന്നതുവരെ പിൻതുണ നൽകാൻ ഞങ്ങൾ തയ്യാറാണ്. ഈ ഉപാധികളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചതു്. തമിഴ്നാടുപ്രശ്നം ഇനിയും ശേഷിക്കുന്നു. അതു സംബന്ധിച്ചു് വിശദമായ ഒരു ചർച്ചയ്ക്കു ഞാൻ ഒരുങ്ങുന്നതു നിയമപരമായി തെററായിരിക്കും. ചില സംഭവങ്ങൾ നടന്നുകഴിഞ്ഞു. അതിന്റെ കുററങ്ങളും കുറവുകളും പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ലെങ്കിലും സൈ്വരക്കേടുണ്ടാക്കുന്ന ആ അന്തരീക്ഷം ശാന്തമാക്കുന്നതിനുവേണ്ടി ഇവിടത്തെ എല്ലാ പാർട്ടികളുടേയും പ്രതിനിധികളെ വിളിച്ചുകൂട്ടി അതിനു ഒരു പോംവഴി കാണാൻ മുഖ്യമന്ത്രി തയ്യാറാകേണ്ടതാണ്. അങ്ങിനെ രാഷ്ട്രീയ തടവുകാരുടെ മോചനത്തിനും രാഷ്ട്രീയകേസുകളുടെ പിൻവലിക്കലിനും സഹായകരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനു് അദ്ദേഹം തയ്യാറാകുമെങ്കിൽ നാട്ടിനും അദ്ദേഹത്തിന്റെ ഗവണ്മെൻറിനും നല്ലതാണ്.

കുടിയിറക്കു നിരോധിക്കുന്നതിനു് നടപടിനടത്തുമോ എന്നു ചോദിച്ചപ്പോൾ റവന്യൂമിനിസ്റ്റർ ശ്രീ. നടരാജപിള്ള അന്നു പറയുകയുണ്ടായി, അതിനു് ആവശ്യമായ നിയമങ്ങൾ ഇവിടെ ഉണ്ടെന്നു്. അങ്ങിനെ ആവശ്യമായ നിയമങ്ങൾ ഇവിടെ ഉണ്ടെങ്കിൽപിന്നെ എന്തിനാണ് പുതിയ നിയമങ്ങൾ നടപ്പിലാക്കാൻ ബില്ലു് അവതരിപ്പിച്ചിട്ടുള്ളതു് എന്നാണ് ഞാൻ ചോദിക്കുന്നതു്. അപ്പോൾ നിലവിലുള്ള നിയമങ്ങൾക്കു് പോരായ്മ ഉണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ

യുള്ള പോരായ്മ തീർക്കുന്നതിനുവേണ്ടിയെങ്കിലും അവതരിപ്പിച്ച പ്രസ്താവം ക്കാൻപോകുന്ന നിയമംമൂലം കിട്ടാനിടയുള്ള അവകാശങ്ങൾ ഇപ്പോൾ തന്നെ കൊടുക്കത്തക്കവണ്ണം ഒരു താല്ക്കാലികനിയമനിർമ്മാണത്തിനുള്ള നടപടികൾ അദ്ദേഹം സ്വീകരിക്കുമോ ? അങ്ങിനെ കുടിയിറക്ക് പരിപൂർണ്ണമായി നിറുത്താൻ അദ്ദേഹം തയ്യാറാകുമോ എന്നാണ് ഞാൻ ചോദിക്കുന്നത്. കുടിയിറക്ക് നടന്നാൽതന്നെയും നിയമത്തിൽ ഭൂരുകാലപ്രാബല്യം കൊടുത്താൽ പോരെ എന്ന് അദ്ദേഹം ചോദിച്ചു. അതിന്റെ ആവശ്യമില്ല. ഒഴിച്ചുവയ്ക്കാവുന്ന ബുദ്ധിമുട്ട് സഹിച്ചശേഷം അതു മാററിയെടുക്കാമെന്നു പറയുന്നതു ശരിയല്ല. ഗവണ്മെൻറുഭൂമികളിൽനിന്നും, പ്രൈവററുഭൂമികളിൽനിന്നും കുടിയിറക്ക് നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

അതുപോലെതന്നെ പോലീസ്അക്രമങ്ങളേയും അവസാനിപ്പിക്കണം. ഇവിടെ ശ്രീ. വേണുഗോപാലനെപ്പററി പ്രസ്താവിക്കയുണ്ടായി. ഒരു എം. എൽ. എ—യെ അപമാനിച്ചു എന്ന് അദ്ദേഹം പരാതിപ്പെട്ടു. ഈ സഭാമദ്ധ്യത്തിൽവന്ന് പരാതിപ്പെടുകയാണ് ചെയ്തതു്. ഈ സഭയുടെ അന്തസ്സ് പാലിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ നടപടി നടത്തേണ്ടതാണ്. ഈ രാജ്യത്തിന്റെ ഉന്നതതലത്തിലിരിക്കുന്ന പാർലമെൻറുമെംബറും പരാതിപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഒരു പാർലമെൻറുമെംബറും എം. എൽ. എ—യും പരാതിപ്പെട്ട ഒരു ഇൻസ്പെക്ടരെ വച്ചുകൊണ്ടിരിക്കുന്നതു് ശരിയാണോ ? മുഖ്യമന്ത്രി ഈശ്വരനിൽ വിശ്വസിക്കുന്ന ഒരാളാണ്. ഈശ്വരന്റെ ശക്തികൊണ്ടാണ് ഈ കാര്യങ്ങളൊക്കെ നടക്കുന്നതെന്ന് അദ്ദേഹം ധരിക്കുന്നുണ്ട്. അങ്ങിനെതന്നെ ആകട്ടെ. എന്നാൽ ഈശ്വരന് ഇഷ്ടപ്പെടാത്ത കാര്യങ്ങളാണ് പോലീസ് നടത്തിക്കൊണ്ടിരിക്കുന്നതു്. അങ്ങിനെ ഈശ്വരനുപോലും ഇഷ്ടപ്പെടാത്ത കാര്യങ്ങൾ നടത്തുന്ന പോലീസിനെ രക്ഷപ്പെടുത്തി വച്ചുകൊണ്ടിരുന്നു രാജ്യം ഭരിക്കുന്നതു് ശരിയാകുമോ എന്ന് അദ്ദേഹം ആലോചിക്കേണ്ടതാണ്. കൊലപാതകക്കുററത്തിന്, ഭരണഘടനാപ്രകാരം തൂക്കികൊല്ലാൻ വിധിച്ചുകഴിഞ്ഞാൽ മൂന്നു സ്ഥലത്തു അപ്പീൽ കൊടുക്കാൻ വ്യവസ്ഥയുണ്ട്. ഇങ്ങനെ മൂന്നു സ്ഥലത്തു് അപ്പീൽ കൊടുക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതു് ഒരാൾക്ക് ജീവിക്കാനുള്ള അവകാശം അത്രമാത്രം പരിപാവനമാണെന്നു കരുതുന്നതുകൊണ്ടാണ്. അത്രയ്ക്കു പരിപാവനമായി കരുതുന്ന ഈ അവകാശത്തെ നിഷേധിച്ച് യാതൊരു അപ്പീലും കൂടാതെ ആളുകളെ ഇഞ്ചിഞ്ചായി കൊല്ലുന്ന നടപടിയെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മൾ എല്ലാവരും ആദരിക്കുന്ന ഭരണഘടനാവ്യവസ്ഥകളെത്തന്നെ ചോദ്യം ചെയ്യുകയല്ലേ എന്നാലോചിക്കണം. പോലീസ്മർദ്ദനം എന്നു പറഞ്ഞാൽ അതിന്റെ ക്രൂരത സാമാന്യജനങ്ങൾ മനസ്സിലാക്കുകയില്ല. മൂന്നു പ്രാവശ്യം അപ്പീൽ കൊടുക്കാൻ ഭരണഘടന വ്യവസ്ഥ ചെയ്തിരിക്കുന്ന ഒരു കാര്യം യാതൊരുത്തർക്കും അപ്പീലുകൊടുക്കാൻ സാദ്ധ്യമാകാതെ സഹിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ഈ നാട്ടിൽ നടക്കുന്ന പോലീസിന്റെ അക്രമങ്ങൾക്ക് ഒരു നിയന്ത്രണം വരുത്താൻ, അതില്ലാതെയാക്കാൻ എന്തു നടപടി അദ്ദേഹം നടത്തുമെന്നാണ് അറിയേണ്ടതു്. ഇതിനൊക്കെ മറുപടിയായി ആശ്വാസകരമായ, ക്രിയാത്മകമായ നടപടികൾ എടുക്കുമെന്ന് അദ്ദേഹം ഉറപ്പു തരുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട റാന്നി മെംബർ അവതരിപ്പിച്ച പ്രമേയത്തിന്റെ അവസാനഭാഗത്തു താഴെ പറയുന്ന ഭേദഗതികൂടി ചേർക്കുന്നതിന് ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

Add at the end of the motion:

But regret that no mention has been made about—

(i) taking punitive action against such police officers as have recently indulged in serious repressive actions against the people;

(ii) encouraging collective bargaining in trade disputes and taking effective action against those employers who violate the provisions of the Minimum wages Act and similar Labour laws and deliberately flout the conciliation agreements;

(iii) taking effective measures to counteract country—wide evictions accelerated by the introduction of Land Bills in the Legislature; and

(iv) a progressive industrial policy aimed at eradicating the prevalent evils of under-employment and unemployment and ineffective organisation."

സർ, എന്റെ ഭേദഗതിയിൽ ഉദ്ദേശിച്ചിട്ടുള്ള പല കാര്യങ്ങളെപ്പററിയും ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിനുമുമ്പു പ്രസംഗിച്ച ബഹുമാനപ്പെട്ട ചാലക്കുടി മെംബറും ഇതിലെ ചില ഭാഗങ്ങളോട് യോജിച്ചുവെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രാജപ്രമുഖന്റെ പ്രസംഗത്തിന് പുതിയ ചില നയവ്യതിയാനമുള്ളതായി ബഹുമാനപ്പെട്ട റാന്നി മെംബറും ശ്രീ. വിശ്വംഭരനും പ്രസ്താവിക്കയുണ്ടായി. ആ നയവ്യതിയാനം ഏററവും ആരോഗ്യകരമായ ഒരു കീഴ്വഴക്കമല്ലെന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജപ്രമുഖന്റെ പ്രസംഗത്തിൽനിന്നും പ്രധാനമായും ഒരു നയപ്രഖ്യാപനമാണ് എല്ലാ നിയമസഭകളും എല്ലാ രാജ്യത്തുള്ള ജനങ്ങളും പ്രതീക്ഷിക്കുന്നത്. എന്നാൽ ഇവിടെ ചെയ്തിരിക്കുന്ന പ്രസംഗം ഒരു നയപ്രഖ്യാപനമെന്നതിനേക്കാൾ കൂടുതലായി കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പു കാൺഗ്രസ്സുകാർ പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറുവഴി പുറപ്പെടുവിച്ച ചില ലഘുലേഖകളിലെ വ വരണംപോലെയാണ് കാണുന്നത്. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും ഗവണ്മെൻറിന്റെ ചെയ്തികളെപ്പററി ചില പ്രസിദ്ധീകരണങ്ങൾ ഇറക്കാറുണ്ട്. കഴിഞ്ഞതവണ തിരഞ്ഞെടുപ്പിനു മുമ്പ് അങ്ങിനെ ഒരു ഭ്രാന്തോദയം ഉണ്ടായതിന്റെ ഫലമായി ചില പ്രസിദ്ധീകരണങ്ങൾ ഇറക്കിയിരുന്നു. ഇവിടെ ഒരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ടിവരുമോ എന്നുള്ള ആപത്ശങ്ക ഗവണ്മെൻറിന് ഉണ്ടായിരുന്നതുകൊണ്ടല്ലേ ഈമാതിരി ഒരു പ്രസിദ്ധീകരണത്തിനു രാജപ്രമുഖൻ തയ്യാറായതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ പ്രസംഗത്തിൽ ഒരു സോഷ്യലിസ്ററു ഗവണ്മെൻറിന്റെ നയപ്രഖ്യാപനമെന്ന നിലയിൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന എന്തെല്ലാം സൂചനകളാണ് നൽകിയിട്ടുള്ളതെന്നും നോക്കേണ്ടതുണ്ട്. സർവീസിനെ സംബന്ധിച്ചിടത്തോളം സംയോജനം നടപ്പിലാക്കിയെന്നും, ടൈംസ്കെയിൽ ഏർപ്പെടു

ത്തുന്നു എന്നും പറഞ്ഞശേഷം ഒരു പിരിച്ചുവിടൽ ഉണ്ടാകുമെന്ന സൂചനയാണ് നൽകിയിരിക്കുന്നത്. ടൈംസ്കെയിലിനെ സംബന്ധിച്ച് പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ആ ആക്ഷേപങ്ങൾ പരിഹരിക്കുന്നകാര്യത്തിൽ എന്തെങ്കിലും നടപടി നടത്തുന്നതാണെന്ന് ഒരു സൂചന ഇല്ലാതിരിക്കുന്നത് ചെയ്തകാര്യങ്ങൾതന്നെ പശ്ചാത്തലത്തിലേയ്ക്ക് തള്ളപ്പെടുന്നതിന് ഇടയാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. പല ഉദ്യോഗങ്ങളിലും ഉദ്യോഗസ്ഥന്മാർക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളത്തിന്റെ വർദ്ധനവ് കുറയ്ക്കുകയും അതുപോലെ തുല്യയോഗ്യതയുള്ള ഉദ്യോഗങ്ങൾക്ക് എല്ലാം ഒന്നുപോലെയുള്ള സ്കെയിൽ നൽകിയിട്ടില്ലെന്നുമുള്ള ആക്ഷേപമുണ്ട്. ഗ്രാഡ്വേറ്റഡിച്ചേഴ്സ്, പാവ്പ്ത്യകാരന്മാർ, പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ ഗവണ്മെന്റ്പ്രസ്സ് ജീവനക്കാർ എന്നിവരുടെ പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗവണ്മെന്റുജീവനക്കാരെന്ന നിലയിൽ അവശതയനുഭവിച്ചുകൊണ്ടിരിക്കുന്ന വളരെ അംഗങ്ങളുള്ള കണ്ടിൻജൻസി ജീവനക്കാർക്ക് ആശ്വാസകരമായിഎന്തെങ്കിലും ചെയ്യാനുള്ള സൂചനയൊന്നും ടൈംസ്കെയിലിൽ ചേർത്തിട്ടില്ല. അവരെ മററു ജീവനക്കാരെപ്പോലെ പെൻഷനബിൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടൈംസ്കെയിൽ നിശ്ചയിച്ച് കഴിഞ്ഞകാലത്തെ സർവ്വീസിന് മുന്നു കൊല്ലത്തേയ്ക്ക് ഒരു ഇൻക്രിമെന്റ് എന്ന നിലയിൽ വെയിറേറജ് നൽകേണ്ടതാണ്.

സർ, പ്ലാനിംഗിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റു ചെയ്തിട്ടുള്ള ചില കാര്യങ്ങൾ ഈ അടുത്തകാലത്തു വളരെയധികം ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ളതാണ്. കാൺഗ്രസ്സുകാർ പിൻതുണ പിൻവലിക്കുന്നതിന് തീരുമാനമെടുത്തതായ സാഹചര്യത്തെപ്പററി ബഹുമാനപ്പെട്ട ചാലക്കുടിമെംബർ കാൺഗ്രസ്സിന്റെ നേതാവെന്ന നിലയിൽ ഇവിടെ പ്രസ്താവിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. മററു ചില കാര്യങ്ങളെ ഉയർത്തി കാണിക്കയല്ലാതെ എന്തുകൊണ്ടാണ് പിന്തുണ പിൻവലിച്ചതെന്ന് അദ്ദേഹം പറഞ്ഞില്ല. പക്ഷെ, അവർ പാസ്സാക്കിയിട്ടുള്ള പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പററി സഭ ആലോചിക്കേണ്ടതാണ്. പ്രധാനമായി അവർ പറഞ്ഞിരിക്കുന്നത് ഈ ഗവണ്മെന്റിൽ അവർക്ക് സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നില്ലെന്നാണ്. കാൺഗ്രസ്സിന് പി. എസ്. പി. യുടെ ഗവണ്മെന്റിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞില്ലെന്നു ആ സംഘടന പ്രമേയം പാസ്സാക്കിക്കഴിഞ്ഞശേഷം ഇവിടെ വന്ന് ജനാധിപത്യത്തെപ്പററി വളരെയധികം പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ പണ്ട് ഈ നിയമസഭയിൽതന്നെ പറഞ്ഞ ഒരുപമയാണ് എനിക്ക് പറയാനുള്ളത്,—വാസവദത്തയുടെ ശീലാവതിവായനപോലെ തോന്നുന്നു—

ഒരു ഗവണ്മെന്റിന്റെ കക്ഷിരാഷ്ട്രീയം സ്വാധീനം ചെയ്യരുതെന്നു ഉദ്ദേശിക്കുകയും അതേ സമയത്ത് പി. എസ്. പി. ഗവണ്മെന്റിൽ കാൺഗ്രസ്സിനു സ്വാധീനം ചെലുത്തുവാൻ വഴിയില്ലെന്ന് വന്നപ്പോൾ കാൺഗ്രസ് പാർട്ടി പി. എസ്. പി-ക്കു കൊടുത്തിരുന്ന പിൻതുണ പിൻവലിച്ചു എന്നു പറയുകയും ചെയ്യുന്നതിന്റെ പൊരുത്തക്കേട് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ മനസ്സിലാക്കുമെന്നു ഞാൻ കരുതുന്നു.

[ശ്രീ. ടി. കെ. ദിവാകരൻ]

പിന്നെ ഒന്നു പറയുന്നതു് ഐ. എൻ. ടി. യു. സി. ക്കു ഈ ഗവണ്മെൻറിൽ നിന്നു് വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല എന്നാണു്. കാൺഗ്രസ് ഗവണ്മെൻറ് അധികാരത്തിൽ ഇരുന്ന കാലത്തു് ഗവണ്മെൻറിന്റെ അധികാരം ഉപയോഗിച്ചു് സ്വന്തം രാഷ്ട്രീയ സംഘടനയുടെ അഭിവൃദ്ധിയ്ക്കും അതിന്റെ കീഴിലുള്ള തൊഴിലാളി സംഘടനകളുടെ പ്രോത്സാഹനത്തിനും വേണ്ടി പ്രവർത്തിക്കുന്നു എന്നും, അവരുടെ കീഴിലുള്ള തൊഴിലാളി സംഘടനകൾ വഴി രാഷ്ട്രീയ കാര്യങ്ങളിലും തൊഴിലാളി കാര്യങ്ങളിലും അമിതമായ സ്വാധീനം ചെലുത്തുവാൻ കാൺഗ്രസ്കാർ ശ്രമിക്കുന്നുവെന്നും ഈ രാജ്യത്തെ തൊഴിലാളി പ്രവർത്തകന്മാർ ഗവണ്മെൻറിനെ അപ്പോഴെ ആക്ഷേപിച്ചിരുന്നു. അതുകൊണ്ടു് ഈ ഗവണ്മെൻറ് ഐ. എൻ. ടി. യു. സി-ക്കു പ്രോത്സാഹനം കൊടുത്തില്ലെന്നു പറഞ്ഞാൽ അതൊരു അപരാധമാകുമെന്നു നാട്ടുകാർ കരുതുകയില്ല. കാൺഗ്രസ്സിനു് അധികാരമുണ്ടായിരുന്നാൽ മാത്രമേ ഐ. എൻ. ടി.യു. സി-ക്കു വളരുവാൻ സാധിക്കുകയുള്ളു. അവർ എന്തിനാണു് ഐ. എൻ. ടി. യു. സി-യെ സംഘടിപ്പിച്ചുകൊണ്ടിരുന്നതു്? ചവറയിലും ഭരണിക്കാവിലും ചെറുവള്ളിയിലും കോട്ടയത്തും നടന്നതു് എന്താണു്? ഇവിടത്തെ സംഘടിത ഇടതുപക്ഷ തൊഴിലാളി പ്രസ്ഥാനങ്ങളുടെ നേരെ അങ്ങേയററം അയോഗ്യത കല്പിച്ചുകൊണ്ടാണു് ഇന്നു ഇൻഡ്യാഗവണ്മെൻറ മറെറല്ലാ സ്റ്റേററുകളിലും കാൺഗ്രസ് ഗവണ്മെൻറുകളും പ്രവർത്തിച്ചുവരുന്നതു്. അധികാരത്തിലിരിക്കുന്ന കക്ഷി തങ്ങൾക്കു ഗുണം ചെയ്യുന്നില്ലെന്ന പരിതഃസ്ഥിതി ഉണ്ടായ അവസരത്തിൽ തങ്ങൾക്കു തൊഴിലാളിപ്രവർത്തനം നടത്തണമെങ്കിൽ ആ കക്ഷി അധികാരത്തിൽ നിന്നു പോകണമെന്നു അവർ ആഗ്രഹിക്കുകയാണു്. ഈ അടുത്ത കാലത്തു് കോട്ടയത്തും മററും ഉണ്ടായ സംഭവങ്ങളിൽ നിന്നും അതു് മനസ്സിലാക്കാവുന്നതാണു്. ജനാധിപത്യത്തിൽ പരക്കെ വിശ്വസിക്കുന്നു എന്നു പറയുന്ന ആളുകൾക്കു്, അവരുടെ സംഘടനയ്ക്കു് ഗവണ്മെൻറിന്റെ ആനുകൂല്യം കിട്ടുന്നില്ല എന്നു് പറയുന്ന പരാതിയിൽ യാതൊരു കഴമ്പും ഇല്ലെന്നു മനസ്സിലാക്കാവുന്നതാണു്.

മറെറാരു ആക്ഷേപം ഡവലപ്പുമെൻറ പദ്ധതിയിൽ കാൺഗ്രസ്സിനു പ്രാതിനിദ്ധ്യം കൊടുത്തില്ല എന്നുള്ളതാണു്. അധികാരത്തിൽ ഇരുന്നപ്പോൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കു്, ഒരു പ്രത്യേക രാഷ്ട്രീയ വിഭാഗത്തിൽപെട്ട ആളുകൾക്കു്, ഗവണ്മെൻറ നിയമിക്കുന്ന കമ്മിററികളിൽ ഒരു തീണ്ടൽവച്ചു പുലർത്തിയിരുന്നവരാണു് കാൺഗ്രസ്സുകാർ. ഈ രാജ്യത്തെ മററു രാഷ്ട്രീയപാർട്ടികളിൽപെട്ട ആളുകളുമായി ഗവണ്മെൻറ ഒരു തീണ്ടൽ പുലർത്തിയിരുന്നു എന്നുള്ളതായിരുന്നു കഴിഞ്ഞ കാലങ്ങളിൽ കാൺഗ്രസ്സിനു എതിരായി ഇവിടെ ഉയർന്ന ശബ്ദങ്ങൾ. എന്റെ അറിവു ശരിയാണെങ്കിൽ കാൺഗ്രസ്സിനു് ശരിയായ പ്രാധിനിദ്ധ്യം വേണമെന്നുള്ള അഭിപ്രായം മാത്രമല്ല ഉണ്ടായിരുന്നതു്. അഡ്വൈസറി കമ്മിററികളിൽ കമ്മ്യൂണിസ്ററ പാർട്ടി, ആർ. എസ്. പി. തുടങ്ങിയ പാർട്ടികളെ ഒഴിച്ചുനിറുത്തണമെന്നുകൂടി കാൺഗ്രസ്സുകാർ മുഖ്യമന്ത്രിയുടെ അടുത്തു പറഞ്ഞതായിട്ടു ഞാൻ അറിയുന്നു. അങ്ങിനെ കഴിഞ്ഞ കാലങ്ങളിൽ അധികാരത്തിൽ ഇരിക്കുന്ന അവസരത്തിൽ വ്യക്തമായ രാഷ്ട്രീയ വേർതിരിവിന്റെയും വിഭാഗീയ

വീക്ഷണത്തിന്റെയും പേരിൽ നാട്ടിലെ തൊഴിലാളി പ്രസ്ഥാനങ്ങളേയും പ്രതിപക്ഷകക്ഷികളേയും ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിൽ തീണ്ടൽ പോലെ വീക്ഷിച്ചിരുന്ന ആളുകൾ ജനാധിപത്യത്തെപ്പററി സംസാരിക്കാതിരിക്കുകയാണ് നല്ലത്. മറെറാന്നു പറയുന്നത് ഈ നാട്ടിൽ നടന്ന പോലീസുമർദ്ദനത്തെപ്പററിയാണ്. പോലീസുദ്യോഗസ്ഥന്മാരുടെ മർദ്ദനത്തിൽ നിന്നു ഈ നാട്ടിലെ ജനങ്ങൾക്ക് കാൺഗ്രസ്സ് ഭരണത്തിൻകീഴിൽ സുരക്ഷിതത്വം ഉണ്ടാകുമോ എന്നു ഈ ഭാഗത്തുള്ള ആളുകൾ സംശയിക്കുകയാണ്. കോട്ടയത്തുണ്ടായതു് എന്താണ് ? ആ പോലീസുദ്യോഗസ്ഥൻ ഈ നാട്ടിലെ രണ്ടു് ജനപ്രതിനിധികളോടു് പറഞ്ഞതു് ഒരു പത്തു ദിവസം കഴിയട്ടെ എന്നാണ്. രാഷ്ട്രീയമായി രാജ്യത്തുണ്ടാകുന്ന മാററം അനുസരിച്ചു ആ ഉദ്യോഗസ്ഥന്റെ പ്രവൃത്തിയിലും വ്യത്യാസം വരുന്നു എന്നാണ് അതു വിളിച്ചുപറയുന്നതു്. കാൺഗ്രസ് അധികാരത്തിലേക്കു് വരുവാൻ പോകുന്നു എന്നും, അവർ അധികാരത്തിൽ വന്നാൽ ഈ നാട്ടിലെ ഇടതുപക്ഷകക്ഷികളോടു ധിക്കാരമായി പെരുമാറുവാനുള്ള പരിതസ്ഥിതി കിട്ടുമെന്നും കരുതി ആ പോലീസുദ്യോഗസ്ഥൻ ധൈര്യപ്പെട്ടിരുന്നാൽ ആ പോലീസുദ്യോഗസ്ഥനു് ജോലികൊടുക്കണമെന്നാണോ ഇവിടെ ബഹുമാനപ്പെട്ട ചാലക്കുടി മെംബർ പറയുന്നതു്. രാഷ്ട്രീയമായ മാററങ്ങളെ നോക്കി രാജ്യത്തെ സമാധാനപാലനത്തിനു നിയുക്തരായ പോലീസുദ്യോഗസ്ഥന്മാർ പെരുമാറുന്നതു് ശരിയായിട്ടുള്ളതാണോ എന്നു് നിശ്ചയിക്കേണ്ടതു് രാജ്യക്ഷേമത്തിൽ ആകാംക്ഷയുള്ള എല്ലാ ആളുകളുടേയും ചുമതലയാണ്. രാഷ്ട്രീയമായ സമ്മർദ്ദത്തിന്റെ പേരിൽ, ഏതാനും ചില ഉദ്യോഗസ്ഥന്മാരുടെ നില സുരക്ഷിതമാകുമെന്നുള്ള ഒരു സംഹചര്യം ഉണ്ടാക്കുവാനുള്ള അവസരം ഒരിക്കലും ഒരു വിഭാഗത്തുനിന്നു ഉണ്ടായിരിക്കുവാൻ അനുവദിക്കരുതു്. ഈ മന്ത്രിസഭ ചെയ്തിട്ടുള്ള പല കാര്യങ്ങളും പറയുന്ന ഈ അവസരത്തിൽ അതിന്റെ നേട്ടങ്ങളെ പശ്ചാത്തലത്തിലേയ്ക്കു് പിൻതള്ളുമാറു പോലീസ് മർദ്ദനം ഈ നാട്ടിൽ നടക്കുന്നുണ്ടു് എന്നുള്ള യാഥാർത്ഥ്യം ഈ സഭയുടെ ശ്രദ്ധയിൽ പതിയേണ്ടതാണ്. സർ, ട്രാൻസ്പോർട്ടു പണിമുടക്കുകാലത്തും തെക്കൻ തിരുവിതാംകൂറിലും ഉണ്ടായ സംഭവങ്ങൾ ഒരു കാലത്തും ഒരു സോഷ്യലിസ്റ്റ് ഗവണ്മെന്റിനു ചേർന്നതല്ല. ഇവിടെ നടന്ന പ്രസംഗങ്ങളിൽ പലതിലും ഇവിടെത്തെ പോലീസ് ജനങ്ങളോടു് പെരുമാറുന്ന രീതിയെ അടിസ്ഥാനപ്പെടുത്തിയുള്ള സൂചനകൾ ഉണ്ടായിരുന്നു. ഈ അടുത്തകാലങ്ങളിലുണ്ടായ പോലീസിന്റെ അതിർക്കവിഞ്ഞ പെരുമാററത്തെപ്പററി അന്വേഷണം നടത്തേണ്ടതു് ഒരു ജനകീയാവശ്യമായിതീർന്നിരിക്കുകയാണ്. കുടിയിരിപ്പിനെ സംബന്ധിച്ചു് നിലവിലിരിക്കുന്ന നിയമങ്ങളിൽതന്നെ അതിനാവശ്യമായ സംരക്ഷണങ്ങൾ ഉണ്ടെന്നു് ധനകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. പുതിയതായി അവതരിപ്പിച്ചിരിക്കുന്ന ഏഴു ബില്ലുകളും കാണക്കുടിയാന്മാർക്കും അതുപോലെയുള്ള മററു കർഷകർക്കും ഇതുവരെ നിഷേധിക്കപ്പെട്ടിരിക്കുന്ന പല അവകാശങ്ങളും നൽകുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഭൂനയ ബില്ലുകൾ ആർക്കു സംരക്ഷണ നൽകുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണോ അങ്ങിനെയുള്ള സകല ആളുകളേയും ഈ നിയമങ്ങൾ പാസാക്കി നടപ്പിലാക്കുന്നതിനു മുൻപു് കുടിയിറക്കിവിടുന്നതിനുള്ള ഒരു സംരംഭം ഈ നാട്ടിൽ നടന്നുവരുന്നുണ്ടു്. ചില കോടതികളിൽ ഇതേവരെ വിചാരണ നടത്താതിരുന്ന അനേകം

[ശ്രീ. ടി. കെ. ദിവാകരൻ]

കേസുകൾ സ്വാധീനം ചെലുത്തി ഒന്നിനു പുറമെ ഒന്നായി തുടർച്ചയായി വിചാരണനടത്തി കുടിഒഴിപ്പിക്കുവാനുള്ള ശ്രമം നടന്നുവരുന്നുണ്ട്. അങ്ങിനെയുള്ള ഒഴിപ്പിക്കലിനെ തടയുന്നതിന് അടിയന്തിരമായ ആശ്വാസപ്രകാരം നടപടി എടുക്കണമെന്നാണ് ഞങ്ങളുടെ കക്ഷി പറയുന്നത്. ഇപ്രകാരമുള്ള കുടികിടപ്പുകാർക്ക് സംരക്ഷണം നൽകുന്നതിനു ഇന്നത്തെ നിയമത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉണ്ടെന്നു പറഞ്ഞതാൽ ആ വ്യവസ്ഥകൾ കൊണ്ട് മാത്രം മതിയാകയില്ല. ഈ രാജ്യത്തുള്ള കുടികിടപ്പുകാരെ രജിസ്റ്റർ ചെയ്യാനുള്ള നിയമത്തിന്റെ കാലാവധി ഉടനടി നീട്ടിക്കൊടുത്താൽ മാത്രമേ നിലവിലുള്ള നിയമത്തിന്റെ രക്ഷ അവർക്കു കിട്ടുകയുള്ളു. ഭൂനയബില്ലുകൾ മൂലം നാം ആർക്കെല്ലാം സംരക്ഷണം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ആ ഉദ്ദേശം ഉള്ള കൃഷിക്കാർക്കും കുടിയാന്മാർക്കും നിയമം പാസാകുന്നതുവരെ കുടിയൊഴിപ്പിക്കലിൽ നിന്നും സംരക്ഷിക്കുന്നതിനു ആവശ്യമായ നടപടികൾ ഗവണ്മെന്റ് സത്വരമായി സ്വീകരിക്കണം. ഇതു് ഒരു വിലപ്രശ്നമായി ഗണിക്കേണ്ട കാര്യമല്ല.

തൊഴിൽരംഗത്തെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റിന്റെ ആവിർഭാവത്തിനു ശേഷം ചില നേട്ടങ്ങളുണ്ടായിട്ടുണ്ടെന്നു് പ്രസ്താവിക്കപ്പെട്ടു. തൊഴിൽരംഗത്തു് മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിൽ കുഴപ്പങ്ങളിൽ ലേബർ വകുപ്പുമന്ത്രിനേരിട്ട് രഞ്ജിപ്പിശ്രമങ്ങൾ നടത്തി വിജയിപ്പിച്ചിട്ടുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഈ ഗവണ്മെന്റ് വന്നതിനു ശേഷമാണെന്നു തോന്നുന്ന മററു ഗവർണ്മെന്റുകൾ അധികാരത്തിൽ ഇരുന്നിരുന്നപ്പോൾ പോയിട്ടുള്ളതിലും കൂടുതൽ കേസുകൾ തൊഴിൽതർക്ക കോടതികളിലേക്കു പോയിരിക്കുന്നതു്. അതു ഒരു പുരോഗമനമാണെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഒരു സോഷ്യലിസ്റ്റ് ഗവണ്മെന്റ് അധികാരത്തിലിരിക്കുന്ന ഈ അവസരത്തിൽ മുതലാളികളും തൊഴിലാളികളും തമ്മിൽ തർക്കമുണ്ടാകുമ്പോൾ ഈ ഗവണ്മെന്റ് തൊഴിലാളികളുടെ ഭാഗത്തുനിൽക്കുമെന്നു അസന്നിഗ്ദ്ധമായ ഒരു പ്രഖ്യാപനം തീർച്ചയായും ഉണ്ടാകേണ്ടതാണ്. ഈ അടിസ്ഥാനത്തിലായിരിക്കണം തൊഴിൽരംഗത്തു് അടിസ്ഥാനമായ ഒരു പരിവർത്തനം ഉണ്ടാക്കുവാൻ ഗവണ്മെന്റ് പരിശ്രമിക്കേണ്ടതു്. ഇൻഡ്യാഗവണ്മെന്റ് സ്വീകരിച്ചു പോലെ ലേബർ അഡ്വൈസറി സ്റ്റാൻഡിംഗ് കമ്മിററികൾ രൂപീകരിക്കാവുന്നതാണ്. മിനിമം വേജസ് ആക്ററു നടപ്പാക്കിയെന്നും ഈ ഗവണ്മെന്റ് പറയുന്നുണ്ട്. 1954 ഡിസംബറിനകം അവയെല്ലാം നടപ്പാക്കേണ്ടതായ സാഹചര്യം ഈ ഗവണ്മെന്റിനു വന്നു എന്നുള്ളതാണ് പരമാർത്ഥം. കാൺഗ്രസ് ഗവണ്മെന്റ് സിക്രട്ടറിയേററിലെ അലമാരകളിൽ മാത്രം സൂക്ഷിച്ചിരുന്ന പല റിപ്പോർട്ടുകളും വെളിച്ചം കാണുന്നതിനു ഈ ഗവണ്മെന്റ് ഉത്സാഹിച്ചിട്ടുണ്ട്. അവ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇന്നു് അവ വെറും ഏട്ടിലെ പശുവായി മാത്രമാണ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇരിക്കുന്നതു്. അവയെല്ലാം നടപ്പിലാക്കുന്നതിനു മിനിമം വേജസ് ഇൻസ്പെക്ടർമാരെ തീർച്ചയായും കൂടുതൽ നിയമിക്കേണ്ടതുണ്ട്. കായലോര പ്രദേശങ്ങളിൽ നടന്നു വരുന്ന കയർ വ്യവസായത്തിൽ ആ നിയമത്തിനു പ്രാബല്യം കൊടുക്കുവാൻ ആവശ്യമുള്ള ഉദ്യോഗസ്ഥന്മാർ ഇല്ലാതിരിക്കുകയാണ്.

എന്നു മാത്രമല്ല അതിനെ സംബന്ധിച്ച് പരാതികളുണ്ടെങ്കിൽ അതു കേൾക്കുന്നതിനുള്ള അതേറിട്ടി ഇന്നുള്ളതു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടാണ്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു പല ജോലികളും ഉള്ളതുകൊണ്ടു കയർ തൊഴിലാളികളുടെ പരാതികേട്ടു തീർപ്പു ചെയ്യുവാൻ വേണ്ട സമയം അദ്ദേഹത്തിനു കിട്ടുന്നില്ല. മിനിമം വേജസ് ആക്ടിന്റെ പ്രവർത്തനത്തിലുള്ള പ്രയാസങ്ങൾ മാറുന്നതിനുള്ള അധികാരം കുറെക്കൂടി താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു് കൊടുക്കത്തക്കവണ്ണം ആവശ്യമായ ഭേദഗതികൾ ആ നിയമത്തിൽ കൊണ്ടുവരുന്നതിനു ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതുമാണ്. തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിൽ വലുതായ പുരോഗതി ഒന്നും ഇതേവരെ ഉണ്ടായിട്ടില്ല. ഗവണ്മെന്റിന്റെ വ്യവസായശാലകൾ ഇന്നും തൊഴിൽ നിയമങ്ങളെ ലംഘിക്കുന്ന സ്ഥാപനങ്ങളാണ്. ഈ ഗവണ്മെന്റിനു് വ്യാവസായികമായി യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നുള്ള ബഹുമാനപ്പെട്ട ചാലക്കുടി മെംബറുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. കുണ്ടറ ഇലക്ട്രിക് ആൻറ് അലൈഡ് ഫാക്ടറി തുറക്കുന്നതിനു തീരുമാനിക്കുന്നതിനു് ഒരു കൊല്ലം വേണ്ടിവന്നു. കുണ്ടറയിലെ സിറാമിക്ക് ഫാക്ടറി പഴയ കാലത്തേതിലും കൂടുതൽ നാശത്തിലേയ്ക്കും നഷ്ടത്തിലേയ്ക്കും പോയ്ക്കൊണ്ടിരിക്കുകയാണ്. റബ്ബർ ഫാക്ടറിയുടെയും പ്ലൈവുഡ് ഫാക്ടറിയുടെയും നില ഭേദമല്ല. ആ നിലയ്ക്കു് ഈ വ്യവസായശാലകളുടെ സുഗമമായ പ്രവർത്തനത്തിനു് ഗവണ്മെന്റിന്റെ സ്വന്തമായ ഒരു വ്യാവസായിക നയം ഗവണ്മെന്റു രൂപീകരിക്കേണ്ടതാണ്. ആ വഴിക്കു് ഹയലുകൾ കുറെ നീങ്ങിയെങ്കിലും പിന്നെ അതു് മുന്നോട്ടു നീങ്ങിയിട്ടില്ലെന്നാണ് അറിയുന്നതു്. തൊഴിലാളി പ്രതിനിധികൾക്കും കൂടി പ്രാതിനിദ്ധ്യമുള്ള ഒരു മാനേജിംഗ് ബോർഡിന്റെ കീഴിൽ വ്യവസായസ്ഥാപനങ്ങളുടെ ഭരണം കൊണ്ടുവരേണ്ടതാണ്. ഗവണ്മെന്റിന്റെ സിവിൽ ഡിപ്പാർട്ടുമെന്റു പ്രവർത്തനം പോലെ വ്യാവസായികശാലകൾ പ്രവർത്തിപ്പിക്കുന്നതിനു ഒരു കാലത്തും സാധിക്കുന്നതല്ല.

ഈ രാജ്യത്തെ ഏററവും വലിയ ധനാഗമമാർഗ്ഗമായ മിനറൽ കമ്പനികൾ അടിയന്തിരമായും ദേശീകരിക്കേണ്ടതാണ്. തന്മൂലം തീർച്ചയായും കൂടുതൽ സാമ്പത്തികവർദ്ധനവിനുള്ള സാദ്ധ്യതകളുണ്ട്. എല്ലാ മിനറൽ കമ്പനികളും ഈ ഗവണ്മെന്റിന്റെ ഉടമയിൽ പ്രവർത്തനം നടത്തേണ്ടതാണ്. അതുപോലെ പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതിനെ സംബന്ധിച്ചും ഈ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളതായികാണാൻ സാധിക്കുന്നില്ല. ഈ മണ്ണൊലിപ്പു തടയുന്നതിനുവേണ്ടിയും മററുമുള്ള ചില്ലറ പരിപാടികൾകൊണ്ടു് ഒന്നും ഗവണ്മെന്റിനു് ഈ തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കാൻ കഴിയുന്നതല്ല. നമ്മുടെ അസംസ്കൃത വിഭവങ്ങൾ പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള മുൻനിശ്ചിത പരിപാടിയോടുകൂടി വ്യാവസായിക പുരോഗതിക്കു് ശ്രമിച്ചാലല്ലാതെ പരിഹരിക്കുന്നതിനു കഴിയുന്നതല്ല.

സർ, ഈ അടുത്ത കാലത്തു് ഗവണ്മെന്റു് സ്വീകരിച്ച ചില നടപടികളെ ഉപയോഗിച്ചുകൊണ്ടു് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഈ ഗവണ്മെന്റിനെ പ്രതിക്കുന്നതിനുവേണ്ടി ഈ അവസരം ഉപയോഗിക്കയുണ്ടായി. അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും ഇന്നത്തെ രാഷ്ട്രീയപശ്ചാത്തലത്തിൽ നാം ആലോചിക്കേണ്ടതാണ്. ഒന്നാമ

[ശ്രീ. ടി. കെ. ദിവാകരൻ]

തായി ഈ ഗവണ്മെൻറ് കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം എങ്ങിനെയുണ്ടായി എന്നും നാം ആലോചിക്കണം. സർ, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇന്നധികാരത്തിൽ ഇരിക്കുന്ന കക്ഷി ഐക്യമുന്നണിയുടെ പ്രകടനപത്രികയുടെ അടിസ്ഥാനത്തിൽ കാൺഗ്രസ്സിനെ പല രംഗത്തും പല നയോജകമണ്ഡലങ്ങളിലും എതിർത്തിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. അങ്ങിനെ കാൺഗ്രസ്സിനെതിരായി ഒരു പ്രകടനപത്രിക വച്ച് തിരഞ്ഞെടുപ്പിൽ മത്സരിച്ച ഒരു കക്ഷിയെ പിൻതാങ്ങുവാനും ഗവണ്മെൻറ് രൂപീകരിപ്പിക്കുവാനും വെമ്പൽകൊണ്ട കാൺഗ്രസ്സുകാരുടെ ജനാധിപത്യം എന്താണെന്നു നമുക്കു മനസ്സിലാകുന്നതാണ്. പ്രകടനപത്രികയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ വിജയിയായ ഒരു രാഷ്ട്രീയകക്ഷിയെ സഹായവാഗ്ദാനവുമായി ചെന്ന് അധികാരത്തിലേററിയതിനുശേഷം അവരുടെ ജനാധിപത്യമര്യാദയെ ഇവർ ചോദ്യം ചെയ്യുന്നതാണ് അത്ഭുതം. ശ്രീമാൻ പട്ടം താണുപിള്ള ശരശയനത്തിൽ കിടക്കുന്ന ഭീഷ്മരാണെന്നു പറഞ്ഞ് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ തിരഞ്ഞെടുപ്പുകാലത്ത് വളരെയധികം മോഹനങ്ങളായ പ്രസംഗങ്ങൾ നടത്തുകയുണ്ടായി. അങ്ങിനെ ശരശയനത്തിൽ കിടന്ന ഭീഷ്മരെ വിളിച്ചുകൊണ്ടുപോയി സഹശയനത്തിനുശേഷം സർ, ഇന്നദ്ദേഹം വളരെ സാധനപാഠങ്ങൾ ബഹുമാനപ്പെട്ട ആലപ്പുഴ മെംബർക്കും മററും ഉപദേശിക്കയുണ്ടായി. ഇന്ന് അങ്ങനെയുള്ള ഉപദേശങ്ങൾ കൊടുത്തു വളരെ അധികം അഭിമാനിക്കാനൊന്നുമില്ല. ഇതു് വളരെ നേരത്തെതന്നെ ആലോചിക്കേണ്ട കാര്യമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും ഈ അനുഭവങ്ങൾ ഒരു സാധനപാഠമായിരിക്കട്ടെ. ചെയ്യേണ്ടതു ചെയ്യേണ്ട സമയത്തു ചെയ്തില്ലെങ്കിൽ അദ്ദേഹത്തിന് തൊക്കെ കേൾക്കേണ്ടിവരും. ബഹുമാനപ്പെട്ട ചാലക്കുടിമെംബറും ഒന്നു ധരിക്കേണ്ടതാണ്. "സംസർഗ്ഗജാ ദോഷഗുണാ ഭവന്തി" എന്നൊരാപ്തവാക്യമുണ്ട്. ആരുടെ സംസർഗ്ഗമായിരുന്നു അവർക്ക് ഇന്നലെവരെയുണ്ടായിരുന്നതു് അവരുടെ സംസർഗ്ഗം കൊണ്ട് പല ദോഷങ്ങളും യഥാർത്ഥത്തിൽ ശ്രീ. പട്ടം താണുപിള്ളയ്ക്കും പാർട്ടിക്കും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ചാലക്കുടി മെംബർതന്നെ മുമ്പൊരിക്കൽ അദ്ദേഹത്തിൻെറ ഗവണ്മെൻറിൽനിന്നും മാറിപ്പോയ തമിഴനാട്ടുകാരെപ്പററി പറയുകയുണ്ടായ്, "മണപ്പിച്ചു ചുംബിച്ചു നക്കിക്കടിച്ചിട്ടിണങ്ങാത്ത" ചിദംബരനാഥനാടാരുടെ കാര്യത്തിൽ മുമ്പ് പനമ്പിള്ളി പറഞ്ഞിട്ടുള്ള ഈ അന്യാപദേശശകലം ഇന്ന് ശ്രീമാൻ പട്ടം താണുപിള്ളയ്ക്ക് ശ്രീ. പനമ്പിള്ളിയുടെ നേരെ എറിഞ്ഞുകൊടുക്കാൻ അവസരമുണ്ടായിരിക്കുന്നു.

ഇന്നു ഞങ്ങളുടെ നിലപാടു വച്ചു നോക്കുന്നപക്ഷം പോലീസ് മർദ്ദനവും വ്യാവസായികനയവും തൊഴിൽ നയവും സംബന്ധിച്ച് ഈ ഗവണ്മെൻറ് കാര്യമായി ഒന്നും ചെയ്തിട്ടില്ല എന്നുള്ള ആക്ഷേപമുണ്ട്. പക്ഷെ, കാൺഗ്രസ്സ് പിൻതുണയോടുകൂടിയല്ല ഇപ്പോൾ പി. എസ്. പി. നിൽക്കുന്നതു്. കാൺഗ്രസ്സിൻെറ പിൻതുണയോടുകൂടി ഭരിച്ചിരുന്നപ്പോൾ അവരുടെ നയംതന്നെ തുടരുന്നതിനേ പി. എസ്. പി—യ്ക്ക് കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ ഇടതുപക്ഷങ്ങളുടെ പിൻതുണയോടുകൂടി ഭരിക്കുന്ന ഒരു പി. എസ്. പി. ഗവണ്മെൻറിന് ഇന്നലത്തേതിൽനിന്നും വ്യത്യസ്തമായ വീക്ഷണഗതി എല്ലാ പ്രശ്നങ്ങളിലും

പുലത്താൻ കഴിയുമെന്നും ഞങ്ങൾ വിചാരിക്കുന്നു. ഗവണ്മെൻറിന്റെ നല്ല ഭാഗങ്ങൾ ഉയർത്തിക്കാണിക്കുകയും ചീത്തവശങ്ങൾ എതിർക്കുകയും ചെയ്യേണ്ടതാവശ്യമാണെന്നാണ് തന്ത്രപരമായി പൊതുവേ ഞങ്ങളുടെ കക്ഷി സ്വീകരിച്ചിരിക്കുന്ന നയം. ഈ പ്രത്യേക പരിതഃസ്ഥിതിയിൽ പാർട്ടികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെമാത്രം ഉറപ്പിച്ചു പറയുക എന്നുള്ളതു തീർച്ചയായും ശരിയായിരിക്കുകയില്ല. ആ അടിസ്ഥാനത്തിൽ കഴിഞ്ഞ തിരഞ്ഞെടുപ്പു കാലത്ത് യോജിച്ചുനിന്നു പ്രവർത്തിച്ച ശക്തികളെ ഭിന്നിപ്പിച്ചു ഈ കാൺഗ്രസ്സുകാർ പി. എസ്. പി. ഗവണ്മെൻറ് ചെയ്തതെല്ലാം തെററാണ്, ദ്രോഹമാണ് എന്നെല്ലാം പറഞ്ഞു നല്ല ഭാഗങ്ങളെ എടുത്തു പറയാതെ അധികാരത്തിൽ വരാൻ ശ്രമിക്കുന്നതിനെ മാററി നിർത്തുവാൻ വേണ്ടിയാണ് ഞങ്ങളുടെ കക്ഷി ഈ നയം ബോധപൂർവ്വം സ്വീകരിച്ചിട്ടുള്ളത്. ഇന്ന് ഈ ഗവണ്മെൻറ് പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. എന്നാൽ കാൺഗ്രസ്സ് ഭരണകാലത്തേക്കാൾ കൂടുതൽ പോലീസുമർദ്ദനം പി. എസ്. പി. ഭരണത്തിൻ കീഴിൽ നടന്നിട്ടുണ്ട്. അതുകൊണ്ട് ഈ ഗവണ്മെൻറിന് പിൻതുണ നൽകാം എന്നു പറയുമ്പോൾ ഇവരുടെ ദ്രോഹപ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുന്നു എന്നു ധരിക്കരുത് എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. പൊതുവെ ഇവർക്ക് നല്ല കാര്യങ്ങൾ ചെയ്യാനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം. ആ അടിസ്ഥാനത്തിൽ ഈ ഗവണ്മെൻറ് ഇടതുപക്ഷങ്ങളിൽ നിന്നും ശക്തി ആർജ്ജിക്കയും, അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ആവേശവും ആയുസ്സും ബഹുജനത്താൽ കൊടുക്കുന്നതു മുൻനിർത്തി മററിടതുപക്ഷകക്ഷികൾ നൽകുകയും ചെയ്യേണ്ടതാണ്. കാൺഗ്രസ്സ് ഗവണ്മെൻറിന്റെ ഇടയിൽ നിന്നും വ്യത്യസ്തമായ പല കാര്യങ്ങളും ഇവർക്ക് മേലാൽ ചെയ്യാൻ കഴിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങിനെ ഈ നാട്ടിലെ ഇടതുപക്ഷങ്ങളുടെ പിൻതുണയോടുകൂടി അവർ പ്രതിനിധീകരിക്കുന്ന സാമാന്യജനങ്ങളുടെ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുള്ള ആശയോടും ആവേശത്തോടുംകൂടി, അവരുടെ ആശയാഭിലാഷങ്ങൾക്ക് രൂപം നൽകുവാൻ ആവശ്യമായ നടപടികൾ എടുക്കുന്നതിന് ഗവണ്മെൻറ് സന്നദ്ധമാകണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. എസ്. രാമസ്വാമി: ஸர், சாலக்குடி மெம்பர் அவர்கள் பிரேரேபித்திருக்கும் திருத்தப் பிரேரணையையும், ஆலப்புழை மெம்பர் அவர்களுடைய திருத்தப் பிரேரணையையும், அதுபோலவே கொல்லம் மெம்பர் அவர்களுடைய திருத்தப் பிரேரணையையும் ஒருமுகமாக ஆதரித்துச் சில வார்த்தைகள் பேச விரும்புகிறேன். இன்றைய தினம் நான் ஆளும் கட்சியில் அல்ல, ஆளப்போகும் கட்சியிலும் அல்ல; நான் ஏகன். ஆகவே அதிகாரத்தில் வரவேண்டுமென்ற ஆசையினால் அல்ல நான் இப்பிரேரணைகளை ஆதரிப்பது; அதற்கு எனக்கு அவசியமும் கிடையாது என்பதை முதன் முதலாக எடுத்துச் சொல்லிக் கொள்கிறேன். என்னுடைய எளிய அறிவிற்கெட்டியதை நான் இங்கு எடுத்துக் கூற விரும்புகிறேன். ராஜப்பிரமுகர் அவர்களுடைய சொற்பொழிவில் நாம் என்னென்ன எதிர்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

பார்த்தோம் போன வருடத்தில், இந்த வருடத்தில் உள்ள ராஜப்பிரமுகர் அவர்களின் சொற்பொழிவிலும் நாம் என்னென்ன எதிர்பார்த்தோம், ஆனால் அதில் கண்டதென்ன என்பதைப் பற்றி மாத்திரம் ஒரு சில வார்த்தைகள் கூற ஆசைப்படுகிறேன். ராஜப் பிரமுகர் அவர்களின் உரையைக் கேட்டபோது நான் நினைத்தேன், எதற்காக அவர்களைக் கொண்டு இத்தனை பக்கங்கள் வாசிக்க வைத் தார்கள், இம்மந்திரிகள் என்று. ராஜப்பிரமுகரின் சொற்பொழிவை நாலே நாலு வாக்கியங்களில் முடித்துக் கொண்டிருந்தால் இந்த நாட்டிலுள்ள மக்கள், குமரி முதல் திருவிதாங்கூர்—கொச்சி வட எல்லை வரை உள்ள மக்கள் ஒரு பெருமூச்சு விட்டிருப்பார்கள் என்று நான் நினைக்கிறேன். யாரையும் இனி அவசியமில்லாமல் சுடமாட்டோம், இனி தொழிலாளிகளைப் பழி வாங்கமாட்டோம், வேலையில்லாத் திண்டாட்டத்தினால் அவதியுறும் மக்களுக்கு வேலை கொடுப்போம், தொழிலாளிகளின் பிரச்னைகளைப் பற்றி ஆலோசித்து வேண்டியது செய்வோம் என்று சொல்லியிருந்தால் மட்டும் போது மாயிருந்தது. இந்த நான்கு வாக்கியங்களை மட்டும் சொல்லியிருந் தால் நான் அதைப் பாராட்டியிருப்பேன். ஆனால் அதற்குப் பதிலாக இங்கே காலனைசேஷன் என்ற பேரை வைத்துக்கொண்டு, தொழி லாளிகளுக்காக நாங்கள் அதைச் செய்கிறோம் இதைச் செய்கிறோம் என்று சொல்லிக் கொண்டிருந்தால் மட்டும் போதாது. இன்று, என்னைப் பொறுத்தளவில் நீங்கள் அறிவீர்கள், நான் சென்ற 14 வருடங்களாக ஸி. எஸ். பியிலும், பின் அது ஐ. எஸ். பியாக மாறிய போதும், மீண்டும் அது பி. எஸ். பி. ஆன பின்னும், அவைகளில் உழைத்து வந்திருக்கிறேன் என்பதை. ஸர். சி. பி. ராமஸ்வாமி ஐயரின் ஆட்சியையும் எதிர்த்திருக்கிறேன். அன்று நானும் என்னைப்போன்ற பல இளைஞர்களும் பற்பல கனவுகள் கண்டோம். நமது கட்சி அரசாங்கத்திற்கு வந்தால், நம் நாட்டிலுள்ள ஏழை மக்களுக்கு, பட்டினி கிடக்கும் மக்களுக்கெல்லாம் விமோசனம் கிடைக்குமென்று கனவு கண்டுகொண்டிருந்தோம். நம் நாட்டின் சுதந்திரத்திற்காகப் பாடுபட்டபோது வெள்ளையன் வெளியே போகிறது மட்டுமல்ல; இந் நாட்டிலுள்ள மக்கள் சொர்க்கபோகத் தில் வாழவும், எல்லோரும் சமமாக இன்புற்றிருக்கக் கூடிய விதத் தில், ஏழை, பணக்காரன் என்ற வித்தியாசமில்லாத ஒரு சமூக அமைப்பை உண்டாக்கப் போகிறோம் என்ற இறுமாப்புடன் இருந் தோம். ஆதலால் அன்று நாம் சிறைச்சாலைக்குப் போனோம், சந்தோஷமாக. ஆனால் இன்று அதே பி. எஸ். பி. அதிகாரத்தில் வந்ததற்குப்பின்னால் நாம் கண்டதென்ன? காண்பதென்ன? அன்று என்னைப் போன்றவர்கள் கண்ட கனவுகள் எல்லாம் அடியோடு மாய்ந்து போய் விட்டது. அன்று, தொழிலாளிகளுக்காக குண்டாந் தடி அடி பட்ட நாங்கள், இன்று தொழிலாளிகளின் மீது துப்பாக் கிப் பிரயோகம் செய்வதைப் பார்க்கிறோம். பாஷாவாரி மாகாணம் அமைக்கப்படவேண்டுமென்று சோஷியலிஸ்ட் பார்ட்டி சொல்லி யிருக்கும்போது, நாங்கள் பாஷாவாரி மாகாணம் கொடுக்கமாட்

டோம்; அதற்காக நீங்கள் கிளர்ச்சி செய்தால், ஜாத்தா போனால், பிக்கட்டிங் செய்தால் உங்களை நாங்கள் சுடுவோம் என்று சொல்லி அதேபோல் செய்யும் நிலைமைக்கு வந்துவிட்டது இந்த பி. எஸ். பி. அரசாங்கம் என்றால், நிச்சயமாக அதை நாங்கள் எதிர்பார்க்கவில்லை தான். கழிந்த டிரான்ஸ்போர்ட் போராட்டத்தின்போது நடந்த அக்கிரமங்களைப் பற்றி, தொழிலாளிகளின் மீது ஏவி விடப்பட்ட அடக்குமுறைப் பிரயோகங்களைப் பற்றி நான் இங்கு எடுத்துச் சொல்ல வேண்டியது அவசியமில்லை என்று நினைக்கிறேன். எல்லோருக்கும் தெரிந்ததுதான், அது. தொழிலாளி இயக்கத்தில் நானும் ஈடுபட்டிருந்தவன் தான். காங்கிரஸ் கட்சி இங்கு அரசாங்கத்தை நடத்தி வந்த காலத்தில் நாலு தடவைகள் என்னைச் சிறையில் வைத்தார்கள், ஸ்ரீமான் டி. கெ. நாராயணபிள்ளை அவர்கள் இருந்த போது எத்தனை எத்தனையோ தடவைகள் நான் சிறைச்சாலைக்குப் போயிருக்கிறேன். ஆனால் அன்று யாரும் என்னை ஒழித்து விடவேண்டுமென்று கருதவில்லை. கழிந்த டிரான்ஸ்போர்ட் போராட்டத்திற்கு முன்னர் நடந்த டிரான்ஸ்போர்ட் போராட்டத்தின் போது, அன்றைய அரசாங்கத்தோடு மோதியவன் நான். ஆனால் அன்றைய அரசாங்கம் தொழிலாளிகளை தங்கள் விரோதிகள் என்று கருதவில்லை. நேர்மாறாக அன்றைய போராட்டத்தின் போது நான் ஒரு அசெம்பிளி மெம்பருமல்ல. அன்று நான் உண்ணாவிரதம் இருந்தபோது, நான்கு நாட்கள் கழிந்தவுடன் ஸ்ரீமான் டி. கெ. நாராயண பிள்ளை அவர்களும் ஸ்ரீமான் இ. ஜாண் பிலிப்போஸ் அவர்களும் என்னிடம் வந்து, நீங்கள் சொல்வது நியாயந்தான்; ஆகவே ஒரு கான்பரன்ஸ் வைத்து இப்பிரச்னைக்கு ஒரு முடிவு செய்து விடுகிறோம் என்று சொன்னார்கள். இன்றோ, ஸ்ரீமான் டி. வி. தாமஸ் அவர்களுடன் பேசமுடியாது, அதற்கு நான் தயாராயில்லை என்று இறுமாப்புடன் கூறுகிறார், பி. எஸ். பி. அரசாங்கத்திலுள்ள மந்திரி. கழிந்த டிரான்ஸ்போர்ட் போராட்டத்தின்போது என்னென்ன நடந்தது என்று உங்களுக்குத் தெரியும். எத்தனை எத்தனையோ தொழிலாளிகளை, திருவிதாங்கூர்–கொச்சி முழுவதிலும் உள்ள தொழிலாளர்களை, ரோட்டில் போட்டு அடித்தது, தொழிலாளிகளுடைய அரசாங்கம் என்று சொல்லிக்கொள்ளும் இப் பி. எஸ். பி. அரசாங்கம். காங்கிரஸ் சர்க்காரை எடுத்துக்கொண்டால் காங்கிரஸ் கட்சியை ஒருதொழிலாளிக் கட்சி என்று சொல்லவில்லை. அவர்கள் தொழிலாளிகளை அடித்திருந்தால் அதை நமக்கு மனதிலாக்க முடியும், அதை நமக்கு அண்டர்ஸ்டாண்ட் பண்ண முடியும். ஆனால் தொழிலாளி சர்க்கார் என்று சொல்லிக் கொள்ளும் பி. எஸ். பி. சர்க்கார் அவ்வாறு தொழிலாளிகளை ரோடுகளில் போட்டு அடித்தார்கள் என்றால் அதற்கு என்ன சொல்வது? நாகர்கோவிலிலும் இம்மாதிரியே தொழிலாளிகளை ரோட்டில் போட்டு அடித்தார்கள். பப்ளிக் மைதானத்தில் வைத்து அடித்தார்கள். போதமில்லாமல் விழுந்தார்கள் எத்தனையோ பேர்கள். ஆகவே, நிச்சயமாக இந்த சர்க்காரை விட காங்கிரஸ் சர்க்கார் நல்லது என்று நான் கருதுகிறேன். நான் ஒரு தமிழ்நாடு காங்கிரஸ்காரன் அல்ல. என்னை ஒரு தமிழ்நாடு காங்கிரஸ்காரன் என்று முத்திரையடிக்கப் பார்க்கிறார்கள்.

[ஸ்ரீ. டி. எஸ். ராமஸ்வாமி]

அதற்கு நான் பயந்தவன் அல்ல. நான்கு தினங்களுக்குமுன்னால் முக்கிய மந்திரியவர்கள் கூறினார்கள், ஏழு அசெம்பிளி அங்கத்தினர்களை கைது செய்திருப்பதால் ஐந்தாந் தேதியன்று இந்த நம்பிக்கையில்லாத் தீர்மானத்தை எடுத்துக்கொள்ளவேண்டுமென்று சொன்னபோது, இன்னும் பத்து அசெம்பிளி மெம்பர்களை கைது செய்தால் அதற்கு என்ன செய்வீர்கள்? அவர்களையும் விடும்வரை இத்தீர்மானத்தை ஒத்தி போட வேண்டுமா என்றும் கேட்டார்கள். அந்த முறையை நீங்கள் பின்பற்றினால் என்னையும் பிடித்துவைத்து விடுவீர்களோ; அப்படி என்னை சிறைச்சாலைக்கு அனுப்பி விட்டால் நான் மிகவும் சந்தோஷமாகப் போவேன் என்று நான் கூறினேன். என்னை சிறைச்சாலைக்கு அனுப்பினால் நான் சந்தோஷமாகப் போவேன். இன்று இங்கு நடக்கும் ஜனநாயகத்தில் இருப்பதை விடச் சிறைச்சாலைக்குச் செல்வதே மேல். நம் நாட்டில் என்னென்ன நடந்ததென்பதை நாம் அறிவோம். சூர நாட்டில் நடந்ததென்ன? இடப்பள்ளியில் நடந்ததென்ன? வயலார் புன்னப்புரையில் நடந்ததென்ன என்பவைகளைப் பற்றி எல்லாம் நாம் அறிவோம். சௌரி சௌராவில் அஹிம்ஸா மூர்த்தி காந்தி அண்ணலின் தலைமையில் என்ன நடந்தது? 22 போலீஸ்காரர்களை வெட்டி தீயில் எறிந்தார்கள். காந்திஜியா அதற்குப் பொறுப்பாளி? நான் சொல்வதில் ஏதாவது தப்பு இருந்தால் அதைத் திருத்திக் கொள்ள நான் தயாராயிருக்கிறேன். சூரநாட்டில் நடந்ததென்ன? அந்த போலீஸ் இன்ஸ்பெக்டரை வெட்டுவதற்காகவோ அல்லது கொல்வதற்காகவோ முயற்சி நடந்ததென்றால் நிச்சயமாக அதை ஆட்சேபிக்கவேண்டும். கூட்டத்தில் ஏதோ நடந்தது. இது நிற்க, குழித்துறையில் வைத்து நடந்த என்கொயரியில் நான் ஜெஸ்டிஸ் கே. சங்கரன் அவர்களிடம் சென்றேன். நான் இவ்விதம் கூறுவதால் எனக்கு ஸ்ரீமான் பட்டம் தாணுபிள்ளை அவர்களிடம் மதிப்பில்லாமல் இல்லை. அவர்கள் இந்த நாட்டிற்குச் செய்த சேவைக்கு தலை வணங்குகிறேன். ஆனால் அவர் செய்த அக்கிரமங்களைக் கண்டிக்கிறேன். அவர்களின் பேரிலுள்ள அன்பினால் தான் இதைச் சொல்கிறேன்.

"I love the sinner, I respect the sinner. But I have the right to criticise the sinner."

இந்த நிலைமையில், அங்கு நடந்ததென்ன? நான் ஸ்ரீமான் சங்கர் அவர்களிடம் சென்று எவிடென்ஸ் கொடுத்தேன். அடுத்தபடியாக நான் கூற விரும்புவதென்னவென்றால் இந்த சட்டசபையில் ஜூலை 11-ம் தேதி ஸ்ரீமான் சட்டநாத கரையாளர் அவர்களின் தீர்மானத்தைப் பற்றிப் பேசும்போது நான் சொன்னேன், வங்காளத்திலும் பஞ்சாபிலும் நடந்த படு கொலைகளைப் பற்றி நீங்கள் அறிவீர்கள்; அதுபோல இங்கும் அம்மாதிரி மலையாளிகளையும் தமிழர்களையும் பிணக்கவிட்டு குழப்பம் விளைவிக்காதீர்கள் என்று கூறினேன். ஆனால் அதை மதிப்பாரில்லை. தென் திருவிதாங்கூரிலுள்ள மக்களை கழிந்த காலத்தில் இச்சர்க்கார் மிகவும் அதிகம் அடித்து உபத்திர

வித்திருக்கிறார்கள். ஸ்ரீமான் பட்டம் தாணுபிள்ளை அவர்களைக் குற்றப்படுத்துவதில் எனக்கு சந்தோஷமில்லை. தென் திருவிதாங்கூரிலுள்ள பட்டணங்களை சுமுகமாக முடித்திருக்கக் கூடாதா? டெக்னிக்கல் எக்ஸ்பெர்ட்ஸ்களையும் மற்றவர்களையும் வைத்து ஒரு கான்பரன்ஸ் கூட்டி அதை முடிக்கக் கூடாதா? அதற்கு ஸ்ரீமான் தாணுபிள்ளை அவர்கள் தயாராயில்லை. நியாயமான ஏற்பாடு ஏதாவது செய்யக்கூடாதா? ஒரு பகுதியினர் மேல் ப்ரஜுடிஸ் உள்ளவர்கள் அதிகாரத்தில் இருந்தால் இப்படியெல்லாம் தான் நடக்கும். தொழிலாளிகளின் அபிப்பிராய வித்தியாசத்தை நாம் எனிமிட்டியாக பாவிக்கக் கூடாது. ஸ்ரீமான் சிதம்பரநாத நாடார் அவர்கள் இங்கு மந்திரியாக இருந்தபோதும் நான் இப்படிக் கூறியிருக்கிறேன். ஆனால் இப்போது ஸ்ரீமான் பட்டம் தாணுபிள்ளை அவர்கள், என்னுடைய மதிப்பிற்குரிய தலைவர் அவர்கள், ஸ்ரீமான் சிதம்பரநாத நாடார் அவர்களை நல்லவராக்கி விட்டார்கள். எத்தனையோ கொடுமைகள் நடந்துவிட்டன. இவற்றை எல்லாம் நிறுத்துகிறோம் என்று மாத்திரமாவது ராஜப்பிரமுக் அவர்களின் உரையில் சொல்லியிருந்தால் நான் தலைவணங்கியிருப்பேன். ராஜப்பிரமுக் அவர்கள் ஒரு உத்தமர். அவர்கள் நன்றாய் பேசினார்கள். ஆனால் என்ன செய்ய முடியும். அப்படி ஏதாவது ஒரு எண்ணம் இருந்தால் தானே? கழிந்த பட்ஜெட் சமயத்திலும் கூட, நம் நாட்டில் வேலையில்லாத் திண்டாட்டம் நாளுக்குநாள் அதிகரித்துக் கொண்டிருக்கிறது; ஆகவே அதைப் போக்குவதற்கு வேண்டிய திட்டங்கள் வகுங்கள் என்று சொன்னேன். எத்தனையோ லட்சக் கணக்கான ஏக்கர்கள் நம் நாட்டில் தரிசாகக் கிடக்கின்றன. அவற்றை விவசாயிகளுக்குக் கொடுங்கள். அதுபோலவே தொழிற்சாலைகளைப் பெருக்குங்கள். எத்தனை எத்தனையோ தொழிற்சாலைகளை நம் நாட்டில் தொடங்கலாம். வேலையில்லாத் திண்டாட்டத்தைப் பற்றி நிதி மந்திரியவர்கள் கூறினார்கள். அதைப்பற்றியுள்ள ஸ்டாட்டிஸ்டிக்ஸ்களைப் பற்றிச் சொன்னார்கள். வேலையில்லாத் திண்டாட்ட நோயைப்பற்றிச் சொன்னார்கள்; அனால் அதற்குள்ள மருந்தைப் பற்றி ஒன்றும் சொல்லவில்லை. வேலையில்லாத் திண்டாட்டத்தைப் போக்க தொழிற் சாலைகளை உண்டாக்குங்கள். அதற்கு வேண்டி டாக்ஸேஷன் ஸ்ட்ரக்சரில் மாற்றம் செய்யுங்கள். மணல் கம்பெனியை, ஹாப்கின்ஸ் ஆண்ட் வில்லியம்ஸ் கம்பெனியை நாஷனலைஸ் செய்யுங்கள். நம்மை எதிர்நோக்கி இருக்கும் பிச்சனைகளைத் தீர்ப்பதற்கு வேண்டிய திட்ட வட்டமான கொள்கைகளைக் கையாளுங்கள். அது ஒன்றும் செய்யாமல் நாங்கள் எத்தனையோ தொழில் கேஸ்களை தீர்த்திருக்கிறோம் என்றெல்லாம் சொல்வதில் ஒரு அர்த்தமுமில்லை. உப்பளம் தொழிலாளர்களின் பேரிலுள்ள கேஸ்களை தீர்க்க, நான் பத்து நாட்கள் உண்ணாவிரதம் இருந்தபோது காங்கிரஸ் மந்திரி சபையில் இருந்த ஸ்ரீமான் பனம்பள்ளி கோவிந்த மேனோன் அவர்கள் வந்து ஒரு என்கொயரி நடத்தினார்கள். ஆனால் இந்த சோஷியலிஸ்ட் அரசாங்கத்திலோ? நான் இதைப்பற்றி கூறும்போது எனக்கு வேறு சில காரியங்கள் நினைவில் வருகிறது. 1942 போராட்ட காலத்திற்குப் பின்பு நாங்கள்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

காங்கிரஸிலிருந்து விலகும்போது, காங்கிரஸைக்குறித்து "It has lost its characteristics as well its composition" என்று கூறினோம். அன்று நம் நாட்டின் சுதந்திரத்திற்காக நாம் போராடினோம். அருணா ஆசெப் அலி, ஸ்ரீமான் அச்சுத் பட்வர்த்தன் போன்றவர்கள் அதை விட்டு வெளியே போயிருக்கிறார்கள். ஆனால் சுதந்திர திருவிதாங்கூரை ஆதரித்தவரும், பாகிஸ்தானுக்கு சென்றவருமான ஒருவர் சுதந்திர இந்தியாவில் ஒரு மந்திரியாக இருக்கிறார். 1942-ம் இயக்கத்தில் இமயம் முதல் குமரி வரை போராடியவர்கள், துப்பாக்கி முனைக்கு அஞ்சாது போரிட்டவர்கள், தியாகத் தீயில் குதித்தவர்கள் இன்று வெளியே இருக்கிறார்கள். ஸ்ரீமான் அச்சுத் பட்வர்த்தன் அவர்களும் ஸ்ரீமதி அருணா ஆசெப் அலியும் வெளியிலே இருக்கிறார்கள். ஸ்ரீமான் ஜெயபிர்காஷ் நாராயண் அவர்கள் வெளியிலேயும் உள்ளேயுமாக நின்று கொண்டிருக்கிறார்கள். ஆனால் பிரிட்டிஷ் ஏகாதிபத்தியத்திற்காக பிராபகாண்டா செய்தவர்கள் அதிகாரத்தில் இருக்கிறார்கள்.

ശ്രീ. പി. കെ. കുഞ്ഞു : അതു മുഴുവൻ വ്യാജപ്രസ്താവനയാണെന്ന് അറിയാമോ ? പാകിസ്ഥാനിൽ ആരും പോയില്ല.

ஸ்ரீ. டி. எஸ். ராமஸ்வாமி : வளரெ நல்லது். I am very happy Sir.

(7) *Chargeman.* The scale of pay of 7 Chargemen on Rs. 100-5-150 at present will be revised to Rs. 125-5-150 and that of 8 Chargemen on Rs. 100-5-125 will remain as at present. The scale of pay of one Temporary Chargeman for maintenance of Tyres on Rs. 80-5-120 has been revised to Rs. 100-5-125 (vide G. P. D. Dis. No. 178|54/PWC. dated the 30th September 1954).

(8) *Leading Hands.* While the scale of pay of the 12 Leading Hands on Rs. 80-5-100 will remain as at present, the scale of pay of 16 Leading Hands on Rs. 45-5-75 will be raised to Rs. 50-5-75.

(9) *Draftsmen.* The scale of pay of Draftsmen on Rs. 45-5-75 will be revised to Rs. 50-5-75

(10) *Instructor.* The scale of pay of the Instructor will be revised from Rs. 80-5-100 to Rs. 80-5-120.

(11) *Mechanical staff.* The scale of pay of Mechanics, Fitters, Blacksmiths, Tinkers, Painters, Welders, Coach Builders, Vulcanisers, Tyre Inspectors, Machinists,, Moulders, and Upholsterers on Rs. 45-5- 75 will be revised to Rs. 50-5-75.

The scale of pay of Blacksmiths, Tinkers, Painters, Welders, Coach Builders, Vulcanisers, Machinists, Moulders, Upholsterers and Assistant Sergeants on Rs. 30-3-45 will be revised to Rs. 35-3-50.

(12) *Helpers and Cleaners.* The fixed pay of Rs. 20 of Helpers and Cleaners will be revised to the scale of pay of Rs. 20-1-25.

(13) *Temporary Mechanical staff.* The scale of Material Chassers and Fitters on Rs. 45-5-75 will be revised to Rs. 50-5-75 and the scale of pay of Blacksmiths and Carpenters on Rs. 30-3-45 will be revised to Rs. 35-3-50.

(14) The fixed pay of Cleaners on Rs. 20 will be revised to the scale of pay of Rs. 20-1-25 and the scale of Attenders on Rs. 20-1-25, will be raised to Rs. 25-1-30.

(15) *Maintenance of Tyres.* The scale of pay of Mechanics for the maintenance of tyres Section will be revised from Rs. 45-5-75 to Rs. 50-5-75 the fixed pay of Rs. 20 of the Cleaners will be revised to Rs. 20-1-25, and the scale of pay of Boiler Attender will be revised from Rs. 30-3-45 to Rs. 35-3-50.

(16) *Body Building.* The scale of pay of the Leading Hands and Material Chassers on Rs. 45-5-75 will be revised to Rs. 50-5-75.

(17) *Office and Depot Staff.* The scale of pay of the Attenders and Store Attenders on Rs. 20-1-25 will be revised to Rs. 25-1-30.

Ferry Staff

(18) *Ferry Supervisor.* The designation of the Ferry Supervisor will be changed into I Grade Inspector as proposed by the Director of Transport and the scale of pay revised from Rs. 75-5-150 to Rs. 125-5-150.

(19) *Checking Inspector.* The scale of pay of the Checking Inspector will be revised from Rs. 45-5-75 to Rs. 80-5-100.

(20) *Mechanics.* The scale of pay of the Mechanics will remain as at present.

(21) *Oilmen.* The fixed pay of Oilmen on Rs. 25 will be revised to the scale of pay of Rs. 25-1-30 and that of Oilmen on Rs. 20 will be revised to the scale of pay of Rs. 20-1-25.

(22) *Helpers.* The fixed pay of Rs. 25 of Helpers will be revised to the fixed pay of Rs. 30.

(23) *Checkers.* The pay of Checkers will be revised from Rs. 30-3-45 to Rs. 35-3-50.

(24) *Boat Mechanic.* The pay of Boat Mechanic will be revised from Rs. 45-5-75 to Rs. 50-5-80.

The revised scales of pay sanctioned above will take effect from the 1st September 1954.

By order of His Highness
the Raj Pramukh
(*Sd.*)
Assistant Secretary to Government.

To

The Director of Transport.
The Fin. Department (Vide Fin. (a) 1-22064|54 dated 3-9-54)
The Comptroller (through Fin. Dept.)
The Private Secretary to the Minister for Works & Transport. T2 Branch.
The Stock File.

APPENDIX II

[*Please See answer to Question No. *84(1) and* 86(3)*]

GOVERNMENT OF TRAVANCORE-COCHIN

PROCEEDINGS

PUBLIC WORKS AND COMMUNICATIONS DEPARTMENT
(Transport Section)

Sub: Grievances of the employees of the State Transport Department.

Read: G. P. T2-9704|49|PWC. dated 16-5-1953.

ORDER No. T1-5669|54|PWC. DATED 13TH AUGUST 1954.

After a careful consideration of the service conditions of the employees of the State Transport Department and a study of the various implications of the G. P. read above, Government are pleased to sanction the following :—

(i) The entire period of service of the employees in the State Transport Department, except that in the contingency establishment will be reckoned for purposes of pension instead of service from 1-1-1118 (1943) as originally ordered in the G. P. read above.

(ii) 50 per cent of the period during which employees were in the Reserve list will be counted as service qualifying for pension.

(iii) No portion of the amounts contributed by the employees towards Provident Fund will be adjusted against the bonus amounts drawn by them.

(iv) The following changes will be effected in the pay, allowances and batta, whether the employees are pensionable or non-pensionable :—

(a) Daily batta for Drivers and Conductors will be raised from 12 annas to Re. 1 with proportionate increase for extra duty. The rate for Inspectors will be Rs. 1-4-0 and for Attenders As. 12.

(b) An allowance of 8 annas will be paid for night-stay out of Head quarters.

(c) Overtime allowance will be calculated at twice Basic pay and Dearness allowance

The above concession will be given to the Ferry staff also wherever applicable.

(v) The pay of the following staff will be revised as follows :—

(a) The scale of pay of Drivers now on Rs. 30-3-45-5-75 to be Rs. 40-5-75.

(b) The pay of temporary Drivers on a fixed pay of Rs. 30 to be Rs. 40 per mensem.

(c) The special allowance of Rs. 5 to Drivers will continue.

(d) The scale of pay of Mechanics and Fitters now on Rs. 30-45 to be Rs. 35-3-50. Assistant Mechanics and Assistant Fitters on Rs. 25-30 will be given the maximum in that scale *viz.* Rs. 30.

(e) The scales of pay of Boat Drivers and Syrangs now on Rs. 30-75 to be Rs. 35-3-50-5-75.

(f) The existing scale of pay of Boat Masters on Rs. 30-45 to be Rs. 35-3-50.

In all the above cases, the existing rate of Dearness Allowance will be given.

The categories of employees that were pensionable before the issue of the G. P. dated 16-5-1953 will continue to be pensionable.

Regarding the categories of employees covered by the G. P. dated 16-5-1953, Government sanction their being given the option either to be in the pensionable service without Trade Union rights and without Bonus or in the non-pensionable service with a contributory Provident Fund and Bonus as also Trade Union rights. Non-Pensionable employees will have the benefits of leave, Provident Fund and Bonus as are obtaining now, but not the ex-gratia payment contemplated in the G. P. read above. Bonus will be calculated on the same basis as in the past *viz.*, 7½ per cent of the net profits of the Department: provided the profit exceeds 7½ per cent of the Capital, and the individual share will be in the proportion which their annual emoluments bear to the total annual emoluments of all the employees (both pensionable and non-pensionable) falling under the categories covered by the G. P. dated 16-5-1953.

The employees of the Department are requested to intimate to the Director of Transport within a period of 10 days from

this day their option whether to be in the pensionable service or in the non-pensionable service. The Director of Transport will take immediate steps in this behalf. If within the time specified any employee has not recorded his option, it will be taken that he wishes to be in the pensionable service.

In view of the revision of scales of pay indicated in Clause (v) above, Government are examining the question whether revision of pay is necessary in respect of any other categories of employees in the Department. The Director of Transport is directed to send up proposals in this regard immediately.

By order of His Highness the Raj Pramukh,
G. MADHAVAN,
Secretary to Government.

To

The Director of Transport,
The Comptroller (Through the Finance Department).
The Finance Department (This G. P. is issued as decided by the Council of Ministers).

APPENDIX III.

*[Please see answer to question No. * 100 (18)]*

മലമ്പനി ബാധിച്ചിട്ടുള്ള പ്രദേശങ്ങൾ.

1	തോവാളതാലൂക്ക്	അഴകിയപാണ്ടിപുരം
		ചിറമം
		അനന്തപുരം
		ദർശനംകോട്ട്
		അരുമനല്ലൂർ
		താഴക്കുടി
2	കൽക്കുളംതാലൂക്ക്	ശ്രീമൂലക്കോട്ട്
		അരുവിക്കര
		കോതനല്ലൂർ
		ആളൂർ
		പദ്മനാഭപുരം
		തക്കല
		കൽക്കുളം
		പൊന്മന
		തൃപ്പരപ്പ്
		തിരുവട്ടാർ
3	വിളവംകോട്താലൂക്ക്	കളിയൽ
		ഇടയ്ക്കോട്
		അരുമന
4	നെയ്യാററിൻകരതാലൂക്ക്	കുന്നത്തുകാൽ
		പെരുങ്കടവിള
		നെയ്യാററിൻകര
		മാറനല്ലൂർ
		വിളപ്പിൽ
		കൊല്ലയിൽ
		ഒററശ്ശേഖരമംഗലം
5	നെടുമങ്ങാട്താലൂക്ക്	ഉഴമലയ്ക്കൽ
		പാലോട്
		വാമനപുരം
		വീരണകാവ്
		മണ്ണൂക്കര
		പെരുംകുളം
		കുളത്തൂമ്മേൽ
		വെള്ളനാട്
6	കൊട്ടാരക്കരതാലൂക്ക്	കുമ്മിൾ
7	പത്തനാപുരംതാലൂക്ക്	പത്തനാപുരം
		അഞ്ചൽ

8	കുന്നത്തൂർതാലൂക്ക്	ഏനാദിമംഗലം
9	ചെങ്ങോട്ടതാലൂക്ക്	പുളിയറ
		അച്ചൻപുത്തൂർ
		പുത്തൂർ
10	പത്തനംതിട്ടതാലൂക്ക്	കുമ്പഴ
		റാന്നി
11	ചങ്ങനാശ്ശേരിതാലൂക്ക്	കാഞ്ഞിരപ്പള്ളി
		എരുമേലി
12	പീരുമേട്ടതാലൂക്ക്	പീരുമേട്
		വണ്ടൻമേട്
		പെരിയാർ
		പെരുവന്താനം
13	മൂവാററുപുഴതാലൂക്ക്	കൂട്ടമംഗലം
		മന്നാങ്കണ്ടം
		അടിമാലി
14	തൊടുപുഴതാലൂക്ക്	കരിമണ്ണൂർ
15	കുന്നത്തുനാടുതാലൂക്ക്	വേങ്ങൂർ
16	ദേവികുളംതാലൂക്ക്	പള്ളിവാസൽ
		ഉടുമ്പൻചോല
		വൂപ്പാറ
		മറയൂർ
		കാന്തല്ലൂർ
17	തൃശ്ശിവപേരൂർതാലൂക്ക്	മാനാമംഗലം
		പീച്ചി
18	മുകുന്ദപുരംതാലൂക്ക	പരിയാരം
		പണ്ടാരപ്പിള്ളി
		കോടശ്ശേരി
		മുപ്പിലിയം
		മഞ്ഞപ്ര
		പുത്തൻകുററി
		മുക്കണ്ണൂർ
19	തലപ്പിള്ളിതാലൂക്ക്	തെക്കുംകര
		വിരപ്പുക്ക
		മണലിത്തറ
20	ചിറവൂർതാലൂക്ക്	നെല്ലിയാംപതി
		നന്ദിയോട്ട്
		നെന്മാറ

APPENDIX IV.

[*Pleass see answer to Question No * 121 (50)*]

സഹകരണസംഘങ്ങൾ ലൈസൻസ് കൊടുത്ത് വാരുന്ന കക്കാ സഹകരണസംഘങ്ങൾ വാങ്ങുന്ന ഓരോ സ്ഥലത്തും ഓരോ വിലയ്ക്കാണ്. അവ താഴെ പറയുന്ന നിരക്കിലാണ്.

				ണ.	സ.
1	കുമരകത്തും കൈനകരിയിലും		പാട്ട ഒന്നുക്ക്	2	0
2	അഷ്ടമുടി മുക്കാട്ടുഡിപ്പോ		ടി	3	2
	പള്ളിക്കൊടി		ടി	3	2
3	കായംകുളം കടൽകക്കാ		ടി	3	6
	കറുത്തകക്കാ		ടി	3	0
4	ആയ്യനാട് ആയ്യനാടൻകക്കാ		ടി	3	6
	ചേന്നങ്കരി		ടി	3	3
5	മുഹമ്മ ഒന്നാംതരം	1	ടി	6	6
		2	ടി	6	3
		3	ടി	5	9
	രണ്ടാംതരം	1	ടി	4	6
		2	ടി	4	3
		3	ടി	3	0
6	വൈക്കം ഒന്നാംതരം		ടി	5	9
	രണ്ടാംതരം		ടി	4	3
	മൂന്നാംതരം		ടി	4	0
7	വെച്ചൂർ രണ്ടാംതരം		ടി	3	6
	മൂന്നാംതരം		ടി	3	0
8	പള്ളിപ്പുറം രണ്ടാംതരം		ടി	4	6
	മൂന്നാംതരം		ടി	1	0
	മൂന്നു സ്പെഷ്യൽ		ടി	3	6
	ചന്തിരൂർ		ടി	4	3

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1955

Tuesday, the 1st February 1955.

Vol. XII] OFFICIAL REPORT [No. 5

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 1st February 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

ട്രാൻസ്പോർട്ട് പണിമുടക്കും പോലീസ് മർദ്ദനവും.

* 132. [1] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ആഗസ്റ്റ്–സെപ്റ്റംബർ മാസങ്ങളിലായി നടന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളി പണിമുടക്കു സമരത്തിൽ പങ്കെടുത്ത ആരെയെങ്കിലും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ;

(സി) അറസ്റ്റുചെയ്തവരെ പോലീസുകാർ പോലീസ് വാനുകളിലും ലോക്കപ്പുകളിലുംവച്ച് മർദ്ദിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മർദ്ദനം നടത്തിയ പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

മി. സ്പീക്കർ : ഈ ചോദ്യത്തിനു മുമ്പ് ആൻസർ ചെയ്തു കഴിഞ്ഞു.

ശ്രീ. വി. ശ്രീധരൻ : സി–ക്കും ഡി–ക്കും ഉത്തരം കിട്ടണം.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: മർദ്ദനം ഏററവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ എ. താണുപിള്ള: നോട്ടീസു വേണം.

ശ്രീ. കെ. പി. ഗോപാലമേനോൻ: അറസ്ററു ചെയ്യപ്പെട്ടവരിൽ ട്രാൻസ്പോർട്ടു തൊഴിലാളികളാരെങ്കിലും ഉണ്ടോ ?

ശ്രീ. എ. താണുപിള്ള: നോട്ടീസു വേണം.

സെസ്സ് ഫണ്ട്.

* 133. [2] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെസ്സ്ഫണ്ട് ഇനത്തിൽ കേന്ദ്രഗവണ്മെൻറിൽ നിന്നും ഈ ഗവണ്മെൻറിന് വല്ല ധനസഹായവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ ലഭിച്ചിട്ടുള്ളതു് എത്ര;

(സി) ഈ ഫണ്ടിൻെറ വിനിയോഗം സംബന്ധിച്ച് ഗവണ്മെൻറ് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം ബഡ്ജററു ചെയ്തിട്ടുള്ള തുകകൾ തുകയും, ഓരോ ഇനം ചിലവുകൾക്കായി പ്രത്യേകം പ്രത്യേകം നീക്കിവച്ചിട്ടുള്ള സംഖ്യ എത്ര വീതമാണെന്നും, ആയതിൽ ഓരോ ഇനത്തിലും ഇന്നുവരെ എത്രവീതം ചിലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) 18,06,000 രൂപാ.

(സി) ഉണ്ട്.

(ഡി) വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: നെയ്ത്തുകാർക്ക് കുറഞ്ഞ വിലയ്ക്ക് നൂൽ ലഭിക്കുന്നതിനു കേന്ദ്രഗവണ്മെൻറിൽനിന്നും പ്രത്യേക സഹായം വല്ലതും ചെയ്തിട്ടുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള: പ്രവർത്തനമൂലധനവായ്പ, ഓഹരി മൂലധനം, റിബേറ്റ്, കൈത്തറിയെ ഷട്ടിൽത്തറിയാക്കുക, മേമ്പേയ്ൽ വാൻ വാങ്ങുക, പ്രസിദ്ധീകരണവും പ്രചാരണവും എന്നിങ്ങനെ പല ആവശ്യങ്ങൾക്കായിട്ടാണു ഈ തുക അനുവദിച്ചിട്ടുള്ളതു്.

ശ്രീ. വി. ശ്രീധരൻ: ഇതുവരെ എന്തു തുക ചിലവായിട്ടുണ്ട്

† Please see Appendix I.

ശ്രീ. പി. എസ്. നടരാജപിള്ള : 4,62,085 രൂ. 14 ണ. ചില വായിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ബാക്കിയുള്ള തുക മുഴുവൻ ഈ സാമ്പത്തിക വർഷത്തിൽതന്നെ ചിലവാക്കാൻ സാധിക്കുമോ ?

ശ്രീ പി. എസ്. നടരാജപിള്ള : സാധിക്കും.

ശ്രീ. പി. രവീന്ദ്രൻ : ഇതുവരെ എത്ര സംഘങ്ങൾ അപേക്ഷിച്ചിട്ടുണ്ട് ?

ശ്രീ. പി. എസ്. നടരാജപിള്ള : നോട്ടീസുവേണം.

ശ്രീ. പി. രവീന്ദ്രൻ : ഇതു സംബന്ധിച്ചു നിയമിതനായ ഉദ്യോഗസ്ഥന് ആവശ്യമായ അധികാരം നൽകിയിട്ടില്ലെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ശരിയല്ല. ജായിൻറ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്; ജായിൻറ ഡയറക്ടർക്ക് ആവശ്യമായ അധികാരങ്ങൾ നൽകിക്കൊണ്ടു ജി. ഒ. ഇഷ്യുചെയ്തിട്ടുണ്ട്.

ശ്രീ. യു. നീലകണ്ഠൻ : കൈത്തറിത്തുണി വില്പനയെ പ്രോത്സാഹിപ്പിക്കാൻ ഈ ഫണ്ടിൽനിന്നും എന്തു സഹായമാണ് നൽകുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള : സംഘങ്ങൾ നൽകുന്ന റിബേറ്റ ഗ്രാൻറായി നൽകുന്നതാണ്.

Government Pleaders.

* 134. [3] **Shri N. G. Chacko :** Will the Chief Minister be pleased to state:

(*a*) how many Government Pleaders were appointed to the Trivandrum branch of the Travancore-Cochin High Court; and

(*b*) how many of them continue in those posts now ?

Chief Minister **(Shri A. Thanu Pillai) :**

(*a*) 1

(*b*) 2

ശ്രീ. എൻ. ജി. ചാക്കോ : കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഇവരുടെ ശമ്പളം ഡിസ്അലവ ചെയ്തതല്ലേ ?

ശ്രീ എ. താണുപിള്ള : അതിനെപ്പററി ഡിസ്കഷൻ നടന്നിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: രണ്ടു ഗവണ്മെൻറ പ്ലീഡറന്മാർക്ക് ശമ്പളം കൊടുക്കുന്നതിനെ കംപ്ട്രോളർ തടഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഇല്ല.

Unemployment.

*135. [4] **Shri N. G. Chacko :** Will the Chief Minister be pleased to state:

(*a*) whether an unemployment survey has been conducted in Travancore-Cochin;

(*b*) what is the percentage of unemployed men and women in this State; and

(*c*) is there any scheme for this Government for curing unemployment in this State?

Chief Minister **(Shri A. Thanu Pillai) :**

(*a*) Yes; a survey was conducted by the programme committee of the Planning Commission;

(*b*) The survey report has not yet been received by this Government from the Planning Commission.

(*c*) Yes.

ശ്രീ. എൻ. ജ . ചാക്കോ : എല്ലാ താലൂക്കുകളിലും ഈ സർവ്വെ നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : എല്ലാ താലൂക്കുകളിലും നടത്തിയിട്ടില്ല.

ശ്രീ. തലേക്കരെ കെ. കൃഷ്ണൻ: ശരിയായ ഒരു സർവ്വെ നടത്താതെ പഞ്ചവത്സരപദ്ധതിയുംമററും എങ്ങിനെ നടപ്പിലാക്കാൻ സാധിക്കും ?

ശ്രീ. എ. താണുപിള്ള : പഞ്ചവത്സരപദ്ധതിയെപ്പററിയല്ല തൊഴിലില്ലായ്മയെസംബന്ധിച്ചാണ് ഈ ചോദ്യം.

ശ്രീ. തലേക്കരെ കെ. കൃഷ്ണൻ : ഇവിടെ എത്രയാളുകൾ തൊഴിലില്ലാത്തവരായിട്ടുണ്ടെന്നു ശരിയായ ഒരു കണക്കെടുക്കാതെ പഞ്ചവത്സര പദ്ധതി എങ്ങിനെ വിജയകരമായി നടത്താൻ സാധിക്കും?

ശ്രീ. എ. താണുപിള്ള : അതിനെ സംബന്ധിച്ച് പ്ലാനിംഗ് കമ്മിഷന്റെ അപ്രൂവൽ കിട്ടിയിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ : ചില പ്രത്യേക സ്ഥലത്തുമാത്രം ഈ സർവ്വെ നടത്തുന്നതുകൊണ്ട് ഉദ്ദേശം പൂർണ്ണമാകുമോ ?

ശ്രീ എ. താണുപിള്ള : ഒരു സാമ്പിൾ സർവ്വെയാണ് നടത്തിയിട്ടുള്ളത്. അതിൽനിന്നും സ്റ്റേററ് ഒട്ടുക്കുള്ള അൺഎംപ്ലോയ്മെൻറിന്റെ ഒരു കണക്ക അനുമാനിക്കാനുള്ള സാദ്ധ്യതകളുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: ഇങ്ങനെയൊരു സാമ്പിൾ സർവ്വെ നടത്തിയതുകൊണ്ടുമാത്രം പ്ലാനിംഗ് കമ്മിഷൻ വിഭാവന ചെയ്യുന്ന തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കാൻ സാധിക്കുമോ?

ശ്രീ എ. താണുപിള്ള: ഏറെക്കുറെ സാധിക്കുന്നതാണ്.

ശ്രീ. കെ. പി. ഹാർമീസ്: ഇതുസംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്?

ശ്രീ. എ താണുപിള്ള: കാളനൈസേഷൻ സ്കീം, സോയിൽ കൺസർവെൻസി സ്കീം ഇവ ആരംഭിച്ചിട്ടുണ്ട്. കാളനൈസേഷൻ സ്കീം

അനുസരിച്ച് 200 ആളുകൾക്ക് വേണ്ട സൗകര്യം നൽകിയിട്ടുണ്ട്. സോയിൽ കൺസർവെൻസി സ്കീം അനുസരിച്ച് 7,500 ജോലിക്കാർക്കും, 300 സൂപ്പർവൈസറന്മാർക്കും ജോലി നൽകാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ്: ഈ ജോലി എത്രകാലംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ. താണുപിള്ള: ആറുവർഷംകൊണ്ട് മൂന്നു കോടിയിൽ ചിലവാനം രൂപ ചിലവുചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു സ്കീമാണ് ഇത്. കുമ്പൻപാറ എന്ന സ്ഥലത്താണ് തുടങ്ങിയിരിക്കുന്നത്. സ്ഥലം സന്ദർശിച്ചാൽ കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഏതു താലൂക്കുകളിലാണ് സാമ്പിൾ സർവ്വെ നടത്തിയത്?

ശ്രീ. എ. താണുപിള്ള: സ്റ്റേറ്റ് ഒട്ടുക്കുള്ള ചില പ്രത്യേക താലൂക്കുകൾ തിരഞ്ഞെടുത്ത് സർവ്വെ നടത്തുകയായിരുന്നു.

ശ്രീ. ടി. പി. സീതാരാമൻ: ഈ സ്കീം ആദ്യമായിട്ട് പ്രവർത്തനത്തിൽ വരുത്തുന്നത് എവിടെയാണ്?

ശ്രീ. എ. താണുപിള്ള: ദേവികുളത്ത്.

ശ്രീ. കെ. കരുണാകരൻ: ഇതിനകം എത്ര പേർക്ക് ജോലി കൊടുത്തിട്ടുണ്ട്?

ശ്രീ. എ. താണുപിള്ള: ഇരുന്നൂറു മുന്നൂറോളം ആളുകൾക്ക് ജോലി കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബറന്മാർ ആ സ്ഥലം സന്ദർശിച്ചാൽ തെററിദ്ധാരണകൾ നീങ്ങുന്നതാണ്.

ശ്രീ. ടി. പി. സീതാരാമൻ: കേന്ദ്രഗവണ്മെൻറിൽനിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ട്?

ശ്രീ. എ. താണുപിള്ള: രണ്ടുകോടി പതിനേഴുലക്ഷം രൂപ.

ശ്രീ. ടി. പി. സീതാരാമൻ: എല്ലാ ഡിസ്ട്രിക്റ്റിലും ഇതുകൊണ്ടുള്ള പ്രയോജനം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: എല്ലാ ഡിസ്ട്രിക്റ്റിലും നൽകാൻ സാദ്ധ്യമല്ല. ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമുള്ള ഭൂമി ദേവികുളത്തുള്ളതുകൊണ്ട് അവിടെയാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

ശ്രീ. ടി. പി. സീതാരാമൻ: ഒല്ലൂർ വില്ലേജിൽ 500 ഏക്കർ സ്ഥലം ഈ പദ്ധതി നടപ്പിലാക്കുവാൻ പററിയതായുണ്ടെന്ന് സംബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെയുണ്ടെങ്കിൽ പരിശോധിച്ച് ആ സ്ഥലം നല്ലതാണോ എന്നു നോക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സ്ഥലത്തെ പ്രവർത്തനം നിയമസഭയിലെ എല്ലാ മെംബറന്മാർക്കും നേരിട്ടു കാണത്തക്കവണ്ണം അസംബ്ലി അവിടെ സമ്മേളിക്കാമോ?

ശ്രീ. എ. താണുപിള്ള: അവിടെ വേണ്ട കെട്ടിടസൗകര്യമുണ്ടാക്കിയാൽ ഉഷ്ണകാലത്തെങ്കിലും അവിടെ നിയമസഭ സമ്മേളിക്കാമായിരുന്നു; ഇപ്പോൾ അതിന് സാദ്ധ്യമല്ല.

ശ്രീ. പി. വിശ്വംഭരൻ: ദേവികുളത്ത് എല്ലാ ഡിസ്ട്രിക്റ്റിലുമുള്ളവർക്ക് പ്രവേശനം നൽകിയിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ ടി. കെ. ദിവാകരൻ: കാളനൈസേഷൻ സ്കീം അനുസരിച്ച് ആളുകളെ തിരഞ്ഞെടുക്കുന്നത് ആരാണ്?

ശ്രീ. എ. താണുപിള്ള: ഒരു പ്രത്യേക കമ്മിററിയുണ്ട്. കമ്മിററി അപേക്ഷകൾ പരിശോധിച്ച് കൂടുതൽ അർഹതയുള്ളവരെ തിരഞ്ഞെടുക്കും.

ശ്രീ. കെ കരുണാകരൻ: കമ്മിററി അംഗങ്ങൾ ആരെല്ലാമാണ്?

ശ്രീ. എ. താണുപിള്ള: പഞ്ചായത്ത് ഡയറക്ററർ, കാളനൈസേഷൻ സ്പെഷ്യലാഫീസർ, ബോർഡ് ഒന്നാം മെംബർ.

ശ്രീ. എം. വി. ചെറിയാൻ: ആളുകളെ തിരഞ്ഞെടുക്കുന്നത് ഏതടിസ്ഥാനത്തിലാണ്?

ശ്രീ. എ. താണുപിള്ള: ഭൂമിയില്ലാത്തവർ, ജോലി ചെയ്യാൻ ശേഷിയുള്ളവർ, കൃഷിചെയ്യാൻ സന്നദ്ധതയുള്ളവർ എന്നിങ്ങനെ പല മാനദണ്ഡങ്ങളിലാണ്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഈ അടുത്തകാലത്തുതന്നെ ഇത് പദ്ധതി നടപ്പിലാക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾതന്നെ വളരെ വൈകിപ്പോയെന്നാണ് ഗവണ്മെൻറ് കരുതുന്നത്. ഇത്ര താമസിച്ചെങ്കിലും ഇതു നടപ്പിലാക്കാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമാണുള്ളത്.

Allotment of Lands.

*136. [5] **Shri A. A. D. Luiz :** Will the Minister for Finance be pleased to state whether any requests have been received from land-less and home-less Anglo-Indians for allotment of land?

Minister for Finance **(Shri P. S. Nataraja Pillai) :** Yes, only one application has been received for 10 cents of land for housing site in Chalakudi village in 1954.

Prohibition

*137. [6] **Shri A. A. D. Luiz :** Will the Minister for Finance be pleased to state whether it is proposed to constitute a committee to enquire into the working of prohibition in this State?

Minister for Finance **(Shri P. S. Nataraja Pillai):** There is no proposal at present to constitute a committee to enquire into the working of prohibition in this State.

Shri A. A. D. Luiz: Sir, my question is, whether the Government will be pleased to constitute a committee?

Shri P.S. Nataraja Pillai: There is no proposal at present to constitute a committee to enquire into the working of the prohibition scheme.

Shri Thalekkare K. Krishnan: May I know whether the Committee appointed by the Government of India in this behalf has not referred the matter to this Government?

Shri P. S. Nataraja Pillai: That is the reason why this Government is not proposing to constitute a committee.

മിനിമം വേജസ്.

* 138. [7] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകതൊഴിലാളി മിനിമംവേജസ് കമ്മിററി, കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി നിജപ്പെടുത്താൻ എന്തെല്ലാം ചെയ്തിട്ടുണ്ട്;

(ബി) കമ്മിററി എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) മിനിമം വേജസ് കമ്മിററി അംഗങ്ങൾ കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി ക്രമപ്പെടുത്തുന്നതിനു ആവശ്യമായ തെളിവുകൾ പല താലൂക്കുകളിലും സഞ്ചരിച്ചു് ശേഖരിച്ചുകൊണ്ടിരിക്കയാണു്.

(ബി) ഇല്ല. കമ്മിററിയുടെ റിപ്പോർട്ട് തെളിവുശേഖരണം പൂർത്തിയായാലുടൻ തയ്യാറാക്കി ഗവണ്മെൻറിലേക്കു് സമർപ്പിക്കുന്നതാണു്.

ശ്രീ. പി. ഗോപാലൻ: ഈ കമ്മിററിയെ നിയമിച്ചിട്ടു് എത്ര കാലമായി?

ശ്രീ. പി. കെ. കുഞ്ഞു്: നാലഞ്ചു മാസമായി.

ശ്രീ. പി. ഗോപാലൻ: എത്ര കാലത്തിനകത്തിൽ ഈ കമ്മിററിയുടെ റിപ്പോർട്ട് സമർപ്പിക്കണമെന്നാണു് നിർദ്ദേശം നൽകിയിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: അടുത്ത മാർച്ചു 31-ാനുക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണു് നിർദ്ദേശം നൽകിയിട്ടുള്ളതു്.

ശ്രീ. പി. ഗോപാലൻ: ഈ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: പറയാം. അഗ്രിക്കൾച്ചറൽ ഡയറക്ടർ, ലേബർ കമ്മീഷണർ, ശ്രീ. കെ. എം. കോര, ശ്രീ. ടി. കെ. കുഞ്ഞുവാരിതു്, സി. കൃഷ്ണയ്യർ, ശ്രീ. വി. ആർ. കൃഷ്ണൻഎഴുത്തച്ഛൻ, ശ്രീ. ജി. വി. തോമസ്സു്, ശ്രീ. ടി. എസ്സു്. രാമസ്വാമിപിള്ള എന്നിവരാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇവരിൽ കൃഷിത്തൊഴിലാളികളുടെ പ്രതിനിധികളായി ആരെയെല്ലാമാണ് ഉദ്ദേശിച്ചിരിക്കുന്നത് ?

ശ്രീ. പി. കെ. കുഞ്ഞു് : ശ്രീ. ടി. വി. തോമസ്സ്, എസ്സ്. രാമസ്വാമിപിള്ള, കൃഷ്ണനെഴുത്തച്ഛൻ ഇവരെല്ലാവരും കർഷകതൊഴിലാളികളെ പ്രതിനിധീകരിക്കുന്നവരാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ശ്രീ. കൃഷ്ണനെഴുത്തച്ഛനെ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതു കർഷകതൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ആളാണെന്നു വിചാരിച്ചാണോ ?

ശ്രീ. പി. കെ. കുഞ്ഞു്: ശ്രീ. കൃഷ്ണനെഴുത്തച്ഛൻ, ശ്രീ. ടി. വി. തോമസ്സ്, രാമസ്വാമിപിള്ള ഇവർ തൊഴിലാളികളുടെ ഇടയിൽ പൊതുപ്രവർത്തകരാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഞാൻ ചോദിച്ചതു് അതല്ല. ശ്രീ. കൃഷ്ണനെഴുത്തച്ഛൻ വല്ല തൊഴിലാളി സംഘടനയുടേയും പ്രതിനിധിയാണോ എന്നാണ് ചോദിച്ചതു് ?

ശ്രീ. പി. കെ. കുഞ്ഞു : അതാണ് ഞാൻ മുമ്പു പറഞ്ഞതു്, തൊഴിലാളികളുടെ ഇടയിൽ പൊതുപ്രവർത്തകനാണെന്ന്.

Sir, with your permission, I wish to make a statement.

This Government desire to make a declaration of their policy with regard to the labour and industrial relations so that there may be a complete understanding between employers and employees about their respective roles in the present set up. It is the unshakable intention of Government to uphold and promote the legitimate interests of labour in all directions and with this view, the Labour Department has been raised as a Major Department, and it is their conviction that with the conferment of a proper status the Department will be enabled to function effectively in the conciliation of disputes and harmonising employer-employee relationship. It is the fervent expectation of Government that both labour and employer would fully avail themselves of the machinery of the Labour Department for the composition of their disputes and differences and for the promotion of industrial peace. The Department should be helped by both sections of industry for the enforcement of conciliation, agreements, awards etc., without which the industrial development of the country cannot be ensured. And with a view to assure both labour and employer the Government do intend to constitute a bipartite committee consisting of representatives of labour and employer to advise the Labour Department on matters affecting industrial relations.

ശ്രീ. പന്തമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് ഏതു ചോദ്യത്തിന്റെ ഉത്തരമാണ്?

Mr. Speaker: I thought it was something connected with the Agricultural Labour.

Shri M. P. Menon: Can we put supplementary questions on that statement?

Mr. Speaker: I thought it was something connected with the Agricultural Labour.

Shri P. K. Kunju: This is a declaration of Government regarding their general policy in respect of labour disputes.

തടിലേലം.

* 139. [8] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കേസിൽപെടുന്ന തടികൾ ഫാറസ്റ്റിൽ വച്ചുതന്നെ ലേലം ചെയ്തുകൊടുക്കുന്നതുകൊണ്ടു പല്ല രീതിയിലുള്ള ക്രമക്കേടുകൾ ഉള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അതു ഡിപ്പോവിലൊ, Forest Range Office-ലൊ വച്ചു ലേലംചെയ്തുകൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി. (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) സാധാരണയായി വനാന്തർഭാഗങ്ങളിലും സഞ്ചാരസൗകര്യമില്ലാത്ത വനങ്ങളിലുമാണ് ഇങ്ങനെയുണ്ടാകുന്ന കേസുകൾക്ക് ആസ്പദമായ കൃത്യങ്ങൾ സംഭവിക്കുന്നത്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും കേസ്സിൽപെടുന്ന തടികൾ ഡിപ്പോയിലേയ്ക്കോ റേഞ്ചിലേയ്ക്കോ കൊണ്ടുവരുന്നതിനുള്ള ചിലവ് വളരെ കൂടുതലായി ഉണ്ടാകും. അതായതു്, അതു ലാഭകരമല്ല; ലാഭകരമാണെന്നു ബോദ്ധ്യം വന്നാൽ അപ്രകാരം ചെയ്യാം.

ശ്രീ. പി. ഗോപാലൻ : കേസുകളിൽ പെട്ടിട്ടുള്ള തടികൾ ലേലം ചെയ്തതിനുശേഷം ഉടമസ്ഥനുകിട്ടാതെ കാണാതെ പോയിട്ടുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങനെ അറിവില്ല.

ശ്രീ. ടി. ഒ. ബാവ : വനത്തിൽ കിടപ്പുള്ള തടികൾ അവിടെ വച്ചുതന്നെ ഡിസ്പോസ് ചെയ്യുകയാണോ അതോ അവ നാട്ടിൽ കൊണ്ടുവന്നു ഡിസ്പോസ് ചെയ്യുകയാണോ? ഞാൻ പറയുന്നതു് തൊണ്ടികളായി എടുക്കുന്ന തടികളെ സംബന്ധിച്ചാണ്.

ശ്രീ. പി. എസ്. നടരാജപിള്ള : വനാന്തർഭാഗങ്ങളിൽ നിന്നും തൊണ്ടികളായി എടുക്കുന്ന തടികൾ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറ് മുഖേന അവിടെവച്ചോ അല്ലെങ്കിൽ ഡിപ്പോയിൽ കൊണ്ടുവന്നതിനുശേഷമോ വിൽക്കുകയാണെങ്കിൽ അതിനുവേണ്ടി ഉണ്ടാകുന്ന ചിലവിനെക്കാൾ കുറഞ്ഞ തുകയെ കിട്ടുകയുള്ളൂ.

ശ്രീ. ടി. ഒ. ബാവ : കൂടുതൽതുക കിട്ടുന്നതിനു മാർഗ്ഗം ഉണ്ടെങ്കിൽ അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ കൊടുത്തുകൂടേ ?

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങനെയുണ്ടെങ്കിൽ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു യാതൊരു വിരോധവുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : സാധാരണഗതിയിൽ ഒരു കണ്ടി തടിവെട്ടുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നും എന്തു ചിലവുവരുമെന്നു പറയാമോ ?

ശ്രീ പി. എസ്. നടരാജപിള്ള : സാധാരണയായി വനങ്ങളിൽനിന്നും തടിവെട്ടുന്നതിനു പ്രത്യേകം ഉപകരണങ്ങളും ആളും ആനയും ഒക്കെ ആവശ്യമാണ്. അങ്ങനെ വരുമ്പോൾ മൂന്നു കണ്ടി ആഞ്ഞിലിത്തടി വെട്ടിയെടുക്കുന്നതിനു ഏകദേശം 300 രൂപയുടെ ചിലവ് വരുമെന്നാണ് ഡിപ്പാർട്ടുമെൻറുകാർ പറയുന്നത്.

Mr. Speaker: Question No. 9 has already been answered.

Shri T. S. Ramaswami: Some parts have not been answered.

Mr. Speaker: Do you want them to be answered?

Shri T. S. Ramaswami: Yes Sir.

Shri P. S. Nataraja Pillai : I am ready with answers to all the parts.

Forest Supply Contracts.

***140. [9] Shri T. S. Ramaswami:** Will the Minister for Revenue be pleased to state:

(*a*) the number of contracts and the names of contractors for whom forest supply contracts were given without calling for tenders in the financial year 1954-55.

(*b*) the reasons for giving contracts without calling for tender;

(*c*) the number of blocks given on contract to one Shri Seshachalam in the Kottur Reserve, Neyyar Dam area;

(*d*) the rates at which each block was given to him;

(*e*) whether these contracts were given after calling for tenders; if not why not;

(*f*) whether any contract was given to any of the contractor in this reserve and the rate at which this was given ;

(*g*) whether the area and the cubic feet of timber were assessed by Department; and

(*h*) if so the area and C. ft. of timber in each block as per the Forest Department assessment?

Minister for Finance **(Shri P. S. Nataraja Pillai)**: (*a*) Two contracts. The names of contractors are Shri M. K. Kochu-Makkar and Shri P. S. Seshachalam.

(*b*) The reasons are: (1) they are in the same area in which the contractors had worked previously (2) the additional work in question was not included in the original tender as it could not be anticipated then and it became obligatory and urgent only at a later stage and (3) the terms are advantageous to Government.

(*c*) The portions of Kottur Reserve falling within Neyyar water spread area have not yet been completely divided into blocks. A portion of the area has been divided into five blocks.

(*d*) The rates sanctioned are not on any block-area basis but on the basis of the species of timber. They are: Rs. 1-11-0 per C.ft. for maruthy and unnam Rs.15-0 perC.ft.-For all other species subject to the proviso that if the timber worked down fails to get working charges plus seigniorage the contractor is entitled to get only sale proceeds minus seigniorage as working charges;

(*e*) The reasons have been given in answer to sub-division (b). This work was only a continuation of a tendered work and hence the necessity for calling for fresh tenders did not arise.

(*f*) Originally Contractor Shri Seshachalam was working in the same area at Rs. 1-15-0 per C. ft. of maruthy and unnam and Rs. 2-3-0 of all other species. No other contractor was given work in this area.

(*g*) Assessment of the area has to be completed by the P. W. D. The quantity expected can be known only after the assessment of the area.

(*h*) Does not arise in view of answer to (g) above.

(Mr. Speaker called question No. 10)

Shri T. S. Ramaswami: Sir I have to ask a very important supplementary question.

Mr. Speaker: I have already allowed more than 20 minutes for this question the previous day and all possible supplementary questions were answered. I am not going to allow any more time for this question.

Shri T. S. Ramaswami: All right Sir.

വിദ്യാർത്ഥികളുടെ സത്യഗ്രഹം.

* 141. [10] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ആഗസ്റ്റ് മാസത്തിൽ സെക്രട്ടറിയേറ്റിന്റെ മുമ്പിൽ എത്ര വിദ്യാർത്ഥികൾ എന്നുമുതൽ എന്നുവരെ എന്തിനുവേണ്ടി സത്യഗ്രഹം അനുഷ്ഠിച്ചു;

(ബി) എങ്ങനെ അവസാനിച്ചു; വിദ്യാർത്ഥികൾക്ക് എന്തു ഫലമുണ്ടായി ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 3-8-54, ൽ കാളേജു ബഹിഷ്കൃതരായ എട്ടു വിദ്യാർത്ഥികൾ വീണ്ടും കാളേജിൽ പ്രവേശിപ്പിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേറ്റിന്റെ മുമ്പിൽ സത്യഗ്രഹം അനുഷ്ഠിച്ചു. 5-8-54-ൽ പന്തളം കേശവൻ നായർ സെക്രട്ടറിയേറ്റിനു മുമ്പിൽ സത്യഗ്രഹം അനുഷ്ഠിച്ചു.

(ബി) ശ്രീ. ഡി. ദാമോദരൻ പോററി, കെ. ബാലകൃഷ്ണൻ, ശ്രീ. പി. വിശ്വംഭരൻ എന്നിവരുടെ ഉപദേശപ്രകാരം സത്യഗ്രഹം പിൻവലിച്ചു. സത്യഗ്രഹംമൂലം എന്തെങ്കിലും ഫലം ഉണ്ടായതായി അറിവില്ല.

ശ്രീ. ടി. പി. സീതാരാമൻ : കാളേജിൽ നിന്നും പുറത്താക്കിയവരെ എല്ലാവരെയും തിരിച്ചെടുത്തിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : കാളേജുകളിൽനിന്നും പുറത്താക്കിയ 23 പേരിൽ 20 പേർ സത്യഗ്രഹത്തിൽ പങ്കെടുത്തതിൽ ഖേദം പ്രകടിപ്പിച്ചതിനെ അടിസ്ഥാനമാക്കി അവരെ തിരിയെ എടുക്കുകയും, മററു 3 പേക്ക് അതിനു സമ്മതമില്ലാത്തതുകൊണ്ട് ടി. സി. കൊടുക്കുകയും ചെയ്തു.

ശ്രീ. ടി. പി. സീതാരാമൻ : ടി. സി. കൊടുത്തിട്ടുള്ള ഈ 3 പേരെ അവർ പഠിച്ചിരുന്ന കാളേജുകളിൽ തിരിച്ചു എടുക്കുകയില്ലായെന്നാണോ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള : തീരുമാനങ്ങളൊക്കെ ചെയ്യേണ്ടതു് രജിസ്ട്രാറാണു്. അവർ ആവശ്യപ്പെട്ടപ്രകാരം ടി. സി. കൊടുത്തിരിക്കുന്നുവെന്നാണു് രജിസ്ട്രാരുടെ പക്കൽനിന്നും കിട്ടിയ റിക്കാർഡിൽ കാണുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ : ഗവണ്മെൻറു ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടായിരുന്നോ?

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറിനു ഇതിൽ അധികാരമില്ല.

തിരുവിതാംകൂർ തമിഴ്നാടു് കാൺഗ്രസ്സ് സമരം.

* 142. [11] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂലായി, ആഗസ്റ്റ് എന്നീ മാസങ്ങളിൽ നടന്ന തിരുവിതാംകൂർ തമിഴ്നാടു് കാൺഗ്രസ്സ് സമരത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും എത്രപേർ പങ്കെടുത്തിരുന്നു, എത്രപേരെ അറസ്റ്റ്ചെയ്തു ;

(ബി) അവർ ഏതു പാർട്ടികളിൽപെട്ടവരാണു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, ഈ ചോദ്യം ഇപ്പോൾ സംഗതമല്ല.

ശ്രീ. ടി. പി. സീതാരാമൻ : എത്രപേരെഅറസ്റ്റുചെയ്തു, എത്ര പേർ പങ്കെടുത്തു എന്നു ചോദിക്കുന്നതു സംഗതമല്ലേ ?

ശ്രീ. എ. താണുപിള്ള : പങ്കെടുത്തിട്ടുള്ള ആളുകൾ എത്ര പേരാണെന്നുള്ളതു നിശ്ചയിക്കേണ്ടതു കോടതിയാണു്. അറസ്റ്റു ചെയ്തിട്ടുള്ളതാണെങ്കിൽ ആരെയും അറസ്റ്റു ചെയ്തിട്ടില്ല. ഈ കേസിൽ വെളിയിൽ നിന്നുവന്നവരുടെ പങ്കാളിത്വത്തെപ്പററി ഒന്നും പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. ആർ. സുഗതൻ : ഈ ചോദ്യം സബ്ജക്ടീസ് ആണെങ്കിൽ, അതു ഉത്തരം നൽകുന്നതിനായി അച്ചടിച്ചു ഞങ്ങൾക്കു വിതരണം ചെയ്തതു് എന്തിനാണു്?

മി. സ്പീക്കർ : എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ടു് എന്നുള്ള ചോദ്യം സബ്ജക്ടീസ് അല്ല. അതിനെപ്പററി സബ്ജക്ടീസ് ആയിട്ടുള്ള ചോദ്യങ്ങൾ ചോദിക്കാതെയിരുന്നാൽ മതി.

ശ്രീ. തേംപ്പിൽ മസ്കൂരൻപിള്ള : ചൈനയിൽ നിന്നും വന്നിട്ടുള്ള ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ഒരുത്തരേയും അറസ്റ്റ് ചെയ്തിട്ടില്ല എന്നു ഞാൻ പറഞ്ഞുവല്ലോ.

തിരുവിതാംകൂർ–കൊച്ചിയിൽ താമസിക്കുന്ന അമേരിക്കക്കാർ.

* 143. [12] കെ. സി. ജാർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1947–നു ശേഷം തിരുവിതാംകൂർ-കൊച്ചിയിൽ എത്ര അമേരിക്കക്കാർ താമസമുണ്ടെന്നും, അവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു വിവരമാണു ലഭിച്ചതു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ടു്.

(ബി) ആകെ 58 അമേരിക്കക്കാർ താമസമുണ്ടു്. മിഷ്യനറി പ്രവർത്തനം, വൈദ്യവൃത്തി, വ്യവസായസ്ഥാപനങ്ങളിൽ ജോലി, ഗൃഹഭരണം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. സി. ജാർജ്ജ്; കഴിഞ്ഞ അസംബ്ലിയിൽ ശ്രീ. സി. ജി. സദാശിവൻ ഇതേസംബന്ധിച്ചു് ചോദിച്ച ഒരു ചോദ്യത്തിനു് അവർക്ക് വയർലസ് നൽകുന്നുണ്ടു് എന്നും മററും ഉത്തരം പറഞ്ഞിട്ടുണ്ടു്. അതിനെ അടിസ്ഥാനമാക്കിയാണു് ഞാൻ ഈ ചോദ്യം ചോദിച്ചതു് .

ശ്രീ. എ. താണുപിള്ള : ആ വിവരംകൂടി കാണിച്ചു് ചോദ്യം അയച്ചിരുന്നുവെങ്കിൽ അതുംകൂടി അന്വേഷിച്ചു് മറുപടി പറയാമായിരുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അമേരിക്കക്കാർക്ക് ലൈസൻസില്ലാതെ തോക്കുകൾ കൊണ്ടുനടക്കാമോ?

ശ്രീ. എ. താണുപിള്ള : അതു ഈ ചോദ്യത്തിൻെറ പരിധിയിൽ വരുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ: തിരുവിതാംകൂർ–കൊച്ചിയിൽ ചൈനാക്കാർ എന്നും കൊച്ചിക്കാർ എന്നും രണ്ടുതരക്കാർ ഉണ്ടോ?

ശ്രീ. എ. താണുപിള്ള : അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

യാത്രപ്പടി.

* 144. [13] ശ്രീ. കെ. സി. ജാർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ എത്രെല്ലാം മന്ത്രിമാർ എത്രദിവസം തിരുവനന്തപുരത്തുണ്ടായിരുന്നു;

(ബി) ഈ കാലത്ത് ഓരോരുത്തക്കും യാത്രപ്പടിവകയിൽ ഗവണ്മെൻറിനു എന്തു ചിലവായി?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

		ദിവസങ്ങൾ.		
		അക്ടോബർ	നവംബർ	ഡിസംബർ
(എ)	മുഖ്യമന്ത്രി	21	20	25
	ധനകാര്യമന്ത്രി	25	19	18
	ട്രാൻസ്പോർട്ടുമന്ത്രി	21	15	26
	മെഡിക്കൽമന്ത്രി	9	5	11
(ബി)	മുഖ്യമന്ത്രി	300 രൂ.	1340 രൂ. 4 ണ.	1205 രൂ. 4 ണ.
	ധനകാര്യമന്ത്രി	150 ,,	255 ,,	1339 ,,
	ട്രാൻസ്പോർട്ടുമന്ത്രി	150 ,,	1539 ,, 8 ,,	205 ,, 6 ണ.
	മെഡിക്കൽമന്ത്രി	320 ,,	1467 ,,	962 ,, 14 ണ.

ശ്രീ. കെ. സി. ജാർജ്ജ്: ദിവസം കണക്കുകൂട്ടുന്നതു രാവിലെ തിരുവനന്തപുരം വിടുകയും, വൈകുന്നേരം മടങ്ങി വരികയും ചെയ്യുന്ന ദിവസങ്ങളും കൂടി ചേർത്താണോ?

ശ്രീ. എ. താണുപിള്ള: ഇത്രയും ദിവസങ്ങൾ തിരുവനന്തപുരത്തുണ്ടായിരുന്നു എന്നാണ്.

ശ്രീ. കെ. സി. ജാർജ്ജ്: ഞങ്ങൾ പലദിവസവും അന്വേഷിച്ചു അവസരത്തിൽ മുഖ്യമന്ത്രിയെ കാണുവാനില്ലാതിരുന്നു. പകൽമാത്രം തിരുവനന്തപുരത്തു ഇല്ലാതിരുന്ന ദിവസങ്ങളിലും പടിവാങ്ങിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു സൂക്ഷ്മമായി അന്വേഷിച്ചു പറയാം.

ശ്രീ. ആർ. സുഗതൻ: പി. എസ്. പി. കൺവെൻഷനു് നാഗപ്പൂരിൽപോയ ചെലവും ഈ കണക്കിൽ ഉൾപ്പെടുമോ?

ശ്രീ. എ. താണുപിള്ള: ഇല്ല. സ്വന്തംകാര്യങ്ങൾക്കു് പോകുന്ന ഏതൊരു ചിലവും ഈ കണക്കിൽ ഉൾപ്പെടുകയില്ല. ഗവണ്മെൻറു കാര്യങ്ങൾക്കു് പോകുന്ന ചിലവുമാത്രമേ ഉൾപ്പെടുകയുള്ളൂ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: മെഡിക്കൽമന്ത്രി അല്ലോ ആറോ ദിവസം തിരുവനന്തപുരത്തുണ്ടായിരുന്നു എന്നു പറഞ്ഞുവല്ലോ? മെഡിക്കൽമന്ത്രിയുടെ ഹെഡ്ക്വാർട്ടേഴ്സ് എവിടെയാണ്?

ശ്രീ. എ. താണുപിള്ള: തിരുവനന്തപുരത്തുതന്നെയാണ്. സർക്കാർ കാര്യങ്ങൾക്കു വേണ്ടി സർക്യൂട്ടുപോകുന്നതാണ്. അത്ര കൂടുതൽ ജോലിയുണ്ടെന്നു് കാണിക്കുന്നു എന്നേയുള്ളൂ.

ശ്രീ. എൻ. ജി. ചാക്കോ: മന്ത്രിമാർ ഹോട്ടലുകളും ചായക്കടകളും മററും ഉൽഘാടനംചെയ്യുന്നതിനു നടക്കുന്നു എന്നു് നാട്ടിൽ പറയുന്നതു ശരിയാണോ?

Mr. Speaker: Tha question is disallowed.

മജിസ്ട്രേട്ടന്മാർക്ക് അധികാരം നൽകുന്നതിനുള്ള കാലതാമസം.

* 145. [14] ശ്രീ. തലേക്കരെ കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മജിസ്ട്രേട്ടന്മാർ സ്ഥലം മാറുന്ന അവസരത്തിൽ അവർ ചാർജ്ജെടുത്തതിനുശേഷംപോലും അവർക്ക് അധികാരം നൽകുന്ന കാര്യത്തിൽ വളരെ അധികം കാലതാമസം നേരിടുന്നുണ്ടെന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർസ്പെഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ടായി മി. കൃഷ്ണൻകുട്ടിമേനോൻ എന്നാണ് ചാർജ്ജെടുത്തത്;

(സി) അദ്ദേഹത്തിനു ഒന്നാംക്ലാസ് മജിസ്ട്രേട്ടായി വിചാരണ ചെയ്യുന്നതിനു വേണ്ട അധികാരം ഗവണ്മെൻറിൽനിന്നു നൽകിയത് എന്നാണ്;

(ഡി) എന്നാണ് കൃഷ്ണൻകുട്ടിമേനോൻ ഒന്നാംക്ലാസ് മജിസ്ട്രേട്ട് എന്ന നിലയിൽ കേസുകൾ കോടതിയിൽ വിചാരണ തുടങ്ങിയത്;

(ഇ) ഈ ചാർജെടുത്തതിനും അധികാരം കിട്ടി വിചാരണ തുടങ്ങുന്നതിനും ഇടയ്ക്കുണ്ടായ താമസത്തിനു കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ എ. താണുപിള്ള) :

(എ) സാധാരണ കാലതാമസം നേരിട്ടിട്ടുള്ളതായി അറിവില്ല.

(ബി) 15-11-1954.

(സി) 29-11-1954.

(ഡി) 30-11-1954.

Shri Thalekkare K. Krishnan: I did not get the answer for (e).

ശ്രീ. എ. താണുപിള്ള: അതിനു പ്രത്യേക കാരണം ഒന്നുമില്ല.

Shri Thalekkare K. Krishnan: A delay of more than 14 days is noticed and the Chief Minister says 'there is no reason'. I want a more satisfactory answer.

ശ്രീ. എ. താണുപിള്ള: നോട്ടിഫിക്കേഷൻ അയക്കാൻ താമസം വന്നതേ മറേറ ആയിരിക്കണം.

Shri Thalekkare K. Krishnan: Who is responsible for that notification?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറാണ്.

Shri Thalekkare K. Krishnan: Has the Government taken any action on that Officer?

ശ്രീ. എ. താണുപിള്ള : ആഫീസറന്മാരെ മുഴുവൻ കുററക്കാരാണെന്നു ഇതിൽ കാണുന്നില്ല.

തൃശ്ശൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്.

* 146. [15] ശ്രീ. തലേക്കരെ കെ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് മി. കുഞ്ഞൻകുട്ടിമേനോൻ ചാർജ്ജെടുക്കുന്നതിനും അധികാരംകിട്ടി വിചാരണ തുടങ്ങുന്നതിനുമിടയ്ക്കുണ്ടായ ദിവസങ്ങളിൽ സാക്ഷിബത്തയായി എത്ര രൂപ ടി കോടതിയിൽനിന്നും കൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): 30 രൂപ 8 അണ.

ഭൂവുടമയും വിസ്തീർണ്ണവും.

* 147. [16] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി ഭൂപരിധി നിർണ്ണയ ബില്ലിൽ നിശ്ചയിച്ചിട്ടുള്ള പരിധിയിൽ കൂടുതൽ ഭൂമി കൈവശമുള്ള എത്ര ഭൂഉടമസ്ഥന്മാർ തിരുവിതാംകൂർ–കൊച്ചിയിലുണ്ട്;

(ബി) 1. 500 ഏക്കറിൽ കൂടുതലുള്ളവരെത്ര, അവരുടെ കൈവശമുള്ള ഭൂമിയെത്ര;

2. 100-നും, 500-നും ഇടയ്ക്ക് ഏക്കർഭൂമി കൈവശമുള്ളവരെത്ര; ഭൂമിയുടെ വിസ്തീർണ്ണമെത്ര;

3. 50-നും, 100-നും ഇടയ്ക്കു ഏക്കർ ഭൂമിയുള്ളവരെത്ര; ഭൂമിയുടെ വിസ്തീർണ്ണമെത്ര;

4. 20-നും, 50-നും ഇടയ്ക്കു ഏക്കർഭൂമി കൈവശമുള്ളവരെത്ര; ഭൂമിയുടെ വിസ്തീർണ്ണമെത്ര?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 9295.

(ബി)	1.	266	പേർ	1,74,018	ഏക്കർ	83.2	സെൻറഭൂമി.
	2.	1024	,,	1,96,877	,,	39·5	,,
	3.	2190	,,	1,35,194	,,	11.75	,,
	4.	8590	,,	2,30,044	,,	15.9	,,

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കായൽനിലങ്ങളും എസ്റ്റേറ്റുകളും ഇതിൽ ഉൾപ്പെടുമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഉൾപ്പെടണം.

ശ്രീ. കെ. ടി. താമസ് : ഈ കണക്കുകൾ എവിടെ നിന്നുകിട്ടി ?

ശ്രീ. പി. എസ്. നടരാജപിള്ള : റവന്യൂ റിക്കാർഡിൽനിന്നുമാണ്.

ശ്രീ. സി. എ. മാത്യു : ഇതു് എന്നുവരെയുള്ള കണക്കാണ്?

ശ്രീ. പി. എസ്. നടരാജപിള്ള : ഈയിടെ കിട്ടിയതാണ്. അതായത് 22-1-1955-ലെ റിപ്പോർട്ടോടുകൂടി അയച്ചുതന്നിട്ടുള്ളതാണ്.

ശ്രീ. സി. എ. മാത്യു : ഈ അടുത്തകാലത്ത് എടുത്തിട്ടുള്ള കണക്കുകളെക്കാൾ കൂടുതൽ ഭൂമി ഉണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ :

ശ്രീ. പി. എസ്. നടരാജപിള്ള : കൂടുതൽ ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. ടി. പി. സീതാരാമൻ : ലാൻഡ് പാളിസിയെ സംബന്ധിച്ച് കൊച്ചിയിലെ വിവരങ്ങൾ മുഴുവനും കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : കൊച്ചിയിലെ വിവരങ്ങളും ഇതിൽ കാണും.

ഉന്നതാധികാര ഉപദേശകസമിതി.

* 148. [17] ശ്രീ. തോപ്പിൽ ഭാസ്കരൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന് കാൺഗ്രസ്സിനു ഭൂരിപക്ഷമുള്ള ഒരു ഉന്നതാധികാരഉപദേശകസമിതി രൂപീകരിക്കണമെന്നു വല്ല നിർദ്ദേശവും മുഖ്യമന്ത്രിയ്ക്കു കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു മറുപടി നൽകി ;

(സി) കത്തുകളുടെ പകർപ്പ്, മേശപ്പുറത്തു വയ്ക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഒരു ഉപദേശകസമിതി രൂപീകരിക്കണമെന്നു ആവശ്യപ്പെട്ടില്ല. കാൺഗ്രസ്സ് ഭൂരിപക്ഷം ഉള്ളതും അവസാനതീരുമാനങ്ങൾ ചെയ്യാൻ അധികാരമുള്ളതുമായ ഒരു പ്ലാനിംഗ് കൗൺസിൽ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

(ബി) ഒരു ഉപദേശകസമിതി രൂപീകരിക്കാമെന്നും കാൺഗ്രസ്സിനും മററു കക്ഷികൾക്കും പ്രാതിനിധ്യം നൽകാമെന്നും കാൺഗ്രസ്സ് ആവശ്യപ്പെടുന്നതുപോലെയുള്ള ഒരു സമിതി രൂപീകരിക്കാൻ സാദ്ധ്യമല്ലെന്നും മററും മറുപടി കൊടുത്തു.

(സി) ഇതിനെപ്പററിയുള്ള എഴുത്തുകൾ കാൺഫിഡൻഷ്യൽ ആണ്. സഭയിൽ പറയാവുന്ന വിവരങ്ങൾ മുഴുവനും ഞാൻ പറയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻ നായർ : പ്ലാനിങ്ങ് കമ്മിഷനിൽ കമ്മ്യൂണിസ്റ്റുകാരായ ആളുകളെ ഉൾപ്പെടുത്തരുതെന്ന് കാൺഗ്രസ്സ് ഉപദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : പ്ലാനിങ്ങിൽ വിശ്വാസമില്ലാത്ത ആളുകളെ കമ്മററിയിൽ ഉൾപ്പെടുത്താതെയിരിക്കുകയാണ് നല്ലതു് എന്ന ഒരു അഭിപ്രായം എഴുതി വന്നിട്ടുണ്ട്.

ശ്രീ. തേപ്പിൽ ഭാസ്കരൻ പിള്ള : പ്ലാനിംഗിൽ വിശ്വാസമില്ലാത്തവർ കമ്മ്യൂണിസ്റ്റുകാരാണെന്നു എടുത്തു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : വിശ്വാസമില്ലാത്ത കക്ഷികൾ R. S. P., കമ്മ്യൂണിസ്റ്റ് മുതലായവരാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള കക്ഷികളാണെന്നു ആ കത്ത്ിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ഉണ്ട്.

ശ്രീ. എ. സി. ചാക്കോ : നിയമസഭയിൽ ഭൂരിപക്ഷമുള്ളത് കാൺഗ്രസ്സ് അല്ലേ?

ശ്രീ. എ. താണുപിള്ള : ഭൂരിപക്ഷമല്ല. ഏററവും അധികം ആളുകൾ അതിലാണുള്ളത്.

ശ്രീ. എ. സി. ചാക്കോ : ആ സ്ഥിതിക്ക് കാൺഗ്രസ്സ് കൂടുതൽ അംശം വേണമെന്നു വാദിച്ചതിൽ എന്തു തെററാണുള്ളത്?

ശ്രീ. എ. താണുപിള്ള : കൂടുതൽ അംശം വേണമെന്നല്ല വാദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് ഒരു സെൻട്രൽ അഡ്വൈസറിക്കമ്മിററി ഉണ്ടാക്കിക്കഴിഞ്ഞുവോ?

ശ്രീ. എ. താണുപിള്ള : ഉണ്ടാക്കിക്കഴിഞ്ഞു. അതിൽ സർവ്വീ ചെയ്യാൻ സമ്മതമാണെന്നു പലരും എഴുതി അയച്ചിട്ടുമുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാൺഗ്രസ്സിൽനിന്നു ആ കമ്മിററിയിലേയ്ക്ക് എത്രപേരെ എടുത്തിട്ടുണ്ട്?

ശ്രീ. എ. താണുപിള്ള : മൂന്നുപേരുണ്ടെന്നാണെൻെറ ഓർമ്മ.

ശ്രീ. ടി. കെ. ദിവാകരൻ : ആ കമ്മിററിയിലേയ്ക്ക് എടുത്തിട്ടുള്ള മെംബറന്മാർ അവരുടെ സമ്മതം അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : എല്ലാവരും സമ്മതം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നു നോക്കിയേ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. കെ. എം. ജോർജ്ജ് : പുതിയ ഡിസ്ട്രിക്ററു കമ്മിററികളിൽ എത്രപേരുണ്ട്?

ശ്രീ. എ. താണുപിള്ള : ഒൻപതു പേരുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : അതിൽ എത്ര കാൺഗ്രസ്സുകാരുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : മൂന്നുനാലുപേരുണ്ട്.

ശ്രീ. ആർ. പ്രകാശം : ഈ പ്ലാനിംഗ് എന്നുള്ള ആശയം ഏതു രാജ്യത്തിലാണ് ആദ്യമായി നടപ്പിൽ വരുത്തിയതെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതൊക്കെ അന്വേഷിച്ചു് അറിയേണ്ടതാണ്

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്ലാനിംഗിൽ വിശ്വാസമുള്ള വ്യക്തികളിൽനിന്നുമാത്രം പിരിച്ചെടുക്കുന്ന പണം കൊണ്ടാണോ പ്ലാനിംഗ് നടത്തുന്നത്?

ശ്രീ. എ. താണുപിള്ള : അങ്ങിനെ അല്ലെന്നുള്ളതു തീർച്ചയല്ലേ. എല്ലാവരിൽനിന്നും പിരിച്ചെടുക്കുന്ന സംഖ്യയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : പ്ലാനിംഗിൽ വിശ്വാസമുള്ളവരെ മാത്രം ചേർത്ത് പ്ലാനിംഗ് നടത്തണമെന്ന് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : അങ്ങിനെ നിർദ്ദേശമില്ല.

ശ്രീ. കെ. പി. ഗോപാലമേനോൻ : പ്ലാനിംഗിൽ വിശ്വാസമില്ലാത്തവരെ ഉൾപ്പെടുത്തിയാൽ അതിന്റെ നടത്തിപ്പ് സുഗമമായിരിക്കുമോ?

ശ്രീ. എ. താണുപിള്ള : പ്ലാനിംഗിന്റെ സ്വഭാവത്തെക്കുറിച്ചും മററും അഭിപ്രായവ്യത്യാസം ഉണ്ടെന്നല്ലാതെ പ്ലാനിംഗ് വേണ്ടെന്ന് ആരും പറയുന്നില്ല. ഇപ്പോൾ എല്ലാ അഭിപ്രായങ്ങളും അറിയുന്നതു കൊണ്ട് ദോഷമില്ല. ആ സമിതിക്ക് കമ്മിററിയിൽനിന്നും ഒരുത്തരേയും ഒഴിച്ചുനിറുത്തണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്ലാനിംഗിൽ വിശ്വാസമില്ലാത്ത കാൺഗ്രസ്സുകാരുണ്ടെന്നറിയാമോ?

ശ്രീ. എ. താണുപിള്ള : ഓരോരുത്തരുടെ വിശ്വാസത്തെപ്പററി എങ്ങിനെ അറിയാൻ കഴിയും. പുറമേ കാണുന്നതിനെതന്നെ വിശ്വസിക്കാൻ വയ്യാതിരിക്കുമ്പോൾ മനസ്സിലുള്ളതു് എങ്ങിനെയാണ് അറിയുക?

ശ്രീ. കെ. എ. ബാലൻ : ഈ കമ്മിററികളുടെ പ്രവർത്തനത്തിൽ ദുർഘടമുണ്ടാക്കുന്നതു ആരാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : എല്ലാവരും ഇതിൽ സഹകരിക്കുമെന്നാണു എന്റെ വിശ്വാസം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ എഴുത്തെഴുതിയ ആളുകൾ പറയുന്നതു് രാജ്യത്തിനുള്ള പ്ലാനിംഗല്ല, സ്വന്തം പ്ലാനിംഗാണെന്നു അറിയാമോ?

മി. സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ : എത്ര കോടി രൂപ ഈ പ്ലാനിംഗിനു വേണ്ടി ചിലവാക്കുന്നുണ്ട്?

ശ്രീ. എ. താണുപിള്ള : രണ്ടാമത്തെ പ്ലാനിംഗിന്റെ തുക നിശ്ചയിച്ചിട്ടില്ല. ആദ്യത്തെ പ്ലാനിംഗിനു 31 കോടിയോളമാണ്. അതു സംനിക്കുന്നതിനു് ഇനി ഒരുണ്ടുകൂടി ഉണ്ട്.

വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ.

* 149. [18) ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ എത്ര കാളേജുകളുണ്ട്; ആകെ വിദ്യാർത്ഥികളുടെ സംഖ്യ എത്ര ;

(ബി) സ്റ്റേറ്റിലാകെ എത്ര ഗവണ്മെൻറ ഹോസ്റ്റലുകൾ ഇന്നുണ്ട്; എത്ര വിദ്യാർത്ഥികൾക്ക് ഇവയിൽ ഇന്ന് താമസസൗകര്യമുണ്ട് ;

(സി) യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾക്ക താമസ സൗകര്യമുണ്ട്; ഒരു വിദ്യാർത്ഥി മുറിവാടകയിനത്തിൽ എത്ര രൂപ കൊടുക്കണം ;

(ഡി) പ്രൈവറ്റ കാളേജുകളിൽ എത്ര ഹോസ്റ്റലുകൾ ഉണ്ട് എത്ര വിദ്യാർത്ഥികൾക്ക സൗകര്യമുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) കാളേജുകളുടെ എണ്ണം 40
വിദ്യാർത്ഥികളുടെ എണ്ണം 28,358

(ബി) ഗവണ്മെൻറ ഹോസ്റ്റലുകൾ 11
1355 വിദ്യാർത്ഥികൾക്ക് താമസസൗകര്യമുണ്ട്.

(സി) 275 വിദ്യാർത്ഥികൾക്ക് താമസസൗകര്യമുണ്ട്.

പ്രധാന കെട്ടിടത്തിലുള്ള 16 മുറികൾക്ക് 7 രൂ. 8 ണ. വീതവും, 253 മുറികൾക്ക 7 രൂപ വീതവും വാടക കൊടുക്കണം. 6 ചെറിയ മുറികൾക്ക് 5 രൂപ വീതം.

(ഡി) പ്രൈവറ്റ കാളേജുകളോട് അനുബന്ധിച്ച് 46 ഹോസ്റ്റലുകളുണ്ട്. 2852 വിദ്യാർത്ഥികൾക്ക് താമസസൗകര്യമുണ്ട്.

ശ്രീ. ആർ. സുഗതൻ : ഹോസ്റ്റൽഫീസ് 7 രൂപയിൽനിന്നും 14 രൂപയായി വർദ്ധിപ്പിച്ചതായി അറിയാമോ ?

ശ്രീ. എ. താണുപിള്ള : യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ വിദ്യാർത്ഥികൾ കൊടുക്കേണ്ട മുറിവാടക ഞാൻ പറഞ്ഞുവല്ലോ.

ശ്രീ. ടി. ഒ. ബാവ : കളമശ്ശേരി പോളിടെക്നിക്കൽ സ്കൂളിൽ എത്ര ഹോസ്റ്റൽ സൗകര്യമുണ്ട്?

ശ്രീ. എ. താണുപിള്ള : അതിനു നോട്ടീസുവേണം.

ഹൈസ്കൂളുകളിൽ ഈടാക്കുന്ന ഫൈൻ.

* 150. [19] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ വിഭാഗത്തു് ഹൈസ്കൂളുകളിൽ മുമ്പുണ്ടായിരുന്ന 2 അണ ഫൈനിനു പകരം ഇപ്പോൾ 8 അണ ഈടാക്കുന്നുണ്ടോ;

(ബി) കൊച്ചി വിഭാഗത്തു് ഇപ്പോൾ ഹൈസ്കൂൾ ഫീസ് എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും പള്ളിക്കൂടങ്ങളിലെ ഫീസ് 1954–55 സ്കൂൾവർഷാരംഭം മുതൽ ഏകീകരിച്ചതോടൊപ്പം രണ്ടു വിഭാഗത്തിലേയും ഫൈൻനിരക്കും ഏകീകരിച്ചു. യഥാസമയം ഫീസ് കൊടുക്കാതിരുന്നാൽ ആദ്യത്തെ ആഴ്ച നാലണയും അതിനുശേഷം 8 അണയും ഫൈൻ ഹൈസ്കൂൾ ക്ലാസുകളിൽനിന്നും ഈടാക്കുന്നു.

(ബി) 6 രൂപവീതം 8 തവണകളായി 48 രൂപ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ ഫൈൻ കുറയ്ക്കണമെന്ന് വിദ്യാർത്ഥികളുടെ ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോഴത്തെ സാമ്പത്തികാധഃപതനത്തേയും കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനേയും പരിഗണിച്ച് ഫൈൻ ഇളവുചെയ്യുന്ന കാര്യം ഗവണ്മെൻറ് പുനരാലോചിക്കുമോ ?

ശ്രീ. എ. താണുപിള്ള : ആലോചിക്കാം.

സ്കൂളുകളിൽ ഈടാക്കുന്ന ഫൈൻ.

* 151. [20] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്കൂൾഫീസ് യഥാസമയം കൊടുക്കാതിരുന്നാലുള്ള ഫൈൻ എന്ത്; ഈ ഫൈൻ വർദ്ധിപ്പിച്ചത് എന്നാണ്;

(ബി) ഈ ഫൈൻ കുറവു ചെയ്യുന്നതിനെപ്പററി ആലോചിച്ചു വേണ്ടത് ചെയ്യാമെന്ന് മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭയിൽ ഉറപ്പു പറഞ്ഞിട്ടില്ലേ;

(സി) ഈ അമിതമായ ഫൈൻ രണ്ടണയായി ഉടൻ കുറവു ചെയ്യാൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) സ്കൂൾഫീസ് യഥാസമയം കൊടുക്കാതിരുന്നാൽ ഈടാക്കുന്ന ഫൈൻനിരക്ക് മൂന്നാംഫാറത്തിൽ ഓരോ തവണയ്ക്കും ആഴ്ചയിൽ 2 ണ. വീതം 4 ണ. വരെയും ഹൈസ്കൂൾ ക്ലാസുകളിൽ ഓരോ തവണയ്ക്കും ആഴ്ചയിൽ 4 ണ. വീതം 8 ണ. വരെയും ആകുന്നു. 1954–55 സ്കൂൾവർഷാരംഭംമുതൽ ഈ ഫൈൻ വർദ്ധിപ്പിച്ചു.

(ബി) ഇങ്ങനെ ഒരു ഉറപ്പു പറഞ്ഞതായി കാണുന്നില്ല.

(സി) ഈ ഫൈൻനിരക്ക് അമിതമാണെന്നു തോന്നുന്നില്ല.

ശ്രീ. ടി. എ. മജീദ് ; ഫൈൻ കുറവുചെയ്യാമെന്ന് പറഞ്ഞതായി അസംബ്ലി റിപ്പോർട്ടിലുണ്ട്.

ശ്രീ. എ. താണുപിള്ള : എന്താണ് പറഞ്ഞിട്ടുള്ളതെന്ന് റിപ്പോർട്ട് നോക്കണം.

ശ്രീ. ടി. എ. മജീദ് : ഫൈൻ കുറക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അതിനെപ്പററി ആലോചിക്കാമെന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ.

വയോജനവിദ്യാഭ്യാസ ബോർഡ്.

* 152. [21] ശ്രീ. പി. വിശ്വംഭരൻ : തഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനവിദ്യാഭ്യാസ ബോർഡ് എന്നൊരു സമിതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം;

(സി) ആ ബോർഡിന്റെ ജോലികൾ എന്തെല്ലാം;

(ഡി) ബോർഡ് അവസാനമായി കൂടിയതു് എന്നു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഉണ്ടു്.

(ബി) അംഗങ്ങൾ—

(1) വിദ്യാഭ്യാസഡയറക്ടർ.
(2) ഗവണ്മെന്റ് വിദ്യാഭ്യാസ സെക്രട്ടറി.
(3) പഞ്ചായത്തു ഡയറക്ടർ.
(4) പിന്നാക്കസമുദായോന്നമനകമ്മീഷണർ.
(5) ശ്രീ. സി. നാരായണപിള്ള എം. പി.
(6) ,, എ. പി. ഉദയഭാനു.
(7) ,, ടി. ടി. കേശവൻശാസ്ത്രി എം. എൽ. എ.
(8) ,, എസ്സ്. ശിവൻപിള്ള, ഗാന്ധിസ്മാരകനിധി തേക്കുർ, തൃച്ചിന്ദ്രം.
(9) മിസ്സസ് എസ്. കെ. ജോർജ്ജ്, കുക്കഞ്ചേരി.
(10) പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, എം. എൽ. എ.
(11) ശ്രീ. പി. എൻ. പണിക്കർ, ഗ്രന്ഥശാലാസംഘം സെക്രട്ടറി.

(സി) ഈ രാജ്യത്തെ സാമൂഹ്യവിദ്യാഭ്യാസ പ്രചരണത്തിനായി പദ്ധതികൾ രൂപീകരിക്കുന്നതും അവകളുടെ വിജയകരമായ നടത്തിപ്പിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതും.

(ഡി) 9-12-1954-ൽ.

ശ്രീ. എൻ. ജി. ചാക്കോ : ഈ ബോർഡിന്റെ പ്രവർത്തനത്തിന് ഒരു വർഷം എത്ര രൂപ ചിലവാകുന്നുണ്ടു്?

ശ്രീ. എ. താണുപിള്ള : ആ വിവരം ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.

ശ്രീ. എൻ. ജി. ചാക്കോ : തിരുവിതാംകൂർ-കൊച്ചിയിൽ ഇപ്പോൾ എത്ര കേന്ദ്രങ്ങൾ നടക്കുന്നുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : ആ വിവരവും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

വയോജനവിദ്യാഭ്യാസകേന്ദ്രം.

* 153. [22] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടത്തുള്ള വയോജനവിദ്യാഭ്യാസകേന്ദ്രത്തിൽ ഇപ്പോൾ എന്തു പ്രവർത്തനം നടത്തുന്നു;

(ബി) ആ സ്ഥാപനത്തിന് പ്രതിമാസം എന്തു തുക ചിലവാകുന്നു;

(സി) അവിടെ എത്ര ബാച്ച് സാമൂഹ്യവിദ്യാഭ്യാസ സംഘാടകന്മാർക്ക് പരിശീലനം നൽകി;

(ഡി) ഒടുവിലത്തെ സംഘത്തിന്റെ പരിശീലനം എന്നാണവസാനിച്ചത്;

(ഇ) പരിശീലനം നൽകപ്പെട്ടയാളുകൾക്ക് ഇപ്പോൾ എന്തു ജോലിയാണുള്ളത്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഇപ്പോൾ ഈ സെൻററിൽ പൊതുജനങ്ങൾക്കുവേണ്ടി സാമൂഹ്യസേവനങ്ങൾ നടത്തിപ്പോരുന്നുണ്ട്. കൂടാതെ ഈ സെൻറർ ഒരു 'മോഡൽ സെൻററാ'യി ഉയർത്തുവാൻ വേണ്ട നടപടികൾ എടുത്തുപോരുകയാണ്.

(ബി) പ്രതിമാസം 500 രൂപ ചിലവാകുന്നു.

(സി) 5.

(ഡി) 1953 നവംബർ മാസത്തിൽ.

(ഇ) ആദ്യത്തെ മൂന്നു ബാച്ചുകാരെ വയോജനവിദ്യാഭ്യാസ ബോർഡിന്റെ കീഴിലുള്ള സോഷ്യൽ എഡ്യുക്കേഷൻ സെൻററുകളിൽ ആർഗനൈസറന്മാരായി നിയമിച്ചിട്ടുണ്ട്. മററു രണ്ടുബാച്ചുകൾ കുറെപ്പേരെ ഗ്രാമസേവകരായി നിയമിക്കുന്നകാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ . ഈ ആർഗനൈസറന്മാർ ആരുടെ മേൽനോട്ടത്തിലാണ് ജോലി നോക്കുന്നത്?

ശ്രീ. എ. താണുപിള്ള : അവർ എഡ്യുക്കേഷൻ ഡയറക്ടറുടെ കീഴിലാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി : അവർ ശരിക്കു പ്രവർത്തിക്കുന്നില്ലെന്ന് ആക്ഷേപം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : അങ്ങിനെ ആക്ഷേപമുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

തെങ്ങുരോഗം.

* 154. [24] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുരോഗത്തേയും, കമുകുരോഗത്തേയും തടയുന്നതിന് ഏതെങ്കിലും പ്രായോഗിക നടപടികൾ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) ഈ രോഗങ്ങൾ ഉള്ള താലൂക്കുകൾ ഏതെല്ലാം;

(സി) ഈ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന കർഷകരുടെ പുനരുദ്ധാരണാർത്ഥം ഏതെങ്കിലും പ്രത്യേക സഹായങ്ങൾ ഗവണ്മെൻറ് ചെയ്തുവരുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) തെങ്ങുരോഗത്തേയും, കമുകുരോഗത്തേയും തടയുന്നതിന് വേണ്ടതായ നടപടികൾ നടന്നുവരുന്നുണ്ട്. സംസ്ഥാനമൊട്ടുക്കുള്ള രോഗബാധിതപ്രദേശങ്ങളിൽ തെങ്ങുകളേയും കമുകുകളേയും മരുന്നു തളിക്കുന്നതിനുള്ള പദ്ധതി അടുത്ത സാമ്പത്തികവർഷം മുതൽ നടപ്പിൽ വരുത്തുവാനാണ് ഗവണ്മെൻറ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ബി) താഴെ പറയുന്ന താലൂക്കുകളിൽ:—

(1)	കൊച്ചി—കണ്ണൂർ	(12)	അമ്പലപ്പുഴ
(2)	കരുനാഗപ്പള്ളി	(13)	കൊട്ടാരക്കര
(3)	തിരുവല്ലാ	(14)	കുന്നത്തൂർ
(4)	ചങ്ങനാശേരി	(15)	വൈക്കം
(5)	കാർത്തികപ്പള്ളി	(16)	മൂവാറ്റുപുഴ
(6)	മാവേലിക്കര	(17)	കുന്നത്തുനാട്
(7)	മീനച്ചിൽ	(18)	ചേർത്തല
(8)	കോട്ടയം	(19)	കൊല്ലം
(9)	തൊടുപുഴ	(20)	നെടുമങ്ങാട്
(10)	പത്തനംതിട്ട	(21)	പറവൂർ
(11)	പത്തനാപുരം	(22)	ചിറയിൻകീഴ്.

(സി) ഓരോ വൃക്ഷത്തിനും മരുന്നു തളിക്കുന്നതിന് സർക്കാരിലേയ്ക്ക് രണ്ടണ ചിലവാകുന്നുണ്ടെങ്കിലും വൃക്ഷമുടമസ്ഥനിൽനിന്നും ഒരണ മാത്രമേ വസൂൽ ചെയ്യുന്നുള്ളൂ.

WRITTEN ANSWERS.

Fort Cochin.

* 155. [25] **Shri Manjanatha Prabhu:** Will the Minister be pleased to state:

(*a*) Whether any steps are being taken to merge Ftor Cochin in the Travancore-Cochin State;

(*b*) Are difficulties experienced by merchants of Travancore-Cochin State who deal in export goods by keeping Fort Cochin in Madras State; and

(*c*) Is there any loss of Sales Tax to our revenue because of Fort Cochin remaining with Madras State?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) The matter is being considered.

(*b*) Government have no information.

(*c*) Yes.

കാർഷികോൽപന്നങ്ങളുടെ വിലയിടിവ്.

* 156. [30] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ രാജ്യത്തെ കാർഷികോൽപന്നങ്ങൾക്ക് വൻപിച്ച രീതിയിലുള്ള വിലയിടിവ് ഉണ്ടായിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കാർഷികോൽപന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രഗവണ്മെൻറിന്റെ മുമ്പാകെ വല്ല നിവേദനവും തിരുവിതാംകൂർ—കൊച്ചി സർക്കാർ നടത്തിയിട്ടുണ്ടോ;

(ഡി) കൃഷിക്കാർക്ക് വിത്തും, വളവും സൗജന്യമായും, കുറഞ്ഞ നിരക്കിൽ പലിശക്ക് പണം കടം നൽകിയും സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ചില കാർഷികോൽപന്നങ്ങൾക്ക് വിലയിടിവുള്ളതായി അറിയാം. തേയില, കാപ്പി, ഏലം, റബ്ബർ മുതലായവയ്ക്ക് വില കുറഞ്ഞിട്ടില്ല.

(ബി) ഉൽപാദനച്ചിലവിനെക്കാളും ഇവയുടെ വില കുറയുകയാണെങ്കിൽ അപ്പോൾ വേണ്ട നടപടി എടുക്കുന്നതാണ്.

(സി) ഇല്ല.

(ഡി) വിത്തും, വളവും സൗജന്യനിരക്കിൽ കൊടുക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. കമ്മ്യൂണിറ്റി പ്രോജക്റ്റും, എ. ൻ. ഇ. എസ്സ്. ബ്ലോക്കുകളും ഉൾപ്പെടുന്നതായ സ്ഥലങ്ങളിൽ ചുരുങ്ങിയ പലിശയ്ക്ക് കൃഷിക്കാർക്ക് കടംകൊടുക്കുന്നുണ്ട്. ഭക്ഷ്യോൽപാദന കടം വാങ്ങിയും സർക്കാരിൽനിന്നും അനുദാനം കൊടുക്കുന്നുണ്ട്.

കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ്.

* 157. [36] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ നിലവിലുണ്ടായിരുന്ന കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് നിറുത്തൽ ചെയ്തതു് കുടിൽ വ്യവസായപ്രോത്സാഹനം ഉണ്ടാവുകയില്ലെന്ന് ഉദ്ദേശിച്ചാണോ ; അല്ലെങ്കിൽ മറ്റു വല്ല കാരണവും ഉണ്ടോ ;

(ബി) കുടിൽ വ്യവസായ പ്രോത്സാഹനത്തിനു വേണ്ടി ഈ ഗവണ്മെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) കേന്ദ്രഗവണ്മെൻറ് സംഘടിപ്പിച്ചിട്ടുള്ള കൈത്തറി, കരകൗശലം, ഖാദി, ഗ്രാമവ്യവസായ ഉപദേശകസമിതികളുടെ മാതൃകയിൽ

സംസ്ഥാനത്തും മൂന്നു ഉപദേശകസമിതികൾ രൂപീകരിക്കുന്നതു് ചെറുകിട വ്യവസായങ്ങളുടേയും കുടിൽ വ്യവസായങ്ങളുടേയും പുരോഗതിക്കു് കൂടുതൽ സഹായമാകുമെന്നു് ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടതിനാൽ നിലവിലിരുന്ന കുടിൽ വ്യവസായ ഉപദേശകസമിതി പിരിച്ചുവിടുകയുണ്ടായി.

(ബി) ഉണ്ടു്. കയർ, കൈത്തറി, കരുപ്പുകട്ടി, എണ്ണയാട്ടു്, തേനീച്ച വളർത്തൽ, തഴപ്പായ്, തുകൽ മുതലായ സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാത്തരം കുടിലും, ചെറുകിടയും വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്. കുടിൽ വ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനാർത്ഥം ഗവണ്മെൻറിൽനിന്നും അവയ്ക്കു് ഗ്രാൻറ്, ലോൺ മുതലായ സാമ്പത്തിക സഹായങ്ങളും സാങ്കേതികസഹായങ്ങളും നൽകിവരുന്നുണ്ടു്.

കുടിൽ വ്യവസായ സാധനങ്ങളുടെ വിൽപനയ്ക്കു് വേണ്ട ഒത്താശകൾ ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നു. കരുപ്പുകട്ടി വ്യവസായ സഹകരണസംഘാംഗങ്ങൾക്കു് ആധുനികരീതിയിലുള്ള ഉപകരണങ്ങൾ (Implements) സൌജന്യമായി നൽകിവരുന്നുണ്ടു്.

കുടിൽ വ്യവസായ സാധനങ്ങളുടെ പ്രചരണാർത്ഥം വിവിധങ്ങളായ സഹായസഹകരണങ്ങൾ ഗവണ്മെൻറു നൽകിവരുന്നുണ്ടു്. Demonstration centres സംസ്ഥാനത്തിൻെറ നാനാഭാഗങ്ങളിൽ സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ എടുത്തുവരികയാണു്. സംസ്ഥാനത്തെ കുടിൽ വ്യവസായങ്ങളുടെ വികസനസാദ്ധ്യതകളെക്കുറിച്ചു് ഒരു സമഗ്രമായ സർവ്വെ നടത്തുന്ന കാര്യം ഗവണ്മെൻറു പര്യാലോചിച്ചു വരികയാണു്.

പുതിയ വ്യവസായങ്ങൾ.

* 158. [40] ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് പുതിയതായി എന്തെങ്കിലും വ്യവസായം തുടങ്ങുന്നതിനു് ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) എന്തു തുക മുടക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നു ;

(ഡി) മരച്ചീനിയിൽനിന്നു് സ്റ്റാർച്ചും, സാഗോയും, ഗ്ലൂക്കോസും ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ററി മരച്ചീനി സമൃദ്ധിയായുള്ള തിരുവല്ലായിൽ സ്ഥാപിക്കുന്നതിനു് ഗവണ്മെൻറു് ഒരുമ്പെടുമോ ;

(ഇ) സ്വകാര്യവ്യക്തികൾ ഇതുമാതിരിയുള്ള ഫാക്ററികൾ തുടങ്ങിയാൽ ഗവണ്മെൻറു് അവർക്കു വേണ്ട പ്രോത്സാഹനങ്ങൾ നൽകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഉണ്ടു്.

(ബി) പദ്ധതികൾ പൂർത്തിയാക്കാത്തതുകൊണ്ടു് അവയെപ്പററിയുള്ള വിവരങ്ങൾ ഇപ്പോൾ തരുവാൻ സാദ്ധ്യമല്ല.

(സി) ബി-യിലെ ഉത്തരംകൊണ്ടു് ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഈ കാര്യം ആലോചനയിലിരിക്കുന്നു.

(ഇ) അർഹിക്കുന്ന പ്രോത്സാഹനങ്ങൾ നൽകുന്നതാണു്.

പമ്പാ റിവർ ഫാക്ററി.

*159. [44] ശ്രീ. എം. എം. മത്തായ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സീസണിൽ പമ്പാ റിവർ ഫാക്ററിയിൽ എത്ര ടൺ കരിമ്പ് ക്രഷ് ചെയ്തിട്ടുണ്ട് ;

(ബി) ഈ ആണ്ടിൽ പഞ്ചസാരയുടെ റിക്കവറി എത്ര പോയിന്റാണ് ;

(സി) കഴിഞ്ഞ സീസണിൽ ക്രഷ് ചെയ്ത കരിമ്പ് എത്ര ;

(ഡി) കഴിഞ്ഞ വർഷത്തെ പഞ്ചസാരാംശം എത്ര ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 6-1-1955 കൊണ്ടവസാനിച്ച സീസണിൽ 56,000 ടൺ കരിമ്പ് ക്രഷ് ചെയ്തിട്ടുണ്ട്.

(ബി) 8·72 ശതമാനം.

(സി) കഴിഞ്ഞ സീസണിൽ ക്രഷ് ചെയ്തത് 30,694 ടൺ.

(ഡി) 7·13 ശതമാനം.

സ്റ്റോറേ ഇൻഷ്വറൻസ് വകുപ്പ്

*160. [52] ശ്രീ കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സ്റ്റോറേ ഇൻഷ്വറൻസ് വകുപ്പിൽ വിവിധ ഉദ്യോഗങ്ങളിലായി ഇപ്പോൾ എത്ര പേർ ജോലി നോക്കുന്നുണ്ട് ;

(ബി) പ്രസ്തുത ആഫീസിൽ ശരിയായ വായുസഞ്ചാരം ഇല്ലാത്തതുനിമിത്തം ഇക്കഴിഞ്ഞ ആറു മാസങ്ങൾക്കുള്ളിൽ പലരും ബോധം കെട്ടു വീണിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആഫീസ് സെക്രട്ടേറിയറേ വളപ്പിൽ പുതുതായി പണികഴിപ്പിക്കുന്ന കെട്ടിടത്തിലേക്ക് മാററി സ്ഥാപിക്കുവാൻ ഉണ്ടായ ഗവണ്മെൻറുത്തരവ് ഭേദഗതി ചെയ്യുവാൻ പ്രസ്തുതവകുപ്പിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ഗവണ്മെൻറിലേക്ക് ഏതെങ്കിലും ശുപാർശകൾ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 110 പേർ

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) സെക്രട്ടേറിയററ് വിവിധ സെക്ഷൻസിനും ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിനും പരസ്പരം അസൗകര്യമല്ലാത്ത വിധത്തിൽ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിനു വേണ്ടത്ര സ്ഥലസൗകര്യം കിട്ടത്തക്ക വിധത്തിലും ഏർപ്പാടു ചെയ്യുവാൻ ആലോചിച്ചു വരുന്നു.

കായൽ പതിച്ചു്.

* 161. [56] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ചെയ്യുന്നതിനുവേണ്ടി കായൽ പതിച്ചുകൊടുക്കുന്ന സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ടോ ; ഉണ്ടെങ്കിൽ പതിച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറു് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്നു പറയുമോ :

(ബി) പതിച്ചുകൊടുത്തിട്ടുള്ള കൂട്ടത്തിൽ കായംകുളം കായൽ ഉൾപ്പെടുമോ ; ഉൾപ്പെടുമെങ്കിൽ എത്ര ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടെന്നും, അവ ആർക്കെല്ലാമാണെന്നും, എന്നു പതിച്ചുകൊടുത്തു എന്നും പറയുമോ ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) കൃഷിചെയ്യുന്നതിനുവേണ്ടി കായൽ പതിച്ചുകൊടുക്കുന്ന നയം ഇപ്പോൾ ഇല്ല. ഉത്തരഭാഗം ചോദ്യം ഉദിക്കുന്നില്ല.

(ബി) കായംകുളം കായലിൽനിന്നു് ഇപ്പോൾ ആർക്കും കൃഷിക്കായി സ്ഥലം പതിച്ചുകൊടുക്കപ്പെട്ടിട്ടില്ല. ഉത്തരഭാഗം ചോദ്യം ഉദിക്കുന്നില്ല.

വിൽപനനികുതി.

* 162. [57] ശ്രീ. ജെ. എ. ജട്ട് : താഴെ കാണുന്ന ചോദ്യത്തിനു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുൽതൈലം, ഇഞ്ചി, കുരുമുളക് എന്നീ സാധനങ്ങളെ ബഹുമുഖ വിൽപനന നികുതിയിൽനിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുവരെ നടപ്പിൽ വരുത്താത്തതു് എന്തുകൊണ്ടു് ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

ഗവണ്മെൻറു് അതിൽ അവസാനതീരുമാനം ഒന്നും എടുത്തിട്ടില്ല.

Industrial Financial Corporation.

*163. [58] **Shri P. V. Avira Tharakan:** Will the Minister for Industries be pleased to state:

(*a*) the amount paid to the applicants from the Industrial Financial Corporation up to 30-11-1954;

(*b*) how many applications have been rejected;

(*c*) was there any application from Seetaram Mills Trichur;

(*d*) how many applications were pending till 30-11-1954; and

(*e*) the names of applicants who were given money and the names of applicants rejected?

Minister for Finance **(Shri P. S. Nataraja Pillai) :**

(*a*) Rs. 30,75,500.

(*b*) One

(*c*) No

(*d*) Three

(*e*) These are confidential and cannot be divulged.

തറപ്പാട്ടം.

* 164. [60] ശ്രീ. പി. ആർ. മാധവൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

( ) സർക്കാർ പുറംപോക്കു തരിശു ഭൂമിയിലെ കൃഷിക്കാർ സർ. സി. പി. യുടെ കാലത്ത് ഏക്കറൊന്നിന് കൊടുക്കേണ്ടിയിരുന്ന തറപ്പാട്ടം എന്തായിരുന്നു ;

(ബി) ആ തറപ്പാട്ടം കാൺഗ്രസ്സ് ഗവണ്മെന്റിന്റെ കാലത്തു എന്തായിരുന്നു ;

(സി) കഴിഞ്ഞ ജൂൺ 22-ലെ ഉത്തരവിൻപ്രകാരം തറപ്പാട്ടം എന്താണ് ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജ പിള്ള) :

(എ) പുരയിടങ്ങൾക്ക് ഏക്കറൊന്നിന് 25 രൂ. വും, നിലങ്ങൾക്ക് ഏക്കറൊന്നിന് 37½ രൂ. വും ആയിരുന്നു.

(ബി) മേൽപ്പറഞ്ഞ റേറ്റ്തന്നെയായിരുന്നു. എന്നാൽ 3 രൂ., 8 അ. യായും, 5 രൂ. 4 അ. യായും ഇൻഡ്യൻ നാണയത്തിൽ മാറ്റിയിട്ടുണ്ട്.

(സി) ബി-ഉത്തരത്തിനു കൊടുത്തിട്ടുള്ള റേറ്റു തന്നെയാണ്.

കുടിൽ വ്യവസായ ബോർഡ്.

* 165. [61] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിൽ വ്യവസായകമ്മീഷന്റെ ശുപാർശപ്രകാരം രൂപീകരിച്ച കുടിൽ വ്യവസായബോർഡ് ഇപ്പോഴും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിലെ ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം;

(സി) ഈ ബോർഡിന്റെ ചുമതലകൾ എന്തെല്ലാം ;

(ഡി) ഈ ബോർഡ് രൂപീകരിച്ചശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തി ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജ പിള്ള) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 1. കൈത്തറി നെയ്ത്തു വ്യവസായ വികസന പദ്ധതി.

2. കരുപ്പെട്ടി വ്യവസായ വികസനപദ്ധതി.

3. എണ്ണയാട്ടു വ്യവസായ വികസന പദ്ധതി.
4. തേനീച്ചവളത്തൽ വ്യവസായ വികസന പദ്ധതി.
5. തഴപ്പായ് വ്യവസായ വികസന പദ്ധതി.
6. കൂവമാവ് വ്യവസായ വികസന പദ്ധതി.
7. Wood carving വ്യവസായ വികസന പദ്ധതി. (തടിയിൽ കൊത്തുപണി ചെയ്യുന്ന)
8. ഗ്രാമോദ്ധാരണ പദ്ധതി.
9. കളിമൺ വ്യവസായ വികസന പദ്ധതി.
10. തൂകൽ വ്യവസായ വികസന പദ്ധതി.

Industrial Loans.

✱ 166. [75] **Shri V. V. Sebastian:** Will the Minister for Finance be pleased to state:

(*a*) the names of persons to whom Industrial Loans have been granted and the amounts paid to each during the year 1954-55;

(*b*) what are the industries for which the above loans have been granted; and

(*c*) How many of such applications for loans have been rejected or kept pending giving the names of the applicants?

Minister for Finance **(Shri P. S. Nataraja Pillai)**

(*a*) No loan has been given to persons so far during the current financial year 1954-55.

(*b*) In view of the answer the question does not arise.

(*c*) The applications for industrial loans have been received in the Office of the Director of Industries & Commerce. Before the applications are considered by the State Aid to Industries Board, necessary enquiries have to be made, regarding the valuation of assets, securities offered etc. Regarding these applications such enquiries are being made.

അശോകമില്ലിനുള്ള സഹായധനം.

✱ 167. [78] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

അശോക തുണിമില്ലിനു (ആലുവാ) ഫിനാൻസ് കാർപ്പറേഷൻ എത്ര തുക സഹായധനം കൊടുത്തിട്ടുണ്ട് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

Rs. 10,00,000.

UNSTARRED QUESTIONS

Pepper Farm.

94. [1] **Shri N. G. Chacko:** Will the Minister for Agriculture be pleased to state:

(*a*) whether there is any scheme to start a Pepper Farm in this State.

(*b*) if so when and where does the Government propose to start the Pepper Farm.

Answer.

(*a*) A Scheme submitted by the Director of Agriculture for the establishment of a Pepper Research Station in the State is now under consideration of Government.

(*b*) The place at which the Research Station is proposed to be started has not been finally decided.

കൈത്തറി ദിനാചരണം.

95. [2] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി ദിനാചരണം സംബന്ധിച്ച് തിരുവിതാംകൂർ–കൊച്ചിയിൽ എത്ര സ്ഥലങ്ങളിൽ യോഗങ്ങൾ നടന്നു ;

(ബി) ഈ പ്രചരണ യോഗങ്ങളുടെ ഫലമായി കൈത്തറി തുണികളുടെ വില്പന വർദ്ധിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) കൈത്തറി ദിനം തിരുവിതാംകൂർ–കൊച്ചിയിൽ ഒരു സ്ഥലത്തും ആഘോഷിച്ചിട്ടില്ല. എന്നാൽ 1954 മാർച്ചുമാസം 12-ാംനു- മുതൽ 19-ാംനു-വരെ സംസ്ഥാനമൊട്ടാകെയുള്ള വിവിധ സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു കൈത്തറിവാരം ആഘോഷിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ടിലും ഓരോ പ്രചരണയോഗം സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ട്.

(ബി) സ്ഥിതി വിവരക്കണക്കുകൾ കൈവശമില്ല. എന്നാൽ ഈ പ്രചര യോഗങ്ങൾ കൈത്തറിവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പററിയുള്ള ഒരു ബോധം (Impression) പൊതുജനങ്ങൾക്കിടയിൽ സൃഷ്ടിച്ചിട്ടുണ്ട് എന്നു വിശ്വസിക്കാം.

അടയ്ക്കാ കേന്ദ്രാലയം.

96. [3] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവണ്മെൻറിന്റെ അഭിമുഖ്യത്തിൽ, തലപ്പിള്ളി താലൂക്കിൽപ്പെട്ട പഴഞ്ഞിയിൽ ഒരു അടയ്ക്കാകേന്ദ്രാലയം തുറക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) തിരുവിതാംകൂർ–കൊച്ചിയിലെ അടയ്ക്കാ കമ്മിററി അതിനെപ്പററി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(സി) അതു സംബന്ധിച്ച് വല്ല പ്രവർത്തനവും ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ ഒരു അടയ്ക്കും കമ്മിറ്റി ഇല്ല.

(സ) എ-യുടേയും, ബിയുടേയും ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

റബ്ബറും, ഗ്ലൂക്കോസും ഫാക്ടറികൾ.

97. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ ഫാക്ടറിയും, ഗ്ലൂക്കോസ് ഫാക്ടറിയും വൻതോതിൽ നടത്തുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ചു് എന്തെല്ലാം പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടു്?

ഉത്തരം.

(എ) റബ്ബർ ഫാക്ടറി വിപുലമാക്കുന്ന കാര്യം ആലോചനയിലിരിക്കുന്നു.

(ബി) എഴുത്തുകുത്തുകൾ നടത്തിവരുന്നു.

Government-owned Industries.

98. [8] **Shri K. C. George:** Will the Minister for Industries be pleased to state:

(*a*) was Sree Kasthurbhai Lal Bhai deputed to Travancore-Cochin by Central Government to investigate and report on Government-owned Industries;

(*b*) if so when;

(*c*) did he make any report; if so what is it;

(*d*) whether any action is taken on that report?

Answer.

(*a*) Yes.

(*b*) March 1951.

(*c*) Yes. The report is confidential.

(*d*) The report is still under the consideration of Government.

ചോദ്യങ്ങൾക്കു് നൽകിയ ഉറപ്പുകൾ.

99. [10] ശ്രീ. കെ. സി. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സമ്മേളനത്തിൽ ജൂലായ് 19-ാംതീയതിയിലെ 11-ാംനമ്പർ ചോദ്യത്തിനുത്തരമായി വ വരങ്ങൾ ശേഖരിക്കുന്നതായി ധനകാര്യമന്ത്രി പറഞ്ഞ മറുപടി അനുസരിച്ചു് വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞോ?

(ബി) കഴിഞ്ഞെങ്കിൽ ആ വിവരങ്ങൾ എന്താണു്?

ഉത്തരം.

(എ) ശേഖരിച്ചു കഴിഞ്ഞു.

	ഏക്കർ.	സെൻറ്	ച: ലിംഗ്സ്.
(ബി) (എ)	22,98,075	39	,,
(ബി)	4,56,107	70	,,
(സി)	2,09,877	31	,,
(ഡി)	15,100	0	,,
(ഇ)	1,59,330	70	,,
(എഫ്)	43,270	0	,,
(ജി)	26,063	0	,,
(എച്ച്)	18,844	7	190
(ഐ) (1)	26,916	18	412 (തിരുവിതാംകൂർ വിഭാഗം)
(2)	8791	8	,, (കൊച്ചി വിഭാഗം.)

എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള പരാതി.

100. [11] ശ്രീ. തലേക്കരെ കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലപ്പിള്ളി താലൂക്ക് കണ്ടാണശ്ശേരി വിശ്ശേരി വില്ലേജിൽ കപ്പട അപ്പുക്കുട്ടൻ എന്നൊരാളെ അകാരണമായി എക്സൈസ് ഉദ്യോഗസ്ഥന്മാർ മർദ്ദിച്ചുവെന്നു കാണിച്ച് തൃശ്ശൂർ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർക്ക് ടിയാൻ കഴിഞ്ഞ മാസത്തിൽ ഒരു ഹർജി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ആ ഹർജിയുടെ അടിസ്ഥാനത്തിൽ എന്തുനടപടിയാണ് എടുത്തിട്ടുള്ളതു് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പരിഗണനയിൽ ഇരിക്കുന്നു.

ഉരുൾപൊട്ടൽ.

101. [14] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പന്നൂർ മലകളിലുണ്ടായ ഉരുൾപൊട്ടൽമൂലം എത്ര മാത്രം കൃഷിനാശം സംഭവിച്ചിട്ടുണ്ട് ;

(ബി) ഉരുൾപൊട്ടൽമൂലം ദുരിതം അനുഭവിക്കുന്ന കർഷകരുടെ ഉദ്ധാരണാർത്ഥം ഗവണ്മെൻറ് എന്തുനടപടി കൈക്കൊണ്ടു ?

ഉത്തരം.

(എ) എഴുനൂറ് (700) പറയോളം നിലങ്ങൾക്ക് (70 ഏക്കർ) കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൂടാതെ മരച്ചീനി മുതലായ മററു കൃഷികൾക്കും സാരമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം ഏകദേശം രൂപ 5,652–8–0 യോളം വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) വീടുകൾ നശിച്ച 14 പേർക്ക് രൂപ 278 വീതിച്ചുകൊടുത്തിട്ടുണ്ട്. അതിൽ മരണം സംഭവിച്ച അയ്യപ്പൻനായരുടെ ഭാര്യയ്ക്ക് 100 രൂപ സഹായധനം കൊടുത്തു. മററു സഹായങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

കായൽപതിവ്.

102. [16] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളംകായലിൽ കുത്തകപ്പാട്ടവ്യവസ്ഥയിൽ ആർക്കെല്ലാം കായൽ പതിച്ചുകൊടുത്തിട്ടുണ്ട് ; എന്നാണ് പതിച്ചുകൊടുത്തിട്ടുള്ളത് ;

(ബി) ഓരോന്നിന്റെയും കാലാവധി എത്ര ;

(സി) സ്ഥിരക്കുത്തകപ്പാട്ടമായോ, അല്ലാതെയോ ;

(ഡി) എന്തു തുകയ്ക്കാണ് ഓരോന്നും നൽകിയിരിക്കുന്നത് ?

ഉത്തരം.

(എ) (ബി) (സി) (ഡി) കായംകുളം കായലിൽ കുത്തകപ്പാട്ട വ്യവസ്ഥയിൽ കായൽപാട്ടം കൊടുത്തിട്ടുള്ളവരുടെ പേര്, കാലാവധി, പാട്ടവ്യവസ്ഥ, പാട്ടത്തുക എന്നിവ അടങ്ങിയ ഒരു സ്റ്റേററുമെൻറ് †മേശപ്പുറത്തു വച്ചിട്ടുണ്ട്.

പുതുവൽ കുത്തകപ്പാട്ടം.

103. [17] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാട്ടുപുഴ പകുതിയിൽ എത്ര ഏക്കർ പുതുവൽ കുത്തകപ്പാട്ട വസ്തുക്കളുണ്ട് ;

(ബി) ഏതെല്ലാം വിധത്തിലാണ് കരം ഈടാക്കുന്നത് ?

ഉത്തരം.

(എ) 172 ഏക്കർ, 67 സെൻറ്.

(ബി) നിലവിലുള്ള കുത്തകപ്പാട്ട രീതി അനുസരിച്ചുള്ള പാട്ടം ഈടാക്കുന്നുണ്ട്.

† Please see Appendix II and III

സാങ്കേതിക വിദ്യാലയങ്ങൾ.

104. [20] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാലയങ്ങൾ പരിഷ്കരിക്കുന്നതിനെപ്പററി ഒരു കമ്മിററി ഗവണ്മെൻറിൽനിന്നും രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ആ കമ്മിററിയുടെ റിപ്പോർട്ടു സമർപ്പിച്ചിട്ട് എത്ര കാലമായി ;

(സി) അതിനെപ്പററി ഗവണ്മെൻറ് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.
(ബി) ആറുമാസത്തോളമായി.
(സി) ഇല്ല. റിപ്പോർട്ട് ആലോചനയിലിരിക്കുകയാണ്.

Travancore Credit Bank

105. [21] **Shri K. M. George:** Will the Minister for Finance be pleased to State:

(*a*) what is the rate of interest charged on loans advanced by the Travancore Credit Bank;

(*b*) have the Government received any representation that the present rate of interest is too high; and

(*c*) do the Government propose to reduce the interest on these loans at least to 4%.

Answer.

(*a*) 6½ per-cent.

(*b*) No.

(*c*) This is a matter for the Bank to decide.

State Life Insurance

106. [25] **Shri Prakkulam Bhasi:** Will the Minister for Finance be pleased to state whether the present Government have any scheme to appoint a Reorganisation Committee to suggest ways and means for improving this branch of the Department?

Answer.

No; there is no necessity therefor at the moment.

കുത്തകപ്പാട്ടം.

107. [34] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്തകപ്പാട്ടം ഇനത്തിൽ 50, 51, 52, 53, 54 ആണ്ടുകളിൽ വരവെന്തു്? എത്ര ഏക്കർ ഭൂമിയിൽനിന്നാണ് മേൽപ്പറഞ്ഞ ഓരോആണ്ടിലും ഈ തുക പിരിച്ചെടുത്തിട്ടുള്ളതു് എന്നു പറയുമോ ;

(ബി) നഷ്ടപരിഹാരനിയമത്തിൽ മേൽപ്പറഞ്ഞ ആണ്ടുകളിലെ ചെലവ് എന്തു് ;

(സി) ഈ ഇനം രണ്ടിലുമായി 50, 51, 52, 53, 54 ആണ്ടുകളിലെ കുടിശ്ശിക എത്ര വീതം ?

ഉത്തരം.

(എ)

ആണ്ടു്	കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം	പിരിഞ്ഞുകിട്ടാനുള്ള പാട്ട സംഖ്യ		
		രൂ.	ണ.	പൈ.
1950	22,266.06	3,81,045	14	6
1951	26,451.49	4,51,180	14	7
1952	29,843.21	4,81,306	1	5
1953	33,162.65	5,05,682	14	4
1954	34,010.97	4,80,963	9	2

(ബി)

ആണ്ടു്	വരവു്. രൂ.	ണ.	പൈ.
1950	59,320	14	5
1951	76,570	7	10
1952	98,568	5	11
1953	1,21,698	1	5
1954	1,36,099	9	4

(സി)

ആണ്ടു്	കുടിശ്ശിക. രൂ.	ണ.	പൈ.
1950	93,820	4	8
1951	1,56,865	12	3
1952	1,74,312	8	6
1953	2,05,852	8	4
1954	2,60,886	12	3

അഗ്രികൾച്ചർ ഫാറം.

108. [40] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറവൂരിൽ ഒരു അഗ്രിക്കൾച്ചർഫാറം തുടങ്ങുന്നതിനു് ഗവണ്മെൻറിനു് വല്ല ഉദ്ദേശവും ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ കാർഷികത്താലൂക്കായ ചിറവൂരിൽ അങ്ങിനെ ഒന്നു് തുടങ്ങുന്നകാര്യം ഗവണ്മെൻറ് ആലോചിക്കുമോ ?

ഉത്തരം.

(എ) ചിറവൂരിൽ ഒരു കൃഷിഫാറം തുടങ്ങുന്നതിനു് ഇപ്പോൾ ഉദ്ദേശം ഒന്നുമില്ല.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ച് എല്ലാ പഞ്ചായത്തിലും ഓരോ മാതൃകാകൃഷിത്തോട്ടം തുടങ്ങുന്നകാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്. ടി പദ്ധതിയനുസരിച്ച് ചിറ്റൂരിലും ഒരു മാതൃകാകൃഷിത്തോട്ടം തുടങ്ങുന്നതാണ്.

[9 A. M.]

Reference to the demise of Shri N. Govinda Pai.

Mr. Speaker: Order Order. Question time is over.

I have to inform the House of the demise of **Shri N. Govinda Pai** of Mattancherry, who died on the 7th November, 1954. He was a member of the erstwhile Cochin Legislative Council, and was president of the Indian Chamber of Commerce. He took an active part in public life. As a mark of respect to the deceased the House may stand in silence for a minute.

The House stood in silence for a minute.

Constitution (Third Amendment) Bill, 1954.

Chief Minister **(Shri A. Thanu Pillai)**: Sir, I should like to have it postponed to another day.

Shri M. P. Menon: Is that resolution withdrawn or is the Chief Minister refraining from moving it for the time being?

Mr. Speaker: No. He has promised to move it on another day.

LEGISLATIVE BUSINESS.

Travancore-Cochin Verumpattamdars Bill—(Contd)

ശ്രീ. പറമ്പ ള്ളി ഗോവിന്ദമേനോൻ: (തുടർച്ച) ഞാൻ എന്റെ പ്രസംഗം തുടരുന്നതിനുമുൻപ് ഗവണ്മെൻറിൽനിന്നു ചില വിവരങ്ങൾ അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഇപ്പോൾ അജൻഡായിൽ ചേർത്തിരിക്കുന്ന നാലോ അഞ്ചോ ലാൻഡ്ബില്ലുകളെ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷനുമായി എന്തെങ്കിലും ആലോചന നടത്തീട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ പ്ലാനിംഗ്കമ്മീഷനിൽ നിന്നു എന്തെങ്കിലും ഉപദേശം കിട്ടിയിട്ടുണ്ടോ എന്നും, കിട്ടിയിട്ടുണ്ടെങ്കിൽ ആ ഉപദേശം മേശപ്പുറത്തു വയ്ക്കുമോ എന്നും അറിഞ്ഞാൽക്കൊള്ളാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): പ്ലാനിംഗ് കമ്മീഷനുമായി കൺസൽട്ടു ചെയ്തിട്ടുണ്ട്. ആദ്യം പ്രിലിമിനറി കൺസൾട്ടേഷൻ നടത്തീട്ടുണ്ട്. ബില്ലുകളുടെ കോപ്പി അയച്ചുകൊടുത്തിട്ടുണ്ട്. അതിനെപ്പററിയുള്ള അവരുടെ ജനറൽ വ്യൂസ് വാങ്ങിയിട്ടുണ്ട്. അതിനു ശേഷം പിന്നെയും അവരുമായി കൺസൽട്ടേഷൻ നടത്തിയിട്ടുണ്ട്. അവർ ആവശ്യപ്പെട്ട കാര്യങ്ങൾക്ക് മറുപടി അയച്ചുകൊടുത്തിരിക്കുകയാണ്. അതു് സർക്കുലേററു ചെയ്യണമെങ്കിൽ ചെയ്യാം.

ശ്രീ. പറമ്പിള്ളി ഗോവിന്ദമേനോൻ: സർ, കഴിഞ്ഞ ദിവസം ഈ ബില്ലുകൾ നിയമസഭ ചർച്ചചെയ്യുന്ന അവസരത്തിൽ ഈ ബില്ലുകൾ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പാസ്സായി നടപ്പിൽവന്നാൽ ഏതുവിധത്തിലുള്ള ഒരു സമുദായത്തിന്റെ ചിത്രമാണ് നമുക്കുണ്ടാകേണ്ടത് എന്നതിനെപ്പററി വ്യക്തമായ ഒരു രൂപം ഉണ്ടായിരുന്നാൽക്കൊള്ളാമെന്ന് ഞാൻ പറയുകയായിരുന്നു. ഈ ബില്ലുകളുടെയെല്ലാം ഉദ്ദേശം നമ്മുടെ രാജ്യത്ത് ഒരു പെസന്റ് പ്രൊപ്രൈററർഷിപ്പ് ഉണ്ടായിരിക്കത്തക്കതായിരിക്കണം എന്ന് ഞാൻ പറഞ്ഞു. ഇന്നു നമ്മുടെ രാജ്യത്ത് ഭൂമിയുടെ കൈവശത്തെപ്പററി, ഉടമാവകാശത്തെപ്പററി, കുറെ ഏറെ ഫ്യൂഡൽവ്യവസ്ഥകൾ നിലവിലിരിക്കുന്നുണ്ട്. ജന്മിത്വം മുതലായ വ്യവസ്ഥകൾ ഇന്നു നിലവിലിരിക്കുകയാണ്. ആ ജന്മിത്വം അവസാനിപ്പിച്ച് കൃഷിചെയ്യുന്ന കർഷകന് കൃഷിഭൂമിയിൽ ഉടമാവകാശം നൽകുന്ന ഒരു വ്യവസ്ഥയായിരിക്കണം നാം വിഭാവന ചെയ്യേണ്ടത് എന്നു ഞാൻ പറഞ്ഞു. മററുവിധത്തിൽ ഒരു വ്യവസ്ഥയുണ്ട്. ഭൂമി മുഴുവൻ സർക്കാരിന്റെ ഉടമയിൽ വരുത്തുകയും മററുമായിട്ടുള്ള ഒരു വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ഈ ബില്ലുകളിൽ വിഭാവനംചെയ്യുന്നില്ല. ഈ ബില്ലുകൾ ഓരോന്നും, ബില്ലുകളിലെ ഓരോവകുപ്പും ആലോചനയ്ക്കു എടുക്കുമ്പോൾ ആ ഒരു ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്നത് നന്നായിരിക്കും, അതായത് പെസന്റ് പ്രൊപ്രൈററർഷിപ്പ്, കർഷകന് കൃഷിഭൂമിയിൽ ഉടമാവകാശം നൽകുക എന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം പ്രവർത്തിക്കുന്നത്. ഇങ്ങനെ കർഷകന് കൃഷിഭൂമിയിൽ ഉടമാവകാശം നൽകണമെങ്കിൽ ഓരോ കർഷകനും കൈവശം വയ്ക്കാവുന്ന ഭൂമിയ്ക്കു ഒരു ഉപരിപരിധി തിട്ടപ്പെടുത്തേണ്ടതുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പെസന്റ് പ്രൊപ്രൈററർഷിപ്പ് എന്നു പറയുന്നതിൽ പെസന്റ് കർഷകനെ ഒന്നു ഡിഫയിൻ ചെയ്താൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ അതു വഴിയെ പറയാം. അങ്ങനെ കർഷകന് കൃഷിഭൂമിയിൽ കൈവശാവകാശം കൊടുക്കുകയാണെങ്കിൽ അവന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ ഉപരിപരിധി നിശ്ചയിക്കുകയുംവേണം. ആ ഉദ്ദേശത്തോടുകൂടിയായിരിക്കണം ഈ ബില്ലുകൾക്ക് രൂപംകൊടുക്കേണ്ടത്. ഈ ഘട്ടത്തിൽ വളരെ പ്രസക്തമായ ഒരു ചോദ്യം ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ചേർപ്പു മെംബർ മി. മുണ്ടശ്ശേരി ഉന്നയിക്കുകയുണ്ടായി. ആ ചോദ്യം ഇവിടെ വാദപ്രതിവാദം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കൃഷിയെപ്പററിയും കാർഷികാദായത്തെപ്പററിയും മററും ചില നിയമങ്ങൾമൂലം പല തെററിദ്ധാരണകളും ഇന്നു ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് പതിനായിരമോ നാല്പതിനായിരമോ പറ നെല്ലോ അല്ലെങ്കിൽ അത്രയും തന്നെ പണമോ പാട്ടമായും മിച്ചവാരമായും കിട്ടുന്ന ഒരു ജന്മിയുടെ ആദായം ആദായനികുതിയുടെ ആവശ്യത്തിനു കാർഷികാദായമായിട്ടാണ് കണക്കാക്കിട്ടുള്ളത്. അല്ലാതെ നാൾ അഗ്രികൾച്ചറൽ ഇംകം അല്ല. അങ്ങനെ കാർഷികാദായം കണക്കാക്കിട്ടുള്ളതുകൊണ്ട് ചില അർത്ഥത്തിൽ അങ്ങനെയുള്ളവരെ കർഷകൻ എന്നു പറയാം. അങ്ങനെയുള്ളവരെ കർഷകൻ എന്നു പറയണമെന്നല്ലാ ഞാൻ പറയുന്നത്. അങ്ങനെ തന്നെ സ്വന്തംഭവനത്തിൽ ഇരുന്നു തണ്ടപ്പേരും പേരോടും മറിച്ച് ആദായം വാങ്ങുന്നവൻ അല്ല കർഷകൻ എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ബഹുമാന

പ്പെട്ട ചേർപ്പ് മെംബറുടെ സംശയത്തിന് കാര്യമുണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആ ഡെഫനിഷൻ പൂർണ്ണമല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡെഫനിഷൻ പല രൂപത്തിലുമാകാം. കർഷകൻ ആരാണെന്നും കർഷകർ ആരെല്ലാമെന്നും ഡിഫൈൻ ചെയ്യാം. ഈ വിധത്തിലുള്ള ഒരു പെസന്റ് പ്രൊപ്രൈറ്ററർഷിപ്പ് നമ്മുടെ നാട്ടിൽ ഉണ്ടാകുകയാണെങ്കിൽ . . . .,

ശ്രീമതി കെ. ആർ. ഗൗരി : അതിന്റെ വിവരണത്തിൽ ഇവിടത്തെ മുരിയ്ക്കൻ ഉൾപ്പെടുമോ എന്ന് അറിഞ്ഞാൽക്കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ആ ജൻറിൽമാനെ അറിയുകയില്ല. ഏതെല്ലാം വിധത്തിലുള്ള ഗുണങ്ങളാണ് അദ്ദേഹത്തിനുള്ളത് എന്നറിയാത്ത ഞാൻ അതിനെപ്പററി പറയുന്നത് ഒരന്ധൻ മററൊരന്ധനെ വഴികാണിക്കുന്നതുപോലെ ആയിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : മുരിയ്ക്കൻ എന്നു പറയുന്ന ആൾ 2000 ഏക്കർ ഭൂമിയുള്ള ആളാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അത്രവളരെ ഭൂമിയുണ്ടെങ്കിൽ അദ്ദേഹം ഭാഗ്യവാനാണ്. എനിക്കു അതിനെപ്പററി കൂടുതൽ ഒന്നും പറയുവാൻ സാദ്ധ്യമല്ല. എന്നുതന്നെയല്ല നിയമസഭയിൽ പൊതുവെയുള്ള കാര്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുമ്പോൾ വ്യക്തികളെ ബാധിക്കുന്നതരത്തിൽ ഒന്നും പറയരുതെന്ന് എനിക്കു നിർബന്ധമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഐക്യമുന്നണിയും കാൺഗ്രസ്സും തമ്മിൽ ഈ കാര്യത്തിൽ ഒരു ധാരണയുണ്ടാക്കുവാനാണ് പെസന്റ് പ്രൊപ്രൈറ്ററർഷിപ്പ് എന്നു പറയുന്നതിൽ അടങ്ങിയിരിക്കുന്ന വിവരണം എന്താണെന്ന് ചോദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ എല്ലാബില്ലുകളെയും പററിയാണ് പറഞ്ഞത്. ഭൂമിയുടെ ഉടമാവകാശവും കൈവശാവകാശവും സംബന്ധിച്ച് ഉപരി പരിധി നിർണ്ണയിക്കുവാൻ പോകുകയാണ്. വളരെയധികം ഭൂമികൾ കൈവശം ഉള്ളവർ പെസന്റാണോ എന്നു ചോദിച്ചാൽ ഈ ബില്ല പ്രകാരം പെസന്റായിരിക്കുവാൻ ഇടയുണ്ട്. ഈ പെസന്റ് പ്രൊപ്രൈറ്ററർഷിപ്പ് ഈ ബില്ലുപ്രകാരം ഉണ്ടാക്കുകയാണെങ്കിൽ അതുകൊണ്ട് യാതൊരു വിഷമവും വരുവാനില്ല. ബഹുമാനപ്പെട്ട മെംബർ ശ്രീമതി ഗൗരി എന്റെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നതു കൊണ്ട് യാതൊരു അപകടവും ഉണ്ടാകയില്ലെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. അപ്പോൾ പെസന്റ് പ്രൊപ്രൈറ്ററർഷിപ്പ് വ്യവസ്ഥ നമ്മുടെ രാജ്യത്ത് വരുത്തണം എന്ന ആശയം മനസ്സിൽ വച്ചുകൊണ്ടു നാം പ്രവർത്തിക്കണം. അങ്ങനെ വരുമ്പോഴാണ് വെറംപാട്ടുകൂടിയാന്മാരുടെ കാര്യം വരുന്നത്. അതിനുവേണ്ടിയാണ് കഴിഞ്ഞദിവസം എന്റെ പ്രസംഗത്തിൽ പറഞ്ഞത് കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂവുടമയുള്ള അനേകം ആളുകൾ ഭൂമിയുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകളാണെന്ന്. ഭൂമി അനുഭവിക്കുന്നതുപോലും ഭൂമി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ചാർത്തികൊടുത്തിട്ടായിരുന്നു. അങ്ങനെ ഒരു വ്യവസ്ഥയുണ്ടായതുകൊണ്ട് വെറും പാട്ടക്കുടിയാൻ വളരെ കാലമായി ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകനാണ്. അവർക്ക് ഭൂമിയിൽ ഉടമാവകാശം നൽകുക, ഫിക്സിററി ആഫ് ടെനുവർ അനുവദിക്കുക. അതു് ഭാഗികമായ ഉടമാവകാശം ആയിരിക്കും എന്നേ ഉള്ളൂ. അതു് കൊടുക്കുകയാണെങ്കിൽ അവർ ഒരു വിധത്തിൽ ആ ഭൂമിയുടെ പ്രൊപ്രൈററർ ആയിത്തീരുകയാണ്. മദ്രാസിൽ മലബാറിലെ ആളുകൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള കുടിയാൻ നിയമത്തിലും, കൊച്ചിയിൽ ആദ്യം കാണക്കുടിയാന്മാർക്കുവേണ്ടി 1090-ൽ ഉണ്ടാക്കിയ നിയമത്തിലും, പിന്നീട് അതു് 1113-ൽ പുതുക്കിയ സന്ദർഭത്തിലും 1118-ൽ വെറുംപാട്ടക്കുടിയാന്മാർക്കു വേണ്ടി ഉണ്ടാക്കിയ നിയമത്തിലും, അതുപോലെ തിരുവിതാംകൂറിൽ 1071-ൽ ഉണ്ടാക്കിയ ജന്മികുടിയാൻ നിയമത്തിലും, പിന്നീട് അതു് ഭേദഗതി ചെയ്യുപ്പോഴും കുടിയാന് അവരുടെ ഭൂമിയിൽ പ്രൊപ്രൈററർ ഷിപ്പ് നൽകുക എന്ന ആശയം ചിലപ്പോൾ വ്യക്തമായും ചിലപ്പോൾ അവ്യക്തമായും നിയമകർത്താക്കളുടെ ഉള്ളിൽ ഉണ്ടായിരുന്നു. തിരുവിതാംകൂറിലെ ജന്മികുടിയാൻ ആക്ററിൽ കുടിയാന് അവൻ കൃഷിചെയ്യുന്ന ഭൂമിയിൽ പ്രൊപ്രൈററർ ഷിപ്പ് ഉണ്ടായിരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. 1118—ലെ കൊച്ചിയിലെ വെറുംപാട്ടക്കുടിയാൻ നിയമത്തിൽ കുടിയാൻ അവന്റെ കൈവശമുള്ള ഭൂമിയുടെ പ്രൊപ്രൈററർ ആയിരിക്കുമെന്നു പറഞ്ഞിട്ടില്ല. ആദ്യം ആ നിയമം പുറത്തുകൊണ്ടുവന്നപ്പോൾ പല പിശകുകളും ഉണ്ടായിരുന്നു. അങ്ങനെ പിശകുകൾ ഉണ്ടാകുവാനുള്ള കാരണം എന്റെ അഭിപ്രായത്തിൽ ആ ബിൽ എഴുതിയുണ്ടാക്കിയ മഹാന്മാർക്ക് എന്തു് ഉദ്ദേശത്തോടുകൂടിയാണ് ആ ബിൽ ഉണ്ടാക്കേണ്ടതു് എന്നുള്ളതിനെപ്പററി പരിചിന്തിതമായ ഒരു ആശയം ഉണ്ടായിരുന്നില്ല എന്നുള്ളതാണ്. ഗവണ്മെൻറിന്റെ ദയാപൂർവ്വമായ മനോവികാരത്തിന്റെ പ്രവർത്തനംമൂലം വെറുംപാട്ട കുടിയാന്മാരെ അവരുടെ കൃഷിഭൂമിയിൽ നിന്നു് ഒഴിപ്പിക്കരുതു് എന്ന ആശയമാണ് അവർക്കുണ്ടായിരുന്നതു്. അതു മാത്രമല്ല എന്റെ പ്രതീക്ഷ. കുറച്ചുകൂടി ശാസ്ത്രീയമായ രീതിയിൽ കർഷകർക്ക് മുൻപറഞ്ഞ വിധത്തിലുള്ള ഒരു സ്ഥാനം സാമൂഹ്യവ്യവസ്ഥിതിയിൽ വരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ സംസാരിക്കുന്നതു്. 1118-ലെ കൊച്ചി വെറുംപാട്ടക്കുടിയാൻ നിയമത്തിൽ ഇന്നയിന്ന വ്യവസ്ഥകളിൽ വെറുംപാട്ടകുടിയാനെ ഒഴിപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ട്. ഇന്നയിന്ന വ്യവസ്ഥകളിൽ ഒഴിപ്പിക്കാം എന്നു പറയാനുള്ള കാരണംതന്നെ ആ ബില്ലിന്റെ പരമമായ ലക്ഷ്യം എന്തായിരിക്കണമെന്നുള്ളതിനെപ്പററി ഒരു ഉറച്ച അഭിപ്രായം ഇല്ലായിരുന്നതുകൊണ്ടാണ്. അതുപോലെതന്നെ വെറുംപാട്ടകുടിയാന് ഭൂമിയിൽ സ്ഥിരാവകാശം നൽകിയതിൽ ആ ഭൂമി പൊന്നും വിലകൊടുത്തു സർക്കാർ എടുക്കുകയാണെങ്കിൽ അതിന്റെ പ്രതിഫലം എതുവിധത്തിലാണ് കൊടുക്കേണ്ടതെന്നുള്ളതിനെപ്പററിയും തെററുപററിയിട്ടുണ്ട്. കൊച്ചിയിൽ ആദ്യത്തെ നിയമത്തിൽ അതിനുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നില്ല. പിന്നീട് മററൊരു നിയമംമൂലമാണ് ഒട്ടാകെയുള്ള അക്വിസിഷൻ നിലയിൽ കോടതിയിൽ നിന്നോ സർക്കാരിൽ നിന്നോ നിർണ്ണയിക്കുന്ന പ്രതിഫലത്തിന്റെ എട്ടിൽ ഒന്നു് വെറുംപാട്ടക്കുടിയാനു കൊടുക്കാം എന്നു തീർപ്പുണ്ടായതു്. എട്ടിൽ ഒന്നു കൊടുക്കുവാൻനിശ്ച

യിച്ചതു് കാരുണ്യപൂർവ്വമായ ഒരു പ്രവൃത്തി എന്നുള്ള നിലയിലാണു്. ഈ കൃഷി ചെയ്യുന്ന കർഷകനു് അവന്റെ കൈവശമിരിക്കുന്ന ഭൂമിയുടെ പ്രൊപ്രൈററർ ഷിപ്പു് വേണം; അതുകൊണ്ടു് സ്ഥിരാവകാശം കൊടുക്കുക എന്നു വയ്ക്കുകയാണെങ്കിൽ അതിന്റെ പരമാവധിവരെ നാം ലാജിക്കലായി പോകേണ്ടിവരും. സ്ഥിരാവകാശത്തെപ്പററി അത്ര മാത്രമേ ഞാൻ പറയുന്നുള്ളു.

പിന്നീടു് മയ്യാദപ്പാട്ടത്തെപ്പററിയാണു്. അതേപ്പററി ഞാൻ പറയുമ്പോൾ ബഹുമാനപ്പെട്ട മാവേലിക്കര മെംബർ ശ്രീ. തമ്പിയുടെ അഭിപ്രായത്തോടു് എനിക്കുള്ള സമ്മതം ഞാൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതെന്താണെന്നുവച്ചാൽ ഈ മയ്യാദപ്പാട്ടം നിശ്ചയിക്കേണ്ടതു് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ആയിരിക്കണം എന്നുള്ളതാണു്. ഈ കരടുബില്ലിൽ അങ്ങനെയുള്ള അടിസ്ഥാനം സ്വീകരിച്ചുകാണുന്നില്ല. ഗവണ്മെൻറു് അതിലേക്കു് വളരെ എളുപ്പമായ ഒരു കാര്യം സ്വീകരിച്ചിരിക്കുകയാണെന്നു കാണുന്നു. നിലങ്ങൾക്കു് ഒരുതരത്തിലുള്ള ഫിക്സേഷൻ, തെങ്ങിൻപറമ്പുകളെ സംബന്ധിച്ചിടത്തോളം വേറെ ഒരു ഫിക്സേഷൻ അനുസരിച്ചുള്ള പാട്ടം. അങ്ങനെ ഈ ബില്ലിൽ പരത്തിപ്പറഞ്ഞിരിക്കുകയാണു്. അതു് ശരിയായിരിക്കുകയില്ല. മയ്യാദപ്പാട്ടം എന്നു പറയുന്നതു ഭൂനികുതിയുടെ ഒരു ഓഹരിയായിരിക്കണം. തിരുവിതാംകൂറിലും കൊച്ചിയിലും ഭൂനികുതി തിട്ടപ്പെടുത്തുന്നതിനു വേണ്ടിയാണു് മുമ്പു് ഒരു സെററിൽമെൻറു് ഉണ്ടാക്കിയിട്ടുള്ളതു്. അതിനുമുമ്പു് ബഹുമാനപ്പെട്ട മെംബക്കറിയാം നമ്മുടെ രാജ്യത്തു നിലവിലിരുന്ന തീയറി. ഈ രാജ്യത്തു ഭൂമി കൈവശത്തിലുള്ള പട്ടയക്കാർ കുടിയാന്മാരും, മഹാരാജാവു് ഈ ഭൂമിയുടെ ജന്മിയും ആണെന്നുള്ള ആശയമാണു് അന്നുണ്ടായിരുന്നതു്. അതുകൊണ്ടാണു് പിന്നീടു് പട്ടയക്കാരുടെ ഭൂമി മുഴുവനും പണ്ടാരവകവെറംപാട്ടം എന്നു പറയുന്നതു്. അങ്ങനെ സക്കാരിന്റെ കീഴിലുള്ള വെറംപാട്ടകുടിയാന്മാരായിരുന്നു നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നതു്. ഇന്നു പട്ടയം കൈവശമുള്ളവരുടെ ഭൂമി മുഴുവൻ പണ്ടാരവക വെറംപാട്ടമാണെന്നും, അതിന്റെ ജന്മി മഹാരാജാവാണെന്നുമാണു് ഇവിടത്തെ സ്റ്റേറഡമാന്നവലിലും അതുപോലെയുള്ള ഡസററിയറകളിലും പറയുന്നതു്. അതനുസരിച്ചു് ഇന്നത്തെ ഭൂവുടമകളെല്ലാം ടെനൻറു് അററു് വിൽ ആണെന്നും മഹാരാജാവിനും സക്കാരിനും എപ്പോൾ വേണമെങ്കിലും അവരെ ഒഴിപ്പിക്കാം എന്നുമാണു് അതിൽപറയുന്നതു്. അവക്കു് ഒരുകാലത്തും ഭൂമിയിൽ സ്ഥിരാവകാശമില്ല. ഈ രണ്ടു സംസ്ഥാനങ്ങളിലും പണ്ടാരവക വെറംപാട്ടക്കാരായ അതായതു്, ടെനൻറു് അററു് വിൽ ഇല്ലാതാക്കുന്നതിനാണു് ഈ സ്ഥിരാവകാശം അവക്കു് പത്തൻപതുകൊല്ലം മുമ്പു കൊടുത്തതു്. ഇതു നമുക്കു ലഭിച്ച വലുതായ ഒരു അവകാശമായി കണക്കാക്കേണ്ടിയിരിക്കുന്നു. അങ്ങനെ പട്ടയം കൊടുക്കുമ്പോൾ എന്താണു് സക്കാർ നികുതി കൊടുക്കേണ്ടതെന്നു് നിശ്ചയിക്കാൻവേണ്ടി പല എക്സ്പെരിമെൻറുകൾ നടത്തി. ഓരോ ഭൂമിയെ സംബന്ധിച്ചും ഒന്നും രണ്ടും നാലും കൊല്ലം അന്വേഷണം നടത്തിയതിന്റെ ശേഷമാണു് ഇങ്ങനെ സക്കാരിലേയ്ക്കു് കൊടുക്കേണ്ട നികുതി ഇത്രയാണെന്നു തീരുമാനിച്ചതു്. തിരുവിതാംകൂറിൽ 1120-ലെ ബേസിക്കു് ടാക്സു് വന്നതിനു ശേഷം മുൻ തീരുമാനം ഉപയോഗമില്ലാതായിത്തീർന്നിട്ടുണ്ടു്. പക്ഷെ, കൊച്ചിയിൽ അതു് നിലവിലിരിക്കുകയാണു്. ഭൂമിയുടെ കരം എന്താ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ണെന്നു നിശ്ചയിക്കുന്നതിന് നമ്മുടെ ഉദ്യോഗസ്ഥന്മാർ ഓരോ ഭൂമിയെ സംബന്ധിച്ചും രണ്ടോ മൂന്നോ കൊല്ലത്തെ ശരാശരി വിളവെടുത്താണ് നികുതി നിശ്ചയിച്ചത്. അത് കൃഷിച്ചെലവു നീക്കി ബാക്കിയുള്ള വിളവിന്റെ പകുതി പണ്ടാരവക വെറുംപാട്ട കുടിയാനവ്നായ ഉടമസ്ഥനും പകുതി സർക്കാരിലേയ്ക്കും കൊടുക്കണമെന്നാണ് നിശ്ചയിച്ചത്. ഇതു വലിയ ഒരു ഓഹരിയായിട്ടു തോന്നിയേക്കാം. കൊച്ചിയിലെ റിക്കാർഡുകൾ പരിശോധിക്കുകയാണെങ്കിൽ ആ വിധത്തിലാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നതെന്നു കാണാം. തിരുവിതാംകൂറിലും അപ്രകാരമാണിരിക്കുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. കൊച്ചിയിൽ സർക്കാരിലേക്കുള്ള പംക് കുടിയാൻ കൊടുക്കേണ്ടതു് നെല്ലായിട്ടാണെങ്കിൽ അതിന് നാലണ ഏഴ പൈസാ വച്ചു വിലവയ്ക്കുകയാണ് ചെയ്തത്. അങ്ങനെ അന്നു മയ്യാദപ്പാട്ടം നിശ്ചയിക്കയും അതിന് ഞാൻ പറഞ്ഞ തത്വം ഗവണ്മെന്റ് സ്വീകരിക്കയുമാണ് ചെയ്തത്. ഞാൻ ഇവിടെ മയ്യാദപ്പാട്ടം എന്നു മനഃപൂർവ്വമായി ഉപയോഗിക്കുകയാണ് ചെയ്തത്.

ഇൻഡ്യയിലെ എക്കണോമിസ്റ്റ്സ് വളരെക്കാലമായി ഈ ഭൂനികുതി എന്നു പറയുന്നതിനെ സംബന്ധിച്ച് വാദപ്രതിവാദം നടത്തിക്കൊണ്ടിരുന്ന ഒരു ചോദ്യമാണ്. അതു് കരമാണോ അല്ലെങ്കിൽ പാട്ടമാണോ അതായതു്, നികുതി എന്നു പറയുന്നതു് ഒരു ടാക്സാണോ എന്ന്. അതേപ്പററി നടന്ന വാദപ്രതിവാദങ്ങൾ നമുക്കു പുസ്തകങ്ങളിൽ കാണാൻ കഴിയുന്നതാണ്. അതൊരു റെൻറാണോ അതല്ലാ ഒരു ടാക്സാണോ എന്നു കാണാൻവേണ്ടി നമ്മുടെ റിക്കാർഡുകൾ പരിശോധിക്കുകയാണെങ്കിൽ അതൊരു റെൻറായിട്ടാണ് പകുതി ആദായം സർക്കാരിലേക്ക് കൊടുക്കുന്നതും പകുതി ഉടമസ്ഥനുമായി ഫിക്സുചെയ്തിരിക്കുന്നതും എന്നു കാണാം. അതുകൊണ്ട് നമുക്കു മയ്യാദപ്പാട്ടം നിശ്ചയിക്കുന്നതിനു കുറച്ചുകൂടി ശാസ്ത്രീയമായ ഫാർമുലാ നിശ്ചയിക്കണം. അതു നിയന്ത്രിക്കുന്നതിന് സെലക്ററുകമ്മിററിയിലും പിന്നീട് ഈ സഭയ്ക്കും ചർച്ച ചെയ്യാവുന്നതാണ്. എന്റെ അഭിപ്രായത്തിൽ നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം കൃഷിച്ചെലവു നീക്കി ബാക്കിയുള്ള ആദായത്തിൽ പകുതി കുടിയാനവനും പകുതി ജന്മിക്കും തമ്മിൽ പങ്കുവയ്ക്കുന്നതായിരിക്കും മയ്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ. അല്ലാതെ ഈ ബില്ലിൽ പറയുന്നതുപോലെ നാലിൽ ഒന്നു എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു് ശരിയായിരിക്കുകയില്ല.

സർ, ഇത്രയും പറഞ്ഞുകഴിഞ്ഞതിനുശേഷം ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ സമുദായത്തിനു ഉണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമായിരിക്കും എന്നു നോക്കാം. ഏതു നിയമനിർമ്മാണത്തിന്റേയും ഉദ്ദേശം സമുദായത്തിന് അതിനാൽ കൂടുതൽ ഗുണം ഉണ്ടാകണം എന്നുള്ളതാണ്. അങ്ങിനെ ഇന്നു സമുദായത്തിലുള്ളതായ കുഴപ്പങ്ങളെ പരിഹരിക്കുന്നതിനാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അക്കാര്യം ഈ ബില്ലിൽ ഉൾക്കൊള്ളുന്നതായി ഞാൻ കാണുന്നില്ല. ഇതു ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ കുററപ്പെടുത്താൻവേണ്ടി പറയുകയല്ല. ഇന്ന് ഈ രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിനു

വേണ്ടിയാണ് ഈ ബിൽ ഉണ്ടാക്കിയിരിക്കുന്നത്. അതിൽ ഭൂമിയുടെ സ്ഥിരാവകാശത്തെപ്പററി പറഞ്ഞിട്ടുള്ളത് ഞാൻ സമ്മതിക്കുന്നു. എന്നാൽ മയ്യാദപ്പാട്ടത്തെപ്പററി അതിൽ പറഞ്ഞിരിക്കുന്നത് അത്ര ശരിയല്ല. ഇന്ന് ഈ രാജ്യത്തു ജന്മി എന്നും കുടിയാനവൻ എന്നും രണ്ടു വിഭാഗങ്ങളുണ്ട്. ആ രണ്ടു ക്ലാസ്സിനും ഒരു പോളറൈസേഷൻ ആവശ്യമാണ്. ജന്മികൾ ഇന്ന് ഈ രാജ്യത്തു വിരലിൽ എണ്ണാവുന്നവർമാത്രമേ ഉള്ളൂ. അവരുടെ ഭൂമി വെറുംപാട്ടക്കാർക്ക് കൊടുത്തിട്ടുള്ളതല്ല കൊച്ചിയിലും തിരുവിതാംകൂറിലും അധികം ആളുകൾക്കും ഭൂമി കാണമായുംമററും കുടിയാനവന്മാർക്ക് ചാർത്തിക്കൊടുത്തിട്ടുള്ളതാണ്. അങ്ങിനെയുള്ളവരെ ഇതു ബാധിക്കുകയില്ല. പക്ഷെ, അങ്ങിനെയുള്ള കാണക്കുടിയാന്മാരെ ഇതു ബാധിക്കുകയും ചെയ്യും. അപ്പോൾ പ്രധാനപ്പെട്ട ജന്മികളെ ഇതു ബാധിക്കയില്ല എന്നുള്ളതാണ് ഇതുകൊണ്ടു വരുന്നത്. ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ച് ലാൻഡ്‌ലാർഡ് എന്നു പറയുന്നതിനേക്കാൾ റെൻറ റിസീവർ എന്നു പറയുന്നതാണ് കൂറച്ചുകൂടി യോജിച്ചിരിക്കുന്നത്. ഇതിൽ കുടിയാന്മാരേയും ലാൻഡ്‌ലാർഡ് എന്നു വിവരിച്ചിരിക്കുന്നുണ്ട്. ഈ ബില്ലിൽ ലാൻഡ്‌ലാർഡ് എന്നുള്ളതിനു പകരം റെൻററിസീവർ എന്നു പറയുന്നത് കൊള്ളാമെന്നാണ് എനിക്ക് അഭിപ്രായമുള്ളത്. പാട്ടം വാങ്ങുന്നവർ അങ്ങിനെയുള്ളവരാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്ന് ചോദ്യോത്തരസമയത്തു പറയുകയുണ്ടായി നൂറേക്കറിൽ കൂടുതൽ ഭൂമിയുള്ള ഹോൾഡിംഗ്സ് ഇവിടെ ഒൻപതിനായിരമോ മററോ ആണെന്ന്. അപ്പോൾ അതിനു താഴെയുള്ള ഹോൾഡിംഗ്സ് ഉള്ളവരാണ് ബാക്കിയുള്ളവർ. രണ്ടേക്കറിനു താഴെയുള്ള ചിലവ്യക്തികളും ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ച് ലാൻഡ്‌ലാർഡ് ആണ്. അയാൾ പാട്ടത്തിനു ഭൂമി കൊടുക്കുന്നതായാലും പല കാരണങ്ങളാലും അതു സംഭവ്യമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ ഈ രണ്ടേക്കർ ഭൂമി മാത്രമായി കൃഷി ചെയ്യുന്നതുകൊണ്ടു പ്രയോജനമില്ലായെന്നു വിചാരിച്ചു കൊടുക്കുന്നുണ്ട്. അല്ലെങ്കിൽ വളരെ അധികം ഭൂമി തുടർച്ചയായി ഭാഗവും പിന്നെ ഭാഗവുംമററും കഴിഞ്ഞതിനുശേഷം ചെറിയചെറിയ തുണ്ടുകളായി തീരുന്നതുകൊണ്ടും ഇങ്ങനെ പാട്ടത്തിനു കൊടുക്കുന്ന സംഭവങ്ങളുണ്ട്. ഇതു ഞാൻ പറയുന്നതുകൊണ്ട് പാട്ടം ഒഴിപ്പിക്കുകയാണെങ്കിൽ അത് നെതിരാണ് ഞാൻ എന്നു വിചാരിക്കരുത്. പക്ഷെ, അതോടുകൂടിത്തന്നെ ഇതു് വളരെ വിഷമങ്ങൾ ഉണ്ടാക്കാനിടയുള്ള ഒരു പ്രശ്നമാണെന്നും അതിൽനിന്നുത്ഭവിക്കുന്ന പ്രത്യാഘാതങ്ങളെപ്പററിയും നാം ചിന്തിക്കണമെന്നും അറിയിക്കുകയാണ്.

ഇന്ന് ഇരുന്നൂറു പറ നെല്ല് പാട്ടം കിട്ടുന്ന ഒരു കുടുംബം ഉണ്ടെന്നു വിചാരിക്കുക. അതു മാത്രമാണ് അവരുടെ വരുമാനം. അതല്ലെങ്കിൽ ഒരു നൂറു പറ നിലം മാത്രമാണ് അവർ പാട്ടത്തിനു കൊടുത്തതെന്നു വിചാരിക്കുക. അവർക്ക് അതിൽനിന്നുള്ള ആദായംമാത്രമേ ഒരു വരുമാനമാർഗ്ഗമായി ഉള്ളൂ. അവരെ ഒരു എക്സ്പ്ലായിററിംഗ് ക്ലാസ്സായി നമുക്കു വിചാരിക്കാൻ നിവൃത്തിയില്ല. അവർ ആദായത്തിനുവേണ്ടി മാത്രം ഭൂമി പാട്ടത്തിനു കൊടുക്കുന്നവരാണെന്നു പറയാൻ പാടില്ല. അങ്ങിനെയുള്ള ആളുകൾ ഇന്ന് അനവധിയുണ്ട്. ഇന്ന് ഈ രാജ്യത്തിൻെറ ഒരററംമുതൽ മററു അററംവരെ ഏതു താലൂക്കിൽ ചെന്നാലും

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഏതു വില്ലേജിൽ ചെന്നാലും അങ്ങിനെ പാട്ടത്തിനു കൊടുത്തിട്ടുള്ളവരെ കാണാം. അവരിൽ പഠിക്കാൻ പോയതുകൊണ്ടോ മറ്റേതെങ്കിലും കാര്യം വച്ചോ പാട്ടത്തിനു കൊടുത്തിട്ടുള്ളവരുണ്ട്. അങ്ങിനെയുള്ളവർ ഒരു കാൺട്രാക്റ്റനുസരിച്ചാണ് ഇങ്ങനെ കൊടുത്തിട്ടുള്ളത്.

സർ, ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ സാധാരണക്കാരെ പല തരത്തിൽ ഇതു ബാധിക്കുന്നതായി കാണാം. ഉദാഹരണമായി നൂറു പറ നെല്ല് പാട്ടം കിട്ടിയിരുന്നവക്ക് പെട്ടെന്നു അൻപതു പറ നെല്ല് പാട്ടം കുറയുന്നുവെന്നു വിചാരിക്കുക. ഇതുമൂലം സംജാതമാകുന്ന സോഷ്യൽ കൺസിക്വൻസിനെ എങ്ങനെയാണ് ഈ ഗവണ്മെൻറു നേരിടുക? ഇതു സാധാരണക്കാരായ പൊതുജനങ്ങളെ ബാധിക്കുന്ന ഒരു കാര്യമായതു കൊണ്ട് ജനപ്രതിനിധികളായ നമുക്കും ഇതിന്മേൽ ഒരു ഉത്തരവാദിത്വമില്ലേ? നിലവിലുള്ള പാട്ടം കിട്ടിയാൽപോലും അരിഷ്ടിച്ചു ജീവിതം കഴിച്ചുവരുന്ന സാധാരണക്കാക്ക് ഈ ബില്ലിൻെറ പ്രവർത്തനംമൂലം ദാരിദ്ര്യവും ജീവിതക്ലേശവും നേരിടുകയാണെങ്കിൽ, ഇന്നത്തെ പട്ടിണി കുറേക്കൂടി വർദ്ധിക്കുകയാണെങ്കിൽ എന്തു സമാധാനമാണ് ഈ ഗവണ്മെൻറിന് അതിനെ സംബന്ധിച്ചു പറയാനുള്ളത്? ഈ നിയമസഭാ സാമാജികന്മാക്ക് ഇതിന്മേൽ എന്തു സമാധാനം പറയാനുണ്ടാവും?

വെറുതെ വീട്ടിലിരുന്നു പാട്ടം വാങ്ങി കഴിക്കാതെ എന്തെങ്കിലും ജോലി ചെയ്യണമെന്നു പറയുകയാണെങ്കിൽ ചിലരെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സാമൂഹ്യസ്ഥിതി അവരെ വേലചെയ്യുന്നതിനു അനുവദിക്കുന്നില്ല. വേലചെയ്യാൻ സന്നദ്ധതയോടുകൂടി ഒരു കൂട്ടം ആളുകൾ മുന്നോട്ടു വന്നാൽ അവക്ക് വേല കൊടുക്കാൻ ഗവണ്മെൻറിനു കഴിവുമില്ല. ഇന്നു രാജ്യത്തെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു പ്രശ്നം വേല ചോദിക്കുന്നവക്ക് വേല കൊടുക്കാനില്ലെന്നുള്ളതാണ്. ഈ രാജ്യത്തെ ഭയങ്കരമായ ഒരു പ്രശ്നമാണ് തൊഴിലില്ലായ്മ. ഈ കാര്യത്തിൽ എനിക്കു വ്യക്തമായ ഒരു നിർദ്ദേശം നൽകാനുണ്ടോ എന്നു ചോദിച്ചേക്കാം. ഈ ബില്ലുകൊണ്ടു സംജാതമാകാവുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നുവെന്നു മാത്രം.

കൊച്ചിയിൽ 1118-ൽ നടപ്പിൽവന്ന ബിൽ കുടിയാന്മാക്ക് സ്ഥിരാവകാശം നൽകുന്നതായിരുന്നു. അതുകൊണ്ട് ആക്കും ഒരു ദോഷവുമുണ്ടായിരുന്നില്ല. കുടിയാനവന്മാക്ക് വളരെ ഗുണകരമായിരുന്നു. അതിൻെറ ഗുണഫലങ്ങൾ നീക്കംചെയ്യുന്ന ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അതൊരു കുറവായി കരുതേണ്ടതായിട്ടാണിരിക്കുന്നത്.

പാട്ടം വെട്ടിക്കുറയ്ക്കുന്നതെന്നു പറയുമ്പോൾ പാട്ടം വാങ്ങുന്നവനും, കൊടുക്കുന്നവനും എന്ന രണ്ടു വ്യക്തമായ ചേരിയിലുള്ളവർ ഉണ്ടായിരിക്കണം. നമ്മുടെ രാജ്യത്താണെങ്കിൽ അങ്ങനെ രണ്ടു വർഗ്ഗത്തെ വ്യക്തമായി തരംതിരിക്കാൻ സാദ്ധ്യമല്ല. അത്രമാത്രം വ്യാകീർണ്ണമായ—സങ്കീർണ്ണമായ ഒരു രീതിയാണിവിടെ നിലവിലുള്ളത്. വളരെയധികം ആളുകളും പേരിനു മാത്രം ജന്മിത്വമുള്ള അല്പഭൂമികൈവശക്കാരാണ്. പെസൻറ്സ് പ്രൊപ്രൈറ്റർഷിപ്പിനെപ്പററി പറയുകയാണെങ്കിൽ വളരെയധികം വിപുലമായ വ്യാഖ്യാനങ്ങൾ നൽകാൻ സാധിക്കും. ഏതായാലും കൃഷിഭൂമി യഥാർത്ഥ കർഷകന് എന്ന അടിസ്ഥാനത്തിൽ ഈ ബില്ല് പ്രയോഗത്തിൽ വരികയാണാവശ്യം.

ഭൂമിയിലുള്ള മദ്ധ്യവർത്തികളെയെല്ലാം ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. അവരെ ഒഴിവാക്കുമ്പോൾ യുക്തിപരമായ ഒരടിസ്ഥാനത്തിൽ കാമ്പൻസേഷൻ കൊടുക്കേണ്ട ആവശ്യമുണ്ട്. അതിനെപ്പററിയൊന്നും ഈ ബില്ലിൽ പറഞ്ഞുകാണുന്നില്ല. സെലക്ററുകമ്മിററി ഈ വക കാര്യങ്ങൾ പര്യാലോചിക്കുമെന്നു വിശ്വസിക്കുന്നു.

ഈ ബിൽ സെലക്ററുകമ്മിററിയ്ക്കയക്കണമെന്നുള്ള ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. സെലക്ററുകമ്മിററിയെപ്പററി രണ്ടു വാക്കുകൂടി എനിക്കു പറയാനുണ്ട്. സെലക്ററുകമ്മിററിയംഗങ്ങളുടെ പേരു് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നിർദ്ദേശിക്കുകയുണ്ടായി. സെലക്ററുകമ്മിററിയിൽ ആളുകളെ നിശ്ചയിക്കുമ്പോൾ ആ വിവരം മുൻകൂട്ടി അതാതു പാർട്ടിനേതാക്കന്മാരെയോ, വിപ്പുകളെയോ അറിയിച്ചിരിക്കണമെന്നാണ് ഒരു കീഴ്വഴക്കമുള്ളതു്. അങ്ങനെ ചെയ്യുകാണാത്തതു് ബഹുമാനപ്പെട്ട മന്ത്രിയുടെ മറവികൊണ്ടോ, തിരക്കുകൊണ്ടോ ആയിരിക്കുമെന്നു വിശ്വസിക്കുന്നു. തിരുവല്ലാമെംബർ ശ്രീ. ചന്ദ്രശേഖരൻപിള്ള, ആലുവാമെംബർ ശ്രീ. ടി. ഒ. ബാവ, വിയ്യൂർ മെംബർ ശ്രീ. കെ. ഐ. വേലായുധൻ എന്നീ മൂന്നു പേരെക്കൂടി സെലക്ററുകമ്മിററിയിൽ ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതിയോടുകൂടി ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, വെറംപാട്ടംദാർബില്ല് സെലക്ററുകമ്മിററിക്കയക്കാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. അതു സംബന്ധിച്ചു ചില കാര്യങ്ങളെപ്പററി വളരെ സംക്ഷിപ്തമായി സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. പ്രത്യേകിച്ചും കാൺഗ്രസ്സുപാർട്ടിനേതാവു് ഈ ബില്ലിന്റെ അടിസ്ഥാനപരങ്ങളായ ചില തത്വങ്ങളെ പരാമർശിച്ചു സംസാരിച്ചതിന്മേൽ ഞങ്ങൾക്കുള്ള ചില അഭിപ്രായങ്ങളും സൂചിപ്പിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട ചാലക്കുടിമെംബർ അഭിപ്രായപ്പെടുകയുണ്ടായി ഈ ബിൽ പാസ്സായിവന്നാൽ ഏതുതരത്തിലുള്ള ഒരു സമുദായമായിരിക്കണം സൃഷ്ടിക്കേണ്ടതു് എന്ന ചിത്രം നമ്മുടെ മനസ്സിൽ ചർച്ച നടക്കുമ്പോൾത്തന്നെ എല്ലാവരും സ്മരിക്കണമെന്നു് അദ്ദേഹം ഉൾപ്പെടുന്ന പാർട്ടിക്കോ, അദ്ദേഹം ഇന്നു പിൻതാങ്ങുന്നില്ലെങ്കിലും പിൻതാങ്ങി പാർട്ടിയായിരുന്ന കാലത്തു പിൻതുണയുണ്ടായിരുന്ന പി. എസ്. പി-ക്കും ആശാവഹമായ രീതിയിൽ ഒരു പുതിയ സമുദായത്തിന്റെ ചിത്രത്തിനു് രൂപം നൽകാൻ സാദ്ധ്യമല്ല എന്നുള്ള കാര്യം ഞങ്ങൾക്കറിയാം. ഭൂമി മുഴുവൻ സർക്കാരീകരിക്കുന്ന കാര്യത്തെപ്പററിയും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മഹാരാജാവിന്റെ ഭരണകാലത്തു് ഭൂമിയുടെ ഉടമസ്ഥാവകാശം മുഴുവൻ മഹാരാജാവിനായിരുന്നു. മഹാരാജാവാണ് ഇന്നു സ്റ്റേററായിട്ടു മാറിയിരിക്കുന്നതു്. പരമാധികാരവും സ്റ്റേററിനാണിപ്പോൾ.

ബഹുമാനപ്പെട്ട ചാലക്കുടി മെംബറുടെ ഒരഭിപ്രായത്തോടു ഞങ്ങൾ ഒയാജിക്കുന്നു. ഈ ബില്ലുകളെല്ലാംതന്നെ ഒന്നായി സങ്കല്പിച്ചു്, ഒരു ബില്ലിന്റെ പല അദ്ധ്യായങ്ങളായി ഇതിനെ പരിഗണിക്കണമെന്നാണ് എന്റെയും അഭിപ്രായം. വേണമെങ്കിൽ സെലക്ററുകമ്മിററിക്കു് ഇവയെല്ലാം ഏകീകരിച്ചു ഒററ ബില്ലാക്കാൻ സാധിക്കുന്നതാണ്.

ശ്രീ. എ. താണുപിള്ള : എല്ലാം ചേർത്ത് ഒററ നിയമമാക്കണമെന്ന അഭിപ്രായം സെലക്ററുകമ്മിററിക്കുണ്ടാകുന്നെങ്കിൽ അതു റിപ്പോർട്ടു ചെയ്യാമല്ലോ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്ററുടെ നിർദ്ദേശത്തെ ഞാൻ സ്വാഗതംചെയ്യുന്നു.

സർ, പെസൻറ് എന്ന പദത്തിന് ശരിയായ ഒരു നിർവ്വചനം ആവശ്യപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട ചാലക്കുടിമെംബർ സമാധാനം നൽകിയില്ല. അദ്ദേഹത്തിൻെറ നിർവ്വചനം അത്രമാത്രം പൂർണ്ണമല്ലായിരുന്നു. ഈ ബില്ലിൻെറ പരിധിയിൽപ്പെടുന്ന പെസൻറ്സ് പല വിഭാഗക്കാരായി കാണപ്പെടുന്നവരാണ്. അല്പമാത്രമായി ഭൂമിയുള്ള ഒട്ടധികം ജന്മിത്വമുള്ളവരും ഇവിടെ ഉണ്ടെന്നു പറയുകയുണ്ടായി. യഥാർത്ഥത്തിൽ അദ്ധ്വാനിക്കുന്ന കർഷകരെ കൃഷിചെയ്യുന്ന തൊഴിലാളികളെ ഈ പെസൻറ് പദംകൊണ്ടു് നിർവ്വചിക്കപ്പെടുകയാണ് കൂടുതൽ യുക്തമായിട്ടുള്ളതു്.

സർ, എനിക്ക് അടുത്തതായി പറയുവാനുള്ളതു് ഭൂമികളിൽ മദ്ധ്യാദപ്പാട്ടം നിശ്ചയിക്കുന്നതിനെ സംബന്ധിച്ചാണ്. അതിനായി ഞങ്ങളുടെ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ള അഭിപ്രായങ്ങളെ ബഹുമാനപ്പെട്ട ചാലക്കുടിമെംബർ സ്വീകരിച്ചുകൊണ്ടു് അദ്ദേഹം പറയുന്നതെന്തെന്നാൽ, ഓരോ വർഷവും കൃഷിച്ചെലവുകഴിച്ചു ബാക്കിയുള്ള വിളവ് രണ്ടായിട്ടു വീതിക്കുകയും അതനുസരിച്ചു പാട്ടക്കാരനും ജന്മിയുമായി എടുക്കുകയും ചെയ്യണമെന്നാണ്. അങ്ങനെയുള്ള ഒരടിസ്ഥാനം വച്ചുകൊണ്ടു് ഈ നിയമം പരിഗണനയിൽ കൊണ്ടുവന്നാൽ എന്തു തെററാണ് ഉള്ളതെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. സർ, means of production എന്നു വച്ചാൽ എന്താണ്? ഭൂമിയെ സംബന്ധിച്ചിടത്തോളം ഈ means of production ഒരു constant quantity ആണ്. വ്യവസായങ്ങളിൽ means of production-നു വേണ്ടി വില ഇരുന്നുമ്പോൾ അതിന്മേലുള്ള ആദായത്തിനു വ്യത്യസ്തരീതിയിലുള്ള റെൻറാണ് നിശ്ചയിച്ചിരിക്കുന്നതു്. കാർഷികമേഖലകളിൽ differential rent, absolute rent എന്നു രണ്ടു തരത്തിലുണ്ട്. ഒന്ന് ഭൂമിയെ സംബന്ധിച്ചും അതായതു്, ഭൂമിയിലുണ്ടാകുന്ന വിളവിനെ അടിസ്ഥാനപ്പെടുത്തിയും, മറേറതു് വിളവിനു മാർക്കററിലുണ്ടാകുന്ന വില വ്യത്യാസത്തെ സംബന്ധിച്ചുമാണ്. ഇത്തരം കാര്യങ്ങളെ ശരിയായി വിശകലനം ചെയ്യാതെ മദ്ധ്യാദപ്പാട്ടം നിശ്ചയിക്കുന്നതു് ശരിയല്ല. ഒരു ഭൂവുടമയ്ക്ക് കാൺസ്റ്റൻറ് റെൻറിനു മാത്രമേ അർഹതയുള്ളൂ. ആ സ്ഥിതിക്ക് നേരെ പകുതിവീതം എന്നുള്ള കല്പന ശരിയാണോയെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഓരോ കൊല്ലവും വിളവിൻെറ നേരുപകുതി വീതം ജന്മിക്കു കൊടുക്കണമെന്നല്ല ഞാൻ പറഞ്ഞതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയുള്ള അർത്ഥത്തിലാണ് ഞാൻ എടുത്തതു്. അതായതു് ഓരോ കൊല്ലവും വിളവിൻെറ പകുതി വീതം ജന്മിക്കു കിട്ടണമെന്നുള്ള അവകാശവാദംതന്നെ ശരിയല്ല. വിളവു നിശ്ചയിച്ചു റെൻറു നിശ്ചയിക്കുകയോ അല്ലെങ്കിൽ ഭൂമിയുടെ നല്ലതില്ലന്ന

സരിച്ച് റെൻറ നിശ്ചയിക്കയൊ ചെയ്യുന്നകാര്യം സെലക്റ്റകമ്മിററി ശ്രദ്ധിക്കേണ്ടതാണ്. ഭൂമിയിലുണ്ടാകുന്ന ഉൽപ്പാദനവും ഭൂമിയും പാട്ടത്തിന കൊടുത്തിരുന്നാൽത്തന്നെയും ഭൂമിയിലുണ്ടാകുന്ന ഉൽപ്പാദനത്തിൻെറ ഒരു വലിയ അംശത്തിന് ജന്മിക്കാണ് അവകാശമുള്ളതെന്ന് വാദിക്കുന്ന പാരമ്പര്യം അല്ലെങ്കിൽ അവകാശപ്പെടുന്ന പാരമ്പര്യം ഒട്ടായിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഭൂമിയിൽ കഠിനാദ്ധ്വാനം ചെയ്ത് ഭക്ഷ്യോൽപ്പാദനം ഉണ്ടാക്കുന്ന കർഷകന് ഈ ബിൽ മുഖാന്തിരം ആശ്വാസം കിട്ടുന്നതിനുവേണ്ടിയായിരിക്കണം വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടത്. സർ, എനിക്ക് ഈ കാര്യത്തിനുവേണ്ടി ചില ഭേദഗതികൾ അവതരിപ്പിക്കാൻ ഉണ്ട്. അവയെല്ലാം ആ സന്ദർഭം വരുമ്പോൾ അവതരിപ്പിച്ചുകൊള്ളാം. പിന്നീട് എനിക്ക് പറയുവാനുള്ളത് ഈ ബില്ലിൻെറ പോരായ്മകളെക്കുറിച്ചാണ്. അതിൽ ആദ്യത്തേത് കുടിയാനിൽനിന്നും വസ്തു ഒഴിപ്പിക്കാനായിട്ട് കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളാണ്. ഈ വ്യവസ്ഥകളെല്ലാംതന്നെ പാടെ നിഷേധിക്കേണ്ടതാണെന്ന് ഇവിടെ പല ബഹുമാനപ്പെട്ട മെംബർമാരും അഭിപ്രായപ്പെടുകയുണ്ടായി. വസ്തു ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ച് ശ്രീ. നടരാജപിള്ള പറയുകയുണ്ടായി, വല്ലവരെയും വസ്തുവിൽനിന്നും ഒഴിപ്പിക്കാൻ തുടങ്ങുമ്പോൾ ആ ഒഴിപ്പിക്കലിനെ തടയുന്നതിനുവേണ്ടി പ്രത്യേകം നിയമം ഉള്ളതുകൊണ്ട് ആ നിയമത്തിൻെറ അടിസ്ഥാനത്തിൽ അവർക്ക് രക്ഷ നേടാമെന്ന്. അതേ സമയം കൈവശമിരിക്കുന്ന ഭൂമി നശിപ്പിക്കുകയോ അതായത് അന്യാധീനം ചെയ്യുകയോ മറേറാ ചെയ്യുവെന്ന കാരണത്തിൽ ഒഴിപ്പിക്കാൻ വ്യവസ്ഥയും ഉണ്ട്. എന്തുതന്നെ വ്യവസ്ഥകൾ ഈ ബില്ലിൽ അടങ്ങിയിട്ടുണ്ടെങ്കിലും ഗവണ്മെൻറ പുറമ്പോക്കു സ്ഥലങ്ങളിൽ താമസിക്കുന്ന പാവങ്ങളെ സംബന്ധിച്ചിടത്തോളം ആ ഭൂമികളിൽനിന്നും അവരെ ഇറക്കിവിടണമെന്നുതന്നെയാണ് ബിൽ അനുശാസിക്കുന്നത്. സർക്കാരിൽനിന്നും വസ്തു ഒഴിപ്പിക്കാൻ പാടില്ലായെന്ന് നിയമനിർമ്മാണം ചെയ്യുമ്പോൾ സർക്കാരിൻെറവക ഭൂമിയിൽനിന്നും പാവപ്പെട്ടവരെ ഒഴിപ്പിക്കുകയാണ് ചെയ്യുന്നത്. സർ, സർക്കാരിനു ഭൂമി എന്തിനാണ്? നമ്മുടെ രാജ്യത്തുള്ള സാധുക്കൾക്ക് അതായത് ഭൂമിയില്ലാത്തവർക്ക് ഗവണ്മെൻറിലുള്ള ഭൂമികൾതന്നെ അല്ലാല്ലമായിട്ട് കൊടുക്കേണ്ടതാണ്. എന്നാൽ അതിനുപകരം ഗവണ്മെൻറ ഭൂമിയിൽനിന്നും ആളുകളെ ഒഴിപ്പിക്കയാണ് ചെയ്യുന്നത്. അതുകൊണ്ട് ആ വ്യവസ്ഥ ബില്ലിൽനിന്നും എടുത്തുകളയേണ്ടതാണ്. വളരെ കഷ്ടിച്ച് ജീവിതം കഴിക്കുന്നവർക്ക് ഭൂമിയില്ലാതെ വന്നാൽ സർക്കാർവക ഭൂമി കൊടുക്കുന്ന പതിവ് ലോകത്ത് എവിടെയും അംഗീകരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് സർക്കാർവക ഭൂമിയെന്നു പറഞ്ഞു അത്ര ആവേശപ്പെടേണ്ട കാര്യമില്ല. ഭൂമി ജനങ്ങളുടേതാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വെറും പാട്ടദാർബില്ലിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട പല മെംബർമാരും അഭിപ്രായപ്പെടുകയുണ്ടായി, കൊച്ചിയിൽ നിലവിലുള്ള വെറുംപാട്ടദാർബില്ലിനെ അപേക്ഷിച്ച് ഈ ബിൽ പുറകോട്ടുപോയിരിക്കയാണ് എന്ന്. സർ, ആ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. പട്ടാദാരന്മാർക്ക് കൊച്ചിയിൽ കിട്ടുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും ഈ ബിൽ പാസ്സാകുന്നതോടുകൂടി ഇല്ലാതാകുന്നത് കഷ്ടമാണ്. അവിടെ കിട്ടിക്കൊണ്ടിരിക്കുന്ന നന്മയെങ്കിലും പട്ടാദാരന്മാർക്ക് ഉണ്ടാകുന്നതിനുവേണ്ടി ഗവണ്മെൻറ ശ്രദ്ധിക്കേണ്ടതാണ്. ഈ ബില്ലിനെക്കുറിച്ചും ഇതിനോട് അനുബന്ധിച്ച

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

മററു ബില്ലുകളെ സംബന്ധിച്ചും ചർച്ച നടത്തി പാസ്സാക്കുന്നപക്ഷം ഭൂമി തുണ്ടുതുണ്ടായിട്ടു വിഭജിക്കേണ്ടിവരുമെന്നുള്ള ഒരു ഭീതി നാട്ടിൽ പരന്നിരിക്കുകയാണ്. അങ്ങനെയുള്ള ഭീതിക്കു യാതൊരവകാശവും ഇല്ലെന്ന് ജനങ്ങളെ മനസ്സിലാക്കേണ്ടതാണ്. ഒരുപക്ഷെ, തുണ്ടുതുണ്ടായി വിഭജിച്ചാൽ തന്നെയും ആ ഭൂമികൾ എല്ലാംകൂടി ഒരു സഹകരണാടിസ്ഥാനത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി ചെയ്യാമെന്ന് പ്രശസ്തരാജ്യങ്ങൾ തെളിയിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള കൃഷിക്ക് കൊള്ളാവുന്ന ഭൂമികൾ ഒരു സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയായിരുന്നെങ്കിൽ നമുക്കു ഇന്നത്തേതിലും വളരെ കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാമായിരുന്നു. ഈ അഭിപ്രായം ഞാൻ ഇതിനുമുമ്പും ഉന്നയിച്ചിട്ടുള്ളതാണ്. ചാലക്കുടി മെംബർ പറയുന്നതുപോലെ വളരെ കുറച്ചു ഭൂമിയുള്ള ജന്മി തൻെറ കഴിവുകേടുകൊണ്ടു് അല്ലെങ്കിൽ അസൗകര്യംകൊണ്ടു് ഒരുപക്ഷെ പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അതു തിരിയെ കിട്ടുന്നതിനു നിയമം അനുവദിക്കുകയില്ലായെന്നുള്ളതു് നീതിയല്ല. അവക്കും ഒരു രക്ഷാവ്യവസ്ഥ വേണ്ടതാണ്. മാത്രവുമല്ല ജന്മിയെക്കാൾ പാട്ടക്കാരൻ ഒരു ഉയർന്നനിലയെ പ്രാപിച്ചിരിക്കുകയാണെങ്കിൽ അയാളിൽനിന്നും നിർദ്ധനനായ ജന്മിക്കു സ്ഥലം ഒഴിപ്പിക്കുന്നതിനു വേണ്ടി വ്യവസ്ഥയുണ്ടായിരിക്കുന്നതും നല്ലതാണ്. എന്നാൽ തനിക്കുള്ള ഭൂമി കൃഷിചെയ്യാതെ അലസമനോഭാവത്തോടുകൂടി ആരെയെങ്കിലും ഏൽപ്പിച്ചിട്ടു് ബാംബെയിലോ കൽക്കട്ടായിലോ കുറെക്കാലം താമസിച്ചതിനുശേഷം പെട്ടെന്നു തിരിയെ വന്നു തൻെറ ഭൂമി ആവശ്യപ്പെടുകയാണെങ്കിൽ അവക്ക് ഭൂമി കൊടുക്കേണ്ട ആവശ്യം ഇല്ല എന്നുള്ളതാണെങ്കിൽ അതിനോടു് എനിക്കു ഏതാണ്ടു യോജിക്കുവാൻ കഴിയും. മൊത്തത്തിൽ പറയുകയാണെങ്കിൽ ഇത്തരത്തിലുള്ള ഭൂവുടമകളെ സംബന്ധിച്ചു ഭാവിയിൽ ഒരു താൽക്കാലികമായ പ്രൊവിഷൻ മാത്രമേ ബില്ലിൽ കൊള്ളിക്കാവൂവെന്നു മാത്രമാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. അതായതു് വളരെ കുറച്ചു ആളുകൾക്കു മാത്രമേ അങ്ങനെ ഒരു പ്രത്യേകത കാണിക്കേണ്ടതായി വരികയുള്ളു എന്നാണ് എനിക്കു തോന്നുന്നതു്. ഈ കാര്യവും സെലക്ററു കമ്മിററിയുടെ ശ്രദ്ധയിൽ പ്പെടുത്തണമെന്നു് അപേക്ഷിക്കുന്നു.

പൊതുവെ ഈ എല്ലാ ബില്ലുകളും സെലക്ററുകമ്മിററിയുടെ മുമ്പാകെ സമർപ്പിക്കണമെന്നുള്ള ഗവണ്മെൻറു മനോഭാവത്തെ ഞാൻ അഭിനന്ദിക്കുകയാണ് ചെയ്യുന്നതു്. അതോടുകൂടിത്തന്നെ എനിക്ക് വേറൊരു അപേക്ഷയും കൂടിയുണ്ടു്. ഭൂനയബില്ലുകളെപ്പററി പര്യാലോചിക്കുന്നതിനു് ഉദ്ദേശിച്ചിട്ടുള്ള സെലക്ററു കമ്മിററി അംഗങ്ങളുടെ കൂടെ താഴെ പറയുന്ന അംഗങ്ങളെക്കൂടി ഉൾപ്പെടുത്തിയാൽ കൊള്ളാമെന്നു് ഞാനാഗ്രഹിക്കുന്നു. സെലക്ററുകമ്മിററി അംഗങ്ങൾ ഇത്രപേരേ പാടുള്ളുവെന്നു് ഖണ്ഡിതമായി നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടു് ഞാൻ രണ്ടു മൂന്നു അംഗങ്ങളുടെ പേരുകൾകൂടി നിർദ്ദേശിക്കുന്നു.

1. ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി
2. ,, പി. കെ. ചാത്തൻ
3. ,, കെ. ബാലകൃഷ്ണൻ

ഈ മൂന്നു അംശങ്ങളെക്കൂടി സെലക്റ്റ് കമ്മിററിയിൽ ഉൾപ്പെടുത്തണമെന്നും, എല്ലാ ബില്ലുകളും സെലക്റ്റുകമ്മിററിക്ക് അയയ്ക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Shri A. A. D. Luiz: Sir, I wish to make a few remarks with regard to the Bill before the House. Every one realises the fact that land and connected problems are very significant to a country not merely for economic and political reasons. They are vitally important in terms of the character of individuals which it develops and which in turn reflects on the nature of political institutions. At the same time it is not too much to say that a Bill of this nature has to be enacted with utmost caution. Land and connected problems are important to all countries and should not be limited to economic and political terms because we are not analysing statistical units of mass phenomenae but we are dealing with human beings and their pressing problems. That is why the United Nations passed a resolution early in 1949 directing the nations to review and revise land policies. India is a country where land is very limited in comparison with the enormity and rapid growth of population. It is that background which has to be kept in sight with while legislating land policies directly affecting human beings at large.

At the very commencement of deliberations some hon. Members including Mr. Chazhikadan pointed out that it is a very difficult matter to fix the quantum of fair rent. I would like to bring to the attention of the House that even in places where human beings have to exist under difficult conditions-places like Greenland and Iceland fair rents are in force. In almost all parts of the world there is what is called fixation of fair rent as far as immovable property is concerned. I fail to understand why in this State there should be difficulties to fix fair rent. However there arises the necessity to consider all aspects before fixing fair rent.

Shri Joseph Chazhikattu I question that.

Shri A. A. D. Luiz: In my opinion the fixation of fair ren should not be a difficult matter. However, you should always take into account the yielding capacity of the land. If that aspect is ignored, it will result in chaos. When we legislate we should make it clear that the tenant, whether he be a tenant at will or tenant jenmi,the provisions of the Act should be effectively applied. I know a particular instance where a person is according to records of the Revenue department, a jenm of over thousand acres of land. But you will be surprised when I tell you that he has not got even a square inch of land to call his own nor has he been able to realise the rent for lands which he had distributed so generously to many. Here is a case of a jenmi on paper, a pathetic case of a jenmi just by name, who is not a jenmi in practical effect. This Bill, I hope, will give relief and happiness to such kinds of jenmies who bear the fair name of jenmies but who are not in possession of an inch of land. Poverty, misery and suffering

[Shri A. A. D. Luiz]

should be attacked wherever they are discovered. Untiring efforts must be made to extend personal opportunities and security and the entire matter should be visualised in terms of human value. Divergent opinions, threats and views have been expressed in the House. Fortunately we have, within our own Govern mental structure, the positive means for a solution through our own established process. All that is required is work and imagination. I, for one, will be one of the very few among the members of this House who will be affected by a Bill of this nature. But when I think in terms of the happiness of the thousands of people in this State I feel that a legislation of this sort should receive support from every direction possible. In this House and the numerous parties of which it is composed, we have an adequate representation of both the jenmies and the tenants and as such this is the most competent House to deal with this Bill. I think this legislature is the most competent authority to handle a Bill of this nature. There may be harrassment, threats and an attempt to bring about disorder and confusion in the entire State by a few; but we should all join together to arrest all such attempts. The unrest may be similar to the one made at the time of the introduction of prohibition. There was such a lot of clamour and confusion at that time. Well all that should be stopped. We should see that national happiness is created.

[Deputy Speaker in the Chair]

Just now the hon. Member, our Professor friend mentioned that eviction should be completely shut out. I do not completely agree with him. The possibility of eviction should be reduced to the utmost possible minimum but when it is seen that a jenmi or tenant does not use the land in his possession or misuses it to the detriment of his neighbours or the citizens of the country he should be relieved of his possession of land. There should be definite provision in the Bill to this effect. The erroneous conception that land reforms primarily involve the redistribution of land -breaking up of large land into smaller parcels must go. This may be a part of a land reform programme but certainly only one part and strange enough not the most important one. Once again I wish to make it clear that I am in favour of this legislation. I will be one of the very few that will have to hand over lands to the commission proposed to be appointed. But I feel happy when I think in terms of happiness to the suffering masses. I hope every member of the House will give this Bill his best attention.

10. a. m.

ശ്രീ. ഡി. വിവേകാനന്ദൻ : സർ, ഈ ബില്ല് സെലക്റ്റ് കമ്മിററിക്കയക്കുന്നതിനെ അനുകൂലിച്ചുകൊണ്ട് എനിക്കും ചില കാര്യങ്ങൾ പറയണമെന്നു വിചാരിക്കുന്നു. ആദ്യമായി എനിക്കു പറയുവാനുള്ളതു്, കാൺഗ്രസ്സ് പാർട്ടി നേതാവായ ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ ബില്ലിനെ അനുകൂല

കൊണ്ട് സ്വാഗതാർഹമായ ചില കാര്യങ്ങൾ പറഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നാണ്. ഇവിടെ ഭൂനയത്തെ സംബന്ധിച്ചും ഭൂവുടമയുടെ പരിധിനിർണ്ണയത്തെ സംബന്ധിച്ചും മററും ആവശ്യമായ നിയമനിർമാണം ഉണ്ടാകണമെന്നുള്ള കാര്യത്തിൽ വളരെ കാലമായി ജനങ്ങൾ അഭിലാഷം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ബില്ലുകളെല്ലാം പാസ്സായി നിയമമായി കഴിഞ്ഞാൽ അതിൻെറ സോഷ്യൽ കാൺസിക്വൻസസ് എന്താണെന്നുകൂടി ആലോചിച്ചുകൊണ്ടുവേണം ഇതു് നിയമമാക്കേണ്ടതു് എന്നു ഒരു മുന്നറിയിപ്പു ശ്രീ. പനമ്പിള്ളി നൽകുകയുണ്ടായി. ഈ ബില്ലുകളുടെ സോഷ്യൽ കാൺസിക്വൻസസ് എന്താണെന്നു ഓർമ്മവച്ചും അവയുടെ നാനാവശങ്ങളെപ്പററി ഗാഢമായി ആലോചിച്ചും ആയിരിക്കണം സെലക്ററു കമ്മിററി ഈ ബില്ലിനു അവസാനരൂപം കൊടുക്കുവാൻ എന്നു ഞാനും പറയുന്നു. ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ അതിൻെറ സോഷ്യൽ കാൺസിക്വൻസസ് എന്തായിരിക്കണമെന്നുള്ളതിനെപ്പററി ഒരു മുൻധാരണ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണ്. പക്ഷെ ആ മുൻധാരണ ശ്രീ. പനമ്പിള്ളിയുടേതും ഞങ്ങളുടേതും വ്യത്യസ്തമായിരിക്കും. ഏതായാലും സാമാന്യ ജനതയുടെ താല്പര്യങ്ങൾക്കനുരോധമായ മുൻധാരണ രൂപീകരിക്കുവാൻ സെലക്ററു കമ്മിററി ശ്രദ്ധിക്കേണ്ടതാണ് എന്നാണു എനിക്കു നിർദ്ദേശിക്കുവാനുള്ളതു്.

എന്തിനാണു ഈ ഭൂനയ ബില്ലുകൾ ഇവിടെ കൊണ്ടു വരുന്നതും പാസ്സാക്കുന്നതും എന്നു നാം ഓർമ്മിക്കണം. എന്തിനു വേണ്ടിയാണ് ആരുടെ താല്പര്യത്തെ മുൻനിറുത്തിയാണ് ഈ ബില്ലുകൾ കൊണ്ടുവന്നിട്ടുള്ളതു്? കാർഷിക പരിഷ്കാരങ്ങൾക്കുവേണ്ടി വ്യഗ്രത പൂണ്ടു കഴിയുന്ന കൃഷിക്കാരുടേയും കർഷകതൊഴിലാളികളുടേയും പ്രസ്ഥാനങ്ങളുമായി ബന്ധമുള്ള ഞങ്ങൾക്ക് ഇതു് കാർഷിക പുരോഗതിക്കും കാർഷികതൊഴിലാളികളുടെ അഭിവൃദ്ധിക്കും ഉപകരിക്കുന്ന നിയമമായിരിക്കണമെന്നു വ്യക്തമായ ഒരു ധാരണയുണ്ട്. ഇവിടത്തെ ജനാഭിലാഷം അതാണ്. ഈ രാജ്യത്തെ കാർഷികഭൂമിയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനും അങ്ങനെ കർഷകരുടെ ജീവിതനിലവാരം ഉയർത്തുവാനും ഈ ബില്ല് ഇടയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആയിരിക്കണം ഈ ബില്ലിനെ സമീപിക്കേണ്ടതു്. കൃഷിഭൂമിയില്ലാത്ത കർഷകർക്കു കൃഷി ചെയ്യുവാൻ കുറച്ചു ഭൂമിയെങ്കിലും വിതരണം ചെയ്യാൻ ഉണ്ടായിരിക്കണമെന്നുള്ള അടിസ്ഥാനത്തിലായിരിക്കണം നിയമനിർമ്മാണം നടത്തേണ്ടതു്. പക്ഷെ ആ അടിസ്ഥാനത്തിൽ എല്ലാവർക്കും കൃഷി ചെയ്യുവാനുള്ള ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്നുവരും. കൃഷി ചെയ്യുന്നവനുമാത്രമെ കൃഷിഭൂമി കൊടുക്കൂ എന്ന വ്യവസ്ഥയിൽ ഒരു നിയമം ഉണ്ടാക്കുന്നതിനെപ്പററി ചിലർക്ക് ആക്ഷേപം കണ്ടേയ്ക്കാം. എന്നിരുന്നാലും സോഷ്യലിസത്തിൻെറ പേരിൽ ഭരണാധികാരത്തിലിരിക്കുന്ന കക്ഷി ഇത്തരത്തിലുള്ള ഒരു ബില്ല് അവതരിപ്പിക്കുമ്പോൾ ആ അടിസ്ഥാനതത്വത്തിലേയ്ക്ക് എത്രമാത്രം അടുക്കാൻ കഴിയുമെന്നുനോക്കേണ്ടതാവശ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, ഈ ബില്ലുകൾ പാസ്സായാൽ ഇവിടത്തെ കൃഷിക്കാർക്ക് എത്രമാത്രം കൃഷി ഭൂമി സ്വന്തമായി കിട്ടുമെന്നു ആലോചിക്കേണ്ടതാണ്. നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള പരിഷ്ക്കാരങ്ങൾ ഉടനടി നടപ്പിൽ വരുത്തുവാൻ സാധിച്ചില്ലെന്നു വരാം. എല്ലാ കൃഷിക്കാർക്കും ആവശ്യമുള്ളിടത്തോളം ഭൂമി ഉടനെ നൽകുവാൻ ഈ ബില്ലുകൾമൂലം ഒക്കുകയില്ലായിരിക്കാം. എന്നിരുന്നാലും കൃഷിക്കാർ

[ശ്രീ. ഡി. വിവേകാനന്ദൻ]

ഇതുകൊണ്ട് എത്രമാത്രം ഗുണമനുഭവിക്കുമെന്നും അവരുടെ ജീവിത നിലവാരം എത്ര കണ്ടുയരുമെന്നും കണക്കാക്കി അതിന് ഉതകത്തക്ക നിലയിൽ ഈ ബില്ല് എത്ര ദൂരം മുമ്പോട്ടു കൊണ്ടുപോകുവാൻ കഴിയും എന്നു നോക്കണം. ഈ അടിസ്ഥാനത്തിൽ ഇതു് പരിശോധിച്ച് പാസ്സാക്കി എടുക്കുന്നതിനാണ് നാം ശ്രമിക്കേണ്ടതു്. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഈ ബില്ല് ഒട്ടുംതന്നെ തൃപ്തികരമല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്ന ഗുണങ്ങൾ അല്പമായെങ്കിലും കിട്ടണമെങ്കിൽ എന്തെല്ലാമാണു വേണ്ടതെന്നു സെലക്റ്റ് കമ്മിററി പര്യാലോചിക്കേണ്ടതാണ്. കൃഷിഭൂമിയുമായി ബന്ധപ്പെട്ട ഈ രാജ്യത്തെ സാധാരണ ജനതയുടെ ജീവിതനിലവാരം വളരെയധികം തകർന്നു കിടക്കുന്ന ഒരു പരിതഃസ്ഥിതിയിലാണു ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്. നിവേദനങ്ങളും പ്രകടനങ്ങളും മുഖേന പാട്ടവും വാരവും കുറയ്ക്കണമെന്നുള്ള ഒരഭിപ്രായം ഇവിടത്തെ കർഷക പ്രസ്ഥാനങ്ങൾ ഉയർത്താറുണ്ട്. കൃഷിഭൂമിയിൽ അദ്ധ്വാനിക്കുന്ന കൃഷിക്കാരെന്നു ഗുണകരമായപാട്ട-വാര വ്യവസ്ഥകളല്ല ഇന്നുള്ളതു്. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ മര്യാദ പാട്ടത്തെപ്പററി പറയുന്നുണ്ട്. ആ വ്യവസ്ഥ എത്രകണ്ട് കൂടിയാണ് ഗുണകരമാകുന്നു സെലക്റ്റ് കമ്മിററി പ്രത്യേകം പര്യാലോചിക്കേണ്ടതാണ്. പാട്ടം എന്നു പറയുമ്പോൾ പാട്ടം കൊടുക്കുന്നവനും പാട്ടം സ്വീകരിക്കുന്നവനും തമ്മിലുള്ള ബന്ധത്തെപററി ഓർമ്മിക്കേണ്ടതുമെന്ന് ശ്രീ. പനമ്പിള്ളി പറയുകയുണ്ടായി. Rent receiver പാട്ടം വാങ്ങുന്നവനെപററി അദ്ദേഹം അനുഭാവ പൂർവം ഓർമ്മിപ്പിച്ചു. പക്ഷെ, ഈ രണ്ടു കൂട്ടരേയും രണ്ടു തരത്തിൽ തന്നെ നാം മനസ്സിലാക്കണം. പാട്ടം വാങ്ങി ജീവിക്കുന്നവരായി ഒരു കൂട്ടരുണ്ട്. കൃഷിഭൂമിയുടെ ഉടമസ്ഥരായിട്ടാണ് അവർ അറിയപ്പെടുന്നതു്. പക്ഷെ അങ്ങനെയുള്ളവർ വളരെ കുറച്ചേ കാണുകയുള്ളൂ. പാട്ടം വാങ്ങിച്ചു് അതുകൊണ്ടു മാത്രം ജീവിക്കുന്ന ഇത്തിൾക്കണ്ണിവർഗ്ഗം നിലനിൽക്കാൻ അർഹതയില്ലാത്തതാണ്. കൃഷിഭൂമിയിൽ അദ്ധ്വാനം ചെയ്തു കാർഷിക വിഭവങ്ങൾ വിളയിക്കുന്ന കർഷകരും ഭൂമിയുടെ ഉടമാവകാശവും പറഞ്ഞു് പാട്ടം, വാരം തുടങ്ങിയവ വാങ്ങി ജീവിക്കുന്നവരും തമ്മിലുള്ള ചേരിതിരിവ് ഇവിടെ പ്രധാനമായി കാണുന്നുണ്ട്. ഈ ചേരിതിരിവിൽ ഏതുകൂട്ടരേയാണു ഈ ബില്ലുകൊണ്ട് സഹായിക്കേണ്ടതെന്നു നാം ആലോചിക്കണം. ഈ ബില്ലിലെ മര്യാദപാട്ട വ്യവസ്ഥയിൽ പാട്ടം സ്വീകരിക്കുന്ന ആളുകൾക്ക് അനുകൂലമായി വ്യതിയാനം വരുത്തണമെന്ന് ശ്രീ. പനമ്പിള്ളി പറയുമ്പോൾ ചെറുകിടക്കാരായ Land lords-നു വേണ്ടിയാണ് ആ വാദമെങ്കിലും ഫലത്തിൽ വൻകിടക്കാരായ ഭൂവുടമകൾക്കു ഗുണം ചെയ്യുകയായിരിക്കും. ആരാണ് ഈ പാട്ടം വാങ്ങുന്നതു്? കൃഷിഭൂമിയുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകളായിരിക്കും അവർ. ജന്മിത്വമാണ് നാമവിടെ കാണുന്നതു്. അതു് ഈ രാജ്യത്തു ഇനിയും തുടരണമോ? പാട്ടത്തിന്റെ കാര്യം പറഞ്ഞപ്പോൾ ഒരപകടത്തെപററി ശ്രീ. പനമ്പിള്ളി ഓർമ്മിപ്പിക്കുകയുണ്ടായി. അദ്ദേഹം സൂചിപ്പിച്ചു പാട്ട നിരക്കംഗീകരിച്ചാൽ ഈ ബില്ല് പാസ്സാകുന്നപക്ഷം 100 പറ നെല്ലു പാട്ടം കിട്ടുന്ന ഒരാളിനു 50 പറ കുറഞ്ഞുപോയി എന്നു വരാം. അതൊരു വാസ്തവമാവാം. കൃഷിച്ചിലവു കഴിച്ചു കൂടിയാനു കൂടുതൽ പങ്കുവെച്ചു് ആദായം വീതിച്ചാൽ ജന്മിയുടെ വരു

മാനത്തിൽ കുറവുണ്ടാകും. അദ്ധ്വാനത്തിനു ന്യായമായ പ്രതിഫലം നൽകുന്നതിനു് നിയമം നിർബന്ധിച്ചാൽ ജന്മികൾക്കു് സാമ്പത്തികമായി കുറെയൊക്കെ കുഴപ്പങ്ങൾ ഉണ്ടാകും. എന്നാലും മററാളുകളുടെ അദ്ധ്വാനത്തിന്റെ പങ്കുപററി ജീവിക്കുന്ന ഒരു വർഗ്ഗം ഉണ്ടായിരിക്കണമോയെന്നാലോചിക്കേണ്ടതാണു്. എന്റെ അഭിപ്രായത്തിൽ കൃഷിഭൂമിയുമായി നേരിട്ടു ബന്ധമില്ലാതെ പാട്ടംമാത്രം വാങ്ങിച്ചുകൊണ്ടു ജീവിക്കുന്ന വർഗ്ഗത്തെ ഇല്ലാതാക്കുകയാണു വേണ്ടതു്. അതിലേക്കു് ഈ ബിൽ എത്രത്തോളം മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിക്കുമെന്നും നോക്കേണ്ടതാണു്. അതിനാവശ്യമായി സ്റ്റാററിസ്റ്റിക്സു് നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കണം. ശരിയായ സ്റ്റാററിസ്റ്റിക്സു് ഉണ്ടെങ്കിൽ, അതിന്റെ വെളിച്ചത്തിൽ, പ്രയോജനകരമായ ഒരു പദ്ധതി ആസൂത്രണം ചെയ്യുവാൻ എളുപ്പമുണ്ടു് വെറംപാട്ടബില്ലിനെപ്പററി ചർച്ചചെയ്യുമ്പോൾ ഭൂഉടമയും കൈവശാവകാശവും നിയന്ത്രിക്കുന്ന ബില്ലുകൾക്കുമുള്ള ഭൂനയബില്ലുകളെല്ലാം ഒന്നിച്ചു് ചർച്ചചെയ്യേണ്ടതാണെന്നുള്ള ഒരഭിപ്രായം വന്നു. ഈ രാജ്യത്തെ കാർഷികബന്ധങ്ങളെപററി, കർഷകനും കൃഷിഭൂമിയുമായുള്ള ബന്ധത്തിന്റെ നാനാവശങ്ങളെപററി വ്യക്തമായ ധാരണ തരുന്ന സമഗ്രമായ ഒരു ചിത്രം വച്ചുകൊണ്ടായിരിക്കണം നിയമങ്ങൾ ഉണ്ടാക്കേണ്ടതു്. വെറംപാട്ട നിയമം ചർച്ചചെയ്യുമ്പോൾ ചില കാര്യങ്ങൾ മാത്രം ഓർമ്മയിൽവെയ്ക്കുകയും മററു ബില്ലുകളുടെ വിശദാംശങ്ങളറിയാതിരിക്കുകയും ചെയ്യുന്നതു ശരിയല്ല. ഈ രാജ്യത്തെ ഇന്നു് അഭിമുഖീകരിക്കുന്ന പ്രശ്നം, കാർഷികതാൽപ്പര്യങ്ങൾ പരിരക്ഷിക്കേണ്ട രാഷ്ട്രത്തിന്റെ ചുമതല, ജന്മിയും സാധാരണ കൃഷിക്കാരും ഭൂമിയുമായുള്ള ബന്ധം, കൃഷിയെ ആശ്രയിച്ചുജീവിക്കുന്ന ജനങ്ങളുടെ എണ്ണവും കൃഷിഭൂമിയുടെ വിസ്തൃതിയും തമ്മിലുള്ള ബന്ധം, സാമ്പത്തിക സാഹചര്യങ്ങൾ ഇവയുടെയെല്ലാം സമഗ്രമായ ഒരു ചിത്രംവച്ചുകൊണ്ടായിരിക്കണം സെലക്ടുകമ്മിററി ഈ എല്ലാ ബില്ലുകളേയും പററി പര്യാലോചിക്കുവാൻ. ഇപ്പോൾ നമ്മുടെ മുമ്പിലുള്ള വെറംപാട്ട നിയമത്തെപററി ചർച്ച ചെയ്യുമ്പോൾ ഇവിടത്തെ കർഷകരും കാർഷിക തൊഴിലാളികളും വളരെ നാളായി പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായിട്ടാണു് ഇങ്ങനെയുള്ള ബിൽ ഗവണ്മെൻറു് കൊണ്ടുവരുവാൻ ഇടയായതു് എന്നു നാമോർക്കേണ്ടതാണു്. വളരെ നാളായി നടക്കുന്ന അവകാശവാദത്തിന്റെ ഫലമായി ജനങ്ങൾ വളരെ ഏറെ പ്രതീക്ഷയോടെ ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുമ്പോൾ, ജനങ്ങളുടെ പ്രതീക്ഷയനുസരിച്ചു ഫലമുണ്ടാവുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. ഈ ബില്ലിൽ കുടിയാനെ ഒഴിപ്പിക്കാനുള്ള വകുപ്പുകളുണ്ടു്. ഇതിലെ 7-ാംവകുപ്പു കുടിയാനെ ഒഴിപ്പിക്കാൻ ജന്മിക്കു സൗകര്യം നൽകുന്നു. ഇതു് കൊച്ചിവിഭാഗത്തു ഇന്നു നിലവിലുള്ള നിയമമനുസരിച്ചു കുടിയാനു ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ തന്നെയും നിഷേധിക്കുന്ന തരത്തിലാണു്. കൊച്ചിവിഭാഗത്തു് 1118 മുതൽ ഇരിക്കുന്ന വെറംപാട്ട നിയമത്തിലെ ഗുണകരമായ വകുപ്പുകൾ എടുത്തുകളഞ്ഞു് പിന്നോട്ടുപോകുന്ന ഒരു നിയമം കൊണ്ടുവരുന്നതു് ആക്ഷേപകരമാണു്. അങ്ങനെ ആക്ഷേപകരമായ വ്യവസ്ഥകളുള്ള ഈ ബിൽ ഒട്ടും പുരോഗമനപരമല്ല. 1118-ൽ കർഷകരെ ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യക്തമായ വ്യവസ്ഥയുള്ളപ്പോൾ അതിനേക്കാൾ പിന്തിരിപ്പനായ ഒരു നിലയിലേക്കു് പോകുന്നതു ശരിയല്ല. ആ നിയമത്തിലുള്ള പോരായ്മകളില്ലാതാക്കി കൂടുതൽ പുരോഗമനപരമായ നിയമം സൃഷ്ടി

[ശ്രീ. ഡി. വിവേകാനന്ദൻ]

ക്കാൻ ഈ മന്ത്രിസഭയ്ക്കു കഴിവില്ലെങ്കിൽ പിന്നോട്ടു പോകാതിരിക്കുന്നതിനെങ്കിലും സന്നദ്ധമാകണമായിരുന്നു. ഈ നിയമം നടപ്പിലാക്കുന്നതോടുകൂടി കൊച്ചിവിഭാഗത്തിലെ ജനങ്ങളെ പ്രതിലോമപരമായി ബാധിക്കത്തക്ക വ്യവസ്ഥകൾ അവിടെ നടപ്പിലാക്കരുതെന്നു ശ്രീ. എളംകുളം മെംബർ പറഞ്ഞു. തിരുവിതാംകൂർപ്രദേശത്തും ആ വവ്യസ്ഥകൾ വേണ്ട. സർ, 7-ാം വകുപ്പ് ഒന്നാകെ എടുത്തുകളയണം. ഈ രാജ്യത്തെ മുഴുവൻ കർഷകർക്കും ഗുണം ലഭിക്കത്തക്കവണ്ണം വേണ്ട മാററങ്ങൾ ഈ ബില്ലിൽ വരുത്തണമെന്നാണ് എനിക്കു പറയാനുള്ളത്. ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. ഈ ബില്ലുകൾ എല്ലാം വായിച്ചു നോക്കുമ്പോൾ ഒരു യാഥാർത്ഥ്യം അതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. പുരോഗമനപരമായ ഭൂനയപരിഷ്കാരങ്ങൾ എന്നുപറഞ്ഞു് അവതരിപ്പിക്കുന്ന ഈ ബില്ലുകളിൽ പുരോഗമനപരമായി അത്രവളരെ ഒന്നും കാണുന്നില്ല. ഈ ബില്ലുകൾമൂലം കൊണ്ടുവരുന്ന പരിഷ്കാരങ്ങൾ ഇവിടത്തെ കർഷകർക്കുവേണ്ടിയല്ലെന്നും ജന്മിവർഗ്ഗത്തിനുവേണ്ടി മനോഹരമായ വാക്കുകളിൽ പൊതിഞ്ഞുവച്ചിട്ടുള്ള വ്യവസ്ഥകളാണു കാണുന്നതെന്നും മനസ്സിലാക്കാൻ കഴിയും. ഉദാഹരണമായി ഒരു കാര്യം ഞാൻ എടുത്തുപറയാം. മദ്ധ്യവർത്തികളെപററി പറയുന്നുണ്ട്. ഈ ഇടക്കുടിയാന്മാർക്കുള്ള അവകാശം പാട്ടക്കാർക്ക് കൊടുക്കുമെന്നുണ്ട്. ഗവണ്മെൻറു വശത്തുള്ള ഭൂമി എടുക്കുമ്പോൾ നിശ്ചയിക്കേണ്ട പ്രതിഫലത്തിനും ഇടക്കുടിയാന്മാർക്ക് കൊടുക്കേണ്ട പ്രതിഫലത്തിനും വ്യവസ്ഥ ചേർത്തിട്ടുണ്ട്. ഒരുവർഷത്തെ പാട്ടത്തിൻെറ എട്ടും മൂന്നിലൊന്നു് ഇരട്ടി പ്രതിഫലം എന്നു പറഞ്ഞാൽ ആറു ശതമാനം പലിശനിരക്ക് കണക്കാക്കുമ്പോൾ മാക്കറവിലയുടെ പകുതിയേ വരികയുള്ളൂ. ഈ പാവപ്പെട്ടവരുടെ കാര്യത്തിൽ നിശ്ചയിക്കുന്ന പ്രതിഫലം മാക്കറവനിരക്കിൻെറ പകുതി മാത്രമായിരിക്കെ സ്പെഷ്യൽ റൈററ്സ് അബോളിഷൻ ബില്ലിലെ വ്യവസ്ഥ പ്രകാരം വൻകിടജന്മിമാർക്ക് ഒരു വർഷത്തെ പാട്ടത്തിൻെറ പതിനാറും മൂന്നിൽരണ്ടും ഇരട്ടി കൊടുക്കണമെന്നു കാണുന്നു. ഇതിൻെറ പലിശനിരക്കു കണക്കാക്കുമ്പോൾ മാക്കറവിലയുടെ 100 ശതമാനവും അവർക്കു കിട്ടും. അതുപോലെ ജന്മിക്കുകൊടുക്കുമ്പോൾ മാക്കറവനിരക്കും പാവപ്പെട്ടവനുകൊടുക്കുമ്പോൾ അതിൻെറ പകുതിയും ആയിത്തീരുന്നു. ഇതെന്താണു കാണിക്കുന്നതു്? ഇതു ജന്മിമാരോടുള്ള പ്രേമത്തെയാണോ അതോ പാവപ്പെട്ടവരോടുള്ള അവഗണനയെയാണ് എന്താണ് സർ, കാണിക്കുന്നതു്? ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ ബിൽ നിയമമായാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നു പറയുകയുണ്ടായി. കുറച്ചു പാട്ടംവാങ്ങുന്ന ആളുകളെ ഈ നിയമം എങ്ങിനെ ബാധിക്കുമെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഈ കാര്യത്തെപ്പററി അദ്ദേഹം ശ്രദ്ധിച്ചില്ല. പ്രതിഫലം കൊടുക്കുന്ന കാര്യത്തിൽ വൻകിട ഭൂവുടമസ്ഥന്മാർക്ക് അനുകൂലമായ വ്യവസ്ഥ ഉണ്ടായിരിക്കണമെന്നാണോ അദ്ദേഹത്തിൻെറ പാർട്ടി ആഗ്രഹിക്കുന്നതെന്ന് എനിക്കറിയാൻ ആഗ്രഹമുണ്ട്. ഈ വ്യവസ്ഥ മാറിച്ചു വരുത്തുന്നതു് നല്ലതാണെന്നാണ് എനിക്കു പറയാനുള്ളതു്. ബില്ലിലെ മററു വകുപ്പുകളിലേക്ക് ഞാൻ കടക്കുന്നില്ല. പല സ്നേഹിതന്മാരും അതിനെപ്പററിയൊക്കെ സംസാരിച്ചിട്ടുണ്ട്. പല ന്യൂനതകളും ഈ ബില്ലിനുണ്ട്. പാവപ്പെട്ട കൃഷിക്കാരനു് ഗുണം വരത്ത

ക്കവിധത്തിൽ നിയമം ഉണ്ടാക്കുന്നതിന്നു് ആലോചിക്കണം. നിയമം ഉണ്ടാക്കുമ്പോൾ അതു് ഇവിടത്തെ സാമൂഹ്യബന്ധങ്ങളെ എത്രമാത്രം പുരോഗമനപരമാക്കാൻ കഴിയുമെന്നു് നാം ഓർക്കേണ്ടതാണു്. തൊഴിലില്ലായ്മവരും, പട്ടിണിവരും എന്നൊക്കെ ഇവിടെ പറഞ്ഞു. കാർഷിക നിയമംകൊണ്ടു മാത്രം എങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും? കാർഷികനിയമം ഉൗർജ്ജിതമായി വരുമ്പോൾ ഒരുവിഭാഗം ആളുകൾക്കു് സാമ്പത്തികമായി ഞെരുക്കംവരാം. പക്ഷെ കൃഷിഭൂമിയുമായി ബന്ധപ്പെട്ട ആളുകളുടെ കാര്യത്തിൽ ഒരു സ്ഥിരത ഉണ്ടാകും. അവരുടെ ജീവിതനിലവാരത്തിനുതന്നെ ഒരു സ്ഥിരതവരും. അതാണു് ഒരു നല്ല നിയമത്തിനു സംഭാവനചെയ്യാൻ കഴിയുന്നതു്. അതുപോലെതന്നെ കാർഷികത്തൊഴിലാളികളുടേയും മററും അഭ്യാസനഫലംകൊണ്ടു് ജീവിക്കുന്ന ഇത്തിക്കണ്ണികളെ പറിച്ചുമാററാനും കഴിയും. പാട്ടംവാങ്ങി ജീവിക്കുന്ന ആളുകൾക്കു് കുറെയൊക്കെ സാമ്പത്തികതകർച്ച വന്നുകഴിഞ്ഞാൽ തീർച്ചയായും കുറെയൊക്കെ പ്രയാസങ്ങളുണ്ടാകും. ബഹുമാനപ്പെട്ട ചാലക്കുടിമെംബർ പറഞ്ഞതുപോലെ തൊഴിൽ ചെയ്യാൻ മനസ്സുണ്ടെങ്കിലും അതിനു സൗകര്യമില്ലാത്ത ആളുകളുടെ എണ്ണം അധികമുള്ള ഈ വ്യവസ്ഥിതിയിൽ, അവർക്കുള്ള രക്ഷാമാർഗ്ഗം വ്യവസായീകരണമാണു്. കാർഷികനിയമങ്ങൾ നടപ്പിലാക്കുന്നതോടുകൂടി തൊഴിലില്ലായ്മ പരിഹരിക്കുന്ന മാർഗ്ഗത്തെപ്പററി അതായതു്, വ്യവസായങ്ങൾ ഉണ്ടാക്കുന്ന കാര്യത്തെപ്പററി ശ്രദ്ധിക്കേണ്ടതു് വളരെ ആത്യാവശ്യമെന്നാണു് എനിക്കു പറയാനുള്ളതു്. അക്കാര്യം ഇപ്പോൾ വിശദമായി ചർച്ചചെയ്യപ്പെടുന്നതു് യുക്തമല്ല. അതിന്റെ പ്രാധാന്യത്തിന്റെ നേരെ കണ്ണടയ്ക്കരുതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. തൊഴിലില്ലായ്മ വന്നുപോകുമെന്നും പാട്ടം വാങ്ങുന്നവർക്കു പ്രയാസങ്ങളുണ്ടാകുമെന്നും പറഞ്ഞു് ഈ ബില്ലിൽ പുരോഗമനപരമായ വ്യവസ്ഥകൾ ഇപ്പോൾ കൂട്ടിച്ചേർക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറാനിടവരുത്താതെ സൂക്ഷിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടും, ഈ ബിൽ സെലക്ടുകമ്മററിക്കയക്കണമെന്നുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

[Mr. Speaker in the Chair]

Shri O. R. Chummar: I support the motion to refer the Bill to a Select Committee. At the very out-set I wish to point out that it is rather unhappy that the Government have brought forward seven separate Bills to effect land reforms. All these Bills have a close bearing on each other and it is necessary that they must be co-ordinated very carefully. I would, therefore, suggest that the Select Committee must be required to consider all these Bills together and to consolidate them into one single Bill.

Coming to the provisions of the Bill, several Members have pointed out several defects. But I think the most fundamental defect, that is in this and all the other Bills, is that they are all drafted without a clear idea of the ultimate objective to be achieved by these reforms. If the ultimate objective was clearly borne in mind, many of the provisions that are now in the Bills would have been very much different and probably other provisions would have also been inserted. The objective of the tenancy reforms, so far as the Congress party

[Shri O. R. Chummar]

is concerned, is very clear and definite. The Congress has always stood for the abolition of all kinds of landlordism. The Congress Governments in all the other States have taken or are taking steps to liquidate them. Here also the Congress Party stands for that and I believe that the abolition of landlordism and the creation of peasant proprietorship, broadly speaking and subject to differences in detail, will be accepted by all the parties in this House. I would, therefore, suggest that the Select Committee must be directed to scrutinise and modify all the provisions in all these Bills in the light of this definite objective. Anything that goes against it must be deleted and what is necessary must be incorporated.

Shri A. Thanu Pillai: May I know from the hon. Member whether he is suggesting that all the lands in the State should be taken over and distributed to the people without any compensation, the distribution being made to the actual cultivators? What does he mean by saying that the drafters had no clear idea of the ultimate objective to be achieved? What is the basis for that observation?

Shri O. R. Chummar: There are provisions in the Bill which go against this objective and there are provisions which should have been incorporated for the achievement of this objective. For instance, in Cochin, the landlords have at present no right to resume lands for self-cultivation. This Bill gives that right to them. Again, under the Cochin Tenancy Act, tenants who are evicted are entitled to get compensation calculated at 3|4 of the capitalised value of the improvements, and the Compensation for Tenants' Improvements Bill now introduced by the Government is seeking to reduce that compensation. Thus, the londlords are given a new right and they are given special facilities to enjoy that right. So, we are going backward from our objective. We are not moving forward that is one thing. Again a provision should have been made in the Bill to confer on the tenants, who are given fixity of tenure, the right to buy up the rights of the landlord. There is a provision in the Verumpattomdars Bill that the tenant in possession may buy up the rights of the intermediate landlords standing between the jenmi and the cultivator. I submit this is a mockery of reform.

What the reformers want is not the abolition of these petty proprietors who may have, by force of circumstances, leased out a little bit of land. The landlords who are to be liquidated are the big landlords who have the ownership of thousands and thousands of acres of lands and who are getting thousands and thousands of rupees a year. There is absolutely no provision in any of these bills to liquidate them. There is indeed a provision that their rights may be purchased by pre-emption, but we all know that these jenmies never sell their lands, so that this right of pre-emption has no meaning. That is why I say that these Bills are to be re-drafted with a clear purpose in view.

Now, there is the Restriction on Possession and Ownership of Lands Bill. That also will, to a large extent make it necessary

to confer on the tenants the right to buy up the rights of the landlord. The Restriction on Possession and Ownership of Lands Bill has provided that tenants in possession of lands in excess over the ceiling must surrender all the excess lands in their possession. But the landlords who own thousands acres and earn thousands of rupees can enjoy the fruits of all the lands they have got at present. Thus in effect, parasites are propped up and the producers are levelled down. In order to avoid such an iniquity the elementary thing that should have been done was to confer on these tenants the right to buy up the rights of the landlord, so that if they are deprived of a part of their possessions they may at least enjoy all the fruits of the remaining lands. As it is they have to give up a part of their holdings and share the fruits of the remaining lands with parasites ; that is a monstrous thing. Sir, it is absolutely necessary that this state of affairs is done away with. If the Government can find finances to buy up the rights of all these landlords, that should be done. In that case the proprietorship can be conferred on the tenants and the price can be recovered from them in instalment payments. But I am afraid the Government may not be able to find sufficient finances for that purpose. But I cannot see any objection, whatsoever, to giving the tenant the right to buy up the rights of the landlord, so that he may, if he has sufficient means buy up such rights. Possibly the Government can also set up credit banks in order to help the tenants to buy up these rights. I, therefore, suggest that there should be a definite provision in the Tenancy Bills—in the Verumpattomdars Bill and in the Kanam Tenancy Bill—to enable the tenant in actual possession of the land to buy up the rights of the landlords—not merely the rights of the landlords standing between the Jenmi and the tenant, but the rights of all the landlords standing between the State and the tenant in possession, including the jenmies. With these remarks, Sir, I support the motion to refer the Bill to the Select Committee.

Minister for Finance. **(Shri P. S. ataraja Pillai)** :

Sir, I am grateful to the Hon. Members of this House for having subjected the bill to a searching examination and for having given constructive suggestions on almost all the points in the Bill. Though technically it is only the Verumpattomdars Bill that is under discussion, we have had in fact, practically a discussion on all the Land Bills that have been introduced in this House.

Sir, I agree that land legislation is not one which should be tackled with levity or with fixed ideas. I for one fully realise the tremendous difficulties facing this question. I may confess here that the Ministry does realise full well the complexities of the problem and they do not claim that the bills as drafted now cannot be improved. It was stated, Sir, that we must have clear objectives and ideals before us and our steps should be directed to those ideals. I agree with that. Whether the ideals can be achieved at one step or only by slow stages is a matter for consideration after a proper appreciation of the realities that face us today.

[Shri P. S. Nataraja Pillai]

Sir, in Travancore-Cochin, integration has further complicated problems which are inherently complex. Even after five or six years' integrated existence we have not yet codified or integrated the land laws in the State. We have left them as such. The taxation laws have not become uniform. In the Travancore area we have enacted a Holdings (Stay of Execution Proceedings) Act to give protection to the Verumpattom tenant. We have been extending this law from time to time realising at the same time that by legislation we are denying the patta holders their rights earned by way of decrees obtained from courts of justice. In that anomalous situation we have to clear the ground and to take steps to devise a better social order in which the problem of land would be more reasonably and finally settled. As a preliminary step these bills were conceived and drafted. Sir, at no stage of human evolution can there be a finality on any matter. No decision or law can stand for all time to come. It will have to suit the circumstances in which the society is placed. Taking the particular conditions that exist in our country today it is a matter for consideration as to what extent we can go, and in the realisation or appreciation of that matter there may arise differences of opinion. Here it is only the question of approach that has to be taken into consideration. My humble plea to the House is this. We have bestowed our earnest attention on the matter. There is no want of willingness. There is no want of perseverance to do the task that was assigned to us. Within the resources available, within the limited time at our disposal, compelled by the course of events in the country we thought that it is time for this country to take a step towards the goal which we all wish to attain. Furthermore, personally I take this view, Sir. This House being a cross-section of the population of this country as it is based upon adult franchise and representing every organised section of public opinion in the country, will be able to appreciate and give effect to the wishes of the public in this knotty question by finalising the draft bill before it. In enacting a measure of this kind it is to be considered how far this country is ripe for radical changes and how far steps can be taken to do social justice by removing inequalities in the economic sphere. I thought this House will be better fitted to do that task, With that impression these bills have been drafted. Government's objective is to create peasant proprietorship, *i. e.*, elimination of all types of intermediaries standing between the State and the tiller of the soil. Even then I do not think that Government have any right on the land excepting the right to receive a token seigniorage tax from the actual cultivator of the land. All other rights have to be given up. That is the objective or the ideal which the Government wants to achieve.

While aiming at that ideal, when there are conflicting and different kinds of rights enjoyed by various sections of the people, the first step ought to be, as the Government has now conceived, to reduce all these to a common denomination. In

that attempt this is one of the steps taken. By the Verumpattomdars Bill now under discussion it is one kind of right that is being enjoyed by a section of the people that is sought to be levelled up. As it is, the actual tiller of the soil, the actual cultivator or the tenant is not enjoying fixity of tenure the right to hold the land on his own right I appreciate the comments made by the Leader of the Opposition that when fixity of tenure is conceded or is given, that carries with it the idea of ownership as well. But at the present time when we are dealing with this matter, we are giving as a first step fixity of tenure to the tenant subject to the condition that he should pay fair rent to the so called landlord. The Verumpattomdar's bill is conceived in this spirit of giving fixity of tenure as a first step. It is not the last word on the subject. I was glad to see, Sir, that every one who spoke on the bill was agreed on that position. They agreed that fixity of tenure must be granted and that must be given as early as possible. There is thus unanimity of opinion in the basic ideal behind this piece of legislation.

In regard to fair rent, what ought to be the fair rent that is to be fixed, what are the methods by which fair rent should be fixed, are all according to me matters of detail which the Select Committee can consider and fix up. As the Committee will be representative of all shades of opinion they will be able to come to a just conclusion regarding this. So, that is a matter which they can do.

Then there were some comments on some of the provisions of the Bill. Sir, a point was made about the right of resumption. Certainly it conflicts with the right of ownership as envisaged or as implied in the fixity of pattom. It is implied in it. But, at the present stage of the evolution of rights over land and, taking into account the actualities or realities that are in evidence in our country, the drafters of the bill thought that social justice requires a right to resume land under specified conditions for specific purposes should be granted to the owner.

It was pointed out here that in our country there are some lease holders who are themselves owners or landlords of big areas. Some of the smaller landholders due to economic circumstances or by compulsion might have leased out a portion of their holdings to lessees who are economically better off or who are in possession of greater extent of land. The law should not deny the owner so far recognised in society the right of getting even the household or an acre of land for his own self cultivation. I think there is social justice behind it. After all we are enacting laws to render justice and we do not want to prepetrate injustice. It is only in the logical consequence of this conclusion that led the drafters of the Bill to make a change in the existing law in the Cochin area on this matter.

In the Cochin area fixity has been granted without any liability to surrender the land they hold on lease under any condition. On realising that there is an element of injustice in that and that a certain section of our people are subjected to hardship the drafters of the bill thought that they would risk substantially a change towards justice. That was the idea behind it.

[Shri P. S. Nataraja Pillai]

After all, this bill is intended to remove social and economic inequalities and injustices on holdings of land wherever found. The inequalities and injustices inherent in landlordism should not be allowed to continue. Certainly the Select Committe has the right to review the whole position. But this is a proposal based on the logical implications of the decisions we took.

Then, Sir, there is another aspect, *ie.* the effect of our proposals. Having granted fixity of tenure, there is also the right of resumption on account of the waste committed or some other unconscionable acts. If fixity of tenure implies element of ownership also, this will be inconsistent. But the Select Committee can go into the question whether resumption right can be granted if any damage is caused to the property or for any other valid ground. They can also delete all these provisions and ignore the line of argument and thought as wrong, and state that fixity should be unconditionally given and should not be limited by any condition.

Regarding Clause 4 also there were some comments. Sir, it has been a matter of public comment for some years past, whether certain other types of leases are money transactions with the right of possessions or leases proper or transactions of *kanam* tenure. There has been an agitation for some time-past. After all, it is not a matter of sectional interest. It affects the whole country. Therefore only tentative proposals have been placed before the House. It is for the Select Committee to go into the question and decide.

Sir, comment was made with regard to the question of intermediaries. The hon. Member who spoke last raised the question of the tenant purchasing from the landlord. My answer is that we do not envisage this bill as the last word on the subject further changes are inevitable and are inherent in these proposals. We did think about the elimination of intermediaries.

Shri O. R. Chummar; Will it be agreeable to confer on the tenant the right to purchase the rights of the Jenmi.

Shri P. S. Nataraja Pillai; As a matter of fact, Government are prepared to accept that proposition. But it is not want of willingness which stands in the way. We have to consider and appreciate the logic of the economic principles behind it based on the realities and the actualities of the present. The Select Committee can go into the question and come forward with that proposition. On behalf of the Government I am prepared to Co-operate with the Select Committee in formulating such a proposition. But I trust that the House will back it up. In deciding this question we have to consider it in all its aspects, and these are matters for the Select Committee to consider. Remarks were made regarding the compulsions of historical development and that relating to ownership of property. Disquisitions on theories and elaboration of thesises will not help us to act in the living present for which we have to recognise the compulsions of the presentage. Our aim is not to do away with

the existing order of things altogether, but to mete out economic justice to all with due regard to the actualities that face us.

There was also a comment, Sir, that we could have co-ordinated all the land bills in a single bill in which all these things could be dealt with. I for one can own my inability to do it but on behalf of the Government I am not entitled to say it. At any rate, I found that sectional handling of these provisions would be more easy and less cumbersome. Therefore each aspect of the land problem has been taken up separately, and brought forward to this House as a batch of separate bills. Isolated, they may not be very effective. But if all of them are to be placed on the Statute Book this batch of bills will have a single legal background. So, I propose that a cross section of this House as it is at present may be constituted as a select committee to deal with these seven Bills with a view to make modifications or even radical changes if found necessary and hammer out a measure or measures which will be of lasting benefit to the country as a whole. It is with that wish that I move that this Bill may be referred to a Select Committee composed of members whom I have already proposed. I have absolutely no objection to take more men from any section of the House. Sir, with these words I move that the Bill may be referred to a Select Committee.

Shri P. K. Kunju : I propose that Shri Joseph Chazhikattu and Shri Kesava Menon are also included in the Committee.

Shri P. S. Nataraja Pillai : Yes. No objection.

Shri Panampilli Govinda Menon : Sir, I propose Shri T. S. Ramaswamy also be included in the Committee.

Shri P. S. Nataraja Pillai : On this side we have no objection.

Mr. Speaker : The question before the House is that the Travancore-Cochin Verumpattomdars Bill be referred to a Select Committee consisting of the following members :

1. Shri T. S. Ramaswamy.
2. „ Joseph Chazhikattu
3. „ P. Kesava Menon,
4. „ A. Thanu Pillai.
5. „ Panampilli Govinda Menon,
6. „ A. J. John.
7. „ T. V. Thomas.
8. „ T. M. Varghese.
9. „ P. R. Madhavan Pillai.
10. „ P. K. Chathan.
11. „ A. Chidambaranatha Nadar.
12. „ M. P. Menon.
13. „ P. V. Avira Tharakan
14. „ N. Narayana Kurup.
15. „ A. A. D. Luiz.
16. Sry. K. R. Gouri.
17. Shri M. P. Chandrasekhara Pillai,

18. Shri T. O. Bava.
19. „ K. I. Velayudhan.
20. „ R. Sankaranarayanan Tampi.
21. „ T. K. Divakaran.
22. „ K. Balakrishnan.
23. „ C. K. Ramachandran Nair, and
24. „ P. S. Nataraja Pillai (Mover)

and the quorum is fixed as 14.

The motion was put and carried.

Mr. Speaker: The House accepts the motion unanimously.

The Restriction on Possession and Ownership of Lands Bill.

Minister for Finance **(Shri P. S. Nataraja Pillai)** : Sir, I beg to move that the Restriction on possession and ownership of Lands Bill may be referred to a Select Committee composed of members whose names I shall mention shortly. This Bill as also certain other Bills pertaining to land reforms were introduced in the last assembly. Government have circulated this Bill along with the other Bills for eliciting public opinion. In response to the invitation of the Government a mass of valuable suggestions and information have been received on these Bills.

Shri Panampilli Govinda Menon: One question, Sir, were these Bills introduced in the House last time?

Shri P. S. Nataraja Pillai: Yes.

Shri Panampilli Govinda Menon: In that case, how did the Government circulate them? When the Bill is introduced in the House it is not the Government that circulate it.

Shri P. S. Nataraja Pillai: This Bill was introduced and then it was left there. Government thought that having introuced these bills they should invite public opinion on them.

All the opinions have been printed and circulated among the members. A Reference guide has also been prepared and circulated to the members to facilitate their work in finding out different shades and volume of opinion on particular points.

Hon. Members would have noticed that on this Bill as also on the other Bills, opinions have been received covering practically all aspects of the questions at issue.

So far as Restriction on Possession and Ownership of Lands Bill is concerned, the opinions received are conflicting. There is one school of thought which takes the view that there is no case for imposing any ceiling, regard being had to the conditions prevailing in this state. There is another view that in the absence of regular census of land holdings an attempt at imposing a ceiling would be unfair. There is yet another view that the provisions in the Bill seek to do indirectly what it could not do

directly; in other words, the Bill is an expropriatory legislation intended to affect the rights of the landholders without compensating them for the loss they suffer. Some have opposed the Bill on the ground that it will shatter economic credit, hamper production and result in fragmentation of holdings.

11 A. M.] The Land Policy Committee has after elaborately discussing the effects, advantages and disadvantages of imposing ceiling on holdings of land come to this conclusion: "We have, after a good deal of discussion and anxious consideration, come to the conclusion that we might, on the whole, follow the lead given by legislations in other States, steer clear for the present of this vexed question of expropriation of all propritors and even tenants, to a limited extent on payment of reasonable compensation, and confine our recommendations to matters, which in our opinion, demand immediate action by Government, in the interests of ensuring social peace generally, and harmonious relationship between landlords and tenants in particular, throughout the whole State. We have hence decided to recommend that an upper limit or ceiling should be fixed to land holdings, in future. We however do not recommend that any upper limit should be fixed, for the present". That was the view. But they made specific recommendation imposing upper limit on page 89 of the Report. After stating roughly the views in regard to this matter they have recommended an upper limit or ceiling. But the arguments advanced for fixing a ceiling is common to both. The economic consequences and the expropriatary elements are matters that has to be dealt with separately. The planning Commission has also recorded their opinion on this question on page 186 of the Report.

"From the social aspect, which is not less important than the economic, a policy for land may be considered adequate in the measure in which, now and in the coming years, it reduces disparities in wealth and income, eliminate exploitation, provides security for tenant and worker and, finally promises equality of status and opportunity to different sections of the rural population. Further, they say: The question whether some limit should not be placed on the amount of land that an individual may hold has, therefore to be answered in terms of general principles rather than in relation to the possible use that could be made of land in excess of any limit that may be set. We have considered carefully the implications of the various courses of action which are possible. It appears to us that, in relation to land (as also in other sectors of the economy) individual property in excess of any form that may be proposed has to be justified in terms of public interest, and not merely on grounds of individual rights or claims. We are, therefore, in favour of the principle that there should be an upper limit to the amount of land that an individual may hold".

Again they have stated:

"We consider that the determination of these limits is an essential step in land reform". Those are the observations of

[Shri P. S. Nataraja Pillai]

the Planning Commission. Therefore as an essential step in the land reform this bill is framed and placed before you.

An argument advanced against the Bill is the absence of reliable data and failure to take a Census of land holding. On the latter point I may point out that this Government have rectified that mistake and have already taken steps to take a census of land holding as envisaged in the Planning Commission Report and hop to get the Report on land holdings before March.

Shri A. J. John: Is it a sample census for the whole State?

Shri P. S. Nataraja Pillai: Yes. But it is not possible to have census of every bit of land. We have got a statistical department and it has got recognition in the Statistical Bureau of the Government of India. We have a specialist in the Department who has gained recognition among the experts of India.

Further the available figures on land holding go to show that landed property in excess of form is concentrated in the hands of the privileged few. I made this remark on the basis of the report received from the Revenue Department.

Shri M. P. Menon: What is the total acrege in the hands of the few?

Shri P. S. Nataraja Pillai: It is about 707820 acres 39 cents.

Shri M. P. Menon: This is the acreage of surplus area. Is it not 37 lakhs?

Shri P. S. Nataraja Pillai: Surplus is not available. I have not got the exact reliable figures. When the census is completed we can have the exact figures of land available.

Therefore a redistribution of land would besides appeasing to considerable extent the land hunger so acute in this State give the necessary psychological effect, the importance of which in the matter of furthering production and ensuring contentment cannot be overlooked. I need not mention that when we are advancing towards a socialistic pattern of a Welfare State, it may be futile and rather late in the day to advance arguments against the principle of the fixation of a ceiling.

From the opinions received, it is also seen that practically every aspect of the question has been tackled. The various categories of lands that require exemption, the extent of the ceiling is to be imposed, the manner in which the ceiling is to be fixed, *i. e.*, whether it is on the basis of extent or income have all been discussed. A criticism is often levelled that fixing the limit by area alone is an unheard of procedure and a novel one too. . It is not so novel or strange as depicted. In Japan after occupation a law was enacted redistributing all land of absentee land lords and all lands above seven acres. In Formosa the present Nationalist Government has put through a land reform under which no one is allowed to own more than ten acres of land nor is any one allowed to own land he does not till,

Shri N. Narayana Kurup: May I know the yield per acre in Japan?

Shri P. S. Nataraja: Pillai: I will answer that question before I close. Let me carry on now. That is the case in Japan and Formosa. That must apply to Asia as well.

Sir, I believe unless this question of land distribution is undertaken by Government removing the inequality in land ownership, we will not get a contented people and we will not be able to function in the country on the democratic lines we want. Trained observers of the political situation of South East Asia have recorded in their considered writings that the one problem, if solved, that would give a better scope for democratic functioning in Asia it is the solution of the land problem. Unless that is done unrest and suffering is bound to exist. There is no good postponing the evil day. We will have to face it and solve it.

As regards the question put by my friend Mr. Kurup as to the comparative yield of land in different parts of the world, the question itself gives the answer as it presumes that different kinds of land exist and the yield from them also must vary; one acre in Nanjinad is not the same as one acre in Kuttanad and one acre in Anamalai is not one acre in Deviculam. There is difference on the matter of assessment. What will be the yield, what will be the practical use made of the land, are all matters to be looked into. We are thinking in terms of actualities. Let us approach the problem with a sense of reality.

Shri K. P. Gopala Menon : Is the basis of fixing limits the yield from the property or the land ?

Shri P. S. Nataraja Pillai : The opportunity for employment, the yield that will accrue from that employment, the yield today and future potentialities are all taken into consideration. It is not something that could be answered as a rule of three.

Shri K. P. Gopala Menon : Is it ultimately the yield ?

Shri P. S. Nataraja Pillai : It is the extent and the capacity for producing the yield. It is the extent of land, the extent of investment and labour, the extent of capital required to bring out that yield.

With these words I would request that this Bill may also be referred to the Select Committee I have named for the Verumpattamdars Bill. I crave the indulgence of the House to refer this to the same Committee.

ശ്രീ. സി. എ. മാത്യു : സർ, ഭൂപരിധിനിർണ്ണയം ഒരു പുത്തൻ ആശയമോ, ഒരു പുതിയ ചിന്താഗതിയോ അല്ല. പാശ്ചാത്യരാജ്യങ്ങളിൽ വളരെ കൊല്ലങ്ങൾക്കുമുൻപുതന്നെ ഭൂമിയുടെ കൈവശത്തെയും ഉടമയെയും നിയന്ത്രിക്കുന്ന ചില നിയമങ്ങൾ ഉണ്ടായിട്ടുള്ളതായി നമുക്ക് അറിയാം. 1919-ൽ ചെക്കോസ്ലോവാക്യയിൽ നടപ്പിലാക്കിയ ആ ഭൂ പരിധി നിർണ്ണയനിയമം ഇതിനൊരുദാഹരണമാണ്. ഇൻഡ്യയിൽ ഏതാണ്ട് 1930 മുതൽ ഭൂ പരിധി നിർണ്ണയത്തിന്റെ ആവശ്യകതയെ

[ശ്രീ. സി. എ. മാത്യു]

പററിയുള്ള ചില ഒച്ചപ്പാടുകൾ അങ്ങിങ്ങായി കേട്ടുതുടങ്ങിയതാണ്. എന്നിരുന്നാലും സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമാണ് ഈ ചിന്താഗതിക്കു വ്യക്തമായ ഒരു രൂപവും, അതിന് പ്രായോഗികമായ ചില നടപടികളും ഉണ്ടായിട്ടുള്ളതെന്ന് സമ്മതിച്ചേ തീരൂ. ഈ അടുത്ത കാലത്ത് ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുള്ള ഭൂനയനിയമങ്ങൾ വിപ്ലവപരമായ പല പരിവർത്തനങ്ങളും, വിശേഷിച്ച് നമ്മുടെ ഭൂവുടമയെയും കൈവശത്തെയും സംബന്ധിച്ചിടത്തോളം ഉണ്ടാക്കിയിട്ടുണ്ട്. നൂററാണ്ടുകളായി നിലനിന്നുപോരുന്ന ആ സെമിന്താരി സമ്പ്രദായംതന്നെ ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഇല്ലാതായിത്തീർന്ന വസ്തുത നമുക്ക് അഭിമാനകരമാണ്. ഒരു അഗ്രേറിയൻ റിഫാം വളരെയധികം നടപ്പിലാക്കിയിട്ടുള്ള ഒരു രാജ്യമാണ് നമ്മുടെ അയൽരാജ്യമായ ചൈന. ചൈനയിൽ അടുത്തകാലത്തു വളരെ വിപുലമായ തോതിൽ ഭൂനയപരിഷ്കാരം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിഷ്പക്ഷബുദ്ധികളായ നിരീക്ഷകന്മാർ പലരും ഈയിടെയായി അഭിപ്രായപ്പെടുന്നത്, ചൈന 1950 ജനുവരി 30-ാം തീയതി നടപ്പിലാക്കിയ ആ നയമപ്രകാരം കൈമാററം ചെയ്തിട്ടുള്ള ഭൂമിയെക്കാൾ വളരെക്കൂടുതൽ ഭൂമി ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഇൻഡ്യയിലെ ഭൂനിയമം മൂലം ഇവിടെ കൈമാററം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നാണ്. ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും ഭൂപരിധിനിർണ്ണയബില്ലുകൾ പാസാക്കിയിട്ടുണ്ട്. ഹിമാചൽ, യു. പി., മദ്ധ്യഭാരത്, ഡെൽഹി, പെപ്സു മുതലായവ ഉദാഹരണങ്ങളാണ്. കാഷ്മീറിൽ ഇപ്പോഴത്തെ കൈവശത്തേയും, ഉടമയെയും ബാധിക്കുന്ന നിയമങ്ങളാണു പാസാക്കിയിട്ടുള്ളത്. മററു പല സംസ്ഥാനങ്ങളിലും നിയമം ഉണ്ടാക്കാൻ പോകുന്നു. കൈവശാവകാശത്തേയും, ഉടമാവകാശത്തേയും ബാധിക്കുന്ന നിയമങ്ങൾ മാത്രമെ പാസാക്കിയിട്ടുള്ളൂ. ഈ വസ്തുതകളിൽ നിന്നും ഒരു കാര്യം നമുക്കു മനസ്സിലാക്കുവാൻ കഴിയും. അതായത് നമ്മുടെ രാജ്യത്തെ ഗവണ്മെൻറിന് ഒരിക്കലും ഭൂനയം പരിഷ്കരിക്കുന്നതിന് എതിരില്ല എന്ന്. എതിരുണ്ടെന്നു വാദിക്കുന്നവർ കണ്ണടച്ച് ഇരുട്ടുകുത്തുവാൻ ശ്രമിക്കുന്നവരാണ്. ഭൂമിയുടെ പരിധി നിർണ്ണയിക്കുന്നതിനെപ്പററിയും, അതിൻെറ ആവശ്യകതയെപ്പററിയും ആർക്കും എതിരുണ്ടെന്നു തോന്നുന്നില്ല. ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും, ഭൂമിയുടെ കൈവശത്തേയും, ഉടമയെയും നിയന്ത്രിക്കേണ്ടതു് ആവശ്യമാണെന്നുള്ള അഭിപ്രായക്കാരാണ്. അതുകൊണ്ട് അതിനെപ്പററി ഒരു വാദപ്രതിവാദത്തിനു ഞാനൊരുങ്ങുന്നില്ല.

എന്നാൽ തിരുവിതാംകൂർ-കൊച്ചിയിലെ കാര്യങ്ങളെപ്പററി ചിന്തിച്ചുനോക്കുമ്പോൾ, ഭൂപരിധി അത്ര എളുപ്പത്തിൽ വരുത്താവുന്ന ഒരു കാര്യമാണെന്ന് എനിക്കഭിപ്രായമില്ല. നമ്മുടെ പ്രത്യേക പരിതഃസ്ഥിതിയിൽ ഈ ഭൂപരിധി നിർണ്ണയകാര്യം വിവേകപൂർവ്വം ചിന്തിച്ചും, ചുമതലയോടുകൂടി ആലോചിച്ചും മാത്രം നടപ്പിലാക്കേണ്ടതാണ്. മററുള്ള ഇൻഡ്യൻ പ്രദേശങ്ങളോട് തട്ടിച്ചുനോക്കുമ്പോൾ, ജനസംഖ്യ ഒരു പ്രശ്നമായി നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന ഈ രാജ്യത്ത് വളരെയധികം ജനങ്ങൾ ഭൂമിയോടു ആഗ്രഹമുള്ളവരായി കാണുന്നതു സ്വാഭാവികം മാത്രമാണ്. ഇൻഡ്യയിലെ ജനസംഖ്യ ഒരു ചതുരശ്രമൈലിന് 312

പേരാണെങ്കിൽ, തിരുവിതാംകൂർ-കൊച്ചിയിൽ ഒരു ചതുരശ്രമൈലിന് 1013 പേരാണുള്ളത്. ഈ സംസ്ഥാനത്തുള്ള ജനസംഖ്യയിൽ 84 ശതമാനംപേരും കൃഷികൊണ്ടു ജീവിക്കുന്നവരാണ്. ഇങ്ങനെ കൂടുതൽ ആളുകൾ കൃഷികൊണ്ടു ജീവിക്കുകയും, വളരെ കുറച്ചു ഭൂമിമാത്രം കൃഷിക്കു ഉപയോഗയോഗ്യമായിരിക്കുകയും ചെയ്യുന്ന ഒരു സവിശേഷനില ഈ രാജ്യത്തിനുള്ളതുകൊണ്ട് അമിതമായ ഒരാഗ്രഹം കൃഷിഭൂമിയോട് ഈ രാജ്യവാസികൾക്കുണ്ടാകുക എന്നുള്ളതു സ്വാഭാവികമാണ്. ഇവിടെ വരുത്തുന്ന ഭൂനയപരിഷ്കാരം ഈ അവസ്ഥയെക്കൂടി ധരിച്ചുകൊണ്ടു വേണം രൂപം കൊള്ളുവാൻ. ഇങ്ങനെയുള്ള പല പ്രത്യേകതകൾകൊണ്ടും ഇവിടത്തെ ഭൂപരിധിനിർണ്ണയപരിഷ്കാരത്തിന് വളരെയധികം തടസ്സങ്ങൾ ഉണ്ടാകാവുന്നതാണ്. എന്നിരുന്നാലും, ഭൂപരിധിനിർണ്ണയത്തിനെതിരായി ആരെങ്കിലും വാദിക്കുന്നെങ്കിൽ, ഒഴുക്കിനെതിരായി നീന്തുന്നതിനോടു തുല്യമായിരിക്കുകയേയുള്ളൂ.

ഭൂപരിധിനിർണ്ണയബിൽ നമുക്ക് ആവശ്യമാണെങ്കിൽതന്നെ, അതു ഏതെങ്കിലും വിധത്തിലുള്ള ഒരു ബില്ലായാൽ മതി എന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. ആ ബിൽ ഭൂപരിധിനിർണ്ണയബില്ലിന്റെ ഉദ്ദേശത്തെ സാധുകരിക്കുന്ന ഒന്നായിരിക്കണം. ഒരാളിന് വിവാഹം കഴിക്കണമെങ്കിൽ,സാരിയും ഉടുപ്പിച്ച് ഏതെങ്കിലും ഒരു സ്ത്രീയെ വിവാഹവേദിയിൽ കൊണ്ടുവന്നാൽ മതിയോ? ആ സ്ത്രീക്കു ഏതെങ്കിലും അംഗവൈകല്യമുണ്ടോ, മറ്റെന്തെങ്കിലും കുറവുകൾ ഉണ്ടോ എന്നുനോക്കി, കുറവുകൾ ഉണ്ടെങ്കിൽ അതു നികത്തുവാനുള്ള മാർഗ്ഗങ്ങളും നോക്കി തൃപ്തിപ്പെട്ടതിനുശേഷം മാത്രമെ സ്വബുദ്ധിയുള്ളവർ ആ സ്ത്രീയെ വിവാഹം കഴിക്കുകയുള്ളൂ. ഇവിടെ ഭൂനയബിൽ എന്ന പേരാകുന്ന സാരിയും ഉടുപ്പിച്ച് വിവാഹത്തിനായി ഏതെങ്കിലും ഒന്നു മുൻപോട്ടുകൊണ്ടുവന്നാൽ അതു് അതേ പടി സ്വീകരിക്കുവാൻ എല്ലാവർക്കും വിഷമമുണ്ട്. ആ ബില്ലിൽ വന്നിട്ടുള്ള ന്യൂനതകളെയും, അംഗവൈകല്യങ്ങളെയും മാററി പരിഷ്കരിച്ചെടുക്കുവാൻ നോക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ആ പെണ്ണിന്റെ സ്ത്രീധനത്തെയും, ഉടുത്തിരിക്കുന്ന സാരിയെയുംപററി മാത്രമേ ആക്ഷേപമുള്ളോ?

ശ്രീ. സി. എ. മാത്യു : അതുമാത്രം അല്ല. അംഗവൈകല്യം ഉണ്ടെങ്കിലോ?

ആ നിലയ്ക്ക് ഏതെങ്കിലും ബിൽ വന്നാൽ അതേപടി സ്വീകരിക്കാൻ പ്രയാസമാണ്. ഇവിടെ ഒരു ഭൂപരിധിനിർണ്ണയബിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിനെപ്പററി ചർച്ചചെയ്യുവാൻ ഈ സഭ ഏററവും പ്രഗത്ഭമതികളായ സെലക്ററുകമ്മിററിയെ നിയമിച്ചിട്ടുണ്ട്. ആ സെലക്ററുകമ്മിററിയുടെ പരിഗണനയ്ക്കുവേണ്ടി ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ പ്രതിനിധിയെന്ന നിലയിൽ ചില സംഗതികൾ എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ട്. അവ അതർഹിക്കുന്ന ഗൗരവത്തോടുകൂടി സെലക്ററുകമ്മിററിയുടെ പരിഗണനയ്ക്ക് വിധേയമാകുമെന്നു ഞാൻ വിചാരിക്കുന്നു. ഈ ബില്ലിൽ കാണുന്ന ചില ചില്ലറ വൈകല്യങ്ങൾ ഞാൻ ഈ സഭയുടെ മുൻപിൽ വയ്ക്കുകയാണ്.

[ശ്രീ. സി. എ. മാത്യു]

ഈ ഭൂപരിധിനിർണ്ണയ ബില്ലിന്റെ ഉദ്ദേശത്തെയും, ആവശ്യത്തെയും പററി പറയുന്ന കൂട്ടത്തിൽ ഓരോ വ്യക്തിക്കും കൈവശം വയ്ക്കാവുന്ന ഭൂമിയിൽ കൂടുതൽ ഉണ്ടായിരുന്നാൽ, അതു കൃഷിചെയ്യാൻ ഭൂമിയില്ലാതെ, കിടക്കാൻ സ്ഥലമില്ലാതെ, ഭൂമിക്കുവേണ്ടി ദാഹിച്ചുകഴിയുന്ന ആളുകൾക്കു പാട്ടത്തിനു കൊടുക്കാൻ വിനിയോഗിക്കുന്നതാണെന്നു പറഞ്ഞിരിക്കുന്നു.

സർ, ഈ ബില്ലിന്റെ 5-ാം വകുപ്പിൽ നിശ്ചയിച്ചിരിക്കുന്നതു് ഭൂമിയുടെ പരിധിയെ സംബന്ധിച്ചുള്ള നിശ്ചിതവ്യവസ്ഥയിൽ കൂടുതലുള്ള ഭൂമി ആർക്കെങ്കിലും പാട്ടമായോ അല്ലെങ്കിൽ തീറായോ എഴുതിക്കൊടുക്കുന്നുമെന്നാണ്. അധികം വരുന്ന വസ്തുക്കൾ തീറെഴുതുകയോ അല്ലെങ്കിൽ പാട്ടത്തിനുകൊടുക്കുകയോ ചെയ്യുകയാണെങ്കിൽ വസ്തുവിന്റെ ശരിയായ വില തരുന്നതിനോ അല്ലെങ്കിൽ ശരിയായ പാട്ടം തരുന്നതിനോ സാമ്പത്തികമായി കഴിവുള്ള ആളുകളെ കണ്ടുപിടിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. അതല്ലാതെ പാട്ടത്തിനു കൊടുക്കുന്നതുതന്നെയാണെങ്കിലും ബില്ലിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ആളിന്റെ ധനസ്ഥിതിയും കഴിവും അറിയാതെ എങ്ങനെ കൊടുക്കാനാണ്? പാട്ടവസ്തുക്കൾക്കു നഷ്ടമില്ലാത്ത ഒരു പാട്ടവ്യവസ്ഥകൂടി ഈ ബില്ലിൽ പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതാണ്. ബില്ലിന്റെ 5-ാം വകുപ്പിനെ സംബന്ധിച്ചാണെങ്കിൽ ഭൂമിയില്ലാതെ കഴിയുന്ന സാധാരണക്കാർക്ക് ഒരു സെന്റ ഭൂമിപോലും കിട്ടാൻ സാദ്ധ്യമല്ലായെന്ന് നാം ഓർക്കണം. അങ്ങനെയുള്ള തരക്കാർക്കു ലാൻഡ് ട്രൈബ്യൂണൽ അധികാരത്തിൽ വരുമ്പോൾ ഭൂമി വീതിച്ചുകൊടുക്കുമെന്നു് പറയുന്നതും ശരിയല്ല. കഴിവില്ലാത്തവർക്ക് ഭൂമികൊടുക്കുവാൻ ലാൻഡ് ട്രൈബ്യൂണലിനും സാദ്ധ്യമല്ല. കാരണം അതിനും ഒരു സെക്യൂരിററി വ്യവസ്ഥ വച്ചിട്ടുണ്ട്. ആ വ്യവസ്ഥയനുസരിച്ചു മുമ്പോട്ടു പോകണമെങ്കിൽ കഴിവുള്ള ആളുകൾക്കു മാത്രമേ സാധിക്കുകയുള്ളൂ. പക്ഷെ, നമ്മുടെ പ്രശ്നം അതല്ല. ഭൂമിയില്ലാത്തവർക്ക് ഭൂമി കിട്ടുന്നതിന് ഈ ബില്ലിൽ വ്യവസ്ഥകളുണ്ടോയെന്നു നോക്കിയാൽ മിക്കവാറും ഇല്ലെന്നുതന്നെ പറയാം. ഭൂമി സാധാരണക്കാരനു കിട്ടണമെങ്കിൽ മനഃപൂർവ്വം ശ്രമിക്കണമെന്നു അതിലേക്കുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കണം. അങ്ങനെനോക്കിയാൽ ഈ ബില്ലിൽ ഇക്കാര്യത്തിൽ ഇനിയും വളരെ കുറവുകൾ പരിഹരിക്കേണ്ടതായിട്ടുണ്ടെന്ന് കാണാം. അതുകൊണ്ട് ഈ ബിൽ സെലക്ററുകമ്മിററിക്കു അയയ്ക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും സെലക്ററുകമ്മിററി അംഗങ്ങളും ഈ കാര്യത്തെപ്പററി പ്രത്യേകം ചിന്തിക്കണമെന്നു എനിക്കൊരു അപേക്ഷയുണ്ട്. ബില്ലിലെ മറെറാരു പോരായ്മ ആറുമാസത്തിനുള്ളിൽ അധികം വരുന്ന ഭൂമിയുടെ കൈവശാവകാശം കൈമാററം ചെയ്യുമെന്ന് വ്യവസ്ഥയുണ്ട്. സർ, ഈ കാലയളവ് വളരെ കുറഞ്ഞുപോയെന്നാണ് എനിക്കുപറയുവാനുള്ളതു്. ഞാൻ മുമ്പു പറഞ്ഞ കാരണങ്ങളാൽ ആറുമാസത്തിനുള്ളിൽ വസ്തു ശരിയായ ആളുകൾക്ക് കൈമാററം ചെയ്യാൻ സാധിച്ചില്ലെന്നു വരും. അതുകൊണ്ട് ഈ കാലയളവ് കുറെക്കൂടി ദീർഘിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. ബില്ലിലെ അഞ്ചാം വകുപ്പിനെ സംബന്ധിക്കുന്ന മറെറാരു കാര്യംകൂടി പറയാനുള്ളതു്, ഭൂമി അധികമുള്ളതു പാട്ടത്തിനു കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. ഭൂനയ ബില്ലുകളുടെ അടിസ്ഥാനതത്വം ഈ സഭ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നതു്, മൊത്തത്തിൽ ഭൂമിയുടെ ജന്മിത്വം അവസാനി

പ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. എന്നാൽ ആ ഉദ്ദേശം ഈ ബില്ലിൽ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നുള്ളതു മനസ്സിലാക്കാൻ വളരെ പ്രയാസമാണ്. മാത്രമല്ല ജന്മിത്വം ഇല്ലാത്ത സ്ഥലത്ത് ജന്മിത്വം അരക്കിട്ടുറപ്പിക്കുന്ന വ്യവസ്ഥയാണ് ഈ അഞ്ചാം വകുപ്പിൽ കൊടുത്തിട്ടുള്ളത്. ജന്മിത്വത്തെയും മദ്ധ്യവർത്തികളെയും എന്നന്നേയ്ക്കുമായി അവസാനിപ്പിക്കണമെന്നുള്ള അഭിവാഞ്ഛയോടുകൂടി കൊണ്ടുവന്നിരിക്കുന്ന ധനകാര്യമന്ത്രിയുടെ ഈ ബിൽ ആ ഉദ്ദേശം അതർഹിക്കുന്ന വിധത്തിൽ നിറവേററാൻ തക്കവണ്ണമുള്ള നിബന്ധനകൾകൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ ഈ പോരായ്മകളെല്ലാം സെലക്ററുകമ്മിററി പരിഗണിക്കുമെന്നുതന്നെയാണു ഞാൻ വിശ്വസിക്കുന്നത്.

ഇവിടെ അവതരിപ്പിച്ചിരിക്കുന്ന എല്ലാ ഭൂനയബില്ലുകളും നിയമമായിക്കഴിയുമ്പോൾ ഏതെങ്കിലും വിധത്തിൽ അവ സംസ്ഥാനത്തെ ഉൽപ്പാദനത്തിനു വിഘാതമായി നിൽക്കരുതെന്നു മുൻകൂട്ടി അറിയേണ്ടതാണ്. നമ്മുടെ ഉൽപാദനത്തെക്കൂടി പ്രധാനമായി അടിസ്ഥാനപ്പെടുത്തിയായിരിക്കണം ബില്ലുകൾ കൊണ്ടുവരേണ്ടത്. ഈ ബില്ലുകൊണ്ട് രണ്ടുമൂന്നുതരത്തിൽ ഉൽപാദനം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടെന്ന് ഈ സഭയെ അറിയിക്കാനാണു ഞാൻ ആഗ്രഹിക്കുന്നത്. ഇപ്പോൾതന്നെ, ഈ ബില്ല് നിയമമാകുന്നതിനുമുമ്പുതന്നെ പല കാരണവശാലും കൃഷിയിൽനിന്നും നമുക്കു കിട്ടുന്ന വിളവ് മററു രാജ്യങ്ങളെ അപേക്ഷിച്ചു വളരെ കുറവാണ്. ഉദാഹരണമായി, ജപ്പാനിൽ ഒരേക്കറിൽനിന്നും കിട്ടുന്നത് 3,500 പൗണ്ടു നെല്ലാണ്. ഈജിപ്ററിൽനിന്നും കിട്ടുന്നത് ഒരേക്കറിനു 2,998 പൗണ്ടാണ്. അതേസമയം ഇൻഡ്യയിൽ കിട്ടുന്നത് ഒരേക്കറിനു 1,240 പൗണ്ടു മാത്രമാണ്. ഇങ്ങനെ ഉൽപാദനത്തിനു കുറവു വരുന്നത് നല്ലതരത്തിലുള്ള കൃഷിയായുധങ്ങൾ ഇല്ലാത്തതുകൊണ്ടും ധാരാളം വളം ചേർക്കുന്നതിനുള്ള സാമ്പത്തികശേഷി കുറവായതുകൊണ്ടും ആണെന്നുള്ളതു നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മാത്രമല്ല, നമ്മുടെ ഭൂമിതന്നെ തുണ്ടുതുണ്ടാക്കി വച്ചിരിക്കുകയുമാണ്. ബഹുമാനപ്പെട്ട ചേർപ്പു മെംബർ പറയുന്നതു തുണ്ടുതുണ്ടായി കിടക്കുന്ന ഭൂമികൾ സഹകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ വിപുലമായ തോതിൽ കൃഷി ചെയ്യാവുന്നതാണെന്നാണ്. എന്നാൽ ബഹുമാനപ്പെട്ട മെംബർ പറയുന്നതുപോലെയുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടോയെന്നുള്ളതു ചിന്തിക്കേണ്ടതാണ്. ഇപ്രകാരമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കുന്നതിനും ഞാൻ എതിരല്ല. നമ്മുടെ ഉൽപ്പാദനങ്ങളെ സംബന്ധിച്ചു കുറവു വരുത്തുന്നുള്ള വ്യവസ്ഥകളാണ് ഈ ബില്ലിലെ നാലാം വകുപ്പിലുള്ളത്. അതായത് ഒരാൾക്ക് 15 ഏക്കർ തെങ്ങുംതോപ്പ് ആകാം. 15 ഏക്കർ ഇരുപ്പൂനിലമാകാം. അല്ലെങ്കിൽ 22½ ഏക്കർ ഒരുപ്പൂനിലം ആകാം. അല്ലെങ്കിൽ 30 ഏക്കർ പറമ്പും ആകാം. എന്നാൽ വ്യവസ്ഥയനുസരിച്ചു 30 ഏക്കർ പറമ്പിൽ തെങ്ങുകൃഷി ചെയ്യുകയാണെങ്കിൽ 15 ഏക്കർ തെങ്ങു ഉടനെ കൈമാററം ചെയ്യണമെന്നല്ലേ ബില്ലിൽ പറയുന്നത്? ഈ 30 ഏക്കറും ഉടമസ്ഥൻതന്നെ ദേഹണ്ഡിച്ചു് അനുഭവിക്കാനുള്ള അവകാശം അയാൾക്കുണ്ടായിരിക്കേണ്ടതാണ്. പരീക്ഷാനിർണ്ണയം കഴിഞ്ഞതാലും, ഒരു നിശ്ചിത കാലത്തേയ്ക്കു്, ദേഹണ്ഡങ്ങൾ ചെയ്താലും അതു് മററാൾക്കു വിട്ടുകൊടുക്കേണ്ടിവരികയില്ലെന്നൊരു വ്യവസ്ഥ തീർച്ചയായും വേണ്ടതാണ്. മറെറാരു കാര്യം മിച്ചമുള്ള ഭൂമി പാട്ടത്തിനു കൊടുത്താൽ

[ശ്രീ. സി. എ. മാത്യു]

തന്നെയും പാട്ടക്കാരനു ഭൂമിയെ സംബന്ധിച്ചിടത്തോളവും ഉടമസ്ഥനെ പോലെ ചുമതലയുണ്ടായിരിക്കയില്ല. അന്യഭൂമിയാണെന്നുള്ള വിചാരമായിരിക്കും അയാൾക്കു് എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. വസ്തുവിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു് കഴിഞ്ഞുകൂടാനേ നോക്കുകയുള്ളൂ. ആ നിലയിലും ഉൽപാദനക്കുറവാണുണ്ടാകുന്നതു്. ബില്ലിനെപ്പററി മറെറാരാരോപണം എനിക്കു് ഉന്നയിക്കുവാനുള്ളതു് ചില പ്രത്യേകതരം വസ്തുക്കളെ സംബന്ധിച്ചു ബില്ലിൻെറ പരിധിയിൽനിന്നു ഒഴിവാക്കിയിട്ടുണ്ടു്. ചില വസ്തുക്കളെ സംബന്ധിച്ചു മാത്രം ഒഴിവാക്കുകയാണെങ്കിൽ അവയോടുകൂടി മററുചില വസ്തുക്കളെക്കൂടി ഒഴിവാക്കേണ്ടതാണെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. റബ്ബർ, കാപ്പി, തേയില, ഏലം ഇവ കൃഷിചെയ്യുന്ന എസ്റ്റേററുകളെ ഭൂപരിധി നിർണ്ണയത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ അതേസമയം തെങ്ങിൻതോപ്പുകൾ എന്തുകൊണ്ടു് ഒഴിവാക്കിയിട്ടില്ലായെന്നാണു ഞാൻ ചോദിക്കുന്നതു്. പ്ലാൻേറഷനെ ഒഴിവാക്കാമെങ്കിൽ തെങ്ങുകൃഷിയേയും ഒഴിവാക്കാം. സർ, ഞാനും ഒരു റബ്ബർ കർഷകനും തെങ്ങുകർഷകനുമാണു്. അതു മനസ്സിൽ വച്ചുകൊണ്ടു തന്നെയാണു് ഇതു പറയുന്നതു്. ആദായമെടുക്കുവാനുള്ള എളുപ്പവും, ഉൽപാദനവർദ്ധനവുമാണു് എസ്റ്റേററുകളെ ഒഴിവാക്കുവാനുള്ള കാരണമെങ്കിൽ, അതേ കാരണത്താൽ തെങ്ങുംതോപ്പുകളേയും ഒഴിവാക്കേണ്ടതായിരുന്നു.

ശ്രീ. കെ. സി. ജാർജ്ജ് : പ്ലാൻേറഷനെ ഒഴിവാക്കുന്നതിൽ മെംബർക്കു് എതിരുണ്ടോ?

ശ്രീ. സി. എ. മാത്യു : എനിക്കെതിരല്ലാതെതന്നെ ഒഴിവാക്കിയിരിക്കുകയാണല്ലോ. ഒഴിവാക്കുകയാണെങ്കിൽ ആ കൂട്ടത്തിൽ തെങ്ങിൻ തോപ്പുനെയും ഒഴിവാക്കണമെന്നാണു ഞാൻ പറയുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : കാൺഗ്രസ്സു പാർട്ടിയുടെ അഭിപ്രായമാണോ മെംബർ പറയുന്നതു്?

ശ്രീ. സി. എ. മാത്യു : ആരുടെ അഭിപ്രായമാണെന്നുള്ളതു് എൻെറ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുമെന്നാണു് പറയാനുള്ളതു്.

[Mr. Deputy Speaker in the Chair]

ശ്രീ. എ. താണുപിള്ള : എസ്റ്റേററിനെ ഒഴിവാക്കിയിരിക്കുന്നതു പോലെ തെങ്ങിൻതോപ്പിനെയും ഒഴിവാക്കണമെന്നാണോ, അതോ തെങ്ങിൻതോപ്പിനെ മാത്രം ഒഴിവാക്കണമെന്നാണോ?

ശ്രീ. സി. എ. മാത്യു : കുറെ വസ്തുക്കളെ മാത്രം ഒഴിവാക്കുകയും അതേ അവസരത്തിൽ മററു വസ്തുക്കളെ ഒഴിവാക്കാതെയും ഇരിക്കുന്നതു് ശരിയല്ലെന്നുമാണു് എൻെറ വാദം.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഒരു സാമ്പത്തികസമീകരണം വേണമെന്നാണോ അഭിപ്രായം?

ശ്രീ. സി. എ. മാത്യു: എന്നുതന്നെയാണെന്റെ അഭിപ്രായം. ഞാൻ പറഞ്ഞതു് എന്താണെന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ ചോദ്യം വരികയില്ലായിരുന്നു. സർ, നമ്മുടെ നാട്ടിൽ തെങ്ങുകൃഷി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. എന്നിട്ടും ഈ രാജ്യത്തു് ആവശ്യത്തിനുതന്നെയും ഉൽപാദനം നടക്കുന്നില്ല. അതായതു നമുക്കു് ആവശ്യമുള്ളതിന്റെ ഏകദേശം 65 ശതമാനം മാത്രമെ നാം ഇവിടെ ഉൽപാദിപ്പിക്കുന്നുള്ളു. ബാക്കിയുള്ള 35 ശതമാനം വെളിയിൽനിന്നും ഇറക്കുമതി ചെയ്യുകയാണു്. നാളികേരക്കൃഷിയിൽനിന്നും മററു പല വ്യവസായങ്ങളും നാളികേരത്തിന്റെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്നതും ആ വ്യവസായങ്ങളിൽ അനവധി ആളുകൾ ഉപജീവനം കഴിച്ചുവരുന്നതുമാകുന്നു. അങ്ങനെയുള്ളവർക്കു് ഈ കൃഷിയെ വിപുലപ്പെടുത്തിക്കൊടുക്കുന്നതായാൽ തന്മൂലം തൊഴിലില്ലായ്മയ്ക്കു് ഏതാണ്ടു പരിഹാരമുണ്ടാകും.

തെങ്ങിൻതോപ്പു് എന്നാൽ എന്താണു്, പറമ്പു എന്നാൽ എന്താണു്, അവയിലെ ആദായങ്ങളെ സംബന്ധിച്ചു കാര്യങ്ങളൊക്കെ എന്താണു് എന്നൊന്നും ഈ ബില്ലിൽ വ്യക്തമായിട്ടു കാണുന്നില്ല. മറെറാന്നു ഫാമിലിയെ സംബന്ധിച്ചു ശരിയായ ഒരു നിർവചനം ബില്ലിൽ കൊടുത്തിട്ടില്ല. അതുകൊണ്ടു് സാധാരണക്കാർക്കു പലവിധത്തിലുള്ള ഉപദ്രവങ്ങളും ഉണ്ടാകാനിടയുണ്ടു്. അതുപോലെതന്നെ ബില്ലിൽ പറഞ്ഞിരിക്കുന്ന ഫെയർ റെൻറിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട പല മെംബർമാരും ഇവിടെ സംസാരിച്ചു കഴിഞ്ഞിരിക്കുകയാണു്. ആ സ്ഥിതിക്കു് എനിക്കു അതിനെപ്പററി കൂടുതലായൊന്നും പറയാനില്ല. അവസാനമായി ഒരു പ്രത്യേക കാര്യം ഈ സഭയുടെയും പ്രത്യേകിച്ചു സെലക്ററുകമ്മിററിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു് എന്തെന്നാൽ ഒരുത്തൻ കൃഷിക്കാരനായിപോയി എന്നുള്ള കാരണത്താൽ അവന്റെ സമ്പാദ്യത്തെ മാത്രം പരിധി നിർണ്ണയിച്ചാൽ മതിയോയെന്നു ചിന്തിക്കേണ്ടതാണു്. നേരെ മറിച്ചു് ബ്ലാക്കുമാർക്കററു നടത്തി അനവധി പണം സമ്പാദിച്ചിരിക്കുന്ന വ്യക്തികളുടെ സമ്പാദ്യത്തിന്റെ അളവു് നിയന്ത്രിക്കാതെ ഈ രാജ്യത്തെ 84 ശതമാനംവരുന്ന കർഷകർ കഠിനാദ്ധ്വാനം ചെയ്തു് ഈ രാജ്യത്തെ തീററിപ്പോററുന്ന അവരുടെ രക്തം വിയർപ്പുതുള്ളികളായി മാറിയതിനുശേഷം ഉണ്ടാക്കിയിരിക്കുന്ന സമ്പാദ്യങ്ങളുടെ പരിധി നിർണ്ണയിക്കാൻ തുടങ്ങുന്നതു് എന്തു മാനദണ്ഡത്തിലാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. കെ. സി. ജാർജ്ജ്: മുതലാളിമാരുടെ സമ്പാദ്യങ്ങളെ സംബന്ധിച്ചിടത്തോളം പരിധി നിർണ്ണയിക്കുന്ന ഒരു ബില്ലു് കൊണ്ടുവരുന്നതു് മെംബർക്കു് ഇഷ്ടമാണോ?

ശ്രീ. സി. എ. മാത്യു: അങ്ങനെ കൊണ്ടുവരുന്നതിൽ എനിക്കു ഒരു വിരോധവുമില്ല. പക്ഷെ, കർഷകരെ മാത്രം നിരുത്സാഹപ്പെടുത്തുന്ന ഒരു ബില്ലു മാത്രമായി നിയമമാക്കുവാൻ പാടില്ലെന്നുള്ളതാണു എന്റെ വാദം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: യഥാർത്ഥത്തിൽ ബ്ലാക്കുമാർക്കററുകാരുടെ സ്വത്തുക്കൾക്കു പരിധി നിർണ്ണയം വേണമെന്നു മെംബർ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. സി. എ. മാത്യു : ഞാൻ പറഞ്ഞതു് ബ്ലാക്കുമാർക്കററ ചെയ്തു അമിതമായ രീതിയിൽ ധനം സമ്പാദിച്ചിട്ടുണ്ടെങ്കിൽ അവയെ നിയന്ത്രിക്കാൻ ഒരുങ്ങാതെ കർഷകന്റെ സമ്പാദ്യത്തെ മാത്രം നിയന്ത്രിക്കാൻ ഒരു ബിൽ കൊണ്ടുവരുന്നതു് അത്ര ശരിയല്ലെന്നാണു്. അതുകൊണ്ടു് കർഷകരെ സംബന്ധിച്ചിടത്തോളവും അവർക്കു് ആശ്വാസകരമായ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നു മാത്രമെ എനിക്കു അഭിപ്രായമുള്ളു. അങ്ങനെ ചെയ്തില്ലെങ്കിൽ രാജ്യത്തുള്ള കർഷകർ കർഷകവൃത്തിയിൽനിന്നും ഒഴിഞ്ഞുമാറാൻ നിർബന്ധിതരായിത്തീരുമെന്നുള്ളതു തീർച്ചയാണു്. തന്മൂലം കാർഷിക ഉത്പാദനംതന്നെ കുറഞ്ഞുപോകാൻ സാദ്ധ്യതയുണ്ടു്. ഈ കാര്യങ്ങളെല്ലാം ഗവണ്മെൻറും സെലക്ററുകമ്മിററിയുമായി പര്യാലോചന നടത്തണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഈ ബിൽ സെലക്ററുകമ്മിററിക്കു അയയ്ക്കേണ്ടതാണെന്നു് അപേക്ഷിക്കുന്നു.

ശ്രീ. സി. ജി. സദാശിവൻ : സർ, ഭൂപരിധിനിർണ്ണയം എന്ന തത്വം നമ്മുടെ രാജ്യത്തിലെ ജനങ്ങളെ ഏററവും കൂടുതൽ ആകർഷിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്തിട്ടുള്ള ഒന്നാണു്. ജന്മിത്വം അവസാനിപ്പിച്ചു് കൃഷിഭൂമി യഥാർത്ഥ കർഷകർക്കു് ലഭിക്കണമെന്നുള്ള പ്രക്ഷോഭണം ശക്തിയും വ്യാപ്തിയും പ്രാപിച്ച അവസരത്തിൽ ആണു് ഈ മുദ്രാവാക്യം കാൺഗ്രസ്സു് നേതാക്കന്മാർ ഉയർത്തിപ്പിടിക്കാൻ തുടങ്ങിയതു്. കാൺഗ്രസ്സു് നേതാക്കന്മാർ ഇതു പറഞ്ഞു തുടങ്ങിയെങ്കിലും കാൺഗ്രസ്സിന്റെ ഔദ്യോഗിക വൃത്തങ്ങളിൽനിന്നു് ഇതു കേൾക്കുവാൻ തുടങ്ങിയതു് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമാണു്.

1947-നു ശേഷം പണ്ഡിററു് നെഹ്റു അദ്ധ്യക്ഷനായിട്ടു് ഒരു Economic Programme കമ്മിററി സംഘടിപ്പിക്കപ്പെട്ടു. ഈ കമ്മിററിയാണു് ഔദ്യോഗികമായി ആദ്യം ഭൂപരിധിനിർണ്ണയം ഉന്നയിച്ചതു്. ഇതിനുശേഷം കാൺഗ്രസ്സിന്റെ നാഗപ്പൂർ സെഷൻ, ഡാക്ടർ കുമരപ്പാ അദ്ധ്യക്ഷനായിട്ടു് മറെറാരു കമ്മിററിയെ നിയോഗിച്ചു. ഈ കമ്മിററിയും ഭൂപരിധിനിർണ്ണയതത്വം ശക്തിയായി ഉന്നയിച്ചു.

ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളുടെ നേരെ മനോഹരമായ മുദ്രാവാക്യങ്ങൾ ഉയർത്തിക്കാണിച്ചു് അവരെ കബളിപ്പിക്കുകയല്ലാതെ അവയെ സത്യസന്ധമായി നടപ്പിലാക്കണമെന്നു് കാൺഗ്രസ്സിനു് നിർബന്ധമില്ലെന്നുള്ളതു് ഇന്നു് പലർക്കു ബോദ്ധ്യമാണു്. കാൺഗ്രസ്സിന്റെ അനന്തരനടപടികൾ അതിനു തെളിവാണു്.

നെഹ്റുവും, കുമരപ്പായും അദ്ധ്യക്ഷന്മാരായുള്ള കമ്മിററികൾ പരിധിനിർണ്ണയം ശക്തിയായി ശുപാർശചെയ്തിട്ടും 51-ലെ പൊതു തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സു് രാജ്യത്തിന്റെ മുമ്പാകെ വച്ച തിരഞ്ഞെടുപ്പു പ്രകടനപത്രികയിൽ ഈ തത്വം ഉൾക്കൊള്ളിച്ചില്ല. തിരഞ്ഞെടുപ്പിൽ കർഷകലക്ഷങ്ങളുടെ ഈ ആവശ്യം ഉയർത്തിപ്പിടിച്ചിരുന്ന ജനാധിപത്യ പാർട്ടികൾക്കു് കിട്ടിയ വിജയം വീണ്ടും പരിധിനിർണ്ണയമുദ്രാവാക്യം ഉയർത്തിപ്പിടിക്കാൻ കാൺഗ്രസ്സിനെ നിർബന്ധിച്ചു.

അതുകൊണ്ടു് നാഷനൽ പ്ലാനിംഗ് കമ്മീഷനും പരിധിനിർണ്ണയം അംഗീകരിച്ചു. എന്നാൽ കേന്ദ്രഗവണ്മെൻറു് ഇതേവരെ അംഗീകരിച്ചിട്ടില്ലെന്നുമാത്രമല്ല ഇതനുസരിച്ചുള്ള നിയമനിർമ്മാണങ്ങൾക്കു വേണ്ടി

മുന്നോട്ടുവന്ന സംസ്ഥാനങ്ങളെ കേന്ദ്രം തടസ്സപ്പെടുത്തുകയാണ ചെയ്തത്.

1953-ൽ കേന്ദ്രകൃഷിവകുപ്പുമന്ത്രി പഞ്ചാബ് റാവു ദേശ്മുഖ് സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുമന്ത്രിമാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. അതിൽവച്ച് പരിധിനിർണ്ണയതത്വം അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണങ്ങളെ ദേശ്മുഖ് എതിർത്തു. ഡൽഹി സംസ്ഥാനവും, ഹിമാലയസംസ്ഥാനവും തയ്യാറാക്കിയ നക്കൽ നിയമങ്ങൾ കേന്ദ്രം തള്ളിക്കളയുകയാണചെയ്തത്.

എ. ഐ. സി. സി. പ്രസിദ്ധീകരണമായ Law Reforms in India എന്ന പുസ്തകത്തിൽ ശ്രീ. മാളവ്യ കേന്ദ്രമന്ത്രിയുടെ ഈ നയത്തെ വിമർശിച്ചിട്ടുണ്ട്. അന്നത്തെ കാൺഗ്രസ്സ് ജനറൽ സെക്രട്ടറി ശ്രീ. അഗർവാൾ എക്കണാമിക്ക് റെവ്യൂവിൽ എഴുതിയ ഒരു ലേഖനത്തിൽ കേന്ദ്രത്തിന്റെ ഈ നയത്തെ കൂടുതൽ നിശിതമായി വിമർശിച്ചിട്ടുണ്ട്.

സർ, പല സംസ്ഥാനങ്ങളിലും കാൺഗ്രസ്സ് നടപ്പിലാക്കിയിട്ടുള്ള നിയമങ്ങളെപ്പററി ഒരു സ്നേഹിതൻ ഇവിടെ പ്രതിപാദിച്ചു. ഭാവിയിൽ സമ്പാദിക്കുന്നതിനു മാത്രമേ ആ നിയമങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളൂ.

സർ, ഏററവും ജനനിബിഡമായ നമ്മുടെ സംസ്ഥാനത്ത് ഭൂദാഹം ഇൻഡ്യയുടെ മറേറതൊരു ഭാഗത്തേക്കാളും കൂടുതലാണെന്നുള്ളതും അവിതർക്കിതമാണല്ലോ. ഭൂമിക്കുവേണ്ടി നമ്മുടെ സംസ്ഥാനത്തു നടന്നിട്ടുള്ള പ്രക്ഷോഭണങ്ങൾ നാം അനുസ്മരിക്കണം. 1948-ലെ സ്റ്റേററുകാൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പു പ്രകടനപത്രികയിൽ പരിധിനിർണ്ണയം ഉൾക്കൊള്ളിക്കാൻ നിർബന്ധിതമായവിധം ഇവിടെ അത്രമാത്രം ശക്തമായ ഒരു പ്രക്ഷോഭണം വളർന്നിരുന്നു. എന്നാൽ ആറേഴുകൊല്ലം കഴിഞ്ഞു കാൺഗ്രസ്സ് ഒരു റിപ്പോർട്ടാണു നമുക്കു തരുന്നതു്. അതിൽത്തന്നെ ഭാവിയിലെ സമ്പാദ്യത്തിന്മേലേ നിയന്ത്രണം ശുപാർശചെയ്തിരുന്നുള്ളൂ. അതിനിന്നു് വ്യത്യസ്തമായി ഇന്നു് കൈവശമുള്ള ഭൂമിയുടെ മേലും പരിധി നിർണ്ണയം ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അത്രയ്ക്കൊരു വ്യത്യാസമല്ലാതെ മററു യാതൊരു വ്യത്യാസവും ഈ ബില്ലും കാൺഗ്രസ്സ് ബില്ലുകളും തമ്മിൽ ഇല്ല. പാട്ടഭാരത്തിൽനിന്നു് വിമോചിപ്പിച്ചു് ജന്മിത്വത്തെ നശിപ്പിച്ചു് കൃഷിഭൂമി കൃഷിക്കാരനുതന്നെ കിട്ടത്തക്ക വ്യവസ്ഥകളും ഈ ബില്ലിൽ ഇല്ലതന്നെ. എന്നാൽ ഭൂമിയിലുള്ള കുത്തകാധിപത്യത്തെ തകർക്കാനുള്ള ഒരു കാൽവയ്പ് ഈ ബില്ലിൽ ഉണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നതു്.

സർ, പരിധിനിർണ്ണയിക്കണമെന്നതുകൊണ്ടു് കൃഷിക്കാരൻ മനസ്സിലാക്കിയിട്ടുള്ളതു്, അവരെ ധരിപ്പിച്ചിട്ടുള്ളതു്, അവർ കൃഷിചെയ്യുന്ന ഭൂമിയുടെ ഉടമ അവനായിരിക്കുമെന്നാണ്. എന്നാൽ എന്താണു സർ, ഇവിടെ ഈ ബിൽ ചെയ്യുന്നതു്? ഭൂമിയുടെ കൈവശാവകാശത്തിനു് ഉറപ്പുകൊടുക്കുന്നു. പക്ഷെ അതിൽ ഉണ്ടാകുന്ന വിളവു് ഇപ്പോഴും ജന്മിയുടേതുതന്നെയാണ്. അവൻ അക്രമപ്പാട്ടം കൊടുക്കണം. സർ, പ്രതിഫലം കൂടാതെ ജന്മിത്വം അവസാനിപ്പിക്കുന്നതിനു തടസ്സമായി ഭരണഘടന നിൽക്കുന്നുണ്ടെന്നു് എനിക്കറിയാം. എന്നാൽ നിയമത്തിന്റെ അകത്തു നിന്നുകൊണ്ടുതന്നെ പോകാവുന്നതിന്റെ അങ്ങേ

[ശ്രീ. സി. ജി. സദാശിവൻ]

അററത്തെ പരിധിവരെ പോയി ഏററവും ലഘുവായ ഒരു പാട്ടം നിശ്ചയിക്കുവാൻ സാധിക്കുന്നതാണ്. അതു ചെയ്യണമെന്നു് എനിക്കു നിർദ്ദേശമുണ്ട്.

പരിധിനിർണ്ണയിക്കണമെന്നു പറയുന്നതു് പ്രയത്നശാലികളായ യഥാർത്ഥ കർഷകർക്കു് കർഷകത്തൊഴിലാളികൾക്കു് ഭൂമി കിട്ടുന്നതിനു വേണ്ടിയാണ്. എന്നാൽ മുൻകൂർ പാട്ടവും, ജാമ്യവും മററും കൊടുത്തു് കർഷകത്തൊഴിലാളികൾക്കു് ഭൂമി ലഭിക്കുന്നതിനുള്ള സൗകര്യം ഇല്ലെന്നു് ആർക്കും അറിയാവുന്നതാണ്. അതുകൊണ്ടു് ഈ വ്യവസ്ഥകൾ നീക്കണം.

സർ, മൂന്നാം വകുപ്പുതന്നെ നീക്കം ചെയ്യേണ്ടതാണ്. അതിൽ പറയുന്ന ഇനം ഭൂമികൾ ഒഴിവാക്കിയാൽപ്പിന്നെ വിതരണത്തിനു് കാര്യമായി ഭൂമിയൊന്നും നമ്മുടെ സംസ്ഥാനത്തു് ഉണ്ടായിരിക്കുകയില്ല. കാർഷികസഹകരണസംഘത്തിന്റെ കൈവശമുള്ള ഭൂമി വേണമെങ്കിൽ ഒഴിവാക്കാം. മററു യാതൊരിനവും ഒഴിവാക്കാൻ പാടില്ല. ഇവയെല്ലാം ഒഴിവാക്കിയാൽ അഞ്ചു്, ആറു് ലക്ഷം ഏക്കർ ഭൂമി വിതരണത്തിൽ നഷ്ടപ്പെടും. Trusts & Companies ഒക്കെ ഒഴിവാക്കുന്നതുകൊണ്ടു് ഈ ബില്ലിനെ തോൽപ്പിക്കാൻ ഇപ്പോൾതന്നെ ഭൂസ്വാമിമാർ മക്കളെയും, മരുമക്കളെയും, ഭാര്യയെയും, ഉററബന്ധുക്കളെയും ഒക്കെ ചേർത്തു് കമ്പനികൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടു് മൂന്നാം വകുപ്പു് പാടെ നീക്കം ചെയ്യേണ്ടതാണ്.

ഇനിയും വളരെ പ്രധാനമായ ഒരുകാര്യം കൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഭൂവിതരണത്തിനു് ചുമതലപ്പെടുത്തിയിരിക്കുന്ന ലാൻഡ് ട്രിബ്യൂണൽസ്നെപ്പററിയാണ്. ജഡ്ജി, ഗവണ്മെൻറ സെക്രട്ടറി എന്നിവരെപ്പോലുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരെയാണ് ട്രിബ്യൂണലായിട്ടു് നിശ്ചയിക്കുന്നതു്. സർ, ഇതുപോലെയുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി കാൺഗ്രസ്സ് ഗവണ്മെൻറ് ഭൂവിതരണം നടത്തിയ അനുഭവം നമ്മുടെമുൻപാകെയുണ്ട്. പലപല കൃത്രിമങ്ങളിൽക്കൂടി വലിയ പണക്കാരായ കെ. എൻ. ശങ്കുണ്ണിപ്പിള്ളമാരും, തങ്ങൾകുഞ്ഞു മുസലിയാരന്മാരും ഭൂമി തട്ടിക്കൊണ്ടുപോകുകയും ഭൂമിയില്ലാത്തവർക്കു് കിട്ടുകയും ചെയ്തില്ലെന്നുള്ളതു് എല്ലാവർക്കും അറിവുള്ളതാണ്.

ഏററവും ജനാധിപത്യപരമായ ഒരു നടപടി പ്രയോഗത്തിൽ കൊണ്ടുവരാൻ ഉദ്യോഗസ്ഥദുഷ്പ്രഭുത്വപാരമ്പര്യത്തിൽ വളർന്നു് തഴമ്പിച്ചിട്ടുള്ളവർക്കു് സാദ്ധ്യമല്ലതന്നെ. നമ്മുടെ പബ്ലിക്ക്സർവ്വീസിനെ പററി ഈ അവസരത്തിൽ ഒന്നു് ഓർമ്മിക്കണം. ഓരോ കാലത്തും ഓരോ സമുദായവും, ജനവിഭാഗമാകയും അവകാശങ്ങൾക്കുവേണ്ടി പ്രക്ഷോഭണങ്ങളിലിറങ്ങിയിട്ടുള്ളപ്പോഴെല്ലാം അതിനെതിരായി പ്രവർത്തിച്ചു് അതിന്റെ പേരിൽ ഉദ്യോഗങ്ങളിൽ കയറിപ്പററിയിട്ടുള്ളവരാണ് അധികവും. നൂററാണ്ടുകളായി നമ്മുടെ രാജ്യത്തെയും ജനങ്ങളെയും അടിച്ചുമർത്തി കൊള്ളചെയ്യുന്നതിനുവേണ്ടി സ്വേച്ഛാധിപത്യശക്തികൾ സംഘടിപ്പിച്ചുവച്ചിരുന്ന ഒന്നാണ് നമ്മുടെ പബ്ലിക്ക്സർവ്വീസ്. ജനദ്രോഹത്തിലും ജനമർദ്ദനത്തിലും തഴച്ചുവളർന്നിട്ടുള്ളതാണ് അതു്. എന്നും ജനതയുടേയും ദേശത്തിന്റേയും ഹൃദയത്തുടിപ്പുകൾക്കെതിരായേ

അവരുടെ ഹൃദയങ്ങൾ ഇടിച്ചിട്ടുള്ളതു. അതുകൊണ്ടു് ജനങ്ങളോടൊന്നിച്ചു നിന്നു് ഈ പരിപാടി അങ്ങേഅററം ജനാധിപത്യപരമായി വിജയിപ്പിക്കുവാൻ അവക്കു സാദ്ധ്യമല്ല. അതുകൊണ്ടു് ഓരോസ്ഥലത്തും കർഷകത്തൊഴിലാളികളുടേയും കർഷകരുടേയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളടങ്ങുന്ന ഒരു ട്രിബ്യൂണൽ ആണു് ഉണ്ടാകേണ്ടതു്. അതിനുള്ള വ്യവസ്ഥകൾ സെലക്ട് കമ്മിററി ഉൾക്കൊള്ളിക്കണമെന്നു് എനിക്കു നിർബന്ധമുണ്ടു്.

അവസാനമായി ഒരുകാര്യംകൂടി. ബില്ലു് പാസ്സായി ആറുമാസം കഴിഞ്ഞിട്ടു് ഭൂമി ട്രിബ്യൂണലിനെ ഏർപ്പെടുത്തിയാൽ മതിയെന്ന വ്യവസ്ഥ നീക്കം ചെയ്യണം. ബില്ലു് പാസ്സായാൽ അന്നുമുതൽ അധികഭൂമി ഗവണ്മെൻറിന്റെ അധീനതയിൽ വരത്തക്ക വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണം. ഇല്ലെങ്കിൽ ബില്ലിനെ തോൽപ്പിക്കത്തക്ക പല തിരുമറികളും ചെയ്യുവാൻ അവസരം കൊടുക്കുകയായിരിക്കും ഫലം.

ഈ വാക്കുകളോടുകൂടി എന്റെ പ്രസംഗം ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. എ. ജെ. ജാൺ : സർ, ഈ ബില്ലു് സെലക്ററുകമ്മിററിക്കു് അയയ്ക്കണമെന്നുള്ള റവന്യൂമന്ത്രിയുടെ ഉപക്ഷേപത്തെ ഞാൻ

12 Noon.] അനുകൂലിക്കുന്നു. ഭൂനയം സംബന്ധിച്ചു് ഇൻഡ്യയിലെ എല്ലാ സ്റ്റേററുകളിലും തന്നെ പരിഷ്കാരങ്ങൾ ഉണ്ടാക്കണമെന്നു് പ്ലാനിംഗ്കമ്മീഷൻ റിപ്പോർട്ടിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ടു്. ആ പരിഷ്കാരങ്ങൾ ഉണ്ടാക്കുന്നതിലേയ്ക്കു് എടുക്കേണ്ടതായ നടപടികളും ഏകദേശമായിട്ടു് പ്ലാനിംഗ്കമ്മീഷൻ റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ടു്. ഭൂനയംസംബന്ധിച്ചു് ഒരു ബിൽ തയ്യാറാക്കുന്നതിനുമുമ്പു് ഒരു സെൻസസ്സു് നടത്തേണ്ടതു ഏററവും ആവശ്യമാണെന്നു് പ്ലാനിംഗ്കമ്മീഷൻ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഓരോ സ്ഥലത്തുമുള്ള ഓരോ വ്യക്തിക്കും കൈവശമുള്ള വസ്തുക്കൾ എത്രയെന്നും, പാട്ടം കൊടുത്തിരിക്കുന്ന വസ്തുക്കൾ എത്രയെന്നും, കൈവശമുള്ളതിൽ നിലം എത്ര, പുരയിടം എത്ര എന്നും അതിൽ ഓരോന്നിലുമുള്ള ആദായം എത്രയെന്നും ഉള്ള വിവരങ്ങൾ എടുക്കണമെന്നാണു് ഈ സെൻസസ്സുകൊണ്ടു് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. ആർ. ഗൗരി : അച്യുതമേനോൻ കമ്മിററി ഒരു കണക്കെടുത്തിരുന്നല്ലോ. അതു ഒരു സെൻസസ്സായി വകവയ്ക്കുകയില്ലേ?

ശ്രീ. എ. ജെ. ജാൺ : ആ റിപ്പോർട്ടു് എന്റെ കയ്യിലുണ്ടു്. അതിനെപ്പററി ഞാൻ പറയാം.

ഒരു ശരിയായ സെൻസസ്സു് എടുക്കേണ്ടതു് ആവശ്യമാണെന്നു് പ്ലാനിംഗ്കമ്മീഷൻ പറഞ്ഞതനുസരിച്ചു് മിക്കവാറും എല്ലാ സ്റ്റേററുകളും സെൻസസ്സു് എടുക്കാൻ നടപടി ആരംഭിക്കയും ചില സ്റ്റേററുകൾ ആ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടു്. ഇന്നു രാവിലെ റവന്യൂമന്ത്രി നൽകിയ ഒരു ഉത്തരത്തിൽനിന്നും മനസ്സിലാകുന്നതു് ഇവിടെ ഒരു സംബന്ധിച്ചു സർവ്വെ നടത്തണമെന്നുദ്ദേശിച്ചു് അതിലേയ്ക്കുവേണ്ട നടപടികൾ നടത്തുന്നു എന്നാണു്. ഇതു സംബന്ധിച്ചു് പ്ലാനിംഗ്കമ്മീഷന്റെ പ്രോഗ്രസ്സു് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു ഇങ്ങനെയാണു്.

[ശ്രീ. എ. ജെ. ജോൺ]

P. 113 of the Progress Report of the Planning Commission for 1953-54, September 1954.

"Census of Land Holdings :—In making its recommendations on Land Policy, the Planning Commission drew attention to the inadequate information available regarding the distribution and size of holdings particularly in respect of areas under the personal cultivation of landlords and areas leased by them. The Planning Commission recommended that all States should co-operate in conducting a Census of Land Holdings and Cultivation. After consultation with the Planning Commission and the Central Statistical Organisation of the Cabinet Secretariat, the Ministry of Food and Agriculture addressed the State Governments requesting them to draw up a programme for conducting the Census and suggesting the lines on which it might be conducted. It was proposed that the Census should be carried out on the basis of complete enumeration in areas where annual village records are maintained and in areas where such records are not available, the State Governments were requested to suggest alternative methods.

Almost all the State Governments have agreed to conduct the Census more or less on the lines suggested by the Government of India.

The Travancore-Cochin Government are, however, of the opinion that it is not very essential for them to conduct a Census as they have adequate material for their land policy in the data collected by the Land Policy Committee set up in 1949.

The West Bengal and Bihar Governments have suggested a sample survey because of the lack of village records and the Rajasthan Government have suggested a sample survey in areas where records are not available."

ഇതിൽനിന്നും വില്ലേജുറിക്കാർഡുകൾ ഇല്ലാത്ത സ്റ്റേറ്റുകളിലാണ് സാമ്പിൾസർവ്വെ നടത്തുന്നതെന്നു കാണാൻ കഴിയും. ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം റിക്കാർഡുകൾ എല്ലാംതന്നെ ഉണ്ടെന്നാണ് എനിക്കു തോന്നുന്നത്. ആ സ്ഥിതിക്ക് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഒരു ശരിയായ സെൻസസ്സ് നടത്തേണ്ടതു് വളരെ ആവശ്യമാണ്. എന്നാൽ ഇതിനു സമാധാനമായി ഗവണ്മെന്റു പറഞ്ഞിരിക്കുന്നതു്. 1949-ലെ ലാൻഡുപോളിസി കമ്മിററിയിൽ ആവശ്യമായ ഡേററാകൾ ഉണ്ടെന്നാണ്. ആ റിപ്പോർട്ടിൽ കൊടുത്തിരിക്കുന്നതു് നിലങ്ങളിത്ര, പുരയിടങ്ങളിത്ര, ഒരുപ്പൂവു നിലം ഇത്ര, ഇരുപ്പൂവു നിലം ഇത്ര, കരം കൊടുക്കുന്ന തുകകൾ ഇത്രയിത്ര ഇവയെല്ലാമാണ്. ഇതല്ലാതെ ഒരു സെൻസസ്സ് സംബന്ധിച്ചു വിശദമായ വിവരങ്ങൾ യാതൊന്നുമില്ല. ഒരുവേള ആ റിപ്പോർട്ടിലുണ്ടെന്നു പ്ലാനിംഗ്കമ്മീഷന്റെ സ്പെഷ്യൽകമ്മററിയെ ധരിപ്പിച്ചതിന്റെ ഫലമായിട്ടായിരിക്കാം സാമ്പിൾസർവ്വെ മതിയാകുമെന്നു് നിശ്ചയിച്ചിരിക്കുന്നതു്. സെൻട്രൽ ഗവണ്മെൻറിന്റെ അഡ്വൈസ് കിട്ടിയിട്ടുണ്ടെന്നു് പറഞ്ഞിട്ടുണ്ടെങ്കിലും ഒരു സർവ്വെ നടത്താനുള്ള അഡ്വൈസ് എന്താണെന്നു മനസ്സിലായിട്ടില്ല. അതിനെ

പ്പററി മറുപടിയിൽ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇൻഡ്യയിലെ മററുഭാഗങ്ങളിൽ ഏതാനും മാസങ്ങൾകൊണ്ടു് വിളവെടുക്കത്തക്ക കൃഷിയാണു് നടക്കുന്നതു്. അതായതു്, നെല്ലു്, ഗോതമ്പു് ആട്ടു്, കോട്ടൺ ഈവക സാധനങ്ങളാണു്. ഇതെല്ലാം Short term crops ആണു്. ഒരുവേള അവിടെയെല്ലാം സെൻസസ്സു് എടുത്തില്ലെങ്കിൽത്തന്നെയും ഭൂമി സംബന്ധിച്ചു നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും. നേരേ മറിച്ചു് തിരുവിതാംകൂറിലെ സ്ഥിതി അതല്ല. ഇവിടെ മിക്കവാറും സ്ഥിരഭോഗ്യമാണു്. തെങ്ങുതന്നെ എടുക്കുകയാണെങ്കിൽ എട്ടും പത്തും പതിനഞ്ചും കൊല്ലം അതിലേയ്ക്കു് മുതൽ മുടക്കുന്നുണ്ടു്. അങ്ങിനെയുള്ള തെങ്ങുകൃഷിയുടേയും മററും വിവരങ്ങളറിയാൻ ഏക്കറേക്കുമാത്രം അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുകയാണെങ്കിൽ അതു വലിയ ആപത്തിനു ഇടയാകുമെന്നാണു് എനിക്കു് പറയാനുള്ളതു്. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് അതായതു് ഏക്കർ മാത്രം ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള ഈ ബില്ലനുസരിച്ചു് അതു് മതിയാകുമായിരിക്കാം. സെൻട്രൽകമ്മിററി ഫാർ ലാൻഡ് റീഫാംസ് എന്നൊരു കമ്മിററി രൂപീകരിക്കയും ഭൂനയം സംബന്ധിച്ചുള്ള കാര്യങ്ങൾ അവരുടെ ഉപദേശങ്ങളെ ആശ്രയിച്ചായിരിക്കണമെന്നു് വ്യവസ്ഥചെയ്യുകയും ചെയ്തിട്ടുള്ള സ്ഥിതിക്കു് അവരുടെ അഡ്വൈസു് ഏതു വഴിത്തിൽ വന്നിരിക്കുന്നു എന്നു് അറിയാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഞാനിപ്പോൾ കൂടുതലൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. തിരുവിതാംകൂർ–കൊച്ചിയിലെ പരിതസ്ഥിതി പ്രത്യേകമായി അറിയിച്ചു് ഒരു സെൻസസ്സു് എടുക്കുന്നതിനു് ധനസഹായം വേണമെങ്കിൽ അതു് സെൻട്രലിൽനിന്നും വാങ്ങി ശരിയായ ഒരു സെൻസസ്സു് എടുത്തു് രാജ്യരക്ഷയ്ക്കുതകുന്ന ഒരു ബിൽ കൊണ്ടുവരേണ്ടതായിരുന്നു. സെൻസസ്സു് എടുക്കാത്തതുകൊണ്ടു് ഈ ബില്ലിൻെറ ചർച്ച മാററിവയ്ക്കണമെന്നു് ഞാൻ ആവശ്യപ്പെടുകയല്ല. എല്ലാ വിഭാഗങ്ങൾക്കും പൂർണ്ണമായ തൃപ്തിയുണ്ടാക്കുന്നതിനു് അപ്രകാരം ഒരു സെൻസസ്സു് എടുക്കേണ്ടതു് ആവശ്യമാണെന്നാണു് ഞാൻ പറയുന്നതു്. ഭൂനയം സംബന്ധിച്ചു നിയമങ്ങൾ ഉണ്ടാക്കുന്നതു് പ്ലാനിംഗ്കമ്മീഷൻെറ വ്യവസ്ഥകളനുസരിച്ചാണെങ്കിൽ ആദ്യമായി ഉണ്ടാക്കേണ്ടതു് ലാൻഡ് മാനേജുമെൻറ് ലജിസ്ലേഷനാണു്. രണ്ടാമതാണു് ലാൻഡു റീഫാംസ് ലജിസ്ലേഷൻ ഉണ്ടാക്കേണ്ടതു്. ലാൻഡു് മാനേജുമെൻറ്ലജിസ്ലേഷൻെറ ഉദ്ദേശം രാജ്യത്തു ശരിയായി കൃഷി ചെയ്യാത്ത സ്ഥലം ഏത്രയുണ്ടെന്നന്വേഷിച്ചു് അതെല്ലാം ശരിയായ രീതിയിൽ കൃഷി ചെയ്തു് ഉൽപന്നങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതാണു്. തിരുവിതാംകൂർ-കൊച്ചിയിലെന്നല്ല, ഇൻഡ്യയിൽ പൊതുവെ ഉൽപ്പന്നങ്ങളെ വർദ്ധിപ്പിക്കുക എന്നുള്ളതിനു് പ്രാധാന്യം നൽകിക്കൊണ്ടു്, നിയമനിർമ്മാണം ചെയ്യണമെന്നാണു് പ്ലാനിംഗ്കമ്മീഷൻ പറഞ്ഞിട്ടുള്ളതു്. അതിലേയ്ക്കു് യാതൊരു നടപടിയും ഇവിടെ തുടങ്ങിയിട്ടില്ലെന്നു കാണുന്നു. ലാൻഡു് മാനേജുമെൻറ് നിയമപ്രകാരം ശരിയായും ശാസ്ത്രീയമായും കൃഷിചെയ്യാതിരിക്കുന്ന ഭൂമി ഗവണ്മെൻറ പ്രതിഫലം കൊടുത്തെടുത്തു് ശരിയായ രീതിയിൽ കൃഷി ചെയ്യുകയോ അല്ലെങ്കിൽ കോവാപ്പറേററീവ് ബസിസിൽ കൃഷി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയോ ചെയ്യണമെന്നാണു്. എനിക്കു് പറയുവാനുള്ളതു്. ലാൻഡുറീഫാംസ് സംബന്ധിച്ചു് ആദ്യമായി ചെയ്യേണ്ടതു് പ്ലാനിംഗ്കമ്മീഷൻ റിപ്പോർട്ടിൽ വിവരിക്കുന്നുണ്ടു്, അതുതന്നെയാണു് എനിക്കു് ഈയവസരത്തിൽ പറയാനുള്ളതു്.

[ശ്രീ. എ. ജെ. ജാൻ]

മദ്ധ്യവർത്തികളെ ഇല്ലാതാക്കുക എന്നുള്ളതാണ് പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിൽ പ്രധാനമായി ഉന്നയിച്ചിട്ടുള്ള ഒരു സംഗതി. പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്.

P. 107 of the Progress Report for September 1954—

"Since independence the abolition of intermediaries has been accepted as a policy by all the State Governments. Legislation has not been undertaken in some States for the purpose prior to April 1951 etc."

ഇതിൽനിന്നു കാണുവാൻ സാധിക്കുന്നതു് മദ്ധ്യവർത്തികളെ ഒഴിവാക്കുക എന്നുള്ളതു് സർവ്വപ്രധാനമായ ഒരു സംഗതിയാണെന്നും അതിലേയ്ക്കു ഇൻഡ്യയിലുള്ള മിക്കവാറും എല്ലാ സ്റ്റേറ്റുകളും നടപടികൾ എടുത്തിട്ടുണ്ടെന്നുമാണ്. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ ബില്ലിലെ വ്യവസ്ഥകൾ നോക്കിയാൽ പുതിയതായി മദ്ധ്യവർത്തികളെ സൃഷ്ടിക്കുകയാണു ചെയ്യുന്നതു് എന്നു കാണാവുന്നതാണ്. ഈ ബില്ല് ആക്റ്റ് ആകുന്നതിയതിമുതൽ 6 മാസത്തിനുള്ളിൽ ഭൂമികൾ ഉടമസ്ഥൻതന്നെ വിൽക്കുകയോ പാട്ടത്തിനുകൊടുക്കുകയോ ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു് അങ്ങനെ വിൽക്കുകയോ പാട്ടത്തിനു കൊടുക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ആ ഭൂമി ലാൻഡ് ട്രൈബ്യൂണലിനെ ഏൽപ്പിച്ചു് ലാൻഡ് ട്രൈബ്യൂണൽ അതു് പാട്ടത്തിനു കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നതു്. മേൽവിധങ്ങളിൽ പാട്ടത്തിനു കൊടുക്കുന്നതുകൊണ്ടു് പുതിയതായി മദ്ധ്യവർത്തികളെ സൃഷ്ടിക്കുകയായിരിക്കും ചെയ്യുക. ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു് ഭൂമി എടുക്കുകയാണെങ്കിൽ അതിന് ശരിയായ പ്രതിഫലം കൊടുക്കേണ്ടതായിവരും. അങ്ങനെ പ്രതിഫലംകൊടുത്തു ഭൂമി എടുക്കുന്നതു് ഇന്നത്തെ ചുററുപാടിൽ സാദ്ധ്യമല്ലെന്നു തോന്നിയതുകൊണ്ടായിരിക്കണം ഇങ്ങനെയുള്ള വ്യവസ്ഥ ഈ ബില്ലിൽ ചേർക്കുവാൻ കാരണമായതു് എന്നു് ഞാൻവിചാരിക്കുന്നു. ഭരണഘടനയിലെ വ്യവസ്ഥപ്രകാരം പ്രതിഫലം കൊടുത്തു് വസ്തുക്കൾ എടുക്കുന്നതിനുപകരം കൃത്രിമമായ മാർഗ്ഗത്തിൽക്കൂടി അതു സാധിക്കുന്നതിനുള്ള ഒരു വ്യവസ്ഥയാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ആറുമാസത്തിനുള്ളിൽ തന്റെ കൈവശം ഉള്ള കൂടുതൽ ഭൂമികൾ വിൽക്കുകയോ പാട്ടത്തിനു കൊടുക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ആ ഭൂമികൾ ട്രൈബ്യൂണലിന്റെ കൈവശത്തിൽ ചെല്ലും എന്നാണ് പറഞ്ഞിരിക്കുന്നതു്. അപ്രകാരം ട്രൈബ്യൂണലിന്റെ കൈവശം വന്നുചേരുന്ന ഭൂമികൾ മററുള്ളവർക്കു് പാട്ടത്തിനു കൊടുക്കുമെന്നാണ്, വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഈ ബില്ലിന്റെ ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറഞ്ഞിരിക്കുന്നതു്, ആ ഭൂമി ഭൂമിയില്ലാത്തവർക്കു് കൊടുക്കണമെന്നാണ് ഉദ്ദേശമെക്കുന്നാണ്.

ശ്രീ. എ. താണുപിള്ള : പ്രതിഫലം കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനും ഭൂമിയില്ലാത്തവർക്കും സൗകര്യമായ വ്യവസ്ഥകൾ ഭരണഘടനയിൽ വരുന്നതുവരെയെങ്കിലും ഇങ്ങനെ പാട്ടത്തിനു കൊടുക്കുന്ന ഒരു വ്യവസ്ഥ സ്വീകരിക്കുകയല്ലേ നല്ലതു്?

ശ്രീ. എ. ജെ. ജാൺ : സാമ്പത്തികശാസ്ത്രമനുസരിച്ച് അതു് ശരിയായിരിക്കണമെന്നില്ല. ഇപ്പോഴത്തെ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് പ്രവർത്തിക്കുകയാണു വേണ്ടതു്. ഭരണഘടനയിലെ വ്യവസ്ഥ ശരിയായ പ്രതിഫലം കൊടുത്തു് ഭൂമി എടുക്കണമെന്നുള്ളതാണു്. നിലവിലുള്ള ഭരണഘടനാവ്യവസ്ഥ അനുസരിച്ച് പ്രതിഫലം കൊടുക്കണമെന്നു വ്യവസ്ഥ ചെയ്യണം. ഭരണഘടന മാററിയാൽ അപ്പോൾ അതെപ്പററി ആലോചിക്കാം. പ്രതിഫലം കൊടുക്കാതെ സ്ഥലം എടുത്താൽ പ്രത്യേകിച്ചും ഈ സൂത്രവഴിയിൽ വസ്തു എടുത്താൽ അതേ സംബന്ധിച്ച് ആരെങ്കിലും സുപ്രീംകോർട്ടിൽ കേസു കൊടുക്കുകയാണെങ്കിൽ തീർച്ചയായും പ്രതിഫലം കൊടുക്കാതെ ഭൂമി എടുക്കുന്നതു് അസാധുവാണെന്നു് സുപ്രീംകോടതി വിധിക്കും. ഉദാഹരണമായി എനിക്കു് 100 ഏക്കർ ഭൂമി ഉണ്ടു് എന്നു വിചാരിക്കുക. അതിൽ കൈവശം വയ്ക്കാവുന്നതു് 22 ഏക്കറാണു്. ബാക്കിയുള്ള 78 ഏക്കർ ഭൂമിയും പത്തോ പതിനഞ്ചോ പേർക്കായി വീതിച്ചുകൊടുക്കണമെന്നാണു് പറയുന്നതു്. അതായതു് ഭൂമിയില്ലാത്തവർക്കു് അതു് പാട്ടത്തിനു് കൊടുക്കണം. പാട്ടം കൊടുക്കുന്നതിനു ട്രൈബ്യൂണലിനു യുക്തമെന്നു തോന്നുന്ന പാട്ടസംഖ്യയ്ക്കു അവരിൽനിന്നു് ജാമ്യം വാങ്ങണമെന്നാണു പറയുന്നതു്. അങ്ങനെയാകുമ്പോൾ ജന്മിയ്ക്കു പാട്ടവും കിട്ടുകയില്ല, പാട്ടത്തിനുകൊടുക്കുന്ന വസ്തു ഒഴിപ്പിക്കുവാനും സാദ്ധ്യമല്ലാതെ വരും. ജന്മിയ്ക്കു പാട്ടം കിട്ടും എന്നുള്ളതിനു് യാതൊരു ഉറപ്പും ഇല്ല. വസ്തുജാമ്യം കൊടുക്കുന്നതിനു പാട്ടക്കാരനു സ്വത്തു കാണുകയില്ല. ആ നിലയ്ക്കു് ജന്മിയുടെ വസ്തുവും പോകും പാട്ടക്കുടിശ്ശികയ്ക്കു ഒഴിപ്പിക്കുവാനും നിവൃത്തിയില്ലാതെ വരും. അതിൽനിന്നു എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു് അധികഭൂമികൾ ഉള്ളതു് ഭൂമിയില്ലാത്തവർക്കു് കൊടുക്കണമെന്നുള്ളതു മാത്രമാണു് ഈ ബില്ലിലെ ഉദ്ദേശം എന്നാണു്. അങ്ങനെയാണെങ്കിൽ അതു് ഇന്നത്തെ ഭരണഘടനയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന കാര്യമായിരിക്കും.

ഇത്ര തവണ പാട്ടം മുടക്കുവരുത്തിയാൽ, അല്ലെങ്കിൽ ഒന്നോ രണ്ടോ കൊല്ലത്തെ പാട്ടം തന്നില്ലെങ്കിൽ ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നു പറഞ്ഞിരുന്നുവെങ്കിൽ അതു് ഉത്തമവിശ്വാസത്തോടുകൂടി ചെയ്യുതാണെന്നു വിശ്വസിക്കാമായിരുന്നു. അങ്ങനെ ഒന്നും ഈ ബില്ലിൽ പറഞ്ഞുകാണുന്നില്ല. അതുകൊണ്ടു് അധികംവരുന്ന ഭൂമി ഇപ്പോഴത്തെ ഭരണഘടനയനുസരിച്ച് ശരിയായ പ്രതിഫലം കൊടുത്തിട്ടു് എടുത്തു് അതു് ഭൂമിയില്ലാത്തവർക്കോ അല്ലെങ്കിൽ ആവശ്യത്തിനുമാത്രം ഭൂമിയില്ലാത്തവർക്കോ ആയി വീതിച്ചുകൊടുക്കണം എന്നു് ആണു്. ഈ കാര്യത്തിൽ സാരമായ ഭേദഗതികൾ വരുത്തണമെന്നും അപ്രകാരം സാരമായ ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം സെലക്ററുകമ്മിററിക്കു കൊടുക്കണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്. ഇതിനു് കൂടുതലായി ഈ വ്യവസ്ഥകളെപ്പററി ഒന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തെ സ്വത്തുകാരും ഈ രാജ്യത്തെ പൗരന്മാരാണു്. അവർക്കു് ഭരണഘടന അനുസരിച്ച് ആ വസ്തുക്കൾ കൈവശം വച്ചുകൊണ്ടിരിക്കുവാൻ അവകാശമുണ്ടു്. അവരുടെ വസ്തു നിയമവിരുദ്ധമായി ഇല്ലാതാക്കുവാനുള്ള അവകാശം ഒരു ഗവണ്മെൻറിനും ഇല്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : വെറുംപാട്ടക്കുടിയാൻ ബില്ലിലെ വ്യവസ്ഥയനുസരിച്ചുള്ള അവകാശങ്ങളെല്ലാംഈബില്ലിലും ഉണ്ടാകയില്ലേ?

ശ്രീ. എ. ജെ. ജാൻ : അതു് ഞാൻ ഈ ബില്ലിൽ കണ്ടില്ല. ഇതു് ഒരു പ്രത്യേകബില്ലാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: വെറംപാട്ടബില്ലിലെ ഫെയർ റെൻറ് ഇതിനും ബാധകമാണു്.

ശ്രീ. എ. ജെ. ജാൻ : അതിനെക്കുറിച്ചു് ഈ ബില്ലിൽ ഒന്നും പറയുന്നില്ല. ഇതെല്ലാം ഈ ബില്ലിൽ ചേർത്താൽ കൊള്ളാമെന്നു എനിക്കു് അഭിപ്രായമുണ്ടു്. ഇതുപോലെയുള്ള വ്യവസ്ഥ ഒരിക്കലും ഈ ബില്ലിൽ ചേർക്കരുതായിരുന്നു എന്നാണു് എന്റെ അഭിപ്രായം. സെൻട്രൽ ഗവണ്മെൻറ് സംഘടിപ്പിച്ചിട്ടുള്ള ലാൻഡ്സ് റിഫാംസ് കമ്മിററി അഭിപ്രായപ്പെട്ടിട്ടുള്ളതു് മദ്ധ്യവർത്തികളെ സൃഷ്ടിക്കുവാൻ ഉതകുന്ന നിയമനിർമ്മാണത്തെ ഒരിക്കലും അനുകൂലിക്കരുതു് എന്നാണു്. ഇതിലെ വ്യവസ്ഥ അതിനു അനുസരണമല്ലാതിരിക്കുന്നതുകൊണ്ടു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അതു ഭേദഗതി ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

പിന്നെ ഒന്നു പറയുവാനുള്ളതു് ക്ലാസ് നാലിനെപ്പററിയാണു്. ക്ലാസ് നാലിൽ പറഞ്ഞിരിക്കുന്നതു് അഞ്ചു് അംഗമുള്ള ഒരു കുടുംബത്തിനു് പതിനഞ്ചു് ഏക്കർ ഇരുപ്പു നിലമോ $22\frac{1}{2}$ ഏക്കർ ഒരുപ്പു നിലമോ പതിനഞ്ചു് ഏക്കർ തെങ്ങിൻ പറമ്പോ 30 ഏക്കർ പറമ്പോ കൈവശം വച്ചുകൊണ്ടിരിക്കാമെന്നാണു്. ഇതിൽ നിന്നു മനസ്സിലാകുന്നതു് തിരുവിതാംകൂർ–കൊച്ചിയിലുള്ള പറമ്പുകളും നിലങ്ങളും എല്ലാം ഒരുപോലെഫലദായിക്കുമായിട്ടുള്ളതാണെന്നാണു് വിചാരിക്കുന്നതു് എന്നാണു്. നാഞ്ചിനാട്ടിലേയും കുട്ടനാട്ടിലേയും നിലങ്ങൾ എല്ലാം ഒന്നുപോലെയാണെന്നാണു് ഇതിൽനിന്നും സാധാരണക്കാർ മനസ്സിലാക്കുന്നതു്. തിരുവിതാംകൂറിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്കു് കുറെയെല്ലാം അറിവുണ്ടെന്നാണു് എന്റെ വിശ്വാസം. പെരിയാർ, മൂവാററുപുഴ, മുതലായ ആററുതീരങ്ങളിലെ തെങ്ങിൻതോപ്പുകൾ വളരെ ആദായമുള്ളതാണെന്നും എന്നാൽ മററു സ്ഥലത്തു് അതിനെക്കാൾ വളരെ കുറഞ്ഞ ആദായമുള്ള തെങ്ങിൻതോപ്പുകളാണു് ഉള്ളതെന്നും ബഹുമാനപ്പെട്ട മന്ത്രിക്കു് അറിയാവുന്നതാണു്. നാഞ്ചിനാട്ടെ ഒരു നിലത്തിൽ നിന്നു് 100 പറ നെല്ലു് കിട്ടുമെങ്കിൽ കുട്ടനാട്ടിൽ അത്രയും നിലത്തിൽനിന്നു കിട്ടുന്നതു് 10 പറ നെല്ലായിരിക്കും. പ്ലാനിംഗ് കമ്മീഷൻെറ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് ഓരോ സ്റ്റേററിലും അവിടത്തെ സ്ഥിതി അനുസരിച്ചു് സർവ്വെ നടത്തി ഒരു സ്റ്റാൻഡേർഡു് ഏക്കർ നിശ്ചയിക്കണം എന്നാണു്. അങ്ങനെ ഈ രാജ്യം മുഴുവൻ സർവ്വെ നടത്തി ഒരു സ്റ്റാൻഡേർഡു് ഏക്കർ നിശ്ചയിക്കുകയാണെങ്കിൽ തരക്കേടില്ല. അങ്ങനെ ഒരു സ്റ്റാൻഡേർഡു് ഏക്കർ നിശ്ചയിച്ചു് അതനുസരിച്ചു് ഭേദഗതി ഇതിൽ വരുത്തുകയാണെങ്കിൽ അതു് ഒരുവേള സ്വീകാര്യമായി തോന്നിയേയ്ക്കാം. എന്നാൽ ഇപ്പോൾ ഇതിൽ പറഞ്ഞിരിക്കുന്നതു് ഒരിക്കലും സ്വീകാര്യമല്ല. ഇതിൽ 30 ഏക്കർ വെറും പറമ്പു വച്ചിരിക്കുന്നതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. തിരുവനന്തപുരം പട്ടണത്തിൽ 30 ഏക്കർ പറമ്പിൽ നിന്നു എന്തു ആദായം കിട്ടുമെന്നു കണക്കാക്കിയിട്ടുണ്ടാകും. അങ്ങിനെ കണക്കാക്കിയാൽ പോരാ. തിരുവിതാംകൂറിൻെറ മററു പ്രദേശങ്ങളിൽ,

ടെഗൺ അല്ലാത്ത പ്രദേശങ്ങളിൽ, 30 ഏക്കർ പറമ്പുണ്ടെങ്കിൽ എന്തു ആദായം കിട്ടുമെന്നാണ് നോക്കേണ്ടതു്. പട്ടണത്തിലെ ആളുകൾക്കു സുഖമായി ജീവിക്കുവാനുള്ള സൌകര്യം വേണമെന്നും അല്ലാത്തവർക്കു ആ സൌകര്യം വേണ്ടെന്നും കരുതി ഇതു നിശ്ചയിച്ചിരിക്കുകയാണെന്നു തോന്നുന്നു. അതുകൊണ്ടു ഈ ഏക്കറേജ് മാററണമെന്നും ആദായം കണക്കാക്കി ഏക്കറേജ് വയ്ക്കണമെന്നുമാണ് ഞാൻ പറയുന്നതു്.

ശ്രീ. പി. എസ്. നടരാജപിള്ള : പ്ലാനിംഗ് കമ്മിഷന്റെ വ്യവസ്ഥയനുസരിച്ച് സ്റ്റാൻഡേർഡ് ഏക്കർ നിശ്ചയിക്കുകയാണെങ്കിൽ വിരോധമില്ലല്ലോ?

ശ്രീ. എ. ജെ. ജാൺ : വിരോധമില്ല. അതു ആദ്യം അടിസ്ഥാനമാക്കിയായിരിക്കും. പിന്നെ ഒന്നു പറയുവാനുള്ളതു് ഫാമിലിയെപ്പററിയാണ്. ഒരു കുടുംബത്തിലെ അംഗങ്ങളിൽ ഭർത്താവും ഭാര്യയും മക്കളും മക്കളുടെ മക്കളും ഉൾപ്പെടുമെന്നു പറഞ്ഞിട്ടുണ്ട്. മരുമക്കത്തായ കുടുംബം ഉദാഹരണമായി എടുക്കാം, ഭാര്യയ്ക്കും ഭർത്താവിനും മക്കൾക്കും മററും സ്വത്തുക്കൾ ഉണ്ടായിരിക്കും. അധികവസ്തു ഒഴിഞ്ഞുകൊടുക്കേണ്ടതു ഭാര്യയോ ഭർത്താവോ അങ്ങിനെ ചെയ്തതിനുശേഷം വിവാഹമോചനം ഉണ്ടാവുകയാണെങ്കിൽ കാര്യം വളരെ കുഴപ്പത്തിലാകും. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാവർക്കും പല സമുദായക്രമമാണുള്ളതു്— അതുകൊണ്ടു പല കുഴപ്പങ്ങളും ഉണ്ടാകുവാൻ വഴിയുണ്ട്. അതുകൊണ്ടു ഓരോ വ്യക്തിക്കും ഉള്ളതായ ആദായം തിട്ടപ്പെടുത്തുകയും ആ വ്യക്തിയുടെ അടിസ്ഥാനത്തിൽ ഏക്കർ നിശ്ചയിക്കുകയും വേണം.

ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനു മുമ്പായി ഇതനുസരിച്ചു എത്രത്തോളം ഭൂമി കൂടുതൽ ഉണ്ടാകുമെന്നും ആ ഭൂമിക്കു പ്രതിഫലം കൊടുക്കുന്നതിനു ഏകദേശം എത്ര സംഖ്യ വേണ്ടി വരുമെന്നും ഉള്ള വസ്തുത ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിക്കേണ്ടതാകുന്നു. അതു അദ്ദേഹം ഇനിയെങ്കിലും പ്രസ്താവിക്കുമെന്നു ഞാൻ കരുതുന്നു. ഇതിനാവശ്യമായ എല്ലാ വിവരങ്ങളും ശേഖരിക്കേണ്ടതു് ഗവണ്മെൻറിന്റെ കർത്തവ്യമായിരുന്നു. ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതു് തിരുവിതാംകൂർ-കൊച്ചിയിൽ വലിയ ധനവാന്മാർ വളരെ കുറവാണ് എന്നാണ്. അതുകൊണ്ടു് അതിനെക്കുറിച്ച് ഒന്നും അറിയുവാൻ പാടില്ലാതെയാണ് ഇരിക്കുന്നതു്.

ഈ ബഹുമാനപ്പെട്ട മന്ത്രിമാർക്കെല്ലാവർക്കും അറിയാവുന്നതാണ്, തിരുവിതാംകൂറിലുള്ള പല കർഷകർക്കും കുറെ അധികം കടവും കുറെ ധനവും ഉണ്ടെന്നുള്ളതു്. ഈ കർഷകരെ സംബന്ധിച്ചിടത്തോളം കടം വീട്ടുന്നതിനെ സംബന്ധിച്ചു വസ്തുക്കൾ വിററു് കടം വീട്ടുന്നതിനും കടത്തിൽ ഇരിക്കുന്ന വസ്തുക്കൾ തിരിച്ചെടുക്കുന്നതിനും ഒരക്ഷരംപോലും ഈ ബില്ലിൽ കാണുന്നില്ല. നൂറേക്കർ ഭൂമിയുള്ള ഒരു വസ്തുഉടമസ്ഥന് പതിനായിരം രൂപയുടെ കടവുമുണ്ട്. എന്നാൽ ഈ ബില്ല് നടപ്പിൽ വരുന്നപക്ഷം 15 ഏക്കർ കഴിച്ചു ബാക്കി 85 ഏക്കർ ഗവണ്മെൻറിലേയ്ക്കു് വിട്ടുകൊടുക്കണം. അയാൾക്കു് പതിനായിരം രൂപയുടെ കടവും ഉണ്ട്. അപ്പോൾ ആ പതിനായിരം രൂപയുടെ കടം തീർക്കുന്നതിനുവേണ്ടി ഈ പതിനഞ്ചേക്കർ വിററു കടം തീർക്കണമെന്നാണോ പറയുന്നതു്? ഈ എൺപത്തിഅഞ്ചേക്കറിൽനിന്നും ആ കടം വീട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ

[ശ്രീ. എ. ജെ. ജാൺ]

കാണുന്നില്ല. ഇതൊന്നും ചിന്തിക്കാതെ എന്താലോചിച്ചാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. കടം വാങ്ങിയാൽ അതു തിരിയെ കൊടുക്കാതെ സമ്മതിക്കുമോ ?

ശ്രീ. എം. പി. മേനോൻ : കടക്കാക്കു കൊടുക്കാൻ ഗവണ്മെൻറിലേയ്ക്കു് എടുക്കുന്ന ഭൂമിക്കു് ഷെയർ റെൻറു കിട്ടുകയില്ലേ?

ശ്രീ. എ. ജെ. ജാൺ : ഷെയർ റെൻറു കിട്ടുമെന്നെനിക്കറിയാം. മി. മേനോനു ഞാൻ പറഞ്ഞതു മനസ്സിലായില്ല എന്നു തോന്നുന്നു.

ശ്രീ. എം. പി. മേനോൻ : അതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടു്. അതു് ഇതാണ്.

Clause 6 (4) "The rent in respect of the lands so leased out shall be the fair rent under the provisions of the Travancore - Cochin Verumpattamdars Act, 1954, and shall be payable by the lessee to the person in possession of excess lands"

ഇതാണ് വ്യവസ്ഥചെയ്തിരിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ : അതൊക്കെ എനിക്കുമറിയാം. റെൻറു കൊടുത്തില്ലെങ്കിൽ അതിനുള്ള സമാധാനമെന്താണ്; അതു വാങ്ങിക്കുന്നതിനുള്ള മാർഗ്ഗം എന്താണ്? വസ്തു ഒഴിപ്പിക്കാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : റെൻറു കൊടുത്തില്ലെങ്കിൽ അതു ഈടാക്കാനുള്ള നിയമമില്ലേ?

ശ്രീ. എ. ജെ. ജാൺ : നിയമമൊക്കെകാണും. പാട്ടക്കാരനു സ്വത്തില്ലെങ്കിലോ എങ്ങനെയാണ് ഈടാക്കുന്നതു്? സ്വത്തില്ലാത്തവർക്കു് പാട്ടത്തിനു കൊടുക്കുന്നതിനാണ് വ്യവസ്ഥ.

ശ്രീ. എ. താണുപിള്ള : ആ വസ്തുവിൽ സ്ഥാപിച്ചിടാക്കരുതോ?

ശ്രീ. എ. ജെ. ജാൺ : ആ നിയമമെല്ലാം ലംഘിച്ചു നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : പാട്ടം വാങ്ങിച്ചാൽ രസീതു കൊടുക്കുന്നില്ല. അതു് എങ്ങനെ വാങ്ങിക്കാൻ കഴിയും ?

ശ്രീ. എ. ജെ. ജാൺ : അതു് ചതിയാണ്. ചതിയ്ക്കാണെങ്കിൽ ക്രിമിനൽകോടതി മുഖേന കേസു കൊടുക്കാം. അല്ലാത്തതു സിവിൽ കോടതി മുഖേനയും നിവൃത്തിയുണ്ടാക്കാം. ഈ ബില്ലു വന്നു എന്നറിഞ്ഞപ്പോൾ മുതൽ വസ്തുവിനു് വില കുറഞ്ഞുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. എം. പി. മേനോൻ : വസ്തുവിൻെറ വില പുറത്തും കുറഞ്ഞിട്ടുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : ഞാൻ പുറത്തെങ്ങും പോയി അന്വേഷിച്ചിട്ടില്ല. ഇവിടത്തെ കാര്യമാണ് ഞാൻ പറഞ്ഞതു്. ഈ തിരുവ

തിരുവിതാംകൂറിൽ സാമ്പത്തികമായി അഭിവൃദ്ധിയുണ്ടാക്കിയ കർഷകരെ ദ്രോഹിക്കുകയാണ് ഈ ബില്ലുകൊണ്ടു ഉണ്ടാകൻ പോകുന്ന ഫലം. ഈ ബില്ലനുസരിച്ച് അധികമുള്ള വസ്തു ഗവണ്മെൻറിലേയ്ക്കെടുക്കുകയും വീതാംശം അനുസരിച്ച് പതിനഞ്ചേക്കർ ഉടമസ്ഥനു് ലഭിക്കുകയും ചെയ്യുന്നു. നൂറേക്കർ ഭൂമി ഒരാളുടെ കൈവശമുണ്ടെങ്കിൽ പതിനഞ്ചേക്കർ തനിക്കും ബാക്കി 85 ഏക്കർ ഗവണ്മെൻറിനും കൊടുക്കണം. അതുപോലെയുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നതു ഏററവും വ്യസനകരമാണ്. ആ ഒരു വ്യവസ്ഥ മാറേറണ്ടതു് ഏററവും അത്യാവശ്യമാണ്.

ശ്രീ. കെ. എ. ബാലൻ: അങ്ങിനെ കടമുള്ളവർ എത്ര കാണുമെന്നു് മെംബക്കറിയാമോ?

ശ്രീ. എ. ജെ. ജാൻ: പലരും കാണും. അതുകൊണ്ടു് ഈ ബില്ലിൻെറ പ്രധാന വ്യവസ്ഥകളിൽ ഒന്നായ സീലിംഗ് വയ്ക്കണമെന്നുള്ള വ്യവസ്ഥയോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഇപ്പോഴുള്ള വസ്തുക്കൾക്കും മേലാൽ സമ്പാദിക്കുന്ന വസ്തുക്കൾക്കും സീലിംഗ് വയ്ക്കണമെന്നുള്ള തത്വത്തോടു ഞാൻ യോജിക്കുന്നു. എന്നുവച്ചു് ഈ ബില്ലിലെ വ്യവസ്ഥകളോടു ഞാൻ യോജിക്കുന്നില്ല. ഈ ബില്ലിലെ ക്ലാസുകൾ അഞ്ചും ആറും എന്നല്ല, എല്ലാംതന്നെ പുതിയതായി എഴുതിയുണ്ടാക്കണം. ഇതുപോലെയുള്ള ഒരു ബിൽ ഇൻഡ്യയിൽ ഒരു ഭാഗത്തും ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ലെന്നു കാണാൻ സാധിക്കും. ഇപ്പോൾ കാഷ്മീരിലും വേറെ ഏതോ ഒരു സംസ്ഥാനത്തും ആരംഭിച്ചിട്ടുണ്ടു് എന്നു പറഞ്ഞിട്ടുണ്ടു്. ഭൂവുടമസ്ഥനു് സീലിംഗ് വയ്ക്കണമെന്നുള്ളതിനെ എതിർക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ആ തത്വത്തെ ഞാൻ അംഗീകരിക്കുന്നു.

പിന്നീടെനിക്കു പറയുവാനുള്ളതു ഗവണ്മെൻറിൻെറ കൈവശമിരിക്കുന്ന ഭൂമിയെ സംബന്ധിച്ചാണ്. ഇവിടെ ധനകാര്യമന്ത്രി ഒരിക്കൽ പറയുകയുണ്ടായി ഇന്നു് ഗവണ്മെൻറിൻെറ കൈവശമിരിക്കുന്ന ഭൂമി നാലു ലക്ഷത്തിഅറുപതിനായിരം ഏക്കറാണ് എന്നു്. അതു് ഗവണ്മെൻറിൻെറ കൈവശമിരിക്കുന്നതാണെന്നും അതു കുത്തകപ്പാട്ടവ്യവസ്ഥയിൽ പാട്ടത്തിനു കൊടുക്കാനാണെന്നും പറഞ്ഞു. അപ്പോൾ ഗവണ്മെൻറു ഒരു വലിയ ജന്മിയാണ്. വലിയ ജന്മിയായ ഗവണ്മെൻറു അതു സ്ഥിരാവകാശമായി വസ്തു ഉടമസ്ഥന്മാർക്കു കൊടുക്കേണ്ടതാണ്.

Shri P. S. Nataraja Pillai: Can the Government be conceived as a jenmi? Is not Government holding these lands as trustee for the people?

ശ്രീ. എ. ജെ. ജാൻ: അതു ജനങ്ങളുടെ വകയായതുകൊണ്ടു് ഭൂമിയില്ലാത്ത ജനങ്ങൾക്കായി നാലോ അഞ്ചോ ഏക്കർ വീതം വളരെ വേഗത്തിൽ കൊടുക്കാം.

അതുകൊണ്ടു് ലാൻഡ് ഇല്ലാത്തവർക്കു് ഇപ്പോഴത്തെ കുത്തകപ്പാട്ടവ്യവസ്ഥയനുസരിച്ചു് കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്, സ്ഥിരാവകാശമായി കൊടുക്കണമെന്നാണ്. അതിനൊന്നാമതായി ഞാൻ പറയുന്ന കാരണം അവർ അതിൽ സ്ഥിരമായ ദേഹണ്ഡം ചെയ്യാതെയിരിക്കും. മറെറാന്നു് അവിടങ്ങളിൽ മണ്ണൊലിപ്പു് മുതലായവ തടയുന്നതിനു് അവർ ഉത്സാഹിക്കുകയില്ല. അതുകൊണ്ടു് അവർക്കു് ഭൂമി സ്ഥിരാവകാശമായി കൊടുക്കേണ്ടതാണ്.

[ശ്രീ. എ. ജെ. ജാൻ]

പിന്നീട് ഫാറസ്റ്റിനെ സംബന്ധിച്ചാണ്. കുറെ ഫാറസ്റ്റുകൂടി കൃഷിക്കായിട്ട് വിട്ടുകൊടുത്താൽകൊള്ളാമെന്നാണ്. ആ അഭിപ്രായം ഈ സഭയിലെ പല ഭാഗങ്ങളിൽ ഉന്നയിച്ചിട്ടുള്ളതാണ്. അതായതു് നമ്മുടെ സ്റ്റേററിലെ ജനസംഖ്യ വളരെ കൂടുതലാണെന്നും നമ്മുടെ സ്റ്റേററിലെ ഫാറസ്റ്റിൻെറ ശതമാനം വളരെ കൂടുതലാണെന്നുമാണ് പ്ലാനിംഗ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്. ഈ തിരുവിതാംകൂറിൽ 33.37 ശതമാനം ഫാറസ്റ്റാണെന്നാണ് പറഞ്ഞിരിക്കുന്നതു്. അതായതു് ഏകദേശം മൂന്നിലൊന്നു ഫാറസ്റ്റ് ഏരിയാ ആയി കിടക്കുകയാണ്. ബാക്കിയുള്ള സ്റ്റേററുകളിൽ ഫാറസ്റ്റ് അതിനേക്കാൾ വളരെ കുറവാണ്. പെപ്സുവിൽ രണ്ടുശതമാനവും, ഉത്തരപ്രദേശത്തു് പതിനഞ്ചു ശതമാനവും, പഞ്ചാബിൽ പന്ത്രണ്ടു ശതമാനവും ആണ്. പക്ഷെ, തിരുവിതാംകൂറിൽ 33.37 ശതമാനം ഫാറസ്റ്റാണ്. അതുകൊണ്ടു്, ഫാറസ്റ്റിൽനിന്നും കുറെ ഭൂമി കൃഷിക്കായി വിട്ടുകൊടുക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് വളരെ ഗാഢമായി ആലോചിച്ചു് അതിലേയ്ക്കു് വേണ്ട നടപടിയെടുത്താൽ കൊള്ളാം. ഈ ബില്ല് നിയമമായി വന്നാൽ ഒരുപക്ഷെ വളരെ തുച്ഛമായ ഭൂമി മാത്രമായിരിക്കും കിട്ടുന്നതു്.

പിന്നീട് ശ്രീ. മാത്യു പറഞ്ഞതുപോലെ ആറുമാസം എന്നുള്ള കാലാവധി ദീർഘിപ്പിക്കുന്നതു് നന്നായിരിക്കും. റബ്ബർ, തേയില, കാപ്പി, കാർഡമം മുതലായ തോട്ടങ്ങളെ ഒഴിവാക്കണം എന്നു പറയുന്നതു അതേപടിതന്നെ ഇരിക്കണമെന്നാണെനിക്കു പറയാനുള്ളതു്. ഇൻഡ്യയിൽ റബ്ബർ എൺപത്തഞ്ചുശതമാനവും ഇവിടെനിന്നാണുത്പാദിപ്പിക്കുന്നതു്. അതുപോലെ പത്തോ പന്ത്രണ്ടോ കോടി രൂപയുടെ തേയിലയാണ് ഇവ ടെനിന്നും കയററുമതിചെയ്യുന്നതു്. ഈ തോട്ടങ്ങൾ എല്ലാം ഗവണ്മെൻറിൽനിന്നെടുത്തു് അഞ്ചും മൂന്നും ഏക്കറായി വീതിക്കുകയാണെങ്കിൽ അതിൽ റബ്ബർ, കാപ്പി മുതലായവ എങ്ങനെ കൃഷിചെയ്യും? അതുകൊണ്ടു് റബ്ബർ, കാപ്പി, തേയില, കാർഡമം തോട്ടങ്ങൾ അതുപോലെതന്നെയിരിക്കണം. അതു 25 ഏക്കറിൽ കൂടുതൽ ഉള്ളതു മാത്രം ഒഴിവാക്കാം എന്നു പറയുന്നുണ്ടു്. 25 ഏക്കറിൽ താഴെയുള്ളവരെ ഒഴിവാക്കാതിരിക്കുന്നതു് ഒരുവിധത്തിലും സാധുകരിക്കാവുന്നതല്ല. ഏക്കറേജ് എത്രയായാലും തേയില, കാപ്പി, റബ്ബർ, കാർഡമം ഈ തോട്ടങ്ങൾ മുഴുവനും ഒഴിവാക്കണം.

ഈ ബില്ലിലുള്ള ഫണ്ടമെൻറൽ വ്യവസ്ഥകൾ അതായതു് ഏക്കറേജിനെപ്പററിയുള്ളവയും, റീലിംഗ്വ്യവസ്ഥയും ലീസ് ചെയ്യാം എന്നുള്ളതു പാടേ മാററണം.

ശ്രീ. എ. താണുപിള്ള: എന്തു ചെയ്യണമെന്നാണ് മി. ജാൻ പറയുന്നതു്?

ശ്രീ. എ. ജെ. ജാൻ: തോട്ടങ്ങൾ 25 ഏക്കറിൽ കൂടുതലുണ്ടെങ്കിൽ ഒഴിവാക്കണമെന്നാണ്. ആ വിസ്തീർണ്ണത്തിൽ താഴെ ഉള്ളതും ഒഴിവാക്കണം; ലീസുചെയ്ത പുതിയതായി ഇൻറർമീഡിയറീസിനെ ഒഴിവാക്കണം; അതുപോലെയുള്ള സംഗതികൾ എല്ലാം ശരിപ്പെടുത്തുന്നതിലേയ്ക്കും ശരിയായ വിധത്തിൽ ഈ ബിൽ മാററി എഴുതുന്നതിലേയ്ക്കും പ്രത്യേകം നിർദ്ദേശിക്കണമെന്നുമാണ്.

ശ്രീമതി കെ. ആർ. ഗൗരി: കോൾക്കൃഷി നിലങ്ങളേയും കായൽ നിലങ്ങളേയും ഒഴിവാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം എന്താണ്?

ശ്രീ. എ. ജെ. ജാൻ: കായൽനിലങ്ങളെപ്പററി യാതൊരു നിശ്ചയവുമില്ലാത്തതുകൊണ്ടാണ് അങ്ങനെ ചോദിക്കുന്നത്. കായൽക്കൃഷിക്ക് അതിന്റെ പുറവരമ്പുകൾ പിടിപ്പിക്കുന്നതിനും മററുമായി എത്ര രൂപയാണ് ചെലവാക്കേണ്ടിവരുന്നത്; നൂറും ആയിരവും രൂപ ഒരു ദണ്ഡ് പുറവരമ്പുകൾ ഉറപ്പിക്കുന്നതിന് ചെലവിടേണ്ടതായിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ ചെലവാക്കണം. ഈ കായൽനിലം എടുത്ത് പത്തും നാനൂറും ആയിരവും ഒക്കെയായി വീതിച്ചുകൊടുത്താൽ അവരെക്കൊണ്ട് ഈ പുറവരമ്പ് മുതലായവ ഉറപ്പിക്കുന്നതിനും സാദ്ധ്യമല്ലാതെവരും. കടുവിൽ കൃഷിതന്നെ ഉണ്ടാകയില്ലെന്നാണെനിക്ക് പറയാനുള്ളത്. ഗവണ്മെൻറ് നിശ്ചയിക്കുന്ന കായൽനിലങ്ങൾ എന്ന വ്യവസ്ഥ മാററണം. ഗവണ്മെൻറ് ആ വ്യവസ്ഥ മാററിയിട്ട് കായൽ കോൾനിലങ്ങൾ മുഴുവനും ഒഴിവാക്കണമെന്നാണെനിക്കു പറയുവാനുള്ളത്. അല്ലെങ്കിൽ ഈ സ്റ്റേററിന്റെ സാമ്പത്തികസ്ഥിതിക്കുതന്നെ അതു വളരെ വളരെ ബാധിക്കും.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററ്: ഇത്ര വളരെ രൂപ ചെലവാക്കി പുറവരമ്പു നിർമ്മിക്കണമെന്നുള്ളതുകൊണ്ടാണോ കോൾനിലങ്ങളെ ഒഴിവാക്കണമെന്നു പറയുന്നത്?

ശ്രീ. എ. ജെ. ജാൻ: പുറവരമ്പിടുന്നതിനും മററുമുള്ള വിഷമങ്ങളും പണച്ചെലവും കൂടാതെ കൃഷി നടത്താൻ സാധിക്കുമോ എന്നുള്ളത് മിസ്റ്റർ പോററിക്ക് ഞാൻ പറയാതെതന്നെ അറിയാമല്ലോ.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി: ആ ഭൂമികൾ തരിശായി കിടക്കുമെന്നുള്ള ഭയംകൊണ്ടാണോ അവ ഒഴിവാക്കണമെന്നു പറയുന്നത്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ ഭൂമി എല്ലാംതന്നെ നിയമത്തിൽനിന്നും ഒഴിവാക്കിയാൽ മതിയോ?

ശ്രീ. എ. ജെ. ജാൻ: അതു സ്വയബുദ്ധിയുള്ളവർ പറയുകയില്ല.

ശ്രീ. പി. കെ. യശോധരൻ: ഈ ഭൂനയബില്ലുകൾ ഇവിടെ അവതരിപ്പിച്ചതിനെ സ്വാഗതംചെയ്തുകൊണ്ട് അതേ സംബന്ധിച്ച് ഏതാനും ചില കാര്യങ്ങൾ ഞാൻ ഇവിടെ പറയാൻ തുടങ്ങുകയാണ്. കഴിഞ്ഞ നിയമസഭ കഴിഞ്ഞതിനുശേഷം ഈ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ഈ ബില്ലുകളെ സംബന്ധിച്ച് വന്നിട്ടുള്ള അഭിപ്രായങ്ങൾ അച്ചടിച്ച് ഗവണ്മെൻറിൽനിന്നും ഞങ്ങൾക്കെല്ലാം തന്നിട്ടുണ്ട്. ആ അഭിപ്രായങ്ങളിൽ ചിലതിലെല്ലാം ഞാൻ കടന്നു നോക്കിയിട്ടുമുണ്ട്. കൂടാതെ ഇവിടെ എന്റെ വലതുഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള അഭിപ്രായങ്ങളെ വച്ചുനോക്കുമ്പോൾ ഇതിൽ ഒരു പ്രവണത ഞാൻ കാണുന്നുണ്ട്. ഈ ഭൂനയബില്ലിനെ പ്രത്യക്ഷത്തിൽ എതിർക്കുകയെന്നുവച്ചാൽ രാഷ്ട്രീയമായി അവരുടെ ഭാവിയെ കാര്യമായി ബാധിക്കുന്ന ഒന്നായിത്തീരുക എന്നുള്ളത് വ്യക്തമാണ്. അതു മറെറാരു രീതിയിൽ അതിനെ സമീപിക്കുക

[ശ്രീ. പി. കെ. യശോധരൻ]

യാണ്. അവർ എപ്പോഴും പ്ലാനിംഗ് കമ്മിഷൻ റിപ്പോർട്ടിനെ പാക്കിപ്പിടിക്കുന്നുണ്ട്, ഭരണഘടനയെ പൊക്കിപ്പിടിക്കുന്നുണ്ട്. കേന്ദ്രാധികാരത്തെയും, ഹിമാചൽപ്രദേശത്തും, ഡൽഹിയിലും ഇന്നു നിലവിലുള്ള ഭൂഉടമസമ്പ്രദായത്തെയും നിയന്ത്രിക്കുന്ന ഒരു ബിൽ കൊണ്ടുവന്ന അവസരത്തിൽ കേന്ദ്രഗവണ്മെൻറ് അതിനെ വീറോചെയ്തു എന്നുള്ള കാര്യം ആ ഭാഗത്തിരിക്കുന്ന ആളുകൾക്ക് ഉപോൽബലകമായിട്ടുണ്ടെന്നു വിചാരിക്കുന്നുണ്ടായിരിക്കും.

അതുപോലെതന്നെ മുൻ ചീഫ്മിനിസ്റ്ററായിരുന്ന ശ്രീ. ഏ. ജെ. ജാണിൻെറ പ്രസംഗം കേട്ടപ്പോൾ മൗലികാവകാശത്തിൻെറ തണലിൽ ചില രക്ഷാസങ്കേതങ്ങൾ ഇതിൽ ദർശിക്കുന്നതായി കാണുന്നുണ്ട്. ചില പ്പോൾ ഇതിനെതിരായി റിട്ടുതന്നെ ഉണ്ടായേയ്ക്കുമെന്നു തോന്നുന്നു. എന്നായാലും രാജ്യസ്നേഹത്തിൻെറ പേരിൽ ഇത്തരം പരീക്ഷണങ്ങൾക്കു മുതിരരുതെന്നാണ് പറയുവാനുള്ളത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമായി ഈ ബില്ലിന് ചൂണ്ടിക്കാണിക്കുവാനുള്ള ആക്ഷേപം സാവ്ത്രികമായ അവ്യക്തത ഇതിൽ കാണുന്നു എന്നുള്ളതാണ്. ഭൂപരിധി നിർണ്ണയബിൽ ഇവിടെ കൊണ്ടുവരുന്ന അവസരത്തിൽ ഈ ബില്ല് എത്രമാത്രം ആളുകളെ ബാധിക്കുമെന്നു കണക്കാക്കുവാൻ ഗവണ്മെൻറിനു കഴിവില്ല. ഈ ബില്ലുകൊണ്ട് എത്രമാത്രം ആളുകൾക്ക് ഗുണമുണ്ടാകുമെന്നും നിർണ്ണയിക്കുവാൻ സാദ്ധ്യമല്ല. അതിലേയ്ക്ക് ശരിയായ ഒരു സ്റ്റാററിസ്റ്റിക്സ് ഇവിടെ ഇല്ല. ഇത് എത്രമാത്രം ആളുകളെ ദ്രോഹിക്കും, അല്ലെങ്കിൽ ഗുണപ്പെടുത്തും എന്നുള്ളതിനെ ആശ്രയിച്ചാണ് ഇതിൻെറ നന്മയും തിന്മയും നാം മനസ്സിലാക്കേണ്ടത്. അതിനെ സംബന്ധിച്ചുള്ള വ്യക്തമായ ഒരു കണക്ക് നമുക്കില്ല.

ഭൂമിയുടെ തരംതിരിക്കലിനെ സംബന്ധിച്ചും വലിയ അവ്യക്തതകൾ കാണുന്നുണ്ട്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ഭൂമിയുടെ പരിധിനിർണ്ണയം ചെയ്തിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ഭൂമി തരംതിരിച്ചിരിക്കുന്നത് എത്രത്തോളം പ്രായോഗികമാകും എന്നു സംശയമുണ്ട്. ഒരേക്കർ ഇരുപ്പു എന്നും അഥവാ ഒരേക്കർ തെങ്ങിൻപുരയിടമെന്നും അഥവാ ഒന്നര ഏക്കർ ഒരുപ്പുവെന്നും അല്ലെങ്കിൽ 2 ഏക്കർ പറമ്പെന്നും പറയും പറഞ്ഞാൽ ബില്ലുകൊണ്ടുദ്ദേശിക്കുന്ന ഫലം ശരിയായി ലഭിക്കുന്നതിനു വളരെ കുഴപ്പങ്ങൾ നേരിടേണ്ടതായി വരും. തുല്യം ലഭിക്കുകയില്ല. ശരിയായ അടിസ്ഥാനത്തിൽ ഭൂമി തരംതിരിക്കുവാനായി ഈ ബില്ലുകൊണ്ടിപ്പോൾ സാദ്ധ്യമല്ലാതെയാണിരിക്കുന്നത്. പല സ്ഥലത്തും വിഭിന്ന തോതിലുള്ള ആദായങ്ങളാണ് ലഭിക്കുക. ഇന്നത്തെ ആദായമല്ല നാളെ ലഭിക്കുന്നത്. ഒരേ തരത്തിലുള്ള കൃഷിതന്നെ ആയാലും പല രീതിയിലുള്ള ആദായങ്ങളായിരിക്കും ലഭിക്കുന്നത്. ശരിയായ ഒരു തരംതിരിക്കൽ വളരെയേറെ പ്രയാസമുള്ള ഒരു കാര്യമാണെങ്കിലും എനിക്കു തോന്നുന്ന ഒരു നിർദ്ദേശം ഞാൻ പറയാം. ഭൂമിയെ മൂന്നായി തരംതരിക്കുന്നത് നന്നായിരിക്കും. തീരപ്രദേശം, മദ്ധ്യപ്രദേശം, മലംപ്രദേശം. ഈ മൂന്നു പ്രദേശങ്ങളിലേയും മണ്ണിൻെറ സ്വഭാവവും സ്ഥലത്തിൻെറ കിടപ്പും മററു സാഹചര്യങ്ങളും ആദായവും മൂന്നുതരത്തിലാണ്. അതുകൊണ്ട് ഞാൻ പറഞ്ഞ രീതിയിൽ ഭൂമിയെ തരംതിരിച്ചാൽ വിത

രണത്തിൽ തുല്യത കൂടുതൽ ഉണ്ടാകുമെന്നാണ് എനിക്കു തോന്നുന്നതു്. ഭൂമിയുടെ വേർതിരിക്കലിനെ സംബന്ധിച്ചിടത്തോളം ഈ നില സ്വീകരിക്കണം.

മൂന്നാമതായി കാണുന്ന അവ്യക്തത ഭൂഉടമയെ സംബന്ധിച്ചാണ്. വിശേഷിച്ചും ഒരു കുടുംബത്തിനു കൈവശം വച്ചുകൊണ്ടിരിക്കാവുന്ന ഭൂമിയുടെ പരിധിയെ സംബന്ധിച്ചാണ്. ഇന്നു് അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനു് 15 ഏക്കർ തെങ്ങിൻപുരയിടമോ അല്ലെങ്കിൽ 15 ഏക്കർ ഇരുപ്പു നിലമോ 22 ഏക്കർ ഒരുപ്പു നിലമോ അല്ലെങ്കിൽ 30 ഏക്കർ വെറും പുരയിടമോ വച്ചുകൊണ്ടിരിക്കാമെന്നാണ് വ്യവസ്ഥ. കൂടുതലംഗങ്ങൾ ഉണ്ടെങ്കിൽ അംഗമൊന്നിനു് അഞ്ചേക്കർ സ്ഥലംകൂടി വച്ചുകൊണ്ടിരിക്കാം. എന്നാൽ മാക്സിമം 50 ഏക്കറേ പാടുള്ളു എന്നും കാണുന്നുണ്ട്. ഈ വ്യവസ്ഥ ശാസ്ത്രീയമായ ഒരടിസ്ഥാനത്തിൽ ചെയ്തിട്ടുള്ളതാണെന്നു തോന്നുന്നില്ല. ഇന്നത്തെ നിലതന്നെ നോക്കുകയാണെങ്കിൽ കോവാപ്പറേറീവ് അടിസ്ഥാനത്തിൽ കുടുംബങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഈ ബില്ല് അവതരിപ്പിച്ചപ്പോൾതന്നെ പല സ്ഥലത്തും കണ്ടുവരുന്നുണ്ട്. കൂടാതെതന്നെ ഇന്നത്തെ സമുദായക്രമമനുസരിച്ച് ഒരു കുടുംബത്തിനു് അനുവദിച്ചിട്ടുള്ള വിസ്തീർണ്ണത്തെകൂടാതെ ഇതിൽ കൊള്ളിച്ചിട്ടുള്ള ആറുമാസത്തിനുള്ളിൽ ഓരോ അംഗത്തിനും ഭാഗം നടത്തി ഓരോ കുടുംബമായി രൂപാന്തരപ്പെടുത്താവുന്നതാണ്. അങ്ങനെ കൂടുതൽ ഭൂമിയുള്ളവർക്ക് സൗകര്യമായി രക്ഷനേടുവാൻ സാധിക്കുന്നതാണ്. അതിനെ തടയേണ്ടിയിരിക്കുന്നു. വ്യക്തമായ അംഗങ്ങളെ ആശ്രയിച്ചു വ്യത്യസ്തമായി നിലപ്പെടുത്തരുതു്. ഈ കാര്യത്തിലുള്ള അവ്യക്തത മാററണം.

ഇനി എനിക്കു പ്രധാനമായി ചൂണ്ടിക്കാണിക്കുവാനുള്ളതു് ഈ ഭൂപരിധിനിർണ്ണയ ബില്ലുകൊണ്ടു് ഭൂമിയില്ലാത്ത എത്രമാത്രം ആളുകൾക്ക് ഗുണമുണ്ടാകുമെന്നുള്ളതാണ്. അതിനെ സംബന്ധിച്ചു് യഥാർത്ഥമായ കണക്കുകൾ ഇപ്പോൾ നമ്മുടെ കൈവശം ഇല്ല. എങ്കിലും ഗവണ്മെൻറു പറയുന്നുണ്ടു് ഗവണ്മെൻറു വക സ്ഥലങ്ങൾ, തോട്ടങ്ങൾ, കായൽ നിലങ്ങൾ, പരസ്പരസഹായസഹകരണ സംഘങ്ങളുടെ വക സ്ഥലങ്ങൾ ഇവയെ ഈ ബില്ലിൻെറ പരിധിയിൽനിന്നും ഒഴിവാക്കണമെന്നു്. വാസ്തവത്തിൽ കൂടുതൽ ആളുകൾക്ക് വീതിച്ചുകൊടുക്കുവാൻ സൗകര്യമുള്ളവ ഇത്തരം സ്ഥലങ്ങളാണ്. ഇത്രയും സ്ഥലങ്ങൾ ഒഴിവാക്കിക്കൊണ്ടു് ഈ നിയമം നടപ്പിൽ വരുത്തിയാൽ എത്രമാത്രം ആളുകൾക്കാണ് ഇതുകൊണ്ടു് പ്രയോജനമുണ്ടാകാൻ പോകുന്നതു്? സംസ്ഥാനത്തുള്ള മൊത്തം സ്ഥലത്തിൽ ഏകദേശം അഞ്ചിലൊന്നുസ്ഥലം ഈ കാററഗറിയിൽ പെടുന്നതാണ്. ഈ വക സ്ഥലങ്ങളെല്ലാം ഒഴിവാക്കി ഈ നിയമം നടപ്പിലാക്കുന്നപക്ഷം വളരെ കുറച്ചു് ആളുകൾക്കു മാത്രമെ ഈ ബില്ലുകൊണ്ടു് ഗവണ്മെൻറുദ്ദേശിക്കുന്ന നേട്ടം കിട്ടുകയുള്ളു. അതുകൊണ്ടു് കായൽനിലങ്ങളെയാകട്ടെ, എസ്റ്റേറുകളെയാകട്ടെ, ഈ ബില്ലിൽ നിന്നും ഒഴിവാക്കാൻ പാടില്ലെന്നാണെൻെറ അഭിപ്രായം. ഗവണ്മെൻറുവക സ്ഥലങ്ങളും ഒഴിവാക്കുവാൻ പാടില്ല. എസ്റ്റേറുകൾ വീതിച്ചുകൊടുത്താൽ ഉൽപാദനക്കുറവു് ഉണ്ടാകുമെന്നു് ആക്ഷേപം ഉണ്ടായേക്കാം. പക്ഷെ, കോവാപ്പറേറീവ് ബേസിസ്സിൽ ഈ സ്ഥലം കൃഷി ചെയ്യുന്നതിനു നിയമിക്കുകയാണെങ്കിൽ, ഉൽപാദനക്കുറവു് ഉണ്ടാകാതെ സൂക്ഷിക്കാം. ഈ വക സ്ഥലങ്ങളും ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്

[ശ്രീ. പി. കെ. യശോധരൻ]

സർ, ഈ ബില്ലുകൊണ്ടു് ഈ നാട്ടിലെ സാമാന്യജനങ്ങളുടെ അഭിലാഷമായ ജന്മിത്വത്തെ അവസാനിപ്പിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിച്ചിരുന്നു. പക്ഷെ, ജന്മിത്വം അവസാനിപ്പിക്കുന്ന നടപടികൾ ഒന്നും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു് ഇതു വായിച്ചുനോക്കിയാൽ കാണാം. നേരേമറിച്ചു് ജന്മിമാരുടെ ഭൂവുടമയെ നിലനിറുത്തുന്ന ഒരു ബില്ലാണിതെന്നു കാണാം. ഭൂവുടമകൾക്കു് മാത്രം $16\frac{2}{3}$ നഷ്ടപരിഹാരം കൊടുക്കണമെന്നുള്ള വ്യവസ്ഥ ഇതിലുണ്ടു്. അവരെ സംബന്ധിച്ചിടത്തോളം ഭാവിയിലുള്ള സമ്പാദ്യങ്ങളെ മാത്രമെ നിയന്ത്രിക്കുന്നുള്ളു. അങ്ങനെ നോക്കുമ്പോൾ ജന്മിത്വത്തെ സഹായിക്കുന്ന ഒരു ബില്ലാണിതെന്നു കാണാം.

മറ്റൊന്നു്, ഭൂമിയുള്ളവർക്കു മാത്രമെ പാട്ടത്തിനുള്ള ഭൂമി വാങ്ങുവാൻ നിവൃത്തിയുള്ളുവെന്നും ഈ ബില്ലിലെ വ്യവസ്ഥ നോക്കിയാൽ കാണാം. ഭൂമിയില്ലാത്ത ആളുകൾക്കു് ഈ ബില്ലിലെ തത്വമനുസരിച്ചു് പാട്ടത്തിനു് ഭൂമി വാങ്ങിക്കുവാൻ നിവൃത്തിയില്ലാത്ത ഒരവസ്ഥയാണു് ഇതുകൊണ്ടു് വന്നുചേരുന്നതു്. ആ കാര്യവും സെലക്റ്റുകമ്മിറ്റി ശ്രദ്ധിക്കേണ്ടതാണു്. തീരപ്രദേശം, മദ്ധ്യപ്രദേശം, മലംപ്രദേശം എന്നിങ്ങനെ ഭൂമി മൂന്നായി വേർതിരിച്ചു അഞ്ചംഗങ്ങൾ അടങ്ങിയ ഓരോ യൂണിററിനും അവർക്കു കൃഷിചെയ്തു ജീവിക്കത്തക്ക സൗകര്യങ്ങൾ ലഭിക്കത്തക്കവിധം ഭൂമിയുടെ പരിധിനിർണ്ണയിച്ചുവീതിച്ചുകൊടുക്കുക. അംഗങ്ങൾ കൂടുതൽ ഉണ്ടെന്നു വച്ചു് കൂടുതൽ ഭൂമി കൊടുക്കുവാൻ പാടില്ല. ഈ സ്റ്റാൻഡേർഡു് കുടുംബത്തിനു സാമാന്യം ജീവിക്കുവാനുള്ള വരുമാനം നിശ്ചയിക്കുക. ഈ വരുമാനം ലഭിക്കത്തക്ക വിസ്തീർണ്ണം ഓരോ പ്രദേശത്തും വ്യത്യസ്തമായിരിക്കും. എന്നാൽ മൂന്നായി പൊതുവെ തരം തിരിക്കുന്നതുകൊണ്ടു് സ്ഥലനിർണ്ണയകാര്യം കൂടുതൽ സുഗമമായിരിക്കും. ഇതാണു് ഇതു സംബന്ധിച്ചു് എനിക്കു നൽകുവാനുള്ള നിർദ്ദേശം. അടുത്തതായി, ലാൻഡു ട്രിബ്യൂണൽ ഏർപ്പെടുത്തുന്നതിനെപ്പററിയാണു് പറയുവാനുള്ളതു്. നിയമം പാസായി ആറുമാസത്തിനുള്ളിൽ, കൂടുതൽ ഭൂമി വിട്ടുകൊടുക്കുവാൻ തയ്യാറാകാത്തപക്ഷം അതു് കയ്യടക്കുവാനുള്ള അധികാരത്തോടുകൂടി ഇതു സംബന്ധിച്ചുള്ള തർക്കങ്ങൾ കേൾക്കുന്നതിനു വേണ്ടി ഒരു ലാൻഡു് ട്രിബ്യൂണൽ ഏർപ്പെടുത്തണമെന്നുകൂടി ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ടു്. ട്രിബ്യൂണലിന്റെ തീരുമാനത്തിനു് അപ്പീൽ കൊടുക്കേണ്ടതു ഡിസ്ട്രിക്റ്റു് കോടതിയിലാണു്. ഈ ട്രിബ്യൂണലിനു് ഡിസ്ട്രിക്റ്റു് മജിസ്ട്രേട്ടിന്റെ അധികാരംകൂടി കൊടുത്തിട്ടുണ്ടു്. കൂടുതൽ അധികാരം കൊടുക്കണമെന്നാണു് പറയുവാനുള്ളതു്. ഇന്നു് ശ്രീ. സദാശിവൻ പറഞ്ഞതുപോലെ, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം വളരെയധികം നടമാടിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ആശയം വളരുന്നതനുസരിച്ചു് മാനസികമായി വളരാത്ത ഉദ്യോഗസ്ഥന്മാരുടെ കയ്യിലേയ്ക്കു് പൂർണ്ണാധികാരം നൽകുന്നതു് അത്ര അഭിലഷണീയമല്ല. അതുകൊണ്ടു് ജനകീയമായ അടിസ്ഥാനത്തിൽ ഈ ട്രിബ്യൂണൽ സംവിധാനം ചെയ്യണമെന്നാണു് എനിക്കു പറയാനുള്ളതു്. അതിനാൽ യോഗ്യന്മാരും നിഷ്പക്ഷമതികളുമായ പൊതുക്കാര്യപ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി ട്രിബ്യൂണൽ ഉണ്ടാക്കേണ്ടതാണു്. ഈ വക കാര്യങ്ങളിൽ സെലക്റ്റുകമ്മിറ്റിയുടെ ശ്രദ്ധ പ്രത്യേകം പതിഞ്ഞുകാണാൻ ഞാനാഗ്രഹിക്കുന്നു.

* 178. [11] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡേൺ മെഡിസിൻസ് കൂടി ഉൾപ്പെടുത്തി ആയുർവേദ കാളേജിലെ സിലബസ്സ് പരിഷ്കരിച്ച് നടപ്പിലാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) സിലബസ്സിനുവേണ്ടിയുള്ള ഈ നിവേദനത്തിന്മേൽ ഗവണ്മെൻറ് എന്തു് നടപടി നടത്തി?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ഉണ്ടു്.

(ബി) ഈ വിഷയങ്ങൾകൂടി ഉൾപ്പെടുത്തി സിലബസ്സ് വിപുലമായി തയാറാക്കുകയും, 1953 ഡിസംബറിൽ കൂടിയ ആയുർവേദ ഫാക്കൾറ്റി വേണ്ട ഭേദഗതികളോടുകൂടി അതു പാസാക്കുകയും ചെയ്തു. 1954 നവംബർമാസത്തിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റും പുതുക്കിയ സിലബസ് അംഗീകരിച്ചു കഴിഞ്ഞു. അതനുസരിച്ച് അദ്ധ്യയനം നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : സിലബസ് നടപ്പാക്കുവാൻ വേണ്ട സ്റ്റാഫുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു് : അതു നടപ്പിലാക്കുവാൻ തീർച്ചയാക്കിയിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഡാക്ടരെ അപ്പോയിൻറു ചെയ്തുകഴിഞ്ഞോ ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെക്കുറിച്ചു് അന്വേഷിച്ചു പറയാം.

മിനിമംവേജസ്.

* 179. [12] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് മോട്ടോർ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ് ഇംപ്ലിമെൻറു ചെയ്യുന്ന രീതിയെക്കുറിച്ചു് തൊഴിലാളി യൂണിയനുകൾ മെമ്മോറാണ്ടം ഉടമകൾക്ക് നൽകിയിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കൂടുതൽ തൊഴിലാളികളെ യാതൊരു മാനദണ്ഡവും കൂടാതെ പിരിച്ചുവിടുന്ന രീതിയിലാണ് ഉടമകൾ മിനിമംവേജസ് നടപ്പിലാക്കുന്നതു് എന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അതിന്മേൽ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ടി മറുപടിയിൽനിന്നു് ഈ ചോദ്യം ഉദിക്കുന്നില്ല.

റോഡുകൾ.

* 180. [13] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ, ചതുരശ്രമൈലിനു്, ശരാശരി ഗവണ്മെൻറു് മെയിൻറനൻസ്സിലുള്ള എത്ര മൈൽ റോഡുണ്ടു്;

(ബി) റോഡു മൈലേജു് ഏററവും കൂടുതലുള്ള താലൂക്കുകളേവ; ഏററവും കുറവുള്ള താലൂക്കുകളേവ;

(സി) തൊടുപുഴ താലൂക്കിലെ റോഡുമൈലേജെത്ര;

(ഡി) മററു യാതൊരുവിധ ഗതാഗതസൗകര്യങ്ങളുമില്ലാത്ത തൊടുപുഴ, മൂവാററുപുഴ, മീനച്ചൽ തുടങ്ങിയ താലൂക്കുകളിലെ റോഡുകളുടെ കാര്യത്തിൽ ഗവണ്മെൻറു് കൂടുതൽ ശ്രദ്ധ കാണിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 0.64 മൈൽ.

(ബി) നാഗർകോവിൽ ഡിവിഷനിൽ ഏററവും കൂടുതൽ അഗസ്തീശ്വരം താലൂക്കും ഏററവും കുറവു് തോവാള താലൂക്കും.

കൊല്ലം ഡിവിഷനിൽ ഏററവും കൂടുതൽ കൊല്ലം താലൂക്കും ഏററവും കുറവു് പത്തനംതിട്ട താലൂക്കും.

തിരുവനന്തപുരം ഡിവിഷനിൽ ഏററവും കൂടുതൽ തിരുവനന്തപുരം താലൂക്കും ഏററവും കുറവു് നെടുമങ്ങാടു് താലൂക്കും.

മൂവാററുപുഴ ഡിവിഷനിൽ ഏററവുംകൂടുതൽ മൂവാററുപുഴ താലൂക്കും ഏററവും കുറവു് ദേവികുളം താലൂക്കും.

കോട്ടയം ഡിവിഷനിൽ ഏററവും കൂടുതൽ തിരുവല്ലാ താലൂക്കും ഏററവും കുറവു് അമ്പലപ്പുഴ താലൂക്കും.

എറണാകുളം, തൃശ്ശൂർ ഈ ഡിവിഷനുകളിലെ സ്ഥിതിവിവരക്കണക്കുകൾ ലഭിച്ചിട്ടില്ല.

(സി) 151½ മൈൽ.

(ഡി) സാമ്പത്തിക കഴിവിന്നനുസരണമായ ശ്രദ്ധ പതിപ്പിക്കുന്നതാണു്.

ശ്രീ. സി. എ. മാത്യു: ഈ വർഷം ഏതെങ്കിലും റോഡു് ഗവണ്മെൻറു് ഏറെറടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: നോട്ടീസുവേണം.

ശ്രീ. കെ. പി. ഹാർമീസ്: സ്റ്റേററിൽ ഒട്ടാകെ നോക്കുമ്പോൾ ഏററവും നീളം കുറവായ റോഡു് ഏതാണു്?

ശ്രീ. അച്യുതൻ : നോട്ടീസ് വേണം.

ശ്രീ. കെ. പി. ഹാർമീസ് : അത് ഓരോ പ്രത്യേകം ഡിപ്പാർട്ടുമെൻറിൽ സ്റ്റാററിസ്റ്റിക്സ് ഉണ്ടോ ?

ശ്രീ. എ. അച്യുതൻ : അതു് എല്ലാ ഡിവിഷനിലേയും കണക്കിൽനിന്നേ അറിയുവാൻ സാദ്ധ്യമുള്ളൂ.

റോഡ്.

* 181. [14] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെയിൻറനൻസ് നത്തിൽ, ഒരു മൈൽ റോഡ്നു്, ഗവണ്മെൻറ് ഒരു ആണ്ടിൽ എന്തു തുക ചെലവാക്കുന്നുണ്ടു് ;

(ബി) ഈ ആവശ്യത്തിലേയ്ക്കു് കേന്ദ്രത്തിൽനിന്നും ഹൈവേകൾക്കുവേണ്ടി എന്തു തുക ലഭിക്കുന്നുണ്ടു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) മെയിൻറനൻസ് ചെലവു് താഴെ പറയുന്നപ്രകാരമാണു്.

പ്രൊവിൻഷ്യൽഹൈവേ 1100 മുതൽ 2500 രൂപവരെ.

ഡിസ്ട്രിക്ററ റോഡുകൾ—800 മുതൽ 2000 രൂപവരെ.

വില്ലേജ് റോഡുകളും പാതകളും—300 രൂപ.

(ബി) 1954-55-ലേയ്ക്കു് 8,27,000 രൂപ ഇൻഡ്യാഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി : മെയിൻറനൻസിനു് അനുവദിച്ച തുക വല്ലതും ലാപ്സായിപ്പോയിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : മിക്കവാറും ഇല്ല.

തൊഴിൽത്തർക്കങ്ങൾ.

* 182. [15] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം, ഇന്നുവരെ ആകെ എത്ര തൊഴിൽത്തർക്കങ്ങളുണ്ടായിട്ടുണ്ടു് ;

(ബി) അവയിലെത്രയെണ്ണം, ലേബർ ഡിപ്പാർട്ടുമെൻറിടപെട്ടു് സമരംകൂടാതെ ഒത്തുതീർപ്പു വരുത്തിയിട്ടുണ്ടു് ;

(സി) പണിമുടക്കിലാകെ നഷ്ടപ്പെട്ടിട്ടുള്ള "മാൻ പവ്വർ ഡേസ്" എത്ര ;

(ഡി) ഈ തൊഴിൽത്തർക്കങ്ങളിലാകെ എത്ര അറസ്ററുകൾ നടത്തേണ്ടിവന്നിട്ടുണ്ടു് ; എത്ര ലാത്തിച്ചാർജ്ജ് ഇൻസ്റ്റൻസസ് വേണ്ടി വന്നിട്ടുണ്ടു് ;

(ഈ) ഇവയിലേററവും കൂടുതൽ നീണ്ടുനിന്ന പണിമുടക്കു വേണ്ടിവന്നതു് ഏതു് സമരത്തിനാണു് ;

(എഫ്) ഇവയിൽ ഏററവും കൂടുതൽ തൊഴിലാളികൾ പങ്കു കൊണ്ടു് നടത്തിയ സമരമേതാണു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ പി. കെ. കുഞ്ഞു്) :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇന്നു വരെ ആകെ 2865 തൊഴിൽത്തർക്കങ്ങൾ ഉണ്ടായിട്ടുണ്ടു്.

(ബി) അവയിൽ 2312 എണ്ണം ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ടു ഒത്തുതീർപ്പു വരുത്തിയിട്ടുണ്ടു്.

(സി) പണിമുടക്കിൽ ആകെ 1,28,374 മാൻപവ്വർ ഡേസ് നഷ്ടപ്പെട്ടിട്ടുണ്ടു്.

(ഡി) ഈ തൊഴിൽത്തർക്കങ്ങളിൽ ആകെ 488 പേരെ അറസ്ററുചെയ്തിട്ടുണ്ടു്. ഒല്ലൂരും ആലുവായിലും ഉണ്ടായിരുന്ന തൊഴിൽ തർക്കത്തോടനുബന്ധിച്ചു് രണ്ടുലാത്തിച്ചാർജ്ജുകൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ടു്.

(ഇ) പരവൂർ, പുന്നപ്ര, വണ്ടാനം എന്നീ സ്ഥലങ്ങളിലെ ചെറുതരം കയർഫാക്ററികളിൽ 16-8-54 മുതൽ 12-1-55 വരെ സ്ട്രൈക്കും സത്യാഗ്രഹവും ആണു് കൂടുതൽ നീണ്ടുനിന്നതു്.

(എഫ്) ആളകപ്പാ ടെക്സ്റ്റയിലിൽ നടന്ന പ്രകടനങ്ങളിൽ കൂടുതൽ തൊഴിലാളികൾ പങ്കെടുത്തിട്ടുണ്ടു്.

ട്രാൻസ്പോർട്ടു ബസ്സു് സർവീസു്.

* 183. [16] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി ട്രാൻസ്പോർട്ടു് ബസ്സു് സർവീസുകളിൽ ടിക്കററെടുക്കാതെ യാത്രചെയ്യുന്നതു് നിസമതിയുള്ളവരാരെല്ലാമാണു് ;

(ബി) ട്രാൻസ്പോർട്ടു ബസ്സുകളിൽ സർവീസു നടത്തുമ്പോൾ അലങ്കരിക്കാനും വാഴക്കുലകെട്ടാനും യോഗങ്ങളുടെ പോസ്ററുകൾ ഒട്ടിക്കാനും അനുവദിച്ചിട്ടുണ്ടോ ;

(സി) ട്രാൻസ്പോർട്ടു പണിമുടക്കുകാലത്തു് സമരവിരുദ്ധയോഗങ്ങളുടെയും പരിക്കാലിപ്പണി നടത്തിയ ജോലിക്കാർക്കു് നൽകിയ സ്വീകരണങ്ങളുടെയും പോസ്ററുകൾ പതിച്ചിരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഡിപ്പാർട്ടുമെൻറ് ജീവനക്കാർ, പോർട്ടറന്മാർ എന്നിവർ മാത്രം. അവർക്കു് പാസ്കൊടുക്കുക പതിവുണ്ടു്. ആ പാസ് അനുസരിച്ചാണു് അവർ യാത്ര ചെയ്യുന്നതു്.

(ബി) ഇല്ല.

(സി) ഇല്ല.

ശ്രീ. എൻ. നീലകണ്ഠപ്പണ്ടാരത്തിൽ: ട്രാൻസ്പോർട്ട് സമരം നടന്നകാലത്ത് പി. എസ്. പി. പാർട്ടിയിലെ മെംബറന്മാർ മഞ്ഞ പോസ്റ്ററുകൾ ബസ്സിന്മേൽ കെട്ടി യാത്ര ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: ഇല്ല.

പുതിയ റോഡുകൾ.

* 184. [17] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954–55–ാം സാമ്പത്തികവർഷത്തിൽ ഭാഗികമായോ, പൂർണ്ണമായോ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടി ഈ ഗവണ്മെൻറ് ആകെ ബഡ്ജററ ചെയ്തിട്ടുള്ള തുക എന്താണ്;

(ബി) 1954 ഡിസംബർ 1–ാം തീയതിവരെ ഈ ഇനത്തിൽ ചെലവഴിച്ച തുക എന്താണ്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) 12,33,500 രൂപ.

(ബി) 4,10,316 രൂപ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സാമ്പത്തികവർഷത്തിൽത്തന്നെ ഈ സംഖ്യയെല്ലാം ഉപയോഗപ്പെടുത്തുവാൻ ഗവണ്മെൻറിനു സാധിക്കുമോ?

ശ്രീ. എ. അച്ചുതൻ: അതെല്ലാം ഉപയോഗിച്ച് വരുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കഴിഞ്ഞപ്രാവശ്യം ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക ലാപ്സായ പ്രായിട്ടുള്ള വസ്തുത ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: അതുപറയുവാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: നാലു ലക്ഷം രൂപ മാത്രം ഇതുവരെ ചെലവാക്കുവാനുള്ള കാരണമെന്താണ്?

ശ്രീ. എ. അച്ചുതൻ: ജോലികൾ എല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നടന്നിടത്തോളം ജോലിക്ക് പാർട്ടൈം പേമെൻറ് കൊടുക്കുകയുള്ളൂ.

പുതിയതായി വാങ്ങിയിട്ടുള്ള ബസ്സുകൾ.

* 185. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അടുത്തകാലത്തു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ലേയ്ക്ക് എത്രതരം ബസ്സുകളാണു വാങ്ങിയിട്ടുള്ളത്;

(ബി) എത്ര ബസ്സുകൾ വാങ്ങി;

(സി) ഏതു കമ്പനിയിൽ നിന്നാണു ചെസ്സുകൾ വാങ്ങിയതു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) (1) ലൈലൻഡ് കോമറവ്.
(2) ഐ ഓട്ടർ.
(3) കോമർ.

(ബി) ലൈലൻഡ് കോമറവ്—62.
ഐ ഓട്ടർ —36.
കോമർ —40.

(സി) ലൈലൻഡ് കോമറവ വണ്ടികൾ മെസ്സേഴ്സ് അശോക മോട്ടോഴ്സിൽ നിന്നും, ഐ ഓട്ടർ വണ്ടികൾ മെസ്സേഴ്സ് മഹീന്ദ്രാ കമ്പനിയിൽനിന്നും, കോമർ—ഓട്ടോമൈബിൽസ് പ്രൊഡക്റവ് കമ്പനിയിൽനിന്നും വാങ്ങി.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അശോക മോട്ടോഴ്സിൽ നിന്നും വാങ്ങിച്ച വണ്ടികൾക്ക് മൈലേജ് കുറച്ചാണ് കിട്ടുന്നതെന്ന് പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ : അങ്ങനെ പരാതി കിട്ടിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ആ വണ്ടികൾക്ക് എത്ര മൈൽ പെട്രോൾ കിട്ടും?

ശ്രീ. എ. അച്യുതൻ : അതിനു നോട്ടീസു വേണം.

ശ്രീ. പ്രാക്കുളം ഭാസി : ഈ വണ്ടികൾ വാങ്ങുന്നതിൽ കമ്മീഷൻ കിട്ടാറുണ്ടോ?

ശ്രീ. എ. അച്യുതൻ : ഇല്ലാ.

ശ്രീ. പ്രാക്കുളം ഭാസി : കമ്പനികൾ കൊടുക്കുന്ന കമ്മീഷൻ വാങ്ങാൻ ആ ഡിപ്പാർട്ടുമെൻറ മേലുദ്യോഗസ്ഥന് അധികാരമുണ്ടോ?

ശ്രീ. എ. അച്യുതൻ : അങ്ങനെ അധികാരമില്ലെന്നാണറിവ്.

ശ്രീ. പ്രാക്കുളം ഭാസി : ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷനായിരുന്ന ഒരു ഉദ്യോഗസ്ഥൻ അങ്ങിനെ കമ്മീഷൻ വാങ്ങിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. എ. അച്യുതൻ : അങ്ങിനെ വാങ്ങിച്ചിട്ടില്ലെന്നാണറിവ്.

ശ്രീ. എം. പി. ചെറിയാൻ : ഈ വാങ്ങിച്ചു എന്നു പറയുന്ന വണ്ടികൾ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്നവയാണോ?

ശ്രീ. എ. അച്യുതൻ : ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന വണ്ടികളാണ്.

കുഴൽക്കിണർ കുഴിക്കൽ.

* 186. [19] ശ്രീ. പി. കെ. ദേശായി : തഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തു കുഴൽക്കിണർ കുഴിപ്പിക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ എന്തായി;

(ബി) ഇൻഡ്യാഗവണ്മെൻറിൽ നിന്നും കൂടുതലായി വല്ല സഹായവും ലഭിക്കുന്നുണ്ടോ ;

(സി) മേജർസ്കീം നടപ്പിലാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) തീരപ്രദേശങ്ങളിൽ അഞ്ചു കുഴൽക്കിണറുകൾ ഇതുവരെ കുഴിച്ചിട്ടുണ്ടു്. രണ്ടു ഹൈസ്പീഡ് ബോറിംഗ് മെഷീനുകൾക്കു് ആർഡർ കൊടുത്തിരിക്കുന്നതു വന്നുചേരാത്തതുകൊണ്ടു് കൂടുതൽ കുഴൽക്കിണറുകളുടെ പണി ആരംഭിക്കാത്തതാണു്. അതു വന്നു ചേർന്നുകഴിഞ്ഞാൽ 120 കുഴൽക്കിണറുകൾ കൂടി കുഴിപ്പിക്കാമെന്നുദ്ദേശിക്കുന്നുണ്ടു്.

(ബി) റൂറൽ വാട്ടർ സപ്ലൈസ്കീം അനുസരിച്ചു് രണ്ടു കൊല്ലത്തേയ്ക്കു ഇൻഡ്യാഗവണ്മെൻറിൽനിന്നും പതിനഞ്ചുലക്ഷംരൂപ അനുവദിച്ചിട്ടുണ്ടു്. ഇതു ആകെ ഉണ്ടാകുന്ന ചെലവിൽ പകുതിയാണു്. കൂടാതെ ഇൻഡ്യാഗവണ്മെൻറിൽനിന്നും മററു മെഷീനറികളും ലഭിക്കാനിടയുണ്ടു്.

(സി) അതിനുള്ള ഉത്തരം (എ) യുടെ ഉത്തരത്തിൽ നൽകിയിട്ടുണ്ടു്.

ശ്രീ. പി. കെ. യശോധരൻ : ഈ മെഷീൻസ് എന്നു കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു് ?

ശ്രീ. പി. കെ. കുഞ്ഞു് : രണ്ടു മാസത്തിനകം കിട്ടുമെന്നാണു് അറിയുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി : ഇതിനുമുമ്പു് ഇവിടെ പറയുകയുണ്ടായിട്ടുണ്ടു് ഈ ഗവണ്മെൻറിന്റെ പക്കൽ കുഴൽക്കിണർ കുഴിപ്പിക്കാനുള്ള മെഷീൻ ഉണ്ടെന്നു്. പിന്നെ ആർഡർ ചെയ്തിരിക്കുന്നു എന്നു പറയുന്നതെന്തിനാണു് ?

ശ്രീ. പി. കെ. കുഞ്ഞു് : അതുകൊണ്ടാണു് അഞ്ചെണ്ണം കുഴിപ്പിച്ചതു്.

ശ്രീ. പ്രാക്കുളം ഭാസി : കുറെ കുഴൽക്കിണറുകൾകൂടി രണ്ടു മാസത്തിനകം കുഴിപ്പിച്ചുകൊടുക്കാമെന്നു കഴിഞ്ഞ നിയമസഭാ സമ്മേളനാവധിയിലും പറഞ്ഞിട്ടുള്ളതാണു്. അതിനൊന്നും ഇതുവരെ ആരംഭിച്ചു കാണുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞു് : അതുതന്നെയാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. മെഷീൻസ് വന്നുചേരാത്തതുകൊണ്ടാണു്. അവ വന്നുചേർന്നാൽ കൂടുതൽ കുഴൽക്കിണറുകൾ കുഴിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടു്.

ശ്രീ. പി. കെ. യശോധരൻ: കുഴൽക്കിണറുകൾ കുഴിപ്പിക്കുന്നതിനു് ഏതെങ്കിലും പ്രൈവററ് ഏജൻസികൾക്കു് കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു് : പറഞ്ഞതായി അറിവുണ്ടു്.

ശ്രീ. പി. കെ. യശോധരൻ: പ്രൈവററ് ഏജൻസികളെക്കൊണ്ടു് നടത്തിക്കുന്നതു് ലാഭകരമാണെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു്: അതിനു് പ്രൈവറ്റ് ഏജൻസികളെ ഏർപ്പിക്കുന്നതു് അത്ര ശരിയല്ലെന്നാണു് ഗവണ്മെൻറു കരുതുന്നതു്. ഗവണ്മെൻറുത്തരവാദിത്വത്തോടുകൂടി നടത്തുന്നതു് നന്നായിരിക്കുമെന്നു വിചാരിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പതിനഞ്ചുലക്ഷം രൂപ ഇൻഡ്യാ ഗവണ്മെൻറു തരുന്നതു് ഗ്രാൻറായിട്ടാണോ; ലോണായിട്ടാണോ?

ശ്രീ. പി. കെ. കുഞ്ഞു്: ഗ്രാൻറായിട്ടാണു്.

ശ്രീ. എം. വി. ചെറിയാൻ: ഒരു കുഴൽക്കിണറു് നിർമ്മിക്കുന്നതിനു് എന്തു ചെലവുവരും?

ശ്രീ. പി. കെ. കുഞ്ഞു്: രണ്ടായിരംമുതൽ മൂവായിരംവരെ രൂപ ചെലവാകും.

ശ്രീ. കെ. എ. ബാലൻ: ഈ റൂറൽ വാട്ടർസപ്ലൈ സ്കീം അനുസരിച്ചു് ഏതെല്ലാം സ്ഥലങ്ങളിലാണു് കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: അതു ഞാൻ നേരത്തേ പറഞ്ഞിട്ടുള്ളതാണു്. വൈപ്പിൻകര, ചെല്ലാനം ഇങ്ങനെ പല സ്ഥലങ്ങളിലാണു്

ശ്രീ. എം. എം. മത്തായി: എന്തുകൊണ്ടാണു് ഇൻഡ്യാഗവണ്മെൻറിൽനിന്നും കിട്ടിയ ധനസഹായം, അതായതു് 1953, 54, 55 ഈ വർഷങ്ങളിൽ കിട്ടിയതു്, ചെലവാക്കാതിരുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: ധനസഹായം നൽകാം എന്നു പറഞ്ഞതു് വളരെ സമീപകാലത്താണു്. അതനുസരിച്ചാണു് മെഷീനുകളും മററും ആർഡർ കൊടുത്തിട്ടുള്ളതു്. ഈ മെഷീനുകൾ കിട്ടുക്കഴിഞ്ഞതിനു ശേഷമേ ധനസഹായത്തിൻെറ ആവശ്യമുള്ളു.

ശ്രീ. കെ. എ. ബാലൻ: വൈപ്പിൻകരയിൽ കുഴൽക്കിണർ സ്ഥാപിച്ചുകഴിഞ്ഞുവോ?

ശ്രീ. പി. കെ. കുഞ്ഞു്: സ്ഥാപിച്ചില്ല. റൂറൽ വാട്ടർസപ്ലൈ സ്കീം അനുസരിച്ചു് തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്നാണു് പറഞ്ഞതു്.

Construction of Bridges under First Five Year Plan.

* 187. [20] SHRI M. V. CHERIAN: Will the Minister for Works and Transport be pleased to state:

(*a*) the names of the major bridges included in the First Five Year Plan and the number that have been completed;

(*b*) why even at the lapse of years since its inclusion and even after providing in the budget the work of the Piravam bridge has not yet commenced;

(*c*) have the estimates of the Piravam bridge been given administrative sanction and the plan approved;

(*d*) is it the intention of the Government to start the above work this year itself and if so, are the Government aware that any delay will cause a change in season and corresponding delay?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 1. മീരാൻകടവു ബ്രിഡ്ജ്
2 തോണ്ടറ ,,
3. മല്ലപ്പള്ളി ,,
4. കുമ്പഴ ,,
5. ഇട്ടിനായർകടവ് ,,
6. പാലാ ,,
7. മൂലപ്പാലം ,,
8. ഇരുമ്പുകുഴി ,,
9. ഇലിപ്പുഴ ,,
10. കാക്കടേശ്വരം ,,
11. പിറവം ,,
12. ചെറായി ,,
13. പല്ലുട്ട് ,,

ഇതിൽ രണ്ടു പാലങ്ങളുടെ പണി തീർന്നിട്ടുണ്ട്. മല്ലപ്പള്ളിയും, പാലായും പാലങ്ങൾ.

(ബി) അതിന്റെ പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ തീർന്നു. എസ്റ്റിമേറ്റ് പ്രിപ്പയർ ചെയ്യുന്നേയുള്ളു.

(സി) അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കൊടുത്തിട്ടില്ല. പ്ലാൻ ചീഫ് ഇൻജിനീയർ അപ്രൂവുചെയ്തിട്ടുണ്ട്.

(ഡി) ഈ കൊല്ലംതന്നെ ജോലി തുടങ്ങുന്നതാണ്.

ശ്രീ. എം. വി. ചെറിയാൻ: പ്ലാൻ തയ്യാറാക്കിയിട്ടും അഡ്മിനിസ്ട്രേറ്റീവ് സാംക്ഷൻ ഇതുവരെ കൊടുക്കാത്തതെന്താണ് എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: പ്ലാൻ തയ്യാറാക്കി അപ്രൂവുചെയ്തിട്ട് ഈ അടുത്ത കാലത്താണ് ഗവണ്മെന്റ് ലേയ്ക്ക് വന്നിട്ടുള്ളത്.

ശ്രീ. കെ. എം. ജോർജ്ജ്: കഴിഞ്ഞ സെഷനിൽത്തന്നെ ഇതിന്റെ ഇൻവെസ്റ്റിഗേഷനും, പ്ലാനും എല്ലാം തയ്യാറായിക്കഴിഞ്ഞു; പിന്നെ ഇതുവരെയും അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കൊടുക്കാത്തതെന്താണ്?

ശ്രീ. എ. അച്യുതൻ: ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞു, ഈ അടുത്ത കാലത്താണ് അത് ഗവണ്മെന്റിലേയ്ക്ക് വന്നിട്ടുള്ളതെന്ന്.

ശ്രീ. കെ. എം. ജോർജ്ജ്: ഈ വേനൽക്കാലം അവസാനിക്കുന്നതിനുമുമ്പ് പണിയാരംഭിക്കുമോ?

ശ്രീ. എ. അച്യുതൻ: ആരംഭിക്കണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം.

ശ്രീ. കെ. എം. ജോർജ്ജ്: മഴ തുടങ്ങിയാൽപ്പിന്നെ പണി തുടങ്ങാൻ സാദ്ധ്യമല്ലെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: അറിയാം.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഈ അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കൊടുക്കാൻ താമസിക്കുന്നതുകൊണ്ടാണ് പണി ആരംഭിക്കാതിരിക്കുന്നതെന്നു അറിയാമോ?

ശ്രീ. എ. അച്ചുതൻ: അങ്ങനെ സാങ്ക്ഷൻ കൊടുക്കാതിരുന്നിട്ടില്ല.

ശ്രീ. കെ. എ. ബാലൻ: ഈ പഞ്ചവത്സരപദ്ധതി അവസാനിക്കുന്നതിനുമുമ്പ് ഈ പാലങ്ങൾ പൂർത്തിയാകുമോ?

ശ്രീ. എ. അച്ചുതൻ: പണി പൂർത്തിയാകണമെന്നില്ല. ഈ പഞ്ചവത്സരപദ്ധതി അവസാനിക്കുന്നതിനുമുമ്പ് പണി ആരംഭിച്ചാൽമതി.

ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: കുമ്പഴ പാലത്തിന്റെ പണി ഏതുനിലയിൽ ഇരിക്കുന്നു എന്നു പറയാമോ?

Mr. Speaker: You may put a separate question.

വഞ്ചി പൂവർ ഫണ്ട്.

* 188. [21] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വഞ്ചി പൂവർ ഫണ്ടുകൊണ്ട് എത്ര അഗതികളെ സംരക്ഷിക്കുന്നു;

(ബി) ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള ചെലവെത്ര;

(സി) അഗതികളെ എന്തെല്ലാം തൊഴിലുകൾ പരിശീലിപ്പിക്കുന്നു; 1954-ൽ ഈ ഇനത്തിൽ ഉണ്ടായ വരവെത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) തിരുവനന്തപുരത്തും ആലപ്പുഴയും കോട്ടയത്തുമായി ആകെ 540 പേരെ സംരക്ഷിക്കുന്നുണ്ട്.

(ബി) അതൊരു ഡിപ്പാർട്ടുമെൻറല്ല. അതിന്റെ ഒരു കൊല്ലത്തെ ചെലവ് 73,000 രൂപയാണ്.

(സി) നെയ്ത്ത്, പായ്നിർമ്മാണം, കയർപിരി മുതലായവ അഗതികളെ പഠിപ്പിക്കുന്നു.

ശ്രീ. യു. നീലകണ്ഠൻ: ഈ അഗതികൾ എന്നു പറഞ്ഞാൽ ആരാണെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: ആഹാരം കഴിക്കുവാൻ നിവൃത്തിയില്ലാതെ അലഞ്ഞുനടക്കുന്ന ആളുകളെയാണുദ്ദേശിക്കുന്നത്.

ശ്രീ. യു. നീലകണ്ഠൻ: എത്ര കൊല്ലംവരെ ഈ അഗതികൾക്ക് അവിടെ താമസിക്കുവാൻ അവകാശം ഉണ്ടായിരിക്കും?

ശ്രീ. പി. കെ. കുഞ്ഞ്: അവർക്ക് വേലചെയ്തു അദ്ധ്വാനിച്ചു ജീവിക്കാൻ കഴിവുള്ള കാലംവരെ അവരെ സംരക്ഷിക്കും എന്നുള്ളതാണ് ഇപ്പോൾ വച്ചിരിക്കുന്ന പതിവ്.

സഹകരണസംഘങ്ങൾ.

* 189. [22] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള ആകെ സഹകരണസംഘങ്ങൾ എത്ര;

(ബി) അവയിൽ കടപ്പെട്ടുപോയിട്ടുള്ള സംഘങ്ങൾ എത്ര; അവ ലിക്വിഡേറ്റുചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) 3,052 സഹകരണസംഘങ്ങൾ ഈ സംസ്ഥാനത്തുണ്ട്.

(ബി) അവയിൽ 414 എണ്ണം കടപ്പെട്ടുപോയിട്ടുണ്ട്. അവയുടെ പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുന്നതിന് സാധിക്കാതെവരുന്നപക്ഷം ലിക്വിഡേറ്റുചെയ്യാൻ വേണ്ട നടപടി എടുക്കുന്നതാണ്.

ശ്രീ. യു. നീലകണ്ഠൻ: അങ്ങനെ കടപ്പെട്ടുകിടക്കുന്ന സംഘങ്ങൾ ലിക്വിഡേറ്റുചെയ്യാതെ അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കുന്നില്ല എന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതേപ്പററി അന്വേഷിക്കാം.

ശ്രീ. യു. നീലകണ്ഠൻ: അതു ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമതക്കുറവുകൊണ്ടാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അവയുടെ എല്ലാം പ്രവർത്തനം പരാജയമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഈ സംഘങ്ങൾ കടപ്പെട്ടുകിടക്കുന്നു എന്നു പറഞ്ഞാൽ എന്താണ് മന്ത്രി ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: സംഘങ്ങൾ കടപ്പെട്ടുപോയി എന്നുള്ളതാണ്. അത് തുടർന്നു നടത്താൻ സാധിക്കുകയില്ല.

ശ്രീ. കെ. എം. ജാർജ്ജ്: ആ മാതിരി സംഘങ്ങൾ എവിടെയെല്ലാമാണെന്നു പറയാൻ ദയവുണ്ടാകുമോ?

Mr. Speaker: You may put a separate question.

അനാഥശാലകൾ.

* 190. [23] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിലുള്ള അനാഥശാലകളുടെ ആകെ എണ്ണം എത്ര;

(ബി) അതിൽ ഗവണ്മെൻറിൽ നിന്നും ഗ്രാൻറു ലഭിക്കുന്നവ എത്ര;

(സി) ഗ്രാൻറു നൽകുന്നത് എന്തു മാനദണ്ഡത്തിന്മേലാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉദ്ദേശം 60 എണ്ണം.

(ബി) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ നിന്നും 15 സ്ഥാപനങ്ങൾക്കും പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ നിന്നും 6 സ്ഥാപനങ്ങൾക്കും ഗ്രാൻറ നൽകുന്നു.

(സി) തിരുവിതാംകൂർ എഡ്യുക്കേഷൻ കോഡിലുള്ള അനുബന്ധം എ-(വൈ)-യിൽ അടങ്ങിയിരിക്കുന്ന നിബന്ധനകളെ ആസ്പദമാക്കിയാണ് തിരുവിതാംകൂർ വിഭാഗത്തിൽ നിന്നും അനാഥശാലകൾക്കു ഗ്രാൻറ നൽകുന്നത്. പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നും അനാഥശാലകൾക്ക് ഗ്രാൻറ നൽകുന്നതു സംബന്ധിച്ചുള്ള ചട്ടങ്ങളുടെ † ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. എ. ബാലൻ : ഗ്രാൻറ നൽകുന്നത് ഏതെല്ലാം അനാഥശാലകൾക്കാണ്?

ശ്രീ. പി. കെ. കുഞ്ഞ് : പറയാം.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ നിന്നും ഗ്രാൻറ ലഭിക്കുന്ന സ്ഥാപനങ്ങൾ.

1. സെൻറ്ജോസഫ്സ് ആർഫനേജ്, കഞ്ഞിക്കുഴി, കോട്ടയം.
2. ടി ആലപ്പുഴ.
3. ടി കറുകുറ്റി.
4. ടി വരാപ്പുഴ.
5. ആനന്ദനിലയം ആർഫനേജ് ആൻഡ് വിഡോസ്ഹൗസ് മണക്കാട്.
6. ഹിന്ദുമഹിളാമന്ദിരം, ആർഫനേജ്, പൂജപ്പുര.
7. എസ്. എച്ച്. ആർഫനേജ്, മുക്കന്നൂർ.
8. സെൻറ് ജർമ്മൻ ആർഫനേജ്, ചങ്ങനാശേരി.
9. സെൻറ് ജോസഫ്സ് ആർഫനേജ്, ഹോളി ഏൻജലിസ് കോൺവെൻറ്, തിരുവനന്തപുരം.
10. ഇൻഫെൻറ് ജീസസ് ഓർഫനേജ്, മുളകുമൂട്.
1. സെൻറ്മേരീസ് ഓർഫനേജ്, കോൺവെൻറ്, എറണാകുളം.
12. എസ്സ്. എൻ. ആർഫനേജ്, കുക്കൻചേരി.
13. സെൻറ് ജോസഫ്സ് കോൺവെൻറ് ആർഫനേജ്, ട്രിച്ചൂർ
14. സെൻറ് തെരിസാസ് കോൺവെൻറ് ആർഫനേജ്, എറണാകുളം.
15. എസ്സ്. ആർ. കെ. ആശ്രമം ആർഫനേജ്, വിളഭാഗം.

ധർമ്മസ്ഥാപനങ്ങൾ.

* 191. [24] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സ്റ്റേറിലുള്ള ധർമ്മസ്ഥാപനങ്ങൾക്ക് ആകെ എത്ര തുക ഒരു വർഷത്തിൽ സഹായമായി നൽകുന്നുണ്ട്;

†Please see Appendix I.

(ബി) ഏതെല്ലാം ധർമ്മസ്ഥാപനങ്ങൾക്കാണ് സഹായം നൽകുന്നത്; പ്രത്യേകം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ ഈ ഡിസ്ട്രിക്റ്റുകളിൽ 37,986 രൂപ 13 അണ സഹായധനം നൽകുന്നു. കൊല്ലം ഡിസ്ട്രിക്റ്റിലെ കണക്കു കിട്ടിയിട്ടില്ല.

(ബി) കണക്കുകൾ മുഴുവനും വന്നു ചേർന്നിട്ടില്ല. തിരുവനന്തപുരം, ശ്രീചിത്രാ പൂവർഹോമിന് 32,000 രൂപ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ 900 രൂ. ഇതുകൂടാതെ പല ധർമ്മസ്ഥാപനങ്ങൾക്കും സഹായധനം നൽകിവരുന്നുണ്ട്.

ശ്രീ. കെ. പി. ഹോർമ്സ്: 1953-54-ലെ ഗ്രാൻറുകൾ കൊടുത്തുകഴിഞ്ഞോ?

ശ്രീ. പി. കെ. കുഞ്ഞു്: അതു് അന്വേഷിച്ചു പറയാം.

പാഴ്സൽ അററൻഡർ.

* 192. [25] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ പാഴ്സൽ അററൻഡർമാരെ വല്ല പ്രത്യേക പരിതഃസ്ഥിതിയിലും കൺഡക്ററർമാരായി പ്രമോട്ടു ചെയ്തിട്ടുണ്ടോ;

(ബി) അവരെ ഇപ്പോഴും കൺഡക്ററരായി തുടരുന്നതിനു അനുവദിച്ചിട്ടുണ്ടോ;

(സി) അങ്ങനെ പ്രമോട്ടു ചെയ്തതു് ഏതു ജാതിതിരിച്ചുള്ള ഒരു പട്ടിക നൽകാമോ;

(ഡി) അതിൽ പട്ടികജാതിക്കാർ എത്രപേരുണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്. താൽക്കാലികമായി പ്രമോട്ടു ചെയ്തിട്ടുണ്ട്

(ബി) ഏതാനുംപേരെ അനുവദിച്ചിട്ടുണ്ട്.

(സി)

ഹിന്ദു	നായർ	6 (ആറു)
,,	വെള്ളാളർ	3 (മൂന്നു്)
,,	ബ്രാഹ്മണൻ	1 (ഒന്നു്)
,,	യാദവർ	1 (ഒന്നു്)
ക്രിസ്ത്യൻ	സാംബവർ	1 (ഒന്നു്)

(ഡി) ഒന്നു്.

Colonisation, Settlement and Housing.

*193. [26] **Shri M. P. Chandrasekharan Pillai:** Will the Minister for L. S. G., Public Health and Medicine be pleased to state:

(*a*) what is the amount expended by Government under 1. Colonisation, 2. Settlement, and 3. Housing Schemes during April 1954 to December 1954; and

(*b*) how many houses have been built under the above schemes during the above period?

Minister for Local Self Government **(Shri P. K. Kunju):**

(*a*)	1. Colonisation	Nil.
	2. Settlement	Rs. 16,268
	3. Housing Scheme	Rs. 98,177
(*b*)	1. Houses constructed under Colonisation Scheme	Nil.
	2. Under Settlement Scheme	67
	3. Under Housing Scheme	72 completed and 149 under construction.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: കോളനൈസേഷൻ പദ്ധതിക്ക് ഒന്നും ചെലവായിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ ചോദ്യത്തിനു നോട്ടീസ് ലഭിച്ചതിനുശേഷം 9 വീടുകൾ കെട്ടിത്തീർന്നിട്ടുണ്ടെന്നു റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: തീർന്നിട്ടുള്ള സംഖ്യ എങ്ങനെ ചെലവാക്കിയിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: വീടുകൾ കെട്ടുന്നതിനും മററും ചെലവായിട്ടുള്ളതാണു്.

ശ്രീ. കെ. എം. ജോർജ്ജ്: ഹൗസിംഗ് സ്കീം അനുസരിച്ച് എന്തു പ്രവർത്തനങ്ങളാണു നടന്നിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: പാവങ്ങളുടെ ആവശ്യത്തിനുവേണ്ടി കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണു് അതു് സംബന്ധിച്ച പ്രവർത്തനങ്ങൾ.

ശ്രീ. കെ. എം. ജോർജ്ജ്: ഏതു വ്യവസ്ഥയിലാണു് ഹൗസിംഗ് സ്കീം അനുസരിച്ച് വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറിൽനിന്നും കെട്ടിക്കൊടുക്കുന്ന വീടുകൾക്ക് ഒരു കുറഞ്ഞ സംഖ്യ വിതം ഗവണ്മെൻറിലേയ്ക്കു് അടച്ചു നിശ്ചിത തുക മുഴുവനാകുമ്പോൾ വീടു സ്വന്തമായിത്തീരും.

ശ്രീ. എം. എം. മത്തായി: എല്ലാ കെട്ടിടങ്ങളിലും താമസമായിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : ഇല്ല.

ശ്രീ. എം. എം. മത്തായി : എന്തു കൊണ്ടാണു താമസമാകാത്തതു്?

ശ്രീ. പി. കെ. കുഞ്ഞു് : സ്കീമിലെ വ്യവസ്ഥകൾ അനുസരിക്കാൻ തയ്യാറാകാത്തതുകൊണ്ടാണു്.

ശ്രീ. എം. എം. മത്തായി : ആളുകൾ ഇല്ലാത്ത സ്ഥലത്താണോ വീടുകൾ കെട്ടിയിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു് : അല്ല. ആളുകൾ ഉള്ള സ്ഥലത്തുതന്നെ. ആളുകൾ ഇല്ലാത്ത സ്ഥലത്തു ഇത്രയും സംഖ്യ ചെലവാക്കി വീടുണ്ടാക്കേണ്ടയാവശ്യമില്ലല്ലോ.

ശ്രീ. എം. എം. മത്തായി : ഇങ്ങനെ കെട്ടിടങ്ങൾ ഉണ്ടാക്കുമ്പോൾ ആവശ്യക്കാർ കൂടുതലുള്ള പ്രദേശം നോക്കി കെട്ടാൻ ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : കൂടുതലാവശ്യക്കാർ ഉള്ള സ്ഥലത്തു തന്നെയാണു് ആദ്യമാദ്യം വീടുകൾ കെട്ടുന്നതു്.

കേന്ദ്രഗവണ്മെൻറിൽനിന്നും ലഭിച്ച തുക.

* 194. [27] ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് റോഡ് ഡവലപ്പുമെൻറ് സ്കീമിലേയ്ക്കും നാഷണൽ ഹൈവേ സ്കീമിലേയ്ക്കും സെൻട്രൽ ഗവണ്മെൻറിൽനിന്നു് 1953-54 എന്നീ വർഷത്തിൽ എന്തു തുക ലഭിച്ചു ;

(ബി) ഇതിൽ എന്തു തുക ചെലവായി ;

(സി) 1954-55 വർഷത്തിൽ എന്തു തുക ലഭിച്ചു ; ഇനിയും എന്തു തുക പ്രതീക്ഷിക്കുന്നു?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ :)

(എ) വില്ലേജ് റോഡ് ഡവലപ്പ്മെൻറ് സ്കീമിനു് ഒന്നും കിട്ടിയില്ല. നാഷനൽ ഹൈവേസ്കീമിനു് 30,38,900 രൂപ കിട്ടി.

(ബി) 25,15,975 രൂപ.

(സി) 13,27,000 രൂപ. 5 ലക്ഷം രൂപകൂടി കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : വില്ലേജ്റോഡു ഡവലപ്പുമെൻറ് സ്കീമിനു് കേന്ദ്രഗവണ്മെൻറിൽനിന്നും എന്തെങ്കിലും സംഖ്യ കിട്ടുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. എ. അച്ചുതൻ : വില്ലേജ് ഡവലപ്പുമെൻറ് സ്കീമിനു് രണ്ടു റോഡുമാത്രമെ അനുവദിച്ചിട്ടുള്ളു. കാർത്തികപ്പള്ളി—കായംകുളംറോഡും, പോത്താനിക്കാട്ടു റോഡും. അതിനു് കുറെ തുക ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള : ഈ രണ്ടു റോഡുമാത്രം അനുവദിക്കാൻ കാരണമെന്താണ്?

ശ്രീ. എ. അച്യുതൻ : കാരണം അറിഞ്ഞുകൂടാ.

ശ്രീ. കെ. എം. ജാർജ്ജ് : പോത്താനിക്കാട്ടു റോഡിന്റെ പണി തുടങ്ങിയോ ?

ശ്രീ. എ. അച്യുതൻ : അറിഞ്ഞുകൂടാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നാഷനൽ ഹൈവേ സ്കീമിലേയ്ക്ക് 1953–54 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയിൽ ഇന്നേയ്ക്കു 7 ലക്ഷത്തോളം രൂപ ചെലവാകാത്തതാണോ ?

ശ്രീ. എ. അച്യുതൻ : കണക്കുകൊണ്ടു അങ്ങനെയാണ് മനസ്സിലാക്കേണ്ടതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇങ്ങനെ തുക ലാപ്സാക്കിക്കളയുന്നതു കൊണ്ടല്ലേ 1953–54 സാമ്പത്തിക വർഷത്തിൽനിന്നും, 1954–55 സാമ്പത്തികവർഷത്തിലും അനുവദിച്ച തുകയിൽ 17 ലക്ഷത്തോളം രൂപ കുറവുവന്നതു് ?

ശ്രീ. എ. അച്യുതൻ : ആണെന്നു തോന്നുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : വില്ലേജ് റോഡ് ഡവലപ്പുമെന്റ് സ്കീമിന് കേന്ദ്രത്തിൽനിന്നും സഹായധനം ആവശ്യപ്പെടുമോ ?

ശ്രീ. എ. അച്യുതൻ : ആവശ്യപ്പെടാം.

മുനിസിപ്പാലിറ്റികളുടെ ഗ്രാൻറ്.

* 195. [28] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റികളുടെ ഗ്രാൻറിനത്തിൽ ഗവണ്മെൻറ് എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഈയാണ്ടിലെ ബഡ്ജറ്റിൽ എന്തു തുക കൊള്ളിച്ചിട്ടുണ്ട് ; അതിൽ എന്തു ചെലവഴിച്ചിട്ടുണ്ട് ;

(സി) തിരുവനന്തപുരം കാർപ്പൊറേഷന് കഴിഞ്ഞയാണ്ടിൽ എന്തുതുക ഗവണ്മെൻറിൽ നിന്നു സഹായധനമായി നൽകിയിരുന്നു; ഈയാണ്ടിൽ എന്തു തുക നൽകുവാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) : (എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ (1953–54) മുനിസിപ്പാലിറ്റികൾക്കും, തിരുവനന്തപുരം കാർപ്പൊറേഷനുമായി വാഹനക്കരനഷ്ടപരിഹാരമുൾപ്പെടെ ഗ്രാൻറിനത്തിൽ 1,84,453 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) തന്നാണ്ടിലെ ബഡ്ജറ്റിൽ (1954-55) 9,33,000 രൂപ കൊള്ളിച്ചിട്ടുണ്ട്. അതിൽ നിന്നും 9,000 രൂപ താൽക്കാലികമായി ഗ്രാൻറിനത്തിൽ നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം കാർപ്പൊറേഷന് കഴിഞ്ഞയാണ്ടിൽ, 88,300 രൂപ സഹായധനമായി നൽകിയിട്ടുണ്ട്. മുനിസിപ്പാലിററികൾക്കും തിരുവനന്തപുരം കാർപ്പൊറേഷനും തന്നാണ്ടിൽ എന്തു തുക സഹായധനമായി കൊടുക്കണമെന്നുള്ള സംഗതി ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ : കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മുനിസിപ്പാലിററികൾക്ക് ഗ്രാൻറിനത്തിൽ കൊടുക്കേണ്ട തുക കുറവുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞ് : ഇല്ലെന്നാണല്ലോ ഇപ്പോൾ പറഞ്ഞതു കണക്കുകൊണ്ടു അനുമാനിക്കേണ്ടതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : മുനിസിപ്പാലിററികൾക്കു അർഹമായ ഗ്രാൻറു ലഭിക്കുന്നില്ലെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞ് : അങ്ങനെ അറിവില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : തിരുവനന്തപുരം കാർപ്പൊറേഷന് കൂടുതലായ സൗകര്യങ്ങൾ നല്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞ് : അങ്ങനെ പരാതി കിട്ടിയിട്ടില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : തിരുവനന്തപുരം കാർപ്പൊറേഷന് ആവശ്യത്തിന് സഹായങ്ങൾ ലഭിക്കുന്നില്ലെന്നു പരാതിയുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞ് : അങ്ങനെയുള്ള പരാതിയുണ്ട്.

ശ്രീ. കെ. പി. ഹാർമിസ് : ആവശ്യം അനുസരിച്ചാണോ മുനിസിപ്പാലിററികൾക്ക് ഗ്രാൻറു നല്കുന്നതു് ?

ശ്രീ. പി. കെ. കുഞ്ഞ് : മുനിസിപ്പാലിററികൾക്ക് എന്തെല്ലാം വരവിനമാണുള്ളതു്, ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനുള്ള സാദ്ധ്യതകളുണ്ട്, വരവുകൊണ്ടു്, ചെലവു നിർവ്വഹിക്കാമോ, പോരാതെ വരുന്ന തുക എത്ര എന്നിങ്ങനെ പല കാര്യങ്ങളും പരിഗണിക്കുന്നുണ്ട്.

ശ്രീ. കെ.പി ഹാർമിസ് : പുതുതായി ആരംഭിച്ചിട്ടുള്ള പെരുമ്പാവൂർ പോലുള്ള മുനിസിപ്പാലിററികൾക്ക് കൂടുതൽ ഗ്രാൻറ് നൽകി പ്രോത്സാഹിപ്പിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞ് : ഈവക കാര്യങ്ങൾ ഗവണ്മെൻറിൻെറ ആലോചനയിൽ വരികയും ഒരു തീരുമാനം എടുക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. എം. ഭാസ്കരൻനായർ : ഗവണ്മെൻറു ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ നിന്നും കാർപ്പൊറേഷന് ഒരു വൻപിച്ച തുക കിട്ടാനുണ്ടെന്നു പരാതിയുണ്ടായിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞ് : അങ്ങനെയൊരു പ്രശ്നം ഉണ്ടായിട്ടുണ്ട്. താമസിയാതെ അതിനെപ്പററി ആലോചിക്കുന്നതാണ്.

മുനിസിപ്പാലിററിയിലുള്ള വരവ്.

* 196. [29] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ മുനിസിപ്പാലിററികളിൽ കഴിഞ്ഞ വർഷത്തിലേക്കാൾ കൂടുതൽ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജററിലെ വരവു പ്രതീക്ഷിക്കുന്നതു് ഏതെല്ലാം മുനിസിപ്പാലിററികളിലാണ്;

(ബി) സംസ്ഥാനത്തിൽ ഏററവും കൂടുതൽ തുക പൊതു ആവശ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കാൻ ഈയ്യാണ്ടിലെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു് ഏതു മുനിസിപ്പാലിററിയാണ്;

(സി) ഏതെങ്കിലും മുനിസിപ്പാലിററിയുടെ ബഡ്ജററ് മേൽ ഗവണ്മെൻറ് ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) എറണാകുളം, പറവൂർ, ആററിങ്ങൽ, ഇരിങ്ങാലക്കുട എന്നീ മുനിസിപ്പാലിററികൾ ഒഴികെ ബാക്കിയുള്ള എല്ലാ മുനിസിപ്പാലിററികളും ഈ സാമ്പത്തികവർഷത്തിൽ കഴിഞ്ഞ വർഷത്തിലേക്കാൾ കൂടുതൽ വരവു് ബഡ്ജററിൽ പ്രതീക്ഷിക്കുന്നുണ്ടു്.

(ബി) മട്ടാഞ്ചേരി മുനിസിപ്പാലിററി.

(സി) മിക്കവാറും എല്ലാ മുനിസിപ്പാലിററികളുടെ ബഡ്ജററുകളിലും ഗവണ്മെൻറ് ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ടു്. ഒരു മുനിസിപ്പാലിററിയുടെ സാമ്പത്തികനില യഥാർത്ഥ വരവു്, യഥാർത്ഥ ചെലവു് മുതലായവയുടെ അടിസ്ഥാനത്തിൽ ബഡ്ജററു പരിശോധിച്ചു് വർക്കിംഗ് ബാലൻസ് ഉണ്ടാകുന്നതിനുവേണ്ടി തിരുവിതാംകൂർ ഡിസ്ട്രിക്ററ് മുനിസിപ്പാലിററി ആക്ററിലെ 127-ാം വകുപ്പും കൊച്ചി മുനിസിപ്പൽ ആക്ററിലെ 113-ാം വകുപ്പുപ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ചു് അവശ്യം വേണ്ട ഭേദഗതികൾ ചെയ്യുന്നതാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ : നിലവിലിരിക്കുന്ന മുനിസിപ്പാലിററി ആക്ററ് എന്നാണ് ഉണ്ടാക്കിയതു്?

ശ്രീ. പി. കെ. കുഞ്ഞു് : 1116-ൽ

ശ്രീ. സി. കെ. വിശ്വനാഥൻ : ആ ആക്ററ് ഭേദഗതിചെയ്യാത്തതുകൊണ്ടല്ലേ മുനിസിപ്പാലിററിയുടെ സ്വതന്ത്രമായ നടത്തിപ്പിനെ തടസ്സപ്പെടുത്തുന്നവിധത്തിൽ ഗവണ്മെൻറുകൈകടത്തലുകൾ ഉണ്ടാകുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ അഭിപ്രായമില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : സ്വയംഭരണസ്ഥാപനങ്ങളുടെ ബഡ്ജററ് ഭേദപ്പെടുത്തുന്നതു് ഗവണ്മെൻറിൻെറ കൈകടത്തലല്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : കൈകടത്തലാവുകയില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : പല മുനിസിപ്പാലിറ്റികളുടെയും ബഡ്ജറ്റ് ഗവണ്മെൻറ് ഭേദപ്പെടുത്തിയിട്ടില്ലേ ; അതൊരു കൈകടത്തലല്ലേ ?

ശ്രീ. പി. കെ. കുഞ്ഞു് : അതൊരു കൈകടത്തലല്ല. ഓരോ മുനിസിപ്പാലിറ്റിയുടെയും പ്രത്യേക സ്വഭാവം മനസ്സിലാക്കി, വരവുചെലവുകളും കാര്യക്ഷമമായ പ്രവർത്തനസൗകര്യവും നോക്കി ചിലപ്പോൾ ബഡ്ജറ്റിൽ ഭേദപ്പെടുത്തലുകൾ വരുത്താറുണ്ടു്. മുനിസിപ്പാലിറ്റികളുടെ നിലനിൽപ്പിനും ക്രമാനുഗതമായ പുരോഗതിക്കും ആവശ്യമെന്നു തോന്നുന്നതു കൊണ്ടാണു് അങ്ങനെ ചെയ്യുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഗവണ്മെൻറ് അധികാരം സാധാരണഗതിയിൽ ഉപയോഗിക്കാൻ പാടില്ലെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു : സാധാരണഗതിയിൽ യാതൊരധികാരവും ഗവണ്മെൻറ് ഉപയോഗിക്കുകയില്ല.

ഡിസ്പെൻസറികൾ.

* 197. [30] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ അനുവദിച്ച ആയുർവ്വേദ ഡിസ്പെൻസറികളും അലോപ്പതി ഡിസ്പെൻസറികളും എത്ര;

(ബി) ഓരോ ഡിസ്ട്രിക്കിലും എത്ര വീതം ;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ആയുർവ്വേദ ഡിസ്പെൻസറികൾ 15, അലോപ്പതി ഡിസ്പെൻസറികൾ 6.

(ബി) ആയുർവ്വേദ ഡിസ്പെൻസറികൾ—തിരുവനന്തപുരം 3 കൊല്ലം 9, കോട്ടയം 2, തൃശ്ശൂർ 1.

അലോപ്പതി ഡിസ്പെൻസറികൾ—തിരുവനന്തപുരത്തു് 2, കൊല്ലത്തു് 4. കോട്ടയത്തും തൃശ്ശൂരും പുതിയതായി അനുവദിച്ചില്ല.

(സി)

ആയുർവ്വേദ ഡിസ്പെൻസറികൾ	അലോപ്പതി ഡിസ്പെൻസറികൾ
1. പൂവച്ചൽ	1. വള്ളിക്കാവു്
2. തൃപ്പരിസാരം	2. ചമ്പക്കുളം
3. പൂജപ്പുര	3. ചന്ദനപ്പള്ളി
4. തൃക്കടവൂർ	4. കുളമുറവം
5. തലവടി	5. നേമം
6. തെന്മല	6. മുത്തുകുളം
7. ശ്രായിക്കാട്	
8. കുമാരപുരം	
9. കവിയൂർ	

10. റാന്നി
11. കൃഷ്ണപുരം
12. ആയൂർ
13. ചെറുവട്ടൂർ
14. വാഴൂർ
15. ചേരാനല്ലൂർ

ശ്രീ. പി. കെ. അബ്ദുൽഖാദർ : തൃശ്ശൂർ ഡിസ്ട്രിക്ടിൽ അലോപ്പതി ഡിസ്പെൻസറി ഒന്നും അനുവദിക്കാത്തതെന്താണ്?

ശ്രീ. പി. കെ. കുഞ്ഞു് : തൃശ്ശൂരും, കോട്ടയത്തും അലോപ്പതി ഡിസ്പെൻസറി പുതുതായി അനുവദിച്ചില്ല.

ശ്രീ. പി. കെ. അബ്ദുൽഖാദർ : ആയുർവേദ ഡിസ്പെൻസറി ഒന്നു മാത്രം തൃശ്ശൂർ ഡിസ്ട്രിക്ടിൽ അനുവദിച്ചതിന്റെ കാരണമെന്താണ് ?

ശ്രീ. പി. കെ. കുഞ്ഞു് : മററു ഡിസ്ട്രിക്ററുകളെ അപേക്ഷിച്ച് അവിടെ കൂടുതൽ ആയുർവേദ ഡിസ്പെൻസറികളുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : മററു ഡിസ്ട്രിക്ററുകളെ അപേക്ഷിച്ച് തൃശ്ശൂർ ജനസംഖ്യപ്പെരുപ്പമുള്ളതാണെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു് : നിശ്ചയമില്ല.

ശ്രീ. ടി. പി. സീതാരാമൻ : മററു ഡിസ്ട്രിക്ററുകളെ അപേക്ഷിച്ചു കൂടുതൽ ഡിസ്പെൻസറികളും, അലോപ്പതി ഡിസ്പെൻസറികളും തൃശ്ശൂർ ഡിസ്ട്രിക്ററിലുണ്ടെന്നാണോ മന്ത്രി പറയുന്നതു് ?

ശ്രീ. പി. കെ. കുഞ്ഞു് : മററു ഡിസ്ട്രിക്ററുകളെ അപേക്ഷിച്ച് കൂടുതൽ ഉണ്ടെന്നേ പറഞ്ഞുള്ളൂ. അതുകൊണ്ട് ഇനി വേണ്ടെന്നത്ഥമില്ല.

ശ്രീ. ടി. പി. സീതാരാമൻ : തൃശ്ശൂർ ഡിസ്ട്രിക്ടിനെ അവഗണിക്കാൻ മന്ത്രി വിചാരിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു് : ഒരിക്കലുമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : വവ്വാക്കാവിലും, കൃഷ്ണപുരത്തും പുതിയ പുതിയ ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു് : കൃഷ്ണപുരത്തു മാത്രമാണ് ഒരു ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിച്ചിട്ടുള്ളതു്. വവ്വാക്കാവിൽ സ്ഥാപിച്ചിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ : ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന കാര്യത്തിൽ രാഷ്ട്രീയപരിഗണനകളുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു് : ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ : ഓരോ ഡിസ്ട്രിക്ടിലും എത്ര ആശുപത്രികൾ വീതമുണ്ട് ?

ശ്രീ. പി. കെ. കുഞ്ഞു് : നോക്കിപ്പറയാം.

ശ്രീ. ഇടിക്കുള ഇടിക്കുള : വിസ്തൃതമായ കൊല്ലം ഡിസ്ട്രിക്ടിൽ ഇപ്പോഴുള്ള വൈദ്യസഹായം അപര്യാപ്തമാണെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു് : അറിയാം.

ശ്രീ. എം. എ. ആൻറണി : തൃശ്ശൂർ ഡിസ്ട്രിക്ടിൽ ആവശ്യമുള്ള ആശുപത്രികൾ ഉണ്ടെന്നാണോ പറയുന്നത്.

ശ്രീ. പി. കെ. കുഞ്ഞു : തീരെത്തമ്യേന ആവശ്യത്തിനുണ്ടെന്നു പറഞ്ഞു. ഇനിയും ഉണ്ടാവുന്നതിൽ വിരോധമില്ല.

WRITTEN ANSWERS.

ആയുർവ്വേദ വൈദ്യശാലകൾ.

* 198. [32] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തികവർഷത്തിൽ എത്ര സർക്കാർ ആയുർവ്വേദ വൈദ്യശാലകൾ സ്ഥാപിക്കുവാനാണ് ഗവണ്മെൻറ് ഉദ്ദേശിച്ചിരിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും, അതിൽ എത്രയെണ്ണം എവിടെയെല്ലാം തുറന്നു കഴിഞ്ഞിട്ടുണ്ടെന്നും പറയുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

ഈ സാമ്പത്തികവർഷത്തിൽ 3 ഡിസ്പെൻസറികൾ ആശുപത്രികളാക്കി ഉയർത്തുന്നതിനും, ഒരു ആശുപത്രിയും, 15 ഡിസ്പെൻസറികളും പുതുതായി സ്ഥാപിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. അവ താഴെ വിവരിക്കുന്ന സ്ഥലങ്ങളിലാണ്.

ആശുപത്രികൾ:—

കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ സ്ഥലങ്ങളിലെ ഡിസ്പെൻസറികൾ ആശുപത്രികളാക്കുക, തൊടുപുഴ ഒരാശുപത്രി പുതുതായി ആരംഭിക്കുക.

ഡിസ്പെൻസറികൾ:—

1.	പൂവച്ചൽ	9.	കവിയൂർ
2.	തൃപ്പരിസാരം	10.	റാന്നി
3.	പൂജപ്പുര	11.	കൃഷ്ണപുരം
4.	തൃക്കടവൂർ	12.	ആയൂർ
5.	തലവടി	13.	ചെറുവട്ടൂർ
6.	തെന്മല	14.	വാഴൂർ
7.	ശ്രായിക്കാട്	15.	ചേരാനല്ലൂർ
8.	കുമാരപുരം		

അതിൽ തൊടുപുഴ ആശുപത്രിയും, പൂജപ്പുര, ശ്രായിക്കാട്, ആയൂർ, റാന്നി സ്ഥലങ്ങളിലെ ഡിസ്പെൻസറികളും ഒഴിച്ച് ബാക്കിയുള്ളവയെല്ലാം തുറന്നുകഴിഞ്ഞു. ഇനി തുറക്കാനുള്ള സ്ഥാപനങ്ങൾ കെട്ടിടസൗകര്യങ്ങൾ കിട്ടുന്ന മുറയ്ക്ക് വലിയ താമസം കൂടാതെതന്നെ തുറക്കുന്നതാണ്.

ആണറി മെഡിക്കൽ ആഫീസറന്മാർ.

*199. [33] ശ്രീ. ജെ. എ. ഭട്ട് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ ആണറി മെഡിക്കൽ സർവീസ് തുടങ്ങിയിട്ട് എത്ര കൊല്ലമായി ;

(ബി) മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എത്ര ആണറി മെഡിക്കൽ ആഫീസർമാർ ഉണ്ട്;

(സി) ഇപ്പോൾ ആണറി മെഡിക്കൽ സർവീസ് നിറുത്തലാക്കണമെന്ന് ഗവണ്മെന്റു തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ പി. കെ. കുഞ്ഞു്):

(എ) ഇരുപതു കൊല്ലമായി.

(ബി) 26 പേരുണ്ട്.

(സി) ഉടനടിയല്ലെങ്കിലും നിറുത്തേണ്ടതാണെന്ന് ഗവണ്മെന്റിനു അഭിപ്രായമുണ്ട്.

(ഡി) റെഗുലർ സർവീസിൽ നിയമിക്കുന്നതിന് പ്രത്യേക പരീക്ഷായോഗ്യതയോ, സേവനസദ്ധതയോ ഉള്ള ഡാക്ടർമാർ ഇല്ലാതിരിക്കുമ്പോഴാണ് ഇപ്രകാരമുള്ള ആളുകളെ ആണറി മെഡിക്കൽ ആഫീസർമാരായി നിയമിക്കേണ്ടതു്. എന്നാൽ ഇപ്പോഴുള്ള ആണറി സമ്പ്രദായം ഇത്തരത്തിലുള്ളതല്ല. അതുകൊണ്ട് അതു നിറുത്തുവാൻ ഗവണ്മെന്റ് തീരുമാനിച്ചു.

Coir Co-operative Society.

*200. [34] **Shri P. V. Avira Tharakan :** Will the Minister for Co-operation be pleased to state:

(*a*) how many new Coir Co-operative Societies have been formed in this Budget year ;

(*b*) how many have been liquidated ;

(*c*) are the Government aware of a statement issued by Mr. K. G. Narayanan in the Keralakaumudi dated 17-10-1954 regarding Society No. 47 at Arattupuzha;

(*d*) if so what steps the Government have taken in this connection; and

(*e*) what is the result ?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) 23

(*b*) None.

(*c*) No. But a petition has been received by the Coir Special Officer from the President of the Arattupuzha Panchayat raising certain allegations about the procedure of the General body meeting and election of the Committee of the Arattupuzha Coir Co-operative Society Ltd. No. 47.

(*d*) and (*e*) After enquiry the election was set aside by the Coir Special Officer with direction to elect a new Committee. This was done on 10-12-54.

Foreigners serving in Hospitals.

*201. [35] **Shri P. V. Avira Tharakan**: Will the Minister for Medicine be pleased to state:

(*a*) the number of foreigners who serve in hospitals as Doctors, Nuns, Nurses during the current year;

(*b*) the amount paid by the Government to the said persons as grant, allowance etc; and

(*c*) the number of foreigners in private hospitals?

Minister for Local Self Government (**Shri P. K. Kunju**):

(*a*) There are 39 foreigners who serve as Nuns in the Government Hospitals. There are no foreigners serving as Doctors and Nurses.

There is one American working as Nursing Consultant and another as Public Health Nurse. They are not borne in the establishment of the Medical Department.

(*b*) 30 out of the 39 Nuns are paid honoraria at the rates shown below:—

Five at Rs. 175 p. m.

Three at Rs. 150 p. m.

Twenty-two at Rs. 125 p. m.

In addition to the above honoraria they are given a servant allowance of Rs. 15 per mensem, dhoby allowance of Rs. 3 per mensem, a crockery allowance of Rs. 10 per year, 30 yards of long cloth and Rs. 20 per year as stitching charges. They are also given free furnished quarters.

The other nine Nuns are in the permanent establishment. Two of them are in the scale of Rs. 60-100 and the others on Rs. 45-75. All of them are given D. A. of Rs. 33 per mensem; mess allowance of Rs. 10 per mensem; dhoby allowance of Rs. 3 per mensem; 30 yards of long cloth and Rs. 20 per year as stitching charges. They are also given free furnished quarters.

The Public Health Nurse and the Nursing Consultant are not given any remuneration. They are given free furnished quarters only.

(*c*) There is one foreigner employed in a private hospital at Quilon.

Purchase of Buses.

*202. [36] **Shri Prakkulam Bhasi**: Will the Minister for Works and Transport be pleased to state:

(*a*) how many Buses were purchased for the use of the State Transport Department since the present Council of Ministers assumed office;

(b) how many of the above vehicles are Diesel engined ; and

(c) do they conform to the specifications in the Collin's report ?

Minister for Works and Transport **(Shri A. Achuthan)** :

(a) No buses have been purchased.

(b) and (c) Does not arise.

ഭവനങ്ങൾ.

* 203. [37] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് സെററിൽമെൻറ് സ്കീം അനുസരിച്ച് എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനത്തിലേയ്ക്ക് ഗവണ്മെൻറിൻെറ പക്കൽ എത്ര ഭൂമിയുണ്ടെന്നു കണക്കാക്കുകയുണ്ടായിട്ടുണ്ടോ;

(സി) എത്ര കുടുംബങ്ങളെ ഈ പദ്ധതിയനുസരിച്ച് പുനരധിവേശിപ്പിക്കേണ്ടതായിട്ടുണ്ടെന്ന് കണക്ക് എടുത്തിട്ടുണ്ടോ;

(ഡി) ഇതിലേയ്ക്ക് എന്തെങ്കിലും പ്ലാൻ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) 447 ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) ഓരോ ഡിപ്പാർട്ടുമെൻറിൽനിന്നും അപ്പോഴപ്പോൾ കിട്ടാവുന്നത്ര ഭൂമി ഇതിലേയ്ക്കുവേണ്ടി ഒഴിവാക്കിക്കൊടുക്കുന്നുണ്ട്. ഇപ്രകാരം ഈ സ്കീമിനുവേണ്ടി 783 ഏക്കർ 53½ സെൻറ ഭൂമി ഇതേവരെയായി ഗവണ്മെൻറിൽനിന്നു അനുവദിച്ചിട്ടുമുണ്ട്.

(സി) 1951-ൽ റവന്യൂ ഡിപ്പാർട്ടുമെൻറ മുഖാന്തിരം എടുത്ത കണക്കനുസരിച്ച് 48,810 കുടുംബങ്ങൾ ഉണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

(ഡി) ഇപ്രകാരമുള്ള ഭവനരഹിതർക്ക് പാർപ്പിടങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലേയ്ക്കുവേണ്ടിയാണ് സെററിൽമെൻറ സ്കീം ആവിഷ്കരിച്ചിട്ടുള്ളത്.

Gandhi Ghat at Cape.

* 204. [38] **Shri T. S. Ramaswami** : Will the Minister for Works be pleased to state :

(a) whether the works of the Gandhi Ghat at Cape Comorin has begun ; and

(b) if not, the reasons for the delay ?

Minister for Works and Transport **(Shri A. Achuthan)** :

(a) Yes.

(b) Does not arise.

Purchase of new Buses.

* 205. [39] **Shri T. S. Ramaswami** : Will the Minister for Works be pleased to state :

(*a*) the number and the make of Transport Buses purchased or ordered to be purchased or sanctioned to be purchased by the Government during 1954-55 ;

(*b*) the reasons for selecting these particular types ;

(*c*) the total cost of the vehicles ;

(*d*) the advertised price of each vehicle and the purchase price ;

(*e*) whether any commission or discount was given to the Government by the companies ;

(*f*) if so the amount ; and

(*g*) the local agent of the companies ?

Minister for Works and Transport (**Shri A. Achuthan**) :

(*a*) Orders have been placed recently for 100 Nos. Tata Mercedes Benz chassis.

(*b*) As Tata Mercedes Benz was found suitable and its price competitive, this type was selected.

(*c*) About Rs. Twenty-four lakhs.

(*d*)

	Advertised price.		*Purchased price.*
1.	Tata Mercedes Benz Model LP 5200/48—190" W. B. Rs. 30,500	..	Rs. 25,010
2.	Tata Mercedes Benz Model L 4500/42—165" W. B. Rs. 27,750	..	Rs. 22,755
3.	Tata Mercedes Benz Model LP 5200/42—165" W. B. Rs. 29,250	..	Rs. 23,985

(*e*) The Manufacturers have allowed a discount.

(*f*) 18 % on the retail list price.

(*g*) Messrs. Kulathungal Motor Corporation, Trivandrum.

ഉദ്യോഗങ്ങൾ.

* 206. [40] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ കുടുംബമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായയോന്നമനഡിപ്പാർട്ടുമെൻറിൽ എത്ര ഉദ്യോഗങ്ങൾ ഉണ്ട്;

(ബി) അതിൽ കണ്ടിൻജൻസി ഇനത്തിലും അല്ലാത്തതിലും എത്ര വീതം;

(സി) അതിലെ ഓരോ വിഭാഗത്തിലും എത്ര പട്ടികജാതിക്കാർ വീതമുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 348.

(ബി) കണ്ടിൻജൻസി ഇനത്തിൽ 291-ം അല്ലാത്തതിൽ 57-ം ഉദ്യോഗങ്ങൾ ഉണ്ടു്.

(സി) കണ്ടിൻജൻസി ഇനത്തിൽ 209 പട്ടികജാതിക്കാരും മററു ഇനത്തിൽ 15 പട്ടികജാതിക്കാരും ഉണ്ടു്.

മുനിസിപ്പാലിററികൾക്കു് ലോൺ.

* 207. [42] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953–54–ൽ ഏതെല്ലാം മുനിസിപ്പാലിററികൾ ഗവണ്മെൻറിനിന്നും ലോൺ ആവശ്യപ്പെട്ടു ;

(ബി) അതിൽ ഏതെല്ലാം മുനിസിപ്പാലിററികൾക്കു് എന്തുതുക വീതം നൽകിയിട്ടുണ്ടു്;

(സി) ആലുവാ മുനിസിപ്പാലിററിക്കു് അതിൻെറ ആരംഭത്തിനു ശേഷം എന്തെങ്കിലും ലോണായി നൽകിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) തിരുവനന്തപുരം കാർപ്പറേഷനും, കോട്ടയം, എറണാകുളം, വൈക്കം, ആലുവാ എന്നീ മുനിസിപ്പാലിററികളും, 1953.54-ൽ ഗവണ്മെൻറിൽനിന്നും ലോൺ ആവശ്യപ്പെട്ടു.

(ബി) കോട്ടയം മുനിസിപ്പാലിററിക്കു് അപേക്ഷപ്രകാരം 1,25,000 ക. ലോൺ കൊടുത്തു. മററുള്ള മുനിസിപ്പാലിററികളുടെ അപേക്ഷകൾ ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണു്.

(സി) ആലുവാ മുനിസിപ്പാലിററിക്കു് ലോണായി ഒന്നും നൽകിയിട്ടില്ല.

ആശുപത്രികളിലുള്ള ജീവനക്കാരുടെ ഡ്യൂട്ടിസമയം.

* 208. [43] ശ്രീ. കെ. സി. ഏബ്രഹാം : താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനറൽ ഹോസ്പിററലുകളിലും, ഡിസ്ട്രിക്ററ് ഹോസ്പിററലുകളിലും മററും വാർഡു ബോയിസ്, അററൻഡേഴ്സ് മുതലായ കീഴ്ജീവനക്കാർക്കു് സമയത്തു് എത്ര മണിക്കൂർവീതം ഡ്യൂട്ടിനോക്കണമെന്നാണു് നിയമം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

1. ഹോസ്പിററൽ അററൻഡൻറ്—ഇരുപത്തിനാലുമണിക്കൂർ.
2. അററൻഡേഴ്സ്—ഒൻപതരമണിക്കൂർ.
3. കണ്ടിൻജൻസിജീവനക്കാർ—ഇരുപത്തിനാലുമണിക്കൂർ.
4. പാർട്ടുടൈം കണ്ടിൻജൻസിജീവനക്കാർ— മൂന്നരമണിക്കൂർ.

Arbitration Cases.

* 209. [44] **Shri N. Parameswaran Pillai** : Will the Minister for Local Self Government be pleased to state :

(*a*) the number of arbitration cases under the Co-operative Societies Act which are pending and which are (i) more than 5 years old; (ii) more than 4 years old; (iii) more than 3 years old; (iv) more than 2 years old; and (v) more than 1 year old;

(*b*) is it a fact that undue delay in the decision of arbitration cases is telling upon the work of the Co-operative Societies? and

(*c*) will the Government take steps to make use of the services of non-official arbitrators to facilitate expeditious disposal of arbitration cases?

Minister for Local Self Government (**Shri P. K. Kunju**) :

(*a*) There are 1361 Arbitration Cases pending at present of which (1) 516 are more than 5 years old;

(2) 46 are more than 4 years old, but not 5 years;

(3) 88 are more than 3 years old, but not 4 years;

(4) 144 are more than 2 years old, but not 3 years; and

(5) 305 are more than 1 year old, but not 2 years.

(*b*) There is no undue delay in the disposal of arbitration references. The Co-operative Department is trying its utmost to see that pendency is brought to the minimum extent possible.

(*c*) Services of non-officials are being utilised in some fair measure for the disposal of arbitration cases, but cases cannot be endorsed for disposal to non-officials in an indiscriminate manner as this work requires certain amount of knowledge in Co-operative Law and practice.

സിറാമിക്ക് ഫാക്ററിയിലെ ഉൽപ്പാദനം.

* 210. [48] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള സാധനങ്ങൾ കണ്ടറ സിറാമിക്ക് ഫാക്ററിയിൽ ഉൽപ്പാദിപ്പിക്കാൻ ഗവണ്മെൻറ് നിർദ്ദേശം നൽകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള മിക്ക സാധനങ്ങളും സിറാമിക്ക് ഫാക്ററിയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

പഞ്ചായത്തുകളിലെ നിയമനം.

* 211. [53] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ അമീൻദാർ ക്ലാർക്കുമാരേയും ശിപായിമാരേയും നിയമിക്കുവാൻ പഞ്ചായത്തുപ്രസിഡന്റുമാരോട് ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിൽനിന്നും കല്പന പഞ്ചായത്തുകൾക്ക് എത്ര പ്രാവശ്യം അയച്ചിട്ടുണ്ട് ;

(ബി) ഇങ്ങനെ നിയമിക്കുന്നവർക്ക് ആവശ്യമായിവരുന്ന ശമ്പളത്തുക പഞ്ചായത്തു ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുള്ളത് ഗവണ്മെന്റ് പാസ്സാക്കിക്കൊടുത്തിട്ടില്ലേ ;

(സി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽനിന്ന് അമീൻദാർ ക്ലാർക്കന്മാരെ നിയമിച്ചുകൊണ്ട് എത്ര പഞ്ചായത്തുകൾ അനുമതിക്കുവേണ്ടി ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നു പറയുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ അമീൻദാർ ക്ലാർക്കന്മാരെ നിയമിക്കുവാൻ പഞ്ചായത്തു പ്രസിഡന്റന്മാരോട് ഗവണ്മെന്റിൽനിന്നും ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ശിപായിമാരെ നിയമിക്കുവാൻ ഒരു പ്രാവശ്യം കല്പനകൊടുത്തിട്ടുണ്ട്.

(ബി) അനുവാദം കൊടുത്തിട്ടുള്ള നിയമനങ്ങൾക്ക് ആവശ്യമായ ശമ്പളത്തുക അതാതു പഞ്ചായത്തുകളുടെ ബഡ്ജറ്റിൽ കൊള്ളിച്ച് പാസ്സാക്കിക്കൊടുത്തിട്ടുണ്ട്.

(സി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ഉള്ള ആറ് (6) പഞ്ചായത്തുകളിൽനിന്നും അമീൻദാർ ക്ലാർക്കന്മാരെ നിയമിച്ചുകൊണ്ട് അനുമതിക്കുവേണ്ടി ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

UNSTARRED QUESTIONS.

ഉരുൾപൊട്ടൽ.

109. [2] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ആഗസ്റ്റുമാസത്തിൽ തൊടുപുഴ താലൂക്കിൽ ഉടുമ്പന്നൂർ എന്ന സ്ഥലത്ത് ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം എത്ര പേർ മരിച്ചു ;

(സി) എത്ര പേർക്ക് വീടുകൾ നഷ്ടപ്പെട്ടു ;

(ഡി) എത്ര പേർക്ക് കൃഷി നഷ്ടപ്പെട്ടു;

(ഇ) അവർക്കു വല്ല സഹായവും ഗവണ്മെന്റു ചെയ്തുവോ ?

ഉത്തരം.

(എ) ഉണ്ടായിട്ടുണ്ട്.
(ബി) ഒരാൾ.
(സി) 14.
(ഡി) 164.
(ഇ) വീട് നഷ്ടപ്പെട്ടവർക്ക് വേണ്ട ധനസഹായം ചെയ്തിട്ടുണ്ട്.

ശിശു സംരക്ഷണ കേന്ദ്രം.

110. [9] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തു ഒരു ശിശുസംരക്ഷണ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(ബി) ആരുടെ വക കെട്ടിടത്തിലാണ് ഇട്ടിരിക്കുന്നത് ;

(സി) കെട്ടിടത്തിന്റെ പ്രതിമാസവാടക എന്ത് ;

(ഡി) ശിശുസംരക്ഷണാർത്ഥം എന്തൊക്കെയാണ് അവിടെ നടക്കുന്നത്?

ഉത്തരം.

(എ) ഇല്ല.
(ബി, സി, ഡി.) എ—യുടെ ഉത്തരത്തിൽ നിന്നും മററു ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ബസ്സ് സ്റ്റാൻഡ്.

111. [10] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് സൗകര്യപ്രദമായ ഒരു ബസ്സ് സ്റ്റാൻഡും ഗാരേജും സ്ഥാപിക്കണമെന്നു കാണിച്ച് ആരുടെയെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ബസ്സ് സ്റ്റാൻഡ് പണിയുവാൻ ഗവണ്മെന്റ് അനുവാദം കൊടുക്കുകയും അതിലേയ്ക്കു വേണ്ടതായ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാൻ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ബസ്സ് റൂട്ടുകൾ.

112. [11] ശ്രീ. പി. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം—പുനലൂർ റൂട്ടും, കായംകുളം—ചെങ്ങന്നൂർ റൂട്ടും ഗവണ്മെന്റ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് എടുക്കും?

ഉത്തരം.

(എ) ഉണ്ട്.
(ബി) എന്നെടുക്കുമെന്ന് തീർച്ചയാക്കിയിട്ടില്ല.

ലിഫ്റ്റ് ഇറിഗേഷൻ.

113. [12] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുന്നതിനു ഗവണ്മെൻറ് ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പണികൾ എന്നാരംഭിക്കും;

(സി) ടി പണിയുടെ, എസ്റ്റിമേറ്റ് സാങ്ഷനായിട്ട് എത്ര കാലമായി?

ഉത്തരം.

(എ) ഉത്തരവായിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) എസ്റ്റിമേറ്റ് സാങ്ഷനായിട്ടില്ല.

തോടുവെട്ട്.

114. [16] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാത്താലൂക്കിലെ കവിയൂർ, കല്ലൂപ്പാറ പകുതികളിലെ രണ്ടായിരത്തോളം ഏക്കർ വരുന്ന പുഞ്ചനിലങ്ങളുടെ ഉപയോഗത്തിന് ഔത്യാവശ്യമായ പനയമ്പാലത്തോട് വെട്ടുന്നതു സംബന്ധിച്ച് വല്ല ഇൻവെസ്റ്റിഗേഷനും നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തോടുവെട്ടു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പഞ്ചായത്തുകളിൽനിന്നും ഒട്ടുവളരെ നിർദ്ദേശങ്ങളും നിവേദനങ്ങളും ഗവണ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ;

(സി) ഈ തോടുവെട്ട് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തത്തക്കവണ്ണം വല്ല നിർദ്ദേശവും ഉണ്ടായിട്ടുണ്ടോ;

(ഡി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ തോടുവെട്ട് ഉൾപ്പെടുത്താൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) ഉണ്ട്.
(ഡി) ശ്രദ്ധിക്കുന്നതാണ്.

മുനിസിപ്പൽ കമ്മീഷണർ.

115. [17] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തിൽ എത്ര മുനിസിപ്പാലിററികളിൽ മുനിസിപ്പൽ കമ്മീഷണർമാരെ നിയമിച്ചിട്ടുണ്ട് ;

(ബി) മുനിസിപ്പാലിററിയുടെ ദൈനംദിന ഭരണകാര്യങ്ങളിൽ കൗൺസിലിന്റെ തീരുമാനങ്ങൾക്കെതിരായി എന്തെങ്കിലും നിലപാടുകൾ സ്വീകരിച്ചതായി ഏതെങ്കിലും മുനിസിപ്പൽ കമ്മീഷണർമാരെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു മുനിസിപ്പാലിററിയിൽനിന്ന്; എന്തു പ്രശ്നത്തെക്കുറിച്ച്?

ഉത്തരം.

(എ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിററികളിലും.

(ബി) ഉണ്ട്.

(സി) നെയ്യാററിൻകര മുനിസിപ്പാലിററിയിൽനിന്ന് ടി മുനിസിപ്പാലിററിയിൽ ആറാലുംമൂട് മലക്കറി മാർക്കററിൽ ഉള്ള ഒരു സ്റ്റാളിനുള്ള സ്ഥലം ലേലം വിളിക്കണമെന്നുള്ള കൌൺസിൽ തീരുമാനം മുനിസിപ്പൽ കമ്മീഷണർ നടപ്പാക്കിയില്ല എന്ന പ്രശ്നത്തെക്കുറിച്ച്.

Kattod Bridge.

116. [19] **Shri M. M. Mathai :** Will the Minister for Works be pleased to state:

(a) is the Kattod bridge across Kuttapuzha canal at Thiruvella gradually sinking or tilting;

(b) is it safe to allow traffic over it;

(c) when was this bridge constructed;

(d) is there any idea to construct another new regulator and bridge west of this and abandon the existing bridge; and

(e) who were the Engineers responsible for the construction of the bridge?

Answer.

(a) There is a sinkage at the east abutment and the deck slab is gradually tilting.

(b) Traffic can be safely allowed over the bridge at present. But it will not be safe if the tilting develops further.

(c) The bridge work is incomplete. But the bridge was opened to traffic from 29-9-1124.

(d) There is a proposal to provide flood control gates with shutter arrangements, which is included in the Kuttapuzha Scheme.

(e) Retired Executive Engineer Sri K. N. Govinda Pillai was the Executive Engineer in charge of the Irrigation Division at the time this work was carried out under that Division.

ഞാറയ്ക്കൽ രജിസ്ട്രാരാഫീസ്.

117. [21] ശ്രീ. കെ. സി. ഏബ്രഹാം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ രജിസ്ട്രാരാഫീസ് എടുത്തുകളയുന്നതിന് ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) ടി സബ്ബ് രജിസ്ട്രാരാഫീസ് സ്വയം പര്യാപ്തമല്ലേ?

ഉത്തരം.

(എ) ഇല്ല.

(ബി) അതേ.

ആയുർവ്വേദാശുപത്രി.

118. [23] ശ്രീ. പി. എം. മാർക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-ൽ കോട്ടയം താലൂക്കിൽ സ്ഥാപിക്കുവാൻ ഗവണ്മെൻറ് നിശ്ചയിച്ചിരുന്ന ആയുർവ്വേദാശുപത്രി ഗ്രാമപ്രദേശമായ വിജയപുരം അയർക്കുന്നത്ത് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡൻറുമുടെ 240-ൽ പരം അംഗങ്ങൾ ഒപ്പുവച്ച ഒരു അപേക്ഷ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു നടപടിയാണ് സ്വീകരിച്ചത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) കൂടുതൽ ജനങ്ങളുടേയും, മുനിസിപ്പാലിററിയുടേയും അപേക്ഷയെ പരിഗണിച്ച് കോട്ടയത്തുതന്നെ ആരംഭിച്ചു. വിജയപുരം പഞ്ചായത്തിനകത്ത് ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്ന കാര്യം അടുത്ത കൊല്ലത്തിൽ ആലോചിക്കാവുന്നതാണ്.

Thondu Vyavasaya Societies.

119. [24] **Shri P. V. Avira Tharakan:** Will the Minister for Co-operation be pleased to state :

(a) how many Thondu Vyavasaya societies have been liquidated in the years 1949-50, 1950-51 and 1951-52;

(b) how many have been liquidated in Shertallai and Vaikom Taluks;

(c) was one liquidated in Kuthiathode; and

(d) if so, what is the reason and what is the amount of loss?

Answer.

(a) No such society has been liquidated during these years.

(b), (c) and (d). These questions do not arise in view of the answer to question (a).

ഇലക്ട്രിസിററി വിതരണം.

120. [25] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം എത്ര ഗ്രാമത്തിൽ ഇലക്ട്രിസിററി വിതരണം നടത്തിയിട്ടുണ്ട് ;

(ബി) തൊടുപുഴത്താലൂക്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇലക്ട്രിസിററി വിതരണം നടത്തിയിട്ടുണ്ട് ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം.

(എ) ഈ കൊല്ലം 82 ഗ്രാമങ്ങളിൽ പുതുതായി ഇലക്ട്രിസിററി വിതരണം നടത്തിയിട്ടുണ്ട്.

(ബി) തൊടുപുഴത്താലൂക്കിൽ തൊടുപുഴ പട്ടണത്തിലും, വെങ്ങാലൂർ, മടക്കത്താനം, വാഴക്കുളം എന്നീ സ്ഥലങ്ങളിലും ഇലക്ട്രിസിററി വിതരണം നടത്തിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ലിഫ്ററ് ഇറിഗേഷൻ.

121. [29] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തുരുത്തിക്കാട്ടു പാടങ്ങളിലേക്കു ലിഫ്ററ് ഇറിഗേഷൻ സൌകര്യങ്ങൾ എന്നത്തേക്ക് കൊടുക്കാൻ കഴിയും?

ഉത്തരം.

കുണ്ടൂർ സ്കീം നടപ്പിൽ വരുത്തുവാൻ ആവശ്യമായ ലാൻഡ് അക്വിസിഷൻ നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു. ആ നടപടികൾ പൂർത്തിയാകുവാൻ പഞ്ചായത്തു ഡിപ്പാർട്ട്മെൻറിൽനിന്നും പ്രസ്തുത സ്കീമിൻെറ എസ്റ്റിമേററ് പ്രകാരമുള്ള പണികൾ വേഗത്തിൽ പൂർത്തിയാക്കും. അപ്പോൾ തുരുത്തിക്കാട്ടു പഞ്ചായത്തുകളിലേയ്ക്കു് ലിഫ്ററ് ഇറിഗേഷൻ സൌകര്യങ്ങൾ കൊടുക്കാൻ കഴിയുന്നതാണ്.

Final Bills to P. W. Contractors.

122. [33] **Shri M. M. Mathai**: Will the Minister for Works be pleased to state:

(a) is it a fact that undue delay is being caused for payment of final bills to P. W. Contractors; and

(b) if so, will the Government make necessary arrangements for prompt and speedy payment of such bills?

Answer.

(a) No.
(b) Does not arise in view of answer to (a).

കലഞ്ഞൂർ പഞ്ചായത്ത്ക്ലാർക്ക്.

123. [34] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലഞ്ഞൂർ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. പി. ടി. ജേക്കബ്ബ് 11 മാസത്തെ സർവ്വീസിനുശേഷം ഒരു മാസത്തെ പ്രിവിലേജ് ലീവ് എടുത്തു, ലീവ് കഴിഞ്ഞ് 13-11-54-ൽ ജോലിയിൽ ചേരാൻ ചെന്നപ്പോൾ പ്രവേശിപ്പിച്ചില്ലെന്നൊരു പരാതി ലഭിച്ചിരുന്നോ ;

(ബി) ജേക്കബ്ബിനെ ഉടൻതന്നെ ജോലിയിൽ പ്രവേശിപ്പിച്ച് റിപ്പോർട്ടുചെയ്യണമെന്നൊരുത്തരവ് കിട്ടിക്കഴിഞ്ഞ ഉടൻ ആഫീസിൽ ഹാജരായ ജേക്കബ്ബിനെ ജോലിയിൽ പ്രവേശിപ്പിച്ചില്ലെന്നും, ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കാതെ മലയാളമനോരമ പത്രത്തിന്റെ ഒരു കവറിലിട്ട് രജിസ്റ്റർ ചെയ്ത പഞ്ചായത്ത് പ്രസിഡന്റ് ജേക്കബ്ബിന് അയച്ചുകൊടുക്കുകമാത്രമേ ചെയ്തുള്ളൂ എന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) മേൽപറഞ്ഞ പരാതികളിന്മേൽ എന്തു നടപടി ഗവണ്മെന്റ് എടുത്തു ; ഇത്തരം പഞ്ചായത്ത് പ്രസിഡന്റന്മാരെ നീക്കം ചെയ്യാത്തതെന്തുകൊണ്ട് ?

ഉത്തരം.

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ജേക്കബ്ബിനെ ജോലിയിൽ പ്രവേശിപ്പിച്ചില്ല എന്ന പരാതിമാത്രമേ ലഭിച്ചിട്ടുള്ളൂ.

(സി) പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തിയതിനുശേഷം പഞ്ചായത്തുപ്രസിഡന്റിന്റെ സമാധാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക വീഴ്ചകളുടെ ഗൗരവമനുസരിച്ച് ഉചിതമായ നടപടികൾ എടുക്കുന്നതാണ്.

റോഡു ടാർ ചെയ്യുന്ന പണി.

124. [36] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കുമ്പഴ-കോഴഞ്ചേരി റോഡ് എത്ര മൈൽ ടാർ ചെയ്തിട്ടുണ്ട് ;

(ബി) ടി റോഡിന്റെ ബാക്കിഭാഗംകൂടി ടാർ ചെയ്യുവാൻ ടെൻഡർ ക്ഷണിച്ചുകൊണ്ട് ഗസററിൽ പരസ്യം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട് ടി പണി ആരംഭിച്ചിട്ടില്ല ;

(ഡി) ടി പണി ഉടൻ ആരംഭിക്കുമോ ?

ഉത്തരം.

(എ) ഏകദേശം മൂന്നു മൈൽ.

(ബി) രണ്ടു മൈൽകൂടി ടാറിടുവാൻ പരസ്യം ചെയ്തിരുന്നു.

(സി) ഈ ജോലിക്കു വേണ്ടുന്ന സാധനങ്ങൾ സംഭരിക്കുന്ന ജോലി ആരംഭിച്ചുകഴിഞ്ഞു.

(ഡി) ആരംഭിയ്ക്കും.

കൊല്ലം ഫാക്ററി ഇൻസ്പെക്ടർ ആഫീസിലെ ടൈപ്പിസ്റ്റ് പോസ്റ്റ്.

125. [37] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഫാക്ററി ഇൻസ്പെക്ടർ ആഫീസിലെ ടൈപ്പിസ്റ്റ് പോസ്റ്റ് നിറത്തൽ ചെയ്തതു മൂലം ആഫീസുജോലി ശരിക്ക് നടക്കുന്നില്ലെന്നറിവുണ്ടോ ;

(ബി) ഇതിനേപ്പററി തൊഴിലാളിഭാഗത്തുനിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുനടപടി എടുത്തിട്ടുണ്ട് ;

(സി) ടൈപ്പിസ്റ്റിനെ വീണ്ടും നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ജോലി ശരിക്ക് നടക്കുന്നുണ്ട്.

(ബി) ഒരു പരാതിയും ലഭിച്ചിട്ടില്ല.

(സി) വീണ്ടും നിയമിക്കുന്ന കാര്യം ആലോചനയിലിരിക്കുകയാണ്.

കയർ തൊഴിലാളികൾക്ക് മിനിമംവേജസ്.

126. [38] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾക്ക് മിനിമം വേജസ് കണ്ടുപ്പെടുത്തിക്കൊണ്ടുള്ള ആർഡർ ഉണ്ടായതോടുകൂടി, കയർ ഉൽപ്പാദകർ തൊഴിൽ സ്തംഭനം വരുത്തി തൊഴിലാളികളെ പട്ടിണിക്കിടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗവണ്മെൻറ് എന്തു പരിഹാരമാർഗ്ഗം എടുത്തിട്ടുണ്ട് ?

ഉത്തരം.

(എ) ചില സ്ഥലങ്ങളിൽ കയർ ഉൽപ്പാദകർ ജോലികൾ നിറുത്തിവച്ചതായി അറിവു കിട്ടിയിട്ടുണ്ട്.

(ബി) കയർ ഉൽപ്പാദനത്തിൽ ഇന്നു നേരിട്ടിരിക്കുന്ന സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനു വേണ്ട അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. കാലതാമസം കൂടാതെതന്നെ കമ്മിററിയുടെ റിപ്പോർട്ട് ഗവണ്മെൻറിന് ലഭിക്കുന്നതും വേണ്ട നടപടികൾ എടുക്കുന്നതുമാണ്.

കയർ വ്യവസായത്തിലുണ്ടാകുന്ന മത്സരം.

127. [39] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വ്യവസായത്തിലുണ്ടാകുന്ന നാടൻ മുതലാളിമാരുടെയും വ്യവസായികളുടെയും കിടമത്സരം ഒഴിവാക്കുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം.

കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളുടെയും വ്യവസായസ്ഥാപനങ്ങളുടെയും കിടമത്സരം ഒഴിവാക്കി വ്യവസായികൾക്കും തൊഴിലാളികൾക്കും ഗുണമായ പ്രയോജനം ലഭിക്കുന്നതിനു വേണ്ടിയാണ് കയർ വ്യവസായപുനരുദ്ധാരണപദ്ധതി സഹകരണാടിസ്ഥാനത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതും.

കുഴൽക്കിണർ.

128. [40] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ഏരിയാട് പഞ്ചായത്ത്‌ലേയ്ക്ക് Tube well അനുവദിച്ചത് എപ്പോൾ ;

(ബി) പണി തുടങ്ങിയോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) പണി എപ്പോൾ തുടങ്ങും ;

(ഇ) എപ്പോൾ പൂർത്തീകരിക്കും ?

ഉത്തരം.

(എ) 1953-ൽ.

(ബി) (സി) (ഡി) & (ഇ) Casing Pipes ഇല്ലാത്തതു കാരണം പണി തുടങ്ങിയിട്ടില്ല. മൂന്നു മാസത്തിനുള്ളിൽ പണി ആരംഭിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. പണി തുടങ്ങിയാൽ മൂന്നു മാസം കൊണ്ടു പൂർത്തിയാക്കാവുന്നതാണ്.

Minimum Wages Act for Municipal Employees.

129. [45] **Shri V. P. Parameswaran Namboodiri**: Will the Minister for Local Self Government be pleased to state:

(*a*) Whether all the Municipalities have implemented the provisions of the Minimum Wages Act for the Municipal Employees; and

(*b*) If not, what steps have been taken to implement them?

Answer.

(*a*) All the Municipalities have not implemented the Minimum Wages order in respect of Municipal employees.

(*b*) Government are taking all steps necessary to implement the order.

ADJOURNMENT MOTIONS.

Mr. Speaker: Order, order. Question time is now over. I have received notices of two adjournment motions. The first relates to the hardship of students of Backward Communities. In the statement, it is stated as follows:—

> "The hardships caused to the students of the Other Backward Communities are really conspicuous. In recent days a number of them have been obliged to give up studies or have been dismissed from institutions. Educational institutions too are experiencing difficulties as a result of the present delay in effecting payment of grants etc. The clarifications sought for by the Commissioner for Advancement of Backward Communities have not as yet been issued by the Government."

This is not a matter of recent occurrence.

Shri A. A. D. Luiz: Students have been very recently dismissed. Even day before yesterday there were dismissals.

Mr. Speaker: Has the Chief Minister got any information with regard to this?

Chief Minister **(Shri A. Thanu Pillai)**: No, Sir.

Mr. Speaker: I withhold my consent to move the adjournment motion.

അടുത്ത അടിയന്തിരപ്രമേയം കൊല്ലം ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന ഒരു ലക്ഷത്തിൽപ്പരം ചാക്ക് അരി പൊടിഞ്ഞു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനെപ്പററിയാണ്.

അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തു പറയാനുണ്ടെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. താണുപിള്ള: ബഹുമാനപ്പെട്ട മെംബറുടെ പ്രമേയത്തിൽ പറയുന്നതുപോലെ കൊല്ലത്ത് കുറച്ച് അരി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അതു് ഈ പറയുന്നതുപോലെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായി

അറിയുന്നില്ല. ഇവിടെ ഡീകൺട്രോൾ ചെയ്ത അരി യഥേഷ്ടം വിൽക്കുന്നതിനു സൗകര്യം ഉണ്ടാക്കിവച്ചതിൽ വിഷമമായ ഒരു പരിതഃസ്ഥിതി വരാതിരിക്കാൻ വേണ്ടിയാണ് ഗവണ്മെൻറിനു കുറച്ചുരി സൂക്ഷിക്കേണ്ട ആവശ്യം വന്നതു്. അതിനുവേണ്ടി കുറച്ചുരി ഡിപ്പോകളിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി വരുന്ന അരി ഇൻഡ്യാഗവണ്മെൻറ് എടുത്തുകൊള്ളാമെന്നു സമ്മതിച്ചിട്ടും ഉണ്ട്. ഇതുവരെ അവരുടെ ഉദ്യോഗസ്ഥന്മാർ വന്നു് അരി ഏറ്റു വാങ്ങിച്ചിട്ടില്ലെന്നേയുള്ളു. അടുത്ത ആഴ്ചവട്ടത്തിൽ തന്നെ ഇൻഡ്യാഗവണ്മെൻറിന്റെ ഉദ്യോഗസ്ഥന്മാർ വന്നു് ഈ അരി ഏറ്റു വാങ്ങിക്കൊള്ളുമെന്നാണു് കാണുന്നതു്. വളരെക്കാലമായി ഡിപ്പോകളിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന അരി അല്പാല്പമായി നഷ്ടം വരുന്നതു് സ്വാഭാവികമാണ്. അതിനിക്കവിണതു് നഷ്ടമൊന്നും വന്നിട്ടില്ല. ബാക്കി വരുന്ന അരി ഇൻഡ്യാഗവണ്മെൻറ് എടുത്തുകൊള്ളുകയും ചെയ്യും. അതാണു നില. കൊല്ലത്തു് ഉണക്കലരി കുറച്ചു മോശമായിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. എന്നാലും അതുകൊണ്ടു് പരിഭ്രമകരമായ നഷ്ടമൊന്നും വന്നിട്ടില്ല. അരി താമസിയാതെതന്നെ ഇൻഡ്യാഗവണ്മെൻറിനെ ഏൽപ്പിക്കുന്നതാണ്. അതോടൊപ്പം ഇവിടെ വിഷമമില്ലാതിരിക്കാൻ ഇൻഡ്യാഗവണ്മെൻറിൽനിന്നും വാങ്ങുന്നതിൽ കുറഞ്ഞ വിലയ്ക്കു് പാകിസ്ഥാനിൽനിന്നും അരി വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്നുമുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഇതു സംബന്ധിച്ചു് മൂന്നു മാസത്തിനുമുമ്പു് ഈ രാജ്യത്തെ പത്രങ്ങളിൽ വളരെ ഗൗരവതരമായ ചില പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു കണ്ടു. ഇന്നലെ കൊല്ലത്തുനിന്നും പുറപ്പെടുന്ന ജനയുഗം പത്രത്തിൽ വളരെ പ്രാധാന്യം കൊടുത്തു ഒരു വാർത്ത പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിതന്നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതു് ഏകദേശം നാലുമാസക്കാലമായി കൊല്ലത്തു് ഇങ്ങനെ അരി നാശപ്പെടാൻ തുടങ്ങിയിട്ടു് എന്നാണ്. നാലു മാസത്തിനുമുമ്പു് ഇൻഡ്യാഗവണ്മെൻറ് ഇതു സംബന്ധിച്ചു് വേണ്ടതെല്ലാം. ചെയ്യുന്നതാണെന്നു നമ്മുടെ ഗവണ്മെൻറ് പറയുകയുണ്ടായി. ഇതുവരെ ഒന്നും നടന്നില്ല. ഇതിൽ വരുന്ന നഷ്ടം മുഴുവൻ ഈ ഗവണ്മെൻറ് സഹിക്കേണ്ടതായിരിക്കുന്നു. രാജ്യത്തു തൊഴില്ലായ്മയും ഭക്ഷണക്ഷാമവും വർദ്ധിച്ചുവരുന്ന ഈ അവസരത്തിൽ ഇതു ഗൗരവതരമായ ഒരു പ്രശ്നമാണ് എന്നുള്ളതിനു തർക്കമില്ല. അതിനാൽ ഇതിനെപ്പററി ഒരു ചർച്ച നടക്കുന്നതു് ആശാസ്യമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള: നല്ലതല്ലെന്നു കാണുന്ന അരി നീക്കംചെയ്തുവരുന്നുണ്ട്. അരി ഇൻഡ്യാഗവണ്മെൻറ് എടുക്കേണ്ടതാണെന്നു് ഞാൻ പറഞ്ഞല്ലോ. അക്കാര്യം ഇൻഡ്യാഗവണ്മെൻറ് ചെയ്യേണ്ടതാണ്. ഈ ഗവണ്മെൻറു മാത്രം വിചാരിച്ചാ പോരാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇതന്റെ നഷ്ടം ആരാണു് വഹിക്കേണ്ടതു്?

ശ്രീ. എ. താണുപിള്ള: വളരെ നഷ്ടം ഒന്നും വരാൻപോകുന്നില്ല. വളരെക്കാലമായി ഇരിക്കുന്നതുകൊണ്ടു് കുറെയാക്കെ നഷ്ടം വരും.

ശ്രീ. ഇടിക്കുള ഇടിക്കുള : സർ, ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട മെംബറന്മാർക്ക് ഡിസ്കഷൻ ചെയ്യാൻ അനുവാദമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഇവിടെ ഡിസ്കഷൻ അല്ല നടക്കുന്നത്. അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെപ്പററി ചില ഇൻഫർമേഷൻ ചോദിക്കുന്നു എന്നേ ഉള്ളൂ.

ശ്രീ. എ. താണുപിള്ള : അരിയുടെ ഏർപ്പാടുതന്നെ ഗവണ്മെൻറിനു നഷ്ടമാണല്ലോ.

ശ്രീ. കെ. എം. ജോർജ്ജ് : ഡീകൺട്രോൾ ചെയ്ത സമയത്തു ഇവിടെ എത്ര അരി സ്റ്റാക്കുണ്ടായിരുന്നു ? അതു മുഴുവൻ ഇൻഡ്യാഗവണ്മെൻറ് ഏടുത്തുകൊള്ളാമെന്നു് സമ്മതിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഇവിടെ ഇരിക്കുന്ന അരിമുഴുവൻ ഇൻഡ്യാഗവണ്മെൻറ് ഏടുത്തുകൊള്ളാമെന്നു് സമ്മതിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് : ഇവിടെ എത്ര കോടി രൂപയുടെ അരി ഇരിപ്പുണ്ടായിരുന്നു. ?

ശ്രീ. എ. താണുപിള്ള: ഏകദേശം 90,000 ടൺ അരി ഉണ്ടായിരുന്നു. അതിൽ ഇരുപതിനായിരം ടൺ അരിയോളം ചെലവായിട്ടുണ്ടു്. ബാക്കി ഏകദേശം ഏഴുപതിനായിരം ടൺ അരിയുണ്ടു്.

മി. സ്പീക്കർ : ആവശ്യമുള്ളിടത്തോളം ഇൻഫർമേഷൻ ഇപ്പോൾ ഈ സഭയുടെ മുമ്പിൽ വന്നിട്ടുണ്ടു്. I withhold my consent to move this adjournment motion also.

LEGISLATIVE BUSINESS.

The Restriction on Possession and Ownership of Lands Bill

Mr. Speaker: The House will now resume discussion on the Restriction on Possession and Ownership of Lands Bill.

ശ്രീ. പി. വിശ്വംഭരൻ : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഒരു ബിൽ സെലക്ററ് കമ്മിററിക്കു് അയയ്ക്കണമെന്നുള്ള അടിസ്ഥാനത്തിന്മേൽ ചർച്ച നടക്കുന്ന അവസരത്തിൽ സെലക്ററ് കമ്മററിയിലേയ്ക്കു് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ആണു് ഇവിടെ കൂടുതൽ സംസാരിച്ചുകണ്ടതു്. മററുള്ളവരുടെ നിർദ്ദേശങ്ങൾ അവർ കേൾക്കുകയാണു വേണ്ടതു്. ഇങ്ങനെ ചെയ്യുന്നതു് നമ്മുടെ അവർതന്നെ സംസാരിച്ചു് അധികം സമയവും കളയുന്നതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം. ഇതു സംബന്ധിച്ചു് കേന്ദ്ര പാർലമെൻറിൽ ഉണ്ടായിട്ടുള്ള ഒന്നുരണ്ടു ഉദാഹരണം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകൊള്ളുന്നു. ഡോക്കു് വർക്കേഴ്സ് റെഗുലേഷൻ ആഫ് എംപ്ലോയ്മെൻറ് ചർച്ച നടന്നുകൊണ്ടിരുന്ന അവസരത്തിൽ സ്പീക്കർ മഹാലങ്കർ ഇങ്ങനെ പറയുകയുണ്ടായി,

"Among hon. Members who are trying to catch my eye with a view to be able to address the House, I notice there are some whose names have already been proposed as members of the Select Committee. To my mind, it will be a better convention to set up that those whose names are on the Committee do not make any such attempt. It saves time and also gives an opportunity of addressing the House, to others who might make suggestions which would be useful to the Committee."

അതുകഴിഞ്ഞു് അദ്ദേഹം തുടർന്നു പറയുകയാണു്.

" .....my eyes ordinarily will not be open to them."

കൂടാതെ അടുത്തൊരവസരത്തിൽ ഡാക്ടർ അംബേദ്കറുടെ പേർ ഒരു സെലക്റ്റ് കമ്മിററിയിലേയ്ക്കു് നിർദ്ദേശിച്ചതിനുശേഷം അദ്ദേഹം രാജ്യസഭയിൽ പ്രസംഗിക്കാൻ ആരംഭിച്ച അവസരത്തിൽ സഭയിലെ എല്ലാ വിഭാഗത്തിനിന്നും അതിനെപ്പററി എതിർപ്പു് ഉണ്ടായതിനു ശേഷം ചെയർമാൻ സംസാരിക്കുവാൻ അദ്ദേഹത്തിനു് സമയം അനുവദിച്ചില്ല. അതുകൊണ്ടു് അതിനെപ്പററി ഒരു റൂളിംഗുണ്ടാകണം.

മി. സ്പീക്കർ : സാധാരണഗതിയിൽ സെലക്റ്റ് കമ്മററിയിലേയ്ക്കു് തിരഞ്ഞെടുത്തിട്ടുള്ള അംഗങ്ങൾ വാദപ്രതിവാദങ്ങളിൽ പങ്കെടുക്കാതിരിക്കുകയായിരിക്കും നല്ലതു്. പക്ഷെ പാർട്ടി നേതാക്കന്മാർ എന്നുള്ള നിലയിൽ പാർട്ടി ചുമതലപ്പെടുത്തിയാൽ, അവർ സെലക്റ്റ് കമ്മററിയിൽ അകപ്പെട്ടുപോയി എന്നുള്ളതുകൊണ്ടു് പ്രസംഗിക്കാതിരിക്കണമെന്നു് എനിക്കു് അഭിപ്രായമില്ല. സാധാരണഗതിയിൽ മററുള്ളവരുടെ പ്രസംഗങ്ങൾ അവർ കേട്ടുകൊണ്ടിരിക്കുകയായിരിക്കും നല്ലതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, ഞാൻ സെലക്റ്റ് കമ്മററിയിലെ അംഗമല്ലാത്തതുകൊണ്ടു് ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കുവാൻ എനിക്കു് സാങ്കേതിക തടസ്സമൊന്നുമില്ല.

ഇന്നലെ ഈ ബില്ലിനെ സംബന്ധിച്ചു് ഞാൻ പറഞ്ഞതു്, ഒരു വെറും പാട്ടക്കുടിയാനു് അവൻ കൃഷി ചെയ്യുന്ന ഭൂമിയിൽ ഭൂവുടമയെ സംബന്ധിച്ചിടത്തോളം സ്ഥിരമായ അവകാശം ഉണ്ടായിരുന്നാൽ മാത്രമേ കൃഷി ചെയ്യുവാൻ അവനു് പ്രേരണാശക്തി ഉണ്ടാകുകയുള്ളു എന്നും ഭൂപരിഷ്കാരനിർണ്ണയം കൈവരുത്തിയാൽ ആ പ്രേരണാശക്തി അവനു് ലഭിക്കുമെന്നുമാണു്. യഥാർത്ഥ കൃഷിക്കാർക്കും, കർഷകത്തൊഴിലാളികൾക്കുമായി ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞാൽ ഈ രാജ്യത്തെ എല്ലാ കർഷകനും കൃഷിവിഷയത്തിൽ ഒരു പ്രേരകശക്തി ഉണ്ടാകാൻ ഇടയുണ്ടു്. വളരെ കൂടുതൽ കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ഭൂമി കൈവശം കിട്ടുന്നതുകൊണ്ടു് ഉത്പാദനത്തിൽ കൂടുതൽ സാമർത്ഥ്യവും കൂടുതൽ പ്രേരകശക്തിയും ഉണ്ടാകുന്നതു് തീർച്ചയാണു്. ആ അടിസ്ഥാനത്തിലാണു് ഈ ഭൂപരിഷ്കാരനിർണ്ണയം ഞങ്ങൾ സ്വാഗതം ചെയ്യുന്നതു്. കാർഷികമേഖലയിൽ ഉത്പാദകന്മാരും ഉത്പന്നങ്ങളും തമ്മിലുള്ള ബന്ധം അഭേദ്യമായി നിലനിന്നാൽ മാത്രമെ ഉത്പാദകന്മാർക്കു് ഉത്പന്നങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ സമർത്ഥമായ പ്രേരകശക്തി ഉണ്ടാകയുള്ളു. ഭൂമി മുഴുവൻ കൈയ്യടക്കം ചെയ്തുകൊണ്ടു് കർഷകത്തൊഴിലാളികളെക്കൊണ്ടു് വേല ചെയ്യിപ്പിച്ചു് മുതലെടുക്കുന്ന ചില

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കാർഷിക മുതലാളിമാർ നമ്മുടെ രാജ്യത്തുണ്ട്. അതുകൊണ്ട് അതാതു ഘട്ടങ്ങളിൽ ഈ മുതലാളിമാർ പറയുന്നതുപോലെ വേലയെടുക്കുക, കൂലി വാങ്ങിപ്പോകുകയെന്നുള്ളതിനിക്കവിടെ കൃഷിയുമായി ഈ കർഷക തൊഴിലാളികൾക്ക് യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ആ നിലയ്ക്ക് മാററം വരുത്തി ഈ രാജ്യത്ത് യഥാർത്ഥ കർഷകരേയും കർഷക തൊഴിലാളികളേയും ഭൂമിയോടു ബന്ധം വരുത്തി കൃഷിയുടെ വിളവും അവരും തമ്മിലും ഒരു ബന്ധം ഉണ്ടാക്കിക്കൊടുപ്പിക്കുവാൻ കഴിഞ്ഞാൽ സ്വാഭാവികമായും ഉൽപ്പന്നങ്ങളുടെ വിലയും അവരുടെ നിലയും ഇന്നത്തേക്കാൾ നന്നായിരിക്കും. ആ അടിസ്ഥാനത്തിൽ യഥാർത്ഥ കർഷകക്ക് ഭൂമി വിതരണം ചെയ്യാൻ സാധിക്കത്തക്കവണ്ണം ഭൂപരിധി നിർണ്ണയിക്കുന്നതു് പ്രയോജനകരമായിരിക്കും. ഇതു പറയുമ്പോൾ ഇപ്പോൾതന്നെ ഭൂമി ധാരാളം വിതരണം ചെയ്യുകഴിഞ്ഞിരിക്കുന്നു. നമ്മുടെ നാട്ടിൽ ഇനി വിതരണം ചെയ്യുവാൻ ഭൂമിയില്ലെന്നു ചിലർ പറയുന്നുണ്ട്. ഒരു ബഹുമാനപ്പെട്ട മെംബർ ഇന്നലെ പറയുകയുണ്ടായി. ചൈനയിൽ കൈമാററം ചെയ്യിട്ടുള്ളതിനെക്കാൾ കൂടുതൽ ഭൂമി ഈ കാലഘട്ടത്തിനിടയ്ക്ക് ഇൻഡ്യയിൽ കൈമാററം ചെയ്യുകഴിഞ്ഞു എന്ന്. ഇവിടുത്തെ കൈമാററത്തിന്റെ സ്വഭാവം എന്താണെന്ന് പറയാതിരിക്കുകയാണ് ഭേദം. ചൈനയിൽ ഭൂമി കൈമാററം ചെയ്തതിന്റെ സ്വഭാവം ആരോ പറഞ്ഞു് അദ്ദേഹം എന്തോ ധരിച്ചുവച്ചിട്ടുണ്ട്. കേട്ടറിഞ്ഞിട്ടുള്ള അറിവുകൊണ്ട് കൂടുതൽ സത്യസന്ധത പാലിക്കാൻ കഴിയുമെന്ന വിശ്വാസത്തോടുകൂടി പറഞ്ഞതായ ഒരു പ്രസ്താവനയായതുകൊണ്ട് അപ്പോൾ ഞാൻ അതിനെ സംബന്ധിച്ച് ചോദ്യങ്ങളൊന്നും ചോദിക്കുവാൻ മുതിരാത്തതാണ്. എന്റെ അറിവു ശരിയാണെങ്കിൽ അവിടെ നടപ്പിലാക്കിയ ഭൂവിതരണ സംപ്രദായംകൊണ്ട് അവിടുത്തെ ജന്മിത്വവും കാർഷികമുതലാളിത്വവും പരിപൂർണ്ണമായി അവസാനിപ്പിച്ചിരിക്കുകയാണ്. അവിടത്തെ കൃഷിക്കാർക്ക് ജീവിക്കുവാൻ പര്യാപ്തമായ ഭൂമി ഭൂവിതരണസംപ്രദായംകൊണ്ട് അവിടെ കിട്ടിയിരിക്കുന്നു എന്നുള്ളതാണ് പരമാർത്ഥം. ആ വസ്തുത ശ്രീ. നെഹ്റുപോലും സമ്മതിച്ചിട്ടുള്ളതാണ്. മാത്രമല്ല, ചൈനയിൽ വിതരണം ചെയ്യാൻ കഴിഞ്ഞിടത്തോളം ഭൂമി ഇൻഡ്യയിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും നെഹ്റു പറഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് എന്റെ മാന്യസ്നേഹിതൻ ഇങ്ങനെ അഭിപ്രായപ്പെട്ടതു് എന്തുകൊണ്ടാണെന്നു എനിക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ല.

ഏതായാലും ചൈനയെ ഒരു മാതൃകയാക്കി അംഗീകരിക്കണമോ വേണ്ടയോ എന്നുള്ള സംഗതി അല്ലാ ഇവിടെ പ്രധാനമായി നോക്കേണ്ടതു്. നമ്മുടെ സംസ്ഥാനത്തുള്ള കൃഷിക്കാർക്ക് കൃഷി ഉൽപ്പാദനത്തിനു വേണ്ടിയുള്ള സഹകര്യവും ഉത്സാഹവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ആ വകയ്ക്കുവേണ്ടി ഭൂപരിധി നിർണ്ണയത്തെസംബന്ധിച്ച് എന്തെല്ലാം നന്മകളാണു ചെയ്യാൻ സാധിക്കുക അവയൊക്കെ ചെയ്യേ മതിയാവൂ. നമ്മുടെ സംസ്ഥാനത്തുള്ള ഭൂമികൾ പല ആളുകളിലുമായിട്ട് ചിന്നിച്ചിതറി കിടക്കുന്നതുകൊണ്ട് ഭൂമി വിതരണം വിചാരിക്കുന്നതുപോലെയുള്ള ഏടുപ്പത്തിൽ സാധിക്കുകയില്ലായെന്നുംമററും ഉള്ള വാദഗതിയോടു് എനിക്കു യോജിക്കാൻ നിവൃത്തിയില്ല. ചൈനയിൽ ഭൂവിതരണം സാധിച്ചിട്ടുള്ളതു് പെർകാപ്പിററ അനുസരിച്ച് ആണെന്നുള്ളതു ഓർക്കേ

ണ്ടതാണ്. ഇവിടത്തെപ്പോലെ ഒരു കുടുംബത്തിനു അഞ്ചേക്കർ എന്നോ, അല്ലെങ്കിൽ 30 ഏക്കറെന്നോ, ഒരാളിനു അഞ്ചു ഏക്കർ എന്നോ തുടങ്ങിയ രീതിയിലല്ല അവിടെ ഈ വിതരണം സാധിച്ചതു്. കൃഷി ചെയ്യാൻ ഉത്സാഹവും പരിജ്ഞാനവുമുള്ള ആളുകൾക്കു് അവരുടെ സൗകര്യമനുസരിച്ചു് കൃഷിഭൂമി നൽകുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങനെയുള്ള ഒരു വ്യവസ്ഥ ഇവിടെ കൊണ്ടുവരുന്നതും നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം. അതായതു് ഒന്നുകൂടി പറയുകയാണെങ്കിൽ പെർകാപ്പിററ വ്യവസ്ഥയിൽ ഭൂവിതരണം നടത്തുന്നതായിരിക്കും ഏററവും ഉത്തമം. അതല്ലാതെ 30 ഏക്കർ പുരയിടമെന്നോ 22 ഏക്കർ ഒരുപ്പു നിലമെന്നോ പറയുന്ന വ്യവസ്ഥകൾ അംഗീകരിക്കാൻ പ്രയാസമാണു്. മാത്രമല്ല, ആ വ്യവസ്ഥകൊണ്ടു് നാം വിചാരിക്കുന്ന പ്രയോജനം ഉണ്ടാകുകയുമില്ല. അതുകൊണ്ടു് ഇതിലും കുറഞ്ഞ ഒരു പരിധി നിർണ്ണയമായിരിക്കണം ചെയ്യേണ്ടതു്. സെലക്ററുകമ്മിററി ഈ കാര്യത്തെപ്പററി പ്രത്യേകം ആലോചിക്കേണ്ടതാണു്.

ശ്രീ. കെ. എം. ജാർജ്ജ്: റഷ്യയിലും ചൈനയിലും പെർകാപ്പിററ അനുസരിച്ചു് ഒരാൾക്കു എത്ര ഏക്കർ വീതമാണു കൊടുത്തിരിക്കുന്നതെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പെർകാപ്പിററ അനുസരിച്ചു് റഷ്യയും ചൈനയും എങ്ങനെയാണു ഭൂമി വിതരണം ചെയ്തിരിക്കുന്നുവെന്നുള്ളതിലേയ്ക്കു വേണ്ട സ്ഥിതിവിവരക്കണക്കുകൾ പറയാൻ ഞാൻ തയ്യാറല്ലാണു്. പക്ഷെ, ഇവിടെ അതു പറഞ്ഞതുകൊണ്ടു് വലിയ പ്രയോജനം ഒന്നും ഉണ്ടാകും എന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെംബർക്കു് അറിയണമെന്നാഗ്രഹമുണ്ടെങ്കിൽ സൗകര്യംപോലെ എന്നെ സമീപിച്ചാൽ മതിയാകും.

ശ്രീ. കെ. എം. ജാർജ്ജ്: ഞാൻ ഇൻഫർമേഷനുവേണ്ടി ചോദിച്ചതാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇൻഫർമേഷനുവേണ്ടി ചോദിക്കുന്നതു നിയമസഭയിലല്ല. സര, മറെറാന്നു എനിക്കു പറയുവാനുള്ളതു് സ്റ്റാൻഡാർഡ് ഏക്കറനുസരിച്ചു് കർഷകർക്കു് ഭൂമി കൺവർട്ടു് ചെയ്തു കൊടുക്കുന്നതു് കുറെക്കൂടെ നന്നായിരിക്കും എന്നാണു എന്റെ അഭിപ്രായം. കാരണം ഓരോതരം ഭൂമിയുടെയും കിടപ്പും അവയിലെ വളവും മററു സൗകര്യങ്ങളും നോക്കി ഭൂവിതരണം ചെയ്യേണ്ടിവരുന്നു. അങ്ങനെ വരുമ്പോൾ ഭൂമിയുടെ പരിധി ഇന്നത്തെ നിലയിലും കുറഞ്ഞതോതിൽ നിശ്ചയിക്കേണ്ടിവരും. ഞാൻ മുമ്പു് പറഞ്ഞതുപോലെ ഭൂപരിധി കുറഞ്ഞതോതിൽ നിശ്ചയിക്കുന്നതുകൊണ്ടു് നമുക്കു ഭയത്തിനു അവകാശമില്ല.

ശ്രീ. കെ. എം. ചാണ്ടി: ഭൂപരിധി നിർണ്ണയത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെംബർക്കു എത്ര ഏക്കർവീതം വിതരണം ചെയ്യണമെന്നുള്ളതിലേയ്ക്കു പരിധിനിർണ്ണയിക്കുന്ന വല്ലനിർദ്ദേശവും കൊടുക്കാൻ സാധിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വിതരണത്തെ സംബന്ധിച്ചിടത്തോളവും സ്റ്റാൻഡേർഡ് ഏക്കറെന്നുസരിച്ച് ഒരു തീരുമാനം ഉണ്ടായാൽ അവിടെ പരിധിനിർണ്ണയംവന്നു. എന്നാൽ സ്റ്റാൻഡാർഡ് ഏക്കർ നിശ്ചയിക്കുന്നതു് ഇഷ്ടംപോലെ നിശ്ചയിച്ചാൽ പോരാ. അതിലേയ്ക്കു പ്ലാനിംഗ് കമ്മീഷന്റെയും മററു വിദഗ്ദ്ധന്മാരുടെയും നിർദ്ദേശങ്ങൾ തന്നെ ഇപ്പോൾ ഉണ്ടു്. ആ റിക്കാർഡുകളെല്ലാം ബഹുമാനപ്പെട്ട മെംബർ വായിച്ചുനോക്കണമെന്നുകൂടി ഞാൻ അഭിപ്രായപ്പെടുന്നു. അതനുസരിച്ചുള്ള വിദഗ്ദ്ധന്മാരുടെ നിർദ്ദേശപ്രകാരം ആയിരിക്കണം സ്റ്റാൻഡാർഡ് ഏക്കർ നിശ്ചയിക്കേണ്ടതു്.

ശ്രീ. കെ. ഗോപാലൻ : ഞാൻ സ്റ്റാൻഡാർഡ് ഏക്കറിനെപ്പററിയുള്ള ഒരു വിശദീകരണമല്ല ചോദിച്ചതു്. ബില്ലിലെ വ്യവസ്ഥയനുസരിച്ച് ഒരാളിനു അല്ലെങ്കിൽ ഒരു കുടുംബത്തിനു ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളതിൽനിന്നും എത്ര ഏക്കർവരെ കുറവുചെയ്യണമെന്നാണു് ചോദിച്ചതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നമ്മുടെ രാജ്യത്തെ സ്റ്റാൻഡാർഡ് ആഫ് ലിവിംഗ് അനുസരിച്ച് ഒരാൾക്ക് അല്ലെങ്കിൽ ഒരു കുടുംബത്തിനു സ്റ്റാൻഡർഡ് ഏക്കർ എത്ര വരുന്നുവെന്നു് കണക്കാക്കണം. അങ്ങനെ ഒരു കണക്കെടുക്കുമ്പോൾ ഒരാൾക്ക് ഒരുവിധം സുഖമായി ജീവിതം കഴിക്കുന്നതിനു എത്ര ഭൂമി വേണ്ടിവരും എന്നുള്ള നിഗമനത്തിൽ എത്തിച്ചേരും. ആ കണക്കുവച്ചുകൊണ്ടായിരിക്കണം പരിധി നിർണ്ണയിക്കേണ്ടതു്. ഇതിലേക്ക് ധാരാളം പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്, വായിക്കണമെന്നു മാത്രമെയുള്ളൂ. സർ, പിന്നീടു എനിക്കാണു പറയുവാനുള്ളതു് പരിധിനിർണ്ണയം കഴിഞ്ഞു വിതരണത്തിലേയ്ക്കു് ഇറങ്ങുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങളെപ്പററിയാണു്. ഈ കാര്യത്തിൽ വന്നുകൂടുന്ന പക്ഷപാതങ്ങൾ സാധാരണക്കാരെ എത്രമാത്രം ബാധിക്കുമെന്നും ഇതു സംബന്ധിച്ചു അവർക്കുണ്ടാകാൻപോകുന്ന ക്ലേശങ്ങളും മുദ്ധിമുട്ടുകളും ഇന്നുള്ളതിനെക്കാൾ കൂടുന്നതിനാണു് ന്യായമുള്ളതെന്നുമാണു് എന്റെ സ്നേഹിതൻ ശ്രീ. സി. ജി. സദാശിവൻ പ്രതിപാദിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിയ്ക്കു് ഞാൻ കൂടുതലായി പറയണമെന്നു വിചാരിക്കുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തോടു് ഞാൻ യോജിക്കുകയാണു ചെയ്യുന്നതു്.

അങ്ങനെയിരിക്കട്ടെ. മറെറാരുകാര്യം, ചില പ്രത്യേകതരം ഭൂമികളെസംബന്ധിച്ചു ചില പ്രത്യേകതരം വ്യവസ്ഥകളെ സംബന്ധിച്ചാണു്. അതായതു്, എക്സെംപ്ഷൻ. ഈ വകുപ്പിൽ പലയിനം ഭൂമികളും ഒഴിവാക്കിയിരിക്കുകയാണു്. എന്നാൽ കായൽനിലം ഒഴിവാക്കരുതെന്നാണു എന്റെ അഭിപ്രായം. വളരെ വിസ്താരമേറിയ കായൽനിലങ്ങൾ സാധുക്കളായ കർഷകരെകൊണ്ടു് കൃഷിചെയ്യാൻ സാധിക്കുമോയെന്നു സാധാരണഗതിയിൽ സംശയംതോന്നാൻ ഇടയുണ്ടു്. പക്ഷെ, എന്റെ അഭിപ്രായത്തിൽ യഥാർത്ഥകൃഷിക്കാരെകൊണ്ടു് കൃഷിക്കുള്ള പരിസരം ഉണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ വളരെ ഭംഗിയായിട്ടു് നടത്താൻ സാധിക്കുമെന്നാണു്. കൊച്ചിയിൽ കോൾക്കൃഷി നടത്തുന്നതു വിപുലമായ തോതിലാണു്. കോൾക്കൃഷിയുടെ ഭൂരിഭാഗവും വമ്പിച്ച ജന്മിമാരുടെ കൂവടമയിലാണു്. ഈ കൃഷിനടത്തുന്നതിനു് അവിടെത്തന്നെ ഒരു

സൊസൈററി വക്ചെയ്യുന്നുണ്ട്. പക്ഷെ അതു് ജന്മിമാരുടെ ഒരു സൊസൈററി ആണെന്നേയുള്ളു. നേരെമറിച്ച് കൃഷ്കതൊഴിലാളികളുടെ വക ഒരു സൊസൈററി ഉണ്ടാക്കുകയാണെങ്കിൽ തൊഴിലാളികളുടെ ഉടമസ്ഥതയിൽതന്നെ കോൾക്കൃഷി നടത്താവുന്നതാണ്.

ഇതുപോലെതന്നെ തിരുവിതാംകൂർ പ്രദേശങ്ങളിലെ കായൽ കൃഷിയും ഒരു കോവാപ്പറേററീവ് ബേസിസിൽ തൊഴിലാളികൾക്കു നടത്താനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിയാൽ മതി. സഹകരണ സൊസൈററികൾമുഖേന തൊഴിലാളികളെ സംഘടിപ്പിച്ച് കൃഷിനടത്തുന്നതിനുവേണ്ടി വല്ല പ്രൊവിഷനും ഈ ബില്ലിൽ കൊണ്ടുവരേണ്ടതല്ലേ എന്നൊരു ബഹുമാനപ്പെട്ട മെംബർ അഭിപ്രായപ്പെടുകയുണ്ടായി. ഞാൻ അതിനോട് പൂർണ്ണമായി യോജിക്കുന്നില്ല. യഥാർത്ഥകർഷകന് കാർഷികമായ കാര്യങ്ങളിൽ നേരിടുന്ന സാമ്പത്തികവൈഷമ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു സഹകരണസംഘം രൂപീകരിക്കാം. എന്നാൽ നിർബന്ധമായിട്ട് കർഷകരെ എല്ലാംകൂടി ചേർത്തു സംഘടിപ്പിച്ചു അങ്ങനെ ഒരു സംഘടനാവഴിയ്ക്കേ പോകാവൂ എന്നു നിർബന്ധിക്കുന്നതിനോട് ഞാൻ യോജിക്കുന്നില്ല. എല്ലാവരും ആക്ഷേപിക്കുന്ന ചൈനാ, റഷ്യ, മുതലായ രാജ്യങ്ങളിൽ നടത്തുന്നതുപോലെ ഒരു കളക്ടീവ് ആൻഡ് കോവാപ്പറേററീവ് കൾട്ടിവേഷൻ സംപ്രദായം ഇവിടെയും അനുകരിക്കുന്നതായാൽ കർഷകർക്ക് കൃഷിയിൽ ഉത്സാഹവും ആത്മാർത്ഥതയും ഉണ്ടാകും. ഇപ്രകാരം ഒരു വ്യവസ്ഥ ആ രാജ്യങ്ങളിൽ നടപ്പാക്കിയതിൽ വിജയമാണുണ്ടായതെന്നു അനുഭവപ്പെട്ടിരിക്കുന്നു. തൻമൂലം അവിടത്തെ കർഷകജനതയ്ക്ക് കൂടുതൽ ആവേശവും ആഗ്രഹവും കൃഷിയിലുണ്ടായിത്തുടങ്ങി. അങ്ങനെയുള്ള ഒരു വ്യവസ്ഥ നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കാൻ തുടങ്ങുന്നതു് നല്ലതാണ്. എന്നാൽ ഒരു പ്രത്യേകനിയമമുണ്ടാക്കി ആ നിയമത്തിന്റെ നുകത്തിന്റെ കീഴിൽ കൃഷിക്കാരെ സംഘടിപ്പിച്ച് നിർത്താൻ തുനിയുന്നതു ശരിയല്ല. അങ്ങിനെചെയ്യാതെതന്നെ പ്രവർത്തിക്കാൻ സാദ്ധ്യതയുണ്ട്. കാർഷികമായ പ്രവൃത്തികളിൽ തൊഴിലാളികളെ ആവേശമുള്ളവരാക്കുന്നതിനുള്ള പരിതഃസ്ഥിതിയാണുണ്ടാകേണ്ടതു്. പുറരാജ്യങ്ങളുടെ നിലപാടിനെ അതുപോലെ അംഗീകരിച്ചില്ലെങ്കിലും തൊഴിലാളികളുടെയിടയിൽ ഒരു സംഘടിതമായ ശ്രമം കൃഷിയെ സംബന്ധിച്ചിടത്തോളം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ ഒരു വ്യവസ്ഥയുണ്ടാക്കുന്നതു് നന്നായിരിക്കും. അതിനുവേണ്ടി ഗവണ്മെൻറ ഭാഗത്തുനിന്നും മററു രാഷ്ട്രീയകക്ഷികളിൽനിന്നും വേണ്ട മാർഗ്ഗദർശനം ഉണ്ടായാൽ മതി. ഇങ്ങനെയുള്ള ഒരു വ്യവസ്ഥ നടപ്പാക്കുന്നപക്ഷം Fragmentation നെ സംബന്ധിച്ചിടത്തോളം ഭയപ്പെടേണ്ടതില്ല. ഇവിടെയുള്ള ഭൂമി മുഴുവനും ജന്മികളുടെ പക്കൽനിന്നും എടുത്തു വിതരണം ചെയ്യുന്നതു ആപത്താണെന്നുള്ള ഒരു ഭയം ഇപ്പോൾ കടന്നുകൂടിയിരിക്കയാണ്. എന്നാൽ അങ്ങിനെയുള്ള വിതരണം വാസ്തവത്തിൽ ആപത്തല്ല, സമ്പത്താണ്. Fragmentation സംബന്ധിച്ച് ഈ സഭയിൽ പറഞ്ഞപ്പോൾ അതിനെ സംബന്ധിച്ച് ഒരു സർവെ നടത്തണമെന്നും അതുവരെ ഈ ബില്ലിന്റെ ആലോചന നിറുത്തിവയ്ക്കണമെന്നും ശ്രീ. എ. ജെ. ജാൺ അഭിപ്രായപ്പെടുകയുണ്ടായി. എനിക്കു അതിന്റെ സാധുത്വം മനസ്സിലാകുന്നില്ല.

ശ്രീ. എ. ജെ. ജാൻ : സർവെ നടത്താത്തതുകൊണ്ട് ബില്ലിന്റെ ആലോചന മാററിവയ്ക്കണമെന്നു ഞാൻ പറഞ്ഞതല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബില്ലിന്റെ ആലോചനാവേളയിൽ സർവെ കൂടി നടത്തിയതിനുമേൽ മുൻപോട്ടുപോകാമായിരുന്നു എന്നുള്ള അർത്ഥത്തിലാണു അദ്ദേഹം സംസാരിച്ചതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ ബിൽ പെട്ടെന്നു നിയമമാക്കിത്തീർക്കണമെങ്കിൽ അതിനിടയിൽ ഒരു സർവെ നടത്തുവാൻ തുടങ്ങുന്നതു വളരെ കാലതാമസത്തിനു ഇടയാകുന്ന ഒരു സംഗതിയാണു്. അതുകൊണ്ടു് ആ കാര്യം ഇപ്പോൾ ആലോചനാവിഷയമാക്കേണ്ടതില്ലെന്നാണു് എന്റെ അഭിപ്രായം.

അടുത്തതായി എനിക്കു പറയുവാനുള്ളതു് നമ്മുടെ സംസ്ഥാനത്തുള്ള ജന്മിത്വസംപ്രദായത്തെപ്പററിയാണു്. ഈ ബിൽ ജന്മികളെ സംബന്ധിച്ചിടത്തോളവും നിലവിലുള്ള ജന്മികൾക്കു എത്ര വലിയ ഭൂവുടമ ഉണ്ടായിരുന്നാലും അതൊക്കെ അങ്ങനെതന്നെ നിലനിന്നുകൊള്ളട്ടെ എന്നുള്ള ഒരു മനോഭാവമാണു് ഗവണ്മെന്റിനും ഉള്ളതെന്നുതോന്നുന്നു. അങ്ങനെയുള്ള ഒരു ഫ്യൂഡൽ സെററപ്പ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളവും ഉണ്ടാകാൻ പാടില്ല. ജന്മിമാക്കു് അവരുടെ ഭൂമികൾ എടുക്കുന്നതിൽ പ്രതിഫലംകൊടുക്കാതെ എടുക്കണമെന്നല്ലാ ഞാൻ പറയുന്നതു്. ജന്മിത്വംസംബന്ധിച്ചു് പരമ്പരാഗതമായ ഒരു മാമൂൽ നിലനിന്നുവരികയാണു്. അതിനെ ഭേദഗതിചെയ്യുന്നതിനു വേണ്ടിയായിരിക്കണം ബിൽ കൊണ്ടുവരേണ്ടതു്. ഏതെല്ലാംവിധത്തിൽ അതു നിർവഹിക്കാൻ സാധിക്കുമോ ആ വിധത്തിലെല്ലാം സാധിക്കുന്നതിനുള്ള ചുററുപാടു് ഗവണ്മെന്റു സ്വീകരിക്കേണ്ടതാണു്. അതായതു് ജന്മിമാരുടെ ആവശ്യങ്ങൾ നീക്കി ബാക്കിയുള്ള ഭൂമി പാട്ടത്തിനു കൊടുക്കുന്നതിനു ഇത്ര കൊല്ലത്തേക്കുകൊണ്ടു് ആ ഭൂമിയുടെ വില മുഴുവൻ പാട്ടക്കാരൻ കൊടുക്കണമെന്നോ അല്ലെങ്കിൽ ഇത്ര കൊല്ലത്തേക്കു കഴിയുമ്പോൾ പാട്ടക്കാരനു ആ ഭൂമി സ്വന്തമാക്കാമെന്നോ ഉള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കേണ്ടതാണു്.

പ്രതിഫലം എത്ര കൊടുക്കണമെന്നു നിർബന്ധമില്ല. ന്യായമായ ഒരു പ്രതിഫലം നിശ്ചയിച്ചു് അതു് ഇത്ര കൊല്ലത്തിനകം ഗവണ്മെന്റിൽ നിന്നും ജന്മിക്കു കൊടുക്കുക, എന്നിട്ടു് അതു് ഇത്രകൊല്ലംകൊണ്ടു് കർഷകരിൽ നിന്നും ഈടാക്കുക എന്നു നിശ്ചയിക്കണം. എന്നിങ്ങനെ പലതരത്തിലുള്ള സൗകര്യങ്ങളും ഉണ്ടു്. ഇവയെല്ലാം നോക്കാതെ എങ്ങനെയെങ്കിലും, പൈതൃകത്തിന്റെ പേരിൽ പൈതൃകം എന്നുമാത്രം പറഞ്ഞുകൊണ്ടു് ഇന്നത്തെ രീതി തുടർന്നുകൊണ്ടുപോകാതെ ഈ രാജ്യത്തു ഓരോ ആളിനും ജീവിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. എത്രയോ കാലമായി നമ്മുടെ നാട്ടിൽ, പാരമ്പര്യമായി ധാരാളം വസ്തുവകകൾ കൈവശംവച്ചുവരുന്നവരുണ്ടു്. വ്യക്തികളായിട്ടും, മതസ്ഥാപനങ്ങളായിട്ടും, പലപല നൂററാണ്ടുകളായി കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ടു്. അതു് മൗലികമായ ഒരു അവകാശമാണു് എന്നുള്ള വാദത്തെ ഞാൻ എതിർക്കുന്നു. യൂറോപ്പിലും ചൈനയിലും ഇങ്ങനെ ഒരു മൗലികാവകാശമുള്ളതായി അറിഞ്ഞുകൂടാ. അവിടെയെല്ലാം സോഷ്യലിസ്ററു വ്യവസ്ഥിതികളാണു് നിലവിലിരിക്കുന്നതെന്നുള്ള, കാര്യവും നാം വിസ്മ

ക്കരുതു്. ഡെമോക്രസിയുടെ നിലനിൽപ്പിനുതന്നെ ഈ തത്വം സ്വീകരിക്കുന്നതു നല്ലതാണു്. ഒരു രാഷ്ട്രീയ നിലപാടുവച്ചു കൊണ്ടല്ലാ ഞാൻ ഈ അഭിപ്രായം പറയുന്നതു്. ഈ തത്വമനുസരിച്ചു് പ്രവർത്തിക്കുമെങ്കിൽ ജന്മിത്വം ഉടൻ അവസാനിക്കും—ജന്മിത്വം ഉടൻ അവസാനിപ്പിക്കണം.

ഇതു് പറയുമ്പോൾ ജന്മിമാരെ കൊന്നു കുഴിച്ചുമൂടണമെന്നാണു് പറയുന്നതു് എന്നു തോന്നും. അങ്ങനെയല്ല. ചൈനയെപ്പോലുള്ള രാജ്യങ്ങളിലും ജന്മിത്വം അവസാനിപ്പിക്കുക എന്നു പറഞ്ഞാൽ ജന്മിമാരുടെ അവകാശങ്ങളെയും അധികാരങ്ങളെയും നശിപ്പിക്കുക എന്നല്ലാതെ, അവരെ കുഴിച്ചുമൂടുക എന്നു് അർത്ഥമില്ല. ഏതുവിധത്തിലായാലും ജന്മിത്വം അവസാനിപ്പിക്കണമെന്നുള്ള അഭിപ്രായം ആണു് എനിക്കുള്ളതു്. രാജ്യത്തെ തൊഴിലാളികൾക്കും ജീവിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കണം. അങ്ങനെയായാൽ ചില വിട്ടുവീഴ്ചകൾ എല്ലാം ചെയ്യേണ്ടതുണ്ടു്. അങ്ങനെ ഉള്ള ചില സ്വാതന്ത്ര്യങ്ങൾ ഈ ബില്ലിൽ അനുവദിച്ചു കൊടുക്കണം. ഈ കാര്യത്തിൽ ഗവണ്മെൻറും ഈ സഭയിലെ എല്ലാ മെംബറന്മാരും ശ്രദ്ധിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

അടുത്തതായി ശ്രീ. എ. ജെ. ജാൻ ഇവിടെ പ്രസ്താവിച്ച ഒരു സംഗതിയെപ്പററി രണ്ടുവാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. അതായതു് ബാങ്കിംഗ് അടിസ്ഥാനത്തിൽ കർഷകക്കു് ഗവണ്മെൻറിൽ നിന്നും ധനസഹായം ചെയ്തുകൊടുക്കണമെന്നുള്ളതിനെപ്പററിയാണു്. സാധുക്കളായ കൃഷിക്കാർക്കു് അതു് ഒരു അപകടമാണു് എന്നാണെനിക്കു തോന്നുന്നതു്. അതുമാത്രമല്ല നാനൂറോ, അഞ്ചുറോ രൂപ കടം കൊടുക്കാൻ സാധു കൃഷിക്കാർക്കു് പണം കടം കൊടുക്കാനും ആളുകൾ കാണുകയില്ല. ഇന്നു് പവൻ കൊണ്ടുപോയി പണയം വച്ചു് ആവശ്യപ്പെട്ടാൽപോലും ബാങ്കിൽനിന്നും ലഭിക്കുന്നതു് വളരെ തുച്ഛമായ ഒരു സംഖ്യയാണു്. വസ്തുക്കളെ പണയാധാരം എഴുതിപ്പിടിപ്പിച്ചതിനു ശേഷം കർഷകനു് സ്വാതന്ത്ര്യമായി കൃഷിഭൂമിയിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. മി. ജാണിൻെറ വാദഗതി നിലനിൽക്കുകയില്ല, എന്നു് റിസർവു ബാങ്കിൻെറ സ്റ്റാററിസ്റ്റിക്സ് നോക്കിയാൽ അറിയാം. കോവാപ്പറേററീവു് അടിസ്ഥാനത്തിലാണെങ്കിൽ എത്രകോടി രൂപ ഇതിലേയ്ക്കു നീക്കിവക്കേണ്ടിവരുമെന്നുള്ള കാര്യം എന്നെക്കാൾ സൂക്ഷ്മമായി മിസ്റ്റർ ജോണിനു് അറിയാം.

ശ്രീ. എ. ജെ. ജാൻ : വസ്തു ഉടമസ്ഥക്കു് ഉള്ള കടം തീർക്കുന്നതിലേക്കു് ഈ ബില്ലിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല എന്നല്ലേ ഞാൻ വാദിച്ചതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു് വേറെ ഒരു കാര്യമാണു്. പൊതുവെ ഞങ്ങൾ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണു്. ഇതിൽ വരുത്തേണ്ട ചില മാററങ്ങളെപ്പററി മാത്രമേ ഞങ്ങൾ നിർദ്ദേശങ്ങൾ നൽകുന്നുള്ളൂ. കൂടുതൽ വിശദാംശങ്ങൾ സെലക്ററുകമ്മിററിയിൽ ആലോചിച്ചു് വേണ്ടതു ചെയ്യണമെന്നാണു് എൻെറ അഭിപ്രായം.

ഈ കാർഷികമേഖലയിൽ ഭൂമിവിതരണം സാധിക്കുന്നതുകൊണ്ടു് സാമ്പത്തിക സമീകരണം അല്ലേ ഉദ്ദേശിച്ചിട്ടുള്ളതു്. അങ്ങനെയാണെങ്കിൽ വ്യവസായ മേഖലയിൽക്കൂടി സാമ്പത്തികസമീകരണം വരുത്തണ്ടേ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

എന്നൊരു ചോദ്യത്തിനു വകയുണ്ട്. നമ്മുടെ നാട്ടിലെ ഇന്നത്തെ ഏററവും വലിയ വ്യവസായം കൃഷിയാണ്. ഒരു വലിയ വിഭാഗം ആളുകളുടെ വ്യവസായവും കൃഷിയാണ്. അതുകൊണ്ട് ഈ വ്യവസായത്തിന് ഒന്നാമതായി നടപടി എടുക്കുക എന്നുള്ളതു ന്യായംതന്നെ. പക്ഷെ മററു പല വ്യവസായങ്ങൾക്കും ഇന്നു വേണ്ടത്ര പുരോഗതി വന്നിട്ടില്ല എന്നുള്ള സംഗതിയും നാം വിസ്മരിക്കരുത്. വ്യവസായികൾ എല്ലാവരുമായി സംഘടിച്ച് ഒരു സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ സാധിക്കുമെങ്കിൽ പല വ്യവസായങ്ങളും വലിയ തോതിൽ നടത്താൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം. അതേസമയം തന്നെ, വ്യവസായങ്ങൾക്കു നാഷണൽ ലൈസ്ചെയ്യുക എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ യോജിക്കുന്നുമില്ല. പ്രൈവററ് ഉടമസ്ഥൻ യോജിച്ചുവേണം നടത്താൻ. ക്യാപ്പിററൽ അക്യുമിലേററ് ചെയ്യാൻ ഉള്ള ഒരു വ്യവസ്ഥ നമ്മുടെ നാട്ടിൽ ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. ഈ വ്യവസ്ഥ നടപ്പാക്കാൻ നടപടി എടുക്കേണ്ടതു് കേന്ദ്രഗവണ്മെൻറാണ്. ചൈനയിൽ ഇങ്ങനെ ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്. ശ്രീ. പണ്ഡിററ് ജവഹർലാൽനെഹ്റു ആവടി കാൺഗ്രസ്സ് സമ്മേളനത്തിൽ ഇതിനെ സൂചിപ്പിച്ചു സംസാരിച്ചതായി എനിക്കറിയാം. അങ്ങനെയുള്ള ഒരു വ്യവസ്ഥകൂടി ഈ ബില്ലിൽ ചേർത്താൽ മാത്രമെ ഈ ബിൽ പൂർത്തിയാകയുള്ളു. ഈ തത്വം കൂടി ഈ ബില്ലിൽ കൊണ്ടുവരാൻ സോഷ്യലിസ്ററ് ഗവണ്മെൻറ് ശ്രദ്ധിക്കണം. അതിനു ഞങ്ങൾ എതിരല്ല. കർഷകപ്രധാനമായ ഈ നാട്ടിൽ കർഷകർക്കു വേണ്ടത്ര സഹായങ്ങൾ ചെയ്തുകൊടുക്കണം. വ്യവസായ പ്രധാനമായ രാജ്യങ്ങളിലും തൊഴിലാളികൾക്കു വേണ്ടി സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

ഇത്രയും പറഞ്ഞുകൊണ്ട് ഈ ബിൽ സെലക്ററുകമ്മിററിക്കയയ്ക്കണമെന്നുള്ള അഭിപ്രായത്തോടു യോജിച്ചുകൊള്ളുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള: സർ, 1954 മാർച്ചിൽ അധികാരത്തിൽ വന്ന പ്രജാസോഷ്യലിസ്ററ് മന്ത്രിസഭ ഈ നിയമസഭയുടെ പരിഗണനക്കായി അവതരിപ്പിച്ച ഭൂനയബില്ലുകളിൽ അതിപ്രധാനമായ കൃഷിഭൂമിയിലുള്ള അവകാശവും കൈവശവും നിയന്ത്രിക്കുന്ന ബില്ലിനെസംബന്ധിച്ച് സംസാരിക്കാൻ എഴുന്നേററുനിൽക്കുമ്പോൾ ഈ സഭയിലെ വിവിധഭാഗങ്ങളിൽനിന്നും പ്രസ്തുതബില്ലുകളെപ്പററി പൊന്തിവന്ന വിമർശനങ്ങളെപ്പററി ഞാൻ ഓർത്തുപോവുകയാണ്. പല വിമർശനങ്ങളും ശ്രദ്ധിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ കാര്യമുണ്ട്. പ്രജാസോഷ്യലിസ്ററുപാർട്ടി ഭൂനയസംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള അന്ത്യതീരുമാനമാണ് ഈ ബില്ലുകളെന്ന് ആ വിമർശനംകേട്ടപ്പോൾ എനിക്കുതോന്നി. അതുസംബന്ധിച്ച് ഒരുകാര്യം ഞങ്ങൾക്ക് വെളിപ്പെടുത്താനുണ്ട്. ഇന്നു നിലവിലിരിക്കുന്ന ചുററുപാടുകളനുസരിച്ച് ഭരണഘടനയുടെ അകത്തുനിന്നുകൊണ്ട് പരമാവധി എത്രയും വേഗം ചെയ്യണമെന്നു കരുതി ആ പന്ഥാവിലേയ്ക്കുള്ള ആദ്യത്തെ ചുവടുവെയ്പ് എന്നുള്ള നിലയിൽ മാത്രമേ ഞങ്ങൾ ഈ ബില്ലിനെ അംഗീകരിച്ചിട്ടുള്ളു. ആ നിലയിലാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതും. ഇക്കാര്യം നമ്മുടെ ധനകാര്യമന്ത്രി ബിൽ അവതരിപ്പിച്ചവേളയിൽത്തന്നെ വ്യക്തമാക്കുകയു

ണ്ടായി. ഇതിൽ ഏതുതരം പരിവർത്തനങ്ങളും, ജനക്ഷേമത്തെ മുൻനിർത്തി യുള്ള പുരോഗമനപരങ്ങളായ ഏതു ഭേദഗതികളും വരുത്തുന്നതിനു ഞങ്ങളുടെ പാർട്ടി സ്വാഗതം ചെയ്യുമെന്നുള്ള കാര്യം ഈ സഭ ധരിക്കണമെന്നു് എനിക്കു പ്രത്യേകിച്ചുണ്ടു്. നൂററാണ്ടുകളായി ഇവിടെ നിലനിന്നുപോരുന്ന ഭൂവുടമാസമ്പ്രദായവും ജന്മിത്വവും ഈ രാജ്യത്തെ ഭൂരിഭാഗം ജനവിഭാഗങ്ങൾക്കും ദോഷകരമാണെന്നുള്ള ഒരഭിപ്രായം ഇന്നു പരക്കെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. അതിന്റെ പേരിലാണു് ഈ രാജ്യത്തെ എല്ലാ രാഷ്ട്രീയ കക്ഷികളും, ചിലരൊക്കെ മനസ്സില്ലാമനസ്സോടെയാണെങ്കിലും, ഈ ബില്ലുകളെ പിൻതാങ്ങാൻ തയ്യാറായിട്ടുള്ളതെന്നു് ഞാൻ മനസ്സിലാക്കുന്നു. ഈ രാജ്യത്തു സ്വന്തമായി കൃഷിചെയ്യാൻ ഭൂമിയില്ലാത്തവരായും, സ്വന്തമായി പാർപ്പിടമില്ലാത്തവരായും, ആയിരക്കണക്കിനു് ആളുകൾ ഇന്നും കഴിഞ്ഞുകൂടുന്നുണ്ടു്. ഒരു സ്വതന്ത്രരാഷ്ട്രത്തിനും അഭിമാനിക്കാവുന്ന ഒരു പരിതഃസ്ഥിതിയല്ല ഇതു്. പരിഷ്കൃത ജനവിഭാഗങ്ങൾക്കൊന്നും ഈ വസ്തുസ്ഥിതി കൺകൊണ്ടു കണ്ടുകൂടാനാവില്ല. രാഷ്ട്രപുരോഗതി അഭിലഷിക്കുന്ന ഏവരുടേയും അടിയന്തിര ശ്രദ്ധ അവശ്യമായി പതിയേണ്ട ഒരു പരിതഃസ്ഥിതിയാണിതു്. ഈ പരിതഃസ്ഥിതിക്കു് ആവുന്നത്ര വേഗം പരിഹാരംകാണണമെന്നുള്ള തത്വം അംഗീകരിച്ചതിന്റെ പേരിലാണു്, അതിനു് ആശ്വാസം കണ്ടുപിടിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തിന്റെ പേരിലാണു്, ഈ ബിൽ പ്രജാസോഷ്യലിസ്റ്റുകക്ഷി ഗവണ്മെന്റു അവതരിപ്പിച്ചിട്ടുള്ളതു്. ഈ നിയമസഭയ്ക്കു ഉചിതമായി തോന്നുന്ന ഏതുവിധ ഭേദഗതികളും എല്ലാ ബില്ലുകളിലും വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഈ വിവരം ഈ ബിൽ അവതരിപ്പിച്ചപ്പോൾ ധനകാര്യമന്ത്രിതന്നെ പ്രസ്താവിച്ചിട്ടുള്ളതാണു്. അങ്ങിനെ എല്ലാവിധ ഭേദഗതികൾക്കും വിധേയമായിട്ടാണു് ഭൂനയബില്ലുകളെല്ലാം തന്നെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ബില്ലുകളെ വിമർശിച്ചുകൊണ്ടു് പലരും ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പൂഞ്ഞാർ മെംബറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട പല മെംബറന്മാരും ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാതെയാണു് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നു് ഒരാക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. വളരെ ശരിയാണു്. എനിക്കു് ആ ബഹുമാനപ്പെട്ട മെംബറന്മാരോടു് ഒരു ചോദ്യമാണു് ചോദിക്കാനുള്ളതു്. ഇക്കഴിഞ്ഞ ഏഴുകൊല്ലക്കാലം നിങ്ങൾ, കാൺഗ്രസുകാർ, ഈ രാജ്യത്തു അധികാരത്തിലിരിക്കുകയായിരുന്നു. നിങ്ങൾതന്നെ പൊതുജനാവിൽനിന്നും ആയിരക്കണക്കിനു രൂപ ചെലവാക്കി ഭൂനയക്കമ്മിററികൾ രൂപീകരിക്കയും അവരുടെ റിപ്പോർട്ടുകൾ വരുത്തുകയും ചെയ്തിട്ടുണ്ടു്. അവയെല്ലാം ഗവണ്മെന്റു ആഫീസുകളിലെ അലമാരകളിൽ ഭദ്രമായി അടുക്കിവച്ചിരിക്കുകയുമാണിപ്പോഴും. നിങ്ങൾ എന്തുദ്ദേശത്തോടുകൂടിയാണു് ഈ കമ്മിററികൾ രൂപീകരിക്കയും അതിലേക്കു് പണം ചെലവാക്കുകയും ചെയ്തിട്ടുള്ളതു്. നിങ്ങൾ ഭൂനയം സംബന്ധിച്ചിട്ടുള്ള നിയമങ്ങൾ ഇവിടെ അവതരിപ്പിക്കാൻ കൂട്ടാക്കിയില്ലെന്നുതന്നെയല്ല, അതിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻപോലും തയ്യാറായിട്ടില്ല. പക്ഷേ സ്വജനപ്രീണനത്തിനുപകരിക്കുന്ന കമ്മിററി രൂപീകരണത്തിൽ മാത്രം നിങ്ങൾ വളരെ ഉഷാറായി പ്രവർത്തിച്ചു. അങ്ങനെയിരിക്കേ കഴിഞ്ഞ എട്ടെൻപതു മാസങ്ങൾക്കു മുൻപുമാത്രം അധികാരത്തിൽ കയറിയ ഒരു മന്ത്രിസഭ ഈ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഉള്ള സ്ഥിതിവിവര

[ശ്രീ. കെ. കൃഷ്ണപിള്ള]

ക്കണക്കുകൾവച്ചുകൊണ്ടു് അടിയന്തരമായി ബിൽ അവതരിപ്പിച്ചതിനെ സ്വാഗതം ചെയ്യുകയില്ലെങ്കിൽ "ഞങ്ങൾ ചെയ്യാത്തകാര്യം നിങ്ങൾ എന്തുകൊണ്ടു് ചെയ്യാൻ മുതിന്നു," എന്നു പരിഭവത്തിൻെറ പേരിൽ ഇതിനെ എതിർക്കുന്ന ഒരു മനോഭാവമല്ലേ നിങ്ങൾ, കാൺഗ്രസ്സുകാർ പ്രകടമാക്കുന്നതെന്നു ചോദിക്കാതിരിക്കാൻ നിവൃത്തിയില്ല. മറെറാരുകാര്യം ഉന്നയിച്ചതു മൗലികാവകാശത്തെപ്പററിയാണു്. ഇന്നു് നിലവിലിരിക്കുന്ന ഭരണഘടനയിൽ മൗലികാവകാശത്തിൻെറപേരിൽ ഏർപ്പെടുത്തിയിട്ടുള്ള പല നിയന്ത്രണങ്ങളേയും സ്വാഗതം ചെയ്യുന്നവരല്ല ഞങ്ങൾ, സോഷ്യലിസ്ററുകൾ. ഇന്നു നിലവിലിരിക്കുന്ന ഭരണഘടനയുടെ പലവകുപ്പുകളും രാജ്യനന്മയെ ലാക്കാക്കി ഭേദഗതികൾക്കു് വിധേയമാക്കേണ്ടതാണെന്നാണു് ഞങ്ങൾക്കഭിപ്രായമുള്ളതു്. ഏതായാലും നിലവിലിരിക്കുന്ന ഭരണഘടനാവ്യവസ്ഥകൾക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ടുതന്നെ നമ്മുടെ രാജ്യത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്കു് അടിയന്തരമായ ആശ്വാസം നൽകുവാൻ വേണ്ടിയാണു് മതിയായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവത്തിലും ഈവക ബില്ലുകൾ അവതരിപ്പിക്കുവാൻ ഞങ്ങൾ ഒരുമ്പെട്ടതു്. ഇന്നവതരിപ്പിച്ചിരിക്കുന്ന ബില്ലുകളെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ആദ്യമേതന്നെ ധനകാര്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ടു്, ഈ പ്രശ്നത്തിൻെറ അടിയന്തരസ്വഭാവത്തെ പരിഗണിച്ചു് ആവുന്നത്ര ആളുകൾക്കു് ആശ്വാസം എത്തിച്ചുകൊടുക്കുക എന്നതാണു് ലക്ഷ്യമെന്നു്; അതു വളരെ ശരിയാണു്. ഏതു സാമൂഹ്യനിയമങ്ങൾ കൊണ്ടുവരുമ്പോഴും ഒന്നുരണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഒന്നാമത്തെ കാര്യം പ്രശ്നത്തിൻെറ അടിയന്തരസ്വഭാവമാണു്. അതുപോലെതന്നെ അതു് കുറെ അധികം ആളുകൾക്കു ഹാനികരമാണോ എന്നും നോക്കണം. എത്രകുറച്ചാളുകളെ ഹാനികരമായി ബാധിക്കുമോ അത്രയും നന്നു്. രണ്ടാമതായി കൂടുതൽ ആളുകൾക്കു് ഇതുമൂലം പ്രയോജനമുണ്ടാകുമോ എന്നാണു് നോക്കേണ്ടതു്. അങ്ങിനെയുള്ള ലക്ഷ്യങ്ങളെല്ലാം മുമ്പിൽവച്ചുകൊണ്ടാണു് ഈ ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതു്. ഈ സഭയിൽത്തന്നെ ഗവണ്മെൻറുഭാഗത്തുനിന്നും വ്യക്തമാക്കിയിട്ടുള്ള ഒരു കാര്യമാണു് 100 ഏക്കറിലധികം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരുടെ അംഗസംഖ്യ നമ്മുടെ നാട്ടിൽ താരതമ്യേന വളരെ കുറവാണെന്നു്. അതേ സമയത്തു് ഒട്ടും ഭൂമിയില്ലാത്തവരുടെ സംഖ്യ ഭൂമിയുള്ളവരെ അപേക്ഷിച്ചു് വളരെ കൂടുതലുമാണു്. ഇങ്ങനെ ഒട്ടുവളരെ ഭൂമിയില്ലാത്ത ആളുകൾക്കു് ഭൂമികൊടുക്കുന്നതിനു് ഇന്നവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ പല വകുപ്പുകളും പ്രയോജനപ്പെടത്തക്കവിധം മാററണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. ഉദാഹരണത്തിനു് മൂന്നാമത്തെവകുപ്പു്, അതായതു് ഈ ബില്ലിലെ വ്യവസ്ഥകൾ ഏതെല്ലാംതരം ഭൂമികളെ ബാധിക്കയില്ലെന്നു പറയുന്ന വകുപ്പു്, ഇതിൻെറ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണു്. പബ്ളിക്കു് കമ്പനികളുടേയോ മതസ്ഥാപനങ്ങളുടേയോ അധീനത്തിലുള്ള ഭൂമികളെ ഈ ബിൽ ബാധിക്കയില്ലെന്നു പറഞ്ഞാൽ ഈ ബിൽ വളരെയധികം പ്രയോജനം ചെയ്യാൻ പോകുന്നില്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ രാജ്യത്തെ ജന്മിവർഗ്ഗം എല്ലാ വിധത്തിലും ഈ നിയമത്തിൻെറ പ്രവർത്തനത്തെ പരാജയപ്പെടുത്താൻ ശക്തിയായി ശ്രമിക്കുമെന്നുള്ള ബോധത്തോടുകൂടിവേണം നാം ഈ പ്രശ്നത്തെ സമീ

പിക്കാൻ. അവർ ബന്ധുക്കളെ എല്ലാം ചേർത്ത് പബ്ളിക്ക് കമ്പനികൾ രൂപീകരിക്കാൻ ആരംഭിക്കും. ഇപ്പോൾതന്നെ അങ്ങനെ പലരും ആരംഭിച്ചിട്ടുണ്ടെന്നു കേൾക്കുന്നു. ഇത്തരം കമ്പനികളുടെ അധീനതയിലുള്ള വസ്തുക്കൾ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നു എന്നു പറഞ്ഞാൽ വളരെ അധികം ഭൂമി ഈ ബില്ലിന്റെ പേരിൽ സാധാരണക്കാർക്ക് വിതരണം ചെയ്യാൻ കിട്ടുകയില്ലെന്നാണ് മനസ്സിലാക്കേണ്ടത്.

മറ്റൊരു കാര്യം പറയാനുള്ളത് പലരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒന്നാണ്. ഭൂമിയുടെ സാമ്പത്തികമൂല്യത്തേയോ, ഉൽപ്പാദനശക്തിയേയോ തീരെ അവഗണിച്ചുകൊണ്ട് വെറും വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂമിയെ പരിഗണിച്ചിട്ടുള്ളത്. ഈ തിരുവനന്തപുരം പട്ടണത്തിലെ 30 ഏക്കറും, നെയ്യാററിൻകരയും നെടുമങ്ങാടും താലൂക്കുകളിൽ ചേർന്ന മലംപ്രദേശത്തെ 30 ഏക്കറും ഒരുപോലെ അല്ലെന്നു മനസ്സിലാക്കണം. ഉപയോഗത്തിലും, ഉൽപ്പാദനശക്തിയിലും, പ്രയോജനത്തിലും—ധനകാര്യമന്ത്രി പ്രസ്താവിച്ചതുപോലെ സ്റ്റാൻറർഡൈസ്ഡ് ഏക്കർ എന്ന അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ ആ വൈഷമ്യം പരിഹരിക്കാമെന്നു തോന്നുന്നു. മറ്റൊരു പോരായ്മ കാണുന്നത് കുടുംബത്തെ സംബന്ധിക്കുന്ന വിശദീകരണത്തിലാണ്. ഒരാളുടെ ഭാര്യയും, മക്കളും, മക്കളുടെ മക്കളും ഒരു കുടുംബമാണെന്നു ഒരിടത്തും, മറ്റൊരിടത്ത് കുടുംബത്തിലേയോ തറവാട്ടിലേയോ തായ്‌വഴിയിലേയോ അംഗങ്ങളെന്നും പറയുന്നുണ്ട്. ഈ തറവാടെന്നും തായ്‌വഴി എന്നും പറയുന്നത് ഏതാണ്ട് അഞ്ചോ ആറോ അംഗങ്ങൾ മാത്രം ഉൾക്കൊള്ളുന്നതായിരിക്കുകയില്ല. ഈ രാജ്യത്ത് പല ദായക്രമങ്ങളുള്ള തറവാടുകളുണ്ട്. അതുപോലെതന്നെ ഒരംഗം ഉണ്ടെങ്കിലും അതൊരു കുടുംബമാണെന്നു പറയുന്നുണ്ട്. ഒരാളുടെ ഭാര്യയും മക്കളും മക്കളുടെ മക്കളുമാണ് ഒരു കുടുംബം എന്നു പറഞ്ഞാൽ ബിൽ പ്രയോഗത്തിൽ വരുമ്പോൾ വളരെ അധികം കുഴപ്പങ്ങളെ നമുക്ക് അഭിമുഖീകരിക്കേണ്ടിവരും. ഒരു വ്യക്തിക്ക് ഇത്രയെന്ന് ഒരു ധാരണ നമുക്ക് സ്വീകരിക്കണം. ഒരവിഭക്ത കുടുംബത്തിന് എങ്ങിനെയായിരിക്കണമെന്നും അങ്ങിനെയല്ലാത്ത കുടുംബത്തിന് എങ്ങനെയായിരിക്കണമെന്നുമുള്ള വ്യക്തമായ വ്യവസ്ഥകൾ ബില്ലിൽ ഉണ്ടായിരിക്കണം.

അടുത്തതായി എനിക്ക് 11-ാംവകുപ്പിനെപ്പററിയാണ് പറയാനുള്ളത്. അധികമുള്ള ഭൂമി കൈവശമുള്ളവർ, ലാൻഡ് ട്രിബ്യൂണലിനെ അറിയിക്കണമെന്നും; ഒട്ടും ഭൂമിയില്ലാത്തവർക്കും ഉപരിപരിധിയോളം ഭൂമിയില്ലാത്തവർക്കും പാട്ടത്തിനുകിട്ടാൻ അപേക്ഷിക്കാമെന്നും വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയിലെ രണ്ടാം ഉപവകുപ്പിൽ പറയുന്നതു പാട്ടത്തിന് അപേക്ഷിച്ചിട്ടുള്ള എല്ലാ ആളുകളുടേയും അവകാശങ്ങൾ ട്രിബ്യൂണൽ പരിഗണിക്കേണ്ടതാണെന്നാണ്. തീർച്ചയായും ഈ നിയമത്തിന്റെ ഉദ്ദേശത്തെതന്നെ പരാജയപ്പെടുത്തുന്ന ഒരു വകുപ്പാണ്തെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ 30 ഏക്കറിൽ കുറവുള്ള ആൾക്കും ലാൻഡ് ട്രിബ്യൂണലിനോട് ഭൂമിക്ക് അപേക്ഷിക്കാം. എല്ലാവരുടേയും അപേക്ഷകൾ ലാൻഡ് ട്രിബ്യൂണൽ പരിഗണിക്കണമെന്ന് പറയുമ്പോൾ ഒരേക്കറുള്ള ആളും 29 ഏക്കറുള്ള ആളും അപേക്ഷിക്കുമ്പോൾ 29 ഏക്കറുള്ള ആളിന് ഭൂമികൊടുക്കുന്നതിനും തടസ്സമൊന്നുമില്ല. അതുകൊണ്ട്

[ശ്രീ. കെ. കൃഷ്ണപിള്ള]

ഭൂമി തീരെയില്ലാത്തവക്ക് മുൻഗണന നൽകണമെന്ന് വ്യക്തമായ ഒരു വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ഈ നിയമംകൊണ്ട് നാം എന്താണോ ഉന്നം വയ്ക്കുന്നത് അതു് സാദ്ധ്യമാകയില്ലെന്നാണ് ഞാനിക്ക് പറയാനുള്ളത്. ഈ വക കാര്യങ്ങൾ സെലക്ററുകമ്മിററി ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. എൻ. പരമേശ്വരൻപിള്ള : സർ, കഴിഞ്ഞ ആറേഴുമാസക്കാലമായി ഈ രാജ്യത്തെ ജനങ്ങളുടെയിടയിൽ വളരെ ഏറെ ചിന്തക്കും ചിന്താക്കുഴപ്പത്തിനും ഇടയാക്കിയിട്ടുള്ളതാണ് ഈ ഭൂനയബില്ലുകൾ. അതിപ്രധാനമായ ഒരു നിയമനിർമ്മാണമാണ് ഈ ബിൽ മുഖേന ഇവിടെ നടക്കാൻപോകുന്നത്. ലാൻഡു ബില്ലുകളെ സംബന്ധിച്ചിടത്തോളം വളരെ അവഗാഢമായും, അവധാനപൂർവ്വവും, പരിചിന്തിക്കേണ്ടതുണ്ട്. ഭരണഘടന അമൻഡുമെന്റു സംബന്ധിച്ചുള്ള ഒരു പ്രമേയം പോലും പിൻവലിച്ച് ഈ ലാൻഡുബില്ലുകളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിന് അവസരം ഉണ്ടാക്കിയ മുഖ്യമന്ത്രി അവർകൾ എല്ലാ ബില്ലുകളെ സംബന്ധിച്ചും വേണ്ടവിധത്തിൽ ചർച്ചചെയ്യാൻ വേണ്ടി ഈ നിയമസഭയുടെ സമ്മേളനം ഒന്നു രണ്ടു ദിവസം കൂടി നീട്ടിവയ്ക്കാൻ അനുകൂലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ലാൻഡുബില്ലുകളെ സംബന്ധിച്ചിടത്തോളം കാൺഗ്രസ്സിന്റെ നിലപാട് വളരെ വ്യക്തമാണ്. സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതത്തോതുയർത്തുന്നതിനും ഈ രാജ്യത്തെ സ്ഥിതിഗതികൾക്ക് അനുസരിച്ചുള്ള വിധം ഒരു സോഷ്യലിസ്റ്റ് പാറ്റേൺ ആഫ് സൊസൈറ്റി കൈവരുത്തുന്നതിനും ഒരു ക്ഷേമരാഷ്ട്രം സൃഷ്ടിക്കുന്നതിനുമായി കാൺഗ്രസ് സ്വീകരിച്ചിട്ടുള്ള പല പരിപാടികളിൽ ഉൾക്കൊണ്ടിട്ടുള്ളതാണ് ഇവിടത്തെ ലാൻഡുമാനേജുമെൻറും ലാൻഡു റീഫാമും ലജിസ്ലേഷൻ. കാർഷികരംഗത്ത് ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കയും അതേസമയം സാമ്പത്തികമായ ഉച്ചനീചത്വം കുറക്കത്തക്കവണ്ണവുമുള്ള ഒരു ലക്ഷ്യത്തെ വച്ചുകൊണ്ടാണ് കാൺഗ്രസ്സ് പ്രവർത്തിച്ചുവരുന്നത്. ആ ലക്ഷ്യം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനത്തിൽ വളരെ വ്യക്തമായി കാണുന്നുണ്ട്. ആ ലക്ഷ്യം വച്ചുകൊണ്ട് ലാൻഡു റീഫാംസിനു നിയമങ്ങളുടെ ആവശ്യമുണ്ട്. അതേസമയത്ത് ഉച്ചനീചത്വങ്ങൾ മാറുന്നതിന് എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് വേണ്ടതെന്നുള്ളത് കാൺഗ്രസ്സ് വളരെ അവധാനപൂർവ്വം ആലോചിച്ച് പ്രവൃത്തിയിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. കാൺഗ്രസ്സ് ലാൻഡ് റീഫാം സംബന്ധിച്ച് അവരുടെ നിലപാട് കഴിഞ്ഞ ആവടി സമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആ സമ്മേളനത്തിൽ പാസായ 12-ാമത്തെ പ്രമേയത്തിലെ ഒരു ഭാഗം ഞാനിവിടെ വായിക്കാം.

10 A. M.

"The Congress welcomes the decision of the Government to accelerate the place of land reforms and implement the recommendations of the Planning Commission. In this connection they wish to place before the country a phased programme. The Congress expects the States will give special attention to this programme and take all possible steps for its speedy completion."

സെൻററും സംസ്ഥാനങ്ങളും ലാൻഡ്‌റീഫാംസ് സംബന്ധിച്ച് ആവശ്യമായ നടപടികൾ നടത്തുന്നതിനുള്ള ഉദ്ദേശ്യമാണ് ആവടി കാൺഗ്രസ്സ് സമ്മേളനം നൽകിയിരിക്കുന്നത്. അങ്ങനെ ഭൂവുടമസംബന്ധിച്ചും കാർഷികരംഗത്തു വരുത്തേണ്ട മാററങ്ങൾ സംബന്ധിച്ചും കാൺഗ്രസ്സിൻെറ നിലപാട് വളരെ വ്യക്തമാക്കിയിരിക്കെ ഭൂപരിധി നിർണ്ണയം സംബന്ധിച്ച് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിൻെറയും ഇതിനോട് അനുബന്ധിച്ചുള്ള മററു ബില്ലുകളുടേയും തത്വത്തെ കാൺഗ്രസ്സ് സ്വാഗതം ചെയ്യുന്നുവെന്നുള്ളത് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ ഇല്ലായ്മചെയ്യുന്നതിനും ഈ നിയമം എത്രമാത്രം സഹായകരമായിരിക്കുന്നുവോ അത്രയോളമാണ് ഇതിൻെറ വിജയം നിലകൊള്ളുന്നത്. അങ്ങനെ കൃഷിഭൂമിയോട് ബന്ധമുള്ളവർക്ക് സ്ഥിരാവകാശം നൽകണമെന്നുള്ളത് കാർഷികോൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് ആവശ്യമാണെന്ന തത്വം കാൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ളതാണ്. 1118-ൽ കൊച്ചിയിലുണ്ടായിട്ടുള്ള വെറംപാട്ടദാർസ് ആക്ട്ടും അതിനെ തുടർന്ന് 1124-ൽ തിരുവിതാംകൂറിൽ ഉണ്ടായ സ്റ്റേ ആഫ് ഹോൾഡിംഗ്സ് ആക്ററും കൃഷിഭൂമിയിൽ പണിയെടുക്കുന്നവർ ആരാണോ അവർക്ക് സ്ഥിരാവകാശം നൽകണമെന്നുള്ള തത്വത്തെ ആശ്രയിച്ചുകൊണ്ടുള്ളതാണ്. കുടികിടപ്പുകാരെ സംബന്ധിച്ചുള്ള കാര്യം അതിനോട് അനുബന്ധിച്ചുള്ളതാണ്. അങ്ങിനെ കാർഷികോൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ഒരു പശ്ചാത്തലം ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. പണിയെടുക്കുന്ന കൃഷിക്കാരനു്, ഭൂമിയോട് ബന്ധപ്പെട്ടിരിക്കുന്ന പാട്ടക്കാരനു്, സ്ഥിരാവകാശം നൽകത്തക്കവണ്ണമുള്ള ഒരു നിയമനിർമ്മാണം ഇവിടെ ഉണ്ടായിട്ടുണ്ട്. അതിൻെറ ഒരു സ്വാഭാവികമായ പരിണാമം മാത്രമാണ് ഇപ്പോഴത്തെ വെറംപാട്ടംദാർസ് ബിൽ. അതേയവസരത്തിൽതന്നെ ഞാൻ മുമ്പു പറഞ്ഞ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കേണ്ടതാണ്. സമ്പന്നർക്കുകൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരും ആകുന്ന വ്യവസ്ഥിതി മാററി, സമ്പന്നരെ അടിച്ചുമർത്തി ദരിദ്രരാക്കുന്ന മാർഗ്ഗത്തോടു യോജിക്കാതെ, സമ്പന്നരെ നിയന്ത്രിക്കുകയും അതേ സമയത്തു് ദരിദ്രരെ സമ്പന്നരുടെ നിലയിലേക്ക് ഉയർത്തുകയും ചെയ്യുന്ന ഒരു സാമൂഹ്യവ്യവസ്ഥിതി സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് കാൺഗ്രസ്സ് നിലകൊള്ളുന്നത്. അങ്ങനെ രക്തപങ്കിലമായ യാതൊരു വിപ്ലവങ്ങളും കൂടാതെ ലജിസ്ലേഷൻ മുഖാന്തിരം ഒരു സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതി സൃഷ്ടിക്കുന്നതിനുള്ള പരിപാടികളിൽ ഒന്നെന്ന നിലയിലാണ് ലാൻഡ് റീഫാം ലജിസ്ലേഷനെ കണക്കാക്കേണ്ടതു്. 1124-മുതൽ പാട്ടക്കാരനു സ്ഥിരാവകാശം ഉറപ്പുനൽകിയും അതുപോലെ തന്നെ ഭൂദാനയജ്ഞപ്രസ്ഥാനം മുഖാന്തിരം കൂടുതൽ ഭൂമിയുള്ള ആളുകൾ ഭൂമിയില്ലാത്തവർക്ക് കൊടുക്കേണ്ടതാണെന്ന ഒരു ധാർമ്മികമായ ബോധം അവർക്കുണ്ടാക്കുകയും ചെയ്തു് ഈ രാജ്യത്തു് ഇപ്പോൾ ഭൂനയബില്ലുകൾ സ്വാഗതം ചെയ്യുന്നതിന് സർവ്വഥാ അർഹമായ ഒരു നിലയിൽ എത്തിയിരിക്കുകയാണ്. അങ്ങനെയുള്ള അവസരത്തിൽ ഇനിയും വൈകിക്കാതെ അതിനാവശ്യമായ സ്ഥിതിവിവരങ്ങൾ ലഭിക്കത്തക്കവണ്ണം പ്രവർത്തിക്കേണ്ടതാണ്. ശ്രീ. കൃഷ്ണപിള്ള പറഞ്ഞ സ്ഥിതിവിവരക്കണക്കുകൾ ഇല്ലെങ്കിലും ഉള്ള വിവരങ്ങൾ വച്ചുകൊണ്ടു് ഒരു ബില്ല് കൊണ്ടുവന്നതിന് ഞങ്ങളെ അഭിനന്ദിക്കേണ്ടതല്ലേ എന്നു്. ഒരു ലജിസ്ലേഷനും ഹോസ്റ്റി

[ശ്രീ. എൻ. പരമേശ്വരൻ പിള്ള]

യാകുമ്പോൾ പാടില്ല. സമിതിവിവരക്കണക്കുകൾ ഇല്ലാതെയുള്ള ലജിസ്ലേഷൻ പലപ്പോഴും അപകടമുണ്ടാക്കുന്നതാണ്. എന്നാൽ ഇന്നീ ഗവണ്മെൻറിനു ലാൻഡ് ബില്ലുകൾ തയാറാക്കാൻ സഹായകമായതും ബില്ലിൽ നിന്നു് ഒഴിവാക്കാവുന്ന ദൂഷ്യങ്ങൾ മാറ്റുന്നതിനു് ഉപയോഗപ്പെടുന്നതും അതിലേയ്ക്കു് ആവശ്യമായ പശ്ചാത്തലം സൃഷ്ടിക്കുന്നതിനു് പര്യാപ്തമായിട്ടുള്ളതും ആയ ലാൻഡ് റീഫാംസ് കമ്മിററിയുടെ റിപ്പോർട്ടും അതുപോലെയുള്ള കാര്യങ്ങളും ഈ സംഗതിയിൽ സഹായകരമായിരിക്കുമെന്നു് നാം സ്മരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം നൂററാണ്ടുകളായി നടന്നുവരുന്ന സമ്പ്രദായങ്ങളെ മാററുന്ന വിപ്ലവകരമായ ഒരു നിയമനിർമ്മാണം വളരെ സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യേണ്ടതാണ്. ഒരു മാതിരി എന്തെങ്കിലും കുറെ കൊണ്ടുവന്നു എന്നുള്ള രീതിക്കു് നാം പ്രവർത്തിക്കരുതു്. ഭൂപരിധി നിർണ്ണയിക്കുന്ന ബില്ലിനെ സംബന്ധിച്ചിടത്തോളം ധനകാര്യമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ടു് ചെയ്ത പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു് ഇതു് ബാധിക്കുന്ന ആളുകൾ വളരെ വളരെ ചുരുക്കമാണെന്നാണ്. അദ്ദേഹം ഇവിടെ കൊണ്ടുവന്ന ഒരു കണക്കിൽ 100 ഏക്കറിൽ കൂടുതലുള്ള ആളുകൾ 849 മാത്രമേ ഉള്ളു എന്നു് പറഞ്ഞിട്ടുണ്ടു്. ഒരു കോടിയോളം ആളുകൾ അധിവസിക്കുന്ന ഈ രാജ്യത്തു് വളരെ കുറച്ചുപേരെ മാത്രം ബാധിക്കുന്ന ഒരു സംഗതിയാണ് ഈ കൂടുതലുള്ള ഭൂമിയെടുപ്പ്. ഇതു സംബന്ധിച്ചു് ഒരു ഭാഗത്തുനിന്നും തന്നെ എതിർപ്പു് വരികയില്ലെന്നുതന്നെയല്ല എല്ലാ ഭാഗക്കാരും സ്വാഗതം ചെയ്യുമെന്നുള്ളതു് നിർവിവാദമായ ഒരു കാര്യമാണ്. അങ്ങനെ സുഗമമായ രീതിയിൽ മുമ്പോട്ടു കൊണ്ടുപോകാവുന്ന ഒരു നിയമനിർമ്മാണമാണ് ഭൂപരിധിനിർണ്ണയബില്ലിൽ അന്തർഭവിച്ചിരിക്കുന്നതു്.

ഈ നിയമനിർമ്മാണംകൊണ്ടു് നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള പ്രയോജനം ഉണ്ടാകണമെങ്കിൽ ഈ ബില്ലിൽ എന്തെല്ലാം ഭേദഗതികൾ വരുത്തണം, ഇതിൻെറ പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരിക്കും, എന്തെല്ലാമുള്ളതിനെപ്പററി സുചിന്തിതമായ ചില രീതിമാനങ്ങൾ എടുക്കേണ്ടതുണ്ടു്. ഇതിൽ ഒഴിവാക്കാമായിരുന്ന ചില ന്യൂനതകൾ പോലും ഒഴിവാക്കുന്നതിനു ശ്രദ്ധിച്ചിട്ടില്ലെന്നുള്ളതു് വളരെ ഖേദകരമായ ഒരു വസ്തുതയാണ്. തിരുവിതാംകൂറിലാണെങ്കിൽ നായർ ആക്ററും ഈഴവആക്ററും മൂലം ആളോഹരി ഭാഗമൊക്കെ വന്നു് വലിയ ഭൂവുടമസ്ഥന്മാരെന്നു പറയാൻ ഇവിടെ ആരാണുള്ളതു്. ഇവിടെ അധികം ആരുമുണ്ടെന്നു തോന്നുന്നില്ല. പിന്നെ ഭൂവുടമകൾ എന്നു പറയാൻ ഉള്ളതു കുറെ നമ്പൂരിമാരോ പോററിമാരോ ആയിരിക്കും. അങ്ങനെയുള്ള നമ്പൂതിരിമാരും പോററിമാരുമുണ്ടെങ്കിൽ എത്രത്തോളം ഭൂമി അവരുടെ കൈവശത്തിലുണ്ടെന്നു നാം നോക്കേണ്ടതുണ്ടു്. ഒരു സ്ഥലത്തുള്ള ഭൂമി അധികവും അവരുടെയാണെന്നു് പറയാമെന്നല്ലാതെ കൈവശഭൂമി വളരെ ചുരുങ്ങും. അങ്ങിനെ ഭൂമിയുമായി ബന്ധമില്ലാത്ത കുറെ ജന്മിമാർ കാണും. അങ്ങനെയുള്ളവരേയും ഈ നിയമം ബാധിക്കേണ്ടതാണ്. ഈ ജന്മിമാരെ എപ്രകാരമാണ് ഇതു ബാധിക്കുന്നതെന്നാലോചിക്കുമ്പോൾ നിലവിലിരിക്കുന്ന ഉടമാവകാശത്തിൽ യാതൊരു ചലനവും വരുത്താതെ ഭാവിയെ മാത്രം സ്പർശിച്ചിരിക്കുന്ന നിലയ്ക്കു് ഈ ബിൽ

വാസ്തവത്തിൽ അതിന്റെ ഉദ്ദേശത്തിൽ എത്തിച്ചേരുമോ എന്ന് ഞാൻ സംശയിക്കുന്നു. ഈ നമ്പൂരിമാരും ടോററിമാരുമായ ജന്മികളിൽ ചിലർ ഒരു പക്ഷേ കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിന്റെ മറവിൽ മറയാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഭൂപരിധിനിർണ്ണയബില്ലിന്റെ പരിധിയിൽ നിന്നും അങ്ങിനെയുള്ള ആളുകളെ ഒഴിവാക്കാൻ പാടില്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഭൂപരിധിനിർണ്ണയം നിലവിലുള്ള ഉടമകളെക്കൂടി ബന്ധിക്കത്തക്ക വിധത്തിൽ എന്തുകൊണ്ട് വരുത്താൻ പാടില്ലെന്നാണ് ഞാൻ ചോദിക്കുന്നത്. ഇത് ആരെയാണ് ദോഷകരമായി ബാധിക്കുന്നതെന്നു നോക്കുകയാണെങ്കിൽ ഇതിൽ പറയുന്ന 849 പേരെയോ ഏതാനുംപേരെക്കൂടിയോ മാത്രമേ ഉള്ളൂ. ഇവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നിലവിലുള്ള ഭൂവുടമയെ സ്പർശിക്കാതെ ഇങ്ങനെ ഒരു ഭൂപരിധിനിർണ്ണയബിൽ കൊണ്ടുവരണമോ എന്നാണ് ആലോചിക്കേണ്ടത്. തീർച്ചയായും ഇവിടെ നിലവിലിരിക്കുന്ന ഭൂവുടമസമ്പ്രദായത്തെ മാററണമെന്നാണ് ഉദ്ദേശമെങ്കിൽ,—അതാണ് ഈ രാജ്യത്ത് ഉടനീളം പ്രചരിക്കുന്ന ആശയമെന്ന് ഞാൻ മനസ്സിലാക്കുന്നു,—അതിനനുരൂപമായ വിധത്തിൽ ഒരു ബിൽ ഇവിടെ കൊണ്ടുവരേണ്ടതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ബിൽ മാത്രമായി പരിഗണിക്കുന്നത് ശരിയല്ല. ലാൻഡ്ബില്ലുകൾ എല്ലാംകൂടി പരിഗണിക്കേണ്ടത് ആവശ്യമാണ്. പല ബില്ലുകൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ടെങ്കിലും അതെല്ലാം ഒരു ബില്ലിലെ വിവിധ അദ്ധ്യായങ്ങളായിമാത്രമേ കാണാൻ കഴിയുള്ളൂ. ഒരു സെലക്ററുകമ്മിററിക്ക് ഇത് റഫർ ചെയ്യുന്ന ആശയം ഞാൻ സ്വാഗതം ചെയ്യുകയാണ്.

വെറുംപാട്ടംഓർബിൽ മുഖേന ഇന്നത്തെ വ്യവസ്ഥിതിയുടെ ചില പ്രത്യേകതകൊണ്ട് ഭൂമി പാട്ടക്കാരനിൽ നിന്നും ഒഴിപ്പിക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥയെ ആശ്രയിച്ച് വളരെ ഏക്കർ ഭൂമി ഒരാളിന്റെ കൈവശത്തിൽ വന്നുചേരുന്ന ഒരു പരിതസ്ഥിതി ഉണ്ടാകുന്നതാണ്. വെറുംപാട്ടബിൽ പാസാകുന്നതോടുകൂടി ആയിരവും രണ്ടായിരവും ഏക്കർ ഭൂമി സ്ഥിരമായി കൈവശംവയ്ക്കുന്ന പാട്ടക്കാർ ഉണ്ടായി എന്നു വരും. ഈ ബില്ലോടുകൂടിത്തന്നെ ഭൂപരിധിനിർണ്ണയബിൽകൂടി വരുന്നില്ലെങ്കിൽ അതു വളരെ അപകടമാണ്. അങ്ങിനെയായാൽ കുറെയേറെ ജന്മിമാരെ കൂടിസൃഷ്ടിക്കയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ബില്ലുകൾ എല്ലാംകൂടി ഒരുമിച്ച് പരിഗണിക്കേണ്ടതും വെറുംപാട്ടബില്ലിലെ വ്യവസ്ഥകൾ ഈ ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിരിക്കരുതെന്ന് നിശ്ചയിക്കേണ്ടതും വളരെ അത്യാവശ്യമാണ്. ഈ ബില്ലുകളിലെ ഓരോ വ്യവസ്ഥകളെപ്പററിയും പറയാൻ ഞാൻ ഒരുങ്ങുന്നില്ല. ഈ ബില്ലുകൾ പരസ്പരം ബന്ധപ്പെട്ടതാണെന്നു കരുതേണ്ടിയിരിക്കുന്നു. കാണം ടെനൻസിബിൽ പാസായിരിക്കുന്നു എന്നുള്ള അടിസ്ഥാനത്തിലാണ് ടെനൻറിനെപ്പററി പറഞ്ഞിരിക്കുന്നത്. വെറുംപാട്ടംഓർ എന്നുള്ള പദത്തിന് നിർവ്വചനവും ഈ അടിസ്ഥാനത്തിൽ തന്നെ കൊടുത്തിരിക്കുന്നു. വെറുംപാട്ടംഓർ ബിൽ പാസായിക്കഴിഞ്ഞു് അടുത്തുവരുന്നതായ ഒരു ബില്ലാണ് ഇതെന്നുള്ള ഒരടിസ്ഥാനത്തിലാണ് [ഈ ബിൽ രൂപീകരിച്ചിരിക്കുന്നതെന്നു തോന്നുന്നു. നിർവചനത്തിൽ 'പറമ്പ്' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതിനു പകരം ഒരു നല്ല വാക്ക് ഉപയോഗിക്കാമാ

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

യിരുന്നു. പറമ്പ് എന്നല്ല, പറമ്പ എന്നതു എവിടെ നിന്നും കണ്ടുപിടിച്ചു എന്നു് എനിക്കു് മനസ്സിലാകുന്നില്ല. മലയാളത്തിൽ പ്രചാരമുള്ള, ഈ അർത്ഥം വരത്തക്ക ഏതെങ്കിലും ഒരു വാക്കു് ചേർത്തിരുന്നുവെങ്കിൽ കൂടെ കൂടി നന്നായിരിക്കയില്ലേ എന്നു ഞാൻ സംശയിക്കുന്നു.

മൂന്നാമത്തെ വകുപ്പിൽ ചില ഒഴിവാക്കലുകൾ കാണുന്നു. അതു സംബന്ധിച്ചു് ഈ സഭയുടെ പല ഭാഗത്തും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ ഒഴിവാക്കലുകൾ പലപ്പോഴും അപകടം ചെയ്യുന്നതാണു്. ഒഴിവാക്കലുകൾ ഇല്ലാതെപ്പോഴും അപകടം സംഭവിക്കുന്നു എന്നുള്ളതിനു് തെക്കൻതിരുവിതാംകൂറിലെ ഫാറസ്റ്റു കാൺട്രാക്റ്റുകാര്യത്തെപ്പററിയുള്ള ചോദ്യോത്തരസമയത്തു് ധനകാര്യമന്ത്രി പറഞ്ഞതു് തെളിവാണു്. "Every rule has an exception" എന്നദ്ദേഹം പറഞ്ഞു. ഇതിൽ എക്സെപ്ഷൻ ഇല്ലാതിരുക്കെ, എക്സെപ്ഷനെന്ന ന്യായം പറഞ്ഞു് നിയമവിരുദ്ധമായി പ്രവർത്തിക്കാൻ മടിയില്ലാത്ത ഒരു ഗവണ്മെൻറിന്റെ കയ്യിൽ നിയമത്തിൽതന്നെ ചില ഒഴിവാക്കലുകൾക്കുള്ള സൗകര്യംകൊടുത്താൽ അതെത്രമാത്രം അപകടകരമായിരിക്കുമെന്നു് ഞാൻ ചിന്തിക്കുകയാണു്.

ഈ ഒഴിവാക്കലിൽ നാം പ്രധാനമായി ഓർക്കേണ്ട ഒരു സംഗതി എപ്പോഴും ഉൽപ്പാദനം വർദ്ധിപ്പിക്കത്തക്കവിധത്തിൽ—അതിനു ദോഷം ഉണ്ടാകാത്തതരത്തിൽ—വേണ്ടതു ചെയ്യണമെന്നാണു്. ഉൽപ്പാദനത്തിനു ദൂഷ്യം ഉണ്ടാകാത്തതരത്തിൽ വ്യവസ്ഥ ചെയ്യാമെങ്കിൽ ഒഴിവാക്കലുകൾ വളരെ ആവശ്യമില്ലാതെ വരുമെന്നാണെനിക്കു പറയാനുള്ളതു്. എന്റെ ഒരു ബഹുമാന്യസ്നേഹിതൻ പൂഞ്ഞാർ മെംബർ ഇവിടെ അഭിപ്രായപ്പെട്ടതും അതുതന്നെയാണു്. ഞാൻ ആദ്യം സൂചിപ്പിച്ചതു് ഈ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതു പരിഗണിക്കുകയും സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ ഇല്ലായ്മ ചെയ്യുകയും ചെയ്യേണ്ടതാണു് എന്നാണു്. എന്നാൽ അതേ സംബന്ധിച്ചു് ഈ മൂന്നാംവകുപ്പിൽ പറയുന്നതു് അനുസരിച്ചു് ഈ ഒഴിവാക്കൽ വ്യവസ്ഥ സെലക്റ്റുകമ്മിററി വളരെ അധികം പരിചിന്തനം ചെയ്യുന്നുമെന്നു് ഞാൻ അപേക്ഷിക്കുകയാണു്. പിന്നെ മററു വകുപ്പുകളെ സംബന്ധിച്ചിടത്തോളം അവ സംബന്ധിച്ചും ഒന്നു നിഷ്കർഷ ചെയ്യണമെന്നാണു്. അതിനു് ആവശ്യമുള്ള ആലോചനയില്ലായിരുന്നു എന്നും ശക്തിയും പാണ്ഡിത്യവുമില്ലായിരുന്നു എന്നും ഗവണ്മെൻറുഭാഗത്തുനിന്നും പറഞ്ഞിട്ടുള്ളതു് വിസ്മയാവഹമായിരിക്കുന്നു.

ഈ കൃത്രിമമായ 'ഫാമിലി' സൃഷ്ടിക്കുന്നതിനുവേണ്ടി മാത്രം ഗവണ്മെൻറു അപ്രായോഗികമായ നിർവചനം കൊണ്ടുവന്നിരിക്കുന്നു. അതു് വളരെ അധികം കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതായ ഒരു നിർവചനമാണു് 'കുടുംബ'ത്തിനു കൊടുത്തിരിക്കുന്നതു്. ഭൂമിയുടെ കൈകാര്യകർത്തൃത്വത്തെപ്പററിയും ആളോഹരിഭാഗത്തെപ്പററിയും മററുമാണു് ഞാൻ സൂചിപ്പിക്കുന്നതു്. 'കുടുംബ'ത്തിന്റെ ഈ നിർവചനംമൂലം നമ്മുടെ ജനസമുദായം പുറകോട്ടു പോകുന്നതിനുള്ള സൗകര്യം ഉണ്ടാകത്തക്ക കുഴപ്പങ്ങൾ സൃഷ്ടിക്കുകയാണു്. വ്യക്തികൾക്കു് ഭൂമിയുടെ സീലിംഗു നിശ്ചയിക്കുന്നതു് ഉചിതമായിരിക്കും. ഈ ബില്ലിൽ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണു്

സീലിംഗ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അത് ശരിയല്ല. ആദായം പരിഗണിക്കണം. എനിക്ക് പറയാനുള്ളത് സ്റ്റാൻഡേർഡ് ഏക്കർ എന്ന പരിഗണനയോടുകൂടി സീലിംഗ് നിശ്ചയിക്കേണ്ടതാണെന്നാണ്. ഇപ്പോൾ കൂടുതൽ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി ഉടമസ്ഥന്മാർക്ക് കൂടുതൽ ഭൂമി കൈവശംവയ്ക്കാതെ അത് മററാളുകളെ ഏല്പിക്കാം എന്നു പറഞ്ഞിരിക്കുന്നു. അതു വളരെ ഏറെ കൃത്രിമമായ ഏർപ്പാടുകൾക്കു വഴിതെളിക്കുന്നതല്ലേ എന്നാണെന്റെ സംശയം. ചില സ്വന്തം ആളുകൾ എന്നുവച്ചാൽ നിയമപ്രകാരം അവർ സ്വന്തമല്ല. അവരുടെ പേരിൽ പാട്ടച്ചീട്ട് എഴുതിവച്ചിട്ട് ഉടമസ്ഥന്മാർ തന്നെ കൃഷി ചെയ്യാൻ ഇടയാകുന്നു. അങ്ങനെ മനുഷ്യരെ ആവശ്യമില്ലാത്ത കൃത്രിമമാർഗ്ഗത്തിലേയ്ക്ക് പ്രേരിപ്പിക്കാനുള്ള ഏർപ്പാടുകളാണിത്. അതു ചെയ്യാതിരിക്കുകയാണ് ഏറ്റപ്പോഴും നല്ലത്. അതുകൊണ്ട് ഉള്ള ഭൂമി ഏതു തരത്തിൽ ഉപയോഗിക്കണമെന്ന് ചില വ്യവസ്ഥകൾ ഉണ്ടായിരിക്കണം. പിന്നെ ലാൻഡ് ട്രിബ്യൂണലിനെ ഏല്പിക്കണം എന്നു പറയുന്നതിനോടുകൂടി മററു ചില ഉപാധികൾകൂടി ചെയ്യാനുണ്ട്. അതിനു കാമ്പൻസേഷൻ കൊടുക്കണം. അതു വളരെ വിഷമമുള്ള സംഗതിയാണെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കാമ്പൻസേഷൻ കൊടുക്കാൻ നിവൃത്തിയില്ല എന്നുള്ള കാരണം പറഞ്ഞ് ഈ ബിൽ വളരെ മുമ്പോട്ടു കൊണ്ടുപോകരുത് എന്നുള്ള ഉദ്ദേശത്തിൽ അല്ലയോ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതു ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്ന് ഞാൻ സംശയിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ലാൻഡുബിൽ അവതരിപ്പിച്ചുകൊണ്ടുചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

> "The question of imposing a ceiling on existing ownership has been considered. It is, however, thought that since owners of large scale properties are not numerous and as expropriation of the rights of the owners involves payment of large amounts as compensation, *this question may be taken up later* after it is definitely known whether, and if so, in what direction, the Constitution is proposed to be amended in regard to questions relating to payment of compensation."

ഈ 'പേമെൻറ് ആഫ് കാമ്പൻസേഷൻ' എന്നു പറയുന്നതു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിൽ മുഴുപ്പിച്ചു കാണിക്കുന്നവണ്ണം അത്ര പ്രായോഗികമായ ഒരു സംഗതിയാണ് എന്നു ഞാൻ വിചാരിക്കുന്നില്ല. ഭൂമി എടുത്തു മറെറാരാൾക്കു കൊടുക്കുന്നു എങ്കിൽ അയാൾ വാർഷിക തവണകളായി അതിന്റെ വില അടച്ചു തീർക്കാൻ വ്യവസ്ഥ ചെയ്യണം. ഇവിടെ ഇപ്പോൾ പല പദ്ധതികളും ഗവണ്മെൻറ് നടപ്പാക്കി എന്നു പറയുന്നു. അതായതു ഹൗസിംഗ് സ്കീം, എൻ. ജി. ഓ. സിന് വീടുവയ്ക്കാൻ വായ്പ നൽകുക ഇങ്ങനെ ദീർഘകാല വായ്പകൾ കൊടുക്കുന്ന പല പ്രസ്ഥാനങ്ങളും ഗവണ്മെൻറ് കൊണ്ടുവരുന്നു എന്നു പറയുന്നു. അതുപോലെ സ്പെഷ്യൽ റെററ്സ് അബോളിഷൻ ബില്ലിലെ വ്യവസ്ഥയനുസരിച്ച് ജന്മിയുടെ അവകാശത്തിനുള്ള പ്രതിഫലം ഉടനെ കൊടുക്കുന്നതിനും വ്യവസ്ഥയുണ്ട്. അതു കൊണ്ട് ഈ വകുപ്പിന് പ്രത്യേക പരിഗണന കൊടുക്കത്തക്ക വിധത്തിൽ ഭരണഘടനയുടെ പരിധിക്കുള്ളിൽനിന്നുകൊണ്ടു, പ്രൊഫസ്സർ മുണ്ടശ്ശേരി പറഞ്ഞതു

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

പോലെ, പ്രതിഫലം കൊടുക്കാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്. ആരുടെ കയ്യിൽനിന്നും ഗവണ്മെൻറ ഭൂമി എടുക്കുന്നുവോ അവർക്ക് കാമ്പൻസേഷൻ കൊടുത്തു അവരുടെ അവകാശം അവസാനിപ്പിക്കുകയും ആർക്കു ഭൂമി കൊടുക്കുന്നുവോ അയാൾക്ക് സ്ഥിരാവകാശവ്യവസ്ഥയോടുകൂടിയുള്ള അധികാരം ഉണ്ടായിരിക്കുകയും ചെയ്യുക എന്നുള്ളതാണ് നമുക്കാവശ്യമായിട്ടുള്ളത്. ഇങ്ങനെ കാമ്പൻസേഷൻ കൊടുക്കുന്നതിനെപ്പററി കാലതാമസം നേരിടുവിക്കുക, അതിനു ഭരണഘടന ഭേദഗതി ചെയ്യുവരുന്നതുവരെ കാത്തിരിക്കുക എന്നുള്ള അഭിപ്രായത്തോട് എനിക്ക് അനുകൂലിക്കുവാൻ നിവൃത്തിയില്ല.

പിന്നീട് ഈ ലാൻഡ് ട്രൈബ്യൂണൽ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനെപ്പററി, എല്ലാവർക്കും സുഗമമായി പ്രവർത്തിക്കത്തക്ക രീതിയിൽ ജുഡിഷ്യൽ ആഫീസ്സേഴ്സിനെത്തന്നെ നിയമിക്കുന്നതു നന്നായിരിക്കും. ഇന്ന് എല്ലാ താലൂക്കുകളിലും മുൻസിഫ് കോടതികൾ ഉണ്ട്. ഈ വക സംഗതികൾ അവരെ ഏൽപ്പിക്കുന്നതു നന്നായിരിക്കും എന്നാണെന്റെ അഭിപ്രായം.

ഇനി തെങ്ങിൻതോപ്പിനെ സംബന്ധിച്ചിടത്തോളം അത്ര ശരിയായ ഒരു നിർവ്വചനമില്ല. തെങ്ങിൻതോപ്പുകൾ കൂടുതൽ തെങ്ങുകളുള്ള സ്ഥലങ്ങൾ എന്നാണ് ബില്ലിൽ കാണുന്നത്. സെററിൾമെൻറ് കണക്കു അനുസരിച്ച് ഒരു സെൻറിന് ഒരു തെങ്ങ് എന്ന കണക്കിൽ ഒരേക്കറിന് നൂറു തെങ്ങ് വൃക്ഷം എന്നുള്ളതാണ് മുൻകണക്ക്. ഒരേക്കറിൽ എത്ര തെങ്ങുകൾ ഉള്ളതാണ് കോക്കനട്ട് ഗാർഡൻ എന്നു വ്യക്തമായി നിർവ്വചിക്കണം. മററു സ്ഥലങ്ങളിലെപ്പോലെയല്ലാ തിരുവിതാംകൂറിലെ സമ്പ്രദായം. ഇവിടെ സ്ഥിരമായ ദേഹണ്ഡങ്ങളുള്ള വസ്തുക്കളായതുകൊണ്ട് ഭൂ ഉടമതന്നെ വ്യത്യസ്തമായ പരിതഃസ്ഥിതിയിലായതുകൊണ്ട്, ഇവിടെ ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഉണ്ടാകുമ്പോൾ അതിന്റെ വിശദാംശങ്ങൾ എല്ലാം ഓർമ്മിച്ച് അതിനുള്ള പരിഹാരം ഇതിൽ ഉൾപ്പെടുത്താതിരുന്നാൽ അതു കൂടുതൽ ഉപദ്രവങ്ങൾക്കിടയാക്കുന്നതാണ്.

പിന്നെ ലാൻഡ് ട്രിബ്യൂണലിനു വിട്ടുകൊടുത്താൽ ആ ഭൂമി, ഭൂമിയില്ലാത്തവർക്ക്, ഭൂമിരഹിതരായിട്ടുള്ളവർക്ക് മുൻഗണന നൽകി കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. കൂടാതെ ഫ്രാഗ്മെന്റേഷൻ ആഫ് ഹോൾഡിംഗ്സ് ഇല്ലാതെ വരുന്നതിനു കോവാപ്പറേററീവ് ഫാമിംഗ് സൊസൈററീസ് ഉണ്ടാക്കേണ്ടതാണ്.

ഈ വക കാര്യങ്ങൾ സെലക്ററ് കമ്മിററി വേണ്ടവണ്ണം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ബിൽ സെലക്ററുകമ്മിററിക്കയക്കണമെന്നുള്ള അഭിപ്രായത്തോടു യോജിക്കുകയാണ്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഉന്നയിക്കുവാനുള്ള അഭിപ്രായഗതികൾ മുഴുവൻ ഈ സമ്പ്രദായത്തിൽ അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വിശേഷിച്ചും ലാൻഡ്ബില്ലിന്റെ സെലക്ററുകമ്മിററിയിലെ ഒരംഗം എന്നുള്ള നിലയിൽ അതിലെ വകുപ്പുകളുടെ വിശ

ഭാഗത്തിലേക്കു കടന്നു് എന്തെങ്കിലും സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഞാൻ ഉൾക്കൊള്ളുന്ന പാർട്ടിയുടെ താത്വികമായ നില ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം മാത്രമല്ല ലാൻഡ്ബില്ലുകൾ മൊത്തത്തിലുള്ളതിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ നില എന്താണെന്നു പ്രഖ്യാപിക്കണമെന്നാണു് എന്റെ ആഗ്രഹം. ഈ ഭാഗത്തു നിന്നും പ്രഫസ്സർ മുണ്ടശ്ശേരി താത്വികമായി ഞങ്ങൾ എടുത്തിരിക്കുന്ന നിലപാടു് എന്താണെന്നു പ്രതിപാദിച്ചിരിക്കുന്ന സ്ഥിതിക്കു് അതേപ്പററി കൂടുതലായി ഞാൻ പ്രതിപാദിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. അതു് മറെറാന്നുമല്ല. ഭൂമിയെ സംബന്ധിച്ചിടത്തോളം ഉള്ള നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ അതുകൊണ്ടു ഗുണമനുഭവിക്കേണ്ട ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കുവാൻ ആർക്കാണു് ഏററവും കൂടുതൽ അവകാശം എന്നു ചോദിക്കുകയാണെങ്കിൽ അതു് ഞങ്ങൾക്കാണു് എന്നുള്ളതു് ഈ സഭയെ ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഞാനുപയോഗിക്കുന്നു.

സർ, ഈ രാജ്യത്തു് സംഘടിത കർഷകർക്കു വേണ്ടി അതായതു്, സംഘടിത കർഷകത്തൊഴിലാളികൾക്കു വേണ്ടി അവരുടെ നാഡിചലനങ്ങൾ പരിശോധിച്ചറിഞ്ഞതിനുശേഷം സംസാരിക്കുവാനുള്ള അവകാശം ഞങ്ങൾക്കുള്ളത്ര മററാർക്കുംതന്നെ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. അത്രമാത്രമെ ഞാൻ അതേപ്പററി പറയുന്നുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും അദ്ദേഹത്തെപ്പോലെതന്നെ ഞങ്ങളുടെ ആവശ്യങ്ങൾ കണ്ടിട്ടുള്ള മററുള്ളവർക്കും എന്റെ ഈ പ്രസ്താവനയെ നിഷേധിക്കുവാനുള്ള മനസ്സുണ്ടാകുകയില്ലെന്നു വിശ്വസിക്കുന്നു.

സർ, ബഹുമാനപ്പെട്ട ചാലക്കുടിമെംബർ വെറുംപാട്ടംദാർ ബില്ലിനെ സംബന്ധിച്ചു് സംസാരിച്ചപ്പോൾ പറഞ്ഞ അഭിപ്രായങ്ങൾ പലതും ഈയവസരത്തിൽ പ്രസക്തമാണു്. അദ്ദേഹം തന്റെ സ്വതസ്സിദ്ധമായ വാഗ്ധാടിയോടുകൂടി, ബില്ലിലെ വകുപ്പുകളെ സംബന്ധിച്ചിടത്തോളം എന്താണു് പറയുന്നതെന്നുള്ള പരിപൂർണ്ണമായ ബോധത്തോടുകൂടി, സാമൂഹ്യമായ പരിവർത്തനം എത്രമാത്രം ഉണ്ടാകുമെന്നു കണക്കാക്കി വേണം ഒരു നിയമനിർമ്മാണം നടത്തുവാൻ എന്നു പറയുകയുണ്ടായി. പെസൻറ പ്രൊപ്രൈററർഷിപ്പു ഭൂമിയിൽ സ്ഥാപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബില്ലു കൊണ്ടുവന്നിരിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ഭൂമിയിൽ പ്രൊപ്രൈററർഷിപ്പു് സ്ഥിരമായി സ്ഥാപിക്കുന്നതോടുകൂടി ഭൂപരിഷ്കാരം ഏതാണ്ടു് പൂർണ്ണമാകുമെന്നുള്ള ഒരു ധാരണയുളവാക്കാനാണോ അദ്ദേഹം ആ പ്രസ്താവന ചെയ്തതെന്നു് എനിക്കറിഞ്ഞുകൂടാ. ഏതായാലും തിരുവിതാംകൂറിലെ ഭൂമിയുടെ ചരിത്രപരമായ ബന്ധങ്ങൾ നോക്കുകയാണെങ്കിൽ നമുക്കു മനസ്സിലാക്കാൻ കഴിയും, പലപല ഘട്ടങ്ങളിലായി ഭൂവുടമ കർഷകന്റെ കയ്യിലേക്കു് പകുത്തു കൊടുക്കുന്ന രീതിയിലാണു് നിയമനിർമ്മാണം ഉണ്ടായിട്ടുള്ളതെന്നു്. ഇവിടെ വർക്കിംഗ് പെസൻറ്സിനെപ്പററി പറയുകയുണ്ടായി. പെസൻറ്സിന്റെ ഡെഫനിഷനെ സംബന്ധിച്ചിടത്തോളം വർക്കിംഗ് പെസൻറ്സിനാണു് പെസൻറ് എന്നുള്ള നിർവചനത്തിനു് ഏററവും അർഹതയുള്ളതു്. അങ്ങനെ വർക്കിംഗ് പെസൻറ്സിന്റെ കയ്യിലേക്കു് ഭൂമി പകുത്തു കൊടുക്കുമ്പോൾ പരിധിനിർണ്ണയത്തിന്റെ അവസാനഫലം Concentration of land in individuals എന്നുള്ളതായിരിക്കും. അങ്ങനെ ഒരു വിഭാഗം ആളുകൾ

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

ടെ കയ്യിൽ ഭൂമി അട്ടിമുടി കിടക്കുന്നതിനെ തടയാനും, ഭൂമിയില്ലാത്ത അദ്ധ്വാനിക്കുന്ന കർഷകന്മാർക്ക് ഏററവും കൂടുതൽ ഭൂമി വീതിച്ചു കൊടുക്കത്തക്കവണ്ണം ഭൂമി കൈവശപ്പെടുത്താനും വേണ്ടിയാണ് സീലിംഗ് എന്നുള്ള തത്വം ഞങ്ങൾ അംഗീകരിച്ചത്. ഇന്നത്തെ അദ്ധ്വാനിക്കുന്ന കർഷകർക്ക് കൃഷിചെയ്യാൻ കഴിവുള്ള ഭൂമിക്കും ഒരു പരിധിയുണ്ട്. അതിൽ കവിഞ്ഞ ഭൂമി ആരുടെയെങ്കിലും കയ്യിലുണ്ടെങ്കിൽ അത് ഈ രാജ്യത്തു മുതലാളിത്വം നടപ്പിലാക്കാൻ മാത്രമെ ഉപകരിക്കുകയുള്ളൂ. അങ്ങനെ മുതലാളിത്വപരമായ കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതു നിയന്ത്രിക്കുവാൻ വേണ്ടിയാണ് ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നത്. മുതലാളിത്വപരമായ കൃഷിയേയും, പ്രോത്സാഹിപ്പിക്കേണ്ടതല്ലേ എന്നു ചോദ്യം ഉണ്ടായേക്കാം. അത് ഒരു വസ്തുതിരിച്ചറിയാൻ ആശയഗതി ആണെന്നു പറയുന്നവരുണ്ട്, അല്ലെന്നു പറയുന്നവരുമുണ്ട്.

ഈ പ്രശ്നത്തെപ്പററി പറയുമ്പോൾ മൂന്നുതരത്തിൽ മാത്രമെ ഇപ്പോഴത്തെ ഭൂവുടമയെ സംബന്ധിച്ചിടത്തോളം വ്യത്യാസം വരുത്തുവാൻ പാടുള്ളൂവെന്നാണ് എന്റെ അഭിപ്രായം. ഒന്നുകിൽ സ്റ്റററസ്കോ മെൻറായിൻ ചെയ്യണം, ഇന്നു നിലവിലുള്ള എല്ലാ ഭൂവുടമയെയും ഇല്ലാതെയാക്കണം. അല്ലെങ്കിൽ ലിമിറേറഷൻ ഓഫ് പൊസെഷൻ, അതായതു് വിതരണം ചെയ്യുന്ന ഭൂമിയുടെ അളവു ക്ലിപ്തപ്പെടുത്തുക. അതുമല്ലെങ്കിൽ നാഷണലൈസു ചെയ്യുക. ഈ മൂന്നിൽ ജനങ്ങൾക്കു ഏററവും കൂടുതൽ പ്രയോജനകരമായതു് ലിമിറേറഷൻ ഓഫ് പൊസഷൻ ആണ്. ആ ഒരൊററ മാർഗ്ഗത്തിൽക്കൂടിയല്ലാതെ, ഓണർഷിപ്പ്, പലവിധത്തിൽ കുഴഞ്ഞുകിടക്കുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ ഉണ്ടാക്കിക്കൊടുക്കുവാനും, ഭൂപ്രശ്നത്തിനു ഒരു പരിഹാരം ഉണ്ടാക്കുവാനും സാദ്ധ്യമല്ല. അതിന്റെ മൗലികമായ വശങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ടത്ര വാദപ്രതിവാദങ്ങൾ ഇവിടെ നടന്നിട്ടുള്ളതുകൊണ്ട് കൂടുതലായി ഞാൻ അതേപ്പററി ഒന്നുംതന്നെ പറയുന്നില്ല. പദങ്ങളുടെ ആകാമ്യതകൊണ്ട് ഒരു വശത്തുകൂടി ഈ ബില്ലിന്റെ പൊതുതത്വം ഞങ്ങൾ അംഗീകരിക്കുന്നുവെന്നു പറയുകയും മറുഭാഗത്തുകൂടി അംഗീകരിക്കുന്നു എന്നു പറയുന്ന അതേ തത്വം തന്നെ നിഷേധിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം ബഹുമാനപ്പെട്ട പല കാൺഗ്രസ്സു മെംബറന്മാരും ഉന്നയിച്ചിട്ടുള്ളതായി കാണുന്നു. പൊതുവായ ഒരു തത്വം അംഗീകരിക്കുന്നുവെന്നു പറഞ്ഞാൽ ആ പൊതുതത്വത്തിനെ നിഷേധിക്കുന്ന യാതൊരു വാദഗതികളും കൊണ്ടുവരാൻ പാടില്ലാത്തതാണ്. ശ്രീ. എ. ജെ. ജാൺ പാട്ടസ്ഥിരതയ്ക്കു അനുകൂലമായി വീറോടും വാശിയോടുംകൂടി പാടില്ലെന്നു വാദിച്ച ഒരു വ്യക്തിയാണെന്നാണ് എന്റെ ഓർമ്മ. പക്ഷെ, ഭൂപരിധി നിർണ്ണയത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ആ പ്രസംഗത്തിൽ പറയുകയുണ്ടായി. അങ്ങനെ പരിധി നിർണ്ണയിക്കുന്നതു തെററാണെന്ന്. ഈ രാജ്യത്തെ കൃഷിസമ്പ്രദായത്തെയും, ഭൂപരിധിയെയും നോക്കുകയാണെങ്കിൽ ഒരു പ്രത്യേക ഘട്ടത്തിൽ പാട്ടസ്ഥിരതയില്ലായ്മ ചെയ്യുന്നതു് ഒരു പ്രത്യേക ജനവിഭാഗത്തിനു ദോഷകരമായി ഭവിക്കുമെന്നുകാണാം. അതിനു പരിഹാരമായി ഭൂമിയുടെ ഉടമസ്ഥാവകാശം കൈവശപ്പെടുത്താനും, വാരവും പാട്ടവും വാങ്ങിച്ചുകഴിയുവാനും അവർ ആഗ്രഹിക്കുന്നതു് സ്വാഭാവികമാണ്, പക്ഷെ, ഈ രാജ്യത്തെ ജനങ്ങൾ അവരുടെ

ഇത്തരം ആഗ്രഹങ്ങൾ അനുവദിച്ചുകൊടുക്കുവാൻ തയ്യാറല്ലെന്നുള്ള കാര്യം അങ്ങനെയുള്ളവരെ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഭൂപരിധി നിർണ്ണയം ചെയ്തു വിതരണം ചെയ്യുന്നതിൽ പ്രധാനമായ ആക്ഷേപം ചൂണ്ടിക്കാണിക്കുന്നതു് അതു് ഉൽപ്പാദനത്തെ സാരമായി ബാധിക്കുമെന്നുള്ളതാണു്. ഉൽപ്പാദനത്തെ വികസിപ്പിക്കുവാനുള്ള മാർഗ്ഗം കാൺസൻട്രേഷനാണെന്നുള്ള വാദഗതിയെ പ്രൊഫസർ മുണ്ടശ്ശേരി അവർകൾ ശരിയായി സമർത്ഥിച്ചിട്ടുണ്ടല്ലോ. കർഷകനെ സംബന്ധിച്ചായാലും, ഉൽപ്പാദനത്തെ സംബന്ധിച്ചായാലും, മൗലികമായ രണ്ടു ഘടകങ്ങൾ ഭൂമിയും അദ്ധ്വാനവുമാണു്. മനുഷ്യന്റെ അദ്ധ്വാനത്തെ വിലയ്ക്കുവാങ്ങി ഉൽപ്പാദനം നടത്തുന്ന സമ്പ്രദായം കാർഷിക മേഖലയിൽ നിലനിൽക്കുന്നിടത്തോളം കാലം ഉൽപ്പാദകന്മാരും ഉൽപ്പന്നങ്ങളും തമ്മിലുള്ള ബന്ധം ഒരിക്കലും അത്ര ദൃഢതരമായിരിക്കുകയില്ല. ഉൽപ്പാദിപ്പിക്കുന്നവൻ, ഉൽപ്പാദനം നടത്തുന്ന ഭൂമിയുടെ മുഴുവൻ ഉടമസ്ഥനായിത്തീർന്നെങ്കിൽ മാത്രമെ ഉൽപ്പാദനം വർദ്ധിക്കുകയുള്ളൂ. അങ്ങനെ ഈ രാജ്യത്തെ കാർഷിക നിലവാരത്തെയും, കർഷകനെയും ഉയർത്തുന്നതിനു വേണ്ടിയാണു് ഫിക്സിററി ആഫ് ടെനൻസി കൊണ്ടുവന്നതുപോലെയാണു് ഭൂപരിധി നിർണ്ണയബില്ലിനെയും കൊണ്ടുവന്നിരിക്കുന്നതെങ്കിൽ ആ ബില്ലിനെ ഞങ്ങൾ അനുകൂലിക്കുന്നു. സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഉന്നയിച്ചിട്ടുള്ള വാദഗതികൾ എല്ലാം മിക്കവാറും പൊതുവെ അനുകൂലമായിട്ടുള്ളതാണു്. ഇതിൽക്കൂടി ഒരു ലവലിംഗ് ഉദ്ദേശിക്കുന്നുണ്ടോ എന്നുള്ള സംശയം ചില ആളുകൾ പുറപ്പെടുവിച്ചുകാണുന്നു. നിലവിലുള്ള കൈവശത്തെയും, ഭാവിയിലുണ്ടാകാൻപോകുന്ന കൈവശത്തെയും ബാധിക്കുന്ന ഒരു ബില്ലാണു് ഇതു്. കൈവശത്തെ സംബന്ധിച്ചിടത്തോളം ഫിക്സിററി ആഫ് ടെനൻസി കൊണ്ടു് പെസൻറ് പ്രൊപ്രൈററർഷിപ്പു നടപ്പിൽ വരുത്തുമെങ്കിൽ, ഭൂപരിധി നിർണ്ണയം ചെയ്തു് വിപുലമായ തോതിൽ ഒണർഷിപ്പുകൂടി നൽകേണ്ട ആവശ്യമുണ്ടോ എന്നും, രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ ബന്ധത്തിൽ വളരെയധികം പ്രത്യാഘാതങ്ങൾ അതു് ഉളവാക്കുകയില്ലേ എന്നും സംശയിക്കുന്നവരുണ്ടു്. ഒരു പ്രത്യേകവിഭാഗത്തെ സംബന്ധിച്ചിടത്തോളം സാമൂഹ്യമായി വളരെ വിപ്ലവകരമായ മാററങ്ങൾ വരുത്തുന്ന ഒരു ബില്ലാണിതു്. ഈ സഭ ജനഹിതം ആദരിച്ചു പ്രവർത്തിക്കുന്നു തയ്യാറാണെങ്കിൽ, ജനങ്ങളുടെ അഭിലാഷത്തെ നിറവേററത്തക്കവണ്ണമുള്ള ഭേദഗതികൾ വരുത്തി ഈ ബില്ലു് നിയമമാക്കുമെങ്കിൽ നിലവിലുള്ള സാമ്പത്തികവും സാമൂഹ്യവുമായ വ്യവസ്ഥിതികൾക്കു് വിപ്ലവകരമായ മാററങ്ങൾ അതുകൊണ്ടുണ്ടാകുമെന്നുള്ളതിനു തർക്കമില്ല. കർഷകനു് ലഭിക്കുന്ന ആദായം അവന്റെ ജീവസന്ധാരണത്തിനു് മതിയാകത്തക്കവിധമായിരിക്കുമെന്നുള്ള തത്വത്തെ മുറുകെ പിടിച്ചുകൊണ്ടു് ഈ ബില്ലു് പാസ്സാക്കുവാനാണു് നോക്കേണ്ടതു്. അങ്ങനെ ഈ ബില്ലു് പാസാകുന്നപക്ഷം അദ്ധ്വാനമൊന്നും ചെയ്യാതെ, വാരവും പാട്ടവും മാത്രം വാങ്ങി ജീവിതവൃത്തി നടത്തിക്കൊണ്ടുപോകുന്ന വർഗ്ഗങ്ങളെ ഇതു സാരമായി ബാധിക്കും. അങ്ങനെ സാരമായി ബാധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലാതെ നിയമത്തിനു വേണ്ടിയുള്ള നിയമം എന്ന നിലയിൽ ഒരു നിയമം ആവശ്യപ്പെടുകയാണെങ്കിൽ അതു് ജനങ്ങൾക്കു വേണ്ടിയുള്ള ഒരു നിയമമായിരിക്കുകയില്ല. സർ, ഈ ബില്ലിനെ ഞങ്ങളുടെ കക്ഷികളിൽ നിന്നും ഉണ്ടായിട്ടുള്ള വിമർശനങ്ങളുടെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്തു

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

പാസ്സാക്കുവാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ആ വിശ്വാസത്തോടുകൂടി ഈ ബിൽ സെലക്റ്റ്കമ്മിററിക്ക് അയയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. മഞ്ജനാഥപ്രഭു : സർ, ഈ ഭൂപരിധിനിർണ്ണയ ബില്ലിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു് 3-ം, 4-ം വകുപ്പുകളാണ്. വസ്തു എത്രത്തോളം കൈവശം വയ്ക്കാമോ, അത്രത്തോളം സ്വന്തമാക്കി വയ്ക്കാവുന്ന ഒരു വ്യവസ്ഥമാററി, സ്വന്തമാക്കാവുന്ന വസ്തുക്കളുടെ പരിധി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഇന്നായിന്നതരത്തിലുള്ള വസ്തുക്കൾ ഈ ബില്ലിൽനിന്നും ഒഴിവാക്കുന്നു എന്നുള്ള വ്യവസ്ഥയാണ് 3-ാം വകുപ്പിലുള്ളതു്. നമ്മുടെ നാട്ടിൽ ഉള്ള നിലങ്ങളുടെയും പുരയിടങ്ങളുടെയും സ്വഭാവം നോക്കിയാൽ ഒന്നോ രണ്ടോ കൊല്ലംകൊണ്ടു ഒരു നിലത്തെ പുരയിടമാക്കാനും, പുരയിടത്തെ റബ്ബർതോട്ടമാക്കാനും, റബ്ബർ എസ്റ്റേററാക്കാനും സാധിക്കും. അങ്ങനെ മാററം ചെയ്യാതിരിക്കുവാനുള്ള വ്യവസ്ഥ ഈ ബില്ലിൽ കാണുന്നില്ല. അതിൽനിന്നും, ഒഴിവാക്കേണ്ട ഭൂമിയുടെ സ്വഭാവം എന്തായിരിക്കണമെന്നു വ്യവസ്ഥപ്പെടുത്തുന്നതോടൊപ്പം നിലവിലുള്ള ഇനം ഭൂമികളെ ആയ നത്തിൽ നിന്നു മാററാതിരിക്കത്തക്കവിധത്തിൽ വേണ്ട വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തുവാൻ സെലക്റ്റ് കമ്മിററി ശ്രദ്ധിക്കേണ്ടതാണ്. 3-ാം വകുപ്പിൽ കോവാപ്പറേററീവു ഫാമിംഗ് സൊസൈററിസിനെപ്പററി പറയുന്നുണ്ട്. കോവാപ്പറേററീവു ഫാമിംഗിനെ പ്രോത്സാഹിപ്പിക്കണം എന്നു പറഞ്ഞാൽ ഒരു എക്സ്പ്ലനേഷൻ അതിനെതിരായി പറയുവാനുണ്ട്. ഒരാൾക്കു വിതപ്രകാരം കിട്ടുന്ന വസ്തുക്കൾക്ക് കോവാപ്പറേററീവു ഫാമിംഗിൽ ഉൾപ്പെടുത്തുവാൻ 4-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരുന്നുവെങ്കിൽ ആ ദോഷം പരിഹരിയ്ക്കാമായിരുന്നു. ആ നിലയിൽ നോക്കുമ്പോൾ 3-ാം വകുപ്പിൽ കോവാപ്പറേററീവു ഫാമിംഗ് സൊസൈററിസിനെ ഉൾപ്പെടുത്തണമോ വേണ്ടയോ എന്നു പ്രത്യേകം ആലോചിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

8-ാം വകുപ്പിൽ ഓണർഷിപ്പിനെപ്പററി പറയുമ്പോൾ റിലിജിയസ് ഇൻസ്റ്റിററ്യൂഷൻസ് എല്ലാം 4-ാം വകുപ്പിൽനിന്നും ഒഴിവാക്കി, 8-ാം വകുപ്പിൽ പെടുത്തിയാലും ഒരുദോഷവും വരാൻപോകുന്നില്ല. കാരണം, കൃഷിഭൂമിയില്ലാത്തവർക്ക് കൃഷിഭൂമിയുണ്ടാക്കിക്കൊടുക്കുവാൻ ഇങ്ങനെ വ്യവസ്ഥചെയ്യുന്നപക്ഷം സഹായകമായിഭവിക്കും. ഭൂപരിധി നിർണ്ണയത്തിന്റെ ഉദ്ദേശം അതുകൂടിയല്ലോ. ഈ ബില്ലുകൊണ്ടു ഭൂമിയില്ലാത്ത പലർക്കും ഭൂമികിട്ടുമെന്നുള്ള ആശയുണ്ട്. അതുകൊണ്ടു 8-ാം വകുപ്പിൽനിന്നും ഒഴിവാക്കിയാലും 4-ാം വകുപ്പിലെ പൊസ്സെഷൻ അവരെക്കൂടി ബാധിക്കത്തക്കവണ്ണം ഭേദഗതി ചെയ്യുന്നതു നന്നായിരിക്കും.

നമ്മുടെ നാട്ടിൽ ലോവർ ബർമ്മ എന്നും, അപ്പർ ബർമ്മ എന്നും പറയത്തക്കവണ്ണം നിലങ്ങളും പുരയിടങ്ങളും പ്രത്യേകം പ്രത്യേകം ആയിരിക്കുന്നില്ല. പറമ്പ് എന്നും കോക്കനട്ട് ഗാർഡൻ എന്നും പറയുന്നതു് എന്താണ്ടു ഒന്നുതന്നെയാണ്. കായൽതീരങ്ങളിൽ തെങ്ങിൻതോട്ടങ്ങൾ പ്രത്യേകമായി വച്ചുപിടിപ്പിക്കുന്ന രീതിയൊന്നും ഞങ്ങളുടെ ഭാഗത്തില്ല. രണ്ടും തിരിച്ചറിയാൻ വിഷമമായിരിക്കുന്നു. കുരുമുളകു കൃഷി ചെയ്യുന്ന

സ്ഥലത്തു് തെങ്ങും അടയ്ക്കാമരവും വച്ചുപിടിപ്പിക്കുവാൻ സാധിക്കും. മൂവാററുപുഴ മുതലായ സ്ഥലങ്ങളിൽ ഇങ്ങനെയുള്ള പുരയിടങ്ങൾ ധാരാളമുണ്ടു്. അതും തിരിച്ചറിയത്തക്കവണ്ണം വ്യവസ്ഥചെയ്യുന്നതു നന്നായിരിക്കും.

നിലത്തെയും പുരയിടത്തെയും സംബന്ധിച്ചു പറയുമ്പോൾ ഇവിടെ പല കണക്കുകളും പറയുന്നുണ്ടു്. സെററിൽമെൻറു അനുസരിച്ചുള്ള കണക്കുകൾ തെററാണു്. ചേരികളായി തിരിഞ്ഞിട്ടുള്ള പല നിലങ്ങളും സ്ഥലങ്ങളായിട്ടുണ്ടു്. ഒരുപ്പുനിലങ്ങൾ പലതും ഇരുപ്പുനിലങ്ങളായിട്ടുണ്ടു്. ചിലതു പുരയിടങ്ങളായിട്ടുണ്ടു്. ഇന്ന ഭൂമി ഇന്നസ്ഥലത്താണു്, ഇന്നത്തെ അതിൻെറ കിടപ്പു എന്താണു് എന്നും മററും മനസ്സിലാകത്തക്ക വിധത്തിൽ കൂടുതൽ എക്സിക്യൂട്ടീവു സ്റ്റാഫിനെ വയ്ക്കുന്നതു നന്നായിരിക്കും. തിരുവിതാംകൂർ-കൊച്ചിയിൽ, ഒന്നാം പഞ്ചവത്സരപദ്ധതിയിലും രണ്ടാം പഞ്ചവത്സരപദ്ധതിയിലും ചില ഇറിഗേഷൻ സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ സ്കീമുകൾ നടപ്പിൽ വരുമ്പോൾ പല ഒരുപ്പുനിലങ്ങളും ഇരുപ്പുവായിപ്പോകും. അതുപോലെ എസ്റ്റേററുകളുടെ കാര്യം പറയുമ്പോൾ യഥാർത്ഥത്തിൽ അവ എസ്റ്റേററുകളാണോ എന്നു നിർണ്ണയിക്കേണ്ടതുണ്ടു്. കാപ്പിയും തേയിലയും എസ്റ്റേററുകൾ വളരെയെളുപ്പം തെങ്ങിൻതോപ്പുകളായി മാററാൻ കഴിയും. ഇതെല്ലാം സമഗ്രമായി ചിന്തിക്കേണ്ട കാര്യമുണ്ടു്. സെലക്ററുകമ്മിററി ഈവക കാര്യങ്ങൾകൂടി ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പു്: സർ, ഭൂമി ഒരേനിലയിൽത്തന്നെ ഇരിക്കുകയും, ജനസംഖ്യ അത്യധികമായി വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇവിടത്തെ ജനങ്ങൾക്കു് ഭൂമിയോടു വളരെ ആവേശം തോന്നുന്നതു സ്വാഭാവികമാണു്. മാത്രമല്ല, പല കാരണങ്ങളാലും ലോകംമുഴുവൻ ഭൂപരിഷ്ക്കരണത്തെപ്പററി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. ആ നിലയ്ക്കു ഈ രാജ്യത്തും ഭൂപരിഷ്ക്കരണം നടത്തേണ്ടതു് ഏററവും അത്യാവശ്യമാണെന്നു സമ്മതിക്കാതിരിക്കാൻ തരമില്ല. എന്നാൽ ആ ഭൂപരിഷ്ക്കരണം ഓരോ ആവശ്യത്തെയും ഏതെല്ലാം നിലയിൽ ബാധിക്കുമെന്നുള്ളതു ആലോചിക്കേണ്ടതാണു്. ഈ രാജ്യത്തു വൻകിട ഭൂവുടമസ്ഥരെയും, ഇടത്തരം ഭൂവുടമസ്ഥരെയും, ചെറുതരം ഭൂവുടമസ്ഥരെയും നമുക്കു കാണാം. ഇങ്ങനെ എത്രപേരുണ്ടെന്നോ, അല്ലെങ്കിൽ ഓരോ ഗ്രാമത്തിലെയും ഭൂസ്ഥിതിയെയും സാമ്പത്തികസ്ഥിതിയെയും ഈ ഭൂപരിഷ്ക്കരണം എങ്ങനെ ബാധിക്കുമെന്നോ സൂക്ഷ്മമായി അറിയുവാനുള്ള സ്ഥിതിവിവരക്കണക്കുകൾ ഇന്നു നമുക്കില്ല. എന്നിരുന്നാലും, രാജ്യത്തിൻെറ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിക്കുന്ന ഒന്നാണു് ഈ ഭൂപരിഷ്ക്കരണമെന്നുള്ളതു് ഏവരും സമ്മതിക്കും. ഇതിനുംപുറമെ ഭൂവുടമയുടെ പരിധി നിർണ്ണയിക്കുമ്പോൾ ഒരാളിനു് അല്ലെങ്കിൽ ഒരു കുടുംബത്തിനു് എത്ര ഭൂമിക്കിട്ടും, എത്ര വിസ്തീർണ്ണത്തിൽ കൃഷി ചെയ്യുവാൻ സൗകര്യമുള്ള ഭൂമി ലഭിക്കും, ആ ആളിനോ അല്ലെങ്കിൽ ആ കുടുംബത്തിനോ ആ ഭൂമി കൊണ്ടുമാത്രം ജീവിക്കുവാൻ കഴിയുമോ, അതിൽപ്പിന്നെ വിശേഷിച്ചു് ആ കുടുംബത്തിനു് ഇതല്ലാതെ വേറെ ഏതെങ്കിലും ആദായം ഉണ്ടാക്കുവാൻ സാധിക്കുമോ ഇങ്ങനെയുള്ള കാര്യങ്ങളെപ്പററിയും കൂലങ്കഷമായി പരിശോധിക്കേണ്ടതു് ആവശ്യമാണു്. നമ്മുടെ രാജ്യത്തു് ആണ്ടുതോറും ജനസംഖ്യ ഒന്നരലക്ഷത്തോളം

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വർദ്ധിച്ചുവരുമ്പോൾ ഓരോ ആണ്ടിലും ഒന്നരലക്ഷം ആളുകൾക്ക് വസ്തുവില്ലാതെ വിഷമം നേരിടുന്ന ഒരവസ്ഥയുണ്ടാകും. ആ നിലയ്ക്ക് നാം ഉണ്ടാക്കുന്ന ഒരു ലജിസ്ലേഷൻ ഓവിതലമുറകൾക്ക് ദോഷമില്ലാത്ത വിധത്തിലും, ഗുണകരമായ വിധത്തിലും കഴിഞ്ഞുകൂടത്തക്കനിലയിൽ നിയമംമൂലം ഭൂപരിധി നിർണ്ണയിക്കേണ്ടതു അത്യാവശ്യമാണ്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം 1081 മുതൽ പല നിയമങ്ങളുടെ ആവിർഭാവത്തോടുകൂടി ഭൂമി ആളോഹരി വീതിച്ചു തുണ്ടുതുണ്ടായി ഭാഗിച്ച് എടുത്തുകൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ശ്രീ. ടി. കെ. വേലുപ്പിള്ളയുടെ റിപ്പോർട്ടിലും, ഡാക്ടർ കുഞ്ഞൻപിള്ളയുടെയും, ശ്രീ. എ. എൻ. തമ്പിയുടെയും സെൻസസ്സ് റിപ്പോർട്ടിലും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇങ്ങനെ തുണ്ടുതുണ്ടായി ഭാഗിച്ചിരിക്കുന്ന ഭൂമികൾ ഇനിയും വീതിക്കാൻ തുടങ്ങിയാൽ എത്രപേക്ക് വീതിക്കാനുണ്ടാകും, എത്രപേക്ക് ഗുണകരമായ വ്യവസ്ഥിതി അതുകൊണ്ടുണ്ടാക്കാൻ കഴിയും എന്നു അറിയാൻ നിവൃത്തിയില്ല. അതിനെപ്പററി യാതൊരറിവുമില്ലെന്നു ഗവണ്മെൻറ് ഭാഗത്തുനിന്നുപോലും സമ്മതിച്ചിട്ടുണ്ട്. ഇവിടെ കണ്ടിട്ടുള്ള ചില കണക്കുകളിൽനിന്നും ഏതാണ്ട് 800 ആളുകളിൽനിന്നുമാത്രം ഭൂമിയെടുക്കാൻ സാധിക്കുമെന്നും, അതുകൊണ്ട് എത്രപേർക്കു കൊടുക്കാൻ സാധിക്കുമെന്നുള്ളതിനെപ്പററി ഒരു കണക്ക് എടുപ്പിട്ടില്ലെന്നുമാണു മനസ്സിലാക്കാൻ സാധിക്കുന്നതു്. നാം ഒരു ലജിസ്ലേഷൻ ഉണ്ടാക്കുകയാണെങ്കിൽ, അതുകൊണ്ടു എത്രപേർക്കു ഗുണമുണ്ടാകുമെന്നുള്ള ഒരു സെൻസസ്സുകൂടി എടുക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ നന്നായിരിക്കുമായിരുന്നു. അങ്ങനെയൊരു സെൻസസ്സുണ്ടായിരുന്നുവെങ്കിൽ ഈ രാജ്യത്തു ഏതെല്ലാം തരത്തിലുള്ള ടെനുവേഴ്സുണ്ട്, എത്ര വസ്തുക്കൾ ഉണ്ട്, അതിൽ നിന്നും എത്രമാത്രം ആദായം ലഭിക്കും, ഒരു വ്യക്തിക്കോ, കുടുംബത്തിനൊ എത്രമാത്രം മതിയാകും എന്നെല്ലാം അറിയുന്നതിനു സാധിക്കുമായിരുന്നു. നിർഭാഗ്യവശാൽ അങ്ങനെയൊരു സെൻസസ്സ് എടുത്തിട്ടില്ല. ആവടിയിൽ നടന്ന കാൺഗ്രസ്സു സമ്മേളനത്തിൽ ഇങ്ങനെയൊരു സെൻസസ്സ് എടുക്കേണ്ട ആവശ്യകതയെപ്പററി ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു സെൻസസ്സ് എടുക്കുന്നതുവരെ നമുക്കു കാത്തിരിക്കുവാൻ നിവൃത്തിയില്ല. നാം അത്യാവശ്യമായി ഒരു ലജിസ്ലേഷനു് തുടങ്ങിയിരിക്കുകയാണ്.

തിരുവിതാംകൂറിനെ സംബന്ധിച്ചായാലും, കൊച്ചിയെ സംബന്ധിച്ചായാലും ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നപ്രകാരം ഏക്കർ കണക്കാക്കി ഭൂപരിധിനിർണ്ണയം ചെയ്യുന്നപക്ഷം, അതു കേവലം പുരോഗമനത്തിനു വേണ്ടിമാത്രമെ ഉതകുകയുള്ളൂ. കുട്ടനാട്ടിൽ ഒരുപ്പുനിലങ്ങളാണുള്ളതു്. അവിടെ ഒരു കുടുംബത്തിനു്, അതായതു് അഞ്ചാളുകൾക്ക് 22½ ഏക്കർ നിലമാണു കൊടുക്കാനുദ്ദേശിക്കുന്നതു്. ഈ 22½ ഏക്കർ നിലത്തിൽ നിന്നും ഗവണ്മെൻറിന്റെ കണക്കുവച്ചുനോക്കിയാൽത്തന്നെയും 1800 പറ നെല്ലു കിട്ടും. ഇതിൽ നിന്നും സർക്കാർ അനുവദിച്ച കണക്കിൻപ്രകാരം ഒരേക്കറിനു് മുപ്പതുപറനെല്ലു അതിന്റെ ചെലവിനായി നീക്കിവച്ചാൽ ആയിരപ്പറ നെല്ലാണ് ബാക്കി കിട്ടുന്നതു്. വില തന്നെ അനിശ്ചിതമായി കൂടിയും കുറഞ്ഞുംകൊണ്ടിരിക്കുകയാണ്, അഞ്ചുപേക്ക് ഒരുകൊല്ലത്തേയ്ക്കു കിട്ടുന്ന വരവാണിതു്. അതിന്റെ ശരാശരി കണക്കു

നോക്കുമ്പോൾ 33 രൂപയുടെ ആദായമാണ് ഒരാളിനു കിട്ടുന്നതു്. ഇതാണോ പുരോഗമനപരമായ ഒരു ഭൂനയപരിഷ്ക്കരണം എന്നു ഞാൻ ചോദിക്കുന്നു. 33 രൂപ കൊണ്ടു ഒരാൾ ജീവിച്ചാൽമതിയോ? ഒരു കയർവ്യവസായത്തൊഴിലാളിക്ക് ഏററവും കുറഞ്ഞ കൂലിനിരക്ക് പ്രതിദിനം ഒരുരൂപ രണ്ടണയാണു നിശ്ചയിച്ചിരിക്കുന്നതെന്നു തോന്നുന്നു. ഞാൻ പറഞ്ഞതിൽ തെററുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഇടതുപക്ഷ മെംബറന്മാർ തിരുത്തിയാൽ സ്വീകരിക്കാൻ തയ്യാറാണ്. അങ്ങനെ ഒരാളിന് 22½ ഏക്കർ വച്ചിരുന്നാൽത്തന്നെയും അതിന്റെ ആദായംകൊണ്ടു ജീവിക്കുവാൻ കഴിയുമോ എന്നുകൂടി നോക്കണം. ആ നിലയിലുള്ള ഭൂപരിഷ്കരണം നമുക്കാർക്കുംതന്നെ യോജിച്ചതല്ലെന്നാണ് എന്റെ അഭിപ്രായത്തിൽ തോന്നുന്നതു്. കുറെപേരെ പട്ടിണി ആക്കിയിട്ടു്, വേറെ കുറെ പേരെക്കൂടി പട്ടിണിയാക്കുവാൻ ഇടയാക്കുന്ന പരിഷ്ക്കാരം ഒരു പരിഷ്ക്കാരമല്ല. തിരുവിതാംകൂറിലെ ഏതു കക്ഷിയിൽപെട്ടവരായാലും അവർക്കു ജീവിക്കണം. അതുകൊണ്ടു് എല്ലാവർക്കും ജീവിക്കുവാൻ തക്കവണ്ണമുള്ള ഒരു പരിധിയാണു നിർണ്ണയിക്കേണ്ടതെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. ഈ 22½ ഏക്കർനിലംതന്നെ പല സ്ഥലങ്ങളിലുമായിട്ടാണു കിട്ടുവാനിടയുള്ളതെങ്കിൽ ആ സ്ഥലങ്ങൾ പാട്ടത്തിനു കൊടുക്കാനും നിവൃത്തിയില്ല. ഇപ്പോൾ മര്യാദപ്പാട്ടമേയുള്ളു എന്നു വന്നിരിക്കുന്നതുകൊണ്ടു അതിനിന്നും കിട്ടുന്ന ആദായം വളരെ കുറയാൻ ഇടയുണ്ടു്. ആ നിലയ്ക്കു നോക്കുമ്പോൾ 33 രൂപ 15 രൂപയായി മാറാൻ ഇടയുണ്ടു്. അങ്ങനെയുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊണ്ടല്ല നാം നിയമം സൃഷ്ടിക്കേണ്ടതു്.

പാട്ടക്കാരനിൽനിന്നു് പാട്ടംവാങ്ങി ജീവിക്കുന്ന ആളുകളുടെ സ്ഥിതിയും ഈയവസരത്തിൽ പരിഗണിക്കേണ്ടതാണ്.

ശ്രീ. എം. പി. മേനോൻ പറയുകയുണ്ടായി; പാട്ടം കുറയ്ക്കണമെന്നു പറഞ്ഞുകൊണ്ടു് നാട്ടിൽ ഒരു വലിയ മുറവിളി ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്നു. പാട്ടം കുറയ്ക്കുന്നതിനുവേണ്ടി അങ്ങനെയൊരു മുറവിളി നാട്ടിലുണ്ടായിട്ടുള്ളതായി എനിക്കറിവില്ല. ഒരു പക്ഷെ, ഭൂമി കിട്ടണമെന്നുള്ള ഒരു മുറവിളിയായിരിക്കും ഉണ്ടായിട്ടുള്ളതു്. അങ്ങനെയാണെങ്കിൽ അതു ശരിയാണ്. പാട്ടത്തിനെ സംബന്ധിച്ചാണെങ്കിൽ പാട്ടക്കാരനും ജന്മിയുമായുള്ള പഴയ കരാറും വ്യവസ്ഥയുമനുസരിച്ചു നടന്നുകൊണ്ടിരിക്കുന്നു. ആ വ്യവസ്ഥകളിൽ വ്യത്യാസം വരുത്താതെ പാട്ടം കുറയ്ക്കണമെന്നുള്ള മുറവിളി ഫലിക്കാൻ പോകുന്നില്ല.

11 A. M.]

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ബഹുമാനപ്പെട്ട മെംബർ ഏതു ബില്ലിനെപ്പററിയാണു സംസാരിക്കുന്നതു്?

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഞാൻ സംസാരിക്കുന്ന ബില്ലിനെപ്പററിയാണ്. സർ, ഇപ്പോഴത്തെ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതു തന്നെ പഴയ വ്യവസ്ഥയനുസരിച്ചു ഭൂമി കൈവശമുള്ള പാട്ടക്കാർക്ക് മര്യാദപ്പാട്ടം നിശ്ചയിക്കാനുള്ള അവകാശം ഉണ്ടെന്നാണ്. പാട്ടം ഇന്നതു വേണമെന്നുള്ള അല്ലെങ്കിൽ ഇന്നതു കൊടുക്കണമെന്നുള്ള തീരുമാനം പാട്ടക്കാരൻ നിശ്ചയിക്കുന്നതു ജന്മിക്കു വളരെ ദോഷമായിട്ടുള്ള ഒന്നാണ്.

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

പാട്ടക്കാരന് ഏതെങ്കിലും ഒരു തുക പാട്ടം കൊടുക്കണമെന്നല്ലാതെ കൃഷി ഭൂമിക്കും അവനും തമ്മിൽ പറയത്തക്ക ബന്ധമൊന്നുമില്ല. പന്ത്രുകൊല്ലം പാട്ടത്തിനു കൊടുത്തിരിക്കുന്ന നിലം അവന്റെ അനാസ്ഥകൊണ്ട് ഒന്നു രണ്ടുകൊല്ലം കഴിയുമ്പോൾ വിളവ് കുറയുകയും അങ്ങനെ വർഷംതോറും വിളവു കുറഞ്ഞുവരികയാണെങ്കിൽ മയ്യാദപ്പാട്ടം നിശ്ചയിക്കുന്ന രീതി തന്നെ വളരെ കുഴപ്പത്തിലാവുകയും ചെയ്യുന്നതാണ്. മുൻകരാറനുസരിച്ചു പാട്ടക്കുടിശ്ശികവരുത്തുകയാണെങ്കിൽ ജന്മി പണം ചെലവാക്കി വ്യവഹാരപ്പെടാതെ തരമില്ല. വസ്തു കേസിൽ അകപ്പെടുമ്പോൾ കൃഷിയിലുള്ള ഉദാസീനതകൊണ്ട് ആദായം കുറയുകയും അതുകൂടി ജന്മിക്കു നഷ്ടത്തിനു കാരണമാവുകയും ചെയ്യും. ബില്ലിലെ ഈ വ്യവസ്ഥയനുസരിച്ചു മയ്യാദപ്പാട്ടം നിശ്ചയിക്കുന്നതു വളരെ അധികം വ്യവഹാരത്തിനു കാരണമാകുമെന്നു കൂടി ഞാൻ ഈ സന്ദർഭത്തിൽ അനുസ്മരിപ്പിക്കുന്നു. അതുകൊണ്ട് നിലവിലിരിക്കുന്ന കൊച്ചിയിലെ പാട്ടവ്യവസ്ഥ അംഗീകരിക്കുന്നതായിരിക്കും ഇതിലും ഭേദമെന്നാണ് എനിക്കു തോന്നുന്നത്. എന്റെ സ്നേഹിതൻ ശ്രീ. എം. പി. മേനോൻ മുറവിളിയുടെ കാര്യം പറഞ്ഞതുപോലെ ഈ കാര്യത്തിൽ ഒരു മുറവിളിക്കൂട്ടാൻ വകുപ്പുള്ള സന്ദർഭമല്ലാ ഇതു്. അവർ സ്വല്പം ശ്രമിച്ചാൽ മതി. ഉടൻ കാര്യം സാധിച്ചതുതന്നെ. സർ, ഭൂപരിധി നിശ്ചയിക്കുമ്പോൾ അതുമൂലം മേലാൽ കുഴപ്പമുണ്ടാകാതിരിക്കണമെങ്കിൽ അതിലേയ്ക്കു അനുയോജ്യമായ വ്യവസ്ഥകൾ ബില്ലിൽ കൊണ്ടുവരേണ്ടതായിരുന്നു. നമുക്കു ഒരു ഭൂപരിഷ്കാരം ആവശ്യമാണ്. അതിനു് ആക്ഷേപമില്ല. എന്നു വിചാരിച്ചു നാട്ടിൽ ഫലാപത്തിനും കുഴപ്പത്തിനും ഇടവരാതെയുള്ളവിധത്തിൽ ആയിരിക്കണം ബിൽ അവതരിപ്പിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ബഹുമാനപ്പെട്ട മെംബറിന്റെ പാർട്ടി ലീഡർ മുറവിളി കൂട്ടണമെന്നുള്ള അഭിപ്രായക്കാരനല്ലേ ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : അതു പാർട്ടി ലീഡറുടെ അഭിപ്രായമാണ്. ഇപ്പോൾ ഭൂപരിഷ്കാരം വേണമെന്നുള്ളതു് എല്ലാവരുടെയും അഭിപ്രായമാണ്. ആ അഭിപ്രായത്തിൽ ബഹുമാനപ്പെട്ട മെംബർക്കു പ്രതികൂലം ഇല്ലല്ലോ ? സർ, കൊച്ചിയിൽ നിലവിലുള്ള ഫെയർ റെന്റ് വ്യവസ്ഥ ഇവിടെയും അംഗീകരിക്കുന്നതു് നന്നായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. അതല്ലാതെ ജന്മിമാരിൽനിന്നും മിച്ചമുള്ള വസ്തുക്കളെടുത്തു പാട്ടംകൊടുത്തു് അതിൽനിന്നും ആദായം വാങ്ങിക്കൊള്ളാമെന്നു വിചാരിക്കുന്നതു ഞാൻ മുമ്പു പറഞ്ഞതുപോലെ പല കുഴപ്പങ്ങൾക്കും കാരണമാകുന്നതാണ്. മറ്റൊന്നു പറയാനുള്ളതു തെങ്ങിൻതോപ്പുകളെപ്പററിയാണ്. കുട്ടനാട്ടിലെ തെങ്ങിൻതോപ്പുകളുടെ കാര്യം എങ്ങനെയെല്ലാം ആണെന്നുള്ളതു പല മെംബറന്മാർക്കും അറിയാവുന്നതാണ്. അവിടങ്ങളിലുള്ള പുരയിടങ്ങളാണെങ്കിൽ ഇവിടെയുള്ളതുപോലെയുള്ള കരപ്രദേശങ്ങൾ അല്ല. ഒരു പുരയിടം തെങ്ങിൻകൃഷിക്ക് ഉപയോഗയോഗ്യമാക്കിത്തീർക്കണമെങ്കിൽ 6 അടി ഉയരമുള്ള വെള്ളനിരപ്പിൽനിന്നും 3 അടി മണ്ണിട്ടു പൊക്കണം. ഇന്നത്തെ നിലയിൽ ഒരേക്കർ പുരയിടം ആക്കണമെങ്കിൽ ഏകദേശം ഇരുപതിനായിരം രൂപയുടെ ചെലവുണ്ടാകും. വെള്ളത്തിൽ കിടക്കുന്ന സ്ഥലം അത്രയുംമണ്ണിട്ടു പൊക്കിവരുമ്പോൾ ഇത്രയുംതുക

ചെലവുണ്ടാകും. ഇങ്ങനെയുള്ള പുരയിടത്തിൽ നിന്നും മററും മര്യാദപ്പാട്ടം നിശ്ചയിക്കുകയും പരിധി നിശ്ചയിക്കുകയും മററും ചെയ്യുന്നതു വളരെ ആലോചനയോടുകൂടി വേണമെന്നാണു ഞാൻ പറയുന്നതു്. ശ്രീ. എം. പി. മേനോൻ പറയുകയുണ്ടായി, പാട്ടക്കാരന്റെ ദേഹണ്ഡം നീക്കി അല്ലെങ്കിൽ പാട്ടക്കാരന്റെ കൃഷിച്ചെലവു നീക്കി ബാക്കി യുള്ളതു പകുതി പകുതിയായിട്ടു വീതിക്കണമെന്നു്. സർ, ആ ഒരു രീതി സ്വീകരിക്കുകയാണെങ്കിൽ ഒരു വലിയ സംഖ്യ ചെലവാക്കിയ ജന്മിക്കു് അതനുസരിച്ചുള്ള പ്രതിഫലം കിട്ടുമോയെന്നു് എനിക്കു് സംശയമാണു്.

ശ്രീമതി കെ. ആർ. ഗൗരി : 6 അടി വെള്ളത്തിൽ നിന്നും 3 അടി കുത്തിപ്പൊക്കി പുരയിടമാക്കിയതു് ആരാണെന്നു പറയുമോ ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : അതാരുതന്നെയായിരുന്നാലും അവക്കു ശരിയായ കൂലി കൊടുത്തിട്ടാണെന്നുള്ളതുകൂടി ബഹുമാനപ്പെട്ട മെംബർ അറിയേണ്ടതാണു്. സർ, ഇങ്ങനെ അനവധി പണം ചെലവാക്കിയതിനു ശേഷം 6000 അല്ലെങ്കിൽ 7000 തേങ്ങ കിട്ടുന്ന ഒരു പറമ്പിൽനിന്നും ഒരേക്കർ കൊടുക്കണം രണ്ടു ഏക്കർകൊടുക്കണമെന്നു പറഞ്ഞാൽ വാസ്തവത്തിൽ പാട്ടക്കാരെല്ലാം വസ്തു ഉടമസ്ഥന്മാരാകുകയാണു ചെയ്യുന്നതു്. ആ ഒരു നിലപാടു് അംഗീകരിക്കുന്നതു ജന്മിയെ സംബന്ധിച്ചിടത്തോളം അനീതിയാണു്. നിലത്തിനെ സംബന്ധിച്ചാണെങ്കിൽ ഒരു പറ നിലത്തിനു കൃഷിച്ചെലവു് 150 രൂപ ഉണ്ടാകുന്നുവെന്നിരിക്കട്ടെ. കിട്ടുന്നതു 150 പറ നെല്ലും ആയിരിക്കും. ഉടമസ്ഥനു കൃഷിച്ചെലവുകഴിച്ചു ബാക്കി വരുന്ന തുകയുടെ പകുതികൊടുത്താൽ മതിയെന്നു പറയുമ്പോൾ നിലത്തിന്റെ വിലയും അതിനു കൊടുക്കാനുള്ള കരവും മററും പരിഗണിക്കാതെ പാട്ടക്കാരന്റെ നന്മയെമാത്രം അടിസ്ഥാനമാക്കി അഭിപ്രായം പറയുന്നതു ശരിയല്ല. അതുകൊണ്ടു് ആക്കും ദോഷം വരാത്തവിധത്തിൽ ന്യായമായ ഒരു പട്ടമായിരിക്കണം നിശ്ചയിക്കേണ്ടതു്. ന്യായം നടത്തണമെന്നു പറഞ്ഞാൽ ഞങ്ങളും നിങ്ങളും ആ കാര്യത്തിൽ യോജിക്കുമല്ലോ ?

മി. ഡെപ്യൂട്ടിസ്പീക്കർ : നിങ്ങളെന്നു പറയരുതു്. ചെയറിനെയാണു് ബഹുമാനപ്പെട്ട മെംബർ അഭിസംബോധന ചെയ്യേണ്ടതു്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ന്യായം നടത്തണമെന്നു പറയുന്നതിൽ ആക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ ഇടയില്ലെന്നു മാത്രമെ ഞാൻ പറഞ്ഞുള്ളൂ. സർ, ഇവിടെ മറെറാരു പരിഗണന യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവർക്കു് കൃഷിഭൂമി വിട്ടുകൊടുക്കണമെന്നാണു്. അങ്ങനെയാണെങ്കിൽ നിലത്തിനെ സംബന്ധിച്ചിടത്തോളവും അവ ഉഴുതുമറിക്കാൻ ഒരു സെററു ആളുകളുണ്ടു്. പാട്ടക്കാരനാണെങ്കിൽത്തന്നെയും നിലം ഉഴുന്നതിനുള്ള ആളുകൾ വേറെയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നിലം ഉഴുന്നതു കാളയല്ലേ ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഉഴുന്നതു കാളയാണെങ്കിലും കാളയുടെ പുറകെ ആളുണ്ടെങ്കിൽ ജോലി നടക്കുകയില്ല. അതു കഴിഞ്ഞു നിലം ഒരുക്കുന്നതിനു അതായതു് പോച്ച, പായൽ മുതലായവ എടുത്തുകളയുന്നതിനു് ഒരു സെററു ആളുകൾ വേണം. അതു കഴിഞ്ഞു വിതയ്ക്കുന്ന

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

തിനു ഒരു സെറ്റ ആളുകൾ വേണം. പിന്നീടു കളപറിക്കുന്നതിനു വേറൊരു സെറ്റ ആളുകൾ വേണം. ഇങ്ങനെ പല തരത്തിലുള്ള ആളുകളെക്കൊണ്ടാണു കൃഷി നടത്തുന്നതു്. ഉള്ള കൃഷിസ്ഥലം ഇവക്കെല്ലാംകൂടി വീതിച്ചുകൊടുക്കണമെന്നുവന്നാൽ നിലത്തിന്റെ ഉടമസ്ഥൻ എന്തു ചെയ്യണമെന്നാണു ഞാൻ ചോദിക്കുന്നതു്. വാസ്തവത്തിൽ ഞാൻ മുമ്പുപറഞ്ഞ ആളുകളാണു യഥാർത്ഥ കൃഷിക്കാർ. ഇങ്ങനെയുള്ള യഥാർത്ഥകൃഷിക്കാർക്കു് നിലം കൊടുക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണുള്ളതു്. സാധുക്കളായ ഇവക്കു നിലം കൊടുക്കുന്നതായാൽത്തന്നെയും അവക്കു കൃഷിചെയ്യാനുള്ള കഴിവും ഇല്ല. അങ്ങനെയിരിക്കെ ഇവക്കു നിലം കൊടുത്താലുണ്ടാകുന്ന ഭവിഷ്യൽഫലങ്ങളെപ്പററിയും ചിന്തിക്കേണ്ടതാണു്. മുമ്പു രാജവയ്യാ ദിവാൻജിയായിരുന്നകാലത്തു് പട്ടികജാതിക്കാർക്കുവേണ്ടി 25,000 ഏക്കർ സ്ഥലം വെറുതെ കൊടുക്കുകയുണ്ടായി. കൃഷിക്കുവേണ്ടിയാണു കൊടുത്തതു്. എന്നാൽ നിലം കിട്ടിയാൽ കൊള്ളാമെന്നുള്ള ആവേശം ഒന്നുമാത്രമല്ലാതെ നിലം കിട്ടിയപ്പോൾ അവരെക്കൊണ്ടു് അതു കൃഷിചെയ്യാൻ സാദ്ധ്യമല്ലാതെയുള്ള ഒരവസ്ഥയാണുണ്ടായതു്. കൃഷിനിലങ്ങളെ സംബന്ധിച്ചു് ഇപ്രകാരം ഒരു ദുരവസ്ഥ നേരിടാൻ ഇടയാകരുതെന്നാണു് എന്റെ അഭിപ്രായം. അതല്ല, കൊടുത്തേതീരൂ എന്നുണ്ടെങ്കിൽ ഗവണ്മെൻറിന്റെ കൈവശമുള്ള നാലരലക്ഷത്തോളം ഏക്കർവരുന്ന പാറമ്പോക്കുഭൂമി ഓരോ കുടുംബത്തിനും നാലോ അഞ്ചോ ഏക്കർ വീതം കൊടുത്തു് അവരെക്കൊണ്ടു് കൃഷിനടത്തി ഒരു മാതൃക ഉണ്ടാക്കട്ടെ. ഞാൻ ഇതു പറയുമ്പോൾ സംസ്ഥാനത്തു് ഒരു ലാൻഡ് ലെജിസ്ലേഷൻ വേണ്ടന്നല്ല അർത്ഥമാക്കേണ്ടതു്.

അതുപോലെ മറെറാരു കാര്യം എനിക്കു പറയാനുള്ളതു കുടിയിറക്കു സംബന്ധിച്ചു ഒരു വലിയ ബഹളം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നു പറയുകയുണ്ടായി. എന്റെ പഞ്ചായത്തിൽ ഇതുവരെ കുടിയിറക്കുകേസുകൾ ഒന്നും ഉണ്ടായിട്ടില്ല. മാത്രമല്ല, അതിനടുത്തു് ഏകദേശം 200 ചതുരശ്രമൈൽ സ്ഥലത്തും കുടിയിറക്കു പ്രശ്നം ഉണ്ടായിട്ടേ ഇല്ലെന്നു എനിക്കു പറയാൻ കഴിയും. എന്നാൽ അപൂർവം ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ടു്. അതു സാർവ്വത്രികമായി നടന്നുവരുന്നുവെന്നു പറയുന്നതിൽ വലിയ അർത്ഥമില്ല. കാരണം പത്തും നൂറും സംവത്സരക്കാലം കുടികെട്ടി താമസിച്ചുകൊണ്ടിരിക്കുന്ന ആളുകൾ ഇന്നും അതേ നിലയിൽതന്നെ താമസിച്ചുവരുന്നതായി എനിക്കറിയാം. യാതൊരു കാരണവുംകൂടാതെ അങ്ങനെയുള്ളവരെ ആരും ഇറക്കിവിടുമെന്നു വിശ്വസിക്കാൻ ന്യായമില്ല. എന്റെ നാട്ടിലെ സ്ഥിതിഗതികൾ—കുടിയിറക്കിനെ സംബന്ധിച്ചിടത്തോളം ഏത്രത്തോളം ശരിയാണെന്നുള്ളതു അവിടങ്ങളിൽ വന്നു അന്വേഷിക്കുന്നതായാൽ മനസ്സിലാകുന്നതാണു്. ഏതായാലും പുരയിടത്തിൽ പകുതിവേണം, തെങ്ങിൽ പകുതി വേണം, തേങ്ങയിൽ പകുതിവേണം, ഇങ്ങനെ പകുതി പകുതി എന്നതിനുപകരം മുഴുവൻ മുഴുവൻ എന്നാക്കുന്നതിനും എന്താണു വിരോധം. അതുകൊണ്ടു് ഞാൻ പറയുന്നതു് ഭൂമി മുഴുവൻ നാഷണലൈസ് ചെയ്യുകയാണു ഇതിനെക്കാൾ ഭേദം. എന്താ പോരേ? ഇതിൽ കൂടുതൽ കാൺഗ്രസ്സിനു പറയാനുണ്ടോ. എന്റെ പാർട്ടിലീഡർ തീർച്ചയായിട്ടും ഇതിനെതിരായിട്ടു നിൽക്കുകയില്ലെന്നു ഞാൻ ഉറപ്പുതരാം.

അതുകൊണ്ടു് എല്ലാ ബഹുമാനപ്പെട്ട മെംബർമാരോടുകൂടി യോജിച്ചു ഒരു ലാൻഡ് ലെജിസ്ലേഷൻ ഉണ്ടാക്കിയാൽ കൊള്ളാമെന്നുതന്നെയാണു് എന്റെ അഭിപ്രായം.

അടുത്തതായി, പാട്ടക്കാരുടെ പാട്ടക്കുടിശ്ശികയെ സംബന്ധിച്ചു് അല്പം പറയാനുണ്ടു്. ശ്രീ. എം. പി. മേനോൻ അതിനെ എതിർക്കുമെന്നാണു് എന്റെ വിശ്വാസം. പാട്ടക്കാർ പാട്ടത്തുക കുടിശ്ശിക വരുത്തിയാൽ, അക്കാരണത്താൽ പാട്ടംഒഴിപ്പിക്കാൻ പാടില്ല; അന്യായം കൊടുത്തു് കുടിശ്ശിക ഈടാക്കിക്കൊള്ളണമെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു പാട്ടക്കാരൻ ആണ്ടിൽ ഒരു പ്രാവശ്യം അതായതു് മേടമാസത്തിൽ എന്നു വയ്ക്കാം, പാട്ടം തരുകയാണു്. മേടമാസത്തിൽ നെല്ലുതന്നാൽ അടുത്ത മേടമാസത്തിൽ മാത്രമേ പിന്നീടു് പാട്ടനെല്ലു് കിട്ടുകയുള്ളു. അതു കണിശമായിരുന്നില്ലെങ്കിൽ ഉടനെ പാട്ടക്കാരനുമായി ഇംകുലാബ് വിളിച്ചുനടക്കാൻ കഴിയുകയില്ല. പാട്ടം ക്ണപ്പുസമയത്തു തന്നില്ലെങ്കിൽ, പാട്ടം ഒഴിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു് ഒരു വ്യവസ്ഥ ഉണ്ടാകുന്നതു് ഞങ്ങളെപ്പോലെയുള്ളവർക്കു് വളരെ വക്ഷമമാണു്. പത്തുപറ നെല്ലേ പാട്ടമുള്ളു എങ്കിൽ ആ പത്തുപറ നെല്ലും ക്ണപ്പുമായ ട്ടുള്ള സമയത്തുതന്നെ കിട്ടണം. മേടമാസത്തിൽ കിട്ടാനുള്ള നെല്ലു് മേടമാസത്തിൽത്തന്നെ തന്നില്ലെങ്കിൽ അടുത്ത മേടമാസംവരെ എന്റെ കുട്ടികൾ പട്ടിണിയായിപ്പോകും. അതുകൊണ്ടു് പാട്ടം കണിശമായിത്തരണം എന്നുള്ള ഒരു വ്യവസ്ഥ നിർബന്ധമായിട്ടും ഉണ്ടായിരിക്കണം. പാട്ടം കൃത്യസമയത്തു് തരുന്നില്ലെങ്കിൽ, ആ പാട്ടം അപ്പോഴത്തെ വിളവിൽനിന്നുമെടുത്തു് ഉടമസ്ഥനു കൊടുക്കുവാനുള്ള അധികാരം ഗവണ്മെൻറിനെങ്കിലും ഉണ്ടായിരിക്കണം എന്നൊരു വ്യവസ്ഥ വേണ്ടതാണു്. അല്ലാത്തപക്ഷം തിരുവിതാംകൂർ-കൊച്ചിയിലെ അനേകം നിലമുടമസ്ഥന്മാർ പട്ടിണികിടന്നുപോകും. ഒരാളുടെ കുട്ടനാട്ടിൽ അഞ്ചേക്കർ നിലം ഉണ്ടെന്നിരിക്കട്ടെ, അയാൾക്കു് ഉദ്യോഗസംബന്ധമായോ മറ്റൊരു തിരുവനന്തപുരത്തു് താമസിക്കേണ്ടി വരുമ്പോൾ ആ നിലം പാട്ടത്തിനു് കൊടുക്കാതെ തരമില്ല. പാട്ടക്കാരൻ ശരിക്കു് കൃഷിചെയ്തു് അനുഭവം എടുക്കുന്ന സമയത്തു് ഉടമസ്ഥൻ പാട്ടം കിട്ടാതെ പട്ടിണികിടക്കേണ്ടിവരും. അതിനാൽ പാട്ടം ശരിയായി കൊടുത്തില്ലെങ്കിൽ ഉടൻതന്നെ പാട്ടം ഒഴിപ്പിക്കത്തക്ക ഒരു വ്യവസ്ഥകൂടി ബില്ലിൽ ഉണ്ടായിരിക്കണം.

സർ, ഇങ്ങനെയൊരു റിസ്ട്രിക്ഷൻ ചെയ്തുകൊണ്ടു് പാട്ടം കുറയുകയാണെങ്കിൽ കുടുംബം പട്ടിണിയാകുമെന്നാണു് ഞാൻ പറയുന്നതു്. പാട്ടവ്യവസ്ഥയിലുള്ള ദോഷകരമായിട്ടുള്ള ചില സംഗതികൾ നാം നന്നായിട്ടു് ആലോചിച്ചു് ചെയ്യണം. അല്ലെങ്കിൽ നിലം ഉടമകളുടെ കാര്യം കഷ്ടത്തിലാകുകയും കുടുംബം പട്ടിണികിടക്കേണ്ടിവരികയും ചെയ്യും. എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞതുപോലെ കുടുംബമെല്ലാം ഭാഗിച്ചു ഭാഗിച്ചു് ഇപ്പോൾ വ്യക്തികളായി മാറിയിരിക്കുന്ന സ്ഥിതിക്കു് ഒരു വ്യക്തിക്കു് കിട്ടേണ്ടതായ പരിമിതി അല്ലെങ്കിൽ ഏക്കറേജ് ഏത്ര ഏന്നു് നിശ്ചയിക്കുകയും, അതുപോലെതന്നെ ആദായത്തിനെ ആധാരമാക്കി പരിമിതി നിശ്ചയിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണു്. ഇതെല്ലാം

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

സെലക്റ്റുകമ്മിററിയിൽ പറയാമെന്നുവച്ചാലും നിങ്ങൾഎല്ലാവരുംകൂടി ശ്രമിച്ചാൽ മാത്രമേ ഇതു് ചെയ്യാൻ കഴിയുകയുള്ളു. ആർക്കും ദോഷം വരാത്ത നിലയിൽ വേണ്ടതരത്തിൽ ചെയ്യാൻ മനസ്സുണ്ടാകണേ എന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. യു. നീലകണ്ഠൻ: സർ, ഭൂനയപരിഷ്കാരസംബന്ധമായി അവതരിപ്പിച്ചിട്ടുള്ള ബില്ലുകൾ എല്ലാം ഒന്നിച്ചു് പര്യാലോചിക്കേണ്ടതാണെങ്കിലും, ഇന്നു് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ ഉദ്ദേശശുദ്ധിയോടുകൂടി അല്ലെങ്കിലും, ഇതിനെപ്പററി വാദപ്രതിവാദം നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചുതന്നതിനു് പി. എസ്സ്. പി. ഗവണ്മെൻറിനെ ഞാൻ അനുമോദിക്കുന്നു.

ഭൂമിയുടെ പരിധി നിർണ്ണയിച്ചു്, ഭൂമിയില്ലാത്ത ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു പകരം ജന്മികളുടെ ഉടമസ്ഥാവകാശം ക്ഷയപ്പെടുത്തുന്നതിനും മററുമാണു് ഈ ബില്ലിൻെറ ഉദ്ദേശം എന്നു കാണാം. വളരെക്കലങ്ങളായി, പട്ടി വയ്ക്കോലിൽ കിടക്കുന്നതുപോലെ ജന്മികൾ ഭൂമിയിൽ അധ്വാനിക്കാതെയും മററുള്ളവരെ അധ്വാനിക്കാൻ അനുവദിക്കാതെയും ഉൽപ്പാദനശക്തി നഷ്ടപ്പെടുത്തുകയാണു്. അധ്വാനിക്കുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കർഷകത്തൊഴിലാളികൾ മുന്നേറിയ അവസരത്തിൽ, എരിയുന്ന തീയിൽ വെള്ളം ഒഴിക്കുന്നതുപോലെ, അവരുടെ അവകാശങ്ങൾ സമ്പാദിക്കാനുള്ള ആവേശത്തെ തടസ്സപ്പെടുത്തുകയാണു് ഈ ബിൽമൂലം ചെയ്യുന്നതു് എന്നാണു് എനിക്കു തോന്നുന്നതു്. ഭൂമിയില്ലാത്ത കർഷകനു് ഭൂമി നൽകുന്നതിനു വേണ്ടിയുള്ള യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ചെയ്തിട്ടില്ലാ എന്നുള്ളതു് ആക്ഷേപകരമാണു്. ഒരു ജന്മിയുടെ കൈവശമുള്ള ഭൂമിയുടെ പരിധി നിർണ്ണയിച്ചു് ബാക്കിയുള്ള ഭൂമി പാട്ടത്തിനു കൊടുക്കുവാനുള്ള വ്യവസ്ഥ ചെയ്തിട്ടുമുണ്ടു്. ഈ നിലയ്ക്കു് പാട്ടക്കാർക്കു് എത്ര ഏറെ ഭൂമി വേണമെങ്കിലും കൈവശം വച്ചുകൊണ്ടിരിക്കാം. അതു 25 ഏക്കർ എന്നോ 50 ഏക്കർ എന്നോ പരിധി കൽപ്പപ്പെടുത്തിയിട്ടില്ല. തന്മൂലം ഒരു ജന്മിയും ജന്മിയുടെ ആൾ ആയ പാട്ടക്കാരുംകൂടി യോജിക്കുകയാണെങ്കിൽ ഇന്നത്തെ ഭൂമിയുടെ നിലയ്ക്കു് യാതൊരു വ്യതിയാനവും വരുവാൻ ഇടയില്ല. ഈ സോഷ്യലിസ്റ്റു ഗവണ്മെൻറു് ഇങ്ങനെയൊരു ബില്ലു് അവതരിപ്പിക്കുമ്പോൾ, ഭൂമിയില്ലാത്ത കർഷകനു് ഭൂമി കിട്ടത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു. ഇപ്രകാരമായിരുന്നെങ്കിൽ സാധുക്കളായ കർഷകരെ തൊഴിലില്ലായ്മയിൽ നിന്നും രക്ഷിക്കാമായിരുന്നു. വ്യാവസായികവികസനത്തിൽ കൂടിയല്ലാതെ നമ്മുടെ രാജ്യത്തു് തൊഴിലില്ലായ്മയ്ക്കു് പരിഹാരമുണ്ടാകുകയില്ല. കർഷകനു് അവൻ അദ്ധ്വാനിക്കുന്ന ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുമെങ്കിൽ മാത്രമേ, ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങിക്കുവാനുള്ള കഴിവു് അവനു് ഉണ്ടാകുകയുള്ളു. ഈ ബില്ലിൽ യാതൊരു കൃഷിക്കാരനും കൃഷിത്തൊഴിലാളിക്കും യാതൊരു പുരോഗതിയും നിർദ്ദേശിച്ചിട്ടുള്ള ഒരു വ്യവസ്ഥയുമില്ല. കർഷകൻെറ തൊഴിലില്ലായ്മയെ പരിഹരിക്കാൻകൂടി ഉതകുമായിരുന്ന ഈ കാര്യം ഈ ബില്ലിൽ വിട്ടുകളഞ്ഞതു ശരിയാണെന്നു തോന്നുന്നില്ല. അതിനൊരു പരിഹാരമുണ്ടാ

ക്കാൻ ഈ സോഷ്യലിസ്റ്റ്ഗവണ്മെൻറ് ശ്രമിക്കാതെയിരുന്നതുകൊണ്ട് സെലക്റ്റ് കമ്മിററിയെങ്കിലും ഇക്കാര്യം ശ്രദ്ധിച്ച് വേണ്ടതു ചെയ്യണം. ഈ ബില്ലിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തുന്നതിന് ചില നിർദ്ദേശങ്ങൾ എൻെറ പാർട്ടിയിൽപ്പെട്ട മെംബർമാർ നൽകിയിട്ടുണ്ട്.

ജന്മിക്ക് ക്ണപ്പെടുത്തികിട്ടിയിട്ടുള്ള ഭൂമി കഴിച്ച് ബാക്കി വരുന്ന ഭൂമി ഗവണ്മെൻറിൽനിന്നുതന്നെ ബാങ്കിൻെറ അടിസ്ഥാനത്തിൽ എടുത്ത് ഭൂമിയില്ലാത്ത കർഷകക്ക് കൊടുക്കേണ്ടതാണ്. കാമ്പൻസേഷൻ കൊടുക്കാതെ നിവൃത്തിയില്ലല്ലോ. ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ അഭിലാഷത്തിന് വളരെ പ്രതിബന്ധമായി നമ്മുടെ ഭരണഘടന നിൽക്കുന്നുണ്ടെന്നുള്ളതു് എനിക്കറിയാം. ജന്മികളുടെ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധികഴിച്ച് ബാക്കിയുള്ള ഭൂമി ഗവണ്മെൻറ് ജന്മികളുടെ കയ്യിൽ നിന്നും എടുത്ത് കൃഷിചെയ്യുന്ന കർഷകക്ക കൊടുക്കുകയും, അവരിൽ നിന്നും തവണകളായി 25-ഓ 50-ഓ കൊല്ലംകൊണ്ട് പിരിച്ച് ജന്മിക്ക് കൊടുക്കുകയും ചെയ്യാൻതക്കവണ്ണമുള്ള വ്യവസ്ഥ ഉണ്ടായിരിക്കുന്നതു് നന്നായിരിക്കും. പ്രധാനമായ ഒരു കാര്യത്തെപ്പററി ഇവിടെ പലരും സംസാരിച്ചു. അതായതു് ഒരു കുടുംബത്തിനു ഇത്ര ഭൂമി എന്നു വ്യവസ്ഥ ചെയ്യാതെ, ഒരു അംഗത്തിനു ഇത്ര ഭൂമി എന്നു പരിധി ക്ണപ്പെടുത്തണമെന്നുള്ളതാണ്. അങ്ങിനെ ചെയ്യാതിരുന്നാൽ അതു ചില ദോഷങ്ങൾകൂടി ഉണ്ടാക്കുമെന്നുള്ളതാണ്. പുഞ്ചാർ മെംബർ പറഞ്ഞതു പോലെ ഒരു പക്ഷേ വല്ല വിവാഹമോചനമോ മററോ നടക്കുകയാണെങ്കിൽ പലക്കും ഭൂമിയില്ലാതെ വന്നുപോകാൻ ഇടയുണ്ട്. അതുകൊണ്ട് ഒരു കുടുംബത്തിലുള്ള അംഗങ്ങളെ കണക്കാക്കി, അംഗംപ്രതി ആകെ ഒരു കുടുംബത്തിനു ഇത്ര ഏക്കർ എന്നു പരിധി നിശ്ചയിച്ചാൽ അതു് കുടുംബസംരക്ഷണത്തിനും ഉതകുന്നതായിരിക്കും.

ഭൂമിയുടെ പരിധിയെപ്പററിയാണെങ്കിൽ, ആദായത്തെപ്പററി പരിഗണിക്കാതെയാണ്, നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതായതു് 15 ഏക്കർ തെങ്ങിൻപുരയിടത്തിനും, 15 ഏക്കർ ഇരുപ്പൂനിലത്തിനും ഒരു പോലെയാണ് ആദായം നിശ്ചയിച്ചിട്ടുള്ളതു്. 15 ഏക്കർ തെങ്ങിൻതോപ്പിൽനിന്നും 15 ഏക്കർ ഇരുപ്പൂ നിലത്തിൽ നിന്നും കിട്ടുന്ന ആദായങ്ങൾക്ക തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഇക്കാര്യവും സെലക്റ്റ് കമ്മിററി പരിചിന്തിക്കേണ്ടതാണ്.

അതുപോലെതന്നെ 5 അംഗങ്ങളുള്ള ഒരു കുടുംബത്തിലായാലും 15 ഏക്കർ തെങ്ങിൻതോപ്പും 15 ഏക്കർ ഇരുപ്പൂ നിലമോ കൈവശം വയ്ക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ഒരു കുടുംബത്തിൽ ഇത്ര അംഗങ്ങളെ ആകാവൂ എന്നു പറയുവാൻ നമുക്ക നിവൃത്തിയില്ല. എത്ര അംഗങ്ങളുണ്ടായാലും ഒരു കുടുംബത്തിനു 25 ഏക്കർ തെങ്ങിൻതോപ്പ് കൈവശം വയ്ക്കാവൂ എന്നു നിശ്ചയിക്കുന്നതു് കൂടുതൽ അംഗങ്ങളുള്ള ഒരു കുടുംബത്തിലെ അംഗങ്ങളുടെ അവകാശത്തെ നിഷേധിക്കുന്നതാണ്. അതു് തെററാണ്. കാരണം, കൂടുതൽ എത്രതന്നെ അംഗങ്ങളായിരുന്നാലും തെങ്ങിൻതോപ്പുകളെ സംബന്ധിച്ചിടത്തോളം 25 ഏക്കറായി ക്ണപ്തപ്പെടുത്തിയിട്ടുണ്ട്. മക്കളും മക്കളുടെ മക്കളും ഭാര്യയും ചേർന്നാണ് ഒരു കുടുംബമെന്നു് വ്യവസ്ഥചെയ്തിട്ടുള്ളതു്. അങ്ങിനെ ഒരു കുടുംബത്തിൽ ഇരുപതു് ഇരുപത്തിഅഞ്ചു് അംഗങ്ങൾ കാണാനുള്ള സാഹചര്യമുള്ള

[ശ്രീ. യു. നീലകണ്ഠൻ]

സ്ഥിതിക്ക് 25 ഏക്കറിൽ കൂടുതൽ തെങ്ങിൻതോപ്പു പാടില്ല എന്നു പറയുന്ന ബില്ലിൽ ഒരംഗമുള്ള ഒരു കുടുംബത്തിന് 15 ഏക്കർവരെ കൈകാര്യം ചെയ്യാമെന്നു പറഞ്ഞിരിക്കുന്നതു് തെറ്റായ ഒരു വ്യവസ്ഥയാണ്. ഇതു സെലക്റ്റുകമ്മിററി പ്രത്യേകം ചിന്തിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

ഈ ബില്ലിൻെറ പരിധിയിൽനിന്നും പലതരം ഭൂമികളേയും ഒഴിവാക്കിയിരിക്കുന്നതിനെപ്പററിയാണ് എനിക്ക് അടുത്തതായി പറയാനുള്ളതു്. കായൽനിലങ്ങൾ, എസ്റ്റേററുകൾ, പള്ളികളുടേയും അമ്പലങ്ങളുടേയും വസ്തുക്കൾ ഇവയെല്ലാം ഒഴിവാക്കിയിട്ടുണ്ട്. ഇതു് സമ്മതിക്കാൻ പാടില്ലാത്തതാണ്. എസ്റ്റേററുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവിടെ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും അവകാശം കിട്ടത്തക്കവണ്ണം കമ്പനി അടിസ്ഥാനത്തിൽ നിയമങ്ങൾ സൃഷ്ടിച്ചുകൊണ്ട് എല്ലാ തൊഴിലാളികൾക്കും അവകാശം കൊടുക്കണം. എല്ലാ തൊഴിലാളികൾക്കും ഷെയർ എടുക്കത്തക്കവിധം സാമ്പത്തികസഹായം സർക്കാരിൽനിന്നും തൊഴിലാളികൾക്ക് നൽകണം. അതിനെപ്പററിയും സെലക്റ്റുകമ്മിററി ഗാഢമായി ആലോചിക്കേണ്ടതാണ്. അതുപോലെതന്നെ പള്ളികളേയും അമ്പലങ്ങളേയും ഒഴിവാക്കിയിരിക്കുന്നതു് തെററാണ്. പള്ളികൾക്കും അമ്പലങ്ങൾക്കും ഇഷ്ടംപോലെ ഭൂസ്വത്തു കൈകാര്യം ചെയ്യാൻ അനുവദിക്കുന്നുവെങ്കിൽ ഈ രാജ്യത്തെ ഭൂസ്വത്തു മുഴുവൻ ഏതാനും വർഷങ്ങൾകൊണ്ട് ഏതാനുംചില അമ്പലങ്ങളുടേയും പള്ളികളുടേയും സ്വത്തുക്കളായി മാറാൻ സാഹചര്യം സൃഷ്ടിക്കുകയായിരിക്കും. അതുകൊണ്ട് ഈ വക സ്ഥാപനങ്ങളുടെ അത്യാവശ്യമായ ചെലവുകൾ ക്ണപ്തപ്പെടുത്തി അതിനനുസരണമായ ഭൂപരിധി നിർണ്ണയിക്കേണ്ടതു് അത്യാവശ്യമാണെന്നു ഞാൻ സെലക്റ്റുകമ്മിററിയോടു നിർദ്ദേശിച്ചുകൊള്ളുന്നു.

വസ്തുക്കളുടെ പരിധി നിർണ്ണയിക്കുന്ന കൂട്ടത്തിൽ തന്നെ ആദായത്തിന് പരിഗണന നൽകണമെന്ന് പല മെംബറന്മാരും ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. പരിധി നിർണ്ണയിക്കുന്ന അവസരത്തിൽ ഇരുപ്പൂനിലങ്ങളുടേയും ഒരുപ്പൂനിലങ്ങളുടേയും തെങ്ങിൻതോപ്പുകളുടേയും പറമ്പുകളുടേയും എല്ലാം ശരാശരി ആദായം കണക്കാക്കി ഏക്കറേജ് ക്ണപ്തപ്പെടുത്താൻ വ്യവസ്ഥചെയ്യേണ്ടതാണ്. മീനച്ചിലും, ചേർത്തലയിലും, തീരപ്രദേശങ്ങളിലും ഉള്ള തെങ്ങിൻതോപ്പുകൾ തമ്മിൽആദായത്തെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസം വരും. ഈ വ്യത്യാസങ്ങൾ പരിഗണിക്കാതെ എല്ലാം ഒരുപോലെ കണക്കാക്കി ഏക്കറേജിൻെറ അടിസ്ഥാനത്തിൽ വ്യവസ്ഥ ചെയ്യുന്നതു് ഒരിക്കലും ശരിയല്ല. അങ്ങിനെയുള്ള വ്യവസ്ഥ സ്വീകരിക്കാൻ പാടില്ലെന്ന് സെലക്റ്റു കമ്മിററിയെ അറിയിച്ചുകൊള്ളുന്നു. ക്ണപ്തപരിധികളുടെ ശരാശരി ആദായം നിശ്ചയിച്ചു മണ്ണിൻെറ ഗുണവും നനപ്പുതിൽപ്പും മനസ്സിലാക്കി ഏക്കറേജു കുറച്ചുകൊടുക്കാൻ വ്യവസ്ഥചെയ്യണം. ഭൂപരിധി നിർണ്ണയിക്കുന്നതോടുകൂടിത്തന്നെ ജന്മികളുടേയൊ ധനികരായ കൃഷിക്കാരുടേയൊ കൈവശം വരുന്ന സ്വത്തു് വ്യവസായങ്ങളിൽ നിക്ഷേപിക്കുക എന്നുള്ളതു് രാജ്യതാൽപ്പര്യത്തിന് ആവശ്യമാണ്. അതിനു തയ്യാറാകാതെ ഈ രാജ്യത്തു

ഭൂമി കൂടുതൽ സമ്പാദിക്കാൻ കഴിവില്ലാത്തതുകൊണ്ട് പണം സംസ്ഥാനത്തിനു വെളിയിലേ നിക്ഷേപിക്കയാണെങ്കിൽ ഇവിടത്തെ വ്യവസായാഭിവൃദ്ധിയെ അതു് സാരമായി ബാധിക്കും. ഈ ബില്ലിൽ ക്ഷേപ്തപ്പെടുത്തുന്ന ഭൂമി സമ്പാദിക്കുന്ന ആളുകൾ പുറത്തു് വസ്തു സമ്പാദിക്കാൻ പാടില്ലെന്നു് വ്യവസ്ഥചെയ്യുന്നതു് ഈ രാജ്യത്തിന്റെ വ്യവസായതാൽപ്പര്യത്തിനു് സഹായകരമായിരിക്കുമെന്നു തോന്നുന്നു. ഇക്കാര്യവും സെലക്ററു കമ്മററിയുടെ പര്യാലോചനയ്ക്കായി സമർപ്പിക്കുന്നു.

[Shri K. C. George, Chairman, in the Chair.]

സഹകരണാടിസ്ഥാനത്തിൽ കൃഷിയെ പ്രോൽസാഹിപ്പിക്കണമെന്നതു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണു്. കായൽകൃഷിയെ സംബന്ധിച്ചിടത്തോളം വലിയ ധനികന്മാർക്കു മാത്രമേ അതു നടത്താൻ കഴിയുള്ളുവെന്നു് കാൺഗ്രസ് ബഞ്ചുകളിൽനിന്നു് പറയുകയുണ്ടായി. സഹകരണാടിസ്ഥാനത്തിൽ കൂട്ടുകൃഷിസംപ്രദായം നടപ്പിലാക്കിയാൽ എത്ര വലിയ നിലങ്ങളായിരുന്നാലും എന്തുമാത്രം പണം ചെലവുവന്നാലും ഏററവും നല്ല നിലയിൽ കൃഷിചെയ്യാൻ സാധിക്കും. അങ്ങിനെയുള്ള കൂട്ടുകൃഷിസംപ്രദായം ഇവിടെ നടപ്പിൽവരുന്നതിനെ കാൺഗ്രസ്സുകാർ എതിർക്കുമോ? സഹകരണാടിസ്ഥാനത്തിൽ സംഘടിക്കുന്ന കൂടുമകൾക്കു് സൗജന്യമായി കാർഷികോപകരണങ്ങളും നല്ല വളവും അതുപോലെതന്നെ കുറഞ്ഞ പലിശക്കു് ലോണും നൽകുന്നതു് നന്നായിരിക്കും. അങ്ങിനെയാണെങ്കിൽ തുണ്ടുതുണ്ടായ് വരുന്ന ഭൂമിയിൽ പ്രത്യേകം പ്രത്യേകം കൃഷിനടത്താതെ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള ഒരു പ്രേരണ ആളുകളുടെ ഇടയിൽ ഉണ്ടാകും. അക്കാര്യവും സെലക്ററുകമ്മററി ശ്രദ്ധിക്കേണ്ടതാണു്. ഭൂമി എടുത്തുകൊടുക്കാൻ ലാൻഡ് ട്രൈബ്യൂണലിനെ ഏർപ്പെടുത്തുന്നതായി ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ലാൻഡ് ട്രൈബ്യൂണലായി വൻകിട ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തിയാൽ വരുന്ന കുഴപ്പത്തെപ്പററി എന്റെ പാർട്ടിയിൽപ്പെട്ട ഒരു മെംബർ സംസാരിച്ചുകഴിഞ്ഞു. അതിനെപ്പററി കൂടുതൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ലെങ്കിലും വാസ്തവത്തിൽ ഉയർന്ന ഉദ്യോഗസ്ഥന്മാർ വലിയ സ്വാപിതതാൽപ്പര്യമുള്ളവരാണു് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അവർ ഈ രാജ്യത്തെ വലിയ വലിയ ജന്മികളെ പ്രതിനിധീകരിക്കുന്നവരാണു്. ഗൃഹനിലയുടെ മെച്ചംകൊണ്ടു് അപൂർവം ചിലക്കു് വലിയ ഉദ്യോഗങ്ങളിൽ പ്രവേശിക്കാൻ സാധിച്ചിട്ടുണ്ടെന്നല്ലാതെ പൊതുവെ പറയുകയാണെങ്കിൽ ഈ വൻകിട ഉദ്യോഗസ്ഥന്മാരെല്ലാം സ്ഥാപിതതാൽപ്പര്യങ്ങൾ ഉള്ളവരാണു്. അങ്ങിനെയുള്ളവരെ ഇത്തരത്തിലുള്ള വിപ്ലവകരമായ പര വർത്തനങ്ങൾക്കു് അധികാരപ്പെടുത്തിയാൽ അവർ അതിനു് ചില തടസ്സങ്ങൾ ഉണ്ടാക്കുന്നതിനുപോലും മുന്നിട്ടുനിൽക്കുമെന്നു് പല പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം അനുഭവപ്പെട്ടിട്ടുള്ളതാണു്. ഈ പി. എസ്സ്. പി. സർക്കാരും കുറഞ്ഞകാലത്തെ അനുഭവംകൊണ്ടു് അതു മനസ്സിലാക്കിയിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ വൻകിട ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ട്രൈബ്യൂണൽ ഉണ്ടാക്കുന്നതിനു പകരം ജനകീയ കമ്മിററികൾ ഉണ്ടാക്കി ആ കമ്മിററിയുടെ ചുമതലയിൽ ഈ ഭൂമികൾ വിതരണം ചെയ്യാനുള്ള വ്യവസ്ഥകൾ ചെയ്യുന്നതു് ഏററവും നന്നായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. അതിനെപ്പററിയും സെലക്ററുകമ്മിററി പരിചിന്തിക്കേണ്ടതാണു്.

[ശ്രീ. യു. നീലകണ്ഠൻ]

ജന്മികൾക്ക് ഭൂമി കൈവശംവയ്ക്കാൻ അനുവദിച്ചുകൊടുത്താൽ അവർ കൃഷിചെയ്യണമെന്നില്ല ; കാരണം കൃഷിചെയ്യാതെ മനുഷ്യനെ ചൂഷണം ചെയ്ത് പള്ളവീർപ്പിച്ച് പരിശീലിച്ചുപോയ കുറെ ആളുകൾ ഭൂമിയിൽ അദ്ധ്വാനിച്ചു എന്ന് വരികയില്ല. അങ്ങിനെ അദ്ധ്വാനിക്കാതെ, തക്കതായ കാരണംകൂടാതെ ഭൂമി തരിശായിട്ടിരിക്കുന്ന ആളുകളിൽനിന്നും ഭൂമി വീണ്ടെടുത്ത് ഭൂമിയില്ലാ കൃഷിക്കാർക്ക് കൊടുക്കാനുള്ള അധികാരംകൂടി ഈ ട്രൈബ്യൂണലിന് ഉണ്ടെന്ന് വ്യക്തമായി എഴുതി ചേർക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഇത്രയും കാര്യങ്ങൾ സെലക്റ്റുകമ്മിററി പരിഗണിച്ച് ബില്ലിൽ വേണ്ട മാററങ്ങൾ വരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. എ. സി. ചാക്കോ : ഈ ബിൽ സെലക്റ്റുകമ്മിററിയ്ക്ക് അയയ്ക്കണമെന്നുള്ള അഭിപ്രായത്തെ അനുകൂലിച്ച് ഈ സഭയുടെയും സെലക്റ്റുകമ്മിററി അംഗങ്ങളുടെയും പരിചിന്തനത്തിനായി ഒന്നുരണ്ടുകാര്യങ്ങൾ സൂചിപ്പിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ ഭൂനയബില്ലുകൾ വളരെ അധികം ഒച്ചപ്പാടുകൾ ഉണ്ടാക്കിയിട്ടുള്ളതും ഈ രാജ്യത്തെ സാമ്പത്തികനിലയെ കാര്യമായി സ്പർശിക്കുന്നതുമാകയാൽ പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയും അപ്രകാരം അവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ രാജ്യത്തെ പ്രമുഖവ്യക്തികളും കൃഷിക്കാരും അവരുടെ അഭിപ്രായം അറിയിച്ചുകഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ആറേഴുമാസങ്ങളായി പത്രങ്ങൾ മുഖേനയും ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഇന്നലെയും ഇന്നും ഈ സഭാതലത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവർ അവരുടെ അഭിപ്രായങ്ങളും പ്രകടമാക്കിയിട്ടുണ്ട്. ഈ ബില്ലിന്റെ ഓരോ വകുപ്പുകളെ പരാമർശിച്ചുകൊണ്ട് ഇവിടെ നടത്തിയ അഭിപ്രായങ്ങൾ വച്ചുനോക്കുമ്പോൾ കൂടുതലൊന്നും പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും ഇത്ര പ്രാധാന്യമർഹിക്കുന്ന ഒരു ബിൽ, അനേകകാലമായി ഈ രാജ്യത്തു നടപ്പിലാക്കാൻ വേണ്ടി ഒരു രാഷ്ട്രീയപാർട്ടി പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു ബിൽ കേവലം ഒന്നോ രണ്ടോ ആഴ്ചകളിലെമാത്രം ആലോചനയുടെ ഫലമായി അവതരിപ്പിക്കപ്പെടുകയും ഇതിനെ ജനപ്രതിനിധികൾ എപ്രകാരം സ്വാഗതം ചെയ്യുന്നുവെന്ന് അറിയുവാൻ ഈ രാജ്യത്തെ കാർഷികജനത ഈ നിയമസഭയെ വളരെ അധികം ജിജ്ഞാസയോടെ വീക്ഷിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ രാജ്യത്തെ കാർഷികജനത അനേകകാലമായി അശാസ്ത്രീയമായവിധത്തിൽ കൃഷി നടത്തി ദൈനംദിനം ഋണഭാരത്തിൽ അടിഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്നു എന്നുള്ളതു് ഒരു വസ്തുതയാണ്. ഈ ഭൂനയബിൽ അവതരിപ്പിച്ചശേഷം സാമ്പത്തികമായി ഈ രാജ്യത്ത് വളരെ അധികം അധഃപതനം ഉണ്ടായിട്ടുണ്ടെന്നും ഇവിടത്തെ കർഷകജനത ഏതെല്ലാം വിധത്തിൽ മുമ്പോട്ടുപോകാൻ ക്ലേശിക്കുന്നുവെന്നും നാട്ടിൻപുറങ്ങളിൽ സഞ്ചരിക്കുന്ന ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ കാലത്തും തങ്ങളുടെ പക്കലുള്ള ഭൂമിയിൽ ശാസ്ത്രീയമായോ അശാസ്ത്രീയമായോ കൃഷിയിറക്കുന്നതിനുവേണ്ടി മററുള്ളവരിൽനിന്നും കടം വാങ്ങി മുമ്പോട്ടുപോയിരുന്നു. ഈ ബിൽ വരാൻപോകുന്നുവെന്ന് അറിഞ്ഞതോടുകൂടി വസ്തു പണയപ്പെടുത്തിയാലും പണം കിട്ടാൻ സാദ്ധ്യമ

ല്ലെന്നും ഗവണ്മെൻറിൽനിന്നു് പണം കടംകിട്ടാൻ എളുപ്പമല്ലെന്നും മനസ്സിലാക്കുന്ന കൃഷിവലന്മാർ ഇന്നു വളരെ വിഷമിക്കുന്നുണ്ടു്. ഈ രാജ്യത്തെ ഒരു വിഭാഗം ജനങ്ങൾക്കു്, അഭ്യസ്തവിദ്യരായ ഗവണ്മെൻറു ജീവനക്കാർക്കു്, വലിയ ശമ്പളം വാങ്ങിയ്ക്കുവാനുള്ള സാദ്ധ്യതകളുള്ളപ്പോൾ തലമുറ തലമുറകളായി മലയോടും മലമ്പനിയോടും പൊരുതിക്കൊണ്ടു് കൃഷി ചെയ്യുന്ന കൃഷിവലന്മാർക്കും അവരുടെ സന്താനങ്ങൾക്കും സാമ്പത്തികമായി ഉയരാൻ പാടില്ലെന്നുള്ള ഒരു പരിതഃസ്ഥിതിയിലേക്കു് അവരെ തള്ളിവിടുന്നതു് ന്യായമാണോ എന്നു ഞാൻ ചോദിക്കുകയാണു്. ഞാൻ ജന്മിമാർക്കുവേണ്ടി വാദിക്കുകയല്ല. മുതലാളിത്തം നിലനിറുത്തണമെന്നു ഞാൻ പറയുകയല്ല. ഈ അടുത്തകാലത്തു ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുന്നുണ്ടു്. വളരെ നല്ലകാര്യം, ഞാൻ അനുകൂലിക്കുന്നു. വളരെ കുറഞ്ഞ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വീണ്ടും കൂട്ടാൻ ഉദ്ദേശിക്കുന്നു. അതുപോലെതന്നെ അനേകം പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നുണ്ടു്. അനേകംപേർക്കു് ഉദ്യോഗംകൊടുത്തുകൊണ്ടു് ശമ്പളം വർദ്ധിപ്പിക്കാൻ സാധിക്കുമെങ്കിൽ അതിൽ ആർക്കും യാതൊരു തടസ്സവുമില്ല. അതേസമയത്തു് തങ്ങൾക്കും തങ്ങളുടെ ഭാവി തലമുറയ്ക്കുംവേണ്ടി രാപ്പകലില്ലാതെ രക്തം വെള്ളമാക്കി അദ്ധ്വാനിക്കുന്ന കർഷകജനതയുടെ കാര്യത്തെസംബന്ധിച്ചിടത്തോളം ഒരു ചർച്ചയ്ക്കും സാദ്ധ്യതയില്ലാത്തതരത്തിൽ ഒരു പൂർണ്ണവിരാമമിടുന്നതു് ന്യായമാണോ എന്നു് ഞാൻ ചോദിക്കുന്നു.

ഞാൻ ചോദിക്കുന്നു, സർ, പി. എസ്സ്. പി. ഗവണ്മെൻറിനു് ഈ 15 ഏക്കറും $22\frac{1}{2}$ ഏക്കറും 30 ഏക്കറുമെല്ലാം എവിടെനിന്നുകിട്ടി എന്നു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു് ഈ 15 ഏക്കറും $22\frac{1}{2}$ ഏക്കറും 30 ഏക്കറും എന്നുള്ള നിഗമനത്തിൽ അവർ എത്തുവാൻ കാരണമെന്നു് അദ്ദേഹം പറയുമെന്നു ഞാൻ വിചാരിച്ചു. ഒരു കുടുംബത്തിനു പരമാവധി കൈവശം വയ്ക്കാവുന്ന ഭൂമി 15 ഏക്കറോ അല്ലെങ്കിൽ 30 ഏക്കർ പറമ്പോ ആയിരിക്കണമെന്നാണു് ബില്ലിൽ പറഞ്ഞിരിക്കുന്നതു്. ഈ ഭൂനയബിൽ കൊണ്ടുവരുന്നതിനു മുമ്പായി സാമ്പത്തികമായി ഇവിടത്തെ ജനങ്ങളുടെ നിലവാരത്തെ സംബന്ധിച്ചും ഭൂമിയുടെ പ്രകൃതിയെ സംബന്ധിച്ചും ഒരു കണക്കെടുക്കുന്നതിനും അതിൻെറ അടിസ്ഥാനത്തിൽ ഇവിടത്തെ ജനങ്ങൾക്കു തൃപ്തികരമാകത്തക്കവിധത്തിൽ ഇവിടെ കൃഷിചെയ്യുവാൻ ആഗ്രഹമുള്ളവർക്കു അവരുടെ സുഖപ്രദമായ ജീവിതനിർവ്വഹണത്തിനു എത്ര ഏക്കർ ഭൂമി വേണ്ടിവരുമെന്നു കണ്ടുപിടിക്കുന്നതിനും ഗവണ്മെൻറു പരിശ്രമിക്കേണ്ടതായിരുന്നു. അങ്ങനെയാതൊരു സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കാതെ, ആവക കാര്യങ്ങളെ അവഗണിച്ചുകൊണ്ടു് എത്രയും ചുരുങ്ങിയ ഒരുകാലംകൊണ്ടു്, ഇതില്ലാത്തതുകൊണ്ടു് രാജ്യം ഏതോ അപകടത്തിലേക്കു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതരത്തിൽ, ഇത്ര ചിന്താശൂന്യമായ ഒരു ബിൽ കൊണ്ടുവന്നതു് ഈ രാജ്യത്തോടു ചെയ്ത വലിയ ഒരു കടംകൈ ആയിപ്പോയി എന്നാണു് ഞാൻ പറയുന്നതു്. ഇതു് സെലക്ററുകമ്മിററിക്കു് അയയ്ക്കുന്നുണ്ടു്. ഗവണ്മെൻറിൻെറ മുമ്പിലും സെലക്ററുകമ്മിററിയുടെ മുമ്പിലും എനിക്കു ഒരു നിർദ്ദേശം വയ്ക്കാനുണ്ടു്. പത്തിരുപത്തിനാലുപേർ സെലക്ററുകമ്മിററിയിലുണ്ടു്. സെലക്ററുകമ്മിററിയിലെ അംഗങ്ങളിൽ

[ശ്രീ. എ. സി. ചാക്കൊ]

പലരും തിരുവിതാംകൂർ–കൊച്ചിയുടെ എല്ലാ ഭാഗങ്ങളും കണ്ടിട്ടുള്ളവരാണെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലും അവരിൽ പലരും ഈ രാജ്യത്തിന്റെ എല്ലാഭാഗങ്ങളും പ്രത്യേകിച്ച് കിഴക്കൻതാലൂക്കുകളിലെ പല പ്രദേശങ്ങളും കണ്ടിട്ടില്ലാത്തവരാണെന്നും ആ പ്രദേശങ്ങളിലെ ഭൂമി ഏതു തരത്തിലുള്ളതാണെന്നു മനസ്സിലാക്കിയിട്ടില്ലാത്തവരാണെന്നും ഞാൻ ഉദ്ദേശിക്കുന്നു. നമ്മുടെ ഗവണ്മെന്റു ഇന്നലെ പുതിയതരത്തിലുള്ള ഒരു കോച്ച് പണിതിറക്കിയിട്ടുണ്ട്. ഈ സെലക്റ്റുകമ്മിററി അംഗങ്ങൾക്കു അതു ഒന്നുരണ്ടുമാസക്കാലത്തേയ്ക്കു കൊടുത്താലും തരക്കേടില്ല. അവർ എല്ലാവരും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചുററി സഞ്ചരിച്ച് ഓരോ പ്രദേശങ്ങളിലേയും ഭൂമിയുടെ സ്ഥിതിയും ജനങ്ങളുടെ സാമ്പത്തികനിലവാരവും അന്വേഷിച്ച് അറിയണമെന്നാണ് ഞാൻ പറയുന്നതു്. ഞാൻ ഈ സഭയിലുള്ള എല്ലാ അംഗങ്ങളോടും അപേക്ഷിക്കുകയാണ്, തൊടുപുഴ, മീനച്ചൽ മുതലായ താലൂക്കുകളിലെ മലംപ്രദേശങ്ങളിലേക്ക് ഞാൻ അവരെ ക്ഷണിക്കുകയാണ്. അവർവന്നു ആ പ്രദേശങ്ങൾ നേരിട്ടു കാണേണ്ടതാണ്. കിഴക്കാംതൂക്കായ മലകളും പാറക്കൂട്ടങ്ങളും വന്യമൃഗങ്ങൾ നിവസിക്കുന്ന വനപ്രദേശങ്ങളും ഒന്നു കണ്ടിരിക്കേണ്ടതാണ്. ആ ഭൂമികൾ, അനേക തലമുറകളായി അദ്ധ്വാനിക്കാരായി അനേകകാലം പ്രയത്നിച്ചതിന്റെ ഫലമായി, പത്തും പതിനഞ്ചും കൊല്ലക്കാലം കടംവാങ്ങിച്ചു മുതൽമുടക്കി പ്രയത്നിച്ചതിന്റെ ഫലമായി, പത്തുപതിനഞ്ചുകൊല്ലക്കാലം കഴിഞ്ഞപ്പോൾ കുറെ തെങ്ങും കുറെ മുളകുമെല്ലാം ഉണ്ടായിക്കഴിഞ്ഞപ്പോൾ, അതിൽനിന്നു 15 ഏക്കർ കഴിച്ച് ബാക്കിയുള്ളതു പാട്ടത്തിനു കൊടുക്കണമെന്നു പറഞ്ഞാൽ ആർക്കെങ്കിലും അതു സാധിക്കുമോ എന്നു ഞാൻ ചോദിക്കുകയാണ്. ഒരുപക്ഷെ ഇടതുപക്ഷക്കാർ ചോദിച്ചേക്കും ഇതൊക്കെ ആരാണ് കൃഷിചെയ്തതെന്ന്. ഞാൻ പറയുന്നു തൊടുപുഴ, മീനച്ചൽ മുതലായ സ്ഥലങ്ങളിലെ, ഭൂമിയുടമസ്ഥന്മാർതന്നെ; അവരുടെ വീട്ടിലുള്ള ആളുകൾ എല്ലാവരുംതന്നെ; ഭാര്യയും ഭർത്താവും കുട്ടികളുമൊക്കെ പോയി ജോലിചെയ്താണ് ഭൂമി അപ്രകാരമാക്കിയിട്ടുള്ളതു് എന്ന്.

ശ്രീ. പി. ഭാസ്കരൻനായർ : ആ ഭൂമികളിൽ ഭൂമിഉടമകൾതന്നെയാണോ പ്രവർത്തിച്ചിട്ടുള്ളതു്?

ശ്രീ. എ. സി. ചാക്കൊ : അതെ.

ശ്രീ. പി. ഭാസ്കരൻനായർ : അവിടെയുള്ള കൃഷിക്കാരെയെല്ലാം ഞങ്ങൾ സംഘടിപ്പിച്ചുകഴിഞ്ഞു.

ശ്രീ. എ. സി. ചാക്കൊ : ഏതാണ്ടു് 24–ം, 25–ം ഏക്കർ ഭൂമി കൈവശംവച്ച് ആ ഭൂമിയിൽ പ്രവർത്തിച്ച് ഉപജീവനം കഴിച്ചുവരുന്ന മിഡ്ൽക്ലാസ്സിൽപെട്ട ആളുകളാണ് അവിടെയുള്ളതു്. തൊഴിലാളികളെക്കൊണ്ടു പണിചെയ്യിച്ച് അവരെ ചൂഷണംചെയ്തുണ്ടാക്കിട്ടുള്ള സ്ഥലങ്ങൾ അല്ല അതു്. കഷ്കവൃത്തികൊണ്ടു് ജീവിച്ചിരുന്നവരെ അതിനു പ്രോത്സാഹിപ്പിക്കുന്നതിനുപകരം അവരെ കഷ്കവൃത്തിയിൽനിന്നു പിൻമാററി മററു തുറകളിലേക്ക് പോകാൻ പ്രേരിപ്പിക്കുകയാണ് ഗവണ്മെന്റു ചെയ്യുന്നതു്. ഇന്നു ആ നില രാജ്യത്തുവന്നുതുടങ്ങിയിട്ടുണ്ട്.

മറേറാരോ തൊഴിലും അന്വേഷിച്ചുകൊണ്ടു് ഈ രാജ്യത്തെ കർഷക ജനത മററു പല രാജ്യങ്ങളിലേക്കും ഇന്നു പോയിക്കൊണ്ടിരിക്കുകയാണു്. ഈ രാജ്യത്തു തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും കൃഷിയുടെ ശാസ്ത്രീയമായ പുരോഗതി തടയുന്നതിനും ഉപയുക്തമായ ഒരു നിയമനിർമ്മാണത്തിനു് ഒരുങ്ങുന്നതു് നമ്മുടെ രാജ്യത്തിനു് അഭിമാനകരമാണോ എന്നു ഞാൻ ചോദിക്കുകയാണു്. ഈ രാജ്യത്തെ ജനങ്ങളെ കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പിക്കുന്നതിനും നാട്ടിൽ കാർഷികവിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇതുപോലെയുള്ള യാതൊരു ചിന്താശക്തിയും ഉപയോഗിച്ചിട്ടില്ലാത്ത നിയമം കൊണ്ടുവന്നു് 10-ം, 15-ം ഏക്കർ എന്നു പറഞ്ഞു അവരെ അതിൽനിന്നു പിൻവലിപ്പിക്കരുതു് എന്നാണു് എനിക്കു പറയുവാനുള്ളതു്. 15 ഏക്കർ ഭൂമിയിൽനിന്നു് അല്ലെങ്കിൽ 30 ഏക്കർ പറമ്പിൽനിന്നു കിട്ടാവുന്ന ആദായമെന്താണെന്നു ഗവണ്മെൻറു കണക്കാക്കിനോക്കിയിട്ടുണ്ടോ എന്നറിയുവാൻ എനിക്കാഗ്രഹമുണ്ടു്. ഇന്നത്തെ കൃഷിസമ്പ്രദായം അനുസരിച്ചു്, ഇന്നത്തെ കാലാവസ്ഥയുടെ വ്യത്യാസം അനുസരിച്ചു് ഈ പറയുന്ന ഭൂമിയിൽനിന്നുള്ള വരുമാനംകൊണ്ടു് അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനു സൗഭാഗ്യമായി അല്ലെങ്കിൽ സാധാരണഗതിയിൽ ജീവിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. ശാസ്ത്രീയമായ രീതിയിൽ ഉള്ള ഒരു ഭൂനിയമം ഇവിടെ നടപ്പാക്കണമെന്നുണ്ടെങ്കിൽ അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനു ന്യായമായി ജീവിക്കുന്നതിനു അവകാശപ്പെടാവുന്ന വരുമാനം എന്താണെന്നു നിശ്ചയിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തിൻെറ ഓരോ ഭാഗത്തും ഇത്ര ഏക്കർ ഭൂമിയുണ്ടെങ്കിൽ ഇത്ര ആദായം കിട്ടുമെന്നു തീട്ടപ്പെടുത്തുകയും ചെയ്തതിൻെറ ശേഷം ഓരോ കുടുംബത്തിനും കൈവശം വയ്ക്കാവുന്ന ഭൂമി ഇത്ര ഏക്കറെന്നു നിശ്ചയിക്കുകയാണു് വേണ്ടതു്. തിരുവിതാംകൂർ-കൊച്ചിയിൽ തൊടുപുഴ, മീനച്ചൽ മുതലായ ദിക്കുകളിൽ ഭൂമിയുടെ സ്ഥിതി എന്താണു്, അവിടെ ഒരേക്കർ ഭൂമിയിൽനിന്നു എന്തു വരുമാനം ഉണ്ടു്, അവിടെ എത്ര ഏക്കറെങ്കിൽ ഒരു കുടുംബത്തിനു ന്യായമായി ജീവിക്കാം, അതുപോലെ തിരുവനന്തപുരത്താണെങ്കിൽ എത്ര ഏക്കർവേണം, ചേർത്തലതാലൂക്കിലാണെങ്കിൽ എത്ര ഏക്കർവേണം, ദേവികുളത്താണെങ്കിൽ എത്ര ഏക്കർ വേണം എന്നു കണ്ടുപിടിച്ചു് ബോദ്ധ്യപ്പെട്ടതിനു ശേഷം വേണം ഭൂമിയുടെ പരിധി തീട്ടപ്പെടുത്തുവാൻ. അങ്ങിനെ ഒരു ഭൂമിയിൽനിന്നുള്ള വരുമാനത്തിൻെറ അടിസ്ഥാനത്തിലായിരിക്കണം വിസ്തീർണ്ണവും പരിധിയും നിർണ്ണയിക്കുവാൻ. ഏതുവിധത്തിലും പുരോഗമനാത്മകമായ ഒരു ബില്ലല്ല ഇതു് എന്നു പറയാതെ തരമില്ല. ഓരോ രാഷ്ട്രീയപാർട്ടിയും ഭൂനിയമത്തെ സംബന്ധിച്ചുള്ള അവരുടെ അഭിപ്രായം ഈ സഭാതലത്തിൽ പ്രകടിപ്പിച്ചു കഴിഞ്ഞിരിക്കുന്നതുകൊണ്ടു് ഒരു രാഷ്ട്രീയപാർട്ടിയും ഭൂനയബില്ലിനു് എതിരാണെന്നു പറയുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. കാർഷികതൊഴിലാളികൾക്കു് വളരെ അധികം ആവേശംകൊള്ളുന്ന തരത്തിലും, ജനങ്ങൾക്കു് പൊതുവെ ആനുകൂല്യം തോന്നത്തക്കവിധത്തിലും ഈ നാട്ടിലെ കർഷകജനതയ്ക്കു അവരുടെ പുരോഗമനത്തിൽ ഉത്തമവിശ്വാസമുണ്ടാകത്തക്കവിധത്തിലും അത്ര പുരോഗമനപരമായ ഒരു നിയമമായി ഈ ബില്ലിനെ രൂപാന്തരപ്പെടുത്തണമെന്നുള്ള ഒരാഗ്രഹമാണു് എനിക്കു സെലക്ററുകമ്മിററിക്കു തരുവാനുള്ളതു്.

ശ്രീ. കെ. എം. ജാർജ്ജ്: സർ, ഞാനും ഈ ബില്ലിനെ സ്വാഗതം ചെയ്യുകയും സെലക്ട് കമ്മിററിക്കു അയയ്ക്കുന്നതിനെ പിന്താങ്ങുകയും ചെയ്യുകയാണ്. ഇതിനു മുൻപു പ്രസംഗിച്ച എന്റെ ചില സ്നേഹിതന്മാർ വിലയേറിയ ചില ആശയങ്ങൾ ഈ ബഹുമാനപ്പെട്ട സഭയുടേയും സെലക്ട് കമ്മിററിയുടേയും മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആ ഭാഗത്തെ അടിസ്ഥാനപ്പെടുത്തി ഏതാനും ചില വാക്കുകൾ മാത്രം പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സെലക്ട് കമ്മിററി ഈ ബില്ലിനെപ്പററി ആലോചിക്കുമ്പോൾ അവർ ചെയ്യേണ്ട കാര്യത്തെപററി ഈ രാജ്യത്തിന്റെ എല്ലാഭാഗത്തു നിന്നുമുണ്ടായിട്ടുള്ള ഒരു ഏതു അഭിപ്രായം അവരെ ധരിപ്പിക്കണമെന്ന അഭിലാഷം മാത്രമാണ് ഏതാനും ചില വാക്കുകൾ പറയുന്നതിനു എന്നെ പ്രധാനമായും പ്രേരിപ്പിച്ചത്.

സർ, ഭൂ ഉടമ വിഷയത്തിൽ ചൈതന്യപൂർവകമായ ഒരു നടപടി വളരെ ആവശ്യമാണെന്ന തത്വം, അദ്ധ്വാനിക്കുന്ന എല്ലാ കർഷകക്കും അവർ അദ്ധ്വാനിക്കുന്ന ഭൂമിയിൽ ഉടമാവകാശം ഉണ്ടായിരിക്കണമെന്ന തത്വം, രാഷ്ട്രീയമായ വ്യത്യാസം കൂടാതെ തിരുവിതാംകൂർ–കൊച്ചിയിൽ മാത്രമല്ല, ഏറക്കുറെ ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും ഇന്നു അംഗീകൃതമായിട്ടുണ്ട്. അങ്ങിനെ ഒരു ബിൽ, അതു എത്രമാത്രം അപൂർണ്ണമാണെങ്കിലും, കൊണ്ടുവന്നിട്ടുള്ളതിനു ഞാൻ ഈ മന്ത്രിസഭയെ അഭിനന്ദിക്കുന്നു. എന്റെ ബഹുമാന്യ സ്നേഹിതൻ മി. ചാക്കോ പറഞ്ഞതുപോലെ ഈ ബില്ലിൽ പല അപര്യാപ്തതകളുമുണ്ട്. ആറേഴ മാസക്കാലംകൊണ്ടു ഈ രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും വളരെ വ്യക്തികൾ ഈ ബില്ലിനെപ്പററി ആയിരമായിരം അഭിപ്രായങ്ങൾ മന്ത്രിസഭ ആവശ്യപ്പെട്ടതനുസരിച്ച് എഴുതി അയച്ചിട്ടുണ്ട്. അങ്ങിനെ എഴുതി അയച്ചിട്ടുള്ള ആ അഭിപ്രായങ്ങൾ എല്ലാംതന്നെ ഗവണ്മെന്റ് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഞാൻ വിശ്വസിക്കുന്നത്, ഈ നാട്ടിൽ എല്ലാ ഭാഗത്തുനിന്നും വന്നിട്ടുള്ള അഭിപ്രായത്തെ ആദരിച്ച് ഇതിനകം ഈ ബില്ലിൽ എന്തെങ്കിലും ഒരു മാററം വരുത്തുവാൻ ഗവണ്മെന്റിനു ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ അതിനു സമയമുണ്ടായിരുന്നു എന്നാണ്. ഈ നാട്ടിലെ ആളുകൾ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ അവരുടെ ഉൽക്കർഷത്തിനു ഉതകത്തക്ക വിധത്തിൽ ഈ ബില്ലിലെ വ്യവസ്ഥകൾക്കു എന്തെങ്കിലും ഒരു വ്യതിയാനം വരുത്തുവാൻ ഈ ബഹുമാനപ്പെട്ട മന്ത്രിസഭ എന്തുകൊണ്ടു മുതിർന്നില്ല എന്നു ഞാൻ ചോദിക്കുകയാണ്. എന്തുകൊണ്ട് ഈ രാജ്യത്തെ നന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ഭൂനയത്തിനുവേണ്ടി, ആ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഈ ബിൽ മാറി എഴുതുവാൻ ഗവണ്മെന്റു തയ്യാറായില്ല എന്നു ഞാൻ വളരെ വിനയത്തോടുകൂടി ചോദിക്കുകയാണ്. ഈ നിയമനിർമ്മാണം ആവശ്യമാണെന്നുണ്ടെങ്കിൽ അതിനു ഉപോത്ബലകമായ ചില വസ്തുതകൾ നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. അതായതു് ഇതുകൊണ്ട് എത്രപേക്കു ഗുണം കിട്ടുമെന്നും, എത്രപേക്കു ഭൂമി കിട്ടുമെന്നും, എത്ര ഭൂമിയിൽ നമുക്കു കാർഷികോൽപാദനം നടത്തുവാൻ സാധിക്കുമെന്നും പ്രധാനമായും അറിയേണ്ടതുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളെപ്പററി നാം അജ്ഞരായിരിക്കെ ഇവിടെ ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു് യഥാർത്ഥത്തിൽ കൂടുതൽ ആളുകൾക്കു ഭൂമി കിട്ടണമെന്നുള്ളതാണെങ്കിൽ അതോടൊപ്പം

വേറെ ഒരു പദ്ധതികൂടി കൊണ്ടുവരേണ്ടതുണ്ട്. നമ്മുടെ കുട്ടിവനങ്ങൾ, കായൽ പ്രദേശങ്ങൾ, വനങ്ങളിലെ ചതുപ്പു നിലങ്ങൾ ഇവയെല്ലാം കൂടി ഏകദേശം 10 ലക്ഷത്തോളം ഏക്കർ വരുമെന്ന് ഈ സഭയിൽ തന്നെ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ബിൽ പാസ്സാക്കുന്നതു ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമി കൊടുക്കുന്നതിനു വേണ്ടിയാണെങ്കിൽ അതോടൊപ്പം മേൽപ്പറഞ്ഞ ഭൂമികൾ പതിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതികൂടി മുന്നോട്ടു കൊണ്ടുപോകാത്തപക്ഷം നാം ഉദ്ദേശിക്കുന്ന ഫലം ഈ ബില്ലുകൊണ്ട് ഉണ്ടാകാൻ പോകുന്നില്ല. ഈ രാജ്യത്തെ കർഷക ജനതയെ സംതൃപ്തരാക്കുന്നതിനാണ് ആഗ്രഹിക്കുന്നതെങ്കിൽ ഈ ബിൽകൊണ്ടു മാത്രം അതു് സാധിക്കുവാൻ പോകുന്നില്ല എന്നുകൂടി ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. പല ബഹുമാനപ്പെട്ട സ്നേഹിതന്മാരും ഏക്കറേജ് നിശ്ചയിക്കുന്നതു്, അല്ലെങ്കിൽ ഭൂമിയുടെ പരിധി നിശ്ചയിക്കുന്നതു് കുടുംബത്തിലെ ഓരോ വ്യക്തിയുടെയും അടിസ്ഥാനത്തിൽ വേണമെന്നു പറഞ്ഞു. ഒരു വ്യക്തിക്ക് പ്രതിമാസം എത്ര രൂപ വരുമാനമുണ്ടെങ്കിൽ ഒരുവിധം മാന്യമായി ജീവിക്കാമെന്നുള്ളതിനു ഒരു കണക്കെടുക്കണം. ഈ രാജ്യത്തെ എല്ലാ സാഹചര്യങ്ങളും, ജീവിതത്തോതും അനുസരിച്ച് ജീവിക്കുന്നതിനു പ്രതിമാസം എത്ര വരുമാനം ഉണ്ടായാൽ സാധിക്കും എന്നുള്ളതു തിട്ടപ്പെടുത്തിയതിനു ശേഷം അതിനു തുല്യമായനിലയിൽ ജീവിക്കുന്നതിനുള്ള ഒരു സാഹചര്യം നാട്ടിലെ കൃഷിക്കാർക്കും ഉണ്ടാകണം എന്ന നിലയിൽ ഭൂമിയുടെ പരമാവധി നിശ്ചയിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അങ്ങിനെ ചെയ്യാത്ത പക്ഷം ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതിന്റെ നേരെ വിപരീത ഫലമാണ് ഉണ്ടാകുകയെന്നും, കാർഷിക വൃത്തിയിൽ നിന്നു ജനങ്ങൾ വളരെയേറെ വിമുക്തരാകുന്നതാണെന്നും, ഒരു പക്ഷെ അവർ സംഘടിതരായി നിന്നു പണിമുടക്കുകളും വിപ്ലവങ്ങളും ഉണ്ടാക്കുന്നതിനു് ഇടയാകുമെന്നും, വളരെ അധികം കുഴപ്പങ്ങൾ സംസ്ഥാനത്താകെ അലതല്ലുമെന്നുമാണ് എനിയ്ക്കു മുന്നറിയിപ്പു നൽകാനുള്ളതു്.

ധർമ്മസ്ഥാപനങ്ങളേയും ദേവാലയങ്ങളേയും മററും സംബന്ധിച്ചു പല സ്നേഹിതന്മാരും അവരുടെ അഭിപ്രായം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എനിക്ക് ഒരൊററ കാര്യമെ അതിനെപ്പററി പറയുവാനുള്ളു. അങ്ങിനെയുള്ള സ്ഥാപനങ്ങൾ, ഏതു മതസ്ഥാപനങ്ങളായാലും, അതു് രണ്ടോ നാലോ പേരുടെ ഗുണത്തിനുവേണ്ടിയുള്ളതല്ലെന്നും, തീർച്ചയായും അതു് സമൂഹത്തിന്റെ പൊതുവായ ഗുണത്തിനുവേണ്ടി നിലകൊള്ളുന്നതാണെന്നും, അതുകൊണ്ടു് അങ്ങനെയുള്ള സ്ഥാപനങ്ങളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കേണ്ടതു് അത്യാവശ്യമാണെന്നുമാണ് എനിക്കു പറയുവാനുള്ളതു്. അങ്ങനെ ചെയ്യില്ലെങ്കിൽ അവയിൽനിന്നു് ഇന്നു സമൂഹത്തിനു കിട്ടിക്കൊണ്ടിരിക്കുന്ന ഗുണം ഇല്ലാതാകുന്നതാണ്. അതുകൊണ്ടു് അങ്ങനെയുള്ള മതസ്ഥാപനങ്ങളെ സമൂഹത്തിന്റെ ഗുണത്തിനു വേണ്ടി പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ വയ്ക്കാവുന്ന ഭൂമിയുടെ പരിധിയിൽ നിന്നു ഒഴിവാക്കണമെന്നും, കൈവശാവകാശത്തെ സംബന്ധിച്ചിടത്തോളം ആ വസ്തുക്കളെല്ലാം ഇപ്പോൾതന്നെ മററു വ്യക്തികളുടെ കയ്യിലാണെന്നും എനിക്കു സെലക്ററു കമ്മിററിയെ ഓർമ്മപ്പെടുത്തുവാനുണ്ട്. ഈ ബില്ലിലെ കാര്യങ്ങളെപ്പററി കൂടുതൽ ആവർത്തിച്ചു പറഞ്ഞു സഭയെ മുഷിപ്പിക്കണമെന്നു ഞാൻ വിചാരിക്ക

[ശ്രീ. കെ. എം. ജാർജ്ജ്]

ന്നില്ല. വ്യക്തിയുടെ അടിസ്ഥാനത്തിൽ, ആദായം മാനദണ്ഡമാക്കി പരമാവധി നിശ്ചയിക്കണമെന്നും ഈ രാജ്യത്തിലെ ഭൂമിയുടെ ഗുണവിശേഷങ്ങൾ മനസ്സിലാക്കുന്നതിനു സെലക്റ്റ് കമ്മിററി രാജ്യത്തിന്റെ എല്ലാ ഭാഗത്തും സഞ്ചരിക്കണമെന്നും ഞാൻ ആവർത്തിച്ച് ആവശ്യപ്പെടുകയാണ്.

ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഭൂമികൾ വിവിധ തരത്തിലുള്ളവയാണ്. അക്കാര്യത്തെ സംബന്ധിച്ച് ശ്രീ. എ. സി. ചാക്കൊ നിർദ്ദേശിച്ചതുപോലെ ഈ രാജ്യത്തെ എല്ലാ ഭൂമികളേയും സംബന്ധിക്കുന്ന തരത്തിൽ ഈ ബില്ലിൽ ആവശ്യമായ മാററങ്ങൾ വരുത്തണം. ശ്രീ. പി. കെ. യശോധരൻ ഇവിടെ പറയുകയുണ്ടായി ഈ രാജ്യത്തെ സമുദ്രതീരം, മലനാട്, ഇടനാട് എന്നിങ്ങനെ മൂന്നായി തരംതിരിച്ച് അങ്ങിനെ ഒരു പരിഗണന ഈ ബില്ലിൽ വയ്ക്കുന്നതു് നന്നായിരിക്കുമെന്നു്. അതു് അദ്ദേഹം ചെറുപ്പത്തിൽ താഴ്ന്ന ക്ലാസ്സുകളിൽ പഠിച്ച കാലത്തു് ഭൂമിശാസ്ത്രപരമായി ഈ രാജ്യത്തെ മൂന്നായി തിരിക്കാം എന്നു പഠിച്ചിട്ടുള്ള ഓർമ്മ വച്ചുകൊണ്ടായിരിക്കണം പറഞ്ഞിട്ടുള്ളതു്. അങ്ങിനെ ഈ രാജ്യത്തെ മൂന്നായി തരംതിരിച്ചുകൊണ്ടു് എന്തെങ്കിലും വ്യത്യാസം ഈ ബില്ലിൽ വരുത്താം എന്നുദ്ദേശിച്ചു അദ്ദേഹം പറഞ്ഞതായിരിക്കണമെന്നേ ഞാൻ വിചാരിക്കുന്നുള്ളു. ഈ രാജ്യത്തെ ഓരോ താലൂക്കും ഓരോ വില്ലേജും എന്നല്ല ഓരോ ഫർലാംഗുതോറും വ്യത്യസ്തമായ ഭൂപ്രകൃതിയാണുള്ളതു്. അതിനനുസരണമായ ആദായമാണ് അവയിൽ നിന്നും ലഭിക്കുന്നതും. അതുകൊണ്ടു് തീർച്ചയായും ഈ രാജ്യത്തു് ആദായത്തിന്റെ അടിസ്ഥാനത്തിൽ വേണം ഭൂമിയുടെ പരിമിതി നിശ്ചയിക്കേണ്ടതു്. അതു കണ്ടുപിടിക്കുന്നതിനുവേണ്ടി വളരെ അവധാനതയോടുകൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനു കുറെ സമയം എടുക്കുന്നെങ്കിൽ തന്നെ അതു പാഴാവുകയില്ല, നഷ്ടവുമാകയില്ല എന്നും അങ്ങിനെയല്ലാതെ ഇവിടത്തെ ഭൂമിയുടെ പരിധി നിശ്ചയിച്ചാൽ അതുകൊണ്ടു് വളരെ വളരെ കുഴപ്പങ്ങൾ ഉണ്ടാകുമെന്നും ഞാനി സെലക്റ്റുകമ്മിററിയെ അറിയിക്കുകയാണ്. ഇതിലേയ്ക്കു് കുറെ സമയം എടുത്താലും അതു വളരെ അവധാനതയോടുകൂടി ചെയ്യേണ്ടതാണ്. ഇതിലേയ്ക്കു് ഒരു ലാൻഡ് സെൻസസ്സ് ഇല്ലാതെ, യാതൊരു സ്ഥിതിവിവരക്കണക്കുമില്ലാതെ ഈ നിയമം കൊണ്ടു വരികയാണെങ്കിൽ അതിന്റെ ദുഷ്ഫലങ്ങൾകൊണ്ടു് ഈ രാജ്യത്തു് വളരെ വളരെ ആളുകളെ അതു് പ്രതികൂലമായി ബാധിക്കുമെന്നു് ഈ മന്ത്രിസഭയേയും സെലക്റ്റുകമ്മിററിയേയും എനിക്കറിയിക്കുവാനുണ്ടു്. ഈ മൗലികമായ കാര്യങ്ങളിൽ വളരെ നീതിബോധത്തോടുകൂടി സെലക്റ്റുകമ്മിററിയും ഗവണ്മെന്റും പ്രവർത്തിക്കുവാൻ തയ്യാറാകണമെന്നു് അറിയിച്ചുകൊണ്ടു് ഇതു് സെലക്റ്റുകമ്മിററിക്കു് അയയ്ക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ ഭൂനയബില്ലിനെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രധാനമായ ബില്ലാണെന്നുള്ളതിനു് ആർക്കും സംശയത്തിനു് അവകാശമുണ്ടായിരിക്കയില്ല. ഈ ബില്ലിൽ കാര്യമായി സ്പർശിച്ചിട്ടുള്ളതു ഭൂമിയുടെ പരിധി നിശ്ചയിക്കുക എന്നുള്ളതിനെ സംബന്ധിച്ചാണ്. പരിധി നിശ്ചയിക്കുക എന്നുള്ള കാര്യത്തിൽ ഇവിടെയുള്ള അംഗങ്ങൾക്കാർക്കും തന്നെ അഭിപ്രായ

വ്യത്യാസം ഇല്ല എന്നുള്ളതു വളരെ വ്യക്തമായി തെളിഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. പക്ഷെ, അതിൽ ആദായത്തിന്റെ അടിസ്ഥാനത്തിലുള്ള പരിധി നിർണ്ണയം വേണമൊ, ഏക്കറേജിന്റെ അടിസ്ഥാനത്തിൽ പരിധി നിർണ്ണയം വേണമൊ എന്നതിനെ സംബന്ധിച്ചു വളരെ ചിന്താക്ഷപ്പവും തക്കവും ഉണ്ടായിട്ടുള്ള ഒരു കാര്യമാണ്. ഏതാണ്ട് ഒരുത്തിവരെ വരുമാനത്തെ സംബന്ധിച്ചിടത്തോളമുള്ള കാര്യത്തെപ്പററി ചിന്ത്ക്കണം. എന്നാൽ കൂടുതൽ ചിന്തിച്ചാൽ അതു വളരെ കുഴഞ്ഞു മറിഞ്ഞു കിടക്കുന്നതായതുകൊണ്ട് സമയനഷ്ടം വളരെ ഉണ്ടാവാതിരിക്കയില്ല. അതില്ലാതാക്കുന്നതിന് നാം ഒരു മാർഗ്ഗം പരിചിന്തനം ചെയ്യാതെ നിവൃത്തിയും ഇല്ല. ഈ ബില്ല് നിയമമാക്കിക്കൊണ്ടുവരണമെന്നു നാം വിചാരിച്ചാൽ അതിന് നമ്മുടെ സമയനഷ്ടമുണ്ടാകാതെ മുന്നോട്ടുപോകാനും നാം ശ്രമിക്കേണ്ടതാണ്. ഇന്ന് ഈ നാട്ടിൽ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളാണ് ഈ ബില്ലിൽ അടങ്ങിയിട്ടുള്ളത്. ഇന്ന് തിരുവിതാംകൂർ—കൊച്ചിയിലെ വളരെ ഏറെ ആളുകളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതും വളരെ ഏറെ അഭിപ്രായഗതികൾ ഗവണ്മെൻറിൽ വന്നിട്ടുള്ളതുമാണ്. അതുകൂടാതെ ഇപ്പോഴും വളരെ അധികം അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുവരുന്നുമുണ്ട്. എങ്ങിനെയായാലും അതേപ്പററി പറയുമ്പോൾ ഭൂപരിധി നിർണ്ണയത്തിന്റെ കാര്യത്തിൽ, കൂടുതൽ ഉള്ളതിന് കാമ്പൻസേഷൻ കൊടുക്കുന്ന കാര്യത്തിൽ നമുക്ക വളരെ സംസാരിക്കാനുണ്ട്. ഇന്ന് നമ്മുടെ ഭരണഘടന കാമ്പൻസേഷൻകൊടുക്കാതെ ഭൂമിയെടുക്കുന്നതിന് പ്രതിബന്ധമായി നില്ക്കുന്നുണ്ട്. ഭരണഘടന കൊണ്ടുള്ള പ്രതിബന്ധംകാരണം പി. എസ്. പി. സർക്കാരിന് ഈ കാമ്പൻസേഷൻ കൊടുത്തുകൊണ്ട് ഭൂമി എടുക്കുന്ന കാര്യത്തിൽ ഏറെ ഒന്നും സാധിക്കാതെയിരിക്കുകയാണ്. ഈ ബിൽ ഇവിടെ കൊണ്ടുവരുന്നതിൽ പി. എസ്. പി. മന്ത്രിസഭയ്ക്കുള്ള ഉദ്ദേശശുദ്ധിയെ സംബന്ധിച്ച് ഇവിടെ സംസാരമുണ്ടായി. കാമ്പൻസേഷന്റെ കാര്യം പറഞ്ഞ കൂട്ടത്തിൽ ഇതിനെ എതിർത്തവരുടെ അറിവിലേയ്ക്കായി ഞാൻ ഇതു് പറയുകയാണ്. ഇന്ന് നമുക്ക് ഇത്രയും കൃഷിഭൂമി കാമ്പൻസേഷൻ കൊടുത്ത് എടുക്കുക എന്നു വച്ചാൽ അതു് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഗവണ്മെൻറിന്റെ ഖജനാവിൽ അതിനു പണമില്ല എന്നുള്ളതും നമുക്കറിയാം. പല ബഹുമാനപ്പെട്ട മെംബറന്മാരും അതു് ഉന്നയിച്ചിട്ടുള്ള കാര്യവുമാണ്. ഇത്ര പെട്ടെന്ന് ഇത്രയും ഭൂമി കാമ്പൻസേഷൻ കൊടുത്ത് എടുക്കുക എന്നുള്ള തീരുമാനത്തോടു.....

ശ്രീ. കെ. എം. ചാണ്ടി : സ്പെഷ്യൽ റൈററ്സ് അബോളിഷൻ ബില്ലിൽ പത്തൊൻപതിരട്ടി കാമ്പൻസേഷനായി കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതു് ഓർമ്മിച്ചുകൊണ്ടോണോ മെംബർ ഇതു പറയുന്നത്?

ശ്രീ. കെ. എ. ശിവരാമഭാരതി : തിരുവിതാംകൂർ—കൊച്ചിയിലുള്ള എല്ലാത്തരം ഭൂമികളെ സംബന്ധിച്ചുള്ള കാര്യങ്ങളും കൈകാര്യം ചെയ്യുമ്പോൾ നമുക്കതിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കും. ഇന്ന് സ്പെഷ്യൽറൈററ്സ് പ്രകാരമുള്ള ഭൂമി അനുഭവിച്ചുവരുന്ന ആ ഭൂവുടമകളെസംബന്ധിച്ചുള്ള യാഥാർത്ഥ്യങ്ങൾ ശരിക്കു മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട മെംബർ ഇതു സംസാരിക്കുന്നതു്. സാധാരണഗതിയിൽ ഉള്ള ജന്മിമാർക്കും സ്പെഷ്യൽ റൈററ്സ്പ്രകാരം ഉള്ള ജന്മിമാർക്കും വളരെ

[ശ്രീ. കെ. എ. ശിവരാമഭാരതി]

വ്യത്യാസങ്ങളുണ്ട്. സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലിൽ അത്തരം ജന്മത്തെ ഇല്ലായ്മചെയ്യുന്നതിനുള്ള വ്യവസ്ഥയാണ് ചെയ്തിരിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : അതിന് ഇത്ര കൂടുതൽ കാമ്പൻസേഷൻ വ്യവസ്ഥ ചെയ്യണമെന്നുണ്ടോ ?

ശ്രീ. കെ. എ. ശിവരാമഭാരതി : അതു കുറയ്ക്കുന്നതിന് വിരോധമില്ല. ആ അഭിപ്രായത്തോട് എനിക്കു യോജിപ്പുണ്ട്. അതു് അങ്ങിനെ ചെയ്യണമെന്നാവശ്യപ്പെടുകയാണെങ്കിൽ പി. എസ്സ്. പി. അതിനു പ്രതിബന്ധമായി നില്ക്കുകയില്ല. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം എനിക്ക് അഭിപ്രായവ്യത്യാസമില്ല. ഈ കാര്യത്തിൽ ഒന്നുമാത്രം എനിക്ക് ചൂണ്ടിക്കാണിച്ചാൽ കൊള്ളാമെന്നുണ്ട്. ഭൂമിയുടെ പരിധി ഇപ്പോൾ 15 ഏക്കർ എന്ന് നിശ്ചയിച്ചിരിക്കുന്നതു് ജന്മിക്കും 15 ഏക്കർ, പാട്ടക്കാരനും 15 ഏക്കർ എന്ന കണക്കിലാണ്. അങ്ങിനെ നിശ്ചയിക്കുന്നതുകൊണ്ട് പാട്ടക്കാരന്റെ പതിനഞ്ചേക്കറിൽ നിന്നും ലഭിക്കുന്ന ആദായം ജന്മിക്കു കൊടുത്തുകഴിഞ്ഞാൽ പിന്നെ പാട്ടക്കാരന് വലുതായൊന്നും കിട്ടുകയില്ല. അതു പാട്ടക്കാർക്കു വലിയ ദോഷമാണ്. അങ്ങിനെ വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ അല്പം പിശകില്ലേ എന്നു ഞാൻ സംശയിക്കുന്നു. അതു സെലക്ററുകമ്മിററി ആലോചിക്കണം. കാരണം ആ വ്യവസ്ഥ അനുസരിച്ച് ജന്മിക്ക് കിട്ടുന്ന ആദായം കുറച്ചുകൂടിപ്പോകുന്നു എന്നുള്ളതാണ്. അതേ സമയം പാട്ടകൃഷിക്കാരനെന്ന നിലയിൽ പാട്ടം കൊടുക്കുന്ന ഭൂമി അനുഭവിച്ചുവരുന്ന കൃഷിക്കാരന് അവന്റെ അനുഭവം കുറഞ്ഞുപോകുന്നു. ഈ ബില്ലിന്റെ എല്ലാ വശങ്ങളെപററിയും അതു നിയമമാക്കി എടുക്കാൻ വേണ്ട വിധം ആലോചിച്ചല്ല ചെയ്തിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഒരു ചിത്രത്തിനു കൂടി സൂചിപ്പിച്ചിട്ടുണ്ട്. അതേ സംബന്ധിച്ച് ഒരു ചെറിയ കാര്യം കൂടി പറഞ്ഞാൽ കൊള്ളാം എന്ന് വിചാരിക്കുന്നു. ഈ ബിൽ എല്ലാം തന്നെ ഈ നിയമസഭയുടെ ശ്രദ്ധയിൽ കൊടുത്താൻ കാരണം ഈ നാട്ടിലെ കർഷകരുടെ നൂറു നൂറു അവശതകളുടെ പരിണതഫലമായിട്ടാണ്. കർഷകർ ആവശ്യപ്പെട്ടതിന്റെ ഫലമായി ഇവിടെ ഒരു ബിൽ ഇപ്പോഴെങ്കിലും അവതരിപ്പിക്കാനിടയായി. അങ്ങിനെ ഒരു ബിൽ കൊണ്ടുവന്നിരിക്കുമ്പോൾ അതേപ്പററി വ്യക്തമായി ആലോചിച്ചായിരിക്കും അതു കൊണ്ടുവന്നതു് എന്ന് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഒന്നു മനസ്സിലാക്കുന്നതു് കൊള്ളാം.

ഭൂമി തുണ്ടു തുണ്ടായി പോകുന്നതിനെ തടയുന്നതിനുവേണ്ടിയും ഇതിൽ ചില വ്യവസ്ഥകൾ വച്ചിട്ടുണ്ട്. അതേ സംബന്ധിച്ച് ഇവിടെ പ്രസ്താവിക്കുന്നതിന് എന്റെ സ്നേഹിതന്മാരിൽ പലരും വിട്ടുപോയിട്ടുണ്ട്. ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കണമെന്ന് വ്യവസ്ഥ ഉള്ളതോടുകൂടിതന്നെ തൊട്ടടുത്തു കിടക്കുന്ന ചെറുകിട കൃഷിക്കാർക്കും ഭൂമി നൽകണമെന്ന് ഒരു വ്യവസ്ഥയുണ്ട്. അങ്ങിനെ വച്ചിരിക്കുന്നതുകൊണ്ട് $7\frac{1}{2}$ ഏക്കറിന്റെ ഉടമസ്ഥർക്ക് അതു് ഏഴരയിൽ നിന്നും പതിനഞ്ചേക്കറായി ഉയർത്താൻ സാധിക്കും. ഈ ഒരു വ്യവസ്ഥ കൂടി അതിൽ വച്ചിരി

ക്കുന്നതുകൊണ്ടു് ഭൂമി ഛിന്നഭിന്നമായി പോകാതെയിരിക്കാൻ സാധിക്കും ഈ സംഗതിയെ ഒന്നുകൂടി ഭൂപരിധി നിർണ്ണയിക്കുന്ന അവസരത്തിൽ സെലക്ട് കമ്മിററിയും അല്ലെങ്കിൽ ഈ സഭയും അറിഞ്ഞിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

ഈ പറമ്പ് എന്നു പറയുമ്പോൾ അതു സാധാരണ പദമല്ല എന്നും അതേ സംബന്ധിച്ച ബില്ലിൽ വ്യക്തമായിട്ടുള്ള പദം പ്രചാരത്തിലുള്ളതു് ഉൾപ്പെടുത്തിയാൽ കൊള്ളാമെന്നും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ പറമ്പ് എന്നു പറയുന്ന ഭൂമികളിൽ ചിററൂർ താലൂക്കിലുള്ള ഭൂമികളും തൃശ്ശൂർ താലൂക്കിലുള്ള ഭൂമികളും തമ്മിൽ വളരെ അധികം വ്യത്യാസമുണ്ടു്. എന്റെ താലൂക്കിൽ, അതായതു് ചിററൂർ താലൂക്കിൽ പറമ്പിൽ ആണു് വാസ്തവത്തിൽ വരുമാനം തന്നെ കൂടുതലുള്ളതു്. പറമ്പിൽ കൃഷി ചെയ്യുന്നതാണു് നിലത്തിൽ കൃഷിചെയ്യുന്നതിനേക്കാൾ കൂടുതൽ ആദായം കിട്ടിക്കൊണ്ടിരിക്കുന്നതു്. അതേ അവസരത്തിൽ ചില സ്ഥലങ്ങളിൽ വ്യത്യസ്ഥമായ ഏർപ്പാടുകളുമുണ്ടായിരിക്കും.

അതുകൊണ്ടെനിക്കു പറയാനുള്ളതു് ഈ ബില്ലുകൾ സമഗ്രമായി പഠിച്ചു് വേണ്ടവിധത്തിൽ രൂപം നൽകുന്ന കാര്യത്തിൽ ഗവണ്മെൻറും സെലക്ററുകമ്മിററിയും അങ്ങേയററം ഉത്സുകരായിരിക്കണമെന്നാണു്. നമുക്കു് എല്ലാ നല്ല കാര്യങ്ങളും അടങ്ങിയ ഒരു ബില്ലു് നാളെയോ മററന്നാളോ നിയമസഭയിൽ കൊണ്ടുവരാൻ സാധിച്ചില്ലെന്നുവരാം. നമുക്കു കാമ്പൻസേഷൻ കൊടുക്കാതെ ഭൂമി പിടിച്ചെടുത്തു മററുള്ളവർക്കു കൊടുക്കാനുള്ള സന്നാഹം ഉണ്ടാക്കുന്നതു് നന്നായിരിക്കും. ഉടനടിതന്നെ കാമ്പൻസേഷൻ കൊടുത്തു ഭൂമി പിടിച്ചെടുക്കണമെന്നു പറയുന്നതിനു വലിയ അർത്ഥമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം എങ്ങിനെയായിരുന്നാലും വസ്തു 15 ഏക്കർ എന്നു നിശ്ചയിച്ചാൽ ബാക്കിയുള്ളതു് അന്യരും കർഷകനു പോകാനേ നിവൃത്തിയുള്ളൂ. സ്നേഹംകൊണ്ടോ സഹോദരത്വംകൊണ്ടോ വസ്തുക്കൾ വീതിച്ചുകൊടുക്കുന്നതിനു സാധിക്കുകയില്ലേ, അങ്ങനെ ചില കൃത്രിമങ്ങൾ നടക്കുകയില്ലേ എന്നു ചില അഭിപ്രായങ്ങൾ ഇവിടെ ഉന്നയിച്ചതു കേട്ടു. അതേപററി ഒരു കാര്യം മാത്രം ഇവിടെ ശ്രദ്ധിച്ചാൽ കൊള്ളാമെന്നാണു് എനിക്കു് പറയാനുള്ളതു്. അതായതു് വെറുംപാട്ടക്കാർക്കു് സ്ഥിരാവകാശം കൊടുക്കുന്നതായ ഒരു നിലപാടു് ഇവിടെ വരികയാണെങ്കിൽ അങ്ങിനെ ഏതെങ്കിലും ഒരാളുടെ പേരിൽ എഴുതിവച്ചിട്ടുള്ള ഭൂമി തിരിയെ എടുക്കുന്നതിനു് എഴുതിവച്ചു ആൾക്കുതന്നെ സാദ്ധ്യമാകുമോ എന്നാണു്. ഒരാളും അങ്ങനെ കിട്ടിയഭൂമി വിട്ടുകൊടുക്കാൻ ആഗ്രഹിക്കുകയില്ല. ഈ നിലവച്ചുനോക്കിയാൽ കൃത്രിമമായി ആരും അങ്ങനെ ചെയ്യുമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. എങ്ങനെയായാലും ഈ ബില്ലിന്റെ ഉത്ഭവം വളരെ നന്നായിട്ടുണ്ടു്. അല്പസ്വല്പമാററങ്ങളോടുകൂടി ഇതു നിയമമാക്കേണ്ടതു് എത്രയും ആവശ്യമാണു്.

ഈ നാട്ടിലെ ജന്മിമാരെ സംബന്ധിച്ചിടത്തോളം ഒരു വാക്കുകൂടി പറയാം എന്നു വിചാരിക്കുകയാണു്. ഇന്നുള്ള ഭൂമിക്കെല്ലാം വളരെയധികം വില കുറഞ്ഞിട്ടുണ്ടു്. എന്റെ താലൂക്കിലുള്ള ജന്മികളെല്ലാം തന്നെ വസ്തുക്കൾ വിലയ്ക്കു കൊടുക്കാൻ ആഗ്രഹിച്ചുകൊണ്ടു് നടക്കുകയാണു്. ഈ നിയമമനുസരിച്ചു് പതിനഞ്ചേക്കർ കഴിച്ചു ബാക്കിയുള്ള

[ശ്രീ. കെ. എ. ശിവരാമഭാരതി]

തിനു് തീർച്ചയായും ഭൂമിക്കു വില കുറഞ്ഞുപോകും എന്നുള്ള ഭയത്തോടു കൂടി വില്ക്കുന്നതിനുവേണ്ടി അങ്ങുമിങ്ങും അന്വേഷിച്ചു നടക്കുന്നു. അതുകൂടാതെ വേറെ ഒരു മെച്ചം വ്യാവസായികരംഗത്തും ഈ ബില്ലു കൊണ്ടു് ഉണ്ടാക്കാൻ സാധിക്കുന്നതാണു്. ഭൂമി വിറ്റുകിട്ടുന്ന പണം വ്യവസായത്തിൽ ഇറക്കുക എന്നുള്ളതാണു് അതു്.

ഇന്നു ഭൂമി വളരെ കായ്യമായിട്ടു വിചാരിക്കുന്നതു് സിംഗപ്പൂർ, പെനാംഗ് മുതലായ വിദേശരാജ്യങ്ങളിൽ പോയി ധാരാളമായി പണം സമ്പാദിച്ചിട്ടുള്ളവരും സമ്പാദിക്കുന്നവരുമാണു്. അവർക്കു് അങ്ങനെ കിട്ടുന്ന പണം നിക്ഷേപിക്കുന്നതു് നശിക്കാത്ത ഒരു സമ്പത്തായ ഭൂമിയിന്മേലാണു്. 5000 രൂപ വിലയുള്ള ഭൂമിയായാലും 10,000-വും 15,000-വും രൂപ വരെ വിലകൊടുത്തു അവർ വാങ്ങിക്കും. ഭൂമിക്കു നാശമില്ലല്ലോ എന്നുള്ള ചിന്താഗതിയാണു് ഇതിനു അവരെ വളരെ ഏറെ പ്രേരിപ്പിക്കുന്നതു്. ഈ ബില്ലുമൂലം ഭൂമിയുടെ പരിധി നിർണ്ണയിക്കപ്പെട്ടാൽ ഇങ്ങനെ അധികം ഭൂമി സമ്പാദിക്കുന്നതിനുള്ള ശ്രമം മതിയാക്കി കൂടുതൽ പണം കയ്യിൽ ഉള്ളതു് വച്ചുസൂക്ഷിക്കാൻ നിവൃത്തിയില്ലാതെ വ്യാവസായിക പ്രവർത്തനങ്ങളിൽ ആ പണം നിക്ഷേപിക്കാൻ നിർബന്ധിതരായിത്തീരുന്നതാണു്. അങ്ങനെ ഒട്ടധികം പണം വ്യവസായപ്രവർത്തനങ്ങളിൽ വിനിയോഗിക്കപ്പെടുകയും തന്മൂലം ആയിരക്കണക്കിനു് തൊഴിലാളികൾക്കു് തൊഴിൽ കിട്ടുകയും ചെയ്യുന്നതാണു്. അതും ഈ ബില്ലുകൊണ്ടുണ്ടാകുന്ന ഒരു പ്രത്യേക ഗുണമായി കരുതാവുന്നതാണു്.

ഏതു നിലയിൽ നോക്കിയാലും ഈ ബിൽ സാധാരണക്കാരന്റെയും കൃഷിക്കാരന്റെയും തൊഴിലാളിയുടേയും ക്ഷേമാഭിവൃദ്ധിക്കുതകുന്നതാണു്. എത്രയും വേഗം ഈ ബിൽ പാസ്സാക്കുന്നതിനു സെലക്ററ കമ്മിററിയും ഒരുമിച്ചു ശ്രമിക്കണമെന്നും എല്ലാ കക്ഷിയിലുംപെട്ട ബഹുമാനപ്പെട്ട മെംബറന്മാരും ഇതു പാസ്സാക്കുന്ന കാര്യത്തിൽ ഉത്സുകരായിരിക്കണമെന്നും അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ : സർ, 'ഭൂ കൈവശാവകാശവും ഉടമയും നിയന്ത്രണ ബിൽ' സെലക്ററ കമ്മിററിക്കു അയയ്ക്കണമെന്ന ധനകാര്യ മന്ത്രിയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണു ചെയ്യുന്നതു്. ഈ ബില്ലിനെപററി ഈ സഭയിൽ സമഗ്രമായിതന്നെ ചർച്ചകൾ നടന്നുകഴിഞ്ഞിരിക്കുന്നു. എല്ലാ അഭിപ്രായഗതികളും, വിവിധതാൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള എല്ലാ അഭിപ്രായഗതികളും ഇതിനകം പ്രകടമായിക്കഴിഞ്ഞിട്ടുണ്ടു്. ഈ ബില്ലിന്റെ വ്യവസ്ഥകളെപററിയും, ആ വ്യവസ്ഥകൾക്കുള്ള പോരായ്മകളെപററിയും ചർച്ച ചെയ്യണമെന്നുള്ളതല്ല എന്റെ പ്രധാന ഉദ്ദേശം. ഈ ബില്ലിനു ഉന്നതമായ ഒരു ഉദ്ദേശമുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. അതു് ഈ നാട്ടിലെ ജന്മിത്വം അവസാനിപ്പിക്കുന്നതാണെന്നു ഞാൻ മനസ്സിലാക്കുന്നില്ല. ജന്മിത്വം അവസാനിപ്പിക്കുവാനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ അടങ്ങിയിരിക്കുന്നുവെന്നുള്ള തെററിദ്ധാരണ എനിക്കില്ല. സത്യത്തിൽ ജന്മിത്വം അവസാനിക്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിലില്ല. ഇന്നു ഭൂമിയിൽ ഉടമാവകാശമുള്ള ആളുകൾക്കു് അവരുടെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശത്തെ

സംബന്ധിച്ചിടത്തോളം യാതൊരു സംഭ്രാന്തിയും ഉണ്ടാകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കൈവശം ഭൂമിവച്ചുകൊണ്ടിരിക്കുന്നതു നേരിട്ടു കൃഷിചെയ്യാൻ ചില ബുദ്ധിമുട്ടുകൾ ഉണ്ടെന്നുള്ളതൊഴിച്ചാൽ ഭൂവുടമയെ സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥകൾ തുടരാനുള്ള ഉപാധി ഈ ബില്ലിലുണ്ടു്. ഭാവിയിൽ, ആളുകളുടെ സാമ്പത്തികക്ഷേമത്തിനെ നിർണ്ണയിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണങ്ങൾ ഒക്കെ ഈ ബില്ലിൽ വിഭാവനചെയ്യുന്നുണ്ടെങ്കിലും, നിലവിലിരിക്കുന്ന ഭൂവുടമയെ സംബന്ധിച്ചിടത്തോളം വലിയ വ്യതിയാനമൊന്നും ഇല്ലെന്നു കാണാം.

ഈ ബില്ലിൽ മറ്റൊരു കാര്യമാണു വളരെ പ്രധാനമായി ഞങ്ങളുടെ ശ്രദ്ധയ്ക്കു കാരണമായതു്. ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ, ഇന്നു് ഭൂമിയിൽ ഉടമാവകാശമുള്ള ചിലയാളുകൾക്കു് വളരെയേറെ ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും ഉണ്ടാകുമെന്നു ചില ഭാഗങ്ങളിൽ നിന്നുണ്ടായ ആരോപണം ശരിയാണു്. ഇന്നു ഭൂമി കൈവശംവച്ചു, ഭൂമിയിൽനിന്നും ആദായംമാത്രം എടുത്തുകൊണ്ടിരിക്കുന്ന ആളുകൾക്കു് യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാകാത്തരീതിയിലാണു് ഈ ബിൽ ഉണ്ടാക്കിയിട്ടുള്ളതെന്നു കാണാൻ കഴിയും. നിലവിലിരിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ നിലയ്ക്കു ഒരു വ്യത്യാസം വരുത്തുന്നതിനു ഇതുകൊണ്ടു സാധിക്കുമെന്നുള്ളതു തീർച്ചയാണു്. ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം ഇതത്ര ശരിയാണെന്നു എനിക്കു നിശ്ചയമില്ല. ഇതു അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം ഞാൻ മനസ്സിലാക്കുന്നതു് നമ്മുടെ നാട്ടിലെ.....

ശ്രീ. എം. എം. മായി : സർ, ഈ സഭയിലെ ഒരു മെംബർ ഉദ്യോഗസ്ഥന്മാരുടെ ബെഞ്ചിൽ ചെന്നിരുന്നു സംസാരിക്കുന്നതു ശരിയാണോ ?

ചെയർമാൻ : താൽക്കാലികമായ വല്ല ആവശ്യത്തിനും അങ്ങനെ പോകാം. സ്ഥിരമായി അവിടെ ഇരിക്കരുതു് എന്നേയുള്ളു.

ശ്രീ. കെ. ബാലകൃഷ്ണൻ : സർ, ഞാൻ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം മനസ്സിലാക്കുന്നതു് നമ്മുടെ നാട്ടിൽ പലഭാഗങ്ങളിൽ നിന്നും, വ്യവസായങ്ങളിൽനിന്നായാലും, മറ്റു മാർഗ്ഗങ്ങളിലായാലും പലരുടെകയ്യിലും ധാരാളമായി രൂപ വന്നുചേരുന്നുണ്ടു്. ഇങ്ങനെ കൈവശം വന്നുചേരുന്ന രൂപ മുടക്കാൻ ഉപദ്രവംകുറഞ്ഞ മാർഗ്ഗമായി സാധാരണ സ്വീകരിക്കുന്നതു് ആ തുക കൊടുത്തു ഭൂമിവാങ്ങുകയാണു്. അങ്ങനെ ഭൂമിവാങ്ങുന്നവർ വാസ്തവത്തിൽ ജനിക്കുന്ന സന്ദർഭത്തിൽ ജന്മിമാരല്ലെങ്കിലും, ക്രമേണ ഭൂമി വാങ്ങിവാങ്ങി വലിയ ജന്മിമാരായിരിക്കുകയാണു ചെയ്യുന്നതു്. ഇപ്രകാരം കൈവശം അധികമായി പണം വന്നുചേർന്നാൽ അതു സുരക്ഷിതമായി നിക്ഷേപിക്കുന്നതിനു് ഭൂമി വാങ്ങുന്ന സംപ്രദായം ഇൻഡ്യയിലെ മറ്റു പലഭാഗങ്ങളിലുമെന്നപോലെ നമ്മുടെ നാട്ടിലും നിലവിലിരിക്കുന്നുണ്ടു്. ഭൂമിയിൽ പണം നിക്ഷേപിക്കുന്നതുകൊണ്ടു്, പുതുതായി വലിയ മാററങ്ങളൊന്നും ഉണ്ടാകുന്നില്ല. യഥാർത്ഥത്തിൽ വിളവുണ്ടായിക്കൊണ്ടിരിക്കുന്ന ഭൂമി ഒരാളിന്റെ കയ്യിൽനിന്നും

[ശ്രീ. കെ. ബാലകൃഷ്ണൻ]

മറെറാരാളിൻെറ കയ്യിലേയ്ക്കു് മാററപ്പെടുന്നതുകൊണ്ടു് വികസനപരമോ, പരിവർത്തനാത്മകമോ ആയ മാററം ഉണ്ടാകുന്നില്ല. ആവശ്യത്തിലധികം പണം കൈവശം വന്നുചേരുന്നവർ അതു ഭൂമിയിൽ നിക്ഷേപിക്കുകയോ, അതിനു അവസരം പാർത്തുകഴിയുകയോ ചെയ്യുന്ന ആ ചിന്താഗതിക്കു് ഒരു മാററം വരുത്തുന്നതിനു് ഈ ബില്ല് ഉപകരിക്കുമെന്നുള്ളതാണു് ഇതിനു കാണുന്ന ഒരു പ്രത്യേകത. അങ്ങനെ ഭൂമിയിൽ പണം നിക്ഷേപിക്കുന്ന പതിവിനു് ഒരു നിയന്ത്രണം വരുത്തുമ്പോൾ ആവക പണം മററുതരത്തിൽ വിനിയോഗിക്കപ്പെടുന്നതാണെന്നും, അതു സാമ്പത്തികവും, സാമൂഹ്യവുമായ ചില പരിവർത്തനങ്ങൾക്കു കാരണമായിത്തീരുമെന്നും വ്യക്തമാണു്. ഈ ബിൽ പ്രയോഗത്തിൽവന്നാൽ, ക്രമത്തിലധികമായി പണം ഭൂമിയിൽ നിക്ഷേപിക്കാനുള്ള സാദ്ധ്യതയില്ലാതെ, ആവകപണം വ്യാവസായികവും, തൊഴിൽപരവുമായ ഓരോ പ്രവർത്തനമണ്ഡലത്തിൽ നിക്ഷേപിച്ചു് നാട്ടിനും നാട്ടുകാർക്കും പ്രയോജനകരമായിത്തീരുകയും ചെയ്യുമെന്നുള്ളതു് ഒരു പ്രത്യേകനേട്ടം തന്നെയാണു്. അങ്ങനെ സാമ്പത്തികമായ ഒരു പരിവർത്തനത്തിൻെറ ചലനം ഈ ബില്ലുകൊണ്ടുണ്ടാകുമെന്നു കരുതാവുന്നതാണു്. പണം വച്ചുസൂക്ഷിക്കുന്ന സംപ്രദായം, ഭൂമി വാങ്ങാനുള്ള നിയന്ത്രണം വരുന്നതോടുകൂടി വിട്ടുമാറുന്നതിനും, എന്തെങ്കിലും പ്രയോജനകരമായവിധത്തിൽ അതു ചെലവഴിക്കാനുള്ള ഒരു മനഃസ്ഥിതി ആളുകളിൽ സംക്രമിപ്പിക്കാനും ഈ ബില്ലിനു കഴിവുണ്ടെന്നാണു് എൻെറ വിശ്വാസം. സാമ്പത്തികശാസ്ത്രം പഠിപ്പിക്കുന്നതു് ഒരിക്കലും പണം സ്തംഭനത്തിലിരിക്കാൻ സാദ്ധ്യമല്ലെന്നാണു്. ബാങ്കുകളിൽ നിക്ഷേപിച്ചോ, മറെറന്തെങ്കിലും വ്യവസായങ്ങളിൽ നിക്ഷേപിച്ചോ പ്രയോജനപ്പെടുത്താതെ, നേരിയ പലിശയ്ക്കോ, പലിശയില്ലാതെയോ പണം ആരും വിനിയോഗിക്കുകയില്ല. അങ്ങനെ പ്രയോജനകരമായ വികസന പദ്ധതികളിൽ പണം ചെലവഴിക്കുന്നതിനുള്ള ഒരു സാമ്പത്തികതത്വം ഈ ബിൽ മുഖേന പ്രാവർത്തികമാക്കാൻ സാധിക്കും.

സർ, ഇന്നത്തെ സാമ്പത്തികസംവിധാന നിയമത്തിൽ അതിൻേറതായ വ്യക്തമായ ഒരു പ്രേരണ ചെലുത്തേണ്ടതുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഭൂവുടമയെ ആശ്രയിച്ചു സ്വന്തംജനതയുടെ ഭാവി കെട്ടിപ്പടുക്കുവാൻ വെമ്പൽകൊള്ളുന്നവർ, ഭൂമി രാഷ്ട്രത്തിൻെറ പൊതുസ്വത്താണെന്നുള്ള ചിന്താഗതിയോടെ ഈ ബില്ലിനെ സ്വാഗതംചെയ്യേണ്ടതാണു്.

പക്ഷെ പണം ആദായകരമായി വിനിയോഗിക്കണമെന്നാഗ്രഹിക്കുന്ന ആളുകൾക്കു് ഭൂമി ആകർഷകമല്ലാതാക്കിത്തീർക്കുന്നുണ്ടു് ഈ ബിൽ പാസ്സാക്കുന്നതോടുകൂടി, എന്നുള്ളതു തീർച്ചയാണു്. ഈ ബിൽ പാസ്സാക്കുന്നതോടുകൂടി ഒരാളിൽനിന്നും മറെറാരാളിലേയ്ക്കു് ഭൂമി കൈമാററം ചെയ്യാൻ വേണ്ടി ചെലവാക്കുന്ന തുക മേലാൽ ആ രംഗത്തുനിന്നും മറെറാരു രംഗത്തേയ്ക്കു പോകുന്നുവെന്നുണ്ടെങ്കിൽ അത്രത്തോളം രാഷ്ട്രീയപ്രശ്നങ്ങൾക്കും തൊഴിൽ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. സർ, സാമ്പത്തികശാസ്ത്രത്തിൻെറ ചലനത്തിനു് ഒരു പ്രത്യേകതയുണ്ടു്. ആരെയും വേദനിപ്പിക്കാതെയും സമ്മർദ്ദം ചെലുത്താതേയും സാമ്പത്തികശാസ്ത്രത്തിൽ ഒരു ചലനമുണ്ടാക്കുവാൻ സാദ്ധ്യമല്ല. സമ്പത്തു് ഏതു രംഗത്തു ഉറഞ്ഞിരുന്നാലും അതിനൊരു ഒഴിവുചാൽ വേണമെന്നുണ്ടെങ്കിൽ

ഇതുവരെ ഭൂമി മാത്രമായി കരുതിയിരുന്നവർക്ക് അതു ഇനിമേൽ ഒരു ഒഴ വു ചാൽ ആകാതിരിക്കുന്നുവെങ്കിൽ ആ സമ്പത്തു മുഴുവനും മററു തൊഴിലു കൾക്കും തൊഴിൽ വികസനത്തിനുംവേണ്ടി ചിലവാക്കും എന്നു വിശ്വസി ക്കുന്നവനാണു ഞാൻ.

ഈ ബില്ലിൻെറ വകുപ്പുകളെ സംബന്ധിച്ചിടത്തോളം ബഹുമാന പ്പെട്ട മെംബറന്മാർ പലരും പല പ്രശ്നങ്ങളും പറയുകയുണ്ടായി. പരിധി നിർണ്ണയിക്കുക എന്നുള്ളതിനു എതു പ്രദേശമാണ്, അവിടത്തെ ആദായവും വിളവും എന്താണ്, എന്നും മററും പരിഗണിച്ച് മൊത്ത ത്തിൽ പരിധി നിർണ്ണയിക്കുകയാണ് വേണ്ടതെന്നും മററും ഇവിടെ അഭി പ്രായപ്പെടുകയുണ്ടായി, അതിൽ വളരെയേറെ കഴമ്പുണ്ട്. ഈ പ്രദേശ ത്തിൻെറ തട്ടും, ആ പ്രദേശത്തിൻെറ തട്ടും തമ്മിലുള്ള വ്യത്യാസം മാത്രമല്ല വിളവിൻെറ വിലയും, ഇന്നത്തെ വിലയും നാളത്തെ വിലയും തമ്മിലുള്ള വ്യത്യാസവും, വിളവിൻെറ നാശവും മററുംകൂടി പരിഗണിക്കേണ്ടതാണ്. ഈ നിലയിൽ നോക്കുമ്പോൾ ഒരു സ്ഥലത്തു നിശ്ചയിക്കുന്ന പരിധി മറെറാരുസ്ഥലത്തു നിശ്ചയിക്കുന്ന പരിധിയുമായി പൊരുത്തംകാണുകയില്ല. ഓരോ സ്ഥലത്തെ വിളവുകളും അതിൽനിന്നു കിട്ടുന്ന ആദായവും മററും നിർണ്ണയിക്കുവാൻ ശരിയായ കണക്കുകൂട്ടലുകൾ ആവശ്യമാണ്. കൂടാതെ കൃഷിചെയ്യുന്ന ചിലവും, അതിൽനിന്നും കിട്ടുന്ന ആദായവും ഒരു കർഷ കനു കൃഷി ചെയ്യുവാൻ അത്യാവശ്യമായി വേണ്ടിവരുന്ന ചിലവും ഓരോ സ്ഥലത്തും പ്രത്യേകം പ്രത്യേകമായിരിക്കും. ഇങ്ങനെ ഒരു ലിവിംഗ് ഇൻ ഡക്സും, കാർഷികഭൂമിയിൽനിന്നും ഉണ്ടാകാവുന്ന ആദായത്തിൻെറ ഇൻഡക്സുംകൂടി കണക്കുകൂട്ടി ഒരു ഇക്വേഷൻ ഉണ്ടാക്കാൻ കഴിഞ്ഞാൽ ഭൂമിവിതരണംകൊണ്ട് എത്രത്തോളം ആദായം ഉണ്ടാക്കുവാൻ കഴിയുമെന്നു കണ്ടുപിടിക്കുവാനും സാധിക്കും. പക്ഷെ, എത്ര വലിയ സാമ്പത്തിക വിചക്ഷണന്മാരും ശാസ്ത്രീയപണ്ഡിതന്മാരും കണക്കെടുത്താലും അതിൽ തകരാറുകൾ ഉണ്ടാകുമെന്നുള്ളതും തീർച്ചയാണ്. ഓരോ സ്ഥലത്തും എത്ര ഏക്കർ പരിധിയുണ്ടാകുമെന്നും, അതിൽനിന്നും എത്ര വരുമാനം ഉണ്ടാകുമെന്നും കൃത്യമായി കണ്ടുപിടിക്കുന്ന ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ ലോകത്തെവിടത്തും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആർക്കും ഉപദ്രവം ഉണ്ടാകാത്ത, ആർക്കും തകരാറുകൾ ഉണ്ടാകാത്ത രീതിയിൽ ഈ ബില്ല് പാസ്സാക്കിയെടുക്കാമെന്നുള്ള വ്യാമോഹം എനിക്കില്ല. ചില തകരാറുക ളൊക്കെ ഉണ്ടായിരിക്കും. ഈ ബിൽ പാസ്സാകുന്നതുകൊണ്ടു ബുദ്ധിമുട്ടു ഉണ്ടാകുന്നവരെയും, പ്രയോജനം ഉണ്ടാകുന്നവരെയും ആ തകരാറുകൾ ഒരു പോലെ ബാധിക്കും. കൃഷിഭൂമിയിൽനിന്നും വരുന്ന വരുമാനത്തെ ഒരു നി ശ്ചിതമായ മുഴക്കോൽ വെച്ചുകൊണ്ടു അളക്കുവാൻ സാധിക്കാത്ത കാല ത്തോളം ഭാരതത്തിൽ മാത്രമല്ല, ലോകത്തിൽ ആർക്കുംതന്നെ കൃഷിഭൂമിയുടെ ആദായത്തെ മാത്രം അടിസ്ഥാനമാക്കി ഒരാളിന് ഇത്രഏക്കർ ഭൂമിമാത്രം കൊടുത്താൽ മതിയെന്ന് വിധിയെഴുതുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ട് അതിനെപ്പററി കൂടുതലായി ചിന്തിക്കാതെ, ഒരു പരമാവധി കണക്കെടുത്തു് ഏററവും കൂടുതൽ നീതി പുലരത്തക്കരീതിയിൽ ഒരു തീരു മാനം എടുക്കുകയാണു വേണ്ടതു്. അതാതുസ്ഥലത്തെ ശീതോഷ്ണാവസ്ഥ യേയും, ജനങ്ങളുടെ പ്രവർത്തനശേഷിയേയും, പ്രവർത്തിക്കാനുള്ള ചിലവി നേയും അതു മുടക്കുവാനുള്ള സാമ്പത്തികശേഷിയേയും മററും മൊത്ത ത്തിൽ പര്യാലോചിച്ചു സെലക്ററുകമ്മിററി ഇക്കാര്യത്തിൽ ഒരു തീരു മാനം എടുക്കുകയായിരിക്കും ശരി.

[ശ്രീ. കെ. ബാലകൃഷ്ണൻ]

ഒരു ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി, ഇവിടെ കർഷകനെ സംബന്ധിച്ചിടത്തോളം മാത്രം നടപ്പിൽ വരുത്തുന്ന നിയമങ്ങൾ, മററു സംഗതികളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കർഷകനേക്കാൾ എത്രയോ കൂടുതൽ ആദായം ഉണ്ടായിക്കൊണ്ടിരിക്കുന്ന മററാളുകളെ കൂടി ബാധകമാക്കുന്നില്ലെങ്കിൽ സാമ്പത്തികമണ്ഡലത്തിൽ ഭരണകൂടം കർഷകരോടു അനീതിയാണു കാണിക്കുന്നതെന്നു്. അതു വളരെയേറെ ശരിയാണു്. ഈ ബില്ലു കൊണ്ടു പണക്കാരനായ കൃഷിക്കാരന്റെ വരുമാനത്തെ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നതായി കാണാം. പക്ഷേ, വ്യവസായികളെ സംബന്ധിച്ചിടത്തോളം അവരുടെ വരുമാനത്തെ നിയന്ത്രിക്കുവാനുള്ള അധികാരം ഈ ഭരണകൂടത്തിനോ ഈ രാജ്യത്തിനോ ഇല്ല. ഒരാളിന്റെയോ, അല്ലെങ്കിൽ വ്യക്തിയുടേയോ വരുമാനത്തെ സംബന്ധിച്ചിടത്തോളവും അതിന്റെ നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളവുമുള്ള എല്ലാ കാര്യങ്ങളും ചില കരാറുകൾമൂലം നാം കേന്ദ്രഗവണ്മെൻറിനു വിട്ടുകൊടുത്തിരിക്കുകയാണു്. അതിനാൽ വൻകിട വ്യവസായങ്ങളെ നിയന്ത്രിക്കുവാനും മററും ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ നിവർത്തിയില്ലാതെ നാം വിഷമിക്കുകയാണു്. പക്ഷേ, ഒന്നുണ്ടു് വ്യക്തമായി. അതു് ബില്ലു് അവതരിപ്പിച്ച ഭരണാധികാരികൾ വ്യക്തമായി മനസ്സിലാക്കുന്നുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. കൃഷിഭൂമിയിൽ പണം മുടക്കി, ജന്മിത്വമായി രൂപാന്തരപ്പെടുത്തി ജീവിക്കുവാൻ ആഗ്രഹിക്കുന്ന ചിലരെ സംബന്ധിച്ചിടത്തോളം അവരുടെ കുന്നുകൂടിക്കിടക്കുന്ന പണം എവിടെയെങ്കിലും ഇനി മുടക്കിയേക്കുകയുള്ളുവെന്നും, ഭൂമിയിൽ മുടക്കുവാൻ നിവർത്തിയില്ലെന്നുമുള്ള ഒരു താക്കീതാണു ഈ ബില്ലു്. വ്യവസായത്തിൽനിന്നും ഭൂമിയിൽ നിന്നും പണം ഉണ്ടാക്കുന്ന ആളുകളുടെ മൊത്തത്തിലുള്ള ഒരു ലിസ്റ്റു് എടുക്കുകയാണെങ്കിൽ, ഭൂമിയിൽനിന്നും മാത്രം എടുക്കുന്ന പണത്തേക്കാൾ കൂടുതൽ പണം വ്യവസായത്തിൽനിന്നുമാണു എടുക്കുന്നതെന്നു സമ്മതിക്കാനും എനിക്കു മടിയില്ല. പക്ഷേ, ഭൂമി പണം നിക്ഷേപിക്കുവാനുള്ള ഒരു മാർഗ്ഗമായിത്തീരുന്നതു രാജ്യത്തിനു് ആപൽക്കരമാണു്. പണമുള്ള ആളുകൾ കൂടുതൽ പണം ഉണ്ടാക്കുന്നുമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ ഏററവും സുരക്ഷിതമായി മുടക്കുവാൻ കഴിയുന്നതു് ഭൂമിയിലാണെന്നുള്ള വിശ്വാസത്തോടുകൂടി അതിനായി ശ്രമിക്കുന്നുണ്ടു്. അവർക്കു് ഭൂമി നൽകാൻ ആളില്ലെങ്കിൽ, ആരുടെയെങ്കിലും കൈവശത്തിലിരിക്കുന്ന ഭൂമി ശരിയായ മാർഗ്ഗത്തിൽ കൂടി സമ്പാദിക്കാൻ കഴിയുന്നില്ലെങ്കിൽ തെററായ മാർഗ്ഗത്തിൽക്കൂടി, നിയമം ലംഘിച്ചുകൊണ്ടു് ചിലപ്പോൾ മനുഷ്യത്വംതന്നെ യാതൊരു കരുണയുമില്ലാതെ ചവുട്ടിമെതിച്ചുകൊണ്ടു് എങ്ങനെയെങ്കിലും ഭൂമി കൈവശപ്പെടുത്തുവാൻ ആർത്തിപൂണ്ടു നടക്കുന്ന ആളുകളെ ചങ്ങലയിട്ടു പിടിക്കും ഈ നിയമം. ആ ദൃഢമായ വിശ്വാസത്തിലാണു് ഞാനും എന്റെ പാർട്ടിയും ഈ ബില്ലിനെ അനുകൂലിക്കുന്നതു്. മാനുഷിക പ്രയത്നങ്ങളെ മാനിക്കാതെ, പരമ്പരാഗതമായ ചില അവകാശത്തിന്മേൽ കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി അവരുടെ പക്കൽനിന്നും ആരുടെ രക്തവുമായി ആ ഭൂമി ബന്ധപ്പെട്ടുകിടക്കുന്നുവോ, അവരുടെ കൈകളിലേക്കു ചെല്ലുവാൻ ഉതകുന്നതാണു് ഈ ബില്ലു്; എങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യും. അങ്ങനെ സമൂഹപരമായി വിപ്ലവാത്മകമായ ഒരു ചിന്താഗതി വരുത്തുവാൻ ഈ ബില്ലിനു കഴിയത്തക്ക

വണ്ണം, അതിനാവശ്യമായ പരിവർത്തനങ്ങൾ ഉണ്ടാക്കുവാൻ സെലക്റ്റ് കമ്മിററി കൂടുതൽ ബോധപൂർവ്വം ശ്രദ്ധിക്കണമെന്നുപക്ഷിച്ചുകൊണ്ടു സെലക്റ്റുകമ്മിററിക്കു റഫർ ചെയ്യണമെന്നുള്ള ധനകാര്യമന്ത്രിയുടെ അപേക്ഷയെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. കെ. എം. ചാണ്ടി : സർ, ഈ ബില്ല് സെലക്റ്റ് കമ്മിററിക്കു റഫർ ചെയ്യണമെന്നുള്ള ധനകാര്യമന്ത്രിയുടെ നിർദ്ദേശത്തെ അനുകൂലിച്ചുകൊണ്ടു ഒന്നുരണ്ടു കാര്യങ്ങൾകൂടി സെലക്റ്റ് കമ്മിററിയുടെ ശ്രദ്ധയിൽപ്പെടുത്താനായിട്ടു ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിലും അതുപോലെതന്നെ ഇതിനെ സംബന്ധിച്ചുള്ള മററു ബില്ലുകളിലും ഉള്ള പോരായ്മകളെപ്പററി ചൂണ്ടിക്കാണിക്കുമ്പോൾ, കുററം പറയാനുള്ള വ്യഗ്രതകൊണ്ടാണെന്നു ധരിക്കരുതെന്നും, ധനകാര്യമന്ത്രിയും സെലക്റ്റ് കമ്മിററിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നും ഞാൻ ആദ്യമേതന്നെ അപേക്ഷിക്കുന്നു. സർ, വെറും പട്ടാദാർ ബിൽ അവതരിപ്പിച്ചപ്പോൾ ഞങ്ങളുടെ പാർട്ടി നേതാവു ചൂണ്ടിക്കാണിച്ചിട്ടുള്ള ചില ന്യൂനതകൾപോലെ ഈ ബില്ലിനെ സംബന്ധിച്ചും ചില ന്യൂനതകൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഞങ്ങളുടെ നേതാവ് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെയും കമ്യൂണിസ്റ്റുപാർട്ടി വക്താവായി ശ്രീ. ശങ്കരനാരായണൻതമ്പി സംസാരിച്ചപ്പോൾ അംഗീകരിച്ചതുപോലെയും, ഈ ബില്ലിലും, ഇതര ബില്ലുകളിലും ഈ നാട്ടിൽ വരുത്തേണ്ട ഭൂപരിഷ്കാരത്തെപ്പററി വ്യക്തമായ ഒരു ചിത്രം ഇവ തയ്യാറാക്കിയ ഗവണ്മെൻറിന്റെ മുമ്പിൽ ഇല്ലായിരുന്നു എന്നുള്ളതു ഒരു വലിയ പോരായ്മയാണ്. ഈ ബില്ലിനെ സംബന്ധിച്ചു ശ്രീ. ബാലകൃഷ്ണന്റെ പ്രസംഗത്തിൽ ഉന്നയിച്ചിട്ടുള്ള ചില ആശയഗതികളെ ഞാൻ സ്വാഗതം ചെയ്യുന്നുവെങ്കിലും അദ്ദേഹം ആശിക്കുന്നതുപോലെയും വിഭാവനം ചെയ്യുന്നതുപോലെയും ഉള്ള ഫലങ്ങൾ ഉണ്ടാകുമോയെന്നുള്ളതു സംശയമാണ്. അങ്ങനെ നിയമനിർമ്മാണം ചെയ്തു സഭയിൽ അവതരിപ്പിക്കുമ്പോൾ മൗലികമായ പല തത്വങ്ങളും അതിലുണ്ടോയെന്നും ഉണ്ടെങ്കിൽ നമുക്കു സ്വീകാര്യമായിട്ടുള്ളതു ഏതെല്ലാമാണെന്നും മററും നോക്കേണ്ടതാണ്. അങ്ങനെ നോക്കുകയാണെങ്കിൽ ഈ ബില്ലിലും, പ്രത്യേക കൈവശാവകാശനിരോധനബില്ലിലും, വെറും പാട്ട കുടിയാൻ ബില്ലിലും, കുടിയിറക്കുനിരോധനബില്ലിലും വ്യക്തമായ ഒരു ചിത്രത്തിന്റെ അഭാവം കാണുന്നതിനു പുറമെ എല്ലാപേരെയും തൃപ്തിപ്പെടുത്താനുള്ള വ്യഗ്രതയും പല അവ്യക്തമായ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണാം. കുടികിടപ്പുകാർക്കു പാർപ്പിടം സ്ഥിരമാക്കിക്കൊടുക്കാനുള്ള ബില്ലിൽ അവരെ ഒഴിപ്പിക്കുന്നതിനു ഒൻപതു വകുപ്പുകൾ ചേർത്തിരിക്കുന്നതിൽ നിന്നും വ്യക്തമായ ഒരു ധാരണയുടെ കുറവ് കാണാവുന്നതാണ്. ഈ ബില്ലുകളെ സംബന്ധിച്ചിടത്തോളം സാധാരണഗതിയിൽ ഒരു സെലക്റ്റുകമ്മിററിക്കു വരുത്താവുന്നതിൽ കൂടുതൽ മൗലികമായ പല വ്യതിയാനങ്ങളും വരുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഒന്നാമതായിട്ടു് ഈ സംസ്ഥാനത്തെ ഭൂനയപരിഷ്കാരം സംബന്ധിച്ചും പ്രത്യേകിച്ചു ഭൂമിയുടെ കൈവശത്തിനും ഉടമയ്ക്കും ഒരു പരിധി നിർണ്ണയകം ചെയ്യുമ്പോൾ മൗലികമായ ചില അടിസ്ഥാനതത്വങ്ങളെ സംബന്ധിച്ചു വ്യക്തമായ ധാരണയോടുകൂടി ആയിരിക്കേണ്ടതാണ്. സ്വയം പര്യാപ്തതയുള്ള ചെറു ഭൂവുടമകളെയാണു വിഭാവന ചെയ്യുന്നതെങ്കിൽ അതായതു് ഒരു peasant proprietorship ആണ് നമ്മുടെ മുമ്പിൽ

[ശ്രീ. കെ. എം. ചാണ്ടി]

കാണുന്ന ഭാവി ചിത്രമെങ്കിൽ അതനുസരിച്ച് ഈ ബില്ലിനെ എങ്ങനെ പ്രയോജനപ്പെടുത്താം. അതുപോലെ തന്നെ ഏകദേശം ഒരു കോടിയോളം വരുന്ന ജനസംഖ്യക്ക കൃഷിക്ക് ഉപയുക്തമായിട്ടുള്ളത് ഏകദേശം 36 ലക്ഷം ഏക്കറേയുള്ളുവെന്നും, ഈ 36 ലക്ഷം ഏക്കറിനെ ആധാരമാക്കി ജീവിക്കുന്നത് ഒരു കോടി ജനങ്ങളാണെന്നും ഇത്രയും ജനങ്ങൾ ഉൾക്കൊള്ളുന്നത് ഏകദേശം 15 ലക്ഷം കുടുംബങ്ങളിലാണെന്നും, ഓരോ കുടുംബാംഗത്തിനും കുറഞ്ഞതു ഒരു വീടു വയ്ക്കാനുള്ള സ്ഥലമെങ്കിലും ഉണ്ടായിരിക്കേണ്ടത് ഏററവും മിതവും ന്യായവുമായ അവകാശമാണെന്നും അതിലേയ്ക്കു നിർണ്ണായകമായ ഒരു തീരുമാനം, ഒരു വ്യവസ്ഥ, ഉണ്ടാക്കേണ്ടതല്ലേയെന്നുമാണു ഞാൻ ചോദിക്കുന്നത്. ഒരംഗത്തിന് ഒരു വീടു വയ്ക്കാനുള്ള സ്ഥലം ഉടമാവകാശത്തോടുകൂടിത്തന്നെ കൊടുക്കേണ്ടതാണ്. അതു സംശയരഹിതമായി പ്രഖ്യാപിക്കേണ്ടതാണ്. ആ കാര്യം ആദ്യം നിർവ്വഹിക്കുക. രണ്ടാമതായിട്ടു പരിധിക്കപ്പുറമുള്ള ബാക്കി ഭൂമി സർക്കാരിൽ നിന്നും നേരിട്ടു പ്രതിഫലം കൊടുത്തു ഏറ്റുവാങ്ങി ഇപ്പോൾ ഭൂമി ഇല്ലാത്തതായിട്ടുള്ളവർക്ക് എത്രത്തോളം അധികമുള്ളവർക്ക കൊടുക്കാമോ അത്രത്തോളം കൊടുക്കുക. ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു പരിചിന്തിക്കാതെ ഏതെങ്കിലും വിധത്തിൽ ഒരു ഭൂപരിധിനിർണ്ണയം നടപ്പിൽ വരുത്താൻ ഒരുങ്ങുന്നതു് പ്രയോജനരഹിതമാണെന്നുകൂടി ഞാൻ ചൂണ്ടികാണിച്ചുകൊള്ളുന്നു. ബില്ലിലെ വ്യവസ്ഥകൾ നോക്കിയാൽ ഇപ്പോഴുള്ള ജന്മിമാർക്ക പുറമെ കുറെ പുതിയതരം ജന്മിമാരെക്കൂടി സൃഷ്ടിക്കുകയാണു ചെയ്യുന്നത്. അതായത്, കൂടുതൽ ഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്നവരിൽ നിന്നും ഭൂമിയെടുക്കാതെ അവരെക്കൊണ്ട് പാട്ടത്തിനുകൊടുപ്പിച്ചു അവരേയും ജന്മിമാരാക്കുക എന്നാണ്. ആ വ്യവസ്ഥയെ അനുകൂലിക്കാൻ നിവ്വാഹമില്ല. മിച്ചമുള്ള ഭൂമി ഗവണ്മെൻറു ഏറ്റെടുത്തു പുനർവ്വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടതാണ്. അതുപോലെതന്നെ വെറും പാട്ടബ്ബിൽ അനുസരിച്ചു ജന്മിക്കും ക്ലിപ്തപരിധിവരെ മാത്രം ഉടമസ്ഥാവകാശം നൽകി, ബാക്കിയുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം അതിൻെറ കൈവശക്കാരനു് ഉടമാവകാശം കൊടുക്കേണ്ടതാണ്. ഭൂമിയുടെ ഉടമസ്ഥനും അവകാശിയും കൈവശക്കാരൻ തന്നെയായിരിക്കണമെന്നുള്ളതിലേയ്ക്കു് വേണ്ട വ്യവസ്ഥകൾ ബില്ലിൽ ചേർക്കേണ്ടതാണ്. മറെറാന്നു പറയാനുള്ളതു്, കുടുംബത്തെ സംബന്ധിച്ചു പല വ്യാഖ്യാനങ്ങളും ഇതിനകം ഉണ്ടായിട്ടുണ്ട്. കുടുംബങ്ങളെ സംബന്ധിച്ചു ബില്ലിലെ വ്യവസ്ഥകൾ പല കുഴപ്പങ്ങൾക്കും കാരണമാക്കുന്നതുകൊണ്ട്, പരിധി വ്യക്തിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ടതാണ്. പ്ലാനിംഗ്കമ്മീഷൻ റിപ്പോർട്ടിൽ സ്ററാൻഡർഡ് ഏക്കർ വിവരിച്ചിട്ടുണ്ട്. അതു വെറും ഏക്കറേജ് അടിസ്ഥാനത്തിൽ മാത്രമല്ല നിശ്ചയിക്കുന്നത്. ഭൂമിയുടെ വല, ആദായം, വിസ്തീർണ്ണം മുതലായവ കണക്കാക്കി കണ്ടുപിടിക്കുന്ന സ്റ്റാൻറാർഡ് ഏക്കറിനെ അടിസ്ഥാനമാക്കി പരിധി നിർണ്ണയിക്കുന്നതു ഉചിതമായിരിക്കും. അതുപോലെ ബില്ലിലെ 3-ാം വകുപ്പിൽ പറയുന്ന ഭൂമിയെ പരിധിനിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. അതായതു്, ഗവണ്മെൻറുഭൂമി, കോഓപ്പറേറീവ് സൊസൈററിവക, റിലിജിയസ് ഇൻസ്റ്റിട്യൂഷൻ, പബ്ളിക്ക കമ്പനികൾ ഇങ്ങനെ കുറെയധികം ഭൂമികളെ ഒഴിവാക്കിയിരിക്കുകയാണ്.

ഇങ്ങനെ ഒഴിവാക്കിയിരിക്കുന്ന ഭൂമികളിൽ സൊസൈററി വകയും കമ്പനി വകയും ഭൂമികളിൽ അവയിലുള്ള അംഗങ്ങളുടെ എണ്ണമനുസരിച്ചു ഇത്ര ഏക്കർ എന്നു് നിശ്ചയിക്കേണ്ടതാണു്. പ്ലാനിംഗ് കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ഉൽപ്പാദനത്തിന് ഹാനികരമെങ്കിൽ വസ്തുക്കളെ വെട്ടിമുറിക്കുന്നതും നല്ലതല്ല. അതിനു മററു പോംവഴികൾ ആരായേണ്ടതാണു്.

ശ്രീ. പി. എസ്. നടരാജപിള്ള : മതസ്ഥാപനങ്ങളിലെയും ധർമ്മസ്ഥാപനങ്ങളിലെയും ടെനൻറിനു ഉടമസ്ഥാവകാശം കൊടുക്കണമെന്നാണോ പറയുന്നതു്?

ശ്രീ. കെ. എം. ചാണ്ടി : എല്ലാ ഇനം ടെനൻറിനും ഓണർഷിപ്പ് കൊടുക്കുന്നുണ്ടെങ്കിൽ ഇവിടെ കൊടുക്കുന്നതിൽ എന്താണു തെററു്?

സർ, മററൊന്നു് സീലിംഗു നിശ്ചയിക്കുന്ന രീതിയെ സംബന്ധിച്ചിടത്തോളം ഇവിടെ പല ആക്ഷേപങ്ങളും ഉന്നയിക്കുകയുണ്ടായി. ഇതിനെപ്പററിയുള്ള സകല വിവരങ്ങളും അതായതു് വില, വിസ്തീർണ്ണം, ഉൽപ്പാദനം മുതലായവയെ സംബന്ധിച്ചു് ശേഖരിച്ചു് ഒരു സ്റ്റാൻറാർഡു് ഏക്കർ വ്യവസ്ഥ നിശ്ചയിക്കുന്നതിനു ലാൻഡു ട്രൈബ്യൂണൽസ്നെ ഏൽപ്പിക്കേണ്ടതാണു്. അവ ഗവണ്മെൻറിനും ജനങ്ങൾക്കും രസ്യമായി കാര്യങ്ങൾ ബോധിപ്പിക്കുന്നതിനു സൗകര്യമുള്ള തുറന്ന കോടതികളായിരിക്കണം. അതുപോലെ തന്നെ ലാൻഡു ട്രൈബ്യൂണലിൻെറ എണ്ണം വർദ്ധിപ്പിക്കേണ്ടതാണു്. ഇതിലേയ്ക്കു് ഹൈക്കോടതി ജഡ്ജിയുടെ സ്റ്റാഫിലുള്ള അംഗങ്ങളുടെ മൂന്നോ നാലോ ട്രൈബ്യൂണൽസ് നിയമിക്കുന്നതു് നന്നായിരിക്കും. ഭൂനയത്തെ സംബന്ധിച്ചുള്ള ബില്ലുകളെല്ലാംതന്നെ ധൃതഗതിയിൽ പാസാക്കണമെന്നുള്ള അഭിപ്രായം ഈ നിയമസഭക്കു ഉള്ളതുകൊണ്ടും ഈ ബില്ലിലെ പല വകുപ്പുകളും സാരമായ ഭേദഗതികൾ വരുത്താനുള്ളതുകൊണ്ടും ഈ ബിൽ മൗലികമായ വ്യത്യാസങ്ങൾ വരുത്താനുള്ള നിർദ്ദേശത്തോടുകൂടി സെലക്ടുകമ്മിററിക്കു അയക്കുന്നതിനോടു അനുകൂലിക്കുന്നു. പരിധി കഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ മിച്ചമുള്ളവ ഗവണ്മെൻറു നേരിട്ടു ഏറെറടുത്തു് ന്യായമായ പ്രതിഫലം കൊടുത്തു കൃഷിക്കാർക്കു വിതരണം ചെയ്യുന്നുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കത്തക്കവിധം വ്യവസ്ഥ ചെയ്യണമെന്നുള്ള നിർദ്ദേശവും സെലക്ടുകമ്മിററിക്കു കൊടുക്കുന്നതു നന്നായിരിക്കും.

ശ്രീ. എം. എ. ആൻറണി : സർ, ഭൂപരിധിനിർണ്ണയം സംബന്ധിച്ചും വിതരണം സംബന്ധിച്ചും മററുമുള്ള ശ്രീ. കെ. എം. ചാണ്ടിയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. അതോടുകൂടി ഒന്നു രണ്ടു കാര്യങ്ങൾകൂടി പറയാനുമെന്നു് ആഗ്രഹിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥപ്രകാരം ഒരു കുടുംബത്തിനു് കൈവശം വെച്ചുകൊണ്ടിരിക്കാവുന്നതു് 15 ഏക്കർ ഇരുപ്പൂനിലമോ, അല്ലെങ്കിൽ 15 ഏക്കർ തെങ്ങുംതോപ്പോ, മാത്രമെ ആകാവൂ എന്നു പറഞ്ഞിരിക്കുന്നു. ഈ രണ്ടിനും വസ്തുക്കളിൽ നിന്നും ആണ്ടൊന്നുക്കു് കിട്ടുന്ന ആദായത്തെ സംബന്ധിച്ചുള്ള ഒരു കണക്കെടുത്തതിനുമേൽ നിശ്ചയിച്ചിട്ടുള്ളതാണോയെന്നു ഞാൻ സംശയിക്കുന്നു. ഒരാണ്ടിൽ 15 ഏക്കർ ഇരുപ്പൂനിലത്തിൽ നിന്നും കൃഷിച്ചിലവുനീക്കി അങ്ങനെയാണു കിട്ടുന്ന ആദായം ഏകദേശം 2000 രൂപയാണു്. എന്നാൽ

[ശ്രീ. എം. എ. ആൻറണി]

15 ഏക്കർ തെങ്ങുംതോപ്പിൽനിന്നും കിട്ടുന്നതു് കുറഞ്ഞതു് 10000 രൂപയാണു്. ആദായത്തിൽ ഇത്രത്തോളം വ്യത്യസ്തമായ വസ്തുക്കളെ പരിധിയുടെ മാനദണ്ഡത്തിൽ മാത്രം സാമ്യപ്പെടുത്തിയിരിക്കുന്നതിൻെറ യുക്തി എന്താണെന്നു മനസ്സിലാകുന്നില്ല. മറെറാന്നു് ഭൂമിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ 1 സെൻറിനു 5 രൂപ മുതൽ 1000 രൂപവരെ വിലയുള്ള ഭൂമിയുണ്ടു്. ചില സ്ഥലങ്ങളിൽ സെൻറിനു 5 രൂപപോലും വിലയില്ല. ഇങ്ങനെയിരിക്കെ വെറും ഏക്കറേജു സിസ്റ്റത്തിനു ഒരു പരിധി നിർണ്ണയം നടത്തുന്നതു് പൊതുജനങ്ങളുടെ ഇടയിൽ പല പരാതികൾക്കും കുഴപ്പങ്ങൾക്കും കാരണമാകുന്നതാണു്. ഇപ്രകാരം നിർണ്ണയിക്കുന്നതിനുമുമ്പു് ഭൂമിയുടെ.....

Chairman: (Shri K. C. George,)

Order, order. In regard to the election of Members to three Committees scheduled for tomorrow, I have to make an announcement. On a scrutiny of the nominations received it was found that all the nominations were valid. Since the number of candidates nominated to each of these Committees is equal to the number of members to be elected, there is no necessity to take a poll. The following members are accordingly declared elected to the respective Committees.

COMMITTEE ON ESTIMATES.

Shri C. C. Ayyappan.

COMMITTEE ON PUBLIC ACCOUNTS.

Shri P. V. Avira Tharakan.

LEGISLATURE LIBRARY ADVISORY COMMITTEE.

1. Shri K. M. Chandy.
2. „ K. Chandrasekhara Sastri.
3. „ Joseph Mundaserry.
4. „ T. T. Kesavan Sastri.
5. „ C. Kochu Kunju.

The House will now adjourn to meet again tomorrow at 8 O' clock.

The Assembly adjourned at 1 p. m. to meet again at 8 A. M. on Thursday, the 3rd February, 1955.

APPENDIX I.

[*Please see answer to Question No. *190 (23.)*]

Rules for the award of grants to private institutions from the Public Health Department Travancore-Cochin State

1. The Public Health Department may make grants in aid of welfare institutions, managed by a single individual, Association, Clubs etc. for the benefit of the public, and engaged in such public health activities as the maintenance of maternity and child welfare centres, clinics, rural sanitary works and other activities intended to promote the health and well being of the people.

2. Grant will be sanctioned only on the recommendation of the Director of Public Health and if the Government are satisfied that the institution concerned was working satisfactorily for a period of not less than two years. The following shall be the criterion for determining the eligibility of an institution for purposes of grant.

(*a*) *Maternity Centres.*—The minimum number of deliveries attended in any one year shall not be less than 150.

(*b*) *Child Welfare Centres.*—The minimum number of clinics conducted, infants treated or children cared for shall not be less than 100, 100 and 25 respectively.

(*c*) *Poor Houses.*—A minimum of 25 inmates have to be fed in a poor home. Admission to be given only to disabled persons.

(*d*) Conditions for giving grant to other types of institutions will be determined by Government on each occasion.

3. The institution shall serve the public irrespective of caste, creed or community.

4. Grant is sanctioned in deserving cases at the discretion of the Government and cannot be claimed as a matter of right. Government have the right to defer or refuse the recommendation for a grant or to stop or reduce the amount of grant or contribution already sanctioned without assigning any reason.

5. The institution shall keep the accounts in proper manner which shall be open to inspection by the Director of Public Health or his deputies. The registers that are to be maintained is given in the form appended.

6. An annual report of the working of the institution should be submitted to the Director of Public Health every year through the District Health Officer in whose jurisdiction it is functioning on or before 1st of May.

7. The Government reserve the right to make further rules or amend them if and when necessary.

8. Grant shall be paid monthly or annually, as decided by the Director of Public Health. In the case of an Institution which has to meet the pay of the staff and such recurring expenditure, the grant may be paid monthly.

9. The working hours should be duly notified with the previous approval of the Director of Public Health and a board showing it put up in a prominent place at the entrance.

10. The application for grant shall, in each case be submitted by the authority by whom the institution is owned or conducted (Proprietor, Manager, Secretary etc.) to the Director of Public Health in the form appended (Form No. 2).

11. The Director of Public Health shall after proper enquiry on the working of the institution and detailed scrutiny of the Accounts and records already maintained, forward the application to Government with his remarks as to the manner of working of the institution, its approximate annual receipts, expenditure, and the amount, which in his opinion, may be paid by Government by way of grant or contribution.

12. The grant shall in no case exceed 50 per cent. of the average annual expenditure, subject to a maximum of Rs. 1,000 per annum.

13. The grant sanctioned by Government shall be drawn by the authority by whom the institution is conducted (Proprietor, Manager, Secretary etc.) on bill in Form No. 71 of the Travancore Financial and Account Code Vol. II. The bill should be countersigned by the Director of Public Health who should record on each bill a certificate to the effect that the institution has satisfied all the conditions which made the institution eligible for grant for the period for which the grant is claimed *viz.*, that it has done the minimum volume of work prescribed, that it has kept all the accounts as per the rules and that the amount of the grant is reasonable compared with the work done by the institution.

14. Grant not utilised for the period for which it was sanctioned should be refunded.

15. Grant should be utilised only for the purpose for which it is given.

16. The grant is liable to be withdrawn if the authority sanctioning it has reason to believe that it is not likely to be utilised for the purpose for which it is sanctioned.

17. An agreement (in the form given) has to be got signed from the authority to whom the grant has been sanctioned to the effect that it will be utilised for the purpose for which it is sanctioned.

18. The Director of Public Health or any other person deputed by him or authorised by Government on this behalf shall have power to inspect the institution and its accounts or any record relating to it at any time.

19. The Director of Public Health or any of his deputies shall conduct an annual audit of the accounts and registers of the institution and shall furnish a certificate to this effect to the comptroller in respect of the outgoing year, along with the first bill of every year.

20. Registers to be maintained are given as list No. 3.

E. S. R. MENON,
Director of Public Health.

I

Cash Book.

RECEIPT.			EXPENDITURE.		
Date.	*Description.*	*Amount.*	*Date.*	*Description.*	*Amount.*

II

Application for Grant.

1. Name of the Institution.
2. By whom it is managed.
3. Location (District, Taluk, Pakuthy, Village/Ward should be shown)
4. Rented or its own,
5. Date of opening the institution.
6. Probable expenditure for one year with details (average annual expenditure for the last 2 years under important directions such as purchase of medicines, cost of diets, bedding, clothing, furniture etc. should be shown).
7. Required grant.
8. Monthly or annually.
9. Year to which it is requested.
10. Receipts from main source *viz.*, donations, subscriptions, sale of medicines etc. payward or other collections etc.

(A brief history of the working of the institution).

Certified that all the details furnished above are true.

Station.

Date. *Signature.*

Recommendations of the Director of Public Health.

Signature.

Form of Agreement.

I.....solemnly declare that the grant of Rs..... (Rupees).....sanctioned to the institution .....for the year.....for its working in connection with.....will be utilised only for the purpose for which it is sanctioned and if the Director of Public Health has any reason to believe that it is not likely to be utilised for the purpose for which it is sanctioned, I shall refund the amount and on default, the amount may be recovered from me as per Revenue Recovery Act or any other rule that may be prescribed by Government. The rules and conditions have been accepted by me.

Signature.

III

List of Registers to be maintained.

1. Cash Book.
2. Register of clinics held.
3. Register of delivery cases.
4. Attendance register for inmates and staff.
5. Visitors' Book.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1955.

Thursday, the 3rd February 1955.

Vol. XII] OFFICIAL REPORT [No. 7

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 3rd February 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

കുടിയ്ക്കുകൾ.

* 212. [1] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും പോലീസ് സഹായത്തോടുകൂടി കുടിയ്ക്കുകളും അനധികൃതമായ വസ്തു ഒഴിപ്പിക്കലുകളും നടന്നുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു തടയുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കുടിയിറക്കലുകളും വസ്തുഒഴിപ്പിക്കലുകളും തടഞ്ഞുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവണ്മെന്റ് അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) അങ്ങനെ നടന്നതായി ഗവണ്മെന്റിന്റെ അറിവിൽപ്പെട്ടിട്ടില്ല.

(ബി) നടപടികൾ സ്വീകരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

(സി) ഉണ്ട്.

(ഡി) അതിലേയ്ക്കു വേണ്ട വ്യവസ്ഥകൾ, നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള വെറംപാട്ടംഓർ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : തിരുവനന്തപുരം സിററിയിൽതന്നെ പോലീസ് സഹായത്തോടുകൂടി പല കുടിയിറക്കുകളും നടക്കുന്നു എന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കുന്നത്തൂർ താലൂക്കിൽ ഇടക്കാട് എന്ന സ്ഥലത്തു ഈയിടെ ഒരു കുടിയിറക്കു നടത്തിയിട്ടുള്ളതായി പന്തളം പി. ആർ. മാധവൻപിള്ള ഗവണ്മെൻറിനോടു പരാതിപ്പെട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : അതു നോക്കിയാലെ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : റോഡു പുറമ്പോക്കുകളിൽനിന്നും സർക്കാർ ആവശ്യത്തിനായി കുടിയിറക്കുകൾ നടത്തുന്നതിനു നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : പൊതുജനാവശ്യങ്ങൾക്കു് അത്യന്താപേക്ഷിതമായ ചില സ്ഥലങ്ങൾ ഒഴിപ്പിക്കാൻ നിർദ്ദേശംകൊടുത്തിട്ടുണ്ടു്. എങ്കിലും കഴിയുന്നിടത്തോളം, തരിശുഭൂമികളോ മററോ കൊടുത്തു് കുടികിടപ്പുകാർക്കുവേണ്ട സൗകര്യം ചെയ്തുകൊടുക്കണമെന്നും ഡിസ്ട്രിക്ററു കളക്ടറന്മാർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. എ. മജീദ് : ഈ കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇക്കാര്യത്തിനുവേണ്ടി ഒരു ബിൽ അസംബ്ലിയിൽ ഉടൻതന്നെ കൊണ്ടുവരുന്നുണ്ടു്. ഡ്രാഫ്ററു് ചെയ്തുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സർക്കാർ ആവശ്യത്തിനു കുടിയിറക്കു നടത്തുമ്പോൾ, കുടിക്കാർക്കു വേറെ സ്ഥലം കൊടുത്തു സൗകര്യപ്പെടുത്തിയതിനുശേഷം കുടിയിറക്കു നടത്തണമെന്നാണോ നിർദ്ദേശം കൊടുത്തിട്ടുള്ളതു്?

ശ്രീ. പി. എസ്. നടരാജപിള്ള : തൃശ്ശൂർഡിസ്ട്രിക്ററിലും, കൊല്ലം ഡിസ്ട്രിക്ററിലും വേറെ സ്ഥലം അനുവദിച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സ്ഥലം കൊടുത്തതിനുശേഷമാണോ അവരെ ഇറക്കിവിട്ടിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഞാൻ പറഞ്ഞ രണ്ടു സ്ഥലങ്ങളിലും അനുവദിച്ചുകൊടുത്തതിനുശേഷമാണു് കുടിയിറക്കിയിട്ടുള്ളതു്.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു്.

* 213. [2] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിലെ കാർഷികോൽപ്പന്നങ്ങൾക്കു് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിലയിടിവ് തടയുവാൻ ഗവണ്മെൻറ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ചില കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവുള്ളതായി അറിയാം.

(ബി) ഉൽപ്പാദനച്ചിലവിനെക്കാളും കാർഷികോൽപ്പന്നങ്ങൾക്കു വിലകുറയുകയാണെങ്കിൽ അപ്രകാരം വേണ്ട നടപടികൾ എടുക്കുന്നതാണ്.

ശ്രീ. വി. ശ്രീധരൻ : ഇപ്രകാരം വിലകുറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇപ്പോൾ ഉള്ളതായി അറിഞ്ഞുകൂടാ.

ശ്രീ. വി. ശ്രീധരൻ : കുരുമുളക്, മരച്ചീനി മുതലായവയ്ക്കു ഇപ്പോൾ വളരെ വില കുറഞ്ഞിരിക്കുന്നതായി അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : മരച്ചീനിക്കു അസാധാരണമായി വില കുറഞ്ഞിട്ടുണ്ട് എന്നു അറിയാം.

ശ്രീ. വ . ശ്രീധരൻ : ഈ സാധനങ്ങൾക്ക് ഗവണ്മെൻറ്ൽനിന്നും അടിസ്ഥാനവില നിർണ്ണയിക്കാൻ പാടില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള : അടിസ്ഥാനവില നിർണ്ണയിക്കുകയാണെങ്കിൽ, ആ അടിസ്ഥാനവിലക്ക് ഉൽപ്പന്നങ്ങൾ വാങ്ങിക്കാൻ ഗവണ്മെൻറ് തയ്യാറാവുകയും വേണം. അടിസ്ഥാനവില നിശ്ചയിക്കേണ്ട ഘട്ടങ്ങൾ വരുമ്പോൾ അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. എം. മത്തായി : മരച്ചീനിയുടെ വിലയിടിവു തടയാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : മരച്ചീനി കയററുമതി ചെയ്യാൻ പാടില്ലെന്നുള്ള നിരോധനം ഉണ്ടായിരുന്നതുകൊണ്ടാണ് മരച്ചീനിയുടെ വില ഇടിഞ്ഞതു് എന്നാണ് ഗവണ്മെൻറിനു തോന്നിയതു്. കയററുമതി നിരോധിച്ചിരിക്കുന്നതു കൊണ്ടാണ് വിലകുറഞ്ഞിരിക്കുന്നതു് എന്നു വീണ്ടും നിവേദനങ്ങളും മററും വന്നപ്പോൾ ആ നിരോധനം നീക്കി കയററുമതി അനുവദിച്ചിട്ടുണ്ട്. എന്നിട്ടും വിലകുറവായിതന്നെയിരിക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : മരച്ചീനിയിൽനിന്നും മററു വ്യാവസായികോൽപ്പന്നങ്ങൾ നിർമ്മിക്കാൻ എന്തെങ്കിലും വ്യവസ്ഥ ചെയ്യാമോ?

Shri P. S. Nataraja Pillai : What I would submit is that the production of industrial products from raw products is not an easy matter which can be brought into effect at a single moment's notice. It requires research and organisation. As a matter of fact, in regard to converting raw tapioca into starch, some information was collected and some steps have been taken to see that we get a medium-sized starch factory in Travancore.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു മരച്ചീനിയിൽനിന്നും ഗ്ലൂക്കോസ് ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

Shri P. S. Nataraja Pillai : When I say that information is being collected on the industrial uses of raw tapioca, it includes that also. It is the scientist and the industrialist who are to do that.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ആ ഫാക്ടറി ഇന്ന സ്ഥലത്തു സ്ഥാപിക്കണമെന്നു ഗവണ്മെൻറിനുദ്ദേശമുണ്ടോ?

Shri P. S. Nataraja Pillai : It is a question which has not been decided.

ശ്രീ. എം. എം. മത്തായി : മരച്ചീനിക്കു കൂടുതൽ വില കിട്ടുന്നതായ ഏതെങ്കിലും വിദേശവിപണികൾ കണ്ടുപിടിച്ചിട്ടുണ്ടോ?

Shri P. S. Nataraja Pillai : There seems to be some difficulty. I am placing before the House whatever information I have got. As a matter of fact, corn flour starch is selling at a very low price and makes the tapioca starch unsaleable in the market. The first difficulty is the difference in freight rates. I am told that there is a difference of nearly Rs 15 per ton in the freight rate between corn flour starch and tapioca starch. So, even in foreign markets, on account of the difference in the freight rates, Indian tapioca starch does not find a very good market.

ശ്രീ. സി. ജി. വിശ്വനാഥൻ : മരച്ചീനിയുടെ മാത്രമല്ല, മറ്റു കേരളത്തിലെ സാമാന്യത്തിലധികം വിലകുറഞ്ഞിട്ടുണ്ടെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : അതിന് ഉൽപ്പാദനച്ചെലവിനെക്കാൾ കുറഞ്ഞിട്ടുണ്ടെന്ന് അറിഞ്ഞുകൂടാ.

ശ്രീ. സി. ജി. സദാശിവൻ : അതിന്റെ വില കായ്മായി കുറഞ്ഞിട്ടുണ്ടെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : യുദ്ധകാലത്തേക്കാൾ കുറഞ്ഞിട്ടുണ്ടെന്നറിഞ്ഞുകൂടാ.

ശ്രീ. സി. ജി. സദാശിവൻ : സിലോൺകൊപ്രാ വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്നതുകൊണ്ടല്ലേ ഇവിടത്തെ തേങ്ങാക്കുരു വിലകുറവു വന്നിട്ടുള്ളതു്?

Shri P. S. Nataraja Pillai : That presumption is not correct, Sir. After all, India is not self-sufficient in cocoanut oil and the production is not sufficient in our country to meet our needs. So, an import quota has to be allowed.

ശ്രീ. സി. ജി. സദാശിവൻ : ഈ ഇറക്കുമതികൊണ്ടാണ് ഇപ്രകാരം തേങ്ങക്കുരു വില കുറഞ്ഞുവന്നിട്ടുള്ളതു് എന്ന് ഇൻഡ്യാഗവണ്മെൻറിനെ അറിയിക്കാൻ പാടില്ലേ? ഈ വിലക്കുറവിനെ പരിഹരിക്കാൻ എന്തെങ്കിലും നടപടി നടത്താൻ ഇൻഡ്യാഗവണ്മെൻറിനോടു നിവേദനം നടത്തിക്കൂടേ?

Shri P. S. Nataraja Pillai : The Government of India is responsible for it, and consumption is a very important matter.

ശ്രീ. സി. ജി. സദാശിവൻ : ഈ വിലക്കുറവിനെ പരിഹരിക്കാൻ എന്തെങ്കിലും നടപടി നടക്കാൻ ഇൻഡ്യാഗവണ്മെൻറിനോടു നിവേദനം നടത്തിക്കൂടെ?

ശ്രീ പി. എസ്. നടരാജപിള്ള : ഇപ്പോൾ അതിനു നിവൃത്തിയില്ല. As long as the cost of production is not high, that kind of representation cannot, I think, be made.

ശ്രീ. പി. ആർ. മാധവൻപിള്ള : ഇവിടെ ഇറക്കുമതി ചെയ്യുന്ന സിലോൺകൊപ്രയ്ക്ക് വില കുറഞ്ഞിട്ടുണ്ടോ?

Shri P. S. Nataraja Pillai : I am not in possession of the facts.

ശ്രീ. എം. വി. ചെറിയാൻ : കാർഷികോൽപ്പന്നങ്ങൾ വിററഴിക്കുന്നതിന് വിദേശങ്ങളിൽ ഏജൻറന്മാർ തുടരുന്നതിനും പാടില്ലേ?

Shri P. S. Nataraja Pillai : As far as the commercial products are concerned, I am not against the idea of having trade agents in foreign countries. That itself is limited by the constitutional structure in which we work, and we cannot have foreign relations independently of the Central Government and as far as that matter is concerned, the trade agent of the Centre are representing Travancore as well. What I would say to the House is that if anybody wants to have any trade relations with a foreign country, he will have to approach through the trade representatives of the Government of India in those countries.

ശ്രീ. എം. വി. ചെറിയാൻ : അതിനെ പെയ്ഡ് ഏജൻറ്മാരെ നിയമിക്കാനുള്ള അവകാശം ഇൻഡ്യാഗവണ്മെൻറ് അനുവദിച്ചു തരികയില്ലേ?

Shri P. S. Nataraja Pillai: I did not say that they will not, Sir.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി : ഉൽപ്പാദനച്ചെലവിനെക്കാൾ വില കുറയുമ്പോഴാണ് വില കുറയുന്നതെന്നു പറഞ്ഞു. അതിനെപ്പററി എന്തെങ്കിലും സ്ഥിതിവിവരക്കണക്കുകൾ ഗവണ്മെൻറിൻെറ കൈവശം ഉണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഗവണ്മെൻറിൻെറ കൈയിൽ വിവരമായിട്ടുള്ള കണക്കുകൾ ഇല്ല. റവന്യൂബോർഡ്, ആഗ്രിക്കൾച്ചറൽ ഇൻകംടാക്സ് മുതലായ ഡിപ്പാർട്ടുമെൻറുകളിൽനിന്നും ലഭിച്ചിട്ടുള്ള കണക്കുകളിൽനിന്നും കാണുന്നതാണ്.

ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി : ഇവിടെയുള്ള കാർഷികോൽപ്പന്നങ്ങളെപ്പററിയുള്ള കണക്കുകൾ എല്ലാം ഗവണ്മെൻറിൻെറ കൈവശമുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ശേഖരിക്കുന്ന സ്ഥിതിവിവരക്കണക്കുകളാണുള്ളത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : വിലയിടിവിനെസംബന്ധിച്ചിടത്തോളം, മരച്ചീനിയും കുരുമുളകുതമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

Shri P. S. Nataraja Pillai : Government of India, in view of the unprecedented rise in the price of pepper, imposed a higher rate of export duty. On account of the fall in prices, Government have, proportionately or to a large extent, reduced the export duty on pepper to safeguard the interests of the producer. As a matter of fact, pepper has a ready market everywhere. It depends upon the economic use.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഇപ്പോൾ ഈ കുരുമുളക് കയറുമതി ചെയ്യുന്നതു് ഏതു രാജ്യങ്ങളിലേക്കാണ്?

Shri P. S. Nataraja Pillai: I claim notice. It is not within my personal knowledge.

ശ്രീ. പി. കുഞ്ഞച്ചൻ : ഇന്നുള്ള മാർക്കറ്റുകൾ അല്ലാതെ പുതിയ മാർക്കറ്റുകൾ ആവശ്യമില്ലെന്നാണോ ഗവണ്മെൻറ്റിന്റെ അഭിപ്രായം?

Shri P. S. Nataraja Pillai : It is not a question of finding new markets. It is supplying to the markets. The demand is dependent on the economic price at which it can be imported.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഇപ്പോൾ കുരുമുളകിന്നും കയറിന്നും ചുങ്കം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : കുറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : റംഗ്രൺ, ബാഗ്ദാദ്, കൊളമ്പു മുതലായ സ്ഥലങ്ങളിൽ ഇൻഡ്യാഗവണ്മെൻറിൽനിന്നും മാർക്കറ്റിംഗ് ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടല്ലോ. അവർ മുഖാന്തിരം നമ്മുടെ സാധനങ്ങൾ വില്ക്കുന്ന നടത്താൻ നടപടി നടത്തിക്കൂടെ?

Shri P. S. Nataraja Pillai : The trade agent of a country is there to give help to the traders, and if anybody wants such help, he will have to approach the Government of India, and not to the trade representative. Government will be glad to do it. By themselves, Government cannot approach the trade agent to canvass for it.

ശ്രീ. ടി. പി. സീതാരാമൻ : നമ്മുടെ ഗവണ്മെൻറിന്നു നേരിട്ടു എഴുതി അയയ്ക്കാമെന്നുള്ളതാണ്. മാർക്കറ്റിംഗ് ആഫീസറന്മാരായി മദ്രാസ് ഗവണ്മെൻറിൽനിന്നുമാണ് മൂന്നുപേരെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. പി. എസ്. നടരാജപിള്ള : ഗവണ്മെൻറ് കൈവശം സാധനങ്ങൾ ഒന്നുമില്ലാത്തതുകൊണ്ടു് എഴുതി അയയ്ക്കാൻ ഒക്കുകയില്ല.

Shri T. P. Sitaraman : The Madras Government are directly doing it.

ശ്രീ. പി. എസ്. നടരാജപിള്ള : എനിക്ക് മദ്രാസ് ഗവണ്മെൻറ് എന്തു ചെയ്യുന്നു എന്നറിവില്ല.

D. D. T. Factory.

*214. [3] **Shri. N. G. Chacko** : Will the Minister for Industries be pleased to state :

(*a*) whether there is any proposal to start a D. D. T. Factory in Travancore-Cochin;

(*b*) if so, when it will be opened ; and

(*c*) where it will be opened ?

Minister for Finance **(Shri P. S. Nataraja Pillai)** :

(*a*) Yes.

(*b*) It is difficult to say when exactly the Factory will be opened but the final decision is expected soon. The present proposal is to locate the Factory at Alwaye.

Shri A. A. D. Luiz : Is any capital involved in the scheme ?

Shri P. S. Nataraja Pillai : The question has not yet been finalised.

കാളനൈസേഷൻ.

* 215. [4] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം താലൂക്കിൽ കാളനൈസേഷനുവേണ്ടി പതിനയ്യായിരം ഏക്കർ സ്ഥലം തിരഞ്ഞെടുക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നടപടികൾ എന്തായിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ദേവികുളം താലൂക്കിൽനിന്നും കാളനൈസേഷനുവേണ്ടി എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഇപ്പോൾ ഖണ്ഡിതമായി നിശ്ചയിച്ചിട്ടില്ല. ഇപ്പോൾ കല്ലാറിൽ 1000 ഏക്കറും, അഞ്ചനാട്ട് 4000 ഏക്കറും സ്ഥലം സർവ്വെചെയ്തുവരുന്നു.

(ബി) സർവ്വെ തൃപ്തികരമായവണ്ണം പുരോഗമിച്ചുവരുന്നു.

ശ്രീ. എൻ. ജി. ചാക്കോ : ഈ പദ്ധതി അനുസരിച്ചു എത്ര കുടുംബങ്ങളെ താമസിപ്പിക്കാൻ സാധിക്കുമെന്നു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : 5 ഏക്കറിന് ഒരു കുടുംബം എന്നു കണക്കാക്കി അത്രത്തോളം കുടുംബങ്ങളെ അവിടെ താമസിപ്പിക്കാൻ സാധിക്കും.

ശ്രീ. എൻ. ജി. ചാക്കോ : സാമുദായികാടിസ്ഥാനത്തിലാണോ അവിടെ ആളുകളെ പാർപ്പിക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു് : പാർപ്പിടമില്ലാത്ത പാവപ്പെട്ടവരെ താമസിപ്പിക്കണമെന്നുള്ള അടിസ്ഥാനത്തിലാണ്.

ശ്രീ. കെ. എം. ചാക്കോ : പുറംപോക്കുസ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് ഈ പദ്ധതിയിൽ പ്രഥമസ്ഥാനം നൽകണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : ഉദ്ദേശങ്ങളിൽ ഒന്നു അതുതന്നെയാണ്.

മണ്ണൊലിപ്പുനിവാരണം.

* 216. [5] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഗവണ്മെൻറ് സംവിധാനം ചെയ്തിട്ടുള്ള മണ്ണൊലിപ്പുനിവാരണപദ്ധതിയെപ്പററി എന്തെല്ലാം നടപടികൾ ഇതിനകം നടത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) കേന്ദ്രഗവണ്മെൻറിൻെറ മണ്ണൊലിപ്പുനിവാരണോപദേഷ്ടാവായ ശ്രീ. ബാസു ഏതെല്ലാം മണ്ണൊലിപ്പു പ്രദേശങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(ഡി) അദ്ദേഹം എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ—ബി) മണ്ണൊലിപ്പുനിവാരണപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി 1950-ൽ ലാൻഡ് ഡവലപ്പ്മെൻറ് ആക്ററ് സംസ്ഥാനത്ത് ഉപർജ്ജിതത്തിൽ വരുത്തി. പ്രസ്തുത ആക്ററിൻെറ പ്രവർത്തനങ്ങൾക്കായി റവന്യൂബോർഡ് രണ്ടാംമെംബർ, കൃഷിഡയറക്ററർ, കൺസർവേററർ, ശ്രീ. എ. മാധവപ്രഭു, അഡ്വക്കേററ്, എറണാകുളം, ഐ. സി. ചാക്കോ, റിട്ടയർഡ് ചീഫ് ഇൻജിനീയർ എന്നിവർ അംഗങ്ങളായി ഒരു ലാൻഡ് ഡവലപ്പ്മെൻറ് ബോർഡ് രൂപീകരിക്കയും, കൂടാതെ ഒരു ലാൻഡ് ഡവലപ്പ്മെൻറ് ആഫീസർ, 4 ഇൻജിനീയർ സൂപ്പ്രണ്ടന്മാർ, 4 സർവ്വേയറന്മാർ, ഒരു അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് എന്നീ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡ് ഇതിനകം 14 പ്രാവശ്യം കൂടുകയും പല പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ സംസ്ഥാനത്തിൻെറ പല ഭാഗത്തുള്ളിലായി മണ്ണൊലിപ്പുനിവാരണനടപടികളിൽ ഏർപ്പെട്ടിരിക്കുകയാണ് പാറശ്ശിവാസലിലും, പീച്ചിയിലും ഉദ്ദേശം 8,000 ഏക്കർ ഉൾക്കൊള്ളുന്ന 19 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ കൊല്ലന്തോറും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഡിപ്പാർട്ടുമെൻറൽ ഭരണറിപ്പോർട്ടിൽനിന്നും ലഭിക്കുന്നതാണ്.

(സി) പീച്ചി, ആനമലറോഡ്, ആലുവാ—മൂന്നാർറോഡ്, മീനച്ചിൽ, തൊടുപുഴ, റാന്നി, കോന്നി, പുനലൂർ, ചെങ്കോട്ട-തിരുവനന്തപുരംറോഡ്, കേരട്ടുകാൽ, കുന്നത്തുകാൽ മുതലായ സ്ഥലങ്ങൾ.

(ഡി) ഒരു ഭൂമിസേനയെ രൂപീകരിച്ച് മണ്ണൊലിപ്പുനിവാരണനടപടികൾ ത്വരിതപ്പെടുത്തുന്നതുള്ള ഒരു പദ്ധതി അദ്ദേഹം അംഗീകരിച്ചിട്ടുണ്ട്. അതിൻെറ നടത്തിപ്പിലേയ്ക്കായി സായിൽ കൺസർവേഷൻ ഡയറക്ററർ ഒരു ഒരു ഉദ്യോഗസ്ഥനെ നിയമിച്ചുകഴിഞ്ഞു.

ശ്രീ. പി. ഗോപാലൻ: ഈ പദ്ധതിക്ക് കേന്ദ്രഗവണ്മെൻറിൽ നിന്നും വല്ല സഹായവും കിട്ടുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഒടുവിൽ പറഞ്ഞ പദ്ധതിക്ക് കേന്ദ്രഗവണ്മെൻറിൽനിന്നും സഹായംകിട്ടും.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഭൂസേന ഒരു മൊബയിൽ സേന യാണോ; അതോ അതാതു താലൂക്കുകളിൽനിന്നും റിക്രൂട്ടുചെയ്യുന്ന താണോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇതൊരു ആറുവർഷപദ്ധതി യായിട്ടാണ് തുടങ്ങിയിരിക്കുന്നത്.

To begin with an extent of 1,50,000 acres in different zones of the State are to be tackled for soil conservation work immediately, The following areas are to be tackled:—Ist year 25,000 acres, 2nd year 30,000, 3rd year 45,000, 4th year 45,000, fifth year 20,000 and 6th year 10,000. Therefore, the land army has to tackle 25,000 acres in one zone. After completing it, it will be diverted to another zone.

ശ്രീ. എം. വി. ചെറിയാൻ: ഈ ഭൂസേന ഇന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അറിവിൽപ്പെട്ടിടത്തോളം 260 പേരെ ചേർത്ത് ഒരു ചെറിയ യൂണിറ്റ് ഉണ്ടാക്കിയിട്ടുണ്ട്. കൂടുതൽ ആളുകളെ ചേർത്ത് യൂണിറ്റുകൾ ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നാണ് അറിവ്.

ശ്രീ. എം. വി. ചെറിയാൻ: ഗവണ്മെൻറുവക ഭൂമികളിലാണോ മണ്ണൊലിപ്പ് നിവാരണനടപടികൾ എടുത്തിരിക്കുന്നത്?

ശ്രീ. പി. എസ്. നടരാജപിള്ള: ആദ്യമായി എടുത്തിരിക്കുന്ന സ്ഥലം ഗവണ്മെൻറുവക ഗ്രോമോർ ഫുഡിനു കൊടുത്തതിൽപ്പെട്ട സ്ഥലമാണ്.

ശ്രീ. എം. വി. ചെറിയാൻ: ആ സ്ഥലം ഇപ്പോൾ സ്വകാര്യഉടമകളുടെ കൈയിലിരിക്കുന്നതല്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: ഈ ഉടമ എന്നുള്ള വാക്ക് ഉപയോഗിക്കാമോ എന്നറിഞ്ഞുകൂടാ. ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശമല്ലെന്നുള്ളിടത്തോളം സമ്മതിക്കാം.

ശ്രീ. എം. വി. ചെറിയാൻ: അവരെക്കൊണ്ട് നടത്തിക്കാനുള്ള എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യുകയല്ലേ നല്ലത്?

ശ്രീ. പി. എസ്. നടരാജപിള്ള: അവരുംകൂടി ഇതിൽ സഹകരിക്കുന്നുണ്ടെന്നാണ് സ്ഥലത്തു ചെന്നപ്പോൾ എനിക്കു കിട്ടിയ അറിവ്.

ശ്രീ. എം. വി. ചെറിയാൻ: ഈ സേന രൂപീകരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ്?

Shri P. S. Nataraja Pillai: Director of Soil Conservation, Assistant Engineer or Executive Engineer, and the local Tahsildar will form themselves into a Board and enrol people.

ശ്രീ. പി. എം. മത്തായി: ഈ 260 പേരെ ഇപ്പോൾ എടുത്തിട്ടുണ്ടെന്നു പറഞ്ഞതു് എവിടെനിന്നാണ്?

ശ്രീ. പി. എസ്. നടരാജപിള്ള: കുമ്പമ്പാറ പരിസരത്തുള്ളിൽ നിന്നാണ്.

ശ്രീ. കെ. പി. ഹാർമീസ്: ഇവരുടെ സേവനാവ്യവസ്ഥകൾ എന്താണെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അവർക്ക് താമസസൌകര്യം കൊടുക്കുന്നുണ്ട്. ദിവസക്കൂലിയായോ മാസക്കൂലിയായോ റിക്രൂട്ടുചെയ്തിരിക്കയാണ്. ലേബറേഴ്സിന് ഡെയിലിവേജസാണ്. സൂപ്രവൈസറി സ്റ്റാഫിനാണ് മന്തിലി വേജസ്.

ശ്രീ. സി. സി. അയ്യപ്പൻ: ഈ ഭൂസേനയ്ക്ക് എന്തെങ്കിലും ട്രെയിനിംഗ് കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള. എനിക്ക് മനസ്സിലാകുന്നില്ല, എന്തു ട്രെയിനിംഗാണ് കൊടുക്കുന്നത്; അവരുടെ ജോലിക്കാവശ്യമുള്ള കുന്താലിയും മററും കൊടുക്കുന്നുണ്ട്.

ശ്രീ. ടി. കെ. ദ്വാകരൻ: ഇവരെ എംപ്ലോയിമെൻറ് എക്സ്ചേഞ്ച് വഴി റിക്രൂട്ടുചെയ്തുകൂടെ?

ശ്രീ. പി. എസ്. നടരാജപിള്ള: സൂപ്രവൈസറി സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം അതാലോചിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: ഈ പദ്ധതി എല്ലാ ഡിസ്ട്രിക്ററുകളിലും ഒരുമിച്ച് അനുവദിക്കുന്നതിന് എന്താണ് തടസ്സം?

ശ്രീ. പി. എസ്. നടരാജപിള്ള: അതു സാദ്ധ്യമല്ല. ചാലക്കുടി ഏരിയായിൽ കുറച്ച് ഫുഡ്പ്രൊഡക്ഷന് കൊടുത്തിട്ടുണ്ട്. അതുകൂടി ഉൾപ്പെടുത്താൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ ഭൂസേനയിൽ എടുക്കുന്നവർ അഭ്യസ്തവിദ്യരാണോ; തൊഴിലാളികളാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: തൊഴിലാളികളാണ്. 660 persons will be the educated employed out of the whole contingent of 75,000 people. These 660 persons will have education for supervisory work in addition to the specialists.

ശ്രീ. കെ. എ. ബാലൻ: ഈ ഭൂസേനയിൽ എത്ര കൂലിവേലക്കാർ ഉണ്ടായിരിക്കുമെന്ന് പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: 7500 പേരുള്ള ഒരു യൂണിറ്റ് ഉണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. വിശ്വംഭരൻ: തീരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ കൂടുതലായുള്ളതുകൊണ്ട് അവിടെ നിന്നും അധികം ആളുകളെ റിക്രൂട്ടുചെയ്യാൻ ശ്രമിക്കുമോ?

Shri P. S. Nataraja Pillai: The percentage of unemployment depends upon the density of population.

ശ്രീ. പി. വിശ്വംഭരൻ: തീരപ്രദേശത്ത് ഡെൻസിററി കൂടുതലാണെന്നു അറിഞ്ഞുകൂടെ?

Shri P. S. Nataraja Pillai: That is why I say it depends upon the density of population. There may be isolated spots with higher density.

ശ്രീ. ടി. കെ. ദിവാകരൻ : ഭക്ഷ്യവിനിയന്ത്രണംമൂലം തൊഴിലില്ലാതെവന്ന ഹെഡ്‌ലോഡ് തൊഴിലാളികൾക്ക് മുൻഗണന കൊടുക്കുന്നതിന് ആലോചിക്കുമോ?

ശ്രീ. പി. എസ്. നടരാജപിള്ള : എല്ലാ തൊഴിലില്ലാത്തവർക്കും മുൻഗണന കൊടുക്കാം.

നെയ്യാറ്റിയുടെ തീരപ്രദേശങ്ങളിലുള്ള തടി വെട്ടി മാററുന്നതിന്റെ പണി.

* 217. [6] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) നെയ്യാറ്റിണയുടെ തീരപ്രദേശങ്ങളിലുള്ള തടി വെട്ടി മാററുന്നതിന്റെ പണി ടെൻഡർ വിളിച്ചോ ലേലം ചെയ്തോ കൊടുക്കാതെ ഒരു വിദേശിക്ക നൽകിയെന്നുള്ള കേരളകൗമുദിയുടെ 29-9-1954-ലെ മുഖപ്രസംഗം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ ;

(ബി) അഞ്ചരലക്ഷം രൂപ ഈ ഇനത്തിൽ ഗവണ്മെൻറിന് നഷ്ടംവന്നിട്ടുണ്ടെന്നുള്ള ആരോപണം നിഷേധിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഈ ചോദ്യത്തിനു മുമ്പ് പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ഗോപാലൻ : (ബി)-യുടെ ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. പി. എസ്. നടരാജപിള്ള : (ബി) ഗവണ്മെൻറിന് ഒരു പൈപോലും നഷ്ടംവരാത്ത ഈ സംഗതിയിൽ ഇത്ര ഭീമമായ നഷ്ടം വന്നേക്കുമെന്നുള്ള ആരോപണത്തെപ്പററി വളരെ കാര്യമായി വിചാരിച്ചില്ല. പക്ഷെ പത്രപ്രതിനിധികളോട് ഈ വസ്തുത പറഞ്ഞിട്ടുണ്ട്.

Separation of Judiciary.

218. [8] **Shri T. P. Sitaraman:** Will the Chief Minister be pleased to state :

(*a*) whether steps are taken for the separation of Judiciary powers from the Executive; and

(*b*) if so, when it will materialise ?

Chief Minister **(Shri A. Thanu Pillai)** : A Committee was appointed to examine the question. On the basis of their report Government took the necessary decision and brought forward a motion for a Supplementary grant for the purpose during the last Session of this Assembly. That demand was disallowed by this House.

(*b*) It will materialise if and when this House allows the necessary funds.

ശ്രീ. ടി. പി. സീതാരാമൻ : കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ച ഈ മോഷനിൽ ഒരു ഭാഗം മാത്രമേ അനുവദിക്കാതിരുന്നിട്ടുള്ളുവെന്ന് ഗവണ്മെൻറ് ധരിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ഈ മോഷൻ അനുവദിക്കാതെ തള്ളുകയാണ് ചെയ്തത്. തള്ളിയെന്നു പറഞ്ഞാൽ അനുവദിക്കാതിരുന്നു എന്നാണ് ഞാൻ ധരിച്ചത്.

ശ്രീ. ടി. പി. സീതാരാമൻ : മോഷൻറെ ഒരു ഭാഗമാണ് തള്ളിയത്.

ശ്രീ. എ. താണുപിള്ള : പാർലമെൻറിലെ പ്രൊസീഡ്യുവർ മനസ്സിലാക്കിയിട്ടുള്ള ഒരു സ്നേഹിതൻ ഇങ്ങനെ പറയുന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണ് ചെയ്യുന്നത്.

സിലോൺ പൗരത്വം നഷ്ടപ്പെട്ടവർ.

* 219. [9] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിലോൺ പൗരത്വം നഷ്ടപ്പെട്ട എത്രപേർ തിരുവിതാംകൂർ-കൊച്ചിയിൽ മടങ്ങിവന്നിട്ടുണ്ട് ;

(ബി) അവർക്ക് വല്ല പ്രത്യേക ആനുകൂല്യങ്ങളും ഗവണ്മെൻറിൽ നിന്നും ചെയ്തു കൊടുത്തിട്ടുണ്ടോ ;

(സി) അതിനാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) അറിവില്ല.

(ബി) ആനുകൂല്യം ചെയ്തുകൊടുക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(സി) ഉണ്ട്.

ശ്രീ. കെ. സി. ജോർജ്ജ് : എത്രപേർ മടങ്ങിവന്നിട്ടുണ്ട് എന്നുള്ളതിനെപ്പററി വല്ല അന്വേഷണവും നടത്തുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അതിനെക്കുറിച്ച് അന്വേഷണം നടക്കും.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : സിലോണിൽനിന്നു വരുന്ന ആളുകളെ റഫ്യൂജിസ് എന്ന നിലയിൽ പരിഗണിച്ച് അവർക്കുവേണ്ടി കേന്ദ്ര ഗവണ്മെൻറിൽ നിന്ന് എന്തെങ്കിലും ആനുകൂല്യം കിട്ടിക്കൊണ്ടിരിക്കുന്നുവോ?

ശ്രീ. എ. താണുപിള്ള : കേന്ദ്രഗവണ്മെൻറ് ഇപ്രകാരമുള്ളവരെ റഫ്യൂജിസ് ആയി പരിഗണിച്ചിട്ടുള്ളതായി അറിഞ്ഞുകൂടാ. ചില വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ചില റപ്രസന്റേഷൻസ് ഈ കാര്യത്തെപ്പററി കിട്ടിയിട്ടുണ്ട്. അതിനെപ്പററി ഗവണ്മെൻറ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

നോർവീജിയൻ പ്രാജക്റ്റ്.

* 219 (*a*). [10] ശ്രീ. കെ. സി. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർവീജിയൻ പ്രാജക്റ്റിന് കെട്ടിടങ്ങൾ പണിയുന്നതിന് ഗവണ്മെൻറിൽ നിന്നും സ്ഥലം കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു വ്യവസ്ഥയിൽ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഗവണ്മെൻറുതന്നെയാണ് നാർവീജിയൻ പ്രാജക്റ്റു നടത്തുന്നത്. പ്രാജക്റ്റിന്റെ ആവശ്യത്തിലേയ്ക്ക് സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്നും ഗവണ്മെൻറു വിലയ്ക്കെടുത്തിട്ടുണ്ട്. കൂടാതെ ഗവണ്മെൻറു സ്ഥലങ്ങളും ഉപയോഗിക്കുന്നുണ്ട്.

(ബി) പ്രാജക്റ്റിലെ ആവശ്യത്തിനായി പൊന്നുംവില കൊടുത്താണ് സ്വകാര്യവ്യക്തികളിൽനിന്നും സ്ഥലം എടുത്തിട്ടുള്ളത്.

ശ്രീ. കെ. സി. ജോർജ്ജ് : നാർവീജിയൻ പദ്ധതിയ്ക്കു എന്തു വ്യവസ്ഥയിലാണ് സ്ഥലം കൊടുത്തിട്ടുള്ളത്?

ശ്രീ. എ. താണുപിള്ള : പദ്ധതിക്കാർക്കായിട്ട് അങ്ങനെ കൊടുത്തിട്ടില്ല. അതു മുഴുവൻ ഗവണ്മെൻറു വകയാണ്. അവർ അവിടെ ജോലി ചെയ്യുന്നു എന്നേയുള്ളു. ആ സ്ഥലങ്ങളും അവിടെയുള്ള സാധനസാമഗ്രികളും എല്ലാം ഗവണ്മെൻറു വകയാണ്.

ശ്രീ. ടി. എ. മജീദ്: പ്രാജക്റ്റുകാരും ഗവണ്മെൻറും തമ്മിൽ വല്ല തർക്കവും ഉണ്ടായോ?

ശ്രീ. എ. താണുപിള്ള : തർക്കം ഉണ്ടായിട്ടില്ല. ഇൻഡ്യാ ഗവണ്മെൻറുമായിട്ടാണ് എർപ്പെടുത്തിയിട്ടുള്ളത്. ഇൻഡ്യാ ഗവണ്മെൻറിനു വേണ്ടി ഈ ഗവണ്മെൻറാണ് നടത്തുന്നത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടത്തുന്നത് എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതിന് പ്രത്യേകം ഒരു ചോദ്യം വേണം.

Shri A. A. D. Luiz : Will the Government be perpared to publish a report as to how much work has been done under the Norwegian Scheme?

Shri A. Thanu Pillai : When the proper time comes, it can be done.

സെഷൻസ് കേസുകളിൽ അഭിഭാഷകന്മാർക്ക് നൽകുന്ന പ്രതിഫലം.

* 220. [11] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെഷൻസുകേസുകളിൽ ക്രൌൺ ബ്രീഫ് നൽകപ്പെടുന്ന അഭിഭാഷകന്മാർക്ക് ഗവണ്മെൻറിൽനിന്നും ഓരോ കേസിനു പ്രതിഫലമായി എത്ര രൂപ കൊടുക്കുന്നുണ്ട്;

(ബി) തൃശ്ശൂർ സെഷൻസുകോടതിയിൽ ക്രൌൺ ബ്രീഫ് നൽകപ്പെട്ട അഭിഭാഷകന്മാർക്ക് 1953-54-ൽ പ്രതിഫലമായി എത്ര രൂപ കൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഹൈക്കോടതിയിൽ ഏററവും കുറഞ്ഞതു് 20 രൂപ; ഏററവും കൂടിയതു് 21 രൂപ. സെഷൻസു കോടതിയിൽ ഏററവും കുറഞ്ഞതു് 20 രൂപ, ഏററവും കൂടിയതു് 30 രൂപ.

(ബി) പ്രതിഫലമായി യാതൊരു സംഖ്യയും കൊടുത്തിട്ടില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: എന്താണു് പ്രതിഫലം ഒന്നും കൊടുക്കാതിരിക്കാൻ കാരണം?

ശ്രീ. എ. താണുപിള്ള: പ്രതിഫലം കൂടാതെ കേസ് നടത്തുവാൻ അഭിഭാഷകന്മാർ തയ്യാറായാൽ അതിനു പ്രതിഫലം കൊടുക്കണമെന്നില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: പ്രതിഫലം ആവശ്യപ്പെട്ടിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: പ്രതിഫലം കൂടാതെ അഭിഭാഷകന്മാർ കേസ് നടത്തുവാൻ തയ്യാറുണ്ടെങ്കിൽ പ്രതിഫലം കൊടുക്കണമെന്നില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സെഷൻസ് കോടതിയിൽ അല്ലാതെ മററു കോടതികളിൽ പ്രതിഫലം കൊടുക്കാറില്ലേ?

ശ്രീ. എ. താണുപിള്ള: എല്ലായിടത്തും കൊടുക്കണമെന്നുവന്നാൽ പ്രതിഫലം കൊടുക്കും.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: തൃശ്ശൂർ സെഷൻസ് കോടതിയിൽ മാത്രം പ്രതിഫലം കൊടുക്കാതിരിക്കുവാൻ കാരണമെന്താണു്?

ശ്രീ. എ. താണുപിള്ള: അതേപ്പററിയുള്ള വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കെ. എ. ബാലൻ: പ്രതിഫലം കൊടുക്കുന്നതിൽ ജഡ്ജസിന്റെ പ്രേരണയുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇല്ല.

ശ്രീ. എൻ. പരമേശ്വരൻ പിള്ള: പ്രതിഫലം വളരെ കുറവായതുകൊണ്ടു് സീനിയർ അഡ്വക്കേററന്മാരുടെ സേവനം ഈ കേസുകൾക്ക് ലഭിക്കുകയില്ലെന്നു് അറിയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങനെയില്ല.

ശ്രീ. എൻ. പരമേശ്വരൻ പിള്ള: അങ്ങനെ സീനിയർ അഡ്വക്കേററുമാരുടെ സേവനം ജനങ്ങൾക്ക് ഈ മാതിരി കേസുകൾക്ക് കിട്ടുന്നില്ലെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. താണുപിള്ള: സീനിയർ അഡ്വക്കേററുമാർ പ്രതിഫലം കുറവാണെന്നുപറഞ്ഞാൽ അതു കൊടുക്കുന്നതിനു ആലോചിക്കും.

വക്കിംഗ് ജേണ്ണലിസ്റ്റുകളുടെ ശമ്പളവ്യവസ്ഥ.

* 221. [12] ശ്രീ. തലേക്കര, കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കിംഗ് ജേണ്ണലിസ്റ്റുകളുടെ ശമ്പളവ്യവസ്ഥയെ സംബന്ധിച്ച് പ്രസ്സ് കമ്മിഷൻ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ സംസ്ഥാനഗവണ്മെൻറ് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി ശ്രീ. എ. താണുപിള്ള : (എ) ഇല്ല.

(ബി) കേന്ദ്രഗവണ്മെൻറ് നിയമിച്ച പ്രസ്സ് കമ്മീഷൻെറ റിപ്പോർട്ടിനെക്കുറിച്ചുള്ള കേന്ദ്രഗവണ്മെൻറിൻെറ തീരുമാനം പ്രതീക്ഷിക്കുകയാണ്. ഇൻഡ്യയ്ക്കു ഒട്ടാകെയുള്ള പ്രസ്സ് കമ്മീഷൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പത്രപ്രവർത്തകരെ സംബന്ധിച്ച് ഒരു ഏകീകൃതനയം കൈക്കൊള്ളുന്നതാണ് യുക്തം. ഇതിനാൽ ഇൻഡ്യാ ഗവണ്മെൻറിൻെറ തീരുമാനം അറിഞ്ഞതിനുശേഷം വേണ്ടുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. ഡി. വിവേകാനന്ദൻ : പത്രപ്രതിനിധികൾക്ക് അസംബ്ളിയിൽ അററൻറു ചെയ്യുന്നതിന് വല്ല സ്പെഷ്യൽ അലവൻസും കൊടുക്കുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള : നോട്ടീസു വേണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കമ്മീഷൻെറ റിപ്പോർട്ടു നടപ്പാക്കുന്ന വിഷയത്തിൽ ഈ ഗവണ്മെൻറിൻെറ അഭിപ്രായം ഇന്നതാണെന്നു കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : പ്രസ്സ് കമ്മീഷൻെറ റിപ്പോർട്ട് ഈ രാജ്യത്ത് ഇന്നയിന്ന വിധത്തിൽ നടപ്പാക്കാം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതിന് ഒരു കമ്മിററിയെ നിയമിക്കാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : കേന്ദ്രഗവണ്മെൻറിൻെറ തീരുമാനം പുറത്തുവന്നതിനുശേഷം അക്കാര്യം ആലോചിക്കാം.

പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പാരിതോഷികങ്ങൾ.

* 222. [14] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953 സെപ്ററംബർ 15-ാംനു- മട്ടാഞ്ചേരിയിൽ നടന്ന വെടിവയ്പിൽ അസാമാന്യമായ ധീരതയും മനസ്സാന്നിദ്ധ്യവും പ്രകടിപ്പിച്ച പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഗവണ്മെൻറിൽനിന്നും പാരിതോഷികങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാരിതോഷികത്തിനർഹരായവർ ആരെല്ലാം?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉവ്വ്.

(ബി) ഈ ചോദ്യത്തിനുമുമ്പ് ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എം. പി. മേനോൻ: പാരിതോഷികത്തിന് അർഹരായവരുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. അവർ ആരെല്ലാം ആണ്?

ശ്രീ. എ. താണുപിള്ള: അത് ഇപ്പോൾ † മേശപ്പുറത്ത് വച്ചിട്ടുണ്ട്.

പ്രൈവറ്റ് സെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് സംഘടന.

* 223. [15] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ ടീച്ചേഴ്സ് സംഘടനയിൽ നിന്നും അവരുടെ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് ഗവണ്മെൻറ് നിവേദനം നൽകിയിട്ടുണ്ടോ; തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം ഈ ഗവണ്മെൻറ് അംഗീകരിക്കുന്നുണ്ടോ;

(ബി) ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപികമാർക്കും പ്രൈവറ്റ്സ്കൂൾ അദ്ധ്യാപികമാർക്കും പ്രസവാവധിയുടെ കാലയളവിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ അതിന് കാരണം എന്ത്; ഈ വ്യത്യാസം മാറ്റാൻ ഉടൻ നടപടി എടുക്കുമോ;

(സി) പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ നിവേദനത്തെപ്പറ്റി എന്തുനടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) പ്രൈവറ്റ് സെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് സംഘടനയിൽ നിന്നും നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. തുല്യവ്യവസ്ഥകളോടുകൂടിയ തുല്യജോലിക്കു തുല്യവേതനം എന്ന തത്വം ഗവണ്മെൻറ് അംഗീകരിക്കുന്നു.

(ബി) തിരുവിതാംകൂർ സർവീസ് റഗുലേഷൻ ബാധകമായ അദ്ധ്യാപികമാർ നാലുമാസത്തെ പ്രസവാവധി എടുക്കേണ്ടതാണ്. കൊച്ചിയിലെ സർവ്വീസ് റഗുലേഷൻ ബാധിക്കുന്ന അദ്ധ്യാപികമാർ (അതായത് 1-7-49-ന് മുൻപ് അവിടെ സ്ഥിരപ്പെടുത്തപ്പെട്ടവർ) രണ്ടുമാസത്തെ പ്രസവാവധി എടുത്താൽ മതിയാകും.

പ്രൈവറ്റ് സെക്കൻഡറി സ്കൂൾ പദ്ധതിപ്രകാരം പ്രസവാവധി രണ്ടുമാസമാണ്. ഈ വ്യത്യാസം മാറ്റുന്ന കാര്യം ആലോചിക്കുന്നതാണ്.

(സി) അവരിൽ നിന്നും കിട്ടിയ നിവേദനങ്ങളിൽ 10 എണ്ണത്തിന്മേൽ ഉത്തരവു പാസ്സാക്കിക്കഴിഞ്ഞു. 6 എണ്ണം ആലോചനയിലിരിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഗവണ്മെൻറ് സ്കൂളിലും പ്രൈവറ്റ്സ്കൂളിലും ഡിയർനസ് അലവൻസ് തുല്യമാക്കുമെന്ന് പറഞ്ഞിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: അത് പ്രത്യേകം നോട്ടീസുവേണം.

† See Appendix I

ശ്രീ. ടി. എ. മജീദ് : ഇപ്പോൾ പ്രൈവറ്റ സെക്കൻററി സ്കൂളിലും ഗവണ്മെൻറസ്കൂളിലും ഡിയർനസ് അലവൻസിൽ വ്യത്യാസമുണ്ടെന്നു ഗവണ്മെൻറിന് അറിയാമോ?

ശ്രീ. എ. താണുപിള്ള : ഉണ്ട്.

ശ്രീ. ടി. എ. മജീദ് : അതു് പരിഹരിക്കുവാൻ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ഉണ്ട്.

ശ്രീ. ടി. എ. മജീദ് : അതിനെക്കുറിച്ച് എന്തു നടപടി നടത്തി?

ശ്രീ. എ. താണുപിള്ള : അതിനെക്കുറിച്ചുള്ള വിവരം ഇപ്പോൾ എൻെറ കൈവശം ഇല്ല.

ശ്രീ. എം. വി. ചെറിയാൻ : തിരുവിതാംകൂർ, കൊച്ചി, പ്രൈവറ്റസ്കൂൾ എന്നിങ്ങനെ പ്രസവാവധി അനുവദിക്കുന്ന കാര്യത്തിൽ മൂന്നായി തരംതിരിക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. എ. താണുപിള്ള : തിരുവിതാംകൂറും കൊച്ചിയുമായിട്ടുള്ള വ്യത്യാസം ഏകീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രൈവറ്റസ്കൂളും ഡിപ്പാർട്ടുമെൻറൽ സ്കൂളും തമ്മിലുള്ള വ്യത്യാസം ഏകീകരിക്കുന്നതിനു് ആലോചിക്കുന്നുണ്ട്.

ശ്രീ. എം. വി. ചെറിയാൻ : ടെമ്പററിയായും ആക്ററിംഗ് ആയി സേവനം നടത്തുന്ന അദ്ധ്യാപികമാർക്ക് പ്രസവാവധി അനുവദിക്കുന്നില്ലെന്നു് അറിയാമോ?

ശ്രീ. എ. താണുപിള്ള : പ്രസവാവധി കൊടുക്കുന്നുണ്ട്.

ശ്രീ. എം. വി. ചെറിയാൻ : ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി അവർക്കിന്നില്ലെങ്കിൽ അതു് അനുവദിക്കുമോ?

ശ്രീ. എ. താണുപിള്ള : അങ്ങനെയുള്ളവർക്ക് പ്രസവാവധിക്കാലത്തു് ശമ്പളമുണ്ടോ എന്നുള്ളതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. ടി. പി. സീതാരാമൻ : മെറേറണിററി ബെനിഫിററ ആക്ററ അദ്ധ്യാപികമാർക്കും ബാധകമാക്കിക്കൂടെ?

ശ്രീ. എ. താണുപിള്ള : ഇവർ ഗവണ്മെൻറ സർവീസിൽ ഉള്ളവരാണ്. തത്വം സ്വീകരിക്കുന്നതിൽ വിരോധം ഇല്ല. അതിനെക്കുറിച്ചു നോക്കാതെ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. ദിവാകരൻ : മെറേറണിററി ബെനിഫിററആക്ററിൽ ഉള്ളതിൽ കൂടുതൽ ആനുകൂല്യം ഇപ്പോൾ അവർക്കില്ലേ?

ശ്രീ. എ. താണുപിള്ള : കൂടുതൽ ഉണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ : അദ്ധ്യാപികമാർക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധി കൊടുക്കാത്തതുകൊണ്ട് സ്കൂളിൽവച്ചു് പ്രസവിക്കുന്നതായി വല്ല റിപ്പോർട്ടും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : സ്ത്രീകൾ എവിടെയൊക്കെ വച്ചാണു് പ്രസവിക്കുന്നതു് എന്നു് അറിഞ്ഞുകൂടാ.

ശ്രീ. ടി. പി. സീതാരാമൻ : ഈ സ്ത്രീകളെപ്പററി അറിയേണ്ട ചുമതല ഗവണ്മെൻറിന് ഉണ്ട്. അതുകൊണ്ടാണ് ഇങ്ങനെ വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ എന്നു ചോദിക്കുന്നത് ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

നിരാഹാരസത്യാഗ്രഹം.

* 224. [17] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് പണിമുടക്കിനോടനുബന്ധിച്ച് സെക്രട്ടറിയേററിൻെറ മുമ്പിൽ എം. എൽ. എ. മാർ ആരെങ്കിലും നിരാഹാരസത്യഗ്രഹം അനുഷ്ഠിക്കുകയുണ്ടായോ ;

(ബി) നിരാഹാരസത്യഗ്രഹികളെ സെപ്ററംബർ മൂന്നാം തീയതി പോലീസ് അറസ്ററു ചെയ്യുകയുണ്ടായോ ;

(സി) ഈ നിരാഹാരസത്യഗ്രഹികളെ അവരവരുടെ ഭവനങ്ങളിലേയ്ക്കു മാററുവാൻ ഗവണ്മെൻറ് പോലീസിനു നിർദ്ദേശം നൽകിയിരുന്നോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉണ്ടായി.

(ബി) സത്യഗ്രഹികളിൽ ഒരാളെ മാത്രം അറസ്ററു ചെയ്തു.

(സി) ഇല്ല.

ശ്രീ. ടി. എ. മജീദ് : ഈ ആളുകളെ അവരവരുടെ ഭവനങ്ങളിൽ കൊണ്ടുപോയി ആക്കിട്ടുള്ളതായി ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. എ. താണുപിള്ള : അതു് നിരാഹാരസത്യഗ്രഹം നടത്തിയിരുന്ന ആളുകളെ വഴിയിൽ ഇട്ടേച്ചു് പോകുന്നതു് യുക്തമല്ലെന്നു കരുതിയും അവർക്കു വിശ്രമം ആവശ്യമാണെന്നു കരുതിയും പോലീസുകാർ അങ്ങനെ ചെയ്തു എന്നേ ഉള്ളൂ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വിശ്രമം കൊടുക്കുന്നതിനാണോ 200 മൈൽ അകലെ കൊണ്ടുചെന്നു് ആക്കുന്നതു് ?

ശ്രീ. എ. താണുപിള്ള : അവർക്കു വണ്ടിയിൽ യാത്രചെയ്യുവാൻ പാടില്ലാത്ത തരത്തിലുള്ള വിശ്രമം ആവശ്യമായിരുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വീട്ടിൽ കൊണ്ടുപോയി ആക്കിയതിനു് അവരോടു് ബസ്സുകൂലി വാങ്ങിയിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഇല്ല.

മിനിമം വേജസ്.

* 225. [18] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികൾക്ക് ഗവണ്മെൻറ് മിനിമംവേജസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) മിനിമം വേജസ് ഏർപ്പെടുത്തിയതുമൂലം കയർ ഉൽപ്പാദകർ എല്ലായിടത്തും ഡിസംബർ ഒന്നാംതീയതി മുതൽ പണിനിർത്തിവച്ചിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) വീണ്ടും പണി തുടരുവാനും മിനിമംവേജസ് ഇംപ്ലിമെൻറ ചെയ്യാനും ഗവണ്മെൻറ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. പി. കെ കുഞ്ഞു്):

A similar question has been answered already.

ശ്രീ. ടി. എ. മജീദ്: സീ-യുടെ ആൻസ്സർ മാത്രം പറഞ്ഞാൽ കൊള്ളാം.

ശ്രീ. പി കെ. കുഞ്ഞു്: അതും ആൻസ്സർ ചെയ്തിട്ടുള്ളതാണ്.

ശ്രീ. ടി. എ. മജീദ്: ഈ മിനിമംവേജസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് കൂലി കൊടുക്കുന്നില്ലെന്നുള്ള പരാതി തൊഴിലാളികളിൽ നിന്നും ലേബർ ഡിപ്പാർട്ടുമെൻറിന് കിട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: പരാതി കിട്ടിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: അതേപ്പററി നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: നടപടി എടുത്തിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: എന്തു നടപടിയാണ് എടുത്തിട്ടുള്ളതു് ?

ശ്രീ. പി. കെ. കുഞ്ഞു്: അതേപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: അതിന് എന്തു നടപടിയാണ് എടുത്തിട്ടുള്ളതു് എന്നാണെൻറെ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞു്: ഈ പറഞ്ഞ നടപടികൾ എല്ലാം എടുത്തിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഒരു പോയിൻറ് ആഫ് ഓഡർ. പ്രധാനപ്പെട്ട ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഇങ്ങനെ മന്ത്രി ഉരുണ്ടു പിരണ്ടു മറുപടി പറയുന്നതു് ശരിയാണോ ? അതേപ്പററി ഒരു വ്യക്തമായ നിർദ്ദേശം മന്ത്രിക്കു നൽകേണ്ടതാണ്.

മി. സ്പീക്കർ: മന്ത്രി ഇന്ന വിധത്തിൽ ആൻസ്സർ ചെയ്യണമെന്നു് നിർദ്ദേശിക്കുവാൻ ചെയറിന് അധികാരമില്ല. ഏതു വിധത്തിൽ നടപടി നടത്തിട്ടുണ്ടെന്നു് പറയുന്നതിന് തെററുമില്ല.

ശ്രീ. ടി. എ. മജീദ്: പല പരാതികൾ കൊടുത്തിട്ടും യാതൊരു നടപടിയും എടുത്തിട്ടില്ല എന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു്: നടപടി നടത്തിയിട്ടുണ്ട്. അതുസംബന്ധിച്ചു് ഒരു കാൺഫറൻസ് വിളിച്ചുകൂട്ടി. അതിൽ ബഹുമാനപ്പെട്ട മെമ്പറും സന്നിഹിതനായിരുന്നു. അതിനുശേഷം ഒരു കമ്മിററിയെ നിയമിക്കയുണ്ടായി. ആ കമ്മിററിയുടെ റിപ്പോർട്ടു വരാൻ ഗവണ്മെൻറ് കാത്തിരിക്കുകയാണ്. ഇക്കാര്യത്തിലേക്കു് രണ്ടു ഇൻസ്പെക്ടറന്മാരെക്കൂടി നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എ. മജീദ്: മിനിമംവേജസ് കൊടുക്കാത്ത വരുടെ പേരിൽ എന്തു നടപടിയാണിതുവരെ എടുത്തിട്ടുള്ളത്?

ശ്രീ. പി. കെ. കുഞ്ഞു്: അതിനുത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കയർ കോവാപ്പറേറ്റീവ് ഇൻസ്പെക്ടറന്മാക്ക് ഈ മിനിമംവേജസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ചുള്ള അധികാരംകൂടി കൊടുക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതേപ്പററി ആലോചിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മിനിമം വേജസ് കൊടുക്കുന്നില്ല എന്നുള്ള പരാതിയെപ്പററി, നടപടി എടുക്കുന്നതിന് ആ കമ്മററിയുടെ റിപ്പോർട്ട് വരുന്നതുവരെ കാത്തിരിക്കണമെന്നാണോ പറയുന്നതു്? അതുവരെ ഈ ആക്ട് നടപ്പിലാക്കുകയില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. പി. കെ. കുഞ്ഞു്: മിനിമം വേജസ് കൊടുക്കാത്തവർ ആരെല്ലാമാണെന്നു് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു് നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ടു് എന്നാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ കമ്മിററിക്കു് കൊടുത്തിട്ടുള്ള നിർദ്ദേശം എന്തൊക്കെയാണെന്നു് പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ കമ്മിററിയെ നിയമിച്ചിരിക്കുന്നതു ഇന്നത്തെ കയർ വ്യവസായ തൊഴിലാളികളുടേയും മുതലാളികളുടേയും ഇടയിലുള്ള സ്തംഭനാവസ്ഥയെപ്പററി പൊതുവെ അന്വേഷിക്കുന്നതിനും അതിനുള്ള പരിഹാരത്തെക്കുറിച്ചു ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനുമാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സ്തംഭനാവസ്ഥയെപ്പററി മാത്രം അന്വേഷണം നടത്തുന്നതിനാണോ ഈ കമ്മിററിയെ നിയമിച്ചിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: അതു മാത്രമല്ല. അതു സംബന്ധിച്ചുള്ള എല്ലാക്കാര്യങ്ങളും അന്വേഷിച്ചു് ഒരു റിപ്പോർട്ടു് തയ്യാറാക്കുന്നതിനാണു് കമ്മിററിയെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആ റിപ്പോർട്ടു വരുന്നതിനു മുമ്പു് ഈ ആക്ററ് നടപ്പിൽ വരുത്തുമോ?

ശ്രീ. പി. കെ. കുഞ്ഞു്: നടപ്പിൽ വരുത്തും.

തമിഴ്നാട്ടു് വെടിവയ്പു്.

* 226 [20] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടു് വെടിവയ്പിനുണ്ടായ പ്രത്യേക സാഹചര്യങ്ങളേവ;

(ബി) പ്രസ്തുത വെടിവയ്പുമൂലം എത്രപേക്കു് ജീവഹാനി നേരിട്ടു;

(സി) എന്തു ദുരിതാശ്വാസനടപടികൾ ഗവണ്മെൻറ് കൈക്കൊണ്ടു ?

Mr. Speaker: This question has also been answered already.

ശ്രീ. സി. എ. മാത്യു : (സി) ആൻസർ ചെയ്തിട്ടില്ല.

മുഖ്യമന്ത്രി ശ്രീ. എ. താണുപിള്ള :

(സി) മരണമടഞ്ഞവരുടെ അവകാശികൾക്കും അംഗഭംഗം വന്നവർക്കും ധനസഹായം നൽകുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ട്.

* 227. [21] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേയ്ക്ക് എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട് ;

(ബി) എത്ര തുക ഏതെല്ലാം വിധത്തിൽ ചെലവാക്കിയിട്ടുണ്ട് ;

(സി) പ്രകൃതിക്ഷോഭത്താൽ ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി ഈ തുക ചെലവഴിക്കരുതോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) 2,51,969 രൂ. 6 ണ. 7 സ.

(ബി) 1,72,251 രൂ. 5 ണ. 6 സ.

ചെലവാക്കിയവിധം.

		രൂ.	ണ.	സ.
1.	തൃശ്ശിവപേരൂർ മുനിസിപ്പാലിററി ചെയർമാൻ ഫണ്ടിലേയ്ക്ക്	2000	0	0
2.	ഫിനാൻസ് സെക്രട്ടറിയുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ളത്	9993	12	0
3.	കൊല്ലം ഡിസ്ട്രിക്ററ് കളക്ററർ മുഖേന വിതരണം ചെയ്തത്	1400	0	0
4.	കോട്ടയം ഡിസ്ട്രിക്ററ് കളക്ററർ മുഖേന വിതരണം ചെയ്തത്	1000	0	0
5.	വിവിധ താലൂക്കുകളിലെ ദുരിതാശ്വാസത്തിനുവേണ്ടി കൺവീനറും, സെക്രട്ടറിയും കൂടി ചെലവാക്കിയത്	1,55,884	5	3
6.	പന്തനയിലെ ദുരിതാശ്വാസത്തിനുവേണ്ടി ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള മുഖേന വിതരണം ചെയ്തത്	500	0	0
7.	തോണ്ടറപാലം അത്യാഹിതത്തിനുവേണ്ടി എം. ഇ. പാറപ്പിയുടെ അവകാശികൾക്ക് കൊടുത്തത്	200	0	0

8.	തിരുവനന്തപുരം ഡിസ്ട്രിക്റ്റ് കളക്ടർ മുഖേന തോവാള താലൂക്കിലെ ദുരിതാശ്വാസത്തിനുവേണ്ടി ചെലവാക്കിയതു്	786	9	2
9.	തുഞ്ചിവപേരൂർ ഡിസ്ട്രിക്റ്റ് കളക്ടർ മുഖേന എൻ. പി. രാമൻപിള്ളയ്ക്കു് ഗ്രാൻറ് കൊടുത്തതു്.	300	0	0
10.	തുഞ്ചിവപേരൂർ കളക്ടർ മുഖേന മെസ്സേഴ്സ്, ഡി. എസ്. സി. ലാലിനു് കൊടുത്ത ഗ്രാൻറ്	50	0	0
11.	തിരുവനന്തപുരം ഡിസ്ട്രിക്റ്റ് കളക്ടർ മുഖേന കരമന വെള്ളപ്പൊക്കം സംബന്ധിച്ചു് ആശ്വാസനടപടിക്കായി കൊടുത്തതു്	34	0	0
12.	ചീഫ് സെക്രട്ടറി മുഖേന വൈക്കം പി. എൻ. നീലകണ്ഠൻനായർക്കു് ഗ്രാൻറുകൊടുത്ത തുക	100	0	0
	ബാങ്കു് ചാർജസ്സ്	2	11	3
	ആകെ	1,72,251	5	6

(സി) ചെലവാക്കിവരുന്നുണ്ടു്.

ശ്രീ. സി. എ. മത്തൂ : ഏതെല്ലാം ദുരിതം അനുഭവിച്ചിട്ടുള്ളവർക്കാണു് ഈ ആശ്വാസം നൽകിയിട്ടുള്ളതു്?

ശ്രീ. എ. താണുപിള്ള : വെള്ളപ്പൊക്കം മൂലവും മററു കാരണങ്ങളാലും ആശ്വാസം ആവശ്യമാണെന്നു കാണുമ്പോൾ കഴിയുന്നിടത്തോളം സഹായം ചെയ്തിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ഈ മന്ത്രിസഭയാണോ ഇതിനു മുമ്പിരുന്ന മന്ത്രിസഭയാണോ ഈ തുക ചെലവാക്കിയതു്?

ശ്രീ. എ. താണുപിള്ള : മുമ്പിലത്തെ മന്ത്രിസഭയും ഇപ്പോഴത്തെ മന്ത്രിസഭയും ചെലവാക്കിയിട്ടുണ്ടു്.

സറണ്ടർ ചെയ്തിട്ടുള്ള വിദ്യാലയങ്ങളുടെ എണ്ണം.

* 228. [24] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ ആകെ സറണ്ടർ ചെയ്തിട്ടുള്ള വിദ്യാലയങ്ങളുടെ എണ്ണം;

(ബി) ഈ വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ എണ്ണം;

(സി) സറണ്ടർസ്കൂൾ അദ്ധ്യാപകർ ഈ ഗവൺമെൻറിനു നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) അതിന്മേൽ ഇതിനകം എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 777

(ബി) 4193

(സി) ഉണ്ട്.

(ഡി) 60 വയസ്സുവരെ തുടർച്ചയായി സർവീസിലിരിക്കാൻ അനുവദിച്ചു. ബാക്കിയുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സറണ്ടർ സ്കൂൾ അദ്ധ്യാപകന്മാരുടെ സീനിയാറിറി അതുമൂലം നഷ്ടപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ സീനിയാറിറി നഷ്ടപ്പെടുത്തിക്കൊണ്ട് അവരെക്കാൾ ജൂനിയറായിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതായറിയാമോ?

ശ്രീ. എ. താണുപിള്ള: അവരുടെ കൺഫർമേഷൻ കാര്യവും ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ ആർ. ബാലകൃഷ്ണപിള്ള: ആ അവസരത്തിൽ അവരുടെ മുൻ സർവീസുകൂടി പരിഗണിക്കുമോ?

ശ്രീ. എ. താണുപിള്ള: അതും ആലോചിക്കുന്നതാണ്.

കുടിൽ വ്യവസായങ്ങൾ.

* 229. [25] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാററിൻകര-വിളവങ്കോട് സാമൂഹ്യവികസനപദ്ധതിയുടെ പ്രവർത്തനമേഖലയിൽ ഏതെല്ലാം കുടിൽവ്യവസായങ്ങൾ ഇപ്പോൾ നടപ്പിലുണ്ടെന്നുള്ളതിനെ സംബന്ധിച്ച് ഏതെങ്കിലും സ്ഥിതിവിവരക്കണക്കുകൾ ഇതിനകം ഗവണ്മെൻറ് ശേഖരിച്ചിട്ടുണ്ടോ;

(ബി) സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്ന അസംഖ്യം കുടിൽവ്യവസായങ്ങൾ അവിടെ പ്രചാരത്തിലുണ്ടോ;

(സി) ഇതിനകം പ്രസ്തുത വികസനപദ്ധതിയുടെ പ്രവർത്തനഫലമായി ഏതെല്ലാം വ്യവസായങ്ങളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയുടെ കീഴിൽ സഹകരണമണ്ഡലത്തിൽ മാത്രം പ്രവർത്തിക്കുവാനായി എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്; അവർക്കായി മാത്രം എന്തു തുക പദ്ധതിക്കു ചെലവു വന്നിട്ടുണ്ട്; അവരുടെ പ്രവർത്തനം തൃപ്തികരമാണോ;

(ഇ) കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനുതകുന്ന നടപടികൾ സ്വീകരിക്കുവാൻ ഗവണ്മെൻറ് തയ്യാറാവുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പനയോല വ്യവസായം, കരുപ്പുകട്ടി വ്യവസായം, യന്ത്ര സാമഗ്രീനിർമ്മാണ വ്യവസായം (വികേന്ദ്രീകരണം)

(ഡി) രണ്ടു സഹകരണസംഘം ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ ശമ്പളവും അലവൻസും വകയിൽ ഇതുവരെ 4680 രൂപ അണ ചെലവായിട്ടുണ്ട്.

(ഇ) കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ഏതെങ്കിലും വ്യക്തമായ നിർദ്ദേശമുണ്ടെങ്കിൽ അതു് പരിഗണിക്കുന്നതാണ്.

ശ്രീ. ഡി. വിവേകാനന്ദൻ : ഈ പദ്ധതി ആരംഭിച്ചതിനുശേഷം എത്ര ആളുകൾക്ക് കൂടുതലായി തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള : അതിനു നോട്ടീസു വേണം.

കുണ്ടറ സിറാമിക് ഫാക്ററി.

* 230. [26] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ സിറാമിക് ഫാക്ററിയിൽ 1953 ജനുവരി മുതൽ 1954 നവംബർ അവസാനംവരെ ഏതെല്ലാം സെക്ഷനുകൾ എത്ര ദിവസംവീതം ജോലി നിറുത്തിവച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം എത്ര തൊഴിൽദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്;

(സി) ഫാക്ററിയിൽ 1954 നവംബർ അവസാനംവരെ എത്ര രൂപയുടെ സാധനങ്ങൾ സ്റ്റാക്കിരിപ്പുണ്ട് ;

(ഡി) ഈ സ്റ്റാക്ക് വിററഴിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ)

1.	ക്രാക്കറ് സെക്ഷൻ	88 ദിവസം
2.	ഫർണസ് സെക്ഷൻ	8 ദിവസം
3.	ബാഡിമേക്കിംഗ് സെക്ഷൻ	36 ദിവസം
4.	മോൾഡിംഗ് സെക്ഷൻ	30 ദിവസം
5.	റിഫ്രാക്ഷണറി സെക്ഷൻ	7 ദിവസം
6.	ഫിൽററർപ്രസ് സെക്ഷൻ	75 ദിവസം
		244 ദിവസം

(ബി) ആറു സെക്ഷനിൽക്കൂടി 244 ദിവസങ്ങൾ.

(സി) ഉദ്ദേശം 6 ലക്ഷം രൂപയുടെ സാധനങ്ങൾ സ്റ്റാക്കിരിപ്പുണ്ട്.

(ഡി) ചില കച്ചവടക്കാർക്കു കമ്മീഷൻ കൂട്ടിക്കൊടുത്തു പ്രധാനപ്പെട്ട 8 പട്ടണങ്ങളിൽ ഡിപ്പോകൾ തുറക്കുവാൻ നടപടി എടുത്തു.

തിരുവനന്തപുരത്തും നാഗർകോവിലിലും ആലുവായിലും എറണാകുളത്തും ഡിപ്പോകൾ തുറന്നു പ്രവർത്തനം നടത്തിക്കഴിഞ്ഞു. മററു ഡിപ്പോകൾ അടുത്തു തന്നെ തുറക്കുവാൻ എല്ലാ നടപടികളും എടുത്തിട്ടുണ്ട്. സാധനങ്ങളുടെ വില വളരെ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

ടൈററാനിയം മെററൽഫാക്ററി.

* 231. [27] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സംസ്ഥാനത്ത് ടൈററാനിയം മെററൽ ഫാക്ററി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) : ഇതേപ്പററി ആലോചനകൾ നടക്കുന്നേയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ : ആരുമായിട്ടാണ് ആലോചന നടത്തുന്നത്?

ശ്രീ. പി. എസ്. നടരാജപിള്ള : ഇൻഡ്യാഗവണ്മെൻറുമായി ആലോചന നടത്തുകയാണ്. ഇൻഡ്യാഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിരിക്കയാണ്. ടൈററാനിയം പ്രാഡക്ററ് ഒരു കമ്മേഴ്സ്യൽ പ്രാഡക്ററായി വന്നിട്ടില്ല. അതു് ഇപ്പോൾ ഒരു സൈൻറിഫിക്ക് പ്രാഡക്ററായിട്ടാണിരിക്കുന്നതു്.

ഭൂമിപതിവ്.

* 232. [29] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. പി. ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വ്യവസ്ഥയിൽ എവിടെയെങ്കിലും ഭൂമി ആർക്കെങ്കിലും പതിച്ചുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം ആണ്; എത്ര സ്ഥലംവീതം ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) പതിച്ചുകൊടുത്തിട്ടുണ്ട്.

(ബി) 1. പാക്യമണി ഹൈസ്കൂൾ, ആരുവാമൊഴി, 15 സെൻറു സ്ഥലം.

2. പാലോട് എക്സ്സർവ്വീസ്മെൻ അസോസിയേഷന് 49 ഏക്കർ 22 സെൻറ്.

3 കുണ്ടറ എം. ജി. ഡി. ഹൈസ്കൂൾ മാനേജക്ക് 17.5 സെൻറ് സ്ഥലം.

ഇങ്ങനെ മൂന്നുപേർക്കായിട്ട് പതിച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ : ഇതുവരെ എത്ര ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട് ?

ശ്രീ. പി. എസ്. നടരാജപിള്ള : വളരെ അധികം സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ : ഓച്ചിറ എന്ന സ്ഥലത്ത് ഒരു സുബ്രഹ്മണ്യപിള്ളക്ക് സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടോ ? അങ്ങിനെ സ്ഥലം പതിച്ചുകൊടുത്തതിന്റെ ഉത്തരവിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങിനെ ഓച്ചിറയിൽ സുബ്രഹ്മണ്യപിള്ളക്ക് സ്ഥലം പതിച്ചുകൊടുത്തിട്ടില്ല.

Shri P. K. Yasodharan : I am ready to produce the documents here to prove it.

Shri P.S. Nataraja Pillai : I challenge him to do so. I assert that nothing like that has been done and challenge the member to prove it.

Shri. P. K. Yesodharan : May I know whether it was given under Kuthagapattom lease ?

Shri P. S. Nataraja Pillai : Even under Kuthagapattom lease it was not given.

Shri P. K. Yasodharan : I have got a copy of the Government Order with me, Sir.

Shri P. S. Nataraja Pillai : If it is an attested copy, the Chair may take it.

Speaker : Is it an attested copy ?

Shri P. K. Yasodharan : It is a true copy, Sir.

Speaker : You may resume your seat.

ആർഡർ, ആർഡർ. ഒരു ഉത്തരവിന്റെ "ട്രൂകോപ്പി" ഒരു മെംബറുടെ കയ്യിലുണ്ടെന്നു പറയുമ്പോൾ, അങ്ങനെയൊരു ഉത്തരവ് ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. ഈ വക കാര്യങ്ങൾ തെളിയിക്കാൻ ഒരു ട്രൂകോപ്പി ഹാജരാക്കുക എന്നു പറഞ്ഞാൽ അതൊരു അറ്റെസ്റ്റഡ് കോപ്പി ആയിരിക്കേണ്ടതു് ആവശ്യമാണ്. അല്ലാതെ ഒരു കടലാസ് കാണിച്ചിട്ട് അതു് ട്രൂകോപ്പിയാണെന്നു പറഞ്ഞതുകൊണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന നിലവിലിരിക്കുകയാണ്. ഉത്തരവിന്റെ അറ്റെസ്റ്റഡ് കോപ്പി ഉണ്ടെങ്കിൽ ഇതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : സർ, ഒരു പോയിന്റ് ആഫ് ആർഡർ. ഈ സഭയിൽ ഒരു മെംബർ ഗവണ്മെന്റുത്തരവിന്റെ ട്രൂകോപ്പിയാണെന്നു പറഞ്ഞു്, ഒപ്പിട്ടിട്ടില്ലെങ്കിലും ഒരു പ്രമാണം ഹാജരാക്കുമ്പോൾ അതു് വിശ്വസിച്ചു് അതിന്മേൽ വേണ്ട നടപടി സ്വീകരിക്കേണ്ടതല്ലേ?

മി. സ്പീക്കർ : ഏതായാലും ഒരേ അവസരത്തിൽ രണ്ടും സത്യമായിരിക്കുക സാദ്ധ്യമല്ല. ഒന്നുകിൽ മന്ത്രിയുടെ, അല്ലെങ്കിൽ മെംബറുടെ പ്രസ്താവന ശരിയായിരിക്കും. മെംബർ ഹാജരാക്കിയിട്ടുള്ളതു് അറ്റെസ്റ്റഡ് കോപ്പി അല്ലാത്തതുകൊണ്ടു് മന്ത്രിയുടെ പ്രസ്താവന ശരിയാണെന്നു് ഞാൻ റൂൾ ചെയ്യുന്നു.

WRITTEN ANSWERS

Legal Advisor to the Credit Bank.

* 233. [103] **Shri T. S. Ramaswami :** Will the Minister be pleased to state :

(*a*) the name recommended by the Government through the Financial Secretary for the Legal Advisor's post to the Credit Bank ;

(*b*) whether that name was approved by the Board of Directors of the Credit Bank ;

(*c*) If not, why not ?

(*Chief Minister*) **Shri A. Thanu Pillai :** Shri K. P. Sankaran Nair.

(b) and (c) the question of appointing a new person to the post is only under the consideration of the Board of Directors of the Bank.

ടൈററാനിയം മെററൽഫാക്ററി.

* 234. [27] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സംസ്ഥാനത്ത് ടൈററാനിയം മെറൽഫാക്ററി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

ഇതേപ്പററി ആലോചനകൾ നടക്കുന്നതേയുള്ളൂ.

തടി കാൺട്രാക്ററ് ലേലം.

* 235. [28] പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അസംബ്ലി സമ്മേളനത്തിനു ശേഷം എന്തെങ്കിലും വ്യക്തിക്ക് തടി കാൺട്രാക്ററ് ലേലം വിളിക്കാതെ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ആർക്ക് ;

(സി) അങ്ങനെ നൽകുവാനുള്ള കാരണം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പുതിയ വ്യവസായം.

* 236 (31] ശ്രീ. കെ. പി. ഹാർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ ഗവണ്മെൻറ് അധികാരത്തിൽ വന്നതിൽ പിന്നെ എന്തെങ്കിലും ഒരു മേജർവ്യവസായം ആരംഭിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഏതു വ്യവസായം ;

(സി) എത്രപേക്ക് ജോലി കൊടുക്കുവാൻ കഴിവുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) (10) മേജർ വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഡി. ഡി. ററി. ഫാക്ററിയും മോട്ടാർ ടയർഫാക്ററി യും ഇതിലുൾപ്പെടുന്നു. തുടങ്ങാൻ പോകുന്ന വ്യവസായങ്ങളെപ്പററി ഇതിൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ പരസ്യപ്പെടുത്തുന്നതു് പൊതുതാൽപ്പര്യങ്ങൾക്ക് അനുയോജ്യമായിരിക്കുകയില്ല എന്നു് ഗവണ്മെൻറു കരുതുന്നു.

(സി) ഉദ്ദേശം നാലായിരംപേക്ക്.

നാഷനൽ പ്ലാൻ ലോൺ.

* 237. [32] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷനൽ പ്ലാൻ ലോണിൽനിന്നും തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിന് എന്തെങ്കിലും സംഖ്യ കടമായി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എത്ര?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

എണ്ണയാട്ട് വ്യവസായപരിശീലനം.

* 238. [35] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ആയിൽ സീഡ്സ് കമ്മിററിയുടെ നിർദ്ദേശാനുസരണം സ്റ്റേററ് ഗവണ്മെൻറിൻെറ ചിലവിന്മേൽ എണ്ണയാട്ട് പരിശീലനത്തിനായി 1952-ൽ എത്രപേരെ വാർദ്ധായിലേക്കു അയച്ചിരുന്നു;

(ബി) കേന്ദ്രകമ്മിററിയുടെ വ്യവസ്ഥയനുസരിച്ച് പരിശീലനം കഴിഞ്ഞവരെ സർവീസിൽ എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, എന്തുകൊണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) നാലുപേരെ പരിശീലനത്തിനായി വാർദ്ധായിലേക്ക് അയച്ചു.

(ബി) രണ്ടുപേരെ പ്രാജക്ററിൽ ജോലിക്കായി എടുത്തിരുന്നു.

(സി) ഉദിക്കുന്നില്ല.

കൃഷിഭൂമി.

* 239. [38] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിൽനിന്നും കൃഷിക്കായി കൊടുത്തിട്ടുള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്ര;

(ബി) പ്രസ്തുത ഭൂമിയിൽനിന്നും പ്രതിവർഷം എത്ര രൂപാ ഗവണ്മെൻറിലേക്ക് ആദായം ലഭിക്കുന്നുണ്ട്;

(സി) എത്ര ആളുകൾക്കായിട്ടാണ് പ്രസ്തുത ഭൂമി കൊടുത്തിട്ടുള്ളത്;

(ഡി) കൂടുതൽ ഭൂമി കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഉദ്ദേശം 39,000 ഏക്കർ.

(ബി) 1,50,000 രൂപ.

(സി) നല്ലൊരു വിഭാഗം ഭൂമി സഹകരണസംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. അവയുടെ അംഗസംഖ്യ കണക്കെടുത്തിട്ടില്ല. ഉദ്ദേശം 20,000 പേർക്ക് വിതരണം നടത്തിയിട്ടുണ്ട്.

(ഡി) മേലാൽ വനഭൂമി കൃഷിക്കായി കൊടുക്കുന്നതല്ല.

ബേസിക് വിദ്യാഭ്യാസം.

* 240. [41] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ബേസിക് വിദ്യാഭ്യാസം ഈ വർഷം ആരംഭിച്ചിട്ടുണ്ട്;

(ബി) എത്ര വർഷംകൊണ്ട് എല്ലാ സ്കൂളുകളിലും ബേസിക് വിദ്യാഭ്യാസം ഏർപ്പെടുത്താനാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) 17 സ്കൂളുകളിൽ ബേസിക് വിദ്യാഭ്യാസം ആരംഭിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ ഏഴ് സ്കൂളുകളിലെ ബേസിക് വിദ്യാഭ്യാസം ആരംഭിച്ചുകഴിഞ്ഞു. മററു സ്കൂളുകളിലും ഉടൻതന്നെ ആരംഭിക്കുവാൻ നടപടികൾ എടുത്തുവരുന്നു.

(ബി) സംസ്ഥാനത്തുള്ള എല്ലാ പ്രൈമറിസ്കൂളുകളേയും ബേസിക് സ്കൂളുകളായി മാററുവാനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ 2040 പ്രൈമറി സ്കൂളുകളെ ബേസിക്സ്കൂളുകളായി മാററുവാനുള്ള ഒരു പദ്ധതി രണ്ടാം പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

Head Constables.

* 241. [42] **Shri M. P. Menon :** Will the Chief Minister be pleased to state :

(*a*) how many first grade Head Constables are there in the State Police Service ;

(*b*) how many in the Cochin area belonging to the former Cochin service ;

(*c*) what is the criterion for the gradation ?

Chief Minister (**Shri A. Thanu Pillai**) : (*a*) 200.

(*b*) 22.

(*e*) A common gradation list of the Trichur District was prepared based on the integration principles and length of service as Head Constables of the personnel of either State.

New Rubber Factory.

* 242. [44] **Shri K. M. George**: Will the Minister for Industry be pleased to state:

(*a*) whether Government propose to start a new Rubber Factory at Kottayam;

(*b*) what would be the approximate cost of the proposed factory at Kottayam?

(*Minister for Finance*) **Shri P. S. Nataraja Pillai** : No.

(*b*) Does not arise.

മൽസ്യത്തൊഴിലാളികൾ.

* 243. [47] ശ്രീ. പി. കെ. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്റ്റേറിലെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികസ്ഥിതിയെപ്പററി വല്ല സർവ്വേയും നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അത്തരം ഒരു സർവ്വേ നടത്തുന്നതിന് ഗവണ്മെൻറ് തയ്യാറാകുമോ ;

(സി) സ്റ്റേററിലെ മത്സ്യബന്ധനം തൊഴിലാളികളുടെ താൽപ്പര്യത്തെ പരിഗണിച്ച് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനു ഗവണ്മെൻറ് ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തയ്യാറാകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) തിരുവിതാംകൂറിലെ ഏഴ് പ്രധാന മത്സ്യവ്യവസായകേന്ദ്രങ്ങളിൽ സാമ്പത്തിക സർവ്വേ നടത്തിയിട്ടുണ്ട്. നാർവീജിയൻ പ്രാജക്ററിൽ ഉൾക്കൊള്ളുന്ന മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികസർവ്വേയും പ്രത്യേകമായി നടത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്രകാരമുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. അതു ആദ്യമായി കുട്ടനാട് ദേശീയവികസനപദ്ധതിയിലാണ് പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നത്. അതു് കഴിഞ്ഞാലുടൻ രാജ്യമാകമാനം അതു് വ്യാപിപ്പിക്കുന്നതാണ്.

ചന്ദ്രിക.

* 244. [48] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർവക "ചന്ദ്രിക" കപ്പൽ (മീൻപിടുത്തകപ്പൽ) വിൽക്കുകയുണ്ടായോ ; എന്തു വിലയ്ക്കാണു വിററത് ; അതു് വാങ്ങുമ്പോൾ എന്തു വില കൊടുത്തിരുന്നു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. വടരാജപ്പിള്ള) :

"ചന്ദ്രിക" എന്ന കപ്പൽ വിററു. 8150 രൂപയ്ക്കു വിററു. അതിന്റെ വാങ്ങിയവില 32,500 രൂപയാണ്.

എൻ. ഇ. എസ്. ബ്ലോക്കുകൾ.

* 245. [50] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ദേശീയവികസന കേന്ദ്രങ്ങളാണ് ഈ ആണ്ടിൽ ഗവണ്മെൻറ് തുടങ്ങിയിട്ടുള്ളതെന്നു പറയുമോ ;

(ബി) ഡിസ്ട്രിക്ററ് കളക്ററർമാർ ശുപാർശചെയ്തതു് എത്ര; ഏതെല്ലാം കേന്ദ്രങ്ങളായിരുന്നു ;

(സി) എൻ. ഇ. എസ്. ബ്ലോക്കുകൾ തെരഞ്ഞെടുത്തതിൽ ഗവണ്മെൻറ് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു?

മുഖ്യമന്ത്രി (ഏ. താണുപിള്ള) :

(എ) അഞ്ച്.

(ബി) ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറുമായി നടത്തുന്ന എഴുത്തുകുത്തുകൾ സ്വകാര്യമാണ്.

(സി) (1) ഏകദേശം 66,000 മുതൽ ഒരു ലക്ഷം വരെ ജനങ്ങൾ അധിവസിക്കുന്നതും, അന്യോന്യം ചേർന്ന് ഒററ ബ്ലോക്കായി കിടക്കുന്നതും ആയിരിക്കണം.

(2) അഞ്ചോ ആറോ പഞ്ചായത്തുകൾ പൂർണ്ണമായി അടങ്ങിയിരിക്കുന്ന പ്രദേശമായിരിക്കണം.

(3) ബ്ലോക്ക് സ്ഥാപിക്കുന്ന താലൂക്കിൽ ബാക്കിയുള്ള പ്രദേശങ്ങൾ മററു ബ്ലോക്കുകളായി തിരിക്കാൻ അസൗകര്യമില്ലാത്ത വിധത്തിൽ സ്ഥിതിചെയ്യുന്നതായിരിക്കണം.

(4) വികസനത്തിനു വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

(5) ജനങ്ങൾ സഹകരണമനസ്ഥിതിയുള്ളവരായിരിക്കണം.

(6) ഓരോ ഡിസ്ട്രിക്ററിനും കഴിയുന്നിടത്തോളം തുല്യപ്രാതിനിദ്ധ്യം ഉണ്ടായിരിക്കണം.

(7) ഭരണപരമായ സൗകര്യാർത്ഥം കഴിയുന്നിടത്തോളം ഇപ്പോഴുള്ള ബ്ലോക്കുകൾക്കോ പ്രോജക്ററുകൾക്കോ അടുത്തായിരിക്കണം

* 246. [52] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭരണച്ചെലവ് (administration expenses) മുതലെടുപ്പിന്റെ എത്രശതമാനം വരുന്നുണ്ട് ;

(ബി) ഇതു കുറയ്ക്കുന്നതിലേയ്ക്ക് ഏതെങ്കിലും നടപടികൾ എടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) സംസ്ഥാനത്തെ ഭരണച്ചെലവ് മുതലെടുപ്പിന്റെ ഉദ്ദേശം 3 1 3 ശതമാനമാണ്.

(ബി) പരോഗമനോന്മുഖമായ പദ്ധതികൾ സംബന്ധിച്ചും മററും സംഭവിക്കുന്ന ഭരണവികസനം പ്രമാണിച്ച് ഇതിൽ കുറവുവരുത്താമെന്ന് ഗവണ്മെന്റ് ഇപ്പോൾ കരുതുന്നില്ല.

കുത്തകപ്പാട്ടവ്യവസ്ഥ.

* 247. [53] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ഏപ്രിൽമാസത്തിനുശേഷം എത്ര ഏക്കർ എത്ര സ്ഥാപനങ്ങൾക്ക് കുത്തകപ്പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട്;

(ബി) പട്ടികജാതിക്കാർ ഭൂരിപക്ഷം ഉൾക്കൊള്ളുന്ന സഹകരണ സംഘങ്ങൾക്കോ, മററു പ്രസ്ഥാനങ്ങൾക്കോ നൽകിയിട്ടുണ്ടോ;

(സി) കൃഷിഭൂമി വിതരണസംപ്രദായത്തിൽ പട്ടികജാതിക്കാർക്ക് വല്ല പ്രത്യേക പരിഗണനകളും നൽകുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 13 സ്ഥാപനങ്ങൾക്കായി ആകെ 112 ഏക്കർ, 15 സെൻറ്, 243 ലിംഗ്സ് സ്ഥലം കൊടുത്തിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) പരിഗണന നൽകുന്നുണ്ട്.

എഫ്. എ. സി. റി. യിൽ വാങ്ങിയ സർഫർ.

* 248. [57] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. റി. യിൽ ജപ്പാൻ സർഫർ വാങ്ങിയതു് ഉപയോഗശൂന്യമായിട്ടുണ്ടോ;

(ബി) സർഫറിന് എന്തു വില വരും;

(സി) ഈയിനത്തിൽ എന്തു തുക കമ്പനിക്ക് നഷ്ടം വരും;

(ഡി) ജപ്പാൻ സർഫർ ഉപയോഗശൂന്യമാകാൻ കാരണമെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) ടണ്ണിന് 640 രൂപ.

(സി) ഉദ്ദേശം 30,000 രൂപ.

(ഡി) ആസിഡ് പ്ലാൻറിൻെറ പ്രവർത്തനത്തിനു ഈ സ്ഥലം ഹാനികരമായതിനാൽ.

Colonising either side of the Alleppey-Changanacherry Road.

* 249. [57] **Shri N. Parameswaran Pillai :** Will the Minister for Finance be pleased to state :

(*a*) what extent if any of the colony portion along either side of the Alleppey-Changanacherry Road cum canal is fit for occupation ;

(*b*) what extent therefrom is given for occupation ;

(*c*) have any co-operative societies applied to get the colony portion for colonising their members?

Minister for Works and Transport **(Shri A. Achuthan):**

(*a*) 6½ miles of south side colony bund to a width of 30 feet.

(*b*) Nil.

(*c*) The Peedika Thozhilali Union, Changanacherry and Puzhavathukara Co-operative Society Ltd., No. 62 have applied for the colony portion.

ദേശീയവരുമാനം.

* 250. [58] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ വില ഇടിവുമൂലം സംസ്ഥാനത്തിൻെറ ദേശീയവരുമാനത്തിൽ 52, 53, 54 വർഷത്തിൽ ഓരോന്നിലും എത്രമാത്രം കുറവ് സംഭവിച്ചിട്ടുണ്ട്;

(ബി) ദേശീയവരുമാനത്തിൽ വന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ക്രമാനുഗതമായ കുറവ് പരിഹരിക്കാൻ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു;

(സി) വിലഇടിവിനെ തുടർന്നുള്ള സാമ്പത്തികക്കുഴപ്പത്തിൽപ്പെട്ട കൃഷിക്കാരെ രക്ഷിക്കാൻ നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ കയറുമതി ചുങ്കം ഗവണ്മെൻറ് കുറച്ചിട്ടുണ്ടോ; അന്യരാജ്യങ്ങളിൽ നിന്നുള്ള കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതിചുങ്കം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ചില കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവ് വന്നിട്ടുണ്ട്. എന്നാൽ ദേശീയവരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്നറിയുന്നതിനുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(ബി. സ്) ഈ കാര്യങ്ങളെപ്പററി കേന്ദ്രഗവണ്മെൻറ വേണ്ട നടപടികൾ എടുക്കുന്നുണ്ട്. കരുമുളകിൻെറ കയററുമതിച്ചുങ്കം കുറച്ചിട്ടുണ്ട്.

പിരിച്ചുവിടപ്പെട്ട വില്ലേജ് അസിസ്റ്റൻറന്മാർ.

* 251. [63] ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ–കൊച്ചി സ്റ്റേററിൽ കഴിഞ്ഞ 10 വർഷത്തിനിടക്ക് വ്യയസ്വനീകരണത്തിൻെറയും മററും പേരിൽ എത്ര വില്ലേജ് അസിസ്റ്റൻറന്മാരെ പിരിച്ചുവിട്ടിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

497. വില്ലേജ് അസിസ്റ്റൻറന്മാരെ പിരിച്ചുവിട്ടിട്ടുണ്ട്.

സർവ്വീസിൽനിന്നും പിരിച്ചുവിട്ട വില്ലേജ് അസിസ്റ്റൻറ്.

* 252. [69] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: തഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്സ്. സി. റിക്രൂട്ടുമെൻറ കിട്ടിയിട്ടുള്ള എത്ര വില്ലേജ് അസിസ്റ്റൻറന്മാരെ 1949–ൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുവെന്ന് അറിയാമോ ;

(ബി) ഇവരെ പിരിച്ചു വിട്ടതു് വ്യയസ്വനീകരണാടിസ്ഥാനത്തിലാണോ ;

(സി) അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് ; ഇപ്രകാരം പിരിച്ചുവിട്ടവരെ എത്രപേരെഇതിനകം തിരിച്ചെടുത്തിട്ടുണ്ട് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അറിയാം.

തിരുവനന്തപുരം	ഡിസ്ട്രിക്ട്	38.
കൊല്ലം.	ടി	96.
കോട്ടയം.	ടി	43.
തൃശ്ശൂർ.	ടി	11.
ആകെ		188.

(ബി) നെല്ലെടുപ്പ് പദ്ധതിയിൽ ഗവണ്മെൻറ വരുത്തിയ ചില ഭേദഗതികൾ നിമിത്തം അതുവരെ തുടർന്നുകൊണ്ടിരുന്ന ചില വില്ലേജ് അസിസ്റ്റൻറന്മാരുടെ ഉദ്യോഗങ്ങൾ ആവശ്യമില്ലെന്നു വന്നു. അങ്ങനെ കുറേപ്പേരെ പിരിച്ചുവിടുന്നതിന് ഇടയായി.

(സി) മററ് യാതൊരു കാരണവശാലും പിരിച്ചുവിട്ടിട്ടില്ല. പിരിച്ചുവിട്ടവരിൽ കൊല്ലം ഡിസ്ട്രിക്ററിൽപ്പെട്ട 27 പേരെ മാത്രം വീണ്ടും നിയമിച്ചിട്ടുണ്ട്.

Sales Tax Enquiry Committee Report.

*253. [72] **Shri V. V. Sebastian:** Will the Minister for Finance be pleased to state :

(*a*) when did the Sales Tax Enquiry Committee file its report ;

(*b*) do the Government propose to implement any of the recommendations in the said report ;

(*c*) if so what are those recommendations, and what action has hitherto been taken by the Government for implementihg them ?

Minister for Finance **(Shri P. S. Nataraja Pillai) :** (*a*) On 30-6-1953.

(*b*) Government are examining the various recommendations contained in the report.

(*c*) Since final orders have not yet been passed, details regarding the various recommendations cannot be divulged now in public interest. Government are examining the Financial, legal and other aspects of the recommendations.

Single point Sales Tax.

*254. [73] **Shri V. V. Sebastian :** Will the Minister for Finance be pleased to state whether the Government do propose to introduce the system of Single point Sales Tax in respect of all or any of the commodities ?

Minister for Finance **(Shri P. S. Nataraja Pillai) :** Government are considering this question.

Pampa River Factory.

*255. [77] **Shri V. P. Parameswaran Namboodiri :** Will the Minister for Industries be pleased to state :

(*a*) whether the management of Pamba River Factory had applied for sanction to shift the Sugar Factory from the State ;

(*b*) what were the reasons raised by them in support of this ; and

(*c*) what steps did the Government take in this connection?

Minister for Industries **(Shri P. S. Nataraja Pillai) :**

(*a*) Yes.

(*b*) The management represented that they could not run the factory on an economic basis in the present location due to the following reasons:—

1. That they cannot get adequate quantities of sugar cane and
2. The cane they get is of poor quality.

(c) Government constituted a special committee to explore the possibilities of ensuring adequate supplies of sugarcane of good quality to the factory. The Committee found that it was possible for the factory to continue in its present location without incurring loss. Government accepted the views of the committee and implemented various measures for ensuring larger quantities of cane to the factory. As a result of these measures the factory obtained about 56,000 tons cane in 1954 and manufactured a record quantity of over 4800 tons of sugar.

Sales Tax.

*256. [79] **Shri J. A. Bhat:** Will the Minister for Finance be pleased to state :

(a) under what provision of law is sales tax demanded by our State Government from non-resident dealers ;

(b) how many non-resident dealers have registered themselves as such in this State ; and

(c) what, if any, are amounts collected as salestax from non-resident dealers after their being registered?

Minister for Finance **(Shri P. S. Nataraja Pillai)** :

(a) Sales tax is levied by our State Government from non-resident dealers under the provisions of the Travancore-Cochin General Salestax Act XI of 1125 as subsequently amended.

(b) 590.

(c) Rs. 4,62,517-3-6 have been collected up to the end of December 1954 as salestax from non-resident dealers.

UNSTARRED QUESTIONS.

Coconut Seedlings.

130. [1] **Shri N. G. Chacko :** Will the Minister for Agriculture be pleased to state :

(a) how many coconut seedlings were distributed to the public from the various coconut nurseries in the Travancore-Cochin State during the last planting season ; and

(b) how many coconut seedlings were available for distribution in the various nurseries in this State during the last planting season?

Answer.

(a) 87,768.

(b) 1,39,476.

Loan granted to Industries.

131. [8] **Shri K. C. George:** Will the Minister for Industries be pleased to state:

(*a*) is there a Board of Industries constituted by Government ;

(*b*) the amount of loans granted under the State Aid to Industries Act in 1952 ;

(*c*) to what industries and how much each ; and

(*d*) the value of the assets of the industries to which loans were granted?

Answer.

(*a*) Yes.

(*b*) No loan granted.

(*c*) & (*d*) In view of the above answer the question does not arise.

കൃഷിയുടെ ആവശ്യത്തിലേയ്ക്ക് വേണ്ട വെള്ളം.

132. [11] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തലപ്പിള്ളിതാലൂക്കിൽ നെൽക്കൃഷിയുടെ ആവശ്യത്തിലേയ്ക്ക് വേണ്ടത്ത്ക്ക വെള്ളം കൊടുക്കുവാൻ വല്ല പദ്ധതിയും ഗവണ്മെൻറിനുണ്ടോ ;

(ബി) വാഴാനി പദ്ധതിയുടെ പരിധിയിൽ പ്പെടാത്ത പ്രദേശത്തിലേക്ക് വെള്ളം കൊടുക്കുവാൻ എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

ഉത്തരം.

ഉണ്ട്. ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന വാഴാനി സ്ക്കീം തലപ്പിള്ളി താലൂക്കിലെ കൃഷിക്ക് വെള്ളം കൊടുക്കുന്നതിനാണ്. ഇതിനു പുറമെ ചീരക്കുഴി സ്ക്കീം ആലോചനയിലിരിക്കുന്നു.

തലപ്പിള്ളി താലൂക്കിൽ പീച്ചി, ചാലക്കുടി പദ്ധതികൾ പോലെ ഡാമുകൾ കെട്ടി വെള്ളം ശേഖരിച്ചു നിറുത്തി കനാലുകൾ വഴി വെള്ളം നെൽപ്പാടങ്ങളിലേക്ക് എത്തിക്കുവാൻ ഭൂപ്രകൃതി അനുകൂലമല്ല. കാരണം വിസ്താരമായ നെൽഭൂമികളുടെ അഭാവവും ഭൂമിയുടെ ചെങ്കുത്തായ കിടപ്പുമാണ്. ഭാരതപ്പുഴയുടേയും ചീരക്കുഴിപുഴയുടേയും അരികിലായി കിടപ്പുള്ള ഭൂമികളിൽ ഏതാനും ഭാഗങ്ങൾ പമ്പുകൾ സ്ഥാപിച്ചു ലിഫ്റ്റ് ഇറിഗേഷൻ സാധിക്കുന്നതാണ്. പക്ഷേ ഇക്കാര്യത്തിലും ഭൂപ്രകൃതികൊണ്ട് ചിലവ് വളരെ അധികമായിരിക്കും. എങ്കിലും ഇക്കൊല്ലത്തിൽ ഉണക്കനിവാരണത്തിനായി രണ്ട് ഡീസൽ എഞ്ചിനുകൾ കുന്ന്ക്കുമ്പുഴയിലും മററൊന്നു ഓത്തൂർ ചിറയിലും സ്ഥാപിച്ച് വെള്ളം പമ്പു ചെയ്തു വരുന്നുണ്ട്.

കശുഅണ്ടി വ്യവസായം.

133. [15] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ :

(എ) കശു അണ്ടി വ്യവസായത്തിന്റെ അഭിവൃദ്ധിക്കും സംരക്ഷണത്തിനുമായി സംസ്ഥാനഗവണ്മെന്റ് എന്തെങ്കിലും നിവേദനം കേന്ദ്രഗവണ്മെന്റുമായി നടത്തിയിട്ടുണ്ടോ ;

(ബി) "ക്യാഷ്യൂനട്ട് ബോർഡ്" രൂപീകരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്. ഒരു സെൻട്രൽ കാഷ്യൂബോർഡ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് നിവേദനം നടത്തിയിട്ടുണ്ട്.

(ബി) കശു അണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ഒരു സംസ്ഥാന കാഷ്യൂകമ്മിററി സ്ഥാപിച്ചിട്ടുണ്ട്.

കുററിവല സ്ഥാപനം.

134. [17] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ കുററിവല സ്ഥാപിക്കുവാൻ ലേലം നടത്തിയതിൽ സർക്കാരിനുള്ള ആദായം എന്തു്;

(ബി) ഈ ലേലം നിറുത്തിവയ്ക്കണമെന്നു് ആരെല്ലാം ആവശ്യപ്പെട്ടിരുന്നു;

(സി) ഇതിനെപററി അന്വേഷിച്ചോ; ലേലം ക്യാൻസൽചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) 5935 രൂപായ്ക്ക് ഈ കൊല്ലത്തിൽ ആദ്യമായി ലേലം വിളിച്ചുറപ്പിച്ചിരിക്കുന്നു.

(ബി) (1) ശ്രീ. യു. നീലകണ്ഠൻ എം. എൽ. എ.

(2) ചിറയിൻകീഴ് പഞ്ചായത്തു പ്രസിഡന്റ് എന്നിവർ ലേലം നിറുത്തിവയ്ക്കണമെന്നു് ആവശ്യപ്പെട്ടിരുന്നു.

(സി) അന്വേഷിച്ചതിൽ, തക്കതായ കാരണങ്ങൾ ഇല്ലാത്തതിനാൽ ലേലം ക്യാൻസൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

മദ്യവർജ്ജനം.

135. [18] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വർഷത്തിൽ ഏതെല്ലാം താലൂക്കുകളിലാണ് മദ്യവർജ്ജനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതു്;

(ബി) അതിൽ മുകുന്ദപുരം താലൂക്കിനു് മുൻഗണന നൽകുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(ഡി—ബി) മദ്യവർജ്ജനം കൂടുതൽ പ്രദേശങ്ങളിൽ നടപ്പിൽ വരുത്തുവാൻ തൽക്കാലം ഗവണ്മെൻറിന് ഉദ്ദേശമില്ല. എന്നാൽ മദ്യവർജ്ജനം മററു പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ ആലോചിക്കുമ്പോൾ മുകുന്ദപുരം താലൂക്കിൻെറ കാര്യവും ഗവണ്മെൻറ് പരിഗണിക്കുന്നതാണ്.

മദ്യനിരോധന ലംഘനക്കേസ്സുകൾ.

136. [19] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറ് ഭരണത്തിൽ വന്നതിനുശേഷം ആകെ എത്ര മദ്യനിരോധനലംഘനക്കേസ്സുകൾ ഉണ്ടായിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം.

(എ) 1919.

(ബി) 1231.

മണിമാളിക.

137. [22] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഒരു മണിമാളിക (Clock Tower) പണിയുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇങ്ങനെ ഒന്നു വേണമെന്ന് പൊതുജനങ്ങൾ ആവശ്യപ്പെടുകയുണ്ടായിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

പൊൻകുന്നം സബ്ട്രഷറി.

138. [24] ശ്രീ. കെ. ടി. തോമസ് : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം സബ്ട്രഷറിയിൽ കട്ടുംതന്നെ സ്ഥലസൗകര്യമില്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം ഉണ്ടാക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) പൊൻകുന്നം സബ്ട്രഷറിയിലെ സ്ഥലക്കുറവിനെപ്പററി ഗവണ്മെൻറിന് അറിവ് ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കൂടുതൽ സ്ഥലസൌകര്യമുണ്ടാക്കുന്നതിലേയ്ക്കു കെട്ടിടംകെട്ടാൻ 14,500 രൂപയുടെ പ്ലാനും എസ്റ്റിമേററും ഗവണ്മെൻറ് അനുവദിച്ചു് ജോലി ഉടനെ നടത്താൻ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആണ്ടിൽതന്നെ ഈ ജോലി പൂർത്തിയാക്കണമെന്നാണ് ഗവണ്മെൻറ് നിർദ്ദേശിച്ചിരിക്കുന്നതു്.

സ്റ്റേ പെററിഷനുകൾ.

139. [25] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മന്ത്രിസഭയ്ക്ക് സ്റ്റേ പെററിഷനുകൾ തന്നാൽ സാധാരണയായി എത്ര നാളിനകമാണ് ഇതിനെസംബന്ധിച്ചുള്ള വാദം കേൾക്കുന്നതെന്നു പറയുമോ ;

(ബി) മദ്ധ്യതിരുവിതാംകൂർ മത്സ്യത്തൊഴിലാളി യൂണിയൻെറ പുതുപ്പള്ളി ശാഖാസെക്രട്ടറി ശ്രീ. സി. എൻ. സോമൻ 28-8-1954-ൽ അഡ്വക്കേററ് ശ്രീ. ആർ. സുബ്രഹ്മണ്യൻനായർമുഖേന തന്ന സ്റ്റേ പെററിഷന് ഇതുവരെയും മേൽനടപടി ഉണ്ടാകാതെയിരിക്കുന്നതിൻെറ കാരണം എന്തെന്നു പറയുമോ ?

ഉത്തരം.

(എ) സ്റ്റേ പെററിഷൻ സംബന്ധിച്ചു് വാദം കേൾക്കണമെന്ന് നിർബന്ധമില്ല. പെററിഷൻ കൊടുത്താൽ മതിയായ കാരണങ്ങളുണ്ടെങ്കിൽ നടപടികൾ നിറുത്തിവയ്ക്കുവാൻ ഉടനെതന്നെ ഉത്തരവുകൾ കൊടുക്കാറുണ്ട്.

(ബി) സ്റ്റേ പെററിഷനിൽ കാണിച്ചിരിക്കുന്ന കാരണങ്ങൾ യാഥാർത്ഥ്യങ്ങൾ അല്ലെന്ന് ബോദ്ധ്യമായതുകൊണ്ടു് ഈ കാര്യത്തിൽ സ്റ്റേ അനുവദിക്കാതെയിരുന്നിട്ടുള്ളതാണ്.

കുടികിടപ്പുകാരായ പിന്നാക്കസമുദായക്കാരുടെ നിവേദനം.

140. [34] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്താംകോട്ട കുടികിടപ്പുകാരായ പിന്നാക്കസമുദായക്കാരിൽനിന്നും 6-5-1954-ൽ ഗവണ്മെൻറിന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) ശാസ്താംകോട്ട കുടികിടപ്പുകാരായ പിന്നാക്കസമുദായക്കാരിൽനിന്നും 6-5-1954-ൽ ഒരു നിവേദനവും ലഭിച്ചിട്ടില്ല. എന്നാൽ കുടിയിറക്കുന്നതു സംബന്ധിച്ചുള്ള ഒരു ഹർജി 22-11-1954-ൽ കിട്ടിയിട്ടുണ്ട്.

(ബി) ആ ഹർജിമേൽ അന്നുതന്നെ കുടിയിറക്കു നടപടികൾ നിറുത്തിവയ്ക്കുന്നതിന് സ്റ്റേ ആർഡർ കൊടുത്തിട്ടുണ്ട്.

കൊട്ടമൺ റിസർവ് വനം.

141. [36] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽപ്പെട്ട കൊട്ടമൺ റിസർവ്വ് വനത്തിന്റെ വിസ്തീർണ്ണം എന്ത് ; പ്രധാന റിസർവ്വ് മേഖലയുമായി ബന്ധപ്പെടാതെ ഗ്രാമങ്ങളാൽ ചുറ്റപ്പെട്ടാണോ അതിന്റെ കിടപ്പ് ;

(ബി) ഈ പ്രദേശം റിസർവ്വായി ഇട്ടിരിക്കുന്നതിന്റെ ഉദ്ദേശം എന്ത് ; ഈ പ്രദേശത്തെ വനവിഭവങ്ങളെന്തൊക്കെയാണ് ; ആ ഇനത്തിൽ 50 മുതൽ 54 വരെ ഗവണ്മെൻറിനുള്ള വാർഷികാദായമെന്ത് ;

(സി) പ്രസ്തുത വനപ്രദേശത്ത് ഫാറസ്റ്റ് നിയമങ്ങൾ ലംഘിച്ചതിന് 50, 51, 52, 53, 54 വർഷങ്ങളിൽ എടുത്തിട്ടുള്ള കേസ്സുകൾ എത്രവീതമെന്നു പറയുമോ ;

(ഡി) ഒരു കോളനി സ്ഥാപിക്കാൻവേണ്ടി മേൽപ്പറഞ്ഞ സ്ഥലം റിസർവ്വിൽനിന്നും വേർപെടുത്തി സഹകരണാടിസ്ഥാനത്തിലുള്ള ഒരു കൂട്ടുകൃഷിസ്ഥലം അവിടെ സ്ഥാപിക്കുന്നതോ ?

ഉത്തരം.

(എ) 11 ചതുരശ്രമൈൽ 500·95 ഏക്കർ. ഗ്രാമങ്ങളാൽ ചുറ്റപ്പെട്ടാണ് അതിന്റെ കിടപ്പ്.

(ബി) ശാസ്ത്രീയമായി തോട്ടമാക്കിക്കൊണ്ടുവരികയാണ്. പ്രധാന വനവിഭവം തടി ആകുന്നു. തടിവിൽപ്പനയിൽനിന്നും പ്രതിവർഷം ഉദ്ദേശം 50,000 രൂപ ഗവണ്മെൻറിന് ലഭിക്കുന്നുണ്ട്. വനസംരക്ഷണത്തിനായി ശമ്പളവകയിൽ വർഷംപ്രതി 4,200 രൂപ ചെലവുണ്ട്.

(സി) യഥാക്രമം 49, 56, 110, 125, 156 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ഡി) വനശാസ്ത്രമനുസരിച്ച് പ്രസ്തുത വനങ്ങളെപ്പോലുള്ള പ്രദേശങ്ങൾ വനങ്ങളായി സംരക്ഷിക്കേണ്ടതു് രാജ്യനന്മയ്ക്ക് അത്യന്താപേക്ഷിതമാകയാൽ ഈ റിസർവ്വ് മറ്റു യാതൊന്നിനും ഉപയോഗിക്കാൻ നിവ്വാഹമില്ല.

കുത്തകപ്പാട്ടം.

142. [38] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവത്ത് പിഷാരികോവിലിന് സമീപം 70 സെൻറ് പുറമ്പോക്കു സ്ഥലം പി. എസ്സ്. പി. ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടോ ?

(ബി) ഈ സ്ഥലം പിറവത്തുകാരുടെ പൊതുജനവിഹാരസ്ഥലവും, പിറവം യാക്കോബായാ പള്ളിയിലേക്കുള്ള വ്യുകവാഹന ഗതാഗതമാർഗ്ഗവും ആയിരുന്നില്ലേ ?

(സി) ടി സ്ഥലം ശതാബ്ദങ്ങളായി പുറമ്പോക്കു സ്ഥലമായി കിടന്നിരുന്നതല്ലേ ?

(ഡി) പി. എസ്. പി. ഗവണ്മെൻറിൻെറ ഈ പ്രവൃത്തിയിൽ ജനങ്ങൾ പ്രതിഷേധശബ്ദമുയർത്തിയിട്ടുണ്ടോ ?

(ഇ) ഈ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുക്കുവാൻ പ്രേരിപ്പിച്ച പ്രത്യേക സാഹചര്യമെന്തായിരുന്നു ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) അതേ.

(ഡി) പള്ളിഅധികാരികൾ പ്രതിഷേധിച്ചിട്ടുണ്ട്.

(ഇ) ഈ സ്ഥലം ഏറിയകാലമായി പിറവംക്ഷേത്രത്തിലെ ആറാട്ട് ഉത്സവാദികൾക്ക് ഉപയോഗിച്ചിരുന്നതുകൊണ്ടും ഈ ഭൂമി ക്ഷേത്രത്തിൻെറ പരിശുദ്ധി നിലനിറുത്തുന്നതിന് അത്യന്താപേക്ഷിതമെന്ന് കണ്ടതുകൊണ്ടും ആണ് കുത്തകപ്പാട്ടത്തിനു കൊടുത്തത്.

വായനശാലകളും പയൽസ്കൂളുകളും.

143. [40] ശ്രീ. കൊച്ചുകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിൽ നിന്നും ഇപ്പോൾ അനുവദിച്ചുനടത്തിവരുന്ന പയൽസ്കൂളുകൾ എത്ര ;

(ബി) നിശാപാഠശാല വായനശാല ഇവകളുടെ ആകെ എണ്ണം എത്ര ;

(സി) ഏതെല്ലാം പകുതികളിലാണ് ഇവകൾ അനുവദിച്ചു നടത്തിവരുന്നത് ?

ഉത്തരം.

(എ) അഞ്ച്. (5)

(ബി) നിശാപാഠശാലകൾ മൂന്ന്, വായനശാലകൾ മൂന്ന്.

(സി)

പയൽസ്കൂളുകൾ	പകുതി
1. പനവേലി	വെട്ടിക്കവല പകുതി
2. വെളിയം	വെളിയം പകുതി
3. അന്തമൺ	മൈലം പകുതി
4. കുളക്കട	കുളക്കട പകുതി
5. കുളക്കട കിഴക്ക്	കുളക്കട പകുതി

നിശാപാഠശാലകൾ.	പകുതി
1. കുളക്കട	കുളക്കട പകുതി
2. വെളിയം	വെളിയം പകുതി
3. ചടയമംഗലം	ചടയമംഗലം പകുതി

വായനശാലകൾ.	പകുതി
1. കുളക്കട	കുളക്കട പകുതി
2. എഴുകോൺ	എഴുകോൺ പകുതി
3. വെളിയം	വെളിയം പകുതി

Sales Tax Enquiry Committee.

144. [45] **Shri N. Parameswaran Pillai** : Will the Minister for Finance be pleased to state :

(1) what are the findings of the Sales Tax Enquiry Committee appointed by Government what, if any, are the recommendations of the Committee which the Government have implemented ; and

(2) has Government received representations from copra dealers regarding their difficulties in conforming to the Sales Tax Laws. What action has the Government taken and what action do the Government propose to take thereon?

Answer.

(1) Government have not so far taken any final decision on the various recommendations of the Committee. It is therefore not in public interest to divulge the information. No recommendation has yet been implemented.

(2) Yes. The Committee's report covers this question also. The legal, financial and other aspects of the various recommendations of the report are being considered by the Government. After considering the various aspects, a decision will be taken and the decision will be implemented.

ADJOURNMENT MOTIONS.

Mr. Speaker : Order, order. Question time is over.

I have received notice of some Adjournment Motions. The first is from Shri N. Chandrasekharan Nair. It reads—

> "I move that the Assembly do now adjourn to discuss the serious situation prevailing in the Merchiston Estate, Nedumangad, as a result of the firing on the workers by the management"

"Workmen in the Merchiston Estate, Nedumangad, some five hundred in strength are organised under the Travancore-Cochin Estate Workers' Union. On the 30th of January 1955 when Messrs. Thundathil Kunjukrishna Pillai, Joint Secretary, Praja Socialist Party, and M. K. Raghavan, President, Cochin Thuramukha Thozhilaly Union visited the estate in the company of Sri A. Subbia, Secretary of the Travancore-Cochin Estate Workers' Union, they were pelted with stones by the hired goondas of the management".

The Chief Minister may give the facts, if he has got any information regarding this.

Chief Minister (**Shri A. Thanu Pillai**) : I have not got detailed information. I learn that some occurrence took place there. I have called for the information. Whatever that be, Sir, there is no occasion for adjourning the business of this House, because it is a matter of conflict between the management and workers. The matter will be duly enquired into and action taken. It is an isolated incident in an estate which will be fully enquired into and necessary action taken.

ശ്രീ. ടി. കെ. ദിവാകരൻ : സർ, തൊഴിലാളികളുടെ നേരെ ഇത്പോലെ പലസ്ഥലത്തും വെടിവയ്പും മർദ്ദനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതിന് മേലാലെങ്കിലും ഒരു നിയന്ത്രണമുണ്ടാകാൻ ഈ പ്രമേയം ഈ സഭയുടെ ചർച്ചയ്ക്കു വിധേയമാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർ, ഇതുസംബന്ധിച്ച് ഞാനും ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസയച്ചിരുന്നു. വളരെ സ്വതന്ത്രമായി ഇത്തരം തൊഴിലാളിവിരുദ്ധനടപടികൾ ഉണ്ടാകുന്നതു കർശനമായി തടയേണ്ടതാണ്. ഈ കാര്യം ഈ സഭയുടെ പര്യാലോചനയ്ക്കു കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്തിന്റെ നാനാഭാഗത്തും, പോലീസിന്റെ പിൻബലത്തോടുകൂടി ഗുണ്ടാകളും, മാനേജ്മെന്റും ചേർന്ന് ഇത്തരത്തിലുള്ള തൊഴിലാളിമർദ്ദനങ്ങൾ ഉണ്ടാകുന്നുണ്ട്. കോട്ടയത്തു ചെറുവള്ളി എന്ന സ്ഥലത്തും ഒരു സംഭവമുണ്ടായി. ഇതിന്റെ എല്ലാം പിന്നിൽ ഏതോ രാഷ്ട്രീയ ഗൂഢാലോചനകൾ നടക്കുന്നതായി കേട്ടറിയാം. ആലപ്പുഴ കാൺഗ്രസു രാഷ്ട്രീയസമ്മേളനം നടന്നതിനുശേഷമാണ് ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. ഇതിനെപ്പററി വിശദമായ ചർച്ച നടത്തുന്നതിന് ബഹുമാനപ്പെട്ട ചെയർ അനുമതി നൽകണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കൊച്ചുകുഞ്ഞു് : തൊഴിലാളികളുടെ നേരെ വെടിവച്ചു മൃതലാളിയെ പോലീസ് അറസ്റ്റുചെയ്തിട്ടുണ്ടോ?

Shri A. Thanu Pillai: That information is not before me now. Any way, Sir, this is a matter of conflict between private parties, and the Government will take necessary action. There

is no allegation that the Government are at fault in any way. Therefore I submit that it is not a proper subject matter for an adjournment motion.

ശ്രീ. ഇടിക്കുള ഇടിക്കുള: തൊഴിലാളിപ്രസ്ഥാനത്തെ മർദ്ദനം കൊണ്ടു അടിച്ചമർത്തുന്ന ഒരു നയം തോട്ടം ഉടമകൾ രാജ്യവ്യാപകമായി അംഗീകരിച്ചു പ്രവർത്തനത്തിൽ വരുത്തിയിരിക്കുകയാണ്. ഇതുപോലുള്ള പല കേസുകളുമുണ്ടായിട്ടുണ്ട്. ഇതേപ്പററി ചർച്ചചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: സർ, എസ്റ്റേററു മാനേജ്മെൻറും ഗുണ്ടാകളും ചേർന്നു തൊഴിലാളികളുടെ മേൽ നടത്തിയിട്ടുള്ള ഈ ആക്രമണം ഗുരുതരമായ ഒരു നിലയിൽ എത്തിയിരിക്കുകയാണ്. അവിടെ 150-ഓളം തൊഴിലാളികൾ ജീവനും അഭിമാനവും പണയംവച്ച് താമസിക്കുന്ന ഒരു നിലയാണിപ്പോൾ. ഒരു മി. വേലായുധൻപിള്ളയുടെ നേതൃത്വത്തിൽ ഒരുസംഘം ഗുണ്ടാകളെ അവിടെ താമസിപ്പിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് യഥാവസരം അധികൃതസ്ഥാനങ്ങളിൽ നിവേദനം നടത്തിയിട്ടുണ്ട്. ട്രെയിഡുയൂണിയൻ പ്രവർത്തനങ്ങൾ മർദ്ദിച്ചും പിടിച്ചുകെട്ടിയും തടസ്സപ്പെടുത്താമെന്നു കരുതുന്ന മാനേജ്മെൻറിന്റെ ഈ നയം തുടരാൻ അനുവദിക്കുന്നതു ശരിയല്ല.

മി. സ്പീക്കർ: മുതലാളിയായാലും, തൊഴിലാളിയായാലും അവടിവയ്ക്കുക എന്നതു വളരെ ഗൗരവതരമായ ഒരു കുററമാണ്. ഈ അടിയന്തിരപ്രമേയം സംബന്ധിച്ചു സംഭവത്തെപ്പററി ഇനിയും ചില വിവരങ്ങൾ ഗവണ്മെൻറുമാഗത്തേക്കു അറിയാനുള്ളതിനാൽ ഇതു് നാളത്തേയ്ക്കു മാററിവയ്ക്കുന്നു.

Shri A. A. D. Luiz: Sir, I had asked for a discussion under Rule 62.

Mr. Speaker: Yes. I am considering it.

Shri K. C. George: Sir, I had given notice of a short notice question on a very important matter.

Mr. Speaker: You may meet me in my Chamber. Then only I can tell you what has happened to it.

QUESTION OF PRIVILEGE.

Mr. Speaker: I have received a notice regarding a question of privilege under Rule 160. That also will be gone into by me and brought before the House in due course.

Shri N. Parameswaran Pillai: Sir, I have come across, as you might have also perhaps done, a statement in certain newspapers that the Speaker is going to resign and join his former Party. I believe this is a matter of serious concern for the House and also to you, Sir. So, I request you to take this House into your confidence and deny this mischievous report which we find in the papers.

Mr. Speaker: I did not see any such report. Any how, at present I am the Speaker. I do not know what will happen tomorrow or the day after. So, you need not place much importance on those paper reports.

LEGISLATIVE BUSINESS.

Report of the Committee on Private Members' Bills and Resolutions.

Mr. Speaker: Now I call upon Shri K. Narayana Kurup to present the report of the Committee on Private Members' Bills and Resolutions.

Shri K. Narayana Kurup: Sir, I beg to present the First Report of the Committee on Private Members' Bills and Resolutions.

The Committee at its meeting held on the 1st February 1955 at which the Members in charge of the Non-official Bills and the members whose Resolutions had been balloted for discussion during the Session were also present, after considering the importance and urgency of the matter fixed the following time-limit for each of the Bills and Resolutions.

The Travancore-Cochin Artisan's Protection Bill. (Shri K. I. Velayudhan) ..	20 minutes.
The Travancore-Cochin Debt Relief Bill (Shri P. V. Aviratharakan) ..	20 „
The Travancore-Cochin Malayala Brahmin Bill (Shri P. Narayanan Potti) ..	10 „
The Travancore-Cochin Fixation of Paddy Prices Bill (Shri Talekkara K. Krishnan)	10 „

Shri A. A. D. Luiz: Sir, on a point of order. Is it a fact that the report of this Committee has not been circulated amongst the Members of this House?

Mr. Speaker: Only after presentation it will be circulated. Now it is being circulated.

Shri K. Narayana Kurup:

Resolution given notice of by Shri U. Neelakantan ..	1½ hrs.
Resolution given notice of by Shri P. Viswambharan ..	40 minutes.
Resolution given notice of by Shri T. P. Sitaraman ..	20 „

I commend this report for the acceptance of the House and request that the following motion be adopted on this Report.

"That this House agrees with the First Report of the Committee on Private Members' Bills and Resolutions".

Mr. Speaker: I suppose that the House has no objection in adopting the report.

The Report was adopted.

Announcement by Mr. Speaker.

Mr. Speaker : Now, before we take up the business of the day, I have to make an announcement.

I have received the following letter from Shri P. J. Sebastian, Member of this Assembly :

> "I am laid up and under treatment. I hoped to be up and attending the Assembly from the 31st of January. But as it is, the medical advice is that I should not travel and as such I regret to inform you that I am not in a position to participate in the present Assembly session. So I request you to excuse my absence and grant me leave for this session."

The question therefore is, is it the pleasure of the Assembly that permission be granted to Shri P. J. Sebastian, Member, for being absent for all meetings of the Assembly during this session ?

Shri Panampilli Govinda Menon : Sir, I wish to know when this letter was received.

Mr. Speaker : On 1st February 1955.

Shri Panampilli Govinda Menon : Sir, I pray that this matter may be taken up for consideration tomorrow.

Mr. Speaker : I have no objection.

PRIVATE MEMBER'S BILLS.

THE TRAVANCORE-COCHIN ARTISANS PROTECTION BILL.

Shri K. I. Velayudhan :

> "I move that the Travancore-Cochin Artisans Protection Bill be referred to a Select Committee".

സർ, ഇതുസംബന്ധിച്ച് രണ്ടുവാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. തിരുവിതാംകൂർ-കൊച്ചിയുടെ നാനാഭാഗങ്ങളിലുമായി യാതൊരുവിധമായ സംഘടനയുമില്ലാതെ ചിന്നിച്ചിതറിക്കിടക്കുന്ന ഉദ്ദേശം അൻപതിനായിരത്തോളം വരുന്ന ഒരു പ്രത്യേക തൊഴിലാളിവർഗ്ഗത്തിന്റെ ഉദ്ധാരണത്തിനു വേണ്ടിയാണ് ഈ ബിൽ ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.

സർ, ഇവർ ഒരു പ്രത്യേക തൊഴിലിൽ നാട്ടിന്റെ നാനാഭാഗങ്ങളായി 'വിശ്വകർമ്മാക്കൾ' എന്ന പേരിൽ തൊഴിൽചെയ്തു ജീവിക്കുന്നവരാണ്. ഇന്ന് ചില പ്രൈവറ്റുഷാപ്പുകളുടെ കീഴിലോ അതുപോലെയുള്ള ചെറിയ ചെറിയ തൊഴിൽശാലകളിലോ ജോലിചെയ്യുകയാണിവർ. ഇവക്ക് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന വേതനം വളരെ തുച്ഛമാണ്. മററു തൊഴിലാളികളെ അപേക്ഷിച്ച് സാമ്പത്തിക നിലയിലും, തൊഴിൽസംബന്ധിച്ച മററു സൗകര്യങ്ങളിലും ഇവർ വളരെ

[Sri K. I. Velayudhan]

യേറെ അവശതകൾ അനുഭവിക്കുന്നുണ്ട്. ഇന്ന് ഇൻഡ്യൻ ഫാക്ററി ആക്റ്റ് അനുസരിച്ചുള്ള യാതൊരു ആനുകൂല്യങ്ങളും ഇവർക്കു കിട്ടുന്നില്ലെന്നു മാത്രമല്ല, ലേബർ ഡിപ്പാർട്ടുമെന്റ് യാതൊരുവക ആനുകൂല്യങ്ങളും ഇവരെ സംബന്ധിച്ചിടത്തോളം ചെയ്തുകൊടുക്കുന്നില്ല. തൊഴിൽ സംബന്ധിച്ച് ബാക്കിയുള്ള തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും സംരക്ഷണവ്യവസ്ഥകളും ഇവർക്കും കിട്ടണമെന്നുള്ളതാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത്. ഇക്കൂട്ടർ ഇത്രകാലം യാതൊരു സംഘടനയുമില്ലാതെ ജോലിചെയ്തും കഷ്ടപ്പെട്ടും. നാശഗർത്തത്തിലാണ്ടിരിക്കുകയാണ്. വളരെക്കാലമായി സാമ്പത്തികമായും, തൊഴിൽപരമായും ഇവർക്കു നേരിട്ടുകൊണ്ടിരിക്കുന്ന അവശതകൾക്കു കഴിയുന്നതും വേഗം ഒരു പരിഹാരമുണ്ടാക്കണമെന്നുള്ള മുഖ്യോദ്ദേശത്തോടുകൂടിയാണ് ഈ ബിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഉദ്ദേശം അൻപതിനായിരം ആളുകളോളം വരുന്ന ഈ തൊഴിലാളികൾ ഇന്നു മററുള്ളവരുടെ ശാസനയ്ക്കു വിധേയരായി പ്രവർത്തിക്കുകയാണ്. കാലത്തു മുതൽ വൈകുന്നേരംവരെ പണിയെടുത്താൽ മാത്രമെ ഒന്നും, ഒന്നരയും രൂപാ കൂലി കിട്ടുകയുള്ളൂ. ഇവർക്കു ഫാക്ററി നിയമപ്രകാരം സമയക്രമത്തയൊ, കൂലി സ്ഥിരതയൊ ഇല്ല. മററു തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും, സൗജന്യങ്ങളും ഇവർക്കും ലഭിക്കുന്നതിനുപകരിക്കത്തക്കവണ്ണം കഴിയുന്നതും വേഗം ഈ ബിൽ സെലക്ററുകമ്മിററിക്ക് അയച്ച് ദീർഘകാലമായി അവശതയനുഭവിക്കുന്ന ഇക്കൂട്ടരെ സഹായിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. സെലക്ററുകമ്മിററിയിലേക്ക് താഴെ പേരുപറയുന്നവരെ അംഗങ്ങളായി നിർദ്ദേശിക്കുന്നു.

പേരുവിവരം.

1. ശ്രീ. എ. ആർ. മേനോൻ
2. ,, എൻ. ജി. ചാക്കൊ
3. ,, എ. എ. റഹീം
4. ,, കെ. പി. കേശവമേനോൻ
5. ,, കെ. എ. ബാലൻ
6. ,, തലേക്കര കെ. കൃഷ്ണൻ
7. ,, എ. കുഞ്ഞൻ നാടാർ
8. ,, വകുപ്പുമന്ത്രി
9. ,, കെ. ഐ. വേലായുധൻ

കോറം 5 ആയിരിക്കുന്നതാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ: എന്റെ സ്നേഹിതൻ ശ്രീ. വേലായുധൻ അവതരിപ്പിച്ച ബില്ലിനെ ഞാൻ അനുകൂലിക്കുകയും ആ ബിൽ സെലക്ററുകമ്മററിക്കയയ്ക്കണമെന്ന അഭിപ്രായത്തോടു യോജിക്കുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്തു വളരെയധികം ആർട്ടിസൻസ് ഉണ്ട്. അവർക്ക് പറയത്തക്കവിധത്തിൽ രക്ഷ കിട്ടുന്നതിനു യാതൊരു നിയമനിർമ്മാണവും ഇവിടെ ഉണ്ടായിട്ടില്ല. രാജ്യത്തിന്റെ നാനാഭാഗത്തുമായി ചിന്നിച്ചിതറി ജീവിക്കുന്നവരാണ് ഇവർ. അവരിൽ പലരും ഓരോരുത്തരായി മററുള്ളവരുടെ വിളിവേലയ്ക്കു പൊയ്ക്കൊണ്ടിരിക്കുകയാണ്.

എന്നാൽ ഒരു നല്ല വിഭാഗം ആളുകൾ ചെറിയ ചെറിയ ഫാക്ററി കളിൽ ജോലി ചെയ്യുന്നവരായും ഉണ്ട്. ഈ തൊഴിൽ ഉടമകളിൽ നിന്നും അവർക്ക് വേണ്ടത്ര രക്ഷകിട്ടുന്നില്ല. ഇന്നത്തെ ഫാക്ററി നിയമങ്ങൾ അവർക്ക് ബാധകങ്ങളല്ല. ഇങ്ങനെയുള്ള തൊഴിലാളികൾക്ക് ജോലിയിൽ സ്ഥിരതയും കുറഞ്ഞ കൂലിയിൽ നിജവും വരുത്തുന്ന വ്യവസ്ഥകളോടുകൂടിയാണ് ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നത്. ഈ ബില്ലിലെ എല്ലാ വ്യവസ്ഥകളോടും ഞാൻ യോജിക്കുന്നില്ല. ചില വ്യവസ്ഥകളെല്ലാം മാറേണ്ടതായിട്ടുണ്ട്. സെലക്ററ്കമ്മിററിയിൽ വേണ്ട ഭേദഗതികൾ ചെയ്താൽ ഈ ബില്ല് ഏററവും പ്രയോജനകരമാക്കിത്തീർക്കാമെന്ന് ഞാൻ വിശ്വസിക്കുന്നു.

അഞ്ചാളുകൾ തൊഴിൽ ചെയ്യുന്നുണ്ടെങ്കിൽ അതിനെ ഒരു ഫാക്ററിയായി പരിഗണിക്കണമെന്നു ഈ ബില്ലിൽ പറയുന്നുണ്ട്. അതു് എത്രത്തോളം സൗകര്യപ്രദമായിരിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. അതിനെപ്പററി സെലക്ററ്കമ്മിററി ആലോചിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഒരു വീട്ടു പണിയുന്നതിന് അഞ്ചുപേരെ വിളിച്ചാൽ ഒരു ഫാക്ററിയുടെ സകല നിബന്ധനകളും ആ വീട്ടു പണിയിക്കുന്ന ഉടമസ്ഥൻ പാലിക്കേണ്ടതായി വരും.

ശ്രീ. പി. എസ്. നടരാജപിള്ള : ഇവിടെ വർക്കേഴ്സ് എന്നതിന്റെ നിർവ്വചനത്തിൽതന്നെ employed for wages or not എന്നു പറയുന്നുണ്ട്. ആ നിലയ്ക്ക് 6 പേരുള്ള വീട്ടിൽ അവരെല്ലാവരുംകൂടി വേലചെയ്താൽ ഒരു ഫാക്ററിയെന്ന നിലയിൽ പരിഗണിക്കേണ്ടതായി വരികയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ കുറെ വ്യവസ്ഥകൾ അവ്യക്തം ആയിട്ടുണ്ട്; അതിനെപ്പററി പര്യാലോചിക്കേണ്ടതാണ്.

വേറൊന്ന്, ഒരു ദിവസം പതിനൊന്നു മണിക്കൂറിൽ കൂടുതൽ ഇങ്ങനെയുള്ള തൊഴിൽശാലകളിൽ പണിയെടുക്കാൻ പാടില്ലായെന്നുള്ള വ്യവസ്ഥയാണ്. പതിനൊന്നു മണിക്കൂർ വേല ചെയ്തതിന്റെ ശേഷം ആ ഫാക്ററി പൂട്ടിയിടണമെന്ന അഭിപ്രായം എനിക്കില്ല. ചിലപ്പോൾ ഏതാനും ദിവസങ്ങൾ തുടർച്ചയായി പണി നടത്തേണ്ടതായി വരും. ആഴ്ചയിൽ 48 മണിക്കൂർ തുടർച്ചയായി ജോലിവയ്ക്കാം. അതിനിടയ്ക്ക് ഫാക്ററി പൂട്ടിയിടണമെന്നു വന്നാൽ പണി നടക്കുകയില്ല. അവിടെ തൊഴിലാളികൾക്ക് രക്ഷ വേണമെങ്കിൽ ഫാക്ററി പൂട്ടിയിടുകയല്ല, ഷിഫ്ററ്സിസ്റ്റം ഏർപ്പെടുത്തുകയാണ് വേണ്ടതു്.

മറെറാരു വ്യവസ്ഥ 12 വയസ്സിൽ താഴെയുള്ള കുട്ടികളെകൊണ്ട് പണി എടുപ്പിച്ചുകൂടായെന്നുള്ളതാണ്. അങ്ങനെ എടുപ്പിച്ചാൽ അതു് ശിക്ഷാർഹമാണെന്നു പറയുന്നുണ്ട്. ആ വ്യവസ്ഥ നല്ലതാണെന്നു സമ്മതിക്കണം. എന്നാൽ ഫാക്ററിയിലൊ ഫാക്ററിയുടെ പരിസരത്തിലൊ 12 വയസ്സിനു താഴെയുള്ള കുട്ടികളെ കണ്ടാൽ അവരെ ആ ഫാക്ററിയിൽ ജോലി ചെയ്യുന്നവരായി കണക്കാക്കണമെന്നും ബില്ലിൽ വ്യവസ്ഥയുണ്ട്. ചിലപ്പോൾ അവിടെ ജോലി ചെയ്യുന്നവർക്ക് ചോറു കൊണ്ടുപോകുന്നതിനും മററുമായി കുട്ടികളെ ഏർപ്പെടുത്തേണ്ടതായിവരും. അവർ ഫാക്ററിയുടെ പരിസരത്തിൽ കാണപ്പെട്ടാൽ ജോലി ചെയ്യുന്നതായി ഗണിച്ച് ഫാക്ററി ഉടമസ്ഥന്മാരെ ശിക്ഷാർഹരാക്കുന്നുവെങ്കിൽ

[ശ്രീ കെ. കൊച്ചുകുട്ടൻ]

അതു് തെററാണു്. അതിനെപ്പററിയും സെലക്ററുകമ്മററി ആലോചിക്കണം.

ഇങ്ങനെയുള്ള വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നപക്ഷം മൂന്നുമാസത്തിൽ കവിയാതെയുള്ള ശിക്ഷയൊ അല്ലെങ്കിൽ 500 രൂപ പിഴയൊ അല്ലെങ്കിൽ രണ്ടും കൂടിയൊ നൽകണമെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഈ ശിക്ഷയും കൂടുതലാണെന്നാണു് എനിക്കു് തോന്നുന്നതു്, ഇങ്ങനെയുള്ള പല ന്യൂനതകൾ ഉണ്ടെങ്കിലും ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ വർക്കേഴ്സിനു രക്ഷകിട്ടണം, വേലസ്ഥിരതകിട്ടണം, കുറഞ്ഞ കൂലി നിജപ്പെടുത്തിക്കിട്ടണം എന്നും മററുമുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നതു്. ആ തത്വം അംഗീകരിക്കാവുന്നതാണു്. അതിനാൽ ആവശ്യമുള്ള മാററങ്ങൾ വരുത്തി ഈ ബിൽ ആർട്ടിസൻസിനു പ്രയോജനകരമായ വിധത്തിൽ ആക്കിത്തീർക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, മി. വേലായുധൻ അവതരിപ്പിച്ച ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

Mr. Speaker: The time allotted for the Bill is only 20 minutes.

ശ്രീ. ടി. കെ. ദിവാകരൻ: ഈ നാട്ടിലെ ശിൽപ്പകലാതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് ആവശ്യമായ സംരക്ഷണം നൽകുന്നതിനു വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണു് ഇതു്. ഈ നാട്ടിലെ തൊഴിലാളികളെ ബാധിക്കുന്ന ചട്ടങ്ങളുടേയും ഷാപ്പുകീററിന്റേയും പരിധിക്കുള്ളിൽ പെടാതിരിക്കുന്നതിനു ബോധപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുന്നതു് ടൗണുകളിലും മററും ഉള്ള സ്വർണ്ണവ്യാപാരികളും മററുമാണു്. ഇതിനവർ പറയുന്ന പ്രധാന കാരണം പീസ് റേററിലും കാൺട്രാക്ററ് ബേസിസ്സിലും ആയിട്ടാണു് ഈ മുതലാളിമാരും അവിടത്തെ തൊഴിലാളികളുമായി ബന്ധപ്പെടുന്നതെന്നും അല്ലാതെ കേവലം തൊഴിലാളികൾ എന്ന നിലയല്ലെന്നും ആണു്. ആ ഒരു വ്യാഖ്യാനം നൽകിക്കൊണ്ടു് ഒരു നല്ല വിഭാഗം തൊഴിലാളികളെ നിയമത്തിൽ നിന്നും അവർക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങളിൽ നിന്നും ഒഴിച്ചുനിർത്തിയിരിക്കുകയാണു്. അതുകൊണ്ടു് ഇങ്ങനെ പീസ് റേറിലും കാൺട്രാക്ററ് ബേസിസ്സിലും ജോലിചെയ്യുന്ന തൊഴിലാളികളെ കൂടി ഉൾപ്പെടുത്തത്തക്കവണ്ണം ഈ തൊഴിലാളികൾക്കു് നിയമപരമായ രക്ഷ ഉണ്ടാകേണ്ടതാണു്.

ഈ ബില്ലിൽ സ്റ്റോൺ കാർവിംഗ്കാരെ ഉൾപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ കല്ലുവെട്ടുകാരായ നല്ല ഒരു വിഭാഗം തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ടു്. അവരെക്കൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. സെലക്ററു കമ്മിററി അക്കാര്യത്തെപ്പററി ആലോചിക്കുമെന്നു വിശ്വസിക്കുന്നു. ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുകയും ഇതു് സെലക്ട് കമ്മററിക്കയക്കേണ്ടതാണെന്നുള്ള അഭിപ്രായത്തെ പിൻതാങ്ങുകയും ചെയ്തുകൊള്ളുന്നു.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): ഒരു വിഭാഗം തൊഴിലാളികളുടെ താൽപ്പര്യങ്ങളെ മുൻനിറത്തിക്കൊണ്ടു് അവതരിപ്പിച്ച ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പല ആശയങ്ങളോടും യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഇതിൽ ഉന്നയിച്ചിരിക്കുന്ന പല ആശയങ്ങളും ഫാക്ടറി ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തി സാധിക്കാവുന്നതേയുള്ളു എന്നാണു തോന്നുന്നതു്. പ്രത്യേകമായി ഒരു ബില്ലുകൂടാതെതന്നെ കഴിക്കാവുന്നതായിരുന്നു. പോരെങ്കിൽ ഇതു് ഒരു കൺകറൻറ് സബ്ജക്റ്റ് കൂടിയാണു്. ബില്ലിനു് ഇൻഡ്യാഗവണ്മെൻറിൻെറ അനുമതിയും സമ്പാദിക്കേണ്ടതായുണ്ടു്. ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന അഞ്ചു അംഗസംഖ്യ വാസ്തവത്തിൽ അപ്രായോഗികമാണു്. ആ നിർദ്ദേശം അംഗീകരിക്കുന്ന പക്ഷം ആർട്ടിസൻസ് ഇൻസ്പെക്റേഴ്സായും മററും നിയമിക്കേണ്ട ഉദ്യോഗസ്ഥന്മാരുടെ എണ്ണവും വളരെ വർദ്ധിപ്പിക്കേണ്ടിവരും. നാട്ടിൻെറ നാനാഭാഗത്തും നിരവധി ഫാക്ടറികൾ ഉണ്ടാകും. ഇങ്ങനെ പൊതുവെ നോക്കുന്ന പക്ഷം പലതരത്തിലുള്ള ന്യൂനതകളും കുറവുകളും പ്രയാസങ്ങളും ഉള്ള വ്യവസ്ഥകൾ ഈ ബില്ലിലുണ്ടു്. ഇതിൽ കൂലി വ്യവസ്ഥ ചെയ്തു കാണുന്നു. സാധാരണ കൂലിനിരക്കു് നിർണ്ണയിക്കുന്നതു് വേലയുടെ സ്വഭാവം, ജീവിതച്ചെലവു്, അതിൽ നിന്നു ലഭിക്കുന്ന വരുമാനം ഇങ്ങനെ പല കാര്യങ്ങളെ പററി പഠിച്ചു് അന്വേഷണം നടത്തിയാണു്. എന്നാൽ ഇവിടെ കൂലിവ്യവസ്ഥ ചെയ്തിരിക്കുന്നതുവെറും ആർബിററററിയായിട്ടാണു്. അതും തെററാണെന്നാണു് എൻെറ അഭിപ്രായം. ഇങ്ങനെ ബില്ലിൽ പല കുറവുകളും ഉണ്ടു്. എന്നിരുന്നാലും സെലക്ടു് കമ്മിററിക്കയക്കണമെന്നുള്ളതാണു് അവതാരകൻെറ ഉദ്ദേശമെന്നു കാണുന്നതിനാൽ അതു ചെയ്യുന്നതിനു വിരോധമില്ലെന്നു് സമ്മതിക്കാമെന്നല്ലാതെ ബില്ലിൻെറ അവതരണം ശരിയായ രൂപത്തിൽ ആണെന്നോ അതിനാവശ്യമുണ്ടായിരുന്നെന്നോ എനിക്കഭിപ്രായമില്ല.

Mr. Speaker: The question before the House is that the Travancore-Cochin Artisans' Protection Bill be referred to a Select Committee consisting of the following members:

1. Dr. A. R. Menon,
2. Shri N. G. Chacko,
3. „ A. A. Rahim,
4. „ K. P. Kesava Menon,
5. „ K. A. Balan,
6. „ Talekkara K. Krishnan,
7. „ A. Kunjan Nadar,
8. Minister in charge, and
9. The mover.,

the quorum being 5.

Shri T. K. Divakaran: Sir, I propose that Shri Chandrasekhara Sastri may also be included.

Mr. Speaker: Yes.

The motion was put and carried.

THE TRAVANCORE-COCHIN DEBT RELIEF BILL.

Shri P. V. Avira Tharakan : Sir, I move that the Travancore-Cochin Debt Relief Bill may be referred to a Select Committee.

ഈ ബിൽ അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചത് ഈ രാജ്യത്തു ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന വിലക്കുറവു കൊണ്ടാണ്. ഞാൻ കരുതിയത് ഗവണ്മെൻറ്ഭാഗത്തു നിന്നും ഈ മാതിരി ഒരു ബില്ല് അവതരിപ്പിക്കുമെന്നായിരുന്നു.

സർ, ഇതൊരു പുതിയ ബില്ലല്ല. ഇതിനുമുമ്പ് തിരുവിതാംകൂർ ഗവണ്മെൻറ് ഇതുപോലൊരു ബില്ല് ഇവിടെ കൊണ്ടുവരികയും പാസാക്കുകയും ചെയ്തിട്ടുണ്ട്. ചരിത്രത്തിൻെറ ആരംഭകാലംമുതൽക്കുതന്നെ, അതായതു് ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ ജൂതന്മാരുടെ ഇടയിൽ ഇതുപോലെ ഒരു റിഷഫ്ളിംഗ് ആഫ് വെൽത്തിനെ അടിസ്ഥാനമാക്കിക്കൊണ്ടു് നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. 116-ൽ പാസായ ആക്ററും ഇതും തമ്മിൽ വലിയ വ്യത്യാസം വന്നിട്ടില്ല. 116-ലെ ആക്ററിൽ ഇതിൽ പറയുന്നതുപോലെ പല വർഷങ്ങളിലായി കടം കൊടുത്തുതീർക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതിൽക്കവിഞ്ഞൊന്നുമില്ല. 116-ലെ കടത്തിൽ ബാംക്കുകളുടെ കടം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതിൽ അതും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. യുദ്ധകാലത്തിൻെറ പരിണാമത്തിൽ സാമ്പത്തിക തകർച്ച വന്നു. യുദ്ധകാലം കഴിഞ്ഞതോടുകൂടി ഉൽപ്പന്നങ്ങൾക്ക് വില വളരെ കുറയുകയും തന്നിമിത്തം അന്നു വാങ്ങിയിരുന്ന പണം ഇന്നു തിരിയെ കൊടുക്കുവാൻ സാമാന്യജനങ്ങൾ വിഷമിക്കുകയും ചെയ്യുന്നു. അന്ന് ഒരു രൂപയുടെ സാധനത്തിനു ഇന്നു നാലു രൂപ വില കൊടുക്കണം. 1939-ലെ ലിവിംഗ് ഇൻഡക്സ് 100 ആണെങ്കിൽ ഇന്ന് അതു് ഏകദേശം നാനൂറോളം ആയിട്ടുണ്ട്. ഇതിൽ നിന്നും ഉൽപ്പന്നങ്ങളുടെ വില നാലരട്ടി വർദ്ധിച്ചിട്ടുണ്ടെന്നു കാണാം. ഈ ബില്ലുകൊണ്ടു് പുതിയതായി ഒന്നും സംഭവിക്കാൻ പോകുന്നില്ല. മുതലിൽ ഒന്നും വെട്ടിക്കുറയ്ക്കണമെന്നു പറയുന്നില്ല. മുന്നു കൊല്ലത്തെ പലിശ കുറയ്ക്കണമെന്നു മാത്രമെ പറയുന്നുള്ളു. സാധാരണ 12 ശതമാനം പലിശയാണ് വാങ്ങുന്നതു്. അങ്ങനെയാണെങ്കിൽ രണ്ടര കൊല്ലത്തെ പലിശ മാത്രമെ ഉപേക്ഷിക്കേണ്ടതായി വരുന്നുള്ളു. അതു കൊണ്ടു ബാംക്കുകാർക്കു അത്ര വലിയ വിഷമങ്ങൾ ഉണ്ടാകുമെന്നു വിചാരിക്കാൻ ന്യായമില്ല. നാൾക്കുനാൾ കാർഷികോൽപ്പന്നങ്ങളുടെ വില കുറഞ്ഞു കുറഞ്ഞു വരികയാണ്. അതുകൊണ്ടു് പണവ്യാപാരികൾ കൂടുതൽ ഭൂമി കൃഷിക്കാരുടെ കൈയിൽ നിന്നും ഒഴിപ്പിച്ചെടുക്കും. ആ നിലയ്ക്കു് ഭൂമി ഇനിയും പണവ്യാപാരികളുടെ കയ്യിൽ പോകുന്നതു ഏതുകൊണ്ടും അപകടമാണ്. 1931-ൽ മദ്രാസിൽ 33 ലക്ഷം ആളുകളുടെ കയ്യിലുണ്ടായിരുന്ന ഭൂമി 1951 ആയപ്പോഴേക്കും അവ 17 ലക്ഷം ആളുകളുടെ കയ്യിലായി. അതായതു് കൃഷിക്കാരുടെ കൈവശമുണ്ടായിരുന്ന ഭൂമി മിക്കവാറും പണവ്യാപാരികളുടെ കയ്യിൽ അകപ്പെട്ടതുകൊണ്ടു് ഉൽപ്പാദനം വളരെ കുറഞ്ഞുപോയിരിക്കുകയാണ്. കൃഷിക്കാരുടെ കൈയിലായിരുന്നപ്പോൾ ഒരേക്കറിനു ഉൽപ്പാദനം 684 റാത്തലായിരുന്നതു ബാംക്കുകാരുടെ കയ്യിൽ വന്നപ്പോൾ ഒരേക്കറിനു 262 റാത്തലായി കുറയുകയാണ്

ചെയ്തതു്. ബഹുമാനപ്പെട്ട പുഞ്ഞാർ മെംബർ ഇവിടെ പറയുകയുണ്ടായ, ഭൂനയബില്ലിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ വിലയ്ക്കു സാരമായ കുറവു വന്നിരിക്കയാണെന്നു്. അതു ശരിയാണെങ്കിൽ തീർച്ചയായിട്ടും ഈ ബിൽ പാസാക്കേണ്ട ചുമതല ഈ സഭയ്ക്കുണ്ടു്. മാത്രമല്ല, റിസർവ്വ ബാങ്കിന്റെ ഇന്നത്തെ പോളിസിയനുസരിച്ചു് കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ക്രെഡിററിന്റെ ഫെസിലിററീസ് നശിച്ചിരിക്കയാണു്. പൊതുവെ പറഞ്ഞാൽ, അവരുടെ നയം ചെറുതരം കർഷകരെ അപകടപ്പെടുത്തുന്ന ഒരു പ്രവൃത്തിയായി മാറിയിരിക്കയാണു്. ആ സ്ഥിതിക്കു നാം ഇന്നു കണ്ടുകൊണ്ടിരിക്കുന്ന സാമ്പത്തികാധഃപതനത്തെക്കാൾ കൂടുതലായ അധഃപതനമാണു് ഉണ്ടാകാൻ പോകുന്നതു്. സാമ്പത്തികമായ അധഃപതനം നിമിത്തം പൊതുജനങ്ങൾ എത്രമാത്രം കടബാദ്ധ്യതയിൽ പെട്ടുപോയിട്ടുണ്ടെന്നും തന്മൂലം എത്ര വ്യവഹാരങ്ങൾക്കു് ഇടയായിട്ടുണ്ടെന്നും എത്രത്തോളം കടസംഖ്യ വ്യവഹാരംമൂലം ഈടാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉള്ളതിലേക്കു് തിരുവിതാംകൂർ–കൊച്ചിയുടെ സിവിൾ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് ഞാൻ വായിക്കാം.

1951—52-ൽ

വിധിനടത്തിയതു്	76688
തീർച്ചചെയ്തതു്	44317
നടപടിയെല്ലാം കഴിഞ്ഞതു്	8782
ഈടായിക്കിട്ടിയ കേസുകൾ	25337
ഡി: കോർട്ടിൽ നടപടി നടത്തിയതു്	4620
മുഴുവനും ഈടാക്കിയതു്	458
മുൻസിഫ്കോർട്ടിൽ നടപടി നടത്തിയതു്	70029
മുഴുവനും ഈടാക്കിയതു്	8983
സബ്കോർട്ടിൽ നടപടി നടത്തിയതു്	543
മുഴുവനും ഈടാക്കിയതു്	95
വില്ലേജുകോർട്ടിൽ നടപടി നടത്തിയതു്	1496
മുഴുവൻ ഈടാക്കിയതു്	246
ഒന്നും കിട്ടാത്തതു്	800

ഈ കണക്കുകളിൽനിന്നും നാം കാണുന്നതു് കടബാദ്ധ്യതയനുസരിച്ചുള്ള സംഖ്യ മുഴുവനും കിട്ടുന്നില്ലായെന്നാണു്. അത്രത്തോളം സാമ്പത്തികതകർച്ച ഉണ്ടായിട്ടുണ്ടെന്നുവേണം നാം മനസ്സിലാക്കാൻ. ഇതുപോലെയുള്ള സന്ദർഭങ്ങളെ നേരിടുന്നതിനുവേണ്ടിയാണു് ബാങ്കുകാർ റിസർവ്വുഫണ്ടു് എന്നു പറഞ്ഞു് ഒരു വലിയ തുക മാററിവച്ചിരിക്കുന്നതു്. അങ്ങനെ ഒരു വലിയ തുക മാററിവച്ചിരിക്കുന്നതുകൊണ്ടു് ഈ ആനുകൂല്യം നൽകുന്നതുകൊണ്ടു് യാതൊരു ബാങ്കും തകർന്നുപോകാൻ ഇടയില്ല. അതുകൊണ്ടു എനിക്കു പറയാനുള്ളതു് ഈ ബിൽ എത്രയും വേഗത്തിൽ നിയമമാക്കുന്നതിനുമുൻപായി ഇതു് സെലക്ററുകമ്മിററിയുടെ പരിശോധനയ്ക്കു വിധേയമാക്കണമെന്നാണു്. അതിലേയ്ക്കു താഴെപ്പറയുന്ന

[ശ്രീ. പി. വി. അവിരാത്തരകൻ]

അംഗങ്ങളടങ്ങിയ ഒരു സെലക്റ്റുകമ്മിററി രൂപീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. ടി. എം. വർഗ്ഗീസ്
,, പി. എസ്. വാസുദേവൻപിള്ള
,, കെ. ബാലകൃഷ്ണൻ
,, കെ. സി. ജാർജ്ജ്
,, എൻ. രാഘവവാരിയർ
ശ്രീ. ജോസഫ് ചാഴിക്കാട്ടു്
,, കെ. പി. ഹാർമിസ്
,, എം. പി. മേനോൻ
വകുപ്പുമന്ത്രി
മുവർ.

ഈ കമ്മിററിയുടെ കോറം 5 ആയിരിക്കേണ്ടതുമാണു്.

Shri A. A. D. Luiz : Sir, I have to place a few facts on this Bill. The various suggestions put forward here will come up before the Select Committee for consideration and I also wish to offer my views. I take it that the aim of the bill is to give the agriculturists some relief from indebtedness. In that category, whether the peasant folk is rich or poor, all are entitled for relief. In other words, all classes of people falling under this category are entitled to relief. It will be considered unfair if as one hon. member put it, the concession given out by the Debt Relief Bill has enabled the rich to become richer and the agriculturists and small businessmen did not secure much benefit. So far as the normal man is concerned he is afforded credit facilities from banks. He can have such privilege. The same kind of support was not available for an individual other than an agriculturist or a corporation. Sir, I can tell you with a certain amount of authority that disastrous effects have occurred on account of Debt Relief Bills. I happened to learn that from the working of a scheduled bank institution. A moratorium was allowed during 1112 to the agriculturists as a sort of relief for their heavy indebtedness. Though there was relief for the peasantry, that was not much benefit for them. The banking institutions granted them help but in the matter of repayment, the agriculturists felt some difficulty and thereby some difficulties arose. I may say that this situation has paralysed certain limited concerns. Every agriculturist took shelter under the provisions of the moratorium and banks have suffered to some extent. Certain individuals and corporation are under a set back. Eventhough public limited institutions can help the agriculturists, it will not be fair for the latter to refute payment of instalments. Though the legislature enacts provisions to afford relief, the people should not abuse the privileges conferred on them. The economic welfare of the State has been shattered by such enactments. The banks have refused to give credit facilities. The provisions in the legislative measures have been frustrated by the behaviour of the agriculturists. That being so, I must protest against the remarks of the hon. member Mr. Avira Tarakan suggesting the grant of further concessions to the peasant folk. Mention was made about the Reserve Bank and their credit facilities to the agriculturists. Having been a

close reader of the working of that bank, I have not come across lany line which says for not granting credit facilities for the farmers. On the contrary I have seen that bank taking initiative both in regard to individuals and corporations for granting credit facilities.

My friend then stated that one rupee of yesterday is equivaent to four rupees of today for practical purposes of business. I cannot see eye to eye with him on that point. When a farmer secures a loan of say Rs. 1,000 from a bank, he repays it in instalments. Beyond that, more help can not be expected of banks. They too have to survive. They have dealings with hundreds of persons and if all of them refuse to pay in stated instalments, banks will suffer considerably. All banking institutions are private concerns. These aspects have to be dealt with in the select committee for evolving a workable arrangement.

Sir, I am of the view that there is absolutely no use for giving protection to small businessmen. The courts in the land are favouring agriculturists debtors to a large extent. They are in a way granted economic facilities in that manner and it is up to the farmers to avail themselves of that concession.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ധനസ്ഥിതിയിൽ ഏററവും ഉയർന്നിൽക്കുന്ന പാറേയി കുടുംബത്തിലെ ഒരംഗവും ഈ നിയമസഭയിലെ ബഹുമാനപ്പെട്ട ഒരു മെംബറുമായ ശ്രീ. അവിരാത്തരകൻ, രാജ്യവാസികൾക്കുണ്ടായിട്ടുള്ള പൊതുക്കടങ്ങളിൽനിന്നു അവരെ രക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബിൽ ഈ രാജ്യത്തുള്ള എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമായിതീരുമെന്നുള്ള വിശ്വാസംകൊണ്ടും, ലോകചരിത്രത്തിൽ, രണ്ടായിരം മുവായിരം കൊല്ലങ്ങൾക്കുമുമ്പു് ഇസ്രായേൽ നടന്നുവന്നിട്ടുള്ള ജോബേൽ മഹോത്സവം അതായതു്, 50 വർഷത്തിലൊരിക്കൽ രാജ്യത്തുള്ള കടങ്ങൾ നീക്കം ചെയ്തുകൊണ്ടു് രാജ്യവാസികൾ കൊണ്ടാടുന്ന ജൂബിലി സംപ്രദായം വളരെ കൊല്ലങ്ങൾക്കുമുൻപുതന്നെ ലോകം ആചരിച്ചു വന്നിട്ടുള്ളതായതുകൊണ്ടും അങ്ങനെയുള്ള ആചാരത്തെ പുരസ്കരിച്ചു കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ അതർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെ സ്വാഗതംചെയ്യേണ്ടതു നമ്മുടെ എല്ലാവരുടെയും കടമകൂടിയാണെന്നുള്ള വിവരം പ്രസ്താവിച്ചുകൊണ്ടു ഈ ബില്ലിന്റെ അവതരണത്തിനു ഉപോൽബലകമായ ചില പ്രത്യേക സാഹചര്യങ്ങളെക്കൂടി എത്രയും ചുരുക്കമായി പ്രതിപാദിക്കണമെന്നു വിചാരിക്കുന്നതിൽ വലിയ അപാകതയൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. അതിനാലും സർ, നമ്മുടെ സംസ്ഥാനത്തുള്ള ഉൽപാദനങ്ങളായ നാളികേരം, കുരുമുളക്, ചുക്ക് ഇവ കഴിഞ്ഞ 93 മുതൽ 105 വരെ വിലയെ സംബന്ധിച്ചിടത്തോളവും കുരുമുളകിനു കണ്ടിക്കു 600 രൂപയും ചുക്കു, നാളീകേരം മുതലായവയ്ക്കു 193 മുതൽ 12 കൊല്ലക്കാലം വരെ അതായതു്, 105 അവസാനംവരെ വലുവർദ്ധിക്കയും 106 മുതൽ 1118 വരെ സാധാരണക്കാരായ കർഷകർ തങ്ങൾക്കു നേരിട്ടുണ്ടായിവന്ന കഷ്ടനഷ്ടങ്ങളേയും ബുദ്ധിമുട്ടുകളേയും പരിഹരിക്കുന്നതിനുവേണ്ടി അവരുടെ സ്വത്തുക്കൾപോലും അന്യാധീനപ്പെടുത്താൻ നിർബന്ധിതരായി

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

തീരുകയും എന്നാൽ 1118 മുതൽ അവിചാരിതമായി കുരുമുളകിനു ക്രമാതീതമായ വില വർദ്ധനവുണ്ടാകുകയും, അതായത് കണ്ടിക്ക 4000 രൂപ വരെ വില കൂടുകയും അതോടൊപ്പംതന്നെ മററു ഉൽപ്പന്നങ്ങളായ നാളികേരം ചുക്ക് മുതലായവയ്ക്കും മുമ്പുണ്ടായിരുന്നതിനെക്കാൾ സാരമായ തരത്തിലുള്ള വിലക്കയററം ഉണ്ടായിട്ടുള്ളതും, എന്നാൽ 1129 ആരംഭത്തോടുകൂടി അവിചാരിതമായിത്തന്നെ ഈ സാധനങ്ങളുടെ വില ഇടിയുകയും തൻമൂലം രാജ്യവാസികൾക്ക് നേരിടേണ്ടിവന്ന ദുരന്തദുരിതങ്ങളുടെ ഫലമായി അവർ ഒരു സാമ്പത്തികതകർച്ചയുടെ വക്കത്തു എത്തിയിരിക്കുന്ന ഈ ഘട്ടത്തിൽ അവരെ രക്ഷിക്കുന്നതിനായി പെട്ടെന്ന് ഒരു ബിൽ നിയമമാക്കേണ്ടതു ഏററവും അത്യാവശ്യമാണെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിന്റെ അവതാരകനെ അനുമോദിച്ചുകൊണ്ടും ബില്ലിനെ സംബന്ധിച്ചിടത്തോളവും ബാങ്കുകാരെ ഒഴിവാക്കണമെന്നുള്ള ശ്രീ. ലൂയിസിന്റെ അഭിപ്രായത്തെ ആദരിച്ചുകൊണ്ടും എത്രയും വേഗത്തിൽ ഈ ബിൽ ഒരു സെലക്ററുകമ്മിററിയുടെ ചർച്ചയ്ക്കു വിധേയമാക്കണമെന്നുള്ള അവതാരകന്റെ അപേക്ഷയോടു യോജിച്ചുകൊണ്ടും ഞാൻ തൽക്കാലം അവസാനിപ്പിക്കുന്നു.

Shri P. S. Nataraja Pillai : Sir, I would submit a word or two. This is a debt relief bill and the matter has been before Government for some time. As far as Government are concerned, there is some difficulty. It has to be considered whether this Bill will not conflict with article 31 (2) of the Constitution. That is one of the doubts which Government entertain regarding this Bill. Some provisions of the Contract Act may also be hit, which is another difficulty. Again, banking is a Central subject. It is a matter for consideration whether this Government can exercise jurisdiction—

Shri T. V. Thomas : 'Banking' is a State subject as well.

Shri P. S. Nataraja Pillai : My doubt is whether the banking functions of the Centre will not be affected as a consequence of this Bill and whether such a measure passed by a Province or State will be valid. These are the problems. To me it seems this matter is not so simple. There are certain constitutional and legal difficulties to be encountered and as such Government are studying the subject. At any rate, the hon. Member has brought in this Bill and the statement of objects and reasons says as follows :

> "The war time inflation of currency along with its resultant boom has created a situation whereby the rich have become richer and the agriculturists and small businessmen did not get much benefit."

As far as that is concerned, the general opinion with the published Government records, and of writers on the subject is that war time boom has conferred benefit to the peasantry. They got the benefit of boom prices for their articles. People secured large incomes from landed properties as well. The business men also reaped some advantage in this direction.

Those people were able to redeem their indebtedness. Such is the finding on the subject. The Economic Advisor in his report on agricultural indebtedness at Madras has also stated that conditions in Travancore-Cochin are similar. Then it is said :

> "Now that inflation has been controlled to an extent and money value has much increased,"

That is not so very true. There is some difficulty in the matter. The money value has not increased. One has to admit that there has been some rise, but such rise cannot be characterised in that manner. Difficulties have arisen for debtors in the matter of repayment. With all that, whether the time is ripe to bring in legislation like this, is a matter of doubt. Certain difficulties are experienced by middle class people and also by the lower class in regard to the repayment of instalments. That aspect has to be taken cognisance of and the parties have to be given relief on that score.

Another observation which the hon. mover has made is about the attitude of the Reserve Bank. Sir, they have instituted a committee to go into the question of rural credit. In the second volume of their report, a recommendation has been made to the effect that the Central and State Governments should advance funds to co-operative banks for issuing credit facilities to rural agriculturists. In pursuance of that, the Central Government have set apart sums to the tune of 25 lakhs for the Central Co-operative Bank towards short-term relief. A scheme for long term credit is being worked out by the Bank. So what I say is, steps are being taken to effect the necessary credit facilities to the rural people and in furtherance of that an alternative credit structure has been provided for development works and agricultural activities. That aid will increase production of agricultural products and naturally add to the prosperity of the country. That is a matter for consideration. I refer to these matters so that they may be considered by the select committee. The members will discuss the various suggestions raised in the House and arrive at workable propositions. That being the case, I am not opposing the motion for the bill being referred to the select committee.

Mr. Speaker : The question is that the Travancore-Cochin Debt Relief Bill be referred to a select committee consisting of—

Shri T. M. Varghese
„ P. S. Vasudevan Pillai
„ K. P. Hormis
„ K. Balakrishnan
„ K. C. George
„ N. Raghava Kurup
„ M. P. Menon
„ Joseph Chazhikatt

Minister in Charge and Mover of the Bill, the quorum being five.

Shri K. M. Chandy : Sir, I would suggest to include Mr. Noor Mahomed also to the select committee.

Mr. Speaker : I suppose there is no objection. Shri Noor Mahomed will also be a member.

The motion was put and carried with the name of Shri Noor Mahomed also.

THE TRAVANCORE-COCHIN MALAYALA BRAHMIN BILL.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി : സർ, ഇതൊരു വിഭാഗീയമായ നിയമമുണ്ടാക്കുന്നതിനെസംബന്ധിച്ചുള്ള ഒരു ബിൽ ആണ്. തിരുവിതാംകൂറിൽ 1106-ൽ പാസ്സായ ഒരു നമ്പൂതിരി റൂളേക്ഷൻ നിലവിലുണ്ട്. കൊച്ചിയിലുമുണ്ട് പ്രത്യേകം മററൊരു മലയാള ബ്രാഹ്മണബില്ലും ഇന്നുണ്ട്. മലബാറിലെ മലയാളബ്രാഹ്മണരെ, നമ്പൂതിരിമാരെ, ബാധിക്കുന്ന ഒരു ബിൽ 1930 നടപ്പിച്ച് മദ്രാസ് നിയമസഭയും പാസ്സാക്കിയിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചിയിലുള്ള മലയാള ബ്രാഹ്മണരുടെ നിയമങ്ങളെല്ലാം ഏകോപിച്ചുകൊണ്ടുള്ള ഒരു നിയമം ഇല്ലാതെയിരിക്കുകയും, അതേസമയം ഇവിടെയുള്ള മററു വിഭാഗക്കാർക്ക് പ്രത്യേകം പ്രത്യേകം ബില്ലുകൾ ഉണ്ടായിരിക്കുകയും ചെയ്യുന്നതുകൊണ്ട്, ഇപ്രകാരം ഒരു നിയമം ഇവിടെ ഉണ്ടാകേണ്ട അത്യാവശ്യം സമുദായാംഗങ്ങളിൽ പലക്കും ബോദ്ധ്യമായിട്ടുണ്ടെന്ന് എനിക്കറിയാം. അതിനാലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ ഞാൻ പ്രേരിതനായിട്ടുള്ളത്.

ഈ ബിൽ ഒരു വിഭാഗീയമായ ഒരു നിയമമാണ്. ഇത് അവതരിപ്പിക്കുന്ന ഈ നിയമസഭയിൽ, ഈ സമുദായത്തിൽപ്പെട്ട, നാലോ അഞ്ചോ ആളുകൾമാത്രമേ ഉള്ളൂ. അതുകൊണ്ട് ഈ സമുദായത്തിന്റെ കാര്യങ്ങൾ അറിയാവുന്ന അംഗങ്ങൾകൂടി ഉൾപ്പെടുന്ന ഒരു സെലക്ററ് കമ്മിററിയുടെ പര്യാലോചനയ്ക്ക് ഈ ബിൽ അയക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. ഇത് അത്ര പെട്ടെന്ന് ഇവിടെ പാസ്സാക്കി എടുക്കാൻ സാധിക്കുകയില്ലെന്നും, ഇതിന് ഇൻഡ്യൻ പ്രസിഡൻറിന്റെ അസെൻറ് ആവശ്യമാണെന്നും എനിക്കറിയാം.

ശ്രീ. എ. താണുപിള്ള : ഈ വിഷയത്തെ സംബന്ധിച്ചുതന്നെ ഇൻഡ്യൻ പാർലമെൻറിൽ ഒരു നിയമനിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നുള്ള വിവരം മെംബർക്കറിയാമോ?

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി : അറിയാം. ഹിന്ദുകോഡ്ബിൽ ഇവിടെ അവതരിപ്പിച്ച്, അതിലെ പല അദ്ധ്യായങ്ങളും പാസായിട്ടുള്ളതായും, ഈ ബില്ലിൽ ഉള്ള സംഗതികൾ ആ ബില്ലിലും ഉള്ളതായും അറിയാം. ഞങ്ങളുടെ സമുദായത്തിൽ, ഇങ്ങനെ ഒരു നിയമമില്ലാത്തതുനിമിത്തം പല കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ, സമുദായാംഗങ്ങളുടെ പ്രേരണകൊണ്ടും, ഹിന്ദുകോഡ്ബിൽ മുഴുവനും പാസായി വരുന്നതിനുമുമ്പായി ഇവിടെ ഒരു നിയമം ഉണ്ടാക്കാമെന്ന കരുതിയും ആണ് ഞാൻ ഇതു ഇവിടെ അവതരിപ്പിക്കാനിടവന്നിട്ടുള്ളത്.

ഈ ബിൽ നിയമമാക്കി എടുക്കുവാനുള്ള കാര്യത്തിൽ വന്നുചേരാവുന്ന കാലതാമസവും ഞാൻ മനസ്സിലാക്കുന്നുണ്ട്. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വിഷയത്തെ ബാധിക്കുന്ന കാര്യമായതിനാൽ ഇവിടെ ഇതു പാസ്സായി കഴിഞ്ഞാലും പ്രസിഡന്റിന്റെ അസെന്റ് ലഭിക്കുന്നതു വരെ താമസിക്കാനിടയുണ്ട്. എങ്കിലും കേന്ദ്ര പാർലമെന്റിലെ നിയമനിർമ്മാണം പൂർണ്ണമാകുന്നതിനുമുൻപ് പ്രസിഡന്റിന്റെ അംഗീകാരം ഇതിനു ലഭിച്ചു ഇവിടെ നിയമമാകുകയാണെങ്കിൽ സമുദായക്ഷേമത്തിനു പകരിക്കുമല്ലോ എന്നു കരുതി ഇതു ഈ സഭയിൽ അവതരിപ്പിക്കുകയാണ്.

ഞങ്ങളുടെ കൂട്ടത്തിലുള്ള പലരും വലിയ സ്വത്തുകാരാണ്. അവരിൽ ഒട്ടുമിക്കവാറും കോടതികളിലും വക്കീലന്മാർക്കുമായി പണം മുഴുവനും നശിപ്പിച്ചുതുടങ്ങിയിട്ടുണ്ട് എന്നാണ് എന്റെ പത്തിരുപതുവർഷത്തെ അനുഭവംകൊണ്ട് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പാർട്ടിഷൻ സംബന്ധിച്ചും മററും ഏകോപിച്ചുള്ള ഒരു നിയമം പാർലമെന്റിൽ പാസ്സാക്കി വരുമ്പോഴെങ്കിലും ഈ സമുദായത്തിനു പല തകരാറുകളും വരാനിടയുണ്ടെന്നുള്ള വിചാരത്താൽ നേരത്തേതന്നെ ഇതു പാസ്സാക്കിയെടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

അതുകൊണ്ടു താഴെ പറയുന്ന മെംബറന്മാരെ ഉൾപ്പെടുത്തിയിട്ടുള്ള ഒരു സെലക്ററുകമ്മിററിക്ക് ഈ ബിൽ അയക്കണമെന്നാണു എന്റെ അഭിപ്രായം.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി
,, ഡി. ദാമോദരൻപോററി
,, എൻ. എൻ. പണ്ടാരത്തിൽ
,, പി. കെ. യശോധരൻ
,, എൻ. നാരായണക്കുറുപ്പ്
,, വി. കെ. അച്ചുതമേനോൻ
അവതാരകൻ, ,, ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി
വകുപ്പുമന്ത്രി.

കോറം 5.

Shri A. Thanu Pillai : Sir, the facts are known to the House on this matter. Personally I do not think this legislation is necessary because all the matters that are sought to be dealt with in this Bill will be dealt with by the Parliament. The laws enacted there will serve our country as well. Since that may take time, I do not object to this Bill going to a select committee. When I was a member of the legislature in my younger days, this community did not want to tackle questions of partition etc. Now, as the community wants a bill of this kind, I do not object the motion for referring it to the select committee.

Mr. Speaker : The question is that the Travancore-Cochin Malayala Brahmin Bill be referred to the select committee consisting of—

Shri V. P. Parameswaran Namboodiri
„ D. Damodaran Potti
„ N. N. Pandarathil
„ P. K. Yasodharan
„ N. Narayana Kurup
„ V. K. Achutha Menon
Minister in charge and the Mover.

The motion was put and carried.

THE TRAVANCORE-COCHIN FIXATION OF PADDY PRICES BILL

Shri Thalekkara K. Krishnan : Sir, I beg to move the Travancore-Cochin Fixation of Paddy Prices Bill.

സർ, ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നതു് നമ്മുടെ നാട്ടിലെ ലക്ഷക്കണക്കിലുള്ള പാട്ടക്കുടിയാന്മാർക്കുവേണ്ടിയാണു്. ഗവണ്മെൻറ് പ്രൊക്യൂവർമെൻറും റേഷനിംഗും നടത്തിക്കൊണ്ടിരുന്നപ്പോൾ നെല്ല് എടുത്തിരുന്ന ഉടമകൾക്ക് ഒരു വില കൊടുത്തിരുന്നു. ഗവണ്മെൻറുറേറ് എന്നൊരു റേറ് അന്നു് നിലനിന്നിരുന്നു. എന്നാൽ റേഷനിംഗ് അവസാനിച്ചതോടുകൂടി ഈ ഭാറ്റ് ഇല്ലാതെയായി. അതോടുകൂടി പാട്ടക്കുടിയാന്മാർ പാട്ടമായി കൊടുക്കേണ്ട നെല്ലിൻെറ വിലക്ക് യാതൊരു ക്ലിപ്തവും ഇല്ലാതെ വന്നിരിക്കയാണു്. പണ്ടു് രണ്ടുരൂപ രണ്ട അണ കൊടുത്തിരുന്ന സ്ഥലത്തു ഇപ്പോൾ മൂന്നുരൂപ എട്ടു അണയും ചിലപ്പോൾ കൂടുതലും കൊടുക്കേണ്ട പരിതഃസ്ഥിതി വന്നുചേർന്നിട്ടുണ്ടു്. ഇതിനുള്ള കാരണം ഇന്നു് മാർക്കറ്റുവില ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതാണു്. അതുകൊണ്ടു് കുന്നിയിലും മകരത്തിലുമുള്ള മാർക്കറ്റുവില ഗവണ്മെൻറു ഗസറ്റിൽ പരസ്യപ്പെടുത്തി അതു സ്വീകരിക്കുന്നതിനു് നിയമബാദ്ധ്യതയുണ്ടായിരിക്കണം എന്നാണു് ഈ ബിൽ അനുശാസിക്കുന്നതു്. അങ്ങിനെയാണെങ്കിൽ ഇന്നു ഇതുസംബന്ധിച്ചുകാണുന്ന പല തകരാറുകൾക്കും പരിഹാരം ഉണ്ടായിരിക്കും. അതുകൊണ്ടു് ഈ ബിൽ സെലക്റ്റുകമ്മിറ്റിക്കു അയക്കണമെന്നു് അഭിപ്രായപ്പെടുന്നു. കഴിഞ്ഞ നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചപ്പോൾ ഇതു ഭരണഘടനാസംബന്ധമായി എതിർപ്പുകൾ ഉണ്ടാകുമെന്നു് ബഹുമാനപ്പെട്ട ആലങ്ങാടുമെംബർ പ്രസ്താവിക്കയുണ്ടായി. അതു് ഒരു തെററിദ്ധാരണയുടെ ഫലമാണെന്നാണു് എൻെറ അഭിപ്രായം. കാരണം എൻെറ ബിൽ നെല്ലിൻെറ വില നിയന്ത്രിക്കാനുള്ളതല്ല. ആ കാര്യം ഞാൻ പ്രത്യേകം ഊന്നി പറഞ്ഞുകൊള്ളുന്നു. നിലവിലുള്ള മാർക്കറ്റുനിലവാരം എന്താണെന്നു ക്ലിപ്തപ്പെടുത്തുകമാത്രമേ ഈ ബിൽകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു. അതുകൊണ്ടു് യാതൊരു തകരാറുകളും വരാനില്ല. താഴെ പറയുന്ന അംഗങ്ങളടങ്ങിയ സെലക്റ്റുകമ്മിറ്റിക്കു് ഈ ബിൽ അയക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

1. ശ്രീ. കളത്തിൽ വേലായുധൻനായർ
2. „ എം. എ. ആൻറണി

3. ,, കെ. കെ. ബാലകൃഷ്ണൻ
4. ,, കെ. നാരായണക്കുറുപ്പ്
5. ,, ഡി. വിവേകാനന്ദൻ
6. ,, പി. രവീന്ദ്രൻ
7. ,, സി. കെ. വിശ്വനാഥൻ
8. ,, കെ. എസ്. കൃഷ്ണശാസ്ത്രി
9. വകുപ്പുമന്ത്രി
10. അവതാരകൻ.

കോറം 5.

[Mr. Deputy Speaker in the Chair]

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ബില്ല് സെലക്റ്റുകമ്മിറ്റിക്ക് അയക്കണമെന്നു ഞാനിനെ ഞാൻ ആവശ്യപ്പെടുന്നു. നമ്മുടെ രാജ്യത്തു സാധാരണ നെല്ല് വിളവെടുക്കുന്ന അവസരത്തിൽ രാജ്യത്തിന്റെ പല ഭാഗങ്ങളിലും പലതരത്തിലുള്ള വിലയാണ് ഉള്ളത്. മലംപ്രദേശങ്ങളിൽ കൃഷിയെടുക്കുന്ന അവസരങ്ങളിൽ നെല്ല് വളരെ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഫലമായി വില പെട്ടെന്ന് ഇടിയാറുണ്ട്. കുട്ടനാടൻ പ്രദേശങ്ങളിലും കൂടുതലായി നെല്ല് ഉൽപ്പാദിക്കപ്പെടുമ്പോൾ വില കുറയാറുണ്ട്. ഈ നെല്ലിന്റെ വില കൂടുമ്പോഴും കുറയുമ്പോഴും പാട്ടം വാങ്ങുന്ന ആളുകളും കൊടുക്കുന്ന ആളുകളും തമ്മിൽ തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്. അങ്ങിനെ ഉള്ള കുഴപ്പങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഗവണ്മെന്റിൽനിന്നും ഒരു വിലനിരക്ക് തീരുമാനിക്കേണ്ടതു് ആവശ്യമാണ്. അങ്ങിനെയാണെങ്കിൽ ജന്മിമാരും പാട്ടംവാങ്ങി കൃഷിചെയ്യുന്നവരും തമ്മിലുള്ള തർക്കം പരിഹരിക്കാൻ കഴിയും. ആ ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ സെലക്റ്റുകമ്മിറ്റിക്ക് അയക്കണമെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : വെറുംപാട്ടംദാർബില്ലിൽ എന്റെ ബില്ലിലെ തത്വം അംഗീകരിച്ചിട്ടുണ്ടെങ്കിലും ആ ബില്ലിൽ വളരെയധികം വ്യവസ്ഥകൾ ഉള്ളതുകൊണ്ട് അതു് നിയമമാകുന്നതിന് വളരെ അധികം കാലതാമസം ഉണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അങ്ങിനെയുള്ള കാലതാമസം ഇവിടത്തെ പാട്ടക്കാരെ വളരെ അധികം ബാധിക്കുന്നതാണ്. എന്റെ ഈ ചെറിയ ബിൽ പാസാകുന്നതിന് കാലതാമസം ഉണ്ടാകാൻ ഇടയില്ല. ഇതു് ഉടൻതന്നെ നിയമമാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഞാൻ അവതരിപ്പിച്ചതു്. അതുകൊണ്ട് സെലക്റ്റുകമ്മിറ്റിക്ക് റഫർചെയ്യണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

Shri P. S. Nataraja Pillai : Sir, this is a bill to fix the rate at which paddy has to be received from the tenants. Already in the Jenmi-Kudiyan Bill we have a provision which deals with the question. Then there is only the Verumpattamdars Bill under which rent has to be collected that is contemplated by this Bill. That Bill which has been referred to a Select Committee contains a provision that the Government shall cause to be published in the Government Gazette the price of paddy every month at each taluk headquarters. So, we have already a Bill

[Shri P. S. Nataraja Pillai]

which has been referred to a Select Committee of this House which contains a similar provision. Here also what actually is being sought by the clause is "The Government shall, for the purpose of this Act, by Notification, in the Government Gazette, publish every year in the months of Kanni and Makaram the prices of paddy payable as rent by a tenant to a landlord." In the Bill which we have already referred to the Select Committee provision is made that Government shall cause to be published in the Government Gazette the price prevailing every month. So, in that Bill we have a more advantageous provision. Even if this Bill is referred to a Select Committee, inconsistency or conflict may occur when both the Bills become law. It is a matter for careful consideration whether two Bills with identical provisions should be dealt with by two different Select Committees. Of course, after the Select Committee presents its report, certainly this House will have the opportunity to decide which Bill should contain this provision and which should not. I do not deny that there is that opportunity. But at the same time I do not think that this Bill is very urgent. I have great doubts about this Bill—whether it was not over-ride the provisions of the Jenmi-Kudiyan Act. The Jenmi-Kudiyar Act is a substantial Act placed in the Statute Book. The price of paddy is fixed periodically after enquiry by a committee in which the tenant and the jenmi are represented. On the report of the Committee, Government has to fix up the price. As far as that class of lands is concerned there is a provision like that. Whether a general provision like the one contemplated by this Bill which will over-ride the provisions in the Jenmi-Kudiyan Act which is in force is necessary or not has to be seriously considered. According to the agenda before the House, the Jenmi-Kudiyan Amendment Bill is coming up for consideration. In the natural course, in spite of the foolishness of forecasting the future, we can expect the Jenmi-Kudiyan Bill to go to a Select Committee. All the provisions in this Bill can be considered along with the Jenmi-Kudiyan Amendment Bill and the Verumpattamdars Bill. That is a matter for the honourable member to consider. In the light of the difficulties that will come about instead of the facilities that are sought to be achieved, I think there is absolutely no justification or necessity to push through this Bill as it is to-day. I request the hon. Member to seriously reconsider that aspect of the matter and come to a conclusion as to whether there is a compelling force to move further with this Bill. As a matter of fact, I do not want to register my opposition to it at this stage. I have nothing more to say.

What is the composition of the Select Committee which the hon. Member proposes ?

Mr Deputy Speaker: He has already mentioned the names of the Select Committee members.

Shri Thalekkara K. Krishnan: This may be referred to a Select Committee consisting of the members whose names I have read.

Shri P. S. Nataraja Pillai : If the member is agreeable, this Bill may also be referred to the Select Committee constituted for the Verumpattamdars Bill.

Shri Thalekkara K. Krishnan : I do not agree with that.

Mr. Deputy Speaker : The question is that the Bill be referred to a Select Committee consisting of—

1. Shri Kalathil Velayudhan Nair
2. „ M. A. Antony
3. „ K. K. Balakrishnan
4. „ K. Narayana Kurup
5. „ D. Vivekanandan
6. „ P. Ravindran
7. „ C. K. Viswanathan
8. „ K. S. Krishna Sastri
9. Minister in charge and the
10. Mover

the quorum being five.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സെലക്ട് കമ്മറ്റിയിൽ ശ്രീ കൊച്ചുകുഞ്ഞിനെക്കൂടി മെമ്പറായി എടുക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഞാൻ അതിനെ അനുകൂലിക്കുന്നു.

Mr. Deputy Speaker: No objection, I suppose.

The motion was put and carried.

RESOLUTIONS ON MATTERS OF PUBLIC INTEREST.

Relief to Coir Workers.

ശ്രീ. യു. നീലകണ്ഠൻ : സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ് :

"കയറുതൊഴിലാളികളുടെ മിനിമം വേജസ് പ്രയോഗത്തിൽ വന്നതുകൊണ്ട് തൊഴിൽ ചെയ്യാൻ നിവൃത്തിയില്ലാതെ പട്ടിണിക്കാരായിത്തീർന്നിട്ടുള്ള കയറുതൊഴിലാളികൾക്ക് വേണ്ട ആശ്വാസം നൽകുന്നതിനായി 15 ലക്ഷം രൂപ വിനിയോഗിക്കണമെന്ന് ഈ സഭ സർക്കാരിനോട് ശുപാർശ ചെയ്യുന്നു."

1954 ഡിസംബർ 1-ാംനു- മുതൽ കയറു തൊഴിലാളികളുടെ മിനിമം വേജസ് ഉൗർജ്ജിതത്തിൽ വരുന്നതാണെന്നുള്ള സർക്കാരിന്റെ നോട്ടിഫിക്കേഷൻ വന്നതോടുകൂടി ഈ നാട്ടിലെ ബഹുഭൂരിപക്ഷം ആളുകൾക്കും വലിയ സന്തോഷത്തിനുള്ള ഒരവസരമാണ് സംജാതമായതു്. കാരണം, പതിനൊന്നുലക്ഷത്തിൽപരം ആളുകളുടെ ജീവസന്ധാരണത്തിനു ഉപകരിക്കുന്ന ഒരു വ്യവസായത്തിൽ മിനിമംവേജസ് ഫിക്സ് ചെയ്യുന്ന ഒരു കാര്യമായിരുന്നു അതു്. തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുന്ന പാർട്ടികൾ ഇതിലേക്കുവേണ്ടി സമരങ്ങൾതന്നെ നടത്തിയിട്ടുണ്ട്. ആ സമരങ്ങളുടെ ഫലം ഇപ്പോഴെങ്കിലും തൊഴിലാളികൾക്ക് ഗുണം അനുഭവിക്കാൻ സാധിച്ചല്ലോ എന്നുള്ള ചാരിതാർത്ഥ്യം കൊണ്ടാണ് ഈ രാജ്യത്തിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാവരും അതിനെ

[ശ്രീ. യു. നീലകണ്ഠൻ]

സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു്. കയർ വ്യവസായം കേരളത്തിനു് കുത്തകയുള്ള ഒരു മുഖ്യവ്യവസായമാണു്. ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു വ്യവസായമെന്ന നിലയിൽ രാഷ്ട്രശരീരത്തിന്റെ ഹൃദയത്തിനുള്ള സ്ഥാനമാണു് നാം ഇതിനു നൽകേണ്ടിയിരിക്കുന്നതു്. വളരെ നാൾക്കു മുമ്പു് ഈ രാജ്യത്തു് ഉപയോഗശൂന്യമായി കളഞ്ഞുവന്ന പച്ചത്തൊണ്ടു് പലേടത്തുനിന്നുമായി ശേഖരിച്ചു്നടത്തുന്ന കയറവ്യവസായത്തിൽനിന്നു് ആണ്ടോടാണ്ടു് 15 കോടി രൂപയോളം ഈ രാജ്യത്തിന്റെ എല്ലാഭാഗത്തും കൂടി കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അങ്ങിനെയുള്ള ഒരു വ്യവസായത്തെ സംബന്ധിച്ചിടത്തോളം മുഖ്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. അത്രത്തോളം സമൃദ്ധി ഈ രാജ്യത്തുണ്ടാക്കുവാൻ വേണ്ടി ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ കഷ്ടപ്പാടുകളെപ്പററി ഈ സഭ ഏററവും അനുകമ്പാപൂർവ്വമായി വീക്ഷിച്ചില്ലെങ്കിൽ അതു് ഒരു വിഭാഗം തൊഴിലാളികളോടു ചെയ്യുന്ന വലിയൊരു അപരാധമായിരിക്കും. 310 രൂപ വിലയുള്ള ഒരു കണ്ടി കയർ ഉൽപ്പാദിപ്പിക്കുന്നതിനു് 200-ൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്നു അറിയണം. ഈ രാജ്യത്തെ തൊഴിലുകളിൽ ഏററവും അപരിഷ്കൃതവും ഏററവും ക്ലേശം നിറഞ്ഞതും, ഏററവും വൃത്തിഹീനവുമായ ഒരു തൊഴിലാണു് കയറത്തൊഴിൽ. ഈ കയറത്തൊഴിലാളികൾ ഈ വ്യവസായത്തിൽ ഏർപ്പെടുന്ന രീതി പരിശോധിക്കുകയാണെങ്കിൽ അവരുടെ കഷ്ടപ്പാടുകളെപ്പററിയും അതു് എന്തുമാത്രം വൃത്തികെട്ട ഒരു ഏർപ്പാടാണെന്നും മനസ്സിലാക്കുവാൻ കഴിയുന്നതാണു്. ഉദാഹരണമായി ഒരു സംഭവം ഞാൻ പറയാം. കയർ കോവാപ്പറേററീവു് സൊസൈററി ഇവിടെ ഉണ്ടായതിനുശേഷം ഒരു ബ്രാഹ്മണനെ കയർ കോവാപ്പറേററീവു ഇൻസ്പെക്ടരായി നിയമിച്ചു. അദ്ദേഹം കയർ ഉൽപ്പാദിപ്പിക്കുന്ന വൃത്തിഹീനമായ സ്ഥലം കണ്ടതുമുതൽ ആ സ്ഥലത്തു പോകാൻ വിസമ്മതിക്കുകയും, ജോലിതന്നെ രാജിവച്ചുപോകയുംചെയ്തു എന്നു എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. അപ്പോൾ ഈ തൊഴിൽ ചെയ്തുവരുന്ന ലക്ഷക്കണക്കിനു തൊഴിലാളികൾ, ഈ രാജ്യത്തേക്കു മഹത്തായസമ്പാദ്യം ഉണ്ടാക്കുന്ന തൊഴിലാളികൾ എന്നുള്ള നിലയിൽ അവരുടെ അവശതകൾ തീർക്കുന്ന കാര്യത്തിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. മലീമസമായ കുഴിയിൽ ഇറങ്ങി തൊണ്ടു് എടുക്കുന്നതു് എങ്ങിനെയെന്നു് ഈ സഭ അറിഞ്ഞിരിക്കേണ്ടതാണു് സാധാരണ മനുഷ്യരാരും ഒരിക്കലും ഇറങ്ങുവാൻ ആഗ്രഹിക്കാത്ത തൊണ്ടു് ഇട്ടിട്ടുള്ള കുഴിയിൽ ഇറങ്ങി ദുർഗ്ഗന്ധവും ചൂടും സഹിച്ചു അവർ ചെളിവെള്ളത്തിൽ മുങ്ങി ജോലി ചെയ്യുന്നതു കണ്ടാൽ ആ തൊഴിലാളികൾ മിക്കവാറും മനുഷ്യസമുദായത്തിൽ പെട്ടവരാണോ എന്നുപോലും സംശയിച്ചുപോകും. അതുപോലെതന്നെ ഈ പാവപ്പെട്ട തല്ലു തൊഴിലാളികൾ അഴുകിയ തൊണ്ടിന്റെ ദുർഗ്ഗന്ധമേശിയ ചേറു് നവദ്വാരങ്ങളിലും പ്രവേശിക്കാതെക്കവണ്ണം ചടഞ്ഞിരുന്നു തൊണ്ടു തല്ലുന്ന കാഴ്ചയും ദയനീയമാണു്. തൊണ്ടുതല്ലുന്ന അവസരത്തിൽ അവരുടെ ഓമനക്കുട്ടികളെ കൈയിൽകെട്ടി അവരുടെ അരികിലുള്ള മരങ്ങളിൽ മൃഗങ്ങളെപ്പോലെ കെട്ടിയിടുന്നതു സാധാരണയാണു്. ജോലിചെയ്യുന്ന അവസരത്തിൽ കുട്ടികൾ കായലിലൊ ചാലിലൊ പോകുമെന്നുള്ള ഭയംകൊണ്ടാണു് അവർ അങ്ങിനെ ചെയ്യുന്നതു്. ഭാവി പൗരന്മാരുടെ ശൈശവകാലം നമ്മെ ലജ്ജിപ്പിക്കുന്നില്ലേ?

അടുത്ത പ്രോസസ്സ് സ്പിന്നിംഗാണ്. അവിടെ ചെന്നുകഴിഞ്ഞാൽ കയറുണ്ടാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ കാണാം. അവർ പ്രകൃതിയെ വെല്ലുവിളിക്കുന്നമട്ടിൽ പിറകോട്ടു നടക്കുവാനാണ് പഠിച്ചുകഴിഞ്ഞിരിക്കുന്നതു് എന്നു കാണാൻ കഴിയും. ഉദ്ദേശം രണ്ടും മൂന്നും മൈൽ പിറകോട്ടു നടക്കുന്ന ഒരു ജോലിയിലാണ് അവർ ഏർപ്പെട്ടിരിക്കുന്നതു്. ദിവസവും അഞ്ചോ ആറോ രൂപ കൊടുക്കാമെന്നു പറഞ്ഞാലും മനുഷ്യരാരും പിന്നോട്ടു നടക്കുവാൻ ഉണ്ടാകയില്ല. ഇങ്ങിനെയുള്ള ജോലിക്കാരെ സംബന്ധിച്ചിടത്തോളം മിനിമംവേജസ് നിശ്ചയിച്ചിട്ടുണ്ട്. മിനിമംവേജസ് ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. അവർ ചെയ്യുന്ന ജോലിയുടെ സ്വഭാവം നോക്കുകയാണെങ്കിൽ എത്ര ആനുകൂല്യം അവർക്കു ചെയ്തുകൊടുത്താലും യാതൊരു ദോഷവും വരുവാനില്ല എന്നുള്ളതിനെപ്പററി ആർക്കുംതന്നെ അഭിപ്രായവ്യത്യാസം ഉണ്ടാകുവാൻ ഇടയില്ല. പക്ഷെ താത്കാലികമായി, ചില വ്യത്യാസം ക്ലിയിൽ വരുത്തിയതിനെ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തീരദേശവാസികൾ സ്വാഗതം ചെയ്യുന്നുവെങ്കിലും ഗവണ്മെൻറ് അതിൻെറ നേരെ അവലംബിച്ച ചില നയങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അധികം പ്രതിഷേധിക്കാതെയും തരമില്ല. കാരണം മിനിമംവേജസ് ഡിസംബർ 1-ാംതീയതി നടപ്പിൽവരുമെന്നു പ്രഖ്യാപിച്ചുവെങ്കിലും അതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽ സർക്കാർ കാണിച്ച മനോഭാവം പ്രതിഷേധാർഹമായിട്ടുള്ളതാണെന്നു വ്യസനപൂർവ്വം ഞാൻ ഗവണ്മെൻറിനെ അറിയിക്കുകയാണു ചെയ്യുന്നതു്. മിനിമംവേജസ് കമ്മിററി മിനിമംവേജസ് നിശ്ചയിക്കുന്നതിൽ ഇന്നയിന്ന കാര്യങ്ങൾ ആലോചിക്കണമെന്നു പറഞ്ഞിട്ടുള്ളതിനെപ്പററിപര്യാലോചിച്ചു അനുകൂലസാഹചര്യം സൃഷ്ടിക്കാതെയാണ് സർക്കാർ മിനിമംവേജസ് പ്രഖ്യാപിച്ചതു്. അങ്ങിനെ ഒരു മിനിമംവേജസ് നിശ്ചയിച്ചതുകൊണ്ടു് തൊഴിലാളികളും മററാളുകളും വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സഭയിലെ എല്ലാ സാമാജികന്മാരും മിനിമംവേജു പ്രഖ്യാപനത്തെത്തുടർന്ന് കയറുൽപ്പാദനം നിറുത്തിവച്ചു വാർത്തകൾ പത്രങ്ങളിൽ ധാരാളമായി കണ്ടിട്ടുണ്ട്. തീരദേശത്തുണ്ടായിരുന്ന കയറുൽപ്പാദനം തൊണ്ടു കിട്ടാത്തതുകൊണ്ടു് നിറുത്തിവച്ചു. അതുമൂലം ലക്ഷക്കണക്കിനാളുകൾ പട്ടിണിക്കാരായി. തൊഴിലാളികൾ അപ്പോൾ സത്യഗ്രഹം തുടങ്ങിയ സമരപരിപാടികൾ ആരംഭിച്ചു. സത്യഗ്രഹം നടത്തിയ തൊഴിലാളികളെ പോലീസുകാർ ഭീകരമായി മർദ്ദിച്ചു. പോലീസുകാരുടെ മർദ്ദനത്തെപ്പററി പറയുമ്പോൾ എൻെറ ഒരു സഖാവ് സലീമിനെ വക്കത്തുവച്ചു്, പോലീസ് ഇൻസ്പെക്ടർ ലോപ്പസ് റോഡിൽവച്ചു് പരസ്യമായി മർദ്ദിച്ച കഥ ഞാൻ ഓർമ്മിക്കുന്നു. ആ സഖാവ് അടിയേററ് മലമൂത്രവിസർജ്ജനം ചെയ്യുന്നതുവരെ മനുഷ്യത്വമില്ലാത്ത ആ ഉദ്യോഗസ്ഥൻ മർദ്ദിച്ചു. മിനിമംവേജ് ആവശ്യപ്പെട്ട ഒരു തൊഴിലാളിയുടെ നേരെ ഇത്രത്തോളം ഒരു കടുംകൈ പ്രവർത്തിക്കുന്നതിനു ആ സഖാവ് എന്തുചെയ്തു എന്നു എനിക്കറിയുവാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. അനേകസ്ഥലത്ത് ഇപ്പോൾ നിരാഹാരവ്രതം നടക്കുന്നുണ്ട്. രാജ്യത്തിൻെറ പല ഭാഗങ്ങളിലും സത്യഗ്രഹവും നിരാഹാരവ്രതവും നടക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ട്. ഇതെല്ലാം മിനിമംവേജ് ഇംപ്ലിമെൻറു ചെയ്യുന്നതിൽ ഈ സർക്കാരിനു പററിയ അമളിയുടെ പ്രത്യാഘാതങ്ങളാണ്. തൽഫലമായിട്ടാണ് ലക്ഷക്കണക്കിനാളുകൾ പട്ടിണിക്കാരായിത്തീർന്നതു്, തൊഴിൽരഹിതരായതു്.

[ശ്രീ. യു. നീലകണ്ഠൻ]

ഉദ്ദേശം 15 കോടിയിൽപ്പരം രൂപ ഈ രാജ്യത്ത് ദേശീയവരുമാനമുണ്ടാക്കുന്ന ഈ വ്യവസായത്തിലെ ഉൽപ്പാദനത്തോതു് ഡിസംബർ 1-ാംനു മിനിമംവേജ് നിശ്ചയിച്ചതുനിമിത്തം ഉണ്ടായ തൊഴിൽ സ്തംഭനംകൊണ്ടു കുറഞ്ഞുപോയിട്ടുണ്ട്. ദിവസവും 865 കണ്ടി കയറാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നതെന്നു കണക്കുകൾകൊണ്ടു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയറ് കണ്ടി ഒന്നുക്ക് 310 രൂപ വച്ച് വിൽക്കുകയാണെങ്കിൽ ഈ രാജ്യത്തേയ്ക്കു വരുമായിരുന്ന വരുമാനം മിനിമംവേജ് പ്രയോഗത്തിൽ കൊണ്ടുവന്നതിന്റെ അപാകതകൊണ്ട് ഈ രാജ്യത്തിനു നഷ്ടപ്പെട്ടുപോയിട്ടുണ്ട് എന്നു ഞാൻ ഈ സഭയെ അറിയിക്കുകയാണ്. ഏതാണ്ട് ഒരു കോടിയോളം രൂപയ്ക്കുള്ള ഉൽപ്പാദനം ഇതേവരെ നഷ്ടപ്പെട്ടിട്ടുണ്ട്. മിനിമംവേജ് നടപ്പാക്കുന്നതിൽ ഇന്നു പ്രതിബന്ധമായി നില്ക്കുന്ന ശത്രുസംഘം വാസ്തവത്തിൽ തൊണ്ടുടമകളാണ്. ഏതൊരു വ്യവസായവും ശാസ്ത്രീയമായ വിധത്തിൽ ഉയരണമെങ്കിൽ, നിലനില്ക്കണമെങ്കിൽ ആ വ്യവസായത്തിനു ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ സപ്ലൈ ചെയ്യേണ്ടതു്—അഥവാ മാർക്കറ്റുറേറിൽ കിട്ടാൻ സാഹചര്യം ഉണ്ടാക്കേണ്ടതു്—ഗവണ്മെൻറിന്റെ കടമയാണ്. അതായതു് കയർ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിവരുന്ന കൂലിച്ചെലവു കണക്കാക്കി മാർക്കറ്റനുസരിച്ച് തൊണ്ടു വിതരണം ചെയ്യേണ്ട കടമ ഗവണ്മെൻറിനുണ്ടായിരുന്നു. ഗവണ്മെൻറ് അക്കാര്യത്തിൽ യാതൊന്നും ശ്രദ്ധിച്ചിട്ടില്ല. മിനിമംവേജ് ഇംപ്ലിമെൻറ് ചെയ്യുന്ന സന്ദർഭത്തിൽ എന്തെല്ലാം കാര്യങ്ങളെപ്പററി ശ്രദ്ധിക്കണമെന്നുള്ളതു് മിനിമം വേജസ് കമ്മിററിയുടെ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനെ ഗവണ്മെൻറ് കാര്യമായി ഗണിച്ചില്ല. ഈ വ്യവസായത്തിൽ അസംസ്കൃതസാധനമായ തൊണ്ടിന്റെ ഉടമകൾ ഇവിടത്തെ പണക്കാരായ തൊണ്ടുമുതലാളിമാരാണ്. അവരാണ് തൊണ്ടു പൂഴ്ത്തുന്നതെങ്കിലും വ്യവസായം നടത്തിപ്പോരുന്നതു് ഏററവും നിസ്സഹായരും മൂലധനം മുടക്കാത്തവരുമായ ഇടത്തരക്കാരാണ്. ഇടത്തരക്കാരായ ഉൽപ്പാദകർക്ക് മാർക്കറ്റ് റേറനുസരിച്ച് ഇപ്പോൾ തൊണ്ടു ലഭിക്കാതെവന്നിരിക്കുന്നു. തൊണ്ടു കിട്ടാതെ വരുമ്പോൾ ഉൽപ്പാദനം നിറുത്തിവയ്ക്കേണ്ടിവരും. അതു് വന്നുകഴിഞ്ഞു. അങ്ങിനെയുള്ള ഒരവസ്ഥയുണ്ടാകാതെയിരിക്കണമെങ്കിൽ മിനിമംവേജ് റേററിൽ തൊണ്ടു സപ്ലൈ ചെയ്യുക എന്നുള്ള കർത്തവ്യം ഈ സർക്കാരിന്റെ ചുമതലയിൽ വന്നുചേരുകതന്നെ വേണം. പക്ഷെ ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികളെപ്പററി ഈ സഭയും മന്ത്രിമാരും ആലോചിക്കണമെന്നു് ഞാൻ ആവശ്യപ്പെടുകയാണ്. ചെറുകിടക്കാരായ ഉൽപ്പാദകർക്കു തീരെ തൊണ്ടു കിട്ടാതെവരുന്ന അവസരത്തിൽ അവർ നഷ്ടപ്പെട്ട ഉൽപ്പാദനം നടത്തുവാൻ ശ്രമിക്കുകയില്ല. ഉൽപ്പാദനം ഇല്ലാതാകുമ്പോൾ തൊഴിലാളികൾക്കു തൊഴിലില്ലാതെ വരുന്നതാണ്. ചെറുകിട ഉൽപ്പാദകരുടെ സാമ്പത്തികശേഷി കുറയുന്ന അവസരത്തിൽ വ്യവസായമാന്ദ്യം ഉണ്ടാകുമെന്നുള്ളതു് കഴിഞ്ഞ കാലങ്ങളിൽ ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുള്ളതാണ്. വ്യവസായമാന്ദ്യത്തിന്റെ അടിസ്ഥാനത്തിൽ അവരിൽനിന്നു ഈടാക്കിവന്ന സെയിൽസ്ടാക്സ്പോലും ഈടാക്കാതെ സ്റ്റേ ആർഡർ പോലും ഉണ്ടായിട്ടുണ്ട്. ചിറയിൻകീഴ് താലൂക്കിൽനിന്നു മാത്രം എട്ടു ലക്ഷം രൂപ നികുതിയിനത്തിൽ ഇക്കൂട്ടർ കൊടുത്തുതീർക്കാനുള്ളതും ഈ

സഭയുടെ അനുകമ്പയ്ക്കു വിധേയമാണ്. ഗവണ്മെൻറിനു ഈ മിനിമം വേജ് ഇംപ്ലിമെൻറു ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും ആത്മാർത്ഥത ഉണ്ടായിരുന്നുവെങ്കിൽ പ്രായോഗികമായി പലതും ഇതിൽ ചെയ്യാമായിരുന്നു. കയറുവ്യവസായത്തെ സംബന്ധിച്ചിടത്തോളം 120 സഹകരണ സംഘങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഈ മിനിമംവേജ് ഇംപ്ലിമെൻറ് ചെയ്തതിനുശേഷം ഈ സഹകരണസംഘങ്ങൾവഴി തൊണ്ടെങ്കിലും വിതരണം ചെയ്യുവാനുള്ള ഒരു വ്യവസ്ഥ ഗവണ്മെൻറു ചെയ്തിരുന്നോ എന്നു ഞാൻ ചോദിക്കുന്നു. കയർ കോവാപ്പറേറീവ് സൊസൈററികളുടെ മേൽനോട്ടത്തിനു നിയുക്തനായിരിക്കുന്ന ശ്രീ. കരുണാകരപ്പണിക്കർ എല്ലാ സൊസൈററി പ്രതിനിധികളേയും ആലപ്പുഴയിൽ വിളിച്ചുവരുത്തി മിനിമംവേജ് ആറുമാസത്തേയ്ക്കു മാററിവയ്ക്കുവാൻ പ്രമേയം പാസ്സാക്കാൻ നേതൃത്വം കൊടുത്തില്ലേ? മിനിമംവേജ് റേററിൽ തൊണ്ടു സപ്ലൈ ചെയ്യുവാൻ പാടില്ലെന്നും സംഘങ്ങൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവണ്മെൻറിൻെറ ശമ്പളം പററിക്കൊണ്ടിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഗവണ്മെൻറു പാസ്സാക്കിയിട്ടുള്ള നിയമത്തിനു എതിരായി പ്രവർത്തിച്ചതിനു ആ ഉദ്യോഗസ്ഥൻെറ പേരിൽ പ്രസക്തമായ നടപടികൾ എടുക്കുവാൻ ഈ ഗവണ്മെൻറിനു കഴിവില്ലാതെ പോയതിൽ ഞാൻ വ്യസനിക്കുകയാണ്. സർ, ഉദ്യോഗസ്ഥദുരധികാരം അവസാനിപ്പിക്കണം. ഞാൻ കൂടി അംഗമായിട്ടുള്ള കടയ്ക്കാവൂർ കോവാപ്പറേറീവ് സൊസൈററിയിൽ മിനിമംവേജസ് അടിസ്ഥാനത്തിൽ തൊണ്ടുവില കുറച്ചുകൊടുക്കണമെന്നു തീരുമാനിച്ചപ്പോൾ തൊണ്ടുവില കുറച്ചുകൊടുത്താൽ നഷ്ടം വരും, അതുകൊണ്ട് കോൾവിലയിൽ കുറച്ചുകൊടുക്കരുതെന്നു കയർ സ്പെഷ്യൽ ആഫീസർ സക്കുലർ അയച്ചു തടയാൻ ശ്രമിച്ചു.

ശ്രീ. പി. എസ്. നടരാജപിള്ള: ആ സക്കുലറിൽ പറഞ്ഞിട്ടുള്ളതു് തന്നെക്കൂടി അറിയിച്ചുവേണം അങ്ങനെ വില കുറച്ചു തൊണ്ടുവില്ക്കാൻ എന്നുള്ളതല്ലേ വാസ്തവം?

ശ്രീ. യു. നീലകണ്ഠൻ: ആ സക്കുലറിൻെറ കാപ്പികൾ ഇപ്പോൾ എൻെറ കൈവശം ഇല്ല. അങ്ങനെ സക്കുലർ അയച്ചിട്ടുള്ളതായി സ്പെഷ്യൽ ആഫീസർ മന്ത്രിയുടെ മുൻപിൽവച്ചുതന്നെ സമ്മതിച്ചിട്ടുണ്ട്. ആ വിവരം മന്ത്രി അറിഞ്ഞിട്ടുള്ളതാണ്. കോൾവില അതായതു് കാസ്ററപ്രൈസിൽ കുറഞ്ഞു് തൊണ്ടു വിൽക്കുവാൻ പാടില്ല എന്നു് സക്കുലർ അയച്ചു എന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. പി. എസ്. നടരാജപിള്ള: കോൾവിലയിൽ കുറച്ചു വില്ക്കുകയാണെങ്കിൽ സ്പെഷ്യൽ ആഫീസറെക്കൂടി അറിയിച്ചിട്ടുവേണമെന്നല്ലേ സക്കുലർ അയച്ചിട്ടുള്ളതു്?

ശ്രീ. യു. നീലകണ്ഠൻ: ഞാൻ പറയുന്നതു് കയർ സ്പെഷ്യലാഫീസർ എല്ലാ സഹകരണ സംഘങ്ങൾക്കും ഞാൻ പറഞ്ഞ സക്കുലർ അയച്ചിട്ടുണ്ടെന്നാണ്. ഇപ്പോൾ ഇതു് വിശ്വസിക്കുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അതേപ്പററി അന്വേഷിക്കണം. ഇപ്പോഴുള്ള എല്ലാ കയർ സഹകരണസംഘങ്ങളിലും സ്പെഷ്യലാഫീസർ സക്കുലർ അയയ്ക്കുകയും അവയിലെ പ്രതിനിധികളെ എല്ലാംകൂടി വിളിച്ചുവരുത്തി ആലപ്പുഴയിൽ വച്ചു് ഒരു കാൺഫറൻസു് നടത്തുകയും കയർ സ്പെഷ്യലാഫീസർ മിനിമം വേജസു് പരാജയപ്പെടുത്താൻ നേതൃത്വം നൽകുകയും ചെയ്തില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: ആലപ്പുഴയിൽവച്ചു കൂടിയ പ്രതിനിധികളുടെ കാൺഫറൻസിൽ പാസ്സാക്കിയ റസലൂഷൻ എന്താണ്?

ശ്രീ. യു. നീലകണ്ഠൻ: നോട്ടിഫിക്കേഷൻ 6 മാസത്തേയ്ക്ക് മാററി വയ്ക്കണമെന്ന്. അദ്ദേഹത്തിന് അങ്ങനെ ഒരു നേതൃത്വം നല്കുന്നതിനുള്ള അധികാരം ഇല്ലെന്നുള്ള വിശ്വാസമാണ് ഇന്നും എനിക്കുള്ളത്. അക്കാര്യത്തെപ്പററി ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. അദ്ധ്വാനിക്കുന്ന ജനങ്ങൾക്കെതിരേയുള്ള അത്തരം പ്രവൃത്തികളെ തടയണം. കൂടാതെ കയർ വികസനപദ്ധതികൾക്കുവേണ്ടി കേന്ദ്രഗവണ്മെൻറിൽ നിന്നും 64 ലക്ഷം രൂപ അനുവദിച്ചിട്ടില്ലേ? ഈ 64 ലക്ഷം രൂപ അഞ്ചു വർഷംകൊണ്ട് ചെലവാക്കണം എന്ന് നിർബന്ധമുണ്ടായിരുന്നിട്ടുപോലും ഇന്നുവരെ അതിൽ 15 ലക്ഷത്തിൽ കൂടുതൽ ചെലവാക്കാൻ സാധിച്ചിട്ടില്ല. അതു് 1956-നകം മുഴുവൻ വിനിയോഗിക്കേണ്ടതുമാണ്. ഇപ്പോൾ മിനിമം വേജസ് നടപ്പിലാക്കുന്നതിനുവേണ്ടി ഈ രൂപ വേണ്ടതുപോലെ വിനിയോഗിക്കുവാൻ സാധിക്കുമായിരുന്നു. വിശേഷിച്ചും മിനിമംവേജസ് കമ്മിററിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്, ഇതു് നടപ്പിലാക്കുന്നതിനുമുമ്പ് നൂറു കയർ സഹകരണസംഘങ്ങൾ എങ്കിലും സംഘടിപ്പിച്ച് അവക്ക് ഒരുലക്ഷം രൂപ വീതം വായ്പകൊടുത്ത് ഇന്ന് ഉൽപ്പാദിപ്പിക്കുന്ന കയററിന് വേണ്ടിവരുന്ന തൊണ്ടിൻെറ പകുതിയെങ്കിലും സംഭരിച്ചതിനുശേഷംവേണം ഈനിയമം ഇംപ്ലിമെൻറു ചെയ്യാൻ എന്ന്. അതനുസരിച്ചു ഗവണ്മെൻറ് പ്രവർത്തിച്ചില്ല. അതിലേയ്ക്കു് തുക വിനിയോഗിച്ചതുമില്ല. ഈ 64 ലക്ഷം രൂപ എന്തിനുവേണ്ടി സൂക്ഷിച്ചുവച്ചിരിക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നതു്. അതു് വേണ്ടവണ്ണം വേണ്ടസമയത്തു് തൊഴിലാളികളുടെയും വ്യവസായത്തിൻെറയും അഭിവൃദ്ധിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിന് കാലതാമസം വരുത്തുന്നതു് നീതീകരിക്കത്തക്കതോ? അപ്പോൾ ഇന്നു തീരപ്രദേശത്തു് ലക്ഷക്കണക്കിനുള്ള പട്ടിണിക്കാരായ തൊഴിലാളികളുടെ തൊഴിൽ സ്തംഭിപ്പിച്ച് അവക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയതിന് കാരണക്കാർ ഈ സർക്കാർ ആണെന്നാണെനിക്ക് പറയുവാനുള്ളതു്. സർക്കാർ വളരെ വിദൂരവീക്ഷണത്തോടുകൂടി പ്രവർത്തിച്ചിരുന്നെങ്കിൽ തൊഴിലില്ലായ്മയും പട്ടിണിയും കയററുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ ഇടയില്ലായിരുന്നു. അതു് ഇനിയെങ്കിലും ഗവണ്മെൻറ് മനസ്സിലാക്കി അതിനു വേണ്ട താല്പര്യവും ശ്രദ്ധയും ചെലുത്തണമെന്നും, ഈ അഭിപ്രായത്തോടു് ഈ സഭയിലുള്ള അംഗങ്ങളും യോജിക്കണമെന്നും അപേക്ഷിക്കുന്നു. ഇക്കാര്യത്തിൽ ഗവണ്മെൻറിന് ചെയ്യാൻ കഴിയുന്ന ചില സംഗതികൾ ഞാൻ പറയാം. ഒരു പതിനഞ്ചുലക്ഷം രൂപ ഇപ്പോൾ തൊഴിൽശൂന്യരായിരിക്കുന്ന കയററു തൊഴിലാളികളുടെ ആവശ്യത്തിലേയ്ക്കായി വിനിയോഗിക്കണം എന്നുള്ളതാണ്. അതിലേയ്ക്കുവേണ്ടിയാണ് ഞാൻ ഈ പ്രമേയം ഈ സഭയുടെ പര്യാലോചനയ്ക്കായി കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. എ. എ. ഡി. ലൂയിസ്: ഈ പതിനഞ്ചുലക്ഷം രൂപ ചെലവാക്കുന്നതിനുള്ള ഡീറെറയിൽസ് ഒന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. യു. നീലകണ്ഠൻ: അതിലേയ്ക്കാണ് ഞാൻ തുനിയുന്നതു്. ഈ തുക അനുവദിച്ചാൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും ചെറുകിട ഉൽപ്പാദകക്കും വളരെ ആശ്വാസം നൽകാൻ സാധിക്കും. ഈ 15 ലക്ഷം രൂപ എങ്ങനെ വിനിയോഗിക്കണം എന്നുള്ള സംഗതി ഈ സഭയുടെ മുമ്പിൽവയ്ക്കാം.

ഈ മിനിമം വേജസ് പ്രയോഗത്തിൽ കൊണ്ടുവരുമ്പോൾ തൊണ്ട് കുറഞ്ഞവിലയ്ക്ക് കൊടുക്കുക എന്നുള്ളതാണ് അതിന്റെ പരമമായ ലക്ഷ്യം. അഞ്ചുതെങ്ങുകയർ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ തൊണ്ട് പൂവാർ, കരിംകുളം തുടങ്ങിയ വിദൂരസ്ഥലങ്ങളിൽനിന്നും കൊണ്ടുവരുന്നുണ്ട്. അപ്പോൾ തൊണ്ടുവില കുറഞ്ഞുകിട്ടാൻ കൂലിച്ചെലവ് ഒരു തടസ്സമാണ്. ആ സ്ഥലങ്ങളിൽനിന്നും തൊണ്ട് വാഹനങ്ങൾവഴി കൊണ്ടുവരേണ്ടിയിരിക്കുന്നു. അതുകൊണ്ട് തൊണ്ടു കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് സർക്കാർ കൊടുക്കുകതന്നെ വേണം. അതിന് ഒരു സബ്സിഡി തൊണ്ടു സംഘങ്ങൾക്ക് ഗവണ്മെൻറ് കൊടുത്താൽ തൊണ്ട് കടവിലേയ്ക്ക് എത്തിച്ചുകൊടുക്കാൻ സംഘങ്ങൾക്ക് സാധിക്കും. തൻമൂലം തൊണ്ടുവില കുറഞ്ഞുവരികയും ചെയ്യും. അതു് ഈ പതിനഞ്ചുലക്ഷത്തിൽനിന്നു സാധിക്കുന്നതാണ്.

സഹകരണസംഘങ്ങൾ മുടിയിട്ടുള്ള തൊണ്ട് നിർബന്ധമായും കുറഞ്ഞ വിലയ്ക്ക് മിനിമം വേജസിന്റെ അടിസ്ഥാനത്തിൽ കൊടുക്കുന്നതിന് ഏർപ്പാടു ചെയ്യണം. അതിലേയ്ക്ക് മന്ത്രിയുടെ പടിക്കൽ കേരളം കയറുതൊഴിലാളി യൂണിയൻ 15 ദിവസത്തെ സത്യഗ്രഹംതന്നെ നടത്തിയതാണ്. കയർ സഹകരണസംഘങ്ങൾ അങ്ങനെ കുറഞ്ഞ വിലയ്ക്ക് തൊണ്ടു കൊടുക്കുമെന്നു തീരുമാനിച്ചാൽ അഴകൽ തൊണ്ടു മുതലാളിമാരിൽ പ്രേരണയുണ്ടാകാനും അതു് നന്നായിരിക്കും. ഏതാനും ചില സംഘങ്ങൾ വില കുറച്ചു കൊടുത്തു് നഷ്ടപ്പെട്ടിട്ടുമുണ്ട്. ഈ മിനിമം വേജസ് ഇംപ്ലിമെൻറ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ തൊണ്ടുവില കുറച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറ് അവർക്ക് സബ്സിഡി നൽകുകതന്നെ വേണം. അതിനു് ആവശ്യമായ തുകയും ഈ 15 ലക്ഷത്തിൽനിന്നും വിനിയോഗിക്കുന്നതിനു് സാധിക്കുന്നതാണ്.

ഇപ്പോൾ എല്ലാ കയർ ഉൽപ്പാദനകേന്ദ്രങ്ങളിലും സഹകരണസംഘങ്ങൾ ഉണ്ടായിട്ടില്ല. ഇപ്പോൾ അങ്ങനെയുള്ള പ്രദേശങ്ങളിലും പ്രധാന ഉൽപ്പാദനകേന്ദ്രങ്ങളിലും ഗവണ്മെൻറിൽനിന്നും ന്യായവില ഡിപ്പോകൾ സ്ഥാപിച്ച് അഴക്കുതൊണ്ടു ന്യായവിലയ്ക്ക് വിൽപ്പന നടത്തണം. കയർ സഹകരണസംഘങ്ങളോടനുബന്ധിച്ച് ഡിപ്പോകൾ നടത്തേണ്ടതുമാണ്. അങ്ങനെ ന്യായവില ഡിപ്പോകൾവഴി വില്പന നടത്തുമ്പോൾ കുറേ നഷ്ടം ഉണ്ടാകുന്നതാണ്. ഇന്നു് തൊണ്ടു സ്റ്റാക്കുള്ള മുതലാളിമാരോട് കുറഞ്ഞ വിലയ്ക്ക് തൊണ്ടു കൊടുക്കണമെന്നു പറയുമ്പോൾ അവർ ഭരണഘടനയുടെ മറവിൽനിന്നും രക്ഷനേടാൻ ശ്രമിക്കും. ജനകീയാഭിലാഷങ്ങൾക്ക് ഇൻഡ്യൻ ഭരണഘടന കൂടെക്കൂടെ തടസ്സമുണ്ടാക്കുന്നു. ഭരണഘടനയ്ക്കകത്തുനിന്നുകൊണ്ടുതന്നെ ഗവണ്മെൻറിനു് ന്യായവില ഡിപ്പോകൾ സ്ഥാപിക്കാൻ വിഷമമുണ്ടാകയില്ലല്ലോ. കയറുതൊഴിലാളികളുടെ ആർദ്രതയുള്ള ഈ സഭ പാസ്സാക്കുമെന്നു ഞാൻ വിശ്വസിക്കുന്ന ഈ തുക ഇക്കാര്യത്തിനും ഉപയോഗപ്പെടുന്നതാണ്.

[ശ്രീ. യു. നീലകണ്ഠൻ]

അതുകൂടാതെ തൊഴിൽ ലഭിക്കാതെ കഷ്ടപ്പെടുന്ന കയറുൽപ്പാദന കേന്ദ്രങ്ങളിൽ ന്യായവില ഡിപ്പോകൾ സ്ഥാപിച്ചാലും തൊഴിൽ ലഭിക്കാത്ത തൊഴിലാളികൾക്ക് സബ്സിഡി നൽകി കുറച്ചുകാലത്തേയ്ക്കെങ്കിലും അവരുടെ പട്ടിണി പരിഹരിക്കുന്നതിനും സാധിക്കും. അതിനും ഈ പതിനഞ്ചുലക്ഷം രൂപയിൽനിന്നും നമുക്കു വിനിയോഗിക്കാം. ഇന്നാണെങ്കിൽ കയറുൽപ്പാദകർ സംഘടിതമായി നിന്നുകൊണ്ട് തൊഴിലാളികൾക്ക് മിനിമംവേജസ് ആക്റ്റിൽ പറയുന്ന കൂലി കൊടുക്കാൻ വിസമ്മതിച്ചും, കഷ്ടപ്പെടുന്ന തൊഴിലാളികളെക്കൊണ്ട് കുറഞ്ഞ കൂലിക്കുതന്നെ വേലചെയ്യിച്ചിട്ട് ഉൽപ്പാദകർ ഒരു രൂപ പറ്റിയതായി എഴുതിവാങ്ങിപ്പിച്ചും കഴിയുകയാണ്. ഞാൻ ഇവിടെ പറഞ്ഞ രീതിയിൽ ഈ പതിനഞ്ചുലക്ഷം രൂപ തൊഴിലാളികൾക്കു വേണ്ടി വിനിയോഗിക്കുകയാണെങ്കിൽ മിനിമം വേജസ് പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് യാതൊരു വൈഷമ്യവും ഉണ്ടാകുന്നതല്ല. ചില്ലറ മരാമത്തുകൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്.

ഈ റസലൂഷനെ സംബന്ധിച്ച് സഖാവ് മജീദ് ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. അതിൽ പറയുന്ന കാര്യങ്ങളോട് ഞാൻ യോജിക്കുകയാണു ചെയ്യുന്നത്. മിനിമംവേജസ്സനുസരിച്ചുള്ള കൂലി കൊടുക്കാത്ത ഉൽപ്പാദകരുടെ പേരിൽ കർശനമായ നടപടി നടത്താൻ വേണ്ട വ്യവസ്ഥകൾ വേണം. തൊണ്ടുടമകളായ ഉൽപ്പാദകരുടെ പരാക്രമത്തിൽ നിന്നും തൊഴിലാളികളെ രക്ഷപ്പെടുത്താൻ നിലവിലുള്ള നിയമങ്ങൾക്ക് സാദ്ധ്യമല്ലാതെയാണിന്നിരിക്കുന്നത്. എല്ലാം കർശനമായി നടത്തത്തക്കവണ്ണം വേണ്ടതു ചെയ്യുന്നതിന് ഈ ഗവണ്മെൻറ് സന്നദ്ധമാണെങ്കിൽ ഈ കയർ തൊഴിലാളികളുടെ നില അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും.

സർ, മിനിമംവേജസ് പ്രഖ്യാപനം ഉണ്ടായതിനുശേഷം ഈ ഗവണ്മെൻറിൻെറ പേരിൽ ജനങ്ങൾക്കൊരു തെററിദ്ധാരണയുണ്ടായിട്ടുണ്ട്. തീരപ്രദേശങ്ങളിലെ പാവപ്പെട്ട തൊഴിലാളികളുടെ കാര്യം അത്ര കാര്യമായി ഗൗനിക്കേണ്ട ഒന്നല്ല എന്നുള്ള കാൺഗ്രസ്സ് ഗവണ്മെൻറിൻെറ പാരമ്പര്യം പി. എസ്. പി. യും തുടർന്നുവരുന്നു എന്നാണ്. ഈ തീരപ്രദേശത്തുള്ളവർ 'മിനിമംവേജസ്സിൻെറ പേരിൽ തമ്മിൽ അടിച്ചു മരിക്കുന്ന ഒരു ഘട്ടത്തിലേയ്ക്കാണ് ഇന്നെത്തിച്ചേർന്നിരിക്കുന്നത്. ഇന്നത്തെ പി. എസ്. പി. ഗവണ്മെൻറ് ഈ തെററിദ്ധാരണ നീക്കുന്നതിന്—ഈ മിനിമംവേജസ് ഇംപ്ലിമെൻറ് ചെയ്യുന്നത് ആത്മാർത്ഥതയോടുകൂടിയല്ല എന്ന തെററിദ്ധാരണ ഇല്ലാതാക്കുന്നതിന്—ഈ 15 ലക്ഷം രൂപ ചെലവാക്കുന്നതിന് ഗവണ്മെൻറ് സന്നദ്ധമാണെന്നു കാണിക്കേണ്ടതാണ്. അതിന് ഈ പ്രമേയം സഭ അംഗീകരിച്ച് ഇതു ഫലപ്രദമാക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയും, അതിന് ഈ നിയമസഭയിലെ അംഗങ്ങൾ എല്ലാം എനിക്കു പിൻതുണ നൽകണമെന്നുള്ള വിനീതമായ അഭ്യർത്ഥനയോടുകൂടിയും, സഖാവ് മജീദ് എം. എൽ. എ. യുടെ ഭേദഗതിയെ ഞാൻ അനുകൂലിച്ചുകൊണ്ടും ഈ പ്രമേയം സഭയുടെ മുൻപാകെ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. ഹാർമിസ്: ഈ പതിനഞ്ചുലക്ഷം എന്നു ക്ലിപ്തപ്പെടുത്തിയതു് എന്തു മാനദണ്ഡത്തിലാണ്?

ശ്രീ. യു. നീലകണ്ഠൻ: ഈ പറഞ്ഞ കാര്യങ്ങൾക്കെല്ലാം ഇങ്ങനെ 15 ലക്ഷം രൂപ വിനിയോഗിക്കണമെന്നേയുള്ളൂ.

ശ്രീ. കെ. പി. ഹാർമ്സ്: അതിൽ കൂടുതലാകുന്നതിനു വിരോധമുണ്ടോ?

ശ്രീ. യു. നീലകണ്ഠൻ: ഒരു വിരോധവുമില്ല. കൂടുന്തോറും കൂതജ്ഞത ഏറും.

ശ്രീ. ടി. എ. മജീദ്: സർ, ശ്രീ. യു. നീലകണ്ഠൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന്റെ ഒടുവിൽ താഴെ കാണുന്ന ഭേദഗതി കൂടി ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. "അതേ അവസരത്തിൽ മിനിമം വേജസ് നോട്ടിഫിക്കേഷൻ പുറപ്പെട്ടു വന്നതിനുശേഷവും അതു് ഊർജ്ജിതമായി നടപ്പിലാക്കാത്തതിനെ തുടർന്നു തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ടാകത്തക്ക ഒരു സാഹചര്യം സംജാതമായതിൽ ഈ സഭയ്ക്കുള്ള ഉൽക്കണ്ഠ രേഖപ്പെടുത്തുകയും, 1954 ഡിസംബർ ഒന്നാംതീയതി മുതൽ മിനിമം വേജസ് കൊടുക്കാത്ത ഉൽപ്പാദകരുടെ മേൽ നിയമം അനുസരിച്ചുള്ള ശിക്ഷണനടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്നും കയർ മിനിമം വേജസ് സാർവ്വത്രികമായി നടപ്പിലാക്കത്തക്ക വിധം കർശന നടപടികൾ ഉടനടി നടത്തണമെന്നും ഈ സഭ അഭിപ്രായപ്പെടുകയും ചെയ്യുകൊള്ളുന്നു."

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. ടി. എ. മജീദ്: സർ, കയർ മിനിമം വേജസ് നോട്ടിഫിക്കേഷൻ നവംബർ 23-ാംതീയതിയാണ് പുറപ്പെടുവിച്ചതു്. ഡിസംബർ ഒന്നാംതീയതിമുതൽ മിനിമം വേജസ് കൊടുക്കണമെന്നായിരുന്നു അതിൽ പറഞ്ഞിരുന്നതു്. ഗവണ്മെന്റ് നോട്ടിഫിക്കേഷൻ നടപ്പിൽ വരുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നു മന്ത്രി ഉറപ്പുപറഞ്ഞിട്ടുണ്ടു്. ഇപ്പോൾ കയർ കേന്ദ്രങ്ങളിലെ സ്ഥിതി എന്താണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു അറിയാമോ? കയർ കേന്ദ്രങ്ങളിൽ മിക്കവാറും സ്ഥലങ്ങളിൽ ഗവണ്മെന്റ് നോട്ടിഫിക്കേഷൻ അനുസരിച്ചു് തൊഴിലാളികൾക്കു മിനിമം വേജസ് ആവശ്യപ്പെട്ടതിനെത്തുടർന്നു് പിരിച്ചുവിടലും തൊഴിൽസ്തംഭനവും പോലീസിന്റെയും ഗുണ്ടാകളുടേയും മർദ്ദനങ്ങളും ആണു് തൊഴിലാളികൾക്കു് നേരിടേണ്ടിവന്നിരിക്കുന്നതു്. പല സ്ഥലത്തും മുതലാളിമാർ ഗുണ്ടാകളുടേയും പോലീസിന്റെയും സഹായത്തോടുകൂടി ശക്തമായ തൊഴിലാളിമർദ്ദനം തുടർന്നുവരികയാണു്. മാത്രവുമല്ല, മിനിമം വേജസ് ആവശ്യപ്പെടുന്ന തൊഴിലാളികളുടെ പേരിൽ കള്ളക്കേസുകൾ ഉണ്ടാക്കി മർദ്ദനങ്ങൾ നടത്തുന്നുമുണ്ടു്.

ഡിസംബർ ഒന്നാംതീയതി മുതൽ മിനിമം വേജസ് കൊടുക്കണമെന്നുള്ള നോട്ടിഫിക്കേഷൻ നടപ്പിൽ വരുത്തുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരുന്നുവെങ്കിലും മുതലാളിമാർ അതു് നടപ്പിലാക്കാതിരുന്നതുകൊണ്ടു് ഡിസംബർ 9-ാംതീയതി ലേബർ മന്ത്രിയെ കണ്ടു് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷം ഇതുവരെ തൊഴിലാളികൾക്കു് മിനിമം വേജസ് ലഭിച്ചിട്ടില്ലെന്നു മാത്രമല്ല, മുതലാളിമാർ പണി നിറുത്തിവച്ചിരിക്കുന്നതായും അദ്ദേഹത്തെ ധരിപ്പിച്ചു. ഉൽപ്പാദ

[ശ്രീ. ടി. എ. മജീദ്]

കരായ മുതലാളിമാരുടെ ഒരു കാൺഫറൻസ് ഉടനെ വിളിച്ചുകൂട്ടി അതിനെപ്പററി വേണ്ടതു ചെയ്യാമെന്നു മന്ത്രി ഉറപ്പ് പറഞ്ഞതനുസരിച്ച് ഡിസംബർ 16-ാംതീയതി കാൺഫറൻസ് വിളിച്ചുകൂട്ടി. ആ കാൺഫറൻസിൽ തീരുമാനിക്കുകയുണ്ടായി ഒരു കമ്മിററിയെ നിയമിച്ച് ഇതു സംബന്ധിച്ചു കുഴപ്പങ്ങൾ പരിഹരിക്കാമെന്ന്. കമ്മിററിയെ നിയമിക്കുന്ന കാര്യത്തിൽ മന്ത്രി അനുകൂലിക്കുന്ന ഭാവം കണ്ടപ്പോൾ, നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള മിനിമം വേജസ് നടപ്പിലാക്കാതിരിക്കുന്നതിനാണോ ഒരു പുതിയ കമ്മിററി നിയമിക്കുന്നതെന്നു അദ്ദേഹത്തോടു വ്യക്തമായി ചോദിക്കുകയുണ്ടായി. അങ്ങനെയൊന്നുമല്ല, എല്ലാ ഉൽപ്പാദകരും മിനിമം വേജസിന്റെ അടിസ്ഥാനത്തിൽ കൂലി കൊടുക്കണം എന്ന ഉദ്ദേശത്തോടുകൂടിത്തന്നെയാണു പുതിയ കമ്മിററിയെ നിയമിക്കുന്നതെന്നു അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

സർ, ആ കമ്മിററി വളരെ ദോഷമാണ് തൊഴിലാളികളോടു ചെയ്തിട്ടുള്ളതെന്നു കാണുന്നു. പരവൂർ മുതൽ ചിറയിൻകീഴുവരെയുള്ള തീരപ്രദേശങ്ങളിൽ കമ്മിററി വിളിച്ചുകൂട്ടിയെങ്കിലും കമ്മിററിയുടെ തീരുമാനം മുതലാളിമാർ അവർക്കു അനുകൂലമായി വ്യാഖ്യാനിച്ച് കൂലി കൊടുക്കുന്ന കാര്യത്തിൽ വീണ്ടും അമാന്തം കാണിക്കുകയാണുണ്ടായതു്. ഈ വിവരം ലേബർ കമ്മീഷണരേയും, ഡപ്യൂട്ടി ലേബർ കമ്മീഷണരേയും ധരിപ്പിക്കുകയും, ഉടനടി ഒരു താൽക്കാലിക പ്രസ്സ്നോട്ടുമൂലം മിനിമം വേജസ് നൽകേണ്ടതാണെന്നു ആവശ്യപ്പെടുകയും ചെയ്തു. അടുത്ത ദിവസംതന്നെ ഒരു പ്രസ്സ് റിലീസ് ഇറക്കാം എന്നു സമ്മതിച്ചെങ്കിലും അങ്ങനെ സംഭവിച്ചില്ല. മന്ത്രി വിളിച്ചുകൂട്ടി നിശ്ചയിച്ച കമ്മിററി വീണ്ടും ദോഷകരമായിത്തീരുന്നതുകണ്ടു ഖണ്ഡിതമായ ഒരു പ്രസ്സ്നോട്ടിറക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയെക്കണ്ടു പറഞ്ഞു. രണ്ടുമൂന്നു ദിവസം കഴിഞ്ഞതിനുശേഷം, ഗവണ്മെൻറിൽനിന്നും എല്ലാ ഉൽപ്പാദകരും മിനിമം വേജസ് അനുസരിച്ചുള്ള കൂലി നൽകേണ്ടതാണെന്നു ഒരു പ്രസ്സ് നോട്ടിറക്കി. അതിനുശേഷവും തെററിദ്ധാരണകളും കുഴപ്പങ്ങളും ഉണ്ടാക്കി മുതലാളിമാർ വേണ്ടപോലെ ഗവണ്മെൻറുത്തരവിനെ നിഷേധിക്കുകയാണു സർ. എന്തിനാണു ഇങ്ങനെയൊരു കമ്മിററിയെ നിയമിച്ചതു്? വളരെ തെളിവുകൾ ശേഖരിച്ചും, പല സ്ഥലത്തും സഞ്ചരിച്ചും കയർ വ്യവസായകേന്ദ്രങ്ങളിൽ ചെന്നു് അതാതു സ്ഥലത്തെ കയറുൽപ്പാദനവിധവും, കയറിന്റെയും, തൊണ്ടിന്റെയും മററും വിലയും, മററുസ്ഥിതിവിവരങ്ങളും മനസ്സിലാക്കി സമഗ്രമായി തയ്യാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടാണിതു്. ആ മിനിമം വേജസ് നടപ്പിലാക്കാൻ ഗവണ്മെൻറു തയ്യാറാകുമ്പോൾ, അതു സംബന്ധിച്ചു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടും ഇനിയും അതു പ്രയോഗത്തിൽ വരുത്താൻ കൂട്ടാക്കാത്ത മുതലാളിമാരുടെ മേൽ യാതൊരു നടപടിയും എടുക്കാൻ തയ്യാറില്ലാത്ത ഗവണ്മെൻറു എങ്ങനെയാണു സർ, തൊഴിലാളികളെ സംരക്ഷിക്കുന്നതു്? ഗവണ്മെൻറുത്തരവു് നടപ്പിലാക്കാതിരിക്കാൻ കൃത്രിമമായ പല വ്യാഖ്യാനങ്ങളും ദുഷ്പ്രചാരണങ്ങളും നടത്തി മുതലാളിമാർ സൗകര്യമായി ലാക്കൗട്ടും, പിരിച്ചുവിടലും നടത്തുകയാണു്. വീണ്ടും ഒരു മിനിമം വേജസ് കമ്മിററി നിയമിച്ചിട്ടുണ്ടു്, പുതുതായി ഒരു മിനിമം വേജസ് നടപ്പിൽ വരും എന്തെല്ലാം പറഞ്ഞുപരത്തി അവർ തൊഴിലാളികളെ മനഃപൂർവ്വം ഉപദ്ര

വിക്കുകയാണ്. തീരപ്രദേശങ്ങളിൽ പലടത്തും വളരെ സാരമായ അക്രമങ്ങളും അനിഷ്ടസംഭവങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മുതലാളിമാരും പോലീസുകാരും ഗുണ്ടാകളും ചേർന്ന തൊഴിലാളികളെ പിരിച്ചുവിടാനും, ഉപദ്രവിക്കാനും, കള്ളക്കേസുണ്ടാക്കാനും തുടങ്ങിയാൽ തൊഴിലാളി വിഷമിക്കുകയെ നിവൃത്തിയുള്ളു. പോലീസുകാരുടെയും, ഗുണ്ടാകളുടെയും അക്രമങ്ങൾ വക്കത്തും കടയ്ക്കാവൂരും ഉണ്ടായിട്ടുള്ളതായി നേരിട്ടറിയാം. കടയ്ക്കാവൂർ പോലീസുകാരുടെ മർദ്ദനമേററു ഓടി ഒരു വീട്ടിൽ കയറിയ തൊഴിലാളിയെ വലിച്ചിഴച്ചു റോഡിലിട്ട് ചവിട്ടിയതായി ഇൻസ്പെക്ററരുടെ മേൽ പരാതി ഐ. ജി-യെ അറിയിച്ചപ്പോൾ അന്വേഷണത്തിന് എ. എസ്. പി-യെ അയച്ചു. എ. എസ്. പി. സ്ഥലത്തുവന്നു പലരുടെയും മൊഴിവാങ്ങി. ശ്രീ. ഭരതൻ എം. എ-യും മററു പലരും മൊഴികൊടുത്തിട്ടുണ്ട്. സർ, ഇതുപോലുള്ള സംഭവം വക്കത്തു മാത്രമല്ല മററു പലടത്തും ഉണ്ടാകുന്നുണ്ട്. അഞ്ചുതെങ്ങിൽ സമാധാനപരമായി സത്യഗ്രഹം നടത്തിയ ഒരു തൊഴിലാളിയുടെ കാലിൽപിടിച്ച് ഒരു ഫർലാംഗ് ദൂരംവരെ വലിച്ചിഴച്ചതിനുശേഷം, പോലീസ് ലാക്കറ്റിൽ വച്ചും മർദ്ദിക്കുകയുണ്ടായി. പോലീസ് മാത്രമല്ല, ഗുണ്ടാകളും ചേർന്നാണു ഈ മർദ്ദനം നടത്തിയതു്. സമാധാനപരമായ ജാഥ നയിച്ചു ഒരു സംഘം തൊഴിലാളികളുടെ നേരെ കണിയാപുരത്തുവച്ച് കഴക്കൂട്ടം പോലീസ് ഒരാക്രമണം നടത്തി വലിയ കുഴപ്പങ്ങൾ സൃഷ്ടിക്കുകയുണ്ടായി. സംഭവത്തിനുശേഷം സ്ഥലം സന്ദർശിച്ചപ്പോൾ മുറിവുകളും പാടുകളും ഏററ എഴെട്ടുപേർ റോഡിൽത്തന്നെ കിടക്കുന്നതു് കണ്ടു. കൂടാതെ, കയർ യൂണിയൻ സെക്രട്ടറി മുതൽപേരെ ഇൻസ്പെക്ററരും പോലീസുകാരും, ഗുണ്ടാകളും ചേർന്ന ദേഹോപദ്രവമേൽപ്പിക്കുകയും പതാക നശിപ്പിച്ച് അവരുടെ വളർന്നുവരുന്ന പ്രസ്ഥാനത്തെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുകയുണ്ടായി. സർ, ഗവണ്മെൻറിനോടു ഞാൻ ചോദിക്കുന്നു, ഈ അക്രമങ്ങൾ എവിടെയെങ്കിലും തൊഴിലാളികളുടെ ഭാഗത്തുനിന്നും ആദ്യമായി പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടോ എന്ന്. സർ, ഞാൻ ഗവണ്മെൻറിനെ വെല്ലുവിളിക്കുന്നു. തൊഴിലാളികളുടെ ഭാഗത്തുനിന്നും പ്രകോപനപരമായ, അക്രമപരമായ ഒരു പെരുമാററം എവിടെയെങ്കിലും ഈ മിനിമംവേജസ് നടപ്പിലാക്കണമെന്നുള്ള അവകാശവാദത്തിൻെറ പേരിൽ ഉണ്ടായിട്ടുണ്ടോ എന്ന്. ഗവണ്മെൻറ നോട്ടിഫിക്കേഷനിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ നാട്ടിൻെറ നന്മയ്ക്കുവേണ്ടി നടപ്പിലാക്കാൻ ആവശ്യപ്പെടുമ്പോൾ, ഗവണ്മെൻറ നിയമം അനുസരിക്കാൻ പറയുമ്പോൾ ഇങ്ങനെ മുതലാളിമാർ പോലീസിൻെറയും ഗുണ്ടാകളുടെയും സഹായത്തോടുകൂടി തൊഴിലാളികളെ ഉപദ്രവിക്കാനും, ജോലിയിൽനിന്നും പിരിച്ചുവിടാനും മുതിരുന്നതു ശിക്ഷാർഹമല്ലേ, അങ്ങനെ കുററം ചെയ്തിട്ടുള്ള ആരെയെങ്കിലും ഗവണ്മെൻറ കണ്ടുപിടിച്ചു ശിക്ഷിച്ചിട്ടുണ്ടോ എന്നറിയാനും ഞാനാഗ്രഹിക്കുന്നു. മിനിമം വേജസ് നോട്ടിഫിക്കേഷൻ യഥാർത്ഥത്തിൽ തൊഴിലാളികളുടെ ക്ഷേമത്തെ കരുതി ഗവണ്മെൻറ നടപ്പിലാക്കാനുള്ള ആത്മാർത്ഥതയോടുകൂടി പുറപ്പെടുവിച്ചിട്ടുള്ളതാണെങ്കിൽ, എന്തുകൊണ്ട് അതു അനുസരിക്കാത്ത മുതലാളിമാരുടെ പേരിൽ ശിക്ഷണനടപടികൾ നടത്തി ഗവണ്മെൻറ ഉത്തരവു അർഹിക്കുന്ന പ്രാധാന്യം നൽകി അംഗീകരിപ്പിക്കുന്നില്ല? സർ, ഇതിൽനിന്നും ഞങ്ങൾ മനസ്സിലാക്കുന്നതു ഗവണ്മെൻറ ആത്മാർത്ഥമായ ഉദ്ദേശത്തോടുകൂടിയല്ല ഈ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയതെന്നാണ്. സർ, ഇതു സംബന്ധിച്ചു ചെറിയ ചെറിയ പരാ

[ശ്രീ. ടി. എ. മജീദ്]

തികൾ ഇരുന്നൂറും, മുന്നൂറും പരാതികൾ ലേബർ ഡിപ്പാർട്ടുമെൻറിലേയ്ക്കു ചിറയിൻകീഴിൽനിന്നും തൊഴിലാളികൾ അയച്ചിട്ടുണ്ട്. അതിനെപ്പററിയൊന്നും യാതൊരു നടപടിയും നടത്തിയിട്ടില്ല. തൊഴിലാളികളുടെ സംരക്ഷണത്തിനും ഉൽപ്പുഷ്ടിക്കും നിലകൊള്ളുന്ന ഒരു ഡിപ്പാർട്ടുമെൻറ് ഈ വക പരാതികളിന്മേൽ മൗനം ദീക്ഷിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഗവണ്മെൻറിന്റെ നോട്ടിഫിക്കേഷൻ ആത്മാർത്ഥമായി നടപ്പിലാക്കാനായിട്ടാണു് പുറപ്പെടുവിച്ചിട്ടുള്ളതെങ്കിൽ, നിയമലംഘനം നടത്തിയിട്ടുള്ള മുതലാളിമാരുടെ മേൽ നടപടി നടത്തേണ്ടതല്ലേ? അങ്ങനെ ഏതെങ്കിലും ഒരു സംഭവമുണ്ടായിട്ടുള്ളതായി അറിയാമോ?

സർ, തൊണ്ടിന്റെ വിലയും, കയറുൽപ്പാദനം സംബന്ധിച്ച മററു വിവരങ്ങളും സഖാവു യു. നീലകണ്ഠൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. മിനിമം വേജസ് നടപ്പിലാക്കിയാൽ ഉൽപ്പാദകർക്കു നഷ്ടം നേരിടുമെന്നാണു പരാതി. അഞ്ചുതെങ്ങു കയറിന് 310 രൂപ വിലയുണ്ടായിരുന്നതിന് ഇപ്പോൾ 350 രൂപവരെ വില ഉയർന്നിട്ടുണ്ട്. ഈയവസ്ഥയിലും മിനിമം വേജസ് കൊടുക്കാൻ ചിറയിൻകീഴിലെ മുതലാളിമാർ കൂട്ടാക്കുന്നില്ല. നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടും മുതലാളിമാർ ഗവണ്മെൻറുത്തരവു പാലിക്കാതിരുന്നിട്ടും അവരുടെമേൽ ഗവണ്മെൻറു യാതൊരു നടപടിയും എടുക്കുന്നില്ലെന്നു അവർക്കു ബോദ്ധ്യപ്പെട്ടതുകൊണ്ടല്ലേ ഇങ്ങനെ നിയമലംഘനം നടത്തുന്നതു്? ഏതെങ്കിലും ഒരു മുതലാളിയുടെ പേരിൽ നടപടി നടത്തി ശിക്ഷിച്ചാൽ ഈ കുഴപ്പം പരിഹരിക്കപ്പെടുകയില്ലേ? അങ്ങനെ നിയമം ലംഘിക്കുന്നവർ ആരായിരുന്നാലും ശിക്ഷിക്കുന്നതാണെന്നും, നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള മിനിമം വേജസ് എല്ലാവരും നൽകിക്കൊള്ളണമെന്നും ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ ഒരു പ്രഖ്യാപനം ചെയ്താൽ മതി, തൊഴിലാളികൾ ശരിയായ കൂലി വാങ്ങിക്കൊള്ളാം.

സർ, ഈ മിനിമം വേജസ് നടപ്പിലാക്കാൻ പെരിനാട്ടു ഒരു സത്യഗ്രഹം തുടങ്ങിയിട്ടു ഇന്നു പത്തുദിവസമായി. ലേബർ മന്ത്രിയോടു ഞാൻ ചോദിക്കുകയാണ്; ഇങ്ങനെയൊരു ദുർവ്വിധിയുണ്ടായല്ലോ ഈ നാട്ടിലെ പാവരന്മാർക്ക് ഗവണ്മെൻറിന്റെ ഉത്തരവു ഒരുകൂട്ടം മുതലാളിമാരെക്കൊണ്ടു അനുസരിപ്പിക്കാൻ നിരാഹാരസത്യഗ്രഹം നടത്തേണ്ടിവരികി? ഇതു ഗവണ്മെൻറിനു അഭിമാനകരമാണോ? ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ ഖണ്ഡിതമായ ഒരു പ്രഖ്യാപനം ഈ സഭയിൽ നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

ലേബർ ഡിപ്പാർട്ടുമെൻറു ഈവകകാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്നുണ്ട്. മോട്ടോർ വർക്ക്ഷോപ്പുകൾക്കും മിനിമം വേജസ് നടപ്പിലാക്കിയിട്ടുണ്ട്. പക്ഷെ മിനിമം വേജസ് നടപ്പിലാക്കിയതോടെ വളരെ സർവ്വീസുള്ളവരെക്കൂടി ജോലിയിൽനിന്നും പിരിച്ചുവിടുന്ന ഒരു നയമാണു മുതലാളിമാർ സ്വീകരിച്ചിരിക്കുന്നതു്. അക്ടോബർ 15-ാംതീയതിമുതൽ മോട്ടോർ വർക്ക്ഷോപ്പിനു മിനിമം വേജസ് നൽകാനാണു തീരുമാനിച്ചിരിക്കുന്നതു്. തിരുവനന്തപുരത്തും, ചിറയിൻകീഴിലും മോട്ടോർ വർക്ക്ഷോപ്പിന്റെ ഇടയിലും അസ്വാസ്ഥ്യമാണിന്നു നിലവിലുള്ളതു്. മുതലാളി

മാർ കർശനമായ പിരിച്ചുവിടലും, ലാക്കൗട്ടുകളും കൊണ്ടു ഗവണ്മെൻറത്തരവുകളെ നേരിടുകയാണു ചെയ്യുന്നതു്. തൊഴിലാളികളുടെ നന്മയെന്നു പറഞ്ഞു ഗവണ്മെൻറു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവുകൾ ഇങ്ങനെ മുതലാളിമാർ ലംഘിക്കുന്നതു ലേബർ ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടു യാതൊരു നടപടിയും നടത്താത്തതിൽ ഡിപ്പാർട്ടുമെൻറിൻെറ അനാസ്ഥയല്ലേ സർ തെളിഞ്ഞുകാണുന്നതു്?

ഡിസംബർ 1-ാംതീയതി മുതൽ മിനിമം വേജസ് കൊടുക്കണമെന്നു ഗവണ്മെൻറത്തരവുണ്ടായപ്പോൾ, നവംബർ 28-ാംതീയതി നോട്ടീസു് കൊടുത്തതു് ഡിസംബർ 1-ാംതീയതിമുതൽ ജോലിയിൽനിന്നും പിരിച്ചുവിട്ടിരിക്കുന്നതായിട്ടാണു്. സർ, ഈ തരത്തിലുള്ള നിഷേധരൂപത്തിലുള്ള പ്രവർത്തനങ്ങൾ തുടരാതിരിക്കാൻ ഗവണ്മെൻറു ഊർജ്ജിതമായി നടപടി നടത്തണം. പിരിച്ചുവിടപ്പെട്ടവരെയെല്ലാം ജോലിയിൽ പ്രവേശിപ്പിക്കണം. ഡിസംബർ 1-ാംതീയതിമുതൽ മിനിമം വേജസ് എല്ലാവരും കൊടുക്കത്തക്കവണ്ണം ഗവണ്മെൻറത്തരവു ഊർജ്ജിതപ്പെടുത്തണം. ഉത്തരവിനെ ലംഘിക്കുന്ന മുതലാളിമാരുടെ മേൽ കർശനമായ ശിക്ഷണനടപടി നടത്തണം. തൊഴിലാളികളുടെ പേരിൽ ഇതുസംബന്ധിച്ചു എടുത്തിട്ടുള്ള എല്ലാവിധ കള്ളക്കേസുകളും പിൻവലിപ്പിക്കണം. ഈ ആവശ്യങ്ങൾ ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു മി. നീലകണ്ഠൻെറ പ്രമേയത്തിനു് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെംബർ ശ്രീ. നീലകണ്ഠൻെറ പ്രമേയത്തിൻെറ തത്വത്തോടും ശ്രീ. മജീദിൻെറ ഭേദഗതിയോടും ഞാൻ യോജിക്കുന്നു. മിനിമം വേജസ് ആക്ററുതന്നെ ഉണ്ടായിട്ടുള്ളതു് അസംഘടിതരായ തൊഴിലാളികൾക്കു് കൂലി നിശ്ചയിക്കാനും അതനുസരിച്ചു് അവർക്കു് കൊടുപ്പിക്കാനുമാണു്. സംഘടിത തൊഴിലാളികൾ അവരുടെ സംഘടനാശക്തിക്കൊണ്ടു് കൂലി വാങ്ങിച്ചുകൊള്ളും; ആ നിലയിൽ മിനിമം വേജസ് ആക്ററിൻപ്രകാരം നിശ്ചയിക്കുന്ന കൂലി ഈ രാജ്യത്തിൽ മുതലാളിമാർ കൊടുക്കുന്നുണ്ടോയെന്നു പരിശോധിക്കേണ്ടതും കൊടുപ്പിക്കേണ്ടതും ഗവണ്മെൻറിൻെറ ചുമതലയാണു്. ആ ചുമതല വേണ്ടിടത്തോളം നിർവ്വഹിക്കുന്നില്ലെന്നുള്ള പരാതി മിക്കവാറും എല്ലാ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടു്. കയർവ്യവസായവുമായി സംബന്ധിച്ചാണെങ്കിൽ ഇന്നു് നിശ്ചയിച്ചിട്ടുള്ള കൂലി മററു വ്യവസായങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ വളരെ തുച്ഛമാണെന്നു പറയാതെ തരമില്ല. ഇങ്ങനെ ഉണ്ടാകാനുള്ള പ്രത്യേക കാരണം ഈ വ്യവസായത്തിൻെറ പരിതസ്ഥിതിയാണു്. മിനിമംവേജസ് കമ്മററിയിലെ ഒരംഗമായിരുന്ന എനിക്കു് ആ കമ്മററി നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ് കൊടുക്കാൻ മുതലാളിമാർ വിസമ്മതിക്കുന്നതിൻെറ കാരണം മനസ്സിലാകുന്നില്ല. കമ്മററി ഇതിനെപ്പററി അവഗാഢമായി ചർച്ചചെയ്തതിനു ശേഷം, എല്ലാഭാഗത്തു നിന്നും തെളിവുകൾ ശേഖരിച്ചതിനുശേഷം നിശ്ചയിച്ച മിനിമം വേജസ് തൊഴിലാളി പ്രതിനിധികളുടെ അഭിപ്രായത്തെ ആദരിച്ചല്ല, മറിച്ചു് മുതലാളിപ്രതിനിധികളുടെ അഭിപ്രായത്തെ ആദരിച്ചാണു്. മുതലാളിമാരുടെ അഭിപ്രായങ്ങളുമായി അക്കാര്യത്തിൽ സംഘട്ടനം കൂടാതെ കഴിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി തൊഴിലാളിപ്രതിനിധികൾ ചില വിട്ടുവീഴ്ചകൾ ചെയ്തുകൊ

[ശ്രീ. കെ. കരുണാകരൻ]

ണ്ടാണ് ആ തീരുമാനത്തിലെത്തിയതു്. അവർ വളരെ വേദനയോടു കൂടിയാണ് ഇപ്പോഴത്തെ മിനിമംവേജസ് സമ്മതിച്ചതു്. എങ്കിലും അങ്ങനെ ചെയ്യുതിൽ അവക്ക് ഒരാശ ഉണ്ടായിരുന്നു. ഈ വ്യവസായത്തിന് തകർച്ച ഉണ്ടാകാതിരിക്കാനും ഉള്ള കൂലി കിട്ടുവാനും അതു് മുതലാളിമാർ ശരിയായി കൊടുക്കുവാനും സാധിക്കുമല്ലോ എന്നു വിചാരിച്ചു. അങ്ങനെ അവശ്യം ചിന്തിച്ചതിനു ശേഷം റിപ്പോർട്ട് സമർപ്പിച്ചു. അതുകഴിഞ്ഞു് വളരെകാലം കഴിഞ്ഞതിനു ശേഷമാണ് അതിന്മേൽ ഗവണ്മെൻറ് ഉത്തരവ് പുറപ്പെടുവിച്ചതു്. ഉത്തരവു പുറപ്പെടുവിച്ചപ്പോൾ വേണ്ടിടത്തോളം സമയം ഉണ്ടായില്ലെന്നാണ് പലരുക്കെ കേൾക്കുന്ന ആവലാതി. കഴിഞ്ഞ ആഗസ്റ്റ് മാസത്തിലോ ജൂലൈ ആദ്യത്തിലോ ആണ് മിനിമംവേജസ് കമ്മിററി റിപ്പോർട്ട് ലഭിച്ചതെന്ന് ഒരു ചോദ്യം ചോദിച്ചപ്പോൾ ഗവണ്മെൻറ്ഭാഗത്തുനിന്നു പറയുകയുണ്ടായി. അതിനുശേഷം ഡിസംബർ ഒന്നാംതീയതിയാണ്.....

ശ്രീ. പി. കെ. കുഞ്ഞു്: ഈ കമ്മിററി എപ്പോഴാണ് രൂപീകരിച്ചതു്?

ശ്രീ. കെ. കരുണാകരൻ: 1951-ൽ ആണെന്നാണ് എൻെറ ഓർമ്മ. അതുകൊണ്ടു് സമയം പോരെന്നുള്ള വാദം ശരിയല്ല.

ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ ഇത്രയും സമയം എടുത്തതിനു ശേഷം, അതു് പ്രസിദ്ധപ്പെടുത്തിയതിനു ശേഷം ഒരു സുപ്രഭാതത്തിൽ പറയുകയാണ് കൂലി കൊടുക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല എന്നു്. അന്നത്തെ നിലയിൽ ഉള്ള പച്ചത്തൊണ്ടിൻേറയും അഴുക്കത്തൊണ്ടിൻേറയും വിലയും അന്നത്തെ കയറിൻെറ വിലയും കമ്മിററി പരിചിന്തിച്ചിട്ടുണ്ട്. കയറിൻെറ വില കൂടുംതോറും കൂലിയും കൂടണമെന്നു തീരുമാനിച്ചതു് അതിൻെറ ഫലമാണ്. ഇതെല്ലാം പരിചിന്തിച്ചതിനു ശേഷം കമ്മിററി ഏററവും കുറഞ്ഞ കൂലി നിശ്ചയിച്ചു. ആ കൂലി കൊടുക്കുവാൻ മടിക്കുന്ന മുതലാളിമാരുടെ മേൽ യാതൊരു ദയാദാക്ഷിണ്യവും കൂടാതെ നടപടികളെടുക്കണമെന്നാണ് ഞാൻ പറയുന്നതു്. മിനിമം വേജസിൻപ്രകാരം ശമ്പളം കൊടുക്കാതിരുന്നാൽ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിനെയാണ് തൊഴിലാളി സമീപിക്കുന്നതു്. ഈ ആക്ററ് അസംഘടിത തൊഴിലാളികൾക്കു വേണ്ടി നിർമ്മിച്ചിട്ടുള്ളതാണല്ലോ. അത്രക്കററിയിലെ ഒരു തൊഴിലാളിക്ക് കൊല്ലം ഡിസ്ട്രിക്ററ് കളക്ററരുടെ അടുക്കലാണ് മിനിമം വേജസ് കിട്ടാത്തതിനുവേണ്ടി കേസ് കൊടുക്കേണ്ടതു്. പൊതുവെ എല്ലാ തൊഴിലാളികളേയും ബാധിക്കുന്ന ഏററവും അസഹ്യകരമായ ഒരു സംഗതിയാണിതു്. ഓരോ തൊഴിലാളിയും കേസ് കൊടുക്കേണ്ടതാകുന്നു. അതു് അത്ര സുഗമമല്ല. ഇങ്ങനെയുള്ള തൊഴിലാളികൾക്ക് പ്രത്യേകിച്ചും സഹായകമായി നിൽക്കേണ്ടതു് സർക്കാരാണ്. ഈ വിഷയത്തിൽ സർക്കാർ അക്ഷന്തവ്യമായ അനാസ്ഥ കാണിക്കുന്നു എന്നു ഞാൻ പറഞ്ഞതിൽ അതു് കുററപ്പെടുത്താൻ പറയുകയല്ലെന്നു ധരിക്കണം. ഇന്നു് എല്ലാ വ്യവസായബില്ലുകളെപ്പററിയും മുതലാളിമാർക്ക് പൊതുവെ ഒരു ധാരണയുണ്ട്. ഇതൊന്നും നടപ്പിൽ വരാൻ പോകുന്നില്ലെന്നുള്ള ഒരു വിചാരമാണ അവർക്കുള്ളതു്. ഗവണ്മെ

ൻറിൻെറ കയ്യിലുള്ള സ്വാധീനശക്തി വിനിയോഗിച്ചുകൊണ്ടു് മുതലാളിമാർ ഈ നിയമത്തിൽ നിന്നെല്ലാം രക്ഷ നേടുന്നുണ്ടു്. തൊഴിലാളികൾക്കു് ന്യായമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നില്ലെന്നുമാത്രമല്ല, മുതലാളിമാക്കു് അനർഹമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നു എന്നുള്ളതാണു് ഗവണ്മെൻറിൻെറ തെററു്. ഏതുവിധത്തിലെങ്കിലും ഡിസംബർ ഒന്നാംതീയതി മുതൽ ബാക്കിയുള്ള കൂലി കൊടുപ്പിക്കാൻ ഗവണ്മെൻറു് കർശനമായ നടപടികൾ നടത്തണമെന്നും അതിനു സഹായകമായ നിലകൈക്കൊള്ളണമെന്നുമാണു് എനിക്കു് ഗവണ്മെൻറിനെ അറിയിക്കാനുള്ളതു്. കേന്ദ്രഗവണ്മെൻറും ഇങ്ങനെയുള്ള സഹായകമായ നിലകൈക്കൊള്ളുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : സർ, ബഹുമാനപ്പെട്ട മെംബർ ശ്രീ. നീലകണ്ഠൻ അവതരിപ്പിച്ച പ്രമേയത്തെയും ബഹുമാനപ്പെട്ട മെംബർ ശ്രീ. മജീദു് അവതരിപ്പിച്ച ഭേദഗതിയേയും ഞാൻ അനുകൂലിക്കുന്നു. കയർവ്യവസായത്തെ സംബന്ധിച്ചുള്ള മിനിമം വേജസ് ഇക്കഴിഞ്ഞ ഡിസംബർ ഒന്നാംതീയതി മുതൽ പ്രഖ്യാപിച്ചു. ആ പ്രഖ്യാപനം കയർ ഉൽപ്പാദനകേന്ദ്രങ്ങളിലെല്ലാം വളരെയേറെ അസ്വാസ്ഥ്യങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കുകയാണു് ചെയ്യുന്നതു്. ഗവണ്മെൻറിനു് അതറിയാം. തരകൻ കമ്മിററിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണു് ഈ പ്രഖ്യാപനംതന്നെ ഉണ്ടായതു്. തരകൻ കമ്മിററിയുടെ റിപ്പോർട്ടു് ഇരുപതിനായിരം രൂപയിൽപരം ചെലവാക്കി തെക്കൻ തിരുവിതാംകൂറിലെ മണവാളക്കുറിച്ചി മുതൽ തൃശ്ശൂരിലെ കുന്നുംകുളംവരെ പല സ്ഥലങ്ങളും സന്ദർശിച്ചു് വേണ്ട തെളിവുകൾ ശേഖരിച്ചു് സമർപ്പിച്ച ഒരു റിപ്പോർട്ടാണു്. റിപ്പോർട്ടു് ഗവണ്മെൻറിനു് സമർപ്പിച്ചു കഴിഞ്ഞിട്ടു് എത്രയോ വർഷങ്ങളും കഴിഞ്ഞു. 51-ലോ 52-ലോ ആണു് റിപ്പോർട്ടു സമർപ്പിച്ചതെങ്കിലും 54 ഡിസംബർ 1-ാംതീയതിയാണു് ഇതു് നടപ്പിലാക്കിയിരിക്കുന്നതായി പ്രഖ്യാപനം ഉണ്ടായതു്. ഗവണ്മെൻറു് നല്ലതു ചെയ്യുന്നുമെന്ന ഉദ്ദേശത്തോടുകൂടി പുറപ്പെടുവിച്ചിട്ടുള്ള ആ ഉത്തരവു് ഇന്നു മുതലാളിമാരേയും തൊഴിലാളികളേയും തമ്മിൽ ഒരു നല്ല സംഘട്ടനം നടക്കത്തക്ക രീതിയിൽ ഇടവരുത്തിയിരിക്കുകയാണു്. ഇന്നു വളരെയേറെ സമരങ്ങളും സത്യാഗ്രഹങ്ങളും ഘോഷയാത്രകളും ജാഥകളും ഒക്കെ നടന്നുകൊണ്ടിരിക്കുന്നു. ഇന്നലെവരെ കിട്ടിക്കൊണ്ടിരുന്ന കൂലി വാങ്ങി പണി ചെയ്തുകൊണ്ടിരുന്ന തൊഴിലാളികളും ഇന്നലെവരെ കൊടുത്തുകൊണ്ടിരുന്ന കൂലി തൃപ്തിയോടെ കൊടുത്തുകൊണ്ടിരുന്ന മുതലാളികളും തമ്മിൽ ഇന്നു വലിയ സമരങ്ങളും സംഘട്ടനങ്ങളും നടന്നുകൊണ്ടിരിക്കുകയാണു്. ഇതു് എന്തുകൊണ്ടു വന്നു? തരകൻകമ്മിററിയുടെ റിപ്പോർട്ടു് രണ്ടുവർഷക്കാലം അലമാരിയിൽ ഇരുന്നു എന്നല്ലാതെ ആ റിപ്പോർട്ടു വായിക്കാൻ സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാരോ മന്ത്രിമാരോ തയ്യാറായില്ല.

അതിനാൽ നല്ലതു ചെയ്യുന്നുമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്ത തീരുമാനം നേരെ വിപരീതമായ ഫലം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു് ഇപ്പോൾ. ഡിസംബർ ഒന്നാംതീയതി മുതൽ എല്ലാപേർക്കും മിനിമം വേജസ് കൊടുക്കണമെന്നു പ്രഖ്യാപിച്ചാൽ മാത്രംപോരാ, അങ്ങനെ കൊടുപ്പിക്കുന്നതിനുള്ള ഒരു ബാദ്ധ്യതകൂടി ഗവണ്മെൻറിനുണ്ടു്. കയർ പിരിപ്പിക്കുന്ന മുതലാളിമാരെക്കൊണ്ടാണു് കൂലി കൊടുപ്പിക്കേണ്ടതു്. പക്ഷെ

[ശ്രീ. പ്രാക്കുളം ഭാസി]

ഗവണ്മെൻറിനും അതു് ചെയ്യാൻപാടില്ലാത്ത പരിതഃസ്ഥിതി മുതലാളിമാർ സൃഷ്ടിച്ചിട്ടുണ്ടു്. മങ്ങാടൻ കയറും അഷ്ടമുടികയറും അഞ്ചുതെങ്ങു കയറും തമ്മിലെടുത്താൽ ഓരോന്നിൻെറയും യാർഡേജും കൂലിയും തമ്മിൽ നിലവിൽ ഇരുന്നിരുന്നതിൽ വ്യത്യാസമുണ്ടു്. ആ വ്യത്യാസത്തിനാസ്പദമായി മിനിമംവേജസ് കൂടിയും കുറഞ്ഞും ഇരിക്കണമെന്നു മുതലാളിമാർ വാദിക്കുന്നു. കയറിൻെറ വില കൂട്ടികിട്ടാതെ ഏതുവിധത്തിൽ കൂലി കൂട്ടികൊടുക്കാൻ ഉൽപ്പാദകന്മാർക്കു സാധിക്കും. അതുകൊണ്ടു് മിനിമം വേജസ് നടപ്പിൽ വരുത്തുവാൻ തങ്ങൾക്കു വളരെയേറെ വൈഷമ്യം ഉണ്ടെന്നുള്ള ഒരു തെററിദ്ധാരണ മുതലാളിമാർ ഗവണ്മെൻറിനെ സമീപിച്ചു ധരിപ്പിച്ചിട്ടുണ്ടു്. അതുപോലെതന്നെ ഓരോ സ്ഥലത്തേയും പാക്കളവും വിലയും കൂലിയും വ്യത്യസ്തമായിരിക്കും. പ്രാദേശികമായ സ്വഭാവംകൂടി മനസ്സിലാക്കാതെ കേവലം തരകൻകമ്മിററി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മാത്രം മിനിമംവേജസ് കൊടുക്കുന്നതിൽ തകരാറുകൾ ഉണ്ടെന്നും അതുകൊണ്ടു് മിനിമംവേജസ് അത്ര ധൃതഗതിയിൽ നടപ്പിലാക്കാൻ പാടില്ലായിരുന്നുവെന്നും, മുതലാളിമാർക്കു് ഗവണ്മെൻറിനെ ധരിപ്പിക്കാൻ സാധിച്ചു. ഗവണ്മെൻറ് വീണ്ടും ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററി അതിനെപ്പററി ചർച്ചകൾ നടത്തുകയും അന്വേഷണം നടത്തികൊണ്ടിരിക്കുകയുമാണു്. ആ കമ്മിററിയിലെ ഒരു മെംബർ എന്ന നിലയിൽ ഇപ്പോഴും ഞാൻ തുടരുന്നതു് എനിക്കുതന്നെ ആക്ഷേപകരമായിരിക്കുകയാണു്. ഈ നാട്ടിലെ മിക്ക ആളുകളുടേയും ധാരണ ഗവണ്മെൻറ് ഇങ്ങനെയൊരു കമ്മിററിയെ നിയമിച്ചതു് മിനിമംവേജസ് നടപ്പിലാക്കാതിരിക്കാൻ വേണ്ടിയാണെന്നാണു്. ഡിസംബർ ഒന്നാംതീയതി മുതൽ കൊടുക്കണമെന്നു നിശ്ചയിച്ച മിനിമംവേജസ് നടപ്പിലാക്കാതെ നീട്ടിക്കൊണ്ടുപോകുന്നതിനുള്ള സൂത്രമാണിതെന്നുള്ള ഒരു കൂട്ടരുടെ പ്രചരണഫലമായി പൊതുവെ അങ്ങനെ ഒരു ധാരണയുണ്ടായിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറിൻെറ പ്രഖ്യാപനത്തിൽ നിന്നും അങ്ങനെയൊരു ധാരണ പരത്താൻ വല്ല കാരണവുമുണ്ടോ?

ശ്രീ. പ്രാക്കുളം ഭാസി: ഉണ്ടു്. രാഷ്ട്രീയമായ അടിസ്ഥാനത്തിലും മററും ഉള്ള പ്രചരണങ്ങളുടെ ഫലമായി അങ്ങനെയൊരു ധാരണ ഉണ്ടായിട്ടുണ്ടു്. എല്ലായിടത്തും ഈ ധാരണയുടെ ഫലമായിട്ടു് സത്യാഗ്രഹമായി, വ്യവസായസ്തംഭനങ്ങളായി, കുഴപ്പങ്ങളായി. ഇങ്ങനെ പല തകരാറുകൾ ഇപ്പോൾ വന്നിരിക്കുന്നതുകൊണ്ടു് കമ്മിററി സമർപ്പിക്കുന്ന റിപ്പോർട്ടു കഴിയുന്നതും വേഗത്തിൽ ഗവണ്മെൻറ് അംഗീകരിക്കുമെന്നും മിനിമംവേജസ് ഒരു പൈപോലും കുറയ്ക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടില്ലെന്നും അധ്വാനഭാരം കൂട്ടുകയില്ലെന്നും ഒന്നുകൂടി പ്രഖ്യാപിക്കണം. ഒന്നിലധികം പ്രഖ്യാപനങ്ങൾ ഉണ്ടായാൽതന്നെയും അതുകൊണ്ടു ദോഷം വരാനില്ല.

തൊഴിലാളി പ്രതിനിധികളും മുതലാളിപ്രതിനിധികളും ഉൾക്കൊള്ളുന്ന ഒരു കമ്മിററിയാണു് കയർ ഉൽപ്പാദനകേന്ദ്രങ്ങൾ സന്ദർശിച്ചിട്ടുള്ളതു്. മിനിമം വേജസിനെപ്പററി ഗവണ്മെൻറിൽ നിന്നും പ്രഖ്യാപിച്ചു

നയത്തിൽനിന്നും ഒരിഞ്ചുപോലും പുറകോട്ടുപോകാൻ സാദ്ധ്യമല്ലെന്നും പ്രഖ്യാപിക്കപ്പെട്ട മിനിമം വേജസിൽ ഒരു പൈപോലും കുറയ്ക്കാൻ പാടില്ലെന്നും വളരെ കർശനമായി എല്ലാ മുതലാളിമാരോടും കമ്മിററി അംഗങ്ങൾ പറഞ്ഞിട്ടുള്ളതാണ്. അപ്പോൾ അവരതു സമ്മതിക്കയും ചെയ്തു. എന്നാൽ ഫലം നേരെ വിപരീതമായിരുന്നു എന്നുവേണം പറയാൻ. മങ്ങാടൻ കയറിനെ സംബന്ധിച്ചും അഷ്ടമുടി കയറിനെ സംബന്ധിച്ചും പ്രാദേശികമായ അടിസ്ഥാനത്തിൽ കൂലിക്കു വ്യത്യാസമുണ്ടെന്നുള്ളകാര്യം സമ്മതിക്കുന്നുവെങ്കിലും ഒരു തൊഴിലാളിക്കു ജീവിക്കുവാനുള്ള കൂലി കൊടുക്കേണ്ടതു് ഒരു മുതലാളിയുടെ കടമയല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്? 3600 വാര പിരിച്ചുകൊണ്ടിരുന്ന സ്ഥലത്തു 2400 വാര പിരിച്ചാൽ മതിയെന്നും അതിനു ഒരു രൂപ കൂലി കൊടുക്കണമെന്നും വന്നപ്പോൾ മുതലാളിമാർക്കു വിസമ്മതമുണ്ടായി. ഒരു തൊഴിലാളിക്കു ഒരു ദിവസം 2400 വാര മങ്ങാടൻ കയർ പിരിക്കുന്നതിനു കൂലി 1 രൂപ കൊടുക്കുന്നതായാൽ വ്യവസായം നഷ്ടത്തിൽ കലാശിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി മിനിമം വേജിന്റെ പ്രഖ്യാപനവും മുതലാളിമാരുടെ ലാക്കൗട്ടും ഒന്നിച്ചുതന്നെ നടക്കുകയുണ്ടായി. ഇന്നലെവരെ ജോലികിട്ടിക്കൊണ്ടിരുന്ന തൊഴിലാളികൾക്കു ഇന്നു ജോലി കിട്ടിയില്ലെങ്കിൽ പട്ടിണിയാകുന്ന ഒരവസ്ഥയാണുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ സംഗതിയിൽ മുതലാളിമാർക്കു വല്ല ലാഭവും ഉണ്ടോ?

ശ്രീ. പ്രാക്കുളം ഭാസി: ലാഭം ഉണ്ടു്. പക്ഷെ, അവർ നഷ്ടമാണെന്നേ പറയുകയുള്ളു. സർ, ഒരു വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളിക്കു ജീവിക്കുവാനെങ്കിലും കൂലി കൊടുക്കാൻ സാധിക്കാത്ത ഒരു വ്യവസായം നടത്തിക്കൊണ്ടുപോകുന്നതു് ശരിയല്ലെന്നാണു ഞാൻ പറയുന്നതു്. മിനിമംവേജസ് സാമാന്യേന ഒരു കുറഞ്ഞ നിരക്കാണു്. കയർ തൊഴിലാളികളല്ലാത്ത ഇതരതൊഴിലാളികൾക്കു് ദിവസം രണ്ടും രണ്ടരയുംരൂപ കൂലി കിട്ടിക്കൊണ്ടിരിക്കുമ്പോൾ മിനിമം വേജസിന്റെ അടിസ്ഥാനത്തിൽ ഒരു കയററതൊഴിലാളിക്കു് ഒരു ദിവസം കിട്ടുന്നതു് ഒരു രൂപയാണു്. ഇതു് കൂടുതലാണോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഒരു രൂപ കൂലിപോലും ഒരു ദിവസം തൊഴിലാളിക്കു കൊടുക്കാൻ സാധിക്കാത്ത ഒരു വ്യവസായം ഇവിടെ നിലനിൽക്കാൻ പാടില്ലെന്നു തന്നെയാണു് എന്റെ അഭിപ്രായം. കാൺഗ്രസ്സു് പാർട്ടി മെമ്പറായ ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ ഇത്രത്തോളം കൂലി കുറവുള്ള തൊഴിലാളികൾ മററവ്യവസായസ്ഥാപനങ്ങളിൽ ഇല്ലതന്നെ. ഡിസംബർ 1-ാം തീയതി മുതൽ പ്രഖ്യാപനം അനുസരിച്ചു് മുതലാളികൾ തൊഴിലാളികൾക്കു് കൂലി കൊടുക്കണമെന്നു വന്നപ്പോൾ അവർ ലാക്കൗട്ടു് ചെയ്യുകയാണു ചെയ്തതു്. മിനിമംവേജസ്സു് പ്രഖ്യാപനം നടപ്പിലാകുമെന്നുള്ള ധാരണ വന്നപ്പോൾ പച്ചത്തൊണ്ടിന്റെ വില വളരെ ന്യായമായിരുന്നു. എന്നാൽ ലാക്കൗട്ടോടുകൂടി പച്ചത്തൊണ്ടിന്റെ വിലവർദ്ധിച്ചു. അതുപോലെതന്നെ മിനിമംവേജസ്സു് കൊടുക്കാതെതന്നെ ഈ വ്യവസായം നടത്തിക്കൊണ്ടുപോകുമെന്നുള്ള നിഗമനത്തിൽ മുതലാളികൾ ചീക്കുതൊണ്ടു് ഇളക്കാതെയിരുന്നു. ഇതിന്റെ ഫലമായി ഇടത്തരം ഉൽപ്പാദകരും ജോലി നിറുത്തിവയ്ക്കാൻ നിർബന്ധിതരായി. ഈ പരിതഃസ്ഥിതിയിൽ മിനിമംവേജസ്സു് കൊടുപ്പിക്കുന്നതിനു്, ഉദ്യോഗസ്ഥന്മാരെ ആവശ്യാനുസരണം നിയമിച്ചു് ഗവണ്മെന്റു് അവർക്കു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണു്. കയർ

[ശ്രീ പ്രാക്കുളം ഭാസി]

വ്യവസായത്തിന്റെ പുനഃരുദ്ധാരണത്തെ സംബന്ധിച്ചിടത്തോളം എനിക്കു ചില നിർദ്ദേശങ്ങൾ അറിയിക്കുവാനുണ്ട്. കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനായി 64 ലക്ഷം രൂപയോളം കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. 13 ലക്ഷം രൂപയോളമാണ് ഇതുവരെയായി ചെലവാക്കിയിട്ടുള്ളത്. മിച്ചമുള്ള രൂപ ഈ വകയ്ക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ്. അതായത് പച്ചത്തൊണ്ടുവാങ്ങുന്നതിനും അവ മൂടുന്നതിലേയ്ക്കും തൊണ്ട് വ്യവസായ സഹകരണസംഘങ്ങൾക്ക് ഈ തുക ലോണായോ ഗ്രാൻറായോ അനുവദിക്കണം. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കയർവ്യവസായത്തിന്റെ അഭിവൃദ്ധിയ്ക്കായി ഒന്നരക്കോടി രൂപയെങ്കിലും ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തിനോടാവശ്യപ്പെടണം. ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന തുക ദുരിതാശ്വാസനടപടികൾക്കു വിനിയോഗിക്കുന്നതു കൂടാതെ, ഉൾനാടുകളിൽനിന്നും കൊണ്ടുവരുന്ന തൊണ്ടിനു ട്രാൻസ്പോർട്ടിനത്തിലും മററും വളരെ ചെലവുണ്ടാകുന്നതുകൊണ്ട് സബ്സിഡി നൽകുന്നതിലേയ്ക്കും മററുമായി വിനിയോഗിക്കാവുന്നതാണ്. തൊണ്ടിനു അധികം വില കൊടുക്കേണ്ടിവരുന്നതിൽനിന്ന് ഉൽപ്പാദകരെ സഹായിക്കാൻ ഗവണ്മെന്റിനു ഇപ്രകാരം സാധിക്കുന്നതാണ് കയർവ്യവസായസഹകരണസംഘങ്ങളിൽ ഇൻസ്പെക്ടറന്മാർ എന്നു പറയുന്ന കുറെ ഉദ്യോഗസ്ഥന്മാരുണ്ട്. മിനിമംവേജസ് നടപ്പാക്കുന്നതിനുള്ള ചുമതലയും അധികാരവും ഈ ഇൻസ്പെക്ടറന്മാർക്കു കൊടുക്കേണ്ടതാണ്. അങ്ങനെ കൊടുക്കുന്നതായാൽ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കാതെകഴിയാം. കൂടാതെ കാലതാമസം കൂടാതെ മിനിമംവേജസും ഉദ്ദേശിത്തിൽ വരുത്തുന്നതിനും സാധിക്കുന്നതാണ്. കയർ ഡവലപ്പ്മെന്റ് പദ്ധതി അനുസരിച്ചു വളരെ സൊസൈററികൾ ഇപ്പോൾ നിലവിലുണ്ട്. ആ സൊസൈററികൾ മിക്കവാറും എല്ലാംതന്നെ കയ്യടക്കിവച്ചിരിക്കുന്നതു വൻകിട ഉൽപ്പാദകരാണ്. അവരാണ് സെക്രട്ടറിമാരും പ്രസിഡൻറന്മാരും. മാത്രമല്ല അവിടങ്ങളിലുള്ള പച്ചത്തൊണ്ടു മുഴുവനും സൊസൈററിയിലെ അംഗങ്ങളായ ഈ മുതലാളിമാർ അവരുടെ സ്വന്തമായി വാങ്ങി മൂടുകയാണ്. വൻകിട ഉൽപ്പാദകരാണു മിക്കവാറും സഹകരണസംഘങ്ങളെ ഇന്നു നിയന്ത്രിക്കുന്നത്. ഇവർ സാധാരണക്കാരെയോ കയർ തൊഴിലാളികളെയോ ഈ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കുന്നില്ല. കയർ തൊഴിലാളികളെക്കൂടി അംഗങ്ങളായി ചേർക്കണമെന്നു കാണിച്ചു പലപ്പോഴും ഇവരെ സമീപിച്ചിട്ടുള്ളതാണ്. എന്നാൽ അവർ അതു നിഷേധിക്കുന്നു. അതിന്റെ ഫലമായി വളരെ പരാതികൾ ഉണ്ടായിട്ടുണ്ട്. ഏകദേശം ഇരുന്നൂറിൽ ചിലപാനം ആളുകൾ ഒപ്പിട്ട ഒരു പരാതി എനിക്കുതന്നെ ഒരിക്കൽ കിട്ടിയിട്ടുണ്ട്. ഇപ്പോൾ ആ നിലയ്ക്ക് അൽപ്പം മാററം സംഭവിച്ചിരിക്കയാണ്. എങ്കിലും കയററു തൊഴിലാളികളെ മിക്കവാറും സൊസൈററികൾ അംഗങ്ങളായി എടുക്കാൻ വിസമ്മതിക്കയാണു ചെയ്യുന്നത്. തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഗവണ്മെൻറിൽനിന്നു

തന്നെ കയർ സ്പെഷ്യലാഫീസർ മി. കരുണാകരപ്പണിക്കക്കു കൊടുക്കേണ്ടതാണ്. തൊണ്ടിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഈ നിയമസഭയിലെ കാൺഗ്രസ് പാർട്ടി മെമ്പർ ഡാക്ററർ പാലാമ്പടത്തിനെപ്പോലെയുള്ള വൻതോതിലുള്ള തെങ്ങുതോപ്പുടമസ്ഥന്മാർ പച്ചത്തൊണ്ടുകൾ മുഴുവനും ഉണക്കി കളയുകയാണുചെയ്യുന്നതു്. ഇങ്ങനെയുള്ള ധനവാന്മാരായ ആളുകളിൽനിന്നും തൊണ്ടുശേഖരിക്കുന്നതായാൽ വലിയ വിലകൂടാതെ ഉൽപ്പാദകക്കു ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകുന്നതാണ്. കാഞ്ഞിരപ്പള്ളി, മുണ്ടക്കയം മുതലായ സ്ഥലങ്ങളിൽ ഇങ്ങനെ അൽപ്പം വില കൊടുത്താൽ തൊണ്ടു ലഭിക്കത്തക്കവണ്ണമുള്ള സാദ്ധ്യതയുണ്ടു്. ഗവണ്മെൻറും ഈ കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്. ഗവണ്മെൻറിൻെറ സഹായത്തോടുകൂടി കയർ വ്യവസായസഹകരണസംഘങ്ങൾക്കു ഈ തൊണ്ടുകൾ ശേഖരിക്കുന്നതിനും ഉൽപ്പാദകക്കു കുറഞ്ഞ വിലയ്ക്കു കൊടുക്കുന്നതിനും സാധിക്കുന്നതാണ്. വിവിധസ്ഥലങ്ങളിലെ കയറുകളുടെ വില മാസംതോറും ഗവണ്മെൻറു പരസ്യപ്പെടുത്തണമെന്നും വിലയുടെ തോതനുസരിച്ചു മിനിമംവേജസ് റേററിൽനിന്നു് കൂടുതൽ കൂലി തൊഴിലാളികൾക്കു കൊടുക്കണമെന്നും തരകൻ കമ്മിററി നിർദ്ദേശിച്ചിരുന്നതാണ്. ഈ വക കാര്യങ്ങളെല്ലാം കയർ സഹകരണസംഘം ഇൻസ്പെക്ടറന്മാരെക്കൊണ്ടു് നിർവഹിക്കുവാനുള്ള നിർദ്ദേശങ്ങൾ ഗവണ്മെൻറു കൊടുത്താൽ മതിയാകും.

ഞാൻ മുൻപു പറഞ്ഞതുപോലെ കയർ തൊഴിലാളികളുടെ തൊഴിലില്ലായ്മയെ പരിഹരിക്കാൻ വേണ്ടി ഒരു നിർദ്ദേശം ഞാൻ ഈ സഭയുടെ മുമ്പാകെ വച്ചുകൊള്ളട്ടെ. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തു അരി ധാരാളം കിട്ടുന്നുണ്ടു്. റേഷൻ നിലവിലിരുന്ന കാലത്തു് ഈ വകയിൽ ഗവണ്മെൻറു ആണ്ടുതോറും 3 കോടിരൂപയാണ് നഷ്ടപ്പെട്ടുകൊണ്ടിരുന്നതു്. അതിൽ ഒന്നരക്കോടിരൂപാ സബ്സിഡിയായി കേന്ദ്രഗവണ്മെൻറു തരുമെങ്കിലും ബാക്കി ഒന്നരകോടിരൂപാ ഈ ഗവണ്മെൻറുതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അങ്ങിനെ നഷ്ടപ്പെട്ടുകൊണ്ടിരുന്ന ഒന്നരകോടിരൂപാ ഒരാണ്ടിൽക്കൂടി നഷ്ടപ്പെട്ടുകൊള്ളാം എന്നുള്ള മനോഭാവത്തോടുകൂടി ആ തുക ഈ വ്യവസായത്തിനുവേണ്ടി വിനിയോഗിക്കണമെന്നു് എനിക്കൊരഭ്യർത്ഥനയുണ്ടു്. മിനിമംവേജ്സ് നടപ്പിൽ വരുത്താൻ പ്രഖ്യാപനം ഇന്നത്തെ ഗവണ്മെൻറു് ചെയ്തതുപോലെ ഒരു നല്ലകാര്യമാണ് ഇപ്രകാരം ഒരു ധനസഹായം തൊഴിലാളികളെ സംബന്ധിച്ചു ചെയ്യുന്നതും. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറു ശ്രദ്ധിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. സുകുമാരൻ : ശ്രീ മജീദ് അവതരിപ്പിച്ച ഭേദഗതിയോടുകൂടി ശ്രീ. യു. നീലകണ്ഠൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. എനിക്കു ഇതിനെപ്പററി വളരെയധികം കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയം അനുവദിക്കാത്തതുകൊണ്ടു് ലഭിച്ച പരിമിതമായ സമയത്തിനുള്ളിൽ ഒന്നു രണ്ടു കാര്യങ്ങൾ മാത്രം അങ്ങയുടെയും ഈ സഭയുടെയും ശ്രദ്ധയിൽ സമർപ്പിക്കുകയാണ്. ഡിസംബർ ഒന്നുമുതൽ കയർതൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിച്ചുകൊണ്ടുള്ള ഗവണ്മെൻറുത്തരവു് വെളിയിൽ വന്നതോടുകൂടി അന്നുവരെയും ഈ രാജ്യത്തു ചലിച്ചുകൊണ്ടിരുന്ന ലക്ഷക്കണക്കിനുള്ള റാട്ടുകൾ നിശ്ചലങ്ങളായി. വ്യവസായ ഉടമകൾ ലാക്കൗട്ടുനടത്തിക്കൊണ്ടു് തൊഴിലാളിക്കു വേലയും കൂലിയും നൽകുന്നതിൽ വിസമ്മതിക്കുകയും

[ശ്രീ. പി. കെ. സുകുമാരൻ]

ചെയ്തു. ആപൽക്കരമായ ഒരു വ്യവസായസ്തംഭനം തന്നെ നമ്മുടെ രാജ്യത്ത് അങ്ങനെ ആവിർഭവിച്ചു. ചീക്കത്തൊണ്ടിനു വിലകൂടുതലാണെന്നും ആ വിലക്കു തൊണ്ടെടുത്തു കയർ പിരിപ്പിച്ചാൽ, ഇന്നത്തെ കയറിന്റെ വിലയനുസരിച്ചു നിശ്ചിത കൂലി കൊടുക്കാൻ സാദ്ധ്യമല്ലെന്നുമായിരുന്നു അവരുടെ വാദഗതി. യഥാർത്ഥത്തിൽ ഈ വാദഗതിയിൽ വലിയ കഴമ്പൊന്നുമില്ലെന്നുള്ളതാണ് പരമാർത്ഥം. അതിന്റെ വിശദാംശത്തിലേക്കു കടക്കുവാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അങ്ങോട്ടു പ്രവേശിക്കുന്നില്ല. എന്നാൽ ഇന്നത്തെ നിലയിൽ ഈ മിനിമംകൂലി കൊടുക്കുന്നതിനു എന്തെങ്കിലും പ്രതിബന്ധമുണ്ടെങ്കിൽ അതു് ഉൽപ്പാദകന്റെ നിർബന്ധബുദ്ധിയാണ്. മറ്റൊന്നു്, ഇതു് കൊടുക്കാതെ രക്ഷപ്പെടുവാൻ സാദ്ധ്യതയുണ്ടെന്നുള്ള വ്യാമോഹം ഉൽപ്പാദകനു ഉണ്ടാകുവാൻ സഹായിക്കുന്ന രീതിയിൽ നമ്മുടെ നാട്ടിലെ ചില ഉൽപാദകപ്രതിനിധികളുടെ പത്രപ്രസ്താവനകളും മററുമാണ്. ഇതു് അടിയന്തിരമായും ഊർജിതത്തിൽ കൊണ്ടുവരുന്നതിനു ഗവണ്മെൻറുഭാഗത്തുനിന്നും കണിച്ച ഉദാസീനതയും ഇതിനുപോൽബലകമാണ്. തൊഴിലാളി പ്രതിനിധികളുടെ പല അഭ്യർത്ഥനകൾക്കും നിവേദനത്തിന്റെ ഉള്ളടക്കത്തിനും എതിരായി ഈ അടുത്ത കാലത്തു ഗവണ്മെൻറിൽ നിന്നും നിയമിച്ച കമ്മററിയും അതിന്റെ പ്രവർത്തനരീതിയും യഥാർത്ഥത്തിൽ ഈ കുഴപ്പത്തെയും വ്യാമോഹത്തെയും പൂർവോപരി വർദ്ധിപ്പിച്ചു. ഇങ്ങനെ ഒരു കമ്മററി രൂപീകരിക്കേണ്ട ആവശ്യംതന്നെയില്ലായിരുന്നു. കാരണം, ഗവണ്മെൻറിൽ നിന്നും നിയമിച്ച മിനിമംവേജസ് കമ്മററി ഒരു കൊല്ലത്തോളം രാജ്യവ്യാപകമായി എല്ലാ വ്യവസായകേന്ദ്രങ്ങളിലും സഞ്ചരിച്ചു വ്യവസായത്തിന്റെ നാനാവശങ്ങളെപ്പററിയും കൂലംകഷമായി പഠിച്ചതിനു ശേഷം സമർപ്പിച്ച സമഗ്രമായ ഒരു റിപ്പോർട്ടിനെ ആശ്രയിച്ചുണ്ടാക്കിയതാണ് കുറഞ്ഞ കൂലി നടപ്പാക്കിക്കൊണ്ടുള്ള ഗവണ്മെൻറുത്തരവ്. മററു പല മിനിമം വേജസ് കമ്മററി റിപ്പോർട്ടുകളിൽ നിന്നും വ്യത്യസ്തമായി ഇതു് ഐകകണ്ഠ്യേന സമർപ്പിച്ച ഒരു റിപ്പോർട്ടായിരുന്നു. ഈ റിപ്പോർട്ട് സമർപ്പിച്ച കമ്മററിയിൽ എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളുമുണ്ടായിരുന്നു. അങ്ങനെയുള്ള റിപ്പോർട്ടിനെ ആശ്രയിച്ചുള്ള ഇന്നത്തെ ഈ മിനിമം വേജുത്തരവിൽ മാററം വരുത്തുകയോ പുനഃപരിശോധന നടത്തുകയോ ചെയ്യേണ്ടയാവശ്യമില്ല. അപ്പോൾ ഇന്നു ഗവണ്മെൻറിൽ നിന്നും രൂപീകരിച്ചിരിക്കുന്ന ഈ പുതിയ കമ്മററിയുടെ പ്രവർത്തനം ഉൽപ്പാദകന്മാരുടെ, കൂലി കൊടുക്കാതെ രക്ഷപ്പെടുവാനുള്ള വ്യഗ്രതയെ വളർത്തുവാൻ മാത്രമെ സഹായിച്ചിട്ടുള്ളു. കൂലി കൊടുക്കാതെ രക്ഷപ്പെടുവാൻ പഴുതുകൾ അന്വേഷിച്ചു നിൽക്കുന്ന വ്യവസായ ഉടമകളുടെ വ്യാമോഹം വളർത്താനുള്ളതുകൊണ്ടും ഉൽപ്പാദകരുടെ പ്രതിനിധികളും അവരുടെ ചില പത്രങ്ങളും ബോധപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ടു് മിനിമംവേജ് കൊടുപ്പിക്കുന്നതിൽ നിന്നും ഗവണ്മെൻറു പിൻവാങ്ങാൻ യാതൊരു കാരണവശാലും സാദ്ധ്യമല്ലെന്നുള്ള ഒരുറച്ച നില ഗവണ്മെൻറു സ്വീകരിക്കുകയും അതു കൊടുക്കാത്ത ഉൽപ്പാദകന്മാരുടെ നേക്കു് കർശനമായ നടപടി സ്വീകരിക്കയും ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാൻ ഗവണ്മെൻറു് തയ്യാറാകുമോ ഇല്ലയോ എന്നാണ് ഞങ്ങൾക്കു അറിയേണ്ടതു്. നിയമം നിർമ്മിച്ചാൽ, അതു

നിഷേധിക്കുന്ന ആളുകളുടെ പേരിൽ നടപടി നടത്തുമെന്നു കണ്ടാൽ ജനങ്ങൾ ഗവണ്മെൻറിന്റെ ഉത്തരവുകളെ ആദരിക്കും.

ഇപ്പോൾ ഇതേ കാരണംകൊണ്ടു് പല സത്യാഗ്രഹസമരങ്ങളും ഇവിടെ നടന്നുവരുന്നുണ്ടു്. പെരിനാട്ടുള്ള എന്റെ നാട്ടുകാരനായ ഒരാൾ ഇന്നു പത്തുദിവസമായി നിരാഹാരസമരത്തിൽ കഴിയുകയാണു്. അദ്ദേഹത്തിന്റെ നില ഇന്നു് ഏററവും ആപൽക്കരമാണു്. രാവിലെ കണിയാപുരത്തു മുന്നൂറോ, നാന്നൂറോ തൊഴിലാളികൾ ചേർന്നു് ഒരു ഘോഷയാത്ര നടത്തിയപ്പോൾ, കുറെ റൗഡികൾ പോലീസു സഹായത്തോടുകൂടി അവരെ കയ്യേററം നടത്തിയിരിക്കുന്നു. ഇത്തരം സംഭവങ്ങൾ ഇന്നു കയർ വ്യവസായകേന്ദ്രങ്ങളിൽ സർവ്വസാധാരണമായി തീർന്നിരിക്കുന്നു. സർവത്രസമരവും, അസ്വസ്ഥതയും അസംതൃപ്തിയും. ഇതെപ്പററി അന്വേഷിക്കാനുള്ള കർത്തവ്യം ഗവണ്മെൻറിനില്ലേ? ആ കാര്യങ്ങളെപ്പററി അന്വേഷിക്കാൻ ഈ രാജ്യത്തു് ആളില്ലയോ എന്നാണു് ഞാൻ ചോദിക്കുന്നതു്. നമ്മുടെ സംസ്ഥാനത്തെ പന്ത്രണ്ടു ലക്ഷം ആളുകളുടെ ജീവിതഭാഗധേയത്തെ നിയന്ത്രിക്കുന്ന ഒന്നാണു് കയർ വ്യവസായം. ഏതാണ്ടു 12 കോടിയിൽ ചിലപ്പോൾ രൂപാ നമ്മുടെ നാട്ടിലേക്കു് ആദായം ഉണ്ടാക്കി തരുന്ന ഒന്നാണു് കയർ വ്യവസായം. മററു് ഏതു വ്യവസായത്തെക്കാളും പല പരിഗണനകളാലും പ്രാധാന്യമേറിയ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ സംരക്ഷിക്കേണ്ടു ചുമതല ഈ ഗവണ്മെൻറിനുണ്ടു്. ഈ നിയമസഭയിലെ എല്ലാ ഭാഗത്തുള്ള ആളുകളുടെയും പിൻതുണ ഇവക്കുണ്ടു്. ഈ മിനിമംവേജസ് നിയമം നടപ്പാക്കാനുള്ള കർശനമായ നടപടികൾ ഗവണ്മെൻറു എടുക്കണമെന്നു് ഞാൻ ഒന്നുകൂടി ഗവണ്മെൻറിനോടു ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇതു നടപ്പിലാക്കാൻ എന്തിനാണു കാലവിളംബം ഉണ്ടാക്കുന്നതു് എന്നാണു് ഞാൻ ചോദിക്കുന്നതു്. ഉടനടിതന്നെ ഇതു് നടപ്പാക്കാൻ വേണ്ട നടപടി എടുക്കണം. അതിലേക്കു് ഒന്നുരണ്ടു നിർദ്ദേശങ്ങൾ എനിക്കു സഭയിൽ പറയുവാനുണ്ടു്.

ഒന്നാമതു്, പുതിയതായി രൂപീകരിച്ചിരിക്കുന്ന കമ്മിററി പിരിച്ചുവിടാൻ ഗവണ്മെൻറു തയാറാകണം. പിരിച്ചുവിട്ടുകൊണ്ടു് ഒരു പ്രസ്നോട്ടുണ്ടാകണം. രണ്ടാമതായി, ആക്ടിലെ വ്യവസ്ഥയനുസരിച്ചുള്ള റിക്കാർഡുകൾ അതായതു് അററൻഡൻസു രജിസ്റ്റർ, അക്കൗണ്ടുസ് മുതലായവ ശരിയായി സൂക്ഷിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ഉടൻ തന്നെ ലേബർ ആഫീസറന്മാർക്കു് അടിയന്തിരമായ നിർദ്ദേശങ്ങൾ അയയ്ക്കണം.

ഈ കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് എന്റെ സ്നേഹിതന്റെ ഈ പ്രമേയത്തിന്റെ തത്വത്തോടു് യോജിച്ചുകൊള്ളുന്നു.

ശ്രീ. കെ. പി. ഗോപാലമേനോൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഏററവും പ്രധാനമായ ഈ വ്യവസായത്തിൽ ഇങ്ങനെ ഒരു സ്തംഭനാവസ്ഥ ഉളവായതിനെ പരിഹരിക്കേണ്ടതു് അത്യാവശ്യമാണു്. മറേറതൊരു വ്യവസായം സംബന്ധിച്ചുള്ളതിനെക്കാളും കൂടുതൽ പ്രാധാന്യം ഈ കയർവ്യവസായത്തിനു് ഞാൻ കാണുന്നു. കാരണം ഈ വ്യവസായം കൊണ്ടു് അനവധിലക്ഷം ആളുകൾ, ഉടമസ്ഥ

[ശ്രീ. കെ. പി. ഗോപാലമേനോൻ]

രായാലും ശരി, ഉൽപ്പാദകരായാലും ശരി, തൊഴിലാളികളായാലും ശരി, വ്യാപാരക്കാരായാലും ശരി, അവരുടെ ഉപജീവനം കഴിക്കുന്നുണ്ടെന്നുള്ളതാണ്. വേറെ ഒരു സംഗതികൂടി ഇതിൽ ശ്രദ്ധിക്കാനുള്ളതു് ഈ വ്യവസായത്തിൽ സ്തംഭനാവസ്ഥ ഉണ്ടായാൽ അതു സാധാരണക്കാരായ പല കുടുംബങ്ങളുടേയും ജീവിതത്തെ സാരമായി ബാധിക്കുമെന്നുള്ളതാണ്. അതായതു് രണ്ടോ നാലോ റാട്ടുകൾ മാത്രം വച്ചു് ജോലിചെയ്തുവരുന്ന ചെറുതരം ഉടമകളാണ് ഇതിൽ അധികമായി ഏർപ്പെട്ടിട്ടുള്ളതു്. ധനവാന്മാരായ ചില മുതലാളിമാരും ഈ വ്യവസായത്തിൽ ഉണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ ഭൂരിപക്ഷവും രണ്ടോ നാലോ റാട്ടുകൾ മാത്രം വച്ചു് അവരവർ ജോലിചെയ്തും മറ്റുമുള്ളവരെ കൊണ്ടു് ജോലിചെയ്യിച്ചും അവരവരുടെ ഉപജീവനം മാത്രം നടത്തിക്കൊണ്ടുപോകുന്ന തൊഴിലാളികളാണ്. ഈ വ്യവസായത്തിൽ ഇന്നുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ തൊഴിലാളികളേയും അതുപോലെയുള്ള സാധാരണക്കാരേയും ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ടു് ഉടനടി അതിനൊരു പരിഹാരം കാണേണ്ടതു് അത്യാവശ്യമാണ്. അതിലേക്കു വേണ്ട സകല നടപടികളും ഉടനടി ഊർജിതമായി നടത്തണമെന്നാണ് ഗവണ്മെൻറിനോടു ഞാൻ അഭ്യർത്ഥിക്കുന്നതു്.

ഇതുസംബന്ധിച്ചുണ്ടാക്കിയിട്ടുള്ള പുതിയ കമ്മിററി എന്തെല്ലാമാണു തീരുമാനിക്കാൻ പോകുന്നതെന്നറിഞ്ഞുകൂടാ. ഈ ഡിസംബർ 1-ാംതീയതിമുതൽ മിനിമംവേജസ് നടപ്പിൽ വരുമെന്നു് നോട്ടിഫിക്കേഷൻ ഉണ്ടു്. അതിൽ എന്തെല്ലാം വ്യത്യാസം വരുത്താൻ പോകുന്നു എന്നു് എനിക്കറിയാൻ പാടില്ല. എന്തായാലും ഈ കമ്മിററിയുടെ നിർദ്ദേശങ്ങൾ കാത്തിരിക്കാതെതന്നെ ഉൽപ്പാദകരുടെ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾകൂടി ആലോചിച്ചു് വേണ്ട നടപടികൾ ഗവണ്മെൻറിനു സ്വീകരിക്കാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ഭാസി ചൂണ്ടിക്കാണിച്ചതുപോലെ ഈ നോട്ടിഫിക്കേഷനിലുള്ള അവ്യക്തതയെ വേറെ ഒരു നോട്ടിഫിക്കേഷൻകൊണ്ടു തിരുത്തണം.

തെക്കൻ പ്രദേശങ്ങളിലും വടക്കൻ പ്രദേശങ്ങളിലും ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങൾ വ്യത്യസ്തങ്ങളാണ്. തെക്കൻ പ്രദേശങ്ങളിലും വടക്കൻ പ്രദേശങ്ങളിലുമുള്ള സ്പിന്നിംഗ്യാർഡുകൾക്കു വ്യത്യാസം ഉണ്ടു്. ഓരോ സ്ഥലത്തുമുള്ള കയറിന്റെ അളവുകളും ഓരോതരത്തിലാണ്. യാർഡ് അല്ലെങ്കിൽ കളം എന്നു പറഞ്ഞാൽ തന്നെ റാട്ടിന്റെ കണക്കാണോ (അതായതു് Spindle by spindle) അതല്ലാ കളത്തിന്റെ ഏറ വന്നുനിൽക്കുന്ന സ്ഥലം വരെയാണോ എന്നും മററും പലതരത്തിൽ വ്യഖ്യാനിക്കുന്ന ആളുകൾ ഉണ്ടു്. എങ്ങിനെയായാലും വ്യാഖ്യാനിക്കുന്നതിൽ പല കുഴപ്പങ്ങളും തർക്കങ്ങളും ഉത്ഭവിക്കുന്നു. ഒരു കളത്തിൽ തന്നെ, മങ്ങാടൻ, അഷ്ടമുടി എന്നിങ്ങനെ പല തരത്തിലും പല നീളത്തിലും പിരിക്കുന്നതാണ്. അതുകൊണ്ടു് ഇങ്ങനെസംശയം വരാത്തവിധത്തിൽ വ്യവസ്ഥ ചെയ്യണം. തൊഴിലാളികൾ പറയുന്ന യാർഡ് ഏറ അനുസരിച്ചാണ് എന്നു്. എന്തായാലും യാർഡിന്റെപരിധി ക്ലിപ്തപ്പെടുത്തണം. അതുപോലെ കൂലിനിരക്കിലും ചില വ്യത്യാസങ്ങൾ ഉണ്ടു്. അഷ്ടമുടിക്കും,

മങ്ങാടനും, അഞ്ചുതെങ്ങിനും ഒരേതരത്തിലാണ് റേറ ഇട്ടിരിക്കുന്നത് എന്നു കണക്കുകൾ നോക്കുമ്പോൾ മനസ്സിലാക്കാം. അഞ്ചുതെങ്ങു 32 യാർഡുവീതം 96 വള്ളിമുവായിരത്തിൽ ശിഷ്ടം വാര (3072) പിരിക്കുന്നതിന് കൂലി രണ്ടരരൂപ ഇട്ടിരിക്കുന്നു. എന്നാൽ പിരിക്കുന്നതിനു ഇത്രയും ക്ലേശവും കയറിനു ഇത്ര മേനിയും ഇല്ലാത്ത മങ്ങാടന്, 15 യാർഡ് രണ്ടു വള്ളി വീതമുള്ള 80 മുടി രണ്ടായിരത്തിൽ ചില്വാനം വാര പിരിക്കുന്നതിനും രണ്ടര രൂപ വച്ചിട്ടുണ്ട്. ഇതു് പ്രത്യക്ഷത്തിൽ തന്നെ തെററാണെന്ന് തോന്നുന്നു. 25 വാര എന്നതിനുപകരം 15 വാര എന്നു തെററി അച്ചടിച്ചതാണെന്നുകൂടി സംശയിക്കുന്നു. കാരണം സാധാരണ നാലായിരത്തിൽ ചില്വാനം വാരയാണ് മങ്ങാടൻ പിരിക്കുക പതിവ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ പറഞ്ഞതു ശരിയല്ല. 2400 വാര എന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. ഗോപാലമേനോൻ: ഏതായാലും ഇങ്ങനെ ചിലതു വ്യക്തമാകാതെയും, തെററുതിരുത്തിയും ഖണ്ഡിതമായ ചില വ്യവസ്ഥകൾ ചെയ്താൽ, ഉൽപ്പാദകരും തൊഴിലാളികളും തമ്മിൽ തർക്കങ്ങൾ ഉണ്ടാകാതിരിക്കാൻ വളരെ എളുപ്പമുണ്ട്. കമ്മിററിക്കാരുടെ നിർദ്ദേശങ്ങൾ കാത്തിരിക്കാതെ ഗവണ്മെൻറിൽ നിന്നും ഇത്തരം ചില പരിഹാരങ്ങൾ ചെയ്യണമെന്നാണ് എൻെറ അപേക്ഷ. എത്രയും വേഗത്തിൽ മിനിമം വേജസ് ഊർജ്ജിതത്തിൽ നടപ്പിലാക്കണമെന്നു ഗവണ്മെൻറിനോടു അഭ്യർത്ഥിച്ചുകൊണ്ടു് ഈ പ്രമേയത്തിൻെറ സാരാംശത്തോടും അതിൻെറ ഉദ്ദേശത്തോടും അനുകൂലിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞു്: സർ, തീരപ്രദേശത്തു അധിവസിക്കുന്ന തൊഴിലാളികൾ ചില പ്രത്യേക രാഷ്ട്രീയകക്ഷികളിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു് അവരോടു് ഒരു പ്രത്യേകനിലയിൽ ഗവണ്മെൻറു പെരുമാറുന്നു എന്നുള്ള അഭിപ്രായം ശരിയല്ല. അങ്ങനെ യാതൊരു മനോഭാവവും വ്യത്യസ്തമായി തീരപ്രദേശത്തുള്ള ആളുകളോടു് ഗവണ്മെൻറു പുലർത്തുന്നില്ല. ഈ രാജ്യത്തെ എല്ലാ ജനങ്ങളുടേയും പൊതുവായ താൽപ്പര്യത്തിന് സ്വീകാര്യമായ ഒരു നയമാണ് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതെന്നു് ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. രാഷ്ട്രീയമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു് പുറപ്പെടുവിക്കുന്ന അത്തരം അഭിപ്രായങ്ങളെ സ്വാഗതം ചെയ്യാൻ നിർവാഹമില്ലെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. ഇവിടെ മററു തൊഴിൽശാലകളിൽ പ്രവർത്തിക്കുന്നവർക്ക് കിട്ടിവന്നിരുന്ന കൂലിയെക്കാൾ കുറഞ്ഞ ഒരു കൂലിനിരക്കാണ് കയറുതൊഴിലാളികൾക്ക് കിട്ടിവന്നിരുന്നതെന്നുള്ള ബോദ്ധ്യം ഉണ്ടായതിൻെറ ഫലമായിട്ടാണ് 1951-ൽ ഒരു മിനിമംവേജസ് കമ്മിററി രൂപീകരിച്ചതു്. അതിൻെറ റിപ്പോർട്ടു് 1952-ൽ സമർപ്പിച്ചു. അഡ്വൈസറി ബോർഡിൻെറ റിപ്പോർട്ടു് കിട്ടിയതനുശേഷം അതു സംബന്ധിച്ചു് ഒരു തീരുമാനം എടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ അതിൻെറ ഉത്തരവാദിത്വം മുഴുവൻ ഈ ഗവണ്മെൻറു ഏറെറടുക്കാൻ തയ്യാറില്ല. 1954 മാർച്ചിൽ അധികാരത്തിൽ പ്രവേശിച്ച ഈ ഗവണ്മെൻറു് ആ പ്രശ്നത്തിൽ തന്നെ മിനിമംവേജസ് പ്രഖ്യാപിച്ചു. ഇതുമൂലം ചില കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട് എൻെറ സ്നേഹിതൻ ശ്രീ. ഭാസി പറയുകയുണ്ടായി. കൂലി കൂട്ടിപ്പെടുത്തുന്നതു് തൊഴിലാളികൾക്ക് അനുകൂലമായ അവസരം സൃഷ്ടിക്കുന്ന

[ശ്രീ. പി. കെ. കുഞ്ഞു്]

തിനുവേണ്ടിയാണു്. അതിൽനിന്നും കുഴപ്പങ്ങൾ ഉണ്ടായി എന്നു പറയുന്നതിന്റെ അർത്ഥം എനിക്കു് മനസ്സിലാകുന്നില്ല. 1954 ഡിസംബർ 1-ാം തീയതി മുതൽ മിനിമംവേജ് തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഗവണ്മെന്റുത്തരവു് പല സ്ഥലത്തും പാലിക്കുന്നില്ലെന്നുള്ള പരാതി ഇന്നിവിടെ പ്രസംഗിച്ച ചില സുഹൃത്തുക്കളിൽനിന്നും എനിക്കു് ലഭിച്ചു. അവർ 9-ാംതീയതിയാണു് എന്നെ സമീപിച്ചതു്. അവരുടെ അഭിപ്രായപ്രകാരം തൊഴിലാളി പ്രതിനിധികളും മുതലാളി പ്രതിനിധികളും എല്ലാം ഉൾപ്പെട്ട ഒരു ഹൈലവൽ കാൺഫറൻസ് വിളിച്ചുകൂട്ടണമെന്നു് തീരുമാനിച്ചു് 5 ദിവസംകൊണ്ടുതന്നെ അടിയന്തിരമായി നോട്ടീസ് കൊടുത്തു് 14-ാംതീയതി കാൺഫറൻസ് വിളിച്ചുകൂട്ടി. അതിലുണ്ടായ പൊതു അഭിപ്രായം അനുസരിച്ചാണു് ഒരു കമ്മിററി രൂപമെടുത്തതു്. പല അഭിപ്രായങ്ങളും മുതലാളികൾ ഉന്നയിക്കുകയുണ്ടായി. അഷ്ടമുടി, ആലപ്പാടൻ, ചിറയിൻകീഴ്, പെരിനാട്ടു്, മങ്ങാട്ടു് എന്നിങ്ങനെയുള്ള കയറുകളുടെ വിലതന്നെ വ്യത്യസ്ഥമായിരിക്കയും തൊണ്ടിന്റെ വില കൂടിയിരിക്കയും ചെയ്യുന്ന അവസരത്തിൽ കൂലി ഏകീകരിക്കണമെന്നുള്ള ഗവണ്മെന്റിന്റെ നിർദ്ദേശം പല നഷ്ടങ്ങൾക്കും ഇടയാക്കുമെന്നു് മുതലാളികൾ പ്രസ്താവിക്കുകയുണ്ടായി. അതിന്റെ യാഥാർത്ഥ്യം ഏതു മാത്രമുണ്ടെന്നു അറിഞ്ഞതിനു് കൂലിപ്പെടുത്തിയ കൂലി കൊടുക്കുന്നതിനു് ഉടമകളെ സഹായിക്കുന്നതിനു് എന്തെല്ലാമാണു് ചെയ്യേണ്ടതെന്നു് അന്വേഷിച്ചു് റിപ്പോർട്ടു സമർപ്പിക്കുന്നതിനാണു് അങ്ങിനെ ഒരു കമ്മിററി രൂപീകരിച്ചതെന്നു മനസ്സിലാക്കണം. ആ കമ്മിററി അംഗങ്ങളുടെ പേരു പ്രസ്താവിച്ചിട്ടുള്ള പ്രസ്നോട്ടിൽതന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടായിരുന്നു കൂലിയിൽ മാററം വരുത്താൻ പോകുന്നില്ലെന്നു്. അതു സംബന്ധിച്ചു് ഇപ്പോൾ ആവർത്തിച്ചു് ഒരു പ്രഖ്യാപനം ചെയ്യേണ്ടതിന്റെ ആവശ്യം എന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഗവണ്മെന്റു പ്രസ്നോട്ടിലുള്ള തീരുമാനങ്ങൾ അശ്രയിച്ചു് പ്രവർത്തിക്കുക എന്നുള്ളതു് എല്ലാജനങ്ങളേയും ഒരുപോലെ ബാധിക്കുന്ന ഒരു സംഗതിയാണു്. അതിനെ അനാദരിച്ചു് പ്രവർത്തിക്കുന്നതു കുററകരമാണു്. ഏതു് ഉത്തരവാദിത്വമുള്ള ഗവണ്മെൻറിനും അങ്ങിനെയുള്ള പ്രവൃത്തികളുടെമേൽ നടപടികൾ എടുക്കാതിരിക്കാൻ നിവൃത്തിയില്ല. നിലവിലിരിക്കുന്ന നിയമങ്ങൾ പാലിക്കാതെ വരുന്നപക്ഷം അതു സംബന്ധിച്ചു് നടപടിയെടുക്കേണ്ടതു് ഏതൊരു ഗവണ്മെൻറിന്റെയും ചുമതലയാണു്. പക്ഷെ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഒന്നു എനിക്കു് ഈ സ്നേഹിതന്മാരോടു് ചോദിക്കാനുണ്ടു്. ശ്രീ. കരുണാകരൻ ഉന്നയിച്ചതുപോലെ ഏതെങ്കിലും ഒരു യൂണിയനോ തൊഴിലാളിയോ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിന്റെമുമ്പിൽ ഗവണ്മെൻറു കൂലി കൂട്ടി നിശ്ചയിച്ച മിനിമംവേജ് തരുന്നില്ലെന്നു പരാതിപ്പെട്ടിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ : യൂണിയനു് പരാതിപ്പെടാൻ അധികാരമില്ല. വ്യക്തിപരമാണു് ഇതിനു് അവകാശമുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞു് : ഗവണ്മെൻറ് ഇക്കാര്യത്തിൽ എന്തു് അനാസ്ഥ കാണിച്ചു എന്നാണു് എനിക്കു് ചോദിക്കാനുള്ളതു്. ക്ലിപ്പെടുത്തിയിട്ടുള്ള കൂലി കുറയ്ക്കാനുള്ള യാതൊരു ഉദ്ദേശവും ഗവണ്മെൻറിനില്ല. കമ്മ്ററിയുടെ ടേംസ് ആഫ് റഫറൻസിൽ ആ കാര്യം ഉൾപ്പെടുന്നതല്ല. പിന്നെ ഇവിടെ സത്യഗ്രഹം ഉണ്ടായി നിരാഹാരവ്രതം ഉണ്ടായി എന്നൊക്കെ പറയുന്നു. ഇതൊന്നും ഇല്ലെങ്കിൽതന്നെയും അങ്ങിനെ എല്ലാം ഉണ്ടാകുമെന്നുള്ള പരമാർത്ഥം നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. കൂലി കൂടുതൽ കൊടുക്കാത്തതുകൊണ്ടാണു് സത്യഗ്രഹം അനുഷ്ഠിച്ചതെന്നു് പറയുന്നതിൻെറ പശ്ചാത്തലത്തിലേയ്ക്കു് ഞാൻ കടക്കുന്നില്ലെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളു. രണ്ടു മാസത്തിനകം ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ഗവണ്മെൻറ് ചെയ്തുകൊണ്ടാണിരിക്കുന്നതു്. മിനിമംവേജസ് ചില സ്ഥലങ്ങളിൽ കൊടുക്കാതിരിക്കുന്നുണ്ടെന്നുള്ളതു ശരിയാണു്.

ശ്രീ. പി. കെ. സുകുമാരൻ : ഏതെങ്കിലും ഒരു സ്ഥലത്തു് കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിനു സമീപമായ പരവൂർതന്നെ കൊടുക്കുന്നുണ്ടോ എന്നന്വേഷിച്ചാൽ അറിയാം.

ശ്രീ. പ്രാക്കുളം ഭാസി : ഇതിലേയ്ക്കു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : രണ്ടു് ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടു്. അതു് ചെയ്തുകഴിഞ്ഞു.

വിദേശമാർക്കറ്റിലുള്ള കയറിൻെറ വിലയെ ആശ്രയിച്ചാണു് പച്ചത്തൊണ്ടിൻെറ വില. അങ്ങിനെ മുമ്പു വാങ്ങി മൂടിയിട്ടുള്ള തൊണ്ടുകൾ കുഴിയിൽ കിടക്കവേയാണു് കൂലി ക്ലിപ്പെടുത്തിയതു്. മുമ്പു് കൂലി കുറഞ്ഞിരുന്നു. കൂലി ക്ലിപ്പെടുത്തിയതോടുകൂടി വർക്ക് ലോഡ് കുറയുകയും കൂലി കൂടുതൽ കൊടുക്കേണ്ടി വരുകയും ചെയ്തു. അങ്ങിനെ ലാഭത്തിൻെറ ഒരംശം നഷ്ടപ്പെടേണ്ടിവരും. ഇവിടെ തോട്ടം തൊഴിലാളികൾക്കുതന്നെ കൂലി ക്ലിപ്പെടുത്തിയപ്പോൾ എല്ലാവരും ഒരുമിച്ചു് ക്ലിപ്പെടുത്തിയ കൂലി കൊടുക്കാൻ തയ്യാറായില്ല. അതുപോലെതന്നെ പ്രൈവറ്റ് ബസ്സു് തൊഴിലാളികളുടെ കൂലി ക്ലിപ്പെടുത്തിയപ്പോഴും കുറെ പ്രതിഷേധമെല്ലാം ഉണ്ടായി. കാലക്രമത്തിൽ ആ കൂലി കൊടുത്തുവരികയാണു്. അതുപോലെ ഇതിലും കുറച്ചു് താമസിക്കുമെന്നേ ഉള്ളു. ഗവണ്മെൻറ് ചെയ്ത ഒരു തീരുമാനം നടപ്പിൽ വരുത്താൻ, ഏതെങ്കിലും മുതലാളിയെ പ്രീണിപ്പിക്കേണ്ട ആവശ്യംകൊണ്ടോ മറ്റോ ഈ ഗവണ്മെൻറ് അല്പസമയം പോലും വ്യർത്ഥമാക്കുകയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇവിടത്തെ കയറവ്യവസായത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൽനിന്നും ചില ആനുകൂല്യങ്ങൾ ചെയ്തെങ്കിൽ മാത്രമേ ഈ വ്യവസായം മുമ്പോട്ടുപോകുകയുള്ളു എന്നുള്ള അഭിപ്രായം ശരിയാണു്. ഗവണ്മെൻറിനു് അതിൽ താല്പര്യമുണ്ടു്. ഈ മിനിമംവേജസ് ക്ലിപ്പെടുത്തിയതുകൊണ്ടു് വളരെ വൈഷമ്യങ്ങൾ നേരിട്ടിട്ടുണ്ടെന്നും പൊതുജനസ്തോഭം ഉണ്ടായിട്ടുണ്ടെന്നും പറയുന്നുണ്ടു്. ഞാൻ പറയുന്നതു് ഈ തൊഴിലാളികളെ സംഘടിപ്പിച്ചു് സഹകരണസംഘങ്ങൾ ഉണ്ടാക്കുക എന്നാണു്. ഇടനില

[ശ്രീ. പി. കെ. കുഞ്ഞു്]

ക്കാരുടെ ആവശ്യമില്ല. അവർതന്നെ പച്ചത്തൊണ്ടു വാങ്ങി അടുക്കിയെടുത്തു് കയറുപിരിച്ചു് വിൽക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണം. അങ്ങിനെ സംഘടന ഉണ്ടാക്കുമെങ്കിൽ അതിനു ആവശ്യമായ പണം ഗവണ്മെൻറ് വായ്പയായി കൊടുക്കാൻ തയ്യാറാണെന്നു ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. എത്ര സഹകരണസംഘങ്ങൾ കയറു വ്യവസായത്തെ പോഷിപ്പിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയാലും ഈ ഗവണ്മെൻറിൻെറ സാമ്പത്തികസ്ഥിതിയെ ആശ്രയിച്ചു വായ്പ കൊടുക്കുമെന്നു് പറഞ്ഞുകൊള്ളുന്നു. തൊഴിലാളികൾതന്നെ പണമുണ്ടാക്കി അവർതന്നെ തൊണ്ടുമുടി കയർ പിരിച്ചു വിൽക്കുന്നപക്ഷം ഇന്നത്തെ കുഴപ്പങ്ങൾ തീരുന്നതാണു്. അതിനാവശ്യമായ പ്രോത്സാഹനം നൽകുക എന്നുള്ളതു് ഗവണ്മെൻറിൻെറ ആഗ്രഹമാണെന്നു ഈ സഭയിൽ ഞാൻ പ്രഖ്യാപിച്ചുകൊള്ളുന്നു. മററുകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാരണം ഇതിൻെറപേരിൽ നാട്ടിൽ നടക്കുന്ന കുഴപ്പങ്ങൾക്കു് യാതൊരു ഉത്തരവാദിത്വവും ഗവണ്മെൻറിനില്ല. ഇക്കാര്യത്തിൽ ഗവണ്മെൻറു ശക്തിയായ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. ഈ വിഷയത്തെപ്പററി പൊതുവേ എനിക്കു് പറയുവാനുള്ളതു് ഈ കയറുമിനിമംവേജസ് ക്ലിപ്തപ്പെടുത്തിയതു് ശരിക്കു് നടപ്പിൽ വരുത്തുന്നതിനു് നിലവിലിരിക്കുന്ന ഗവണ്മെൻറിനു എന്തെല്ലാം നിയമപ്രകാരം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുമെന്നാണു്. അതേ സമയത്തു് മുതലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾ എന്താണെന്നു അറിയുന്നതിനു് ഒരു റിപ്പോർട്ടു് വരുത്താനുള്ള ഗവണ്മെൻറിൻെറ ശ്രമം തെററാണെന്നു പറയുന്നതു ശരിയല്ല. അതിനുവേണ്ടി രൂപീകരിച്ചിരിക്കുന്ന കമ്മിററി പിരിച്ചുവിടണമെന്നുള്ള അഭിപ്രായത്തോടു് ഗവണ്മെൻറു യോജിക്കുന്നില്ല.

ശ്രീമതി. കെ. ആർ. ഗൗരി : ഈ ഗവണ്മെൻറു് ഇന്നു നിയമിച്ചിരിക്കുന്ന കമ്മിററി മിനിമംവേജസ് പുനഃപരിശോധിക്കാനല്ലെന്നും യാതൊരു വിധത്തിലും അങ്ങിനെ പുനഃപരിശോധനചെയ്യുകയില്ലെന്നും ബഹുമാനപ്പെട്ട മന്ത്രിക്കു് ഒരു പ്രസ്നോട്ടു് ഇറക്കാൻ പാടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : അതു് ആദ്യമേതന്നെ പറഞ്ഞിട്ടുണ്ടു്. കാലത്തും വൈകിട്ടും പ്രസ്നോട്ടു് ഇറക്കണോ? പോരെങ്കിൽ അതേ ഇഷ്യുവിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറുഭാഗത്തുനിന്നുമുള്ള ഒരു പ്രഖ്യാപനം കൂടിയാണിതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആലപ്പുഴ കയറുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ നയമെന്താണു്?

ശ്രീ. പി. കെ. കുഞ്ഞു് : ഓരോ സ്ഥലത്തുമുള്ള തൊഴിലാളികളെ സംബന്ധിച്ചു ഗവണ്മെൻറു നയമെന്താണെന്നു ചോദിച്ചാൽ ഒന്നും പറയാൻ സാദ്ധ്യമല്ല. ഗവണ്മെൻറിൻെറ ഉദ്ദേശം ഇന്നതാണെന്നു പറഞ്ഞിട്ടുണ്ടു്. 15 ലക്ഷം രൂ യുടെ ആനുകൂല്യം വേണമെന്നാണു് പ്രമേയത്തിൽ പറയുന്നതു്. ഈ സഹ ര ാട സ്ഥാനത്തിൽ അതിൻെറ മൂന്നോ നാലോ ഇരട്ടി രൂ കൊടുക്കാൻ ഗവണ്മെൻറു നു മടിയില്ലെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി : സഹകരണസംഘം ഇൻസ്പെക്ടറന്മാർക്ക് മിനിമംവേജസ് നടപ്പിലാക്കാനുള്ള അധികാരം കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററി ആലോചിക്കാം. കയർ സ്പെഷ്യലാഫീസർ കരുണാകരപ്പണിക്കരെപ്പററി ചില പ്രസ്താവനകൾ ഇവിടെ ഉണ്ടായി. അതിൽ എത്രത്തോളം യാഥാർത്ഥ്യം ഉണ്ടെന്നുള്ളതിനെ സംബന്ധിച്ച് യാതൊരു റിപ്പോർട്ടും കിട്ടിയിട്ടില്ല. നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിപരീതമായി അദ്ദേഹം എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : മീനച്ചിൽ, കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിൽ പച്ചത്തൊണ്ടു് ഉപയോഗശൂന്യമായിപ്പോകുന്നതു് ഉപയോഗയോഗ്യമാക്കിത്തീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചാൽ കൊള്ളാം.

ശ്രീ. പി. കെ. കുഞ്ഞു് : ഗവണ്മെൻറ് ഈ കയർ വ്യവസായത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നില്ല. വിലകൊടുക്കാതെ കിട്ടുന്ന സാധനം വിലയുള്ള സ്ഥലത്തു് കൊണ്ടുവന്നു കൊടുത്തു് അതിൻെറ വഴിക്കൂലി മാത്രം വാങ്ങുന്ന ഒരു സഹകരണസംഘം രൂപീകരിക്കാൻ ശ്രീ. ചാഴിക്കാടനെപോലെയുള്ളവർ വിചാരിച്ചാൽ സാധിക്കും. ഏതായാലും തൊണ്ടിന് വില കുറയുന്നതിനു് കിഴക്കൻ ഭാഗങ്ങളിലെനിന്നും തൊണ്ടു് കൊണ്ടുവന്നു് വിൽക്കുന്നതു് നല്ല കാര്യമാണു്. ഇപ്പോൾ മിനിമംവേജസ് ക്ലിപ്തപ്പെടുത്തിയപ്പോഴുള്ള വിലയേക്കാൾ കൂടുതൽ വില കയറിനുണ്ടു്. ആ നിലയ്ക്കു ഇന്നു നിശ്ചയിച്ചിട്ടുള്ള കൂലി കൊടുക്കുന്നതുകൊണ്ടു് വ്യാപാരികൾക്ക് യാതൊരു നഷ്ടവും വരാനിടയില്ല. എന്നിരുന്നാലും ചിലർ ആ കൂലി കൊടുക്കുന്നതിനു തയ്യാറാകുന്നില്ല. അതു സംബന്ധിച്ചു് ഊർജ്ജിതനടപടികൾ നടത്തും. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം പിൻവലിക്കുന്നതിനുള്ള സന്മനസ് ശ്രീ. നീലകണ്ഠനു് ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

Mr. Deputy Speaker : There is an amendment to the resolution. Do you press your amendment, Mr. Majeed?

Shri T. A. Majeed : Yes Sir. It has been accepted by the mover of the resolution.

The amendment of Shri T. A. Majeed to the resolution was put and carried.

Mr. Deputy Speaker : Mr. Neelakantan, do you press the resolution?

Shri U. Neelakantan : Yes.

The resolution of Shri U. Neelakantan, as amended, was put and carried.

Delay in Government Offices.

ശ്രീ. പി. വിശ്വംഭരൻ : സർ, ഞാൻ ഇവിടെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രമേയം ഇതാണു്. "പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളും, മററു ഔദ്യോഗിക ഫയലുകളും കൈകാര്യം

[ശ്രീ. പി. വിശ്വംഭരൻ]

ചെയ്യുന്നതിലും അവയെപ്പററി തീരുമാനമെടുക്കുന്നതിലും ഗവണ്മെൻറ് ആഫീസുകളിൽ കണ്ടുവരുന്ന അമിതമായ കാലതാമസം ഒഴിവാക്കുവാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളണമെന്നു ഈ സഭ ഗവണ്മെൻറിനോടു ശുപാർശ ചെയ്യുന്നു." സർ, വലിയ അഭിപ്രായവ്യത്യാസത്തിനൊന്നും ഇട നൽകാത്ത ഒരു പ്രമേയമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ സഭയിലെ അംഗങ്ങളിൽ എല്ലാവർക്കുംതന്നെ എന്നുമാത്രമല്ല ഈ രാജ്യത്തെ എല്ലാ പൌരന്മാർക്കുംതന്നെ എന്റെ ഈ പ്രമേയത്തിൽ ഉൾക്കൊള്ളുന്ന കാര്യം അനുഭവപ്പെട്ടിട്ടുള്ളതാണ്. ഇവിടെ വളരെക്കാലമായി നിലവിലിരുന്ന ഉദ്യോഗസ്ഥപാരമ്പര്യം ഇന്നും തുടർന്നുകൊണ്ടുപോകയാണ് ചെയ്യുന്നത്. അടുത്തകാലത്തുണ്ടായ ഒരു സംഭവവികാസമാണ് ഇങ്ങനെ ഫയലുകളിൽ അമിതമായ കാലതാമസം വരുന്നത് എന്നു ഞാൻ പറയുന്നില്ല. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ദിവാൻഭരണകാലത്തുണ്ടായിരുന്നതും അതു കഴിഞ്ഞു് കാൺഗ്രസ്സുഭരണകാലത്തു വികസിച്ചതുമായ ഉദ്യോഗസ്ഥപാരമ്പര്യം ഇന്നും ഒരു കുറവുംകൂടാതെ തുടർന്നു വരികയാണ്. അതു് ഇവിടത്തെ അഡ്മിനിസ്ട്രേററീവ് മെഷ്യനറിയിലുള്ള തകരാറുകൊണ്ടു സംഭവിക്കുന്നതാണ്. ഏതെങ്കിലും പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ എടുത്തു ആക്ഷേപിക്കണമെന്നു എനിക്കുദ്ദേശമില്ല. ഇവിടത്തെ അഡ്മിനിസ്ട്രേററീവ് മെഷ്യനറിതന്നെ വളരെ തകരാറുള്ളതാണ്. അതുകൊണ്ടാണ് അമിതമായ കാലതാമസമുണ്ടാകുന്നത്. ഇന്നു ബഹു: മെംബർ യു. നീലകണ്ഠൻ ഇവിടെ അവതരിപ്പിച്ച ഒരു പ്രമേയം നാം ഇവിടെ പാസ്സാക്കുകയുണ്ടായി. അതുപോലെ കോടിക്കണക്കിനു രൂപ ചെലവു ചെയ്യാനുള്ള ചില തീരുമാനങ്ങളും നാം എടുക്കുന്നുണ്ട്. അങ്ങിനെ നാം ഇവിടെ തീരുമാനമെടുത്തു കഴിഞ്ഞാൽ അതിനു ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർ അതു യഥാകാലം നടപ്പിൽ വരുത്തുവാൻ തയാറില്ലെങ്കിൽ അതുകൊണ്ടു യാതൊരു പ്രയോജനവും ഇവിടെ ഉണ്ടാകയില്ല. നമ്മുടെ അനുഭവത്തിൽ നിന്നു എന്തുമാത്രം കുഴപ്പമാണ് ഫയൽ കൈകാര്യം ചെയ്യുന്നതിൽ ഇവിടെ ഉണ്ടാകുന്നതെന്നു അറിയാവുന്നതാണ്. ഞങ്ങൾ ഈ നിയമസഭയിൽ വന്നതിനുശേഷം ഓരോരുത്തരും പത്തും നൂറും നിവേദനങ്ങൾ വീതം ഈ ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ട്. ആ നിവേദനങ്ങൾക്കും പരാതികൾക്കും എല്ലാംതന്നെ സാധാരണ കിട്ടാറുള്ള മറുപടി The matter is engaging the attention of Government എന്നാണ്. ഗവണ്മെൻറ് സിക്രട്ടറിയേററിലൊ മന്ത്രിമാർക്കോ കൊടുത്താൽ അങ്ങനെ ഒരു മറുപടി കിട്ടും. മററു ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർക്കു കൊടുത്താൽ ആ ഒരു മറുപടിയും കിട്ടുകയില്ല. ഗവണ്മെൻറിൽ കൊടുത്ത നിവേദനത്തിന് എൻഗേജ്ഡ് അറററൻഷൻ എന്നു പറഞ്ഞ് ഒരു മറുപടി കിട്ടുകയാൽപ്പിന്നെ അതിനെ ററി വേറെ ഒന്നും അറിയുവാൻ സാധിക്കുകയില്ല. അതെന്തെങ്കിലുമാകട്ടെ പ്രത്യേകം വല്ലതും അറിയണമെങ്കിൽ ഇങ്ങനെ ററം മുതൽ അതേയററംവരെയുള്ള ആഫീസുകളിലെ ശിപായി മുതൽ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻ വരെയുള്ള ആളുകളെ കണ്ടു് ഏർപ്പാടുചെയ്യണമെന്നതു് ഏററവും ലജ്ജാകരമായ ഒരു വസ്തുതയാണ്. ഈ കാര്യങ്ങൾ ചെയ്തില്ലെങ്കിൽ പൊതുജനങ്ങൾക്കു ഈ ഉൽ അയച്ചിട്ടുള്ള ഉത്തരവുകൾ യഥാകാലം ഞങ്ങൾക്കു നിറവേററുവാൻ സാധിക്കുകയില്ല. അതു ചെയ്യാതെ ഞങ്ങളുടെ നിയോ

കമണ്ഡലത്തിൽ ചെല്ലുന്നതായാൽ തല്ലുകിട്ടുന്ന പരിതഃസ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ടാണ് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ പരിതഃസ്ഥിതി പാടെ മാറാതെ തരമില്ല. എം. എൽ. എ. മാർ മാത്രമല്ല, ഈ രാജ്യത്തെ ഏതു് സാധാരണ പൌരനും പോസ്റ്റലിൽക്കൂടി ഒരു പരാതി ഗവണ്മെൻറിനു അയച്ചുകൊടുത്താൽ അതിനെപ്പററിയുള്ള തീരുമാനം അടുത്തുതന്നെ അയാളെ അറിയിക്കുന്ന ഒരു നില ഇവിടെ വന്നുചേരണം. എം. എൽ. എ. മാക്ക മാത്രം, ആൾസ്വാധീനമുള്ളവക്കുമാത്രം, ഗവണ്മെൻറിൽ ചെന്നു കാര്യം നടത്താമെന്നുള്ള നില പാടെ മാററണം. ഈ ഫയൽവെച്ചു താമസിപ്പിക്കുന്ന പാരമ്പര്യം കൂടുതൽ ഉയന്ന ഉദ്യോഗസ്ഥന്മാരിലാണ് ഉള്ളത്. അടുത്തകാലത്തു ഒരു സംഭവവികാസമുണ്ടായിട്ടുണ്ട്. അഖിലേന്ത്യാ കേഡറിലുള്ള ഒരു തരം ഉദ്യോഗസ്ഥന്മാരെ ഇവിടെ നിയമിച്ചിട്ടുണ്ട്. അതായതു് ഐ. എ. എസ്സും, ഐ. പി. എസ്സുംഉദ്യോഗസ്ഥന്മാരെ. അവരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഇന്നു് ഈ രാജ്യത്തേയ്ക്കു് വളരെ ആപൽക്കരമായ നിലപാടാണ് അവരിൽ പലരും കൈക്കൊള്ളുന്നതു് എന്നു് അങ്ങയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരിൽ എല്ലാപേരെയും പററി ഞാൻ കുററം പറയുന്നില്ല. ഇവിടത്തെ സർക്കാർ സർവീസിലിരുന്ന ചിലയാളുകൾ ഒരു സുപ്രഭാതത്തിൽ ഇന്നു് അധികാരത്തിലിരുന്നവരെ സേവപിടിച്ചു്, സ്വാധീനം ചെയ്തു് ഐ. എ. എസ്സുകാരായിത്തീരുകയാണുണ്ടായതു്. അങ്ങിനെ അവരോധിക്കപ്പെട്ടശേഷം ഈ സംസ്ഥാനത്തെ പൊതുജനങ്ങളോടു് യാതൊരു കടമയും ഇല്ലാതെ പ്രവർത്തിക്കുന്ന ഐ. എ. എസ്സു് ഉദ്യോഗസ്ഥർ ഇവിടെ ഉണ്ടു്. അവരുടെ loyalty ഈ സംസ്ഥാനഗവണ്മെൻറിനോടല്ലാ എന്ന മനോഭാവം പ്രകടിപ്പിക്കുന്ന പല ഐ. എ. എസ്സും ഐ. പി. എസ്സും. ഉദ്യോഗസ്ഥന്മാരുണ്ടു്. ഇതു് വളരെയധികം പ്രതിഷേധാർഹമായ ഒരു കാര്യമാണ്. അവരെ നിലയ്ക്കു നിറുത്തുവാനുള്ള കഴിവു്, അല്ലെങ്കിൽ അതിനുള്ള അധികാരം ഈ ഗവണ്മെൻറിനു് ഇല്ലെന്നു പ്രചരണവും അവർ നടത്തുന്നുണ്ടു്. അതു് വസ്തുവാണോ അല്ലയോ എന്നു ഞങ്ങൾക്കു് അറിയേണ്ടതുണ്ടു്. ഈ രാജ്യത്തിന്റെ ഖജനാവിൽ നിന്നു ശമ്പളംപററുന്ന ഈ ഉദ്യോഗസ്ഥന്മാരെ നിലയ്ക്കു നിറുത്തുവാനുള്ള അധികാരം ഇവിടത്തെഭരണാധികാരികൾക്കില്ലെങ്കിൽ അവരെ അവിടെനിന്നു മാറേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. അതു് ഇതിനുമുമ്പു് കാൺഗ്രസ്സ് ഗവണ്മെൻറു ഈ രാജ്യത്തോടു ചെയ്ത അക്ഷന്തവ്യമായ ഒരു അപരാധമാണ്. വളരെ ആർത്തമായ അനാസ്ഥ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ അവർ കാണിച്ചുവരുന്നുണ്ടു്. ഇവിടത്തെ ഒരു രാഷ്ട്രീയകക്ഷി ഉദ്യോഗസ്ഥന്മാരെ ഡീമോറലൈസ് ചെയ്യുന്നതിനു ഒരു സംഘടിതമായ ശ്രമം ഈ അടുത്ത കാലത്തായി നടത്തുവരുകയാണ്. ഈ ഗവണ്മെൻറിനു ഇവിടെ തുടരുവാൻ സാധ്യമല്ലെന്നും, തുടരുവാൻ അവകാശമില്ലെന്നും, ഈ ഗവണ്മെൻറിനു തക്കം നൽകുകയിരുന്ന പിൻതുണ പിൻവലിച്ചതോടുകൂടി തങ്ങൾ ഇവിടെ ഭരണാധികാരികളായിരിക്കുകയാണെന്നും ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അവർ പ്രചരണം നടത്തുകയാണ്.

ശ്രീ. കെ. പി. ഹാർമീസ്: ക്വസ്ററ്യൻ.

ശ്രീ. പി. വിശ്വംഭരൻ: ഞാൻ ഈൽഡു ചെയ്യുന്നില്ല. ജനാധിപത്യഗവണ്മെൻറിന്റെ വിജയത്തിനു അത്യാവശ്യമായിട്ടുള്ളതു് സിവിൽ സർവീസ് നിഷ്പക്ഷമായും രാഷ്ട്രീയപരിഗണനകൾക്കു് അതീതമായും പ്രവർത്തിക്കുക എന്നുള്ളതാണു്. ആ പരിപാവനമായ തത്വത്തെ ലംഘിച്ചുകൊണ്ടു് സർവ്വീസിൽ വേണ്ടാത്ത കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതിനും അടുത്ത കാലമായി അവർ പരിശ്രമിച്ചു വരുന്നുണ്ടു്. ഞാൻ മുമ്പുപറഞ്ഞ ചില ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാർ, പല ഉദ്യോഗസ്ഥന്മാരേയും കാണുമ്പോൾ 29-ാം തീയതി കഴിഞ്ഞോട്ടെ, അഞ്ചാം തീയതി കഴിഞ്ഞോട്ടെ, എന്നു പരസ്യമായി പറഞ്ഞു കേൾക്കാറുണ്ടു്. അതു് വളരെ അധികം പ്രതിഷേധിക്കേണ്ട ഒരു കാര്യമാണു്. ഈ വിഷയത്തെപ്പററി കൂടുതൽ പ്രസംഗിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ കാര്യത്തിൽ സഭയുടെ എല്ലാ ഭാഗത്തുമുള്ള ആളുകൾ യോജിക്കുമെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടു് ഏതാനും ചില നിർദ്ദേശങ്ങൾ മാത്രമാണു് എനിക്കു ഗവണ്മെൻറിനു സമർപ്പിക്കുവാനുള്ളതു്. ഇൻഡ്യാഗവണ്മെൻറ് പബ്ലിക്കു് അഡ്മിനിസ്ട്രേഷനെപ്പററി അന്വേഷിക്കുന്നതിനു് രണ്ടു വിദഗ്ദ്ധക്കമ്മിററികൾ ഉണ്ടാക്കി അവരുടെ റിപ്പോർട്ടുകൾ വരുത്തിയിട്ടുണ്ടു്. അതു് ഗോർവാലാ റിപ്പോർട്ടും ആപ്പിൾബി റിപ്പോർട്ടുമാണു്. അതുപോലെ ഇവിടത്തെ ഭരണരീതി എങ്ങനെയാണു് പരിഷ്കരിക്കേണ്ടതു് എന്നുള്ളതിനെപ്പററി അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യുന്നതിനു് വിദഗ്ദ്ധക്കമ്മിററിയെ നിയമിക്കുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഭരണകാര്യങ്ങളിൽ പരിചയമുള്ളവരും രാജ്യത്തെ പൊതു പ്രവർത്തനത്തിൽ ഇടപെട്ടിട്ടുള്ളവരുമായ ചുരുക്കം ചില ആളുകൾ ഉൾപ്പെട്ട ഒരു കമ്മിററി രൂപീകരിക്കുന്നതും അവരുടെ ശുപാർശയനുസരിച്ചു് പ്രവർത്തിക്കുന്നതും നന്നായിരിക്കും.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് സർക്കാർ ഉദ്യോഗസ്ഥന്മാർക്കു് വേണ്ടത്ര ആനുകൂല്യവും സംരക്ഷണവും ഗവണ്മെൻറിന്റെ ഭരണത്തലവന്മാർ ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണെന്നാണു്. എന്നാൽ അതോടുകൂടി തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വം അനുസരിച്ചു് പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥന്മാരെ നിലയ്ക്കു നിർത്തുവാനുള്ള ചുമതലയും ഗവണ്മെൻറിനുണ്ടു്. അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ നിർദ്ദാക്ഷിണ്യമായ നടപടികൾ എടുത്തു് ഒരു മാതൃക ഈ രാജ്യത്തു് സ്ഥാപിക്കണമെന്നും എനിക്കു അഭിപ്രായമുണ്ടു്. ഓരോ ആഫീസിലും ഫയലുകൾ ചെന്നാൽ അവിടെ തങ്ങിനിൽക്കേണ്ട കാലയളവിനെപ്പററി ഒരു നിഷ്കർഷ ചെയ്യുന്നതു നന്നായിരിക്കും. ഒരാഫീസിലും ഒരു ഫയലും രണ്ടോ മൂന്നോ ദിവസങ്ങളിൽ കൂടുതൽ വച്ചു് സൂക്ഷിക്കരുതെന്നു് കർശനമായി ഒരു വ്യവസ്ഥയുണ്ടാക്കണം. ആ വ്യവസ്ഥ പാലിക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതുമാണു്. അതു് മന്ത്രിമാരുടെ ആഫീസുകളുൾപ്പെടെയുള്ള എല്ലാ ആഫീസുകളും ഉണ്ടാകേണ്ടതാണു്.

ഭരണകാര്യങ്ങളിൽ ഡിപ്പാർട്ടുമെൻറുകളെ ഉപദേശിക്കാനുള്ള സമിതികൾ ഉണ്ടാക്കുന്നതും നന്നായിരിക്കും. എന്നാൽ ഇന്നു് ഇവിടെയുള്ള ഉപദേശകസമിതികളേപ്പോലെ യാതൊരധികാരവും ഇല്ലാത്ത കമ്മിററികളുണ്ടാകുന്നതുകൊണ്ടു് പ്രയോജനം ഇല്ല. ഇവിടെ ഡിസ്ട്രിക്ററ് ഡവലപ്പ്മെൻറ് കമ്മിററികളുണ്ടു്. പ്രോജക്ററ് ഉപദേശകസമിതിയും പി.

ഡബ്ലിയു. ഡി. വക്ക്സ് കമ്മിററികളുമുണ്ട്. വളരെയധികം ശബ്ദം ഉണ്ടാക്കുന്ന ഈ കമ്മിററികളിലെ അനുദ്യോഗസ്ഥാംഗങ്ങൾക്ക് പറയത്തക്ക അധികാരങ്ങൾ ഒന്നും ഇല്ലാത്ത ഒരവസ്ഥയാണിന്നുള്ളത്. ഒരു പ്രോജക്ററ് ഉപദേശകസമിതിയിലെ ഒരംഗമാണ് ഞാൻ. ഉപദേശകസമിതിയിലെ അംഗങ്ങൾ ഉത്തരവാദപ്പെട്ട എം. പി. മാർ, എം. എൽ. എ. മാർ പഞ്ചായത്തു പ്രസിഡൻററന്മാർ എന്നിവരാണ്. അവിടെ ചെന്നു എന്തു നിർദ്ദേശം വച്ചാലും അതു കേൾക്കുവാനുള്ള ചുമതല പ്രോജക്ററ് ഉദ്യോഗസ്ഥന്മാർക്കില്ലാത്ത അവസ്ഥയാണ് ഉള്ളത്. എന്നുതന്നെയല്ല, നിർദ്ദേശം സമർപ്പിക്കുവാൻ ഞങ്ങൾക്ക് അധികാരവും ഇല്ലെന്നാണ് പറയുന്നത്. അതേസമയം പ്രോജക്ററിലെ എല്ലാ ജോലികളുടേയും എസ്റ്റിമേററ് ഞങ്ങൾ പാസ്സാക്കുകയും വേണം. ഡിസ്ട്രിക്ററ് ഡവലപ്പ്മെൻറ് കമ്മിററിയുണ്ട്. അതിൻെറ ഗതി ഇതാണ്. പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ കമ്മിററികളിൽ ഇതു സഭയിലെ എല്ലാ മെംബറന്മാരും അംഗങ്ങളാണ്. ഞാൻ ഉൾപ്പെടുന്ന വക്ക്സ് കമ്മിററി കഴിഞ്ഞ 10 മാസത്തിനകത്ത് രണ്ടു മീററിംഗുകൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. ആദ്യത്തെ മീററിംഗിനു അവിടെ ചെന്നപ്പോൾ ചീഫ് ഇൻജിനീയരുടെ ഒരു സർക്കുലർ കാണാൻ ഇടയായി. മുൻ വർഷത്തിൽ തയ്യാറാക്കിവച്ചിരുന്ന ഒരു ലിസ്റ്റ് ഞങ്ങൾ അംഗീകരിക്കണമെന്നായിരുന്നു ആ സർക്കുലർ. ഞങ്ങൾ അങ്ങനെ ചെയ്തു. അതു കഴിഞ്ഞു 6 മാസം കഴിഞ്ഞു കമ്മിററി വീണ്ടും കൂടിയപ്പോൾ പഴയ വക്ക്സ് കമ്മിററി അംഗീകരിച്ചതും പിന്നെ ഞങ്ങൾ അംഗീകരിച്ചതുമായ ജോലികളുടെ ലിസ്ററ് ഞങ്ങൾ ഒന്നുകൂടി അംഗീകരിക്കണമെന്നു പറഞ്ഞു. ഞങ്ങൾ അവിടെ വെറുതെ ചെല്ലുകയാണ്. അങ്ങിനെയുള്ള കമ്മിററികളല്ല; നേരേമറിച്ച് കമ്മിററികൾ നിർദ്ദേശിക്കുന്ന കാര്യങ്ങൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥന്മാർ ബാദ്ധ്യസ്ഥരാണ് എന്നുള്ള നിലയിൽ ഉള്ള ഉപദേശക കമ്മിററിയുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. ഉപദേശകസമിതിയുടെ ഏതെങ്കിലും നിർദ്ദേശം ഏതെങ്കിലും ഉദ്യോഗസ്ഥന് സാദ്ധ്യമല്ലെങ്കിൽ ഗവണ്മെൻറിനു റിപ്പോർട്ട് ചെയ്യുകയും ഗവണ്മെൻറ് അതിനെക്കുറിച്ച് നടപടി എടുക്കുകയും വേണം. മന്ത്രിമാരും ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരും കൂടക്കൂടെ അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഒരു കാണ്ഫറൻസ് വിളിച്ചുകൂട്ടി ഭരണപരമായ കാര്യങ്ങളിലുള്ള ഈ മാതിരി കുഴപ്പങ്ങൾ തീർക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ചചെയ്യണമെന്നും ഞാൻ നിർദ്ദേശിക്കുന്നു. അങ്ങനെ ചർച്ചചെയ്താൽ കുഴപ്പം തീർക്കുന്നതിനു സാധിക്കും. സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിക്കുന്നതിനും അതുപകരിക്കും. ഇന്നു സേവ പിടിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു മാത്രമേ സ്ഥാനമുള്ളൂ. അതുമാറി സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാർ ആരാണെന്നു കണ്ടുപിടിക്കുന്നതിനു ഈ കാൺഫറൻസുകൊണ്ട് സാധിക്കും. ഫയലുകളുടെ കാര്യത്തിൽ ഇന്നു കണ്ടുവരുന്ന ക്രമരഹിതമായ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന് ഈ മാതിരി കാൺഫറൻസുകൾ വിളിച്ചുകൂട്ടുന്നതു സഹായകമായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്.

പിന്നെ ഈ ആൻറികറപ്ഷൻ ബില്ല് എത്രയും വേഗത്തിൽ പാസ്സാക്കുകയും ആൻറികറപ്ഷൻ ട്രിബ്യൂണൽ എത്രയും വേഗം നിയമിക്കുകയും വേണം. ആ നിയമം എത്രയും വേഗം പാസ്സാക്കുന്നതിന് ഈ സഭയുടെ സഹായംകൂടി ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

[ശ്രീ. പി. വിശ്വംഭരൻ]

അടിയന്തിരമായി ഗവണ്മെൻറ് ആലോചിക്കാവുന്ന ഒരു കാര്യംകൂടി നിർദ്ദേശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അതായതു ഇന്ന് ഈ സെക്രട്ടറിയേറ്റിലായാലും മറ്റേതു ഡിപ്പാർട്ടുമെൻറിലായാലും അവയുടെ മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ കുറെ ആളുകൾ വളരെ കാലമായി പററിക്കൂടിയിരിക്കുകയാണ്. ദിവാൻഭരണമായാലും കാൺഗ്രസ്സ് മന്ത്രിസഭയുടെ ഭരണം വന്നാലും പി. എസ്. പി. മന്ത്രിസഭയുടെ ഭരണം വന്നാലും അവരെ അനക്കുകയില്ല. അവർ അങ്ങനെ മാറാതെ പററിക്കൂടിയിരുന്നുകൊണ്ട് കുഴിഞ്ഞുകൂടുകയാണ്. ആ ഒരു നില അവസാനിപ്പിക്കണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇതിനൊരു മര്യാദവാരം ആരംഭിച്ചാലോ മതിയാകുമോ?

ശ്രീ. പി. വിശ്വംഭരൻ : മര്യാദവാരമല്ല; മര്യാദക്കാലം വരണമെന്നാണ് ഞാൻ പറയുന്നത്. ആരായാലും മര്യാദ പാലിക്കേണ്ടതാവശ്യമാണ്. ഒരു വാരത്തിൽ മാത്രം മര്യാദ ആദരിച്ചാൽ പോരാ. സർ, ഇങ്ങിനെ അനേകവർഷക്കാലമായി മർമ്മപ്രധാനമായ ഔദ്യോഗിക സ്ഥാനങ്ങളിൽ പററിക്കൂടിയിരിക്കുന്ന താപ്പാനകളെ ഒന്ന് മാററിപ്രതിഷ്ഠിക്കുക എന്നതു് അത്യാവശ്യമായ കാര്യമാണ്. അതിന് ഭരണഘടനാപരമായ തടസ്സങ്ങളൊന്നുമുണ്ടാവുകയില്ല. അതുകൊണ്ട് റിട്ടും അതുപോലുള്ള നടപടികളൊന്നുമുണ്ടാവുകയുമില്ല.

ശ്രീ. കെ. പി. ഫോർമിസ് : ഇന്നു ഭരണം നടത്തിക്കൊണ്ടിരിക്കുന്ന കക്ഷിയിലപ്പെട്ട ഒരംഗമെന്ന നിലയിൽ ഇന്നത്തെ ഗവണ്മെൻറിന് ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാൻ കഴിയുന്നില്ല എന്നുള്ള നിസ്സഹായതയെയാണോ ഇവിടെ പറഞ്ഞതു്?

ശ്രീ. പി. വിശ്വംഭരൻ : ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്ന കാര്യത്തിൽ ഇന്നത്തെ ഗവണ്മെൻറ് വളരെ ഏറെ വിജയിച്ചിട്ടുണ്ടെന്നാണെനിക്കു പറയാനുള്ളതു്. ഉദ്യോഗസ്ഥന്മാരെ മുഴുവനും സ്വാധീനമാക്കുവാനുള്ള ശ്രമങ്ങൾ ഒരു രാഷ്ട്രീയകക്ഷി നടത്തിവരികയാണ്. അതു് പൊതുവെ പരാജയപ്പെട്ടിരിക്കുകയാണ്. എങ്കിലും അങ്ങിങ്ങായി ചില ഉദ്യോഗസ്ഥന്മാർ അവരുടെ സ്വാധീനത്തിൽപ്പെട്ടു ധിക്കാരപരമായി പ്രവർത്തിക്കുന്നുണ്ടെന്നും അവരെ നിലയ്ക്കു നിറുത്തണമെന്നും ആണ് ഞാൻ പറഞ്ഞതു്.

Shri A. R. Menon : Sir, I second the motion. While seconding the motion, I want to offer some remarks on the subject. I think this is one of the most important of the questions that are faced by the administration and the House, and a solution should be sought. I know personally for the last so many years that the Secretariat—not only this Secretariat but Secretariats elsewhere too—is a place where people generally take rest. We see a number of people sitting together and talking and wasting their time. I was very happy when the Government raised the salaries of these officers. But I want Government also to insist upon these officers and other subordi-

nates to give something in return for the money given to them. While their salary should be increased, naturally they are expected to be more zealous in the discharge of their duties. I once had an occasion to send a wire to the head of the Department. It was in connection with a very important matter affecting vitally my constituency. And, to my surprise, till this day not even an acknowledgment has been received. There is an idea, Sir, that when a person gets into Government service, he is superior to any other person. But to my mind he is of an inferior type. The position now is that the officers labour under a superiority complex while the Ministry is suffering from an inferiority complex. This state of affairs is responsible for all this trouble. The Ministry cannot keep these officers in proper order because of their inferiority complex. The officials take note of the inferiority complex under which the Ministry suffers and take advantage of it. On one side the superiority complex is gaining ground and on the other the inferiority takes hold of the Ministry. I have never known a Minister to have taken to task one of the Secretaries or officials under him. They somehow or other hang on to the tail of a Secretary or Secretaries. Are the Ministers wanting in the necessary equipment to carry on the administration ? I don't believe that the work of administration is such a mysterious and difficult one as can only be carried on by these officers. You can yourselves carry on administration. If you go through the file and find out the mischiefs done by the Secretary or by the Clerk once or twice it will immediately create fear among these officers. But by depending on the notes written by them and then by putting 'Yes' or 'No' you make them superior. I am sorry to say that is the position.

Now, honourable behaviour is always a desirable thing. And, this idea of superiority complex somehow or other makes them even descend to indecent behaviour. And, in this they do not seem to realise that the good name and popularity of the whole administration depend on them. Sir, this State is noted for the intolerable superiority complex of the official element that may be suitable in an old regime. But conditions have changed in this land and these officers do not seem to realise that the old order has changed giving placing to new. I remember a case of a Head Constable entering a place where some professors and other gentlemen were sitting and talking, and ordering them to get out. These gentlemen had to quit the place. That is the kind of officialdom established in this land. It is time that this changes.

Now, Sir, regarding the I. A. S. officers. The I. A. S. is only the offspring of the old I. C. S. There is no record in human history where a Civil Service has played such an important and major role as the I. C. S. has during the past two centuries. This I. C. S. gradually and completely got hold of the administrative machinery and even the Government. The I. C. S. is mainly responsible for bringing this country in this condition. Naturally they begin to think that they are great men and by

[Shri A. R. Menon.]

a process of auto-suggestion they deem themselves as superior beings. It was, Sir, Mr. Lloyd George who said that the I. C. S. was the "Steel-frame" of the Indian Government. I perfectly agree with him. Yes, it was so during the good old days. Now it is sheer anachronism for the I. A. S. to be styled as the "Steel-Frame" of the Government. What has happened is that a man getting Rs. 100 is promoted all on a sudden and given a salary of Rs. 1,000, over the head of a large number of people who had put in more service. What is the qualification required ? The qualification, Sir, is a thorough knowledge of the nervous system of the earthworm or the anatomy of a cockroach or the binomial theorem. These are the subjects in which they have been qualified. Any number you can have who have passed these examinations. But certainly these qualifications will not be of any avail in the field of administration. It never indicates that he has understood administration. For a proper administration you should be able to understand human nature. And, human nature is only understood by experienced persons by coming in contact with people. These I. A. S. boys have been placed high over people who have grown grey in service. That is the mischief that has been done. The claims of people who have put in 22 or 23 years of service have been neglected and these men appointed. Sir, I ask what kind of contentment these neglected officers can have. I know you are helpless. And, these swellheads, a majority of them are absolutely ignoraant of administration. They may have their merits in their own particular grooves. But when once they get this position they forget everything. When anybody approaches them they want to play the old I. C. S. sahib. Now, there is a belief that if any department is not properly managed things could be set right by putting an I. A. S. officer there. Sir, in Calcutta in the Great Famine, some 30 lakhs of people died of starvation because of this administration by the I. C. S. officers. They bungled. Where people cannot raise their voice their fate is doomed under the administration of these officers. But such days are gone. Now, it is the Government of the people. The Government of the Travancore-Cochin is managed by the people of the State. There is no question here of the Tamil State or Malayali State. It is the Government of the people, for the people and by the people. And, the officials employed by the people should carry out the instructions and orders of the chosen representatives of the people who run the administration. I am again to refer to the letter that I sent requesting immediate action. Not even a reply is given. But the officer receives his salary from the proceeds of the taxes collected from my constituency. That is the reason why discontent is seething and the administration is exposed to all these attacks. For all the commissions of sin of these officers you, who represent the Government are made responsible. You are the targets of all these attacks.

Therefore I would appeal to you to take necessary measures to hasten decisions and send replies at least when com-

munications are received. It does not cost much to be prompt, it does not cost you to be reasonable. Friendliness begets friendliness, decency begets decency. If these people only remember this, their attitude will change. I do not wish to say anything more. This matter should be looked into because for the safety and protection of the Ministry itself these men should be made to realise that they are the servants of the public and not the masters of the public and that they are subordinate to the administration. The Administrative Heads of Departments are subordinate to the Ministers and therefore even if it comes to that, disciplinary action must be taken against them so as to teach them to behave properly and make them realise that conditions have changed. They must know that unless they behave properly and adapt themselves to the existing conditions, they would get out of the administration. Old times have gone, and officials must learn decency. I am bringing this fact to the notice of Government for the protection of the Ministry for unless action is taken, it will only besmirch the fair name of the Ministry. Even to-day there seems to be a kind of distinction between the official and non-official world. The old bureaucarcy is operating under a new guise. Instead of one Dewan, four of you are here. Please set such matters right so that we may render you all possible help in this House instead of exposing you to hostile attacks.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ശ്രീ. വിശ്വംഭരന്റെ പ്രമേയത്തിന്റെ അടിസ്ഥാനതത്വത്തെ ഞാൻ പിൻതാങ്ങുന്നു. ഒന്നാമതായി എനിക്കു പറയുവാനുള്ളതു്, സക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം നിശ്ചയിക്കുന്നതിനു് ഒരു മിനിമംവേജസ് കമ്മിററിയും, ഒരു മാക്സിമം വേജസ് കമ്മിററിയും നിയമിക്കണമെന്നാണു്. രാജ്യത്തെ എല്ലാ തൊഴിലാളികൾക്കും മിനിമംവേജസ് ക്ലിപ്തപ്പെടുത്തണമെന്നുള്ള തത്വം അംഗീകരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഗവൎണ്മെൻറിന്റെ കീഴിൽ പ്രവൎത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥന്മാൎക്കും ഒരു മിനിമംവേജസ് ലജിസ്ലേഷനും, ഒരു മാക്സിമംവേജസ് ലജിസ്ലേഷനും ഉണ്ടാകണം. അത്തരം ഒരു ലജിസ്ലേഷൻ ഉണ്ടാകുന്നപക്ഷം ഏതെങ്കിലും ഉദ്യോഗത്തിൽ ഇരിക്കുന്ന ഒരാളിനു് മേലോട്ടു കയറിപ്പോകുന്നതിനുള്ള സാഹചൎയ്യം എന്താണെന്നു അന്വേഷിച്ചു് ഉഴലേണ്ടതായി വരികയില്ല. ഇന്നു് സക്കാർ കാൎയ്യത്തെക്കാൾ കൂടുതൽ ഇങ്ങനെയുള്ള സ്വന്തം കാൎയ്യങ്ങൾക്കാണു് പ്രായേണ ഉദ്യോഗസ്ഥന്മാർ വ്യഗ്രത കാണിക്കുന്നതു്. ഇത്തരം കമ്മിററികൾ ഏൎപ്പെടുത്തി ഒരു തീരുമാനം ചെയ്യുന്നപക്ഷം, അതിനൊരു പരിഹാരം ഉണ്ടാകുന്നതാണു്. ഇതു വളരെ അസംബന്ധമായ ഒരു തീരുമാനമാണെന്നു തോന്നിയേക്കാം. പക്ഷെ, യോഗക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ ഉദ്ദേശിക്കുന്ന ഏതു രാഷ്ട്രവും ഇങ്ങനെയൊരു തീരുമാനത്തിൽ എത്തിച്ചേൎന്നിട്ടുണ്ടു്. അങ്ങനെയുള്ള രാഷ്ട്രങ്ങളിൽ സക്കാർ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം മിനിമംവേജസ് ആക്ററും മാക്സിമംവേജസ് ആക്ററും നടപ്പിലാക്കിയിട്ടുണ്ടു്. അവിടെയുള്ള സക്കാർ ഉദ്യോഗസ്ഥന്മാരെ മററു തൊഴിലാളികളെപ്പോലെതന്നെ ഗണിച്ചു് രാജ്യസേവനംചെയ്തു ജീവിക്കുവാനാണു് അനുവദിച്ചിട്ടുള്ളതു്. അതുകൊണ്ടു് അപ്രകാരം ഒരു തീരുമാനം ഇവിടെയും ചെയ്യേണ്ടതാണു്.

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

രണ്ടാമതായി നമ്മുടെ രാജ്യത്ത് ഒരു ഭരണഘടനയുണ്ടായി എന്നുള്ള വിവരം നമ്മുടെ ഉദ്യോഗസ്ഥന്മാർ മനസ്സിലാക്കിയിട്ടില്ല. അങ്ങനെ മനസ്സിലാക്കിയിട്ടുള്ളതായി അനുഭവമില്ല. അതിൽ അത്ഭുതമില്ല. നമ്മുടെ രാജ്യത്തെ ഭരണകർത്താക്കന്മാരും ആ വിവരം മനസ്സിലാക്കിയിട്ടില്ലെന്നാണു തോന്നുന്നത്. അവർ ഇന്നും വിചാരിക്കുന്നത്, ആ ഭരണകൂടത്തിലുള്ള ഓരോ ഉദ്യോഗസ്ഥനും ബ്രിട്ടീഷ് ഭരണകാലത്തെന്നപോലെ അധികാരത്തിന്റെ പ്രതിബിംബങ്ങൾ ആണെന്നാണ്. വാസ്തവത്തിൽ ഈ ഉദ്യോഗസ്ഥന്മാർ അധികാരത്തിന്റെ പ്രതിബിംബങ്ങളല്ലെന്ന് നമുക്കറിയാം. ഗവണ്മെന്റിന്റെ ജോലികൾ നിർവ്വഹിക്കുന്ന ആൾ എന്നതിൽക്കവിഞ്ഞ് ഒരധികാരവും അവർക്കില്ല. നാം ഇവിടെ പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ ഓരോന്നും ജനങ്ങളെക്കൊണ്ടു നിർവ്വഹിപ്പിക്കുവാൻ ഉള്ള ചുമതല ആ ഉദ്യോഗസ്ഥനിൽ അർപ്പിച്ചിട്ടുണ്ട്. എന്നല്ലാതെ, അയാളെ ആ കാര്യത്തിന് നിയോഗിക്കുന്നുവെന്നല്ലാതെ അധികാരത്തിന്റെ പ്രതിബിംബമായിട്ട് ജനങ്ങളെ സമീപിക്കുവാൻ അയാളെ നിയമിച്ചിട്ടില്ല. ആ മനഃസ്ഥിതി ഇപ്പോഴും ഉള്ളതുകൊണ്ടാണ് ഇവിടെ ഒരു ഭരണഘടനയുണ്ടെന്നുള്ള വിവരംപോലും നമ്മുടെ ഉദ്യോഗസ്ഥന്മാർക്കുണ്ടോ എന്നു ഞാൻ സംശയിക്കുന്നത്.

ശ്രീ. എ. താണുപിള്ള: മിനിമംവേജസ് നിർണ്ണയിക്കുവാൻ ഇവിടെ ഒരു കമ്മിററിയെ ഏർപ്പെടുത്തണമെന്നാണല്ലോ പറഞ്ഞത്. അങ്ങനെ ഏർപ്പെടുത്തിയാൽ, വിദ്യാഭ്യാസഡയറക്ടർ, ചീഫ് എൻജിനീയർ, സർജൻജനറൽ മുതലായ ഉദ്യോഗസ്ഥന്മാർക്ക് എന്തു ശമ്പളം കൊടുക്കാം. അതിനെപ്പററി ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ചിന്തിച്ചിട്ടുണ്ട്. ഇത്തരം ഉദ്യോഗസ്ഥന്മാർക്ക് ഉയർന്ന ശമ്പളം കൊടുക്കേണ്ടതായി വരുമെന്ന് എനിക്കറിയാം. എന്നാൽ അത് അങ്ങനെ ഒന്നുണ്ടാക്കുന്നതിന് ബാധകമാകുകയില്ല. പക്ഷെ, ഞാൻ മുൻപു പറഞ്ഞതുപോലെ.....

ശ്രീ. എ. താണുപിള്ള: ഞാൻ ചോദിച്ചത് ഇതെങ്ങനെ പ്രായോഗികമാക്കാൻ കഴിയും എന്നറിയാനാണ്. ഇവരുടെ ശമ്പളത്തുക എന്തായിരിക്കണമെന്നു പറഞ്ഞാൽ അതു ഗവണ്മെന്റിന് സഹായകമായിരിക്കും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: വേണമെങ്കിൽ ഞാൻ അതിന് ഒരു ലിസ്ററുതരാം. ഞാൻ അതിനെപ്പററി ചിന്തിക്കുകയും, അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലിസ്ററും എടുത്തിട്ടുണ്ട്, പ്രയോജനമുണ്ടെങ്കിൽ അതു തരാം.

അങ്ങനെ ഭരണഘടനയുണ്ടെന്നുള്ള ഒരു ബോധം നമ്മുടെ ഉദ്യോഗസ്ഥന്മാർക്കില്ല. ജനക്ഷേമത്തിനു വേണ്ടിയാണ് ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കേണ്ടതെന്നുള്ള അഭിപ്രായം ഭരിക്കുന്ന കക്ഷിക്കുതന്നെ ഇല്ല. ഇന്നത്തെ കക്ഷിക്ക് അതു് ഉണ്ടോ ഇല്ലയോ എന്നുള്ള കാര്യമല്ല ഞാൻ പറയുന്നത്. പൊതുവെ ഇവിടത്തെ രാഷ്ട്രീയ കക്ഷികളെ എടുത്തു പറയുന്നതാണ്. കാൺഗ്രസ്സ് കക്ഷിക്കായാലും, മററു കക്ഷികൾക്കായാലും ഉദ്യോഗസ്ഥ

ന്മാക്ക് അപ്രകാരമുള്ള ഒരു ധാരണ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. അതിന് ഒന്നാമത്തെ ഉദാഹരണമായി പറയാവുന്നത് അൻപതോ അറുപതോ കൊല്ലങ്ങൾക്കു മുൻപ് ഇവിടെ നിലവിലിരിക്കുന്ന സ്റ്റാൻഡിംഗ് ആർഡേഴ്സിനെപ്പററിയാണ്. ആ പഴയ കടലാസ് ഒട്ടിച്ച് ഒട്ടിച്ച് കൊണ്ടുപോകുകയാണു ഇന്നും ചെയ്യുന്നത്. ഭരണഘടനയുടെ വെളിച്ചത്തിൽ ഈ സ്റ്റാൻഡിംഗ് ആർഡേഴ്സിനെ അടിസ്ഥാനപരമായി മാററുവാൻ ഇതുവരെ ഒന്നും ചെയ്തിട്ടില്ല. അതു മാററി ഉദ്യോഗസ്ഥന്മാക്ക് ഒരു പുതിയ വീക്ഷണഗതിയും ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. സെക്രട്ടറിയേററിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരും, ഡിപ്പാർട്ടുമെൻറ് ആഫീസുകളിൽ ഇരിക്കുന്നവരും, അവരുടെ കീഴിലുള്ള സബ് ആഫീസ്സുകളിലെ ഉദ്യോഗസ്ഥന്മാരും ജനങ്ങളുമായുള്ള ബന്ധം എത്രമാത്രം ഉന്നതമായിരിക്കണമെന്നും, ഈ ഉദ്യോഗസ്ഥന്മാരുടെ ഓരോ പതനത്തിലുമുള്ള കൊള്ളകൊടുക്കൽ—ഇവരുടെ ഓരോ നടപടിയേയും ഒരു കൊള്ള കൊടുക്കലായിട്ടാണ് ഞാൻ ഗണിക്കുന്നത്—എത്രമാത്രം വേണമെന്ന്, അതിൻെറ സ്വഭാവം എന്തായിരിക്കണമെന്ന്, സമഗ്രമായ ഒരു പരിശോധന നടത്തി ഇതിൽ ഏതേതു ഭാഗത്ത് എത്രമാത്രം അധികാരം ഈ ഉദ്യോഗസ്ഥന്മാക്ക് കൊടുക്കേണ്ടതാണ് എന്നു നിശ്ചയിക്കണം. ഇതുസംബന്ധിച്ച് എൻെറ സ്നേഹിതൻ ഇവിടെ പ്രസ്താവിച്ചമാതിരി സെൻട്രൽ ഗവണ്മെൻറിൻെറ സിവിൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പരിശോധിക്കുന്നതു നന്നായിരിക്കും.

ഇംഗ്ലണ്ടിൽ പാർലമെൻറിൻെറ കീഴിലുള്ള സിവിൽസർവ്വീസിൻെറ കാര്യം ഇവിടെ പറയുകയുണ്ടായി. അതിനെപ്പററി ഉത്തരവാദിത്വത്തോടുകൂടി പഠിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതിനെപ്പററി പ്രസംഗിച്ചിട്ടു കാര്യമില്ല. ഇംഗ്ലണ്ടിൻെറ മാതൃകയാണ് നാം നടപ്പിലാക്കുന്നതെന്നു അഭിമാനിച്ചിട്ടും കാര്യമില്ല. ഇംഗ്ലണ്ടിലെ രീതി യെന്താണെന്നു ശരിയായിട്ടു പഠിച്ചിട്ട് അതിൻെറ ഉള്ളുക്കും ചുള്ളിവും നല്ലവണ്ണം മനസ്സിലാക്കി ഇവിടെ പ്രയോഗത്തിൽ വരുത്താനാണു നോക്കേണ്ടത്. ഒരാളിനെ ആറുമാസക്കാലത്തേയ്ക്ക് അയച്ചു പഠിപ്പിച്ചു വരുത്തി മററുള്ളവക്ക് ബോദ്ധ്യംവരത്തക്കവണ്ണം പ്രയോഗിച്ചുനോക്കുകയാണുവേണ്ടത്. ഇത്രയും ചെയ്യാതെ മാത്രമേ ഹയലുകൾ വേഗത്തിൽ അങ്ങോട്ടും ഇങ്ങോട്ടും പോകുകയുള്ളൂ. അല്ലാതെ ശ്രീ. വിശ്വംഭരനും, ശ്രീ. എ. ആർ. മേനോനും അഭിപ്രായപ്പെട്ടതുപോലെ ഉദ്യോഗസ്ഥന്മാരെ അങ്ങോട്ടും ഇങ്ങോട്ടും മാററിയതുകൊണ്ടോ, ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻെറ പേരിൽ നടപടി എടുത്തതുകൊണ്ടോ പ്രയോജനമില്ല. ആരുടെ പേരിലും നടപടികൾ എടുക്കേണ്ടാ എന്ന് ഞാൻ പറയുന്നതിന്ന് അർത്ഥമില്ല. പക്ഷെ, അതുകൊണ്ടുമാത്രം ഈ രോഗം മാറുകയില്ല. ഇതിന്ന് അടിസ്ഥാനമായ ചില നിദാനങ്ങളുണ്ട്. അതു് എന്താണെന്നു കണ്ടുപിടിച്ച് വേണ്ട പ്രതിവിധികൾ ചെയ്യണമെന്നു നിർദ്ദേശിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എ. താണുപിള്ള : സർ, ഈ പ്രമേയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെംബറന്മാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കു ഞാൻ നന്ദിപറയുന്നു. ഇന്നു ഡിപ്പാർട്ടുമെൻറുകളിൽ ജോലി നടത്തുന്നതിൽ കാലതാമസം ഇല്ലെന്ന് അവകാശപ്പെടാൻ സാദ്ധ്യമല്ല. വളരെക്കാലമ

[ശ്രീ. എ. താണുപിള്ള]

മായി നടന്നുവരുന്ന സമ്പ്രദായങ്ങളിൽ നിന്നു ഗണ്യമായ മാററങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഞാൻ പറയുന്നില്ല. ജോലി നടത്തുന്നതിൽ കാലതാമസമുണ്ട്. പക്ഷെ ഗവണ്മെൻറിൻെറ ഉദ്ദേശം ഈ കാലതാമസം നീക്കണമെന്നും ജോലി ശരിയായ സമയത്തു് കാര്യക്ഷമമായവിധം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും തന്നെയാണ്. അതിൽ പല കാര്യങ്ങളും നാം നോക്കാനുണ്ട്. എന്നാൽ ഒരു സംഗതി ഞാൻ പറയാം. നമ്മുടെ സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാർ പൊതുവെ അവരുടെ ജോലികളിൽ താൽപ്പര്യമില്ലാത്തവരെന്നോ, ഗവണ്മെൻറിനെയോ മേലധികാരികളെയോ അവഗണിക്കുന്നവരെന്നോ പറയുന്നതു ശരിയല്ല. ന്യൂനതകളുണ്ട്. ധാരാളമുണ്ട്. പക്ഷെ ഇവിടെ കേട്ട ചില പ്രസ്താവനകൾ അതിശയോക്തിപരമാണെന്നു പറയാതെ തരമില്ല. ഒന്നാമതു പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞതുപോലെ ജോലികൾ നടത്തിക്കുന്നതിൽ ഓരോ ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജോലികൾ, കർത്തവ്യങ്ങൾ, ഇവ സംബന്ധിച്ച് വളരെക്കാലമായി നിലനിന്നിരുന്ന ചട്ടങ്ങൾ ഭേദപ്പെടുത്തുന്ന കാര്യം ആലോചിക്കേണ്ടതുതന്നെയാണ്. ഇതിടെ ഒരു ഡിപ്പാർട്ടുമെൻറിൽ, അതായതു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ പരിഷ്കാരം നടപ്പിലാക്കിയിട്ടുണ്ട്. ആ ഡിപ്പാർട്ടുമെൻറു മേലാൽ എങ്ങനെ നടക്കുന്നു, പരാതികൾ ഉണ്ടോ എന്നു ഗവണ്മെൻറു വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ പല ഡിപ്പാർട്ടുമെൻറുകളിലും ഭേദഗതികൾ വരുത്തേണ്ടതായിട്ടുണ്ട്. ശരിയായ തത്വങ്ങൾ അനുസരിച്ചുതന്നെ അവ നടപ്പിൽ വരുത്തണമെന്നു ഗവണ്മെൻറു ആഗ്രഹിക്കുന്നു.

ശമ്പളക്കാര്യത്തിൽ, താഴ്ന്ന ശമ്പളക്കാർക്ക് ശമ്പളം കൂട്ടിക്കൊടുക്കുന്നതിന് ഗവണ്മെൻറ് തീരുമാനം ചെയ്തിട്ടുണ്ട്. അവ വേണ്ടിടത്തോളം ഗുണപ്രദമായിട്ടില്ലെന്നു ചില ഡിപ്പാർട്ടുമെൻറുകളിൽനിന്നും പരാതിയുണ്ട്. അക്കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്. നമ്മുടെ ധനപരമായ നില പരിഗണിച്ചുകൊണ്ടു മാത്രമെ ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു. കഴിവുള്ളിടത്തോളം ഇക്കാര്യത്തിൽ ഗവണ്മെൻറു ജോലിക്കാരോടു ന്യായംചെയ്യണമെന്നു ഗവണ്മെൻറിനു താൽപ്പര്യമുണ്ട്. അതു് അവരെക്കൊണ്ടു ശരിയായി ജോലി ചെയ്യിക്കുന്നതിൻെറ പ്രാരംഭ നടപടിയായിട്ടുതന്നെ ഞാൻ കരുതുന്നു. ഇപ്പോൾ പുറപ്പെടുവിച്ച ഉത്തരവുകൾ, ഈ മന്ത്രിസഭ തുടരുന്ന പക്ഷം ആവശ്യമുള്ള ഭേദഗതികളോടുകൂടി അടുത്ത ഫിനാൻഷ്യൽ ഈയാണ്ടിൽതന്നെ നടപ്പിലാക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്. അതിനെത്തുടർന്നു ഗവണ്മെൻറുജീവനക്കാർ എല്ലാം തന്നെ ഊർജ്ജിതമായി ജോലിചെയ്യുമെന്നു വിശ്വസിക്കുന്നു.

ഇത്രയും നാൻഗസററഡ് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചാണ് ചെയ്തിട്ടുള്ളതു്. അതിൻെറ മുകളിലുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് ചില പരാതികളുണ്ട്. ചില പരാതികൾ ന്യായമാണ്. ഇവിടെ ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരെപ്പററി പറഞ്ഞു അവരുടെസേവനവ്യവസ്ഥ നമ്മുടെ ഗവണ്മെൻറു സ്വീകരിച്ചതോടുകൂടി ഗവണ്മെൻറിന് വിഷമങ്ങൾ നേരിടേണ്ടതായി വന്നിട്ടുണ്ടെന്നു ബഹുമാനപ്പെട്ട ചില മെംബറന്മാർപറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. വിഷമതകൾ വന്നതിലല്ല സന്തോഷിക്കുന്നതു്, അതിനെപ്പററി ഈ സഭയ്ക്കുതന്നെ ബോദ്ധ്യംവന്നതിലാണ്.

ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥന് 800 രൂപ മുതൽ 1800 രൂപ വരെ ശമ്പളവും അതിനും പുറമെ പല സൗജന്യങ്ങളും ഉള്ളപ്പോൾ മററ് ഉദ്യോഗസ്ഥന്മാർക്ക് ഡിപ്പാർട്ടുമെൻറ മേധാവികൾക്ക് 750 രൂപയെ ശമ്പളമുള്ളു. അവർക്ക് അതിൽ പരാതിയുണ്ട്. അവർ സർവ്വീസിലിരിക്കുന്ന മററുള്ളവരുമായി താരതമ്യപ്പെടുത്തുന്നതും സ്വാഭാവികമാണ്. ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് ആ നിലയിൽ ചില അവശതകൾ കാണുന്നുണ്ട്. പ്രൊഫസർ മുണ്ടശ്ശേരിയോടു ഞാൻ കാര്യങ്ങൾ അറിയാനാണ് ചോദിച്ചതു്. എന്നാൽ അദ്ദേഹം അതിന് ശരിയായ മറുപടി പറഞ്ഞില്ല. ലിസ്റ്റ് തരാമെന്നു പറഞ്ഞു. സർജൻ ജനറൽ, വിദ്യാഭ്യാസഡയറക്ടർ, ചീഫ് ഇൻജിനിയർ തുടങ്ങിയവർക്ക് 750 രൂപയാണ് ശമ്പളം. "ഞങ്ങളുടെ നിലയിൽ മററുള്ളിടത്ത് ജോലി ചെയ്യുന്നവരുടെ ശമ്പളം 2000-വും, 2500-ം ആണ്. അവരുടെ അടുക്കൽ ഞങ്ങൾ എങ്ങനെയാണ് ചെന്നു കാര്യങ്ങൾ പറയുന്നതു്" എന്നവർ ചോദിക്കുന്നു. 500 രൂപ ശമ്പളം വാങ്ങുന്ന എനിക്ക് ഇവരുമായി അടുക്കുവാൻ വിഷമമില്ലെന്നു പറഞ്ഞപ്പോൾ അവർക്കതു സ്വീകാര്യമായിരിക്കുന്നില്ല. ആ വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെംബറന്മാരുടെ അഭിപ്രായം എന്താണെന്ന് അറിയുവാൻ വേണ്ടിയാണ് പ്രൊഫസർ മുണ്ടശ്ശേരിയോടു ഞാൻ ആ ചോദ്യം ചോദിച്ചതു്. അദ്ദേഹം പറഞ്ഞതിൽ നിന്നും എന്തെങ്കിലും കൂട്ടിക്കൊടുക്കേണ്ടതാണെന്ന അഭിപ്രായം ഉള്ളതായിട്ടാണ് ഞാൻ ധരിച്ചതു്. അതും ഗവണ്മെൻറിൻെറ ആലോചനയിൽ എത്തിയിരിക്കുന്ന ഒരു കാര്യമാണ്. തീരുമാനം ചെയ്യേണ്ടതായിട്ടുണ്ട്.

എന്നാൽ ഐ. എ. എസ്സുകാർ വേണ്ടതുപോലെ അനുസരിക്കുന്നില്ല എന്നു പറയുന്നതു കേട്ടു. അതു ശരിയാണെന്നു ഞാൻ പറയുന്നില്ല. അങ്ങനെ ഒരു അനുഭവം എനിക്കില്ല. മററുദ്യോഗസ്ഥന്മാരെ സംബന്ധിച്ചും അതുതന്നെയാണ് പറയാനുള്ളതു്.

പൊതുവെ ഹയലുകൾ വച്ചു താമസിപ്പിക്കാതിരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിനു താൽപ്പര്യമുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ഗവണ്മെൻറ് തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ നിശ്ചയമായും ഗവണ്മെൻറു ശ്രദ്ധിക്കേണ്ട അതിപ്രധാനമായ ഒരു കാര്യമാണിതു്. ഇന്നിവിടെ പറഞ്ഞതിനൊക്കെ ഞാൻ വീണ്ടും നന്ദിപറയുന്നു. ഈ പ്രമേയം ഇപ്പറഞ്ഞ കാരണങ്ങളാൽ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. പി. ഹാർമിസ്: ഇവിടെ ഒരു രാഷ്ട്രീയപാർട്ടി ഉദ്യോഗസ്ഥന്മാരെ ഡീമോറലൈസു ചെയ്യുന്നതിന് സംഘടിതമായി ശ്രമം ചെയ്തുകൊണ്ടിരിക്കുന്നുവെന്നു ഒരു പ്രസ്താവനയുണ്ടായല്ലോ. അതിനെപ്പററി മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. താണുപിള്ള: പ്രസ്താവനകളൊക്കെ ഉണ്ടാകുമ്പോൾ അതിലെ ഓരോ വാക്കിനെപ്പററിയും ചൂണ്ടിപ്പറഞ്ഞാൽ സംഗതികളൊന്നും നേരെ പോകുകയില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഈ പ്രമേയം ട്രഷറി ബഞ്ചിലിരിക്കുന്ന പാർട്ടിയിലെ ഒരംഗം അവതരിപ്പിച്ചിരിക്കുന്നതായതുകൊണ്ട് അതിന് ട്രഷറിബഞ്ചിൻെറ അപ്രൂവൽ ഉണ്ടോ?

Mr. Deputy Speaker : Does the mover of the resolution press the resolution?

Shri P. Viswambharan : No, Sir.

The resolution was, by leave, withdrawn.

Shri P. S. Nataraja Pillai : Sir, before proceeding to the next item I have to bring to the notice of the House a specific matter. This morning during question time, one Member produced copy of an order saying that Government have issued an order to assign 150 acres to one A. Subramonia Pillai. Since then, I was just searching for the file. If the number of the order given by the Member is correct it should be L. Dis. 7251/53/RD. Disposal order in that file is as follows :

Shri T. P. Sitaraman : On a point of order.

Shri P. S. Nataraja Pillai : I do not yield, Sir.

Shri T. P. Sitaraman : It is not a question. It is a point of order I am raising.

ശ്രീ. ടി. പി. സീതാരാമൻ : സർ, ഒരു പോയിൻറ് ആഫ് ആർഡർ. നാം ഇന്നു അംഗീകരിച്ച കമ്മിററിയുടെ റിപ്പോർട്ടനുസരിച്ച് ഇരുപതു മിനിട്ടുസമയം ഒന്നാമത്തെ പ്രമേയം മൂവുചെയ്യാനായി അനുവദിച്ചിട്ടുണ്ട്. എൻെറ പ്രമേയം അവതരിപ്പിക്കുവാനായി ഞാൻ അധിക നേരം കാത്തിരിക്കുകയായിരുന്നു. പ്രൈവററ ബില്ലുകൾ അവതരിപ്പിച്ചു ചർച്ചചെയ്യുന്നതിനായി ഒന്നരമണിക്കൂർ സമയം അനുവദിച്ചിരുന്നുവെങ്കിൽ ഒന്നേകാൽ മണിക്കൂർകൊണ്ടു അതവസാനിക്കും. ബാക്കിയുള്ള 15 മിനിട്ടുസമയംകൂടി കിട്ടിയിരുന്നിട്ടും എൻെറ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഒരു സാഹചര്യം സൃഷ്ടിക്കാതിരിക്കുന്നതിൽ വ്യസനമുണ്ട്.

മി. ഡപ്യൂട്ടി സ്പീക്കർ : ആരും മനഃപൂർവ്വമായി മി. സീതാരാമൻെറ പ്രമേയം അവതരിപ്പിക്കാതിരിക്കുവാൻ ശ്രമിച്ചിട്ടില്ല. Under the rules the Speaker can give consent to any hon. Member to make a statement. He is only doing that with my permission. What the hon. Member has raised is no point of order.

Shri P. S. Nataraja Pillai : I will take only a minute to clear the position. The order on the file I have cited is this :— "The petitioner is informed that the land applied for is not available for lease and the petition recorded." The hon. Member who spoke on the matter said a lot of things including the working of the Secretariat. But I have only to add one sentence in this context. After all we have absolute freedom in this House for expression of opinion. That is not conditioned by any rule of law excepting the good sense of the Members of the House and protection from the Chair. But when spurious records are produced in this House, the position is different. All that I have to submit is, let us behave with a certain amount of justice and responsibility and in keeping with the dignity of the House and the Chair.

Shri P. K. Yasodharan: Sir, it is I who brought in this point. So I would like to reply.

Mr. Deputy Speaker: Nothing more need be said on the point.

Earmarking of a Fund for the Development of Cottage Industries.

ശ്രീ. ടി. പി. സീതാരാമൻ: സർ, ഇതാണ എന്റെ പ്രമേയം.

This Assembly recommends that in order to relieve the acute unemployment the Central Government be moved to allot to this State an amount of Rs. 50 lakhs as grant for the development of cottage industries, besides the amount already given to this State as grant and loan. Further this Assembly resolves that an amount not less than Rs. 5 lakhs should be set apart for popularising cottage industries products.

ഈ പ്രമേയത്തെ സംബന്ധിച്ച ഭിന്നാഭിപ്രായമുണ്ടാകാൻ ഇടയില്ല. ഒരു കർഷകരാജ്യമായ ഈ രാജ്യത്ത് ഭൂരിപക്ഷ ഭൂരിസുഖമാണ ഡമോക്രസിയെങ്കിൽ, ഇവിടത്തെ ഭൂരിപക്ഷം ജനങ്ങൾക്കും ആശ്വാസം നൽകുവാനുള്ള ഒരു മാർഗ്ഗമാണ് കാട്ടേജ് ഇൻഡസ്ട്രീസ്. ഇതിലേക്ക് കേന്ദ്ര ഗവണ്മെൻറിൽനിന്നും വളരെയധികം സംഖ്യ നമുക്ക അനുവദിച്ചുതന്നിട്ടുണ്ട്. സെന്റ്രഫണ്ടിൽനിന്നും 18 ലക്ഷം രൂപ തന്നിട്ടുണ്ടെങ്കിലും ഏതാണ്ട നാലുലക്ഷം രൂപ മാത്രമെ ചെലവായിട്ടുള്ളുവെന്ന ധനകാര്യമന്ത്രി ചോദ്യോത്തരവേളയിൽ പ്രസ്താവിക്കുകയുണ്ടായി. അതുപോലെ കയർ വ്യവസായത്തിന് ഒരു വലിയ സംഖ്യ തന്നിട്ടുണ്ട്. പൽപ്പായ് വ്യവസായം, സ്ക്രൂപൈൻ മാററ് ഇൻഡസ്ട്രി മുതലായവയ്ക്കും കേന്ദ്രഗവണ്മെൻറ ധാരാളം ധനസഹായം ചെയ്തിട്ടുണ്ട്. എന്നാൽ ഇവയൊന്നും വേണ്ട സമയത്ത വേണ്ടപോലെ വിനിയോഗിച്ചിട്ടില്ല എന്ന ആക്ഷേപമുണ്ട്. ഇക്കാര്യത്തിൽ ചില ഉദ്യോഗസ്ഥന്മാർ വളരെയധികം അനാസ്ഥകാണിക്കുന്നുവെന്നുള്ളതു പരമാർത്ഥമാണ്. ബഹു: ധനകാര്യമന്ത്രി ഇടപെട്ടിട്ടില്ലായിരുന്നുവെങ്കിൽ കൊച്ചി കാട്ടേജ് മാർക്കറിംഗ് സൊസൈററിക്ക് കിട്ടേണ്ടതായ തുക കിട്ടുകയില്ലായിരുന്നു. മൂന്നുലക്ഷം രൂപ ശ്രീമൂലം സൊസൈററിയ്ക്കും, ഒന്നരലക്ഷം രൂപ തൃശ്ശൂരിലെ സെൻട്രൽ മാർക്കററിംഗ് സൊസൈററിക്കും അനുവദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ശ്രീമൂലം സൊസൈററിക്ക മൂന്നുലക്ഷം രൂപ കൊടുത്തസമയത്ത് തൃശ്ശൂർ സെൻട്രൽ മാർക്കററിംഗ് സൊസൈററിക്ക് ഒന്നരലക്ഷം രൂപ കൊടുക്കുവാൻ ഗവണ്മെൻറിനു കഴിഞ്ഞില്ല.

ശ്രീ. പി. എസ്. നടരാജപിള്ള: തൃശ്ശൂരിലെ മാർക്കററിംഗ് സൊസൈററിക്ക് ഒന്നരലക്ഷം രൂപ കൊടുത്തുകഴിഞ്ഞതിനല്ല ?

ശ്രീ. ടി. പി. സീതാരാമൻ: വളരെയധികം താമസിച്ചാണ കൊടുത്തത്. ശ്രീമൂലം സൊസൈററിക്ക കൊടുത്തുകഴിഞ്ഞ് നാലുമാസം കഴിഞ്ഞ് ബഹുമാനപ്പെട്ട ഫിനാൻഷ്യൽമന്ത്രി ഇടപെട്ടതിനുശേഷം മാത്രമാണ തൃശ്ശൂർ സെൻട്രൽ മാർക്കററിംഗ് സൊസൈററിക്ക് രൂപ കൊടുത്തത്. ഈമാതിരിയുള്ള പലപല താമസങ്ങളും പലപല വിഘ്നങ്ങളും നേരിടുന്നുണ്ട്. ഇവയെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്ക് കുറെയൊക്കെ

[ശ്രീ. ടി. പി. സീതാരാമൻ]

അറിവുള്ളതാണ്. സർ, ഞങ്ങളെപ്പോലുള്ളവർ ഈമാതിരി ക്രമക്കേടുകൾ നടക്കുന്നുണ്ടെന്നു അവരവരുടെ നിയോജകമണ്ഡലങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ടു പറയുമ്പോൾ അതു കേവലം സങ്കുചിതമായ ഒരു പ്രാദേശിക വാദമാണെന്നു പറഞ്ഞു ആക്ഷേപിക്കുവാനുള്ള ഒരു പ്രവണത മന്ത്രിസഭയ്ക്കു കാണുന്നുണ്ട്. ഇന്നുരാവിലെ മണ്ണെണ്ണലിപ്പിനെ സംബന്ധിച്ചു പറഞ്ഞ പ്പോൾ, അതു കൊച്ചീക്കാരനായിട്ടു പറയുകയാണെന്നു പറഞ്ഞു. ഞാനൊരു കൊച്ചീക്കാരനായതിൽ എനിക്കു അഭിമാനമുണ്ട്, എന്റെ നിയോജകമണ്ഡലത്തെപ്പററി പറയുന്നതിൽ എനിക്കു അഭിമാനമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവ ത്തിച്ചിട്ടുണ്ട്. അദ്ദേഹത്തെ സമീപിച്ചപ്പോഴെല്ലാം അദ്ദേഹം കാര്യങ്ങൾ നടക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥന്മാർക്ക് കൊടു ത്തിട്ടുണ്ട്.

സർ, ഇക്കാര്യത്തെ സംബന്ധിച്ചു എനിക്ക് കൂടുതലായി പ്രസംഗി ക്കുവാൻ സമയമില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടതായു മുണ്ട്. ഈ സംഖ്യ കേന്ദ്രഗവണ്മെൻറിനോടു ചോദിച്ചാൽ കിട്ടുന്ന താണ്. ബാംബെ, ഹൈദരാബാദ് മുതലായ രാജ്യങ്ങളുമായി താരതമ്യ പ്പെടുത്തിനോക്കുമ്പോൾ തുലോം നിസ്സാരമായ ഒരു സംഖ്യയാണിതു്. നമുക്കിപ്പോൾ കിട്ടേണ്ട സംഖ്യതന്നെ കിട്ടുന്നില്ല. എന്റെ പ്രമേയ ത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾക്കുവേണ്ടി ഗവണ്മെൻറു സത്വര മായ ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഞാൻ ഈ പ്രമേയത്തെ പിൻ താങ്ങുന്നു.

Shri P. S. Nataraja Pillai: Sir, as far as I understand, this resolution wants our Government to urge on the Central Government to set apart Rs. 50 lakhs for the growth and development of cottage industries and another sum of Rs. 5 lakhs for propaganda purposes. The position now is this. The Central Government have sanctioned a sum of Rs. 3 lakhs and odd for Cottage Industries, a sum of Rs. 19 lakhs under another head and a loan amount of Rs. 13 lakhs on yet another head. They have consented to give Rs. 5 lakhs as loan for the development of small scale industries. The finances are there. The difficulty is only in regard to the manner of the application for funds. While on this matter I do not want to go into the question relating to Trichur Handloom Co-operative Societies or the conditions under which remittance was delayed. But we are making earnest attempt to do whatever we can within the rules adopted by the Central Government to develop the industries. No amounts are directly advanced by the Centre. There are rules in the matter. Unless you follow their rules, you cannot spend the money either. Drawing and spending are subject to audit by the Accountant General. Absolutely correct accounting principles have to be observed if the amounts are to be drawn and spent. To the best of our ability our Government are doing that. I do not claim that this Government have perfected the machinery of loan transactions for the purpose of developing cottage industries.

There are lapses and mistakes. The Ministry itself might not have acted with such promptitude in the matter of drawing the money for being spent. But what I have to say in all humility is, no effort is wanting on our part. To the best of our ability sums are made available and some real progress has been achieved in popularising cottage industries products. If the facts are properly understood and appreciated by the Members, it will be seen that handloom industries or small scale industries are popularised in our State to the extent desired.

I have nothing more to say except to request my friend Mr. Sitaraman to realise the limitations of this Government in the matter of making available the Central finances. This is an instance where our Government are administering funds of another Government, advanced as loan. Accounting rules have to be strictly observed and whatever exceptions or modifications are needed we have to adopt them with the concurrence of the Central Government. This naturally takes time. These are the circumstances. Now that the Government of India have liberalised their procedure, with a little patience on our side, we may hope that facilities can be had in future in the matter of developing cottage and small scale industries.

With these words, I request the hon. Member Mr. Sitaraman to withdraw the resolution.

The resolution was, by leave, withdrawn.

The Assembly adjourned at 1. 4 P. M. to meet again at 8 A. M. on Friday the 4th February, 1955.

APPENDIX I.

[*Please see answer to Question No.* *222 (14)]

The following individuals are granted the rewards noted against their names for the good work done in Crime No. 90/53 of Mattancherry Town Station.

Rank and No		*Name.*	*Amount of reward.*
P. C.	6774	Ramadasa Menon	Rs. 10 (Ten only)
P. C.	4330	Joseph	do.
P. C.	6475	Abdul Magid	do.
P. C.	6788	Sreedhara Menon	do.
P. C.	5587	Narayana Menon	do.
P. C.	5889	Bhaskara Menon	do.
P. C.	6731	Thomas	do.
P. C.	6098	Francis Alwain	do.
P. C.	6649	Nilakantan Nair	do.
P. C.	1797	Sankunni	do.
P. C.	313	Viswanathan	do.
P. C.	6776	Narayanan Nair	do.
P. C.	1380	Gopala Menon	do.
P. C.	5049	Bappayi	do.
P. C	6556	Kuttappan Nayar	do.
P. C.	3328	Krishnan Achari	do.
P. C.	1760	Velayudhan	Rs. 5 (Five only)
P. C.	4714	Raman	do.
P. C.	6855	Vasu	do.
P. C.	7041	Parameswaran Nair	do.
P. C.	4402	Appukuttan	do.
P. C.	6829	Thomas	do.
P. C.	7014	Pylee	do.
P. C.	4346	Raman Pillai	do.
P. C.	7084	Sankarankutty Menon	do.
P. C.	3743	Sanku	do.
P. C.	3580	Paulose	do.
P. C.	1331	Joseph	do.
P. C.	4060	Ramaswami Konar	do.
P. C.	6159	Narayana Marar	do.
P. C.	5973	Varghese	do.
P. C.	6627	Sankaran Nair	do.
P. C.	3758	Subramonya Moopan	do.
P. C.	6762	Raphel	do.
P. C.	3518	Kesavan	do.
P. C.	6163	Paramu	do.
P. C.	7226	Hameed	do.
P. C.	4100	Balakrishna Menon	do,
P. C.	6865	Sivanandan Cehttiar	do.
P. C.	3424	Velappan Nair	do.
P. C.	6037	Balakrishnan Nair	do.
P. C.	912	Stanselaus	do.
P. C.	6777	Velayudhan Nair	do.
P. C.	6554	Raman Menon	do.
P. C,	6706	Kumaran	do.
P. C.	6164	Joseph	do.
P. C.	3618	Joseph	do.
P. C.	6180	Sulaiman	do.

The following individuals of the Armed Reserve are granted the rewards noted against their names for the good work done in Crime No. 90/53 of Mattancherry Town Station.

Rank and No.		*Name.*	*Amount of reward.*
P. C.	6722	Krishnan Nayar	Rs. 50 (Fifty only)
H. C.	865	Paulose	Rs. 10 (Ten only)
H. C.	4185	Anthony	Rs. 10 (Ten only)
Nk.	3613	Chacko	Rs. 7 (Seven only)
P. C.	3568	Kandan	do.
P. C.	3659	Inasu	do.
P. C.	7003	Govindan Nayar	do.
P. C.	7130	Nallan	do.
P. C.	7131	Sukumaran	do.
P. C.	6595	Madhavan Nayar	do.
P. C.	6919	Sethu Madhava Mannadiar	do.
P. C.	7155	Devassy	do.
P. C.	7166	Ebrahim	do.
P. C.	6642	Sreedharan Nayar	do.
P. C.	6258	Sivarama Menon	do.
P. C.	7137	Anwamalai	do.
P. C.	7019	Sukumaran	do.
P. C.	7074	Sankunny Nair	do.
P. C.	6963	Sanku Chettiar	do.
P. C.	7121	Kumaran	do.
P. C.	6859	Vazheer Khan	do.
P. C.	7120	Kuttan	do.
P. C.	7145	Raman	do.
P. C.	7117	Karunakaran	do.
P. C.	7096	Narayanan Nair	do.
P. C.	6182	Narayanan Nair	do.
P. C.	7703	Philip	do.
P. C.	3983	Gopalan	do.
P. C.	7090	Aravindaksha Menon	do.
P. C.	7159	Lonappan	do.
P. C.	7156	Devassy	do.
P. C.	7171	Xavier	do.
P. C.	3693	Esthappanose	do.
P. C.	4711	Madhavan Pillai	do.
P. C.	7113	Raman Menon	do.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1955.

Friday, the 4th February 1955.

Vol. XII] OFFICIAL REPORT [No. 8

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 4th February 1955, with Mr. Speaker in the Chair.

(The number within brackets indicates the number in the list of admitted questions for the day)

QUESTIONS AND ANSWERS

ORAL ANSWERS

Shri P. K. Yesodharan: Sir, on a point of information.

Mr. Speaker: I cannot allow any statement by any hon. Member at this stage. This is question hour.

ബസ്സ് സർവ്വീസ്.

* 257. [1] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തുള്ള പല ബസ്സുടമകളും പെർമിറ്റ് നൽകിയിട്ടുള്ള എല്ലാ ബസ്സുകളും ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ള സമയ വിവരപ്പട്ടിക അനുസരിച്ച് സർവ്വീസ് നടത്തുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തന്മൂലം യാത്രക്കാർക്ക് പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ടോ ;

(സി) തിരുവനന്തപുരം, നെയ്യാററിൻകര, നെടുമങ്ങാട് എന്നീ താലൂക്കുകളിലായി 1954 അക്ടോബർ 15-ാംതീയതിക്കുശേഷം ഇതുവരെ എത്ര ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് ;

(ഡി) അതിൽ എത്രയെണ്ണം ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് ;

(ഇ) പെർമിററു നൽകുന്ന മുഴുവൻ ബസ്സുകളും സമയവിവരപ്പട്ടിക അനുസരിച്ചുതന്നെ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (എ) ചില ബസ്സുകൾ ചിലപ്പോൾ സമയവിവരപ്പട്ടിക അനുസരിച്ച് ഓടാറില്ലെന്നു അറിയാം.

(ബി) ഉണ്ടാകാം.

(സി) രണ്ടു ബസ്സുകൾക്ക്.

(ഡി) രണ്ടു ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്.

(ഇ) സമയത്തിന് ഓടിയില്ലെങ്കിൽ കുററം ചെയ്യുന്നവരുടെ പേരിൽ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. വി ശ്രീധരൻ: എത്ര ഷട്ടിൽ ഗ്യാരേജിനു പെർമിററു കൊടുത്തിട്ടുണ്ട് ?

ശ്രീ. എ. അച്യുതൻ: 40 ഷട്ടിൽ ഗ്യാരേജിനു പെർമിററു കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: ആർ. കെ. വി., കെ. എം. എസ്. ഈ ബസ്സുകൾ കൃത്യസമയത്ത് ഓടിക്കാതെ ഇട്ടിരിക്കുന്നതുമൂലം തൊഴിൽ കുഴപ്പമുണ്ടായി, അതുസംബന്ധിച്ച് സെക്രട്ടറിയേററിന്റെ മുമ്പിൽ സത്യഗ്രഹസമരം നടത്തിയതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ: സത്യാഗ്രഹം നടത്തിയതായിട്ടറിയാം. പക്ഷെ, കാരണമെന്താണെന്ന് അറിയാൻ പാടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ബസ്സ് തൊഴിലാളി യൂണിയനിൽ നിന്നും ചില ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളതു് ഗവണ്മെൻറിന് അറിഞ്ഞുകൂടേ ?

ശ്രീ. എ. അച്യുതൻ: അറിഞ്ഞുകൂടാ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അറിഞ്ഞുകൂടെങ്കിൽ ഈ കാര്യം ഗവണ്മെൻറ് അന്വേഷിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. അച്യുതൻ: ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടാതെ അന്വേഷിക്കാൻ നിവൃത്തിയില്ല.

ശ്രീ. വി. ശ്രീധരൻ: ഓരോ ബസ്സിനും സമയവിവരപ്പട്ടിക കൊടുക്കുന്നതു് പെർമിററു കൊടുത്തു കഴിഞ്ഞശേഷമാണോ ?

ശ്രീ. എ. അച്യുതൻ: മോട്ടാർ വെഹിക്കിൾസ് ആക്ററ് അനുസരിച്ച് സമയവിവരപ്പട്ടിക പെർമിററിൽത്തന്നെ ഉൾപ്പെടുത്തിയാണു കൊടുക്കുന്നതു്.

ശ്രീ. വി. ശ്രീധരൻ: സമയവിവരപ്പട്ടിക പൊതുജനങ്ങളുടെ അറിവിനായി ബസ്സ് ഗ്യാരേജിൽ ബോർഡിൽ എഴുതി വയ്ക്കുന്നില്ലായെന്നുള്ളതറിയാമോ ?

ശ്രീ. എ. അച്യുതൻ: അങ്ങനെ എഴുതി വയ്ക്കണമെന്നാണ നിർദ്ദേശിച്ചിട്ടുള്ളത്.

അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ.

* 258. [2] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരുടെ ഇടയിലുള്ള വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഗവണ്മെൻറ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) സംസ്ഥാനത്ത് പൊതുവെ തൊഴിലില്ലായ്മ ഉണ്ടായിട്ടുള്ളത് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ നിയന്ത്രിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങളായി കുടിയേറിപ്പാർപ്പുപദ്ധതി, മണ്ണൊലിപ്പു പദ്ധതി, ഉചിതകിട വ്യവസായപദ്ധതി മുതലായവ രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ആ പദ്ധതിയുടെ പ്രവർത്തനത്തോടുകൂടി സ്ഥായിയായ ഗുണം ഉണ്ടാകുമെന്നാണ ഗവണ്മെൻറ് വിചാരിക്കുന്നത്.

ശ്രീ. വി. ശ്രീധരൻ: അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ ഇതുമൂലം എങ്ങനെയാണ പരിഹരിക്കുന്നത്?

ശ്രീ. എ. താണുപിള്ള: ഈ പ്രവർത്തനംമൂലം അതു തടായൻ സാധിക്കും. വിശേഷിച്ചും മണ്ണൊലിപ്പു നിരോധനപദ്ധതി ഈ കാര്യത്തിൽ കൂടുതൽ ഉപകരിക്കുന്നതാണ്.

ശ്രീ. വി. ശ്രീധരൻ: അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറിന്റെ വല്ല നിർദ്ദേശവും ഈ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: കിട്ടിയിട്ടുണ്ടായിരുന്നാൽത്തന്നെയും സ്റ്റേററിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ചു മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: മണ്ണൊലിപ്പുനിരോധനംകൊണ്ടുമാത്രം ഇതിനു പരിഹാരം കാണാമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അടുത്ത പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനംമൂലം വേണ്ടതരത്തിലുള്ള പരിഹാരം ഉണ്ടാകുമെന്നുതന്നെയാണ വിചാരിക്കുന്നത്.

ശ്രീ. യു. നീലകണ്ഠൻ: സർ, സ്ഥായിയായ പരിഹാരം കാണാൻ, അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഇവയ്ക്ക് എത്ര തുകയാണ കൊള്ളിക്കാൻ പോകുന്നതെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അടുത്ത പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തുടങ്ങുന്നതേയുള്ളു. അതുകൊണ്ട് ഇപ്പോൾ തുക നിശ്ചയമായി പറയാൻ സാധ്യമല്ല.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി.

* 259. [3] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി അനുസരിച്ച് എന്തു സൗജന്യങ്ങൾ ആണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്;

(സി) എത്ര ഫാക്ടറികളിൽ ഇതു നടപ്പിലാക്കിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഈ പദ്ധതി എത്രയും നേരത്തെ ഈ സ്റ്റേറ്റിൽ നടപ്പിൽ കൊണ്ടുവരുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു.

(ബി) (1) സുഖക്കേട് പിടിപെടുന്ന കാലങ്ങളിൽ വേണ്ട ധനസഹായം.

(2) പ്രസവകാലത്ത് വേണ്ട ധനസഹായം.

(3) അംഗഭംഗം മുതലായ അവശതകൾ ഉണ്ടായാൽ അവർക്ക് ആശ്വാസനാർത്ഥം വേണ്ട ധനസഹായം.

(4) തൊഴിലാളിയുടെ കുടുംബാംഗങ്ങൾക്കുകൂടി സംരക്ഷണാർത്ഥം വേണ്ട ധനസഹായം.

(5) ചികിത്സാർത്ഥം വേണ്ട ധനസഹായം. ചികിത്സാസൗകര്യങ്ങൾ ഈ പദ്ധതിയനുസരിച്ച് തൊഴിലാളികൾക്ക് അവരുടെ വീടുകളിലും ആശുപത്രികളിലും ലഭ്യമാകുന്നതാണ്. ക്ഷയരോഗം മുതലായ ചിരസ്ഥായിയായ രോഗങ്ങൾക്കും മററും വിദഗ്ദ്ധന്മാരുടെ ചികിത്സ ലഭിക്കുന്നതാണ്. മേൽ പ്രസ്താവിച്ചിട്ടുള്ള ആനുകൂല്യങ്ങളും അവകൊണ്ടുള്ള ഗുണങ്ങളും പ്രസ്തുത പദ്ധതികൊണ്ട് തൊഴിലാളികൾക്ക് കിട്ടുന്നതാണ്.

(സി) എ—യെന്ന് അടയാളപ്പെടുത്തിട്ടുള്ള ചോദ്യത്തിന് തന്നിട്ടുള്ള ഉത്തരത്തിൻെറ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഈ പദ്ധതി എവിടെയാണ ആദ്യമായിട്ട ആരംഭിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: ആദ്യമായി ആരംഭിക്കുന്നത് കൊല്ലത്താണ്. ഇതിനുവേണ്ടിയുള്ള ഒരു സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഈ കൊല്ലത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 60,000 രൂപയിൽ എത്ര രൂപ ഇതിലേയ്ക്കു് ചെലവാക്കിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞു്: ഫയൽ നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ ജോലി ആരംഭിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ നൽകിയിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: നൽകിയിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: തൊഴിലാളിയുടെ കൂലിയിൽ നിന്നും എന്തെങ്കിലും തുക ഇൻഷ്വറൻസിനുവേണ്ടി ഈടാക്കാനായിട്ടുള്ളവല്ല നിർദ്ദേശവും ഉണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: തൊഴിലാളികളുടെ കൂലിയിൽനിന്നു ഈടാക്കുകയില്ല. ഈടാക്കുമെങ്കിൽ മുതലാളിയിൽനിന്നുമാണു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ആശുപത്രികളിലെ രോഗികളായ തൊഴിലാളികളുടെ കൺസഷനും ആരുടെ നിയന്ത്രണത്തിലാണു് ?

ശ്രീ. പി. കെ. കുഞ്ഞു്: അവ സർജൻജനറലിന്റെ നിയന്ത്രണത്തിലാണു്.

ഉപതെരഞ്ഞെടുപ്പു്

*260. [4] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിൽ എത്ര പഞ്ചായത്തുകളിൽ ഉപതെരഞ്ഞെടുപ്പുകൾ നടത്തേണ്ടതായിട്ടുണ്ടു് ;

(ബി) ഇതു നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ഗവണ്മെൻറ് ചെയ്തിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ഡിസ്ട്രിക്റ്റുകളിൽ യഥാക്രമം 10-ം, 7-ം, 8-ം, 22-ം പഞ്ചായത്തുകളിൽ ഉപതെരഞ്ഞെടുപ്പുകൾ നടത്തേണ്ടതായിട്ടുണ്ടു്.

(ബി) ഉപതെരഞ്ഞെടുപ്പുകൾ നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. കൽക്കുളം, വിളവംകോടു് എന്നീ താലൂക്കുകളിലെ അഞ്ചു പഞ്ചായത്തിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പുകൾ അവിടത്തെ പ്രത്യേക പരിതഃസ്ഥിതികൾമൂലം മാററി വച്ചിരിക്കുകയാണു്.

ശ്രീ. എൻ. ജി. ചാക്കോ: പഞ്ചായത്തുകളിൽ മെംബർമാരുടെ ഒഴിവുസ്ഥാനങ്ങൾ വീണ്ടും ഉപതെരഞ്ഞെടുപ്പുനടത്തി ഫില്ലപ്പ് ചെയ്യുന്നതിനു് വലിയ കാലതാമസം നേരിടുന്നുവെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു്: പറയ ക്ക കാലതാമസം ഉണ്ടാകുന്നുവെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു് : പഞ്ചായത്തുകളിൽ വരുന്ന ഉപതിര ഞ്ഞെടുപ്പുകളെ സംബന്ധിച്ചിടത്തോളവും ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതാരാണു് ?

ശ്രീ. പി. കെ. കുഞ്ഞു് : ഗവണ്മെൻറതന്നെയാണു്.

Anglo-Indians in the Transport and Public Works Departments.

*261. [5] **Shri A. A. D. Luiz :** Will the Minister for Transport and Public Works be pleased to state :

(*a*) the exact number of Anglo-Indians now working in the Transport and Public Works Departments ; and

(*b*) have any been entertained since the integration of the Travancore and Cochin States ?

Minister for Works and Transport (**Shri A. Achuthan**) :

(*a*) One in the Transport Department and 5 in the Public Works Department.

(*b*) No.

Shri A. A. D. Luiz : Is there any particular reason why they have not been entertained? It was promised that they will be entertained in larger numbers at the earliest opportunity. Has the Minister got any information about it ?

Shri A. Achuthan : There is no particular reason. Appointments are made by the Public Service Commission.

Shri A. A. D. Luiz : Is the Minister aware that on the 2nd of December 1953, this community was guaranteed service safeguards under the provisions of Article 16 (4) of the Constitution?

ശ്രീ. എ. അച്യുതൻ : അതിനു നോട്ടീസുവേണം.

Shri A. A. D. Luiz : Does the Minister know that since December 1953 the Public Service Commission had requested the Government to decide the quota of appointments for this community and that this matter is pending in the Secretariat even now and the Government have not disposed of it ?

ശ്രീ. എ. അച്യുതൻ : അതും നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

മി. സ്പീക്കർ : ചോദ്യം 6-ന് ഉത്തരം പറഞ്ഞിട്ടുള്ളതുകൊണ്ടു് അടുത്ത ചോദ്യം 7 എടുക്കാം.

ശ്രീ. പി. ഗോപാലൻ : സർ, ചോദ്യം 6-ന്റെ എ-യും ബി-യും വകുപ്പുകൾക്കു് ഉത്തരം കിട്ടീട്ടില്ല. അതുകൊണ്ടു് അവയുടെ ഉത്തരം കിട്ടേണ്ടതാണു്.

ട്രാൻസ്പോർട്ട് സമരസന്ധി.

* 262. [6] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് സമരത്തെ തുടർന്നുണ്ടായ ഒത്തുതീർപ്പുവ്യവസ്ഥയിൽ ട്രാൻസ്പോർട്ടുമന്ത്രി ഒപ്പുവച്ചിട്ടുണ്ടായിരുന്നോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ;

(സി) സമ്മതിച്ച വ്യവസ്ഥകൾ മുഴുവൻ ഗവണ്മെൻറിൽനിന്നും നടപ്പിലാക്കിയിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഇല്ല.

(ബി) തൊഴിൽപരമായ ഒരു ഒത്തുതീർപ്പെന്ന നിലയിൽ ലേബർ വകുപ്പുമന്ത്രി ഒപ്പുവയ്ക്കുകയാണുണ്ടായത്.

ട്രാൻസ്പോർട്ട് ദേശവൽക്കരണം.

* 263. [7] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി എത്ര ട്രാൻസ്പോർട്ട് ലൈനുകൾ ദേശവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

പുതിയതായി എത്ര ലൈനുകൾ ദേശവൽക്കരിക്കുമെന്നുള്ളതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ആ കാര്യങ്ങൾ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കഴിഞ്ഞ പത്തുമാസങ്ങൾക്കകം വല്ല ലൈനും ദേശവൽക്കരിച്ചിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഇല്ല. എന്നാൽ ചില പുതിയ റൂട്ടുകൾ എടുത്തിട്ടുണ്ട്. അവിടങ്ങളിൽ ബസ്സ് ഓടുന്നുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അതു് എവിടെയെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. അച്യുതൻ : പറയാം. തൃശ്ശൂർ–ഷൊർണൂർ, കോട്ടയം–ദേവികുളം, കോട്ടയം–കുമിളി, ഇതുകൂടാതെ തൃപ്പൂരപ്പ്, പേച്ചിപ്പാറ, അരുമന ഈ സ്ഥലങ്ങളിൽ സാധാരണ സർവീസ് തുടങ്ങാൻ ആലോചിച്ചുവരുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : തുടങ്ങിയ ലൈനുകളിൽനിന്നും ഏതെങ്കിലും സർവീസുകൾ പിൻവലിച്ചിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : അവയിൽ ഒരു റൂട്ടിൽ സർവീസ് സ്റ്റോപ്പ് ചെയ്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഏതെങ്കിലും പുതിയ ലൈനുകളിൽ അതായതു് ഗവണ്മെൻറു നടപ്പാക്കാനുദ്ദേശിക്കുന്ന ലൈനുകളിൽ എക്സ്പ്രസ്സ് സർവീസ് നടത്താൻ ആലോചനയുണ്ടോ ?

ശ്രീ. എ. അച്ചുതൻ : ഇപ്പോൾ ആലോചനയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കായംകുളം—പുനലൂർ ലൈൻ ഗവണ്മെൻറു ഏറ്റെടുക്കാനായിട്ടു ആലോചനയുണ്ടോ ?

ശ്രീ. എ. അച്ചുതൻ : അതു മാത്രമല്ല, പല ലൈനുകളും ദേശവൽക്കരിക്കണമെന്നാണു ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. എം. പി. മേനവൻ : പ്രൈവറു സർവീസുകൾ നടത്തുന്ന ലൈനുകളെല്ലാം ദേശവൽക്കരിക്കണമെന്നാണോ ഗവണ്മെൻറു വിചാരിക്കുന്നതു് ?

ശ്രീ. എ. അച്ചുതൻ : മിക്കവാറും അങ്ങനെതന്നെയാണു്.

ശ്രീ. ടി. പി. സീതാരാമൻ : പ്രൈവറു സർവീസ് നടത്തുന്ന ഏതെങ്കിലും കുട്ടുകൾ ഗവണ്മെൻറു ഏറ്റെടുക്കുമ്പോൾ അതിന്മേലുണ്ടാകുന്ന ലാഭനഷ്ടങ്ങളെപ്പററി ചിന്തിച്ചിട്ടാണോ എടുക്കുന്നതു് ?

ശ്രീ. എ. അച്ചുതൻ : അതേപ്പററി ചിന്തിക്കാതെ എടുക്കുകയില്ലല്ലോ.

ശ്രീ. പി. ഭാസ്കരൻ നായർ : സാധാരണയായി കൂടുതൽ എക്സ്പ്രസ്സ് സർവീസു നടത്തുന്നതു് ഗവണ്മെൻറിനു നഷ്ടമായതുകൊണ്ടാണോ അങ്ങനെ ചെയ്യാത്തതു് ?

ശ്രീ. എ. അച്ചുതൻ : കൂടുതൽ എക്സ്പ്രസ്സ് സർവീസ് നടത്തുന്നതു് ലാഭകരമാണു്.

ശ്രീ. പി. ഭാസ്കരൻ നായർ : കഴിഞ്ഞദിവസത്തെ ചോദ്യോത്തരവേളയിൽ എക്സ്പ്രസ്സ് സർവീസ് നടത്തുന്നതു് നഷ്ടമാണെന്നു ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അതു എന്തുകൊണ്ടാണു നിഷേധിക്കാത്തതു് ?

ശ്രീ. എ. അച്ചുതൻ : നഷ്ടമല്ല യഥാർത്ഥത്തിൽ ലാഭമാണുണ്ടാകുന്നതു്. എന്നാൽ നഷ്ടമാണെന്നു് ആരെങ്കിലും പറഞ്ഞതായിട്ടു ഞാൻ ഓർക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : നിലവിലുള്ള സമയവിവരപ്പട്ടികകളെല്ലാം റിവൈസ് ചെയ്യാറില്ലേ ?

ശ്രീ. എ. അച്ചുതൻ : ചിലപ്പോൾ റിവൈസ് ചെയ്യാറുണ്ടു്

രജിസ്ട്രാരാപ്പീസുകൾ.

*264. [8] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്ററിലെ രജിസ്ട്രാരാഫീസുകളുടെ എണ്ണം കുറയ്ക്കുവാൻ ആലോചനയുണ്ടോ ;

(ബി) കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഇപ്പോൾ അങ്ങനെയൊരു ആലോചനയില്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. പി. സീതാരാമൻ: ഒരിക്കലും ഇങ്ങനെയുള്ള ഒരു ആലോചന ഉണ്ടാകുകയില്ലെന്നു വിചാരിക്കാമോ?

മി. സ്പീക്കർ: ആ ചോദ്യം അനുവദിക്കത്തക്കതല്ല.

മന്തുരോഗസർവെ.

* 265. [9] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടി തിരുവിതാംകൂർ-കൊച്ചിയിൽ ഒരു മന്തുരോഗസർവെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രത്തിൽനിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) സർവെ നടത്തുന്നതിനായി രണ്ടു വിദഗ്ദ്ധന്മാരെയും, നാലു അസിസ്റ്റന്റ് ഉദ്യോഗസ്ഥന്മാരെയും ഇൻഡ്യാ ഗവണ്മെന്റിൽനിന്നും അയച്ചുതന്നിട്ടുണ്ടു്. ഇവരുടെ ശമ്പളം ഇൻഡ്യാഗവണ്മെന്റ് വഹിക്കുന്നതാണു്. ടി. എ. യും, ഡെയിലി അലവൻസും ഈ ഗവണ്മെന്റു കൊടുക്കുന്നതാണു്.

ശ്രീ. ടി. പി. സീതാരാമൻ: അതെല്ലാംകൂടി എത്ര രൂപ വരും?

ശ്രീ. പി. കെ. കുഞ്ഞു്: അതു നോക്കിയാലെ പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. വി. ചെറിയാൻ: മന്തുരോഗസർവെ ഇപ്പോൾ എവിടെ നടത്തിക്കൊണ്ടിരിക്കുകയാണു്?

ശ്രീ. പി. കെ. കുഞ്ഞു്: എറണാകുളത്തു്.

കക്കാവ്യവസായ സഹകരണസംഘങ്ങൾ.

* 266. [10] ശ്രീ കെ. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിന്റെ തീരപ്രദേശങ്ങളിലായി എത്ര കക്കാവ്യവസായ സഹകരണസംഘങ്ങൾ ഉണ്ടു്;

(ബി) കൈനകരി കക്കാവ്യവസായ സഹകരണസംഘത്തിൽ നിന്നും കക്കാസംഭരണത്തിലുള്ള കുഴപ്പങ്ങളെപ്പററിയും മററും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്;

(ഡി) അവയുടെ പരിഹാരാർത്ഥം വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഏഴു സംഘങ്ങളുണ്ടു്.

(ബി) ഒരു നിവേദനം ലഭിച്ചിട്ടുണ്ടു്.

(സി) നിവേദനത്തിൻെറ പകർപ്പും അതിനു ഗവണ്മെൻറിൽ നിന്നും കൊടുത്തിട്ടുള്ള മറുപടിയുടെ പകർപ്പും മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

ശ്രീമതി കെ. ആർ. ഗൗരി : കക്കാ വാരുന്ന തൊഴിലാളികൾക്കു സഹകരണസംഘം മുഖാന്തിരം വാരുന്നതു് ലാഭമല്ലാത്തതുകൊണ്ടു് ഗവണ്മെൻറിൽനിന്നും നേരിട്ടു തൊഴിലാളികൾക്കു ലൈസൻസു കൊടുക്കാൻ പാടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററി എനിക്കറിഞ്ഞുകൂടാ.

ശ്രീമതി കെ. ആർ. ഗൗരി : കക്കാ വാരുന്ന തൊഴിലാളികൾക്കു് ശരിയായ പ്രതിഫലം കിട്ടുന്നില്ലാ എന്നു ബോദ്ധ്യം വന്നാൽ ഗവണ്മെൻറിൽനിന്നും അവർക്കു നേരിട്ടു ലൈസൻസ് കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററി ആലോചിച്ചു പറയാം.

ശ്രീ. പി. ഗോപാലൻ : ലൈസൻസില്ലാതെ കക്കാ വാരുന്നതിനു് അനുവാദം കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : ഇപ്പോൾ അതിനുള്ള നിയമമില്ല. തിരുവിതാംകൂർ–കൊച്ചിയിൽ ഒരു ലൈംഷെൽ ആക്ററു് കൊണ്ടുവരണമെന്നു വിചാരിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ : കക്കാസഹകരണസംഘത്തിൽ ആൾക്കു വേണമെങ്കിലും അംഗമായി ചേരാമോ?

ശ്രീ. പി. കെ. കുഞ്ഞു് : ചേരാം.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവിതാംകൂർ-കൊച്ചിയിൽ ലൈംഷെൽ ആക്ററു കൊണ്ടുവരുവാൻ ഈ ഗവണ്മെൻറിനധികാരമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : ഉണ്ടു്. പ്രസിഡൻറിൻെറ അസൻറു് മാത്രം മതി.

മെമ്മോറാണ്ടം.

* 267. [11] ശ്രീ. കെ. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13–5–54-ൽ കളരിക്കുപ്പു് (കളരിപ്പുണിക്കർ) സംഘത്തിൽനിന്നും ഗവണ്മെൻറിലേയ്ക്കു് വല്ല മെമ്മോറാണ്ടവും ലഭിച്ചിട്ടുണ്ടോ;

*Please see Appendix I

(ബി) ഉണ്ടെങ്കിൽ, അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതിൽ വല്ലതും അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി : (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) 11-5-54-ലെ ഒരു മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടു്.

(ബി) മെമ്മോറാണ്ടത്തിന്റെ പകർപ്പു് മേശപ്പുറത്തു് വച്ചിട്ടുണ്ടു്.†

(സി) പിന്നാക്കസമുദായക്കാർക്കുള്ള സൗജന്യങ്ങൾ കളരിക്കുറുപ്പു് സമുദായക്കാർക്കും അനുവദിച്ചിട്ടുള്ളതിനാൽ മററു പ്രത്യേക പരിഗണന ആവശ്യമില്ലെന്നു ഗവണ്മെൻറു കരുതുന്നു.

തോട്ടം തൊഴിലാളികൾ.

* 268. [12] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ ഒരു ത്രികക്ഷിസമ്മേളനം വിളിച്ചുകൂട്ടാമെന്നു ഗവണ്മെൻറു് പ്രഖ്യാപിച്ചിട്ടും ഇതേവരെ അതു വിളിച്ചുകൂട്ടാത്തതെന്തുകൊണ്ടു്;

(ബി) എന്നാണു് വിളിച്ചുകൂട്ടുവാനാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ലേബർ ഡിപ്പാർട്ടുമെൻറിതനിന്നും അപ്രകാരം ഒരു കാൻഫറൻസ് ജനുവരി 22-ാംതീയതി വിളിച്ചുകൂട്ടിയിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ആ കാൻഫറൻസിൽ തൊഴിലാളികൾ ഇറങ്ങിപ്പോകുകയല്ലേ ഉണ്ടായിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു് : മുതലാളിമാരും, തൊഴിലാളി പ്രതിനിധികളും തമ്മിൽ ചില ലേബർകാര്യങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. അതുകൊണ്ടു് അവർ പ്രതിഷേധിച്ചു ഇറങ്ങിപ്പോയി.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : തൊഴിലാളിയുടെ ഭാഗത്തു ന്യായമുണ്ടായിരുന്നില്ലെ?

മി. സ്പീക്കർ : അതു് ഈ ചോദ്യത്തോടു ബന്ധമുള്ള ഒന്നല്ല.

ശ്രീ. കെ. കരുണാകരൻ : ഈ കാൻഫറൻസിനു പ്രതിനിധികളെ ക്ഷണിച്ചിരുന്നതു് ഏതു അടിസ്ഥാനത്തിലാണു്?

ശ്രീ. പി. കെ. കുഞ്ഞു് : മെംബർഷിപ്പിന്റെ അടിസ്ഥാനത്തിലാണു്.

ശ്രീ. ടി. പി. സീതാരാമൻ : ഈ കാൻഫറൻസിനു് പാരിപ്പള്ളി യൂണിയനെ ക്ഷണിച്ചിട്ടില്ല എന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : ഏതു യൂണിയനെ ക്ഷണിച്ചു, ഏതെല്ലാം ക്ഷണിച്ചില്ല എന്നു് ഞാനിക്കു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

† Please see Appendix II

ശ്രീ. ടി. പി. സീതാരാമൻ : ഇതേവരെ ഇവിടെ പല ത്രികക്ഷി സമ്മേളനങ്ങളും കൂടിയിട്ടുണ്ടെങ്കിലും, അതിലൊന്നും തൊഴിലാളികളുടെ ന്യായമായ പ്രാതിനിദ്ധ്യം കൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അറിഞ്ഞുകൂടാ.

ശ്രീ. ടി. പി. സീതാരാമൻ : 22-ാംനു- കൂടിയ ത്രികക്ഷിസമ്മേളനത്തിനു് 19-ാംനു- ആണു് ക്ഷണക്കത്തു് അയച്ചിട്ടുള്ളതു് എന്നറിയാമോ ;

ശ്രീ. പി. കെ. കുഞ്ഞു് : അതും അറിഞ്ഞുകൂടാ.

ശ്രീ. ടി. പി. സീതാരാമൻ : ക്ഷണക്കത്തു് ലഭിച്ചതിനുശേഷം കാൺഫറൻസിനു് ഹാജരാകാനുള്ള സമയം ലഭിക്കുന്നില്ലാ എന്നു പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : താമസിച്ചു ക്ഷണക്കത്തു കിട്ടുന്നതുകൊണ്ടാണു് സഹകരിക്കാൻ സാധിക്കാത്തതു് എന്നു് ആരും പരാതി പറഞ്ഞിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ത്രികക്ഷിസമ്മേളനം അലസിപ്പിരിഞ്ഞതിനുശേഷം മാനേജ്മെൻറുകൾ തൊഴിലാളികളുടെനേക്കു അക്രമങ്ങൾ കാണിച്ചിട്ടുള്ളതായും, വെടിവെയ്പു നടത്തിയിട്ടുള്ളതായും അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : ചില സ്ഥലങ്ങളിൽ നടന്നിട്ടുള്ളതു് അറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ത്രികക്ഷിസമ്മേളനം അലസപ്പിരിഞ്ഞതിൻെറ ഫലമായിട്ടു് പല തൊഴിലാളികളും സമരത്തിലേയ്ക്കു ഇറങ്ങുവാൻ പോകുന്നു എന്നു അറിയാമോ?

Mr. Speaker : That question is disallowed.

അഭ്രഖനി.

* 269. [13] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എവിടെയെങ്കിലും അഭ്രഖനനം നടക്കുന്നുണ്ടോ;

(ബി) പെരുന്നോയിൽ അഭ്രഖനി (പത്തനാപുരം) ആരാണു് നടത്തിക്കൊണ്ടിരുന്നതു്, എത്രനാളായി അതു് പ്രവർത്തനരഹിതമായിട്ടു്;

(സി) ഇതു് ഗവണ്മെൻറു് ഏറ്റെടുത്തു നടത്തണമെന്നുകാണിച്ചു് ആരെങ്കിലും ഗവണ്മെൻറിനു നിവേദനം തന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(ഡി) കേന്ദ്രഗവണ്മെൻറിൽനിന്നു് അഭ്രഖനി തൊഴിലാളികൾക്കു് വെൽഫയർ-ഫണ്ടായി എന്തെങ്കിലും തുക കിട്ടിയിട്ടുണ്ടോ; എത്ര;

(ഇ) അതു് എങ്ങനെ ഉപയോഗിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) ശ്രീ. ജെ. ററി. മൊറായിസ്, എം. എ., ബി. എൽ.; നാലു കൊല്ലമായി ഖനനം നടക്കുന്നില്ല.

(സി) ഉണ്ട്. ഗവണ്മെൻറ് ഏറെറടുത്ത് നടത്താൻ ഉദ്ദേശിക്കുന്നില്ല.

(ഡി) കേന്ദ്രഗവണ്മെൻറ് ആണ്ടുതോറും ഇടാക്കിയിട്ടുള്ള മൈക്കാ സെസ്സിൻെറ ഒരു ഷെയർ, അഭ്രഖനി തൊഴിലാളികൾക്ക്, വെൽഫയർ ഫണ്ടായി ഉപയോഗിക്കുന്നതിന് തിരുവിതാംകൂർ-കൊച്ചിക്കും കിട്ടിയിട്ടുണ്ട്. ഒരു ലക്ഷത്തിനു ചിലപ്പോൾ രൂപാ (ഈ കഴിഞ്ഞ അഞ്ചുകൊല്ലത്തെ ഷെയർ) ഉണ്ട്.

(ഇ) ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ അഭ്രഖനി തൊഴിലാളികൾ ഇല്ലാത്തതിനാൽ ടി തുക നാളതുവരെ കേന്ദ്രഗവണ്മെൻറിൽ നിന്നും വാങ്ങിയിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : വേണ്ടിടത്തോളം അഭ്രം കിട്ടിക്കൊണ്ടിരുന്നു എന്നുള്ളതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഉണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : അപ്പോൾ ഈ ഖനനം നിറുത്തിവച്ചതു് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഒരു പ്രൈവററ് ഏജൻസിയാണു് നടത്തിവന്നതു്. ലാഭമില്ലാത്തതുകൊണ്ടായിരിക്കും ഇപ്പോൾ നിറുത്തിവച്ചിരിക്കുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഗവണ്മെൻറിന് നേരിട്ടു നടത്തിക്കൂടെ?

ശ്രീ. പി. എസ്. നടരാജപിള്ള : ഗവണ്മെൻറ് നേരിട്ടു നടത്താൻ ഉദ്ദേശിക്കുന്നില്ല. നേരിട്ടു നടത്തിയാൽ ലാഭമൊന്നുമില്ലാ എന്നുള്ള ഉപദേശമനുസരിച്ചാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ആരുടെ ഉപദേശമനുസരിച്ചാണു്?

ശ്രീ. പി. എസ്. നടരാജപിള്ള : ജിയോളജിസ്റ്റിൻെറ ഉപദേശമനുസരിച്ചാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഒരു സ്ഥലത്തു് ഇല്ലെങ്കിലും അതിനടുത്തു വേറൊരു സ്ഥലത്തു് അഭ്രം കാണുമോ എന്നും അവിടെ ലാഭം കിട്ടുമോയെന്നും നോക്കിക്കൂടെ?

ശ്രീ. പി. എസ്. നടരാജപിള്ള : ജിയോളജിക്കലായിട്ടു അഭിപ്രായം പറയുവാനുള്ള അറിവു് എനിക്കു് ഇല്ല. ജിയോളജിക്കൽ സർവ്വേ വേണമെന്നു ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്. അതിനുവേണ്ട നടപടി എടുക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : കേന്ദ്രഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള തുക അതിലേയ്ക്കു ഉപയോഗിച്ചുകൂടെ?

ശ്രീ. പി. എസ്. നടരാജപിള്ള : വെൽഫെയർ ഫണ്ടായതു കൊണ്ട് അതിനെപ്പററി ആലോചിക്കണം.

പഞ്ചായത്ത് ആഫീസറന്മാരുടെ നിയമനം.

* 270. [14] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ആഫീസറന്മാരുടെ നിയമനം സംബന്ധിച്ച് ഗവണ്മെൻറ് എന്തെല്ലാം നടപടികളാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ നിയമനത്തെ എതിർത്തുകൊണ്ട് മിക്ക പഞ്ചായത്തുകളും പ്രമേയം പാസ്സാക്കിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) 548 പഞ്ചായത്താഫീസറന്മാരെ നിയമിക്കുവാൻ ഗവണ്മെൻറു ത്തരവായിട്ടുണ്ട്. 1:3 എന്ന അനുപാതക്രമമനുസരിച്ച് 137 ഒന്നാം ഗ്രേഡ് പഞ്ചായത്താഫീസറന്മാരും 411 രണ്ടാംഗ്രേഡുകാരും ഉണ്ടായിരിക്കും. ഒന്നാംഗ്രേഡുകാരുടെ ശമ്പളസ്കെയിൽ 45–75–ം, രണ്ടാംഗ്രേഡുകാരുടെ 30–45–ം ആണ്. പരീക്ഷായോഗ്യത ഗവണ്മെൻറിൽനിന്നും നിശ്ചയിച്ചിട്ടുള്ളതു് ഒന്നാംഗ്രേഡുകാർ ഗ്രാഡുവേററുകളായിരിക്കണമെന്നും രണ്ടാംഗ്രേഡുകാർ ഇ. എസ്സ്. എൽ. സി-യോ തത്തുല്യമായ പരീക്ഷായോഗ്യതയോ ഉള്ളവരായിരിക്കണമെന്നുമാണ്. തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പഞ്ചായത്തുകളിലും വില്ലേജുയൂണിയനുകളിലും ഇപ്പോൾ ജോലി നോക്കിവരുന്നവരും മേൽപ്പറഞ്ഞ പരീക്ഷായോഗ്യതയുള്ളവരും 45–ൽ കൂടുതൽ വയസ്സാകാത്തവരുമായ ജീവനക്കാരെ പഞ്ചായത്താഫീസറന്മാരായി പബ്ലിക്ക്സർവ്വീസ് കമ്മീഷനെക്കൊണ്ട് തെരഞ്ഞെടുപ്പിച്ച് നിയമിക്കുന്നതാണ്. ഇങ്ങനെയുള്ളവരെ എടുത്തതിനു ശേഷം വരുന്ന ഒഴിവുകളിൽ പബ്ലിക്ക്സർവ്വീസ്കമ്മീഷൻ ഓപ്പൺ കാമ്പിററിഷൻവഴി തെരഞ്ഞെടുത്തയക്കുന്ന ആളുകളെ നിയമിക്കുന്നതാണ്. 45-ൽ കൂടുതൽ വയസ്സാവാത്തവരും എല്ലാംകൂടി 5 കൊല്ലത്തിൽ കുറയാത്തതായ വാർസർവ്വീസുള്ളവരും നിശ്ചിതപരീക്ഷായോഗ്യതയുള്ളവരുമായ വിമുക്തഭടന്മാർക്കും ഓപ്പൺ കാമ്പിററിഷൻ വഴിയുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിൽ പബ്ലിക്ക്സർവ്വീസ് കമ്മീഷനു് ഗവണ്മെൻറ് നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു.

(ബി) പഞ്ചായത്താഫീസറന്മാരുടെ നിയമനത്തെ എതിർത്തുകൊണ്ട് ചില പഞ്ചായത്തുകൾ പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : മിക്കവാറും എല്ലാ പഞ്ചായത്തുകളും ഈ നിയമനത്തെ എതിർത്തുകൊണ്ട് പ്രമേയങ്ങൾ പാസ്സാക്കി അയച്ചിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : എല്ലാ പഞ്ചായത്തുകളും എതിർത്തുകൊണ്ട് പ്രമേയം പാസാക്കി അയച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഏതെങ്കിലും പഞ്ചായത്തുകൾ ഈ നിയമനത്തെ അനുകൂലിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : ഉണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഏതു പഞ്ചായത്താണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : കോട്ടയം ഡിസ്ട്രിക്റ്റിലുള്ള 75 ശതമാനം പഞ്ചായത്തുകളും ഈ നിയമനത്തെ അനുകൂലിക്കുന്നതായി ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതു കാൺഗ്രസ് പഞ്ചായത്തുകളാണോ, ഇടതുപക്ഷപഞ്ചായത്തുകളാണോ?

ശ്രീ. പി. കെ. കുഞ്ഞു് : പഞ്ചായത്തു് ആക്റ്റനുസരിച്ചു് പ്രവർത്തിക്കുന്ന പഞ്ചായത്തുകളാണു്. കാൺഗ്രസ്സാണോ കാൺഗ്രസേതരമാണോ എന്നു തിട്ടമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഈ പഞ്ചായത്തുകളുടെ പ്രസിഡണ്ടന്മാരെയോ അല്ലെങ്കിൽ താലൂക്കടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരെയോ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം അറിഞ്ഞശേഷം ഇവരുടെ നിയമനം നടത്തുന്ന കാര്യത്തെപ്പററി ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : നിലവിലിരിക്കുന്ന പഞ്ചായത്താക്റ്റിലെ 24-ം, 25-ം വകുപ്പുകളനുസരിച്ചാണു് ഈ നിയമനങ്ങൾ നടത്താമെന്നു വിചാരിക്കുന്നതു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തണമെന്നു് ഗവണ്മെൻറിനു ഇതുവരെ തോന്നിയിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : പഞ്ചായത്താക്റ്റിൽ പഞ്ചായത്താഫീസറന്മാരെ നിയമിച്ചുകൊള്ളണമെന്നു് വ്യവസ്ഥയില്ലെന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : ആക്റ്റിൽ പഞ്ചായത്താഫീസറന്മാരുടെ ചുമതലകൾ പറഞ്ഞിട്ടുണ്ടു്.

ശ്രീ. ടി. പി. സീതാരാമൻ : കൊച്ചിയിലെ പഞ്ചായത്തുകളിലെ ക്ലാർക്കന്മാരെ പെട്ടെന്നു പിൻവലിച്ചതുമൂലം അവിടെയുള്ള പഞ്ചായത്തുകളെല്ലാം സ്തംഭനാവസ്ഥയിലാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററി റിപ്പോർട്ടു കിട്ടിയിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ : ഇന്നു കൊച്ചിയിലെ പഞ്ചായത്തുകളിൽ ഒരു ക്ലാർക്കുപോലും ഇല്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററി അന്വേഷിച്ചു് പറയാം. അവർ സ്ഥിരം ജോലിക്കാരായതുകൊണ്ടു് വരുന്ന സ്ഥിരം ഒഴിവുകളിലേയ്ക്കു് അവരെ മാററുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. പി. സീതാരാമൻ : കഴിഞ്ഞ 45 കൊല്ലമായി നിലവിലിരിക്കുന്ന പഞ്ചായത്തുകളിലെ ക്ലാർക്കന്മാരെ പെട്ടെന്നു പിൻവലിച്ചാൽ ആ പഞ്ചായത്തുകൾ എങ്ങിനെ നടക്കും?

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങിനെ പെട്ടെന്നു് പിൻവലിച്ചാൽ ജോലിക്കു് സ്തംഭനം വരുമെന്നുള്ളതിന്നു് സംശയമില്ല.

ശ്രീ. ടി. പി. സീതാരാമൻ : ഈ പുതിയ പഞ്ചായത്താഫീസറന്മാരുടെ നിയമനം വേണമെന്നു് ഉദ്ദേശിച്ചിട്ടു് എത്രകാലമായി?

ശ്രീ. പി. കെ. കുഞ്ഞു് : മുൻ ഗവണ്മെൻറ് നിശ്ചയിച്ചതാണു്. ഈ ഗവണ്മെൻറും നിശ്ചയിച്ചിട്ടുള്ള ഒരു കാര്യമാണു്.

ശ്രീ. ടി. പി. സീതാരാമൻ : ഇക്കഴിഞ്ഞ പത്തു മാസക്കാലമായി ഈ നിയമനങ്ങൾ നടത്താൻ സാധിച്ചില്ലെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. പി. കെ. കുഞ്ഞു് : പബ്ലിക്കു് സർവീസു് കമ്മീഷനു് നിയമനം നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കമ്മീഷൻ അപേക്ഷകൾ ക്ഷണിക്കുകയും അതനുസരിച്ചു് അപേക്ഷകൾ കിട്ടുകയും ചെയ്തിട്ടുണ്ടു്. അവരുടെ ഇൻറർവ്യൂ നടന്നുകഴിഞ്ഞാൽ നിയമനം നടക്കുമെന്നാണു് ഉദ്ദേശിക്കുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ : ഇതു് ഉടൻ നടന്നില്ലെങ്കിൽ പഞ്ചായത്തുകളുടെ തലയിൽ കെട്ടിവച്ചിരിക്കുന്ന തുകകൾ വേണ്ടതരത്തിൽ ഉപയോഗിക്കാൻ സാധിക്കയില്ലെന്നു അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : ഉടനെതന്നെ നിയമനം നടക്കുന്നതാണു്.

ശ്രീ. കെ. എ. ബാലൻ : മുൻ ഗവണ്മെൻറ് എന്തുകൊണ്ടാണു് ഈ നിയമനം തടഞ്ഞുവച്ചതു് എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അതിന്നു ചില കാരണങ്ങൾ കാണും.

ശ്രീ. കെ. എ. ബാലൻ : ഒരു കാൺഫറൻസു വിളിച്ചുകൂട്ടിയതിന്നു ശേഷമാണു് ഈ നിയമനം തടഞ്ഞുവച്ചതെന്നു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അറിഞ്ഞുകൂടാ.

ശ്രീ. കെ. എ. ബാലൻ : പഞ്ചായത്താഫീസറന്മാരുടെ നിയമനക്കാര്യം ഗവണ്മെൻറ് നിറുത്തിവച്ചിരുന്നതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : ഈ ഗവണ്മെൻറ് നിറുത്തിവച്ചിട്ടില്ല.

ശ്രീ. കെ. ആർ. ഗൗരി : ഈ ആഫീസറന്മാരെ നിയമിച്ചുകഴിഞ്ഞാൽ പഞ്ചായത്തു പ്രസിഡൻറന്മാർക്കു് എന്താണു് അധികാരമുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു് : പഞ്ചായത്തു പ്രസിഡൻറന്മാരുടെ അധികാരം കവർന്നെടുക്കാൻ ഈ ആഫീസറന്മാർക്കു് അധികാരമില്ല.

ശ്രീ. കെ. ആർ. ഗൗരി : പഞ്ചായത്താഫീസറന്മാർക്കു് എക്സിക്യൂട്ടീവു അധികാരമില്ലെന്നാണോ പറയുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു് : എക്സിക്യൂട്ടീവു് അധികാരമുണ്ടു്. പക്ഷെ അതു് subject to the decision and direction of the Panchayat ആണു്.

ശ്രീ. എം. എ. ആൻറണി : ഈ എക്സിക്യൂട്ടീവ് ആഫീസറന്മാരെ നിയന്ത്രിക്കുന്നതു് പഞ്ചായത്തു പ്രസിഡൻറന്മാരാണോ, ഗവണ്മെൻറാണോ?

ശ്രീ. പി. കെ. കുഞ്ഞു് : ജോലിയെ സംബന്ധിച്ചുള്ള നിയന്ത്രണവും ജോലി ചെയ്യിപ്പിക്കാനുള്ള ചുമതലയും പഞ്ചായത്തുകൾക്കു തന്നെയാണ്.

ശ്രീ. എം. എ. ആൻറണി : പഞ്ചായത്താക്ടറ് അനുസരിച്ച് എക്സിക്യൂട്ടീവ് ആഫീസറന്മാർക്ക് പഞ്ചായത്തു പ്രസിഡൻറന്മാരെക്കാൾ കൂടുതൽ അധികാരമുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : രേഖകൾ സൂക്ഷിക്കയും എഴുത്തുകുത്തുകൾ നടത്തുകയും ജോലികൾ ചെയ്യിക്കേണ്ടതുമായ ചുമതലയാണ് ഈ എക്സിക്യൂട്ടീവ് ആഫീസറന്മാർക്കുള്ളതു്.

ശ്രീ. എം. എ. ആൻറണി : പഞ്ചായത്തുകളിലെ നടപടികൾ നിയന്ത്രിക്കാൻ അവർക്കാണ് ചുമതലയെന്നു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : നിയന്ത്രിക്കുകയല്ല, കാര്യങ്ങൾ നടത്തുകയാണ് അവരുടെ ചുമതല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : പഞ്ചായത്തു ഫണ്ടിൽനിന്നുമല്ലേ ഈ ആഫീസറന്മാർക്ക് ശമ്പളം കൊടുക്കേണ്ടതു്?

ശ്രീ. പി. കെ. കുഞ്ഞു് : അതേ. പഞ്ചായത്തുകളുടെ ചിലവിൻെറ തോതനുസരിച്ചു് ഗ്രാൻറ് കൊടുക്കുമെന്നും ഗവണ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ഗൗരി : പഞ്ചായത്തിൻെറ തീരുമാനങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ ഈ പഞ്ചായത്താഫീസറന്മാരുടെ പേരിൽ എന്തെങ്കിലും നടപടി എടുക്കാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : സാധിക്കും.

ഗ്രാൻറ്.

* 271. [16] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികൾക്ക് ഗ്രാൻറ് നൽകുന്നതിന് ഗവണ്മെൻറ് അംഗീകരിച്ചിരിക്കുന്ന മാനദണ്ഡമെന്താണ്;

(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ ഗ്രാൻറ് വർദ്ധിപ്പിക്കണമെന്നു കാണിച്ചു് ഗവണ്മെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) മുനിസിപ്പാലിറ്റികളുടെ ധനപരമായ നിലയേയും പ്രത്യേക ആവശ്യങ്ങളേയും അടിസ്ഥാനമാക്കിയാണ് ഗവണ്മെൻറ് ഗ്രാൻറ് നൽകുന്നതു്.

(ബി) ഉണ്ട്.

ശ്രീ. ആർ. പ്രകാശം : ആ നിവേദനത്തിന്മേൽ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : ഉണ്ടു്.

ശ്രീ. ആർ. പ്രകാശം : എന്തു നടപടിയാണു് എടുക്കാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു് : അവരുടെ ആവശ്യത്തിനു അനുകൂലമായി ചെയ്യാവുന്ന ആനുകൂല്യങ്ങൾ ചെയ്യണമെന്നു് ഉദ്ദേശിക്കുന്നു.

ട്രാൻസ്പോർട്ടു സർവ്വീസു്.

* 272. [17] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ലൈനുകളാണു് ഇക്കൊല്ലം ഗവണ്മെൻറു ട്രാൻസ്പോർട്ടിനുവേണ്ടി ഏറ്റെടുത്തിട്ടുള്ളതു്;

(ബി) ഏതെല്ലാം ലൈനുകളിൽ എക്സ്പ്രസ്സു് സർവ്വീസുകൾ മാത്രം ആരംഭിക്കുന്നുണ്ടു്;

(സി) തൊടുപുഴ–എറണാകുളം, തൊടുപുഴ–കോട്ടയം എന്നീ ലൈനുകളിൽ എക്സ്പ്രസ്സു് സർവ്വീസുകൾ ആരംഭിക്കണമെന്നു കാണിച്ചു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

Sir, I want answers only for parts (c) and (d).

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(സി) ഉണ്ടു്.

(ഡി) അതിനെപ്പററി ആലോചിക്കുന്നു.

ശ്രീ. സി. എ. മാത്യു : ഈ ലൈനുകളിൽ എക്സ്പ്രസ്സു് സർവ്വീസു് ജനുവരിമാസംമുതൽ നടത്താമെന്നു് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയതായി ഓർക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ : ഉറപ്പു നൽകിയിരുന്നില്ല. അതിനെപ്പററി ആലോചിക്കുന്നുണ്ടു്.

ശ്രീ. സി. എ. മാത്യു : ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകി എന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ? എന്നോടു നേരിട്ടു പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. എ. അച്യുതൻ : ബഹുമാനപ്പെട്ട മെംബർതന്നെ ഒരു നിവേദനം ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടു്. അപ്പോൾ ആലോചിക്കാമെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്.

നേഴ്സിംഗ് പരിശീലനം.

* 273. [18] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേഴ്സ്ംഗ് പരിശീലനത്തിനു ഈയിടെ എത്രപേരെ തിരഞ്ഞെടുത്തു;

(ബി) എത്ര അപേക്ഷകൾ ലഭിച്ചു;

(സി) എന്തടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പു നടത്തിയതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) 90 പേരെ തെരഞ്ഞെടുത്തു.

(ബി) 1427 അപേക്ഷകൾ ലഭിച്ചു.

(സി) അപേക്ഷകൾ ക്ഷണിച്ചു പരസ്യത്തിലെ വ്യവസ്ഥകൾ പാലിച്ചിരുന്നവരിൽ പരിശീലനത്തിനു വേണ്ടതായ കായികാവസ്ഥ ഉള്ളവരെ മെഡിക്കൽ കാളേജു ആശുപത്രി സൂപ്രണ്ടു്, അവിട്ടംതിരുനാൾ ആശുപത്രി സൂപ്രണ്ടു്, നേഴ്സിംഗ് കൺസൽട്ടന്റ് ഇവരുടെ സഹായത്തോടും സാന്നിദ്ധ്യത്തോടുംകൂടി പബ്ലിക്ക് സർവീസ് കമ്മീഷൻ ഇൻറർവ്യൂ നടത്തി യോഗ്യതയുള്ളവരെ തെരഞ്ഞെടുത്തു. പിന്നോക്കസമുദായത്തിൽപെട്ട അപേക്ഷകൾക്ക് വേണ്ട പരിഗണനയും നൽകിയിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : പരസ്യത്തിൽ പറയുന്നതിനു പുറമേ വേറെ ചില യോഗ്യതകളെല്ലാംകൂടി അടിസ്ഥാനപ്പെടുത്തി തെരഞ്ഞെടുപ്പു നടത്തി എന്നു കേൾക്കുന്നതു് ശരിയാണോ?

ശ്രീ. പി. കെ. കുഞ്ഞു് : അതെന്തു യോഗ്യതകളാണെന്നു ഗവണ്മെൻറിനു അറിവില്ല.

ശ്രീ. സി. എ. മാത്യു : ഇവരുടെ തെരഞ്ഞെടുപ്പു എവിടെ വച്ചാണു് നടത്തിയതെന്നു അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : തിരുവനന്തപുരത്തും എറണാകുളത്തും വച്ചാണെന്നാണു് അറിവു്.

ശ്രീ. സി. എ. മാത്യു : തൃശ്ശൂർ രാമനിലയത്തിൽവച്ചു് തെരഞ്ഞെടുപ്പു നടത്തി എന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അറിഞ്ഞുകൂട.

ശ്രീ. കെ. സി. ഏബ്രഹാം : കൊച്ചി വിഭാഗത്തിൽനിന്നും എത്ര ആളുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : ഓരോസ്ഥലത്തുനിന്നും തെരഞ്ഞെടുത്തിട്ടുള്ള ആളുകളുടെ ഒരു പട്ടിക തയ്യാറാക്കിയിട്ടില്ല.

ശ്രീ. എൻ. ജി. ചാക്കോ : വിവാഹംചെയ്ത സ്ത്രീകളെ എന്തുകൊണ്ടാണു് നേഴ്സിംഗ് പരിശീലനത്തിനു എടുക്കാത്തതു്?

Mr. Speaker : That will not come under the scope of this question. You may put a separate question regarding that.

ശ്രീ. കെ. എ. ബാലൻ : പ്രാദേശികമായ പരിഗണനകളുടെ അടിസ്ഥാനത്തിൽ ആളുകളെ പരിശീലനത്തിന് എടുക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞ് : അതൊരു പാളിസിയെ സംബന്ധിക്കുന്ന ചോദ്യമാണ്. ആലോചിച്ചേ അതിനു മറുപടി പറയാനൊക്കുകയുള്ളൂ.

Mr. Speaker : Question No. 19 has already been answered on the floor of the House just now. Question No. 20.

കൺസഷൻ ടിക്കറ്റുകൾ.

* 274. [20] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടു ബസ്സുകളിൽ വിദ്യാർത്ഥികൾക്കനുവദിക്കുന്നതുപോലുള്ള കൺസഷൻ ടിക്കറ്റുകൾ പതിവുയാത്രക്കാരായ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും നൽകി വന്നിരുന്ന പതിവ് എന്നു മുതൽക്കാണ് നിറുത്തലാക്കിയത് ;

(ബി) ഷട്ടിൽ സർവ്വീസുകൾ ഉൾപ്പെടെ ഉള്ള റൂട്ടുകളിൽ എൻ. ജി. ഒ.മാർക്കായിട്ടെങ്കിലും കൺസെഷൻ ടിക്കറ്റു സംപ്രദായം നടപ്പിലാക്കുവാൻ ഗവണ്മെൻറു തയ്യാറാവുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ–ബി) പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും 75 ശതമാനം ചാർജിൽ കൊടുത്തിരുന്ന കൺസഷൻ ടിക്കറ്റുകൾ 10.10.1117 മുതൽ നിറുത്തലാക്കി. തിരുവനന്തപുരം സിററിയിലും നാഗരുകോവിൽ സിററിയിലും ഉള്ള എൻ. ജി. ഒ–മാർക്ക് കൺസഷൻ ടിക്കറ്റുകൾ നൽകുന്നുണ്ട്. ഈ സൗജന്യം മററു സ്ഥലങ്ങളിലും നടപ്പിലാക്കുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : എൻ. ജി. ഒ-മാരല്ലാത്ത മററു ജീവനക്കാർക്കും ഈ സൗജന്യം നൽകുമോ ?

ശ്രീ. എ. അച്യുതൻ : എൻ. ജി. ഒ-മാരുടെ കാര്യമാണ് ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : ഫാക്ടറിയിൽ പോകുന്ന തൊഴിലാളികൾക്ക് ഈ സൗജന്യം അനുവദിക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറു ആലോചിക്കുമോ ?

ശ്രീ. എ. അച്യുതൻ : ഒരു കമ്മേഴ്സ്യൽ കൺസേണിൽ എല്ലാവർക്കും സൗജന്യം നൽകിയാൽ പിന്നെ ഒന്നുമില്ലാതെവരും.

ശ്രീ. ടി. കെ. ദിവാകരൻ : എൻ. ജി. ഒ–മാർക്ക് ഈ സൗജന്യം കൊടുക്കുന്നതിൻെറ മാനദണ്ഡം എന്താണ് ?

ശ്രീ. എ. അച്യുതൻ : എൻ. ജി. ഒ–മാരെന്ന മാനദണ്ഡം തന്നെയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : അവരെപ്പോലെതന്നെ വരുമാനത്തിൽ തുലനതയുള്ളവരുടെ കാര്യത്തിൽ ഈ സൗജന്യം കാണിക്കുമോ ?

ശ്രീ. എ. അച്യുതൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം.

* 275. [21] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) Subsidised Industrial Housing Scheme അനുസരിച്ചു കേന്ദ്രഗവണ്മെൻറിൽ നിന്നും എന്തു ധനസഹായം സംസ്ഥാനഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട് ;

(ബി) ഈ സ്കീം അനുസരിച്ചു സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ എവിടെയെല്ലാം എത്ര വീടുകൾ പണിയാൻ ഉദ്ദേശിക്കുന്നു ;

(സി) കേന്ദ്രഗവണ്മെൻറിൻെറ മുൻ ഹൗസിംഗ് പദ്ധതിപ്രകാരം സംസ്ഥാനഗവണ്മെൻറിലേയ്ക്കു അനുവദിച്ച 10 ലക്ഷം രൂപ മടക്കിക്കൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽമടക്കിക്കൊടുക്കാനിടയായ കാരണങ്ങളെന്ത് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) സബ്സിഡയ്സ്ഡ് ഇൻഡസ്ട്രിയൽ ഹൌസിംഗ് സ്കീമിനുവേണ്ടി 25 ലക്ഷം രൂപയുടെ ധനസഹായം ഇൻഡ്യാഗവണ്മെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ ഇരവിപുരം, പെരുമ്പാവൂർ എന്നീ കേന്ദ്രങ്ങളിലേക്കു വേണ്ടി 2,61,750 രൂപ ഇൻഡ്യാഗവണ്മെൻറു അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിലായി 300 വീടുകൾ പണിയുവാൻ ഉദ്ദേശിക്കുന്നു.

സ്ഥലം	വീടുകളുടെ എണ്ണം	എസ്റ്റിമേററു തുക
ഇരവിപുരം	50	1,38,600 രൂപ
പെരുമ്പാവൂർ	50	1,58,000 രൂപ
ചാക്ക (തിരുവനന്തപുരം)	200	7,50,900 രൂപ
ആകെ	300	10,47,500 രൂപ

(സി) മടക്കിക്കൊടുത്തിട്ടുണ്ട്.

(ഡി) കേന്ദ്രഗവണ്മെൻറിൻെറ മുൻ ഹൌസിംഗ് പദ്ധതി അനുസരിച്ചുള്ള വീടുകൾ ഈ സ്റ്റേററിലെ തൊഴിലാളികളുടെ ജീവിതരീതിയ്ക്കു അനുയോജ്യമല്ലാതിരുന്നതിനാലും ഫാക്ടറിയുടമകൾ ടി പദ്ധതിയിൽ സഹകരിക്കുന്നതിനു വിസമ്മതിച്ചതിനാലും അനുവദിച്ചിരുന്ന തുക വിനിയോഗിക്കുന്നതിനു സാദ്ധ്യമല്ലാതിരുന്നതുകൊണ്ട് ആയതു മടക്കിക്കൊടുത്തു.

ശ്രീ. ടി. കെ. ദിവാകരൻ : ഈ 10 ലക്ഷം രൂപ മടക്കിക്കൊടുക്കേണ്ടിവരികയില്ലെന്നു മുൻ മന്ത്രിസഭയിലെ ഹൗസിംഗ് സ്കീം വകുപ്പു മന്ത്രി ഉറപ്പുതന്നിട്ടുള്ളതായി അറിയാമോ ?

Mr. Speaker: That question is disallowed.

ശ്രീ. ടി. കെ. ദിവാകരൻ : ഈ സ്കീം അനുസരിച്ച് വീടു പണി ആരംഭിക്കുന്നതിന് സ്ഥലം എടുത്തുകഴിഞ്ഞോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ചില സ്ഥലത്തു സ്ഥലമെടുത്തു കഴിഞ്ഞു. പെരുമ്പാവൂർ സ്ഥലം കൈവശപ്പെടുത്തുന്നതിന് നടപടികൾ എടുത്തുവരുന്നു. തിരുവനന്തപുരം സ്ഥലം എടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയാറായിട്ടുണ്ട്.

ശ്രീ. ടി കെ. ദിവാകരൻ : ഇക്കൊല്ലത്തിൽതന്നെ വീടുപണി തുടങ്ങുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : തുടങ്ങണമെന്നാണ് വിചാരിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ : ഈ ലിസ്റ്റിൽ അളകപ്പാ നഗർക്കടി ഉൾപ്പെടുത്തുവാൻ ഗവണ്മെൻറു തയാറാകുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : കാളനൈസേഷൻ ഡയറക്ടക്ക് അതിന് നിർദ്ദേശം കൊടുക്കുവാൻ വിരോധമില്ല.

ശ്രീ. കെ. എ. ബാലൻ : ആലുവായിൽ വീടുകൾ പണിയുവാൻ വിചാരിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : നോട്ടീസ് വേണം.

ശ്രീ. പ്രാക്കുളം ഭാസി : തിരുവനന്തപുരത്തു എവിടെയാണ് വീട് കെട്ടുവാൻ പോകുന്നതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : അതു് ഫൈനലൈസ് ചെയ്തിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഏതുവിഭാഗം തൊഴിലാളികളെ ഉദ്ദേശിച്ചാണ് വീട് കെട്ടുവാൻ പോകുന്നതെന്നു പറയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ഏതുവിഭാഗം തൊഴിലാളികളെ ഉദ്ദേശിച്ചാണെന്നു പറയാൻ നിവൃത്തിയില്ല. തൊഴിലാളികളെ ഉദ്ദേശിച്ചാണെന്നു പറയാൻ വിരോധമില്ല.

ശ്രീ. ടി. പി. സീതാരാമൻ : പഴയ കൊച്ചിവിഭാഗത്തു് ഈ തുകയിൽ നിന്നു കുറെ സംഖ്യ ചിലവാക്കാൻ ഗവണ്മെൻറു ഉദ്ദേശിക്കാത്തതിനു വല്ല പ്രത്യേക കാരണവും ഉണ്ടോ ?

Mr. Speaker: That question is disallowed.

തൊഴിലില്ലായ്മ വേതനം.

* 276. [22] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) 1953-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്റ്റ് ഭേദഗതി നിയമപ്രകാരം സംസ്ഥാനത്തു് വിവിധ വ്യവസായശാലകളിലായി എത്ര രൂപ തൊഴിലില്ലായ്മ വേതന (lay off compensation) മായി കൊടുത്തിട്ടുണ്ടു് ;

(ബി) കൊല്ലത്തെ ഓട്ടു വ്യവസായശാലകളിൽ ഈ ആക്റ്റ് അനുസരിച്ചു തൊഴിലില്ലായ്മ വേതനം നൽകിയിട്ടില്ലെന്നു പരാതി കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): (എ) 1953-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്റ്റ് ഭേദഗതിപ്രകാരം സംസ്ഥാനത്തു വിവിധവ്യവസായ ശാലകളിലായി 3,8490 രൂപ 9 അണ 9 പൈസ തൊഴിലില്ലായ്മ വേതനമായി കൊടുത്തിട്ടുണ്ടു്.

(ബി) കൊല്ലത്തെ ഓട്ട് വ്യവസായശാലകളിൽ ഈ ആക്റ്റ് അനുസരിച്ചു് തൊഴിലില്ലായ്മ വേതനം കിട്ടിയിട്ടില്ലെന്നു പരാതി കിട്ടിയിട്ടുണ്ടോ ;

(സി) തൊഴിലില്ലായ്മ വേതനം നൽകുന്നതിനുവേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : പരാതിയിന്മേൽ എന്തു നടപടിയാണ് എടുത്തതു് എന്നു് പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞു് : ഈ ഇൻഡസ്ട്രി സീസണൽ അല്ലെന്നു ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടു്. അതിനെക്കുറിച്ചുള്ള നടപടികൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : എന്നാണ് നിവേദനം കിട്ടിയതു എന്നു പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞു്: തീയതി പറയുന്നതിനു് അതിൻെറ രേഖ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ആക്റ്റ് നടപ്പിൽ വന്നിട്ട് ഇത്ര കാലമായിട്ടും അതു് ഏതെല്ലാം വ്യവസായികൾക്കു് ബാധിക്കും എന്നുള്ള കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതിനു് ഇത്ര കാലതാമസം വരാൻ കാരണം എന്താണ് ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെക്കുറിച്ചു് ഗവണ്മെൻറ് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഏതെങ്കിലും വ്യവസായം സീസണൽ ആണെന്നു ഗവണ്മെൻറ് പ്രസ്താവിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു് : ഇല്ല.

മിനിമം വേജസ്.

* 277. [23] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മിനിമം വേജസ് നടപ്പിലാക്കുന്ന എല്ലാ വ്യവസായത്തിലും മുതലാളിമാർ മനഃപൂർവ്വം കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു തടയുന്നതിനും മിനിമംവേജസ് തൊഴിലാളികൾക്കു കൊടുപ്പിക്കുന്നതിനും ഉതകുന്ന നടപടികൾ ഗവണ്മെൻറിൽ നിന്നും സ്വീകരിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ;

(സി) കാർഷികത്തൊഴിലാളി രംഗത്തു ഈ മാതിരിയുള്ള കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) (എ) അങ്ങനെയുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണ്.

(സി) ഇല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ മിനിമംവേജസ് കമ്മിററി നിയമിച്ചതിനുശേഷം തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടിരുന്ന കൂലി തന്നെ കുറച്ചുകൊടുത്തുവരുന്നതായി അറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞ് : ഏതു കമ്മിററിയുടെ നിയമനത്തെപ്പററിയാണ് മെംബർ പറയുന്നത് ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കാർഷികരംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേജ് നിശ്ചയിക്കുന്നതിന് ഒരു കമ്മിററിയെ നിയമിച്ചു. ആ കമ്മിററിയെ ഉദ്ദേശിച്ചാണ് ചോദിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞ് ഇല്ല.

ശ്രീ. ടി. എ. മജീദ് : മിനിമംവേജിന്റെ പേരിൽ മോട്ടോർ തൊഴിലാളികളെ പിരിച്ചുവിട്ടതായി അറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞ് : ഇല്ല.

ശ്രീ. കെ. എ. ബാലൻ : തെങ്ങുകയറത്തൊഴിലാളികൾക്ക് മിനിമം വേജ് നിശ്ചയിക്കുന്നതിന് ഒരു കമ്മിററിയെ നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞ് : അതു് ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

ട്രാൻസ്പോർട്ടു തൊഴിലാളി പണിമുടക്ക്.

* 278. [24] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ടു തൊഴിലാളികളിൽ പണിമുടക്കിനു ഒരു മാസം മുൻപായി ലീവെടുത്തു പോയിട്ടുള്ള ആരെയെങ്കിലും പണിമുടക്കിനുശേഷം ജോലിയിൽ പ്രവേശിപ്പിക്കാതെ നിറുത്തിയിട്ടുണ്ടോ ;

(ബി) എന്തു കാരണത്താലാണ് ഇവരെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കാത്തത് ;

(സി) ഇനിയെങ്കിലും അവരെ ജോലിയിൽ പ്രവേശിപ്പിക്കുന്ന കാര്യം ഗവണ്മെൻറ് പരിഗണിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉണ്ട്.

(ബി) പണിമുടക്കിനോട്ട് അടുപ്പിച്ച് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്നു അവധിയെ, മററവിധത്തിലുള്ള സൌജന്യങ്ങളോ അനുവദിക്കുകയില്ലെന്നും ഉടനെ തന്നെ ജോലിയിൽ ഹാജരാകണമെന്നും ഒരു സർക്കുലർമുഖാന്തിരം എല്ലാ ജീവനക്കാരേയും അറിയിച്ചിരുന്നു. അപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ അവധി റദ്ദുചെയ്തു ജോലിയിൽ പ്രവേശിക്കാത്തിരുന്നതുകൊണ്ടും അവധി അനുവദിക്കാതിരുന്നിട്ടും ജോലിക്കു ഹാജരാകാതിരുന്നതുകൊണ്ടും അങ്ങനെയുള്ള നാലുപേരെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടില്ല.

(സി) ആ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പണിമുടക്കിൽ ട്രാൻസ്പോർട്ടുതൊഴിലാളികൾ പങ്കെടുക്കരുതെന്ന് ഗവണ്മെൻറ് പറഞ്ഞിരുന്നോ ?

ശ്രീ. എ. അച്യുതൻ : ഇല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പണിമുടക്കിൽ ഏർപ്പെട്ടവരെ ജോലിക്കെടുക്കുകയും പണിമുടക്കിനുമുമ്പ് അവധിയിൽ പ്രവേശിച്ചിരുന്നവരെ എടുക്കാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണം എന്താണ് ?

ശ്രീ. എ. അച്യുതൻ : എന്തുകാരണത്താലാണ് വെളിയിൽ നിറുത്തിയിരിക്കുന്നതു് എന്നു അറിഞ്ഞുകൂടാ.

ശ്രീ. കുട്ടപ്പൻകോയിക്കൽ : അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതു് എന്നാണ് ?

ശ്രീ. എ. അച്യുതൻ : പണിമുടക്കിനു മുമ്പാണ്.

ശ്രീ. കുട്ടപ്പൻകോയിക്കൽ : പണിമുടക്കിനു എത്ര ദിവസം മുമ്പാണ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതു് ?

ശ്രീ. എ. അച്യുതൻ : പണിമുടക്കിനു മുമ്പാണ്, അതു് എത്ര ദിവസം മുമ്പാണെന്ന് ഓർക്കുന്നില്ല.

ശ്രീ. കുട്ടപ്പൻകോയിക്കൽ : അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിന് എത്രദിവസം മുമ്പാണ് ഈ ജോലിക്കാർ അവധി ആവശ്യപ്പെട്ടത് ?

ശ്രീ. എ. അച്യുതൻ : അതിന് പ്രത്യേകം നോക്കിട്ടുവേണം മറുപടി പറയുവാൻ.

ശ്രീ. കുട്ടപ്പൻകോയിക്കൽ : എന്തു കാരണത്തിനാണ് അവർ അവധി ആവശ്യപ്പെട്ടത് ?

ശ്രീ. എ. അച്യുതൻ : അതിന് പ്രത്യേക കാരണം എന്തെങ്കിലും ഉണ്ടായിരിക്കും.

ശ്രീ. കുട്ടപ്പൻകോയിക്കൽ : ഒരു കാര്യത്തിന് അവർക്കു ലീവ് കൊടുത്തതിനുശേഷം പിന്നീടു അവരെ ജോലിക്കു പ്രവേശിപ്പിക്കാതിരിക്കുവാൻ കാരണമെന്താണ് ?

ശ്രീ. എ. അച്യുതൻ : അവർ ജോലിയിൽ പ്രവേശിക്കാതെ വെളിയിൽ നിന്നതുകൊണ്ടാണ്.

ശ്രീ. കുട്ടപ്പൻകോയിക്കൽ : അവധിയിൽ പ്രവേശിച്ചതിനുശേഷം പിന്നീടു അവർ ജോലിയിൽ പ്രവേശിക്കാത്തതുകൊണ്ടാണ് അവരെ തിരിയെ എടുക്കാത്തത് എന്നു പറയാനുള്ള കാരണം എന്തുണ്ട് ?

ശ്രീ. എ. അച്യുതൻ : അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്ന് അവരെ ജോലിക്കു വിളിച്ചിരുന്നു.

ശ്രീ. കുട്ടപ്പൻകോയിക്കൽ : എന്ത് അടിയന്തിരാവസ്ഥയാണ് ഉണ്ടായത് ?

ശ്രീ. എ. അച്യുതൻ : പണിമുടക്കു വന്നപ്പോൾ ജോലിക്ക് ആളുകളെ കൂടുതൽ ആവശ്യമായി വന്നു. അതുകൊണ്ടാണ് അടിയന്തിരമായി അവധിയിൽ പ്രവേശിച്ചിരുന്നവരെ ജോലിക്കു വിളിച്ചത്.

ശ്രീ. കുട്ടപ്പൻകോയിക്കൽ: പണിമുടക്കിന് എത്ര ദിവസം മുമ്പാണ് അവർ അവധി ആവശ്യപ്പെട്ടത് എന്ന് പറയാമോ ?

ശ്രീ. എ. അച്യുതൻ : അതിനെക്കുറിച്ചുള്ള വിവരം ഈ ഫയലിൽ കാണുന്നില്ല.

അലോപ്പതി ആശുപത്രികൾ.

*279. [25] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അനുവദിച്ചിട്ടുള്ള അലോപ്പതി ആശുപത്രികൾ എത്ര ; ഡിസ്പെൻസറികൾ എത്ര ;

(ബി) പുതുതായി അനുവദിച്ചിട്ടുള്ള ആയുർവ്വേദആശുപത്രികൾ എത്ര ; ഡിസ്പെൻസറികൾ എത്ര ;

(സി) ഇവ എവിടെയെല്ലാമാണ്;

(ഡി) ഇവയെല്ലാം പ്രവത്തിച്ചു തുടങ്ങിയോ; ഇല്ലെങ്കിൽ കാരണമെന്തു്;

(ഇ) എവിടെയെല്ലാമാണു് പ്രവത്തിക്കാത്തതു്;

(എഫ്) ഗവണ്മെൻറിൻെറ പ്രഖ്യാപിതനിയമമനുസരിച്ചു സ്ഥലസൗകര്യം നൽകിയതിനുശേഷമാണോ ഇവ അനുവദിച്ചിട്ടുള്ളതു്;

(ജി) ശ്രായിക്കാട്ടു് ഒരു അലോപ്പതി ആശുപത്രി വാശ്യാനം ചെയ്തിരുന്നതു് നൽകാതിരുന്നതു് എന്തുകൊണ്ടു്?

സർ, (ഡി), (ഇ), (എഫ്), (ജി) എന്നീ ചോദ്യങ്ങൾക്കു് ഉത്തരം കിട്ടിയാൽ മതി.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(ഡി) ഇല്ല. ആശുപത്രിക്കു് ആവശ്യമുള്ള കെട്ടിടങ്ങൾ ലഭിക്കാത്തതുകൊണ്ടാണു് താമസം നേരിടുന്നതു്.

(ഇ) പൂവാർ, നേമം ഇവ ഒഴികെ മറ്റൊരു സ്ഥലത്തും പ്രവത്തനം ആരംഭിച്ചിട്ടില്ല.

(എഫ്) സ്ഥലവും കെട്ടിടവും ആശുപത്രിക്കാവശ്യമുള്ള മററു പകരണങ്ങളും സൌജന്യമായി നൽകാമെന്നുള്ള ഉറപ്പിന്മേലാണു് അലോപ്പതി ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുള്ളതു്. ആയുർവ്വേദഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യത്തിൽ സ്ഥലസൗകര്യം ലഭിക്കേണ്ടതു സംബന്ധിച്ചു് പ്രത്യേക നിഷ്കർഷയൊന്നുമില്ല.

(ജി) ശ്രായിക്കാട്ടെ ഡിസ്പെൻസറിക്കമ്മിററിയോടു് ആവശ്യപ്പെട്ട എഗ്രിമെൻറു് അവർ തരാതിരുന്നതുകൊണ്ടും ഡിസ്പെൻസറിക്കു് നിശ്ചയിച്ചിരുന്ന കെട്ടിടത്തിനു് അത്യാവശ്യം വേണ്ട പരിഷ്കാരങ്ങൾ അവക്കു നടത്തുവാൻ സമ്മതമില്ലാത്തതുകൊണ്ടും, അവിടെ ഒരു ആയുർവ്വേദഡിസ്പെൻസറി അനുവദിച്ചിട്ടുള്ളതുകൊണ്ടും, അലോപ്പതി ഡിസ്പെൻസറിക്കുള്ള അനുവാദം നൽകിയില്ല

ശ്രീ. പി. കെ. യശോധരൻ: ആശുപത്രികൾ തുടങ്ങുന്നതിനു് സ്ഥലസൌകര്യം കൊടുക്കേണ്ടതു് വളരെ ആവശ്യമാണെന്നു് ഗവണ്മെൻറു് പറഞ്ഞിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: സ്ഥലം നൽകണമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. കെ. യശോധരൻ: എന്നാൽ അതിനു് വ്യത്യസ്തമായി ആശുപത്രി അനുവദിക്കാൻ കാരണമെന്താണു്?

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറുവക കെട്ടിടം ഉള്ള സ്ഥലത്തു് ആ നിയമം ഇല്ല.

ശ്രീ. പി. കെ. യശോധരൻ: എല്ലാ സ്ഥലസൗകര്യങ്ങളുംചെയ്തു കൊടുത്തിട്ടും ചില സ്ഥലത്തു് ആശുപത്രി കൊടുക്കാതിരിക്കുന്നതു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അറിഞ്ഞുകൂടാ.

ശ്രീ. പി. കെ. യശോധരൻ: ശ്രായിക്കാട്ടു് എന്ന സ്ഥലത്തു് കാൺഗ്രസ്സു് ഗവണ്മെൻറിൻെറ കാലത്തു് ഒരു ആശുപത്രി സ്ഥാപിക്കാമെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

Mr. Speaker: That question is disallowed.

ശ്രീ. പി. കെ. യശോധരൻ : ശ്രായിക്കോട്ട് അനുവദിക്കുവാനുള്ള ആശുപത്രി അതിന്റെ കിഴക്കേക്കരയിൽ അനുവദിക്കുവാനുള്ള കാരണമെന്താണ്?

ശ്രീ. പി. കെ. കുഞ്ഞു് : അവിടെ ഗവണ്മെൻറുവക ഒരു കെട്ടിടം ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവിടെ അനുവദിച്ചതു്.

Muvattupuzha River Valley Scheme.

*280. [27] **Shri M. V. Cherian:** Will the Minister for Works and Transport be pleased to state:

(*a*) the works proposed to be done this financial year on the Muvattupuzha River Valley Scheme (lift irrigation);

(*b*) have the Government included the Maradi Lift Irrigation Scheme in the above;

(*c*) if so, when is it going to be implemented; and

(*d*) if not, why?

Minister for Local Self Government (**Shri P. K. Kunju**):

(*a*) No new works have been proposed to be taken up for execution during this financial year under the Muvattupuzha River Valley Scheme. Three incomplete schemes only, namely (1) Kadathy Lift Irrigation Scheme (2) Mulakulam Lift Irrigation Scheme and (3) Ramamangalom Lift Irrigation Scheme have been taken up this year.

(*b*) In the light of the answer to (a), the question does not arise.

(*c*) The Maradi Lift Irrigation Scheme (Thekke Maradi) has been proposed to be included in the budget estimate for 1955-56.

(*d*) For some reason or other, the now defunct Food Production Board decided in 1951 that this scheme might lie over. So, the scheme was not taken up so far.

ശ്രീ. എം. വി. ചെറിയാൻ : സർ, ഈ വർഷത്തെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള തുക ഏതു സ്കീമിനാണ് ചെലവാക്കിയിരിക്കുന്നതു് എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനു പ്രത്യേകം ഒരു ചോദ്യം ആയാൽ മറുപടി പറയാം.

ശ്രീ. എം. വി. ചെറിയാൻ : മൂവാററുപുഴ ലിഫ്ററിറിഗേഷൻ സ്കീമിനു ബഡ്ജററിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ അവിടെ യാതൊരു പ്രവർത്തനവും നടത്തുന്നില്ലെന്നു പറഞ്ഞാൽ അതിനു വേണ്ട നടപടി ഗവണ്മെൻറു സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : നിശ്ചയമായും സ്വീകരിക്കാം.

ശ്രീ. കെ. പി. ഹോർമീസ് : ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനു ശേഷം ഏതെങ്കിലും ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിൽ ആക്കിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കുകയാണു് ആദ്യത്തെ ചുമതല. അതു് ചെയ്യുന്നുണ്ടു്.

WRITTEN ANSWERS.

പഞ്ചായത്താഫീസറന്മാർ.

* 281. [19] ശ്രീ. എൻ. നീലകണ്ഠരു് പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പഞ്ചായത്തുകളിൽ പഞ്ചായത്തു് ആഫീസറന്മാരെ നിയമിക്കുന്നതിനു് ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ ആഫീസറന്മാർ ആക്ടിൽ വിവക്ഷിച്ചിട്ടുള്ള എക്സിക്യൂട്ടീവ് അത്താറിട്ടികളായി പ്രവർത്തിക്കണമെന്നാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്, അതോ പഞ്ചായത്തു് എക്സിക്യൂട്ടീവ് അത്താറിട്ടിയായ പ്രസിഡണ്ടന്മാരുടെ കീഴിൽ വർത്തിക്കുന്നവരായിരിക്കുമോ ;

(സി) പ്രസിഡണ്ടന്മാരുടെ എക്സിക്യൂട്ടീവ് അധികാരത്തെ വേർപെടുത്തി, മററു ഉദ്യോഗസ്ഥന്മാരിൽ നിക്ഷേപിക്കുന്ന രീതി സ്വീകരിക്കാൻ പാടില്ലെന്നു പഞ്ചായത്തുകളിൽനിന്നു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) തീരുമാനിച്ചിട്ടുണ്ടു്.

(ബി) ഈ ആഫീസറന്മാർ പഞ്ചായത്തു് ആക്ടിൽ വിവക്ഷിച്ചിട്ടുള്ള എക്സിക്യൂട്ടീവ് അത്താറിട്ടികളായി പ്രവർത്തിക്കുന്നതാണു്.

(സി) ചില പഞ്ചായത്തുകൾ ഇതു സംബന്ധിച്ചു് പ്രമേയങ്ങൾ പാസ്സാക്കി അയച്ചിട്ടുണ്ടു്.

മിഡ്‌വൈഫറി പരിശീലനകേന്ദ്രങ്ങൾ.

* 282. [26] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഡ്‌വൈഫറി പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു് എവിടെയെല്ലാം ;

(ബി) അവ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(a) 1. Women & Children's Hospital, Trivandrum.
2. Victoria Hospital, Quilon.

3. Maternity Hospital, Trichur.
4. Women's Hospital, Mattancherry.

(1) സ്ത്രീകൾക്കു മാത്രമായും, പ്രത്യേകിച്ച് പ്രസവശുശ്രൂഷാകേന്ദ്രങ്ങളുള്ളവയുമായ ആശുപത്രികളായിരിക്കണം.

(2) ഓരോ വിദ്യാർത്ഥിക്കും ശിക്ഷണകാലമായ രണ്ടുകൊല്ലത്തിനുള്ളിൽ കുറഞ്ഞതു് 20 പ്രസവകേസുകളിലെങ്കിലും നേരിട്ടു ശുശ്രൂഷിക്കുന്നതിന് അവസരം ലഭ്യമാകത്തക്ക സജ്ജീകരണങ്ങൾ ഉണ്ടായിരിക്കണം.

(3) പഴക്കവും, സാങ്കേതികപരിജ്ഞാനവും ധാരാളമുള്ള മെഡിക്കൽ ആഫീസറന്മാർ ഉള്ള സ്ഥാപനമായിരിക്കണം. തദ്വാരാ അദ്ധ്യയന വിഷയത്തിൽ ഉന്നതമായ ഒരു മാനദണ്ഡം പുലർത്താൻ സാധ്യമാകുന്നു.

(4) ഈ പരിശീലനകേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥിതിചെയ്യുന്നവയാണ്.

രോഗികളുടെ ആഹാരച്ചെലവ്.

* 283. [28] ശ്രീ. യു. നീലകണ്ഠൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ആയുർവേദാശുപത്രിയിലും അലോപ്പതി ആശുപത്രിയിലും രോഗികൾക്ക് അനുവദിച്ചിട്ടുള്ള ആഹാരച്ചെലവിന് വ്യത്യാസമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള അടിസ്ഥാനകാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) പ്രത്യേക കാരണമൊന്നുമില്ല.

കയറുമുതലാളിമാരുടെ ലാക്കൗട്ട്

* 284. [29] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറു തൊഴിലാളികൾക്ക് മിനിമം വേജ് ഏർപ്പെടുത്തിയതുകൊണ്ടു് കയറുമുതലാളിമാർ ഡിസംബർ 1-ാം തീയതിമുതൽ ലാക്കൌട്ട് നടത്തിയിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കാൻ സർക്കാർ നടപടി നടത്തുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ചില കയർ ഉൽപ്പാദകർ ഉൽപ്പാദനം നിറുത്തിവച്ചിട്ടുള്ളതായി അറിവ് കിട്ടിയിട്ടുണ്ടു്.

(ബി) കയർ വ്യവസായത്തിൽ ഇന്നുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

പെരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതി.

* 285. [30] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങൽകുത്ത് ഹൈഡ്രോഇലക്ട്രിക്ക് പദ്ധതിയുടെ പണി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്ര താമസം നേരിടുന്നതിന്റെ കാരണം എന്താണ് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

(എ) ഇല്ല.

(ബി) നിർമ്മാതാക്കളിൽ നിന്നും ചില യന്ത്രസാമഗ്രികൾ കിട്ടുവാൻ താമസം വന്നതുകൊണ്ട്.

പുറമ്പോക്കുഭൂമി.

* 286. [31] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് പുറമ്പോക്കുഭൂമി പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിലേക്ക് നൽകുന്നതു സംബന്ധിച്ച് ഗവണ്മെന്റിന്റെ നയമെന്താണ് ;

(ബി) തിരുവല്ലാ മുനിസിപ്പൽ മാർക്കറ്റിന്റെ വികസനത്തിലേക്ക് മാർക്കറ്റിനോടനുബന്ധിച്ച് കിടക്കുന്ന ഗവണ്മെന്റ് ഭൂമി മുനിസിപ്പാലിറ്റിക്ക് നൽകണമെന്ന് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി നടത്തിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) കഴിവുള്ളിടത്തോളം പുറമ്പോക്കുഭൂമികൾ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ ആവശ്യാർത്ഥം നൽകുക എന്നതാണ് ഗവണ്മെന്റ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നയം. എന്നാൽ ഈ വിഷയത്തിൽ ആവശ്യങ്ങളുടെ ഗുരുലഘുത്വം അനുസരിച്ച് ഓരോ അപേക്ഷകളിലും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നുണ്ട്.

(ബി) മാർക്കറ്റിനോടനുബന്ധിച്ചുകിടക്കുന്ന പുറമ്പോക്കുസ്ഥലം മാർക്കറ്റിന്റെ വികസനത്തിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലം മുനിസിപ്പാലിറ്റിക്ക് നൽകുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നു.

പഞ്ചായത്തുകളിലെ നിയമനം.

* 287. [32] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിൽ നിയമിച്ചിട്ടുള്ള ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് ആഫീസറന്മാരുടെ നിയമനത്തിൽ എന്തെങ്കിലും മുൻഗണന നൽകുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട സകല പഞ്ചായത്തുകളിലും ജോലി നോക്കിവരുന്ന ക്ലാർക്കന്മാർക്കു് പഞ്ചായത്തു് ആഫീസരുടെ നിയമനത്തിനു് ആവശ്യമായ വിദ്യാഭ്യാസയോഗ്യതയുണ്ടായിരിക്കുകയും, അവർക്കു് വയസ്സു് 45-ൽ കവിയാതിരിക്കുകയും ചെയ്താൽ അവരെ പഞ്ചായത്താഫീസറന്മാരായി നിയമിക്കണമെന്നു് ഗവണ്മെൻറ് ഉത്തരവു് നൽകിയിട്ടുണ്ടു്.

തോട്ടംതൊഴിലാളികൾ.

* 288. [34] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ പല തോട്ടങ്ങളിൽ നിന്നു ദീർഘകാലത്തെ സർവ്വീസുള്ള പല തൊഴിലാളികളെയും മാനേജ്മെൻറ് പിരിച്ചുവിട്ടുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

ദീർഘകാലത്തെ സർവ്വീസുള്ള പല തൊഴിലാളികളെയും പല തോട്ടങ്ങളിൽ നിന്നും മാനേജ്മെൻറ് പിരിച്ചുവിട്ടതായി ഗവണ്മെൻറിനറിവില്ല.

ചെത്തുതൊഴിലാളികൾ.

* 289. [35] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെത്തുതൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള എത്ര നിവേദനങ്ങൾ ഈ ആണ്ടിൽ 5-12-വരെ ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്;

(ബി) ഇതിൽ എത്ര നിവേദനങ്ങൾക്കു് ഗവണ്മെൻറ് ഇടപെട്ടു് പരിഹാരമുണ്ടാക്കിയിട്ടുണ്ടു്;

(സി) വൈക്കം താലൂക്കിലെ ഉദയംപേരൂർ (മണക്കുന്നം) പകുതിയിലെ ചെത്തുതൊഴിലാളികൾ തങ്ങൾക്കു് കിട്ടിക്കൊണ്ടിരുന്ന കൂലിയിൽ നിന്നു് 40 ശതമാനം വെട്ടിക്കുറച്ചതിനെതിരായി പണിമുടക്കുന്നതിനു് മുൻപു് ഗവണ്മെൻറിലേക്കു് നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ആ പണിമുടക്കു് എത്ര ദിവസം നീണ്ടുനിന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 58.

(ബി) 49.

(സി) അതിനെ സംബന്ധിച്ചു് ലേബർ ഡിപ്പാർട്ടുമെൻറ് രണ്ടു് കക്ഷിസമ്മേളനങ്ങൾ നടത്തുകയുണ്ടായി. ഇരുകക്ഷികളുടെയും അഭിപ്രായവ്യത്യാസത്താൽ ഗവണ്മെൻറ് ഈ തർക്കം തൊഴിൽത്തർക്കക്കോടതിയുടെ തീരുമാനത്തിനു് വിട്ടുകൊടുത്തു.

(ഡി) 41 ദിവസം നീണ്ടുനിൽക്കുകയുണ്ടായി.

മോട്ടാർബോട്ട് ലൈസൻസുകൾ.

* 290. [37] ശ്രീ. പി. കെ. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്റ്റേററിലെ മോട്ടാർബോട്ട് ലൈസൻസുകൾ ദേശവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രകാലത്തിനുള്ളിൽ നടപ്പാക്കും;

(സി) ഇല്ലെങ്കിൽ ദേശവൽക്കരണത്തിനു വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) എത്രകാലത്തിനുള്ളിലെന്ന് ഇപ്പോൾ തീർത്തുപറയുവാൻ സാദ്ധ്യമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ടു ബസ്സുകൾ.

* 291. [38] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡിസ്ട്രിക്ടിൽ എത്ര ട്രാൻസ്പോർട്ടു ബസ്സുകളാണിന്നു ഓടിക്കൊണ്ടിരിക്കുന്നതു് ;

(ബി) 1954 ആഗസ്റ്റുമാസത്തിൽ എത്ര ബസ്സുകൾ ഓടിക്കൊണ്ടിരുന്നുവെന്നും, ആ മാസത്തിൽതന്നെ ഏതെങ്കിലും ദിവസങ്ങളിൽ ബസ്സുകൾ കുറവായി ഓടേണ്ടിവന്നു എന്നും പറയാമോ ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ശരാശരി 30 ട്രാൻസ്പോർട്ടു ബസ്സുകൾ.

(ബി) 1954 ആഗസ്റ്റുമാസത്തിൽ 30 ബസ്സുകൾ ഓടിക്കൊണ്ടിരുന്നു. ആ മാസത്തിൽ തന്നെ 28-ാംതീയതി മുതൽ 31-ാംതീയതി വരെ ബസ്സുകൾ കുറവായി ഓടേണ്ടിവന്നു.

Labour disputes

* 292. [40] **Shri P. V. Avira Tharakan:** Will the Minister for Labour be pleased to state :

(*a*) how many pending labour disputes have been settled in 1954-55 ;

(*b*) how many new disputes have been settled during this period ;

(*c*) the number of adjudications referred to during this period ;

(*d*) the number of disputes in which the management referred to have attended I. R. Committees ; and

(*e*) the number of prosecutions taken against the management ?

Minister for Local Self Government **(Shri P. K. Kunju)** :

(*a*) 354 pending labour disputes have been settled in 1954-55.

(*b*) 3053 new disputes have been settled during this period.

(*c*) The number of adjudications referred to during this period is 101.

(*d*) The question is not clear.

(*e*) The number of prosecutions taken against the management is 6.

പ്ലൈവുഡ്ഫാക്ടറി പണിമുടക്ക്.

* 293. [42] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് നടത്തുന്ന പ്ലൈവുഡ് ഫാക്ടറിയിൽ തൊഴിലാളികൾ പണിമുടക്കിയതായി ഗവണ്മെൻറിനറിയാമോ ;

(ബി) പണിമുടക്കിൽ തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തായിരുന്നു ;

(സി) ആവശ്യങ്ങൾ വകവച്ചുകൊടുത്തോ ;

(ഡി) പ്ലൈവുഡ് യൂണിയൻ സെക്രട്ടറി തങ്കപ്പൻപിള്ളയെ പോലീസ് അറസ്റ്റുചെയ്ത് മർദ്ദിച്ചതായി ഗവണ്മെൻറിന് അറിയാമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) അറിയാം.

(ബി) തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ചിലതു് അനുവദിച്ചു.

(ഡി) അറസ്റ്റുചെയ്തതായി അറിയാം. മർദ്ദിച്ചതായി അറിവില്ല.

മിഡ്വൈഫറി സെൻറേഴ്സ്.

* 294. [45] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര മിഡ്വൈഫറി കേന്ദ്രങ്ങൾ ഉണ്ട്, എവിടെയെല്ലാം ;

(ബി) മിഡ്വൈഫറി കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ഗവണ്മെൻറ് എന്തു മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നത് ;

† Please see Appendix III.

(സി) പടിഞ്ഞാറേക്കൊല്ലം, തൃക്കടവൂർ, കിളികൊല്ലൂർ മുതലായ വളരെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തുനിന്നു് പൊതുജനങ്ങളും, പഞ്ചായത്തുകളും അയച്ച പരാതികൾ കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു; ഇല്ലെങ്കിൽ ഉടനടി വേണ്ടതു ചെയ്യുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 238 കേന്ദ്രങ്ങളുടെ ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.†

(ബി) പ്രസവശുശ്രൂഷ ലഭിക്കുന്നതിനുതകുന്ന മററു് യന്ത്രതന്ത്രസ്ഥാപനങ്ങളും ഇല്ലാത്ത സ്ഥലങ്ങളിലാണു് സാധാരണമായി മിഡ്‌വൈഫറി കേന്ദ്രങ്ങൾ അനുവദിക്കുന്നതിൽ മുൻഗണന നൽകാറുള്ളതു്.

(സി) തൃക്കടവൂർനിന്നും പരാതി ലഭിച്ചിട്ടുണ്ടു്. തൃക്കടവൂർ–അഞ്ചാലുമൂടു് എന്ന സ്ഥലത്തു് ഇപ്പോൾ ഒരു മിഡ്‌വൈഫറി കേന്ദ്രം പ്രവർത്തനം നടത്തുന്നുണ്ടു്. ബാക്കി സ്ഥലങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടില്ല.

ഗിരിവർഗ്ഗക്കാർ.

* 295. [46] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗക്കാരെ ഉദ്ധരിക്കുന്നതിനു ഒരു പദ്ധതി ഉണ്ടോ;

(ബി) ഈ ഡിസംബർ ആദ്യത്തെ ആഴ്ചയോടുകൂടി ഡെൽഹിയിൽവച്ചു് ഇതിനെപ്പററി ഒരു കാൺഫറൻസ് നടത്തിയിട്ടുണ്ടോ;

(സി) അതിൽ പ്രധാനമായി എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഗിരിവർഗ്ഗക്കാരെ ഉദ്ധരിക്കുന്നതിനു് ഒരു പദ്ധതി ഉണ്ടു്.

(ബി) ഈ ഡിസംബർ ആദ്യത്തെ ആഴ്ചയിൽ ഡെൽഹിയിൽ വച്ചു് ഇതിനേപ്പററി ഒരു കാൺഫറൻസ് നടന്നിട്ടുണ്ടു്.

(സി) കാൺഫറൻസിൽ പ്രധാനമായി എടുത്തിട്ടുള്ള തീരുമാനങ്ങൾ താഴെ ചേർക്കുന്നു—

1. ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിൽ എല്ലാ സ്റ്റേററുകളും പ്രത്യേകം ശ്രദ്ധിക്കണം.

2. അവരുടെ ഉന്നമനത്തിനുവേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നും അനുവദിക്കുന്ന ഗ്രാൻറ് ലാപ്സാകാതെ യഥാകാലം ഉപയോഗപ്പെടുത്തുവാൻ എല്ലാ സ്റ്റേററുകളും പ്രത്യേകം ജാഗ്രതകാണിക്കണം.

അശോകാടെക്സ്റ്റൈയിൽസ് പണിമുടക്കു്.

* 296. [47] ശ്രീ. ടി. കെ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവാ അശോകാ ടെക്സ്റ്റൈയിൽസിൽ നവംബർ മാസത്തിൽ ആരംഭിച്ച പണിമുടക്കു് എന്തിനു വേണ്ടിയായിരുന്നു;

† Please see Appendix IV.

(ബി) ഈ പണിമുടക്ക് അവസാനിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ;

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) പ്രധാനമായും 1953-ലെ ബോണസ് അനുവദിച്ചു കിട്ടുന്നതിനു വേണ്ടിയാണ് അശോകാ ടെക്സ്റ്റൈയിൽസിൽ നവംബർ മാസത്തിൽ പണിമുടക്ക് ആരംഭിച്ചതു്.

(ബി) അനൌപചാരികസംഭാഷണങ്ങൾ വഴി കക്ഷികൾ തമ്മിൽ ഒത്തുതീർപ്പ് ഉണ്ടാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

വില്ലേജാഫീസ് പ്രവർത്തനം.

* 297. [48] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ വിഭാഗത്തുള്ള വില്ലേജാഫീസുകളിൽ സ്റ്റാഫിന്റെ കുറവുമൂലം വർദ്ധിച്ചിരിക്കുന്ന ജോലികൾ ചെയ്തുതീർക്കാൻ സാധിക്കുന്നില്ലെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൽപരിഹാരാർത്ഥം വേണ്ടതു് ഉടനെ ചെയ്യുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൂടുതൽ വില്ലേജ് ആഫീസറന്മാരേയും വില്ലേജ് അസിസ്റ്റൻറന്മാരേയും താത്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പരിഗണനയിൽ ഇരിക്കുകയാണ്.

പുതിയതായി വാങ്ങുന്ന ബസ്സുകൾ.

* 298. [49] ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറ് ലേയ്ക്ക് പുതിയതായി ബസ്സുകൾ വാങ്ങുന്നതിനെപ്പററി എന്തെങ്കിലും ഓർഡറുകൾ പുറപ്പെടുവിക്കുകയോ തീരുമാനമെടുക്കുകയോ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതുതരം ബസ്സുകളാണ്, എത്രയെണ്ണം, അവയുടെ പേരു് ;

(സി) ഈ ബസ്സുകൾ ഇൻഡ്യയിൽ അസംബ്ലി ചെയ്യുന്ന കമ്പനിക്കാരുടേയും അതിന്റെ ഈ സ്റ്റേററിലെ ഡീലേഴ്സിന്റെയും പേരുകൾ പറയാമോ ;

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) പുതിയതായി ബസ്സുകൾവാങ്ങാൻ ഓർഡർകൊടുത്തിട്ടുണ്ട്.

(ബി) ഹെവിഡ്യൂട്ടി ടൈപ്പ് വണ്ടികൾ; 100 എണ്ണം; മേഴ്സിഡസ് ബൻസ്.

(സി) ടാററാ ലോക്കോമോട്ടീവ് ആൻഡ് എൻജിനീയറിംഗ് കമ്പനി, കളത്തുങ്കൽ മോട്ടാർ കാർപ്പറേഷൻ, തിരുവനന്തപുരം.

ട്രാൻസ്പോർട്ട് കണ്ടക്ററന്മാരുടെ തിരഞ്ഞെടുപ്പ്.

*299. [50] ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിൽ കണ്ടക്ററർമാരായും ഡ്രൈവർമാരായും നിയമിക്കുന്നതിന് ഈ മന്ത്രിസഭ ചാർജ്ജെടുത്തതിനു ശേഷം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്ക് എത്ര ആളുകൾ അപേക്ഷകൾ അയച്ചു ;

(സി) അതിൽ:—

1. പോസ്റ്റ് ഗ്രാഡ്വേററ്സ്
2. ഗ്രാഡ്വേററ്സ്
3. ഇൻറർമീഡിയററുകൾ
4. മെട്രിക്കുലേററ്സ്
5. അതിൽ താഴെയുള്ളവർ എത്രപേർവീതം ഉണ്ടായിരുന്നു ;

(ഡി) എത്രപേരെ ഇൻറർവ്യൂവിനു ക്ഷണിച്ചു ; എത്രപേരെ ഇൻറർവ്യൂ ചെയ്തു ;

(ഇ) ആരെയെങ്കിലും നിയമിച്ചോ ; എങ്കിൽ എത്രപേരെ;

(എഫ്) ഇൻറർവ്യൂ നടത്തിയ ബോർഡിൽ ആരെക്കെയുണ്ടായിരുന്നു ;

(ജി) അപേക്ഷകരുടെ കൂട്ടത്തിൽ സ്ത്രീകൾ ഉണ്ടായിരുന്നുവോ; ഉണ്ടെങ്കിൽ എത്രപേർ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) കണ്ടക്ററർ ജോലിക്ക് 7551 അപേക്ഷകളും ഡ്രൈവർ ജോലിക്ക് 801 അപേക്ഷകളും കിട്ടി.

(സി) പോസ്ററ് ഗ്രാഡ്വേററ്സ്. ഇല്ല.

ഗ്രാഡ്വേററ്സ്	8.	കണ്ടക്ററർ.
ഇൻറർമീഡിയററുകൾ	72	,,
മെട്രിക്കുലേററ്സ്	5904	,,
അതിൽ താഴെയുള്ളവർ	1567	,,
801 ഡ്രൈവർ		

(ഡി) കണ്ടക്ററർ ഉദ്യോഗത്തിന് 998 പേർ ഇൻറർവ്യൂവിനു ക്ഷണിച്ചു. 968 പേർ ഇൻറർവ്യൂവിനു വന്നു. അവരെയെല്ലാം ഇൻറർവ്യൂ ചെയ്തു. ഡ്രൈവർ ഉദ്യോഗത്തിനു ഇൻറർവ്യൂ ആയിട്ടില്ല.

(ഇ) 50 പേരെ കണ്ടക്ററന്മാരായി നിയമിച്ചിട്ടുണ്ട്.

(എഫ്) പബ്ലിക്ക്സർവ്വീസ് കമ്മിഷൻ ഇൻറർവ്യൂ നടത്തി. ട്രാൻസ്പോർട്ട് ഡയറക്ടറും സഹായിക്കുവാൻ ഉണ്ടായിരുന്നു.

(ജി) ഇല്ല.

പിന്നോക്കസമുദായ എൻക്വയറി കമ്മിററി.

* 300. [51] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിൽ നിന്നും നിയുക്തമായ പിന്നോക്കസമുദായ എൻക്വയറി കമ്മിററി റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിനെ ആസ്പദമാക്കി ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) അംഗീകരിച്ചു നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) എൻക്വയറി കമ്മിററി റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടു്.

(ബി) റിപ്പോർട്ടിനെ ആസ്പദമാക്കി ഗവണ്മെൻറ് മേൽ നടപടികൾ എടുത്തിട്ടുണ്ടു്.

(സി) എൻക്വയറികമ്മിററിയുടെ ശുപാർശപ്രകാരം അനുബന്ധമായി * ചേർക്കുന്ന സ്ഥാപനങ്ങൾക്കു് ഗ്രാൻറ് അനുവദിച്ചിട്ടുണ്ടു്.

പിന്നോക്കസമുദായ എൻക്വയറി കമ്മിററി.

* 301. [52] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായ എൻക്വയറികമ്മിററിയെ എത്ര മാസത്തേയ്ക്കാണു് നിയോഗിച്ചിരിക്കുന്നതു്;

(ബി) എത്ര മാസംകൊണ്ടാണു് കമ്മിററിയുടെ പ്രവർത്തനം പൂർത്തിയായതു്;

(സി) മെമ്പറന്മാരുടെ യാത്രപ്പടി മുതലായ ഇനത്തിൽ എത്ര രൂപ മൊത്തം ചെലവായിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) എൻക്വയറി കമ്മിററിയെ രണ്ടു മാസത്തേയ്ക്കാണു് ആദ്യം നിയമിച്ചതു്.

(ബി) കമ്മിററിയുടെ പ്രവർത്തനം 6 (ആറു്) മാസംകൊണ്ടാണു് പൂർത്തിയായതു്.

(സി) മെംബറന്മാരുടെ യാത്രപ്പടി ഇനത്തിൽ 6651 രൂപ 6 അണ ചെലവായി.

* Please see Appendix V.

ഫീൽഡ് ആഫീസറന്മാരുടെ പ്രവത്തനറിപ്പോർട്ട്.

* 302. [53] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശസമുദായ അഡ്വൈസറി കമ്മിററി വർഷത്തിൽ എത്ര തവണ വിളിച്ചുകൂട്ടാറുണ്ട് ;

(ബി) ഈ കമ്മിററിയിൽ ഫീൽഡ് ആഫീസറന്മാരുടെ പ്രവത്തന റിപ്പോർട്ട് സമർപ്പിക്കാറുണ്ടോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ആവശ്യംപോലെ ഒന്നോ രണ്ടോ തവണ വിളിച്ചുകൂട്ടാറുണ്ട്.

(ബി) ഫീൽഡ്ആഫീസറന്മാരുടെ പ്രവത്തന റിപ്പോർട്ട് അഡ്വൈസറി കമ്മിററിയിൽ സമർപ്പിക്കാറില്ല.

ഹരിജനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുവാനുള്ള നടപടി.

* 303. [54] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗവണ്മെൻറിൽ നിന്നും റോഡ് പുറംപോക്ക്, പുതുവൽ, വനം കൃഷി ബ്ലോക്കുകൾ ഇവ ഹരിജനങ്ങൾക്ക് കുത്തകപ്പാട്ടമായി കൊടുത്തിട്ടുള്ളതും, ഇനി കൊടുക്കുന്നതുമായ സ്ഥലങ്ങൾ അവക്ക് സ്ഥിരമായി പതിച്ചുകൊടുക്കുവാൻ ഈ ഗവണ്മെൻറ് വേണ്ട നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

തൽക്കാലം സ്വീകരിക്കുവാൻ നിവൃത്തിയില്ല.

ഏലത്തോട്ടത്തിലെ തൊഴിലാളികളുടെ കൂലി.

* 304 [55] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏലത്തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും കുറഞ്ഞ കൂലി നിജപ്പെടുത്തുന്നതിന് ഗവണ്മെൻറ് ചിന്തിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

ഏലത്തോട്ടങ്ങളേയും മിനിമം വേജസ് ആക്ററിന്റെ പരിധിയിൽ കൊണ്ടുവന്നു് ഏലത്തോട്ടങ്ങളിലെ തൊഴിലാളികൾക്കും കുറഞ്ഞകൂലി നിജപ്പെടുത്തുന്നകാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

തെങ്ങുകയററതൊഴിലാളികളുടെ കുറഞ്ഞ കൂലി.

* 305. [57] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലേബർവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തെങ്ങുകയററ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അവരുടെ കൂലിക്കൂടുതലിനുവേണ്ടിയുള്ള സമരങ്ങളിൽ എത്ര സ്ഥലത്ത് പോലീസുകാരെ ഉപയോഗിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) അപ്രകാരം ഉപയോഗിച്ചിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Maternity and Child Welfare Centres.

*306. [59] **Shri V. V. Sebastian:** Will the Minister for Public Health and Medicine be pleased to state:

(*a*) are there lady doctors appointed for the Maternity and Child Welfare Centres in the State;

(*b*) if not, will the Government be pleased to appoint lady doctors for all such Centres?

Minister for Local Self Government **(Shri P. K. Kunju):**

(*a*) Yes, in certain Centres.

(*b*) Will be considered.

UNSTARRED QUESTIONS

കുടുംബസംവിധാനപദ്ധതി.

145. [1] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബസംവിധാനപദ്ധതിയനുസരിച്ചുള്ള പദ്ധതികൾ തിരുവിതാംകൂർ-കൊച്ചിയിലുള്ള ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽപ്പെട്ട പരിപാടികൾ എന്തെല്ലാം;

(സി) ഏതെല്ലാം ആശുപത്രികളിൽ ഈ പ്രസ്ഥാനം ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം.

(എ) ഇല്ല. കുറെ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ എടുത്തുവരുന്നു.

(ബി) ലൈംഗികവിഷയങ്ങൾ, സന്താനനിയന്ത്രണം, വിവാഹജീവിതത്തിൽ അനുഷ്ഠിക്കേണ്ട നിയമങ്ങൾ, ആദായത്തിന്റെ പരിധി

ക്കുള്ളിൽ ചെലവു നിയന്ത്രിച്ച് ആരോഗ്യകരവും, സമ്പൂർണ്ണവും ആയ ജീവിതം നയിക്കേണ്ടവിധം ഈ മാതിരി കാര്യങ്ങളെക്കുറിച്ച് വേണ്ട അറിവും, പരിജ്ഞാനവും സ്ത്രീക്കും പുരുഷനും കൊടുക്കുക എന്നവ ഈ പദ്ധതിയിൽപ്പെട്ട പരിപാടികളാകുന്നു.

(സി) എ-യ്ക്കുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല

ആയുർവ്വേദ ഡിസ്പെൻസറികൾ.

146. [3] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര ആയുർവ്വേദ ഡിസ്പെൻസറികൾ ആയുർവ്വേദ ആശുപത്രികളായി മാററിയിട്ടുണ്ട്;

(ബി) ആയതിന് എന്തു കൂടുതൽ തുക ചെലവ് വന്നിരിക്കുന്നു;

(സി) പുതുതായി രൂപീകരിച്ച ആശുപത്രികൾ ഏതു ഡിസ്ട്രിക്ററിലാണ്?

ഉത്തരം.

(എ) മൂന്ന്.

(ബി)

Contingency	Rs.	12,090
Establishment pay		2,475
D. P. & D. A.		2,130
Total	Rs.	16,695

(സി) കൊല്ലം, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലുള്ള ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുകയും, തൊടുപുഴ ഒരു ആശുപത്രി പുതുതായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മിഡ്‌വൈഫറി സെൻറേഴ്സ്.

147. [4] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മിഡ്‌വൈഫറി കേന്ദ്രങ്ങൾ അടുത്തകാലത്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(ബി) ഏതു ഡിസ്ട്രിക്ററിൽ എത്ര വീതം;

(സി) എന്തു ചെലവ് ഉദ്ദേശിക്കുന്നു?

ഉത്തരം.

(എ) 1-1-1955 മുതൽ 20 പുതിയ സെൻററുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ട്.

(ബി)

തിരുവനന്തപുരം ഡിസ്ട്രിക്ററ്		3
കൊല്ലം	,,	8
കോട്ടയം	,,	7
തൃശ്ശൂർ	,,	2

(സി) ആണ്ടൊന്നുക്ക് ഉദ്ദേശം 16,000 രൂപ.

Plantation Labour.

148. [5] **Shri T. P. Sitaraman :** Will the Minister for Local Self Government be pleased to state :

(*a*) whether this Government have taken steps to implement Plantation Labour Act (Centre) in this State in all the Estates ;

(*b*) what are they ?

Answer.

(*a*) Yes.

(*b*) Draft rules under the Act are being prepared for publication.

തടിപ്പാലം.

149. [6] ശ്രീ. കെ. സി. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി തടിപ്പാലത്തിൽക്കൂടി ഭാരം നിറച്ച ലോറികൾ ഓടുന്നതു് നിരോധിച്ചിട്ടുണ്ടോ;

(ബി) ആ നിരോധനം ലംഘിച്ച് ലോറികൾ ഓടിയ്ക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പാലത്തിന്റെ അവസ്ഥ സുരക്ഷിതമല്ലെന്നു് അറിയാമോ?

ഉത്തരം.

(എ) നിരോധിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) അറിയാം.

ജലസേചനപദ്ധതി.

150. [7] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട വെട്ടിക്കടവു് പദ്ധതി, കണ്ടാണശ്ശേരി കണ്ടിക്കുളംപാടം തോടു് എന്നീ ചെറുകിട ജലസേചന പദ്ധതികളെപ്പററി ഗവണ്മെൻറ് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?

ഉത്തരം.

വെട്ടിക്കടവു് പദ്ധതികൊണ്ടു്, കൂടുതൽ ഉപയോഗം മലബാർ ഡിസ്ട്രിക്ററിലെ കൃഷിസ്ഥലങ്ങൾക്കായതുകൊണ്ടും, ഇതിനുവേണ്ടി വരുന്ന ചെലവനുസരിച്ചുള്ള പ്രയോജനം ഈ സംസ്ഥാനത്തിലെ കൃഷിസ്ഥലങ്ങൾക്കുണ്ടാകയില്ലെന്നു് ബോദ്ധ്യമായതുകൊണ്ടും, ഈ പദ്ധതി നടപ്പിൽ ആക്കേണ്ടെന്നു് തീരുമാനിച്ചു. കണ്ടാണശ്ശേരി കണ്ടിക്കുളംപാടം തോടിന്റെ പണിക്കുള്ള എസ്റ്റിമേററ് തയ്യാറായിട്ടുള്ളതും എന്നാൽ ഫണ്ടിന്റെ കുറവു നിമിത്തം അതു മാററിവയ്ക്കുകയും ചെയ്തിരിക്കയാണു്.

സബ്രജിസ്ട്രാർ കച്ചേരി.

151. [10] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ട പെരുങ്കടവിള, ഒറശേഖരമംഗലം എന്നീ പകുതികൾക്കായി ഒരു പ്രത്യേക സബ്രജിസ്ട്രാർകച്ചേരി വേണമെന്നു കാണിച്ചു് ഈ രണ്ടു പഞ്ചായത്തുകളിൽനിന്നും ഗവണ്മെൻറിനു് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേ സംബന്ധിച്ചു് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം.

(എ) പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും ഈ ആവശ്യം കാണിച്ചു് പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളുടെ ഓരോ പ്രതിവീതം ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്.

(ബി) പ്രമേയങ്ങൾ ഡിസ്ട്രിക്റ്റ് രജിസ്ട്രാക്കു് അന്വേഷണം നടത്തി റിപ്പോർട്ടു് സമർപ്പിക്കാൻ അയച്ചിരിക്കയാണു്.

ഹൗസിംഗ് സ്കീം.

152. [13] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ്, സെററിൽമെൻറ് എന്നീ സ്കീമുകളുടെ അടിസ്ഥാനത്തിൽ എത്ര അപേക്ഷകൾ 1954 ഡിസംബർ മാസംവരെ ലഭിച്ചിട്ടുണ്ടു്;

(ബി) എത്ര അപേക്ഷകക്കു് ആശ്വാസം നൽകി?

ഉത്തരം.

(എ) പതിനായിരത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്.

(ബി) ഹൗസിംഗ് സ്കീം അനുസരിച്ചു് 28 സ്ഥലങ്ങളിലായി 524 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടു്. പതിനൊന്നു സ്ഥലങ്ങളിലായി വേറെ 211 വീടുകളുടെ പണി ആരംഭിച്ചിട്ടുമുണ്ടു്. സെററിൽമെൻറ് സ്കീം അനുസരിച്ചു് 450 പേക്കു് വീടുകൾ പണിയിക്കുകയും, വസ്തു കൊടുക്കുകയും ചെയ്തു. കൂടാതെ ഈ വർഷത്തിൽ 500 പേക്കുകൂടി വീടുകൾ പണിയുന്നതിനു വേണ്ടതായ നടപടികൾ എടുത്തിട്ടുണ്ടു്.

നിയമനം.

153. [14] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ പഞ്ചായത്താഫീസറന്മാരെ നിയമിക്കുന്നതിലേക്കു് ഗവണ്മെൻറിൽ നിന്നും എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടു്?

ഉത്തരം.

548 പഞ്ചായത്ത് ആഫീസറന്മാരെ നിയമിക്കുവാൻ ഗവണ്മെൻറ് ഉത്തരവായിട്ടുണ്ട്. 1 : 3 എന്ന അനുപാതക്രമമനുസരിച്ച് 137 ഒന്നാം ഗ്രേഡ് പഞ്ചായത്ത് ആഫീസറന്മാരെയും 411 രണ്ടാംഗ്രേഡ് ആഫീസറന്മാരേയും നിയമിക്കുന്നുണ്ട്. ഒന്നാംഗ്രേഡുകാരുടെ ശമ്പളസ്കെയിൽ 45–75–ം, പരീക്ഷായോഗ്യത ഗ്രാഡ്വേഷനും ആണ്. രണ്ടാംഗ്രേഡുകാരുടെ ശമ്പളസ്കെയിൽ 30–45–ം, പരീക്ഷായോഗ്യത ഇ. എസ്സ്. എൽ. സി. യോ തത്തുല്യമായ മററു പരീക്ഷായോഗ്യതകളോ ആയിരിക്കണം. തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പഞ്ചായത്തുകളിലും വില്ലേജുയൂണിയനുകളിലും ഇപ്പോൾ ജോലി നോക്കിവരുന്നവരും മേൽപറയപ്പെട്ട പരീക്ഷായോഗ്യതയുള്ളവരും 45 വയസ്സിൽ കവിയാത്തവരും ആയവരെ പബ്ലിക്ക്സർവ്വീസുകമ്മീഷനെക്കൊണ്ടു തിരഞ്ഞെടുപ്പിച്ച് പഞ്ചായത്താഫീസറന്മാരായി നിയമിക്കുന്നതാണ്. ബാക്കിയുള്ള ഒഴിവുകളിൽ പബ്ലിക്ക്സർവ്വീസുകമ്മീഷൻ ഓപ്പൺ കോംപററിഷൻവഴി തെരഞ്ഞെടുക്കുന്ന ആളുകളെ നിയമിക്കുന്നതാണ്. ഓപ്പൺ കോംപററിഷൻ വഴിയുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്, 45–ൽ കൂടുതൽ വയസ്സാകാത്തവരും എല്ലാംകൂടി 5 കൊല്ലത്തിൽ കുറയാത്തതായ വാർസർവ്വീസുള്ളവരും, നിശ്ചിത പരീക്ഷായോഗ്യത ഉള്ളവരും ആയ വിമുക്തഭടന്മാർക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിനു പബ്ലിക്ക് സർവ്വീസ്സ് കമ്മീഷനു് ഗവണ്മെൻറ് നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു.

പഞ്ചായത്താഫീസറന്മാർ.

154. (15) ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പഞ്ചായത്തുകളിൽ പാർട്ടൈം ക്ലാർക്കന്മാരായി ഒന്നും അതിലധികവും കൊല്ലത്തെ സർവ്വീസും പരീക്ഷായോഗ്യതയും ഉള്ളവരെ പഞ്ചായത്താഫീസറന്മാരായി നിയമിക്കുവാൻ വ്യവസ്ഥ ചെയ്യുമോ;

(ബി) പഞ്ചായത്തസിസ്റ്റൻറന്മാരുടേയും പഞ്ചായത്തു പ്യൂൺസിൻെറയും സേവനവ്യവസ്ഥകൾ എങ്ങനെയാണ്; അവരെയും Local bodies employees–ൻെറ terms and Conditions of service-ന് വിധേയമാക്കുന്നതിൽ ഗവണ്മെൻറ് ഉത്തരവ് പുറപ്പെടുവിക്കുമോ ;

(സി) പഞ്ചായത്തുകളിലെ പ്യൂൺസിൻെറ ശമ്പളസ്കെയിൽ എന്താണ്; ക്രിയ്യമായി ഒരു സ്കെയിൽ ഏർപ്പെടുത്തുന്നതിന് ഗവണ്മെൻറ് ശ്രമിക്കുമോ ?

ഉത്തരം.

(എ) തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പഞ്ചായത്തുകളിലേയും വില്ലേജുയൂണിയനുകളിലേയും ജീവനക്കാരും, നിശ്ചിതപരീക്ഷായോഗ്യതയുള്ളവരും 45-ൽ കൂടുതൽ വയസ്സാകാത്തവരും ആയ എല്ലാവരേയും പബ്ളിക്ക്സർവ്വീസ് കമ്മീഷൻവഴി തിരഞ്ഞെടുത്ത് പഞ്ചായത്താഫീസറന്മാരായി നിയമിക്കുന്നതാണ്.

(ബി) പഞ്ചായത്ത് ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതായ പഞ്ചായത്ത് എസ്റ്റാബ്ളിഷ്മെൻറ് റൂൾസ് ഗവണ്മെൻറ് ഉണ്ടാക്കുന്നുണ്ട്. അതു് പുറത്തുവരുന്നതുവരെ പഞ്ചായത്തു ജീവനക്കാക്ക് ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ സേവനവ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

(സി) ഇപ്പോൾ എല്ലാ പഞ്ചായത്തുശിപായിമാക്കും ഒരുപോലെ 11 രൂപ ശമ്പളവും 15 രൂപ അലവൻസും വീതം കൊടുത്തുവരുന്നു.

കയർതൊഴിലാളി മിനിമംവേജസ്.

155. [16] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികളുടെ മിനിമംവേജസ് നിശ്ചയിക്കുന്നതിനുള്ള കമ്മിററിയെ നിയമിച്ചതു് എന്നാണ് ;

(ബി) അവരുടെ പ്രവർത്തനങ്ങൾ എന്തായി ;

(സി) എന്നത്തേക്കു കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കാൻ കഴിയും?

ഉത്തരം.

(എ) 23-10-1953-ൽ.

(ബി) കമ്മിററി പല താലൂക്കുകളിലും സഞ്ചരിച്ചു തെളിവുകൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(സി) കമ്മിററിറിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടനെ മിനിമം വേജസ് നിശ്ചയിക്കാവുന്നതാണ്.

ചെത്തുതൊഴിലാളികളുടെ പണിമുടക്ക്.

156. (17) ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയാണ്ടിൽ ഏതെല്ലാം സ്ഥലങ്ങളിൽ ചെത്തുതൊഴിലാളി പണിമുടക്കുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ ഏതെങ്കിലും പണിമുടക്ക് നിലവിലിരുന്ന കൂലി കുറച്ചതിനെതിരായിട്ടല്ലാതെ ഉണ്ടായിട്ടുണ്ടോ ;

(സി) ഗവണ്മെൻറ് കോൺട്രാക്ററ് കൊടുക്കുന്ന ഈ വ്യവസായത്തിന്റെ യഥാർത്ഥ ഉടമ സർക്കാരല്ലേ ;

(ഡി) ആണെങ്കിൽ സർക്കാർ ഉടമയിലുള്ള ഒരു വ്യവസായത്തിലെ തൊഴിലാളിയുടെ കൂലി വെട്ടിക്കുറച്ചുകൊണ്ട് കോൺട്രാക്ററ വ്യവസ്ഥകൾ ലംഘിച്ചു കോൺട്രാക്ററന്മാരുടെ പേരിൽ നടപടി എടുക്കാത്തതു് എന്തുകൊണ്ട്?

ഉത്തരം.

(എ) 1. കൊല്ലം
2. വയ്ക്കം
3. പറവൂർ
4. പുത്തൻവേലിക്കര
5. ചേത്തല
6. ഏനാമ്മാവ്—ചെറിങ്ങോട്ടുകര

(ബി) ഉണ്ട്.

(സി) അല്ല.

(ഡി) (സി)—യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിക്ക് ലൈൻ.

157. [19] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാഴൂർ പഞ്ചായത്തിൽ കൊടുങ്ങൂർ ചാമൻ-പതാൻ റോഡിൽ ഇലക്ട്രിക്ക്ലൈൻ നീട്ടുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കയറുൽപ്പാദന സ്ഥാപനം.

158. [21] ശ്രീ. തോപ്പിൽ ഭാസ്കരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ ഉൽപ്പാദകർ പണിനിറുത്തിയിരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ഒരു ഹൈലവൽ കാൻഫറൻസ് കൂടണമെന്നുള്ള നിവേദനവും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികളെടുക്കുമെന്നറിയിക്കുമോ?

ഉത്തരം.

(എ, ബി) കയർ ഉൽപ്പാദകർ പണിനിറുത്തിയിരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാനും വേണ്ട പരിഹാരമാർഗ്ഗം കണ്ടുപിടിക്കാനും ആയ ലേബർ മിനിസ്റ്റർ ഒരു കാൻഫറൻസ് വിളിച്ചുകൂട്ടുകയും അതിലെ തീരുമാനമനുസരിച്ച് ഇന്നു കയർവ്യവസായത്തിൽ നേരിട്ടിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മററും വേണ്ട അന്വേഷണങ്ങൾ നടത്തി ഗവണ്മെൻറിന് ആവശ്യമായ ഉപദേശം കൊടുക്കുന്നതിന് ഒരു കമ്മിററിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

Thovala Channel.

159. [23] **Shri T. S. Ramaswami:** Will the Minister for Works be pleased to state:

(*a*) the total miles covered by way of concreting the Thovala Channel and the miles covered each year;

(*b*) whether any concrete work was done during the last financial year and this financial year; and

(*c*) if not the reasons therefor?

Answer.

(*a*) 5 miles. Two miles were done in 1951-52 (miles 15 and 16) and portions of three miles during 52-53 and 53-54 (miles 17, 18 and 19). Another four miles are proposed to be taken up in 54-55 (portions 7 to 10).

(*b*) The balance of concreting work in miles 17 to 19 left unfinished in 52-53 was completed during the last financial year. During this financial year work in portions of miles 7 to 10 are proposed to be taken up in the closure season when alone work in channel is possible.

(*c*) The question does not arise in view of replies to point (b).

Electric Supply.

160. [24] **Shri T. S. Ramaswami:** Will the Minister for Works and Transport be pleased to state:

(*a*) the dates on which wiring have been completed in the villages of Darisanancope, Kadukkarai and Azhagiapandiapuram in Thovala Taluk;

(*b*) whether electric supply has been given to these villages; and

(*c*) if not, the reasons therefor?

Answer.

(*a*) In May 1954.

(*b*) Yes.

(*c*) Does not arise.

Government dispensary, Changanacherry.

161. [27] **Shri N. Parameswaran Pillai:** Will the Minister for Medicine be pleased to state:

(a) is it a fact that the Government Dispensary, Changanacherry is short of personnel and appliances and accommodation;

(b) will the Government take immediate steps to remedy this state of affairs?

Answer.

(a) It is not a fact.

(b) Does not arise.

Ernakulam Ferry Service.

162. [30] **Shri M. P. Menon:** Will the Minister for Works and Transport be pleased to state:

(a) whether increments to the ferry staff at Ernakulam are in arrears for more than three years;

(b) whether the monthly salary of four employees in the ferry service are in arrears for five months;

(c) whether boats 'Krishna' and 'St. Mary' are docked without repairs for the last two years; and

(d) if the answers are in the affirmative, why?

Answer.

(a) Yes.

(b) No.

(c) No.

(d) The delay in grant of increments to the ferry staff for the period from 8|47 to 9/51 was due to the fact that the increments relate to the period when the staff was working under the erstwhile Cochin P. W. D. and hence the details could not be had by the State Transport Department in time. The arrears however are being claimed and the claims sent to the Comptroller for pre-audit. Two increments from 1-10-52 are also in arrears and this is due to the fact that the nomination of ferry staff is not yet finalised.

ബസ്സ് റൂട്ട്.

163. [32] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം-ചെങ്ങന്നൂർ ലൈനും, കായംകുളം-പുനലൂർ ലൈനും ഗവണ്മെൻറ് ഏറ്റെടുക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ഉത്തരം.

ഉണ്ട്.

കർഷക സഹകരണസംഘങ്ങൾ.

164. [33] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഫാർമേഴ്സ് സഹകരണസംഘങ്ങൾ ഭൂനയബില്ലുകളുടെ പ്രഖ്യാപനത്തിനുശേഷം ഈ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അവയ്ക്കു എത്ര ഏക്കർ ഭൂമി ഗവണ്മെൻറ് നൽകിയിട്ടുണ്ട്; ഏതൊക്കെ സംഘങ്ങൾക്കാണ് നൽകിയിട്ടുള്ളത്. ഏതെല്ലാം സംഘങ്ങളാണ് ഭൂമിക്ക് അപേക്ഷിച്ചിട്ടുള്ളത്?

ഉത്തരം.

(എ) നാല്.

(ബി) ഭൂമി ഒരു സംഘത്തിനും നൽകിയിട്ടില്ല. സംഘങ്ങൾ ഭൂമിക്ക് അപേക്ഷിച്ചിട്ടില്ല.

കല്ലടയാററിലെ വെള്ളം.

165. [34] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലടയാററിലെ വെള്ളം ഉപയോഗയോഗ്യമാക്കിത്തീർക്കാൻ ഗവണ്മെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ബി) പൊതുമരാമത്തുമന്ത്രി ഈയിടെ കുന്നത്തൂരും മററും സന്ദർശിച്ചപ്പോഴും ജനങ്ങൾ പുനലൂർ പേപ്പർമില്ലിലെ അഴുക്കെല്ലാംകൂടി കല്ലടയാററിലേയ്ക്ക് ഒഴുക്കിവിട്ട് വെള്ളം ചീത്തയാക്കുന്നതിനെപ്പററി പരാതി പറഞ്ഞിട്ടുള്ളതല്ലെ; എന്നിട്ടും എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഡാക്ടർ ഭാസ്കരന്റെ അഭിപ്രായപ്രകാരം ഒരു സോഡാ റിക്കവറി പ്ലാൻറ് സ്ഥാപിക്കുന്നതിന് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സോഡാ റിക്കവറിപ്ലാൻറിന് ആവശ്യമായ മെഷീനറി എല്ലാം വന്നുചേർന്നാലുടൻ റിക്കവറിപ്ലാൻറിന്റെ പ്രവർത്തനം ആരംഭിക്കും.

കുളക്കട വില്ലേജ് ആഫീസ്.

166. [35] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുളക്കട വില്ലേജ് ആഫീസ് കെട്ടിടം പണിയുന്നതിന് സർവ്വെ 228/1-ൽ 15 സെൻറ് പുറമ്പോക്കുസ്ഥലം ഏറ്റെടുക്കുകയും, കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും അയച്ചുതുക അനുവദിക്കുകയും ചെയ്തിട്ട് രണ്ടു വർഷമായിട്ടും ഇതുവരെ പണി ആരംഭിക്കാത്തതു് എന്തുകൊണ്ട്?

ഉത്തരം.

കുളക്കട വില്ലേജിൽ സർവ്വെ 228/1-ൽ 15 സെൻറ് പുറമ്പോക്ക് സ്ഥലത്ത് വില്ലേജ് ആഫീസ് പണിയുന്നതിന് നടപടി നടത്തിവരവെ ആ സ്ഥലം ഈ വില്ലേജിന്റെ കിഴക്കേ അററം ആണെന്നും വില്ലേജ് ആഫീസ് പകുതികളുടെ മദ്ധ്യഭാഗത്ത് സ്ഥാപിക്കുന്നതിന് വിലകൂടാതെ സ്ഥലം വിട്ടുതരാമെന്നും സ്ഥലവാസികൾ അപേക്ഷ ബോധിപ്പിച്ചതനുസരിച്ച്, പകുതിക്കച്ചേരിക്ക് ഏററവും പററിയസ്ഥലം ഏതാണെന്നന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവായിരിക്കുന്നു. റിപ്പോർട്ട് കിട്ടിയാൽ ഏതു സ്ഥലത്താണ് പകുതിക്കച്ചേരി പണിയേണ്ടതെന്ന് തീരുമാനിക്കുന്നതാണ്.

ഇലക്ട്രിസിററി.

167. [36] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽ മേലുകര, ചെറുകോൽ, കാട്ടൂർ, വയലത്തല കീക്കൊഴൂർ എന്നീ കരകളിലേയ്ക്ക് ഇലക്ട്രിസിററി നീട്ടുന്നകാര്യം എന്തായി?

ഉത്തരം.

ചെറുകോൽ, കാട്ടൂർ, മേലുകര എന്നിവിടങ്ങളിലേയ്ക്ക് ഇലക്ട്രിസിററി നീട്ടുവാൻ അനുവാദം നൽകിയിട്ടുണ്ട്. അതിനാവശ്യമായ സാധനസാമഗ്രികൾ ലഭിച്ചാൽ ഉടനെ ജോലി തുടങ്ങുകയും ചെയ്യും. വേണ്ടുവോളം ആദായകരമല്ലാത്തതിനാൽ വയലത്തലയ്ക്കും, കീക്കൊഴൂക്കും ഉള്ള ലൈൻ നീട്ടുന്നകാര്യം പിന്നീടുമാത്രമെ പരിഗണിക്കുവാൻ നിവൃത്തിയുള്ളൂ.

റോഡ് നന്നാക്കൽ.

168. [37] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി, വഞ്ചിത്ര, ആറൻമുള റോഡു നന്നാക്കണമെന്ന് കാണിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

ലേഡി വെൽഫെയർ ആഫീസറന്മാർ.

169. [38] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിലുള്ള വനിതാ വെൽഫെയർ ആഫീസറന്മാർ ഏതു സ്ഥലങ്ങളിലാണ് നിയമിച്ചിട്ടുള്ളതു്;

(ബി) അവരുടെ പ്രവത്തനങ്ങൾ എന്തെല്ലാം ;

(സി) പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിൽ ഓരോ ഡിവിഷനിലും പ്രത്യേകം വെൽഫെയർ ആഫീസറന്മാർ ഉള്ളപ്പോൾ ലേഡി വെൽഫെയർ ആഫീസറന്മാരുടെ ആവശ്യം എന്താണ്.

(ഡി) ലേഡി വെൽഫെയർ ആഫീസറന്മാരുടെ പ്രവത്തനം കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരെ ആവശ്യമുള്ള മറേറതെങ്കിലും ഡിപ്പാർട്ടുമെൻറിലേയ്ക്ക് മാററുന്നതിന് ഗവണ്മെൻറ് തയ്യാറാണോ ?

ഉത്തരം

(എ) ഡിപ്പാർട്ടുമെൻറിലെ മൂന്നു ലേഡി വെൽഫെയർ ആഫീസറന്മാരെ, നെയ്യാററിൻകര താലൂക്കിൽ വെങ്ങാന്നൂരിലും, ചങ്ങനാശ്ശേരി

താലൂക്കിൽ കുറച്ചിയിലും, തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരിയിലുമാണ് നിയമിച്ചിരിക്കുന്നത്.

(ബി) അവരുടെ പ്രവർത്തനങ്ങളെപ്പററിയുള്ള പട്ടിക * അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഓരോ ഡിവിഷനിലുമുള്ള വെൽഫെയർ ആഫീസറന്മാർ പട്ടികവർഗ്ഗക്കാർക്കുവേണ്ടി നിയമിച്ചിട്ടുള്ളവരാണ്. അവശസമുദായക്കാരുടെ വീടുകൾ സന്ദർശിച്ച് സ്ത്രീകളുമായി സമ്പർക്കം പുലർത്തുന്നതിനും, ഗൃഹസംരക്ഷണം, ശുചിത്വം മുതലായവയെപ്പററി അവർക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും, പുരുഷന്മാരെക്കാൾ സ്ത്രീകളാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്.

(ഡി) അവശസമുദായാംഗങ്ങളുടെ വീടുകളും പരിസരങ്ങളും വൃത്തിയായി സംരക്ഷിക്കുക, അവരുടെ കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നതിന് പ്രോത്സാഹിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ പ്രോത്സാഹജനകങ്ങളായ അനുഭവങ്ങൾ ഈ ലേഡി വെൽഫെയർ ആഫീസന്മാരുടെ പ്രവർത്തനം മൂലം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അവരെ മററ് ഡിപ്പാർട്ടുമെൻറിലേയ്ക്ക് മാററണമെന്നു തോന്നുന്നില്ല.

ഹരിജൻ കാളനികൾ.

170. [39] ശ്രീ. സി. കൊച്ചുകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായഡിപ്പാർട്ടുമെൻറിൽനിന്നും എത്ര ഹരിജൻ കാളനികൾ സ്ഥാപിച്ചിട്ടുണ്ട്; അവ ഏതെല്ലാം ;

(ബി) കാളനികളിൽ താമസിക്കുന്നവർക്ക് ഭൂമി ഏതു വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്;

(സി) കാളനികളുടെമേൽ ഡിപ്പാർട്ടുമെൻറിന് എന്തെങ്കിലും നിയന്ത്രണാധികാരം ഉണ്ടോ ;

(ഡി) കാളനികളിൽ താമസിക്കുന്ന എല്ലാവർക്കും വീട് ഉണ്ടാക്കി കൊടുത്തിട്ടുണ്ടോ ;

(ഇ) എല്ലാവർക്കും വീട് ഉണ്ടാക്കിക്കൊടുത്തിട്ടില്ലെങ്കിൽ ബാക്കിയുള്ളവർക്കുകൂടി വീട് ഉണ്ടാക്കിക്കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 187 ഹരിജൻ കാളനികൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ബി) ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടില്ലെന്നുള്ള വ്യവസ്ഥയിന്മേലാണ് കൊടുത്തിട്ടുള്ളത്.

(സി) കാളനികളുടെ മേൽ ഡിപ്പാർട്ടുമെൻറിന് നിയന്ത്രണാധികാരം ഉണ്ട്.

(ഡി) ഇല്ല.

(ഇ) സ്വന്തമായി വീട് ഉണ്ടാക്കാൻ കഴിവില്ലാത്ത എല്ലാവർക്കും വീട് ഉണ്ടാക്കിക്കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

* Please see Appendix VI.
† Statement placed on the library table.

കുളക്കട കാളനി.

171. [40] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) (1) കൊട്ടാരക്കര താലൂക്കിൽ കുളക്കടയുള്ള കാളനിയിൽ താമസിക്കുന്നവർക്കു് ഗവണ്മെൻറിൽ നിന്നും വീടു് ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടോ;

(2) ഇല്ലെങ്കിൽ വീടു് ഉണ്ടാക്കിക്കൊടുക്കാൻ വല്ല നടപടിയും നടത്തുന്നുണ്ടോ;

(ബി) പ്രസ്തുത കാളനിയിൽ ഒരു പൊതുമന്ദിരം സ്ഥാപിക്കുന്നതിനു് ഡിപ്പാർട്ടുമെൻറിൽനിന്നും അനുവാദം കൊടുത്തിട്ടുണ്ടോ?

ഉത്തരം

(എ) (1) ഉണ്ടു്.

(2) ചോദ്യമുദിക്കുന്നില്ല.

(ബി) ഉണ്ടു്.

ഹൗസ് സർജന്മാർ.

172. [41] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ആശുപത്രികളിൽ ആകെയുള്ള ഹൗസ് സർജന്മാരുടെ സംഖ്യയെത്ര; അവരുടെ പേർ വിവരം;

(ബി) ഒരു സ്ഥലത്തു് മൂന്നുകൊല്ലത്തിൽ കൂടുതൽ ഒരാഫീസറേയും വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഗവണ്മെൻറു് സശ്രദ്ധം പാലിക്കുന്നുണ്ടോ?

ഉത്തരം.

(എ) തിരുവനന്തപുരം ഡിവിഷനിലുള്ള ആശുപത്രികളിൽ ഇപ്പോൾ ഹൗസ് സർജന്മാർ ആരുമില്ല.

(ബി) അപ്രകാരം ഒരു വ്യവസ്ഥ ഇല്ല.

മുനിസിപ്പാലിറ്റിത്തൊഴിലാളികളെ പിരിച്ചുവിടൽ.

173. [43] ശ്രീ. എൻ. പരമേശ്വരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽനിന്നും തൊഴിലാളികളെ പിരിച്ചുവിടാൻ നോട്ടീസു് കൊടുത്തിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെൻറു് ഇടപെട്ടു് പിരിച്ചുവിടൽ തടയണമെന്നു് ഗവണ്മെൻറിനു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവണ്മെൻറു് അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഉണ്ടു്. ഗവണ്മെൻറിന്റെ പരിശോധനയിൽ ഇരിക്കുന്നു.

റോഡ് മെററൽ ചെയ്യുന്നതിനുള്ള നിവേദനം.

174. [44] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ-കല്ലട റോഡ്, കുണ്ടറ-കോട്ടയത്തുകടവു റോഡ് മെററൽചെയ്തു കിട്ടുന്നതിനായി ഗവണ്മെൻറിലേയ്ക്കു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രൈവറേറ് ബസ്സ് ഓട്ടുകൾ ഉള്ള റോഡ് വളരെ അപകടകരമായ നിലയിൽ കിടക്കുകയാണെന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

Opening a Colony.

175. [62] **Shri V. P. Parameswaran Namboodiri:** Will the Minister for Backward communities be pleased to state :

(a) whether the Harijans of Mannar had applied for opening a colony for them in Kuttamperoor in Mannar Panchayat ; and

(b) the steps taken on the same ?

Answer.

(a) The Harijans of Mannar have applied for opening a Harijan colony at Kuttamperoor in Mannar Panchayat.

(b) Steps are being taken to select a site for the colony.

Paddy cultivation in Chennamkary.

176. [65] **Shri N. Parameswaran Pillai:** Will the Minister for Works and Transport be pleased to state :

(a) has the Government received complaints from the cultivators of Kiliankavu Padasekharam in Chennamkary village of Changanacherry taluk that this year's paddy cultivation in the said Padasekharam has been adversely affected by the Electrical Supervisor disconnecting the current supply ; and

(b) what action has the Government taken thereon ?

Answer.

(a) A complaint petition in the matter has been received by Government.

(b) The question is being enquired into by Government.

ADJOURNMENT MOTIONS.

മി. സ്പീക്കർ : ഇന്നലത്തെ അഡ്ജോൺമെൻറ് മോഷനു പുറമെ ഇന്നും എത്താനും അഡ്ജോൺമെൻറ് മോഷൻ ലഭിച്ചിട്ടുണ്ട്. അവ ഞാൻ വായിക്കാം. "മിനിമംവേജസ് നടപ്പിൽ വരുത്തിക്കിട്ടുന്നതിനുവേണ്ടി കണിയാപുരത്തുള്ള കയർ തൊഴിലാളികൾ തുടർന്നുവരുന്ന സത്യഗ്രഹ

[മി. സ്പീക്കർ]

സമരത്തോട് അനുഭാവം രേഖപ്പെടുത്തുന്നതിനായി 3–2–1955–ൽ നടത്തിയ കയർ തൊഴിലാളി ജാഥയുടെ മേൽ സ്ഥലത്തെ കയർ ഉൽപ്പാദകർ റൌഡികളെ ശേഖരിച്ചുകൊണ്ട് ആക്രമണം നടത്തിയതിനെ തുടർന്ന് ഒരു പ്രധാനപ്പെട്ട ട്രേഡ്യൂണിയൻ പ്രവർത്തകനും തിരുവനന്തപുരം താലൂക്ക് കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറിയുമായ കാട്ടായിക്കോണം സദാനന്ദനും മററ് 9 പേർക്കും ഗുരുതരമായ പരുക്കുകൾ ഏററ് അവശരായിത്തീർന്നിരിക്കുന്നതിൽ നിന്നും ഉളവായിരിക്കുന്ന അടിയന്തിര പരിതസ്ഥിതികളെപ്പററി ചർച്ചചെയ്യുവാൻ ഈ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു'' എന്ന് ശ്രീ. ശ്രീധരൻ അയച്ച അടിയന്തിരപ്രമേയമാണ്. ''ജാഥായുടെ മേൽ ഗുണ്ടാസംഘം കഴക്കൂട്ടം പോലീസ് നോക്കിനിൽക്കവേ അതിഭീകരമായ ഒരു ആക്രമണം നടത്തുകയും ജാഥാംഗങ്ങളെ അടിച്ചു നിലംപതിപ്പിക്കുകയും ചെയ്തു. മർദ്ദനം ഏററ സദാനന്ദനും മററു നാലുപേരും ഇപ്പോൾ ഉള്ളൂർ മെഡിക്കൽ കാളേജ് ആശുപത്രിയിലും മററു അഞ്ചുപേർ കണിയാപുരം പുത്തൻതോപ്പ് ഡിസ്പെൻസറിയിലും ചികിത്സയിലാണ്.''

ശ്രീ. വി. ശ്രീധരൻ : സർ, കണിയാപുരത്ത് മിനിമംവേജസ് നടപ്പിൽ വരുത്തിക്കിട്ടുന്നതിനുവേണ്ടി ഇക്കഴിഞ്ഞ 8 ദിവസമായി തിരുവനന്തപുരം താലൂക്ക് കയർ തൊഴിലാളിയൂണിയന്റെ നേതൃത്വത്തിൽ സമാധാനപരമായ രീതിയിൽ കയറുൽപാദകരുടെ ജോലിസ്ഥലങ്ങൾക്കുമുമ്പിൽ സത്യഗ്രഹം തുടർന്നു നടത്തിവരികയാണ്. ഇന്നലെ ഈ സത്യഗ്രഹത്തോട് അനുഭാവം രേഖപ്പെടുത്തുന്നതിനായി കണിയാപുരത്തുനിന്നും ഒരു പ്രധാനപ്പെട്ട ട്രേഡ്യൂണിയൻ പ്രവർത്തകനും തിരുവനന്തപുരം താലൂക്ക് കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറിയുമായ കാട്ടായിക്കോണം സദാനന്ദനും മറേറ താനുംപേരും അടങ്ങിയ ഒരു സത്യഗ്രഹ ജാഥാ പ്രകടനം നടത്തുകയുണ്ടായി. ആ ജാഥായുടെ നേരെ ഒരു വൻകിട കയർ വ്യവസായിയായ ഇസ്മെയിൽപിള്ള നേരത്തെതന്നെ അവിടെ ശേഖരിച്ചുവച്ചിരുന്ന ഒരു സംഘം ഗുണ്ടാകളെക്കൊണ്ട് അതിഭീകരമായി ആക്രമണം നടത്തുകയുണ്ടായി. ആ അവസരത്തിൽ കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടറും അവിടെ ഉണ്ടായിരുന്നു എന്നുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. സർ, ഇതു യാദൃച്ഛികമായി ഉണ്ടായ ഒരു സംഭവമല്ല. അതിനു തലേദിവസവും ഏതാണ്ട് 500–ൽപരം കയർ തൊഴിലാളി സ്ത്രീകൾ ചേർന്നു നടത്തിയ ഒരു ജാഥായെ മറെറാരു സംഘം റൌഡികൾ ഇതുപോലെ ആക്രമിക്കുകയുണ്ടായി. അന്ന് ഇസ്മെയിൽപ്പിള്ള റിവാൾവറും എടുത്തുകൊണ്ട് റൌഡികളോട് ആജ്ഞാപിക്കുകയും സ്ത്രീതൊഴിലാളികളെ മർദ്ദിക്കുന്നതിനാവശ്യപ്പെടുകയുമുണ്ടായി.

സർ, എനിക്ക് ചീഫ് മന്ത്രിയോട് ഒന്നു പറയാനുണ്ട്. അദ്ദേഹം ആശുപത്രിയിൽ പോയി അവിടെ അവശനിലയിൽ കിടക്കുന്ന മർദ്ദനത്തിനു വിധേയരായ സഖാക്കളെ ഒന്നുനോക്കണം. ഇസ്മെയിൽപിള്ളയ്ക്ക് റിവാൾവർ സൂക്ഷിക്കാൻ ലൈസൻസ് കൊടുത്തിട്ടുണ്ടോ എന്നും അറിയേണ്ടതാണ്. ഇപ്പോഴും അവിടെ സാധുക്കളായ കയർ തൊഴിലാളികളുടെ വീട്ടിൽ കയറി മർദ്ദനം നടത്തിക്കൊണ്ടിരിക്കുന്നതുകൊണ്ടാണ് ഈ അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ഇതു് ചർച്ചയ്ക്കു എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, ഇതൊരടിയന്തിരപ്രമേയമായിട്ട് ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് സഭയെ അറിയിക്കുവാനുള്ളത്. ഈ മാതിരിസംഘട്ടനങ്ങൾ ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഈ സംഘട്ടനത്തെപ്പററിയുള്ള സൂക്ഷ്മമായ റിപ്പോർട്ട് എനിക്ക് കിട്ടിയിട്ടില്ല. എങ്കിലും എനിക്ക് അതേപ്പററി പറയാനുള്ളത് ഈ സംഭവത്തെക്കുറിച്ച് അടിയന്തിരമായി വേണ്ട അന്വേഷണം നടത്താമെന്നും അതേപ്പററി വേണ്ട നടപടി സത്വരമായി സ്വീകരിക്കയും ചെയ്യുമെന്നാണ്. അതേ സംബന്ധിച്ച് ന്യായമായ വിധത്തിൽ കേസെടുത്തു കുററക്കാരെ ശിക്ഷയ്ക്കു വിധേയരാക്കുമെന്നുള്ളതിൽ സംശയമൊന്നുമില്ല. പക്ഷേ, ഇതു് തൊഴിൽ തക്കത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ പോലീസുകാർ നിയമരഹിതമായിട്ടാണോ പ്രവർത്തിച്ചിട്ടുള്ളതെന്നും സൂക്ഷ്മമായി അന്വേഷിക്കാം. അങ്ങിനെയാണെന്നു കണ്ടാൽ അവരെ ശിക്ഷിക്കയും ചെയ്യാം. കേസുകൾ ശരിയായി നടത്തിക്കുകയും ചെയ്യാം. അതുകൊണ്ട് ഇതിവിടെ വാദവിഷയമാക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

Mr. Speaker: In the light of the statement made by the Chief Minister I am withholding my consent to move the adjournment motion.

There is another adjournment motion sent in by Shri N. Parameswaran Pillai. As it does not seem to be so important or urgent as to be deemed to be an adjournment motion I do not allow it to be moved.

There is another adjournment motion given notice of by Shri T. O. Bava.

"I hereby give notice of my intention under Rule 55 to move that the business of the House be adjourned to discuss a definite matter of urgent public importance of recent occurrence *viz.*, the lock out of Vanchinad Match Factory, Perumbavoor with effect from yesterday and the consequent unemployment of hundreds of labourers." In support of the above, I state the following facts:

"The Vanchinad Match Factory, Mudical, Perumbavoor which was employing hundreds of labourers and which enjoys liberal support from the Government has been locked out with effect from yesterday. Many labourer families are driven to utter starvation and helplessness. No reason for the lockout is forthcoming."

ശ്രീ. ടി. ഓ. ബാവാ: സർ, യാതൊരു നോട്ടീസും കൂടാതെ മുന്നൂറോളം തൊഴിലാളികൾ പണിയെടുക്കുന്ന വഞ്ചിനാട് മാച്ച് ഫാക്ടറിയുടെ ലാക്കൌട്ടിനെസംബന്ധിച്ച് ഗവണ്മെൻറിന് യാതൊരറിവും കിട്ടിട്ടില്ലായിരിക്കാം. പക്ഷേ, മുന്നൂറോളം തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിലേയ്ക്ക് പോവുകയാണ്. അവർ ഫാക്ടറിയിൽ നിന്നും പുറത്തേക്കിറങ്ങിയിട്ടില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇന്നത്തെ തിരുവിതാംകൂർ-കൊച്ചിയുടെ രാഷ്ട്രീയാന്തരീക്ഷത്തിൽ നിന്നും മനസ്സിലാക്കുന്നത്.....

Mr. Speaker: You cannot make any elaborate statement

ശ്രീ. ടി. ഓ. ബാവാ : സർ, ഫാക്ടറിക്കകത്തുനിൽക്കുന്ന തൊഴിലാളികൾ വെള്ളിക്കിറങ്ങാതെ അങ്ങനെ കഴിഞ്ഞുകൂടുകയാണ്. അതിനൊരു പരിഹാരമുണ്ടാക്കുന്നതിനാണ് ഞാൻ അടിന്തിരപ്രമേയം കൊണ്ടുവന്നിട്ടുള്ളത്. തീപ്പെട്ടി വ്യവസായത്തിന് ഗവണ്മെൻറിൽ നിന്നും വളരെയേറെ ആനുകൂല്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത ഈ സഭയെ അറിയിക്കേണ്ട ഒരു പരമാർത്ഥമാണ്. അവക്ക് വനങ്ങളിൽ നിന്നും തടി സൗജന്യനിരക്കിൽ കൊടുക്കുന്നുണ്ട്. അങ്ങനെ ഇരുന്നിട്ടും കൂടി യാതൊരു മുന്നറിയിപ്പും കൂടാതെ ആ ഫാക്ടറി ഇന്ന് ലാക്കൗട്ട് ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ പ്രമേയം സ്വീകരിക്കണമെന്ന് ഞാനപേക്ഷിക്കുന്നു.

മി. സ്പീക്കർ : ഇക്കാര്യം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇതു് തൊഴിലാളികൾ പട്ടിണികിടക്കുന്നതും അവക്ക് തൊഴിലില്ലാതായിരിക്കുന്നതുമായ ഒരു കാര്യമാണ്. എന്നിരുന്നാൽത്തന്നേയും ഇതു് ഈ സഭാതലത്തിൽ വച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യമല്ലാ. അതുകൊണ്ട് ഇതും നിരാകരിച്ചിരിക്കുന്നു.

Mr. Speaker : May I ask the Chief Minister to make his statement on yesterday's motion regarding the use of fire arms in the strike ?

ശ്രീ. എ. താണുപിള്ള : സർ, മെർച്ചിസ്റ്റൺ എസ്റ്റേറ്റിൽ ഒരു തരമായ ചില സംഭവങ്ങൾ നടന്നതായിട്ടുതന്നെയാണ് റിപ്പോർട്ട് ലഭിച്ചിരിക്കുന്നതു്. അതിൽ മാനേജർ തോക്കുകൊണ്ട് വെടിവച്ചതായും രണ്ടാളുകൾക്ക് മുറിവേറ്റിട്ടുള്ളതായും അറിവുണ്ട്. അതിന്റെ സൂക്ഷ്മമായ വിവരങ്ങൾ അന്വേഷണത്തിനു വിധേയമായിരിക്കുകയാണ്. അതിനു വേണ്ട നടപടി ഉടനെ സ്വീകരിക്കുന്നതാണ്. അങ്ങനെ നിയമരഹിതമായി നടന്നിട്ടുള്ള പ്രവർത്തനങ്ങൾക്ക് അതിനുത്തരവാദികളായിട്ടുള്ളവരെ സംബന്ധിച്ച് നിശ്ചയമായും അന്വേഷണം നടത്തുകയും ശിക്ഷയ്ക്ക് വിധേയമാക്കുന്നതുമാണെന്ന് മാത്രമേ എനിക്കു ഈയവസരത്തിൽ പറയാനുള്ളൂ. അതിൽ കവിഞ്ഞു് പ്രസ്തുത വിഷയത്തെക്കുറിച്ച് സംസാരിക്കുന്നതു് ശരിയായിരിക്കുകയില്ല. ആ സംഭവങ്ങൾ അന്വേഷണത്തിൽ ഇരിക്കുകയാണ്. അതേ സംബന്ധിച്ച് വേണ്ട നടപടികൾ എടുക്കുന്നതാണ്. മേലാൽ ഈ വിധ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കയും ചെയ്യാം. അതുകൊണ്ട് ഇതു് ഇവിടെ ചർച്ചയ്ക്കു വിഷയമാക്കേണ്ട ആവശ്യമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ വെടിവച്ചവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അതിന്റെ സൂക്ഷ്മമായ വിവരങ്ങൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : ഈ സംഭവത്തെ തുടർന്ന് അവിടെ ലാക്കൗട്ട് പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. താണുപിള്ള : അതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ലൈസൻസുള്ള തോക്കുകൾകൊണ്ടാണോ വെടിവച്ചത് ?

ശ്രീ. എ. താണുപിള്ള : അതേപ്പററി അന്വേഷിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ആളുകളെ വെടിവയ്ക്കാനാണോ തോക്കിന് ലൈസൻസ് കൊടുത്തിട്ടുള്ളത് ?

ശ്രീ. എ. താണുപിള്ള : അല്ല.

Mr. Speaker : In the light of the assurance given by the Chief Minister I am rejecting the adjournment motions.

Has the Minister for Local Self Government any information to give regarding the adjournment motion of Shri A. A. D. Luiz on 2nd February 1955 ?

ശ്രീ. ററി. കെ. കുഞ്ഞ് : ഇൻഫർമേഷൻ ഒന്നും ലഭിച്ചിട്ടില്ല. അത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിൽനിന്നും കളക്ററ് ചെയ്യേണ്ടതാണ്.

Shri A. A. D. Luiz : Sir, I had asked for permission to raise a discussion under Rule 62. It is a very important matter that adversely affects very many backward classes. There is a breach of the provisions of the Constitution that should be brought to the notice of this House immediately. I request sanction.

Mr. Speaker : The point raised by Mr. Luiz is very important. I will obtain the required information from the Minister.

Shri A. A. D. Luiz : If discussion is allowed it will really enlighten the Cabinet.

Mr. Speaker : The matter is not so important as to raise a discussion under Rule 62 as requested by him. Therefore I withhold my consent.

Shri N. Parameswaran Pillai: May I be given an opportunity to make a statement.

Mr. Speaker: I need not bring everything before the House. It is just to give an opportunity to members. I have allowed so much time. Those questions, which I have not referred at all need not be raised now and no member can raise it, when I have not referred it or brought it before the House.

ശ്രീ. പി. കെ. യശോധരൻ : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ സഭയിലെ ഒരു മെംബർ ഏററവും ഉത്തരവാദിത്വത്തോടുകൂടി ഒരാരോപണം ഉന്നയിച്ചതിനെ ഖണ്ഡിച്ചുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാൻ അവസരം നൽകിയതുപോലെ ആരോപണത്തിന് ഉപോൽബലകമായ വസ്തുതകൾ വിശദമാക്കുന്നതിന് ആ മെംബർക്കും അവകാശമില്ലേ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഏതു ഡിസ്കഷനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെംബർ സൂചിപ്പിക്കുന്നത് ?

ശ്രീ. പി. കെ. യശോധരൻ : കഴിഞ്ഞദിവസം നടന്ന കാര്യത്തെപ്പററി പിറേറദിവസം പറയാമെന്നു വ്യവസ്ഥയുണ്ട്. ഇന്നലെ ഞാൻ

[പി. കെ. യശോധരൻ.]

ഉന്നയിച്ച ഒരു ചോദ്യത്തിനുത്തരമായി, അതിനെ ഖണ്ഡിച്ചുകൊണ്ട് കുത്തകപ്പാട്ടത്തിന് സ്ഥലം പതിച്ചുകൊടുത്തിട്ടില്ലെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതു ഞാൻ വിശ്വസിക്കുകയാണ്.....

മി. സ്പീക്കർ: ചെയറിന്റെ അനുവാദത്തോടുകൂടി മിനിസ്റ്റർക്ക് ഒരു സ്റ്റേറ്റുമെൻറ് നടത്താം. അതുപോലെതന്നെ അനുവാദത്തോടുകൂടി മെംബറിനും സ്റ്റേറ്റുമെൻറ് നടത്താം. എന്നാൽ എന്താണ് പറയാൻ പോകുന്നതെന്നറിയാതെ, സഭാനടപടികൾ നിറുത്തിവച്ചിട്ട് ഒരു സ്റ്റേറ്റുമെൻറ് നടത്താൻ അനുവദിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. യശോധരൻ: ആരോപണത്തെ ഖണ്ഡിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു ഞാൻ വിശ്വസിക്കുകയാണ്. അതേ സമയംതന്നെ 150 ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിന് പതിപ്പിച്ച് കൃത്രിമമായി പലരുടെ പേരിലാക്കി വിറ്റിട്ടുണ്ട്. ഇങ്ങനെ കള്ള റിക്കാർഡുചമയ്ക്കുന്നതിനു വല്ല ഉദ്യോഗസ്ഥന്മാരും കൂട്ടുണ്ടായിരിക്കുമെന്നാണ് തോന്നുന്നതു്. അതു് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ വേണ്ട നടപടികൾ എടുക്കാൻ ഗവണ്മെൻറ് തയ്യാറാണോ?

Mr. Speaker: The hon. Member may put a short notice question and get the required information. This is not question-time.

ശ്രീ. സി. എ. മാത്യു: സർ, ഈ സഭയിലെ രണ്ടു ബഹുമാനപ്പെട്ട അംഗങ്ങളുടെ അന്തസ്സിനേയും അഭിമാനത്തേയും ബാധിക്കത്തക്കവണ്ണം രണ്ടാംതീയതിയിലെ കേരളകൗമുദി പത്രത്തിൽ ഉണ്ടായിരുന്ന മുഖപ്രസംഗം ഈ സഭയുടെ പ്രിവിലേജിനെ ബാധിക്കുന്നതാകയാൽ അതിനെപ്പററി പയ്യാലോചിക്കുന്നതിന് അയച്ചിരുന്ന എന്റെ മോഷനെപ്പററി മറുപടി കിട്ടിയില്ല.

Mr. Speaker: I am considering that and I will deal with it before the House rises for the day.

FINANCIAL BUSINESS.

Shri Panampilli Govinda Menon: Sir, Before you take up Financial Business, I want to make a submission. The Schedule of Supplementary Demands for Grants was received by me only at about 7 p. m. yesterday and I believe, every other member of the House got it at about that time. Certainly, in the place in which I put up, there are 20 others, and each one of us received it only about 7 p. m. It was not possible for members therefore to consider the nature of these Supplementry Demands and there has been no time to make any motion on the matter. I should like to know from you, Sir, and Government as to how we can intelligently take part in the discussion today?

Mr. Speaker: What is your suggestion?

Shri Panampilli Govinda Menon: I do not know what to suggest, because I have not studied it. In fact, I may say when our party meeting was held yesterday—though party matters are not relevant here—we were waiting for the Agenda. We did not

get it and therefore we could not consider it. Apart from that, as an individual member of the House, I find it difficult to contribute anything intelligent to the discussion on the subject.

Mr. Speaker: The Supplementary Grants were included in the original Agenda.

Shri Panampilli Govinda Menon: That only adds to my grievance. It was stated generally that there would be Financial Business. We did not know what it was. The usual practice is, as I understand it, three or four days before the matter is taken up, at least, the schedule or supplementary Grants would be circulated. Here the Agenda gave notice that financial business would be transacted during the session, but there was no indication regarding the nature of the amounts which the Finance Minister or the Chief Minister would be requesting the House to grant and for what purpose.

Shri P. S. Nataraja Pillai : I do not catch the point, Sir.

Mr. Speaker: He is complaining that there has not been sufficient notice for the Supplementary Grants.

Shri P. S. Nataraja Pillai: As far as I understand the Rules, the Chair has to fix a day. After all, we have included it in the list of business to be transacted. We supplied the schedule yesterday and the Chair has the right to fix a day when it can be taken up for consideration.

Shri Panampilli Govinda Menon: May I know from the Minister this fact. This House assembled for this Session on the 25th January. May I know why there was delay in supplying the Assembly Secretariat till the afternoon of yesterday with a copy of the Supplementary Grants ? What was the difficulty for Government in supplying the necessary information to the Legislature Secretariat till yesterday?

Shri P. S. Nataraja Pillai: I think Mr. Menon himself knows that for presenting Supplementary Grants in this House certain preliminary things have to be gone through and we have to collect all the information available.

Shri Panampilli Covinda Menon: Will the Minister take the House into confidence and say what the difficulty was?

Shri P. S. Nataraja Pillai : I have nothing to hide. It is the practice followed by Government to send up Supplementary Demands to Central Finance to apprise them and wait for reply.

Shri Panampilli Govinda Menon: Can the House take it that the delay was on account of the fact that the sanction of the Government of India for moving this Demand was received only yesterday?

Shri P. S. Nataraja Pillai: I think it was day before yesterday.

Shri Panampilli Govinda Menon: If the fact was that there was some delay in getting sanction from the Government, should not we get time to study it?

Shri P. S. Nataraja Pillai: I have absolutely no objection. We can have it tomorrow.

Mr. Speaker: Then let it be postponed for tomorrow.

Tomorrow we have received notice of a No-Confidence Motion. If it is allowed it may be taken up for discussion tomorrow itself.

Shri Panampilli Govinda Menon: In that case, there is no difficulty. If the No-Confidence motion is allowed, the Finance Minister need not be anxious about this matter. If it is not allowed, the question can be taken up immediately.

Shri A. Thanu Pillai: I do not understand what Shri Govinda Menon means by his statement that if the No-Confidence Motion is allowed the Finance Minister need not be anxious.

Shri Panampilli Govinda Menon: I meant only that if the No-Confidence Motion is passed.

Shri A Thanu Pillai: I can understand that. Are we to take it then that the No-Confidence Motion will come up for tomorrow?

Shri Panampilli Govinda Menon: That is what the Chair has ruled. If leave is granted, it will be taken up for discussion tomorrow.

Reports of the Public Accounts Committee.

Shri K. Manjunatha Prabhu: As Chairman, Public Accounts Committee I beg to present the following reports of the Public Accounts Committee.

1. Sixth Report—Departments of Co-operation and the Advancement of Backward Communities.
2. Seventh Report—Financial Irregularities, Losses etc.
3. Eighth Report—Government Commercial Concerns.

Shri A. A. D. Luiz: Sir, May I bring to your notice that those reports have not been circulated.

Mr. Speaker: It will be circulated in due course.

LEGISLATIVE BUSINESS.

The Restriction on Possession and Ownership of Lands Bill.—(*contd.*)

ശ്രീ. എ. ടി. ജോൺ: സർ, പുതിയ ഒരു സാമൂഹ്യവ്യവസ്ഥ കൈവരുത്തുമെന്നുള്ളതാണല്ലോ നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യം പ്രാപിക്കുന്നതിന് ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതി കുറെയൊക്കെ പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നു എന്നുള്ളതു് പരമാർത്ഥവുമാണ്. അതിനാൽ സാമ്പത്തികസമത്വം കൈവരുത്തി ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയെന്നുള്ളതാണ് നമ്മുടെ ഉദ്ദേശം. പരിവർത്തനാത്മകങ്ങളായ നിയമനിർമ്മാണങ്ങൾ വഴിയായി ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലായ്മചെയ്ത് എല്ലാവർക്കുംഅവസരസമത്വം നൽകി ചൂഷണരഹിതമായ ഒരു ജനസമുദായത്തെ സൃഷ്ടിക്കണമെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യ

ത്യസമില്ല. എന്നാൽ അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതു് എത്രമാത്രം പര്യാപ്തമാണെന്നുള്ളതിലാണു് അഭിപ്രായഭേദമുള്ളതു്. ആ നിലയിൽനിന്നുകൊണ്ടു് ഈ ബില്ലിനെപ്പററി പര്യാലോചിക്കുമ്പോൾ ഇതിൽ പല ന്യൂനതകളും നമുക്കു കാണുവാൻ സാധിക്കും. ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള അവസരസമത്വം നൽകുവാൻ ഈ ബില്ലു് പര്യാപ്തമാണോ എന്നു ഞാൻ സംശയിക്കുന്നു. ഈ രാജ്യത്തെ ജന്മിത്വം അവസാനിപ്പിക്കുവാനുള്ള ഒരു പരിപാടിക്കൂടിയായിട്ടാണു് ഈ ഭൂനയബില്ലുകളെ പരിഗണിച്ചിരിക്കുന്നതു്. ഈ പരിപാടിയെ പുരോഗമിപ്പിക്കുവാൻ വേണ്ടിയാണു് ഈ ബില്ലുകൾ കൊണ്ടുവന്നിരിക്കുന്നതെന്നും അവകാശപ്പെടുന്നുണ്ടു്. എന്നാൽ ജന്മിത്വം ഈ ബില്ലുകൊണ്ടു് അരക്കിട്ടുറപ്പിക്കുകയാണു് ചെയ്യുന്നതു് എന്നാണെന്റെ അഭിപ്രായം. ഒരു കുടുംബത്തിനോ അല്ലെങ്കിൽ ഒരു വ്യക്തിയ്ക്കോ കൈവശം വയ്ക്കാനുള്ള ഭൂമിയുടെ പരിധി നിർണ്ണയിച്ചു കഴിഞ്ഞാൽ അതിൽ കവിഞ്ഞവരുന്ന പറമ്പുകളും നിലങ്ങളും തെങ്ങിൻ തോപ്പുകളും എല്ലാം വെറുംപാട്ട ആക്ററനുസരിച്ചു് പാട്ടത്തിനു കൊടുക്കാനുള്ള വ്യവസ്ഥയാണു് ചെയ്തിരിക്കുന്നതു്. മററുവിധത്തിൽ പറഞ്ഞാൽ കൃഷിക്കാരുടെയും ഗവണ്മെൻറിന്റെയും ഇടയിലുള്ള മദ്ധ്യവർത്തികളെ നിർമ്മാർജ്ജനം ചെയ്യണമെന്നു മുറവിളി കൂട്ടുമ്പോൾ അതു വകവയ്ക്കാതെ ഒരു ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതി കൈവരുത്തുകയാണു് ഗവണ്മെൻറിന്റെ ഉദ്ദേശം എന്നു തോന്നുന്നു. ഒരു ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി നഷ്ടപരിഹാരം കൊടുത്തു ഭൂമിയെല്ലാം ജന്മിമാരുടെ കയ്യിൽ നിന്നും എടുക്കാൻ വളരെയധികം ബുദ്ധിമുട്ടും പണച്ചെലവും ഉണ്ടെന്നു്. ഒരു നിയമനിർമ്മാണം ചെയ്യുമ്പോൾ പല പരിവർത്തനങ്ങളും ഒരു രാജ്യത്തുണ്ടാകുക വളരെ സാധാരണമാണു്. അതിനു് വളരെ ത്യാഗങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടതായുംവരും. ഭൂഉടമകൾക്കു് നഷ്ടപരിഹാരം കൊടുക്കുവാൻ വളരെയധികം തുക വേണ്ടിവരുമെന്നുള്ളതു് ഒരു പരമാർത്ഥമായിരിക്കും. എന്നാൽ ഗവണ്മെൻറു് എല്ലാ തുകയും ഒന്നിച്ചു് പണമായി കൊടുത്തു് നഷ്ടപരിഹാരം കൊടുക്കണമെന്നു് ആരും പറയുകയില്ല. കാലാവധി വച്ചുള്ള ഗവണ്മെൻറു് ബോണ്ടുകൾ പണത്തിനു പകരമായി നഷ്ടപരിഹാരം ലഭിക്കേണ്ടവർക്കു കൊടുക്കാൻ സാധിക്കും. നഷ്ടപരിഹാരം ഉടനടി ലഭിക്കണമെന്നുണ്ടെങ്കിൽ ഈ ഗവണ്മെൻറു് ബോണ്ടുകൾ എക്സ്ചേഞ്ചുകളിലോ ബാങ്കുകളിലൊ ക്യാഷ്ചെയ്തു പണമാക്കിയെടുക്കുവാൻ സൗകര്യം ഉണ്ടു്. അതുകൊണ്ടു് ഇതിലേയ്ക്കു് അനേകംകോടി രൂപ ഉടനടി ഉണ്ടാകേണ്ടയാവശ്യം വരുന്നില്ല. അതിനാൽ ഇങ്ങനെ ബില്ലു് അവതരപ്പിക്കുന്നതിൽ നിന്നു വ്യക്തമാകുന്നതു് ഏതോ സ്ഥാപിതതാൽപ്പര്യങ്ങളേയും ജന്മികളുടെ താൽപ്പര്യങ്ങളേയും പരിരക്ഷിക്കുന്നതിനു വേണ്ടി പുരോഗമനത്തിന്റെ ലേബൽ ഒട്ടിച്ചുകൊണ്ടു് വന്നിരിക്കുകയാണെന്നാണു്. ജന്മിത്വം അവസാനിപ്പിക്കാതെ പുരോഗമനത്തിന്റെ പേരുംപറഞ്ഞുകൊണ്ടുവരുന്ന ഏതൊന്നും ഈ രാജ്യത്തു് വിലപ്പോവുകയില്ല. അതുകൊണ്ടു് ഇക്കാര്യത്തെ സംബന്ധിച്ചു് സെലക്ററ്കമ്മററി ഗാഢമായി പര്യാലോചിക്കണമെന്നും ജന്മിത്വം അവസാനിപ്പിക്കത്തക്ക ചിന്താഗതിയോടുകൂടി ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും എനിക്കഭിപ്രായമുണ്ടു്.

[Mr. Deputy Speaker in the Chair.]

[ശ്രീ. എം. എ. ആന്റണി]

സർ, കഴിഞ്ഞ ദിവസം ഭൂപരിധിനിർണ്ണയം ചെയ്യുന്നതിനെ സംബന്ധിച്ചും ഒരു കുടുംബത്തിനു നിശ്ചയിച്ചിരിക്കുന്ന ഏക്കറേജിനെ സംബന്ധിച്ചും ചില കാര്യങ്ങൾ ഞാൻ പറയുകയുണ്ടായി. ഒരു സമതുലസാമ്പത്തികവ്യവസ്ഥിതി കൈവരുത്തുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാനതു പറഞ്ഞതു്. എന്നാൽ ഈ ബില്ലിൽ ഭൂപരിധി നിർണ്ണയം ചെയ്തിരിക്കുന്നതു നോക്കുമ്പോൾ അപ്രകാരമുള്ള ഒരു ലക്ഷ്യം പ്രാപിക്കാൻ സാദ്ധ്യമാണോയെന്നു സംശയിക്കുന്നു. പതിനഞ്ചേക്കർ ഇരുപ്പൂനിലങ്ങളോ അല്ലെങ്കിൽ പതിനഞ്ചേക്കർ തെങ്ങിൻപുരയിടങ്ങളോ ആണ് ഒരു കുടുംബത്തിനു കൈവശം വയ്ക്കുവാൻ പരമാവധി നിർണ്ണയിച്ചിരിക്കുന്നതു്. ചില സ്ഥലങ്ങളിൽ ഒരു സെൻറ് ഭൂമിക്ക് ആയിരം രൂപ വിലയുണ്ട്. മററു ചില സ്ഥാനങ്ങളിൽ ഒരു സെൻറിന് അഞ്ചു രൂപ പോലും വില കിട്ടുകയില്ല. കേവലം ഏക്കറേജുമാത്രം നോക്കി പരിധി നിർണ്ണയിച്ചാൽ എങ്ങനെ പ്രയോജനകരമായ വിധത്തിൽ ഒരു സാമൂഹ്യവ്യവസ്ഥിതിയോ സാമ്പത്തിക വ്യവസ്ഥിതിയോ കൈവരുത്തുവാൻ കഴിയുമെന്നു ഞാൻ ചോദിക്കുന്നു. പതിനഞ്ചേക്കർ സ്ഥലത്തു് നിന്നും ഏകദേശം 8000 മുതൽ 10,000 വരെ രൂപ ആദായം ലഭിക്കുമെന്നു തോന്നുന്നു. അതേ സമയത്തു വിളവു വളരെ കുറവുള്ള വടക്കൻ തിരുവിതാംകൂറിലെ ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചു കുന്നത്തുനാട്ട് താലൂക്കിൽ ഉള്ളതു പോലെയുള്ള ഇരുപ്പൂനിലങ്ങളിൽ നിന്നു കഷ്ടിച്ചു 2000 രൂപയുടെ ആദായം മാത്രമെ കിട്ടുകയുള്ളൂ. ആ നിലയിൽ നോക്കുമ്പോൾ ഒരു കുടുംബത്തിന് 10000 രൂപ ആദായവും മറെറാരു കുടുംബത്തിന് 2000 രൂപ ആദായവും കിട്ടുവാൻ വക നൽകുന്നതായ വ്യവസ്ഥകളോടുകൂടിയ ഈ ബില്ലുകൊണ്ടു് സാമ്പത്തികസമതുലം എങ്ങനെ കൈവരുത്തുവാൻ കഴിയും? അതുകൊണ്ട് സെലക്ററുകമ്മററി ഭൂപരിധിനിർണ്ണയം ചെയ്യുമ്പോൾ അതാതു സ്ഥലങ്ങളിൽ നിന്നും കിട്ടാവുന്ന ആദായങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടുവേണം തീരുമാനം ചെയ്യേണ്ടതു്. എല്ലാ സ്ഥലങ്ങളിലുമുള്ള ആദായം ശരിയായി തിട്ടപ്പെടുത്തിക്കൊണ്ടു് ഒരു ഭൂപരിധി നിർണ്ണയം ചെയ്യുവാൻ സാദ്ധ്യമല്ലെന്നു വാദിച്ചേക്കാം. അതു് ഏറെക്കുറെ ശരിയാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ രാജ്യത്തെ കൃഷിഭൂമിയിൽ നിന്നും കിട്ടാവുന്ന ആദായത്തിന്റെ അടിസ്ഥാനത്തിൽ ഏതാനും മേഖലകളായി തിരിച്ചുകൊണ്ടു് ഭൂപരിധി നിർണ്ണയിച്ചാൽ ഈ വിഷമം കുറെയൊക്കെ പരിഹരിക്കാൻ കഴിയുമെന്നാണ് തോന്നുന്നതു്. ഈ ബില്ലിൽ ഒരു കുടുംബത്തിനാണ് ഭൂപരിധി നിശ്ചയിച്ചിരിക്കുന്നതു്. അതുകൊണ്ടു് കൂടുതൽ ചിന്താകുഴപ്പങ്ങളും വിഷമതകളും ഉണ്ടാകുന്നു. ഒരു കുടുംബത്തിൽ മുത്തച്ഛനെ, അല്ലെങ്കിൽ മുത്തച്ഛന്റെ മുത്തച്ഛൻ മുതലൊ ഉള്ള ആളുകൾ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അവരുടെ സന്താനപരമ്പരകൾ മുഴുവൻ ആ കുടുംബത്തിൽ ഉൾപ്പെടുമോ? ക്രിസ്ത്യൻ സമുദായത്തെപ്പററി പറയുകയാണെങ്കിൽ, ഒരു സ്ത്രീയെ വിവാഹം കഴിച്ചു കൊടുത്താൽ അതു മുതൽ ആ സ്ത്രീ ഭർത്താവിന്റെ കുടുംബത്തിലെ അംഗമായിത്തീരുന്നു. അവർക്കു സന്താനമുണ്ടാകാതെ ഭർത്താവു മരിച്ചുപോയാൽ ആ സ്ത്രീ ഭർത്താവിന്റെ കുടുംബത്തിൽനിന്നും മടങ്ങിവന്നു് അവളുടെ കുടുംബത്തിലെ അംഗമായിത്തന്നെ താമസിക്കും. അതാണ് ക്രിസ്ത്യൻ സമുദായത്തിലെ സമ്പ്രദായം. ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചു

അങ്ങനെയുള്ള ഒരു സ്ത്രീ തിരിയെ വീട്ടിലേക്കു മടങ്ങിവന്നാൽ അവർക്ക് വീട്ടിൽ നിന്നും എന്തു കിട്ടാനവകാശമുണ്ട്? ഇങ്ങനെയുള്ള പല കുഴപ്പങ്ങളും ഈ ബില്ലിലുണ്ട്. അതുകൊണ്ട് എപ്പോഴും വ്യക്തിയുടെ അടിസ്ഥാനത്തിലായിരിക്കണം ഭൂപരിധി നിർണ്ണയിക്കാനെന്നാണ് എന്റെ അഭിപ്രായം. ഭൂപരിധി നിർണ്ണയം ചെയ്യുന്നതു് കുടുംബത്തെയോ അല്ലെങ്കിൽ സമൂഹത്തെയോ ഉദ്ദേശിച്ചല്ല ഓരോ വ്യക്തിയുടെയും ക്ഷേമത്തെ ഉദ്ദേശിച്ചാണ്. അതുകൊണ്ട് ഓരോ വ്യക്തിയുടെയും ജീവസന്ധാരണത്തിനു് ഒരു വ്യക്തിക്ക് ഇത്ര ഏക്കർ എന്ന തോതുവച്ചുവേണം ഭൂപരിധി നിർണ്ണയം ചെയ്യുവാൻ.

ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ നന്നാക്കുന്നതിനുവേണ്ടി നിയമനിർമ്മാണം ചെയ്യുന്ന ഗവണ്മെൻറ്, ഗവണ്മെൻറുവക ഭൂമികൾ യാതൊരു ഉപയോഗവും ഇല്ലാതെ ഇടാൻ അനുവദിക്കുന്നതു് ശരിയല്ല. അങ്ങനെ ഉപയോഗമില്ലാതെ കിടക്കുന്ന പല സ്ഥലങ്ങളും കുത്തകപ്പാട്ടത്തിനു ചോദിച്ചാൽ കൊടുക്കാതിരിക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭയിലുണ്ടായ ഒരു ചോദ്യത്തിനുത്തരമായി, ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി പറയുകയുണ്ടായി, ഗവണ്മെൻറുവക സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു കൊടുക്കുന്നതിനു വിരോധമില്ലെന്നും, ഗവണ്മെൻറ് അങ്ങനെ കൊടുത്തുകൊണ്ടിരിക്കുകയാണെന്നും. എന്നാൽ ചാലക്കുടി നദീതടപദ്ധതിയുടെ ഇടതുഭാഗം കനാലിന്റെ രണ്ടു വശവും ഇരുന്നൂറു മുന്നൂറേക്കർ സ്ഥലം സാധുക്കൾക്കു കുത്തകപ്പാട്ടത്തിന്മേൽ പതിച്ചുകൊടുക്കണമെന്നപേക്ഷിച്ചപ്പോൾ സാദ്ധ്യമല്ല എന്ന മറുപടിയാണ് അവർക്കു കിട്ടിയതു്. ഗവണ്മെൻറ് പല സ്ഥലങ്ങളിലും കാളനൈസേഷൻ പദ്ധതിയും, മററു പല പദ്ധതികളും ഏർപ്പെടുത്തിക്കൊണ്ടു് ജനങ്ങളുടെ കഷ്ടപ്പാടു മാററുവാൻ ആഗ്രഹിക്കുന്നതായി കാണിക്കുന്നുണ്ട്. എന്നാൽ ഇങ്ങനെ തരിശായി കിടക്കുന്ന ഭൂമി, അനേകം കോടി രൂപ ചെലവുചെയ്തു നിർമ്മിച്ചുവരുന്ന ജലസേചന പദ്ധതികളുടെ സഹായത്തോടുകൂടി കൃഷിഭൂമി ആക്കിത്തീർക്കുവാനും, ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുവാനും സൗകര്യമുള്ളപ്പോൾ ഇങ്ങനെ കുത്തകപ്പാട്ടത്തിനു കൊടുക്കാൻ സാദ്ധ്യമല്ലെന്നു പറയുന്നതിന്റെ, വിശേഷിച്ചും ഭൂമിയില്ലാതെ കഷ്ടപ്പെടുന്ന സാധുക്കളോടു പറയുന്നതിന്റെ ഔചിത്യം എന്താണെന്നു മനസ്സിലാകുന്നില്ല.

ഇവിടെ വെറുംപാട്ടകുടിയാൻ നിയമം പാസാക്കാൻ പോകുന്നു എന്നു കണ്ടതോടുകൂടി ചില സ്ഥലങ്ങളിൽ അക്രമമായി പാട്ടം പിരിക്കുന്ന നടപടികൾ എടുത്തുതുടങ്ങിയിരിക്കുകയാണ്. കോതകുളങ്ങര വില്ലേജിൽ മൂക്കന്നൂർ എന്ന സ്ഥത്ത് കൂട്ടാലദേവസ്വം അമിതമായ പാട്ടം പിരിക്കുന്നതായി എനിക്കു പരാതി ലഭിച്ചിട്ടുണ്ട്. സാധാരണയായി പാട്ടക്കാർ വളരെ ചുരുക്കമായിട്ടേ പാട്ടം നെല്ലായി കൊടുക്കുകയുള്ളൂ. പാട്ടക്കാരന്റെ ആവശ്യത്തിലേയ്ക്ക് നെല്ല് എടുക്കുകയും പാട്ടം പണമായി കൊടുക്കുകയുമാണു പതിവ്. എന്നാൽ ആ ദേവസ്വക്കാർ ഒരു പറയ്ക്കു രണ്ടര രൂപവച്ചു വില ഈടാക്കുന്നുണ്ട്. ആ സ്ഥലത്ത് ഒരു പറ നെല്ലിനു രണ്ടു രൂപയിൽ താഴെ മാത്രമെ വിലയുള്ളൂ. എങ്കിലും രണ്ടരരൂപവച്ചാണ് ദേവസ്വം ഡിപ്പാർട്ടുമെൻറ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഗവണ്മെൻറ് ഇക്കാര്യത്തെപ്പററിയും ശ്രദ്ധിക്കേണ്ടതാണ്.

മറെറാരു കാര്യംകൂടി എനിക്കു ഈയവസരത്തിൽ പറയാനുണ്ട്. ഒരു പാവപ്പെട്ട കൃഷിക്കാരന് നാലോ, അഞ്ചോ ഏക്കർ സ്ഥലം കൃഷി

[ശ്രീ. എം. എ. ആൻറണി]

ചെയ്യാൻ കിട്ടിയതുകൊണ്ടു മാത്രം അവൻെറ നില നന്നാകുമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. ഞങ്ങളുടെ നാട്ടിലെ പതിവനുസരിച്ചുനോക്കിയാൽ ഒരു കൃഷിക്കാരന് രണ്ടോ മൂന്നോ ഏക്കർ സ്ഥലം കൃഷിചെയ്യാൻ കിട്ടിയിരുന്നാൽതന്നെയും കൃഷിചെയ്യുന്നതിലേയ്ക്കു ആവശ്യമുള്ള വിത്തും വളവും വാങ്ങുന്നതിനും കൂലികൊടുക്കുന്നതിനും ഉള്ള പണം കിട്ടുന്നില്ല. അങ്ങനെ ബുദ്ധിമുട്ടുന്ന കൃഷിക്കാർ ധാരാളമുണ്ട്. പണമുള്ളവരുടെ അടുക്കലോ, ജന്മിമാരുടെ അടുക്കലോ കടം ചോദിച്ചാൽ പണം കിട്ടുകയുമില്ല. അതുകൊണ്ട് രാജ്യത്തു അങ്ങോളമിങ്ങോളം ക്രെഡിററു സൊസൈററികൾകൂടി സ്ഥാപിച്ചാൽ മാത്രമേ ഈ ഭൂപരിധി നിർണ്ണയിക്കുന്നതുകൊണ്ടോ നിയമനിർമ്മാണം നടത്തുന്നതുകൊണ്ടോ ഫലം ഉണ്ടാകുകയുള്ളൂ. ഈവക കാര്യങ്ങളെപ്പററി സെലക്ററു കമ്മിററി ഗാഢമായി ചിന്തിക്കണമെന്നപേക്ഷിച്ചുകൊണ്ടു ഈ ബിൽ സെലക്ററുകമ്മിററിക്കയയ്ക്കണമെന്നുള്ള നിർദ്ദേശത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ ബില്ലുകളെ സംബന്ധിച്ചു സംസാരിക്കുന്നതിന് സമയനിർണ്ണയം ചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ട് മൂന്നു നാലു ദിവസമായി ഇവയെ സംബന്ധിച്ചു വാദപ്രതിവാദം നടത്തിയിട്ടും, ഒരൊററ ബില്ലു മാത്രമേ സെലക്ററുകമ്മിററിക്കയയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതുകൊണ്ട് പറഞ്ഞ കാര്യങ്ങൾ തന്നെ വീണ്ടും ആവർത്തിച്ചു പറയുവാൻ ഇടവരുത്താതെ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലുകളെല്ലാം സെലക്ററുകമ്മിററിക്കു അയക്കത്തക്കവണ്ണം വേണ്ട നടപടികൾ സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

Mr. Deputy Speaker : It is not a point of order. That suggestion has to be borne in mind not by the Chair. If all the hon.. Members keep that in mind, discussion can be controlled and all the land bills can be committed to the select committee. I hope all the hon. Members and party leaders will keep it in mind.

ശ്രീ. എം. വി. ചെറിയാൻ : സർ, ഭൂനയബില്ലുകൾ അവതരിപ്പിച്ചു ഒരു സെലക്ററുകമ്മിററിക്കു അയയ്ക്കുവാൻ സന്മനസ്സുണ്ടായ ഗവണ്മെൻറിനെ ഞാൻ ആദ്യമായി അനുമോദിച്ചുകൊള്ളട്ടെ. ഈ ഭൂനയബില്ലുകളെല്ലാം വളരെ ദ്രുതഗതിയിലുണ്ടാക്കിയിട്ടുള്ളതാണെന്നും അതിൽ പാകപ്പിഴകൾ വന്നുപോയിട്ടുണ്ടെന്നും, അതിൻെറ പോരായ്മകൾ മനസ്സിലാക്കിക്കൊണ്ടുതന്നെയാണു ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നതെന്നും ബഹുമാനപ്പെട്ട ലാൻഡുറവന്യൂവകുപ്പുമന്ത്രി തുറന്നുതന്നെ സമ്മതിച്ചിരിക്കുന്നതു തീർച്ചയായും അദ്ദേഹത്തിൻെറ ആത്മാർത്ഥതയ്ക്കു മകുടോദാഹരണമാണ്. ഈ നാട്ടിൻെറ പരിതഃസ്ഥിതി നല്ലവണ്ണം മനസ്സിലാക്കിക്കൊണ്ടു അതിനു അനുകൂലമായ ഒരു സാഹചര്യം ഈ രാജ്യത്തു സംജാതമായ അവസരത്തിൽ ഇതുപോലെയുള്ള ബില്ലുകൾ അവതരിപ്പിക്കുമ്പോൾ, അതു പാസാക്കി എടുക്കേണ്ടതു് ഏതൊരു പൗരൻെറയും കടമയാണ്. ഈ ബില്ലുകളെ സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം എന്താണെന്നു മനസ്സിലാക്കുവാൻ ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ട്. പൊതുജനസംഘടനകളും പൊതുജനജിഹ്വകളായ പത്രങ്ങളും, പ്രാദേശികസ്വ

യംഭരണസ്ഥാപനങ്ങളും ഈ ബില്ലുകളെ സംബന്ധിച്ച് അഭിപ്രായം പുറപ്പെടുവിക്കുവാൻ ഗവണ്മെൻറ് ഈ ബില്ലുകൾ അവർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അവർ അവരുടെ അഭിപ്രായങ്ങൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അതിനെയെല്ലാം അവഗണിച്ചുകൊണ്ട് ഈ ബില്ലുകൾ മുൻപു പ്രസിദ്ധപ്പെടുത്തിയിരുന്ന അതേരീതിയിൽ തന്നെ, ഒരക്ഷരത്തിനുപോലും മാററം വരുത്താതെ വീണ്ടും ഈ സഭയിൽ കൊണ്ടുവന്നിരിക്കുകയാണ്. എന്തിനുവേണ്ടിയാണ് ഗവണ്മെൻറ് പൊതുജനാഭിപ്രായം ആരാഞ്ഞതു്? ഭാവത്തിനുവേണ്ടിമാത്രംഇത്രമാത്രം കടലാസും ഇത്രമാത്രം പണവും ചെലവാക്കിയതെന്തിനെന്നു മനസ്സിലാകുന്നില്ല. ഇതെല്ലാമാണെങ്കിലും പൊതുജനങ്ങളുടെ അഭിപ്രായം അറിയുവാൻ ഈ ബില്ലുകൾ സർക്കുലേററുചെയ്തതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്. ഇപ്രകാരമുള്ള ബില്ലുകൾ ഒന്നോ രണ്ടോ ദിവസംകൊണ്ടു അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല. ഇതിന് അനുകൂലമായ പൊതുജനാഭിപ്രായം വന്നിട്ടുണ്ടെന്നു് സമ്മതിക്കപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ ഭാരതത്തിൽ അങ്ങുമിങ്ങും നടന്നു ജനങ്ങൾക്കു ഉത്തേജനം നൽകിയ ശ്രീ. വിനോബാജിയോട് ഈ രാജ്യവാസികൾ വളരെയധികം കടപ്പെട്ടിട്ടുണ്ട്.

അദ്ദേഹത്തിൻെറ ഈ പര്യടനംമൂലം വിപ്ലവാത്മകമായ ഒരു പരിവർത്തനമാണ് ഭൂപരിഷ്കാരത്തെ സംബന്ധിച്ചു ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ളതു്. ഒരുപക്ഷെ, അദ്ദേഹത്തിൻെറ ഈ പര്യടനം എല്ലാ സംസ്ഥാനങ്ങൾക്കും ഒരു ലാൻറ് ലെജിസ്ലേഷൻ ഉണ്ടാക്കാനുള്ള വൈഷമ്യത്തെ ലഘൂകരിക്കുകയും അതിനു പററിയ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. സർ, ഈ അടുത്തദിവസം ധനകാര്യമന്ത്രിതന്നെ ഈ ഭൂനയ ബില്ലിൻെറ അവതരണഘട്ടത്തിൽ പറയുകയുണ്ടായി, ഒരു ലാൻറ് സെൻസസുകൂടി ആവശ്യമുണ്ടെന്നു്. അതിലേക്ക് ഒരു സാംപിൾ സർവ്വെ നടത്തിക്കൊണ്ടിരിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു. ഇത്ര ധൃതഗതിയിൽ ഒരു ബില്ല കൊണ്ടുവരുവാനുള്ള വ്യഗ്രതകൊണ്ടായിരിക്കും അദ്ദേഹം പ്രസ്താവിച്ചതുപോലെ സാംപിൾ സർവ്വെ നടത്താതെതന്നെ ബില്ല കൊണ്ടുവന്നിട്ടുള്ളതു്. ബില്ലിൽ വന്നിട്ടുള്ള പലവിധ പോരായ്മകളെപ്പററി വേണ്ടവിധത്തിൽ മുൻകൂട്ടി പരിചിന്തനം ചെയ്തതിനുശേഷം കൊണ്ടുവന്നിരുന്നുവെങ്കിൽ ഈ ബിൽ വളരെ സ്വാഗതാർഹമായിരുന്നേനെ. വേണ്ടവിധത്തിലുള്ള പൊതുജനാഭിപ്രായം ആരാഞ്ഞിട്ടും ഭൂപരിഷ്കാരം സംബന്ധിച്ചു സംസ്ഥാനം ഒട്ടുക്കു ഒരു സാംപിൾ സർവ്വെ നടത്തി ഭൂമിയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ മുഴുവനും ശേഖരിക്കാതെകണ്ടു് പെട്ടെന്നു ബിൽ കൊണ്ടുവന്നിരിക്കുന്നതു് വണ്ടിയുടെ പുറകെ കുതിരയെ കെട്ടുന്നതുപോലെയാണു്.

ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോൾ ഈ ബിൽ കൊണ്ടുവരുവാൻ പാടില്ലായിരുന്നുവെന്നാണോ പറയുന്നതു്?

ശ്രീ. എം. വി. ചെറിയാൻ : ഭൂപരിഷ്കാരം സംബന്ധിച്ചു നിയമനിർമ്മാണം ചെയ്യുമ്പോൾ അതിനു ഉൾക്കൊള്ളിക്കുന്ന വ്യവസ്ഥകൾക്കു മൗലികമായ അടിസ്ഥാന തത്വങ്ങൾ ഉണ്ടായിരിക്കണം. അതിലേക്കു പല സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കാതെ സാദ്ധ്യമല്ല. ഞാൻ അതാണു ഇവിടെ ഉന്നയിച്ചു വാദം. എൻെറ മാന്യസ്നേഹിതന്മാർ പലരും ഈ ബില്ലിനെപ്പററി പല വിമർശനങ്ങളും നടത്തിയിട്ടുണ്ടു്

[ശ്രീ. എം. വി. ചെറിയാൻ]

നാൽ ഞാൻ ആ ഭാഗത്തേയ്ക്കു കടക്കുന്നില്ല. മാത്രമല്ല, ശ്രീ. ഭാസിക്കു വേണ്ടി, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളവും എനിക്കു വിപരീതാഭിപ്രായം ഇല്ലെന്നുള്ളതിനു ഉറപ്പു തരുന്നു.

സർ, മറെറാരു ആക്ഷേപം ഈ സഭയിലുള്ളതു് പബ്ലിക്കു കമ്പനികളെ സംബന്ധിച്ചു ഭൂമി ഈ ബില്ലിൻെറ സീലിംഗിൻെറ പരിധിയിൽപ്പെടുത്തിക്കൊണ്ടു് ദേശവൽക്കരിക്കണമെന്നുള്ളതാണു്. സർ, അത്തരം ഭൂമികൾ പരിധിനിർണ്ണയത്തിൽനിന്നും ഒഴിവാക്കേണ്ടതാണോ അല്ലയോ എന്നുള്ള കാര്യത്തെപ്പററി നൃഡൽഹിയിൽ വച്ചുകൂടിയ ഭൂപരിഷ്കരണസമ്മേളനത്തിൽ ഒരു തീരുമാനം എടുത്തിട്ടുണ്ടു്. ഈ വക ഭൂമികൾ രാജ്യത്തിനാവശ്യമുള്ള വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഭൂമികളാണു്. പരിധിനിർണ്ണയത്തിൻെറ അടിസ്ഥാനത്തിൽ ഇവ ഉൾപ്പെടുത്തുന്നപക്ഷം ഉൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം സാരമായി സ്പർശിക്കുന്ന ഒരവസ്ഥ നേരിടുമെന്നുകണ്ടതു കൊണ്ടാണു് ഭൂപരിധിനിർണ്ണയത്തിൽനിന്നും ഇവയെ മാററിയിരിക്കുന്നതു്. ഇവയെ സംബന്ധിച്ചു പ്ലാനിംഗ് കമ്മീഷൻെറ തീരുമാനം തന്നെ ഇവിടെയും അംഗീകരിക്കണമെന്നാണു എൻെറ അഭിപ്രായം. ആ ഒരു നിലപാടു് സ്വീകരിക്കുന്നതുനിമിത്തം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വല്ല തകരാറോ കുഴപ്പമോ ഉണ്ടാകുന്നുവെന്നു കാണുമ്പോൾ നമുക്കു അവയെ ഭേദപ്പെടുത്തികൊള്ളാമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്.

മറെറാരു സംഗതി ഭൂപരിധിനിർണ്ണയത്തിൽ നിന്നും തിരുവിതാംകൂർ മഹാരാജാവിൻെറ സ്വത്തുക്കൾ എല്ലാം ഒഴിച്ചുവിട്ടിരിക്കുകയാണു്. രാജകൊട്ടാരങ്ങൾ മാത്രമല്ല അവ ഉൾക്കൊള്ളുന്നതും അല്ലാത്തതുമായ എല്ലാ സ്ഥലങ്ങളും, തോപ്പുകളും, നിലങ്ങളും തുടങ്ങിയ പല സ്ഥലങ്ങളും ഈ ബില്ലിൻെറ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. മഹാരാജാക്കന്മാർക്കു് സുഖമായി താമസിക്കുവാനും ജീവിക്കുവാനും ഉള്ള സൗകര്യം ഉണ്ടാക്കരുതെന്നല്ല ഞാൻ പറയുന്നതു്. അവർക്കു വളരെ ഭംഗിയായി ജീവിക്കുവാനുള്ള ഒരു അന്തരീക്ഷം തന്നെ ഉണ്ടായിരിക്കണം. പക്ഷെ, രാജ്യത്തു പലസ്ഥലങ്ങളിലും ഉള്ള ഒഴിഞ്ഞുകിടക്കുന്ന അവരുടെ കൊട്ടാരങ്ങൾ ഒന്നും തന്നെ തൊടാൻ പാടില്ലെന്നു പറയുന്നതു് സോഷ്യലിസ്ററു വ്യവസ്ഥിതിക്കു അനുയോജ്യമാണോയെന്നു ഞാൻ ചോദിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ : പള്ളിവകസ്ഥലങ്ങൾ ധാരാളമുണ്ടല്ലോ. അവയെപ്പററി മെംബർ എന്താണു പറയുന്നതു്?

ശ്രീ. എം. വി. ചെറിയാൻ : അതും പറയാം. സർ, തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം അതായതു് തേയില, കാപ്പി, റബ്ബർ, ഏലം മുതലായ ഉൽപ്പന്നങ്ങൾ വിളയിക്കുന്ന എസ്റ്റേററുകൾ ഈ ബില്ലിൻെറ പരിധിനിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു് ആക്ഷേപങ്ങളുണ്ടായി. പൊതുജനാഭിപ്രായത്തിനുവേണ്ടി ഗവണ്മെൻറിനിന്നും വിതരണം ചെയ്തിട്ടുള്ള ബില്ല് നല്ലതുപോലെ ഞാൻ പഠിക്കുകയും അതിന്മേൽ നാട്ടുകാർക്കുള്ള മനോഭാവത്തെ ആരായുകയും ചെയ്തിട്ടുണ്ടു്. പ്രതിപക്ഷം ആളുകളും എസ്റ്റേററുകളെപ്പററി പലവിധ അഭിപ്രായങ്ങളും ഉന്നയിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ പ്രതിപക്ഷ അഭിപ്രായഗതിയും എസ്റ്റേററുകളെ പരിധിനിർണ്ണയത്തിൽ ഉൾപ്പെടുത്തണമെന്നാണു്. കാരണം റബ്ബർ തോട്ടങ്ങളെക്കാൾ വളരെ പണം ചെലവാക്കി പലവിധ കഷ്ടനഷ്ടങ്ങളും

സഹിച്ചു ഉണ്ടാക്കിയിട്ടുള്ള തെങ്ങിൻ തോപ്പുകൾക്ക് പരിധിനിർണ്ണയം ചെയ്തിരിക്കുന്നു. ആ സ്ഥിതിക്ക് എസ്റ്റേറ്റുകളെ ഒഴിവാക്കുന്നതു് എത്രത്തോളം നീതീകരിക്കത്തക്കതാണെന്നു കൂടി ചിന്തിക്കേണ്ടതാണ്. മാത്രമല്ല, തെങ്ങിൻതോപ്പുകൾ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരത്തക്കതാണോയെന്നു കൂടി പരിചിന്തനം ചെയ്യുന്നതു നന്നായിരിക്കും. കൃഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ഉല്പാദനം ഉണ്ടാക്കുന്നതിനും വേണ്ടി ഭൂമി പുനർവിഭജനം ചെയ്യേണ്ടതു് നല്ലതാണെങ്കിലും സെലക്ട്കമ്മിററി ആ കാര്യത്തെപ്പററി കൂലംകഷമായി പരിചിന്തനം നടത്തിയതിനു മേൽ മാത്രമേ ഒരവസാന തീരുമാനം കൈക്കൊള്ളാൻ പാടുള്ളുവെന്നാണ് എന്റെ അഭിപ്രായം. നിലവിലുള്ള ഭൂവുടമയെ ബാധിക്കത്തക്ക വിധത്തിൽ ഒരു നിയമനിർമ്മാണം ചെയ്തിട്ടുള്ളതു് ഇന്നു കാശ്മീർ സംസ്ഥാനത്തു മാത്രമാണ്. തെങ്ങിൻതോട്ടങ്ങൾ, കമുകിൻതോട്ടങ്ങൾ, ഇങ്ങനെയുള്ള തോട്ടങ്ങൾ അത്യദ്ധ്വാനംചെയ്ത് വളരെ പണംചെലവുചെയ്ത് ഉണ്ടാക്കിയിട്ടുള്ളതിനെ കൃഷിയുടെ അടിസ്ഥാനത്തിൽ വിഭജനം ചെയ്യുന്നതു വളരെ ആലോചിച്ചു വേണ്ടതാകുന്നു. റബ്ബർ, കാഫി, തേയില, ഈ തോട്ടങ്ങളെ സംബന്ധിച്ചു 25 ഏക്കറിൽ കൂടുതൽ ഉള്ളവയെ പരിധിനിർണ്ണയത്തിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. എന്നാൽ 25 ഏക്കറെന്നുള്ള തത്വം എന്തടിസ്ഥാനത്തിലാണെന്നുള്ളതു് എനിക്കു മനസ്സിലാകുന്നില്ല. മാത്രമല്ല, ഈ ഒരു വ്യവസ്ഥ വച്ചുതുകൊണ്ടു് സമ്പന്നന്മാരെ വീണ്ടും സമ്പന്നന്മാരാക്കുന്ന ഒരു സാഹചര്യംകൂടിയാണു സൃഷ്ടിക്കുന്നതു്. അതുകൊണ്ടു് 25 ഏക്കർ എന്നുള്ള ഈ വ്യവസ്ഥ അല്പംകൂടി പുറകോട്ടുപോയി ക്ലിപ്പെടുത്തുന്നതായാൽ, ഇടത്തരക്കാർക്കു കുറെക്കൂടി സഹായകരമായിരിക്കും. ഈ കാര്യത്തെപ്പററി സെലക്ട്കമ്മിററി ഗാഢമായി പര്യാലോചിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

കായൽനിലങ്ങളെ സംബന്ധിച്ചും അവയെ ഭൂപരിധിയിൽനിന്നും ഒഴിവാക്കണമെന്നും മററും പല അഭിപ്രായങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. ആ അഭിപ്രായത്തോടു ഞാനും യോജിച്ചുകൊള്ളുന്നു. കായൽനിലങ്ങൾക്ക് എപ്പോഴും കൃഷിചെയ്യാനുള്ള സുരക്ഷിതത്വം ഇല്ല. മാത്രമല്ല, പണക്കാർക്കുമാത്രമെ കൃഷിചെയ്യാൻ സാധിക്കുകയുള്ളൂ. കായൽനിലങ്ങളിൽ കൃഷി ചെയ്യുന്നതിനു ഉതകത്തക്കവിധം സ്ഥിരമായ ബണ്ടുകൾ ഇടുകയും വിദ്യുച്ഛക്തികൊണ്ടു വെള്ളംവററിച്ചു വിപുലമായ തോതിൽ കൃഷിചെയ്യുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി സെലക്ട്കമ്മിററി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. കായൽ നിലങ്ങളിൽ സ്ഥിരമായബണ്ടുണ്ടാക്കി കൃഷിനടത്തുന്നതിനു ഈ ബില്ലിൽ വ്യവസ്ഥചെയ്യുന്നതു നന്നായിരിക്കും. എന്റെ ബഹുമാന്യസ്നേഹിതൻ മതപരമായ ധർമ്മസ്ഥാപനങ്ങളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതു ശരിയല്ലെന്നും അവയെ ദേശവത്കരിക്കേണ്ടതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. അമ്പലം, ദേവസ്വം, പള്ളി മുതലായസ്ഥാപനങ്ങളിലും 25 ഏക്കറിൽ കൂടുതലുള്ള സ്ഥലം ശവണ്മെൻറിൽ നിന്നും തിരിച്ചെടുക്കേണ്ടതാണെന്നു അഭിപ്രായപ്പെടുകയുണ്ടായി. എന്റെ അറിവിൽ അമ്പലം, പള്ളി, മുതലായ മതപരമായ സ്ഥാപനങ്ങൾ 25 ഏക്കറിൽ കൂടുതൽ കൈവശം വച്ചു കൃഷിചെയ്തു വരുന്നതായി മനസ്സിലാക്കിയിട്ടില്ല ഉള്ളസ്ഥലങ്ങൾ തന്നെയും പല അംശങ്ങളുടെ കൈവശമാണു ഇരിക്കുന്നതു്. അതായതു്, ഈ വകസ്ഥാപനങ്ങൾ അവയുടെ വസ്തുക്കൾ പാട്ടത്തിനോ മറേറാ കൊടുക്കുന്ന പതിവാണുള്ളതു്. അങ്ങനെയായാൽ തന്നെയും ധാരാളം ആളുകൾ ഈ വസ്തുക്കൾ അനുഭവിക്കുന്നല്ലോ എന്നുകൂടി സമാധാ

[ശ്രീ. എം. വി. ചെറിയാൻ]

നിക്കാവുന്നതാണ്. രാജ്യത്തെ പൊതുമുതൽ നാം ഒക്കെ അനുഭവിക്കുന്നതു പോലെതന്നെ ഈ സ്ഥാപനങ്ങളുടെയും വസ്തുക്കളും ആദായങ്ങളും പൊതുജനങ്ങൾ തന്നെയാണ് വ്യംശ്യന്തരേ ന അനുഭവിച്ചുപോരുന്നതു്. അതുകൊണ്ടു് പൊതുസ്ഥാപനങ്ങളുടേയും ധർമ്മസ്ഥാപനങ്ങളുടേയും വസ്തുക്കൾ ഭൂപരിധി ബില്ലിൽ നിന്നും ഒഴിവാക്കേണ്ടതു് ആവശ്യം തന്നെയാണ്.

അടുത്തതായി ഈ ബില്ലിന്റെ 4-ാമത്തെ ക്ലാസ്സിനെപ്പററിയാണു പറയാനുള്ളതു്. അതു് ഭൂമിയുടെ പരിധി നിർണ്ണയിക്കുന്നതു സംബന്ധിച്ചു് ഉള്ളതാണ്. ഈ വകുപ്പിനെപ്പററിയാണ് ഏററവും വലിയ ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതു്. സഭയുടെ നാനാഭാഗങ്ങളിൽനിന്നും ഭൂപരിധി നിശ്ചയിച്ചതു് ഏതടിസ്ഥാനത്തിലാണെന്നു് ചോദ്യങ്ങളുണ്ടായി. നമ്മുടെ രാജ്യം ഇൻഡ്യയിലെ മററു രാജ്യങ്ങളെ അപേക്ഷിച്ചു് വളരെ ഏറെ പ്രകൃതിസൗന്ദര്യമുള്ള ഒന്നാണ്. ഫലസമൃദ്ധിയുള്ള ഈ രാജ്യം വൈവിദ്ധ്യങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു പ്രദർശനശാലയാണ്. പലതരത്തിലുള്ള ഫലവൃക്ഷങ്ങൾ, അതായതു് തെങ്ങു്, കമുക്, മാവു്, പ്ലാവു് മുതലായവ ധാരാളമായി വളരുന്ന ഒരു സ്ഥലമാണ്. ഇതു് വടക്കേ ഇൻഡ്യയിലും മദ്ധ്യഇൻഡ്യയിലും ഉള്ളമാതിരി സ്ഥിരദേഹണ്ഡമില്ലാത്ത ഒരേതരത്തിലുള്ള ഭൂമികളല്ല നമ്മുടെ നാട്ടിൽ കാണുവാനുള്ളതു്. ഇപ്രകാരമുള്ള നാട്ടിൽ ഭൂമിയുടെ പരിധി ഈ ബില്ലിൽ നിശ്ചയിച്ചിരിക്കുന്നതു് കൃത്രിമമായിട്ടാണ് എന്നാണെന്റെ അഭിപ്രായം. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗം, ഒരു പ്രമുഖനായ അംഗം, സ്റ്റാൻഡേർഡ് ഏക്കറിനെപ്പററി ഇവിടെ പ്രസ്താവിച്ചു. ഡൽഹിയിൽ സ്റ്റാൻഡേർഡ് ഏക്കറാണു സ്വീകരിച്ചിട്ടുള്ളതെന്നു് അദ്ദേഹംപറഞ്ഞു. സ്റ്റാൻഡേർഡ് ഏക്കർ എന്നു പറയുന്നതിന്റെ നിഗമനം ഏതെങ്കിലും ഒരടിസ്ഥാനത്തിൽവേണം നാം നിർണ്ണയിക്കാൻ. അതു് ആദായത്തിന്റെ അടിസ്ഥാനത്തിൽ വേണമെന്നാണ് എനിക്കു പറയുവാനുള്ളതു്. മൂവാററുപുഴ, കുന്നത്തുനാടു്, വൈക്കം മുതലായ സ്ഥലങ്ങളിലെ താഴ്ന്നഇനം ഭൂമിക്കും തൊടുപുഴ മീനച്ചൽ മുതലായ സ്ഥലങ്ങളിലെ ഉയർന്നഇനം ഭൂമിക്കും ഒന്നുപോലെയാണ് വിലനിശ്ചയിച്ചിട്ടുള്ളതു്. ഏക്കറിന് അൻപതോ അറുപതോ രൂപ വിലയുള്ള മൂവാററുപുഴ മുതലായ സ്ഥലങ്ങളിലെ ഭൂമിക്കും സെൻറിന് ആയിരം രൂപ വരെ വിലയുള്ള തിരുവനന്തപുരത്തെ ഭൂമിക്കും ഒരേ തരത്തിൽ പരിധി നിർണ്ണയിക്കുന്നതു് ശരിയല്ല. അവിടത്തെ ഒരു ഏക്കർ എന്നുള്ളതിന്റെ പകരം തിരുവനന്തപുരത്തു് ഒരു സെൻറ് കിട്ടിയാൽ ഞങ്ങൾ സന്തോഷമായി തൃപ്തിപ്പെട്ടുകൊള്ളാം. ഇങ്ങനെ കൃത്രിമമായി ഏക്കറിന്റെ പരിധി ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളതിനിമിത്തം എന്തു സോഷ്യലിസമാണ് ഇവിടെ ഉണ്ടാകാൻ പോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ ബില്ലിലെ നാലാംവകുപ്പു് ഈ രാജ്യത്തു് വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതാണ്. ഒരു സാധാരണ കുടുംബത്തിൽ അഞ്ചംഗങ്ങളേ ഉള്ളൂ എന്നുള്ള കൃത്രിമമായ ധാരണയുടെ ഫലമായിട്ടാണ് ഈ ബിൽ ഡ്രാഫ്റ്റു ചെയ്തിട്ടുള്ളതു്. പ്രാക്ററിക്കൽ ലൈഫിൽ അഞ്ചോ അഞ്ചരയോ അംഗങ്ങൾ ഉള്ള ഒരു കുടുംബം ഈ നാട്ടിൽ ഇല്ലായെന്നു നമുക്കറിയാം. പത്തോ പന്ത്രണ്ടോ പതിന്നാലോ അതിൽ കൂടുതലോ അംഗങ്ങൾ ഒരു കുടുംബത്തിൽ കണ്ടേയ്ക്കാം. മരുമക്കത്തായ കുടുംബങ്ങളിൽ നാല്പതോളം അംഗ

ങ്ങൾ ഉള്ളവ എനിക്കറിയാം. ഒരു കുടുംബത്തിൽ, ഭർത്താവ്, ഭാര്യ, മൈനർ മക്കൾ, ഇങ്ങനെ മുത്തച്ഛൻ വരെയുള്ള എല്ലാ ആളുകളെയും കൂട്ടി ഒന്നായി കണക്കെടുക്കുന്ന ഒരു സംഗതി ലോകത്തിൽ യാതൊരു സ്ഥലത്തും ഇതേവരെ ഉണ്ടായിട്ടില്ല. അങ്ങനെ ഒരു കണക്ക് ഈ രാജ്യത്തിൽ വിഭാവന ചെയ്യുന്നതും ശരിയല്ല. അതുകൊണ്ടുണ്ടാകുന്ന കുഴപ്പങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാക്കാം. ഒരു ഉദാഹരണംകൊണ്ട് ഞാൻ അതു വ്യക്തമാക്കാം. ഈ സഭയിലെ ഒരംഗമായ ശ്രീ. ജോസഫ് ചാഴിക്കാടന്റെ പിതാവ് 90-ൽപ്പരം വയസ്സായി ജീവിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ സഹോദരന്മാരായി നാലോ അഞ്ചോ പേർ ഭാഗം കഴിഞ്ഞിരിക്കുകയാണ്. അവരുടെ മക്കളും ഭാഗം കഴിഞ്ഞു് നാലോ അഞ്ചോ സ്ഥലങ്ങളിലായി താമസിക്കുന്നു. ഈ കുടുംബം ഈ ബില്ലിലെ കണക്കിന്റെ പരിധിയിൽപ്പെടുകയാണെങ്കിൽ അവരുടെ സ്ഥിതി എന്താണന്നാണ് എന്റെ ചോദ്യം. വിവാഹമോചനം, കുടുംബകലഹം, മാതൃഹത്യ, പിതൃഹത്യ ഇങ്ങനെ പലതും ഭൂമിക്കൊതിയന്മാർ ചെയ്യാം. ഈ നാട്ടിൽ അഭിപ്രായം രേഖപ്പെടുത്തിയവരുടെ 95 ശതമാനംപേരും ഈ കുടുംബത്തിന്റെ നിർവചനം ശരിയല്ല എന്നു പറഞ്ഞതായി സൂക്ഷ്മപരിശോധനകൊണ്ട് ഞാൻ മനസ്സിലാക്കിട്ടുണ്ട്. അപ്പോൾ ഈ ഭാഗം പൊതുജനാഭിപ്രായത്തോടുള്ള ഒരു വെല്ലുവിളിയായിട്ടാണ് ഞാൻ വിചാരിക്കുന്നത്. ഞങ്ങളുടെ നാട്ടിലുള്ള ഒരു കാര്യംകൂടി പറയാം. മുവാററുപുഴ, കുന്നത്തുനാട്, കണയന്നൂർ, കൊട്ടാരക്കര മുതലായ ചില സ്ഥലങ്ങളിൽ പച്ചിലവളം മാത്രം ലഭിക്കുന്ന ഒരു തരം സ്ഥലങ്ങളുണ്ട്. ചവററുമല എന്നാണ് ആ സ്ഥലങ്ങളെ പറയുന്നത്. കൃഷിക്കു ആവശ്യമുള്ള പച്ചിലവളം കിട്ടുന്നതിനു വേണ്ടിമാത്രം ഉപയോഗിക്കുകയാണ് ചെയ്യുന്നത്. അവയിൽ നിന്നും യാതൊരു ആദായവും കിട്ടുകയില്ല. ഈ ചവററുമലകൾ, ആദായത്തിനു മററു യാതൊരു മാർഗ്ഗവുമില്ലാതെ നിലത്തിനുവേണ്ടി ഒഴിച്ചിട്ടിരിക്കുന്ന ഈ സ്ഥലങ്ങൾ, ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുകയെന്നുള്ളതു് വെറും ന്യായം മാത്രമാണ്. ഞാൻ ഈ പറഞ്ഞ സ്ഥലങ്ങൾ, മന്ത്രിമാരും സെലക്ട്കമ്മിററി അംഗങ്ങളും ഒന്നു സന്ദർശിച്ചു നോക്കി വസ്തുതകൾ ശരിയാണോ എന്നു മനസ്സിലാക്കണം. ഗതാഗത സൌകര്യങ്ങൾ അവിടെ കുറവായതുകൊണ്ട് Luxury Coach പററുകയില്ല. മററു വാഹനങ്ങളിൽ സഞ്ചരിച്ച് ഈ സ്ഥലങ്ങൾ സന്ദർശിക്കണം. അതിന് ഗവണ്മെൻറു ചെയ്യേണ്ടിവരുന്ന ചെലവുകൾ, ഞങ്ങളോട് കൂടുതൽ നികുതി വാങ്ങി നടത്തിയാലും മതിയാകും.

രണ്ടാമതായി എനിക്കു സൂചിപ്പിക്കുവാനുള്ളതു്, ഈ ബില്ലുകൾ എല്ലാം സെലക്ട്കമ്മററിക്ക് അയയ്ക്കുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ളതാണ്. വീരന്മാരായ മലയാളികൾ ഈ ബില്ലിനെ തോല്പിക്കുവാൻ പല കുഴപ്പങ്ങളും വരുത്തിവയ്ക്കുവാൻ തെല്ലും മടികാണിക്കുകയില്ല. സർക്കാർവക പുറമ്പോക്കുകളായിട്ട് മൂന്നു മൂന്നര ലക്ഷം ഏക്കർ ഭൂമിയും, കുട്ടിവനങ്ങളായി മററനേകം ഏക്കറും അധിനിവേശയോഗ്യമായി നമുക്കുണ്ട്. വനവിഭവങ്ങളിൽ നിന്നും ഗവണ്മെൻറിനു ആദായം ലഭിക്കുന്നസ്ഥലങ്ങളൊഴിച്ച് ബാക്കിയുള്ള സ്ഥലങ്ങൾ കൃഷിക്കായിട്ടു വിട്ടുകൊടുക്കണം. ഭൂനയബില്ലുകൾ വരുന്നുഎന്നു വച്ച് ഇക്കാര്യം ഇനി വച്ചു താമസിപ്പിക്കേണ്ട ആവശ്യമില്ല.

വെറംപാട്ടബില്ലിനെക്കുറിച്ച് രണ്ടു വാക്കു സംസാരിക്കാനുണ്ട്

[ശ്രീ. എം. വി. ചെറിയാൻ]

നിലം, തെങ്ങിൻപുരയിടം, മററു പറമ്പുകൾ, എന്നിങ്ങനെ ഭൂമിയെ തിരിച്ചിട്ടുള്ളതായി ഇവിടെ പറയുകയുണ്ടായി. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം എസ്റ്റേററുകൾ മാത്രമല്ല കൃഷിഭൂമികൾ എന്നു മനസ്സിലാക്കണം. ഒരു മിക്സഡ് പ്ലാന്റേഷനാണ് ഈ രാജ്യത്തുള്ളത്. അതു് ഈ കൊച്ചുരാജ്യത്തിന്റെ ഒരു പ്രത്യേകതയും കൂടിയാണ്. അതുകൊണ്ടു് അതിന്റെ ഡെഫനിഷൻ ശരിയായി ചിന്തിച്ചു് നൽകണം. ഒരു കാലത്തു് ഈ രാജ്യത്തെ ഭൂമി മുഴുവനും ജന്മിമാരുടെ വകയായിരുന്നു. അവരുടെ കീഴിൽ വളരെ ആളുകൾ വസ്തുക്കൾ കൈവശം വച്ചു് ജന്മിമാർക്കു കരവും കൊടുത്തു് അനുഭവിച്ചു വരികയായിരുന്നു. ഈ വെറും പാട്ടബില്ലു് അവരെ സഹായിക്കാനായിട്ടുള്ള പാട്ടവ്യവസ്ഥയെ അട്ടിമറിച്ചുകയാണ് ആ വ്യവസ്ഥ വെറും കൃത്രിമമാണ് എന്നു ഞാൻ പറയാം. അതായതു് നിലത്തിനു നാലിലൊന്നു് എന്നും, പുരയിടങ്ങൾക്കു് എട്ടിൽ മൂന്നു് എന്നും, മററു പറമ്പുകൾക്കു് പകുതി എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതു് കൃത്രിമമല്ലേ? വസ്തുക്കളുടെ നനപ്പു തിരിപ്പു അടിസ്ഥാനത്തിൽ അല്ലേ പാട്ടം കിഴിച്ചുപ്പെടുത്തേണ്ടതു്? നല്ല തെങ്ങിൻതോപ്പുകളാണെങ്കിൽ യാതൊരു ചെലവും കൂടാതെ പാട്ടക്കാരനു അനുഭവിക്കാൻ കഴിയും. നേരെമറിച്ചു ആദായക്കുറവുള്ള പുരയിടങ്ങളാണെങ്കിൽ ജന്മിക്കു് അമിതമായ ലാഭം ഉണ്ടാവുകയും ചെയ്യും. ബുദ്ധിശൂന്യതയുടെ പരമകാഷ്ഠ ഇൻഡ്യയിൽ പൊതുവെ സ്വീകരിച്ചിട്ടുള്ള നയം മദ്ധ്യവർത്തികളെ ഒഴിവാക്കുകയെന്നുള്ളതാണ്. ഇന്നു നമ്മുടെ മുമ്പിൽ നില്ക്കുന്നതായ കഷ്ടപ്പെടുന്ന ചില വിഭാഗക്കാർക്കു്, സാധുക്കളായ കർഷകർക്കു്, തെല്ലൊരു ആശ്വാസമെങ്കിലും കൊടുക്കുന്നതിനുവേണ്ടി നാമും ഈ മദ്ധ്യവർത്തികളെ ഒഴിവാക്കേണ്ടിയിരിക്കുന്നു എന്നാണു് എന്റെ അഭിപ്രായം.

വെറും പാട്ടക്കുടിയാന്മാർക്കു് യാതൊരു ആശ്വാസവും ഉണ്ടാകാത്തതരത്തിലുള്ളതാണ് ഈ ബില്ലിലെ പാട്ടവ്യവസ്ഥകൾ. ഇവിടെ പാരമ്പര്യമായിട്ടുള്ള ചില പാട്ടവ്യവസ്ഥകൾ ഉണ്ടു്. അതിനിന്നും എത്ര ശതമാനം വെട്ടിക്കുറയ്ക്കാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ അത്രയും നന്നായിരിക്കും. അതു് ഈ ബില്ലിലെ ഇപ്പോഴത്തെ പാട്ടവ്യവസ്ഥ മാററി, ആദായത്തിന്റെ അടിസ്ഥാനത്തിൽ, കർഷകർക്കു് എത്രത്തോളം പാട്ടം കുറച്ചുകൊടുക്കാമോ അത്രത്തോളം വെട്ടിക്കുറച്ചുകൊടുക്കുന്ന കാര്യം ആലോചിക്കണം. അതാണു് ഞാൻ ഭാവന ചെയ്യുന്ന ആശ്വാസനടപടി. അല്ലാതെ നാലിൽ ഒന്നെന്നോ എട്ടിൽ മൂന്നെന്നോ ഒക്കെപ്പറഞ്ഞാൽ ഈ നാട്ടിലെ പ്രബലരായ ജന്മികൾ സാധാരണക്കാരെ വലയ്ക്കും. ഇന്നു് നെൽക്കൃഷി ജപ്പാൻമാതൃകയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലമാണ്. അങ്ങിനെ വമ്പിച്ച ആദായം ഉണ്ടാക്കാൻ സാധിക്കുന്ന ഒരു കാലഘട്ടത്തിൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ കൂട്ടുപിടിച്ചുകൊണ്ടു് സാധാരണക്കാരെ തുലയ്ക്കുന്നതിനു് ഇടയാക്കാതിരിക്കാൻ അടിയന്തിരമായി ചെയ്യേണ്ട ഒരു സംഗതിയാണു് പാട്ടം വെട്ടിക്കുറയ്ക്കുക എന്നുള്ളതെന്നു് സെലക്ററുകമ്മിററിയെ ശക്തിയായി ഞാൻ ഉണർത്തിക്കുകയാണ്. അങ്ങിനെ ചെയ്താൽ കാഷകജനത അതു് മനസ്സിലാക്കി അതിനുവേണ്ടി മുൻകൈ എടുക്കുന്നവരെ അഭിനന്ദിക്കുകതന്നെ ചെയ്യും. ജന്മിമാരും തീർച്ചയായും അതിനു വിമുഖരായിരിക്കുകയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്. ഒരു സോഷ്യലിസ്ററു വ്യവസ്ഥിതി വിഭാവനം ചെയ്തിരിക്കുന്ന ഈ അവസര

ത്തിൽ ഉദ്യോഗമണ്ഡലങ്ങളിലും അതുപോലെതന്നെ വ്യാവസായികമണ്ഡലങ്ങളിലുമുള്ള കടുത്ത അസമത്വങ്ങൾ മാററാനുള്ള നടപടികളും ഈ ബില്ലുകളോടൊപ്പം തന്നെ നാം കൈക്കൊള്ളേണ്ടിയിരിക്കുന്നു. ഈ നാട്ടിലെ കൃഷിക്കാർക്ക് വലിയ ദോഷം വരാനില്ലെങ്കിലും ഒരു അവ്യവസ്ഥിതിബോധം ഉണ്ടാകാനുള്ള കാരണങ്ങൾ ഈ ബിൽ സംജാതമാക്കിട്ടുണ്ട്. ഏതായാലും സെലക്ററുകമ്മിററി ഈ വിഷയങ്ങളെപ്പററിയെല്ലാം കാര്യമായി ചിന്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri P. K. Yesodharan: Sir, I move for a closure of the discussion on this Bill.

Mr. Deputy Speaker: The hon. Member is at liberty to move for a closure provided the Chair allows that. I think there has been enough discussion on this Bill. But since the Leader of the Opposition also wants to contribute to this, we will hear his views also. After that I think it will be better to conclude the discussion on this.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെയേറെ ദീർഘമായി വാദപ്രതിവാദം കഴിഞ്ഞിട്ടുള്ള ഈ ബില്ലിനെപ്പററി കൂടുതലൊന്നും പറയാനല്ല ഞാൻ എഴുന്നേററു നിൽക്കുന്നതു്. വെറും പാട്ടദാർബില്ലിനെപ്പററിയും ഈ ഭൂപരിധിബില്ലിനെപ്പററിയും വളരെയേറെ നാം വാദപ്രതിവാദം ചെയ്തുകഴിഞ്ഞു. ഇനി ഇതിനോടു് ബന്ധപ്പെട്ട നാലു ബില്ലുകൾകൂടി അജൻഡയിൽ ഉണ്ടു്. ഈ ബില്ലുകൾ എല്ലാം ഇന്നുതന്നെ നാം വാദപ്രതിവാദം അവസാനിപ്പിച്ചു് സെലക്ടുകമ്മററിക്കു് അയക്കാൻ സാധിക്കുമെങ്കിൽ അതൊരു വലിയ നേട്ടമായിരിക്കുമെന്നാണു് എനിക്കു് ആദ്യമായി ഈ സഭയെ അറിയിക്കാനുള്ളതു്. രണ്ടാമതായി ഞാൻ ഈ സഭയെ അറിയിക്കുന്നതു ഞങ്ങൾ ഈ ബില്ലുകളെ സ്വാഗതം ചെയ്യുകയും സെലക്ടുകമ്മററിക്കു് അയക്കുന്നതിനെ സപ്പോർട്ടുചെയ്യുകയും ചെയ്യുന്നുവെന്നാണു്.

എന്നാൽ അതോടൊപ്പം എനിക്കു് ഒന്നുകൂടി പറയാനുണ്ടു്. ഈ ബിൽ വായിച്ചിട്ടു് എനിക്കു് അശേഷം ഉന്മേഷം തോന്നുകയുണ്ടായില്ല. അതിനുള്ള കാരണം പറയാം. ഈ ബില്ലുകളുടെ ബഹുമാനപ്പെട്ട നിർമ്മാതാക്കളെ ഞാൻ ആക്ഷേപിക്കാൻ പറയുകയല്ല. ഒരു പുതിയ സാമൂഹ്യനീതി ഇവിടെ സ്ഥാപിക്കുന്നതിനുവേണ്ടി ഈ ബില്ലുകൾ ഉപയോഗിക്കാമെന്നുള്ളതു ശരിയാണു്. പക്ഷെ അതിനുള്ള ജ്വലിക്കുന്ന രേഖകളൊ വാക്കുകളൊ ഒന്നുംതന്നെ ഞാൻ ഈ ബില്ലിൽ കാണുന്നില്ല. നാം ആദ്യമായി ആലോചിക്കേണ്ടതു എന്തിനുവേണ്ടിയാണു് ഭൂമിയുടെ പരിധി വെട്ടിക്കുറയ്ക്കുന്നതെന്നാണു്. നമ്മുടെ രാജ്യത്തു് ഭൂമിയില്ലാത്ത അനേകം കൃഷിക്കാരുണ്ടു്. ഭൂമി കിട്ടിയാൽ കൃഷിചെയ്യാൻ സന്നദ്ധതയുള്ള ആളുകളും ധാരാളമുണ്ടു്. അങ്ങിനെയുള്ളവരാണു് ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങൾ. അത്തരം ആളുകൾക്കു് ഈ ഭൂമി കൃഷിയാവശ്യത്തിനു കൊടുക്കാൻ സാധിക്കുമെങ്കിൽ അതു് വലിയ ഒരു കാര്യമാണു്. അതിനുള്ള ഒരു ആദ്യപടിയുടെ സൂചനയാണു് മാർച്ചുമാസത്തിൽ രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ ഞാൻ കണ്ടതു്. അതിൽ പറഞ്ഞിരുന്നു ഉടനെ ഒരു ലാൻഡ്കമ്മീഷനെ വയ്ക്കാൻപോകുന്നുവെന്നു്. ബഹുമാന

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഫ്ലൈറ്റ് മന്ത്രി ശ്രീ. നടരാജപിള്ള അവർകൾകൂടി സെലക്ട്കമ്മററിയിൽ ഉണ്ടാകുമല്ലോ എന്നു കരുതി അദ്ദേഹത്തോട് ഒരു കാര്യം പറയേണ്ടതുണ്ട്. സെലക്ട്കമ്മററി ആദ്യമായി ഈ ബില്ലിൽ കൊള്ളിക്കാൻ ശ്രമിക്കേണ്ടതു നാം ഉദ്ദേശിക്കുന്ന പാസ്സിററീവ് പ്രൊവിഷൻസ്സാണ്. നാം എന്തുചെയ്യണം എന്നുള്ളതിനാണ് പ്രാധാന്യം കൊടുക്കാൻ. ഭൂപരിധി നിർണ്ണയിക്കുന്നതു് നെഗററീവ് പ്രൊവിഷനാണ്. അതു നമ്മുടെ ലക്ഷ്യമല്ല. അതു മാർഗ്ഗമാണ്. ആദ്യമായി പറയേണ്ടതു് "There shall be constituted a Land Commission for this State". എന്നാണ്. ഇവിടെ ഒരു ലാൻഡ്കമ്മീഷൻ വേണം. ആ ലാൻഡ് കമ്മീഷന്റെ കൈവശത്തിലും അധീനതയിലും ഈ രാജ്യത്തു കൊടുക്കാൻ സാധിക്കുന്ന ഭൂമികളെല്ലാം ചെന്നുചേരണം. കൊടുക്കാൻ സാധിക്കുന്ന ഭൂമികളിൽ പ്രഥമമായും പ്രധാനമായും ഉള്ളതു് ഗവണ്മെൻറിന് കൊടുക്കാൻസാധിക്കുന്ന ഭൂമിയാണ്. ഇന്ന് ഗവണ്മെൻറ്, ഗവണ്മെൻറിനു കൊടുക്കാൻ സാധിക്കുന്ന ഭൂമി നൽകുന്നതു് കുത്തകപാട്ടവ്യവസ്ഥയിലാണ്. ആ വ്യവസ്ഥ വളരെ അശാസ്ത്രീയമാണ്. 12 കൊല്ലക്കാലത്തേക്ക് കൃഷിചെയ്യാനോ അല്ലെങ്കിൽ മറെറന്തെങ്കിലും ചെയ്യാനോ ഭൂമി കൊടുക്കയാണ് ചെയ്യുന്നതു്. അങ്ങിനെ ഭൂമി കിട്ടുന്നവർ അവിടെ ചെയ്യുന്ന ദേഹണ്ഡങ്ങൾക്ക് വിലയൊന്നും കിട്ടുകയില്ല. എപ്പോൾ വേണമെങ്കിലും ഗവണ്മെൻറിന് ആ ഭൂമി തിരിച്ചുവാങ്ങാൻ കഴിയും. അങ്ങിനെ ചെയ്യുന്നില്ലെന്നുള്ളതു ഒരുപക്ഷേ ശരിയായിരിക്കാം. അങ്ങനെ തിരിച്ചുവാങ്ങാത്തതു് ഈ രാജ്യത്തെ ജനങ്ങളുടെ സംഘടിതമായ അഭിപ്രായത്തിന്റെ ശക്തികൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെ കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമിയും ഇനി കൊടുക്കാൻ സാധിക്കുന്ന ഭൂമിയുമെല്ലാം ഫാക്ച്വലായിട്ടും നാഷണലായിട്ടും ലാൻഡ്കമ്മീഷന്റെ അധീനതയിൽ പോകണം. എന്നിട്ട് ഈ ലാൻഡു കമ്മീഷൻ ജനങ്ങളുടെ ഉപദേശംകൂടി സ്വീകരിച്ച് ഈ ഭൂമികളെല്ലാം ഈ രാജ്യത്തെ യഥാർത്ഥമായി ഭൂമി അർഹിക്കുന്ന ആളുകൾക്ക് കൃഷിചെയ്യുന്നതിനുവേണ്ടി ശാശ്വതമായ വ്യവസ്ഥയിൽ പതിച്ചുകൊടുക്കണം. അതല്ലാതെ കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കുകയല്ല വേണ്ടതു്. അതിനുള്ള നടപടികൾ ഇന്നത്തെ നിലയിൽ ഉദ്യോഗസ്ഥന്മാരുടെ ആഫീസുമുറികളിൽ വച്ച് നടത്താതെ ഓരോസ്ഥലത്തും തുറന്നകോടതികളിൽവച്ച് കൊടുക്കുകയാണെങ്കിൽ അപാകതകളും അന്യായങ്ങളും കൂടാതെ കഴിക്കാൻ സാധിക്കും. ഭൂമിയില്ലെന്ന് കള്ളവായി. അപേക്ഷ കൊടുക്കുന്നവർ ശിക്ഷാർഹരാകുമെന്നും വ്യവസ്ഥചെയ്യേണ്ടതാണ്. അങ്ങനെയുള്ള നിയന്ത്രണങ്ങളോടുകൂടി ഗവണ്മെൻറ് കൈവശമുള്ള ഭൂമി ഈ രാജ്യത്തെ ഭൂമിയില്ലാത്ത ആളുകൾക്ക് കൊടുക്കണം. അപ്രകാരം ഭൂമി കൊടുക്കുന്നതിന് ഈ ബില്ലിൽ വിഭാവന ചെയ്യുന്നമാതിരി സെക്യൂരിററി കൊടുക്കുന്നവർക്കു കൊടുക്കണമെന്ന് പറയുന്നതുകൊണ്ട് കാര്യമായില്ല.

ശ്രീ. കെ. സി. ജോർജ്ജ് : ഈ കമ്മീഷൻ ജനകീയ കമ്മീഷനായിക്കൂടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നത്തെ നിലയ്ക്ക് ലാൻഡുകമ്മീഷൻ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു അഫിഷ്യൽബോഡിയല്ലെങ്കിൽ വിഷമതയുണ്ടാകും.

ന്യായം ചെയ്യത്തക്കവിധത്തിൽ അങ്ങനെ ഒരു കമ്മിഷൻ രൂപീകരിക്കാൻ കഴിയും. നമ്മുടെ ഗവണ്മെൻറിന്റെ വ്യവസ്ഥ മാറിയിട്ടില്ല. ഒരു വ്യവസ്ഥയിൽ മറ്റൊരു വ്യവസ്ഥകൂടി ചെലുത്തിയാൽ കാര്യം നടക്കുകയില്ല. ലാൻഡു കമ്മിഷനായി ഒരു അഫീഷ്യൽബാഡി തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് തുറന്ന കോടതികളിൽവച്ച് കാര്യങ്ങൾ നടക്കണമെന്ന് ഞാൻ പറഞ്ഞതു്. ഇന്ന് തഹശീൽദാരോ, കളക്ടരോ, റവന്യൂബോർഡോ ആക്കെങ്കിലും ഭൂമി കൊടുക്കുന്നുണ്ടെങ്കിൽ അതാരും അറിയുന്നില്ല. ആ ഭൂമി കിട്ടുന്നവർ അവകാശപ്പെട്ടവർ തന്നെയാണോ, അക്കാര്യത്തിൽ വല്ല ആക്ഷേപവുമുണ്ടോ, എന്നൊന്നും ആർക്കും അറിയാൻ കഴിയുന്നില്ല. അതെല്ലാം രഹസ്യമായി ചെയ്യുകയാണ്. ഇതു് രഹസ്യമാക്കരുതു്. ഞാൻ സർക്കാരിനെ കുററപ്പെടുത്തുകയല്ല. എനിക്കു വളരെക്കാലമായി തോന്നിയിട്ടുള്ള ആശയം ആവിഷ്കരിക്കുകയാണ്. സർക്കാരിന് സ്നേഹംതോന്നുന്നവർക്ക് ചെയ്തുകൊടുക്കാനുള്ള ഒരു കാര്യമെന്ന നിലമാററി. അതാതുപ്രദേശങ്ങളിൽ അർഹതയുള്ളവർക്കു കിട്ടത്തക്ക ഒരു നില സ്വീകരിക്കണം. അതിന് ലാൻഡുകമ്മിഷൻെറകയ്യിൽ വസ്തുക്കളുടെ ഒരു സമാഹാരം (പൂൾ ആഫ് പ്രാപ്പർട്ടി) വന്നു ചേരണം. ഈ ആശയമാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരും വിഭാവനചെയ്യുന്നതെന്ന് മാർച്ചുമാസത്തിൽ രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ അതിനെപ്പററി സൂചിപ്പിച്ചതിൽ നിന്നും തെളിയുന്നുണ്ട്. പക്ഷെ ഏതുസംഗതവശാലോ അനന്തരപ്രവർത്തനമൊന്നും ഉണ്ടായില്ല. കഴിഞ്ഞ 11 മാസങ്ങൾക്കിടയിൽ ലാൻഡുകമ്മിഷൻ സ്ഥാപിക്കുന്നതിനോ, അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനോ യാതൊന്നും ചെയ്യാതിരുന്നതു് വാസ്തവത്തിൽ നന്നായില്ല. അതു ചെയ്യേണ്ടതായിരുന്നു. അങ്ങനെ ഒരു ലാൻഡ് കമ്മിഷൻ ഏർപ്പെടുത്തുകയും ആ കമ്മിഷൻെറ അധീനതയിൽ ഈ രാജ്യത്തു് സർക്കാരിന് കൈകാര്യം ചെയ്യാവുന്ന ഭൂമിയും ഈ രാജ്യത്തെ ഭൂവുടമകളുടെ കയ്യിൽനിന്നും ഏടുക്കാവുന്ന ഭൂമിയും കൊണ്ടുവരണം. ഉപരിപരിധി നിശ്ചയിക്കുന്നതു് ആ വ്യക്തമായ ഉദ്ദേശത്തോടുകൂടിയായിരിക്കണം. ഈ രാജ്യത്തു അർഹിക്കുന്ന ജനങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള ഒരായുധമായി ഈ ഉപരിപരിധി നിർണ്ണയനിയമത്തെ നാം കാണണം. അതാണ് ഈ പ്രസ്ഥാനത്തിന് രണ്ടുവശമുണ്ടെന്നു ഞാൻ പറയുന്നതു്. നെഗററീവ് ആസ്പക്ററും, പാസിററീവ് ആസ്പക്ററും ഉണ്ട്. ഒരു പൂൾ ആഫ് പ്രാപ്പർട്ടി ഉണ്ടാക്കി വേണ്ടവർക്കു ഭൂമി കൊടുക്കുമെന്ന് ബില്ലിൻെറ ഉദ്ദേശകാരണവിവരണത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ബില്ലിൽ യാതൊന്നുമില്ല. കൂടുതലായി ഇതിനെപ്പററി ഒരു ഭാഗത്തും ഒന്നും പറയുന്നില്ല. ലാൻഡു ട്രിബ്യൂണലിന് ഭൂമി കൈവശം വന്നുകഴിഞ്ഞാൽ അതാർക്കെങ്കിലും പാട്ടത്തിന് കൊടുക്കാമെന്നുള്ള ഒരു വ്യവസ്ഥയാണ് ഈ ബില്ലിലുള്ളതു്. ഞാൻ ഒരിക്കലും അനുകൂലിക്കുന്ന ഒരു വ്യവസ്ഥയല്ല ഇതു്. അങ്ങനെ ജാമ്യം വാങ്ങി പാട്ടത്തിന് കൊടുക്കുക എന്നുവന്നാൽ എന്തിനുവേണ്ടി ഈ സഭയിലെ എല്ലാഭാഗത്തുമുള്ള മെംബറന്മാർ ഈ ബില്ലിനെ അനുകൂലിച്ചുവോ ആ ഉദ്ദേശം സാധിക്കുകയില്ല. കോട്ടയത്തു്, അല്ലെങ്കിൽ എക്സ് എന്ന് പറയുന്ന പ്രദേശത്തുള്ള ലാൻഡു ട്രിബ്യൂണലിൻെറ കൈവശം കുറെ ഭൂമി വന്നുചേർന്നിട്ടുണ്ടെങ്കിൽ സ്വാഭാവികമായി അതു് അവിടെത്തന്നെയുള്ള ആവശ്യക്കാർക്കു് കൃഷിചെയ്യാൻ കൊടുക്കുന്നതാണ് നീതി. അതല്ലാതെ എവിടെന്നെ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ങ്കിലും വ്യവസായം ചെയ്തോ, ഉദ്യോഗംനടത്തിയോ സാങ്കേതികമായി ഭൂമിയില്ലാത്തവനെന്നു പറഞ്ഞു ജാമ്യംകൊടുക്കാൻ ശക്തിയുള്ള ഒരാൾക്ക് പാട്ടത്തിന് കൊടുത്തു എന്നുള്ളതുകൊണ്ട് ഈ ഉപരിപരിധി നിർണ്ണയമെന്ന ഒരു പദ്ധവം രാജ്യത്തുണ്ടാക്കി എന്നുള്ളതിൽക്കവിഞ്ഞ് ഗവണ്മെൻറിനോ രാജ്യത്തിനോ ഒരു ഗുണവും ഉണ്ടായി എന്നു വരികയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഭൂമി എടുക്കുന്നകാര്യത്തിൽ കുടുംബത്തെയാണോ വ്യക്തികളെയാണോ പരിഗണിക്കേണ്ടത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേയ്ക്കു ഞാൻ വരാം. അങ്ങനെ പാട്ടംകൊടുക്കുക എന്ന വ്യവസ്ഥയ്ക്കു് ഈ ഒരു ദോഷമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടും സഹപ്രവർത്തകന്മാരോടും ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്. ഈ ബിൽ നടപ്പിൽവന്നുകഴിഞ്ഞാൽ ഈ രാജ്യത്തുണ്ടാകുന്ന സാമൂഹ്യവ്യവസ്ഥിതി വാസ്തവത്തിൽ ഇന്നത്തെക്കാൾ മോശമാകുകയില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇന്ന് നമ്മുടെ രാജ്യത്തു വലിയ ജന്മിമാർ അനേകമുണ്ട്. അവരുടെ പേര് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ രണ്ടുലക്ഷവും മൂന്നുലക്ഷവുംപറ നെല്ല് പാട്ടംകിട്ടുന്നവരും അതിനെക്കാൾ കൂടുതൽ പണം പാട്ടം കിട്ടുന്നവരുമായ ജന്മികളെ എനിക്കറിയാം. അങ്ങനെയുള്ള ജന്മിമാരുടെ കൈവശം 30 ഏക്കർ ഭൂമി പോലും കാണുകയില്ല. ഭൂമി എല്ലാം പാട്ടത്തിനു കൊടുത്തിരിക്കുകയായിരിക്കും. ഈ ബിൽ വിഭാവന ചെയ്യുന്നത് ഇന്നത്തെ വ്യവസ്ഥയ്ക്കു് യാതൊരു ദോഷവും ഇല്ലാത്തതരത്തിൽ ആ ജന്മിമാർ തുടരുന്നതിൽ വിരോധമില്ലെന്നാണ്. ഈ രാജ്യത്ത് 500-ം, 1000-വും ഏക്കർ ഭൂമി കൈവശംവച്ച് കൃഷിചെയ്യുന്നവരുമുണ്ട്. അവർ ജന്മിമാരല്ല. അവരെ ലാൻഡ് ഹോൾഡേഴ്സ് എന്നു പറയാം. അങ്ങനെയുള്ളവരോടു പറയുന്നത് നിങ്ങൾ ഈ ഭൂമി കൈവശം വയ്ക്കരുത്, ഈ ഭൂമിയിൽ കൃഷിചെയ്യരുത്, നിങ്ങൾ ഞാൻ മുമ്പുപറഞ്ഞ ജന്മിമാരെപ്പോലെ ഭൂമി കൈകാര്യംചെയ്യണമെന്നാണ്. 30 ഏക്കർമാത്രം കയ്യിൽ വച്ചിട്ട് ജന്മിമാരാകണമെന്നാണ് പറയുന്നത്.

ഈ ജന്മിവ്യവസ്ഥ ഇനി നിലനിൽക്കുകയില്ല. ഇന്ന് ഈ രാജ്യത്ത് എല്ലാതരത്തിലുള്ള ജനങ്ങളും മനുഷ്യാവകാശത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും ആരോഗ്യകരമായ വായു ശ്വസിച്ചുകൊണ്ടിരിക്കുകയാണ്. അതിൽനിന്നുണ്ടാകുന്ന അനുഭവങ്ങൾ ഭയങ്കരങ്ങളായിരിക്കും. കൂടുതൽ ജന്മിത്വം ഒരു ബില്ലുമൂലം ഈ രാജ്യത്ത് ഉണ്ടാക്കുകയാണ് എന്നുണ്ടെങ്കിൽ സംഘട്ടനത്തിനുള്ള ആളുകളെ നാം ഒരു സ്റ്റാററ്യൂട്ടുമൂലം പുറത്തുവിടുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള ജന്മിത്വമാണ് ഇവിടെ ഉണ്ടാകുന്നത്. നമുക്ക് കുറെ ഭൂമിയുണ്ട്. നമ്മുടെ ഭൂമി നാം കണ്ടിട്ടില്ലാത്തവരും കേട്ടിട്ടില്ലാത്തവരും അറിഞ്ഞിട്ടില്ലാത്തവരുമായ ആളുകൾക്ക് പാട്ടത്തിനു കൊടുക്കുവാൻ ഇതിൽ പറഞ്ഞിട്ടുണ്ട്. ഈവിധത്തിലുള്ള ഒരു സ്ഥിതി രാജ്യത്തുണ്ടാക്കുവാൻ നാം ആലോചിക്കരുത്. ഭൂമി അധികം ഉള്ളത് ലാൻഡ് കമ്മീഷനിലേയ്ക്കു കൊടുക്കണം. അതിൻെറ പിന്നിൽ ഒരുവിധത്തിലുള്ള ചിക്കൻഹാർട്ടഡ്നസും (Chicken heartedness) പാടില്ല. ഈ വിധത്തിലുള്ള നിയമനിർമ്മാണവും ചവിട്ടും കളിയും സന്മനസ്സോടുകൂടിയുള്ളതാണെന്നു തോന്നുന്നില്ല. അതു വെറുതെ ചെയ്യുകയാണ്.

ഭൂനിയമം ഈ രാജ്യത്തെ വിപ്ലവകരമായ ഒരു നിയമനിർമ്മാണമാണ്. അങ്ങനെയുള്ള ഒരു നിയമനിർമ്മാണത്തിനു നാം ഒരുങ്ങുകയാണെന്നുണ്ടെങ്കിൽ അതു അതേയററംവരെ എത്തുവാൻ നാം അണിനിരക്കണം. ഇതു് കുറെ ആളുകളുടെ ഭൂമി വെട്ടിമാററുകയല്ലാതെ വേറെ യാതൊന്നും ചെയ്യുന്നില്ല. ഭൂമി സർക്കാരിലേയ്ക്കു് എടുക്കുകയാണെങ്കിൽ കാമ്പൻസേഷൻ കൊടുക്കേണ്ടിവരുമെന്നുള്ള ഭയം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു് ഉണ്ടു്. ഇന്നത്തെ ഭരണഘടനയനുസരിച്ചു് ഭൂമി സർക്കാരിലേയ്ക്കു എടുക്കുകയാണെങ്കിൽ കാമ്പൻസേഷൻ കൊടുക്കണമെന്നാണു് വ്യവസ്ഥ. കാമ്പൻസേഷൻ കൊടുക്കാതെ അതു ചെയ്യുവാൻ നിവൃത്തിയില്ല. കാമ്പൻസേഷൻ കൊടുക്കാതെ ഉപായമാർഗ്ഗത്തിൽ കൊക്കിന്റെ തലയിൽ വെണ്ണവച്ചു് കൊക്കിനെ പിടിക്കുന്നതുപോലെ ഈ കാര്യത്തിൽ ചെയ്യുവാൻ സാദ്ധ്യമല്ല. കാമ്പൻസേഷൻ കൊടുക്കുകയാണെങ്കിൽ അതിനു് എന്തു വേണ്ടിവരുമെന്നു ഞാൻ ചോദിക്കുകയാണു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയാണു് അതിനു സമാധാനം പറയേണ്ടതു്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് അതിനുവേണ്ടി എത്രലക്ഷം അല്ലെങ്കിൽ എത്ര കോടി രൂപ ഉണ്ടാക്കേണ്ടിവരും. അതിനെപ്പററി ആലോചിച്ചില്ല എന്നുള്ളതു് ഈ ബില്ലിന്റെ കർത്താക്കളുടെ പേരിൽ ഞാൻ ഒരു കുററമായി ആരോപിക്കുന്നു. സർവ്വേ വേണം, ഇൻവെസ്റ്റിഗേഷൻ വേണം, കണക്കുകൾ വേണം എന്നൊക്കെ പറയുന്നതു് ഈ വക കാര്യങ്ങൾ പൂർത്തിയായി ചെയ്യുവാൻ വേണ്ടിയാണു്.

ശ്രീ. എം. പി. മേനോൻ: സർ, ഒരു ചോദ്യം. അതു് ലേററർ സ്റ്റേജിൽ ആയാലും പോരെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മതി. അതുകൊണ്ടല്ലേ ബില്ലിനെ അനുകൂലിക്കുന്നതു്. എന്റെ സ്നേഹിതൻ എം. പി. മേനോൻ ധരിക്കേണ്ടതു് ഈ ബില്ലിനെ എതിർക്കുവാനുള്ള ഒരു കാര്യമായിട്ടു് ഞാൻ ഇതു പറയുകയല്ല എന്നാണു്. കാമ്പൻസേഷൻ കൊടുക്കുകയാണെങ്കിൽ അതിനു് എത്രകോടി രൂപ വേണമെന്നു അറിയണം, അതു് അറിയുവാൻ സാധിക്കാതെ വന്നതു് അതിനെപ്പററി അന്വേഷണം നടത്താത്തതുകൊണ്ടാണു്. പ്ലാനിംഗ് കമ്മീഷനും കാൺഗ്രസ്സിന്റെ പ്രമേയവും അതിനെക്കുറിച്ചു് അന്വേഷണം വേണമെന്നു പറയുന്നതു് ഈ കാര്യം വേണ്ടെന്നു വയ്ക്കുവാനാണു് എന്നു ധരിക്കുന്നതു് അപരാധമാണു്. കാമ്പൻസേഷൻ കൊടുക്കുകയാണെങ്കിൽ അതിനു എന്തു വേണ്ടിവരുമെന്നു ആലോചിച്ചു് വേണം കാമ്പൻസേഷന്റെ റേററു് തീർച്ചയാക്കുവാൻ. രൊക്കമായി കാമ്പൻസേഷൻ കൊടുക്കുകയാണെങ്കിൽ പണക്കമ്പോളത്തിൽ ഉണ്ടായേയ്ക്കാവുന്ന പ്രത്യാഘാതങ്ങൾ എന്താണു്; ഇൻഫ്ളേഷൻ ഉണ്ടാകും. ഇൻഫ്ളേഷൻ വരുമെന്നുണ്ടെങ്കിൽ അതിനെ നിവാരണംചെയ്യുവാൻ ബാണ്ടുകൾ കൊടുക്കണം. അങ്ങനെയുള്ള ആലോചനകൾ ഒന്നും ഈ ബില്ലിന്റെ പിന്നിൽ ഉണ്ടായിട്ടില്ല. കാമ്പൻസേഷൻ കൊടുക്കുന്നതു് സാമൂഹ്യനീതിക്കു് എല്ലായ്പോഴും തടസ്സമായിരിക്കയില്ല. കാമ്പൻസേഷൻകൊടുക്കുന്നതു് സ്ലാബു് സിസ്റ്റം അനുസരിച്ചായിരിക്കണം. ചെറിയ ഭൂവുടമക്കാരെ രക്ഷിക്കണം. അതിനു ചെറിയ ഭൂമി ഉടമക്കാരുടെ ഭൂമിക്കു് കൂടിയ കാമ്പൻസേഷൻ കൊടുക്കുകയും വൻകിട ഭൂമി ഉടമകളുടെ കയ്യിൽ നിന്നു് എടുക്കുന്ന ഭൂമികൾക്കു് ചുരുങ്ങിയ റേററിലുള്ള കാമ്പൻസേഷൻ കൊടുക്കുകയും ചെയ്യണം. ഇങ്ങനെയുള്ള കാര്യങ്ങളിൽ സുപ്രീംകോടതി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

യിലും ഹൈക്കോടതിയിലും ചോദ്യം ചെയ്യാതിരിക്കുവാൻ വേണ്ട മുൻകരുതലുകളും മററു നടപടികളും പാർലമെൻറ് ആലോചിക്കുന്നുണ്ട്. ഈ സഭയുടെ എല്ലാ ഭാഗത്തുള്ളവരുടേയും ആത്മാർത്ഥതയെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ഈ ബില്ലിനെ സംബന്ധിച്ച് വേണ്ടിടത്തോളം ആലോചന ഉണ്ടായിട്ടില്ല എന്നു പറയാതെ നിവൃത്തിയില്ല. ഇൻവെസ്റ്റിഗേഷൻ പിന്നീട് ആയാലും കൊള്ളാം. പക്ഷെ അതു് നേരത്തെ ചെയ്തിരുന്നുവെങ്കിൽ കൂടുതൽ സഹായകം ആയിരുന്നു. പിന്നെ പല ഡീറെറയിൽസും അറിയേണ്ടതുണ്ട്. എത്ര ഏക്കർ ഭൂമി വേണം അല്ലെങ്കിൽ ഇത്ര ഏക്കർ ഭൂമിവേണോ എന്ന് ഇവിടെ ചോദിച്ചു. ആദായത്തിൻെറ തോതിൽ ഉപരിപരിധി നിശ്ചയിക്കുന്നതാണ് നല്ലതു്. അതു നിശ്ചയിച്ചാൽ ബഹുമാനപ്പെട്ട പുണ്ടാർ മെംബറുടെ അഭിപ്രായത്തിൽ അവസാനം ചെന്നെത്തും. പിന്നെ കുടുംബത്തിൻെറ കാര്യത്തിൽ കുഴപ്പമുണ്ട്. പക്ഷെ അതൊക്കെ സെലക്ററുകമ്മിററിയിൽവച്ച് തീരുമാനിക്കാവുന്നതാണ്. ഈ സഭയുടെ എല്ലാ ഭാഗത്തേയും പ്രാതിനിദ്ധ്യമുള്ള ഒരു സെലക്ററുകമ്മിററിക്ക് ഈ ബില്ല് അയച്ചിട്ടുണ്ട്. സെലക്ററുകമ്മിററി ഈ ബിൽ സാധാരണ ഉള്ള ഒരു ബില്ലായിട്ടു ഗണിക്കാതെ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ആശയും ആവേശവും കൊടുക്കുവാനുള്ള ഒരു ബില്ലായി ഇതിനെ രൂപാന്തരപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

Shri P. S. Nataraja Pillai : Sir, the Bill, as usual has received consideration by the different sections of the House and hon. Members have given many valuable and constructive suggestions for which I am grateful. Criticism was focussed on the method of approach as the Leader of the Opposition has expressed. Sir, after all, even when I introduced the Bill, I made it explicit that the ideal which prompted the promoters of the Bill was to bring into existence a peasant proprietorship scheme on land and to reduce inequalities that exist in our economic sphere. That I explicitly stated even at the very outset when I stood up to introduce the Bill.

Sir, peasant proprietorship is to be established and the inequalities are to be reduced. For these two objectives the framers of the bill approached the problem from an objective standard and not exactly from an idealist view point. In the existing conditions, factors, constitutional and economic, and the law that prevails in the country have to be taken into account before any steps can be taken. As my friend Mr. Menon observed, the compensation problem was not ignored, I may humbly tell the House. It was not a matter which was left out in ignorance. It was a matter on which serious thought was bestowed ; certainly to solve the question of redistributing land and to take over land from those who hold large extends of land. So, naturally we considered that problem, that is, the problem of compensation. Sir, I seriously ask the Leader of the Opposition whether the ideas of compensation in India are definite and exact today. We know that there are even now debates and discussions on the principles of compensation that should be accepted by the Legislatures or by the Parliament itself. As a

matter of fact, certain State Legislatures took certain view and the Supreme Court took another view on the question of compensation, based on the Constitution Act of our land. Even the sovereign body, the Parliament, and the party in control, is discussing the basic principles of compensation that has to be given effect to in law. The property is, in our stage of evolution in India, being subjected to a re-assessment. In that context—I may be wrong—certainly I don't concede that property is an absolute gift to man—we try to adjust things in the existing conditions to the best advantage of the largest number. That is essentially a compromise proposition. Therefore, the defects and shortcomings that were pointed out by certain sections of the House, I concede, may be there. But those shortcomings are inherent in the present set up of things in our country. Man's social consciousness of the inequalities of landownership has become keen. That has to be recognised, it will be dangerous to ignore it. Certain observations were made here that, after all, this legislation is intended for a limited fragmentation of large holdings and does not provide for extensive redistribution. I am free to confess from the study of available material that we have not got large extensive lands forre-distribution. Yet some accumulation there is. I don't want to give you the figures which our Government have collected but even taking it from the Planning Commission's Report what do we find? Sir, in page 301 of the Planning Commission's Report, the size of the holdings, the number of holdings, percentage of holdings, area in acreage, and percentage of area are given.

Shri Joseph Chazhikatt : Do these figures apply to Travancore-Cochin or India as a whole?

Shri P. S. Nataraja Pillai : My friend will concede that I too possess some commonsense. These surely apply to Travancore-Cochin.

In Travancore-Cochin only 1 per cent. of the holdings are those comprising 100 acres and above. And this 1 per cent. from 18 per cent. of the area. And, according to statistics I. (point one) per cent. of pattadars hold this 18 per cent. of the area. That definitely shows that there is accumulation. It is only, as it were to meet this, that a legislation like this was conceived.

Shri A. J. John : Does the statement that 80 per cent. of the holdings are held by 1 per cent. of the people, tally with the last statement?

Shri P. S. Nataraja Pillai : 18 per cent. Therefore I was saying that the social consciousness of accumulation is justifiable. There was the demand for distribution. The psychological effect of attempting to do some justice and bringing about some equality will create another social effect, a sense of satisfaction in the mass-mind. That is in connection with the situation as it is. So it was to bring about equality and a change in the social outlook of the vast masses of the country who are landless, this legislation was attempted.

[Shri P. S. Nataraja Pillai]

On the question of land commission I shall make one or two observations later on. Referring to the Kuthakapattom that is given by the Travancore-Cochin Government some observations were made by the Leader of Opposition. I am grateful and I thank him for that. Travancore Government decided some years ago that they were not going to assign land, that is, bestow lands for individual ownership on the existing conditions with absolute ownership of land. What was the result of assignment of lands? It is well-known that at that time the Member for Poonjar was the Chief Minister of the Travancore Government, blocks of five acres of Government land were allotted under the Grow More Food scheme to a large number of people. But what do we find now ? Hundreds of acres are in possession of single owners. A process of accumulation began under the stress of capitalist economy. Again, when assignments were made to the depressed classes, and ex-service men of the last world war, extensive areas were given to them. What was the fate of those lands ? Large tracts of lands assigned to the backward classes have been taken possession of by the wealthy. Have we not come across such instances ? Therefore, the change from absolute ownership to a limited ownership was introduced to produce a condition wherein distribution can be more easily done. Now the policy should be to limit the ownership, or as my friend would put it, push the negative aspect of the scheme. According to me it must have a greater emphasis. We must prevent accumulation of land before you can allow distribution so that the distributed land may not again accumulate.

Therefore the negative aspect of this scheme is as much important and relevant to the problem as the positive aspect. I certainly accept the suggestion of the Leader of the Opposition that we should set up a land commission or a tribunal, which will be in charge of distribution of land on the principles which the House may enunciate. But the first step should be to prevent ownership of land more than what we can allow in the existing conditions of our society. So the limitation of ownership becomes a primary necessity. Unless we postulate it by law, it will not become real. Therefore the first step should be to give more emphasis to the matter of fixing a limitation on holdings. At the same time, when that limitation is imposed and redistribution is attempted then the question of compensation comes up for consideration. As I said before, the matter is still fluid so far as the whole nation is concerned. We thought we will wait until we get some definite idea. One of the thoughts which struck me when I had the privilege or honour of signing this Bill was, that a class of intermediaries are being created under this scheme, a class of rentiers. I felt it was an anachronism. It must go ! At present what can we do ? I was bestowing my thought to the best of my ability. I was not able to find a way. The collective ability of this House will be able to find a way so that the country will be benefited. After all it is not the credit of a man who signs a particular record of the House but the will

of the House which counts. Certainly, if the House will find a solution to the problem to remove that defect, I will feel myself most fortunate. It is not cowardice—I do not use the word chickenheartedness—to face the implications of the principles we held. At the same time.....

Shri A. J. John : Was there not a specific provision in the Planning Commission Report ?

Shri P. S. Nataraja Pillai : It is not cowardice, with all humility I would say, it was not cowardice on my part which prompted me to adopt this *via media*. Here, at least I know the limitations under which we work. We are at present satisfied with the little benefit that is being done now and which is not denied to a future generation. It was a genuine attempt to meet a genuine need felt by all sections of the population.

Then about the data to be collected. That is one of the most important things. Certainly we have to be sure of our data, that is, as far as the extent of ownership is concerned. It was repeatedly argued by the Planning Commission that the Travancore-Cochin has not taken steps to make a survey of land holdings. The problem was serious and necessary, and we have taken steps to have a survey of land holding taken on the lines suggested by the Government of India Statistics Department. The object of the census is to collect essential data relating to the holding and cultivation of agricultural land. The census will relate to agricultural land comprised in owners, holding of all sizes. An owner's holding may be defined as the area of land owned by an individual. I beg to place these facts before the House so that the House may know the way in which the present census of land holdings is being taken. Agricultural land means the cultivable area comprised in a holding including groves and pastures.

(1) "The object of the census is to collect essential data relating to the holding and cultivation of agricultural land. The census will relate to agricultural land comprised in owner's holding of all sizes. An owner's holding may be defined as the area of land owned by an individual.

(2) Agricultural land means the cultivable area comprised in a holding including groves and pastures. All unoccupied area such as forest land and other cultivable land should be excluded.

(3) Area owned includes land held as owner as well as land held under rights of occupancy. An occupancy right may be said to exist when the holder has a minimum right of permanent inheritable possession. An area of land owned by A, but held in right of occupancy by B, will be shown as B's land and not as A's. An area of land held by two owners, a superior owner and an inferior owner, will be shown in favour of the inferior owner only. An area of land mortgaged with possession will be included in the

[Shri P. S. Nataraja Pillai]

holding of the mortgagee and excluded from the holdings of the mortgager. In the case of joint holdings, area proportional to the share of each person should be shown separately. Area owned by each individual member should be shown as a separate holding.

(4) Area under personal cultivation includes land owned other than land leased for a period of one year or more to a tenant, sub-tenant etc.

(5) To permit comparisons between different classes of land, it will be necessary to work out a suitable scale based on such criteria as productivity, land revenue, rental etc., and the holding of each individual should be reduced to standard acre based on the scale evolved.

(6) The final statements required are—

(*a*) the distribution of holdings classified according to
(i) area owned,
(ii) area given on lease, and
(iii) area owned under personal cultivation.

(*b*) the results of (a) but the area will be in terms of the standard acre."

This is the procedure adopted for the census we are conducting.

The details collected by the sample survey will be tabulated to give information on the details, of size of the holding for various categories of land and convert it into a standard acre. So, Sir, to take a census on the basis of the directions of the Planning Commission, the preliminaries and the necessary organisations have been brought into existence and they are actually at work.

Shri A. J. John : Is it not a sample survey that is envisaged?

Shri P. S. Nataraja Pillai : That is also the view of the Planning Commission. As a matter of fact that will give the actuality. That will be the replica of the general survey.

Shri A. J. John : Has not the Planning Commission in their previous report stated that where there are enough records a sample survey would be enough but in other places a general survey is necessary?

Shri P. S. Nataraja Pillai : In their present 1954 Report they have recommended only a sample survey. We have enough revenue records but we have to evolve a standard acre, which is not an existing factor but a symbolic acre. It will have to be deduced from the existing acre. Whether we evolve it from a sample survey or a general survey of the holding, the position will be the same.

Shri A. J. John : When collecting general information for a sample survey how is it possible to fix the standard acre for a

single individual, supposing it is not surveyed. How can you fix details in regard to an individual.

Shri P. S. Nataraja Pillai: As far as I am able to understand from the experts in charge of this business the whole area of the country will be divided into certain circles and regions and the various kinds of the particular cultivation, the fertility of the soil, the amou t of labour devoted and capital invested will be calculated and a regional standard will be arrived at. I myself am not an expert on this matter and I depend for my information on the men in charge of this matter.

Shri A. J. John: The difficulty so far as Travancore-Cochin is concerned is we have got permanent improvements in Travancore-Cochin. In other parts, we have only short-term crops. So it may be enough to take a sample survey there but not in Travancore-Cochin.

Shri P. S. Nataraja Pillai: That is one of the peculiar features of the land here. I know that we have cultivations of the plantation type. But perhaps the standard will be evolved taking into account the permanent cultivation

Shri A. J. John: The other day the hon. Member promised to place on the table instructions given by the Government of India.

Shri P. S. Nataraja Pillai: Even now I repeat it. It will be available for the final decisions. They are more relevant for fixation of ceilings under Section 4. We can get it at that time. But before that we have to hammer out during the Select Committee stage the other provisions of the Bill effected. If we impose limitation, we have to think how can that limitation be enforced. There I have to say that the provisions in the Bill will have to be linked up with the provisions of the Verumpattamdars Bill. My friend Mr. Govinda Menon was saying about the Jenmies of bigger areas and really of the higher order. Fixity of tenure is granted by the Verumpattamdars Bill and ownership is limited by this Bill. It means a lot of exchange. Some members expressed the view that there is no limit proposed for the tenant. I humbly submit that it is not so. In the Bill we are discussing there are provisions to fix a limit of any kind of land that any individual whether as owner or tenant can possess. Whenever land is taken away from one owner and handed over to another, the limitation imposed regarding fixity of tenure and ceilings also applied. The present proposal is to break up the areas of ownership and possession, leave certain areas with the present owner and hand over the rest to others with fixity of tenure and not add that over to other owners. But as I said earlier there is an interim period of rent paying and rent receiving. During the course of the debate one important fact was mentioned. One hon. Member pointed out that we have not taken into account the rent called upon to pay by the tenant and not allowing excess area for that. That is a point very relevant which I have not thought about earlier. It is a very valid criticism. Suppose we fix 25 acres the owners get 25 acres and the tenants also get 25 acres with the liability of paying rent. The owner gets

[Shri P. S. Nataraja Pillai]

tax-free land, the tenant with the fixity of tenure gets 25 acres with the liability of paying fair rent. No weightage for possession is allowed. I think it is a matter which the Select Committee must consider deeply.

Then, Sir, two extreme views were expressed by Mr. Balakrishnan and the hon. Member for Poonjar about the credit structure. One welcomed land losing its value as a very good social development. and the other holds the view that the destruction of credit structure by devaluation of land will not be in the best interests of the society. Both things are possible. I do not want to sit in judgment over one view or the other. One thing I feel is that the provisions of the present Bill will not go to the extent of devaluating the land to such a degree as envisaged by Balakrishnan nor will the credit structure be paralysed, as was feared by my other friend. In these matters there are certain actualities in life. So many things have to be taken on a compromise. Life itself is a series of compromises. We have to take into account of the social laws and the society will adjust itself so as to attain equilibrium.

Shri A. J. John: Is there any provision for the discharge of debts.

Shri P. S. Nataraja Pillai: There is no provision. When a land is charged to the extent of 10,000 rupees, we cannot by any change in law say that the debt must be proportionate to the land. Some areas may be more fertile and other less fertile. The division on the basis of fertility of land itself may not at times be reasonable. So it cannot be intrinsically be limited to the land ownership and limitation, which we are attempting.

Then one other point I have to say is about the disposal of Government lands. A large number of friends stated in the House that the lands which are available for disposal must be leased out. As far as the extent of forest lands in the State, it is not excessive. The Indian National Forestry Plan envisages somewhere about 35 per cent of the area of land should be forests but we have a lesser area. We have to take into consideration the geographical situation of land and the steep hill sides we have and the short space of level ground between the high mountain ranges and the zero point of the sea. Leaving that apart, whether the land at the disposal of Government should be immediately parcelled out is a matter for consideration. As long as the land at the disposal of Government do not serve a social purpose or for any useful purpose of society, the primary necessity of landless must be satisfied. But even then, we have to take note of one factor, namely the power of transfer which they get. It is known to you, Sir, and other members of the house that allotments made in the High Ranges for food productions to individuals have now accumulated in the hands of a few. As long as we are not able to prevent accumulation in the hands of a few individuals, such allotments will cause greater injury. So allotments for the really needy can be taken up only after prohibiting people from holding large areas.

So I think limitation of holding is very important and must be given utmost priority in spite of the defects—and defects there are in this Bill which I concede. And I hope the collective sense of wisdom of the House will be able to rectify such defects to a large extent.

With these words I would crave the indulgence of the House to refer the Bill to the Select Committee.

Mr. Deputy Speaker: The question is that the Travancore-Cochin Restriction on Possession and Ownership of Lands Bill be referred to the same Select Committee constituted for the Travancore-Cochin Verumpattamdars Bill, consisting of :

1. Shri A. Thanu Pillai
2. „ Panampilli Govinda Menon
3. „ A. J. John
4. „ T. V. Thomas
5. „ T. M. Varghese
6. „ P. R. Madhavan Pillai
7. „ T. K. Divakaran
8. „ A. Chidambaranatha Nadar
9. „ M. P. Menon
10. „ P. V. Avira Tharakan
11. „ N. Narayana Kurup
12. „ C. K. Ramachandran Nair
13. „ A A. D. Luiz
14. Shry. K. R Gouri
15. Shri M. P. Chandrasekhara Pillai
16. „ T. O. Bava
17. „ R. Sankaranarayanan Tampi
18. „ P. K. Chathan
19. „ K. Balakrishnan
20. „ T. S. Ramaswami
21. „ Joseph Chazhikatt
22. „ P. Kesava Menon
23. „ K. I. Velayudhan and
24. the Mover.

the quorum being 14.

The motion was put and carried.

THE SPECIAL RIGHTS IN LANDS ABOLITION BILL.

Shri P. S. Nataraja Pillai: Sir, I move that the Special Rights in Lands Abolition Bill be referred to a select committee which has been constituted and which is in charge of Verumpattamdars Bill and the Restriction on Possession and Ownership of Lands Bill. Government have circulated this Bill also for ascertaining the views of the people

[Shri P. S. Nataraja Pillai]

Opinions received on this bill have already been printed and made available to the members and it will be noticed that the opinions received mainly relate to the extension of the principle embodied in this bill to other classes of lands such as those subjected to payment of jenmikaram, lands belonging to religious institutions etc. There is bound to be some difference of opinion in the matter of compensation to be made to those class of lands. Some are of the view that it should be 20 times the present rate of basic tax. Some others want to have it reduced to 16 1/3 times and so on. These are matters that have to be gone into carefully by the select committee and I feel confident that this will be done and that the select committee would be in a position to arrive at an equitable solution. I now move that the bill be referred to a select committee.

Sir, as I have shown in the statement of objects and reasons of this bill, it is an attempt to reduce the intermediaries and also abolition of rights of certain classes of people who come in between the actual holder of the land, and the tiller of the soil. The historical incidence of that holding or the right on the land need not be gone into at the moment. I hope the House will agree with me today, that certain classes of people, a few in number, are holding their right over others in respect of certain lands. That aspect has to be taken notice of. If radical change is to be made in land holdings, the special rights have to be abolished. It is Government's attempt to bring it to a common denominator as I said the other day, so that the rights of these various tenures may be brought under a single formula. In the existing conditions we find that compensation becomes inevitable. Government decided upon providing compensation to them and the present possibilities of our State can permit of such a thing. Therefore a necessity has arisen to reduce all the tenures to a single form. If we can evolve any other method for this purpose, certainly the select committee is entitled to do it. What I envisage at the moment is, different tenures that exist in the country affect ownership. A solution has to be aimed at as early as possible so that all the lands in the State may be brought under one type and scale of ownership as regards the actual cultivator is concerned. With these words I request the House to commit this bill to the select committee.

Shri A. Achuthan: I second it.

ശ്രീ. എം. എം. മത്തായി: സർ, ഈ ബില്ല് സെലക്റ്റ് കമ്മിററിക്ക് അയയ്ക്കുന്നതിനെ ഞാൻ അനുകൂലിക്കുകയാണ്. തിരുവിതാംകൂറിലെ വിഭിന്നതരത്തിലുള്ള ഭൂവുടമസമ്പ്രദായത്തിന് കഴിയുന്നത്ര ഏകീകരണം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണല്ലോ ഈ ബില്ല് മന്ത്രിസഭ കൊണ്ടുവന്നിരിക്കുന്നത്. ഇടവക ഭൂമികളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലെ ഒരു വിഭാഗം ജനങ്ങൾ വളരെയധികം അവശതകൾ അനുഭവിക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭയിൽ, ഇടവക ഭൂമികളെ സംബന്ധിച്ച് പ്രത്യേകം സെററിൽമെൻറ് രജിസ്റ്റർ ഗവണ്മെൻറിന്റെ കൈയിലു

ണ്ടോയെന്നു ചോദിച്ചതിന് ഇല്ലെന്നാണു മറുപടി പറഞ്ഞതു്. സാധാരണയുള്ള റവന്യൂ റിക്കാർഡുകളിലെങ്ങുംതന്നെ ഇതിനെപ്പററി ശരിയായ വിവരങ്ങൾ കാണുകയില്ല. അങ്ങനെ അശാസ്ത്രീയമായ സമ്പ്രദായത്തിൽ റിക്കാർഡുകൾ സൂക്ഷിക്കുകയും, കരം പിരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ഭൂവുടമസമ്പ്രദായമാണ് ഇടവകഭൂമിയെ സംബന്ധിച്ചിടത്തോളമുള്ളതു്. ഇടവക ഭൂമികളിൽ അധിവസിക്കുന്ന കുടിയാന്മാർ വളരെക്കാലമായി അവരുടെ അവശതകൾക്കു പരിഹാരമുണ്ടാക്കിക്കൊടുക്കുവാൻ നിവേദനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്. അനർഹമായ വിധത്തിൽ അവർ ഇടവക ഉടമസ്ഥന്മാർക്കു് കരം കൊടുത്തുകൊണ്ടിരിക്കുന്നു. കരത്തിന് ഒരു പരിമിതിയോ ഒരു നിശ്ചയമോ ഇല്ല. അതിലേക്കു എന്റെ അറിവിൽപ്പെട്ടിട്ടുള്ള ഒരുദാഹരണം പറയാം. പല വസ്തു ഉടമസ്ഥന്മാർക്കും അവർ കൊടുക്കേണ്ട കരം എന്താണെന്നു ഇന്നും നിശ്ചയമില്ല. ഓരോ പാർവ്വത്യകാരോ, അല്ലെങ്കിൽ കരം ഈടാക്കുന്നതിൻ ചുമതലപ്പെട്ട പിള്ളമാരോ നിശ്ചയിക്കുന്ന കരമാണു് അവർ ഇന്നും കൊടുത്തുകൊണ്ടിരിക്കുന്നതു്. എന്റെ അയൽപക്കത്തു ഒരു സാധുസ്ത്രീ പതിവായി ആണ്ടുതോറും മൂന്നരരൂപ കരം കൊടുത്തുകൊണ്ടിരുന്നു. ഭാഗ്യവശാൽ അവിടത്തെ പാർവ്വത്യകാർക്കു് എന്തോ അസുഖം വന്നതിന്റെ ഫലമായി അദ്ദേഹം രണ്ടുമൂന്നു മാസത്തെ അവധി എടുത്തു. പകരം വന്ന പാർവ്വത്യകാരുടെ പക്കൽ പതിവുപോലെ മൂന്നര രൂപ കരം ഏൽപ്പിച്ചു. എന്നാൽ ആ പാർവ്വത്യകാർ മൂന്നരച്ചക്രം കരം എടുത്തുകൊണ്ടു ബാക്കി രൂപ ആ സാധുസ്ത്രീയെ ഏൽപ്പിക്കുകയാണുണ്ടായതു്. ആ സ്ത്രീ അത്ഭുതപ്പെട്ടുപോയി. മൂന്നരച്ചക്രം മാത്രം കരമെടുത്തതു് എന്തുകൊണ്ടാണെന്നു ആ സ്ത്രീ ചോദിച്ചപ്പോൾ വാസ്തവത്തിൽ കരം അത്രയെ ഉള്ളുവെന്നും, അന്യായമായിട്ടാണു ഇതിനുമുമ്പു് കരം എടുത്തിരുന്നതെന്നും ആ പാർവ്വത്യകാർ പറഞ്ഞുവത്രെ. സർ, ഇങ്ങനെ പാർവ്വത്യകാരന്മാർ അന്യായം കാണിച്ചാൽ അവരെപ്പററി ആരോടു പരാതിപ്പെടണം? ഓരോ ഇടവകയിലും മാനേജരന്മാരെ വച്ചിട്ടുണ്ടു്: ഈ മാനേജരന്മാരെ ഏതെങ്കിലും വിധത്തിൽ കാഴ്ചവച്ചോ, മററുതരത്തിലോ ഈ പാർവത്യകാരന്മാർ കൈവശപ്പെടുത്തിവച്ചിട്ടുണ്ടു്. ആ മാനേജരന്മാരോടു പരാതിപ്പെട്ടാൽ, വിശേഷമൊന്നുമില്ല. ഇവരെപ്പററി തഹശീൽദാരന്മാരുടെ അടുക്കലോ, ഡിസ്ട്രിക്ററ് കളക്ടർമാരുടെ അടുക്കലോ, റവന്യൂ ബോർഡിലോ പരാതിപ്പെടാൻ നിവൃത്തിയില്ല. അവർക്കു ഇടവക പാർവ്വത്യകാരന്മാരുടെ മേലോ ഉദ്യോഗസ്ഥന്മാരുടെ മേലോ യാതൊരു നിയന്ത്രണവുമില്ല. ഈ വിധത്തിൽ പല ദുരിതങ്ങളും ഇന്നു ഇടവക കുടിയാന്മാർ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

സർ, ഈ ബിൽ സെലക്ററുകമ്മിററിയുടെ പരിശീലനയിൽ വരുമ്പോൾ ശ്രദ്ധിക്കേണ്ട ഒന്നുരണ്ടു കാര്യങ്ങൾകൂടി എനിക്കു പറയേണ്ടതായിട്ടുണ്ടു്. ഇടവക ഭൂമികളിൽ പാട്ടവസ്തുക്കളെന്നും; ഒററിവസ്തുക്കളെന്നും പല ഭൂവുടമസംപ്രദായമുണ്ടു്. ഇരുന്നൂറും മുന്നൂറും വർഷങ്ങളായി കൈവശംവച്ചനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ അടുക്കൽവന്നു് പാർവ്വത്യകാർ പറയും ഇതു പാട്ടവസ്തുവാണു്, അതുകൊണ്ടു പാട്ടം കൊടുക്കണം എന്നു്. ഇങ്ങനെ പലപ്പോഴും ഇടവക ഉദ്യോഗസ്ഥന്മാർ വന്നു് പലവിധത്തിൽ കുടിയാന്മാരെ അലട്ടുന്നുണ്ടു്. ഈ ഇടവക ഭൂമികൾ പലതിനും ഇവർ തറവില വാങ്ങിക്കൊടുത്തിട്ടുള്ളതാണു്. വീണ്ടും കരം വാങ്ങിക്കുന്നതിൽ തത്വപരമായോ, രാഷ്ട്രീയമായോ യാതൊരു അടിസ്ഥാനവുമില്ല.

[ശ്രീ. എം. എം. മത്തായി]

ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന സ്പെഷ്യൽ റൈറ്റ്സ് ആൺ ലാൻഡ് അബോളിഷൻ നിയമപ്രകാരം ഈ കരമെല്ലാം നിറത്ത് ബേസിക് ടാക്സ് അനുസരിച്ച് കരം ഈടാക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിച്ചിരിക്കുകയാണല്ലോ. അതുനെ ചെയ്യുമ്പോൾ ഈ ബില്ലിലെ 4-ാംവകുപ്പ് പ്രകാരം ഈ വസ്തുക്കൾക്ക് കാമ്പൻസേഷൻ കൊടുക്കുന്ന രീതിയെപ്പറ്റി പറയുന്നുണ്ട്. ഈ ഭൂമിക്ക് ഇത്ര ഭീമമായ കാമ്പൻസേഷൻ കൊടുക്കേണ്ട ആവശ്യകത ഞാൻ കാണുന്നില്ല. ഈ കാമ്പൻസേഷൻ കൊടുക്കേണ്ടതു ആരാണ്? 5-ാംവകുപ്പിൽ കരത്തിന്റെയും, ബേസിക് ടാക്സിന്റെയും വ്യത്യാസത്തിന്റെ $16\frac{2}{3}$ ഇരട്ടി വസ്തു ഉടമസ്ഥന്മാർ കൊടുക്കണമെന്നാണു പറയുന്നതു്. സർ, ആ തത്വത്തെ ഞാൻ എതിർക്കുന്നു., കുടിയാനവന്മാരിൽനിന്നും ഒരൊററച്ചക്രം പോലും കാമ്പൻസേഷനായി ഈടാക്കാൻ പാടില്ല. ബേസിക് ടാക്സിന്റെ താൽപ്പര്യം വസ്തു കൈവശക്കാർക്ക് അനുഗുണമായി വരണമെന്നാണു ഗവണ്മെന്റിന്റെ ഉദ്ദേശമെങ്കിൽ, ഈ കാമ്പൻസേഷൻ കുടിയാനവന്മാരെക്കൊണ്ടു കൊടുപ്പിക്കുന്നതു് നീതികരിക്കാവുന്നതല്ല. ഒരുമാതിരി ഇടപ്രഭുക്കന്മാരാണു് ഇടവക ചീഫുകൾ. തിരുവിതാംകൂർ മഹാരാജാവിനേയും മററു രാജാക്കന്മാരേയും രാജപ്രമുഖന്മാരാക്കിയപ്പോൾ അവർക്കു കാമ്പൻസേഷൻ കൊടുത്തതു് ഗവണ്മെന്റാണു്. ഈ ഇടവക ഭൂമികളിൽനിന്നും റക്കറിംഗ് ഇൻകം ഗവണ്മെന്റിലേയ്ക്കു് കിട്ടുന്നുണ്ട്. അതുകൊണ്ടു നിശ്ചയമായും കാമ്പൻസേഷൻ കൊടുക്കണമെന്നുണ്ടെങ്കിൽ അതു കൊടുക്കേണ്ട ചുമതല ഗവണ്മെന്റിനാണുള്ളതു്. ഏതെങ്കിലും ന്യായമായ ഒരു തുക നിശ്ചയിച്ചു് ഗവണ്മെന്റു കൊടുക്കുകയല്ലാതെ, കുടിയാനവന്മാരിൽനിന്നും ആ തുക ഈടാക്കാൻ പാടില്ലെന്നാണു എന്റെ അഭിപ്രായം. സെലക്ററു കമ്മിററിയും ഗവണ്മെന്റും അക്കാര്യം ശ്രദ്ധിക്കേണ്ടതാണു്.

(Mr. Speaker in the chair)

സർ, സോഷ്യലിസ്ററു ഗവണ്മെന്റു എന്നഭിമാനിക്കുന്ന ഒരു ഗവണ്മെന്റാണല്ലോ ഇപ്പോഴുള്ളതു്. സോഷ്യലിസ്ററു ഗവണ്മെന്റിന്റെ മുദ്രാവാക്യം ജന്മിത്വം അവസാനിപ്പിക്കുക എന്നുള്ളതാണു്. അതാണു ഗവണ്മെന്റിന്റെ അടിസ്ഥാനതത്വമെങ്കിൽ അതിനുവേണ്ടിയാണു ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതെങ്കിൽ ഒരുതരത്തിലുള്ള ജന്മിത്വവും വച്ചുപുലർത്തേണ്ട ആവശ്യമില്ല. ഈ സ്പെഷ്യൽ റൈറ്റ്സു അബോളിഷൻ ബില്ലിൽ ഇടവകക്കാർക്കും ജന്മിമാർക്കും ഭൂമിയിലുള്ള എല്ലാ അവകാശങ്ങളും അവസാനിപ്പിക്കേണ്ടതാണു്. ശ്രീപണ്ടാരവകയും, ഇടവകയും, ശ്രീപാദംവകയും ആയുള്ള വസ്തുക്കൾ മാത്രമല്ല ഈ ബില്ലിൽപ്പെടുന്നവയായുള്ളതു്. ഇവിടെ ജന്മിവകവസ്തുക്കൾ എന്നുപറയുന്ന ഒരിനം വസ്തുക്കൾകൂടിയുണ്ടു്. ജന്മികളുടെ ആധിപത്യവും ഭൂമിയിൽ അവർക്കുള്ള മററു അവകാശങ്ങളും എല്ലാം നശിച്ചുകഴിഞ്ഞുവെങ്കിലും ജന്മിക്കരം എന്നൊന്നു ഇപ്പോഴുമുണ്ടു്. ജന്മിവക വസ്തുക്കൾക്കു ബേസിക്കു് ടാക്സു് കൊടുക്കണം. കൂടാതെ ജന്മിക്കരവും കൊടുക്കണം. അതുകൊണ്ടു ഇതുപോലെ എന്തെങ്കിലും കാമ്പൻസേഷൻ കൊടുത്തോ മറേറാ ജന്മിത്വവും ജന്മിക്കരവും പാടേ അവസാനിപ്പിക്കുന്നതിനു് വേണ്ട വ്യവസ്ഥകൾ ഈ ബില്ലിൽ കൂടുതലായി പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണു്.

തെക്കൻതിരുവിതാംകൂറിലും, തിരുവിതാംകൂറിലേ മിക്കവാറും മററ് എല്ലാ പകുതികളിലും, അതിൻെറ ഉൽഭവംപോലും അറിയാൻപാടില്ലാത്ത, ഒരുവക കരം കൊടുക്കുന്നുണ്ട്. തിരുപ്പുവാരം എന്നാണു അതിൻെറ പേർ. അതു ആൎക്കു കൊടുക്കേണ്ടതാണെന്നോ, അതിൻെറ തത്വം എന്താണെന്നോ ഭൂവുടമസ്ഥന്മാൎക്കും ഈ തുക വാങ്ങുന്ന ആളുകൾക്കും സൎക്കാരിനു തന്നെയും അറിയാമോ എന്നു സംശയമാണ്. ശരിയായ സൎക്കാർ റിക്കാർഡുകൾപോലും ഇതിനുണ്ടെന്നു തോന്നുന്നില്ല. അതും ഭൂമിയിലുള്ള സ്പെഷ്യൽ റൈററ്സ് ആണ്. ഇതു നിറുത്തുന്നതിനുള്ള ഒരു വകുപ്പും ഈ ബില്ലിലില്ല. ലാൻഡ് ടാക്സ് കമ്മിററിയിൽ ഇതിനെപ്പററിയും ആലോചന വന്നപ്പോൾ ഈ ജന്മിക്കരവും തിരുപ്പുവാരവും നിറുത്തൽ ചെയ്യുന്നതിനെപ്പററി ഞങ്ങൾ വാദിച്ചു. അന്ന് ഇപ്പോൾ ലാൻഡ് ടാക്സിനെപ്പററിമാത്രം ആലോചിക്കേണ്ടതായിട്ടുള്ളതുകൊണ്ടു ഇക്കാൎയ്യങ്ങളെപ്പററി ചൎച്ചചെയ്യുവാൻ നിവൃത്തിയില്ലെന്നാണ് ലാൻഡ് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞതു്. അതു് പ്രത്യേകമായി പരിഗണിക്കുന്നതിന് വിരോധമില്ലെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ അതിനു പററിയ ഒരവസരമാണിതു്. അതുകൊണ്ടു സെലക്ററുകമ്മിററി ഈ രണ്ടു കാൎയ്യങ്ങളെ സംബന്ധിച്ച്, ജന്മിക്കരവും തിരുപ്പുവാരവും നിറുത്തലാക്കുന്നതിനെപ്പററി ഗാഢമായി ആലോചിക്കേണ്ടതാണ്. തിരുപ്പുവാരമായി ഏക്കറിന് 25 പറയും അതിൽക്കൂടുതലും നെല്ലും, പിന്നെ പണവും കൊടുക്കുന്നുണ്ട്. ഇതു എന്തിനുവേണ്ടിയാണെന്നു ആൎക്കും നിശ്ചയമില്ല. അതുകൊണ്ടു് തിരുപ്പുവാരവും, ജന്മിക്കരവും പാടേ നിൎത്തുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ പുതുതായി എഴുതിച്ചേൎക്കുകയും എല്ലാവിധ ജന്മിത്വവും സ്പെഷ്യൽ റൈററ്സും അവസാനിപ്പിക്കുകയും വേണം.

എല്ലാ ഭൂമികൾക്കും ബേസിക്ടാക്സ് ഏൎപ്പെടുത്തുവാൻ നിശ്ചയിക്കുമ്പോൾ ഈമാതിരിയുള്ള വൈകല്യങ്ങളെല്ലാം പരിഹരിക്കുവാൻ നോക്കേണ്ടതാണ്. ഇടവക ഭൂമികളെ സംബന്ധിച്ചാണെങ്കിൽ, ഇടപ്പള്ളി വഞ്ചിപ്പുഴ മുതലായ ഇടവക കച്ചേരികളിൽ കുറെ റിക്കാർഡുകൾ കാണും. ഏററവും അശാസ്ത്രീയമായ രീതിയിൽ സൂക്ഷിച്ചിരിക്കുന്ന റിക്കാർഡുകളാണവ. എൻെറ പേരിൽ 15 ഏക്കറോളം സ്ഥലം റിക്കാർഡുനോക്കിയാൽ കാണും. എന്നാൽ വസ്തു കാണുകയില്ല. കരം ഞാൻതന്നെ കൊടുക്കേണ്ടതായും വരും. അതുകൊണ്ടു ശരിയായ ഒരു സൎവ്വെയും സെററിൽമെൻറും നടത്തി വസ്തു ഉടമസ്ഥന്മാൎക്ക് ഭൂമിയുടെ കൈവശം നിജപ്പെടുത്തിക്കൊടുക്കേണ്ടതും ആവശ്യമാണ്. ഇങ്ങനെയുള്ള ഇടവക ഭൂമികളെ സംബന്ധിച്ചിടത്തോളവും ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾക്ക് പരിഹാരം വരുത്തണമെന്നും, ഇടവക ജന്മികൾക്കു ഒരു കാരണവശാലും കുടിയാൻ കാമ്പൻസേഷൻ കൊടുക്കാൻ ഇടവരുത്താത്തതായ വ്യവസ്ഥകൾ ഈ ബില്ലിൽ കൊള്ളിക്കണമെന്നും, ഈ ബിൽ സെലക്ററുകമ്മിററിക്കു വിധേയമാക്കണമെന്നും, സെലക്ററുകമ്മിററി ഈ കാൎയ്യങ്ങൾ എല്ലാം പരിഹരിക്കണമെന്നും, നീതിപൂൎവ്വകമായ ഒരു നിയമമായി ഈ ബില്ലിനെ രൂപാന്തരപ്പെടുത്തണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. കെ. പി. ഗോപാലമേനോൻ: സർ, ഈ ബിൽ സെലക്ററുകമ്മിററിക്കു അയക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ അനുകൂലിച്ചുകൊണ്ടു് ഒന്നുരണ്ടു പ്രധാന കാൎയ്യങ്ങൾ ഇടവക ഭൂമികളെ സംബന്ധിച്ചിടത്തോളം ഉള്ള വ്യവസ്ഥകളെ ആസ്പദമാക്കി പ്രത്യേകമായി ഈ സഭയുടെ

[ശ്രീ. കെ. പി. ഗോപാലമേനോൻ]

ശ്രദ്ധയ്ക്കു വിഷയമാക്കാമെന്നു വിചാരിക്കുന്നു. ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്, പൂഞ്ഞാർ, വണ്ടിപ്പെരിയാർ, കിളിമാനൂർ, ഇടപ്പള്ളി ഇങ്ങനെ നാലു ഇടവകകളാണു്. ഈ നാലു ഇടവകകളിലുമുള്ള വസ്തുക്കൾ അനുഭവിക്കുന്നവർ വളരെ കൊല്ലങ്ങളായി അവർക്കു അനുവദിച്ചു കിട്ടിയിട്ടുള്ള അവകാശങ്ങളുടെ അടിസ്ഥാനത്തിൽ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, അവർക്കു കിട്ടിയിട്ടുള്ള അവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നതൊ അതല്ലെങ്കിൽ അവർക്കു ഭാവിയിൽ വളരെ ദോഷകരമായതോ ആയ ചില വ്യവസ്ഥകളാണു് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അവയുടെ വിശദാംശങ്ങളിലേയ്ക്കു ഞാൻ കടക്കുന്നില്ലെങ്കിലും ഒന്നുരണ്ടു പ്രധാന സംഗതികൾ സെലക്ററുകമ്മിററിയുടെ ശ്രദ്ധയിൽ കൊണ്ടുവരുത്തിയാൽക്കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇടവക ചീഫുകൾക്കു ഈ വക വസ്തുക്കൾ എങ്ങനെ കിട്ടിയെന്നുള്ളതിലേയ്ക്കു പല അഭിപ്രായഗതികളുമുണ്ടെങ്കിലും അവയുടെ പൂർവ്വചരിത്രത്തിലേയ്ക്കു കടക്കണമെന്നു വിചാരിക്കുന്നില്ല. ഏതായാലും അവർക്കു ഈ ഭൂമി കിട്ടിയിട്ടുള്ളതു് തിരുവിതാംകൂറിലെ പണ്ടാരവക കുടിയാന്മാർക്കു കിട്ടിയിട്ടുള്ളതുപോലെയല്ലായെന്നു ധൈര്യമായി പറയാൻ കഴിയും. മാത്രവുമല്ല, അവർ ഇന്നു ഭൂമി അനുഭവിക്കുന്നതു സാധാരണ ജന്മിമാരും കുടിയാന്മാരും അനുഭവിക്കുന്നതുപോലെയുള്ള വ്യവസ്ഥകളിൽ അല്ലെന്നും വ്യക്തമാണു്. അതുപോലെതന്നെ ഇടവക ഭൂമി അനുഭവിക്കുന്ന അനുഭവക്കാരന്റെ കൈവശാവകാശവും ഒരു സാധാരണ കുടിയാന്റെ അവകാശംപോലെയുള്ളതല്ലെന്നും വ്യക്തമാണു്. ഇടവക ചീഫുകളുടെ എസ്റ്റേററുകളെ സംബന്ധിച്ചു് രണ്ടു നിയമങ്ങൾ ഉണ്ടായിട്ടുണ്ടു്. 1068-ലെ നാലാംറഗുലേഷൻ അനുസരിച്ചു്, ഇടപ്പള്ളി, കിളിമാനൂർ ഇടവകകളെ സംബന്ധിച്ചു് ചില നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ടു്. ആ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഈ രണ്ടു ഇടവകയിലുമുള്ള ഭൂമി അവയുടെ അനുഭവക്കാർക്കുതന്നെ സ്വന്തമാക്കി സാധാരണ വെറും കുടിയാൻ എന്നുള്ള നില മാററി യഥാർത്ഥ വസ്തു ഉടമസ്ഥന്മാരെപ്പോലെ ആക്കിത്തീർത്തിട്ടും ഉണ്ടു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു് ഇവിടത്തെ ഗവണ്മെന്റിന്റെയും ഭൂവുടമകളുടെയും ഭൂമിയെ സംബന്ധിച്ചുള്ള അവകാശവും ബന്ധവുമാണു് ഇടപ്പള്ളി, കിളിമാനൂർ ഈ ഇടവക ഭൂമികൾ അനുഭവിക്കുന്നവർക്കും ഉള്ളതെന്നു്. ഇടവക ഭൂമിയിൽ അനുഭവക്കാർക്കുള്ള അവകാശങ്ങളെ സംബന്ധിച്ചു് 1068-ലെ 4-ാം റഗുലേഷൻ 2 മുതൽ 6 വരെ വകുപ്പുകളിൽ പറയുന്നതു് ഇപ്രകാരമാണു്.

Regulation IV of 1068.

Section 2. "The holders of land in the estates of Kilimanoor and Edapally shall have the same rights in respect of their holdings as the holders of lands under our Government".

Section 3. "The rent recoverable from the holders of land in the said estates shall be at the rates assessed by our Government from time to time."

Section 4. "The granting of waste lands shall be regulated in respect of permanency of occupation and the rates of assessment by the law and rules for the time being in force for the Government waste lands."

Section 5. "The records are to be kept in the form in which our Government accounts are kept and they shall be subject to the supervision of our Government."

Section 6. "The rents to estates shall be treated as public revenue and shall be recovered by our officers in the manner as prescribed by the Regulation I of 1068."

മേൽ ഉദ്ധരിച്ച വ്യവസ്ഥകളനുസരിച്ച് ഈ വകഭൂമികൾ ചീഫിന്റെ വകയായി പരിഗണിക്കപ്പെട്ടിട്ടുണ്ടെങ്കിലും പണ്ടാരവക ഭൂമികളിൽ ഉള്ള കൈവശാവകാശംപോലെ അനുഭവക്കാർ അതാതുകാലത്തു സർക്കാർ നിശ്ചയിക്കുന്ന കരവും കൊടുത്തു ഭൂമികളുടെ ഉടമകളായിത്തീർന്നിട്ടുള്ളതുമാകുന്നു. എന്നാൽ ഈ ബില്ല് നിയമമാകുന്നതോടുകൂടി ഇവരുടെ ഈ വക അവകാശങ്ങൾ ഇല്ലാതാകുകയാണു ചെയ്യുന്നത്. അതുപോലെ തന്നെ 109-ലെ 3-ാം റഗ്യുലേഷൻ അനുസരിച്ച് വഞ്ഞിപ്പുഴ, പൂഞ്ഞാർ ഇടവക ഭൂമികൾക്കും അവയുടെ അനുഭവക്കാരെ സംബന്ധിച്ച് മുൻപു പറഞ്ഞതുപോലെയുള്ള നിയമനിർമ്മാണം നടപ്പാക്കിയിട്ടുണ്ട്. ആ വസ്തുക്കളിലെ അനുഭവക്കാർക്കും പണ്ടാരപ്പാട്ടവസ്തുക്കളുടേതുപോലെ സകലവിധ ഉടമാവകാശങ്ങളും നിയമംമൂലം നൽകിയിട്ടുണ്ട്. 109-ലെ 3-ാം റഗ്യുലേഷൻ അനുസരിച്ച് അതായതു റഗ്യുലേഷനിലെ ഏഴും എട്ടും വകുപ്പനുസരിച്ച് തറവിലയും തടിവിലയും കെട്ടിവച്ച് പണ്ടാരവക ഭൂമിയെപ്പോലെ സർക്കാർ കരവുംകൊടുത്തു ഭൂമി അനുഭവിച്ചുകൊള്ളുന്നതിനു സ്ഥിരാവകാശം കൊടുത്തിരിക്കയാണ്. 1121-ൽ ഇവിടെ ബേസിക്ക് ടാക്സ് നടപ്പാക്കിയപ്പോൾ ഇടവക വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിലെ വ്യവസ്ഥകൾ ബാധകമാക്കേണ്ടതായിരുന്നു. അന്ന് എന്തോ സംഗതിവശാൽ അപ്രകാരം ചെയ്യാതെ ഇരുന്നു. ഇടപ്പള്ളി, കിളിമാനൂർ ഈവക ഭൂമികൾക്കു പണ്ട് സർക്കാരിൽ നിന്നും നിശ്ചയിച്ചിട്ടുള്ള കരം മാത്രമാണ് അവർ കൊടുത്തിട്ടുള്ളത്. 1068-ലെ നിയമവും 109-ലെ നിയമവും അനുസരിച്ച് ഇവർ പണ്ടാരവക വസ്തുക്കളുടെ ഉടമകളെപ്പോലെ ആയിരിക്കയാണ്. അങ്ങനെയിരിക്കെ അതിൽ കൂടുതലായുള്ള ഒരു ബാദ്ധ്യതയും ന്യായമായി ഇവരുടെ മേൽ ചുമത്താൻ പാടില്ലെന്നാണ് ഞാൻ പറയുന്നത്. ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ച്, ഇടവക ചീഫുകൾക്ക് കാമ്പൻസേഷൻ കൊടുക്കേണ്ടതായിട്ടാണു വരുന്നത്. ഈ ഒരവസ്ഥയുണ്ടാകുന്നത് വാസ്തവത്തിൽ വലിയ അനീതിയാണ്, അന്യായമാണ്. പണ്ടാരപ്പാട്ടവസ്തു ഉടമകൾ ബേസിക്ടാക്സ് കൊടുക്കുന്നതുപോലെ ഇടവക വസ്തുക്കൾ അനുഭവിക്കുന്നവരും ബേസിക്ടാക്സ് കൊടുത്താൽ മതിയെന്നുപറയാൻ ഗവണ്മെൻറിനു ഒരു നോട്ടിഫിക്കേഷന്റെ ആവശ്യമേയുള്ളൂ. ഇടവക ജന്മികൾതന്നെ ഇവരിൽനിന്നും ടാക്സ് മതിയെന്നു സമ്മതിച്ചിരിക്കുന്ന സ്ഥിതിക്ക് അതുപോരാ, കാമ്പൻസേഷൻ കൊടുത്തേ മതിയാവൂ എന്നു ഗവണ്മെൻറു പറയാൻ തുടങ്ങുന്നതു വളരെ കഷ്ടമാണ്. അതും ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന കരത്തിൽനിന്നും ബേസിക്ടാക്സ് നീക്കി ബാക്കി തുകയെ 16⅔ കൊണ്ടു ഗുണിച്ചുവരുന്ന തുക കാമ്പൻസേഷനായി പതിനേഴ കൊല്ലം കൊണ്ടു അടച്ചുതീർക്കണമെന്നുവരുന്നതു ഈ സാമ്പത്തികാധഃപതനകാലത്തു എത്രത്തോളം വിഷമമുണ്ടാക്കുന്നതും അനീതിയുംആയ ഒരു കാര്യമാണെന്നു ഗവണ്മെൻറ് ചിന്തിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഞാൻ മുൻപു

[ശ്രീ. കെ. പി. ഗോപാലമേനോൻ]

പറഞ്ഞ നിയമങ്ങൾകൊണ്ടുതന്നെ ഇടവകകളുടെ ജന്മിത്വം നശിച്ചിരിക്കയാണ്. അവയ്ക്കു അനുഭവക്കാക്ക് ബേസിക്ടാക്സ് മാത്രം കൊടുത്താൽ മതി. എന്നാൽ ഇവിടെ ബേസിക് ടാക്സ് ഏർപ്പെടുത്തിയപ്പോൾ ഇവരെ ഒഴിവാക്കുകയാണു ചെയ്തത്. അന്നുമുതൽക്കേ അവരെക്കൂടി ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ഭൂ അനുഭവക്കാക്ക് അതു വലുതായ ആശ്വാസമായിരുന്നേനെ. നേരേ മറിച്ച് ഇടവക ചീഫുകൾക്കു പഴയ കരം വാങ്ങിക്കുന്നതിനുള്ള സൗകര്യമാണു ഗവണ്മെൻറ് ഉണ്ടാക്കിക്കൊടുത്തത്. ഇടവക എന്നുപേരുള്ള ഒരു വലിയ ഭൂവിഭാഗത്തിൽനിന്നും ഒരു പൈ പോലും കരമായി ഗവണ്മെൻറിനു കിട്ടുന്നുമില്ല. ഇടവക ചീഫുകൾക്ക് കരം കൊടുക്കുന്ന രീതി മാററി സർക്കാരിലേക്കു ബേസിക്ടാക്സ് കൊടുക്കുവാനുള്ള ഒരു വ്യവസ്ഥയുണ്ടാക്കുന്നതുകൊണ്ടു ആണ്ടൊന്നുക്കു ഇരു ഗവണ്മെൻറിലേക്ക് സ്ഥിരമായി ഒരു വലിയ സംഖ്യ വരുമാനമുണ്ടാകുന്നതാണ്. അതുകൊണ്ട് എനിക്കു പറയുവാനുള്ളത്, ഒരു കാരണവശാലും ഇടവക ചീഫുകൾക്ക് അനുഭവക്കാരിൽനിന്നും യാതൊരു തുകയും കാമ്പൻസേഷനായി കൊടുക്കാൻ നിർബന്ധിക്കരുതെന്നും, അങ്ങനെ നിർബന്ധിക്കുന്ന യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ഉൾക്കൊള്ളിക്കരുതെന്നും, ഇപ്പോൾ ഈ ബില്ലിൽ കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ എടുത്തുകളയേണ്ടതാണെന്നുമാണ്. ഏതവസ്ഥയിലും നഷ്ടപരിഹാരം കൊടുക്കണമെന്നുണ്ടെങ്കിൽ അതു് സർക്കാർ കൊടുക്കണം. എന്തുകൊണ്ടെന്നാൽ നഷ്ടപരിഹാരം കൊടുക്കാൻ ഭൂ അനുഭവക്കാർ ബാദ്ധ്യസ്ഥരല്ല. സർക്കാരിലേക്ക് ഇതുവരെയും ഒരു സംഖ്യയും ഇടവകകളിൽനിന്നും കിട്ടിയിരുന്നില്ല. മേലാൽ എന്നെന്നേക്കും സർക്കാരിനു ബേസിക് ടാക്സ് കിട്ടും. കൂടാതെ മുൻപ് സർക്കാരിൽനിന്നു അബ്കാരി വകയിലും മററും ഇടവകകൾക്കു കൊടുത്തിരുന്ന ഒരു സംഖ്യയും ഇപ്പോൾ കൊടുക്കേണ്ട. അതുകൊണ്ട് ഈ സർക്കാരിനു ഇടവകകൾക്കു നഷ്ടപരിഹാരം കൊടുക്കണമെന്നു തോന്നുന്നപക്ഷം $16\frac{2}{3}$ ഇരട്ടി കൊടുക്കുവാൻ അനുവദിക്കത്തക്കതല്ല. ഒന്നുകിൽ എട്ടിരട്ടിയോ അല്ലെങ്കിൽ ഗവണ്മെൻറിനു യുക്തമെന്നു തോന്നുന്ന ഒരു ചെറിയ സംഖ്യയോ മാത്രമേ കൊടുക്കുവാൻ പാടുള്ളൂ. എന്നാണ് എന്റെ അഭിപ്രായം.

ഇടപ്പള്ളി ഇടവകയെ സംബന്ധിച്ചിടത്തോളം, ഇടപ്പള്ളി ചീഫ് അദ്ദേഹത്തിന്റെ സന്മനസ്സു തോന്നിയിട്ടു ആ ഇടവക ഭൂമി അനുഭവിക്കുന്ന ആളുകൾക്കു ബേസിക്ടാക്സ് മാത്രം കൊടുത്താൽ മതിയെന്നും നഷ്ടപരിഹാരം ആവശ്യമില്ലെന്നും സർക്കാരിലേക്കു എഴുതി അറിയിക്കുകയുണ്ടായിട്ടുണ്ട് എന്നുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു നേരത്തെ അതായതു്, 1952 ഒക്ടോബർ 21-ാംനു- ആണ്. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇടപ്പള്ളി ചീഫിന്റെ ഔദാര്യപൂർവ്വമായ ഈ പ്രവൃത്തിയിലുള്ള മഹാമനസ്കതയും ഈ സഭയുടെ ദൃഷ്ടിയിൽ വരേണ്ടതാണ്. അതുപോലെ മററു ചീഫുകൾക്കും മഹാമനസ്കത ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

കണ്ടുകൃഷി വസ്തുക്കളെ സംബന്ധിച്ച് എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. കണ്ടുകൃഷി വസ്തുക്കൾ ഇന്നു സർക്കാരിലേക്കു വീട്ടുകിട്ടിയിരിക്കുക

യാണല്ലോ. അതുകൊണ്ടു് ആ വസ്തുക്കളേയും ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം.

ശ്രീ. പി. എസ്. നടരാജപിള്ള: കണ്ടുകൃഷിവസ്തുക്കളെ സംബന്ധിച്ചിടത്തോളം എല്ലാ അവകാശങ്ങളും ഗവണ്മെന്റ് വിട്ടുകൊടുത്തു. ബേസിക്ടാക്സ് ആക്കാൻ ഗവണ്മെന്റ് പ്രൊസീഡിംഗ്സ് ആയിട്ടുണ്ടു്.

ശ്രീ. കെ. പി. ഗോപാലമേനോൻ: എന്നാൽ വളരെ സന്തോഷം. ശ്രീപാദം കുത്തകപ്പാട്ടവസ്തുക്കളെ ഈ ബില്ലിൽനിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. അതുംകൂടി ഉൾപ്പെടുത്തണമെന്നാണു് എന്റെ അഭിപ്രായം. അതു ഒഴിവാക്കാനുള്ള കാരണം മനസ്സിലായില്ല. ഇങ്ങനെ ഏതാനും ചില സംഗതികൾ സെലക്ററുകമ്മിററിയിൽ പര്യാലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. എം. പി. മേനോൻ: സർ, ഈ ബില്ലിന്റെ തത്വത്തേയും ഉദ്ദേശത്തേയും എതിർക്കാൻ നിവൃത്തിയില്ല. എങ്കിലും ഇതിന്റെ സ്കീമിനെ സംബന്ധിച്ചു് ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ മാത്രമാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ശ്രീപാദം, ശ്രീപണ്ടാരവക, ഇടവക എന്നീ പ്രത്യേകാവകാശങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ഒരു സ്കീമാണു് ഈ ബില്ലിൽ കാണുന്നതു്. ഇന്നു് ഇടവക ചീഫിനു കിട്ടിക്കൊണ്ടിരിക്കുന്ന ആദായത്തിൽനിന്നും, ബേസിക്ടാക്സ് കഴിച്ചു് ബാക്കിയുള്ള ആദായത്തിനു് അങ്ങാടിവില അനുസരിച്ചു് നഷ്ടപരിഹാരം നൽകുവാനുള്ള ഒരു വ്യവസ്ഥയാണു് ഈ ബില്ലുള്ളതു്. ഇടപ്പള്ളി ഇടവകയിൽപ്പെട്ട ആളുകളിൽ ഒരേക്കറിനു് ഏകദേശം 100 രൂപാ വരെ കരം കൊടുക്കേണ്ട ആളുകൾ ഉണ്ടു്. ബേസിക്ടാക്സ് ആയാൽ അതു് ഒരു രൂപ 9 അണ മാത്രം കൊടുത്താൽ മതി. 100 രൂപ കരം കൊടുത്തുകൊണ്ടിരിക്കുന്ന വസ്തുവിനു് ബേസിക്ടാക്സ് കഴിച്ചുള്ള 98 രൂപ 7 അണയുടെ $16\frac{2}{3}$ ഇരട്ടി വില ഗവണ്മെന്റ് ഇടപ്പള്ളി ചീഫിനു് കൊടുക്കുക എന്നുള്ളതാണു് ഇതിന്റെ തത്വം. അതു ഗവണ്മെന്റ് നഷ്ടപ്പെടുകയില്ല. കുടിയാന്മാരുടെ കയ്യിൽനിന്നും 17 കൊല്ലം തുടർച്ചയായി പിരിക്കും. അങ്ങിനെ ചീഫിനു കിട്ടുവാനുള്ള എല്ലാ തുകയും ലഭിക്കും. ഇപ്രകാരം മുറയ്ക്കു കൊടുക്കാത്തപക്ഷം തുക കുടിയാനിൽ നിന്നു് റവന്യൂ റിക്കവറി ആക്ററനുസരിച്ചു് ഈടാക്കാനുള്ള വ്യവസ്ഥയും ബില്ലിൽ ഉണ്ടു്. ഇങ്ങനെയാകുമ്പോൾ ഇടവകയിലുള്ള ഒരേക്കർഭൂമി എന്റെ കൈവശമുണ്ടെങ്കിൽ, അതു ഞാൻ നിർബന്ധമായും വാങ്ങിച്ചുകൊള്ളണം എന്നാണു് വരുന്നതു്. അതിന്റെ വില 17 കൊല്ലം കൊണ്ടു് കൊടുത്തു തീർക്കണം, കൊടുക്കാതിരുന്നാൽ ഗവണ്മെന്റു റവന്യൂ റിക്കവറി ആക്ററനുസരിച്ചു് നിർബന്ധമായി വാങ്ങിപ്പിക്കും. അതായതു് ഇന്നു് ഇടപ്പള്ളി ചീഫിനുള്ള നഷ്ടപരിഹാരം കുടിയാനവന്റെ കയ്യിൽനിന്നും നിർബന്ധമായി വാങ്ങിക്കാനുള്ള ഒരു സൌകര്യം അദ്ദേഹത്തിനു ലഭിക്കും.

സ്വകാര്യസ്വത്തു് കൈവശം വച്ചുകൊണ്ടിരിക്കാനുള്ള അവകാശം, ഭരണഘടനയനുസരിച്ചു് ഒരാളിനുണ്ടു്. അതിനർത്ഥം, സ്വത്തു് കൈവശമാക്കാതിരിക്കാനും ഒരാൾക്കു് മൌലികമായ സ്വാതന്ത്ര്യമുണ്ടെന്നാണു്. ഒരാളിനു് വസ്തു ആവശ്യമില്ലായെങ്കിലും അയാളെ തല്ലി അയാളെ കൊണ്ടു് വസ്തു വാങ്ങിപ്പിക്കുന്ന വ്യവസ്ഥ ഭരണഘടനാവിരുദ്ധമായിരിക്കും. "എനിക്കു് ബേസിക്ടാക്സ് അനുസരിച്ചു് ഏക്കർ ഒന്നിനു് 1 രൂ. 9 ണ.

[ശ്രീ. എം. പി. മേനോൻ]

തന്നാൽ മതി, ഞാൻ അതു പിരിച്ചു എടുത്തുകൊള്ളാം" എന്നു് ഇടപ്പള്ളി ചീഫ് സമ്മതിച്ചു് ഗവണ്മെൻറിലേക്കെഴുതി അയച്ചിട്ടുണ്ടു്. ഗവണ്മെൻറു പറയുന്നു അതു പോരാ 100 രൂപാ വച്ചു കണക്കാക്കി ബേസിക്ടാക്സ് കഴിച്ചു വരുന്ന തുകയുടെ $16\frac{2}{3}$ ഇരട്ടി രൂപ 17 കൊല്ലം കൊണ്ടു് കൊടുത്തു കൊള്ളണമെന്നു്. ചീഫിനു ആവശ്യമില്ല, പക്ഷെ ഗവണ്മെൻറു കൊടുക്കണമെന്നു നിർബന്ധിക്കുന്നു. ഇടപ്പള്ളി ചീഫ് അടിസ്ഥാനനികുതികൊണ്ടു് തൃപ്തിപ്പെടാൻ തയ്യാറാണെങ്കിൽ പതിനേഴു കൊല്ലത്തിനകം അതു വില കൊടുത്തു വാങ്ങിച്ചുകൊള്ളണമെന്നു് ഗവണ്മെൻറു ഒരു നിർബന്ധം ഇതിൽ വച്ചിരിക്കുന്നതു് എന്തിനെന്നു മനസ്സിലാകുന്നില്ല.

തിരുവിതാംകൂർ-കൊച്ചി സംയോജനം നടപ്പിലാക്കുന്നതിനു മുൻപു് ഭരണഘടന നടപ്പിൽ വരുന്നതിനു മുൻപു്, ഇടപ്പള്ളിചീഫിനു് അദ്ദേഹത്തിൻെറ ഇടവകയെ സംബന്ധിച്ചിടത്തോളം സാർട്ടു്, അബ്കാരി മുതലായ ഇനങ്ങളിലേക്കുള്ള നികുതി പിരിവിൻെറ ഓഹരിയും ലഭിച്ചുകൊണ്ടിരുന്നു. അന്നു് ഒരു ഫ്യൂഡൽ ചീഫിനുള്ള അധികാരം ഇടപ്പള്ളിചീഫിനുണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ ഒരു പൗരനിൽനിന്നും ടാക്സ് പിരിക്കാൻ ഇൻഡ്യൻ ഭരണഘടനയനുസരിച്ചു് ഒരു വ്യക്തിക്കവകാശമില്ല. യതൊരു ചീഫിനുമില്ല. ടാക്സ് സംസ്ഥാനത്തേക്കുള്ള ഡ്യൂ ആണു്. ഒരു ചീഫിനും ഉള്ള ഡ്യൂ അല്ലാ എന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് ഈ ബില്ലിൻെറ സ്കീമിനെപ്പററി കുറെക്കൂടെ ഗൗരവമായി ആലോചിക്കേണ്ടതാണു്. പിന്നെ പാർട്ടു് I-ൽ ക്ലാസ്സു 2 എഫിൽ;

"Registered Landholder" means landholder who has been given a permanency of occupancy under the provisions of the Travancore Edavagai Act, III of 1109, subject or not subject to conditions." എന്നു പറയുന്നുണ്ടു്. അതിനു റഗ്യുലേഷൻ IV of 1068 കൂടി ഉൾപ്പെടുത്തേണ്ടേ എന്നെനിക്കു് സംശയമുണ്ടു്. ഇടപ്പള്ളി സ്വരൂപത്തിലെ കൈവശക്കാരൻ രജിസ്റ്റേഡ് ലാൻഡു ഹോൾഡർ ആകുന്നതു് 1109-ലെ 3-ാം ആക്ററു് അനുസരിച്ചല്ല. അതിലെ സെക്ഷൻ 18 മാത്രമേ, ചില ചില്ലറ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇടപ്പള്ളിക്കു് ബാധകമാകുന്നുള്ളു. അതുകൊണ്ടു് ഇടപ്പള്ളിയും കിളിമാനൂരും സ്വരൂപങ്ങളെക്കൂടി ബാധിക്കത്തക്ക നിലയിൽ ഇതൊന്നു് റീഡ്രാഫ്ററു് ചെയ്യേണ്ടിവരുമെന്നാണു് എനിക്കു് തോന്നുന്നതു്. കൂടുതലായി ഈ അവസരത്തിൽ എന്തെങ്കിലും സംസാരിക്കണമെന്നു്, ആഗ്രഹിക്കുന്നില്ല. ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ശ്രീപണ്ടാരവക, ശ്രീപാദം എന്നീ വസ്തുക്കളെ സംബന്ധിച്ചിടത്തോളം ആ നില അവസാനിപ്പിക്കുമ്പോൾ എന്തു നഷ്ടപരിഹാരം കൊടുക്കണമെന്നുള്ളതിലേയ്ക്കു് ചില നിരക്കുകൾ "അച്ചുതമേനോൻ കമ്മററി" നിർദ്ദേശിച്ചിട്ടുണ്ടെന്നു് ഞാൻ ഓർക്കുന്നു. ലാൻഡുപാളിസി കമ്മിററിയുടെ ശുപാർശയിൽ പറയുന്നതിനെക്കാൾ കൂടുതൽ നഷ്ടപരിഹാരം കൊടുക്കണമെന്നു് ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളതായി കാണുന്നു. അങ്ങനെ കൂടുതൽ നഷ്ടപരിഹാരം കൊടുക്കണമെന്നു് ഒരു സോഷ്യലിസ്ററു ഗവണ്മെൻറു നിർദ്ദേശിക്കുമ്പോൾ അതിനുള്ള കാരണങ്ങൾ സഭയെ അറിയിക്കേണ്ട കർത്തവ്യം ബഹുമാനപ്പെട്ട മന്ത്രിക്കു ഉണ്ടായിരുന്നു. അദ്ദേഹം മറുപടി പറയുന്ന അവസരത്തിൽ അതിനുള്ള കാരണം

പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഏതായാലും ഈ ഭീമമായ നഷ്ട പരിഹാരത്തുകയ്ക്കു നേരെയും ഞാൻ എതിർക്കുന്നു.

ശ്രീ. കെ. പി. ഹാർമിസ്: ഈ ബില്ലിൽ മൂന്നുതരം ഭൂവുടമകളാണ് ഉദ്ദേശിക്കുന്നത്. ഇടവക ഭൂമികളിന്മേൽ ഇടവക ചീഫുകൾക്കും, ശ്രീപാദം ഭൂമികളിന്മേൽ ശ്രീപാദം കൊട്ടാരത്തിനും, ശ്രീപണ്ടാരവക ഭൂമികളിന്മേൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ഉള്ള പ്രത്യേക അവകാശങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ ഇതിന്റെ തത്വത്തോട് യോജിക്കുന്നുണ്ടെങ്കിലും ഇതിലെ സെക്ഷൻ. 5, 12, 19 എന്നിവ തുകകളോട് അനുകൂലിക്കുന്നില്ല. ഇതിൽ Liability of Registered holders എന്ന ഭാഗത്തിൽ പറയുന്ന പ്രകാരം ബേസിക്ക് ടാക്സ് ഇപ്പോൾ നിലവിലിരിക്കുന്ന കരത്തേക്കാൾ കുറവാണെങ്കിൽ വ്യത്യാസം വരുന്ന തുകകളുടെ 16 $\frac{2}{3}$ ഇരട്ടി പതിനേഴ് തവണ കളായി നഷ്ടമായി കൊടുത്തുകൊള്ളണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ ശാസ്ത്രീയവശത്തെക്കുറിച്ച് ഏത്ര തന്നെ ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഒന്നാമതായി ബേസിക്ക് ടാക്സ് ഭേദപ്പെടുത്തുന്നതിനുള്ള അവകാശം ഈ നിയമസഭയ്ക്കുണ്ട്. ലാൻഡ് ടാക്സ് സെലക്ററ കമ്മിററിയുടെ റിപ്പോർട്ട് വന്നതിനുശേഷം മൂന്നു വൈ എന്നുള്ളത് രണ്ടു വൈ ആക്കണമെന്നുള്ള ചില അമെൻറമെൻറുകൾ കാണുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഈ നഷ്ടപരിഹാരം കൊടുക്കുന്ന തുക എങ്ങനെയാണ് നിശ്ചയിക്കുന്നതെന്ന് അറിയാൻ കഴിയുന്നില്ല. ബേസിക്ക് ടാക്സ് കുറയ്ക്കുകയാണെങ്കിൽ നഷ്ടം കൊടുക്കേണ്ട തുക കൂടുകയും നേരെമറിച്ച് ബേസിക്ക് ടാക്സ് കൂട്ടുകയാണെങ്കിൽ നഷ്ടം കൊടുക്കേണ്ടതുക കുറയുകയും ചെയ്യും. അതിൽ യാതൊരുവിധ ന്യായവുമില്ല. ശ്രീ. എം. പി. മേനോൻ ഇവിടെ സൂചിപ്പിച്ചപോലെ ഭൂമി കൈവശക്കാരൻ കൊടുക്കേണ്ടതുക ടാക്സ് എന്നോ, പാട്ടമെന്നോ എന്തുപേർ പറഞ്ഞാലും പണ്ടാരവക ഭൂമി ഭൂവസ്തു ഉടമസ്ഥന്മാർ അനുഭവിച്ചിരുന്നതുപോലെ ഇടവകഭൂമികളും കൈവശക്കാർ അനുഭവിച്ചിരുന്നു. പണ്ടാരവക ഭൂമികളുടെ കരം സർക്കാർ പിരിച്ചപ്പോൾ, രാഷ്ട്രീയമായ കാര്യങ്ങൾ കൊണ്ടോ മറേറാ, ഇടവകഭൂമികളിലെ കരം പിരിക്കുന്നതിനുള്ള അവകാശം ഇടവക ചീഫുകൾ മററും വിട്ടുകൊടുത്തു എന്നുമാത്രമേ ഉള്ളൂ. ബേസിക്ക് ടാക്സ് നിയമം നടപ്പിൽ വന്ന അന്നുമുതൽതന്നെ ഈ ഇടവക ഭൂമികളേയും ആ നിയമം ബാധിക്കേണ്ടതായിരുന്നു, അതു ചെയ്യാതിരുന്നതു് വളരെ പരിതാപകരമാണ്. ഇതുവരെ അതു ചെയ്യാതിരുന്നതിന് ഒരു പിഴ എന്നോണം ഒരു കാമ്പൻസേഷൻ കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നതു് ഏററവും അനീതിപരമാണ്. മാത്രമല്ല, ഈ വസ്തുവുടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം പണ്ടാരവക ഭൂമികളിലെ വസ്തുവുടമസ്ഥന്മാരുമായി യാതൊരു വിധമായ വ്യത്യാസവുമില്ലാതിരിക്കെ അവർ തമ്മിൽ യാതൊരു വിവേചനത്തിന്റെയും ആവശ്യമില്ല. നിയമത്തിന്റെ സംരക്ഷണം ഇവിടത്തെ എല്ലാ പൗരന്മാർക്കും ഒരുപോലെ ഉണ്ടായിരിക്കണം. കുറെപ്പേർക്ക് ഒരു പ്രത്യേക സൗജന്യം കൊടുത്തു മറെറാരു കൂട്ടരോട് അവരുടെ യാതൊരു വിധമായ കുററവുമില്ലാതിരിക്കെ, വേറൊരു തരത്തിൽ പെരുമാറുന്ന വ്യവസ്ഥ ഉണ്ടായിരിക്കേണ്ട ആവശ്യമില്ല.

[ശ്രീ. കെ. പി. ഹാർമിസ്]

ഈ ബിൽ മൂന്ന് ഇനം വസ്തുഉടമകളെ മാത്രം ഉദ്ദേശിച്ചിരിക്കുന്നവെന്ന് ഞാൻ ആദ്യമെ പറഞ്ഞുവല്ലോ. ഒരു പക്ഷെ പലരുടേയും ദൃഷ്ടിയിൽപ്പെടാതെ ഈദുദ്ദേശമായ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യേണ്ട ചിലയിനം ഭൂ ഉടമകൾകൂടി ഇവിടെ ഉണ്ട്. ഞാൻ ഈ സഭയുടെ അറിവിനായി ഒരു സംഗതി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. 1097-ലെ ദേവസ്വം വിളംബരംമൂലം പാണ്ടാരവക ഭൂമി പോലെതന്നെ ദേവസ്വം വസ്തുക്കൾ അനുഭവിക്കുന്നതിനുള്ള ഒരവകാശം വിളംബരത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ഏതാനും ദേവസ്വങ്ങൾക്കു ലഭിച്ചു. അതേയിനം ചില ദേവസ്വം വസ്തുക്കൾ ഷെഡ്യൂളിൽ ചേർക്കാതെ വിട്ടുപോയി. ഇന്നത്തെ നിലവച്ചു നോക്കിയാൽ പ്രസ്തുത ഭൂവുടമകൾ അതു വെറുംപാട്ടം വസ്തു എന്ന നിലയിലേയ്ക്ക് താഴ്ന്നിരിക്കയാണ്. ഒരു ഉദാഹരണം പറയാം. മൂക്കന്നൂർ കൂട്ടാലദേവസ്വം വസ്തുക്കളെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. അതു് കൊച്ചിൻ സർക്കാർവക ഐരാനിക്കുളം ദേവസ്വം വക ഭൂമിയായിരുന്നു. ആ ഭൂമി അന്നത്തെ തിരുവിതാംകൂർ സർക്കാർ അതിന്റെ കൈവശക്കാരെ സ്വാധീനപ്പെടുത്തി കൊച്ചിൻ സർക്കാരിന്റെ അവകാശം നിഷേധിച്ച് ഒരു പ്രത്യേക വ്യവസ്ഥയിൽ ഐരാനിക്കുളം ദേവസ്വത്തിനുണ്ടായിരുന്ന അവകാശത്തെ അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അന്നു കൈവശപ്പെടുത്തിയ ഭൂമി കൈവശക്കാർക്ക് ക്രയവിക്രയം ചെയ്യുന്നതിനും സ്വതന്ത്രമായി ദേഹണ്ഡങ്ങൾ ചെയ്യുന്നതിനുമുള്ള അവകാശം ഉണ്ടായിരുന്നു. പണ്ടാരവക ഭൂമികളെപ്പോലെ സ്വതന്ത്രമായി അനുഭവിച്ചുകൊണ്ടിരുന്നതാണ്. കരവും പാട്ടവും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നില്ല. എന്നാൽ 1097-ലെ ദേവസ്വം വിളംബരത്തിന്റെ പരിധിയിൽ ഈ ഭൂമികളെ ഉൾപ്പെടുത്തിയില്ല. പി. ഡി. ദേവസ്വം വസ്തുക്കളുടെ ഇനത്തിൽ ഉൾപ്പെടുത്തി ഈ ഭൂമിയുടെ തരം കുറയ്ക്കുകയാണുണ്ടായത്. പി. ഡി. ദേവസ്വങ്ങൾക്ക് ഉടമസ്ഥന്മാർ ഉണ്ടായിരിക്കണം. ഈ ഭൂമികളെ സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള ഉടമസ്ഥന്മാരില്ല. ഇപ്പോൾ തിരുവിതാംകൂറും, കൊച്ചിയും യോജിച്ചിരിക്കുന്ന സ്ഥിതിക്ക് ആ ഭൂമികളെപ്പററി പ്രത്യേകം ചിന്തിക്കേണ്ടതാണ്. ഈ വക ഭൂമികൾ 1949-ലെ സ്റ്റേ ആഫ് എക്സിക്യൂഷൻ ബില്ലിന്റെ പരിധിയിൽ വരാത്തതുകൊണ്ട് ദേവസ്വം പൊളിച്ചെഴുത്തു നടത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കയാണ്. ഇന്നും അതിനെക്കുറിച്ച് പരാതികൾ ലഭിക്കുന്നുണ്ട്. ഒരു പറനെല്ലിന് രണ്ടര രൂപവച്ച് മേൽക്കരം കണക്കാക്കി പാട്ടം പണമായി കൊടുക്കണമെന്ന് അവർ നിർബന്ധിച്ചുവരുന്നു. പൗരാണികമായി, പരമ്പരാഗതമായി പണ്ടാരവകഭൂമികൾ അനുഭവിച്ചുവരുന്നതുപോലെ അനുഭവിച്ചുകൊണ്ടിരുന്ന കൂട്ടാലദേവസ്വം വസ്തു ഉടമസ്ഥന്മാരുടെ ശോചനീയ നിലയാണ് ഞാൻ വിവരിച്ചത്. സ്റ്റേ ആഫ് എക്സിക്യൂഷൻ ബിൽ ബാധകമാകാത്തതുകൊണ്ട് പാട്ടം കൂട്ടുന്നതിനും ഉപദ്രവകരമായ വ്യവസ്ഥകൾ ചേർത്ത് പ്രമാണങ്ങൾ പുതുക്കുന്നതിനും വസ്തു ഉടമസ്ഥന്മാരെ ബുദ്ധിമുട്ടിക്കുന്നതിനും ദേവസ്വം അധികാരികൾ നിർബന്ധിച്ചുവരുന്നു. ഈ ബില്ലിൽ ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. ഗവണ്മെന്റ് ഈ വക കാര്യങ്ങളെ കുറിച്ച് അന്വേഷിച്ച് അതിന്റെ സത്യ

സ്ഥിതി മനസ്സിലാക്കി ഏതെങ്കിലും വിധത്തിൽ താൽക്കാലികവും ശാശ്വതവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ബില്ലിന്റെ പരിധിയിൽപ്പെടാതെയുള്ള പ്രത്യേകപരിഗണന അർഹിക്കുന്നതുമായ കുടുംബങ്ങൾ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ മാത്രമാണ് ഞാനിതു പറഞ്ഞതു്.

ഈ ബില്ലിന് മററുബില്ലുകളിൽ നിന്നും ഒരു പ്രത്യേകത കാണുന്നുണ്ട്. ഈ ബില്ലിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ചിടത്തോളം ആർക്കും അഭിപ്രായവ്യത്യാസമില്ല. ഈ ബിൽ പൊതുജനങ്ങളുടെ അഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേററ് ചെയ്തു്ട്ടു മേൽ സംഗതിയെ സംബന്ധിച്ച് യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടായതായി തോന്നുന്നില്ല. അങ്ങനെയിരിക്കെ വളരെ ചുരുങ്ങിയ സമയംകൊണ്ട് ഈ ബിൽ നിയമമാക്കാമായിരുന്നു. വെറംപാട്ടദാർബില്ലും ഗ്രൂപ്പർധിനിർണ്ണയബില്ലും റഫർ ചെയ്യുന്ന വിപുലമായ സെലക്ററ് കമ്മിററിക്ക് ഈ ബിൽ അയയ്ക്കാതെ ഒരു ചെറിയ സെലക്ററ്കമ്മിററിക്കു റഫർചെയ്തു് കഴിയുന്നതും വേഗത്തിൽ നിയമമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബിൽ നിയമമാകുന്നതുകൊണ്ട് ഇടവകഭൂമികളിൽ പ്രത്യേകിച്ചും എന്റെ നിയോജകമണ്ഡലത്തോടനുബന്ധിച്ചുള്ള ഇടപ്പള്ളി സ്വരൂപത്തിലെ ഭൂമികൈവശക്കാർക്ക് ബേസിക്ക് ടാക്സിന്റെ പ്രയോജനം ലഭിക്കും.

നഷ്ടപരിഹാരം കൊടുക്കുന്ന വ്യവസ്ഥയെസംബന്ധിച്ച് ഒരു സംഗതി കൂടി എടുത്തുകാണിക്കുവാനുണ്ട്. ശ്രീ. എം. പി. മേനോൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞതു് ബേസിക്ക് ടാക്സിനേക്കാൾ കൂടുതൽ പാട്ടം കൊടുക്കേണ്ടിവരുന്ന പരിതഃസ്ഥിതിയെപ്പററിയാണ്. ഈ ഇടവകഭൂമികളിൽബേസിക്ടാക്സിൽ കുറവായി പാട്ടം കൊടുക്കുന്ന ഭൂമികളുണ്ടെന്ന് എനിക്ക് നേരിട്ടറിയാം. ഈ ബില്ലിൽ സ്വീകരിച്ചിരിക്കുന്ന തത്വം ബേസിക്ക്ടാക്സിലും പാട്ടത്തിലും വ്യത്യാസം വരുന്ന തുകയുടെ 16⅔ ഇരട്ടി പാട്ടക്കാരൻ കാമ്പൻസേഷൻ കൊടുക്കണമെന്നുള്ളതാണ്. ബേസിക്ക് ടാക്സിൽ കുറവായി പാട്ടം കൊടുത്തുകൊണ്ടിരിക്കുന്ന കുടിയാന് ചീഫിൽ നിന്ന് നഷ്ടപരിഹാരം കൊടുക്കേണ്ടിവരികയില്ലേ? പാട്ടം ബേസിക്ക് ടാക്സിനേക്കാൾ കൂടുമ്പോൾ, നഷ്ടപരിഹാരം ജന്മിക്കു കൊടുക്കണമെന്നു നിയമത്തിൽ വ്യവസ്ഥ ചെയ്യുമ്പോൾ, പാട്ടം ബേസിക്ക്ടാക്സിൽ കുറയുമ്പോൾ എന്തുകൊണ്ട് കുടിയാന് നഷ്ടപരിഹാരം നൽകാൻ ബില്ലിൽ വ്യവസ്ഥ ചെയ്തില്ല എന്നാണ് ഞാൻ ചോദിക്കുന്നതു്. ഈ ബിൽ മററു ബില്ലുകളെപ്പോലെ ഏതോ ഭൂനയപരിഷ്ക്കാരം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, വലിയ ആലോചനയൊന്നുംകൂടാതെ നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്നു എന്നേ പറയാൻ കഴിയുകയുള്ളു. ശരിയായ യാതൊരു മാനദണ്ഡവും ഈ ബില്ലിൽ പുലർത്തിക്കാണുന്നില്ല. ഏതെങ്കിലും ഒരു ചിത്രം മുന്നിൽ വച്ചുകൊണ്ടല്ല ഈ ബില്ല് ചമച്ചു വച്ചിട്ടുള്ളതു്. അതുകൊണ്ടാണ് ഈ നിയമസഭയ്ക്കു് ഇത്രയും സമയം ഇത ലേയ്ക്കു് ചെലവാക്കേണ്ടിവരുന്നതു്. ഏതായാലും ഞാൻ ഇവിടെ പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങൾ സെലക്ററ് കമ്മിററിയുടെ അവഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കുമെന്നു വിശ്വസിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

Announcement by the Speaker re: extension of Session.

Mr. Speaker: Order, order. I have to intervene to make an announcement. Since the Official business to be transacted in this Session would not be completed by the 5th February 1955, I am, as desired by the Leader of the House, extending the current Session to the end of next week from the 7th to 12th February 1955 both days inclusive. There will be no sitting on Monday the 7th February as the election to the Cochin Devaswom Board has to be conducted on that day.

Question of Privilege.

Mr. Speaker: One more matter.

മിസ്റ്റർ സി. എ. മാത്യു ഒരു പ്രിവിലേജ് മോഷനു നോട്ടീസു തന്നിട്ടുണ്ട്. ആ മോഷൻ ഇപ്രകാരമാണ്.

"In Vol. 45, No. 27 of the "Kerala Kaumudi" dated 2nd February, 1955, printed and published by Shri. K. Sukumaran at the Kerala Kaumudi Press, Trivandrum, the following passage is given in the Editorial.

"പട്ടം താണുപിള്ളയെ താങ്ങി നിറുത്തുവാൻ ഇന്നലെ ടി വി. തോമസ്സും കെ. സി. ജോർജ്ജും എഴുന്നേററു നിന്നപ്പോൾ, തീർച്ചയായും മനുഷ്യത്വം നശിച്ച ഗുണങ്ങളായി അവർ അധ:പതിച്ചിട്ടില്ലെങ്കിൽ അവരുടെ കണ്ണിന്റെ മുമ്പിൽക്കൂടി ട്രാൻസ്പോർട്ടുസമരകാലത്ത് പട്ടത്തിന്റെ രാക്ഷസീയമായ മർദ്ദനമേററ് എല്ലും എല്ലുമ്പും ആന്ന് ഇന്നതിരുമ്പും പിഴിച്ചിലുമായി കഴിയുന്ന ജീവച്ഛവങ്ങളായ പരസ്സഹസ്രം യുവജനങ്ങളുടെ ഒരു-ഘോഷയാത്ര കടന്നുപോകുന്നതു കണ്ട്, അവരുടെ കണ്ണുകളിൽ രുധിരം ചിന്തിയിരിക്കണം."

This passage is intended to redicule two of the hon. Members of this House, Mr. T. V. Thomas and K. C. George and this remark is an infringement of the privileges of the hon. Members, under Rule 159 of the Rules of Procedure and Conduct of Business.

The honourable Speaker is requested to take necessary action on the Editor, Printer and Publisher of the Daily Paper.

ഈ പറഞ്ഞിട്ടുള്ള പാസേജും അതിൽ ഉൾക്കൊള്ളുന്ന കേരളകൗമുദിയിലെ മുഖപ്രസംഗവും ഞാൻ നല്ലതുപോലെ പരിശോധിച്ചുനോക്കി. വ്യക്തികൾ എന്നുള്ള നിലയിൽ മെസ്സേഴ്സ് കെ. സി. ജോർജ്ജിനേയും ടി. വി. തോമസ്സിനേയും ആക്ഷേപിച്ചിരിക്കുന്നതായല്ല ഞാൻ അതിൽ കാണുന്നതു്. ആ വിമർശനത്തിൽ സമുന്നതന്മാരായ രണ്ടു കമ്മ്യൂണിസ്റ്റു നേതാക്കളേയും അതുപോലെതന്നെ മുഖ്യമന്ത്രിയേയും വളരെ ശക്തിയായ ഭാഷയിൽ രൂക്ഷമായ സ്വരത്തിൽ ഒരു പത്രം വിമർശിച്ചിരിക്കുന്നതായി ഞാൻ കാണുന്നു. അങ്ങനെ അവരുടെ ഔദ്യോഗികനിലയിൽ വളരെ ശക്തിയായ ഭാഷയിൽ പത്രങ്ങൾ വിമർശിക്കുന്നതിനെ സംബന്ധിച്ചിടത്തോളം അവർക്കുള്ള സ്വാതന്ത്ര്യപരിധി കേരളകൗമുദി കടന്നിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ടു Prima facie അതിൽ ഒരു ബ്രീച്ച് ഓഫ് പ്രിവിലേജ് അന്തർഭവിച്ചിരിക്കുന്നതായി ഞാൻ കാണുന്നില്ല. അതുകൊണ്ടു മോഷൻ മൂവുചെയ്യുന്നതിനു എന്റെ വിസമ്മതം രേഖപ്പെടുത്തിക്കൊള്ളുന്നു.

LEGISLATIVE BUSINESS (*Contd.*)

Special Rights in Lands Abolition Bill.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഈ ബില്ലുകൊണ്ടു പ്രധാനമായി ഉദ്ദേശിക്കുന്നതു് വഞ്ചിപ്പുഴ, ഇടപ്പള്ളി, കിളിമാനൂർ, പൂഞ്ഞാർ എന്നീ ഇടവക ഭൂസ്വത്തുക്കളിന്മേൽ പ്രസ്തുത ചീഫുകൾക്കും, തിരുവിതാംകൂർ രാജവംശത്തിനു് ശ്രീപാദം വസ്തുക്കളിലും, ശ്രീപണ്ടാരവക ഭൂമികളിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനും, നിലവിലുള്ള അവകാശങ്ങളെ പ്രതിഫലം കൊടുത്തു് അവസാനിപ്പിക്കുകയെന്നതാണു്. ഈ ബില്ലിനോടനുബന്ധിച്ചു് ബില്ലിന്റെ പ്രയോക്താക്കൾതന്നെ തരുന്ന വിവരങ്ങളിൽനിന്നു് ഉദ്ദേശം ഒരുലക്ഷത്തിഅറുപത്തയ്യായിരം ഏക്കർ ഭൂമിയിലാണു് ഈ മൂന്നു സ്ഥാപനങ്ങളുടേയും അവകാശങ്ങളും അധികാരങ്ങളും സ്ഥാപിച്ചിട്ടുള്ളതു് എന്നു മനസ്സിലാക്കുവാൻ കഴിയുന്നുണ്ടു്. അതുപോലെതന്നെ ഈ മൂന്നു ജന്മിത്വസ്ഥാപനങ്ങളിലുംകൂടിയുള്ള ഒരുലക്ഷത്തിഅറുപത്തയ്യായിരം ഏക്കർ ഭൂമിയിൽ സ്ഥാപിച്ചു്, ആ ഭൂമി കൃഷിചെയ്യുന്ന കൃഷിക്കാരിൽനിന്നും ഇക്കൂട്ടർ ആണ്ടോടാണ്ടു് മൂന്നര ലക്ഷം രൂപായുടെ ഭോഗം അല്ലെങ്കിൽ പാട്ടം കരസ്ഥമാക്കിക്കൊണ്ടിരിക്കുകയുമാണു്. അതു് പ്രതിഫലം കൊടുത്തു് അവസാനിപ്പിക്കണമെന്നു് പറയുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അല്പസമയം മുമ്പു് ഇവിടെ സൂചിപ്പിച്ച ഒരു വസ്തുത വീണ്ടും ഈ സഭയുടെ മുമ്പിൽ ഉച്ചാരിക്കണമെന്നാണു് ഞാൻ ആശിക്കുന്നതു്. സാമൂഹ്യനീതിയുടെ അടിസ്ഥാനത്തിൽമാത്രമെ ഈ ജന്മിത്വസ്വത്തുക്കൾക്കു് അവർ അർഹിക്കുന്ന പ്രതിഫലം കൊടുക്കാവൂ എന്ന വളരെ വ്യക്തമായ ഒരു അഭിപ്രായം എന്റെ കക്ഷിക്കുണ്ടു്. "ഈ സാമൂഹ്യനീതി", അതു് എന്താണെന്നു പരിശോധിക്കേണ്ടതാണു്. ഈ നഷ്ടപരിഹാരം കൊടുക്കേണ്ടതു് ആർക്കാണു്? അവരുടെ ഇന്നത്തെ സ്ഥിതിഗതികൾ എന്താണു്? അവർ എത്രത്തോളം ഈ നഷ്ടപരിഹാരം അർഹിക്കുന്നുണ്ടു് എന്നതെല്ലാം അപ്പോൾ മനസ്സിലാക്കാവുന്നതാണു്. ഈ വസ്തുതകൾ സമൂലമായി പരിശോധിച്ചതിനുശേഷം മാത്രമെ നഷ്ടപരിഹാരം നിശ്ചയിക്കുവാൻ പാടുള്ളു. അങ്ങനെയാണെങ്കിൽ ഇന്നു് ശ്രീപാദംവസ്തുക്കളിലുള്ള അധികാരാവകാശങ്ങൾക്കു് തിരുവിതാംകൂർ രാജവംശത്തിനു്—രാജപ്രമുഖനു്—എന്തു നഷ്ടപരിഹാരത്തിനാണു് അർഹതയുള്ളതു് എന്ന വസ്തുത ഈ സഭയിലെ എല്ലാ അംഗങ്ങളും ഗവണ്മെൻറ്പക്ഷത്തുള്ളവരും വളരെ ശ്രദ്ധയോടുകൂടി പരിശോധിക്കേണ്ടതായുണ്ടു്. ആണ്ടോടാണ്ടു് 21 ലക്ഷം രൂപാ പൊതുഖജനാവിൽനിന്നു് പററുന്ന ഒരു ഭാഗ്യവാനാണു് രാജപ്രമുഖൻ. ഒരു മാസത്തിനു് മാത്രം ഒരുലക്ഷത്തി എഴുപത്തയ്യായിരത്തിൽ ചില്വാനം രൂപാ പററിക്കൊണ്ടിരിക്കുന്ന ഒരാൾ. അദ്ദേഹത്തിനു് സ്ഥാവരജംഗമസ്വത്തുക്കളായി കോടിക്കണക്കിനും മററും സ്വത്തുക്കൾ ഉണ്ടായിരിക്കുമെന്നുള്ളതിൽ ആർക്കും സംശയമില്ല. കൂടാതെ രാജകുടുംബത്തിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകം ഗ്രാൻറ്നങ്ങളും ബഹുമാനപ്പെട്ട നമ്മുടെ കാൺഗ്രസ്കക്ഷി അധികാരത്തിൽ ഇരുന്നപ്പോൾ അനുവദിച്ചിട്ടുമുണ്ടു്. ഈ എല്ലാ ഭാഗ്യങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന രാജപ്രമുഖൻ ചിറയിൻകീഴതാലൂക്കിലെ ചില പ്രത്യേകസ്ഥലത്തുനിന്നു് അമ്പതേത്തരി കണ്ടങ്ങളിൽനിന്നു്, ഒരു പറ നിലത്തിൽ എട്ടും പത്തും പറ നെല്ലാണു്

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

പാട്ടം വസൂലാക്കിക്കൊണ്ടിരിക്കുന്നതു്. വലിയ ഒരു തുകയാണു് ഈ വിധത്തിൽ ശ്രീപാദം വസ്തുക്കളുടെ ഉടമ ഇന്നു് വസൂലാക്കിക്കൊണ്ടിരിക്കുന്നതു്. പൊതുഖജനാവിൽനിന്നു് എത്രയും വമ്പിച്ച ഒരു തുകയും സ്വന്തമായി മററു പലവകകളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്കു് കൊടുക്കേണ്ടതാണു് ഈ നഷ്ടപരിഹാരമെന്നതു് ഓർമ്മിക്കുകതന്നെ വേണം.

അതുപോലെ ശ്രീപണ്ടാരവക വസ്തുക്കളുടെ അധികാരം ശേഷിച്ചിരിക്കുന്നതു് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനാണു്. ശ്രീപത്മനാഭസ്വാമിക്ഷേത്രം വകയ്ക്കായി 6 ലക്ഷം രൂപാ കൊല്ലത്തിൽ കൊടുക്കുന്നുണ്ടു്. ഒരു മാസത്തിൽ 50000 രൂപാ ക്ഷേത്രത്തിന്റെ ഭരണച്ചിലവിനായി പൊതുഖജനാവിൽനിന്നും, ദേവസ്വംഫണ്ടിൽനിന്നും കൊടുക്കുകയാണീ തുക. ഇത്രയും വലിയ ഒരു തുക ചിലവഴിക്കുമ്പോൾ ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രതിമാസം 50000 രൂപയുടെ അടിസ്ഥാനത്തിലുള്ള ചിലവുകൊണ്ടു് ശ്രീപത്മനാഭസ്വാമി തീർച്ചയായും സംതൃപ്തനായി കഴിയും. നമ്മുടെ രാജ്യത്തിലെ ജനങ്ങളുടെ വിശ്വാസങ്ങളെ സമാദരിച്ചു് ഒരു ക്ഷേത്രത്തിലെ ന്യായമായ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു് പ്രതിമാസം 50000 രൂപാ തീർച്ചയായും മതിയെന്നു കരുതണം.

അതു കഴിഞ്ഞാൽ പിന്നെയുള്ളതു് ശ്രീ. എം. പി. മേനോനും, ശ്രീ. ഗോപാലമേനോനും വ്യക്തമാക്കിയതുപോലെ ഇടപ്പള്ളി തുടങ്ങിയ ഇടവകക്കാരുടെ കാര്യമാണു്. കേരളഭാഷയിൽ പറയുകയാണെങ്കിൽ അവരും കുട്ടിരാജാക്കന്മാരാണു്, അങ്ങനെയുള്ള ഭാഗ്യവാന്മാരുടെ പ്രത്യേകാവകാശം അവസാനിപ്പിക്കേണ്ടതാണു്. ആ ഭൂമിയിലെ പാട്ടക്കാരായ ആയിരക്കണക്കിനുള്ള കൃഷിക്കാരിൽനിന്നു അന്യായമായ പാട്ടം ഇന്നു അവർ വസൂലാക്കിക്കൊണ്ടിരിക്കുന്നു. അതു മാററിക്കളയണം. സർക്കാരിന്റെ കീഴിലുള്ള ഭൂമിക്കു ഏക്കറിനു് നിശ്ചയിച്ചിട്ടുള്ള ബേസിക് ടാക്സ് 1 രൂപാ 9 അണ മാത്രം കൊടുത്തു് ഭൂമി അവകാശപ്പെടുവാനുള്ള ആളുകളാണു് അതിന്റെ പാട്ടക്കാർ. ഈവക കാര്യങ്ങൾ പരിഗണിക്കുമ്പോൾ എന്തെല്ലാമാണു് ന്യായമായ അവകാശങ്ങൾ എന്നു് പരിശോധിക്കേണ്ടതാണു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുന്നതു് $16\frac{2}{3}$ ഇരട്ടി നിശ്ചയിച്ചു് നഷ്ടപരിഹാരം കൊടുക്കണമെന്നാണു്. അവരോടു് വളരെ കരുണയുണ്ടു്. $16\frac{2}{3}$ ഇരട്ടി നഷ്ടപരിഹാരം കൊടുക്കുമ്പോൾ ഉദ്ദേശം 55 ലക്ഷം രൂപായാണു് മൂന്നു ജന്മിത്വസ്ഥാപനങ്ങൾക്കുംകൂടി ലഭിക്കുന്നതു്. 55 ലക്ഷം രൂപയിൽ $\frac{1}{3}$ ഭാഗം അതായതു് പതിനെട്ടുലക്ഷത്തി മുപ്പത്താറായിരം രൂപാ ഈ ജന്മിത്വസ്ഥാപനങ്ങൾക്കു് ഉടനടി കിട്ടുന്നു. ബാക്കിയുള്ള തുക സർക്കാരിൽനിന്നു കൊടുത്ത ബാണ്ടിന്റെ അടിസ്ഥാനത്തിൽ ഏഴാമതു വർഷത്തിൽ അവർക്കു ലഭിക്കുകയും ചെയ്യും. അതിനു് നാലു ശതമാനം പലിശയുണ്ടു്. പലിശ മാത്രം പതിമൂന്നുലക്ഷത്തി ഇരുപതിനായിരത്തോളം രൂപാ വരും. അപ്പോൾ അറുപത്തിഎട്ടു ലക്ഷത്തിഇരുപതിനായിരം രൂപാ പ്രതിഫലം കൊടുത്താണു് അവരുടെ പ്രത്യേകമായ അവകാശങ്ങൾ നിറുത്തലാക്കുവാൻ പോകുന്നതു്. 17 തവണകളായി പാട്ടക്കാരായ കൃഷിക്കാരിൽനിന്നു സംഖ്യ ഈടാക്കി എടുക്കുവാനുള്ള വ്യവസ്ഥചെയ്തു അവസരത്തിൽ ആ സംഖ്യ ഉടനടിതന്നെ ഒന്നായി ശ്രീപാദം, ശ്രീപണ്ടാരവക വസ്തുക്കളുടെ ഉടമയ്ക്കും, ഇടവകവസ്തു

ക്കളുടെ ഉടമയ്ക്കും കിട്ടുവാനുള്ള സൗകര്യവും ഉണ്ടാക്കണമെന്നു് സർക്കാരിനു് താല്പര്യം ഉണ്ടായിരുന്നു. അതുകൊണ്ടാണു് സംഖ്യ ഒന്നായി തീർക്കുവാൻ കൃഷിക്കാർ തയ്യാറാണെങ്കിൽ, അവർ അടച്ചുതീർക്കേണ്ട സംഖ്യയുടെ 75 ശതമാനം മുൻകൂർ ഒന്നിച്ചു് അടച്ചാൽ ബാക്കി 25 ശതമാനം ഇളവു ചെയ്തു കൊടുക്കാം എന്നു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തെ കൃഷിക്കാർ കൂടുതലും ജീർണബാധിതരാണു്. അവരുടെ കാർഷികോല്പന്നങ്ങൾക്കു് വിലയും ഇടിഞ്ഞിട്ടുണ്ടു്. ആ നിലയ്ക്കു് ഈ സംഖ്യ അടച്ചു തീർത്തു് ഭൂമി ഏറ്റെടുക്കുവാൻ അവർക്കു് സാധിക്കുകയില്ല. എന്തെങ്കിലും ഒരു ആശ്വാസം ഈ ഭൂമിയുടെ പാട്ടക്കാർക്കു് ഉണ്ടാകുന്നുണ്ടോ എന്നു നോക്കാം. 17 കൊല്ലക്കാലം കഴിയുമ്പോൾ അതായതു് സംഖ്യ എല്ലാം അടച്ചുകഴിയുമ്പോൾ അടിസ്ഥാനനികുതി മാത്രം അവർ കൊടുത്താൽ മതി. അതേ സമയത്തു് ഏഴാമത്തെ കൊല്ലത്തിൽ 68 ലക്ഷം രൂപായാണു് ഈ ജന്മിത്വസ്ഥാപനങ്ങൾക്കു് കിട്ടുന്നതു്. ഈ സാമൂഹ്യരീതി സെലക്ററകമ്മിററി ഗൗരവമായി പരിശോധിക്കേണ്ടതാണു്. സോഷ്യലിസ്ററ മന്ത്രിസഭ കൃഷിക്കാരുടേയും കാർഷികത്തൊഴിലാളികളുടേയും ഭാഗത്തു നിന്നുകൊണ്ടു് പുരോഗമനപരമായ നിയമനിർമ്മാണം നടത്തുകയാണെന്നു പറയുന്നു. ഏതു പുരോഗമനമാണു്, ഏതു സാമൂഹ്യരീതിയാണു് ഇതിൽ കാണിച്ചിരിക്കുന്നതു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ ജന്മിത്വസ്ഥാപനങ്ങൾക്കു് ഇത്രയും വലിയ നഷ്ടപരിഹാരം ഈടാക്കിക്കൊടുക്കുവാനുള്ള ഈ പരിശ്രമത്തെ തീർച്ചയായും സെലക്ററകമ്മിററി ചോദ്യം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതു പരമാവധി ചോദ്യം ചെയ്യണമെന്നും ഞങ്ങൾക്കു് അഭിപ്രായമുണ്ടു്.

The Assembly adjourned at 12-30 p. m. to meet again at 8 a. m. on Saturday the 5th February 1955.

APPENDIX I

[*Please see answer to question No.* ✻ *266 (10)*]

അമ്പലപ്പുഴ താലൂക്കിൽ കൈനകരി പകുതിയിൽ നിവസിക്കുന്ന കക്കാവ്യവസായികളായ പൊതുജനങ്ങൾ

ബഹുമാനപ്പെട്ട തിരുവിതാംകൂർ–കൊച്ചി പ്രധാനമന്ത്രിമുമ്പാകെ ബോധിപ്പിക്കുന്ന നിവേദനം.

കക്കാവ്യവസായികളായ ഞങ്ങൾ 1114-ാംമാണ്ടു് മുതൽ 2065-ാം നമ്പർ കൈനകരി കക്കാവ്യവസായ സഹകരണസംഘം എന്ന പേരിൽ സംഘടിച്ചു് പ്രവത്തനം നടത്തിവരുന്നു. ഞങ്ങളെ ചൂഷണം ചെയ്തു അമിതമായ ലാഭം എടുത്തുകൊണ്ടിരുന്ന മുതലാളിമാരിൽ നിന്നും രക്ഷ നേടുന്നതിനായിട്ടാണു് ഞങ്ങൾ സഹകരണസംഘമായി ചേർന്നു് ഒന്നായി നിന്നു് പ്രവത്തിക്കാൻ തുടങ്ങിയതു്. എന്നാൽ 1943-ാമാണ്ടു് മാത്രമെ സഹകരണസംഘങ്ങൾക്കായി മാത്രം കക്കാ ശേഖരിക്കാനുള്ള ലൈസൻസ് കിട്ടിയിട്ടുള്ളു. അതിനുശേഷം ഞങ്ങളുടെ സംഘവും കുമരകം സംഘവും ഈ സംസ്ഥാനത്തെ സഹകരണപ്രസ്ഥാനത്തിൽ പ്രഥമസ്ഥാനം ലഭിക്കത്തക്കവണ്ണം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്.

എന്നാൽ കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി വ്യാജപ്രവത്തനങ്ങളും പുഞ്ചനിലങ്ങളിൽ നിന്നുള്ള കക്കാശേഖരിപ്പും അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്നതിനാൽ കക്കാ സഹകരണസംഘങ്ങളിൽ ശേഖരിച്ചിട്ടുള്ള കക്കാ വിററഴിക്കുന്നതിനു് സാധിക്കുന്നില്ല. തന്മൂലം മൂന്നു മാസമായി ഞങ്ങൾ തൊഴിലില്ലാതെ കഷ്ടപ്പെടുന്നു.

ഞങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് ഞങ്ങളുടെ കക്കാ വ്യവസായ സഹകരണസംഘങ്ങളുടെ പ്രവത്തനം ഉദ്ധരിച്ചാൽ മാത്രം മതിയാകുന്നതാണു്. ആയതിലേക്കായി താഴെപറയുന്ന കാര്യങ്ങൾ ഉടനടി നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നു് സവിനയം അപേക്ഷിക്കുന്നു.

(എ) ഞങ്ങളുടെ സംഘത്തിൽ സ്റ്റാക്കു് ചെയ്തിട്ടുള്ള കക്കാ, സിമൻറ് നിർമ്മാണത്തിനായി ട്രാവൻകൂർ സിമൻറ് (ക്ലിപ്തം) (Travancore Cements Ltd.) കമ്പനിക്കാരെക്കൊണ്ടു് വിലയ്ക്കെടുപ്പിക്കണം.

(ബി) ലൈസൻസില്ലാതെ കക്കാ ശേഖരിച്ചു് വിൽപ്പന നടത്തുന്നതിനെ ഫലപ്രദമാംവണ്ണം തടയുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണം. കക്കാ വ്യവസായ സഹകരണസംഘങ്ങൾ ശേഖരിക്കുന്ന കക്കാ ഉൽപ്പാദനകേന്ദ്രങ്ങളിൽ നിന്നു് അന്യസ്ഥലങ്ങളിലേക്കു് കൊണ്ടുപോകുന്നതിനു് ലൈംഷെഡ് ഇൻസ്പെക്ടർ ഒരു ട്രാൻസ്പോർട്ടു പെർമിററ് (Transport Permit) നൽകിവരുന്നുണ്ടു്. ഇതു് 1943-ാം മാണ്ടു് മുതൽ കഴിഞ്ഞ പതിനൊന്നു് കൊല്ലമായി നിലവിലിരിക്കുന്ന രീതിയാണു്. ഫിഷറി ഡിപ്പാർട്ടുമെൻറ് അധികൃതരും സഹകരണ ഡിപ്പാർട്ടുമെൻറും കൂടി ആലോചിച്ചു് നടപ്പിൽ വരുത്തിട്ടുള്ള ഈ പെർമിററ് സിസ്റ്റം ഗവണ്മെൻറ് അംഗീകരിച്ചു് വിവരം ഗസററിൽ പ്രസ്താവം ചെയ്താൽ, വ്യാജ കക്കാ ശേഖരിപ്പും, വിൽപ്പനയും പരിപൂണ്ണമായി തടയാൻ സാധിക്കുന്നതാണു്. ആയതിലേക്കു് വേണ്ട നടപടി ഉടനെ സ്വീകരിക്കണം.

(സി) പുഞ്ചനിലങ്ങൾ (Private lands) മുതലായ പതിവ് സ്ഥലങ്ങളിൽ നിന്നും കക്കാ ശേഖരിക്കുന്നതിനെ ഉടനെ നിയന്ത്രിക്കേണ്ടതാകുന്നു. ആയതിലേക്ക് ആവശ്യമായ നിയമങ്ങൾ ഉണ്ടാകുന്നതുവരെ തടയേണ്ടതുമാണ്.

(ഡി) കക്കാ ഒരു മൈനർ മിനറലായി (Minor mineral) ഇൻഡ്യാഗവണ്മെൻറ് 1951-ാം ഉൾപ്പെടുത്തീട്ടുണ്ട്. അതിൻെറ സൂക്ഷിപ്പിനും ശേഖരിപ്പിനും ആവശ്യമായ ചട്ടങ്ങൾ ഉടനെ ഉണ്ടാക്കേണ്ടതാണ്.

(ഇ) കക്കാ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഏതുവിധം എന്നുള്ള വിശദവിവരം ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തണം.

(എഫ്) കക്കാ സഹകരണസംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തികസഹായം ലഭിക്കുന്നതിന് ഉപകരിക്കത്തക്കവണ്ണം പ്രാഥമികസംഘങ്ങൾ അംഗങ്ങളായി ചേർന്ന് രൂപീകരിച്ചിട്ടുള്ള 3245-ാം നമ്പർ തിരുവിതാംകൂർ സെൻട്രൽ ലൈംഷെൽ സഹകരണസംഘ (ക്ലിപ്തം) ത്തിന് രണ്ടുലക്ഷം രൂപ വായ്പയായി അനുവദിച്ച് അതിൻെറ പ്രവർത്തനം തുടങ്ങുന്നതിന് സഹായിക്കേണ്ടതാകുന്നു.

(ജി) കായലോരങ്ങളിൽ താമസിക്കുന്ന അനേകായിരം തൊഴിലാളികളെ തൊഴിലില്ലായ്മയിലേക്ക് തള്ളിവിട്ട് കഷ്ടത അനുഭവിപ്പിക്കാനിടവരുത്താതെ അവരുടെ സഹകരണസംഘങ്ങൾ മുഖേന വേണ്ട പ്രവർത്തനങ്ങൾ, വേണ്ട സമയത്ത്, വേണ്ടപോലെ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും അപേക്ഷിക്കുന്നു.

എന്ന്,

(1)	കെ. എം. നാരായണൻ	മെമ്പർ നമ്പർ	29	2065-ാം നമ്പർ കൈനകരി കക്കാ വ്യവസായസഹകരണ സംഘം (ക്ലിപ്തം).
(2)	കെ. കെ. ദാമോദരൻ	ടി	52	ടി
(3)	എം. ചക്രപാണി	ടി	167	ടി
(4)	കെ. പണിക്കർ	ടി	7	ടി
(5)	കെ. ദാമോദരൻ	പ്രസിഡൻറ്		ടി

കൈനകരി,
24-4-1954.

No. C2-9871/54/DD. Government Secretariat,
Development Dept. (Co-operation Section),
Trivandrum, dated 13-12-1954.

From

The Secretary to Government

To

The President,
Kainakari Limeshell Co-operative Society Ltd.,
No. 2065, Kainakari.

Sub: Representation from the Kainakari Limeshell Co-operative Society Ltd., No. 2065.

Sir,

With reference your Memorandum dated 24-4-1954 I am directed to inform you as follows:

1. It is seen that the cost per ton of shells collected by the Travancore Cements Ltd., comes to Rs. 8 only, while the selling price of shells by the Lime Shell Co-operative Society is Rs. 10 per ton. Government cannot therefore ask the Company to purchase shells from the Co-operative Society on an uneconomic basis.

2. As regards the complaints of illicit collection and disposal of shells, it is seen that these shells are collected from puncha fields which are private properties and that there is no law prohibiting such collection. A bill known "the Travancore-Cochin Limeshell (Control) Bill" has now been drafted for controlling the collection and sale of lime shells. When the bill is passed into law necessary steps will be taken to prevent such illicit collection.

3. Rule 4 of the Mineral Concessions Rule 1949 enables the State Government to prescribe certain rules for the regulation of the extraction of minor minerals alone (of which limeshell is one). What is required is not regulation of collection alone, but also regulation of disposal and sale of shells under a system of licensing of producers and dealers. This purpose cannot be served by the rules contemplated in rule 4 of the Mineral Concessions Rules 1949.

4. The request to give due publicity to the mode of working of Lime Shell Societies is under consideration.

5. The Society may approach the Travancore-Cochin State Co-operative Bank for adequate loan facilities.

Yours faithfully,
(Sd.) K. KESAVAN,
Asst. Secretary to Government.

Copy to the Registrar of Co-operative Societies (S4-11929/50 dated 19-6-1954).

The Director of Fisheries (C. 641/54 dated 15-6-1954).

(True Copy)

APPENDIX II.

[*Please see answer to question No.* * 267 (11)]

തിരുവിതാംകൂർ-കൊച്ചി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവർകളുടെ മുമ്പാകെ കളരിക്കുറുപ്പ് (കളരിപ്പണിക്കർ) സംഘത്തിനുവേണ്ടി പ്രസിഡൻറ് കെ. പി. കുമാരക്കുറുപ്പ് സമർപ്പിക്കുന്ന മെമ്മോറാണ്ഡം.

തിരുവിതാംകൂർ-കൊച്ചിയിൽ പല ഭാഗങ്ങളിലുമായി അധിവസിച്ചുവരുന്നതും, ഏതാണ്ട് 10000-ത്തോളം ജനസംഖ്യയുണ്ടെന്ന് കണക്കാക്കപ്പെടുന്നതുമായ ഒരു ന്യൂനപക്ഷസമുദായമാണ് കളരിക്കുറുപ്പ് (കളരിപ്പണിക്കർ) സമുദായം. സാമുദായികമായും, സാമൂഹ്യമായും, വിദ്യാഭ്യാസപരമായും മററു ന്യൂനപക്ഷസമുദായങ്ങളെ അപേക്ഷിച്ച് ഈ സമുദായം ഏററവും പിന്നണിയിലാണ് സ്ഥിതിചെയ്യുന്നതെന്ന പരമാർത്ഥം വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഈ സമുദായത്തിൻെറ അവശതകൾ പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി ഗവണ്മെൻറിൽ 26-11-1952-ൽ ഒരു നിവേദനം സമർപ്പിച്ചിട്ടുള്ളതും, ആയതിന് വിദ്യാഭ്യാസസൗജന്യങ്ങൾക്കു മാത്രമായി ടി സമുദായത്തെ പിന്നാക്കസമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിട്ടുണ്ടെന്ന് ഉത്തരവായിട്ടുള്ളതുമാകുന്നു. 10-4-1954-ൽ സംഘംപ്രതിനിധികൾ ഇൻഡ്യാഗവണ്മെൻറിൻെറ പിന്നാക്കസമുദായകമ്മീഷൻ മുമ്പാകെ നിവേദനങ്ങളും, തെളിവുകളും നൽകിയിട്ടുള്ളതും, 11-4-54-ൽ തിരുവിതാംകൂർ-കൊച്ചി ബഹുമാനപ്പെട്ട ലേബർമന്ത്രി അവർകളെ കണ്ട് നിവേദനം സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

ഞങ്ങളുടെ മെമ്മോറാണ്ഡത്തിൽ പറഞ്ഞിട്ടുള്ള അടിയന്തിരാവശ്യങ്ങളിൽ ഫീസാനുകൂല്യം ഒഴിച്ച് മററാനും നാളിതുവരെ അനുവദിച്ചു കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ഇവിടെ പ്രത്യേകം ബോധിപ്പിച്ചുകൊള്ളുന്നു. തന്മൂലം സമുദായാംഗങ്ങളുടെ ജീവിതത്തിൻെറ നാനാതുറകളിലും നിരാശയും നിരുത്സാഹവും വർദ്ധിച്ചുവരികയാണ്. അതിനാൽ നിരാശാഗർത്തത്തിലാണ്ടു കിടക്കുന്ന പ്രസ്തുത സമുദായം ഇതാ ഒരിക്കൽക്കൂടി അതിനുള്ള അടിയന്തിരാവശ്യങ്ങളെ ഭവാങ്ങളുടെ ദയാദാക്ഷിണ്യത്തിൻ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

(1) ഈ സമുദായത്തെ പിന്നാക്കസമുദായോദ്ധാരണ വകുപ്പിൻെറ കീഴിൽ ആക്കേണ്ടതും, പ്രസ്തുത വകുപ്പിൽനിന്നും കാലാനുസൃതമായി വേണ്ട ഉപദേശങ്ങളും ആനുകൂല്യങ്ങളും ലഭിക്കുവാൻ ഉത്തരവുണ്ടാകേണ്ടതുമാണ്.

(2) സ്കൂളുകളിലും, കാളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡും പ്രത്യേക സ്കോളർഷിപ്പുകളും ഈ സമുദായം വിദ്യാഭ്യാസപരമായി ഉന്നമനത്തെ പ്രാപിക്കുന്നതുവരെക്കെങ്കിലും അനുവദിക്കേണ്ടതാകുന്നു.

(3) കാളേജുകളിലും, മെഡിക്കൽ, എഞ്ചിനീയറിംഗ് മുതലായ സാങ്കേതിക വിദ്യാലയങ്ങളിലും ഓരോ അദ്ധ്യയനവർഷത്തിലും ഓരോ സീറ്റെങ്കിലും ഈ സമുദായത്തിന് റിസർവ്വ് ചെയ്യുന്നത് സമുദായത്തിൻെറ ഇന്നത്തെ നിലയ്ക്ക് ഏററവും വലിയ ഉപകാരമായിരിക്കും.

(4) ഈ സമുദായത്തിൽ നിന്ന് ഇപ്പോൾ ഗവണ്മെൻറിൽ സേവനം അനുഷ്ഠിക്കുന്ന ചുരുക്കം ചില ഉദ്യോഗസ്ഥന്മാർ ഉള്ളവർക്കുതന്നെ യഥാകാലം, യഥായോഗ്യം അവർ അർഹിക്കുന്ന പ്രമോഷൻ കിട്ടുന്നില്ലെന്നുള്ള ആവലാതികൾ അങ്ങയുടെ ഭരണകാലത്തെങ്കിലും പരിഹരിക്കപ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

(5) പുതുതായി നിയമിക്കുന്ന ഉദ്യോഗങ്ങളിൽ സമുദായത്തിന്നവകാശപ്പെട്ട, ഏററവും പരിമിതമായ, ഉദ്യോഗപ്രാതിനിദ്ധ്യം മാത്രം നോക്കാതെ കൂടുതൽ പ്രോത്സാഹനം യോഗ്യതാനുസരണം നല്കുവാൻ അപേക്ഷയുള്ളതുമാകുന്നു.

(6) ഈ സമുദായത്തിൽ ഒട്ടാകെ നോക്കിയാൽ സ്കൂൾഫൈനൽ പാസ്സായവരായി പത്തോ പന്ത്രണ്ടോ സ്ത്രീകൾ ഉണ്ടായേക്കാമെങ്കിലും അവരിൽ തന്നെ രണ്ടോ മൂന്നോ പേർക്കു മാത്രമെ ഇന്ന് ഗവണ്മെൻറ് ഉദ്യോഗമുള്ളൂ. ബാക്കിയുള്ളവരിൽ പലരും സെക്കണ്ടറിട്രെയിനിംഗ് കഴിച്ച് ഉദ്യോഗാർത്ഥിനികളായി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുമ്പാകെ അപേക്ഷകൾ അയച്ച് നിരാശരായി കഴിഞ്ഞുകൂടുകയാണെന്നുള്ള പരമാർത്ഥം വിദ്യാഭ്യാസമന്ത്രി കൂടിയായ അങ്ങയെ പ്രത്യേകം അറിയിച്ചുകൊള്ളട്ടെ.

(7) ഒരു ക്ലിപ്തകാലത്തേക്കെങ്കിലും പട്ടികജാതിക്കാർക്ക് കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഈ സമുദായത്തിന്നനുവദിച്ചു കിട്ടുവാൻ അർഹതയുള്ളതാകുന്നു.

ഈ സമുദായത്തിന്റെ ഇന്നത്തെ വസ്തുസ്ഥിതികൾ മുൻസമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ഡങ്ങളിൽ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. ഞങ്ങളുടെ ഏററവും മിതവും ന്യായവും ആയ ആവശ്യങ്ങൾ ഉടനടി അനുവദിച്ച് കൽപനയുണ്ടാകുവാൻ വീണ്ടും താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

കളരിക്കുപ്പ് (കളരിപ്പണിക്കർ)
സംഘം ആഫീസ്,
ചാലക്കുടി,
11-5-1954.

കെ. പി. രാമക്കുപ്പ്,
പ്രസിഡൻറ്.

APPENDIX III

[Please see Answer to Question No. * 293 (42)]

Statement showing the Demands of the Workers of the Plywood Factory.

1. The Minimum basic wages be fixed at Rs. 1-8-0 per day and proportionate increase be given to all other grades.
2. Dearness allowance be fixed at As. 3 for every point of increase in cost of living index (basic year 1939).
3. Yearly increment be given to all workers without any discrimination.
4. All casual workers be made permanent.
5. A qualified Doctor be appointed with necessary arrangements for medical aid.
6. All workers be provided with family quarters.
7. Co-operative Society building be constructed and the present new canteen building be made available for their refreshing.
8. Battens for tea-chests be regularly manufactured in the factory absorbing more workers.
9. A Plywood Expert and an Engineer be appointed for the factory.
10. Provident Fund and Gratuity be instituted.
11. Bonus for year 1951-52, 52-53 be disbursed to the 7 workers.

APPENDIX IV.

[Please see answer to Question No. *294 (45)]

List of Midwifery and Health Centres of Travancore-Cochin State

Thovala.

1. Thovala.
2. Thazhakudy.

Agasteeswaram.

3. Suchindram.
4. Azhakappapuram
5. Chempakaramanputhenthurai.
6. Manakudy.
7. Ethamboly.
8. Thengamputhoor.

Kalkulam.

9. Neyyoor.
10. Kothanalloor.
11. Attoor.

Vilavancode.

12. Kollencode.
13. Eravipuram.
14. Karingal.
15. Arudesam.

Neyyattinkara.

16. Ottasekharamangalam.
17. Punnamood.
18. Balaramapuram.
19. Kodangavila.
20. Poovar.
21. Kanjiramkulam.
22. Kottukal.
23. Punnavoor.
24. Marayamuttam.
25. Koliyoor.
26. Venkadampu.

Trivandrum.

27. Kadinamkulam.
28. Murukumpuzha.
29. Vattiyoorkavu.
30. Cheruvikkal.
31. Vengode.

Nedumangad.

32. Vattapra.
33. Kuttichal.
34. Kallara.
35. Kattakada.
36. Mannoorkonam.
37. Thembamood.
38. Tholikode.
39. Karakulam.

Chirayinkil.

40. Pallickal.
41. Mudakkal.
42. Kadakkavoor.
43. Navaikulam.
44. Perumathurai.

Quilon.

45. Mayyanad.
46. Adichanalloor.
47. Mangad.
48. Anchalumood.
49. Kottiyam.
50. Nallila.

Karunagapally.

51. Thevalakara.
52. Thazhava.
53. Devikulangara.
54. Ponmana.
55. Thekkumbhagom.
56. Neendakara.

Karthikapally

57. Veeyapuram.
58. Muthukulam.
59. Pathiyoor.
60. Arattupuzha.

Kottarakara.

61. Chadayamangalam.
62. Nellikunnam.
63. Mannoor.

APPENDIX IV—(*contd.*)

64. Ezhukone.
65. Kaithode.
66. Vayakkal.

Kunnathur.

67. Elamannoor.
68. Sasthamcottah.
69. Madumon.
70. Sooranad.

Shencottah.

71. Achenputhoor.

Pathanapuram.

72. Pathanapuram.
73. Pattazhy.
74. Anchal.
75. Piravanthoor.

Thiruvellah.

76. Keezhvaipur.
77. Venmoney.
78. Kallooppara.
79. Vallamkulam.
80. Kaviyoor.
81. Parumala.

Pathanamthitta.

82. Milapra.
83. Vayalathala.
84. Naranamoozhy.
85. Ezholi.
86. Elanthoor.

Mavelikara.

87. Pandalam.
88. Chunakara.
89. Thekkekara.

Ambalapuzha.

90. Thekkan Ariyad.
91. Valavanad.
92. Kainakari.
93. Mannancherry.

Sherthalai.

94. Perumbalam.
95. Muthiathode.
96. Mararikulam.
97. Panavally.

Changanacherry.

98. Karukachal.
99. Cheruvally.
100. Manimala.
101. Paipad.
102. Vakathanam.
103. Vazhoor.
104. Ericad.

Kottayam.

105. Anikad.
106. Pampady.
107. Arumanoor.
108. Meenadom.
109. Elamkulam.

Vaikom.

110. Kuruppumthara.
111. Poothotta.
112. Thalayolaparambu
113. Chempu.
114. Peruva.
115. Brahmangalam.
116. Moothaedathukavu.
117. Madhuraveli.
118. Thirumanivenkitapuram.

Meenachil.

119. Kurimannoor.
120. Erattupettah.
121. Kidangoor.
122. Mutholy.

Muvattupuzha.

123. Kottapady.
124. Kuttamangalam.
125. Thrikkariyoor.
126. Maneri.
127. Arakuzha.
128. Marady.

APPENDIX IV.—(*contd.*)

Thodupuzha.

129. Kadakulam.
130. Vazhithala.
131. Kumaramangalam.

Kunnathunad.

132. Ankamali
133. Puthencruz.
134. Kumarapuram.
135. Ayirapuram.
136. Kizhakkambalam.

Parur.

137. North Aduvasserry.
138. Varapuzha.
139. Munambom.

Cochin-Kanayannoor.

140. Elamkunnathupuzha.
141. Nayarambalam.
142. Edavanekad.
143. Chennamangalam.
144. Pallippuram.
145. Kumbalam.
146. Cheranalloor.
147. Thiruvankulam.
148. Nadama.
149. Mulanthuruthy.
150. Amballoor.
151. Poonithurai.
152. Mulavukad.
153. Kanjur.
154. Marada.
155. Elamkulam.
156. Palluruthy.
157. Chellanam.
158. Malayathoor.

Cochin-Kanayannoor.

159. Chowara.
160. Kumbalanghy.
161. Pazhangad.

Cranganore.

162. Methala.
163. Eriyad.
164. Lokamangalaswaram.
165. Pallut.

Mukundapuram.

166. Edavilangu
167. Kadakara
168. Pariyaram.
169. Meloor.
170. Perambra.
171. Adoor.
172 Kizhakkumuri
173. Kallovadakkumuri
174. Chembuchira.
175. Padiyoor.
176. Vellamgalore.
177. Veloorkara.
178. Marinyad.
179. Aloor.
180. Porathiserry.
181. Kattur.
182. Vadama.
183. Kuzhur.
184. Poyya.
185. Varamdapilly.
186. Thrikkur.
187. Parappukara.

Trichur.

188. Anthikad.
189. Manaloor.
190. Orava.
191. Chazhur.
192. Chevoor.
193. Thanniyoor.
194. Pralp.
195. Arattupuzha.
196. Ollur.
197. Kodennoor.
198. Puthur.
199. Nadathara.
200. Kalparambu.
201. Avanur.
202. Adat.
203. Tholoor.
204. Kolazhy.
205. Ayyanthola.
206. Ollukkara.
207. Vilvattam.

APPENDIX IV—(*concld.*)

208. Panacherry.
209. Koorkancherry.
210. Vellanikara.
211. Avinisseri.

Thalappally.

212. Chelakara.
213. Kondazhy.
214. Cheruthuruthy.
215. Panjal.
216. Thiruvilwamala.
217. Pazhayannur.
218. Thekkumkara.
219. Kariyannur.
220. Varavor.
221. Mundathikode.
222. Veloor.
223. Panzhnjy.
224. Karikad.
225. Ponkulam.
226. Chowannur.
227. Arthat.
228. Chundal.
229. Aloor.
230. Kadangode.
231. Desamangalam.

Chittur Taluk.

232. Ayalur
233. Nammara.
234. Nellapolly.
235. Vadakarapathy.
236. Erathampathy.
237. Pattancherry.
238. Perumatty.

APPENDIX V.

[Please see Answer to Question No. * 300 (51).]

Institutions to which grants have been given as recommended by the Advisory Committee for the Advancement of Backward Communities.

Name of Institution.	Amount of grant	Remarks.
	Rs.	
1. Harijan Sevak Sangh, Nagercoil ..	20	Monthly.
2. City Scavenger's Union, Trivandrum ..	60	do.
3. Village Cottage Industries, Goureesapattom ..	60	do.
4. Central Distress Relief Institute, Trivandrum ..	60	do. (At Rs. 10 each to 6 students for their training in the institution).
5. Gunadharma Orphanage, Pallikka ..	60	Monthly.
6. Cottage Industries, Paippad ..	20	do.
7. Sri Chitra Vilasom Weaving School, Venganur ..	1,500	Lump sum grant sanctioned for the reconstruction of the school building.
8. Sri Chitra Mandiram, Pullad ..	500	Lump sum grant sanctioned for the repairs of the building.

APPENDIX VI.

[*Please see answer to Question No. 169 (38)*]

(i) To pay daily visits to the houses in the colonies to which they are attached ;

(ii) To advise the colonists especially women and children, about sanitation, preventive medicine etc.;

(iii) To advise women regarding pre-natal and post-natal treatment and also to take Public Health Officers, especially Midwives and Health Visitors to the colonies ;

(iv) To advise the colonists on the benefits of thrift and temperance;

(v) To advise the colonists to keep their houses and premises clean and also to engage themselves in the cultivation of food crops in the respective sites under their occupation;

(vi) To conduct economic survey under instructions from the Office of the Commissioner in the colonies;

(vii) To render help to the Field Officers of the Department in the discharge of their duties in the colonies ;

(viii) To organise co-operative societies in the colonies and to render active help to the officers in the matter of correct keeping of accounts and useful management ;

(ix) To organise cottage industry undertakings in the colonies in a manner beneficial to the colonists; and

(x) To visit periodically all the pakuthies of the taluk over which they have jurisdiction for petition enquiries and for helping the Field Officers of the Department in their work in those taluks.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1955.

Saturday, the 5th February 1955.

Vol. XII] OFFICIAL REPORT [No. 9

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Saturday, the 5th February 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ശ്രീ. എൻ. ജി. ചാക്കോ : ലൈബ്രറിയിലെ മേശപ്പുറത്തു നോക്കിയതിൽ വളരെ കുറച്ച് അൺ സ്റ്റാർഡ് കവസ്റ്റ്യൻസിന്റെ ഉത്തരങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളൂ. അതിന് വേണ്ട ഉത്തരവ് എത്രയും വേഗത്തിൽ ചെയ്താൽ കൊള്ളാം.

മി. സ്പീക്കർ : നോക്കാം.

ORAL ANSWERS.

കണ്ടിൻജൻസി ജീവനക്കാർ.

* 307. [1] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി സേവനം അനുഷ്ഠിച്ചുവരുന്ന കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം കണ്ടിൻജൻസി ജീവനക്കാരിൽ തുച്ഛക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളം വെട്ടിക്കുറച്ചിട്ടുണ്ടോ ;

(സി) വെട്ടിക്കുറച്ചിരിക്കുന്ന ശമ്പളം പഴയപടി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉണ്ട്. 1955 ജനുവരി 3-ാംതീയതി പുറപ്പെടുവിച്ച ഗവണ്മെൻറുത്തരവ് അനുസരിച്ച് ഏർ ടൈം കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം അതേതരത്തിലുള്ളമററു ഗവണ്മെൻറു ജീവനക്കാരുടെ ശമ്പളത്തിനോടു തുല്യമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വ്യയനൂനീകരണ നടപടികൾ സ്വീകരിച്ചപ്പോൾ ചില ഡിപ്പാർട്ടുമെൻറുകളിൽ ഏർ ടൈം തൂപ്പുകാരെ പാർട്ട് ടൈം ജോലിക്കാരാക്കുക ഉണ്ടായി. അതനുസരിച്ച് അവർക്ക് മുൻപു കിട്ടിവന്നിരുന്ന ശമ്പളത്തിന് കുറവുവന്നിട്ടുണ്ട്.

(സി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഡി) അവ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. വി. ശ്രീധരൻ : തിരുവനന്തപുരത്തുള്ള ആശുപത്രികളിലെ കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന് അവർ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അതിൻെറ വിവരങ്ങൾ പ്രത്യേകമായി എൻെറ കൈവശമില്ല.

ശ്രീ. വി. ശ്രീധരൻ : അവരുടെ നിവേദനങ്ങൾ ലഭിച്ചിട്ടില്ലെന്നാണോ പറയുന്നത് ?

ശ്രീ. എ. താണുപിള്ള : അങ്ങനെ വന്നിട്ടുണ്ടോ എന്നു നോക്കിയില്ല.

ശ്രീ. വി. ശ്രീധരൻ : ഈ കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം 42 രൂപയിൽ നിന്നും ഇപ്പോൾ 20 രൂപ ആക്കിയിരിക്കുന്നതു് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്. അതിനാണ് നടപടി എടുത്തതു്.

ശ്രീ. കെ. കരുണാകരൻ : ഈ കണ്ടിൻജൻസി ജീവനക്കാർക്കു പത്തും പതിനഞ്ചും കൊല്ലം സർവ്വീസ് ഉള്ളവരായിട്ടും അവരെ സ്ഥിരം ഒഴിവുകൾ വരുമ്പോൾ നിയമിക്കാതിരിക്കുന്നതെന്തുകൊണ്ടാണ് ?

ശ്രീ. എ. താണുപിള്ള : അങ്ങനെയുണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ അവരെ നിയമിക്കണമെന്നാണ് ഉദ്ദേശം. അതിനുവേണ്ടിയാണ് നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ : സ്ഥിരം ഒഴിവുകൾ ഡിപ്പാർട്ടുമെൻറുകളിൽ ഉണ്ടാകുമ്പോൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് കൂടുതൽ സർവ്വീസുള്ള കണ്ടിൻജൻസി ജീവനക്കാരെ നിയമിക്കണമെന്ന് നിർദ്ദേശം കൊടുക്കാൻ ആലോചിക്കുമോ ?

ശ്രീ. എ. താണുപിള്ള : അതു് സർവ്വീസ് റൂളിന് വിധേയമായി എടുക്കാൻ ആലോചിക്കാം.

ശ്രീ. പി. വി. അവിരാതരകൻ : ഈ കണ്ടിന്ജൻസിക്കാരുടെ ശമ്പളം വെട്ടിക്കുറച്ചതു് ഈ ഗവണ്മെൻറാണോ അതോ മുൻ ഗവണ്മെൻറാണോ ?

ശ്രീ. എ. താണുപിള്ള : ഈ ഗവണ്മെൻറ് തന്നെ.

ബോപ്പാലിൽ കുടിയേറി പാർക്കുന്നതിന് അപേക്ഷകർ.

*308. [2] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോപ്പാലിൽ കുടിയേറി പാർക്കുന്നതിന് എത്ര കുടുംബങ്ങളെ തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും തിരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) ഇവരെ ഏതെല്ലാം താലൂക്കുകളിൽ നിന്നാണ് തിരഞ്ഞെടുത്തിട്ടുള്ളതു് ;

(സി) ആകെ എത്ര അപേക്ഷകർ ഉണ്ടായിരുന്നു ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : (എ) 106 കുടുംബങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) താഴെ പറയുന്ന താലൂക്കുകളിൽ നിന്നാണ്.

നെടുമങ്ങാട്	ചങ്ങനാശേരി
തിരുവനന്തപുരം	കോട്ടയം
ചിറയിൻകീഴ്	കൊച്ചി കണയന്നൂർ
കൊല്ലം	മുകുന്ദപുരം
തിരുവല്ലാ	

(സി) 1300 അപേക്ഷകർ ഉണ്ടായിരുന്നു.

ശ്രീ. എൻ. ജി. ചാക്കോ : മററു താലൂക്കുകളിൽ നിന്നും അപേക്ഷകൾ ഉണ്ടായിരുന്നോ ?

ശ്രീ. എ. താണുപിള്ള : മററു താലൂക്കുകളിൽനിന്നും അപേക്ഷകൾ ഉണ്ടായിരിക്കാം. ആകെ തിരഞ്ഞെടുത്തിട്ടുള്ളതു് 1300 അപേക്ഷകരിൽ നിന്നും 106 കുടുംബങ്ങളെയാണ്.

ശ്രീ. എൻ. ജി. ചാക്കോ : തിരഞ്ഞെടുപ്പു നടത്തിയതു് ആരാണെന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള : അതു് ഇൻഡ്യാഗവണ്മെൻറിൽനിന്നും വന്ന ഉദ്യോഗസ്ഥനാണെന്നോ ഇവിടെ ഉദ്യോഗസ്ഥനാണെന്നോ എൻെറ കൈവശമുള്ള റിക്കാർഡിൽ കാണുന്നില്ല.

ശ്രീ. സി. എ. മാത്യു : ഏതെല്ലാം പരിഗണനകളെ അടിസ്ഥാനപ്പെടുത്തിയാണ് തിരഞ്ഞെടുപ്പു നടത്തിയതു് ?

ശ്രീ. എ. താണുപിള്ള : ഭവനരഹിതരേയും ആരോഗ്യമുള്ളവരേയും സമ്മതമുള്ളവരേയും മററും നോക്കിയാണ് തിരഞ്ഞെടുത്തിട്ടുള്ളതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ ഗവണ്മെൻറിൽ നിന്നും അവർക്കു വല്ല സഹായവും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അവർക്കു വേണ്ട സഹായങ്ങൾ ഇൻഡ്യാ ഗവണ്മെൻറു ചെയ്തുകൊള്ളും.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : തിരഞ്ഞെടുത്തവരിൽ ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടവർ എത്രപേരുണ്ട്?

ശ്രീ. എ. താണുപിള്ള : അതിനു പ്രത്യേകം നോട്ടീസുവേണം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അതിൽ ഏതെല്ലാം സമുദായത്തിൽപ്പെട്ടവരെ തിരഞ്ഞെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതിൻെറ വിശദവിവരങ്ങൾ എൻെറ കൈവശമില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ് : താലൂക്ക് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്താൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. എ. താണുപിള്ള : പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ 106 പേരെ മാത്രം തിരഞ്ഞെടുത്തതെന്താണ്?

ശ്രീ. എ. താണുപിള്ള : അത്ര ആവശ്യമുണ്ടായിരുന്നുള്ളു.

ശ്രീ എൻ. പരമേശ്വരൻപിള്ള : ഓരോ താലൂക്കിൽ നിന്നും എത്ര കുടുംബങ്ങളെ വീതം എടുത്തെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതിൻെറ വിവരങ്ങൾ എൻെറ കൈവശമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അവരെ നിർബന്ധിച്ചു കൊണ്ടുപോയി എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എ. താണുപിള്ള : അല്ല.

വ്യവസായസംഘങ്ങൾ സ്ഥാപിക്കുന്നതിന് വിദഗ്ദ്ധന്മാരുടെ സേവനം.

* 309. [3] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആൻഡമാൻ, നിക്കോബാർ ദ്വീപുകളിൽ കയർവ്യവസായസംഘങ്ങൾ സ്ഥാപിക്കുന്നതിന് തിരുവിതാംകൂർ-കൊച്ചി വിദഗ്ദ്ധന്മാരുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ തിരഞ്ഞെടുത്തയച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഉണ്ട്.

(ബി) 12 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : എന്തടിസ്ഥാനത്തിലാണ് ഇവരെ തിരഞ്ഞെടുത്തത്?

ശ്രീ. പി. എസ്. നടരാജപിള്ള : കയർ വ്യവസായത്തിൽ വേണ്ട അറിവുള്ളവരെ നോക്കി തിരഞ്ഞെടുത്തു.

ആൻഡമാൻസിലേയ്ക്ക് തൊഴിലാളികൾ.

* 310. [4] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആൻഡമാൻസ്, നിക്കോബാർ എന്നീ ദ്വീപുകളിൽ കയർ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഇവിടെ നിന്ന് എത്ര കയർ തൊഴിലാളികളെ തിരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) വ്യവസായ ഡിപ്പാർട്ടുമെൻറിൽ നിന്ന് അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്;

(സി) അവർക്ക് എത്രകൊല്ലത്തെ പരിശീലനമാണ് നൽകുന്നത് ;

(ഡി) അവരുടെ പരിശീലനം സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) തിരഞ്ഞെടുക്കുവാൻ 12 പേരെ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഒരു ആനുകൂല്യവും ചെയ്തുകൊടുത്തിട്ടില്ല.

(സി) രണ്ടു കൊല്ലത്തേയ്ക്കാണ് അവരുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) ഇല്ലാ.

ശ്രീ. പി. ഗോപാലൻ : ഇവരെ തിരഞ്ഞെടുത്തത് ആരാണെന്ന് പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഡയറക്ടർ ആഫ് ഇൻഡസ്ട്രീസ്.

ശ്രീ. പി. ഗോപാലൻ : അവരുടെ സേവനവ്യവസ്ഥ എന്താണെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ആൻഡമാൻസിൽ ചെന്ന് അവിടെയുള്ളവർക്ക് കയർ വ്യവസായം പഠിപ്പിച്ചുകൊടുത്താൽ അവരുടെ ചെലവു കൊടുക്കാം എന്ന് അവിടെയുള്ള അവരുടെ ആഫീസ്സർ പറഞ്ഞു. അതനുസരിച്ച് അപേക്ഷകൾ ക്ഷണിച്ചു. ഡയറക്ടർ ആഫ് ഇൻഡസ്ട്രീസും പബ്ളിക്ക് റിലേഷൻസ് ഡയറക്ടറും കൂടിയാണ് അവരെ തിരഞ്ഞെടുത്തത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അവർക്ക് ശമ്പളമുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : അവർക്കു ശമ്പളമില്ല. എന്നാൽ വേജസ് ലഭിക്കുന്നുണ്ട്.

ശ്രീ. പി. ഗോപാലൻ : അവരുടെ പ്രത്യേക യോഗ്യത എന്താണ്?

Shri P. S. Nataraja Pillai: This is what the Director of Industries says on the matter.. In the course of discussion, Mitra, Chief Commissioner for Andaman and Nicobar Islands requested me to select about a dozen coir workers to work under the Forest Department of the Andaman Islands in order to train personnel for the organisation of coir industry in the Island.

ശ്രീ. ടി. കെ. ദിവാകരൻ: അവരെ അയച്ചിട്ടുള്ളത് പായ് നെയ്ത്തിനാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: ആൻഡമാൻസിലെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനിന്നും ആവശ്യപ്പെട്ടതനുസരിച്ചാണ് അയച്ചിട്ടുള്ളത്. അതിൻെറ വിശദവിവരം കിട്ടിയിട്ടില്ല.

ശ്രീ. പി. ഗോപാലൻ: ശരിയായ പരിശീലനം ഇല്ലാത്ത ആളുകൾ അവിടെപ്പോയി എന്തു ചെയ്യാനാണ്?

ശ്രീ. പി. എസ്. നടരാജപിള്ള: അതു് അവർ നോക്കിക്കൊള്ളും.

ശ്രീ. സി. സി. അയ്യപ്പൻ: അവരെ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നും തെരഞ്ഞെടുത്തു എന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: പറയാം. മുരുക്കുംപുഴ, ചേർത്തല മാന്നാർ, അഞ്ചുതെങ്ങ്, തിരുവനന്തപുരം, ചന്തിരൂർ, തൃശ്ശൂർ ഡിസ്ട്രിക്റ്റ്, ചവറ.

ശ്രീ. കെ. സി. ജോർജ്ജ്: ആലപ്പുഴയും ക്വാളിഫൈഡായിട്ടുള്ളവർ ഇല്ലാഞ്ഞിട്ടാണോ തെരഞ്ഞെടുക്കാതിരുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: ക്വാളിഫൈഡ് ആയിട്ടുള്ളവർ അവിടെ ഉണ്ട്. അവർക്ക് നല്ല ശമ്പളവും ലഭിക്കുന്നുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: മാന്നാറിൽനിന്നും തിരഞ്ഞെടുത്ത ആളിൻെറ പേരു് പറയാമോ? അവിടെ കയർ വ്യവസായം വളരെ കുറവുള്ള സ്ഥലമാണെന്നും അവിടെ നിന്നും തിരഞ്ഞെടുത്ത ആൾ വൈദഗ്ദ്ധ്യമുള്ള ആൾ അല്ലെന്നുമറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: മാന്നാറിൽ ജനിച്ചതുകൊണ്ട് അതിൽ വിദഗ്ദ്ധനല്ലെന്നു പറയുന്നതു് എങ്ങനെയാണ്? അയാളുടെ പേർ വി. വി. ചെറിയാൻ, വെട്ടിമുട്ടിൽ ഹൗസ്, കുരട്ടിക്കാട്ട്, മാന്നാർ.

മത്സ്യത്തൊഴിലാളികളുടെ പാർപ്പിടം.

* 311. [5] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പാർപ്പിടം സംബന്ധിച്ച് കേന്ദ്ര ഗവണ്മെൻറിൽനിന്ന് എന്തു തുക വായ്പയായി ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പ്രോജക്റ്റുകളിലാണ് പാർപ്പിടങ്ങൾ ഉണ്ടാക്കുന്ന പദ്ധതി അംഗീകരിച്ചിട്ടുള്ളതു്;

(സി) ഈ പദ്ധതിയുടെ വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇതിലേയ്ക്കു് വല്ല കമ്മിററികളും രൂപീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) കേന്ദ്രഗവണ്മെൻറിൽ നിന്നും മത്സ്യത്തൊഴിലാളികൾക്കുള്ള പാർപ്പിടങ്ങൾക്കു മാത്രമായി തുകയൊന്നും വായ്പയായി അനുവദിച്ചിട്ടില്ല. സാമൂഹ്യവികസനമേഖലകളിൽ തീരപ്രദേശത്തും ഉൾനാട്ടിലും താമസിക്കുന്ന ഭവനരഹിതരും ഭൂമിയില്ലാത്തവരുമായ ആളുകൾക്ക് പാർപ്പിടങ്ങൾ നിർമ്മിക്കുവാൻ തുക അനുവദിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക ഇപ്രകാരമാണ്.

1. നെയ്യാറിൻകര–വിളവങ്കോട് പ്രോജക്റ്റ് 6 ലക്ഷം രൂപ.
2. കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റ് 90,000 രൂപ.
3. കുട്ടനാട് ഡെവലപ്പ്മെൻറ് ബ്ലോക്ക് 2½ ലക്ഷം രൂപ.

(ബി) നെയ്യാറിൻകര–വിളവങ്കോട് പ്രോജക്റ്റിൽ മാത്രമേ പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുള്ളൂ. കുന്നത്തുനാട്–ചാലക്കുടിയിലും കുട്ടനാട് ഡെവലപ്പ്മെൻറ് ബ്ലോക്കിലും ഭവനനിർമ്മാണപദ്ധതികൾ അംഗീകരിച്ചുകഴിഞ്ഞിട്ടില്ല.

(സി) നെയ്യാറിൻകര–വിളവങ്കോട് പ്രോജക്റ്റിൽ ആരംഭിച്ചുകഴിഞ്ഞിട്ടുള്ള പദ്ധതി അതിനുവേണ്ട. രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ഇവയെ സംബന്ധിച്ചുള്ള വ്യവസ്ഥകളടങ്ങിയ ഗവണ്മെൻറുത്തരവ് * മേശമേൽ വച്ചിട്ടുണ്ട്.

ശ്രീ. പി. ഗോപാലൻ: ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: പ്രോജക്റ്റ് എക്സിക്യൂട്ടീവ് ആഫീസർ, ലോക്കൽ പഞ്ചായത്തു പ്രസിഡൻറ്, കമ്മ്യൂണിറ്റി പ്രോജക്റ്റ് കോവാപ്പറേറ്റീവ് ഇൻസ്പെക്റ്റർ, പാരിഷ് പ്രീസ്റ്റ്, അവിടത്തെ പി. ഇ. ഓ. നാമനിർദ്ദേശം ചെയ്ത ഒരാൾ.

ശ്രീ. പി. ഗോപാലൻ: പാരിഷ് പ്രീസ്റ്റിനെ ഇതിൽ ഉൾപ്പെടുത്തിയതെന്തുകൊണ്ടാണ്?

ശ്രീ. എ. താണുപിള്ള: ആ പാരിഷ് പ്രദേശത്തുള്ള ക്രിസ്ത്യാനസിനെപ്പറ്റി ഇവർ ആവശ്യപ്പെടുന്ന വിവരങ്ങളൊക്കെ അറിയാൻ കഴിയുമെന്നു വിചാരിച്ചാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രോജക്റ്റ് ഏരിയായിൽ മാത്രമേ വിതരണം ചെയ്യാവൂ എന്നു പ്രത്യേക വ്യവസ്ഥയുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ. തോപ്പി ഭാസ്കരൻപിള്ള: ഏതു വ്യവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതു് ഇൻസ്റ്റാൾമെൻറ് വ്യവസ്ഥയിൽ ചെയ്യുമെന്നുള്ളതാണ്.

ശ്രീ. പി. കെ. കുഞ്ഞോയിക്കുട്ടി: പ്രോജക്റ്റ് ഏരിയായിൽ അല്ലാത്ത സ്ഥലങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ഈ സ്കീം പ്രവർത്തിക്കുന്നുണ്ടോ?

* Please see Appendix I.

ശ്രീ. എ. താണുപിള്ള: പ്രോജക്റ്റ് ഏരിയായിലുള്ള മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളമുള്ള ഒരു പദ്ധതിയാണ് ഇവിടെ പറഞ്ഞത്.

ശ്രീ. പി. കെ. യശോധരൻ: അതല്ലാതെ പദ്ധതിയുണ്ടോ?

ശ്രീ. എ. താണുപിള്ള: അതല്ലാതെയും പദ്ധതികളുണ്ട്.

Educational Institutions, Trichur.

*312. [6] **Shri T. P. Sitaraman:** Will the Chief Minister be pleased to state:

(*a*) whether the pupils in the educational institutions of Trichur were allowed to leave their schools in the afternoon of 23rd September;

(*b*) was this done to enable them to hear the speech of Shri Jai Prakash Narayan;

(*c*) on what date did Shri Narayan visit and speak in Trichur;

(*d*) on what date did Shri Narayan visit Trivandrum;

(*e*) were the pupils in the educational institutions in Trivandrum allowed leave to see and hear him on that day; and

(*f*) were the pupils in Trivandrum educational institutions given leave to hear Shri Narayan on the next or any other day?

Chief Minister **(Shri A. Thanu Pillai):**

(*a*) No.

(*b*) The question does not arise in view of the answer to part (a).

(*c*) On 28-9-1954.

(*d*) On 7-10-1954.

(*e*) Yes.

(*f*) No.

ശ്രീ. ടി. പി. സീതാരാമൻ: സർ, അദ്ദേഹം സ്റ്റേറ്റ് ഗസ്റ്റ് ആയിരുന്നോ?

ശ്രീ. എ. താണുപിള്ള: അതിന് നോട്ടീസു വേണം. സർ, ആയിരുന്നുവെന്നാണ് ഓർമ്മ.

ശ്രീ. തലേക്കര. കെ. കൃഷ്ണൻ: ശ്രീ. സി. രാജഗോപാലാചാരിയും, ശ്രീ. അനന്തശയനം അയ്യങ്കാരും ഇവിടെ വന്നിരുന്നപ്പോൾ സ്റ്റേറ്റ് ഗസ്റ്റ്സ് ആയിരുന്നോ?

Mr. Speaker: That is a separate question. Disallowed.

Prime Minister of India.

*313. [7] **Shri T. P. Sitaraman:** Will the Chief Minister be pleased to state:

(*a*) whether the Chief Minister has received any communication from the Prime Minister of India in October regarding his desire to relinquish his Prime ministership of India for a time;

(b) has the Chief Minister replied to the Prime Minister; and

(c) what is it ?

Chief Minister (**Shri A. Thanu Pillai**): Sir, it is not in public interest to answer this question. This matter relates to confidential correspondence that passed between the Prime Minister and the Chief Minister, and this matter does not affect this Government. It is of a personal nature and it is not fair that that matter is discussed here.

മലയാളനിഘണ്ടു.

* 314. [8] ശ്രീ. കെ. സി. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളനിഘണ്ടു (ലക്സിക്കൺ) ഉണ്ടാക്കുന്നതിന് വല്ല നടപടിയും ഗവണ്മെൻറ് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്ക് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(സി) അതിൻെറ ചെലവിലേയ്ക്ക് മദ്രാസ് ഗവണ്മെൻറ് വല്ല സംഭാവനയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉണ്ട്.

(ബി) 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്; 5,000 രൂപ.

ശ്രീ. കെ. സി. ജോർജ്ജ്: ഇതു സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. താണുപിള്ള: ഒരു ആഫീസർ, ആവശ്യമുള്ള മററു ജോലിക്കാർ ഇവരെ നിയമിച്ചിട്ടുണ്ട്. അവർ ജോലി തുടങ്ങിയിരിക്കുകയാണ്.

ശ്രീ. കെ. സി. ജോർജ്ജ്: ഈ ഗവണ്മെൻറ് 50,000 രൂപ അനുവദിച്ചപ്പോൾ, മദ്രാസ് ഗവണ്മെൻറ് 5,000 രൂപമാത്രം അനുവദിച്ചതു് ശരിയാണോ?

ശ്രീ. എ. താണുപിള്ള: ഈ ഗവണ്മെൻറ് നടത്തുന്ന കാര്യമാണിതു്. മലയാളഭാഷ അവിടെക്കൂടി പ്രയോഗത്തിൽ ഇരിക്കുന്നതു കൊണ്ട് മദ്രാസ് ഗവണ്മെൻറും ഒരു സംഭാവന ചെയ്യുന്നുമാത്രം.

ശ്രീ. എം. വി. ചെറിയാൻ: നിയമിക്കപ്പെട്ട അംഗങ്ങൾ ആരെല്ലാമാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. താണുപിള്ള: ചുമതലപ്പെട്ട ആഫീസർ ശ്രീ. ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ളയാണ്. മററുള്ളവരുടെ പേരുവിവരം ഇപ്പോൾ കൈവശമില്ല.

ശ്രീ. എം. വി. ചെറിയാൻ: ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ എന്നു പൂർത്തിയാകുമെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അധികം ജോലിയുള്ള ഒരു കാര്യമാണിതു്. എത്ര കാലംകൊണ്ടു പൂർത്തിയാകുമെന്ന് കൃത്യമായി കാലനിർണ്ണയം ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഈ ആവശ്യത്തിലേയ്ക്കു മദ്രാസ് ഗവണ്മെൻറും കൊച്ചിഗവണ്മെൻറും നേരത്തെ വല്ല കാൺട്രിബ്യൂഷനും നൽകിയിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അതിനെപ്പററിയുള്ള വിവരങ്ങളൊന്നും കൈവശമില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : സർ, ഗ്യാലറിയിലെ ശബ്ദം കൊണ്ടു ഒന്നും വ്യക്തമായി കേൾക്കാൻ സാധിക്കുന്നില്ല.

മി. സ്പീക്കർ : സന്ദർശകഗ്യാലറിയിൽ ഇരിക്കുന്നവർ ശബ്ദം ഉണ്ടാക്കാതെ സഭാനടപടികൾ തുടരാൻ അനുവദിക്കണം. അല്ലാത്തപക്ഷം ഗ്യാലറി ഒഴിവാക്കേണ്ടിവരും. ദയവായി നിശ്ശബ്ദരായിരിക്കണം.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : ഈ ജോലിയിൽ മഹോപാദ്ധ്യായക്കാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : യോഗ്യതയുള്ളവരെയാണു നിയമിച്ചിട്ടുള്ളതു്. അതിൽ മഹോപാദ്ധ്യായക്കാർ ഉണ്ടോ എന്നറിവില്ല.

ശ്രീ. ചന്ദ്രശേഖരൻ ശാസ്ത്രി : സ്റ്റാഫിൻെറ നിയമനം പൂർത്തിയായിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : യൂണിവേഴ്സിററിയാണു നിയമനം നടത്തുന്നതു്.

ശ്രീ. ചന്ദ്രശേഖരൻ ശാസ്ത്രി : ജോലി ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഉണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള : മലബാറിലെ ഏതെങ്കിലും സാഹിത്യകാരന്മാരുടെ സേവനം ഇക്കാര്യത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ഇപ്പോൾ ഉണ്ടോ എന്നറിഞ്ഞുകൂടാ, അങ്ങനെയുള്ളവരുടെ സേവനം ആവശ്യമെന്നു കണ്ടാൽ ആവശ്യപ്പെടുമായിരിക്കും.

പോലീസ് ഇടപെടൽ.

* 315. [9] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ പോലീസ് അനാവശ്യമായി കൈകടത്തുന്നതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) പുന്നപ്ര പഞ്ചായത്തു പ്രസിഡൻറിൽ നിന്നും കഴിഞ്ഞ മേയ്മാസത്തിൽ ആലപ്പുഴ സബ്ഇൻസ്പെക്ടരുടെ പേരിൽ അങ്ങിനെ വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള : (എ) ഉണ്ടു്.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തെപ്പററി വേണ്ട അന്വേഷണം നടത്തിവരുകയാണ്.

ശ്രീ. കെ. സി. ജോർജ്ജ്: എന്നാണ് പരാതി ലഭിച്ചിട്ടുള്ളത്, അന്വേഷണം എന്നാരംഭിച്ചു, ഇപ്പോൾ അന്വേഷണം ഏതു നിലയിലിരിക്കുന്നു എന്നെല്ലാം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. താണുപിള്ള: അതിനെപ്പററിയുള്ള വിവരം നല്കാൻ ആവശ്യമായ റിക്കാർഡ് കൈവശമില്ല.

ശ്രീ. കെ. സി. ജോർജ്ജ്: കഴിഞ്ഞ അസംബ്ലികാലത്ത് ഉള്ളൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ ഒരു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: ചോദ്യം (ബി) പ്രിവിന് ഉത്തരമായി പരാതി ലഭിച്ചിട്ടുള്ളതായി പറഞ്ഞു. എന്താണ പരാതിയുടെ സ്വഭാവം?

ശ്രീ. എ. താണുപിള്ള: പുന്നപ്ര പഞ്ചായത്ത് ഇടപെട്ട് റോഡു വെട്ടുന്നതു സംബന്ധിച്ച്, ജോലിയിൽ ഏർപ്പെട്ടിരുന്നവരിൽ ചിലരെ പോലീസുകാർ അറസ്റ്റുചെയ്തതായിട്ടാണ് പരാതി കിട്ടിയിട്ടുള്ളത്.

ശ്രീ. കെ. സി. ജോർജ്ജ്: പഞ്ചായത്തിന്റെ തീരുമാനമനുസരിച്ചു കൃഷിക്കാവശ്യമായ തോടുവെട്ടുന്നതു സംബന്ധിച്ചു പ്രസിഡന്റു പോലീസിന്റെ സഹായം ആവശ്യപ്പെട്ടപ്പോൾ, പോലീസു പഞ്ചായത്തുപ്രസിഡന്റിനെ തന്നെ അറസ്റ്റു ചെയ്തുവെന്നല്ലേ പരാതി?

ശ്രീ. എ. താണുപിള്ള: പ്രസിഡന്റിനെയല്ല, പ്രസിഡന്റിന്റെ ആളുകളെയാണ് അറസ്റ്റു ചെയ്തത്.

ശ്രീ. സി. ജി. സദാശിവൻ: കുത്താട്ടുകുളത്തു പഞ്ചായത്തിൽ വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: പ്രത്യേകം നോട്ടീസുവേണം.

ശ്രീ. സി. ജി. സദാശിവൻ: അതു് സംബന്ധിച്ച് പഞ്ചായത്തു വകുപ്പുമന്ത്രി സ്ഥലത്തു പോയി, അന്വേഷണം വരെ നടത്തിയിട്ടുണ്ട്. എന്തു നടപടി നടത്തിയിട്ടുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: That is a separate question. I disallow it.

ലാത്തിച്ചാർജ്ജും വെടിവയ്പും.

* 316. [10] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

കഴിഞ്ഞ 10 മാസത്തിനുള്ളിൽ തിരുവിതാംകൂർ–കൊച്ചിയിൽ എത്ര സ്ഥലത്തു വെടിവയ്പ്പ് നടത്തിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : ഈ ചോദ്യത്തിന് ഇതിനു മുൻപ് ഉത്തരം നല്കിയിട്ടുണ്ട്.

ശ്രീ തലേക്കര കെ. കൃഷ്ണൻ : ചെറുവള്ളിയിൽ നടന്ന ഐ. എൻ. ടി. യു. സി. വെടിവയ്പ് അതിനു ഉൾപ്പെടുമോ?

ശ്രീ. എ. താണുപിള്ള : ഇതിൽ ഉൾപ്പെടുമെന്നു തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഔദ്യോഗികവും അനൗദ്യോഗികവുമായ എല്ലാ വെടിവയ്പുകളും ചേർത്താണോ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. എ. താണുപിള്ള: പോലീസുകാർ നടത്തിയ വെടിവയ്പ്പിനെപ്പററിയാണു പറഞ്ഞിട്ടുള്ളത്.

ശ്രീ. എം. വി. ചെറിയാൻ : ഈ നിയമസഭ ആരംഭിച്ചതിനു ശേഷം എത്ര സ്ഥലത്തു വെടിവയ്പ് നടത്തിയിട്ടുണ്ട്?

ശ്രീ. എ. താണുപിള്ള : വിശദമായി പറയണമെങ്കിൽ നോട്ടീസു വേണം. ചെറുവള്ളി തോട്ടത്തിലും, കല്ലാർ മെർച്ചിസ്റ്റൺ എസ്റ്റേററിലും മററും നടത്തിയിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ചോദ്യം കഴിഞ്ഞ പത്തുമാസത്തിനുള്ളിലെ എത്ര വെടിവയ്പ് നടത്തിയിട്ടുണ്ട് എന്നാണ്. അമ്പലങ്ങളിലും പള്ളികളിലും നടന്ന വെടിവയ്പും ഇതിൽ ഉൾപ്പെടുമോ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

കൊച്ചിയിലെ പഞ്ചായത്തുക്ലാർക്കന്മാരുടെ പരാതി.

* 317. [11] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർവീസ് സംയോജിപ്പിക്കുന്ന അവസരത്തിൽ കൊച്ചിയിലെ പഞ്ചായത്തു ക്ലാർക്കന്മാർക്ക് അവരുടെ പല ന്യായമായ അവകാശങ്ങളും നഷ്ടപ്പെടുന്നുണ്ടെന്നുള്ള പരാതിയെ പരിഗണിച്ച് അവയെ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് വല്ല നടപടിയും എടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

കൊച്ചിയിലെ പഞ്ചായത്തു ക്ലാർക്കന്മാരെ എല്ലാവരെയും, 30–75 രൂപ ശമ്പളത്തിൽ ഗവണ്മെൻറ ക്ലാർക്കന്മാരായി പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : അതിൽ അവർ അർഹിക്കുന്ന സീനിയാറിട്ടി കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : 25–50 രൂപ സ്കെയിലിൽ ഇരുന്നവരെ അവരുടെ യാതൊരു അവകാശവും നഷ്ടപ്പെടാതെ 30–75 രൂപ സ്കെയിലിൽ നിയമിച്ചിരിക്കുകയാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ നിയമനങ്ങൾ എന്നാണു നടത്തിയതു്?

ശ്രീ. പി. കെ. കുഞ്ഞു്: അതേപ്പററി ഇപ്പോൾ പറയാൻ സ്വത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: കൊച്ചിയിലെ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലെ ഉണ്ടായിരുന്ന ക്ലാക്കന്മാർ ഗവണ്മെൻറു സർവ്വീസ്ലുള്ളവരായിരുന്നോ?

ശ്രീ. പി. കെ. കുഞ്ഞു്: അതെ.

ശ്രീ. പ്രാക്കുളം ഭാസി: തിരുവിതാംകൂറ്ലെ പഞ്ചായത്തു ക്ലാക്കന്മാരെ ഗവണ്മെൻറു സർവ്വീസിലേയ്ക്കു എടുക്കാത്തതു എന്തുകൊണ്ടാണു്?

ശ്രീ. പി. കെ. കുഞ്ഞു്: അക്കാര്യത്തെപ്പററി പരിചിന്തിക്കാവുന്നതാണു്.

ശ്രീ. പ്രാക്കുളം ഭാസി: അതിൽ ക്വാളിഫൈഡായിട്ടുള്ള ക്ലാക്കന്മാരെ ഗവണ്മെൻറു സർവ്വീസ്ലേയ്ക്കു എടുക്കുന്നതിൽ വിരോധമുണ്ടോ?

ശ്രീ പി. കെ. കുഞ്ഞു്: ക്വാളിഫിക്കേഷൻ ഉള്ളവരും, പഞ്ചായത്തു ആഫീസുകളിൽ ഇരിക്കുന്നവരുമായ ആളുകളെ ഗവണ്മെൻറു സർവ്വീസിലേയ്ക്കു ഉടനെ എടുക്കുന്ന കാര്യം ആലോചിച്ചിട്ടില്ല, ആലോചിക്കേണ്ടിയിരിക്കുന്നു.

ശ്രീ എം. പി. മേനോൻ: ചോദ്യം പഞ്ചായത്തു ക്ലാക്കന്മാരുടെ അവകാശങ്ങൾ നഷ്ടപ്പെടുന്നുണ്ടെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോഎന്നാണു്. അതിനു മറുപടി പറഞ്ഞില്ല.

ശ്രീ. പി. കെ. കുഞ്ഞു്: പരാതി ലഭിച്ചിട്ടുണ്ടു്. അതിൻെറ ഫലമായിട്ടാണു് അവരെ നിയമിച്ചിരിക്കുന്നതു്.

ശ്രീ. എം. പി. മേനോൻ: പരാതിയുടെ സ്വഭാവം എന്തായിരുന്നു?

ശ്രീ. പി. കെ. കുഞ്ഞു്: അവരുടെ സ്കെയിലിലും സീനിയാറ്റിയിലും നഷ്ടം വരാതിരിക്കത്തക്കവണ്ണം വേണ്ടതു ചെയ്യണമെന്നായിരുന്നു.

ശ്രീ. എം. പി. മേനോൻ: സർവ്വീസ് ഇൻറിഗ്രേഷനെപ്പററി പരാതിയുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: കാര്യമായ പരാതികൾക്കവകാശമില്ല.

ശ്രീ. എം. വി. ചെറിയാൻ: തിരുവിതാംകൂറിലെ പഞ്ചായത്തു ക്ലാക്കന്മാരെ ഗവണ്മെൻറു സർവ്വീസ്ലേയ്ക്കെടുക്കുമെന്നു് പറയുകയുണ്ടായല്ലോ. ഇപ്പോൾ ആരെയെങ്കിലും എടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ പറഞ്ഞിട്ടില്ല. ഗവണ്മെൻറു അതേപ്പററി തീരുമാനിച്ചശേഷം ആലോചിക്കാമെന്നാണു് പറഞ്ഞതു്.

മലയാളം ഐച്ഛികമെടുത്ത കാളേജ് വിദ്യാർത്ഥികൾ.

* 318 [12] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) തിരുവിതാംകൂർ സർവ്വകലാശാലയിൽ മലയാള ഭാഷയും സാഹിത്യവും കേരളചരിത്രവും ഐച്ഛികമായി എടുത്തു പഠിക്കുന്ന വിദ്യാർത്ഥികൾ എത്രയെന്നു പറയുമോ;

(ബി) ഈ വിദ്യാർത്ഥികൾക്കു മററു വിദ്യാർത്ഥികളെപ്പോലെ പ്രോത്സാഹനങ്ങൾ, സ്കോളർഷിപ്പ് തുടങ്ങിയവ കിട്ടാതിരിക്കാൻ കാരണമെന്താണെന്നറിയാമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : (എ) മലയാളഭാഷയും സാഹിത്യവും കേരള ചരിത്രവും പഠിക്കുന്ന വിദ്യാർത്ഥികൾ, 16. മലയാളഭാഷയും സാഹിത്യവും ഐച്ഛികമായി എടുത്തു പഠിക്കുന്ന വിദ്യാർത്ഥികൾ 43.

(ബി) മററു വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രോത്സാഹനവും സ്കോളർഷിപ്പുകളും ഇവർക്കും നൽകുന്നുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : എത്രപേർക്കു സ്കോളർഷിപ്പു കൊടുക്കുന്നുണ്ടെന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള : മററു വിദ്യാർത്ഥികളെപ്പോലെയുള്ള പ്രോത്സാഹനം ഇവർക്കും ലഭിക്കുന്നുണ്ടെന്നറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഇതു സംബന്ധിച്ചു വല്ല പരാതിയും യൂണിവേഴ്സിററിയുടെയൊ, ഗവണ്മെൻറിൻെറയൊ മുൻപിൽ വന്നിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറിൻെറ മുൻപിൽ പരാതി വന്നതായി അറിവില്ല. യൂനിവേഴ്സിററിയിൽ പരാതിപ്പെട്ടിട്ടുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : അവർക്കു ആവശ്യമുള്ള എല്ലാ ഉപകരണങ്ങളും യൂനിവേഴ്സിററി നൽകിയിട്ടുണ്ടെന്നാണോ ധരിക്കേണ്ടതു്.

ശ്രീ. എ. താണുപിള്ള : അറിവില്ല. ഇല്ലെങ്കിൽ അന്വേഷിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : മാതൃഭാഷയെ പ്രോത്സാഹിപ്പിക്കുക എന്നുള്ള അടിസ്ഥാനത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ ഈ വിദ്യാർത്ഥികൾക്ക് നൽകുന്നതിനു ഗവണ്മെൻറു ശ്രമിക്കുമോ ?

ശ്രീ. എ. താണുപിള്ള : സ്വന്തം ഭാഷയെ പ്രോത്സാഹിപ്പിക്കണമെന്നുതന്നെയാണ് ഗവണ്മെൻറിൻേറയും യൂനിവേഴ്സിററിയുടേയും നയം. പ്രത്യേകിച്ചു വേണ്ടതു എന്താണെന്നു പറഞ്ഞാൽ അന്വേഷിക്കാം.

അഴിമതിനിവാരണ ട്രിബ്യൂണൽ.

* 319. [13] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ അഴിമതി നിവാരണട്രിബ്യൂണൽ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഒരു അച്ചടി സഹകരണസംഘത്തിനു വേണ്ടി ചില ഉദ്യോഗസ്ഥന്മാർ തന്നുടെ സ്വാധീനവലയത്തിൽപ്പെട്ട പൊതുജനങ്ങളിൽ നിന്നും കുറഞ്ഞതു് 250 രൂപ എന്ന തോതുവെച്ചു് ഷെയർ എടുപ്പിക്കുവാൻ ഭീഷണി പ്രയോഗിച്ചുവരുന്നതായി കേരളകൗമുദി പത്ര

ത്തിന്റെ 29-10-54-ലെ മുഖപ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഇല്ല.

(ബി&സി) ഈ ചോദ്യത്തിനു ഇതിനുമുൻപു മറുപടി പറഞ്ഞിട്ടുണ്ടു്.

കാളേജുകൾ.

* 320. [14] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോടു് അഫിലിയേറു ചെയ്ത കാളേജുകൾ എത്ര ; ഈ കാളേജുകളിലായി എത്ര വിദ്യാർത്ഥികൾ ഉണ്ടു് ;

(ബി) എത്ര വിദ്യാർത്ഥികൾക്കു് ഇന്നു് ഹോസ്റ്റൽ സൌകര്യമുണ്ടു് ;

(സി) തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ റൂം വാടക എന്തു് ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) അഫിലിയേറു ചെയ്ത കാളേജുകൾ 40. വിദ്യാർത്ഥികൾ 28,358.

(ബി) 4,207.

(സി) യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ വാടക താഴെ കാണുംപ്രകാരമാണു്.

വലിയ കെട്ടിടത്തിലെ 16 മുറികൾക്കു് 7 രൂപ 8 അണ. 253 മുറികൾക്കു് പ്രതിമാസം 7 രൂപ. 6 ചെറിയ മുറികൾക്കു് 5 രൂപവീതം.

ശ്രീ. ടി. എ. മജീദ് : ഈ വാടക ഇപ്പോൾ കൂട്ടിയതല്ലേ?

ശ്രീ. എ. താണുപിള്ള : നോട്ടീസുവേണം. C1

ശ്രീ. ടി. എ. മജീദ് : 4207 വിദ്യാർത്ഥികൾക്കേ ഹോസ്റ്റൽ സൌകര്യം ഉള്ളുവെന്നു പറഞ്ഞു. ബാക്കിയുള്ള കുട്ടികൾക്കു് ഹോസ്റ്റലിന്റെ ആവശ്യം ഇല്ലെന്നാണോ പറയുന്നതു് ?

ശ്രീ. എ. താണുപിള്ള : അവർ സൌകര്യമുള്ളിടത്തു താമസിക്കുന്നുണ്ടു്.

ശ്രീ. ടി. എ. മജീദ് : ആവശ്യമായ താമസസൌകര്യം ഇപ്പോൾ ഇല്ലെന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : ഇല്ലായിരിക്കാം.

ശ്രീ. ടി. എ. മജീദ് : അതിനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കുമോ?

ശ്രീ. എ. താണുപിള്ള : യൂണിവേഴ്സിറ്റിയാണു അതു ചെയ്യേണ്ടതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ മുറികളിൽ ഓരോന്നിലും എത്രപേർവീതം താമസിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : നോട്ടീസുവേണം.

ശ്രീ. സി. കെ. വിശ്വനാഥൻ : ഒരു മുറിയിൽ രണ്ടുപേർവീതം താമസിക്കുന്നുണ്ടെന്നും, ഓരോരുത്തരും 7 രൂപവീതം കൊടുക്കുന്നുണ്ടെന്നും അങ്ങനെ ഒരു മുറിക്കു 14 രൂപ വാടക ഈടാക്കുന്നുണ്ടെന്നും അറിയാമോ?

ശ്രീ. എ. താണുപിള്ള : അറിവില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : ഉണ്ടെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. എ. താണുപിള്ള : അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. എം. എം. മത്തായി : ഇവിടെ ഇപ്പോൾ എത്ര സാങ്കേതിക കാളേജുകൾ ഉണ്ട് ?

ശ്രീ. എ. താണുപിള്ള : അതു ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല

ശ്രീ. എം. വി. ചെറിയാൻ : നമ്മുടെ യൂണിവേഴ്സിററിയോടു അഫിലിയേററു ചെയ്യപ്പെട്ട കാളേജുകൾ എത്രയുണ്ട് ?

ശ്രീ. എ. താണുപിള്ള : അതു വേറെ ഒരു ചോദ്യമായി ചോദിച്ചാൽ പറയാം.

പോലീസ് മർദ്ദനം.

* 321. [15] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടുപണിമുടക്കുകാലത്ത് പോലീസുമർദ്ദനമേററവരെ ശുശ്രൂഷിക്കാനായി രാജ്യത്താകമാനം റിലീഫ് കേന്ദ്രങ്ങൾ നടത്തിവന്നിരുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിലീഫ് കേന്ദ്രങ്ങൾക്ക് ഗവണ്മെൻറ് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ;

(സി) സഹായം നൽകണമെന്ന് ഏതെങ്കിലും കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

ശ്രീ. ആർ. പ്രകാശം : സർ, ഒരു പായിൻറ് ആഫ് ആർഡർ. ചീഫ് മിനിസ്റ്റർ അല്ലേ ഈ ചോദ്യത്തിനുത്തരം പറയേണ്ടതു് ?

മി. സ്പീക്കർ : ഇതു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള ഒരു ചോദ്യമാണ്. അതുകൊണ്ടു ട്രാൻസ്പോർട്ടു മിനിസ്റ്റർ മറുപടി പറഞ്ഞു. ട്രഷറിബഞ്ചിലിരിക്കുന്ന ആരു പറയുന്നതിനും വിരോധമില്ല.

ശ്രീ. ആർ. പ്രകാശം : റിലീസ് പ്രവർത്തനങ്ങൾ നടത്തുന്നതായി പത്രറിപ്പോർട്ടുകൾ ഉണ്ടായിരുന്നില്ലേ?

ശ്രീ. എ. അച്യുതൻ : ഗവണ്മെൻറിനു അറിവില്ലെന്നാണു പറഞ്ഞതു്.

ശ്രീ. ആർ. പ്രകാശം : പത്രറിപ്പോർട്ടുകൾ ഗവണ്മെൻറിനെ അറിയിക്കാൻ ഒരു വകുപ്പില്ലേ?

ശ്രീ. എ. അച്യുതൻ : ഉണ്ടു്. പ്രധാനമെന്നു തോന്നുന്നവ മാത്രം അറിയിച്ചുവെന്നു വരും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : രാജ്യത്തു നടക്കുന്ന കാര്യങ്ങളൊന്നും ട്രാൻസ്പോർട്ടുമന്ത്രി അറിയുന്നില്ലെന്നാണോ പറയുന്നതു്?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ഭൂനയബില്ലുകൾ.

* 322. [16] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി ഭൂനയ ബില്ലുകൾക്കു് പ്ലാനിംഗ് കമ്മീഷൻെറ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ബില്ലുകൾ സർക്കുലേററു ചെയ്തതിൽ കർഷക സംഘടനകളിൽ നിന്നും എത്ര അഭിപ്രായങ്ങൾ കിട്ടിയിട്ടുണ്ടു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) അംഗീകാരം പ്ലാനിംഗ് കമ്മീഷൻെറ ആലോചനയിലിരിക്കുകയാണു്.

(ബി) ആകെ 53 കർഷക സംഘടനകളിൽ നിന്നും അഭിപ്രായങ്ങൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. ടി. എ. മജീദ് : അംഗീകാരം ലഭിച്ചിട്ടുള്ളതായി മന്ത്രി ഒരു പ്രസ്കാൻഫ്രൻസിൽ പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : മന്ത്രി പ്രസ്താവിച്ചതു് ഓർക്കുന്നുണ്ടു്. ചില സജഷൻസ് ഇവിടെ നിന്നും പ്ലാനിംഗ് കമ്മീഷനു അയച്ചിട്ടുണ്ടെന്നും അതിനു മറുപടി കിട്ടിയിട്ടുണ്ടെന്നുമാണു് പറഞ്ഞതു്.

State Insurance Department.

* 323. [17] **Shri P. Viswambaran :** Will the Minister for Finance be pleased to state :

(*a*) when was the last valuation of the State Insurance Department conducted ;

(*b*) who conducted the valuation ; and

(*c*) what was the remuneration ?

Minister for Finance **(Shri P. S. Nataraja Pillai) :**

(*a*) At the end of the financial year 1952-53.

(*b*) Government actuary Shri R. Venkitasubramonia Aiyar, F. I. A., as before.

(*c*) Rs. 7,500 for the actuary and Rs. 2,100 for the clerks and Assistants on special duty.

ശ്രീ. പി. വിശ്വംഭരൻ : സാധാരണ ഇൻഷ്വറൻസ് കമ്പനികളിൽ ഗവണ്മെൻറ് ആക്ചുറിയാണോ "വാല്യുവേഷൻ" നടത്തുന്നതു്?

Shri P. S. Nataraja Pillai : It is the Company's actuary. In every company the actuary is paid for valuation. This practice is followed here ever since the inception of the State Insurance Scheme. It is the Company's actuary that does the work outside. Government actuary is a fully qualified actuary under the Insurance Act.

ശ്രീ. പി. വിശ്വംഭരൻ : ഇവിടെ ഡിപ്പാർട്ടുമെൻറ് ആക്ചുറിയെക്കൊണ്ടുതന്നെ വാല്യുവേഷൻ നടത്തിയതെന്താണു്?

Shri P. S. Nataraja Pillai : Every Company does it. An outsider is not entitled to go and make an actuarial valuation. It is provided in the Insurance Act that an actuary employed by the Insurance Company is entitled to make the valuation and submit a report.

ശ്രീ. പി. വിശ്വംഭരൻ : മററു ഇൻഷ്വറൻസ് കമ്പനികളിൽ ആ കമ്പനികളുടെ ഭരണമേധാവികളെത്തന്നെയാണോ ആക്ചുറികളായി നിയമിക്കുന്നതു്?

Shri P. S. Nataraja Pillai : As far as I can understand it is very distinct under the Companies Act. Under it the actuary appointed by the Company can make the valuation. Here as a matter of fact we have an Officer in charge who is able to make the valuation and he is therefore appointed actuary of the State Insurance Scheme. It does not make any difference.

ശ്രീ. പി. വിശ്വംഭരൻ : ആക്ചുറി വക്കിന് യോഗ്യതയുള്ള ആളുകൾ ഇല്ലാത്തതുകൊണ്ടാണോ പുറത്തുനിന്നു ആളുകളെ നിയമിക്കാത്തതു്?

Shri P. S. Nataraja Pillai : In India we get very few persons with actuarial qualification.

Third Party Motor Insurance Claims.

324. [18] **Shri P. Viswambaran :** Will the Minister for Finance be pleased to state :

Whether the Government will consider ways and means to pay third party Motor Insurance Claims to all injured and deceased due to motor accidents, more promptly and equitably than at present ?

Minister for Finance **(Shri P. S. Nataraja Pillai) :** Within the limitations of law, the Insurance Department is and has all along been, settling motor insurance claims with the utmost promptitude and the necessity to change the present system has not been felt so far by Government.

ശ്രീ. പി. വിശ്വംഭരൻ : കഴിഞ്ഞ വർഷം എത്രപേർക്കു പ്രതിഫലം കൊടുത്തിട്ടുണ്ടു്?

Shri P. S. Nataraja Pillai : I would claim notice for that.

ശ്രീ പി. വിശ്വംഭരൻ : ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെൻറിന്റെ വക്ക തൃപ്തികരമല്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

Shri P. S. Nataraja Pillai : To the best knowledge of Government it is done absolutely satisfactorily. One thing which I wish to say is that a claim for injury is a legal liability and does not accrue to all injured. Unless it is clearly proved that there is a legal liability to pay, no question of payment arises at all.

ശ്രീ. പി. വിശ്വംഭരൻ : നിയമപരമായിട്ടു എല്ലാവക്കും ക്ലെയിം കൊടുക്കുവാൻ സാദ്ധ്യതയില്ലേ ?

Shri P. S. Nataraja Pillai : Absolutely. All can claim.

ശ്രീ. പി. ഭാസ്കരൻ നായർ : നാലഞ്ചുകൊല്ലമായി ഇങ്ങനെയുള്ള ക്ലെയിം കിട്ടാത്തവരായിട്ടു് പല ആളുകളുണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

Shri P. S. Nataraja Pillai : If it is brought to the notice of Government, they will take prompt and early steps to pay.

ശ്രീ. പി. ഭാസ്കരൻ നായർ : നിയമതടസ്സങ്ങൾകൊണ്ടു ഇത്തരം ക്ലെയിംസ് കിട്ടുന്നതിനു് വലിയ വൈഷമ്യം ഉണ്ടാകുന്നുണ്ടെങ്കിൽ അതു നീക്കുന്നതിനു് ഗവണ്മെൻറ ശ്രദ്ധിക്കുമോ ?

Shri P. S. Nataraja Pillai : I would co-operate with the member if a Bill comes in.

സബ്ജയിലുകൾ

* 325. [19] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഏതെല്ലാം സ്ഥലത്തു എത്ര സബ്ജയിലുകൾ സ്ഥാപിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടു്;

(ബി) ഇക്കൊല്ലം എത്ര ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നുണ്ടു്; എവിടെയെല്ലാം;

(സി) വിസ്തൃതമായ സ്റ്റേഷനതിർത്തിയിലുള്ള തൊടുപുഴ താലൂക്കിൽ എവിടെയെങ്കിലും ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കണമെന്നു് കാണിച്ചു് അപേക്ഷകൾ ലഭിച്ചിരുന്നോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) സബ്ജയിലുകൾ സ്ഥാപിക്കുന്നകാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു. തീരുമാനമൊന്നും ചെയ്തിട്ടില്ല.

(ബി) മൂന്നു്. ഉപ്പുതറ, കൂട്ടിക്കൽകര, തോട്ടപ്പള്ളി.

(സി) വഴിത്തല എന്ന സ്ഥലത്തു് ഔട്ട്പോസ്റ്റ് സ്ഥാപിക്കണമെന്നുകാണിച്ചുള്ള അപേക്ഷ ലഭിച്ചിരുന്നു. അന്വേഷണത്തിൽ അവിടെ ഇപ്പോൾ ഔട്ട്പോസ്റ്റിന്റെ ആവശ്യമില്ലെന്നു് മനസ്സിലായി.

ഈ വിവരം വഴിത്തല പഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചിട്ടുണ്ട്. കല്ലുക്കാട്ട എന്ന സ്ഥലത്ത് ഒരു ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിനെപ്പററി പോലീസ് ഇൻസ്പെക്ടർ ജനറൽ വേണ്ട അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. എം. എം. മത്തായി : ഗവണ്മെന്റിന്റെ ജയിൽ പരിഷ്കരണ കമ്മിററിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : കിട്ടിയിട്ടുണ്ട്. അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. മത്തായി : ജയിലുകൾ പരിഷ്കരിക്കുന്നതിന് എത്ര കാലം വേണ്ടിവരും?

ശ്രീ. എ. താണുപിള്ള : വളരെ കാലതാമസം വേണ്ടിവരികയില്ല.

ശ്രീ. ടി. എ. മജീദ് : കൂടുതൽ ഔട്ട്പോസ്റ്ററുകൾ സ്ഥാപിക്കുന്നതു എന്തടിസ്ഥാനത്തിലാണ്?

ശ്രീ. എ. താണുപിള്ള : ഔട്ടുപോസ്റ്ററുകൾ സ്ഥാപിക്കേണ്ട ആവശ്യമുണ്ടോ എന്നുനോക്കും. കുററകൃത്യങ്ങൾ ധാരാളം നടക്കുന്നുണ്ടോ, പോലീസിന്റെ സഹായത്തിന് വളരെദൂരം പോകേണ്ടതായുണ്ടോ എന്നെല്ലാം നോക്കും.

ശ്രീ. ടി. എ. മജീദ് : ഗവണ്മെന്റിന്റെ ശാന്തിസേന പ്രവർത്തിക്കുന്ന നിലയ്ക്കു കൂടുതൽ ഔട്ട്പോസ്റ്ററുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യമുണ്ടോ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പോലീസ് ലാക്കപ്പുകൾ സബ്ജയിലുകളാക്കാൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : അൻപതിൽപരം ബോട്ടുകൾ വന്നടുക്കുന്ന ചമ്പക്കുളം ബോട്ടുജട്ടിയിൽ ഒരു ഔട്ട്പോസ്റ്ററു സ്ഥാപിക്കണമെന്നു നിവേദനങ്ങൾ നടത്തിയിട്ടും അവിടെ ഇതുവരെ ഔട്ട്പോസ്റ്ററു സ്ഥാപിക്കാതിരിക്കുന്നതിന് പ്രത്യേകം കാരണം വല്ലതുമുണ്ടോ?

മി. സ്പീക്കർ : അതു പ്രത്യേകം ചോദ്യമായി ചോദിക്കണം.

ശ്രീ. എ. താണുപിള്ള : എന്റെ ഫയലിൽനിന്നും അതിനെപ്പററി ഒന്നും അറിയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ദയവുചെയ്തു അതേപ്പററി അന്വേഷിക്കുമോ?

ശ്രീ. എ. താണുപിള്ള : അന്വേഷിക്കാം.

പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് മാനേജ്മെൻറിനു ചെല്ലേണ്ട തുക.

* 326. [20] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് മാനേജ്മെൻറിനു ചെല്ലേണ്ടതായ 20 ശതമാനക്രമത്തിൽ ഫീസിളവു വരുത്തിയതിൻെറ അടിസ്ഥാനത്തിൽ എന്തു തീരുമാനം ഗവണ്മെൻറു എടുത്തു;

(ബി) ഗവണ്മെൻറു വിളിച്ചുകൂട്ടിയ മാനേജേഴ്സ് കാൺഫ്രൻസിലെടുത്ത തീരുമാനങ്ങളെന്തെല്ലാം;

(സി) ഫീസിളവുമൂലം പ്രയാസം അനുഭവിക്കുന്ന മാനേജരന്മാർക്ക് ഏതെല്ലാം ആനുകൂല്യങ്ങൾ ഗവണ്മെൻറു നൽകി?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഒന്നും, രണ്ടും ഫാറങ്ങളിൽ കൂട്ടി ഒന്നുക്ക് കൊല്ലത്തിൽ 1 ശ്ര. 15 ണ. എന്ന നിരക്കിൽ മാനേജരന്മാർക്ക് സഹായധനം നൽകുവാൻ തീരുമാനിച്ചു.

(ബി) ഗവണ്മെൻറു വിളിച്ചുകൂട്ടിയ മാനേജേഴസ്കാൺഫ്രൻസിൽ ഫീസിളവു നൽകിയതിന്മേൽ മാനേജരന്മാർക്ക് നഷ്ടപരിഹാരം നൽകേണ്ട കാര്യത്തെപ്പററി ചർച്ചകൾ നടത്തുകയുണ്ടായി. അല്ലാതെ അതിന്മേൽ ഉടനടി യാതൊരു തീരുമാനവും എടുക്കുകയുണ്ടായില്ല. ഈ പ്രശ്നത്തെപ്പററി വീണ്ടും ഗാഢമായി ആലോചിച്ചതിൻെറ ഫലമായിട്ടാണ് ഗവണ്മെൻറിൽനിന്നും മേൽ പ്രസ്താവിച്ചിരിക്കുന്ന തീരുമാനമെടുത്തത്.

(സി) ഒന്നും, രണ്ടും ഫാറങ്ങളിൽ കൂട്ടി ഒന്നുക്ക് 1 ശ്ര. 15 ണ. എന്ന നിരക്കിൽ, പി. എസ്സ്. എസ്സ്. സ്കീമിൽ ചേർന്നിട്ടുള്ള എല്ലാ സ്കൂളുകൾക്കും നൽകുന്നതിന് വേണ്ട ഏർപ്പാടു ചെയ്തുവരുന്നുണ്ട്.

ശ്രീ. സി. എ. മാത്യു : ഈ തീരുമാനമനുസരിച്ച് ഏതെങ്കിലും സ്കൂളുകൾക്ക് തുക കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : എതാനും സ്കൂളുകൾക്കു കൊടുത്തിട്ടുണ്ട്. കൊടുക്കാൻ കാലതാമസംവന്നിട്ടുള്ള സ്കൂളുകളെസംബന്ധിച്ച് ആ തുക വേഗത്തിൽ കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുമുണ്ട്.

ശ്രീ. കെ. പി. ഹാർമിസ് : ഈ തീരുമാനം ഏകപക്ഷീയമാണോ? അതായതു്, മാനേജ്മെൻറുകളുമായി കൂടിയാലോചന നടത്തിയാണോ ഈ തീരുമാനംചെയ്തതു്?

ശ്രീ. എ. താണുപിള്ള : മാനേജ്മെൻറുകളെ വരുത്തി ആലോചിച്ചശേഷമാണ് തീരുമാനംചെയ്തിട്ടുള്ളതു്.

ശ്രീ. കെ. പി. ഹാർമിസ് : മാനേജ്മെൻറുകൾ അതു സമ്മതിച്ചോ?

ശ്രീ. എ. താണുപിള്ള : സമ്മതിച്ചിട്ടുണ്ടെന്നാണ് ഗവണ്മെൻറിൻെറ അറിവ്.

ശ്രീ. സി. എ. മാത്യു : മാനേജ്മെൻറിന് 25 ശതമാനം കൊടുത്തുകൊള്ളാമെന്ന് ഗവണ്മെൻറ പറഞ്ഞതു് മാനേജ്മെൻറും ഗവണ്മെൻറും തമ്മിലുള്ള ഒരു കരാറിൻെറ അടിസ്ഥാനത്തിലല്ലേ?

ശ്രീ. എ. താണുപിള്ള : മാനേജ്മെൻറുകളുമായി ആലോചിച്ചതിനുശേഷം, അവരുടെയും ഗവണ്മെൻറിൻെറയും സഹകരണത്തെ കരുതി വിദ്യാർത്ഥി ഒന്നിന് ഇന്ന തുക എന്നു നിശ്ചയിച്ച് അവർക്ക് കൊടുത്താൽ അവർക്ക് നഷ്ടം വരികയില്ലെന്നു കണ്ടിട്ടാണ് ഗവണ്മെൻറ് അങ്ങനെ തീരുമാനിച്ചതു്.

ശ്രീ. സി. എ. മാത്യു : ഈ കരാറുകൾക്കു വിപരീതമായിചെയ്ത തീരുമാനം ഏകപക്ഷീയമായ ഒരു തീരുമാനമല്ലേ?

ശ്രീ. എ. താണുപിള്ള : ഫീസിൻെറ 20 ശതമാനമാണു അവർക്കു കൊടുക്കുമെന്നു പറഞ്ഞിരുന്നതു്. ഫീസില്ലാത്തപ്പോൾ അതിനു പരിഹാരമായി ഈ തുക കൊടുക്കുന്നുവെന്നേയുള്ളൂ.

ശ്രീ. പ്രാക്കുളം ഭാസി : മാനേജ്മെൻറുകളുടെ സമ്മതം ഇല്ലാതെ ഗവണ്മെൻറിനു ഇത്തരത്തിലുള്ള ഒരു തീരുമാനം ചെയ്യുകൂടെ?

ശ്രീ. എ. താണുപിള്ള : ചെയ്യാം.

ശ്രീ. സി. എ. മാത്യു : വിദ്യാർത്ഥി ഒന്നിന് 1 രൂപ 15 അണ വച്ചുകൊടുത്താൽ മാനേജ്മെൻറിനു നഷ്ടം വരികയില്ലെന്നാണോ ഗവണ്മെൻറ വിചാരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള : അവർക്കു മുൻപു കൊടുത്തിരുന്ന തുക കണക്കാക്കുമ്പോൾ നഷ്ടം വരികയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ തീരുമാനത്തിനുശേഷം ഏതെങ്കിലും മാനേജ്മെൻറ ഗവണ്മെൻറിലേക്കു സ്കൂൾ വിട്ടുതരാൻ തയ്യാറായിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ഇല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രൈവറവിദ്യാഭ്യാസം ഒരു ബിസിനസ്സായിട്ടു ഗവണ്മെൻറ കരുതുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അങ്ങനെ കരുതിയിട്ടില്ല. ജനക്ഷേമകരമായ ഒരു പ്രവർത്തനമായിട്ടു ഇതിനെ പരിഗണിക്കുന്നതാണ് നല്ലതു്.

ശ്രീ. കെ. പി. ഹാർമിസ് : മിഡിൽസ്കൂളുകളിലെ ശമ്പളച്ചെലവിന് ഒരു വിദ്യാർത്ഥിക്കു 1 രൂ. 15 അണ വച്ചുകൊടുത്താൽ മതിയാകുമെന്നു തോന്നുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അതിനെപ്പററി സൂക്ഷ്മമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

പരസ്യാന്വേഷണം.

* 327. [21] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിൽ നടന്ന വെടിവയ്പിനെപ്പററി അന്വേഷണം നടത്താൻ ഗവണ്മെൻറ ഒരു പരസ്യാന്വേഷണ കമ്മീഷനെ നിയമിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ആ കമ്മീഷനെ നിയമിക്കുന്നതിനു മുൻപ്, ആ സംഭവത്തെപ്പററി വല്ല അന്വേഷണവും ഗവണ്മെൻറു നടത്തിയിട്ടുണ്ടോ; രണ്ടന്വേഷണകോടതികളെ നിയമിക്കാനുള്ള കാരണമെന്താണ്;

(സി) നിഷ്പക്ഷമായും, നിർഭയമായും സ്വാഭിപ്രായം കമ്മീഷൻെറ മുൻപിൽ പ്രകടിപ്പിക്കുന്നതിന് പ്രതിബന്ധം നേരിടാത്ത ഉറപ്പു ബഹുജനങ്ങൾക്കു ഉണ്ടാക്കിക്കൊടുത്തുകൊണ്ടാണോ കമ്മീഷൻെറ തെളിവു ശേഖരണം സമാരംഭിച്ചത്;

(ഡി) അന്വേഷണം നടക്കുന്ന വേളയിൽ സാധാരണ പോലീസിനെ കൂടാതെ എത്ര സ്ഥലത്തു റിസർവ്വ് പോലീസ് ക്യാമ്പുചെയ്തു വന്നിരുന്നു;

(ഇ) രണ്ടന്വേഷണ റിപ്പോർട്ടുകളുടെയും കാപ്പി മേശപ്പുറത്തു വയ്ക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : സർ, ഈ ചോദ്യത്തിൻെറ ഉത്തരം ഇതിനു മുൻപു പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എൻ. നീലകണ്ഠരുപണ്ടാരത്തിൽ : ഈ ചോദ്യത്തിൽ (സി. ഡി. ഇ.) ഈ വകുപ്പുകൾക്കു ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. എ. താണുപിള്ള : (സി) അതെ.

(ഡി) നാഗർകോവിലിലും കുഴിത്തുറയിലും റിസർവ്വുപോലീസ് ക്യാമ്പു ഉണ്ടായിരുന്നു. ഈ ക്യാമ്പുകൾ ആഗസ്റ്റ് 11-ാംനു-ക്കു മുൻപും സാധാരണ ഉണ്ടായിരുന്നു. എന്നാൽ തമിഴ്നാട്ടുകാൺഗ്രസ്സുകാരുടെ ഗവണ്മെൻറിനു എതിരായുള്ള സമരത്തെ നേരിടുന്നതിനു ആഗസ്റ്റ് 11-ാം തീയതിയ്ക്കു മുൻപുതന്നെ ഈ രണ്ടു ക്യാമ്പുകളിലും കൂടുതൽ റിസർവ് പോലീസിനെ സജ്ജീകരിച്ചിരുന്നു. പരസ്യാന്വേഷണ സമയത്ത് ഈ ക്യാമ്പുകളിൽ കൂടുതൽ റിസർവ് പോലീസിനെ പാർപ്പിച്ചിരുന്നില്ല. നേരെമറിച്ച് കുഴിത്തുറ ക്യാമ്പിലെ പോലീസുസംഘത്തെ ഒരു പ്ലാററൂണായി കുറവുചെയ്യുകയുണ്ടായി.

(ഇ) എൻകുയറി കമ്മീഷൻെറ *റിപ്പോർട്ട് മേശപ്പുറത്തുവച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടു സംഭവത്തെപ്പററി ഡിപ്പാർട്ട്മെൻറൽ അന്വേഷണമാണു നടത്തിയതു്. അപ്രകാരമുള്ള ഔദ്യോഗിക റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുക പതിവില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : തമിഴ്നാട്ടിൽ ഉണ്ടായ സംഭവങ്ങളിൽ ഏർപ്പെട്ടിരുന്ന എല്ലാവർക്കും വാറണ്ടു പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ ?

ശ്രീ. എ. താണുപിള്ള : ഈ സംഭവത്തിൽ ഉൾക്കൊണ്ടിട്ടുള്ള പ്രവർത്തകന്മാർക്ക് ഈ കേസിനെസംബന്ധിച്ചു വാറണ്ടുകൾ അയച്ചിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എത്ര പേർക്കു വാറണ്ടു അയച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള : നോട്ടീസുവേണം.

* Placed in the Library.

ശ്രീ. കെ. സി. ജാർജ്ജ് : തമിഴ്നാട്ടു കേസുസംബന്ധിച്ച് പരസ്യമായി മൊഴികൊടുക്കാൻ ഭയപ്പാടുനിമിത്തം അധികം ആളുകളും സ്ഥലത്തു പോയില്ലായെന്നുള്ള വിവരമറിയാമോ ?

ശ്രീ. എ. താണുപിള്ള : ഒരു കാരണവശാലും മൊഴി കൊടുക്കുന്ന കാര്യത്തിൽ ഭയപ്പെടേണ്ടതില്ല.

ശ്രീ. കെ. സി. ജാർജ്ജ് : മൊഴികൊടുക്കാൻ പോകുന്നവരെക്കൂടി കേസിൽ ഉൾപ്പെടുത്തുമെന്നുള്ള ഭയംകൊണ്ട് മിക്കവാറും ആളുകൾ പിൻതിരിയുകയാണുണ്ടായതെന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : അങ്ങനെ മൊഴികൊടുക്കാൻ വിസമ്മതിച്ചുകൊണ്ട് പിൻമാറിയതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : സംഭവങ്ങളെപ്പററിയുള്ള എൻക്വയറി കമ്മീഷൻെറ റിപ്പോർട്ട് ഒരു എക്സ്പാർട്ടി റിപ്പോർട്ടാണെന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻനാടാർ : എൻക്വയറി നടത്തിയകാലത്ത് വെടിവയ്പുമൂലം ഉണ്ടായ ഭയംകൊണ്ട് സാധാരണക്കാർക്കുപോലും വെളിയിലിറങ്ങി ജീവിക്കാൻ വശമില്ലാതെ വിഷമിച്ചതായിട്ടുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻനാടാർ : എൻക്വയറി കമ്മീഷൻെറ മുമ്പാകെ സാക്ഷികളെ കൊണ്ടുകൊടുക്കുന്നതിനുവേണ്ടി ഒരു സി. ഐ ഡി. ഇൻസ്പെക്ടരുടെ കയ്യിൽനിന്നും കുറെയധികം പണം ചെലവായിട്ടുണ്ടെന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. കുഞ്ഞൻനാടാർ : ഈ സി. ഐ. ഡി. ഇൻസ്പെക്ടരുടെ അമ്മാവനു തക്കലയിലുള്ള ഒരു ഗവണ്മെൻറ കെട്ടിടത്തിൻെറ കാൺട്രാക്ട് ടെൻഡർ വിളിക്കാതെ കൊടുത്തിട്ടുണ്ടെന്നറിയാമോ ?

മി. സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല.

മരച്ചീനി കൃഷി.

* 328. [22] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ മരച്ചീനി ഉൽപ്പാദനത്തിൽ മുൻനിൽക്കുന്ന താലൂക്കുകൾ ഏതെല്ലാം ;

(ബി) മരച്ചീനികൃഷിക്കാർക്ക് ഗവണ്മെൻറ് ഏതെങ്കിലും വിധത്തിൽ സഹായങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശമുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ—കൽക്കുളം, വിളവംകോട്, നെയ്യാററിൻകര, നെടുമങ്ങാട്, ചിറയിൻകീഴ്.

കൊല്ലം ഡിസ്ട്രിക്റ്റിൽ—കൊല്ലം, കുന്നത്തൂർ, കൊട്ടാരക്കര, മാവേലിക്കര, തിരുവല്ലാ, പത്തനംതിട്ട, പത്തനാപുരം.

കോട്ടയം ഡിസ്ട്രിക്റ്റിൽ—ചങ്ങനാശേരി, കോട്ടയം, വൈക്കം, മീനച്ചൽ, മൂവാററുപുഴ.

തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ—മുകുന്ദപുരം, തൃശ്ശൂർ, തലപ്പള്ളി, കുന്നത്തുനാട്.

(ബി) ഈ കൃഷിക്കുവേണ്ടിയുള്ള വളത്തിന് 7-8-1953 മുതൽ 25 ശതമാനം വിലകുറച്ചു നല്കിയിട്ടുണ്ട്.

(സി) മരച്ചീനി സംസ്ഥാനത്തിനു പുറത്തു കൊണ്ടുപോകുന്നതിനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തു ഒരു മരച്ചീനി ഗവേഷണകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിൽ പലവിധത്തിലുള്ള ഗവേഷണങ്ങൾ നടന്നുവരികയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മുമ്പ് മരച്ചീനിക്കു വണ്ടിയൊന്നിന് 45-ം, 50-ം രൂപ വിലയുണ്ടായിരുന്നതു് ഇപ്പോൾ ഒരു വണ്ടിയ്ക്കു് 15 രൂപ പോലും വില കിട്ടുന്നില്ലായെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇങ്ങനെയുണ്ടായ വിലയിടിവിനു എന്തു പരിഹാരമാണു ഗവണ്മെൻറ് ചെയ്യാൻ പോകുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള : കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതലായ വില കിട്ടുന്നതിനും വേണ്ടിയാണ് കയററുമതി നിരോധനം മാററിയതു്. അതുകഴിഞ്ഞു് കയററുമതിക്കുള്ള സാദ്ധ്യതക്കുവേണ്ടി ഇൻഡ്യാഗവണ്മെൻറിനെ സമീപിക്കുകയും അവർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥിതിക്കു മരച്ചീനിക്കൃഷിയെ സംബന്ധിച്ചിടത്തോളം മേലാൽ നഷ്ടമുണ്ടാകുകയില്ലെന്നുതന്നെ വിചാരിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : രണ്ടു കൊല്ലക്കാലമായി ധാരാളം സ്ഥലങ്ങളിൽ ഇനിയും മരച്ചീനി പറിക്കാതിട്ടിരിക്കുകയാണെന്നറിയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ആ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

വ്യാവസായികസ്ഥാപനങ്ങൾ.

* 329. [23] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ രാജ്യത്തെ വിവിധ വ്യാവസായികസ്ഥാപനങ്ങളിലായി ഓഹരിയിനത്തിൽ ഗവണ്മെൻറ് എന്തു മൂലധനം മുടക്കിയിട്ടുണ്ട്;

(ബി) അവയിൽനിന്നും പ്രതിവർഷം ഗവണ്മെൻറിന് ലഭിക്കുന്ന ആദായം എത്ര;

(സി) അവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എത്രയുണ്ട്; ഏതെല്ലാം;

(ഡി) അവയുടെ പ്രവർത്തനങ്ങളെപ്പററി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങളും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വെളിപ്പെടുത്താമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 4,47,25,663 രൂപാ.

(ബി) ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.†

സി. ഡി. ഈ, ഈ വിഭാഗങ്ങളുടെ ഉത്തരത്തിനുവേണ്ടിയുള്ള വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഗവണ്മെൻറിൽനിന്നും മൂലധനം മുടക്കിയിട്ടുള്ള ഏതെങ്കിലും വ്യവസായസ്ഥാപനം നഷ്ടത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ചില വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനംനിമിത്തം നഷ്ടം ഉണ്ടായിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അങ്ങനെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നഷ്ടത്തിലാണെന്നുള്ളതു് ഗവണ്മെൻറിനു അറിഞ്ഞുകൂടായിരുന്നോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അറിയാമായിരുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അങ്ങനെയാണെങ്കിൽ ഇങ്ങനെയുള്ള വ്യവസായസ്ഥാപനങ്ങൾക്ക് കൂടുതൽ ധനസഹായം ചെയ്യേണ്ടതു് ആവശ്യമല്ലേ ?

ശ്രീ. പി. എസ്. നടരാജപിള്ള : ആവശ്യമാണ്.

ശ്രീ. കെ. എ. ബാലൻ : എഫ്. എ. സി. ററി. കമ്പനി കൊല്ലംതോറും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നറിയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : മുൻകൊല്ലങ്ങളിൽ കുറെ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിലും 1954-ൽ ലാഭകരമാണെന്നാണ് ഗവണ്മെൻറിനു ലഭിച്ചിട്ടുള്ള അറിവ്. ഈ കമ്പനി ഒരു നാഷണൽ ഇൻഡസ്ട്രി ആയിട്ട് ഇൻഡ്യാഗവണ്മെൻറ് അംഗീകരിച്ചിരിക്കുകയാണ്. ആ സമിതിക്കു മേലാൽ ഒരു കാരണവശാലും നഷ്ടമുണ്ടാകാൻ ഇടവരികയില്ല.

†Please see Appendix II.

SHORT NOTICE QUESTION

ടൈംസ്കെയിൽപരിഷ്കാരം.

* 1. [1] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയിടെയുണ്ടായ ടൈംസ്കെയിൽ പരിഷ്കരണത്തെപ്പററി എത്രെല്ലാം വിഭാഗം ഗവണ്മെൻറുജീവനക്കാരിൽനിന്നും ഗവണ്മെൻറിന പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) പല ഗവണ്മെൻറുജീവനക്കാർക്കും അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഇൻക്രിമെൻറിലും കുറഞ്ഞ ഇൻക്രിമെൻറേ മേലാൽ ലഭിക്കാനിടയുള്ളു എന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗവണ്മെൻറ്പ്രസ്സ് തൊഴിലാളികൾ പുതിയ ടൈംസ്കെയിലിൽ എന്തെങ്കിലും ആക്ഷേപം യൂണിയൻവഴി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ;

(ഡി) തുല്യശമ്പളസ്കെയിലിൽ ഇരുന്ന മററെല്ലാ ഗവണ്മെൻറുജീവനക്കാർക്കും പുതിയ ടൈംസ്കെയിൽ അനുസരിച്ചു ഉയർന്ന സ്കെയിലുകൾ നൽകിയപ്പോൾ സാങ്കേതികവൈദഗ്ദ്ധ്യംകൂടി ആവശ്യമുള്ള ഗവണ്മെൻറുപ്രസ്സ്ജീവനക്കാർക്ക താഴ്ന്ന സ്കെയിൽ നിശ്ചയിക്കാൻ കാരണമെന്തു്;

(ഇ) ഗവണ്മെൻറുപ്രസ്സ്ജീവനക്കാർക്ക് പീസുവർക്ക്ശമ്പളമിരുന്ന കാലത്തു് ലഭിച്ചിരുന്നതിലും കുറഞ്ഞ ശമ്പളമാണ് മാസശമ്പളം നിശ്ചയിച്ചപ്പോൾ ഭൂരിപക്ഷം തൊഴിലാളികൾക്കും ലഭിക്കുന്നതെന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഗവണ്മെൻറ്പ്രസ്സ് തൊഴിലാളികളുടെ നിവേദനത്തിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : (എ) അദ്ധ്യാപകന്മാർ, വില്ലേജ്ആഫീസറന്മാർ, പ്രസ്സ്തൊഴിലാളികൾ മുതലായ ചില വിഭാഗക്കാർക്ക അനുവദിച്ചിട്ടുള്ള സ്കെയിലുകളിൽനിന്നും ശമ്പളക്കൂടുതൽ കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) തുല്യശമ്പളസ്കെയിലിൽ ഇരുന്ന എല്ലാ ജീവനക്കാർക്കും ഒരേ തരത്തിലുള്ള പുതിയ ടൈംസ്കെയിൽ അനുവദിക്കുക എന്ന നയം സ്വീകാര്യമോ പ്രായോഗികമോ അല്ല. ഗവണ്മെൻറ്പ്രസ്സ്ജീവനക്കാർക്ക് ഉള്ള സാമാന്യവും സാങ്കേതികവുമായ ജ്ഞാനത്തിന അനുയോജ്യമായ സ്കെയിലുകൾ തരാതരം നോക്കി അനുവദിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) പ്രസ്തുത നിവേദനം ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെൻറ്പ്രസ്സ്ജീവനക്കാരുടെ ഇൻക്രിമെൻറിൽ വല്ല വ്യത്യാസവും വരുത്താൻ ആലോചനയുണ്ടോ?

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴത്തെ ടൈംസ്കെയിലിനെ സംബന്ധിച്ച് ഭേദഗതി ചെയ്യാൻ ആലോചനയുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഒന്നുരണ്ടു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് ഭേദഗതി ചെയ്യാൻ ആലോചനയുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രസ്സ് ജീവനക്കാരുടെ ശമ്പളമുള്ള മററു ഡിപ്പാർട്ടുമെൻറിൽ 40–100 സ്കെയിൽ വച്ചപ്പോൾ ഇവർക്കു മാത്രം 40–80 എന്നാക്കാൻ കാരണമെന്താണ് ?

ശ്രീ. എ. താണുപിള്ള : ഇങ്ങനെയുള്ള ചില കാര്യങ്ങളെല്ലാം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണെന്നു ഞാൻ ആദ്യമേ പറഞ്ഞല്ലോ.

ശ്രീ. എം. എം. മത്തായി : സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഉണ്ട്.

ശ്രീ. എം. എം. മത്തായി : പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കോ ?

ശ്രീ. എ. താണുപിള്ള : അവരുടെ ശമ്പളവും പരിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : ടൈംസ്കെയിൽ അനുവദിക്കാത്ത ഏതെങ്കിലും ഡിപ്പാർട്ടുമെൻറ് ഉണ്ടോ ?

ശ്രീ. എ. താണുപിള്ള : അങ്ങിനെയുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. പി. ഹാർമിസ് : എൻ. ജി. ഒ. അസോസിയേഷനുമായി ആലോചിച്ചുകൊണ്ടാണോ ഈ റിവിഷൻ നടത്തിയതു് ?

ശ്രീ. എ. താണുപിള്ള : അങ്ങിനെ പ്രത്യേകമായിട്ടു ആലോചിച്ചിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ : എല്ലാ ഡിപ്പാർട്ടുമെൻറിലേയും ശമ്പളത്തിനു ഒരു ഏകീകരണം വരുത്തണമെന്നു വിചാരിച്ചല്ലെ ഇങ്ങനെ ഒരു ടൈംസ്കെയിൽ നടപ്പിൽ വരുത്തിയതു് ?

ശ്രീ. എ. താണുപിള്ള : അങ്ങിനെയല്ല. എൻ. ജി. ഒ-ക്കാരുടെ ഇപ്പോഴത്തെ ജീവിതനിലയെ പരിഗണിച്ചാണ്.

മി. സ്പീക്കർ : ചോദ്യോത്തരങ്ങൾക്കുള്ള സമയം കഴിഞ്ഞിരിക്കുന്നു.

WRITTEN ANSWERS.

ഇൽമനൈററ് കയററുമതി.

* 330. [25] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്നും കയററുമതി ചെയ്യപ്പെടുന്ന ഇൽമനൈററിൽ എത്ര ശതമാനം Rutile ഉൾപ്പെട്ടിട്ടുണ്ട് ;

(ബി) Rutile ഇത്ര ശതമാനമേ ആകാവൂ എന്ന് കമ്പനികൾക്ക് ഗവണ്മെൻറിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

(സി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം കമ്പനി അനുസരിക്കുന്നുണ്ടോ എന്ന് ഗവണ്മെൻറ് അന്വേഷിക്കുന്നുണ്ടോ ?

(ഡി) ഉണ്ടെങ്കിൽ ഏതു ഏജൻസി വഴിയാണ് ഗവണ്മെൻറ് അന്വേഷിക്കുന്നത് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 0.3% മുതൽ 0.5% വരെ

(ബി) ഉണ്ട്. 0.5%-ൽ കൂടരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്റ്റേറ്റ് ജിയോളജിക്കൽ ഡിപ്പാർട്ടുമെൻറുവഴി.

മിനറൽസ് അഡ്വൈസറി കമ്മിററി.

* 331. [26] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനറൽസ് അഡ്വൈസറി കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാം ;

(ബി) 1954-ൽ ഈ കമ്മിററി എത്ര പ്രാവശ്യം കൂടിയിട്ടുണ്ട് ;

(സി) ഈ കമ്മിററിയുടെ ചുമതലകൾ എന്തെല്ലാം ;

(ഡി) കമ്മിററിയിൽ തൊഴിലാളിയൂണിയനുകൾക്ക് പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) മൈനിംഗ് ഏജൻറന്മാരുടെ പ്രതിനിധികളും ഡെവലപ്പ്മെൻറ് സെക്രട്ടറിയും.

(ബി) ഒരു പ്രാവശ്യം.

(സി) മൈനിംഗ് സംബന്ധിച്ചും, മിനറൽസിൻെറ വില്പന, കയററുമതി മുതലായവയെ സംബന്ധിച്ചും ഗവണ്മെൻറിനെ ഉപദേശിക്കുക.

(ഡി) ഇല്ല.

(ഇ) അത് ആവശ്യമില്ല എന്നു തോന്നിയതുകൊണ്ട്.

മത്സ്യവ്യവസായ വികസനം.

* 332. [32] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യവ്യവസായ വികസനത്തിനുവേണ്ടി ഗവണ്മെൻറ് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് ;

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഉണ്ട്.

(ബി) (1) ഗവേഷണങ്ങൾ :

കന്യാകുമാരി, വിഴിഞ്ഞം, എറണാകുളം എന്നീ മൂന്നു സ്ഥലങ്ങളിൽ നമ്മുടെ നാട്ടിലെ കടലിലും മററു ജലാശയങ്ങളിലും കാണുന്ന മത്സ്യങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനുവേണ്ടി ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങുക. ഈ കേന്ദ്രങ്ങളിൽ മത്സ്യസംബന്ധമായ സ്ഥിതിവിവരകണക്കുകൾ എടുക്കുക, മത്സ്യങ്ങളും, കാലാവസ്ഥ, പരിസരങ്ങൾ മുതലായവയും തമ്മിലുള്ള ബന്ധം, ശാസ്ത്രീയ രീതിയിലുള്ള മത്സ്യം ഉണക്കൽ, മത്സ്യം സൂക്ഷിക്കൽ, ഇടയ്ക്കിടെ സമുദ്രജലത്തിന് ഉണ്ടാകാറുള്ള ലേയത്വവ്യത്യാസങ്ങൾ, മത്സ്യങ്ങളുടെ വലിപ്പം, വയസ്, മുട്ടയിടൽ വളർച്ച മുതലായവയെക്കുറിച്ചുള്ള പഠനമാണ് നടത്തുവാനുദ്ദേശിച്ചിട്ടുള്ളത്.

(2 എ) കപ്പൽ ഉപയോഗിച്ചിട്ടുള്ള മീൻപിടിത്തം.

പുറംകടലിൽ മത്സ്യം പിടിക്കുവാനായി വള്ളങ്ങൾ വലിച്ചു കൊണ്ടുപോകുന്നതിനും മത്സ്യം സംഭരിക്കുന്നതിനും മററുമായി കപ്പൽ ഉപയോഗിച്ചുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനെ Dory fishing അല്ലെങ്കിൽ Mother ship operation എന്നു പറയുന്നു. ഈ പദ്ധതി പ്രവർത്തനം നടത്തുവാൻ പോകുന്നത് നെയ്യാററിൻകര–വിളവങ്കോട് കമ്മ്യൂണിററി പ്രോജക്ററു പ്രദേശങ്ങളിലാകുന്നു. ടെക്നിക്കൽ കോവാപ്പറേഷൻ പ്രോഗ്രാംപ്രകാരമുള്ള കപ്പലിന്റെ ആഗമനത്തിനു ശേഷമേ ഇതിന്റെ ജോലികൾ ആരംഭിക്കുകയുള്ളൂ.

(ബി) മത്സ്യചാപ്പുകൾ

പ്രധാനപ്പെട്ട മത്സ്യവ്യവസായ കേന്ദ്രത്തിൽ മത്സ്യം ശാസ്ത്രീയമായ രീതിയിൽ ഉണക്കുന്നതിനുള്ള എട്ടു മത്സ്യചാപ്പുകൾ വിഴിഞ്ഞം, കൊളച്ചൽ, തുമ്പോളി–പുത്തൻതുറ, തോട്ടപ്പള്ളി, പണ്ടാരതുരുത്ത്, മാലിപ്പുറം, ഞാറക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

(3) Inland fisheries (എ) കഠിനംകുളം കായലിലും, മാലിപ്പുറത്തും ഓരോ മത്സ്യംവളർത്തൽകേന്ദ്രങ്ങൾ സ്ഥാപിക്കുക. പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരിയിലെ പതിവേലിച്ചിറയിൽ ശുദ്ധജലമത്സ്യം വളർത്താനും, ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ട്.

(സി) മത്സ്യസംഭരണവും വളർത്തലും.

പുറമെ നിന്നും നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ വരുത്തി തിരുവിതാംകൂർ കൊച്ചിയിലെ ജലാശയങ്ങളിലും, പീച്ചിഅണക്കെട്ട്, പാറവൂർ താലൂക്കിലുള്ള കുളങ്ങൾ മുതലായവയിലും വളർത്തുന്നതിന് വേണ്ടി വിതരണം ചെയ്യുക.

(4) മററു പദ്ധതികൾ.

മത്സ്യവ്യവസായികളെ സാമ്പത്തികമായി സഹായം നൽകി ഉദ്ധരിക്കുന്നതിനും, പ്രോത്സാഹനം നൽകുന്നതിനും വേണ്ടി സൗജന്യ നിരക്കിൽ വല നിർമ്മിക്കുന്നതിനുള്ള നൂലും, വള്ളത്തിനും, ചാളത്തടിക്കും വേണ്ട തടി മുതലായവയും സൗജന്യനിരക്കിൽ നൽകുക, സഹകര സംഘങ്ങൾക്ക് വായ്പകളും നൽകുക.

Expansion of Industries.

*333. [37] **Shri K. M. George:** Will the minister for Finance be pleased to state:

(*a*) Whether the Director of Industries submitted proposals for the expansion of industries in the State.

(*b*) How long is it since the report was submitted to the Government.

(*c*) Whether Government propose to take any action in implementing these proposals ?

Minister for Finance (**Shri P. S. Nataraja Pillai**) :

(*a*) Yes.

(*b*) About two months.

(*c*) Government have already taken action on these proposals.

വെള്ളപ്പൊക്കംമൂലം കൃഷിനാശം.

*334. [39] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയാണ്ടിൽ വെള്ളപ്പൊക്കം മൂലം മട വീണ എത്ര ഏക്കർ നിലങ്ങൾക്ക് ഗവണ്മെൻറിൽ നിന്നും സഹായ ധനം നൽകിയിട്ടുണ്ട്.

(ബി) സഹായധനമിനത്തിൽ എന്തു സംഖ്യ ഗവണ്മെൻറിൽ നിന്നു ചിലവഴിച്ചിട്ടുണ്ട് ;

(സി) വൈക്കം താലൂക്കിലെ മട വീണ നിലമുടമസ്ഥരിൽ നിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആ നിവേദനമനുസരിച്ച് എത്ര പേർക്ക് എന്തു തുക സഹായധനമായി നൽകിട്ടുണ്ട് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 1200 ഏക്കർ നിലങ്ങൾക്ക് സഹായധനം നൽകിട്ടുണ്ട്.

(ബി) 11, 655 രൂപ. 4 അണ. 6 പൈസ.

(സി) ഉണ്ട്.

(ഡി) സഹായധനം ഒന്നും കൊടുത്തിട്ടില്ല.

രാഷ്ട്രനിർമ്മാണപരിപാടികൾ.

* 335. [47] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രാഷ്ട്രനിർമ്മാണ പരിപാടികൾക്ക് 1949, 50, 51, 52, 53, 54 എന്നീ വർഷങ്ങളിൽ എന്തു തുക ചെലവാക്കി ;

(ബി) സംസ്ഥാനത്തിന്റെ മുതലെടുപ്പിനനുസരണമായി ഓരോ വർഷവും എത്ര ശതമാനമായിരുന്നു ?

മുഖ്യമന്ത്രി ശ്രീ. എ. താണുപിള്ള :

(എ) വർഷം	ചിലവാക്കിയ തുക (ലക്ഷക്കണക്ക്)
"ஜாலியன்வாலாபாகில்" துப்பாக்கிப் பிரயோகம் செய்த ஓ'டயரின் ஞாபகம் தான் வருகிறது. அன்று ஓ'டயர் செய்ததுபோல் தான் இன்று நீங்கள் தமிழ் மக்களைச் சுட்டுக் குவித்தீர்கள். தமழர்களின் மீது நீங்கள் அடக்கு முறையைப் பயங்கரமாக அவிழ்த்து விட்டிருக்கிறீர்கள். இந்த நிலைமையில் தாங்கள் இன்று சொல்கிறீர்கள், "கழிந்ததை மறந்து விடுங்கள்; போனது போகட்டும்; ஒரு புதிய சகாப்தம் தொடங்குவோம்" என்று. அங்கு வைத்த காலை இங்கு மாற்றி விட்டேன் இனிமேல் அப்படிச் செய்யமாட்டேன் என்று சொன்னால் அதை நாங்கள் எப்படி நம்புவது? தங்களுடைய வார்த்தைக்கு எப்படி மதிப்புக் கொடுப்பது? தாங்கள். சோஷியலிஸ்ட் சித்தாந்தத்தைப் பற்றிச் சொன்னீர்கள். தொழிலாளிகளுக்கோ அல்லது விவசாயிகளுக்கோ தாங்கள் என்ன செய்தீர்கள்? தொழிலாளிக்கு உபயோகமாக தொழிற் சட்டத்தில் மாறுதல் கொண்டு வந்துள்ளீர்களா? போனஸுக்கு உத்திரவாதம் கொடுக்கப்பட்டதா? செங்கோட்டை மில்லில் $2\frac{1}{2}$ மாத போனஸுக்கு போராடிவிட்டு, சர்க்கார் ஆதரவில்லாததால் போராட்டம் தோல்வியடைந்தது. அன்று சர்க்கார் தொழிலாளிக்கு என்ன செய்தது. இது தானா தொழிலாளிக்காக செயல்படும் சோஷியலிஸ பாதை? சோஷியலிஸ்ட் சித்தாந்தத்தை ஒரு விஷயத்தில் நடைமுறையில் கொண்டுவந்துள்ளீர்கள். தமிழ்நாட்டில் அடக்கு முறையைக் கொடுத்தீர்கள். ஸ்ரீமான் குஞ்ஞன் நாடார் அவர்களுக்கும் ஸ்ரீமான் வில்லியம் அவர்களுக்கும் கொடுத்ததை ஸ்ரீமான் தாமஸ் அவர்களுக்கும் கொடுக்க நீங்கள் மறந்துவிட வில்லை. தலைவர் வேறு, ஊழியர்கள் வேறு என்ற வித்தியாசம் இல்லாமல் போலீஸ் இடி இன்று நடக்கிறது. எல்லோருக்கும் சமமாக போலீஸ் லாக்கப்பில் அடிகள் கொடுத்து விடுகிறீர்கள். அந்த அளவுக்கு நீங்கள் சோஷியலிஸ்ட் சித்தாந்தத்தை, நடைமுறையில் கொண்டுவந்து விட்டீர்கள் என்பதற்கு தங்களைப் பாராட்டுகின்றேன். அதைத் தவிர வேறு எந்த விஷயத்திலாவது தங்களுக்கும், சோஷியலிஸ்ட் சித்தாந்தத்துக்கும் ஏதாவது சம்பந்தமுண்டாயென்று எனக்குப் புரியவில்லை. தங்களது குறுகிய கால ஆட்சிக்குள் நல்ல முறையில் நீங்கள் சில காரியங்களைச் செய்திருக்கிறீர்கள். உங்களது கட்சியிலிருந்து ஸ்ரீமான் டி. எஸ். ராமஸ்வாமி அவர்களை விரட்டி விட்டீர்கள். டாக்டர் லோகியா அவர்களையும் விரட்டி விட்டீர்கள். அது, தாங்கள் பெருமைப்படக் கூடிய விஷயம் தான்: அன்று சர்ச்சில் பிரிட்டிஷ் சாம்ராஜ்யத்தைக் கலைக்க தான் தலைமை தாங்க மாட்டேன் என்றார். ஆனால் தாங்கள் உங்களது கட்சியைப் பிரித்து விடுவதற்கு தலைமை தாங்கியிருக்கிறீர்கள். இப்படி நீங்கள் சில நல்ல காரியங்களைச் செய்திருக்கிறீர்கள். எதிர் கட்சிகளால் செய்ய முடியாததை நீங்கள் செய்திருக்கிறீர்கள் நாங்கள் நல்ல காரியங்கள் செய்யத் தயாராய் இருக்கிறோம், தமிழர்கள் விஷயத்தில் நாங்கள் நடந்து கொண்டது தவறாய் விட்டது என்று சொல்லும் பெருந்தன்மை தங்களுக்கு இன்றாவது

வருமா? அல்லது இன்னும் False sense of prestige—ல், போலி கௌரவத்தில், யாரோ அனுவசியம் செய்தார்கள்; ஆதலால் அப்படிச் செய்யவேண்டி வந்து விட்டது, என்று சொல்வீர்களோ எனக்குத் தெரியாது. அங்கு தமிழ்நாடு காங்கிரஸ் ஏதாவது தவறு செய்திருந்தால் அதே தவறை கம்யூனிஸ்ட் கட்சியும் செய்துள்ளது. நானும் ஸ்ரீமான் டி. வி. தாமஸ் அவர்களும் ஒரே மேடையில் நின்று மக்களைப் போராட்டத்திற்கு அழைத்தோம். தென்-திருவிதாங்கூரில் நடந்த சம்பவங்களுக்கு தமிழ்நாடு காங்கிரஸிற்கு எவ்வளவு பொறுப்பு உண்டோ அதே பொறுப்பு தோழர் டி. வி. தாமஸ் அவர்களுக்கும், அடியேனுக்கும் உண்டு. அங்கு நடந்த போராட்டத்திற்கு தனிப்பட்ட முறையில் யாரையும் பொறுப்பாளி என்று சொல்ல முடியாது. நேர்மாறாக அங்கு நடந்த அக்கிரமங்கள் அத்தனைக்கும் தாங்களே பொறுப்பாளி என்று நான் வருத்தத்துடன் சொல்லிக்கொள்கிறேன். அங்கு அனுவசியமாக அடக்குமுறையை அவிழ்த்து விட்டீர்கள், அதன்மூலம் தமிழர்களிடையே என்றுமேயில்லாத ஐக்கியத்தை சிருஷ்டித்து விட்டீர்கள். இன்று தாங்கள் இனி நல்ல காரியங்கள் செய்யப்போவதாக சொல்லலாம். செய்ததாகச் சொல்லமுடியாது. தமிழில் ஒரு சொல் உண்டு. அடைத்த கடைக்குச் சீட்டுக் கொடுப்பது, என்று. இன்று தாங்கள் பழைய Quilon பாங்குக்கு ஒரு செக் கொடுத்தால் அதற்கு என்ன விலை இருக்குமோ அதைவிட கூடுதல் விலை உங்கள் வார்த்தைக்கு இருக்காது. அந்த நிலைமையில்தான் தங்கள் வார்த்தையை நாங்கள் மதிக்கமுடியும் என்று நான் வருத்தத்துடன் சொல்லிக்கொள்கிறேன். திருவிதாங்கூரில் நடந்த ஜனநாயக இயக்கத்திற்குத் தாங்கள் தந்தை என்று பெருமைப்பட்ட காலம் உண்டு. தங்கள் பெருமையைப் பற்றிச் சொல்லிக்கொண்டு மந்திரம் சொல்வதைப் போல் உங்கள் பெயரை உச்சரித்துக்கொண்டு, அன்று நாங்கள் மதராஸில் கல்லூரியில் படித்துக்கொண்டிருக்கும்போது, போலீஸின் குண்டாந்தடிக்கும், துப்பாக்கி முனைக்கும் முன்னால் சென்ற காலம் உண்டு. திருவிதாங்கூரில், ஜனநாயக இயக்கத்தை அடக்கி ஒடுக்குகிறார்கள் என்றும் ஸர். சி. பி. கொடுங்கோல் ஆட்சி நடத்துகிறார் என்றும் கிளர்ச்சி செய்த காலம் உண்டு. ஆனால் இன்று தாங்களோ, ஸர் ஸி. பி. ராமஸ்வாமி ஐயரோடு ஒப்பிட்டுக் கொள்வதில் பெருமை கொள்கிறீர்கள். அவர் எங்கே தாங்கள் எங்கே? அவரது திறமை எங்கே தங்களுடைய திறமை எங்கே? அவருடைய அகங்காரம் மாத்திரம் தான் தங்களிடம் இருக்கிறது. அவருடைய கெட்ட குணங்கள் மாத்திரம் தான் உங்களிடம் இருக்கிறது. அவருடைய சிலாக்கிய குணம் எதுவும் தங்களிடமில்லை.

இந்நிலையில் நீங்கள், ஒன்றில் எனக்கு வோட்டுப் போடுங்கள் அல்லது சபையைக் கலைத்து விடுவார்கள் என்று சொல்கிறீர்கள். அல்லது காங்கிரஸ் ஆட்சிக்கு வந்துவிடுமென்றும் தாங்கள் பயமுறுத்துகிறீர்கள். நான் ஒன்று சொல்ல ஆசைப்படுகிறேன். குறிப்பாக எனது தமிழ்நாடு காங்கிரஸ் நண்பர்களிடம் சில வார்த்தைகள்

[ஸ்ரீ. கெ. சட்டநாத கரயாளர்]

சொல்ல விரும்புகிறேன். இவர்களை வேண்டாமென்று சொல்லி விட்டு காங்கிரஸ்காரர்களை நாம் எந்தக் காலத்திலும் வரவேற்ககூடாது. தமிழ்நாட்டில் செய்த அக்கிரமங்களில் இவர்களுக்குள்ள பொறுப்புகள் அத்தனையும் அவர்களுக்கும் உண்டு. இவர்களை இதுவரை பின்தாங்கியவர்கள் காங்கிரஸ்காரர்கள்தான், என்பதை நீங்கள் மறந்து விடக்கூடாது. ஒருவேளை இந்த சபை கலைக்கப்பட்டு வேறு தேர்தல் வரலாம். அதற்காக நாம் நமது கரங்களை காங்கிரஸ்காரர்களுக்காக உயர்த்தக்கூடாது. எனது வேண்டுகோள், எந்த நிலைமை ஏற்பட்ட போதிலும் மறுபடியும் காங்கிரஸை ஆட்சி பீடத்திற்குவர அனுமதிக்கக்கூடாது. அதிலே ஒரு லாபமும் கிடையாது. "எரியக்கூடிய கொள்ளியில் எது நல்ல கொள்ளி?" ஆகவே இந்த இரண்டு கொள்ளிகளையும் எதிர்ப்பதைத் தவிர வேறு ஒன்றும் நம் முன்னிலையில் நற்போது இல்லை என்று சொல்லிக் கொள்கிறேன். கடைசியாக ஒரு வார்த்தை. தோழர் டி. வி. தாமஸ் அவர்கள் அன்று ஒரு கதை சொன்னார்கள். அது, ஒரு நரி ஒரு காகத்தினிடமிருந்த அப்பத்தைத் தட்டிக் கொண்டுபோக எத்தனித்த கதையாகும். அதுபோல், பதவி என்ற அப்பத்தை இந்த காங்கிரஸ் நரியிடம் நீங்கள் கொடுத்து விடாதீர்கள். தேர்தல் என்ற தண்ணீரில் அந்த அப்பம் ஒழுகட்டும். ஆற்றில் விட்ட ஏடு எதிர் ஏறிய கதை தமிழனுக்குத் தெரியும். அந்த முறையில் மறுபடியும் தேர்தலை எதிர்நோக்கினாலும் சரி, தயவு செய்து அந்த அப்பத்தை இந்த காங்கிரஸ்காரர்களிடம் கொடுத்து விடாதீர்கள் என்று பணிவோடு வேண்டிக் கொள்கிறேன். ஸ்ரீமான் பட்டம் தாணுபிள்ளைக்கு ஒரு வார்த்தையோடு எனது பேச்சை முடித்துக்கொள்கிறேன். "தன்வினை தன்னைச் சுடும்; ஓட்டப்பம் வீட்டைச் சுடும், அன்று சுட்டது இன்று படும்."

ശ്രീ. എ. കുഞ്ഞൻ നാടാർ: ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. ശ്രീമാൻ ടി. വി. രാമസ്വാമി പറഞ്ഞതുപോലെ ഒരു ലൈറ്റ് ഹാർട്ടഡ് മൂഡ്‌ലല്ല (ഒരു വിനോദത്തിനു വേണ്ടയല്ല) ഞാൻ ഇതു് പിൻതാങ്ങുന്നതിന് ഉദ്ദേശം കുന്നതു്. ഇന്നത്തെ പ്രധാനമന്ത്രിയോട് അദ്ദേഹത്തിനു ഇതുപോലെ തന്നെ വ്യക്തിപരമായ സ്നേഹം എനിക്കും ഉണ്ട്. ഒരു വിധത്തിൽ അദ്ദേഹം എന്റെ രാഷ്ട്രീയ ഗുരുവാണ് എന്നൊരു ബന്ധംകൂടെ എനിക്കു പറയാം. 114-ൽ ആരംഭിച്ച— ഇവിടെ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനുവേണ്ടി ആരംഭിച്ച സ്റ്റേറ്റ് കാൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ മുന്നണിയിൽനിന്ന്—അദ്ദേഹത്തിന്റെ പുറകിൽ നിന്നു പ്രവർത്തിച്ചിട്ടുള്ള ഒരു വ്യക്തിയാണു ഞാൻ. ശ്രീ. പട്ടം താണുപിള്ള ഈ നാട്ടുകാരല്ല, പുത്തരിയല്ല, പുതിയതല്ല. സ്റ്റേറ്റ് കാൺഗ്രസ്സ് നേതാവ് എന്ന നിലയിൽ, ഇവിടത്തെ ചീഫ് മിനിസ്റ്റർ എന്ന നിലയിൽ, സോഷ്യലിസ്റ്റ്പാർട്ടി നേതാവ് എന്ന നിലയിൽ, ഐക്യമുന്നണി നേതാവ് എന്നുള്ള നിലയിൽ, വീണ്ടും ചീഫ്മിനിസ്റ്റർ എന്ന നിലയിൽ ഈ നാട്ടുകാർ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഈ അവസരത്തിൽ എനിക്ക് അദ്ദേഹം ആദ്യം ചീഫ്മിനിസ്റ്ററായ കാലഘട്ടത്തിലേയ്ക്കു് ഒന്നു തിരിഞ്ഞുനോക്കേണ്ടിയിരിക്കുന്നു.

സർ, സ്റ്റേറ്റുകാൺഗ്രസ്സുകാലത്ത് വീടില്ലാത്തവക്ക് വീടും, ചോറില്ലാത്തവക്ക് ചോറും, മുണ്ടില്ലാത്തവക്ക് മുണ്ടും, ഞങ്ങൾ ഉണ്ടാക്കിത്തരാമെന്നു പറഞ്ഞുകൊണ്ടാണു സർ സി. പി. യെ ഇവിടെ നിന്നും വിരട്ടി ഓടിച്ചത്. അതിനുശേഷം, വളരെ പ്രത്യാശകളോടുകൂടിയാണ് ശ്രീ. പട്ടം താണുപിള്ളയെ അന്നു ചീഫ് മിനിസ്റ്ററാക്കി സ്റ്റേറ്റുകാൺഗ്രസ്സ് ഇവിടത്തെ ഭരണം കയ്യേറ്റത്. അന്ന് ഇതുപോലുള്ള യാതൊരു പാർട്ടികളും രാജ്യത്തുണ്ടായിരുന്നില്ല. ഈ രാജ്യത്തെ ജനങ്ങളുടെ ഒന്നടങ്കം പിൻതുണയോടുകൂടിയും, ആശീർവാദത്തോടുകൂടിയുമാണ് ചീഫ് മിനിസ്റ്റർ പദത്തിലേക്ക് അദ്ദേഹം അവരോഹണം ചെയ്യപ്പെട്ടത്. പക്ഷെ ആറുമാസം കഴിയുന്നതിനുമുൻപ് ഒരു ഭരണകർത്താവെന്നനിലയിൽ അനർഹനാണെന്നു—ഒരു പരാജയമാണെന്നു—പറഞ്ഞ് ജനങ്ങൾ അദ്ദേഹത്തെ പുറംതള്ളി. ഈ രാജ്യത്തിന്റെ ഏറ്റവും വലിയ ശാപം വർഗ്ഗീയതയാണ്. സ്റ്റേറ്റുകാൺഗ്രസ്സിന്റെ ദീർഘമായ പ്രയത്നത്തിന്റെ ഫലമായി, തേഞ്ഞുമാഞ്ഞുപോയ്ക്കൊണ്ടിരുന്ന ഇവിടത്തെ വർഗ്ഗീയത ഈ ആറുമാസത്തിനിടയിൽ വീണ്ടും തലപൊക്കി. ഇവിടെ വർഗ്ഗീയത നടമാടിത്തുടങ്ങി. ശ്രീ. പട്ടം അതിനെ വളമിട്ടു വളർത്തി. അന്നും തമിഴനാടിനെ മർദ്ദിച്ചു. 1948-ൽ ഇതേമാതിരി ഇത്ര ഉഗ്രമായിട്ടല്ലെങ്കിലും തമിഴനാട്ടുകാരെ മർദ്ദിച്ചു. ശ്രീ. ഉണ്ണിത്താന്റെ മറവിൽ നിന്നുകൊണ്ടാണ് ആദ്യം മർദ്ദനം അഴിച്ചുവിട്ടത്. പിന്നീട് അദ്ദേഹം ചീഫ് മിനിസ്റ്റർ ആയിരുന്നപ്പോഴും മർദ്ദനം തുടർന്നു നടത്തി. അന്നു ആരും പോലീസുകാരെ കല്ലെറിഞ്ഞില്ല; സത്യഗ്രഹം നടത്തിയതുമില്ല. നിരപരാധികളായിരുന്ന രണ്ടു വ്യക്തികളെ അവരുടെ വീട്ടിന്റെ നടയിൽ ചുട്ടെരിച്ചു. ചന്തയിൽ പൊയ്ക്കൊണ്ടിരുന്ന സാധുസ്ത്രീകളുടെ പേരിൽപ്പോലും കള്ളക്കേസുകൾ ഉണ്ടാക്കി. ആ നാലു താലൂക്കുകളിലുംകൂടി 500-ൽ ചിലപാനം കള്ളക്കേസുകൾ സൃഷ്ടിച്ചു. സർ, അന്നു ഞാൻ ഒരു സ്റ്റേറ്റുകാൺഗ്രസ്സുപ്രവർത്തകനായിരുന്നു. അന്ന് കാൺഗ്രസ്സുകാർ പോലീസുകാർക്ക് എതിരാളികളെ കാണിച്ചുകൊടുത്തിരുന്നുവെന്ന പരാതി കാൺഗ്രസ്സുകാരുടെ പേരിൽ ഉണ്ടായിരുന്നു. സർ, ഞാൻ കണ്ണുകൊണ്ടു കാണുന്നതാണ് ചില പോലീസുവാനുകളിൽ, സ്റ്റേറ്റുകാൺഗ്രസ്സുനേതാക്കൾ ചുററി നടക്കുന്നത്. അക്കൂട്ടത്തിൽ ഉണ്ടായിരുന്ന ചിലർ പിന്നീട് മന്ത്രിമാരാകയും ചെയ്തു. തമിഴനാട്ടിലെ സാധുക്കളെ ഉപദ്രവിക്കുന്നതിൽ ഇവരെല്ലാം പോലീസുകാരുമായി കൂട്ടുചേർന്നിരുന്നു. ഞാൻ നേരെ പട്ടത്തിന്റെ വീട്ടിൽ ചെന്നു. തമിഴനാട്ടുകാരുടെ പ്രശ്നം ഒന്നു സ്നേഹമായി പറഞ്ഞുതീർക്കണമെന്നും റിസർവ്വ് പോലീസിനെ പിൻവലിക്കണമെന്നും അദ്ദേഹത്തോടപേക്ഷിച്ചു. അവർക്കും പ്രവർത്തിക്കാൻ അവകാശമുണ്ടെന്ന് അദ്ദേഹത്തോടു പറഞ്ഞു. ശ്രീ. ടി. എസ്. രാമസ്വാമി പറഞ്ഞതു്, ഡല്ബറേറ്റുകൾ ആണെന്ന് ശ്രീ. പട്ടം ഇവിടെ പറയുകയുണ്ടായി. ഇതു വെറുതെ സംഭവമാണ്. ഞാൻ ഇതു അദ്ദേഹത്തോടു പറയുമ്പോൾ, ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ളയും, അന്നത്തെ തിരുവനന്തപുരം മേയറായിരുന്ന ശ്രീ. പേരൂക്കട ഗോപാലപിള്ളയും അവിടെയുണ്ടായിരുന്നു. ശ്രീ. നടരാജപിള്ള ഉണ്ടായിരുന്നോ എന്നു സംശയമുണ്ട്. അവർ അവിടെ വന്നിരുന്നതു പുന്നപ്ര വയലാർ തടവുകാരെ വിടണമെന്നു പറയുവാനാണ്. ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള അവരെ വിടണമെന്നും, സ്റ്റേറ്റുകാൺഗ്രസ്സിന്റെ പുറകിൽ നിന്നുകൊണ്ടാണു അവർ സമരംചെയ്തതെന്നും, അവർ തെററു ചെയ്താലും അവർക്കു

[ശ്രീ. ഏ. കുഞ്ഞൻനാടാർ]

മാപ്പുകൊടുക്കേണ്ട ധാർമ്മികമായ കടമ സ്റ്റേറ്റുകാൺഗ്രസ്സിനുണ്ടെന്നും ശ്രീ. പട്ടത്തിനോടു പറഞ്ഞു. അദ്ദേഹം ആ അവസരത്തിൽ ചെല്ലപ്പൻ പിള്ളയോടു ദേഷ്യപ്പെടുന്നതുകണ്ടു.

"Mr. Chellappan Pillai, I will shoot them; you want to release them."

കഴിഞ്ഞ ജന്മത്തു് അദ്ദേഹം ഒരു പട്ടാളക്കാരനായിട്ടാണു ജീവിച്ചിരുന്നതെന്നു തോന്നുന്നു. നാക്കെടുത്താൽ 'വെടിവയ്ക്കും' എന്നാണു പറയുന്നതു്. അന്നു വളരെ വിഷമത്തോടുകൂടി അദ്ദേഹത്തിന്റെ മറുപടികേട്ടു് ശ്രീ. ചെല്ലപ്പൻപിള്ളയും, ശ്രീ. ഗോപാലപിള്ളയും ഇറങ്ങിപ്പോയി. ആ അവസരത്തിലാണു്; തമിഴ്നാട്ടുകാരുടെ നേരെ പോലീസുകാർ ചെയ്ത മർദ്ദനത്തിനെതിരായി ഒരു വിരൽചൂണ്ടുവാൻപോലും ശ്രീ. താണുപിള്ള തയ്യാറാകാഞ്ഞതുകൊണ്ടാണു്, ഏററവും ഹൃദയവേദനയോടുകൂടിയാണെങ്കിലും എനിക്കു് സ്റ്റേറ്റുകാൺഗ്രസ്സു വിട്ടുപോകേണ്ടതായി വന്നതു്. ആദ്യത്തെ ആറുമാസക്കാലത്തെ ഭരണത്തിനിടയ്ക്കു് ഈ രാജ്യമൊട്ടാകെ ലാത്തിച്ചാർജ്ജു നടന്നു. ശ്രീ. പട്ടം താണുപിള്ള ദൈവമെന്നുകരുതി നടന്നിരുന്ന ആ കാലത്തു്—തിരുവനന്തപുരത്തു്—ഇവിടത്തെ വിദ്യാർത്ഥികളുടെ തലതല്ലിപ്പൊട്ടിച്ചു. അതിന്റെ മൂന്നാംദിവസം അദ്ദേഹം മന്ത്രിസ്ഥാനത്തുനിന്നും ഇറങ്ങിപ്പോയി. അദ്ദേഹത്തിനു് എന്തെല്ലാം ദോഷമുണ്ടായാലും, ഒരു കാര്യത്തിൽ ജനങ്ങൾ ശ്ലാഘിച്ചു. കാൺഗ്രസ്സിന്റെ ഭൂരിപക്ഷം അംഗങ്ങളും അദ്ദേഹത്തെപ്പററി അവിശ്വാസം പ്രകടിപ്പിക്കുന്ന ഒരു ശബ്ദം അദ്ദേഹത്തിന്റെ ചെവിയിൽ അലയടിച്ചപ്പോൾ അദ്ദേഹം ചീഫ് മിനിസ്റ്റർ സ്ഥാനം രാജിവയ്ക്കുകയാണുണ്ടായതു്. ശ്രീ. പട്ടം താണുപിള്ളയ്ക്കു് എന്തെല്ലാം ദോഷമുണ്ടായാലും, മുൻകോപം ഉണ്ടായാലും, അദ്ദേഹം എന്തെല്ലാം തെററുചെയ്താലും അദ്ദേഹത്തിനു് ആണത്വമുണ്ടു്, അഭിമാനമുണ്ടു് എന്നു ജനങ്ങൾ വിചാരിച്ചിരുന്നു. ഇന്നാണെങ്കിൽ, ഒരു ചൊല്ലുള്ളതുപോലെ 'ഓണം വരുമ്പോൾ നാണം പോകും, എന്ന അവസ്ഥയാണു അദ്ദേഹത്തിനുള്ളതു്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഓണം 60-ൽ കൂടുതൽ വന്നു. അതുകൊണ്ടായിരിക്കാം നാണം പരിപൂർണ്ണമായി പോയിക്കഴിഞ്ഞിരിക്കുന്നതു്. ഇന്നു് രാജ്യവ്യാപകമായി മുറവിളകൂട്ടുന്നു, തൊഴിലാളികളും, കൃഷിക്കാരും, സാധാരണക്കാരും എന്നുവേണ്ടാ ഇവിടത്തെ എല്ലാ പാർട്ടിക്കാരും പറയുന്നു, നിങ്ങൾ ഇവിടെ ഭരിക്കണ്ടാ ഇറങ്ങിപ്പോകണം എന്നു്. ഈയവസരത്തിൽ അദ്ദേഹം കാൺഗ്രസ്സിന്റെയും, കമ്മ്യൂണിസ്റ്റിന്റെയും മുൻപിൽനിന്നു്, മാറിമാറി മോഹനിവേഷം കെട്ടി നൃത്തംചെയ്യുകയാണു്. എനിക്കു് അദ്ദേഹത്തോടു പറയാനുള്ളതു് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അഭിമാനത്തോടുകൂടി ഞാൻ രാജിവെച്ചിരിക്കുന്നുവെന്നു അദ്ദേഹം പറയണമെന്നാണു്.

വീണ്ടും അദ്ദേഹം മുഖ്യമന്ത്രിയായപ്പോൾ എന്താണു നടന്നതു്? സർ, ചരിത്രം ആവർത്തിക്കുകയാണു്. പ്രതിപക്ഷത്തുനിന്നുകൊണ്ടു സോഷ്യലിസം പ്രസംഗിച്ചു അദ്ദേഹം ഭരണാധികാരത്തിൽവന്നു. ഇനി ഭരണം നന്നാകുമെന്നു ജനങ്ങൾ വിചാരിച്ചു. അദ്ദേഹം മുഖ്യമന്ത്രിയായി വന്നപ്പോൾ ആദ്യം ഒരു പ്രസ്താവനചെയ്തു. ഞാൻ ഈ രാജ്യത്തെ കാൺഗ്രസ്സുകാരുടെയോ, കമ്മ്യൂണിസ്റ്റുകാരുടെയോ ആരുടെയും പിൻതുണയോടുകൂടിയല്ല, ഭരണം നടത്തുന്നതെന്നും, ഈ രാജ്യത്തെ ജനങ്ങളുടെ പിൻതുണ

എനിക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു, തിരഞ്ഞെടുപ്പുകഴിഞ്ഞു് രണ്ടാഴ്ച കഴിയുംമുമ്പ്. ജാതിയുടെയും വർഗ്ഗത്തിന്റെയും പേരിലും, ലോഹ്യയുടെയും ജയപ്രകാശന്റെയും പേരിലും കേവലം 18 അംഗങ്ങളെമാത്രം സമ്പാദിക്കാൻ കഴിഞ്ഞ അദ്ദേഹത്തിന്, തിരഞ്ഞെടുപ്പിൽ പൊതുജനങ്ങൾ പുറംതള്ളിയ അദ്ദേഹത്തിന് ആരുടെയും പിൻതുണ ഇല്ലാതെതന്നെ ഭരിക്കുവാൻ കഴിയുമെന്നു പറഞ്ഞു. ഇപ്പോൾ ജനകീയഭരണമാണ് നടക്കുന്നതെന്ന കാര്യംതന്നെ അദ്ദേഹം മറന്നിരിക്കുന്നു. ഇവിടെയിരിക്കുന്ന ഓരോരുത്തർക്കും, ഓരോതരത്തിൽ ജനങ്ങളുടെ പ്രാതിനിദ്ധ്യം ഉണ്ടെന്നും, അവർക്കും ചുമതലയുണ്ടെന്നും നമുക്കെല്ലാവർക്കും അറിയാം. അങ്ങനെയുള്ള എല്ലാ പ്രതിനിധികളെയും ദൂരെ ഏറിഞ്ഞിട്ട് പൊതുജനങ്ങൾ എന്റെ പിൻപിലാണ്, ഈ സഭയിലെ ആരുടെയും പിൻതുണയില്ലെങ്കിലുംവേണ്ടാ എന്നു പറഞ്ഞാൽ ബുദ്ധിയുള്ളവരാരും അതു സമ്മതിച്ചു കൊടുക്കുകയില്ല.

ഈ മന്ത്രിസഭയുടെ ഭരണകാലത്തു് വർഗ്ഗീയത വർദ്ധിച്ചു. ഗവണ്മെന്റ ആഫീസുകളിൽ നടക്കുന്ന കൈക്കൂലിക്കും, അഴിമതിക്കും കണക്കില്ല. ഗവണ്മെന്റ ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അക്രമങ്ങൾക്കു അതിരില്ല. തെക്കൻതിരുവിതാംകൂറിലെ സംഭവങ്ങളെപ്പററി എനിക്കു കൂടുതലായി അറിയാം. ഇവിടെ ഇരിക്കുന്നവർക്ക് അതിനെപ്പററി പൂർണ്ണമായി അറിയാമോ എന്നു സംശയമാണ്. കഴിഞ്ഞ ആഗസ്റ്റ് പതിനൊന്നാംതീയതി അവിടെ നടന്ന സംഭവങ്ങളിൽ ഈ സഭയിലെ അംഗങ്ങളെ അറിയിക്കാത്തതും, അവർ അറിയേണ്ടതുമായ പല സംഗതികളും ഉണ്ട്. പക്ഷെ അവ സബ്ജുഡിസ്സായതുകൊണ്ട് അതൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ആഗസ്റ്റ് 11-ാംതീയതിക്കു ശേഷം തെക്കൻതിരുവിതാംകൂറിൽ നടന്ന പോലീസുമർദ്ദനങ്ങളെപ്പററി ചിലതു പറയാം. ആഗസ്റ്റ് 11-ാംനു- രാത്രി 12 മണിക്ക് അവിടത്തെ ഷൂട്ടിംഗും ലാത്തിച്ചാർജ്ജും മർദ്ദനവും എല്ലാം കഴിഞ്ഞതിനുശേഷം തമിഴനാടു സത്യഗ്രഹം പിൻവലിച്ചതായി അന്നത്തെ സത്യഗ്രഹനേതാവായ ഞാൻ പി. ടി. ഐ-ക്കും മററു പത്രങ്ങൾക്കും കമ്പിഅടിക്കുകയുണ്ടായി. അതിനുശേഷം, ഒരു പബ്ലിക്കുമീററിംഗുപോലും കൂടിയിട്ടില്ല; ഹർത്താൽ നടത്തിയിട്ടില്ല, ഒന്നും ചെയ്തിട്ടില്ല. ഭയങ്കരമായ മർദ്ദനമാണു പിന്നീട് അവിടെ നടന്നതു്. പഞ്ചാബിൽ നടന്നതിലും ഭയങ്കരമായ ഒരു പട്ടാളഭരണമായിരുന്നു ലാക്കപ്പിനകത്തും പുറത്തും നടന്നതു്. ചന്തയിൽ പോയ ആളുകളെയും, വീട്ടിലിരുന്ന ആളുകളെയും ഭയങ്കരമായി മർദ്ദിക്കുകയുണ്ടായി. ആഗസ്റ്റ് 16-ാംനു- കുലശേഖരം അന്തിച്ചന്തയിൽ പോലീസുവാൻ വന്നു് ഇറങ്ങി നിരപരാധികളെ അടിച്ചു. സ്ത്രീകൾ സംഭ്രമിച്ചു ഓടി. എട്ടുമാസം ഗർഭിണിയായ ഒരു സ്ത്രീ ഓടുന്നവഴിയ്ക്കു് താഴെവീണു. ജനവധിയാളുകൾ ഓടിയ ഓട്ടത്തിനിടയിൽ ആ സ്ത്രീയെ ചവുട്ടിക്കൊണ്ടു പോകുകയുണ്ടായി. ഒടുവിൽ ഗവണ്മെന്റ് ആശുപത്രിയിൽകൊണ്ടു പോയി. അവിടെവച്ചു മരണമടയുകയാണുണ്ടായതു്. പുതുക്കടയിൽ പോലീസ്മർദ്ദനം കണ്ടു ഭ്രമിച്ച് ആറുവയസ്സു പ്രായമുള്ള ഒരു കുഞ്ഞു് ഓടി ഒരു കാലൊടിഞ്ഞു് ഇന്നും ചികിത്സയിലിരിക്കുകയാണ്. ആഗസ്റ്റ് 11-ം, 12-ം തീയതികളിൽ തൊടുവട്ടിയിൽ നടന്ന ഒരു സംഭവം പറയാം. ചൈനീസു എംബസിയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ, അദ്ദേഹത്തിന്റെ പേർ ശ്രീ. ക്രിസ്ത്യദാസ് എന്നാണ്, അദ്ദേഹ

[ശ്രീ. എ. കുഞ്ഞൻനാടാർ]

ത്തിന്റെ വീട്ടിൽ ഇരിക്കുകയായിരുന്നു. പോലീസുകാർ വീട്ടിൽ കയറി അടിതുടങ്ങി. ഞാൻ ചൈനീസ് എംബസിയിൽ ഒരു ഉദ്യോഗസ്ഥനാണ്, എന്നെ ഉപദ്രവിക്കരുത്, എനിക്കു പാളിറാറിക്സ് ഇല്ല എന്നു അദ്ദേഹം പറഞ്ഞു. എന്നിട്ടും വിട്ടില്ല. അദ്ദേഹം ഡൽഹിയിൽ എത്തി നെഹ്റുവിനെക്കണ്ടു. തോക്കിന്റെയും, ലാത്തിയുടെയും പാടുകൾ കാണിച്ചു. അടുത്തദിവസം കൃപലാനി അവിടെച്ചെന്നപ്പോൾ, അദ്ദേഹത്തോടു വിവരങ്ങൾ പറയാൻ നെഹ്റു പറഞ്ഞു. കൃപലാനി അവിടത്തെ പട്ടം താണുപിള്ളയാണല്ലോ. ഒടുവിൽ സ്റ്റേറ്റുമിനിസ്ട്രിയിൽനിന്നും ഒരു റിപ്പോർട്ട് ഈ ഗവണ്മെൻറിനോടാവശ്യപ്പെട്ടു. ഇന്നുവരെ അതിനു മറുപടി കൊടുത്തിട്ടില്ലെന്നാണ് എനിക്കു അറിയാൻ സാധിച്ചതു്. ഇതു പോലെ ആയിരം ആയിരം സംഭവങ്ങൾ പറയാൻ കഴിയും. സമയച്ചുരുക്കം കൊണ്ടു് ഞാൻ അതിനു തുനിയുന്നില്ല.

അവിടങ്ങളിലെ ചെറിയ ചെറിയ ഷാപ്പുകൾ പോലീസുകാർ പരസ്യമായി ലൂട്ടുചെയ്യുകയായിരുന്നു. പൊലീസുകാർ ലൂട്ടുചെയ്ത സാമാനങ്ങൾ രണ്ടുമാസംവരെ റോഡരികിൽ ചിതറിക്കിടന്നതായി കാണിക്കുന്ന ഒരു ഫോട്ടോ എന്റെ കയ്യിലുണ്ടു്. തൊഴിലാളികളുടെയും, സാധാരണക്കാരുടെയും രക്തം ചിന്തിയ ആറായി ഒഴുകിയ ഒരു ഫോട്ടോ, മദ്രാസ് തമിഴനാടുകാൺഗ്രസ്സ് പ്രസിഡൻറ് ശ്രീ. കരയാളർ എടുത്ത ഒരുഫോട്ടോയും എന്റെ കയ്യിലുണ്ടു്. സംഭവം കഴിഞ്ഞു് രണ്ടാഴ്ചകഴിഞ്ഞു് എടുത്ത ഒരു ഫോട്ടോ ആണിതു്. (ഫോട്ടോ കാണിക്കുന്നു).

ആഗസ്റ്റ് 11-ാംനു- ഇതെല്ലാം കഴിഞ്ഞിട്ടു് അടുത്തദിവസം ശ്രീ. പട്ടം താണുപിള്ള തൊടുവട്ടിയിൽ വന്നു. അവിടെയെല്ലാം ധൈര്യമായി നടന്നുനോക്കി. എല്ലായിടത്തും ശാന്തതയാണു് കണ്ടതെന്നു് അദ്ദേഹം പറഞ്ഞു. അതെ, സർ, ചുടുകാട്ടിലെ ശാന്തത. അദ്ദേഹം വന്നതു് ചുടുകാടു് സന്ദർശിക്കാനാണ്. ഒരൊററ മനുഷ്യനെപ്പോലും അവിടെ കാണാൻ കഴിഞ്ഞില്ല. ഇതാണോ ഒരു ജനകീയ നേതാവു ചെയ്യേണ്ടതു്? ആഗസ്റ്റ് 11-ാംനു- അവിടെ എന്താണ് നടന്നതു്? എന്റെ പേരിലുള്ള ഒരു ചാർജ് എന്താണെന്നുവച്ചാൽ കുഴിത്തുറ പോലീസ് ഇൻസ്പെക്ടറുടെ വേലക്കാരൻ കുളിമുറിയുടെ ചുവരിന്റെ മുകളിൽ വച്ചിരുന്ന മോതിരം കട്ടുകൊണ്ടുപോയി എന്നാണ്. അവിടെയുള്ള വിദ്യാർത്ഥികളെ പേപ്പട്ടികളെ അടിക്കുന്നതുപോലെ അടിച്ചു. നാഗർകോവിൽ കാൺവെൻറിന്റെ മുൻപിൽവച്ചു് ആറുവയസ്സു പ്രായമുള്ള ഒരു പ്രൈമറിസ്കൂൾ വിദ്യാർത്ഥിയുടെ കാൽ അടിച്ചൊടിച്ചു. അതിന്റെ ഒരു ഫോട്ടോയും എന്റെ കൈവശമുണ്ടു്. വലിയ സമരങ്ങളൊന്നും നടന്നിട്ടില്ലെന്നു പറയുന്ന നാഗർകോവിൽ വച്ചു നടന്ന ഒരു സംഭവമാണിതു്. മുഞ്ചിറയിൽ 15 വയസ്സു പ്രായമുള്ള 'ഡില്ലി' എന്ന വിദ്യാർത്ഥിയെ കുഴിത്തുറ പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയി പന്തു് അടിക്കുന്നതുപോലെ അടിക്കുകയായിരുന്നു. കൊല്ലങ്കോട്ടിൽ സ്ത്രീകളെ മാനഭംഗപ്പെടുത്തി. പരശ്ശുവയ്ക്കൽ എന്ന സ്ഥലത്തു് രാത്രി വീടുകയറി ആണുങ്ങളെയും പെണ്ണുങ്ങളെയും പരസ്യമായി മർദ്ദിച്ചു. ശ്രീ. പട്ടം താണുപിള്ളയ്ക്കോ, ഇവിടത്തെ മന്ത്രിമാർക്കോ അവിടെ നടന്ന മർദ്ദനങ്ങളെപ്പററി മുഴുവൻ അറിയാമോ എന്നു ഞാൻ സംശയിക്കുന്നു. ദേവികുളത്തും പീരുമേട്ടും ഇരുപ

ത്തിരണ്ടോളം തൊഴിലാളികളെ, സ്ത്രീകളെയും പുരുഷന്മാരെയും അറസ്റ്റ് ചെയ്ത് ഒരേയൊരു ലാക്കപ്പിൽ അടച്ചിട്ടു. അക്കൂട്ടത്തിൽ എട്ടു സ്ത്രീകളും ഉണ്ടായിരുന്നു. ഒരേ ലാക്കപ്പിൽ കിടന്നുവേണം അവർക്ക് മലമൂത്രവിസർജ്ജനം ചെയ്യുവാൻ. രണ്ടു സ്ത്രീകൾ അവരുടെ ചേല അഴിച്ചു മറയായി പിടിച്ചുകൊണ്ടാണ് ആ കാര്യം സാധിച്ചതു്. സർ, ഹിറ്റ്ലറുടെ ഭരണകാലത്തുപോലും ഇത്ര പൈശാചികമായ വിധം പെരുമാറിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഞാൻ പറയുന്നതിന് വേണ്ടിവന്നാൽ സകല തെളിവുകളും തരാൻ തയാറാണ്.

ഞാൻ 11-ാംനു- അറസ്റ്റുചെയ്യപ്പെട്ടു. 12-ാംനു- എന്നെ കുഴിത്തുറ ലാക്കപ്പിലേക്കു കൊണ്ടുപോയി. സർ, അവിടെ ഞാൻ കണ്ട കാഴ്ച യുദ്ധരംഗത്തു കാണുന്ന ഒരു കാഴ്ചയായിരുന്നു. ആഗസ്റ്റ് 11-ാംനു- നാലു പേരെ വെടിവച്ചു. അതിലൊരാൾ അപ്പോൾ മരിച്ചിട്ടില്ലായിരുന്നു. ശരിയായ വൈദ്യസഹായം നൽകിയിരുന്നുവെങ്കിൽ അയാൾ ജീവിക്കുമായിരുന്നു. ആ നാലുപേരെയും കൊണ്ടുപോയി പെട്രോൾ ഒഴിച്ചു ദഹിപ്പിച്ചുവെന്നാണറിയുന്നതു്. ആ സ്റ്റേഷനിൽ ഏകദേശം അഞ്ഞൂറിൽ ചിലപ്രാനം ആളുകളെ അവിടെ സൂക്ഷിച്ചിരുന്നു. കൈയൊടിഞ്ഞവരും, കാൽ ഒടിഞ്ഞവരുമെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു. ചെല്ലപ്പൻ എന്ന ഒരു യുവാവിന്റെ കാൽ ആ സ്റ്റേഷനിൽവച്ചു് അടിച്ചൊടിച്ചു. ഇന്നും അയാൾ കാലിൽ പ്ലാസ്റ്റർവച്ചുകൊണ്ടു നടക്കുകയാണ്. തമിഴ്നാട്ടു കാൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. രാമസ്വാമിപ്പിള്ളയുടെ ബന്ധുവായ ഗോപാലകൃഷ്ണൻ അറസ്റ്റുചെയ്യപ്പെട്ടു. ഒരു യോഗത്തിൽ പ്രസംഗിച്ചതാണ് കാരണം. അദ്ദേഹം ഒരു അഡ്വക്കേറ്റാണ്. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ അറസ്റ്റു ചെയ്തു. അദ്ദേഹത്തെ ക്രൂരമായി മർദ്ദിച്ചുകൊണ്ടു് 'എടാ നിങ്ങളുടെ പീനൽ കോഡിലെ എത്രാമത്തെ വകുപ്പാണിതു്?' എന്നു ചോദിച്ചു. തോക്കിന്റെ പാത്തികൊണ്ടും, ലാത്തിയുടെ മൂടുകൊണ്ടും, മണിയടിക്കുന്ന കൊട്ടുവടികൊണ്ടും മററും അവരെയെല്ലാം ക്രൂരമായി മർദ്ദിക്കുകയാണുണ്ടായതു്. ജാർജ്ജ് എന്ന ഒരു സർവ്വയറുടെ വാരിയെല്ലുകൾ അടിച്ചൊടിച്ചു. അയാൾ ഒരു കേസിലേയും പ്രതിയല്ല. മരിയദാസ് എന്ന 24 വയസ്സ് പ്രായമുള്ള ഒരു ചെറുപ്പക്കാരനെ ഫാർവ്വേഡു ബ്ലോക്കിന്റെ കാമ്പയിൻ ബിൽവച്ചു് പോലീസുകാർ വാനിൽ പിടിച്ചുകയററി കഠിനമായി മർദ്ദിച്ചു. 12-ാംനു- ഞാൻ കുഴിത്തുറയിൽ ചെന്നപ്പോൾ അയാൾ രക്തം തുപ്പുന്നതുകണ്ടു. അയാളെ കേസ്സിൽ പ്രതിയാക്കിയിട്ടില്ല. പ്രതിയാക്കിയാൽ ലാക്കപ്പിൽ കിടന്നു മരിച്ചുപോകുമെന്നു കണ്ടു് വിട്ടയച്ചു. ഒടുവിൽ ആശുപത്രിയിൽവച്ചു മരിക്കുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ 18 വയസ്സു പ്രായമുള്ള വിധവയും, രണ്ടു കുഞ്ഞുങ്ങളും കണ്ണീരും കയ്യുമായി ഇപ്പോഴും കഴിയുകയാണ്. തക്കലയിൽ പാലയ്യൻ എന്ന യുവാവിനെ മർദ്ദിച്ചു കൊന്നു. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ എത്രനേരം വേണമെങ്കിലും പറയാം. ഇതൊന്നും കൊണ്ടു് ഈ രാജ്യത്തു് ഒരു പാർട്ടിയും മുൻപോട്ടു പോകുകയില്ല. ഇത്തരം പ്രവർത്തനങ്ങൾ ഈ രാജ്യത്തിനുതന്നെ അപമാനകരമാണ്. സ്റ്റേറുകാൺഗ്രസ്സ് അജിറേറഷൻ കാലത്തു് കല്ലറയിൽ ഒരു വെടിവയ്പു നടന്നു. അന്നു വെടിവയ്ക്കുവാൻ ഉത്തരവു കൊടുത്ത ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടു് ഇന്നു് പെൻഷൻപററിയിരിക്കുകയാണ്. ആ

[ശ്രീ. എ. കുഞ്ഞൻനാടാർ]

ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് പറയുകയുണ്ടായി, എനിക്ക് ഈയിടെയായി സ്വപ്നം അസ്വസ്ഥതയുണ്ട്. അതിന്റെ കാരണം, പോലീസുകാർ വെടിവച്ചപ്പോൾ മരത്തിൽ ഇരുന്ന ഒരാൾ കുരങ്ങിനെപ്പോലെ വെടിയേറ്റു താഴെ വീണു. വെടി വയ്ക്കാൻ ആർഡർ കൊടുത്തതു് ഞാനാണ്. എന്റെ സന്താനങ്ങളെ കാണുമ്പോൾ ആ വീഴ്ചയുടെ രൂപം ഞാൻ ഓർത്തുപോകുന്നു. എന്റെ ഭാര്യയെ കാണുമ്പോഴും ആ വീഴ്ച ഞാൻ ഓർക്കുന്നു എന്നു പറഞ്ഞു് അദ്ദേഹം പശ്ചാത്തപിക്കുന്നു. അതുപോലെ ശ്രീ. പട്ടം താണുപിള്ളയ്ക്ക് ഭാര്യയുണ്ടെങ്കിൽ, സന്താനങ്ങളുണ്ടെങ്കിൽ അദ്ദേഹം തീർച്ചയായും ഇതിനുവേണ്ടി പശ്ചാത്തപിക്കും, പശ്ചാത്തപിക്കണം എന്നാണ് എനിക്കു അദ്ദേഹത്തെ അറിയിക്കാനുള്ളതു്.

ഇനി എനിക്ക് എൻക്വയറി റിപ്പോർട്ടിനെപ്പററിയാണ് പറയാനുള്ളതു്. ഈ സംഭവങ്ങളെപ്പററി എൻക്വയറി നടത്തണമെന്ന് പൊതുജനങ്ങൾ ശബ്ദമുയർത്തിയപ്പോൾ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് ഒരു ദിവസം ലാക്കപ്പിനകത്തുവന്ന്, ഞാൻ എൻക്വയറിക്കു വന്നിരിക്കുകയാണ്, മൊഴിതരണം, പക്ഷെ നിങ്ങൾ പറയുന്ന മൊഴി നിങ്ങളുടെ കേസിനു തന്നെ ദോഷമായിത്തീരും എന്നു പറഞ്ഞു. അതും ഒരു ജൂഡീഷ്യൽ എൻക്വയറിയാണെന്ന് ചീഫ് മിനിസ്റ്റർ ബാംബെയിൽവച്ചു പറഞ്ഞിരിക്കുന്നു. പിന്നെയും പൊതുജനങ്ങൾ ശബ്ദമുയർത്തിയതിന്റെ ഫലമായി, എൻക്വയറി കമ്മീഷനായി ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിച്ചു. ഈ വെടിവയ്പിനെല്ലാം കാരണക്കാരനായ ഡി. എസ്. പി. മി. ഗോപാലന്റെ കുടുംബത്തിൽപ്പെട്ടയാളും, ഒരു ഡി. എസ്. പി. യായ മി. രാമന്റെ ഒരു സഹോദരനുമാണ് ഈ ജഡ്ജി. അദ്ദേഹം ഒരു ജൂഡീഷ്യൽ ഉദ്യോഗസ്ഥനായിരുന്നുവെങ്കിൽ, നിഷ്പക്ഷമായ ഒരന്വേഷണം നടത്തണമെന്നാഗ്രഹമുണ്ടെങ്കിൽ അദ്ദേഹം വിളവങ്കോട്ടു വന്നയുടനെ ഇവിടെ ഏററവും സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടാകേണ്ടതാണെന്നും, അതുകൊണ്ട് പോലീസിനെയെല്ലാം പിൻവലിക്കേണ്ടതാണെന്നും ഗവണ്മെന്റിനോട് ആവശ്യപ്പെടുമായിരുന്നു. അതുപോലെതന്നെ "കണ്ടാൽ അറിയാവുന്നവരും" എന്ന പ്രയോഗവും നീക്കം ചെയ്യുമായിരുന്നു. ഇപ്പോൾ ഒരു കേസിൽ 150-ും, 200-ും പേർ പ്രതികളായിട്ടുണ്ട്. ഇതിനും പുറമെ കണ്ടാൽ അറിയാവുന്ന കുറെയധികം ആളുകളുമുണ്ട്. റിസ്റ്റുവാച്ചും, ഫൗണ്ടൻപേനയും എല്ലാം ധരിച്ചുകൊണ്ട് ആരെങ്കിലും പോകുന്നതു കണ്ടാൽ ഉടനെ അയാളെ പോലീസുകാർ പിടിച്ചു് ഈ കണ്ടാലറിയാവുന്നവരുടെ ലിസ്റ്റിൽ ചേർക്കുകയായി.

ശ്രീ. ആർ. പ്രകാശം: മെംബറെയും മർദ്ദിച്ചതായി പറയുന്നതു ശരിയാണോ?

ശ്രീ. എ. കുഞ്ഞൻ നാടാർ: എന്നെയും മർദ്ദിച്ചിട്ടുണ്ട്. എനിക്കതിൽ പരാതിയില്ല.

അതുകൊണ്ട് എനിക്കു പറയാനുള്ളതു് ഈ എൻക്വയറി ഒരു ജൂഡീഷ്യൽ എൻക്വയറിയേ അല്ല. നിഷ്പക്ഷമായ ഒരു എൻക്വയറി നടത്തണമെന്ന് ചീഫ്മിനിസ്റ്റർക്ക് ഉദ്ദേശമുണ്ടായിരുന്നില്ല. നേരേ മറിച്ചു് പോലീസുകാർ കൊണ്ടുവന്ന ആളുകളെ മാത്രം വിസ്തരിച്ചു്

ഒരു എൻകപയറി നടത്തി തമിഴനാട്ടുകാക്ക് അപമാനം ഉണ്ടാക്കുകയാണ ചെയ്തിരിക്കുന്നതു്. ഇവിടത്തെ ജൂഡീഷ്യറി എൻകപയറിയെപ്പററി പറഞ്ഞപ്പോൾ ഒരു കാര്യം എന്റെ ഓർമ്മയിൽ വരുന്നു. ഇവിടെ ശ്രീ. പനമ്പിള്ളയും ചീഫ്മിനിസ്റ്ററുമായി നടന്ന ഒരു വാദപ്രതിവാദത്തിൽ തമിഴനാടുകേസിലെ പ്രതികളെ വിടുന്ന കാര്യത്തിൽ ഇത്ര തീർത്തു പറയാൻ കോടതിയുമായി വല്ല രഹസ്യക്കരാറുകളും ഉണ്ടോ എന്നു ചീഫ് മിനിസ്റ്റർ ചോദിച്ചതായി ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. ശ്രീ. പട്ടം ഇവിടത്തെ നിയമമന്ത്രിയും കൂടിയാണ്. കോടതിയെ അധിക്ഷേപിക്കാൻ ഇതിൽപ്പരം എന്തുവേണം? സർ, ഞാനും ഒരു അഡ്വക്കേററാണ്. ഇവിടെ ഒരു ജൂഡീഷ്യറി ഉണ്ടെങ്കിൽ ഈ പ്രസ്താവനയ്ക്ക് ശ്രീ. പട്ടം താണുപിള്ളയുടെ പേരിൽ നടപടികൾ എടുക്കേണ്ടതാണ്. ഇതു കോർട്ടലക്ഷ്യമാണ്.

സർ, ഇങ്ങനെ തെക്കൻതിരുവിതാംകൂറിൽ നടന്ന പോലീസുമർദ്ദനങ്ങളെപ്പററി അനവധി വിവരങ്ങൾ പറയാനുണ്ട്. ആ വിവരങ്ങളെല്ലാം ഈ സഭയെയും, ഈ നാട്ടുകാരെയും ഇന്നല്ലെങ്കിൽ നാളെ ഞങ്ങൾ അറിയിക്കുന്നതാണ്. ജൂഡിഷ്യറിയെപ്പററി പട്ടത്തിനു കൊടുക്കാനുള്ള മറുപടി ഇതാണ്. തമിഴനാട്ടുകാക്ക് അധികാരമില്ല. അവക്ക് അധികാരസ്ഥാനത്തിൽ ആളുകളില്ല, മക്കൾക്ക് ഉദ്യോഗം കൊടുക്കാൻ ആളില്ല. മരുമക്കൾക്ക് ഉദ്യോഗം കൊടുക്കാനും ആളില്ല. മക്കളെ കെട്ടുവാനും ആളില്ല. എക്സ്റ്റൻഷൻ കൊടുക്കാം എന്നു പ്രോമിസ്സ് ചെയ്യാനും ആളില്ല. സ്വന്തക്കാരെയും ഇതുപോലെ ഉദ്യോഗം കൊടുത്തും ജൂഡിഷ്യറിക്ക് അപമാനം വരുത്തിവച്ചിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളതു്. തമിഴ്നാട്ടുകാർ ഈ രാജ്യത്തു നിന്നും പിരിഞ്ഞുപോകുന്നതുവരെ ഇവിടത്തെ പൗരന്മാർ തന്നെയാണ്. ഞങ്ങൾക്ക് ന്യായം കിട്ടാൻ ബാംഗ്ളൂർ വരെ പോകേണ്ടതായിട്ടുവന്നു. ഇതു ലജ്ജാകരമല്ലേ എന്നു ഞാൻ ചോദിക്കുന്നു കുഞ്ഞൻനാടാക്ക് അടി കിട്ടിയിട്ടുണ്ടെങ്കിൽ ഞാൻ അതു് സഹിക്കാൻ തയാറാണ്. അതുകൊണ്ട് പരാതിയായിട്ടു പറയുകയല്ല. ഇവിടത്തെ ഒരു പൗരനു് ന്യായം ലഭിക്കണമെന്നുണ്ടെങ്കിൽ മൈസൂറിൽ അല്ലെങ്കിൽ ബാംഗ്ളൂരിൽ പോകേണ്ടിയിരിക്കുന്നു എന്നു പറഞ്ഞാൽ ഇതിനെക്കാൾ ലജ്ജാകരമായി മറെറന്തുണ്ടെന്നു ഞാൻ ചോദിക്കുന്നു. ആഗസ്റ്റ് 28-ാംനു-നാഗപ്പൂരിൽ വച്ച് മുഖ്യമന്ത്രി ചെയ്ത ഒരു പ്രസംഗത്തിൽ ഈ മന്ത്രിസഭ രാജിവയ്ക്കുന്നതിനെയും, വെടിവയ്ക്കുന്നതിനെയും തമ്മിൽ ബന്ധപ്പെടുത്തി ഒന്നും പറയരുതെന്നു പറഞ്ഞിരിക്കുന്നു.

> "In demanding the resignation of the Ministry, other matters had to be considered namely, *the Ministry's honour, its reputation and ultimately the honour and reputation of the party itself.*
>
> "*It involves my honour personally and this I ask you to consider.*"

ഇങ്ങനെയാണ് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. സർ, ഈ ലോകത്തുവന്നിട്ടുള്ള ദുരിതങ്ങളിൽ 90 ശതമാനത്തിനും കാരണം അവനവനെപ്പററിയുള്ള അറിവില്ലായ്മയാണ്. സർ, ഈ മന്ത്രിസഭയ്ക്കും അവരുടെ പാർട്ടിക്കും എന്തഭിമാനമാണവശേഷിച്ചിട്ടുള്ളതു്? ഈ മന്ത്രിസഭയെ

[ശ്രീ. എ. കുഞ്ഞൻനാടാർ]

പ്പററി പൊതുജനങ്ങൾക്കുള്ള അഭിപ്രായമെന്താണ്? ഈ രാജ്യത്തെ അഭിപ്രായമെന്താണ് എന്നറിയണമെങ്കിൽ കൗമുദിയുടേയും മലയാളിയുടേയും മുഖപ്രസംഗങ്ങൾ ഒന്നു വായിച്ചുനോക്കണം. തിരുവിതാംകൂറിനു വെളിയിൽ പോയി അവിടത്തെ ചുമട്ടുകാരനോടുപോലും ചോദിച്ചാൽ അറിയാം ഈ മന്ത്രിസഭയെപ്പററി അവർക്കുള്ള ആണർ എത്രമാത്രമുണ്ടെന്ന്. ഭൂരിപക്ഷം കൈപൊക്കി ഇവരെ പിടിച്ചു വെളിയിൽ തള്ളിയാലെ അവർ പോകുകയുള്ളു എന്നു പറയുന്നു. ഇവിടെ എന്താണിവർ ഇതിനകം ചെയ്തത്? അതിനെപ്പററി എനിക്കു വളരെ പറയാനുണ്ട്. രാജപ്രമുഖന്റെ പ്രസംഗത്തിൽ ഏതോ ഒരു നേഴ്സസ്കാർട്ടേഴ്സിന് ലൈററും പൈപ്പും ഇട്ടുകൊടുത്തുപോലും. അതുകൂടി അദ്ദേഹത്തെക്കൊണ്ടു പറയിച്ചിട്ടുണ്ട്. ഇക്കാര്യം ഇവിടെ ഒരു ഗവണ്മെൻറ് ഇല്ലെങ്കിൽത്തന്നെ, ഒരു സെക്ഷൻഓഫീസർ മാത്രം ഉണ്ടായിരുന്നാലും നടത്താവുന്നതാണല്ലോ. ഇവിടെ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അതിന്റെ ക്രെഡിററ് ഇവർക്കല്ല കൊടുക്കേണ്ടത്. 118-ൽ 18 കാർ മാത്രമാണിവർ. ഞങ്ങളുടെ നാട്ടിൽ പതിനെട്ടിലൊന്ന് എന്നു പറഞ്ഞാൽ തീരാവ്യാധിയെന്നാണർത്ഥം. ഞങ്ങൾ അതു ചെയ്തു, ഇതുചെയ്തു എന്നെല്ലാം ഇവർ പറയുന്നു. ഈ ചെയ്തതൊക്കെ പാസ്സാക്കി കൊടുക്കണോ? അതിനു കൈപൊക്കിയ 45കാർക്ക് അതിന്റെ ക്രെഡിററ് കൊടുക്കേണ്ടതല്ലേ?

സർ, ഞാൻ ചുരുക്കുകയാണ്. തെക്കൻതിരുവിതാംകൂറിൽ വെടിവച്ചു ആളുകളുടേയും, വെട്ടുകൊണ്ട ആളുകളുടേയും, അവരുടെ ഭാര്യമാരുടേയും, സന്താനങ്ങളുടേയും ഫോട്ടോ അടുത്ത ദിവസം ഈ സഭയിൽ വിതരണം ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതു കണ്ടാലറിയാം എന്തു വിപ്ലവമാണ് അവിടെ നടന്നിട്ടുള്ളതെന്ന്. നിരപരാധികൾ, കടയിൽ പോയവർ, മലക്കറിക്കച്ചവടത്തിനു പോയവർ, ഇങ്ങനെ അനവധി അനവധി ആളുകൾക്ക് ഉപദ്രവം നേരിട്ടിട്ടുണ്ട്. ഗവണ്മെൻറിന്റെ കണക്കനുസരിച്ച് മൂന്നു സ്ഥലത്തുവച്ചാണ് വെടിവയ്പു നടന്നതു്. ഇന്നത്തെ ചീഫ്മിനിസ്റ്റർ കഴിഞ്ഞ ദിവസം പറയുകയുണ്ടായി, ഈ ഭരണം വന്നതിനുശേഷം 4 വെടിവയ്പു നടന്നിട്ടുണ്ടെന്ന്. നാലല്ല അഞ്ചാണു നടന്നതു്. പത്തു മാസത്തെ ഭരണത്തിനിടയ്ക്ക് 5 വെടിവയ്പു നടന്നിരിക്കുന്നു. അതായതു് രണ്ടു മാസത്തിൽ ഒരു വെടിവയ്പുവീതം. ഇതുകൂടാതെ അനവധി ലാത്തിച്ചാർജ്ജുകളും നടന്നിട്ടുണ്ട്. തമിഴർ ഉടയവരില്ലാത്തവരാണല്ലോ. അതുകൊണ്ട് അതിനെപ്പററി പറയാനൊന്നുമില്ല. ഇവിടത്തെ ട്രാൻസ്പോർട്ടുജീവനക്കാരെ കഴിഞ്ഞ പണിമുടക്കുകാലത്ത് ഈ രാജധാനിയിൽ വച്ച് പേപ്പട്ടിയെ തല്ലുന്നതുപോലെ തല്ലിയില്ലേ? വഴിയെപോയ ആളുകളേയും തല്ലി. ആ സംഭവം ആളുകളുടെ മനസ്സിൽനിന്നും മറഞ്ഞിട്ടില്ല. ഇങ്ങനെ ഈ ഗവണ്മെൻറ് ഭരണം കിട്ടിയതിനുശേഷം ഈ ചുരുങ്ങിയ കാലാവധിക്കുള്ളിൽ രാജ്യമൊട്ടാകെ മർദ്ദനം അഴിച്ചുവിടുകയുണ്ടായി. ശ്രീ. ചട്ടനാഥക്കുറുപ്പുൾ ശ്രീ. പട്ടം താണുപിള്ളയെ ഒടയരോടു സാദൃശ്യപ്പെടുത്തുകയുണ്ടായി. ഒടയർ ചെയ്തതു് സാരമില്ല. ഇവർ ഇക്കാര്യത്തിൽ റിക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. ഇപ്പോൾ ശ്രീ. താണുപിള്ള പറയുന്നതു് നിയമസഭയിൽ ഭൂരിപക്ഷം കിട്ടിയില്ലെങ്കിലും രാജ്യത്തെ ജനങ്ങളുടെ പിൻതുണയുണ്ടെന്നാണ്.

എനിക്കു കമ്മ്യൂണിസ്റ്റുപാർട്ടിയോടു് ചില കാര്യങ്ങൾ ചോദിക്കാനുണ്ടു്. സർ, തെക്കൻതിരുവിതാംകൂറിലെ സമരം തമ്പ്ഴനാട്ടുകാർ ആരംഭിച്ചു. അതോടൊപ്പം കമ്മ്യൂണിസ്റ്റുകാരും ഒരു സമരം ആരംഭിച്ചു. ഒടുവിൽ അതു് ഒരു കൂട്ടുനേതൃത്വത്തിൽ വേണമെന്നവർ വാദിച്ചു. തമ്പ്ഴ്നാട്ടുകാങ്ഗ്രസ്സു് അതു് സമ്മതിച്ചില്ല. തമ്പ്ഴ്നാട്ടുകാരുടെ മർദ്ദനത്തിനും, തടങ്കലിനും അവരും കാരണമായിത്തീരുകയാണുണ്ടായതു്. ഇന്നു് സോഷ്യലിസ്റ്റുപാർട്ടിയെ താങ്ങിനിറുത്തുന്ന ഒരു പാർട്ടിയായിട്ടാണു് കമ്മ്യൂണിസ്റ്റുകാർ നിലകൊള്ളുന്നതു്. അവർ സോഷ്യലിസ്റ്റുഗവണ്മെൻറിനെ അധികാരത്തിൽ താങ്ങിനിറുത്താൻ പോകുകയാണെന്നു പറയുന്നു. ശ്രീ. ടി. വി. തോമസ്സു് കഴിഞ്ഞ 5-ാംനു-ഈ സഭയുടെ മുൻപിൽ വച്ചു് ശ്രീ. പട്ടത്തെ രക്തഹാരം സമർപ്പിക്കുകയുണ്ടായി. ആ സമയം, അദ്ദേഹത്തിൻെറ കൈകളിൽ തമ്പ്ഴ്നാട്ടുകാരുടെ രക്തം പുരണ്ടു് നനവുണ്ടായിരുന്നുവെന്നു് മി. തോമസ്സു് ഓർത്തിരിക്കുകയില്ല. സർ, അദ്ദേഹത്തിൻെറ മുൻപിൽ തൊഴിലാളികളുടേയും, സാധാരണക്കാരൻേറയും പ്രേതങ്ങൾ കുമിഞ്ഞുകിടക്കുകയാണു്. അങ്ങനെ നിരപരാധികളായ അനേകം അനേകം സാധുക്കളുടെ പ്രേതങ്ങളുടെ, ഹൃദയതുടിപ്പുള്ള പ്രേതങ്ങളുടെ മേൽ ചവുട്ടിനിന്നുകൊണ്ടാണു് ആ ഹാരം അണിയിച്ചതെന്നു ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. കമ്മ്യൂണിസ്റ്റുകാർക്കു അഭിമാനമുണ്ടെങ്കിൽ, നിങ്ങളുടെ പാർട്ടിനയത്തിൽ അല്ലുമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ, ഈ പ്രമേയത്തെ അനുകൂലിച്ചു് മന്ത്രിസഭയെ പരാജയപ്പെടുത്തുകയാണു വേണ്ടതു്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പട്ടത്തോടു എനിക്കൊന്നു പറയാനുണ്ടു്. ഞാൻ അങ്ങേയ്ക്കു് ഹൃദയവേദനയുണ്ടാക്കുന്ന തരത്തിൽ എന്തെങ്കിലും പറഞ്ഞുപോയിട്ടുണ്ടെങ്കിൽ അതു് അങ്ങു ക്ഷമിക്കണം. പറയേണ്ടതു പറയാതെ നിവൃത്തിയില്ല. അങ്ങു അഭിമാനത്തോടുകൂടി രാജ്യവച്ചു പോകുകയാണു് ഈ ഘട്ടത്തിൽ ഉത്തമമായിട്ടുള്ളതു്. ആ അപേക്ഷയോടുകൂടി ഞാൻ ശ്രീ. രാമസ്വാമിയുടെ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. കരുണാകരൻ : സർ, സ്വതന്ത്രഇൻഡ്യയിൽ ആദ്യമായി രൂപമെടുത്ത പ്രജാസോഷ്യലിസ്റ്റുഗവണ്മെൻറു് ഒരു വർഷം തികയുന്നതിനുമുമ്പായി ഈ ഗവണ്മെൻറിനെതിരായി ഈ സംസ്ഥാനത്തിലെ ആദ്യത്തെ പ്രജാസോഷ്യലിസ്റ്റുപാർട്ടിപ്രവർത്തകൻ കൊണ്ടുവന്നിരിക്കുന്ന അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണു്. കഴിഞ്ഞ പത്തു മാസക്കാലത്തെ ഈ ഗവണ്മെൻറിൻെറ ചെയ്തികളെ പരിശോധിച്ചു നോക്കുകയാണെങ്കിൽ, ഒരു നിമിഷംപോലും ഈ ഗവണ്മെൻറിനു് അധികാരത്തിൽ തുടരാൻ അവകാശമില്ലെന്നാണു് കാണുന്നതു്. ഒന്നാമതായി ഈ ഗവണ്മെൻറു് കൈക്കൊണ്ടിട്ടുള്ള നടപടികൾതന്നെ ഒരു ഗവണ്മെൻറിനു് യോജിച്ചതല്ലായെന്നു പ്രസ്താവിക്കാൻ ഞാൻ തുനിയുന്നു. വളരെ അനുകൂലമായ ഒരു സാഹചര്യത്തിൽ അധികാരത്തിലെത്തിയ ഈ ഗവണ്മെൻറു്, എല്ലാ ജനവിഭാഗങ്ങളുടേയും ആനുകൂല്യത്തോടുകൂടി അധികാരത്തിൽ വന്ന ഈ ഗവണ്മെൻറു്,—ഇന്നു് ഈ മന്ത്രിസഭയെ ചുററിപ്പററിനിന്നു് പല ആനുകൂല്യങ്ങളും നേടിക്കൊണ്ടിരിക്കുന്ന ഈ മന്ത്രിസഭ തുടർന്ന്

[ശ്രീ. കെ കരുണാകരൻ]

കൊണ്ടുപോകാൻ ഊറ്റശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രതിപക്ഷ കക്ഷി അന്ന് ഈ മന്ത്രിസഭയ്ക്ക് എതിരായിരുന്നു എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല—ഇന്ന് ഈ ജനങ്ങളുടെ എല്ലാ അഭിപ്രായങ്ങളേയും വിസ്മരിച്ചുകൊണ്ട്, തങ്ങളുടെ പാർട്ടി വലുതാക്കാൻമാത്രം പ്രവർത്തിച്ചു വരുന്നുവെന്നുള്ളതാണ് അതിനുള്ള കാരണം. ഈ മന്ത്രിസഭ അധികാരത്തിൽ വന്ന നാൾമുതൽ, നാട്ടിനു ക്ഷേമകരമായിട്ട് എന്തെങ്കിലും ചെയ്യണമെന്നുള്ളതല്ല, അവരുടെ ഉദ്ദേശം, അവരുടെ കസേരകൾ ഉറപ്പിക്കണം എന്നുള്ളതു മാത്രമായിരുന്നു. മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ള സ്ഥാനത്തും അസ്ഥാനത്തും പ്രസ്താവനകൾ പുറപ്പെടുവിക്കാറുണ്ട്, രാജ്യത്തിന് ക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങൾ മാത്രമാണ് തങ്ങൾ നടത്തുന്നതെന്നും നടത്താറുള്ളതെന്നും. പക്ഷെ അതിനെത്തുടർന്നുള്ള പ്രവൃത്തികൾ എല്ലാം ഈ പ്രസ്താവനകൾക്ക് കടകവിരുദ്ധമായിട്ടാണ് കാണാറുള്ളത്. ഭരണഭാരം ഏറ്റെടുത്ത അവസരത്തിൽ ജനങ്ങളുടെ പിൻതുണ നേടുന്നതിനുവേണ്ടി ഇവർ പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഒരു കാര്യം അതായത് പ്രൈമറിസ്കൂളിലെ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവുചെയ്തത് ഞാൻ മറക്കുന്നില്ല. ആ കാര്യത്തിലും വന്നുപോയിട്ടുള്ള ചില ന്യൂനതകളെ ചൂണ്ടിക്കാണിച്ചിട്ടുള്ള ആളുകളെ സംബന്ധിച്ചും മന്ത്രിസഭ എതിർക്കുകയാണ് ചെയ്തത്—ഇങ്ങനെ ഒരു നല്ല കാര്യം—പല ന്യൂനതകളോടുകൂടിയാണെങ്കിലും—ചെയ്തിട്ടുള്ളതല്ലാതെ വേറെ ഒന്നുകൂടി പറയുവാൻ ഇല്ല. അടുത്തതായി അവർ പൊക്കിക്കാണിക്കുന്നത് ഭൂനയബില്ലുകളെയാണ്. ഭൂനയപരിഷ്കരണത്തിന് ഇവിടെ ആരുംതന്നെ എതിരല്ല.

ഇനി ഇവർ രാജ്യത്തു ചെയ്തിട്ടുള്ള കാര്യങ്ങൾ ഒന്നൊന്നായി നമുക്കു പരിശോധിക്കാം. ഇവർ എത്ര എത്ര പ്രസ്താവനകളാണ് ചെയ്തിട്ടുള്ളത്. മന്ത്രിമാർ ഡൽഹിയിൽനിന്നും വരുമ്പോൾ ലക്ഷക്കണക്കിനുള്ള രൂപയാണ് കൊണ്ടുവരുന്നത്. ആശുപത്രികൾക്കുവേണ്ടി ഇത്ര ലക്ഷം രൂപ, വിദ്യാഭ്യാസത്തിനുവേണ്ടി ഇത്രലക്ഷം രൂപ, എന്നിങ്ങനെ കോടിക്കണക്കിനുള്ള രൂപ അനുവദിപ്പിച്ചുകൊണ്ടുവന്നിരിക്കുന്നു എന്ന് ഏതോ പ്രൈയിനിൽനിന്നിറങ്ങിയ ഉടൻതന്നെ പ്രസ്താവനചെയ്യും. എത്ര കോടി രൂപാ കൊണ്ടുവന്നിട്ടുണ്ടെന്നുള്ളത് അന്വേഷിക്കുമ്പോഴാണ് പ്രസ്താവനയുടെ കള്ളി മനസ്സിലാകുന്നത്. വ്യവസായപുരോഗതിയെപ്പററിയാണെങ്കിൽ, എന്തെല്ലാം ചെയ്തിട്ടുണ്ട് എന്നു നമുക്കു നോക്കാം. രാജപ്രമുഖന്റെ കൃതജ്ഞതാപ്രമേയം ചർച്ച ചെയ്ത അവസരത്തിൽ ഞങ്ങളുടെ നേതാവ് സ്റ്റാൻഡാർഡ് പാട്ടറി (Standard Pottery) വ്യവസായത്തെപ്പററി സൂചിപ്പിച്ചു പ്രസംഗിച്ചു. അതുമാതിരി പല വ്യവസായങ്ങളും ഇന്നു അധഃപതിച്ചിരിക്കുകയാണ്. ഒരൊററ വ്യവസായമെങ്കിലും ഈ ഗവണ്മെന്റ് പുതിയതായി തുടങ്ങിയിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഒരു വ്യവസായം അവർ നടത്തുന്നുണ്ട്—അതായതു് ഉദ്യോഗസ്ഥപ്പടയെ സൃഷ്ടിക്കുന്ന വ്യവസായം. 350–450 രൂപ മാസശമ്പളത്തിൽ ധാരാളം ഉദ്യോഗസ്ഥന്മാരെ സൃഷ്ടിച്ചിട്ടുണ്ട് എന്നുള്ളതിൽ കവിഞ്ഞു് യാതൊന്നുംതന്നെ ചെയ്തിട്ടില്ല. രാഷ്ട്രനിർമ്മാണപരമായ പദ്ധതികൾക്കു് കൂടുതൽ തുക കൊണ്ടുവരുകയാണെങ്കിൽ ഞങ്ങൾ അതു സ്വാഗതം ചെയ്യുവാൻ

തയ്യാറാണ്. ആ ഒരു സംഗതിയെ മുൻനിറുത്തി ഞങ്ങൾ ഒരിക്കൽ ഈ നിയമസഭയിൽ ഒരുഉപക്ഷേപം കൊണ്ടുവന്നപ്പോൾ, ഉടൻതന്നെ വീണ്ടും നിയമസഭവിളിച്ചുകൂട്ടി ഈ കാര്യത്തെപ്പററി വേണ്ടതു ആലോചിക്കാമെന്നു പറഞ്ഞു. ഇങ്ങനെ പലതും പറയുവാനുണ്ട്. ഈ രാജ്യത്ത് ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്താവന ഇറക്കുകയല്ലാതെ, എന്തെങ്കിലും പ്രവൃത്തിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിക്കുവാനുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. 1953-ലെയും, 54-ലെയും റോഡുപണി തരംതിരിച്ചെടുത്തുകയാണെങ്കിൽ യാതൊന്നുംതന്നെ ചെയ്തിട്ടില്ല എന്നു കാണുവാൻ കഴിയും. എൻെറ ഗവണ്മെൻറ് നാട്ടുകാരുടെ നന്മയ്ക്കുവേണ്ടി പലതും ചെയ്തിട്ടുണ്ട് എന്നു ശ്രീ. പട്ടം താണുപിള്ള സ്ഥാനത്തും അസ്ഥാനത്തും ആത്മാർത്ഥതയോടും സത്യസന്ധതയോടുകൂടിയും പ്രസ്താവിക്കാറുണ്ട്. എത്ര പ്രസ്താവനകളാണു ഈ സഭയിൽ തന്നെ ചെയ്തിട്ടുള്ളത്? 1954 ജൂലൈ മാസം 16-ാംനു ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ളയുടെ ഒരു ചോദ്യം— അതായതു് രാഷ്ട്രീയത്തടവുകാരുടെ മോചനത്തെപ്പററി ചോദിച്ചപ്പോൾ, ഈ കേസിലെ പ്രതികൾ, ലഹള, കൊലപാതകം, അധികാരികളോടു് സമരം എന്നീ കുററങ്ങൾക്കു ശിക്ഷിക്കപ്പെട്ടിട്ടുള്ളവരാണെന്നും, അവരെ മോചിപ്പിക്കാൻ സാദ്ധ്യമല്ലായെന്നും ആണ് മുഖ്യമന്ത്രി ഈ സഭയിൽ പ്രസ്താവിച്ചതു്. എന്നാൽ ഈ ജനുവരി മാസം 26-ാംതീയതി, അതായതു് മന്ത്രിസഭയുടെ പേരിൽ ശ്രീ. ചിദംബരനാഥനാടാരുടെ അവിശ്വാസപ്രമേയം എടുക്കാൻ നിശ്ചയിച്ചതിൻെറ തലേദിവസം, അർദ്ധരാത്രിയിൽ, മേൽപ്പറഞ്ഞ തടവുകാരുടെ പേരിലുള്ള കേസുകൾ രാഷ്ട്രീയസ്വഭാവമുള്ളവയാണെന്നും മററും പറഞ്ഞു് അവരെ മോചിപ്പിക്കുവാൻ ഉത്തരവിടുകയുണ്ടായി. അതുപോലെതന്നെ ട്രാൻസ്പോർട്ടു തൊഴിലാളിസമരം നടന്ന അവസരത്തിൽ, യൂണിയനുമായി യാതൊരു ഒത്തുതീർപ്പിനും ഇടയില്ല എന്നു പറഞ്ഞതിനു വിപരീതമായി അവരുമായി ഒത്തുതീർപ്പുണ്ടായിട്ടുണ്ട് എന്നു പറയുന്നു. ഇങ്ങനെ എണ്ണി എണ്ണി പറയുകയാണെങ്കിൽ, മുഖ്യമന്ത്രി പറയുന്നതിനു വിപരീതമായി അടുത്ത ദിവസം വളച്ചും, തിരിച്ചും പ്രസ്താവനകൾ ഇറക്കിയിട്ടുള്ളതായി അനേകം കാര്യങ്ങൾ എണ്ണി എണ്ണി പറയുവാൻ കഴിയും. ഇങ്ങനെയുള്ള പ്രസ്താവനകളും പ്രസ്സ്നോട്ടുകളും ഒഴിച്ചുനിറുത്തിയാൽ പിന്നെ എന്താണു ചെയ്തിട്ടുള്ളതെന്നാണ് ഞാൻ ചോദിക്കുന്നതു്?

രാജപ്രമുഖനെക്കൊണ്ടു് ഈ സഭയിൽ രണ്ടു പ്രസംഗങ്ങൾ ചെയ്യിക്കുകയുണ്ടായി. അതു് വളരെ അധികം കാര്യങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാർ സംതൃപ്തരാണെന്നു് മുഖ്യമന്ത്രി പറയുന്നുണ്ടു്. ഞാൻ ചോദിക്കുകയാണ് ആർക്കാണ് ഇവിടെ സംതൃപ്തി ഉള്ളതെന്നു്. സർവ്വീസ് സംഘാടനം നടത്തിയതിൽ മന്ത്രിസഭ അഭിമാനം കൊള്ളുന്നു. അതിൻെറ പേരിൽ എത്ര ഉദ്യോഗസ്ഥന്മാർ സംതൃപ്തിയുള്ളവരായി ഉണ്ടെന്നാണ് ഞാൻ ചോദിക്കുന്നതു്. അവസാനം ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാർ ഒന്നടങ്കംതന്നെ സഹകരിക്കുകയില്ലെന്നു് അഭിപ്രായം സ്വീകരിച്ചേയ്ക്കുമോ എന്നു സംശയം തോന്നിയപ്പോൾ, തൻെറ മന്ത്രിസഭയുടെ ഉയർത്തുശ്വാസം തുടങ്ങിയപ്പോൾ ഒരു ടൈംസ്സ്കൂയിൽ ഉത്തരവു പുറപ്പെടുവിച്ചു. ഡിസംബർ മാസം 12-ാംനു എൻെറ പാർട്ടി മന്ത്രിസഭയ്ക്കു നൽകിയിരുന്ന പിൻതുണ പിൻവലിക്കാൻ തീരുമാനിച്ചപ്പോൾ,

[ശ്രീ കെ. കരുണാകരൻ]

അതിനടുത്തായി ഒരു ദിവസം അർദ്ധരാത്രിയിൽ തന്നെ വളരെ ധൃതി പിടിച്ച് ടൈംസ്കെയിൽ ഉത്തരവു പുറപ്പെടുവിക്കുകയാണു ചെയ്തതു്. ഈ രാജ്യത്തെ ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥന്മാർ സംതൃപ്തരാണോ എന്നാണു ഞാൻ ചോദിക്കുന്നതു്. പോലീസുകാരുടെ സ്ഥിതി എന്താണു സർ. ഈ രാജ്യത്തു് അതോളമിതോളം അരാജകത്വമാണു നടമാടുന്നതു്. മർദ്ദിച്ചാലും ആക്ഷേപം, മർദ്ദിച്ചില്ലെങ്കിലും ആക്ഷേപം. എന്താണു ചെയ്യേണ്ടതെന്നു പോലീസുകാർ അമ്പരക്കുകയാണു്. ഒരു കളവുചെയ്ത പ്രതിയാണെങ്കിലും, പോലീസുകാരൻ ആ പ്രതി ഏതു പാർട്ടിയിൽപ്പെട്ടവനാണെന്നു നോക്കണം. അവനെ അറസ്റ്റു ചെയ്യുന്നതിനു മുമ്പായി അതു അന്വേഷിക്കണം. ഈയിടെ തിരുവനന്തപുരം പട്ടണത്തിൽ നടന്ന സംഭവം കുപ്രസിദ്ധമാണല്ലോ. ഒരു പോലീസ് ഉദ്യോഗസ്ഥൻ ഒരു കേസ് അന്വേഷിക്കാൻ ഒരു വീട്ടിൽ പോയതിനെ അടിസ്ഥാനമാക്കി, ഈ സംസ്ഥാനത്തിനു അഭിമാനം പുലർത്താനുള്ള ഒരു സ്പോർട്ട്സിൽ പങ്കെടുക്കാൻ ആ ഉദ്യോഗസ്ഥനെ ഈ മന്ത്രിസഭ അനുവദിച്ചില്ല. പോലീസുകാരും ഇന്നു 100 ശതമാനം അസംതൃപ്തരാണു്. അവരുടെ ശമ്പളം കൂട്ടിക്കൊടുക്കാത്തതുകൊണ്ടല്ല ആ അതൃപ്തി. അവരുടെ ജോലി ശരിയായി നിർവ്വഹിക്കുന്നതിനു അവർ മുതിരുകയാണെങ്കിൽ പാർട്ടിയെ നോക്കി ചെയ്യേണ്ടിവരുന്നു. പി. എസ്. പി. പാർട്ടിയിൽപ്പെട്ടവരുടെ മേൽ കേസ് എടുക്കാൻ പാടില്ല. ഇങ്ങനെ എണ്ണി എണ്ണി എത്ര കാര്യങ്ങൾ വേണമെങ്കിലും പറയുവാനുണ്ടു്. അതിലേയ്ക്കുവേണ്ടി ഞാൻ സമയം കളയണമെന്നു വിചാരിക്കുന്നില്ല.

മറെറാരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നതു് ഈ ഗവണ്മെൻറ് ഈ രാജ്യത്തിൻെറ അഭിമാനവും അന്തസ്സും കളഞ്ഞുകുളിച്ചു എന്നുള്ളതാണു്. ഈ അടുത്ത അവസരത്തിൽ തമിഴനാടു കേസ്സിനെ തുടർന്നു ഇൻഡ്യയിലെ സുപ്രീംകോർട്ടിൽ ഉണ്ടായിട്ടുള്ള വിധി വായിച്ചിട്ടുള്ള ബുദ്ധിയുള്ള ആളുകൾക്കു് ഈ സ്റ്റേററിനെക്കുറിച്ചും ഇവിടത്തെ ഭരണത്തെക്കുറിച്ചും ഉണ്ടാകുന്ന അഭിപ്രായം ഒരിക്കലും അഭിമാനകരമല്ല. ഈ സ്റ്റേററിൽ കേസ് നടക്കുകയാണെങ്കിൽ തങ്ങൾക്കു് രക്ഷ കിട്ടുകയില്ലെന്നു തമിഴനാട്ടുകാർ ആവലാതിപ്പെട്ടപ്പോൾ ഈ രാജ്യം വിട്ടു തമിഴ് സംസാരിക്കുന്ന പ്രദേശത്തു കേസ് പോയാൽ ഞങ്ങൾക്കും രക്ഷ കിട്ടുകയില്ലെന്നാണു് ഗവണ്മെൻറ്ഭാഗത്തുനിന്നും പറഞ്ഞതു്. ലോകം മുഴുവൻ പുകഴ്ത്തുന്ന ഇൻഡ്യയിലെ നീതിന്യായപരിപാലനത്തെ ഈ സർക്കാർ അവഹേളിക്കുകയല്ലേ ചെയ്തതെന്നാണു് ഞാൻ ചോദിക്കുന്നതു്. ഞാൻ ഈ കാര്യത്തെപ്പററി കൂടുതലായി ഒന്നും പറയുന്നില്ല.

എനിക്കു് തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യത്തെപ്പററിയാണു് രണ്ടു വാക്കു പറയാനുള്ളതു്. ഇന്നു് ഈ രാജ്യത്തു് ഏററവും അസംതൃപ്തരായിട്ടുള്ള ഒരു വിഭാഗം തൊഴിലാളികളാണു്. ഈ ഗവണ്മെൻറ് അധികാരത്തിൽവന്നശേഷം തൊഴിലാളികൾക്കു് രക്ഷയില്ല. തൊഴിലാളികളുടെ എല്ലാ കാര്യങ്ങളും ഈ സർക്കാരിൻെറ കീഴിൽ പരിരക്ഷിക്കപ്പെടുമെന്നു് ആവർത്തിച്ചാവർത്തിച്ചു് പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നാൽ ഇന്നോളമുള്ള അനുഭവം നേരെ മറിച്ചാണു്. അവിടെയും പാർട്ടി പരിഗണനയാണു് ഗവണ്മെൻറ് കൈക്കൊള്ളുന്നതു്. സർ, ഒരു സംഘടന നിലവിലു

ള്ളപ്പോൾ എതിർ സംഘടന ഉണ്ടാക്കരുതെന്ന് ഇടതുപക്ഷത്തുള്ളവരും ശക്തിയായി വാദിക്കാറുണ്ട്. കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം വളരെയധികം ആക്ഷേപങ്ങൾ ഇക്കാര്യത്തിൽ അവർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ന് എന്താണ് ഈ രാജ്യത്തു നടക്കുന്നത്? ട്രെയ്ഡ് യൂണിയൻ ആക്റ്റപ്രകാരം ഒരു യൂണിയൻ രജിസ്റ്റർ ചെയ്യുമ്പോൾ ഏഴ് ആളുകൾ കിട്ടിയാൽ നമ്മുടെ തൊഴിൽകാര്യമന്ത്രി ലേബർ കമ്മീഷണറെ വിളിച്ചു പറയുകയായി, പി. എസ്. പി. ക്കാർക്ക് ഒരു യൂണിയൻ രജിസ്റ്റർചെയ്തു കൊടുക്കണമെന്ന്. 500 തൊഴിലാളികളുള്ള ഒരു വ്യവസായശാലയിലെ 23 ആളുകളെ ചേർത്ത് രജിസ്റ്റർചെയ്ത ഒരു യൂണിയൻ ഉത്ഘാടനം ചെയ്യാൻ നമ്മുടെ തൊഴിൽകാര്യമന്ത്രി പോയിരുന്നു. രണ്ടായിരത്തോളം തൊഴിലാളികളുള്ള ഒരു വ്യവസായശാലയിൽ അവരുടെ പാർട്ടിക്കാർ കൊടുത്ത കണക്കുപ്രകാരം നൂറിൽ ചിലപാനം തൊഴിലാളികളുള്ള ഒരു യൂണിയൻ രജിസ്റ്റർ ചെയ്തു കൊടുത്തു. അഴകപ്പാ ടെക്സ്റ്റയിൽസിൽ സമരം നടന്നപ്പോൾ അതിനെതിരായി പ്രവർത്തിച്ചിരുന്ന സോഷ്യലിസ്റ്റുകാരെക്കൂടി ആ സമ്മേളനത്തിൽ പങ്കെടുപ്പിച്ചു. എന്നിട്ട് ആ സംഭവമെല്ലാം കഴിഞ്ഞശേഷം മന്ത്രി മാനേജരെ വിളിച്ചുപറയുകയാണ് വരിസംഖ്യ പിരിക്കാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്ന്. ലേബർ ഡിപ്പാർട്ടുമെൻറ് സൂക്ഷ്മമായി പരിശോധിച്ചു അംഗീകരിച്ച ഒരു സംഘടനയുള്ളപ്പോൾ ഈ തൊഴിൽകാര്യമന്ത്രി മാനേജരെ വിളിച്ചു പറയുകയാണ് വേറൊരു സംഘടനയ്ക്കു സൗകര്യം ചെയ്തുകൊടുക്കണമെന്ന്. അതേ മാനേജരുടെ അനുജനാണ് അശോകം ടെക്സ്റ്റയിൽസ് നടത്തുന്നത്. അവിടെ ഒരു സമരം നടന്നപ്പോൾ തൊഴിലാളികളുടെ താല്പര്യത്തെക്കാൾ കൂടുതൽ മുതലാളിയുടെ താല്പര്യം ഈ ഗവണ്മെൻറ് പരിഗണിച്ചു. എങ്ങനെ പരിഗണിക്കാതിരിക്കും? ആ രീതിയിലാണല്ലോ മന്ത്രി അഴകപ്പാ ടെക്സ്റ്റയിൽസ് മാനേജരോടു പെരുമാറിയിട്ടുള്ളത്. അങ്ങനെ ഈ ഗവണ്മെൻറ് അധികാരത്തിൽവന്നശേഷം ഒരു വിഭാഗീയ ചിന്താഗതി വളരെ അധികം തൊഴിലാളിരംഗത്തു വളർത്തിയിട്ടുണ്ട്. ഒരുപക്ഷേ എൻെറ സ്നേഹിതൻ ശ്രീ. ദിവാകരൻ ഇതിനോടു യോജിക്കുകയില്ലായിരിക്കും. ചവറയിൽ പല കാര്യങ്ങളിലും ആനുകൂല്യം കിട്ടിയിട്ടുള്ളതുകൊണ്ടു ശ്രീ. ദിവാകരൻ യോജിക്കുകയില്ല. പക്ഷെ ഞാൻ അനുഭവത്തിൽനിന്നാണ് പറയുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : ചവറയിലെ കാര്യങ്ങളിൽ ഈ ഗവണ്മെൻറിന് എന്തു കാര്യമാണുള്ളത്?

ശ്രീ. കെ. കരുണാകരൻ : എന്തിനാണു ദിവാകരാ ഇതെല്ലാം? നാട്ടുകാർക്ക് അറിയാമെന്നുള്ള കാര്യമാണ്.

പിൻതാങ്ങി പ്രതിപക്ഷകക്ഷികളുടെ മിനിമം വേജസ് ആക്റ്റ് നടപ്പിൽവന്നില്ലെന്നു പറഞ്ഞു് തലതല്ലിപ്പൊളിക്കുകയാണ്. എന്നിട്ട് സർക്കാർ എന്തു ചെയ്തു? പാലപ്പിള്ളി എസ്റ്റേറ്റിൽ 1800 തൊഴിലാളികൾ പണിമുടക്കിയിട്ട് 69 ദിവസമായി. ഈ കുണ്ടു മന്ത്രി തൃശ്ശൂർ വന്നപ്പോൾ അവിടത്തെ തൊഴിലാളികൾ നിവേദനം നടത്തിയപ്പോൾ മന്ത്രി പറയുകയാണ് ഞാൻ ഈ വിവരം അറിഞ്ഞിട്ടില്ലെന്ന്. അന്ന് പണിമുടക്കിയിട്ട് ഏതാണ്ടു നാല്പതു ദിവസം കഴിഞ്ഞിരുന്നു.

[ശ്രീ കെ. കരുണാകരൻ]

പി. എസ്. എൻ. തൊഴിലാളികൾ നിരാഹാരവ്രതത്തിലേയ്ക്കുവരെ ഇറങ്ങി. രണ്ടത്തൊന്നു തൊഴിലാളികളുള്ള വ്യവസായശാലകളിലെ തൊഴിൽക്കുഴപ്പം പരിഹരിക്കാൻ ഓടിനടക്കുന്ന കുഞ്ഞു മന്ത്രിയോടു ഞാൻ ചോദിക്കുകയാണ്, ഈ ഐ. എൻ. ടി. യു. സി. തൊഴിലാളികൾ എന്തു പിഴച്ചുവെന്ന്. ഐ. എൻ. ടി. യു. സി. കൂലിക്കൂടുതലോ ചോദിച്ചപ്പോഴും ബോണസ്സ് ചോദിച്ചപ്പോഴും കിട്ടിയിട്ടുള്ളതു് അതല്ല. എന്താണു കിട്ടിയിട്ടുള്ളതെന്ന് ഈ നാട്ടിലെ ജനങ്ങൾക്കു് അറിയാം. അതിനെപ്പററി കൂടുതൽ പറയുന്നതിനു ഞാൻ മുതിരുന്നില്ല. കാരണം, ജനങ്ങൾ ഇന്ന് അതിനെയെല്ലാം വിമർശിച്ചുകൊണ്ടിരിക്കയാണ്. ഈ ഗവണ്മെൻറ് ഇഷ്ടംപോലെ ജനാധിപത്യവിരുദ്ധമായ നടപടികൾ എടുത്തുകൊണ്ട് മന്ത്രിക്കസേരകളിൽ തൂങ്ങിക്കിടക്കാൻ പരിശ്രമിക്കുകയാണെന്ന് ജനങ്ങൾ വിധിയെഴുതിക്കഴിഞ്ഞിട്ടുണ്ട്.

എനിക്ക് പുതിയ പിന്താങ്ങി പ്രതിപക്ഷനേതാവിനോട് ഒരു കാര്യം ചോദിക്കാനുണ്ട്. അദ്ദേഹം പറഞ്ഞു കാൺഗ്രസ്സുകാർ അധികാരത്തിൽ കയറാൻ പരിശ്രമിക്കുകയാണ്, അതിനു ഞങ്ങൾ കൂട്ടുനിൽക്കുകയില്ലെന്ന്. നല്ലതുതന്നെ; ഇവരുടെ പിൻബലത്തോടുകൂടി ഞങ്ങൾക്ക് അധികാരത്തിൽ വരേണ്ട. ഈ രാജ്യത്തെ ജനങ്ങൾ അതിനെ ഇഷ്ടപ്പെടുന്നില്ല. ആത്മാഭിമാനത്തോടുകൂടി രാജ്യക്ഷേമത്തെ മുൻനിർത്തി ഭരിക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകൾ ഇവരുടെ പിന്തുണ ആഗ്രഹിക്കുകയില്ല. ഓരോദിവസവും അർദ്ധരാത്രിയിൽ ഓരോ ഡിമാൻഡുമായി ചെല്ലുകയാണ്. ഓരോ താങ്ങലിനും കിട്ടിയതുമതി എന്നു വിചാരിച്ചാണ് ഇവർ പിന്തുണ നൽകുന്നതു്. തമിഴനാടു സ്നേഹിതന്മാരുടെ കാര്യത്തിൽ ഇവരുടെ നിലപാടു് ഞാൻ പറയുകയുണ്ടായി. വഞ്ചനാദിനംവരെ ഇവർ ആചരിച്ചു. ഇനിയുംനന്നാകുമോ എന്ന് നോക്കാമെന്നാണ് പറയുന്നതു്. കാൺഗ്രസ്സ് അധികാരത്തിൽ വരുന്നതിനെ ഭയപ്പെടുകയാണ്. ഭയപ്പെടുമെന്ന് എനിക്കറിയാം. ഈ രാജ്യത്ത് നല്ല കാര്യങ്ങൾ ചെയ്യുന്ന ഉറച്ച ഒരു ഗവണ്മെൻറ് ഭരിക്കുകയാണെങ്കിൽ ഇവരുടെ ഗുണ്ടായിസം ഇവിടെ വളരുകയില്ല. അവരുടെ താണ്ഡവം ഈ രാജ്യത്തു നടത്താൻ സാധിക്കുകയില്ല. അതുകൊണ്ടാണ് അവർ ഈ നിലപാടു് സ്വീകരിച്ചിട്ടുള്ളതു്. എങ്കിലും അവരോടു ഞാൻ പറയുന്നു കഴിഞ്ഞകാലത്തെ അനുഭവങ്ങൾ വച്ചുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കണമെന്ന്. അവസാനമായി ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ച ശ്രീ. രാമസ്വാമിയോടു് കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ബഹുമാനപ്പെട്ട രാമസ്വാമി ഇന്നത്തെ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു രേഖപ്പെടുത്തുന്ന ഒരു പ്രമേയവുമായി വന്നിരിക്കുകയാണ്. അതിനു കാരണമായി ശ്രീ. രാമസ്വാമി ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞു. ശ്രീ. കരയാളരും ശ്രീ. കുഞ്ഞൻനാടാരും ഒരു കാൺഗ്രസ്സ് മെംബറും പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചു. ശ്രീ. രാമസ്വാമി ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരാൻ കാരണമായതിൽ എനിക്ക് വലിയ അത്ഭുതം തോന്നുന്നു. ഈ നിയമസഭയിൽ ആദ്യം ഏക സ്വതന്ത്രനേ ഉണ്ടായിരുന്നുള്ളു. ആ സ്വത

ന്ത്രന്റെ സീററ് ഞാനുണ്ടാക്കിയതാണ്. ആ സീററിലിരുന്ന സ്വതന്ത്രൻ ഗവണ്മെൻറിനു എപ്പോഴെങ്കിലും ആപത്തുണ്ടാകുമെങ്കിൽ അതിനെ സുസ്ഥിരമായി നിലനിറുത്തുന്നതിനു് ആണ് ആ തറവാട് ഉപയോഗിച്ചിരുന്നത്. ആ തറവാട്ടിൽ എന്റെ പിൻഗാമിയായി വന്നിരുന്നുകൊണ്ട് ഇന്ന് സുസ്ഥിരമായിരിക്കുന്ന ഗവണ്മെൻറിൽ വിശ്വാസമില്ലെന്നു രേഖപ്പെടുത്തുന്ന ഒരു പ്രമേയം കൊണ്ടുവരാൻ ശ്രീ. രാമസ്വാമി തുടങ്ങുന്നതു് ഒട്ടും ശരിയല്ല. തറവാട്ടുപാരമ്പര്യമുള്ളവർ അതു ചെയ്യുകയില്ല. അതുകൊണ്ട് ശ്രീ. രാമസ്വാമി ഈ പ്രമേയം പിൻവലിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. നമ്മുടെ തറവാട്ടിന്റെ മഹത്വം പുലർത്തണം. സ്വതന്ത്രനു് ഈ രാജ്യത്തു് ഒരു വലിയ സ്ഥാനമുണ്ടായിരുന്നു. അതു നിലനിറുത്തുകയുമുതെന്നാണ് എനിക്കു പറയുവാനുള്ളതു്. ശ്രീ. രാമസ്വാമിക്കു് ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരുന്നതിനു് എന്തു സംഭവിച്ചു എന്നു് എനിക്കു് മനസ്സിലാകുന്നില്ല. അദ്ദേഹം പി. എസ്. പി-യിലെ ഒരു പ്രധാന അംഗമായിരുന്നു. ഒടുവിൽ ആ പന്ത്രണ്ടുപേരിൽ ഒരാൾ മുപ്പതു വെള്ളിക്കാശിനുവേണ്ടി ഒററികൊടുത്തതായി ബൈബിളിൽ പറയുന്നുണ്ട്. അതുപോലെ ശ്രീ. രാമസ്വാമി അവസാനകാലത്തു് ഗുരുവിനെ ഒററിക്കൊടുക്കാൻ പോകുകയാണോ എന്നാണ് ഞാൻ ചോദിക്കുന്നതു്. അങ്ങിനെ ചെയ്യരുതെന്നു് എനിക്കപേക്ഷയുണ്ട്.

ശ്രീ. ടി. എസ്സ്. രാമസ്വാമി : മകൻ നല്ലവണ്ണം പഠിക്കുന്നുണ്ടോ? (ചിരി)

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഉണ്ട്. എന്റെ സ്നേഹിതൻ ശ്രീ. രാമസ്വാമിക്കു് എന്റെ മകന്റെ കാര്യത്തിൽ ആകാംക്ഷയുണ്ടെന്നു് ധരിക്കുന്നതിൽ ഞാൻ അദ്ദേഹത്തോടു് നന്ദിപറഞ്ഞുകൊള്ളുന്നു. ശ്രീ. രാമസ്വാമി ഒരു സ്വതന്ത്ര ചിന്തകനും രാഷ്ട്രീയകാര്യത്തിൽ താല്പര്യമുള്ളവനുമാണ്. എന്നിരുന്നാലും,

"നിർമ്മലനദീജലം സാഗരംതന്നിൽ ചേർന്നാൽ
നിശ്ചയം പുളിച്ചുപോകുമെന്നതു കാണുന്നില്ലെ"

അങ്ങിനെ രാമസ്വാമി കാൺഗ്രസ്സിനോടു ചേർന്നതുകൊണ്ടു് മുഴുവൻ പുളിച്ചുപോകുന്ന ഒരവസ്ഥയാണുള്ളതു്. അല്ലെങ്കിൽ ഇപ്രകാരമുള്ള ഒരു പ്രമേയം അദ്ദേഹം കൊണ്ടുവരികയില്ലായിരുന്നു. ഈ പ്രമേയം ആരുടെ വകയാണ്? കാൺഗ്രസ്സുകാരനുവേണ്ടി രാമസ്വാമി ഇവിടെ കൊണ്ടുവന്നിരിക്കയാണ്. അദ്ദേഹത്തിന്റെ പ്രമേയം പിൻതാങ്ങുന്നതിനുപോലുമുള്ള ആൾ അദ്ദേഹത്തിന്റെ പിറകിലില്ല. കാൺഗ്രസ്സ് കുരങ്ങന്മാർ രാമസ്വാമി എന്ന പൂച്ചയെക്കൊണ്ടു് ഇതു ചെയ്യിച്ചതാണ്. കാൺഗ്രസ്സുകാർ ഈ രാജ്യത്തു എന്താണ് ചെയ്തിട്ടുള്ളതെന്നു് നമുക്കൊന്നു ചിന്തിച്ചുനോക്കാം. ആരംഭത്തിൽ 100 ശതമാനവും കാൺഗ്രസ്സ് മെംബറന്മാർ ഈ നിയമസഭയിൽ വന്നില്ലേ? ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ ഇവിടെ ഉണ്ടായില്ലേ? എന്നിട്ടെന്താണ് കാൺഗ്രസ്സുകാർ ചെയ്തതു്. ആ മന്ത്രിസഭയെ ഉരുട്ടിയിട്ടു. താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ പോയശേഷം ടി. കെ. നാരായണപിള്ളയുടെ നേതൃത്തിൽ ഒരു മന്ത്രിസഭ ഉണ്ടാക്കി. അതിനെ ഐ. മു. എതിർത്തോ, പി.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

എസ്സ്. പി. എതിർത്തോ, തമിഴ്നാട്ടുകാർ എതിർത്തോ? ആരും എതിർത്തില്ല. കാൺഗ്രസ്സുകാർതന്നെ ആ മന്ത്രിസഭയേയും ഉരുട്ടിയിട്ടു. അതിനുശേഷം സി. കേശവന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ ഉണ്ടാക്കി. അതും കാൺഗ്രസ്സുകാർ മൂന്നാമത്തെ പ്രാവശ്യവും ഉടച്ചു. അതിനുശേഷം ഇപ്പോൾ ഒരു മന്ത്രിസഭ ഉണ്ടായിരിക്കുന്നു. ആ മന്ത്രിമാർ ഇവിടെ തുടരാൻപാടില്ല. ഒരു മന്ത്രിസഭയും ശരിയായിട്ട് ഇവിടെ ഭരണം നടത്തരുത്. കാൺഗ്രസ്സുകാരായ ചില പ്രമാണികളുടെ കൈവശത്തിലും അധീനതയിലും നിൽക്കുന്ന ചിലരുടെ ഭരണമേ ഇവിടെ നിലനിൽക്കാൻ പാടുള്ളൂ എന്നാണ് അവരുടെ സിദ്ധാന്തം. അവർ അവരുടെ തറവാട്ടുപാരമ്പര്യം വിടുന്നില്ല. ഇവരെ പിന്താങ്ങുന്നതു ആരാണ് അറിയാമോ? കാൺഗ്രസ്സും ഭരിക്കരുത്, പി. എസ്സ്. പി-യും ഭരിക്കരുതെന്ന് വിചാരിക്കുന്ന ശ്രീ. കരയാളർ, പിന്നെ ആരു് ഇവിടെ ഭരിക്കണം. അരാജകത്വം ഇവിടെ തുടരണമെന്നാണോ കരയാളർ ഉദ്ദേശിക്കുന്നതു്.

ശ്രീ. എസ്സ്. ചട്ടനാഥകരയാളർ : റീ ഇലക്ഷൻ നടത്തണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നാട്ടിലുള്ള ജനങ്ങളെല്ലാം ഞങ്ങളുടെ പുറകിലുണ്ടെന്നു പറഞ്ഞു് തിരഞ്ഞെടുപ്പിനു തയ്യാറായ കാൺഗ്രസ്സിന് കഴിഞ്ഞതവണ എന്തുകിട്ടി. 40 ശതമാനം ഉണ്ടോ? അതുകൊണ്ട് ആരും തിരഞ്ഞെടുപ്പിനെപ്പററി അഹമ്മതി ഒന്നും പറയേണ്ട.

സർ, ഈ നാട്ടിലെ ജനങ്ങൾ വിദ്യാഭ്യാസമുള്ളവരാണ്. അവർക്ക് അറിയാം ഏതു മന്ത്രിസഭ ഇവിടെ വേണമെന്നും, ഏതു മന്ത്രിസഭ എന്തിവിടെ ചെയ്യുവെന്നും. തിരഞ്ഞെടുപ്പുവരട്ടെ. എന്താണ് സംഭവിക്കുന്നതെന്ന് അപ്പോൾ നോക്കാം. പൊതുതിരഞ്ഞെടുപ്പിനും പി. എസ്സ്. പി. തയാറാണ്. (ചിരി) സർ, കാൺഗ്രസ്സുകാരോട് ഞാൻ ഒന്നു ചോദിക്കുകയാണ്. കാൺഗ്രസ്സിൽ യോഗ്യന്മാരായ വ്യക്തികൾ ഉണ്ട്. വ്യക്തികളെപ്പററി എനിക്ക് ഒന്നും പറയാനില്ല. നിങ്ങൾ 45 പേർ ഇല്ലേ? നിങ്ങളിൽ ആകെങ്കിലും ഒരാൾക്ക് ഈ മന്ത്രിസഭയുടെപേരിൽ ഒരവിശ്വാസപ്രമേയം കൊണ്ടുവരാമായിരുന്നില്ലേ? നിങ്ങൾ ഓർക്കുന്നുണ്ടോ ശ്രീരാമന്റെ ഒളിയമ്പുപ്രയോഗത്താൽ ആസന്നമരണനായ ബാലി ചോദിച്ചതു്.

"വ്യാജേന ചോരധർമ്മത്തെയും കൈക്കൊണ്ടു
രാജധർമ്മത്തെ വെടിഞ്ഞതെന്തിങ്ങനെ,
വീരധർമ്മം നിരൂപിച്ചു കീർത്തിയെങ്കിൽ
നെരെ പൊരുതു ജയിക്കണമേവനും"

അതുപോലെ മരത്തിന്റെ പുറകിൽ ഒളിഞ്ഞുനിന്നു രാമസ്വാമിയെക്കൊണ്ട് നിങ്ങൾ എന്തിനു് ഇതു ചെയ്യിക്കുന്നു? നിങ്ങൾ വ്യാജേന ചോരധർമ്മത്തെ കൈക്കൊണ്ടുവന്നിരിക്കുകയാണ്. നിങ്ങൾ എന്തിനു് ചോരധർമ്മത്തെ കൈക്കൊള്ളുന്നു എന്നു ഞാൻ ചോദിക്കുന്നു. ഒരു മന്ത്രിസഭ ഉണ്ടാക്കുക, അതിനെ ഉരുട്ടിയിടുക; പിന്നെയും ഒരു മന്ത്രിസഭ ഉണ്ടാക്കുക, അതിനെയും ഉരുട്ടി ഇടുക; ഇങ്ങനെ കുശവന്മാരുടെ തൊഴിലാണോ

കാൺഗ്രസ്സ്കാരുടെ തൊഴിൽ. മന്ത്രിസഭ ഉണ്ടാക്കുക, അതു് ഉടയ്ക്കുക; മന്ത്രിസഭ ഉണ്ടാക്കുക; അതു് ഉടയ്ക്കുക; ഇങ്ങനെ മന്ത്രിസഭ ഉണ്ടാക്കി, ഉണ്ടാക്കി ഉടക്കുന്നതാണു് കാൺഗ്രസ്കാരുടെ തൊഴിൽ. ഇപ്പോൾ അവർ നാലാമത്തെ മന്ത്രിസഭയും ഉടയ്ക്കുവാൻ നോക്കുകയാണു്. നിങ്ങൾ കുശവന്മാർ ആണെന്നു ഞാൻ പറയുന്നില്ല. എങ്കിലും കുശവന്മാരുടെ തൊഴിലാണു് നിങ്ങൾ ചെയ്യുന്നതു്. ഇൻഡ്യൻനാഷണൽ കാൺഗ്രസ്സിന്റെ ഒരു ശാഖയായിട്ടു്, അതിന്റെ ബോർഡും വച്ചുകൊണ്ടാണു് നിങ്ങൾ ഇവിടെ പ്രവർത്തിച്ചെയ്യുന്നതു്. ഗാന്ധിജി വിഭാവനം ചെയ്തിട്ടുള്ള ആ കാൺഗ്രസ്സിന്റെ നയവും പരിപാടിയും, നെഹ്റുവിന്റെ നേതൃത്വത്തിലുള്ള നയവും പരിപാടിയും അല്ല നിങ്ങളുടെ കാൺഗ്രസ്സിനു് ഉള്ളതു്. അടുത്തകാലത്തു് ആവടിയിൽ വച്ചു് ആവിഷ്കരിച്ചിട്ടുള്ള നയവും പരിപാടിയും ഉള്ള ഒരു കാൺഗ്രസ്സ് അല്ലാ ഇവിടെ ഇരിക്കുന്നതു്. അവരുടെ ബോർഡും നിങ്ങളുടെ ബോർഡുംതന്നാണെന്നെയുള്ളു ആശയത്തിലും പ്രവർത്തിയിലും നിങ്ങൾ വ്യത്യസ്തരാണു്. ആ ബോർഡും വച്ചുകൊണ്ടു ഇവിടെ തുടരുവാൻപോലും നിങ്ങൾക്കു് അർഹതയില്ല. നിങ്ങളിൽ ചിലർക്കു് വിട്ടുപോയിട്ടുള്ള ആ കസേരയിൽ പോയി ഇരിക്കണം. ആ കസേരകളിൽ നിങ്ങൾക്കു് ആർക്കും ഇരിക്കുവാൻ സാദ്ധ്യമല്ല. ഭരണം നിങ്ങളുടെ കയ്യിലായിരിക്കണം; മുക്കുകയർ നിങ്ങളുടെ കൈയിലായിരിക്കണം എന്നു് നിങ്ങൾക്കു് നിർബന്ധമുണ്ടു്. രാജ്യക്ഷേമം ആഗ്രഹിക്കുന്ന ആളുകൾ ആരും നിങ്ങളെ അതിനു് സമ്മതിക്കുകയില്ല. പി. എസ്. പി. ഇവിടത്തെ ഭരണഭാരം ഏറ്റെടുത്തു. ആ അവസരത്തിൽ "കാൺഗ്രസ്സുകാരെ, നിങ്ങൾ ഞങ്ങളെ സഹായിക്കണം" എന്നു് പി. എസ്. പി. ഗവണ്മെന്റു് അപേക്ഷിച്ചില്ല. പക്ഷെ പി. എസ്. പി. ഭരണഭാരം ഏറ്റെടുക്കുവാൻ തയ്യാറാവുകയാണെങ്കിൽ അവർക്കു് അതിനുവേണ്ട സഹായം തരാമെന്നു പറഞ്ഞു് കാൺഗ്രസ്സുകാർ മുന്നോട്ടു വരുകയാണു് ചെയ്തതു്. പി. എസ്. പി. ഭരണഭാരം ഏറ്റെടുക്കുകയാണെങ്കിൽ ഞങ്ങളുടെ പിൻതുണയുണ്ടാകുന്നതാണെന്നു് വാഗ്ദാനം ചെയ്തുകൊണ്ടു് മുന്നോട്ടുവന്ന കാൺഗ്രസ്സ് ഇപ്പോൾ പുറകോട്ടുപോകുന്നു. സഹായം തരാമെന്നു പറഞ്ഞു് മുന്നോട്ടുവന്ന കാൺഗ്രസ്സ് ഒരു മാസത്തിനകം അവരുടെ സഹായം പിൻവലിച്ചു. എനിക്കു് ഈ അവസരത്തിൽ കാൺഗ്രസ്സിന്റെ ധൃതരാഷ്ട്രാലിംഗനവും ശിവാജി ആഫ്സൽഖാൻ ആലിംഗനവുമാണു് ഓർമ്മവരുന്നതു്. കഴിഞ്ഞ ബഡ്ജറ്റു് പാസ്സാക്കിയതിനുശേഷം ഇവിടെ കൊണ്ടുവന്ന ഒരു ഉപധനാഭ്യർത്ഥന നിങ്ങൾ തള്ളിക്കളഞ്ഞില്ലേ? ആ ധനാഭ്യർത്ഥനയിൽ നോട്ടുബുക്കു് വാങ്ങുവാനുണ്ടായിരുന്ന 6000 രൂപ നിങ്ങൾ തള്ളിക്കളഞ്ഞില്ലേ? അതാണു് ഞാൻ പറഞ്ഞതു് നിങ്ങൾ വ്യാജേന ചോരധർമ്മം കൈക്കൊള്ളുന്നു എന്നു്. അന്നു് ഈ മന്ത്രിസഭ രാജിവയ്ക്കുവാൻ പുറപ്പെട്ടപ്പോൾ തറവാട്ടുകാരനായ ഒരു സ്വതന്ത്രമെംബർ ഈ മന്ത്രിസഭയെ രക്ഷിക്കുവാൻ ഇവിടെ ഉണ്ടായിരുന്നു. ആ സ്വതന്ത്രമെംബർ ഒരു വിശ്വാസപ്രമേയം ഇവിടെ ഹാജരാക്കി. അന്നു് പാതിരാവരെ സ്വതന്ത്രമെംബർ കൊണ്ടുവന്ന വിശ്വാസപ്രമേയത്തെ ഞങ്ങൾ പിൻതാങ്ങുകയില്ലെന്നു പറഞ്ഞ കാൺഗ്രസ്സ് നേരം വെളുത്തപ്പോൾ പിൻതാങ്ങാമെന്നു പറഞ്ഞു. കഴിഞ്ഞ പത്തുപതിനഞ്ചു ദിവസത്തിനകം എത്ര അവിശ്വാസപ്രമേയങ്ങൾ ഇവിടെ വന്നു. ദിവസവും അവിശ്വാസപ്രമേയങ്ങൾ കൊണ്ടുവരികയാണു്. ഒരു ദിവസമെങ്കിലും രാജ്യഭാരം നല്ലപോലെ മുന്നോട്ടു കൊണ്ടുപോകുന്നതിനു

[ശ്രീ. ജോസഫ്, ചാഴിക്കാട്ട്]

സഹായകരമല്ലാത്ത, തൃപ്തികരമല്ലാത്ത, സകല പ്രവൃത്തികളും, ഏതൊരു ഗവണ്മെൻറിനെക്കൊണ്ടും ചെയ്യിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ പ്രവൃത്തികളും തുടർച്ചയായി ചെയ്യുക എന്നുള്ളതു് കാൺഗ്രസ്സിൻെറ പാരമ്പര്യവും അവരുടെ തറവാട്ടുമഹത്വവും ആണ്. സർ, പി. എസ്. പി. ഗവണ്മെൻറ ആദ്യം എങ്ങനെ ഇവിടെ ഉണ്ടായി. പി. എസ്. പി. ഗവണ്മെൻറ ഇരിക്കുന്നതിനു കാൺഗ്രസ്സുകാർ സഹായിച്ചുകൊടുത്തു; എന്നാൽ പത്തുമാസം അവർ ഒരു അധികാരത്തിൽ ഇരിക്കട്ടെ എന്നു് സഹായിച്ചവരായ നിങ്ങൾ വിചാരിച്ചോ? പത്തുമാസം തികയുന്നതിനുമുമ്പ്, നിങ്ങളുടെ സഹായംകൊണ്ടു് പി. എസ്. പി. ധരിക്കാൻ ഇടയായ ഗർഭം പത്തുമാസം കഴിയുന്നതിനുമുമ്പ്, ഒന്നൊന്നര മാസമായപ്പോൾ അലസിപ്പിക്കുവാൻ നിങ്ങൾ ശ്രമിച്ചില്ലേ? പിന്നീടു് എട്ടാമത്തെ മാസത്തിൽ വീണ്ടും അതിനു നിങ്ങൾ ശ്രമിച്ചില്ലേ? അതിനുശേഷം പത്താമത്തെ മാസത്തിൽ നിങ്ങൾ ആലപ്പുഴയിൽക്കൂടി മരുന്നു നിശ്ചയിച്ചു് എറണാകുളത്തു കൊണ്ടുവന്നു പാകപ്പെടുത്തി ഡൽഹിയിൽകൊണ്ടുപോയി സ്ഫുടം ചെയ്തു കൊണ്ടുവന്നു ആ മരുന്നു കൊടുത്തു് നിങ്ങൾ വീണ്ടും ഗർഭം കലക്കുന്നതിനു് ശ്രമിക്കുകയാണു് ഇപ്പോൾ. ഇതു് നിങ്ങളുടെ അഭിമാനത്തിനു് പററിയതാണോ എന്നു ഞാൻ ചോദിക്കുന്നു. നിങ്ങൾ അവക്കു ഭരിക്കുവാൻ ഒരു ബഡ്ജററ പാസ്സാക്കിക്കൊടുത്തു. ആ ബഡ്ജററിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാം നടപ്പിൽ വരുത്തുന്നതിനു ഒരു കൊല്ലക്കാലം അവസരം കൊടുക്കുകയും അടുത്ത കൊല്ലത്തിൽ പുത്തനായി സകല പദ്ധതികളും അനുസരിച്ചു് ഒരു ബഡ്ജററ് കൊണ്ടുവരുമെന്നു നിങ്ങൾക്കു പ്രതീക്ഷിക്കുകയും ചെയ്യാമായിരുന്നു. ഇതിനുപോലുമുള്ള ക്ഷമയില്ലാതെ നിങ്ങൾ ഈ പതിനൊന്നാം മണിക്കൂറിൽ മി. രാമസ്വാമിയെക്കൊണ്ടു് അവിശ്വാസപ്രമേയം അവതരിപ്പിക്കുകയാണു് ചെയ്തതു്. നിങ്ങൾ പി. എസ്. പി. ഗവണ്മെൻറിനെ കുററം പറയുന്നു. പണമില്ലാതെ വരത്തക്ക വിധത്തിൽ പി. എസ്. പി. ഗവണ്മെൻറ അതു ചെയ്യുന്നു; ഇതു ചെയ്യുന്നു, എന്നൊക്കെ നിങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. സർ, അങ്ങനെ വല്ലതും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഗവണ്മെൻറ അടുത്ത കൊല്ലത്തേയ്ക്കുള്ള ബഡ്ജററ തയാറാക്കി നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ നിങ്ങളോടു് അവർ ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ പ്രകാരം അവർ പ്രവർത്തിക്കുന്നുണ്ടെന്നു നിങ്ങൾക്കു ബോദ്ധ്യമാണെങ്കിൽ അവരെ ശ്ലാഘിക്കുകയും അതല്ലാ, നിങ്ങൾക്കു ബോദ്ധ്യമില്ലെങ്കിൽ, അവിശ്വാസപ്രമേയം കൊണ്ടുവരികയും ചെയ്യാമായിരുന്നു. അതിനുള്ള ഒരു ക്ഷമ നിങ്ങൾ കാണിക്കാതെ നിങ്ങൾ എന്തിനു പുറപ്പെട്ടു എന്നു ഞാൻ ചോദിക്കുന്നു. ഇതു് ആരു് ചെയ്യുന്ന ഒരു പ്രവൃത്തിയാണു്; സർ, മി. രാമസ്വാമി കാൺഗ്രസ്സു കുരങ്ങൻെറ കൈയിൽപ്പെട്ട ഒരു പൂച്ചയാണു്. സർ, ഇതിൻെറ എല്ലാം അടിയിൽ കിടക്കുന്നതു് എന്താണു്? ലാൻറ ബില്ലാണു് ഇതിനെല്ലാം കാരണം പി. എസ്. പി. ഗവണ്മെൻറ ഒരു ലാൻറ ബിൽ കൊണ്ടുവന്നു് കിടപ്പിടമില്ലാത്ത ആളുകൾക്കു് ഭൂമികൊടുക്കുവാൻ, അവക്കു ഒരു പരിരക്ഷ ചെയ്തു കൊടുക്കുവാൻ, വേണ്ട നടപടി എടുക്കുന്നുണ്ടു്. കാൺഗ്രസ്സിൽ കുറെ ആളുകൾക്കു അതിനെ എങ്ങിനെയെങ്കിലും തകർക്കണമെന്നാഗ്രഹമുണ്ടു്. അതിനു ഒന്നുകിൽ മന്ത്രിസഭയെ ഉടയ്ക്കുക, അല്ലെങ്കിൽ പൊതുതിരഞ്ഞെടുപ്പു നടത്തുക എന്നുള്ളതല്ലാതെ മററു മാർഗ്ഗങ്ങളില്ലെന്നു ബുദ്ധിമാന്മാരായ ചിലർക്കു്

ആലോചനയുണ്ട്. നാട്ടിലെ ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടിയല്ല അവർ അങ്ങിനെ ആഗ്രഹിക്കുന്നത്. മുതലാളിക്ക് രക്ഷവേണമെന്നുണ്ടെങ്കിൽ ലാൻഡ് ബിൽ തകർക്കണം.

ശ്രീ. കെ. എം. ചാണ്ടി : അതുകൊണ്ടു രക്ഷയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ലാൻഡ് ബിൽ തകർക്കണമെന്നുണ്ടെങ്കിൽ ഈ മന്ത്രിസഭ ഉടയുകതന്നെ വേണം. ഈ ഉദ്ദേശത്തോടുകൂടിയല്ലേ ഈ അവിശ്വാസപ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്?

ശ്രീ. ടി. വി. സീതാരാമൻ : അല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : എന്റെ സ്നേഹിതൻ മി. കെ. എം. ചാണ്ടി പറയുന്നു രക്ഷയില്ലെന്ന്. ഈ പി. എസ്. പി. ഗവണ്മെന്റ് പ്രത്യേകിച്ച് പള്ളികളുടെ സ്ഥലം ബില്ലിൽനിന്നു ഒഴിവാക്കിയിട്ടുണ്ട്. ശ്രീ. കെ. എം. ചാണ്ടി ആരാണ്? ഒരു കത്തോലിക്കനാണ്. ഞാനും ഒരു കത്തോലിക്കനാണ്. ഒരു കത്തോലിക്കനായ ശ്രീ. കെ. എം. ചാണ്ടി കത്തോലിക്കാ പള്ളിയുടെ വസ്തുവിൽനിന്നുള്ള ആദായംകൊണ്ട് ഉപജീവനം കഴിക്കുന്ന ഒരാളാണ്. അദ്ദേഹം പറയുന്നു പള്ളി വസ്തുക്കൾ എല്ലാം അതു കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്കു കൊടുക്കണമെന്ന്. മീനച്ചലിലെ ജനങ്ങൾ അതു സ്വീകരിക്കുമെങ്കിൽ അദ്ദേഹം പറഞ്ഞതു് ശരിയായിരിക്കാം. കോൺഗ്രസ്സിലെ ഒരു കത്തോലിക്കൻ പറയുന്നു പള്ളി വക വസ്തുക്കൾ അതിലെ കുടികിടപ്പുകാർക്ക് വീതിച്ചുകൊടുക്കണമെന്ന്. എന്നാൽ പി. എസ്. പി. ഗവണ്മെന്റ് അതു ചെയ്യുവാൻ ഞാൻ സമ്മതിക്കുകയില്ല. ഞാനും ഒരു കത്തോലിക്കനാണ്. അല്ലേ മിസ്റ്റർ ചാണ്ടി, നമ്മൾ ഒന്നിച്ച് പള്ളിയിൽ വെച്ച് കാണാറില്ലേ? (ചിരി) മി. പന്തമ്പിള്ളി ഗോവിന്ദമേനോനോടു ഞാൻ പറയുന്നു, നിങ്ങളുടെ അണിയിൽ ചേരയും, മൂർഖനും, അണലിയും, നീർക്കോലിയും എല്ലാം ഉണ്ട്. ഇവരെ പ്രത്യേകം നോക്കണം എന്ന്. സർ, കോൺഗ്രസ്സ് അവിടെയിരുന്ന് ചെയ്തിട്ടുള്ളതെല്ലാം ചതിവും വഞ്ചനയും കൃതഘ്നതയുമാണ്. മി. ഇ. നാട്ട് കുഞ്ഞൻപിള്ളയെ ലെക്ചിക്കാൻ ഉണ്ടാക്കുന്നതിനുവേണ്ടി ഇപ്പോൾ നിയോഗിച്ചിരിക്കുകയാണല്ലോ. അദ്ദേഹം ഉണ്ടാക്കുന്ന നിഘണ്ടുവിൽ കോൺഗ്രസ്സ് എന്ന വാക്കിന് ചതിവ്, വഞ്ചന, കൃതഘ്നത എന്ന അർത്ഥം കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. കെ. എം. ചാണ്ടി : അങ്ങിനെ എഴുതുന്നതു് ചാഴിക്കാടൻ എന്ന വാക്കിനായാലും പോരെ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : എന്തിനെ ചാണ്ടിയാലും എനിക്കു വിരോധമില്ല (ചിരി).

സർ, ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന അവിശ്വാസപ്രമേയത്തെപ്പററി ഈ രാജ്യത്തെ ജനങ്ങളോടും ഈ സഭയിലെ മെംബർമാരോടും ഞാൻ പറയുന്നതു് കാണാൻ കണ്ണുള്ളവർ കാണട്ടെ, കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ എന്നാണ്. നമ്മുടെ രാജ്യത്തു വരുവാൻപോകുന്ന ഭാവി

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ശ്രേയസ്സ് നൽകുന്ന വിധത്തിൽ ഇവിടെ നടന്നുവരുന്ന ഭരണം സുഗമമായിട്ടു നടന്നുവരുന്നതിൽ പ്രതിബന്ധമുണ്ടാക്കുകയാണ് ഇപ്പോൾ ഈ 45-കാർ. ഇനി ഒരു പൊതുതിരഞ്ഞെടുപ്പു ഉണ്ടാകുകയാണെങ്കിൽ നിങ്ങൾ ഇരുപത്തഞ്ചോ മുപ്പത്തഞ്ചോ ആയിപ്പോകും കേട്ടോ? നിങ്ങളുടെ സ്വയരക്ഷക്കുവേണ്ടി നിങ്ങൾ അതു് ചെയ്യരുതു്. കൊള്ളയും, കൊള്ളിവെയ്പും നാട്ടിൽ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഈ അവിശ്വാസപ്രമേയം പിൻവലിക്കുമെന്നു് ഞാൻ മി. രാമസ്വാമിയോടു അപേക്ഷിക്കുന്നു. ഇന്നത്തെ കുടികിടപ്പുകാരെ യാതൊരു കാരണവശാലും കുടിയിറക്കുവാൻ പാടില്ലെന്നുള്ള ഒരു ബിൽ ഇവിടെ ഉണ്ടാക്കിയിരിക്കുന്നു. കഴിഞ്ഞ വെള്ളിയാഴ്ച കാലത്തു് ഇവിടെ ബഹുമാനപ്പെട്ട ആറേഴു മെംബറന്മാർ തുടർച്ചയായി കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതിനെ നിരോധിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്നു ഗവണ്മെൻറിനെ ഉത്ബോധിപ്പിക്കുകയുണ്ടായി.

ശ്രീ. കെ. പി. ഹർമീസ് : വേറെ വല്ല പരിഷ്കാരവും നടപ്പിൽ വരുത്തുന്നുണ്ടോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ചെയ്യുന്ന പരിഷ്കാരത്തിന്റെ കാര്യവും മഹത്വവുമാണ് നോക്കേണ്ടതു്.

അതുകൊണ്ടെനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തു കാണാൻ കണ്ണുള്ളവർ കാണട്ടെ, കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ. മി. രാമസ്വാമി, നിങ്ങളുടെ പേരിൽ ഇങ്ങനെ ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നിരിക്കുന്നതിൽ മറെറാരു പാർട്ടിക്കുവേണ്ടി നിങ്ങൾ ഒരു പൂച്ചയായി എന്നും നിങ്ങൾ മറെറാരു പാർട്ടിയുടെ കൈയിലാണെന്നും മററുള്ളവർ പഴിക്കും. മററുള്ളവർ പറയുന്നതു്, അതായതു തമിഴനാട്ടു കാൺഗ്രസ്സ് പാർട്ടിക്കാരായ കുണ്ടൻന്മാരാർ മുത പേർ പറയുന്നതു, അവർക്കു് സങ്കടമുള്ളതുകൊണ്ടായിരിക്കാം. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ പറയുകയുണ്ടായി ഈ വെടിവയ്പിലും മർദ്ദനങ്ങൾക്കും ഇരയായ പ്രതികളുടെയെല്ലാം പ്രേതങ്ങൾ ഈ മന്ത്രിസഭയുടെ പുറകിൽ വന്നു നിൽക്കുമെന്നു്. ഇതു് വല്ലതുംകൊണ്ടാണോ ഭയപ്പെടുന്നതു്. തമിഴനാട്ടിലെ പ്രേതങ്ങളെ ഞങ്ങൾക്കു ഭയമില്ല. അതെല്ലാം ഇവിടെ പറയാമോ? അതു വല്ലതും ഇവിടെ ചെലവാകുമോ? അതൊന്നും ചെലവാകയില്ല. തമിഴ്നാട്ടുകാർക്കു് കുറെ സങ്കടങ്ങൾ ഉണ്ടായിരിക്കാം. അവിടെ മർദ്ദനങ്ങൾ ഉണ്ടായിരിക്കാം. ഈ രാജ്യത്തിന്റെ ഒരു ഭാഗത്തു നിയമസമാധാനങ്ങൾ പാലിക്കുന്നതിനുവേണ്ടി അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അതാവശ്യമാണെന്നുകണ്ടു് 144-ാംവകുപ്പു പ്രഖ്യാപിച്ചു. അതു നേരമണിയും കൂട്ടരും ലംഘിക്കാൻപോകുന്നു എന്നു പറഞ്ഞാൽ ഒരു ഗവണ്മെൻറു കൈയുംകെട്ടി നിന്നു് നിങ്ങൾ നിയമം ലംഘിച്ചോളൂ എന്നു പറയുകയാണെങ്കിൽ, അതിന്നു് ഗവണ്മെൻറു് ഒന്നും ചെയ്തില്ലെങ്കിൽ, നിങ്ങൾ എല്ലാവരും തന്നെ ഈ ഗവണ്മെൻറിനെ പഴിക്കുകയില്ലേ? സർ, ഇവർ അത്രുപ സ്റ്റാമ്പിനു തീവച്ചു. ഇങ്ങനെ അന്യായമായി പ്രവർത്തിച്ചവരെ അറസ്റ്റുചെയ്യുണ്ടേ? അതിന്നു നിയമാനുസരണമായി വേണ്ട നടപടികളെടുത്തു. അതുകൊണ്ടു മി. രാമസ്വാമി, നിങ്ങൾ ഈ അവിശ്വാസ

പ്രമേയം പിൻവലിക്കണം. നിങ്ങൾ്ക്കു്ക്കു്ക്കു

[ஸ்ரீ. பி. தாணுலிங்க நாடார்]

களுக்கு தமிழன் என்றாலே பிடிக்காது. அது அவருடைய சுபாவமாகி விட்டது. இனி அதை மாற்ற முடியாது. ஐந்தில் வளையாதது ஐம்பதில் வளையுமா? இனி அவரது இந்தத் தள்ளாத வயதில் அந்த சுபாவம் மாறும் என்று நாம் நினைக்க முடியாது. தாணுபிள்ளை அவர்களுக்கு நிர்வாகத் திறமையே கிடையாது என்பதை தமிழ் நாடு காங்கிரஸ்காரர்கள் சொல்லவேண்டியதில்லை. சிறுபான்மையோரை கௌரவப்படுத்தி ஆளும் முறை அவர்களுக்குத் தெரியாது. அன்று முதன் முதலாக, காங்கிரஸ் மந்திரி சபையின் தலைமை தாங்கியபோது பத்து மாதத்தில் அதிலிருந்து அனுப்பி விட்டார்கள். இன்றும் பத்து மாதம் தான் ஆகிறது. இந்திய சரித்திரத்தில் ஆகஸ்ட் 15-ாம் தேதிக்கும் இந்திய சுதந்திரத்திற்கும் எவ்வளவு தொடர்பு உண்டோ அதேபோல் பட்டம் தாணுபிள்ளை அவர்களுக்கும் பத்து மாதத்திற்கும் தொடர்புண்டு. பட்டம் என்றால் பத்து மாதம். அப்படிப் பார்த்தால் பட்டம் தாணுபிள்ளை அவர்கள் இன்று ராஜிநாமா செய்து விட்டு போகும் காலம் தான்.

[Mr. Deputy Speaker in the Chair]

நான் மறுபடியும் சொல்கிறேன், உங்களுக்கு நிர்வாகத்திறமை இல்லை என்று. ஒரு திருஷ்டாந்தம் சொல்கிறேன். ஸ்ரீமான் தாணுபிள்ளை அவர்கள் போலீஸ் இலாகா, Police Portfolio, கையில் இல்லாமல் மந்திரி சபையில் இருக்கும் வழக்கம் கிடையாது. பட்டம் தாணுபிள்ளை அவர்கள் அதிகாரத்தில் வந்தால், போலீஸ் இலாகா அவர்கள் கையில் தான் இருக்கவேண்டும்; போலீஸ் போர்ட்போலியோ இல்லாமல் அவர்களைப் பார்க்க முடியாது. போலீஸுக்கும் பட்டம் தாணுபிள்ளை அவர்களுக்கும் ஒரு தனி தொடர்பு உண்டு. எத்தனையோ மந்திரிசபைகளை நாம் பார்த்திருக்கிறோம். பட்டம் தாணுபிள்ளை அவர்களின் மந்திரிசபை, ஸ்ரீமான் டி. கெ. நாராயண பிள்ளை அவர்களின் மந்திரி சபை, ஸ்ரீமான் ஸி. கேசவன் அவர்களின் மந்திரிசபை, ஸ்ரீமான் ஜான் அவர்களின் மந்திரிசபை, இப்படியாக நாம் எத்தனையோ மந்திரிசபைகளைப் பார்த்திருக்கிறோம். ஸ்ரீமான் டி. கெ. நாராயணபிள்ளை அவர்களின் மந்திரிசபையின் கீழ் போலீஸ் எப்படி இருந்தது, ஸ்ரீமான் கேசவன் அவர்களின் மந்திரி சபையின் கீழ் போலீஸ் எப்படி இருந்தது, ஸ்ரீமான் ஜான் அவர்களின் மந்திரி சபையின் கீழ் போலீஸ் எப்படி இருந்தது? ஆகவே இதை எல்லாம் வைத்துப் பார்த்தால் ஸ்ரீமான் பட்டம் தாணுபிள்ளை அவர்கள் பதவிக்கு வந்துவிட்டால் போலீஸின் நிலை பிரத்தியேகமாகி விடுகிறது. போலீஸும் மந்திரிசபையும், சுருதியும் பாகவதரும் போல் ஆகும். ஒரு பாகவதரின் பாட்டுக்குத் தகுந்தாற்போல் எப்படி சுருதி அமைய வேண்டுமோ அதே போல் தான் மந்திரிமார்களின் போக்குப்போல் போலீஸின் போக்கும் அமையும். மந்திரிமார்களின் பிரதிநிதியாக இருக்கிறது, போலீஸ். மந்திரிமார்கள் எப்படியிருக்கிறார்களோ அப்படியே போலீஸ்காரர்களும் நடக்கிறார்கள். ஸ்ரீமான் பட்டம் தாணுபிள்ளை

அவர்கள் பதவிக்கு வந்துவிட்டால், போலீஸின் நிலை ஒரு படி உயர்ந்துவிடும். அவர்களின் அட்டகாசங்களும் கூடி விடும். இந்த நிர்வாகத்தை நீங்கள் பார்த்தால் மற்ற தொழில் பிரச்னையோ சிறுபான்மையோரின் பிரச்னை ஒன்றையும் பார்க்க வேண்டிய தில்லை. இது தமிழர்களுக்கு மாத்திரமல்ல, கம்யூனிஸ்டுகளுக்கும் அப்படியே. கடந்த டிரான்ஸ்போர்ட் தொழிலாளர்களின் போராட் டத்தில் அவர்களும்தான் அனுபவித்தார்கள். ஆகவே நான் சொல்வதென்னவென்றால் போலீஸ்காரர்களின் நிர்வாகம் இந்த மந்திரிசபைக்கு ஏற்றதல்ல. அடக்குமுறை என்பது இந்த மந்திரி சபையோடு பிறந்ததாகும். ஆகவே நான் சொல்வதென்னவென்றால், தென்—திருவிதாங்கூர் மக்களுக்கு இந்த மந்திரி சபையின் மீது நம்பிக்கை இல்லை என்பது மாத்திரமல்ல, இந்த மந்திரி சபை இருப்பது வரையிலும் அந்த நாட்டு மக்களுக்கு தங்களது உயிர்களின் மீதும், உடைமைகளின் மீதும், தங்களது மானத்தின் மீதும் நம்பிக்கை இல்லை. அவர்களது வாழ்க்கையிலேயே அவர்களுக்கு நம்பிக்கை இல்லை. ஆகவே நாங்கள் சொல்கிறோம், இந்த மந்திரி சபையின் மீது எங்களுக்கு நம்பிக்கை இல்லை என்று. காங்கிரஸ் அரசாங்கத்திற்கு வரவேண்டுமென்றோ அல்லது கம்யூனிஸ்ட் அரசாங்கத்திற்கு வரவேண்டுமென்றோ எங்களுக்கு ஆசை யில்லை. தமிழ்நாடு காங்கிரஸ், காங்கிரஸ் பதவிக்கு வரவேண்டுமென்ற அவாவில் நாங்கள் இருக்கிறோம் என்று நீங்கள் நினைக்க வேண்டாம். இலங்கையை யார் ஆளவேண்டும் என்பதல்ல பிரச்னை. ராவணனை அழிக்கவேண்டும். சீதையை கடத்திச் சென்ற ராவணன் அழிய வேண்டும். இலங்கையை யார் ஆண்டாலும் ராவணன் ஆளக்கூடாது. பின் இலங்கையை யார் ஆளவேண்டுமென்றால், அது இரண்டாவது பிரச்னை. தமிழ் மக்களைப் பொறுத்தவரையில் இன்றைய இந்த கிராத ஆட்சி, ஏதேச்சாதிகார ஆட்சி ஒழியவேண்டும் என்ற ஒரே ஒரு ஆசை தான்.

ஸ்ரீ. டி. வி. தோமஸ் : ஒரு கேள்வி, ஈ സോഷ്യലിസ്റ്റ് മന്ത്രിസഭയെ മാററിട്ട് കാ...ഗ്രസ്സിന്റെ മന്ത്രിസഭ രൂപീ : പിക്കൻ സൌകര്യം കൊടുക്കുകയില്ലെന്നാണോ : ാ പറയുന്നതു് ?

ஸ்ரீ. பி. தாணுலிங்க நாடார் :- இனிமேல் ஒரு அட்மினிஸ்ட் ரேட்டர் பரணமோ அல்லது ஒரு தேர்தலோ வரலாம். காங்கிரஸ் திரும்பவும் ஆட்சிக்கு வருவதில் எங்களுக்குக் கவலை கிடையாது. யார் ஆண்டாலும் எங்களுக்கு ஒன்றுதான். காங்கிரஸ் ஆண்டால் என்ன, கம்யூனிஸ்ட் ஆண்டாலென்ன ? எங்களை அடித்துக் கொல்லா மல் இருக்கவேண்டும். அந்த ஒரே எண்ணத்தைத் தவிர எனக்கு பட்டம் தாணுபிள்ளை அவர்களிடம் ஒரு விரோதமும் கிடையாது, அனுதாபமும் கிடையாது. ஸ்ரீமான் பட்டம் தாணுபிள்ளை அவர் களிடம் கோபப்படுவதற்கு, நான் அவர்களிடம் சிநேகமாய் இருந் தால்தானே. ஒருவேளை அப்படி அவர்கள் நினைக்கலாம். ஆனால் எங்களுக்கு அப்படியொன்றும் விரோதம் கிடையாது. எங்களுக்கு

[ஸ்ரீ. பி. தாணுலிங்க நாடார்]

உபத்திரவம் இல்லாமல் இருந்தால், எங்களது உள்ளம் கொதிக்காமல் இருந்தால் போதும். ஆனால் இனிமேலும் அநீதிக்கு எங்களை ஆளாக்க நாங்கள் பார்த்துக்கொண்டிருக்க வேண்டும் என்றால், அது எங்களால் முடியாது. கம்யூனிஸ்ட் கட்சி எங்கள் போராட்டத்தை ஆதரித்தார்கள். கம்யூனிஸ்டுகளோடு நாங்கள் சேர்ந்தோம் என்று எங்களை லாக்கப்பில் போட்டு அடித்தார்கள். கம்யூனிஸ்ட்டுகளுடன் சேர்ந்து கொண்டு இப்படி அக்கிரமங்கள் செய்கிறீர்களா என்று சொல்லிச் சொல்லி அடித்தார்கள். ஆனால் இன்றைக்கு கம்யூனிஸ்ட் கட்சி அவர்களை ஆதரிக்கிறார்கள். இனி என்ன செய்யப் போகிறார்களோ, தெரியாது. ஆனால் தமிழ்நாடு காங்கிரஸின் சார்பில் நான் சொல்கிறேன், கம்யூனிஸ்ட்காரர்கள் எங்களை ஏமாற்றி விட்டார்களென்று. அதுவே அவர்கள் வழக்கம் என்று நினைக்கிறேன். உங்கள் ஆட்கள் இன்றும் கைதிகளாயிருக்கிறார்கள். வயலார் புன்னப்புரை கைதிகளை விடுதலை செய்யவேண்டுமென்று சொன்ன போது தமிழ்நாடு காங்கிரஸ்காரர்களையும் விடுதலை செய்யவேண்டுமென்று நீங்கள் ஏன் சொல்லவில்லை. அங்கு நடந்ததைப்பற்றி உங்கள் தோழர்கள் சோமசுந்தரம் அவர்களிடமும் செல்லையாவிடமும் கேட்டுப்பாருங்கள். அவர்கள் என்ன அடிபட்டார்கள் என்று அவர்களைக் கேட்டால் தெரியும். கம்யூனிஸ்ட்டுகாரர்கள் என்று சொல்லி தூக்கித் தூக்கிப் போட்டு அடித்தார்கள். வயலார் புன்னப்புரை கைதிகளை விடுதலை செய்யவேண்டுமென்று சொன்ன நீங்கள் தமிழ்நாடு காங்கிரஸ் கைதிகளையும் விடுதலை செய்யவேண்டுமென்று ஏன் சொல்லவில்லை. ஆகவே தமிழ்நாடு காங்கிரஸ்காரர்களுக்கு காங்கிரஸ்காரர்களிடமும், கம்யூனிஸ்ட்காரர்களிடமும், சோஷியலிஸ்ட்காரர்களிடமும் வருத்தம் தான். எங்களைப் பொறுத்தமட்டில் நீங்கள் யாரும் வித்தியாசமாக நடக்கவில்லை.

ஸ்ரீ. கெ. ஸி. ஜோர்ஜ்: கம்யூணிஸ்ட் பார்ட்டி அங்ஙனெ பறஞ்ஞிட்டில்லெந்ணாணோ விசுவஸிக்குந்னது?

ஸ்ரீ. பி. தாணுலிங்க நாடார்: சொல்லியிருந்தால் அனுபவத்தில் தெரிந்திருக்கும். வயலார் புன்னப்புரை கைதிகளை விடுதலை செய்ய வேண்டுமென்று நீங்கள் சொன்னதை அனுபவத்தில் கண்டோம். அதேபோல் தமிழ்நாடு காங்கிரஸ் கைதிகளுக்காக நீங்கள் சொல்லியிருந்தால் நாங்கள் அதை அனுபவத்தில் கண்டிருக்க முடியும். ஆகவே ...

ஸ்ரீ. டி. வி. தோமஸ்: வயலார்-புன்னப்ர கேஸிலெ ப்ரதிகளெ விடான் ஞங்ஙள் ஆவஶ்யப்பெட்டிட்டுண்டென்ணாணோ ஒரு மெம்பர் விசாரிக்குந்னது.

ஸ்ரீ. பி. தாணுலிங்க நாடார்: அப்படித்தான். அதைப் பற்றி எங்களுக்குத் சந்தேகமேயில்லை. உலகத்தை வெகு காலத்திற்கு ஏமாற்ற முடியாது. எல்லோரையும் எல்லா சமயத்திலும் ஏமாற்ற முடியாது.

ശ്രീ. ഇടിക്കള ഇടിക്കള : തമിഴ്നാടുകാൺഗ്രസ്സിലെ പ്രതികളെ വിടാം എന്നു കാൺഗ്രസ്സുകാർ സമ്മതിച്ചിട്ടുണ്ടോ ?

ஸ்ரீ. பி. தாணுலிங்க நாடார் : காங்கிரஸ்காரர்களின் சமாசாரமே எனக்குத் தெரியாது. இந்த சபையில் ஒன்று நான் சொல்லிக் கொள்கிறேன். இந்த அரசாங்கத்திற்கு யாராவது ஆதரவு கொடுக்கிறதாயிருந்தால், கம்யூனிஸ்ட்களுக்குத் துரோகமான இந்த அரசாங்கம், காங்கிரஸிற்குத் துரோகமான இந்த அரசாங்கம், தமிழ்நாடு காங்கிரஸிற்குத் துரோகமான இந்த அரசாங்கம், அத்தனை கட்சிகளுக்கும் துரோகமான இந்த அரசாங்கத்திற்கு ஆதரவு கொடுத்தால் அதன் பலன் என்னவாய் இருக்கும் என்பதை நான் இப்பொழுது சொல்லப்போகும் ஒரு சிறிய கதையிலிருந்து தெரிந்து கொள்ளலாம். ஒரு தூக்கணங்குருவி ஒரு மரத்தில் அழகான கூடொன்று கட்டி வைத்துக்கொண்டிருந்தது. அப்பொழுது மழை வந்தது. அந்தக் கூட்டின் பக்கத்தில் உள்ள ஒரு மரத்தில் ஒரு குரங்கு, தங்குவதற்கு இடமில்லாமல் மழையில் நனைந்து கஷ்டப்பட்டுக் கொண்டிருந்தது. அதைக்கண்ட குருவி அக்குரங்கினிடம், அடாடா ! உனக்குப் புத்தி இல்லாமல் போய் விட்டதே, என்னை மாதிரி நீயும் ஒரு கூடு கட்டியிருந்தால் உனக்கு இப்படிக் கஷ்டப்பட வேண்டி வராதே என்று சொன்னது. அதைக் கேட்டவுடன் அக்குரங்கு அக்கூட்டின் மேல் சாடி அதை நாசமாக்கி விட்டது. எதற்காக இதைச் சொல்கிறேன் என்றால், குணமற்றவர்களுக்கு, கொள்கையற்றவர்களுக்கு யார் உதவி செய்தாலும் கடைசியில் கிடைப்பது ஆபத்து தான். ஐக்கிய முன்னணிக் கட்சி அதை இதற்கு முன் பல தடவைகள் அனுபவித்திருக்கிறது. தமிழ்நாடு காங்கிரஸும் அனுபவித்திருக்கிறது. அன்று ஸ்ரீமான் பட்டம் தாணுபிள்ளை அவர்கள் ஸ்டேட் காங்கிரஸின் தலைவராய் இருந்தபோது எங்கள் தென்-திருவிதாங்கூர் மக்களுக்கு சுய நிர்ணய உரிமை, right of self determination, உண்டு என்று தீர்மானம் செய்திருந்தார். அதே ஸ்ரீ. தாணுபிள்ளை அவர்கள், நாங்கள் இங்கிருந்து பிரிந்து போக வேண்டும் என்று சொன்னபோது எங்களை அடக்கி ஒடுக்கப் பார்க்கிறார்கள். ஐக்கியம் ஜெயிக்கும், ஐக்கியம் பரிக்கும் என்று சொல்லி வோட்டு பெற்றார்கள். ஆனால் ஐக்கியம் பரித்ததா. ஆகவே நான் கடைசியாக சொல்வதென்னவென்றால், கொள்கையற்ற இம்மந்திரி சபையை நீங்கள் ஆதரித்தால் தூக்கணங்குருவிக்கு கிடைத்த பலனே உங்களுக்கும் கிடைக்கும் என்று சொல்லிக் கொள்கிறேன். ஆகவே இந்த சபையிலுள்ள அத்தனை பேர்களிடமும் சொல்லிக் கொள்கிறேன், இந்த அரசாங்கத்தை உங்களுடைய வருங்காலத்திற்காக நீங்கள் ஆதரிக்கக்கூடாது என்று. இவ்வளவையும் சொல்லிக் கொண்டு ஸ்ரீமான் டி. எஸ். ராமஸ்வாமி பிள்ளையின் தீர்மானத்தை ஆதரிக்கிறேன்.

ശ്രീ എ.പി. മേനോൻ : സർ, സഖാവ് രാമസ്വാമി ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ പുറകിലുള്ള ഉദ്ദേശശുദ്ധിയെ ഞാൻ തുടരെ അംഗീകരിക്കുകയാണ്. പ്രമേയം അവതരിപ്പിച്ചുകൊണ്ടു അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തോടും ഏറക്കുറെ എനിക്കു യോജിപ്പുണ്ടുള്ളതാണ്. എന്നിരുന്നാലും, ഇന്നത്തെ രാഷ്ട്രീയപരിതസ്ഥിതികളിൽ ആ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. സഖാവു രാമസ്വാമിയുടെ പ്രമേയത്തിന് ഈ സഭയിൽ ആദ്യമായി മുഴങ്ങിക്കേട്ട കൃതജ്ഞതാസ്വരം ഏതു പാർട്ടിയിൽനിന്നുയർന്നതാണെന്നു നാം കാണ്ണം. സഖാവു രാമസ്വാമി ആത്മാർത്ഥതയോടുകൂടിയായിരിക്കാം ഈ പ്രമേയം അവതരിപ്പിച്ചതു്. പക്ഷെ, കാൺഗ്രസ്സ് നുവേണ്ടിയാണ് അദ്ദേഹം ഈ പ്രമേയം അവതരിപ്പിച്ചതെന്ന് കാൺഗ്രസ്സിന്റെ ഇന്നത്തെ നിലപാടു് നോക്കുമ്പോൾ മനസ്സിലാക്കാം.

ശ്രീ. കെ. കരുണാകരൻ : സഖാവു രാമസ്വാമിയുടെ പ്രമേയത്തെ അനുകൂലിച്ചു ആദ്യം പ്രസംഗിച്ചതു് നിങ്ങളുടെ പാർട്ടിയിലെ ഒരംഗമാണെന്നറിയാമോ?

ശ്രീ. എ.പി. മേനോൻ : അദ്ദേഹം ഞങ്ങളുടെ പാർട്ടിയിൽ നിന്നും രാജിവച്ചിരിക്കുന്നുവെന്ന് ഈ സഭയെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ട്.

സർ, സഖാവു രാമസ്വാമിയുടെ പ്രമേയത്തെ സ്വാഗതം ചെയ്തതു് കാൺഗ്രസ്സുപാർട്ടിയിലെ ഒരു മെംബറാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, കാൺഗ്രസ്സുഭരണം വീണ്ടും ഈ രാജ്യത്തു വരുന്നതിന് ഞങ്ങൾ അശേഷം ആഗ്രഹിക്കുന്നില്ല. ഇന്ന് പ്രമേയം അവതരിപ്പിച്ചുകൊണ്ടു ഒട്ടധികം നല്ല കാര്യങ്ങൾ സഖാവു രാമസ്വാമി പറയുകയുണ്ടായി. ഇവിടെ നടന്ന ട്രാൻസ്പോർട്ടു തൊഴിലാളിസമരത്തെയും, മർദ്ദനത്തെയുംപററി അദ്ദേഹം പരാതിപ്പെടുകയുണ്ടായി. പക്ഷെ, പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു്, സ്വാഗതംചെയ്തുകൊണ്ടു, പ്രസംഗിച്ച ശ്രീ. കരുണാകരനു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ട്രാൻസ്പോർട്ടു തൊഴിലാളികളെക്കുറിച്ചു ഓർമ്മിക്കുന്നതിനു സാധിച്ചില്ല. തെക്കൻതിരുവിതാംകൂറിലെ വെടിയ്പിനെയും, മർദ്ദനത്തെയുംകുറിച്ചു്, ടി. ടി. എൻ. സി. മെംബറന്മാരുടെ ഭാഗത്തിൽ എടുത്ത നടപടികളെക്കുറിച്ചു, സഖാവു രാമസ്വാമിക്കും ശ്രീ. കരയാളക്കും ന്യായമായ പ്രതിഷേധമുണ്ടെന്നു സമ്മതിക്കുന്നു; അവർക്കു് പ്രതിഷേധിക്കാൻ അവകാശവുമുണ്ട്. എന്നാൽ പിൻതാങ്ങിക്കൊണ്ടു് പ്രസംഗിച്ച ശ്രീ. കരുണാകരനു് ഇക്കാര്യത്തെക്കുറിച്ചൊന്നും പരാതിയില്ല. അങ്ങനെ സഖാവു രാമസ്വാമിക്കും കരയാളക്കും പ്രതിഷേധമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു ശബ്ദവുമുയർത്താതെ അവരെ പിൻതാങ്ങുന്ന ഒരു പാർട്ടിയെ അവർ എങ്ങനെ ഈ കാര്യത്തിൽ അനുകൂലിക്കുന്നുവെന്നാണു ഞങ്ങൾക്കു മനസ്സിലാക്കാൻ വിഷമമായിരിക്കുന്നതു്. ശ്രീ. കരുണാകരന്റെ പ്രസംഗം വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഏതുദ്ദേശത്തോടുകൂടിയാണോ സഖാവു രാമസ്വാമി ഈ പ്രമേയം അവതരിപ്പിച്ചതു്, ആ കാര്യം സാധിക്കുന്നതിനു് പര്യാപ്തമായ ഒരു വാക്കുപോലും, ഒരു സൂചനപോലും, ശ്രീ. കരുണാകരന്റെ പ്രസംഗത്തിൽ എനിക്കു കേൾക്കാൻ സാധിച്ചില്ല.

കഴിഞ്ഞ നിയമസഭയിൽ രണ്ട് അടിയന്തിരപ്രമേയങ്ങൾ തമിഴ്നാട് പ്രശ്നത്തെക്കുറിച്ചു വന്നു; ഒന്നുമാത്രമെ ചർച്ച ചെയ്യപ്പെട്ടുള്ളൂ. ശ്രീ. ചട്ടനാഥക്കരയാളരുടേതായിരുന്നു ആ പ്രമേയം, ആ അവസരത്തിൽ ദേവികുളത്തും പീരുമേട്ടിലും നടന്ന മർദ്ദനത്തിന് ചൂട്ടുപിടിച്ച രാഷ്ട്രീയ പാർട്ടി, നിയമസഭയിൽ ഇന്ന് തമിഴനാടുകാൺഗ്രസുകാർ പരിരംഭണം ചെയ്യുന്ന ശ്രീ. ഗോവിന്ദമേനോന്റെ കാൺഗ്രസ്സുപാർട്ടിയായിരുന്നു. മററാരുംതന്നെ അവിടങ്ങളിലെ പോലീസുവാഴ്ചയെ ന്യായീകരിച്ചില്ല. അതിനുശേഷം പലതും നമ്മുടെ നാട്ടിൽ നടന്നു. ഇപ്പോൾ കാൺഗ്രസ്സുകാർ പി. എസ്. പി. ക്കു നൽകിവന്നിരുന്ന പിൻതുണ പിൻവലിച്ചിരിക്കുകയാണ്. അതിന്റെ കാരണം ആരും വ്യക്തമായി പറഞ്ഞുകേട്ടില്ല. എങ്കിലും നാട്ടിൽ പത്രങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്താവനകൾവഴിയായും മററും അതിനെപ്പററി നമുക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്താണു സർ, അവർ പിൻതുണ പിൻവലിക്കാൻ പ്രധാന കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്? ട്രാൻസ്പോർട്ടുതൊഴിലാളികളെ മർദ്ദിച്ചൊതുക്കിയതിനെപ്പററിയോ, തെക്കൻതിരുവിതാംകൂറിൽ നടന്ന വെടിവയ്പിനെക്കുറിച്ചോ അവർക്കു പരാതിയില്ല, പ്രതിഷേധമില്ല. എൻ. ഇ. എസ്. ബ്ലോക്കുകളുടെ പേരിൽ, ചില ഉദ്യോഗാപ്പക്ഷണങ്ങളുടെ വിതരണത്തിനു, നാണംകെട്ട ചില പരാതികളും ആവലാതികളും മാത്രമെ കാൺഗ്രസ്സുകാർക്കുള്ളതായി കാണുന്നുള്ളൂ. ഈ പ്രമേയത്തിൽ ട്രാൻസ്പോർട്ടുതൊഴിലാളി മർദ്ദനത്തെയും, തമിഴനാടു വെടിവയ്പിനെയും പരാമർശിക്കുകയും, ഗവണ്മെൻറിന്റെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും, ആ അടിസ്ഥാനത്തിലല്ല ഈ പ്രമേയം പാസ്സാകാൻ പോകുന്നതെന്നു ഞങ്ങൾക്കു വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്.

സർ, കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം ഈ രാജ്യത്തു അനിശ്ചിതമായ ഒരവസ്ഥയാണുണ്ടായതു്. വ്യക്തമായ ഭൂരിപക്ഷം ആർക്കും കിട്ടാതെ, ആരു ഭരിക്കും എന്ന നിലവന്നപ്പോൾ, പി. എസ്. പി—ക്കു പിൻതുണ നൽകി അവരെ അധികാരത്തിൽകൊണ്ടുവരാൻ കാൺഗ്രസ്സു തീരുമാനിച്ചു. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ എന്തെല്ലാം ഉത്ഘോഷണങ്ങളാണ് ഇവിടെ നടത്തിയതു്? എന്തൊരു ത്യാഗബുദ്ധിയോടുകൂടിയായിരുന്നു, എത്ര ഔദാര്യത്തോടുകൂടിയായിരുന്നു, അന്നു കാൺഗ്രസ്സുപാർട്ടി നേതാവു പറഞ്ഞതു് 'കുഞ്ഞേ ഭരിക്കൂ, ഭരിക്കൂ' എന്നു്! പി. എസ്. പി. മന്ത്രിസഭയ്ക്കു സർവ്വാത്മനാ പിൻതുണ നൽകാം, എല്ലാ ഭൂനയബില്ലുകളും പിൻതാങ്ങാം, സഹകരണത്തിന്റെയും സഹകരണത്തിന്റെയും എവറസ്റ്റിൽ കയറിനിന്നു് പിൻതുണ നൽകാം എന്നു കാൺഗ്രസ്സു നേതാവു ഉൽബോധിപ്പിച്ചിരുന്നു.

ശ്രീ. കെ. കരുണാകരൻ: നല്ലകാര്യം ചെയ്യാൻ പിൻതുണ നൽകാമെന്നല്ലേ പറഞ്ഞതു്?

ശ്രീ. എം. പി. മേനോൻ: അതെ, നല്ല കാര്യങ്ങൾ ചെയ്തു. തെക്കൻതിരുവിതാംകൂറിൽ വെടിവയ്പുനടത്തി, നിങ്ങൾ പിൻതാങ്ങി, ട്രാൻസ്പോർട്ടുസമരം അടിച്ചമർത്താൻ നിങ്ങൾ പിൻതുണ നൽകി. ഇങ്ങനെ ചില നല്ലകാര്യങ്ങൾ ചെയ്യാൻ പി. എസ്. പി-ക്കു നിങ്ങൾ പിൻതുണ നൽകിയ വസ്തുത ഞങ്ങൾ വിസ്മരിക്കുന്നില്ല. ഇതൊക്കെ കഴിഞ്ഞു

[ശ്രീ. എം. പി. മേനോൻ]

തിനുശേഷം, കാൺഗ്രസ്സുകാർ പിൻതുണ പിൻവലിക്കാനുണ്ടായ കാരണം ആരായേണ്ടതാണ്. ശ്രീ. കരുണാകരന്റെ പ്രസംഗം കേട്ടപ്പോൾ മനസ്സിലായി, പിൻതുണ പിൻവലിക്കാൻ കാരണമെന്താണെന്ന്. ചിലതെല്ലാം ആലപ്പുഴപ്രമേയത്തിൽ അവർ വിശദമായി പ്രകടമാക്കിയിട്ടുള്ളതാണ്. പി. എസ്. പി. ഗവണ്മെന്റ് ടി. എൻ. ടി. യു. സി-ക്കു വേണ്ടവിധം ആനുകൂല്യങ്ങൾ ചെയ്യുന്നില്ല. കാൺഗ്രസ്സുകാർ നിന്നു ജയിച്ച നിയോജകമണ്ഡലങ്ങളിൽ എൻ. ഇ. എസ്. ബ്ലോക്കുകൾ രൂപീകരിക്കുന്നില്ല. ഭരണകാര്യങ്ങളിൽ അവരോടു കൂടിയാലോചനകൾ നടത്തുന്നില്ല! ഇതെല്ലാമാണു പിൻതുണ പിൻവലിക്കുന്നതിന് അവർ കാണുന്ന കാരണങ്ങൾ.

രാജപ്രമുഖന്റെ നയപ്രഖ്യാപനപ്രസംഗത്തിന് ഗവണ്മെന്റിനു ഭാഗത്തുനിന്നും അവതരിപ്പിച്ച കൃതജ്ഞതാപ്രമേയത്തിന് ഭേദഗതികൾ അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുള്ളതു പരിശോധിച്ചാൽ കാൺഗ്രസ്സുമെംബറന്മാരുടെ പരാതികൾ എന്തെല്ലാമാണെന്നു വ്യക്തമായി കാണാൻ കഴിയും. ഈ രാജ്യത്തു ക്രമസമാധാനങ്ങൾ പാലിക്കപ്പെടുന്നില്ല, ഇന്നത്തെ ഗവണ്മെന്റു സുശക്തമല്ല, തൊഴിലാളികളും മുതലാളികളും തമ്മിൽ മത്സരവും, സംഘട്ടനങ്ങളും നടന്നുകൊണ്ടിരിക്കുന്നു, ആകപ്പാടെ ഏതാണ്ടൊരു അരാജകത്വംതന്നെയാണു ഇന്നു രാജ്യത്തു അങ്ങോളമിങ്ങോളം ദൃശ്യമാകുന്നതു് എന്നെല്ലാമാണു അവരുടെ ആക്ഷേപങ്ങൾ. സുശക്തമായ ഒരു ഭരണകൂടം സ്ഥാപിച്ചു് ക്രമസമാധാനം പാലിക്കുക എന്നു പറഞ്ഞാൽ, അവർ ഉദ്ദേശിക്കുന്നതു് ഇന്നത്തേക്കാളും പോലീസുമർദ്ദനങ്ങളും, അസ്വാസ്ഥ്യങ്ങളും രൂക്ഷമാക്കണമെന്നാണോ എന്നു എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

[Mr. Speaker in the Chair.]

ശ്രീ. കെ. കരുണാകരൻ: മെർച്ചിസ്റ്റൺ എസ്റ്റേറ്റിൽ മുതലാളി തൊഴിലാളികളുടെ നേരെ വെടിവച്ചതു് അരാജകത്വമല്ലേ?

ശ്രീ. എം. പി. മേനോൻ: അതെനിക്കു ഓർമ്മയുണ്ടു്. കാൺഗ്രസ്സുകാർ പി. എസ്. പി-ക്കു നൽകിയിരുന്ന പിൻതുണ പിൻവലിച്ചതിനുശേഷം, ഇവിടെ അവരുടെ സഹായംകൂടാതെ, ഇടതുപക്ഷത്തിന്റെ മാത്രം പിൻബലത്തോടുകൂടി ഒരു ഭരണം നടത്താൻ സാധിക്കുകയില്ലെന്നു വരുത്തിക്കൂട്ടാൻ, മനഃപൂർവ്വം അരാജകത്വം സൃഷ്ടിക്കാൻ, ചില ഗൂഢശക്തികൾ ഇന്നു ഈ രാജ്യത്തു പ്രവർത്തിക്കുന്നുണ്ടെന്നു ഞങ്ങൾക്കറിയാം.

കഴിഞ്ഞ നിയമസഭയിൽ പി. എസ്. പി. മന്ത്രിസഭ ബഡ്ജറ്റു പാസാക്കിയെടുത്തതു ആരുടെ സഹായത്തോടുകൂടിയായിരുന്നു? പി. എസ്. പി-യുടെ ബഡ്ജറ്റു പാസാക്കുന്നതിനും, ബില്ലുകൾ പാസാക്കുന്നതിനും കൈപൊക്കിയതിനുശേഷം, വിശേഷവിധിയായി എന്തുണ്ടായി സർ. കാൺഗ്രസ്സുകാർ പിൻതുണ പിൻവലിക്കത്തക്കവണ്ണം? കാൺഗ്രസ്സുകാർക്കു നിരക്കാത്തവിധം ഒന്നും ഈ മന്ത്രിസഭ ചെയ്തിട്ടില്ലെന്നു പി. എസ്. പി-യുടെ ഇന്നത്തെ ഭരണനയവും, കാൺസ്സിന്റെ കഴിഞ്ഞ കാലത്തെ ഭരണക്രമവും തമ്മിൽ താരതമ്യംചെയ്തു നോക്കിയാൽ മനസ്സിലാകുന്നതാണ്.

കാൺഗ്രസ്സിനു ഭരണഭാരമേറ്റെടുക്കാൻ മതിയായ ഭൂരിപക്ഷം ലഭിക്കാത്തതുകൊണ്ടു്, അധികാരത്തിൽ പ്രതിപക്ഷത്തിരിക്കാൻ അവർ നിർബന്ധിതരായി. പി. എസ്. പി. ഗവണ്മെന്റിനു് പിൻതുണ നൽകി

ക്കൊള്ളാം എന്നായിരുന്നു അന്ന് കാൺഗ്രസ്പാർട്ടി നേതാവ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രഖ്യാപിച്ചത്. ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'തവളയെ പിടിച്ചു ഗണപതിയാക്കിയാൽ ഉറച്ചിരിക്കുകയില്ലെന്ന്. അതുപോലെയാണ് ശ്രീ പനമ്പിള്ളിയെ പ്രതിപക്ഷത്തിരുത്താനുള്ള ശ്രമവും. അദ്ദേഹം അവിടെ ഉറച്ചിരിക്കുകയില്ലെന്നുള്ളതു നേരത്തെ ഞങ്ങൾക്കു ബോദ്ധ്യമുള്ള കാര്യമാണ്.

ഞങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇന്നത്തെ പ്രത്യേക രാഷ്ട്രീയനിലപാടിൽ, കാൺഗ്രസ്സിനെ അധികാരത്തിൽ വരുത്താതിരിക്കാൻ വേണ്ടിയെങ്കിലും, പി. എസ്. പി. യെ പിൻതാങ്ങേണ്ടതായിട്ടാണിരിക്കുന്നത്. ഈ പ്രമേയം പാസ്സാകുന്ന പക്ഷം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ എത്ര ഗുരുതരമായിരിക്കുമെന്നു ശ്രീ. രാമസ്വാമിയും, കരയാളരും ആലോചിച്ചുനോക്കണമെന്നു എനിക്കഭ്യർത്ഥനയുണ്ട്. ശ്രീ. താണുലിംഗനാടാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി, ഇവിടെ ഏതു പാർട്ടി ഭരണത്തിൽ വരുന്നതിലും അവർക്ക് സന്തോഷമോ, പ്രത്യേക താല്പര്യമോ ഇല്ലെന്ന്. വിശേഷിച്ചും കാൺഗ്രസ്സ് അധികാരത്തിൽ വരുന്നതിൽ പ്രത്യേക താൽപ്പര്യമില്ലെന്നു സൂചിപ്പിക്കുകയുണ്ടായി. ഞാൻ ചോദിക്കുന്നു തമിഴനാട്ടു കാൺഗ്രസ്സു നേതാവായ ശ്രീ. എ. നേശമണി, തമിഴ്നാട്ടു, കാൺഗ്രസ്സുകാരുടെ പിൻതുണ കാൺഗ്രസ്സു പാർട്ടിക്കുണ്ടായിരിക്കുമെന്നു നെഹ്റുവിനെ കമ്പിയടിച്ചു അറിയിച്ചതു്, കാൺഗ്രസ്സിനെ അധികാരത്തിൽ കൊണ്ടുവരണമെന്നു അവർക്കുള്ള പ്രത്യേക താൽപ്പര്യം കൊണ്ടായിരുന്നില്ലേ ?

ജൂലൈ 16-ാം നു- പുന്നപ്ര—വയലാർ പ്രതികളുടെ മോചനത്തെപ്പററി ശ്രീ. പട്ടം ചെയ്ത പ്രസ്താവനയും, അതുകഴിഞ്ഞു് ഈയിടെ അദ്ദേഹം ചെയ്ത പ്രസ്താവനയും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു ശ്രീ. കരുണാകരൻ പറയുകയുണ്ടായി. വൈരുദ്ധ്യമുണ്ടെന്നു ഞാനും സമ്മതിക്കുന്നു. ജൂലൈ 16-ാം നു- കാൺഗ്രസ്സിന്റെ പിൻതുണയോടുകൂടിയായിരുന്നു ശ്രീ. പട്ടം താണുപിള്ള ഭരണം നടത്തിയിരുന്നതു്. ഇപ്പോൾ നിങ്ങളുടെ പിൻതുണയില്ല, ഇടതുപക്ഷപാർട്ടികളുടെ പിൻതുണയോടുകൂടിയാണു ഭരണം നടത്തുന്നതു്. അതുകൊണ്ടാണു പ്രസ്താവനകൾക്കു ആ വ്യത്യാസം കാണാനിടയായതു്. ആ വ്യത്യാസം കാണാൻ ഞാൻ സഖാവു രാമസ്വാമിയോടു അപേക്ഷിക്കുന്നു. പി. എസ്. പി. യുടെ ദുഷ്ചെയ്തികൾക്കൊന്നും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട കർത്തവ്യം എനിക്കില്ല. രാജപ്രമുഖന്റെ കൂതറതാപ്രമേയത്തെപ്പററി വാദപ്രതിവാദം നടന്ന സമയം ഞാൻ അക്കാര്യം പറഞ്ഞിട്ടുണ്ട്. പക്ഷെ ഇവർക്കു ഒരു ചാൻസുകൂടി നൽകേണ്ടതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഒന്നുമില്ലെങ്കിലും കാൺഗ്രസ്സുകാരെ ഇവിടെ വരുത്താതിരിക്കുന്നതിനു് ഇന്നത്തെ മന്ത്രിസഭ തുടർന്നുപോകേണ്ടതു് ആവശ്യമാണ്. ഞങ്ങൾക്കു ഭൂരിപക്ഷം കിട്ടിയാൽ ഞങ്ങൾ അധികാരത്തിൽ ഇരിക്കും. അതു സാധിച്ചില്ലെങ്കിൽ കാൺഗ്രസ്സുകാരെ അധികാരത്തിൽ വരുത്താതിരിക്കുവാൻ ശ്രമിക്കണമെന്നു ഞങ്ങൾ മനപ്പൂർവ്വം തീരുമാനിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ പുരോഗതിക്കു് കാൺഗ്രസ് അധികാരത്തിൽ വരാതിരിക്കേണ്ടതു് ആവശ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു. സഖാവു രാമസ്വാമിയുടെ പ്രമേയത്തിന്റെ പിന്നിലുള്ള ആത്മാർത്ഥതയേയും ഉദ്ദേശശുദ്ധിയേയും ആദരിക്കുന്നതോടൊപ്പം ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു എന്നു പറഞ്ഞതിന്റെ പൊരുൾ മറെറാന്നുമല്ല.

Mr. Speaker: Order, order, I think several hon. Members are anxious to speak. Should I extend the time?

Shri Panampilli Govinda Menon: You have already fixed the time. Then why should you extend?

Mr. Speaker: Mr. K. Balakrishnan.

Shri A. A. D. Luiz: May I be given a chance?

Mr. Speaker: No. One Congress Member has already spoken. There is not sufficient time.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, സഖാവു രാമസ്വാമി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസപ്രമേയത്തെ, എന്റെ മുൻപു പ്രസംഗിച്ച സ്നേഹിതൻ, സഖാവു എം. പി. മേനോൻ പറഞ്ഞതുപോലെ അതു അവതരിപ്പിക്കുവാൻ പ്രാദേശികത്തിനുണ്ടായ മനോവിചാരത്തെ, ബഹുമാനിച്ചുകൊണ്ടുതന്നെ എതിർക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ നിയമസഭയുടെ ചരിത്രത്തിലൊ ഈ രാജ്യത്തിന്റെ ചരിത്രത്തിലൊ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത വിചിത്രതരമായ ഒരു രാഷ്ട്രീയ സന്ധിയിലാണു് ഇന്നു നാടു് എത്തിച്ചേർന്നിരിക്കുന്നതു്. രാഷ്ട്രീയ പ്രവർത്തനത്തിൽ എല്ലാ രാഷ്ട്രീയ പ്രവർത്തകന്മാർക്കും, എല്ലാ രാഷ്ട്രീയപാർട്ടികൾക്കും രണ്ടുഭാവങ്ങളുണ്ടു്. ചില സന്ദർഭങ്ങളിൽ ക്രിയാത്മകങ്ങളായ ഭാവങ്ങൾക്കുമാത്രം പ്രാധാന്യം നൽകി പ്രവർത്തിച്ചാൽ വിചാരിച്ചഫലം കൈവരുത്താൻ സാധിച്ചുവെന്നുവരാം. ചില സന്ദർഭങ്ങളിൽ അങ്ങനെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഞാൻ, എന്നെ നോക്കിക്കൊണ്ടുമാത്രവും, എനിക്കുണ്ടാകുന്ന പ്രത്യാഘാതങ്ങളെ നോക്കിക്കൊണ്ടുമാത്രവും പ്രവർത്തിക്കുന്ന സന്ദർഭത്തിൽ ഉദ്ദേശിച്ച ഫലം സാദ്ധ്യമല്ലാതെ വരുന്ന പരിതഃസ്ഥിതിയും ഉണ്ടാകാറുണ്ടു്. ഇന്നു് ഈ നാട്ടിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു പരിതഃസ്ഥിതി ഉണ്ടായി. വളരെ വിചിത്രതരമായ ഒരു പാർട്ടി നിലപാടാണു് ഈ നിയമസഭയ്ക്കകത്തുള്ളതു്. വ്യക്തമായ ഭൂരിപക്ഷത്തോടുകൂടി ഒരു പാർട്ടിയും ഇവിടെയില്ല. തിരഞ്ഞെടുപ്പുകഴിഞ്ഞു ആദ്യമായി ഇവിടെ നാം സമ്മേളിച്ചപ്പോൾ ഈ പരിതഃസ്ഥിതി ഈ നിയമസഭയിലെ സാമാജികന്മാർ കാണുകയുണ്ടായി. അന്നു് പൊതുതെരഞ്ഞെടുപ്പിലൂടെ വന്നിട്ടുള്ള വിധി നടപ്പിൽ വരുത്തുവാൻ ഇടതുപക്ഷപാർട്ടികൾ ഒന്നിച്ചുചേർന്നു് ജനങ്ങൾ പറഞ്ഞ കാര്യങ്ങൾ ഓർമ്മയിൽ വച്ചുകൊണ്ടു് ഈ രാജ്യം ഭരിക്കുന്നതിനു് ഒരു ഭരണകക്ഷിയെ രൂപീകരിക്കണമെന്നായിരുന്നു പൊതുവെ ഉണ്ടായ അഭിലാഷം. തിരഞ്ഞെടുപ്പിനു ഒന്നിച്ചു ചേർന്ന ഇടതുപക്ഷകക്ഷികൾ, ഒന്നിച്ചു ചേർന്നു് ഭരണം നടത്തുന്ന പക്ഷം അതു അധികാരം തങ്ങളുടെ കുത്തകാവകാശമെന്നു വിചാരിക്കുന്ന കാൺഗ്രസിനു് കുഴപ്പം വരുത്തുമെന്നു കണ്ടിട്ടു് ഇടതുപക്ഷകക്ഷികളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുവാനും, അവരുടെ യോജിച്ചുള്ള പരിശ്രമത്തെ ശൈഥില്യപ്പെടുത്താനും കാൺഗ്രസു ശ്രമിച്ചു. ഈ പരിശ്രമങ്ങളുടെ ഉള്ളുകള്ളികൾ വേണ്ടവിധം കാണുവാൻ ഉള്ള കഴിവില്ലായ്മകൊണ്ടോ, മററു കാരണങ്ങൾകൊണ്ടോ കാൺഗ്രസ്സുകാർ ഉറച്ചു് പിൻതുണ നൽകുമെന്നുള്ള വ്യാമോഹത്തോടുകൂടി ഒരു പി. എസ്. പി. ഭരണകൂടം ഇവിടെ വന്നു. വളരെക്കാലമായി കാൺഗ്രസുഭരണത്തിന്റെ ചെയ്തികൾ അനുഭവിച്ചു്, ആ അനുഭവത്തിന്റെ പാഠങ്ങളിൽ കൂടി ഈ രാഷ്ട്രീയ ചരിത്രത്തിനു് ഒരു വൈവിദ്ധ്യം ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി കാൺഗ്രസിനെ നിയമസഭയിലെ ഒരു ന്യൂനപക്ഷമാക്കി ജനങ്ങൾ തിരഞ്ഞെടുത്തയച്ചു എങ്കിലും, ആ ന്യൂനപക്ഷത്തിനെ ഇവിടത്തെ ഭരണം

എല്ലിക്കുവാൻ സാധിക്കാത്ത ഒരു ചരിത്രസ്ഥിതി ഉണ്ടായെന്നു കണ്ടപ്പോൾ പി. എസ്. പി. ക്കു് പിൻതുണ നല്കാമെന്നു കാൺഗ്രസ്സു തീരുമാനിച്ചതും, ജനങ്ങൾ പ്രതീക്ഷിച്ചിരുന്നതിനു് എതിരായി കാൺഗ്രസ്സു പിൻതുണയോടുകൂടി പി. എസ്. പി. ഭരണഭാരം ഏറ്റെടുത്തതും ഇവിടത്തെ രാഷ്ട്രീയ പുരോഗതിക്കുള്ള ഒരു തിരിച്ചടിയായിരുന്നു. വളരെ നൈരാശ്യത്തോടും, വേദനയോടുംകൂടി ആ തിരിച്ചടി ഞങ്ങൾ നോക്കിക്കൊണ്ടിരുന്നു. കാൺഗ്രസ്സു പിൻതുണയോടുകൂടി ഭരണം നടത്തുന്ന പി. എസ്. പി. യുടെ ഭരണം ഒരിക്കലും ഒരു ഇടതുപക്ഷ കക്ഷിയുടെ ഭരണം അല്ലെന്നും, ആ ഭരണകൂടത്തിനു് ഒരിക്കലും ഇടതുപക്ഷതാല്പര്യങ്ങൾ പരിരക്ഷിക്കാൻ സാദ്ധ്യമല്ലെന്നും ഞങ്ങൾ മനസ്സിലാക്കി. ഇന്നാട്ടിലെ ജനങ്ങളുടെ ചിന്താഗതിക്കെതിരായ ഒരു ഭരണകൂടമായി മാത്രമെ കാൺഗ്രസ്സു പിൻതുണയോടുകൂടിയ പി. എസ്. പി ഭരണകൂടത്തെ കാണാൻ ഞങ്ങൾക്കു കഴിയുന്നുള്ളു. നിയമസഭയ്ക്കകത്തും പുറത്തുമുള്ള ചിന്താഗതി ഇടതുപക്ഷ പിൻതുണയോടുകൂടിയ ഒരു ഭരണകൂടം ഉണ്ടാകണമെന്നുള്ളതായതുകൊണ്ടു് നാട്ടിന്റെ രാഷ്ട്രീയപുരോഗതിക്കെതിരായ ഒരു ഭരണകൂടമായിട്ടുമാത്രമെ കാൺഗ്രസ്സു പിൻതുണയോടുകൂടിയ പി. എസ്. പി. ഭരണകൂടത്തെ കാണുവാൻ സാധിച്ചുള്ളു. ആലപ്പുഴ സമ്മേളനത്തിൽ വച്ചു ഗ്രൂപ്പംകൊണ്ടു്, എറണാകുളത്തുവച്ചു സ്ഫുടം ചെയ്തു് കാൺഗ്രസ്സു പിൻതുണ പിൻവലിച്ചിരിക്കുന്നു എന്ന ഒരു തീരുമാനം ഉണ്ടായപ്പോൾ പുതിയ ഒരു രാഷ്ട്രീയ പരിതഃസ്ഥിതി ഉണ്ടായി. അങ്ങനെ പുതിയതായ ഒരു ഗ്രൂപ്പം എടുത്തിട്ടുള്ള പി. എസ്. പി. ഭരണകൂടത്തിനു്, കഴിഞ്ഞ പത്തുമാസക്കാലമായ്, നാട്ടിന്റെ പുരോഗതിക്കു പ്രതിബന്ധം ഉണ്ടായിക്കൊണ്ടിരുന്ന കാൺഗ്രസിന്റെ പിൻതുണ പിൻവലിക്കപ്പെട്ടതിനെ തുടർന്നു്, ഇടതുപക്ഷ പിൻതുണ നല്കി ജനഭൂരിപക്ഷം അനുസരിച്ചു പുരോഗമിക്കുന്നതിനുള്ള അവസരം നൽകുന്നതിനു് ഇവിടത്തെ ഇടതുപക്ഷകക്ഷികൾ ശ്രമിക്കണമെന്നും, അതു രാജ്യത്തിന്റെ ഒരു ആവശ്യമാണെന്നും ഞങ്ങൾ വിചാരിച്ചു. ഞങ്ങൾ നൽകുന്ന പരിപാടികളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ പിൻതുണനൽകും. ഇതിനകത്തു് ഒളിച്ചുകളികളൊ ലജ്ജയൊ, നാണക്കേടൊ ഒന്നുമില്ല. നാട്ടുകാരോടു ചെയ്യുമെന്നു പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തിയാൽ അവയെ പിൻതാങ്ങാനുള്ള സാദ്ധ്യത ഞങ്ങൾക്കുണ്ടു്. പരിപാടിയുടെ അടിസ്ഥാനത്തിൽ പിൻതുണ നൽകുമെന്നു പറയുന്നതും, അതതു പ്രശ്നങ്ങൾനോക്കി വോട്ടുചെയ്യുമെന്നു പറയുന്നതും രണ്ടും രണ്ടാണു്. ബൻറിക്കു് പ്രഭുവിന്റെ കാലത്തിനു മുൻപു് 'സതി' നിലവിലുണ്ടായിരുന്നപ്പോൾ വൃദ്ധഭർത്താവിനെ ഹോമിക്കുന്ന തീക്കുണ്ഡത്തിലേക്കു് മുളകോലുകൊണ്ടു തള്ളിയെറിയപ്പെടുന്ന യുവതിയായ ഭാര്യയുടെ വേദനയോടുകൂടി പിൻതുണയെന്ന അഗ്നികുണ്ഡത്തിൽ മനസ്സില്ലാമനസ്സോടെ ചാടിയെന്നു പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഏതു പാർട്ടി അധികാരത്തിലിരിക്കുമ്പോഴായാലും, നാട്ടിനു നല്ലതെന്നു തങ്ങൾക്കു തോന്നുന്ന പരിപാടികൾ നിയമസഭയുടെ മുൻപാകെ ചർച്ചയ്ക്കു വരുമ്പോൾ അതിനെ പിൻതാങ്ങാനുള്ള ബാദ്ധ്യസ്ഥത ഏതു പാർട്ടിക്കുമുണ്ടു്. കാൺഗ്രസുതന്നെ പ്രതിപക്ഷത്തു നിന്നുകൊണ്ടു ഇടതുപക്ഷപാർട്ടികൾ ഉന്നയിക്കുന്ന ചില പരിപാടികളെ പിൻതാങ്ങിയിട്ടുള്ളതായി നമുക്കറിയാം. പി. എസ് പി. സ്വതന്ത്രമായി ആലോചിച്ചു് നിയമസഭയിൽ കൊണ്ടുവരുന്ന കാര്യങ്ങൾ ആരെങ്കിലും സ്വീകരിക്കുന്നുണ്ടോ, ആരെങ്കിലും സ്വീകരിക്കാതിരിക്കുന്നുണ്ടോ

[ശ്രീ. കെ. ബാലകൃഷ്ണൻ]

എന്നു ചിന്തിക്കുന്നതിനോക്കേണ്ട ആവശ്യം ഞങ്ങൾക്കില്ല. ഏതെങ്കിലും പരിപാടിയുടെ അടിസ്ഥാനത്തിൽ പിൻതുണ നൽകാൻ തയ്യാറാകുമ്പോൾ, പിൻതുണനൽകാൻ കഴിയാത്ത പരിപാടികൾ മന്ത്രിസഭയിൽനിന്നുണ്ടാകാതിരിക്കുവാൻ ഞങ്ങൾ ശ്രദ്ധിക്കും. അങ്ങനെ നാട്ടിന്റെ ആവശ്യത്തെ പുരസ്കരിച്ച് പി. എസ്. പി. ഭരണകൂടത്തിന് ക്രിയാത്മകമായ രാഷ്ട്രീയ പുരോഗതിയെ ആശിച്ചുകൊണ്ട് പിൻതുണ നൽകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പിൻതുണ നൽകാവുന്ന പരിപാടികൾ മാത്രം അവതരിപ്പിക്കാൻ ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുന്ന ചുമതലകൂടി പരിപാടിയുടെ അടിസ്ഥാനത്തിൽ പിൻതുണനൽകുന്നവർക്കുണ്ട്. പിൻതുണ നൽകുന്നതു് ഈ നാട്ടിലെ ഇടതുപക്ഷപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു ആവശ്യമാണെന്ന ബോധം കൊണ്ടുതന്നെയാണ്.

ഇപ്പോൾ സഖാവു രാമസ്വാമി അവതരിപ്പിച്ചിട്ടുള്ള അവിശ്വാസപ്രമേയത്തിൽ ഉന്നയിച്ച പ്രശ്നങ്ങളോടും, ചിന്താഗതിയോടും ഞങ്ങൾക്കു് യോജിപ്പുണ്ട്. എന്നാൽ ആ നിലയിലുള്ള യാതൊരു ചിന്താഗതിയുമില്ലാതെ അദ്ദേഹത്തിന്റെ പ്രമേയത്തെ അനുകൂലിക്കുന്ന സ്നേഹിതന്മാരും ഈ സഭയിലുണ്ട്. സഖാവ് രാമസ്വാമിക്ക് തമിഴ്നാട്ടുകാരോടും തൊഴിലാളികളോടുമുള്ള ഗവണ്മെന്റിന്റെ നയത്തിൽ പ്രതിഷേധമുണ്ട്. ആ പ്രതിഷേധങ്ങൾ അതേ വികാരവായ്പോടുകൂടിയും, അത്ര തീക്ഷ്ണമായ ഉദ്ദേശശുദ്ധിയോടുകൂടിയും ഞങ്ങളുടെ ഉള്ളിലുമുണ്ട്. തൊഴിലാളി പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പി. എസ്. പി. ഭരണകൂടത്തെ ഒരു സോഷ്യലിസ്റ്റ് ഭരണകൂടമായി കണക്കാക്കുവാൻ സാദ്ധ്യമല്ലെന്നു സഖാവ് രാമസ്വാമി പറയുന്നതിനോടും ഞങ്ങൾക്കു യോജിപ്പുണ്ട്. പക്ഷെ ഒന്നുണ്ട്, എനിക്ക് അദ്ദേഹത്തോടു ചോദിക്കാൻ. ഞാനും സഖാവു രാമസ്വാമിയും ഈ അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ മാത്രം ആകാശത്തു നിന്നു പൊട്ടിവീണവരാണോ? ഇവിടത്തെ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി ത്രിവർണ്ണപതാകയും വഹിച്ച് സമരം നടത്തിയവരും, രക്തം ചിന്തിയവരും എന്നു പറഞ്ഞു് പെരുമ്പറയടിക്കുന്നവരോടൊപ്പം, ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയിട്ടുള്ളവരും, വിയർപ്പ് ഒഴുക്കിയിട്ടുള്ളവരും, രക്തം ചിന്തിയിട്ടുള്ളവരുമാണ് ഞങ്ങളെന്ന് അഭിമാനത്തോടുകൂടി ഞാൻ സഖാവു രാമസ്വാമിയോടു പറയുന്നു. പൗരബോധത്തെ സംബന്ധിച്ചിടത്തോളവും, ആത്മാർത്ഥതയെ സംബന്ധിച്ചിടത്തോളവും, മൗലികാവകാശങ്ങളെ സംബന്ധിച്ചിടത്തോളവും ആരാലും ചോദ്യം ചെയ്യപ്പെടാതെ ജീവിച്ചു പോരുന്നവരും, ഒരിക്കലും ഒരു രുടെയും പിന്നിൽപോയി ഒളിച്ചിരിക്കുന്ന പാരമ്പര്യം ഇല്ലാത്തവരും ആയ ആളുകളാണ് നമ്മൾ. നാം ഇവിടെ കാര്യങ്ങൾ കണ്ടും കേട്ടും അനുഭവിച്ചും ജീവിക്കുന്നവരാണ്. തൊഴിലാളിയുടെ പേരിലും, സ്വാതന്ത്ര്യത്തിന്റെ പേരിലും നമുക്കു മന്നിച്ചുനിന്നു സംസാരിക്കാൻ അർഹതയുണ്ട്. തൊഴിലാളികളെയും തമിഴ്നാട് കാൺഗ്രസ്സുകാരെയും പോലീസുകാർ മർദ്ദിച്ചതിനെപ്പററി സഖാവു രാമസ്വാമി പരാതിപ്പെട്ടു. ഞാൻ അദ്ദേഹത്തോടു ചോദിക്കട്ടെ, ഈ പ്രമേയം പാസ്സായാൽ അതുകഴിഞ്ഞുവരുന്ന ഭരണകൂടം ഇങ്ങനെയുള്ള പോലീസുമർദ്ദനത്തെ അവസാനിപ്പിക്കുമെന്ന് സഖാവ് രാമസ്വാമിക്കു ബോദ്ധ്യമുണ്ടോ? എങ്കിൽ ഈ പ്രമേയത്തെ പിൻതാങ്ങാൻ ഞങ്ങൾ തയ്യാറാണ്.

ഈ ഭരണം അങ്ങു മാറിയാൽമതി, വേറെ ഏതൊരു ഭരണം വരുന്നതിലും വൈഷമ്യമില്ലെന്നു പറഞ്ഞാൽ അതിനോടു യോജിക്കുവാൻ വിഷമമുണ്ടു്. ശ്രീ. കുഞ്ഞൻ നാടാർ അദ്ദേഹത്തിന്റെ പേരിൽ മോതിരം മോഷ്ടിച്ചു എന്ന ചാർജ്ജു് ചുമത്തി ഈ സർക്കാർ കേസ്സെടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതു് ശരിയാണെങ്കിൽ ഏററവും ലജ്ജാകരമായ ഒരു നടപടിയാണു്; ആക്ഷേപകരമായ ഒരു നടപടിയാണെന്നുള്ളതിൽ തർക്കമില്ല. പക്ഷെ, ആരുടെ പിൻതുണ പ്രതീക്ഷിച്ചാണോ സഖാവു രാമസ്വാമി പ്രമേയം അവതരിപ്പിച്ചതു്, അവർ ഭരണാധികാരത്തിലിരുന്നപ്പോൾ എന്താണു് ചെയ്തതു്? പാലം മോഷ്ടിച്ചു എന്നും തേങ്ങ മോഷ്ടിച്ചു എന്നും സഖാവു ശ്രീകണ്ഠൻ നായരുടെ പേരിൽ കുററം ചുമത്തി അദ്ദേഹത്തെ അറസ്ററുചെയ്തു ശിക്ഷിക്കുകയുണ്ടായി. ഒരു ആൾക്കൂട്ടത്തിനിടയിൽവച്ചു് ഒരു സ്ത്രീയും കുഞ്ഞും ആളുകളുടെ ചവിട്ടേററു് അവശരായി പിന്നീടു് മൃതിയടഞ്ഞുപോയ ചില സംഭവങ്ങൾ ശ്രീ. കുഞ്ഞൻനാടാർ വിവരിച്ചു. അതിൽ പ്രതിഷേധമുള്ള രാമസ്വാമിയെ പിൻതാങ്ങുന്നവർ എന്താണു് ചെയ്തതു്? സൂര്യൻ മറഞ്ഞു് അന്ധകാരം പടരുമ്പോൾ ചോരത്തിളപ്പുള്ള ചെറുപ്പക്കാരെ ഇരുമ്പഴികൾക്കു് പിന്നിലിട്ടു് ഇടിച്ചു ചതച്ചു് ചോരതുപ്പിച്ചു് ഇഞ്ചിഞ്ചായി കൊന്നിട്ടുള്ള പാരമ്പര്യമാണു് അവർക്കുള്ളതു്. അങ്ങനെ അനവധി ചെറുപ്പക്കാരെ ചോരതുപ്പിച്ചു കൊന്നിട്ടുള്ള ചരിത്രമുള്ള ഇവരെ, തങ്ങളുടെ കൈവശം പട്ടാളവും പോലീസും ഇല്ലെങ്കിൽ സ്വന്തംതോക്കെടുത്തു കൊല്ലുവാൻപോലും മടിയില്ലാത്ത ഈ കാൺഗ്രസ്സുകാരെ വീണ്ടും ഭരണഭാരം ഏൽപ്പിക്കാമെന്നും അങ്ങനെ തൊഴിലാളികളെ സംരക്ഷിക്കാമെന്നും വിചാരിക്കുവാൻ സഖാവു രാമസ്വാമിക്കു കഴിയുമോ? ഞാൻ ഇപ്പറഞ്ഞ കാര്യങ്ങളെ അനേകമനേകം വർഷങ്ങളിലെ രാഷ്ട്രീയ പാരമ്പര്യമുള്ള രാമസ്വാമിക്കു നിഷേധിക്കുവാൻ സാദ്ധ്യമല്ലെന്നു എനിക്കു നിശ്ചയമുണ്ടു്. ഈ നാട്ടിലെ സ്വാതന്ത്ര്യത്തിനു ചോരയും നീരും നൽകിയിട്ടുള്ള ഇവിടത്തെ തൊഴിലാളികളുടെമേൽ നടത്തിയ പോലീസുമർദ്ദനത്തെ പ്രതിഷേധിക്കുവാൻ ഒരു ചെറുവിരൽ പോലും അനക്കിയിട്ടില്ലാത്ത കാൺഗ്രസ്സുകാരുടെ കൈകളിൽ ഭരണാധികാരം ഏൽപ്പിക്കുന്നപക്ഷം ഇവിടത്തെ പോലീസുമർദ്ദനം അവസാനിപ്പിക്കും എന്നു് ഉറപ്പു പറയുവാൻ രാമസ്വാമിക്കു കഴിയുമോ?

ശ്രീ. കരുണാകരൻ പറയുകയുണ്ടായി, ഒരു സ്ഥലത്തു് ഏഴുപേരെ മാത്രം യൂണിയനായി രജിസ്റ്റർ ചെയ്യുവാനായി ലേബർ ഡിപ്പാർട്ടുമെൻറിരിക്കുന്നുവെന്നു്. ഏഴുപേർ ഒരു യൂണിയൻ രജിസ്റ്റർ ചെയ്യണമെന്നു് ഏഴുതിക്കൊടുത്താ രജിസ്റ്റർ ചെയ്യണമെന്നു നിയമമുണ്ടെങ്കിൽ രജിസ്റ്റർ ചെയ്യാതിരിക്കണമെന്നാണോ ശ്രീ. കരുണാകരന്റെ വാദം? ഒരു മുതലാളിയെപ്പററി അദ്ദേഹം ആക്ഷേപം പറയുകയുണ്ടായി. നാട്ടിലുള്ള എല്ലാ വ്യവസായശാലകളിലുമുള്ള തൊഴിലാളിയൂണിയനുകളെ നമുക്കെടുക്കാം. കാൺഗ്രസ്സുകാരുടെ കരിങ്കാലിസംഘടനകൾ ഇല്ലെങ്കിൽ ഈ യൂണിയനുകളിൽ ഒന്നിലും ഒരു കുഴപ്പവും ഉണ്ടാകുകയില്ല.

ശ്രീ. കരുണാകരൻ ഇന്നു് അംഗമായിരിക്കുന്ന രജിസ്റ്റർ ചെയ്ത ഒരു യൂണിയനിൽ ലേബർമന്ത്രി പ്രസംഗിച്ചതിനെ അപലപിക്കുകയുണ്ടായി. ഇക്കഴിഞ്ഞദിവസം അതായതു് മിനിഞ്ഞാന്നാണു് കൊല്ലത്തു രജിസ്റ്റർ

[ശ്രീ. കെ. ബാലകൃഷ്ണൻ]

ചെയ്യാത്ത ഒരു യൂണിയൻ ഉൽഘാടനം ചെയ്തുകൊണ്ടാണ് അദ്ദേഹത്തിന്റെ നേതാവ് പ്രസംഗിച്ചതെന്നുള്ള കാര്യം അദ്ദേഹം വിസ്മരിച്ചുപോയിരിക്കാം. ഇവിടത്തെ തൊഴിലാളികൾക്ക് ഒരു പാഠമുണ്ടു സാർ, ഇവിടത്തെ തൊഴിലാളികളെക്കൊണ്ട് കരിങ്കാലിപ്പണി ചെയ്യിച്ചിട്ടുള്ളവർ ശ്രീ. കരുണാകരൻ ഉൾപ്പെട്ട കാൺഗ്രസ്സ് പാർട്ടിയിൽപ്പെട്ടവരാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. രാമസ്വാമിയുടെ പ്രസംഗത്തിൽ ഈ ഭരണകൂടം ചെയ്തിട്ടുള്ള തെററുകളെപ്പററി പ്രഖ്യാപിച്ചു കേട്ടു. ഈ ഗവണ്മെൻറിന്റെ ചെയ്തികളെ താങ്ങി പറയുവാനോ, തെററുകൾ തെററുകൾ അല്ലെന്നു പറയുവാനോ എനിക്കു പ്രത്യേക താൽപ്പര്യമില്ല. പത്തുമാസത്തിനു മുൻപ് ഈ കാൺഗ്രസ്സുകാർ പി. എസ്. പി. ക്ക് പിൻതുണയുമായി ഓടിയെത്തിയിരുന്നതു് നല്ലകാര്യങ്ങൾ നടക്കണമെന്നുള്ള ആഗ്രഹംകൊണ്ടല്ല. നല്ലകാര്യങ്ങൾ നടക്കരുതു്, നടത്തരുതു് എന്നുള്ള നിർബ്ബന്ധംകൊണ്ടാണ്. നാടു പുരോഗമിക്കണമെന്നുള്ള ആഗ്രഹം കൊണ്ടല്ല, ശ്രീ. പട്ടം താണുപിള്ളയേയും പി. എസ്. പി. യെയും ഇവിടെ നിലനിർത്തി വാഴിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയല്ല, അന്നവർ പിൻതുണ നൽകാമെന്നു പറഞ്ഞതു്. ഈ മന്ത്രിസഭയിൽ നിന്നും പല ആനുകൂല്യങ്ങളും തട്ടിയെടുക്കാമെന്നും, മന്ത്രിസഭയെക്കൊണ്ടു് പല ശുപാർശകളും ചെയ്തു് കാര്യങ്ങൾ സാധിക്കാമെന്നുമുള്ള മനോരാജ്യത്തോടുകൂടിയായിരുന്നു എന്നും, അല്ലെങ്കിൽ സൗകര്യംപോലെ ഇവരെ മറച്ചിട്ടിട്ട് ഈ മന്ത്രിക്കസേരകൾ അവർക്കു കരസ്ഥമാക്കാമെന്നും ആയിരുന്നു അവരുടെ ഉദ്ദേശമെന്ന് ഞങ്ങൾക്കു മുൻകൂട്ടി അറിയാമായിരുന്നു. അന്നുതന്നെ, അതായതു പത്തു മാസങ്ങൾക്കു മുൻപുതന്നെ ഞങ്ങൾ ഈ വിവരങ്ങൾ ശ്രീ. പട്ടത്തിനെ ധരിപ്പിച്ചു. പക്ഷെ, അന്ന് അദ്ദേഹത്തിന് അതു് വിശ്വാസമായിരുന്നില്ല. എന്നാൽ ഇന്ന് ഇക്കാര്യം അദ്ദേഹത്തിനു വിശ്വാസമായിട്ടുണ്ടെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. കാൺഗ്രസ്സ് പിൻതുണയോടു കൂടിയ ഒരു ഭരണകൂടം അല്ലായിരുന്നുവെങ്കിൽ ഈ തമിഴ്നാട് പ്രശ്നത്തിന് ഒരു ശരിയായ പരിഹാരമുണ്ടാക്കാൻ നമ്മുടെ മുഖ്യമന്ത്രിക്ക് കഴിയുമായിരുന്നില്ലേ എന്നു ഞാൻ ചോദിക്കുകയാണ്. കാൺഗ്രസ്സിലെ ഉന്നതന്മാരായ നേതാക്കന്മാർ, അതിന് എതിരായിരുന്നു. പി. എസ്. പി. ഗവണ്മെൻറ് ആരുടെ പിൻതുണ ലഭിക്കുന്നതിനു വേണ്ടിയാണോ അന്ന് വഴങ്ങിക്കൊടുത്തതു്, അതേ കാരണത്താൽതന്നെ അവർ ഇന്ന് കോടാലികൈയും ഉയർത്തിക്കൊണ്ടുവരുമെന്ന് പക്ഷെ അന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നതല്ല. പി. എസ്. പി. നേതാവിനോടു് അന്ന് ഈ വിവരങ്ങൾ ഞങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹത്തിനതു മനസ്സിലായില്ല. ഇന്ന് അതു് അനുഭവിച്ചറിയുന്നതുവരെ കാത്തുനിന്ന അദ്ദേഹത്തിന്റെ നേർക്ക് മുല്ലമൊട്ടുകൊണ്ടു് മാലകോർക്കുമെന്നു വിചാരിച്ചിരുന്ന കൈകൾ കൊണ്ടു തന്നെ കോടാലി ഉയർത്തുന്ന കാഴ്ച കാണുവാൻ വളരെ രസമുണ്ടു്. എന്തായാലും ഇന്ന് അദ്ദേഹത്തിന് ഈ വിവരങ്ങൾ ബോദ്ധ്യം വന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്. തമിഴനാടു പ്രക്ഷോഭണത്തെ തുടർന്ന് അവിടെ ഒട്ടേറെ പോലീസ്മർദ്ദനങ്ങൾ നടന്നിട്ടുണ്ടെന്നുള്ള കാര്യം ഞങ്ങൾക്കറിയാം. കഴിഞ്ഞ ആഗസ്റ്റ് 11-ാംനു- അവിടെ നടന്ന വെടിവയ്പിനെപ്പററിയും 114-ൽ കടയ്ക്കൽ നടന്ന പോലീസുവെടിവയ്പിനു

ശേഷം നടന്നിട്ടുള്ള പല വെടിവയ്പുകളെപ്പററിയും ഇവിടെ പ്രാതികൾ ഉണ്ടായിട്ടുണ്ട്. തമിഴനാട്ടിൽ ആഗസ്റ്റ് 11-ാംനു-യ്ക്കുശേഷം ഒരു ശ്മശാനശാന്തത വ്യാപിച്ചിരുന്ന സന്ദർഭത്തിൽപ്പോലും യാതൊരു നിയന്ത്രണവുമില്ലാതെ പോലീസ് മർദ്ദനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഞങ്ങൾക്കറിയാം. ഈ കാൺഗ്രസ്സിന്റെ പിൻതുണ ഉണ്ടായിരിക്കുമ്പോൾ ഇങ്ങനെ നടക്കുന്നതിൽ അത്ഭുതപ്പെടേണ്ട കാര്യവുമില്ല. ഏതു പാർട്ടിയിൽപ്പെട്ട ആളായാലും ശരി, ഇങ്ങനെ ഇടതടവില്ലാതെ നിരങ്കുശമായി നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസുമർദ്ദനങ്ങൾ കണ്ടുകൊണ്ടിരിക്കുക ഒരു രാഷ്ട്രീയപ്രവർത്തകന് സാദ്ധ്യമല്ല.

തമിഴനാടുപ്രദേശങ്ങൾ തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തുനിന്നും തിരിച്ചു മററു തമിഴ സംസാരിക്കുന്ന പ്രദേശങ്ങളിലേയ്ക്ക് ലയിപ്പിക്കുവാനുള്ള ഒരു അവകാശവാദത്തിന്റെ പേരിൽ ഉടലെടുത്തിട്ടുള്ളതാണ് തമിഴനാടു പ്രക്ഷോഭണം. ഭാഷയുടെ അടിസ്ഥാനത്തിലുള്ള സ്വയം നിർണ്ണയാവകാശത്തെ അംഗീകരിക്കുന്നതിലും, അനുവദിക്കുന്നതിലും അനുകൂലിക്കാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ, അതിലേയ്ക്കുള്ള അവകാശങ്ങൾ പൂർണ്ണമായി അനുവദിച്ചുകൊടുക്കുവാൻ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറുമാത്രം വിചാരിച്ചാൽ പോര. ഭരണഘടനയനുസരിച്ചു സെൻട്രൽ ഗവണ്മെൻറാണ് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ഒരു തീരുമാനം എടുക്കേണ്ടത്. തമിഴനാട്ടുകാരുടെ, തിരുവിതാംകൂർ വിട്ടു മററു തമിഴനാടുകളിലേയ്ക്ക് പോകാനുള്ള അഭിലാഷം സെൻട്രൽഗവണ്മെൻറുകൂടി അനുകൂലിക്കാതെ നടപ്പാക്കാൻ പോകുന്നില്ല. അതുകൊണ്ട് അതിലേയ്ക്കുള്ള അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കാൻ തയ്യാറാകത്തക്കവണ്ണം കേന്ദ്രത്തിൽ വേണ്ട സമ്മർദ്ദങ്ങൾ ചെലുത്താൻ ശ്രമിക്കാതെ അവരുടെ രാഷ്ട്രീയപ്രക്ഷോഭണം ലക്ഷ്യത്തിലെത്തുക സാദ്ധ്യമല്ലെന്ന് ആലോചിക്കാതെ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനെതിരായിട്ടു അവർ സമരപ്രഖ്യാപനം ചെയ്യുകയാണുണ്ടായത്. അവരുടെ ആ സമരം സെൻട്രൽ ഗവണ്മെൻറിന് എതിരായിട്ടു വേണ്ടതായിരുന്നു. ഞങ്ങളുടെ കക്ഷി അവരുടെ ആ അവകാശവാദങ്ങൾ അംഗീകരിച്ചു് അവക്കു പിൻതുണ നൽകാൻ തയ്യാറായിരുന്നു. പക്ഷെ അവർ അന്ന് ആ പിൻതുണയിൽ വിശ്വാസമില്ലാതെ നിരസിക്കുകയാണുണ്ടായത്. അവരുടെ സ്വയം നിർണ്ണയാവകാശം സാധിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള ഒരു പോരാട്ടമാണ് അതെങ്കിൽ അതിനോടു ഞങ്ങൾ യോജിക്കാമെന്നും, അതു സംബന്ധമായ പരിപാടികൾ രൂപീകരിക്കാൻ ഞങ്ങൾ തയ്യാറാണെന്നും പ്രഖ്യാപിച്ചുകൊണ്ട് ഞങ്ങൾ ഒരു പ്രമേയം പാസ്സാക്കി തമിഴനാടുകാൺഗ്രസ്സിന് അയച്ചുകൊടുത്തു. അതിനെപ്പററിയുള്ള വിശദവിവരങ്ങൾ അറിയിക്കുവാനായി ഞങ്ങളുടെ നേതാവായ ശ്രീ. ശ്രീകണ്ഠൻനായർ പൂജപ്പുര സെൻട്രൽ ജയിലിൽപോയി തമിഴനാടുകാൺഗ്രസ്സ് നേതാക്കന്മാരെ കാണുവാൻ ശ്രമിച്ചു. അവർ അതിനു സന്നദ്ധരായില്ല. അവക്ക് അതിനുള്ള തടസ്സമെന്തായിരുന്നുവെന്നു മനസ്സിലായില്ല. ഞങ്ങൾക്കു ഇതിലേയ്ക്കുവേണ്ടി ഒരവസരം നൽകാൻ നിവൃത്തിയില്ലാത്ത തമിഴ്നാടുകാൺഗ്രസ്സുകാർ ഉടനെ ഒരു പോരാട്ടത്തിനു തയ്യാറാകുകയായിരുന്നു ചെയ്തത്. ഈ സംഗതികൾ ഇവിടെ പ്രസ്താവിക്കുന്നതുകൊണ്ട് എന്റെ തമിഴനാടു സ്നേഹിതന്മാർക്കു പരിഭവമുണ്ടാകരുതെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. സാമുദായികവും, രാഷ്ട്രീയവുമായ മോചനത്തിനുവേണ്ടി

[ശ്രീ. കെ. ബാലകൃഷ്ണൻ]

തുടങ്ങിയ ഒരു പോരാട്ടമായിരുന്നെങ്കിൽ ഞങ്ങൾ പിൻതുണ നൽകുമായിരുന്നു. പക്ഷെ, അവരുടെ നേതാക്കന്മാർ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനെതിരായ ഒരു പോരാട്ടമായി അതിനെ രൂപാന്തരപ്പെടുത്തുവാൻ നിർബ്ബന്ധിതരാകുകയാണുണ്ടായതു്. ആഗസ്റ്റ് 11-ാംതീയതിക്കു ശേഷം തമിഴ്നാട് പ്രദേശങ്ങളിൽ നടന്ന ഓരോ മർദ്ദനത്തിലും ജനങ്ങളുടെ നേർക്ക് ഈ ഗവണ്മെൻറിൻെറ നിയന്ത്രണത്തിലിരിക്കുന്ന പോലീസുകാർ നടത്തിയിട്ടുള്ള എല്ലാ കയ്യേറ്റങ്ങളിലും ശ്രീ. രാമസ്വാമിയേയും, ശ്രീ. കുഞ്ഞൻനാടാരേയുംപോലെതന്നെ തമിഴ്നാട്ടിൽ നടന്ന മർദ്ദനങ്ങളിൽ അത്ഭുതകരമായ അമർഷം ഞങ്ങൾക്കുമുണ്ടു്. ആ മർദ്ദനങ്ങൾ ഇല്ലാതാക്കാൻ കഴിയുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഈ ഭരണകൂടത്തെ മാററി കാൺഗ്രസ്സ് ഭരണകൂടത്തെ ഏൽപ്പിച്ചാൽ മതിയെന്നു പറയുമ്പോൾ മനോഹരമായ ശൈലികൾ ഉപയോഗിച്ചു് പ്രേതകുമ്പാരങ്ങളിൽ കയറി നിന്നുകൊണ്ടു് ശ്രീ. തോമസ് രക്തഹാരം മുഖ്യമന്ത്രിയെ അണിയിച്ചു എന്നു് ആക്ഷേപിക്കേണ്ട കാര്യമില്ല. തമിഴ്നാട്ടുകാരുടെ നെഞ്ചിൻെറ നേരെ വെടിവച്ചപ്പോൾ ആ തോക്കുകൾക്കു് ചൂക്കാൻ പിടിച്ചതു കാൺഗ്രസ്സുകാരായിരുന്നു. അങ്ങിനെയിരിക്കെ പ്രേതകുമ്പാരങ്ങളുണ്ടാക്കിവച്ചു എന്നു് തോമസിനു് അത്രവളരെ ആക്ഷേപിക്കാറായിട്ടില്ലെന്നാണു് ഞാൻ പറയുന്നതു്. ഈ നാട്ടിൽ ഉയർന്നുവരുന്നതായ ഒരു ഇടതുപക്ഷ പ്രസ്ഥാനമുണ്ടു്. ആ പ്രസ്ഥാനം ഒരു സമൂഹശക്തിയായി കഴിഞ്ഞ തീരഞ്ഞെടുപ്പുകാലത്തു് രൂപപ്പെട്ടിട്ടുണ്ടു്. അതിനെ പ്രതിബന്ധപ്പെടുത്താൻ ഒരു ഇടതുപക്ഷകക്ഷിക്കും അവകാശമില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. സ്വന്തം പാർട്ടിയുടെ ഭരണകൂടത്തേയും എതിർത്തു വോട്ടുചെയ്യാൻ മടിയില്ലാത്തവരാണു് കാൺഗ്രസ്സ് പാർട്ടിയിലുള്ളതു്. മന്ത്രികൂട്ടത്തിൽ സ്ഥാനം കിട്ടാത്തതുകൊണ്ടു് എതിർത്തു വോട്ടുചെയ്ത മഹാനേതാക്കന്മാർ ആ പാർട്ടിയിലുണ്ടു്. ഒരു ഭരണകൂടവും ഇവിടെ ഉറച്ചിരിക്കാൻ അനുവദിക്കുന്നമോന്മാരല്ല അവർ. ഒരു ഉറച്ച ഭരണമുണ്ടാകരുതെന്നു് ആഗ്രഹമുള്ളവരും കുഴപ്പക്കാരും ബഹളക്കാരുമാണു് ഞങ്ങളെന്നു് പറയുന്ന ഇവർ ഒരു ഉറച്ച ഭരണകൂടം ഉണ്ടാകാൻ ഇതുവരെ അനുവദിച്ചിട്ടില്ല. അവർക്കെല്ലാവർക്കും മന്ത്രിമാരാകണമെന്ന ആർത്തി ഭീമാകാരംപൂണ്ടു നിൽക്കുമ്പോൾ ഈ മന്ത്രിസഭ തുടരാൻ അനുവദിക്കുക സാദ്ധ്യമല്ല. ഇങ്ങനെയുള്ളവർ ഒരു ഭരണകൂടം തുടരാനനുവദിക്കാത്തതിൽ എനിക്കു് അത്ഭുതമില്ല. ആറുകൊല്ലം ഇതുകണ്ട വേദനകൊണ്ടു് മാത്രമാണു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതു്. ഈ ഭരണകൂടം നിലനിൽത്തണമെന്നു് വിശേഷാൽ താൽപ്പര്യമൊന്നുമില്ല. അതിനായി ഞങ്ങൾ ഈ പ്രമേയത്തെ എതിർക്കുകയുമില്ല. സഖാവു രാമസ്വാമി നിഷേധാത്മകമായി ഈ ഭരണകൂടത്തെ മറിച്ചിടുകയെന്നുള്ളതിനു് ഉപരിയായി തൊഴിലാളികളുടെ പ്രശ്നവും പോലീസ് മർദ്ദനവുമെല്ലാം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷെ അദ്ദേഹത്തിൻെറ പിന്നിലുള്ളവർ നിഷേധാത്മകമായി മാത്രമേ പ്രമേയത്തെ കരുതുന്നുള്ളു എന്നു മനസ്സിലാക്കണം. ശ്രീ. രാമസ്വാമി പറഞ്ഞ കാര്യങ്ങൾ ഞങ്ങൾക്കും ബോദ്ധ്യമുള്ളതാണു്. പി. എസ്സ്. പി. ഒരു ഭീമാകാര പ്രശ്നമാണെന്നു ഞങ്ങൾ കരുതുന്നില്ല. നല്ല കാര്യങ്ങൾ ചെയ്യിക്കാൻ കഴിയുന്ന ഒരു ഭരണകൂടമാണു് ശ്രീ. താണുപിള്ളയുടെ നേതൃത്വത്തിലുള്ള ഭരണകൂടമെന്ന ബോധത്തോടുകൂടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള

ബാദ്ധ്യത സഖാവ് രാമസ്വാമിക്കുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ശ്രീ. രാമസ്വാമി അവതരിപ്പിച്ച പ്രമേയത്തെ ഞങ്ങൾ പിൻതാങ്ങുകയാണ്. അതു് നിഷേധാത്മകമായ ഒരു പ്രമേയമാണെന്ന് തിരുവനന്തപുരം മെംബർ ശ്രീ. ബാലകൃഷ്ണൻ പറയുകയുണ്ടായി. എല്ലാ അവിശ്വാസപ്രമേയങ്ങളും നിഷേധാത്മകമാണ്. ഇന്നത്തെ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു പറയുന്നതാണ് അവിശ്വാസപ്രമേയം. ആ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നവരെല്ലാം ഒരേ അഭിപ്രായങ്ങൾ പറഞ്ഞുകൊള്ളണമെന്നില്ല. എന്നുതന്നെയല്ല, അവിശ്വാസപ്രമേയത്തെ അനുകൂലിച്ച് ആരെങ്കിലും ഒരാൾ പുറപ്പെടുവിച്ച അഭിപ്രായം മറ്റൊരാൾ ആവർത്തിക്കുകയാണെങ്കിൽ രൂപപ്രകാരം അതു് തടയാൻ അങ്ങേയ്ക്ക് ചുമതലയുണ്ട്. അതുകൊണ്ട് തോവാള മെംബർ ശ്രീ. രാമസ്വാമിയും, ശ്രീ. കരയാളരും, ശ്രീ. കുഞ്ഞൻനാടാരും പറഞ്ഞിട്ടുള്ള വിവിധാഭിപ്രായങ്ങളെ മണലൂർ മെംബർ ശ്രീ. കരുണാകരൻ എടുത്തു പറയാത്തതു് മററു സംഗതികൾ പറയാനുള്ളതുകൊണ്ടാണ്. ഇന്ന് ഒരുമണിക്കു മുമ്പ് ഇക്കാര്യത്തിലുള്ള വോട്ടിംഗ് നടക്കണം. പറയാനുള്ളതെല്ലാം പറയണം. ആവർത്തിച്ചാവർത്തിച്ചു പറയരുതു്. ഇങ്ങനെയുള്ള കാര്യങ്ങൾകൊണ്ടാണ് നിഷേധാത്മകമായ ഈ പ്രമേയംമുഖേന മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു പറയുന്നതോടൊപ്പം നിഷേധാത്മകങ്ങളല്ലാത്ത പല കാരണങ്ങളും പറയുന്നതു്. അതുകൊണ്ട് ശ്രീ. രാമസ്വാമിയുടെ പ്രമേയം നിഷേധാത്മകമാണെന്നുള്ള ശ്രീ. ബാലകൃഷ്ണന്റെ ചാർജ്ജിൽ അശേഷം അടിസ്ഥാനമുള്ളതായി എനിക്ക് തോന്നുന്നില്ല. സർ, തിരുവിതാംകൂർ തമിഴ്നാട് കാൺഗ്രസ്സുകാരും, ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സുകാരും, മററുചിലരും ഈ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു പറയുകയാണ്. ശ്രീ. എം. പി. മേനോനും, ശ്രീ. ബാലകൃഷ്ണനും ഈ മന്ത്രിസഭയുടെ റിക്കാർഡ് വളരെ ആശാസ്യമാണെന്നു പറയുകയുണ്ടായില്ല. പക്ഷെ, അവർ രണ്ടുപേരും ശ്രമിച്ചതു് കാൺഗ്രസ്സിന്റെ പിൻതുണ ഉണ്ടായിരുന്നതുകൊണ്ട് ഈ മന്ത്രിസഭ തകരാവുകൾ ചെയ്തു എന്ന് സമർത്ഥിക്കാനാണ്. കാൺഗ്രസ്സിന്റെ പിൻതുണ ഉണ്ടായിരുന്നതുകൊണ്ടാണ്, ട്രാൻസ്പോർട്ട് സമരകാലത്തു് മുഗീയമായ മർദ്ദനങ്ങൾ നടന്നതെന്നും തമിഴ്നാട്പ്രദേശങ്ങളിൽ ഉണ്ടായ സംഭവങ്ങൾ കിടയാക്കിയതെന്നും ശ്രീ. ബാലകൃഷ്ണനും, ശ്രീ. എം. പി. മേനോനും പറയുകയുണ്ടായി. അതുകൊണ്ട് ഞങ്ങൾ 1954 മാർച്ചുമാസം 16-ാംനു-മുതൽ 1954 ഡിസംബർ 12-ാംനു-വരെ നൽകിയ പിൻതുണയുടെ സ്വഭാവവും, അതിൽനിന്നുണ്ടായ അനുഭവവും ഇവിടെ വിവരിക്കാതിരിക്കാൻ എനിക്ക് നിവൃത്തിയില്ല. രാജപ്രമുഖനുള്ള കൃതജ്ഞതാപ്രമേയാവതരണസന്ദർഭത്തിൽ മുഖ്യമന്ത്രി പറയുകയുണ്ടായി, പിൻതുണ പിൻവലിക്കാനുള്ള കാരണങ്ങൾ ഞാൻ പറയുകയുണ്ടായില്ലെന്ന്. അപ്പോൾ അപ്രസക്തമായതുകൊണ്ട് ഞാൻ പറയുകയുണ്ടായില്ല. ഇപ്പോൾ അതു പ്രസക്തമാണ്. മന്ത്രിസഭയ്ക്ക് കാൺഗ്രസ്സ് ആനുകൂല്യം നൽകാൻ തീരുമാനിച്ചതു് ഗത്കേടുകൊണ്ടാണെന്ന് മന്ത്രിമാരും, പി. എസ്സ്. പി. യുടെ ചില വക്താക്കളും പറയാവുള്ളതു് ഐക്യമുന്നണിയിലെ ചില ആളുകളും പറയുകയുണ്ടായി. പി. എസ്സ്. പി. ക്കാർ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

നിവൃത്തിയിടത്തു് ഐക്യമുന്നണി തുടങ്ങുകയാണു്. അന്നു് പട്ടം താണുപിള്ള ഒരു മന്ത്രിസഭ ഉണ്ടാക്കുകയാണെങ്കിൽ അതിനു് പിൻതുണ നല്കുമെന്നു് ഞങ്ങൾ പറഞ്ഞതു് ശരിയാണു്. അന്നത്തെ രാജ്യത്തിന്റെ സ്ഥിതിക്കു് അങ്ങനെ ഒന്നു ചെയ്തില്ലെങ്കിൽ രാജ്യത്തിനു് നാശമുണ്ടാകുമെന്നു വിചാരിച്ചാണു് അങ്ങനെ ചെയ്തതു്. ഈ മന്ത്രിസഭ ഞങ്ങൾ അധികാരത്തിൽ വരുത്തിയ ഒരു മന്ത്രിസഭയാണെന്നു് അഭിമാനിക്കുന്നുണ്ടു്. കാൺഗ്രസ്സ് പാർട്ടിയിൽ നിന്നു് രാജപ്രമുഖന്റെ അടുക്കൽ അങ്ങനെ ഒരു ഉറപ്പു് നല്കിയിരുന്നില്ലെങ്കിൽ ഇങ്ങനെ ഒരു മന്ത്രിസഭ ഉണ്ടാകുമായിരുന്നില്ല. അതിനെപ്പററി എനിക്കു് സംശയമില്ല. അതുകൊണ്ടു് ഒരവസരത്തിൽ ഈ മന്ത്രിസഭ ഞാൻവച്ചു വൃക്ഷമാണെന്നു് പറയുകയുണ്ടായി. ഞാൻ വച്ചു വൃക്ഷമായതുകൊണ്ടു് അതിനെ വെട്ടാൻ മടിയുണ്ടെന്നും പറഞ്ഞിരുന്നു. അതൊരു വിഷവൃക്ഷമാണെങ്കിൽക്കൂടി അതിനെ വെട്ടാൻ മടിയുണ്ടെന്നു് ഞാൻ പറയുകയുണ്ടായി. പക്ഷെ, ഞങ്ങൾ പിൻതുണ പിൻവലിക്കാനുള്ള കാരണമായി തമിഴ്നാട്ടിലുള്ള കാര്യവും, ട്രാൻസ്പോർട്ടു് സ്ട്രൈക്കിന്റെ കാര്യവും മററും ഞങ്ങൾ പാസ്സാക്കിയ പ്രമേയത്തിൽ പറഞ്ഞിട്ടില്ലെന്നു് ഇവിടെ ആക്ഷേപിക്കയുണ്ടായി. ആ പ്രമേയം ഞങ്ങളുടെ സംഘടനയെ സംബന്ധിച്ചു് ഒരു പ്രമേയമാണു്. സംഘടനാപരമായി ഈ ഗവണ്മെൻറിനു് നൽകിയിരുന്ന പിൻതുണ എന്തുകൊണ്ടു് പിൻവലിക്കുന്നു എന്നുള്ള ഒരു പ്രമേയമാണതു്. ഈ പിൻതുണ നൽകിയ അവസരത്തിൽ ഏതെങ്കിലുംവിധത്തിലുള്ള ഉപാധികൾ മന്ത്രിസഭയുടെ അടുത്തു് വയ്ക്കുകയുണ്ടായില്ല. നിരുപാധികമായിട്ടാണു് പിൻതുണ നല്കിയതു്. നിരുപാധികമായി നല്കുന്ന പിൻതുണയിൽനിന്നു് ചില കാര്യങ്ങൾ ഉത്ഭവിക്കാതെ നിവൃത്തിയില്ല. ഈ നിയമസഭയിൽ വന്നു് മന്ത്രിസഭ കൊണ്ടുവരുന്ന നിർദ്ദേശങ്ങളും ബഡ്ജററുകളുമെല്ലാം വോട്ടുചെയ്യണം. അങ്ങനെ വോട്ടു ചെയ്യണമെന്നുണ്ടെങ്കിൽ കൂടിയാലോചനകൾ കൂടാതെ സാദ്ധ്യമല്ല. ഇവിടെ നടക്കാൻ പോകുന്നതു് എന്താണെന്നു് നേരത്തെ അറിയണം. അതാണു് കൺസൾട്ടേഷൻ എന്നു പറയുന്നതു്. അങ്ങനെ കൺസൾട്ടേഷൻ വേണമെന്നുള്ളതിനെ മുഖ്യമന്ത്രിയും നിഷേധിച്ചിട്ടില്ല. ആ മാതിരിയുള്ള യാതൊരു കൺസൾട്ടേഷനും കൂടാതെ കേവലം പാവകളുടെ മാതിരി ഇവിടെവന്നു് ഗവണ്മെൻറിനു് അനുകൂലമായി വോട്ടുചെയ്യാൻ നിവൃത്തിയില്ലെന്നുവരികയും ഗവണ്മെൻറിന്റെ ചെയ്തികൾ ഞങ്ങൾക്കു് തൃപ്തികരമല്ലെന്നു വരികയും ചെയ്തപ്പോഴാണു് പിൻതുണ പിൻവലിച്ചതു്. 46 അംഗങ്ങളുള്ള ഒരു കക്ഷി 18 അംഗങ്ങളുള്ള ഒരു കക്ഷിക്കു് പിൻതുണ നല്കുമ്പോൾ സ്വാഭാവികമായ മര്യാദ മാത്രമല്ല, ആ കക്ഷിയുമായി ആലോചന ഉണ്ടാകണമെന്ന സിദ്ധാന്തംതന്നെയുണ്ടു്. പക്ഷെ, അതു് ഈ മന്ത്രിസഭ ഉപയോഗിക്കുകയുണ്ടായില്ല. ഈ മന്ത്രിസഭയുടെ നേതാവു് കാൺഗ്രസ്സ് ആകുന്ന കൊമ്പനാനയുടെ പുറത്തുനിന്നുകൊണ്ടുള്ള അഹങ്കാരത്തിന്റെ പൊക്കം സ്വന്തമായുള്ളതാണെന്നു വിചാരിച്ചു. അഹങ്കാരത്തിനു പററിയ അബദ്ധം അതാണു്. കാൺഗ്രസ്സിനുമേൽ 18 കൂടിയ 64 അഹങ്കാരത്തിന്റെ 64 ആണെന്നു വിചാരിച്ചു. ആനപ്പുറത്തിരിക്കുന്ന ആളുകൾക്കു് പററാവുള്ള ഒരു അബദ്ധമാണിതു്. ആന കുലുക്കിയാൽ താഴെ വീഴാതിരിക്കയില്ല. കാൺഗ്രസ്സുമായി കൺസൾട്ടേഷൻ വേണമെന്നു്

പാർട്ടി ലീഡറായ ഞാൻ മാത്രമല്ല, കാൺഗ്രസ്സിന്റെ എല്ലാവശത്തുനിന്നും ആവശ്യപ്പെട്ടിട്ടുള്ളതിന്നു് ആകാം, ആകാം എന്നു പറഞ്ഞതല്ലാതെ ഒരു സന്ദർഭത്തിൽപ്പോലും ഒരു കാര്യത്തിലും അങ്ങനെ പ്രവർത്തിക്കാനുള്ള സന്മനസ്സു്, ബുദ്ധി, വിവേകം, തന്റേടം ഇവകൾ മാർച്ചു് 16-ാംനു-മുതൽ ഡിസംബർ 12-ാംനു-വരെ മുഖ്യമന്ത്രിക്കു് ഉണ്ടായിട്ടില്ല. ഈ രാജ്യത്തു് ഉറച്ച ഒരു മന്ത്രിസഭ ഉണ്ടായിരിക്കണമെന്നു് കാൺഗ്രസ്സിന്നു് ആഗ്രഹമുണ്ടായിരുന്നാൽക്കൂടി പിൻതുണ പിൻവലിക്കാതെ നിവൃത്തിയില്ലെന്നു് വന്നുചേൎന്നു. അങ്ങനെയാണു് പിൻതുണ പിൻവലിച്ചതു്. അതല്ലാതെ പലരും പറയുന്നതുപോലെ, മുഖ്യമന്ത്രിയും, മറ്റൊരു മന്ത്രിയും ചില സന്ദർഭങ്ങളിലൊക്കെ പറയാറുള്ള മാതിരി ഭൂനയത്തെ ഭയന്നിട്ടു് പിൻതുണ പിൻവലിച്ചതല്ല. ഭൂനയത്തെപ്പററി എന്തു ഭയപ്പെടാനുണ്ടു്? ഇവർ കൊണ്ടുവന്നിട്ടുള്ള ഭൂനയബില്ലുകളിൽ എന്താണു് ഭയപ്പെടാനുള്ളതു്? അപ്പോൾ എത്രമാത്രം കുഴപ്പങ്ങളും വിവരമില്ലായ്മയും വേണം കാൺഗ്രസ്സു്, ഭൂനയബില്ലുകൾ തകൎക്കുന്നതിനുവേണ്ടി പിൻതുണ പിൻവലിച്ചു എന്നു പറയുവാൻ. അങ്ങനെ പിൻതുണ പിൻവലിച്ചശേഷം ഇപ്പോൾ ഒരു അവിശ്വാസപ്രമേയം വന്നിരിക്കയാണു്. ആ പ്രമേയത്തെ ഞങ്ങൾ എങ്ങനെ എതിൎക്കും? അതിനെ എങ്ങനെയാണു് അനുകൂലിക്കാതിരിക്കുക? തിരുവിതാംകൂറിൽ തമിഴ് നാട്ടിലുണ്ടായ അനുഭവങ്ങളെപ്പററി ശ്രീ. കുഞ്ഞൻനാടാരും, ശ്രീ. ചട്ടനാഥക്കരയാളരും, ശ്രീ. താണുലിംഗനാടാരും പ്രസ്താവിക്കയുണ്ടായി. സ്വാഭാവികമായി ഈ സംഗതികൾ ഉണ്ടായ കാലത്തു് സാങ്കേതികമായി കാൺഗ്രസ്സിന്റെ പിൻതുണ ഈ മന്ത്രിസഭയ്ക്കു് ഉണ്ടായിരുന്നതുകൊണ്ടു് കാൺഗ്രസ്സു് ഇതിന്നു് ഉത്തരവാദിയാണെന്നു് അറിവില്ലാത്തവർ വിചാരിക്കുകയാണെങ്കിൽ അതിൽ തെററില്ല. അക്കാലത്തു് തെക്കൻതിരുവിതാംകൂറിൽനിന്നും എനിക്കു് പരിചയമുള്ളവരും ഇല്ലാത്തവരുമായ പലരും എനിക്കു് എഴുതിയിരുന്നു. ഈ ഗവണ്മെൻറിന്നു് നിങ്ങൾ പിൻതുണ നൽകുന്നല്ലോ, നിങ്ങൾക്കു് ഇതിൽ ഉത്തരവാദിത്വമില്ലേ എന്നു്. എനിക്കു സാധിക്കുന്നവൎക്കെല്ലാം ഞാൻ മറുപടിയും അയച്ചിരുന്നു.

<u>ശ്രീ. എ. കുഞ്ഞൻനാടാർ:</u> ഇടതുപക്ഷപാർട്ടി മന്ത്രിസഭയ്ക്കു് പിൻതുണ നൽകാൻ തുടങ്ങിയശേഷവും ലാക്കപ്പുമർദ്ദനവും, പോലീസ് മർദ്ദനവും നടക്കുന്നില്ലേ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> ഉണ്ടായിരിക്കണം. അവരുടെ പിൻതുണയുടെ സ്വഭാവത്തിൽ നിന്നും അങ്ങനെ ഊഹിക്കാം. പിൻതുണ നൽകുന്നുണ്ടെങ്കിലും ഈവക കാര്യങ്ങളെപ്പററി ഞങ്ങളെ അറിയിക്കയോ, അറിയുകയോ ചെയ്തിട്ടില്ലെന്നു് ഞങ്ങൾ അറിയിച്ചിട്ടുണ്ടു്. അതാണു് ഞങ്ങൾക്കു് ഈ മന്ത്രിസഭയുടെ മേലുള്ള പ്രധാന ചാർജ്ജു്. പിൻതുണ പിൻവലിച്ചശേഷമുള്ള മന്ത്രിസഭയുടെ ചെയ്തികളെപ്പററിയും ആലോചിക്കേണ്ടതുണ്ടു്. ശ്രീ. കുഞ്ഞൻനാടാർ ഇവിടെചെയ്ത പ്രസംഗത്തിൽ അടങ്ങിയിട്ടുള്ള വസ്തുതകളുടെ പകുതിപോലും സത്യമാണെങ്കിൽ ഈ നിയമസഭയിലുള്ള ആരെങ്കിലും എങ്ങനെ ഈ മന്ത്രിസഭയ്ക്കു് പിൻതുണ നൽകും. ഇവിടെ ട്രാൻസ്പോർട്ടു് സമരകാലത്തു് നടന്നതായി ശ്രീ. ടി. വി. തോമസും മററു ചില അംഗങ്ങളും ചെയ്തിട്ടുള്ള പ്രസ്താവനകളിൽ നാലിലൊന്നെങ്കിലും സത്യമുണ്ടെങ്കിൽ ഈ മന്ത്രിസഭയ്ക്കു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

എങ്ങനെ പിൻതുണ നൽകുമെന്നു് ഞാൻ ചോദിക്കയാണു്. പോലീസ് മർദ്ദനമെന്നു് കേൾക്കുമ്പോൾ ഉടനെ പ്ലാറ്റഫാറത്തിൽ കയറി പ്രതിഷേധിക്കാൻ കാൺഗ്രസ്സ് ഒരുക്കമില്ല. പോലീസ് എന്നുവച്ചാൽ തെററാണു്, കുററമാണു് എന്നുള്ള വിശ്വാസം കാൺഗ്രസ്സിനില്ല. പോലീസ്സുകാർ പ്രവത്തിക്കേണ്ട സന്ദർഭങ്ങളുണ്ടാകും. അതെല്ലാം അറിയാതെ മർദ്ദനമെന്നു കേട്ടാൽ ഉടനെ പ്രതിഷേധിക്കാൻ പുറപ്പെടുന്നതു് അവിവേകമായിരിക്കും. പ്രത്യേകിച്ചും അന്നു മന്ത്രിസഭയ്ക്കു് പിൻതുണ നൽകിക്കൊണ്ടിരുന്ന ഒരു പാർട്ടിയുമായിരുന്നു. ഈ വക കാര്യങ്ങളെപ്പററി സൂക്ഷ്മമായി അറിയുമ്പോഴല്ലാതെ മററു് എപ്പോഴാണു് പ്രതിഷേധിക്കേണ്ടതു്. ഇവിടെ പ്രതിഷേധം ഉണ്ടാക്കി, ബഹളമുണ്ടാക്കി, കുഴപ്പമുണ്ടാക്കി മന്ത്രിസഭയ്ക്കു് പ്രവത്തിക്കാൻ സൗകര്യമില്ലാത്ത സന്ദർഭങ്ങൾ സൃഷ്ടിക്കാൻ വൈമുഖ്യം കാണിച്ചതാണോ കാൺഗ്രസ്സിന്റെ തെററു്. കാൺഗ്രസ്സ് പിൻതുണ നൽകിയിരുന്നതുകൊണ്ടു് ക്ഷമയോടുകൂടി കാത്തിരിക്കേണ്ടിവന്നു. ഏതായാലും പിൻതുണ പിൻവലിച്ചു. അതിനുശേഷം ഈ മന്ത്രിസഭ ഉടനെ രാജിവയ്ക്കാതെ അധികാരത്തിൽ തുടരുന്നതു് ഒരു തെററായി ഞാൻ കരുതുന്നു. അതു് തീർച്ചയായും ഭരണഘടനയോടും, നടപ്പുകളോടും, മര്യാദയോടും കാണിച്ച ഒരു വെല്ലുവിളിയായി ഞാൻ കണക്കാക്കുന്നു. 118 അംഗങ്ങളുള്ള ഒരു നിയമസഭയിൽ 18 അംഗങ്ങളുള്ള ഒരു പാർട്ടിയുടെ നേതാവു് എത്രതന്നെ പ്രഗത്ഭനായിരുന്നാലും ഭരണം നടത്താൻ സാദ്ധ്യമല്ല. അതു് ഡെമോക്രസിയുടെയും, റെപ്രസന്റേററീവ് ഗവണ്മെന്റിന്റെയും ഒരു പ്രാഥമിക തത്വമാണു്. അങ്ങനെ ഭരണം നടത്താൻ സാഹസപ്പെട്ടതിന്റെ അനുഭവങ്ങളാണു് കുറച്ചുദിവസം മുഖ്യമന്ത്രിക്കു് അനുഭവിക്കേണ്ടിവന്നതു്.

മുഖ്യമന്ത്രി ഇപ്പോൾ സഖാവു് ബാലകൃഷ്ണന്റെ ഭാഷയിൽ പറയുകയാണെങ്കിൽ, ഇടതുപക്ഷങ്ങളുടെ പിൻതുണമൂലം നന്നായി. അല്ലെങ്കിൽ ഇത്രകാലം കാൺഗ്രസ്സിന്റെ പിൻതുണയുണ്ടായതുകൊണ്ടും അദ്ദേഹം ഒരു പ്രത്യേക രീതിയിൽ പ്രവത്തിച്ചു എന്നു ഞാൻ പറയുന്നു. അതിനു ഒന്നു രണ്ടുദാഹരണങ്ങൾ ഇവിടെ എടുത്തുകാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടുദിവസംമുമ്പു് ഗവണ്മെന്റു് ഒരു ബിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കുടികിടപ്പുകാരായ കുടിയാന്മാരെ ഒഴിപ്പിക്കുന്നതിനെ തടയുന്ന ഒരു ബില്ലാണതു്. ഞാൻ മന്ത്രിയായി അവിടെയിരുന്ന സന്ദർഭത്തിൽ, മി. താണുപിള്ള കാൺഗ്രസ്സിന്റെ യാതൊരു സഹായവും ഇല്ലാതെ കാൺഗ്രസ്സിനെ സഭാ കാൺകൊണ്ടു് അവിടെ ഇരിക്കുകയായിരുന്നു. അന്നൊരു ദിവസം ഈ ബില്ലിലുള്ള ഏതാനും വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ടു് സ്റ്റേ ആഫ് എക്സിക്യൂഷൻ ആഫ് ഹോൾഡിംഗ്സ് ബില്ലിനു ഒരു ഭേദഗതിഞാൻ അവതരിപ്പിക്കുകയുണ്ടായി. അതു ബഹുമാനപ്പെട്ട മെംബറന്മാർ ഓർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കുടിയാൻ സ്വഭാവമുള്ള എല്ലാ വസ്തുക്കളും എല്ലാ കുടിയായ്മ വസ്തുക്കളും ഒഴിപ്പിക്കുന്നതിനെ തടയുന്നതിനു് ഈ സഭയിൽ ഒരു ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതി കൊണ്ടുവന്നതു് സ്വമേധയാ ആലോചിച്ചിട്ടല്ല. ആ ബിൽ ചർച്ച ചെയ്ത സെലക്ററുകമ്മിററിയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം കൊണ്ടുവന്ന ഒരു ഭേദഗതിയായിരുന്നു അതു്. അന്നു് ആരാണു് ആ ഭേദഗതിയെ എതി

ത്തു്? അന്നു ആ ഭേദഗതിയെ എതിർത്തതു് ശ്രീ. പട്ടം താണുപിള്ളയും ശ്രീ. പി. എസ്സ്. നടരാജപിള്ളയും ആയിരുന്നു. പി. എസ്സ്. പി. ക്കു അന്നു് അതു സ്വീകാര്യമായിരുന്നു. കാൺഗ്രസ്സിനെ അന്നു് അവർ എതിർത്തതുകൊണ്ടു്, കാൺഗ്രസ്സു് പിന്നീടു് ഒന്നും ചെയ്യാതിരുന്ന ആ വകുപ്പു് കൂടി ഉൾക്കൊള്ളിച്ചുകൊണ്ടു്.....

ശ്രീ. എ. താണുപിള്ള : അന്നു കാൺഗ്രസ്സു് എന്തു ചെയ്തു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്നു കാൺഗ്രസ്സു് ഒരു ബിൽ കൊണ്ടു വന്നു. കാൺഗ്രസ്സിന്റെ മന്ത്രിസഭ അങ്ങനെ ഒരു ബിൽ കൊണ്ടു വന്നു.

ശ്രീ. എ. താണുപിള്ള : കാര്യം നടക്കുമ്പോൾ മുമ്പു് ഞങ്ങൾ കൊണ്ടുവന്നതാണെന്നു പറഞ്ഞു അപലപിച്ചിട്ടു കാര്യമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാര്യം പറയുമ്പോൾ കയത്തിട്ടു കാര്യമില്ല. ഇന്നു് സർ, കാൺഗ്രസ്സിന്റെ മന്ത്രിസഭ ഈ നിയമസഭയിൽ നിന്നു നിയമിച്ച സെലക്റ്റുകമ്മിററിയോടു് ആലോചിച്ചു് ഒരു ഭേദഗതി ബിൽ ഇവിടെ കൊണ്ടുവന്നു. ആ ഭേദഗതി ബില്ലിൽ യാതൊരുവിധ കുടിയായ്മ സ്വഭാവമുള്ള വസ്തുക്കളെയും ഒഴിപ്പിക്കരുതു് എന്നുള്ള വകുപ്പു് ചേർത്തിരുന്നു. അതു് പുതിയ ഒരു വകുപ്പല്ല. കൊച്ചിയിൽ ഇന്നും ആ വകുപ്പു് നിലവിലുണ്ടു്. ആ ബില്ലിൽ പറഞ്ഞിരുന്നതു് കൊച്ചിയിലുള്ള ആ വകുപ്പു് തിരുവിതാംകൂറിലേയ്ക്കും ബാധകമാണെന്നാണു്. 1124 മുതൽ കൊച്ചിയിൽ നിലവിലുള്ളതും പ്രജാമണ്ഡലം അധികാരത്തിൽ ഇരുന്നപ്പോൾ കൊണ്ടുവന്നിട്ടുള്ളതുമായ ആ വകുപ്പുകൾ, ഉൾക്കൊള്ളിച്ചു് അന്നു് നിയമസഭയിൽ കാൺഗ്രസ്സിനുവേണ്ടി അന്നത്തെ മന്ത്രിസഭ ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ ശ്രീ. പട്ടം താണുപിള്ള അതിനെ എതിർത്തു. ശ്രീ. പി. എസ്സ്. നടരാജപിള്ളയും അതിനെ എതിർത്തു. പി. എസ്സ്. പി. യിലെ മററംഗങ്ങളും അതിനെ എതിർത്തു. അന്നു ഞാൻ അവരോടു ചോദിച്ചു പി. എസ്സ്. പി. യുടെ നേതാവായ ജയപ്രകാശ് നാരായണൻ നെഹ്റുവിന്റെ മുമ്പിൽ വച്ചിട്ടുള്ള 14 പോയിൻറുകളിൽപെട്ടതല്ലേ കുടിയിറക്കു നിരോധനം എന്നു്. അന്നു അവർ പറഞ്ഞതു് ഞങ്ങൾ പറയുന്നതു് ഇവിടത്തെ കാര്യമാണെന്നാണു്. ആ മി. പട്ടം താണുപിള്ള ജനുവരി 25-ാംനു-നിയമസഭ വിളിച്ചുകൂട്ടുവാൻ വേണ്ട ഏർപ്പാടുചെയ്തു. നിയമസഭയിൽ അവതരിപ്പിക്കുവാൻ ഏതാനും കുറെ ബില്ലുകൾ കൊണ്ടുവന്നതിന്റെ ശേഷം ഈ അവിശ്വാസപ്രമേയത്തിന്റെ തലേദിവസം ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുവാനുണ്ടായ സാഹചര്യം എന്താണെന്നു ഞാൻ ചോദിക്കുകയാണു്. മരണം അടുത്തു എന്നു കാണുമ്പോൾ ഭസ്മക്കുറിയും രുദ്രാക്ഷമാലയും ഇടുന്ന കപടസന്യാസിയുണ്ടെന്നു് ഞാൻ കേട്ടിട്ടുണ്ടു്. അതുപോലെ ഇതൊരു കാപട്യമായി ഞാൻ അദ്ദേഹത്തിൽ ആരോപിക്കുകയാണു്. ശ്രീ. പട്ടം താണുപിള്ളയുടെ അഭിപ്രായപ്രകാരമോ, പി. എസ്സ്. പി. യുടെ അഭിപ്രായമനുസരിച്ചോ അല്ല ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. നേരേമറിച്ചു് ഇന്നു അധികാരത്തിൽ തുങ്ങിക്കിടക്കുന്നതിനു്, അധികാരത്തിൽ തുടരുന്നതിനു്, കുറെപ്പേരെ പ്രീണിപ്പിച്ചാലേ സാധിക്കുകയുള്ളു എന്നു വന്നപ്പോൾ ശ്രീ. താണുപിള്ള പ്രീണനനയം തുടങ്ങിയിരിക്കുകയാണു്. ഈ പ്രീണനനയം അനുസ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

രിച്ച് പുറത്തുവരുന്ന കാര്യങ്ങൾ ചിലപ്പോൾ നല്ലതായി എന്നു വരും; ചിലപ്പോൾ ചീത്തയായി എന്നു വരും. ഈ രാജ്യത്ത് സോഷ്യലിസ്റ്റുകാർ അധികാരത്തിൽ തുടരാൻവേണ്ടി ഒരു ന്യൂനപക്ഷത്തിന്റെ നേതാവ് പുറമെ നില്ക്കുന്ന ആളുകളുടെ നിർബന്ധമനുസരിച്ച് ഓരോന്നു ചെയ്തുകൊണ്ടിരിക്കുന്നതായാൽ ഈത് എവിടെ ചെന്നെത്തുമെന്ന് ഞാൻ ചോദിക്കുകയാണ്.

ഈ രാജ്യത്തുള്ള അരക്ഷിതാവസ്ഥയെപ്പററി ചിലർ ഇവിടെ പറഞ്ഞു. അതിനെക്കുറിച്ച് ശ്രീ. എം. പി. മേനോനും ശ്രീ. ബാലകൃഷ്ണനും ഇവിടെ കളിയാക്കുവാൻ ശ്രമിച്ചു. ഞാൻ അതിനു അശേഷവും ലജ്ജിക്കുന്നില്ല. കാൺഗ്രസ്സ് ബഞ്ചുകളിൽനിന്ന് ഈ രാജ്യത്തുള്ള അരക്ഷിതാവസ്ഥയെപ്പററി പറയുന്നതു് ഒരിക്കലും ഒരു പിൻതിരിപ്പൻ ആശയമായി ഞാൻ കണക്കാക്കുന്നില്ല. ഒരു രാജ്യത്തിലെ ഗവണ്മെൻറിൽനിന്നു പൊതുജനങ്ങൾ പ്രധാനമായും അഭിലഷിക്കുന്നതു് നിയമസമാധാനമാണ്. അതു് ഈ രാജ്യത്തുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഇന്ന് ഈ രാജ്യത്തെ പോലീസുകാർ യാതൊരു പ്രവൃത്തിക്കും ഒരുക്കമില്ലാതെ കഴിഞ്ഞുകൂടുകയാണ്. അതു് എനിക്കു നേരിട്ടു അനുഭവമുള്ളതുകൊണ്ടു പറയുകയാണ്. രാജ്യത്ത് എന്താക്ഷേപമുണ്ടായാലും അതിനെപ്പററി പരിശോധിക്കുവാൻ പോലീസിന് ഇന്നു സാദ്ധ്യമല്ല. അവരുടെ തലപ്പത്തിരിക്കുന്ന മന്ത്രിയെയോ മററു ചിലരെയോ പ്രീണിപ്പിക്കുവാൻ വേണ്ടി അവർ പ്രവൃത്തി ചെയ്യുകയാണിപ്പോൾ. അങ്ങനെ ഒരു ഭരണം നടത്തുന്നതു് ശരിയാണോ? ഈ രാജ്യം വർഗ്ഗരഹിതമായ ഒരു രാജ്യമല്ല. ഈ രാജ്യത്ത് പല കൂട്ടത്തിൽപെട്ട ആളുകളുമുണ്ട്. ജന്മിയുണ്ട്, കുടിയാനുണ്ട്, മുതലാളിയുണ്ട്, തൊഴിലാളിയുണ്ട്. നമ്മൾ ജന്മിത്വവും മുതലാളിത്വവും അവസാനിപ്പിക്കാത്ത കാലത്തോളം ജന്മികൾക്കും മുതലാളികൾക്കും അവരുടെ ദേഹത്തിന് ഒരപകടവുംകൂടാതെ ഈ രാജ്യത്ത് ജീവിക്കുവാൻ അവകാശമുണ്ട്. ഈ രാജ്യത്ത് ചില നിയമങ്ങളുണ്ട്. ആ നിയമങ്ങൾ പരിപാലിക്കുന്ന കാര്യത്തിൽ നിയുക്തനായ ഉദ്യോഗസ്ഥൻ ഇഷ്ടം പോലെ പ്രവർത്തിക്കുന്നതിനെ തടയുന്നതിന്, മന്ത്രിമാർ, കാൽ നാഴിക കൂടി അധികാരത്തിൽ ഇരിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്നതുകൊണ്ട്, വിസ്മരിച്ചുപോകുന്നു. ഈ മന്ത്രിസഭ ഈ രാജ്യത്തിന് ഒരാപത്തായി ഞാൻ കാണുന്നു. അതു് ഈ പ്രമേയത്തെ എതിർത്ത ബഹുമാനപ്പെട്ട മെംബറന്മാരും പറയുന്നുണ്ട്. സർ, എട്ടുപത്തു മാസത്തിനിടയ്ക്കുണ്ടായ മർദ്ദനത്തെപ്പററി, അക്രമത്തെപ്പററി അവർ പറയുന്നുണ്ട്. എട്ടുപത്തുമാസം എന്തു് ഈ രാജ്യത്തുണ്ടായി എന്നു ഞാൻ ചോദിക്കുന്നു. സോഷ്യലിസത്തെപ്പററി ജനങ്ങൾക്കു പരിഹാസം തോന്നത്തക്കവിധത്തിൽ, ഇതാണോ സോഷ്യലിസം എന്ന് ആളുകളെക്കൊണ്ട് വിചാരിപ്പിക്കുന്ന വിധത്തിൽ സോഷ്യലിസത്തിന്മേൽ കൂടി കരി തേച്ചിരിക്കുകയാണ്. അതിൽ എനിക്കു ഖേദവും വ്യസനവും ഉണ്ട്. കാൺഗ്രസ്സ് ഈ രാജ്യത്ത് സോഷ്യലിസം പ്രഖ്യാപിച്ചിരിക്കുകയാണ്. സോഷ്യലിസം എന്നു പറയുന്നതു് ഇത്ര നാറച്ചരക്കാണെന്നു പത്തുമാസംകൊണ്ടു തെളിയിച്ചിരിക്കുന്ന സ്ഥിതിയ്ക്ക് ഈ ഗവണ്മെൻറു തുടരുന്നതു് ഈ രാജ്യത്തിന് ആപത്താണ് എന്നു പറയാതിരിക്കുവാൻ സാദ്ധ്യമല്ല.

ഒരു സംഗതികൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. എം. പി. മേനോനും ബാലകൃഷ്ണനും നിഷേധാത്മകമായി ഈ പ്രമേയത്തെ പിൻതാങ്ങിയാ: കാൺഗ്രസ്സ് അധികാരത്തിൽ വരുമെന്നു പറഞ്ഞു. അതിനെപ്പററി മി. രാമസ്വാമിയും തിരുവിതാംകൂർ തമിഴനാടു കാൺഗ്രസ്സും ആലോചിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. ഈ പ്രമേയം പാസ്സായി എന്നും വരാം; പാസ്സായില്ലെന്നും വരാം. ഇന്നു കാലത്തു വായിച്ച പത്രങ്ങളിൽ കണ്ടു, കമ്മ്യൂണിസ്ററു പാർട്ടിയിലെ അംഗങ്ങൾ മുഖ്യമന്ത്രിയുടെ മറുപടിയെ ആശ്രയിച്ചാണ് വോട്ടു ചെയ്യുകയെന്ന്. മുഖ്യമന്ത്രിയുടെ മറുപടിയെ ആശ്രയിച്ചായിരിക്കും വോട്ടു ചെയ്യുക എന്നു പറഞ്ഞാൽ ഇതിനു മുമ്പുള്ള അനുഭവംകൊണ്ട് എന്താണ് ഉണ്ടാകാൻ പോകുന്നതെന്ന് അറിഞ്ഞുകൂടാ. മുഖ്യമന്ത്രിയുടെ അടുത്ത് കമ്മ്യൂണിസ്ററു പാർട്ടി വച്ചിട്ടുള്ള ഡിമാൻഡുകൾ അനുവദിക്കുകയാണെന്നുണ്ടെങ്കിൽ, തൽക്കാലം അവരുടെ മാർഗ്ഗം രക്ഷിക്കുവാൻ തക്കവിധത്തിൽ എന്തെങ്കിലും പറയുകയാണെങ്കിൽ, മുഖ്യമന്ത്രിയ്ക്ക് അനുകൂലമായി വോട്ടു ചെയ്യുമെന്നാണ് അതിന്റെ അർത്ഥം. ഞാൻ അതു് രണ്ടുമാസംമുമ്പ് പറഞ്ഞതാണ്. എങ്ങനേയും ഈ മന്ത്രിസഭ ഇവിടെ തുടരേണ്ടതു് കമ്മ്യൂണിസ്ററു പാർട്ടിയുടെ ഒരാവശ്യമാണ്. അവരുടെ ചരടുവലി അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു മന്ത്രിസഭയാണ് ലോകത്തിൽ എവിടേയും കമ്മ്യൂണിസ്ററു പാർട്ടിയുടെ ആവശ്യം. അങ്ങനെയുള്ള ഒരു അന്തരീക്ഷത്തിൽ കൂടിയാണ്, അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ കൂടിയാണ് കമ്മ്യൂണിസ്ററു പാർട്ടി എവിടേയും അധികാരത്തിൽ വന്നിരിക്കുന്നതു്. കഴിഞ്ഞ അഞ്ചെട്ടു ദിവസമായി അദ്ദേഹത്തിന്റെ അധികാരകാലം നീട്ടുന്നതിനുവേണ്ടി മാത്രം ഇതിനു മുൻപ് അദ്ദേഹം എതിർത്തിട്ടുള്ള പല കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. സർ, അതുകൊണ്ട് അദ്ദേഹത്തിന്റെ ആയുസ്സ്, അദ്ദേഹത്തിന്റെ മന്ത്രിസഭയുടെ ആയുസ്സ് അല്ലെങ്കിലും കൂടുന്നുണ്ടെങ്കിലും അതു് രാജ്യത്തിനു യാതൊരു ഗുണവും ചെയ്യുന്നില്ല. അദ്ദേഹം അദ്ദേഹത്തിന്റെ മന്ത്രിസഭയാകുന്ന തുമ്പാകൊണ്ട് കമ്മ്യൂണിസ്ററു പാർട്ടിക്ക് വഴി തെളിച്ചുകൊടുക്കുകയാണ്. അതാണ് അദ്ദേഹത്തിന്റെ ഉദ്ദേശമെങ്കിൽ, അദ്ദേഹത്തിന്റെ പിന്നിലുള്ള ബഹു: മെംബറന്മാരുടെ ഉദ്ദേശമെങ്കിൽ എനിക്ക് അതിൽ ഒന്നും പറയുവാനില്ല. പക്ഷെ നാലു ദിവസംകൂടി അധികാരത്തിൽ ഇരിക്കുന്നതിന് താൻ ഇത്രകാലം ചെയ്തിട്ടുള്ള പ്രഖ്യാപനങ്ങളെയെല്ലാം വിസ്മരിച്ചുകൊണ്ട്, മറന്നുകൊണ്ട്, താൻ ഇത്രകാലം പ്രവർത്തിച്ചിട്ടുള്ളതും പറഞ്ഞിട്ടുള്ളതുമെല്ലാം മാററിപ്പറഞ്ഞുകൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ തീർച്ചയായും അതു് രാജ്യത്തിന് ആപത്താണ്. പ്രത്യേകിച്ചും ഒരു ന്യൂനപക്ഷ മന്ത്രിസഭ അങ്ങനെയൊക്കെ പ്രവർത്തിക്കുന്നതു് ആപത്താണ്. തക്കതായ ഒരു പാർട്ടിയുടെ പിൻബലമില്ലാതെ ഒരിക്കലും സർക്കാരണം നടത്തുവാൻ ഒരു ന്യൂനപക്ഷ പാർട്ടിക്ക് സാദ്ധ്യമല്ല. അതുകൊണ്ട് ഈ മന്ത്രിസഭ ഈ രാജ്യത്തിന് ഏററവും വലിയ ഒരു ആപത്താണ്. ആ ബിൽ ഞാൻ ഇവിടെ അവതരിപ്പിച്ചപ്പോൾ പി. എസ്സ്. പി. ക്കാരും, ശ്രീ. പട്ടം താണുപിള്ളയും, ശ്രീ. നടരാജപിള്ളയും അതിനെ എതിർത്തു. ഭയങ്കരമായി എതിർത്തു. അതിശക്തിയായി എതിർത്തു. അങ്ങനെ അന്ന് അവർ എതിർത്തതുകൊണ്ട് കാൺഗ്രസ്സിന് അതു് പിൻവലിക്കേണ്ടി വന്നു. (ചിരി) ചിരിക്കാൻ ഇതിലെന്തുണ്ട്?

ശ്രീ. എ. താണുപിള്ള : അന്ന് കാൺഗ്രസ്സ്കക്ഷിക്ക് ഇവിടെ ഭൂരിപക്ഷമുണ്ടായിരുന്നല്ലോ; എന്നിട്ടും പിൻവലിച്ചില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല, എന്നുതന്നെയല്ല അന്നു കാൺഗ്രസ്സ് ന്യൂനപക്ഷമായിരുന്നു എന്നു പ്രസിദ്ധവുമാണ്.

ശ്രീ. എ. താണുപിള്ള : അന്ന് തമിഴ്നാട് കൂടെയുണ്ടായിരുന്നില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തമിഴ്നാട്, കാൺഗ്രസ്സ് അല്ലല്ലോ ? (ചിരി)

എന്നുതന്നെയല്ല, സർ, ഇങ്ങനെയുള്ള ദൂരവ്യാപകങ്ങളായ കാര്യങ്ങളെപ്പററി ശ്രീ. താണുപിള്ള ഒരാൾക്ക്, ഒരു സോഷ്യലിസ്റ്റിന് സ്വന്തം അഭിപ്രായം പറയേണ്ടിവന്നിരിക്കുന്നു. ഈ അവസ്ഥയിൽ ചെയ്യുന്നതിലൊക്കെ ഒരു പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തെ ആദരിച്ചതു് തെററാണോ സർ. അന്ന് ശ്രീ. നടരാജപിള്ള എന്താണ് പറഞ്ഞതു്? ശ്രീ. താണുപിള്ള പറഞ്ഞതു് എന്താണ് ? ഒരു കൊല്ലത്തേയ്ക്കുള്ള ഒരു ബില്ലിൽ വ്യത്യാസങ്ങളൊന്നും വരുത്തേണ്ടതില്ലെന്ന് ശ്രീ. നടരാജപിള്ള പറഞ്ഞു. സോഷ്യലിസ്ററുകാരായ ശ്രീ. താണുപിള്ളയും ശ്രീ. നടരാജപിള്ളയും പറഞ്ഞതനുസരിച്ച് അന്ന് ഞാൻ അതു് പിൻവലിച്ചു. ഇപ്പോൾ അവിശ്വാസപ്രമേയം തലയിൽ വന്നുനില്ക്കുന്ന അവസരത്തിൽ, അവരുടെ നാവ് വോട്ടു കിട്ടുമെന്നുള്ള വിചാരത്തോടുകൂടി യാതൊരു ആലോചനയും കൂടാതെ, ആറുമാസക്കാലത്തേയ്ക്ക് ഒരു നിയമസഭ കൂടിയിരിക്കുന്നതിന്റെ മദ്ധ്യത്തിൽവച്ച്, അതു് കൊണ്ടുവരികയല്ലേ ചെയ്തിരിക്കുന്നതു് ?

ശ്രീ. എ. താണുപിള്ള : ഞങ്ങൾ ഹാജരാക്കിയിട്ടുള്ള ബില്ലിൽ ആ വ്യവസ്ഥ ഉണ്ടോ എന്നു നോക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബില്ല് ഞാൻ നോക്കി. അദ്ദേഹം എന്നോടു ചോദ്യം ചോദിക്കുവാൻ കാണിക്കുന്ന വ്യഗ്രതയിൽ ലോകം അദ്ദേഹത്തെ പരിഹസിക്കുന്നതു് അറിയുന്നില്ല. (ചിരി). ഈ അവിശ്വാസപ്രമേയം പാസ്സാകാതിരിക്കുകയാണെന്നുണ്ടെങ്കിൽ ഈ മന്ത്രിസഭയിൽനിന്നുണ്ടാകുന്ന ഗർഭഗാസന്താനങ്ങളുടെ മാതൃകകളാണ് ഈ കാണുന്നതു്. ഞാൻ അധികം പറയുന്നില്ല. ഈ മന്ത്രിസഭയ്ക്കു തക്കതായ പിൻതുണയില്ലാത്തതുകൊണ്ടു്, ഈ മന്ത്രിസഭയ്ക്കു 18 അംഗങ്ങളുടെമാത്രം പിൻബലം ഉള്ളതുകൊണ്ടു്, ഈ മന്ത്രിസഭ ഈ രാജ്യത്തു് ഭരിക്കുന്നതു് ഒരു ആപത്തായി ഞാൻ കണക്കാക്കുന്നു. ഈ മന്ത്രിസഭ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി നല്ല അഭിപ്രായം പറയാത്ത ആളുകളാണ് ഈ പ്രമേയത്തെ എതിർത്തതു്. അവർക്കുള്ള ഭയം കാൺഗ്രസ്സ് അധികാരത്തിൽ വന്നേയ്ക്കുമെന്നാണ്.

കാൺഗ്രസ്സ് അധികാരത്തിൽ വന്നേയ്ക്കാം. ഈ മന്ത്രിസഭ പരാജയപ്പെടുകയും കാൺഗ്രസ്സിനു അധികാരത്തിൽ വരുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാവുകയും ചെയ്താൽ കാൺഗ്രസ്സ് അധികാരത്തിൽ വരും. ഈ മന്ത്രിസഭ പരാജയപ്പെടുമോ എന്നെനിക്കറിയുകയില്ല. കാൺഗ്രസ്സ്

അധികാരത്തിൽ വരാനുള്ള സാഹചര്യങ്ങൾ ഉണ്ടോ എന്നും എനിക്കറിയുകയില്ല. കാൺഗ്രസ്സ് അധികാരത്തിൽ വരാനുള്ള സാഹചര്യങ്ങൾ ഉണ്ടെങ്കിൽ കാൺഗ്രസ്സ് അധികാരത്തിൽ വരുകതന്നെ ചെയ്യും. അതിനനുകൂലമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ കാൺഗ്രസ്സ് അധികാരത്തിൽ കയറുകയില്ല. അതാണ് ഇന്ന് ഈ രാജ്യത്തുണ്ടായിട്ടുള്ള പ്രശ്നം. ഈ ഒരു ദുർഘടസന്ധിയിൽ ഈ പാർട്ടിയെ ഇന്നധികാരത്തിൽ തുടരാൻ അനുവദിക്കുന്നതു് ശരിയായിരിക്കുകയില്ല.

സർ, കഴിഞ്ഞ എട്ടുപത്തു മാസത്തിനിടയിൽ ഇവർ ഈ രാജ്യത്തു ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെപ്പററി ഞാൻ ഇതിനു മുമ്പ് പറയുകയുണ്ടായിട്ടുണ്ട്. ഒരു ഉദാഹരണം ഞാൻ പറയാം. കഴിഞ്ഞ ജൂലായിമാസത്തിൽ ഇവിടെ സമ്മേളനം നടന്ന അവസരത്തിൽ ഞാൻ ഒരുകോടി രൂപയുടെ ഒരു ഉപക്ഷേപം കൊണ്ടുവന്നതിനെപ്പററി ഇവിടെ ഒന്നിലധികം തവണ പറഞ്ഞിട്ടുണ്ട്. കാൺഗ്രസ്സിനെ, പിൻതാങ്ങി പ്രതിപക്ഷമെന്ന് ശ്രീ. ടി. വി. തോമസ്സ് ആക്ഷേപിച്ചിട്ടും, അവരുടെ ആനുകൂല്യത്തോടുകൂടി തയ്യാറാക്കിയ ബഡ്ജററാണെന്ന് പറഞ്ഞിട്ടും, അന്നു കൊണ്ടുവന്ന ബഡ്ജററിൽ ഉള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഞാൻ കൊണ്ടുവന്നതായ ഒരു ഉപക്ഷേപമായിരുന്നു അതു്. മുഖ്യമന്ത്രി ഓർക്കുന്നുണ്ടോ; ആ ഉപക്ഷേപം പിൻവലിക്കയുണ്ടായി. അന്ന് അദ്ദേഹം പറഞ്ഞു, നമുക്കു പിൻവലിക്കണം, അതിനു വേണ്ട നടപടികൾ ഉടനെ എടുക്കാം എന്ന്. അന്നു നൽകിയ ഉറപ്പിനെപ്പററി മുഖ്യമന്ത്രി ഓർക്കുന്നുണ്ടോ; എന്താണ് ആ ഉറപ്പ്? തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വികസനപദ്ധതികളും വ്യവസായവൽകരണവും മററും ഉടൻ ആരംഭിക്കാമെന്നു ഞങ്ങൾക്കുറപ്പു തന്നു. അതു് അങ്ങനെ ചെയ്യുമെന്നും ഞങ്ങൾ വിശ്വസിച്ചു. അതനുസരിച്ച് ആവശ്യമായ നടപടികൾ ഉടനെ എടുക്കാം, ഉടനെതന്നെ അതിലേയ്ക്ക് സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവരാം എന്നും ഉറപ്പു നൽകി, മന്ത്രിസഭയുടെ ആയുസ്സ് കുറച്ചുകൂടി നീട്ടുകയുണ്ടായി. അങ്ങനെ ഞങ്ങൾക്കൊരു തെററു പററി. എന്നാൽ മി. തോമസ്സ് ബുദ്ധിമാനാണ്. ഇപ്പോൾ മി. തോമസ്സ് വാഗ്ദാനങ്ങൾ കേട്ടു വിശ്വസിക്കുന്നില്ല. അതിനു പകരം ഇപ്പോൾ എഴുതി എഴുതി വാങ്ങിക്കുകയാണ്. അതു് താമസ്സ് എന്നേക്കാൾ മിടുക്കനായതുകൊണ്ടാണ്. അവർ പുന്നപ്ര-വയലാർപ്രതികളെ ജയിലിൽ നിന്നിറക്കിയതിനുശേഷമേ തങ്ങൾ അനുകൂലമായി വോട്ടു ചെയ്യുകയുള്ളു എന്നു പറഞ്ഞു. അപ്രകാരം ഗവണ്മെൻറ് ഉത്തരവ് പാസ്സാക്കി. അതുപോലെ തന്നെ ഇപ്പോഴത്തെ ഈ ബില്ലും ഈ നിയമസഭയുടെ മദ്ധ്യത്തിൽ വച്ച് കൊണ്ടുവന്നാലേ ഈ അവിശ്വാസപ്രമേയത്തിനെതിരായി വോട്ടുചെയ്യുകയുള്ളു എന്നു പറഞ്ഞു. അങ്ങിനെ ഒന്നൊന്നായി ഈ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇന്നത്തെ മന്ത്രിസഭ കീഴ്പ്പെടുന്നതായിട്ടാണ് ഞാൻ കാണുന്നതു്. അതിനെപ്പററി പറയാനുള്ളതു് ഇങ്ങനെ കമ്മ്യൂണിസ്റ്റുപാർട്ടി പറയുന്നതുപോലെ, അതിനു കീഴ്പ്പെട്ട് പ്രവർത്തിക്കുന്ന വളരെ ലജ്ജാകരമായ കീഴ്വഴക്കങ്ങളാണ് മുഖ്യമന്ത്രി ഇവിടെ സൃഷ്ടിക്കുന്നതു് എന്നാണ്. ഇന്നത്തെ മുഖ്യമന്ത്രിയുടെ മുമ്പിൽ കമ്മ്യൂണിസ്റ്റുപാർട്ടി ഒരു പിസ്റ്റൾ വച്ചിട്ടുണ്ട്. ആ പിസ്റ്റളിൻെറ ഭയത്തിനു് അധീനനായതുകൊണ്ടാണ് ഇങ്ങനെ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കുന്നതു്. ഈ അഡ്മിനിസ്ട്രേഷനു് അതുകൊണ്ടു് ന്യായമായ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുകയില്ല. ഈ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അഡ്മിനിസ്ട്രേഷന്റെ ഈ നിലപാട് ഈ രാജ്യത്തിന് ആപത്തുകൾ വരുത്തിവയ്ക്കും. ഇങ്ങനെ പിസ്റ്റൾ നോക്കി മുഖ്യമന്ത്രി കാര്യങ്ങൾ ചെയ്യാൻ തയ്യാറായി. ഇന്ന് അധികാരത്തിനുള്ള അഭിവാഞ്ഛമൂലം അദ്ദേഹത്തിൽ വന്നുകയറിയിരിക്കുന്ന ദൗർബല്യം നോക്കുമ്പോൾ ഒരു നിമിഷംപോലും അദ്ദേഹത്തെ അധികാരത്തിൽ തുടരാൻ അനുവദിക്കുന്നതു് ഈ രാജ്യത്തെ ജനങ്ങളുടെ പ്രാതിനിദ്ധ്യമുള്ള ഈ നിയമസഭയിലെ അംഗങ്ങൾക്ക് യോജിച്ചതല്ല എന്നുള്ള ഉറച്ച വിശ്വാസംമൂലം ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. ടി. വി. തോമസ്: ഈ കഴിഞ്ഞ 31-ാം തീയതി രാജ്യപ്രമുഖന്റെ പ്രസംഗത്തിന് അവതരിപ്പിച്ച പ്രമേയത്തിന്റെ ഗതിയെപ്പററിയുള്ള ചർച്ചകൾക്കുശേഷം ബഹുമാനപ്പെട്ട തോവാള മെംബർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസപ്രമേയത്തെപ്പററി ധാരാളം ചർച്ചകൾ നടന്നു കഴിഞ്ഞതിനാൽ അതു സംബന്ധിച്ച ഒരു നീണ്ട പ്രസംഗം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മിക്കവാറും ആവർത്തനം ഒഴിവാക്കുന്നതിന് എല്ലാവരും നിർബന്ധിതരാണെന്ന് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ അതിനൊരുങ്ങുന്നില്ല. എങ്കിലും ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം എന്റെ പാർട്ടി സ്വീകരിച്ചിരിക്കുന്ന നിലപാടിനെ സംബന്ധിച്ച് ഒരു മറുപടിരൂപേണ ചില സംഗതികൾ ഈ സഭയുടെ മുമ്പാകെ വയ്ക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.

തോവാള മെംബർ ശ്രീമാൻ രാമസ്വാമിയും ചെങ്ങോട്ട മെംബർ ശ്രീ. കരയാളരും ശ്രീമാൻ കുഞ്ഞൻ നാടാരും ഇവിടെ പ്രസംഗിച്ച പല കാര്യങ്ങളെപ്പററിയും പൊതുവേ എന്റെ പാർട്ടി യോജിക്കുന്നു. അതുമല്ല, ഞങ്ങൾക്ക് ഇന്നത്തെ മന്ത്രിസഭയെപ്പററി വളരെ കൂടുതൽ ആരോപണങ്ങളും പരാതികളും പറയാനുണ്ട്. ട്രാൻസ്പോർട്ടു തൊഴിലാളികൾ നടത്തിയ സമരത്തെ സംബന്ധിച്ചും കാൺഗ്രസ്സിന്റെ പിൻതുണ പിൻവലിക്കുന്നതുവരെ ഈ മന്ത്രിസഭ നാട്ടിൽ അങ്ങോളമിങ്ങോളം അഴിച്ചുവിട്ടിരുന്ന തൊഴിലാളിവിരുദ്ധമനോഭാവത്തെ സംബന്ധിച്ചും ഞങ്ങൾക്ക് പലതും പറയാനുണ്ട്. എങ്കിലും ശ്രീമാൻ രാമസ്വാമിയോടും ശ്രീമാൻ ചട്ടനാഥക്കരയാളരോടും ചില സംഗതികൾ ഞങ്ങൾക്ക് ചോദിക്കുവാനുണ്ട്.

ശ്രീമാൻ രാമസ്വാമി, തൊഴിലാളികൾക്കെതിരായി ഈ മന്ത്രിസഭ സ്വീകരിച്ചിരിക്കുന്ന നടപടികളെപ്പററി പരാമർശിക്കുകയുണ്ടായി. അങ്ങനെ മന്ത്രിസഭയിൽനിന്നും തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടി ആത്മാർത്ഥമായ ഉദ്ദേശത്തോടുകൂടി ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസപ്രമേയത്തിന്റെ അനന്തരഫലം തൊഴിലാളികളെ എങ്ങനെ ബാധിക്കുമെന്ന്—ആത്മാർത്ഥമായി—ഒന്നാലോചിക്കേണ്ടതല്ലേ.

പശുമല തൊഴിലാളികൾ ആഹാരത്തിനുവേണ്ടി അരി ചോദിച്ച അവസരത്തിൽ, ഈ പ്രമേയം പരാജയപ്പെട്ടാൽ അധികാരത്തിൽ വരാൻ ഇടയുള്ള പാർട്ടി എന്തു ചെയ്യ എന്ന് അവരെ അധികാരത്തിലേയ്ക്ക് ഉന്തിക്കയററാൻ ശ്രമം നടത്തുന്ന ശ്രീമാൻ രാമസ്വാമി ആലോചിക്കണം. അദ്ധ്വാനിക്കുന്നതൊഴിലാളികൾ, അത്ര തമിഴ് തൊഴി

ലാളികൾ അരി ആഹാരത്തിനായി ആവശ്യപ്പെട്ടപ്പോൾ, അവക്ക് അരി കിട്ടണം പയർ അവക്കുവേണ്ടാ എന്നു പറഞ്ഞതിന് ഈ കാൺഗ്രസ്സ് ഗവണ്മെൻറ് എന്തു നിലപാടാണ് എടുത്തതെന്നു ശ്രീമാൻ രാമസ്വാമി ആലോചിക്കണം. ആ സംഭവം നടന്നു രണ്ടു ദിവസം കഴിഞ്ഞു് ശ്രീമാൻ ശ്രീകണ്ഠൻ നായരും ഞാനുംകൂടി അവിടെ പോയിരുന്നു. സർ, ആയിരത്തി അഞ്ഞൂറോളം ജനങ്ങൾ ഒന്നിച്ചുകൂടിയിരുന്ന ഒരു സ്ഥലത്തു് ഒൻപതു ചുററു വെടി സ്റ്റെറൻഗൺകൊണ്ടു് വയ്ക്കുകയുണ്ടായി. ഇതേ സംബന്ധിച്ചു് ഈ നിയസഭയിൽ ചോദ്യം ചോദിച്ച അവസരത്തിൽ ഒന്നോ രണ്ടോ ആളുകൾക്ക് പരുക്കുപററാൻ ഇടയുണ്ടു് എന്നാണ് അന്നു പോലീസു മന്ത്രിയായിരുന്ന ശ്രീമാൻ ടി. എം. വർഗ്ഗീസ് ഇവിടെ പറഞ്ഞതു്. ആയിരത്തിഅഞ്ഞൂറോളം ആളുകൾ കൂടിയ ഒരു കൂട്ടത്തിൽ ഒൻപതു ചുററു വെടി സ്റ്റെറൻഗൺകൊണ്ടു വച്ചതിൻെറ ഫലമായി ഒന്നോ രണ്ടോ പേക്കു പരുക്കുപററാൻ ഇടയുണ്ടു് എന്നു പറഞ്ഞതു് എങ്ങനെ വിശ്വസിക്കാം? ഞങ്ങൾ ആ സ്ഥലങ്ങൾ സന്ദർശിച്ചു അവസരത്തിൽ അവിടെ സംഭവസ്ഥലത്തിനു സമീപമെങ്ങും നിൽക്കാൻ സാധിക്കാത്തവണ്ണം ദുർഗ്ഗന്ധം വമിക്കുകയായിരുന്നു. എന്താണ് അതിനു കാരണം; വെടിയേററതായ സാധു തൊഴിലാളികൾ ഭയന്നു കാട്ടിൽ പോയി ചത്തുകിടപ്പുണ്ടു്. അങ്ങനെ ഇന്നത്തെ മന്ത്രിസഭയുടെ തൊഴിലാളിവിരുദ്ധമനോഭാവത്തിൽനിന്നും തൊഴിലാളികളെ രക്ഷിക്കാൻവേണ്ടി, പശ്ചിമല തൊഴിലാളികൾക്ക് എതിരായി വെടിവച്ചു കാൺഗ്രസ്സിനെ അധികാരത്തിൽ കൊണ്ടുവരാൻ അദ്ദേഹം കൂട്ടുനിൽക്കുന്നതു ശരിയാണോ എന്നു ശ്രീമാൻ രാമസ്വാമി ആലോചിക്കണം. പശ്ചിമല ഘാതകരെ വീണ്ടും അധികാരത്തിൽ കയററാൻ വേണ്ടി ശ്രീമാൻ രാമസ്വാമിയോടു അനുകൂലിച്ചില്ലെങ്കിൽ അതിനു ശ്രീമാൻ രാമസ്വാമി പരിഭവിക്കരുതു്.

ശ്രീമാൻ കുഞ്ഞൻനാടാർ ഇവിടെ പറഞ്ഞ കാര്യങ്ങൾ നോക്കുമ്പോൾ നിങ്ങൾക്ക് പരാതിക്ക് ന്യായമായ അവകാശങ്ങൾ ഉണ്ടു്. നിങ്ങളുടെ ദുഃഖത്തിൽ ഞങ്ങളും സഹതപിക്കുന്നു. അവർ പറയുകയുണ്ടായി തമിഴ്നാട്ടുകേസുകളിലെ പ്രതികളായ സോമരാജും ചെല്ലയ്യായും ഇന്നും ജയിലുകളിൽ കിടന്നു മർദ്ദനത്തിനു വിധേയരായിരിക്കുന്നു എന്നു്. അവരും കമ്മ്യൂണിസ്ററുകളാണ്. അവരെ കമ്മ്യൂണിസ്ററ് എന്ന കാരണത്താൽ കൂടുതലായി മർദ്ദിക്കുന്നു. ഇതിൽനിന്നും ഇവരുടെ മനോഭാവം മാത്രം നാം മനസ്സിലാക്കണം. ശ്രീമാൻ ചട്ടനാഥക്കുറുപ്പരയാളർ ഇവിടെ പറഞ്ഞു തമിഴ്നാട്ടു് സമരം സംബന്ധിച്ചു് അന്നു ഞാനും ശ്രീമാൻ കുറുപ്പരയാളരും ഒരേ പ്ലാററ ഫാറത്തിൽനിന്നു പ്രസംഗിച്ചിട്ടുണ്ടു് എന്നു്. അന്നു് ടി. ടി. എൻ. സി. ക്കാർ ഉന്നയിച്ച ഭാഷാപ്രവിശ്യാവാദം അവരുടെ മയലികാവകാശമാണെന്നാണ് ഞങ്ങളുടെ വിശ്വാസം; അതുകൊണ്ടു് നിങ്ങൾ അതിനുവേണ്ടി നിലകൊള്ളുമ്പോൾ ഞങ്ങൾ അതിനെ പിൻതാങ്ങും. ഞങ്ങൾക്ക് നിങ്ങളോടു വിരോധമില്ലെന്നും ഞങ്ങൾ നിങ്ങളുടെ ഭാഷാപ്രവിശ്യാവാദത്തെ വിരോധിച്ചിട്ടില്ലെന്നും നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ വിചാരിക്കുന്ന അവസരത്തിൽ ഞങ്ങൾ നിങ്ങളുടെ കൂടെയുണ്ടു്. നിങ്ങൾ ദുഃഖിക്കുന്ന അവസരത്തിൽ ഞങ്ങളും സഹതപിച്ചിട്ടുണ്ടു്. എങ്കിലും നിങ്ങളുടെ പ്രസംഗത്തിൽ ഇതു ധർമ്മമാണോ? പുരുഷത്വമാണോ? കമ്മ്യൂണിസ്ററു പാർട്ടിക്കു അഭിമാനമുണ്ടെങ്കിൽ

[ശ്രീ. ടി. വി. തോമസ്]

ഈ അവിശ്വാസപ്രമേയത്തെ എതിർക്കുമോ എന്നെല്ലാം ശ്രീ. കുഞ്ഞൻ നാടാർ ചോദിക്കുകയുണ്ടായി. അതിനു ഞങ്ങൾക്കു മറുപടി പറയാനുണ്ട്. പി. എസ്സ്. പി. യുടെ ദണ്ഡനമേററ് ഇപ്പോൾ കാൺഗ്രസ്സിന്റെ കാൽക്കൽ ചെന്നു വീഴുന്നതാണോ അഭിമാനം. ഇതാണോ പുരുഷത്വം എന്നു ഞാൻ തമിഴ്നാട് കാൺഗ്രസ്സ് നേതാക്കന്മാരോടു ചോദിക്കുന്നു. ഞങ്ങൾ നിങ്ങളുടെ പ്രശ്നങ്ങൾ സമ്മതിക്കുന്നു. അതിനുവേണ്ടി നിങ്ങളുടെ പ്രവർത്തനങ്ങളുടെ പിന്നിൽ ഞങ്ങൾ നിലകൊള്ളുന്നു. ഏതവസരത്തിലും നിങ്ങളുടെ അവകാശവാദങ്ങളെ ഞങ്ങൾ പിൻതാങ്ങിയിട്ടുണ്ട്. നിങ്ങളുടെ കഷ്ടപ്പാടുകളും ഞങ്ങളുടെതാണെന്നു ഞങ്ങൾ പ്രകടമാക്കിട്ടുണ്ട്. അതേ അവസരത്തിൽ ഞങ്ങളുടെ നിലപാട് ചോദ്യം ചെയ്തുകൊണ്ട് ഇന്നത്തെ മന്ത്രിസഭാപ്രശ്നം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയാണെന്നു പറഞ്ഞു കാൺഗ്രസ്സിനെ അധികാരത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതു് ഒരു രാഷ്ട്രീയ പാർട്ടിക്കു ഭൂഷണമാണോ, അഭിമാനമാണോ; എന്നു നിങ്ങൾ ആലോചിച്ചുനോക്കണം. അന്നു നിങ്ങൾ കാൺഗ്രസ്സുപാർട്ടിയോടു സഹകരിച്ചു പ്രവർത്തിച്ചു. എന്നാൽ അന്നു നിങ്ങളുടെ അവകാശങ്ങൾ വല്ലതും അവർ അനുവദിച്ചുതന്നോ? അതിനുശേഷം നിങ്ങൾ പിണങ്ങിപ്പോയി. നിങ്ങൾ രാജ്യത്തെ ഒരു ദുർഘടസന്ധിയിലേയ്ക്കു് വലിച്ചിഴച്ചു. ഇന്നത്തെ നിങ്ങളുടെ കൂട്ടുകെട്ടിന്റെ ഫലമായി ഉണ്ടാകാൻ പോകുന്ന സ്വയംനിർണ്ണയാവകാശം ഞങ്ങളും സമ്മതിക്കുന്നു. ഞങ്ങൾ അതിനെ അനുകൂലിക്കുന്നു. നിങ്ങൾ പിരിഞ്ഞുപോകുന്ന അവസരത്തിൽ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഈ നാട്ടിലെ ജനങ്ങൾ ലക്ഷക്കണക്കിനു് അവരുടെ രക്തവും ജീവനും ബലികൊടുത്തു ഒരു ഇടതുപക്ഷപ്രസ്ഥാനം കെട്ടിപ്പടുത്തിട്ടുണ്ട്. നിങ്ങൾ പിരിഞ്ഞുപോകുന്ന അവസരത്തിൽ ജനങ്ങൾക്കു വേണ്ടാത്ത കാൺഗ്രസ്സിനെ ജനങ്ങളുടെ തലയിൽ കെട്ടിവച്ചിട്ടുപോകാനാണോ ഭാവം എന്നു ശാന്തമായി നിങ്ങൾ ഒന്നുചിന്തിക്കണം. ഇതിൽ രാഷ്ട്രീയ വിവേകം ഉണ്ടോ? ടി. ടി. എൻ. സി. നേതാക്കന്മാരുടെ അവകാശവാദങ്ങളോടു ഞങ്ങൾക്കു പരിപൂർണ്ണമായ യോജിപ്പാണുള്ളതു്. ഐക്യതമിഴകം അവർ ആവശ്യപ്പെടുന്നതുപോലെ ഞങ്ങൾ ഐക്യകേരളത്തിനുവേണ്ടി നിലകൊള്ളുകയാണ്. ഐക്യകേരളം എത്രമാത്രം പ്രിയങ്കരമായി ഞങ്ങൾ കണക്കാക്കുന്നുവോ, അതുപോലെ പ്രിയങ്കരമായി ഐക്യതമിഴകവാദത്തെയും ഞങ്ങൾ അനുകൂലിക്കുകയാണ്. അങ്ങനെ ആദർശത്തിൽ ഐക്യമുള്ള രണ്ടുകൂട്ടരും യോജിച്ചു നിന്നു് പ്രവർത്തിച്ചാൽ ലക്ഷ്യപ്രാപ്തിക്കു കൂടുതൽ സഹായകമായിരിക്കും.

ശ്രീ. താണുലിംഗനാടാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി, കമ്മ്യൂണിസ്റ്റുപാർട്ടി പി. എസ്സ്. പി. യെ അനുകൂലിക്കുന്നതു രാഷ്ട്രീയവിവേകമാണോ എന്നു്? അദ്ദേഹം, പി. എസ്സ്. പി. മന്ത്രിസഭപോയിട്ട് മറേറതെങ്കിലും മന്ത്രിസഭ രൂപമെടുത്താലും തമിഴ്നാട് കാൺഗ്രസ്സുകാരെ സംബന്ധിച്ചിടത്തോളം ഒന്നും സംഭവിക്കാനില്ലെന്നും പറയുകയുണ്ടായി. കാൺഗ്രസ്സുകാരുമായി പിണങ്ങിപ്പിരിഞ്ഞിട്ട് ഇപ്പോൾ വീണ്ടും കാൺഗ്രസ്സുമായി കൂട്ടുകൂടുന്നതു രാഷ്ട്രീയ വിവേകമാണോ എന്നാണു എനിക്കു ശ്രീ. താണുലിംഗനാടാരോടു ചോദിക്കാനുള്ളതു്?

നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ, അവകാശവാദങ്ങൾ ഉന്നയിക്കാൻ പരിപൂർണ്ണമായ സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. പിണങ്ങിപ്പിരിഞ്ഞ കാൺഗ്രസ്സുമായി വീണ്ടും കൂട്ടുചേർന്ന പരസ്പരവിരുദ്ധങ്ങളായ ആദർശങ്ങൾ നടപ്പിൽ വരുത്താനുള്ള കൂട്ടുകെട്ടുണ്ടാക്കുന്നതു നിങ്ങൾക്കു അഭിമാനകരമാണോ എന്നാണു ഞാൻ ചോദിക്കുന്നതു്. നിങ്ങളുടെ അവകാശങ്ങളെ അനുകൂലിച്ചും, അതുപോലുള്ള അവകാശവാദങ്ങൾ നടപ്പിലാക്കാൻ പരിശ്രമിച്ചും കഴിയുന്ന ഇടതുപക്ഷകക്ഷിയോടു നിങ്ങൾ കൂട്ടുചേർന്നു് അഭിമാനകരമായി പ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ കഴിയും. അതാണു നിങ്ങൾ ചെയ്യേണ്ട വിവേകപൂർവ്വമായ നടപടി. വീണ്ടും കാൺഗ്രസ്സുകാരെ അധികാരത്തിൽ വരുത്തുകയാണെങ്കിൽ അതിനു തികച്ചും ഉത്തരവാദികൾ തമിഴനാടു കാൺഗ്രസ്സുകാരായിരിക്കുന്നതാണു്.

ശ്രീ. പി. താണുലിംഗം നാടാർ : പി. എസ്സ്. പി. കൂടി ഉൾപ്പെട്ട ഇടതുപക്ഷ കക്ഷിയെപ്പററിയല്ലേ പറയുന്നതു്?

ശ്രീ. ടി. വി. തോമസ് : ആവടിയിൽചെന്നു് കാൺഗ്രസ്സിന്റെ കാൽ പിടിച്ചു് നിങ്ങൾ അഭയംനേടാൻ നോക്കാതെ, രാജ്യനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയാണു വേണ്ടതു്.

Shri Panampilli Govinda Menon : Who gave that information?

Shri T. V. Thomas : A reliable person gave that information.

ശ്രീ. ഏ. കുഞ്ഞൻനാടാർ : നിങ്ങൾ പറയുന്ന ഇടതുപക്ഷ പാർട്ടിയിൽ പി. എസ്സ്. പി. യുംകൂടി ഉൾപ്പെടുകയില്ലേ?

ശ്രീ. ടി. വി തോമസ് : പി. എസ്സ്. പി. ഉൾപ്പെടാത്ത ഒരു ഇടതുപക്ഷപാർട്ടിയോടു ചേരാൻ നിങ്ങൾ തയ്യാറാണോ? എങ്കിലും നമ്മൾ 53 പേർ ഉണ്ടാകും.

ഈ പ്രമേയം പാസ്സായാൽ ഉണ്ടാകുന്ന അനന്തരഫലത്തെപ്പററി ഇവിടത്തെ സാമാന്യജനങ്ങളെ പ്രതിനിധീകരിക്കുന്ന പാർട്ടി എന്ന നിലയിൽ രാമസ്വാമിയും, കരയാളരും ആലോചിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. കാൺഗ്രസ്സുകാർ അധികാരത്തിൽ വരുമെന്നുള്ളതാണു ഫലം. തമിഴനാട്ടിൽ ഉണ്ടായ സംഭവങ്ങളെ തുടർന്നു് ലാക്കപ്പിൽ നടന്ന നിർഭാഗ്യകരമായ ചില കാര്യങ്ങളെപ്പററി ശ്രീ. കുഞ്ഞൻനാടാർ ഇവിടെ പറയുകയുണ്ടായി. അതുപോലെയുള്ള ഏതാനും സംഭവങ്ങളെപ്പററി രാമസ്വാമിയും പറഞ്ഞു. കാൺഗ്രസ്സുകാരുടെ ഭരണകാലത്തു് അഞ്ചു കൊല്ലം ജയിലിൽകിടന്ന ഒരാൾ എന്ന നിലയിൽ എനിക്കും ചിലതൊക്കെ പറയാനുണ്ടു്. അന്നു് കിരാതൻ എന്ന പേരുകേട്ട മി. കരുണാകരൻ കർത്താവു് ജയിൽസൂപ്രണ്ടു് ആയിരുന്ന കാലമായിരുന്നു. 58 പേരെ ഇടാമായിരുന്ന ഒരു ഹാളിൽ, 122 പേരെ ഇട്ടടച്ചു. ഞങ്ങൾ അതിനെപ്പററി പരാതിപ്പെട്ടു. ഫലമില്ലെന്നുകണ്ടു ഒടുവിൽ ഞങ്ങളെല്ലാവരും നിരാഹാരവ്രതമെടുത്തു. ഇതാണു ഞങ്ങൾചെയ്ത ഏററവും വലിയ കുററം, ജയിൽപുള്ളികൾ നിരാഹാരവ്രതം എടുക്കാൻ തീരുമാനിച്ചുവെന്നുള്ളതു് അതിനു് കാൺഗ്രസ്സു ഗവണ്മെന്റു സ്വീകരിച്ച നടപടികൾ വളരെ ഭയങ്കരമായിരുന്നു. ഞങ്ങൾ 122 പേരിൽ 122 പേരെയും തല്ലിച്ചതച്ചു. 84 പേരുടെ പല്ലുകൾ നഷ്ടപ്പെടത്തക്കവണ്ണം മർദ്ദിച്ചു. ഇതുകണ്ടു് അവിടെ കൂടിനിന്ന ആളുകൾ എല്ലാവരും വാവിട്ടു നിലവിളിച്ചുപോയി.

[ശ്രീ. ടി. വി. തോമസ്]

ഒരു അയ്യപ്പനെ പോലീസു ഇൻസ്പെക്ടർ പിടിച്ചു വെളിയിലിട്ടു തല്ലി എല്ലൊടിച്ചു. ഇങ്ങനെയുള്ള കാൺഗ്രസ്സുകാരെയാണോ സഹായിക്കണമെന്നു നിങ്ങൾ നിശ്ചയിക്കുന്നതു്? തമിഴനാട്ടിലെ ജനതയുടെ ശവങ്ങളുടെ മീതെ നിന്നുകൊണ്ടു് അവരുടെ ചോരയിൽ മുക്കിയ രക്തഹാരമാണു് ഞാൻ 5-ാംനു- മുഖ്യമന്ത്രിയെ അണിയിച്ചതെന്നു ശ്രീ. കുഞ്ഞൻ നാടാർ പറയാൻ തയ്യാറായതിൽ എനിക്കു വളരെ ഖേദമുണ്ടു്. ഇന്നു് കാൺഗ്രസ്സിനെ സഹായിക്കത്തക്ക ഒരു നില സ്വീകരിക്കരുതോ എന്നു മി. നാടാർ ചോദിച്ചു. അരി ചോദിച്ചു പട്ടിണിമല തൊഴിലാളികളുടെ നേരെ വെടി വച്ചു കാൺഗ്രസ്സിനെ പിൻതാങ്ങുന്നതു തൊഴിലാളികൾക്കു സഹായകമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? തൊഴിലാളികളെ രക്ഷപ്പെടുത്താനാണോ കാൺഗ്രസ്സിനെ വീണ്ടും നിങ്ങൾ അധികാരത്തിൽ കയറാൻപോകുന്നതെന്നു ഞാൻ ചോദിക്കുന്നു. തുടർന്നു്, ജോലി കിട്ടാൻ വേണ്ടി മുതലാളിയെ സമീപിച്ച മട്ടാഞ്ചേരി തൊഴിലാളികളെ വെടി വച്ചു കാൺഗ്രസ്സിന്റെ പോലീസിനു കീർത്തിമുദ്രകൊടുത്ത അവരെയാണു് തൊഴിലാളികളെ രക്ഷിക്കാൻ അധികാരത്തിലേയ്ക്കു രാമസ്വാമിയും കരയാളരുംകൂടി കയറാൻ പോകുന്നതു്. അങ്ങനെ നിങ്ങൾ അവരെ അധികാരത്തിലേയ്ക്കു യത്നിയ്ക്കുമ്പോൾ തൊഴിലാളികൾ കൂടുതൽ മർദ്ദനത്തിനും ചൂഷണത്തിനും വിധേയരാകാൻപോകുകയാണെന്നുള്ളതിൽ എനിക്കു് സംശയമില്ല. തമിഴനാട്ടുകാരോടു വീണ്ടും എനിക്കു ചോദിക്കുവാനുള്ളതു് നിങ്ങളുടെ അവകാശവാദത്തിനുവേണ്ടി തുടർച്ചയായും, ശക്തമായും ഉള്ള ഒരു നിലപാടു നിങ്ങൾ കൈക്കൊള്ളുന്നതു നീതീകരിക്കാവുന്നതാണെങ്കിലും തമിഴനാട്ടിന്റെ അവകാശങ്ങൾക്കുവേണ്ടി തുടർച്ചയായി സഹായിച്ചിട്ടുള്ള ഇടതുപക്ഷങ്ങളെവിട്ടു് കാൺഗ്രസ്സിലേയ്ക്കു പോകുന്നതു് നിങ്ങൾക്കു നന്മയാണോ എന്നാണു്. ഒരു രാഷ്ട്രീയ പാർട്ടിക്കു രാഷ്ട്രീയ പക്ഷവീട്ടു മാത്രമാണോ കടമ? അവർ പ്രതിനിധീകരിക്കപ്പെടുന്ന പൊതുജനങ്ങളുടെ നില സംരക്ഷിക്കുന്ന നിലപാടു് അതാണോ എന്നവർ വിവേകപൂർവ്വം ആലോചിക്കണം. നിങ്ങൾ ഇന്നു സ്വീകരിച്ചിരിക്കുന്ന നിലപാടു് തമിഴനാട്ടിലെ ജനങ്ങളോടു ചെയ്യുന്ന ഒരു വഞ്ചനയായിരിക്കും. അതുപോലെതന്നെ രാമസ്വാമിയോടും കരയാളരോടും എനിക്കു പറയാനുള്ളതു്, നിങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാൻ ഞാൻ തയ്യാറില്ല. എന്നാൽ നിങ്ങളുടെ പ്രവർത്തനത്തിന്റെ ഫലം നിങ്ങളുടെ ആഗ്രഹത്തിനെതിരായിരിക്കും. നിങ്ങൾ പ്രതിനിധീകരിക്കുന്ന ജനങ്ങളെ അവസാനം നിങ്ങൾ ഒറവുകൊടുക്കലായിരിക്കും ഇതിന്റെ ഫലമെന്നു് ശാന്തമായി നിങ്ങൾ ആലോചിച്ചാൽ നിങ്ങൾക്കു മനസ്സിലാകും. കമ്മ്യൂണിസ്റ്റു പാർട്ടി പുന്നപ്ര-വയലാർ പ്രതികളെ വിടുവിക്കാൻവേണ്ടി വിലപേശുകയായിരുന്നുവെന്നു ഒരാരോപണം ഇവിടെ ഉന്നയിക്കുകയുണ്ടായി. പുന്നപ്ര-വയലാർ പ്രതികൾ ആരാണു്? ഇവിടത്തെ ദേശീയത്തിനോടും ദിവാൻഭരണത്തിനോടും എതിരായി സമരം ചെയ്ത ജനങ്ങളുടെ ഒരു ഭരണകൂടം ഇവിടെ നിലനിർത്തുവാൻ വേണ്ടി ആത്മത്യാഗം ചെയ്തവരാണവർ. അവരെ വിട്ടുകയെന്നുള്ളതു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മാത്രം ഒരാവശ്യമല്ല. അതൊരു ദേശീയാവശ്യമാണു്. ആ ആവശ്യം സാധിച്ചുകൊടുക്കാൻ മുഖ്യമന്ത്രി തയ്യാറായാപ്പോൾ, അതിനെത്തുടർന്നു മററാവശ്യങ്ങളും സമ്മതിച്ചു കൊടുക്കേണ്ടതായും വരുമെന്നും മററും വേറെ

ആളുകൾ വിരട്ടാൻ തുടങ്ങിയിട്ടുണ്ട്. രാജ്യത്തിനാവശ്യമായ നല്ല കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ മുഖ്യമന്ത്രിയെ ഉപദേശിക്കുന്നവരാണോ അദ്ദേഹത്തിന്റെ ശത്രുക്കൾ? അതുപോലെ ഇപ്പോൾ പുറപ്പെടുവിച്ച കുടിയിറക്കു നിരോധനബിൽ വളരെ സ്വാഗതാർഹമായ ഒന്നാണ്. ശ്രീ. പനമ്പിള്ളി ഇതിനെപ്പററി അറിയാതെ ഒന്നു പറഞ്ഞു പോയി, ഇടതുപക്ഷ പാർട്ടികളുമായുള്ള കൂട്ടുകെട്ടിന്റെ ദുർഭഗ സന്തതിയാണ് ഇതെന്ന്. ഈ കുടിയിറക്കു നിരോധനബിൽ സ്വാഗതാർഹമാണെന്നു ഒരിക്കൽ അദ്ദേഹവും പറഞ്ഞതാണ്. എന്നാൽ അതിൽ എത്രത്തോളം ആത്മാർത്ഥതയുണ്ടെന്നുള്ള കാര്യത്തിലെ സംശയമുള്ളൂ. മുൻപു ഈ ബില്ലിന് ഗവണ്മെന്റു ഭാഗത്തു നിന്നും ഒരു ഭേദഗതി അവതരിപ്പിച്ചു. ശ്രീ. താണുപിള്ളയും, ശ്രീ. നടരാജപിള്ളയും ആ ഭേദഗതിയെ എതിർത്തു. ഈ എതിർപ്പിന്റെ പിന്നണിയിൽ സദാശിവൻ പിള്ള എന്ന കാൺഗ്രസ്സുകാരന്റെ കൈയുണ്ടായിരുന്നു. ഈ ഭേദഗതിയെ ഐക്യമുന്നണി പിൻതാങ്ങി. 12 പി. എസ്. പി. ക്കാർ മാത്രമെ അതിനെ എതിർത്തുള്ളൂ. ബാക്കി 96 പേരും അതിനെ അനുകൂലിക്കാൻ അണിനിരന്നിട്ടുപോലും ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർക്കു അതു പിൻവലിക്കേണ്ടതായി വന്നു. സർ, ഞങ്ങൾക്ക് കാൺഗ്രസ്സ് അധികാരത്തിൽ വന്നാൽ, അതുപോലുള്ള ഒളിച്ചുകളികൾ നടക്കുകയില്ലേ എന്ന ഭയം ഉണ്ട്. ശ്രീ. എ. ആർ. മേനോൻ പറഞ്ഞതുപോലെ ഇരുപതു കൊല്ലം കാൺഗ്രസ്സ് ഇവിടെ പ്രവർത്തിച്ചിട്ടും ഇതുപോലെ ഒരു ബില്ലു കൊണ്ടുവരാൻ അവർക്കു സാധിച്ചില്ല. രാമസ്വാമി ഇവിടെ അവതരിപ്പിച്ച ഈ പ്രമേയം പാസ്സാകാനിടയായാൽ അതുകൊണ്ടു ഈ നാട്ടിനും നാട്ടുകാർക്കും വന്നുചേരാനിടയുള്ള ഭവിഷ്യത്ത് എന്താണെന്നുള്ളതു് വ്യക്തമാണ്. കാൺഗ്രസ്സു പാർട്ടിയും പി. എസ്. പി. യും തമ്മിൽ ഏതാണു നല്ലതെന്നു തീർച്ച ചെയ്യേണ്ട ആവശ്യം നമുക്കില്ല. ജനങ്ങളുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കപ്പെടുന്നതുവരെയും ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതുവരെയും നമുക്കു സുശക്തമായ, സ്വതന്ത്രമായ ഒരു നിലയെടുക്കാൻ സാധിക്കുകയില്ലേ എന്നും അങ്ങനെ ഈ രണ്ടു പാർട്ടികളെയും ഒഴിവാക്കാവുന്നതല്ലേയെന്നും ആലോചിക്കുവാൻ സഖാവു രാമസ്വാമിയോടും, കരയാളരോടും അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

ശ്രീ. എ. താണുപിള്ള : സർ, ശ്രീ. രാമസ്വാമിയുടെ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ പ്രമേയത്തിന്റെ ആലോചനയിൽ കക്ഷിപരമായി ഈ നാട്ടിലെ സ്ഥിതിഗതികളെക്കുറിച്ച് പലതും സ്പഷ്ടമാക്കിയിട്ടുണ്ട്. ഇവിടെ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ യഥാർത്ഥത്തിൽ എത്രത്തോളം ഈ രാജ്യത്തെ ജനങ്ങളുടെയിടയിൽ ഉറച്ചിട്ടുണ്ടെന്നുള്ളതിനെപ്പററി ഖണ്ഡിതമായി ഒന്നും പറയാൻ ഇപ്പോൾ നിവൃത്തിയില്ല. ഇന്നു ഇവിടെ എതിർപക്ഷത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ, ജനങ്ങൾക്കു ഇല്ലെന്നു ഞാൻ പറഞ്ഞാൽ അതു ഇവർക്കു സ്വീകാര്യമായി വരാനിടയില്ലെങ്കിലും, അതു തീരുമാനിക്കേണ്ടതു് ഒരു തിരഞ്ഞെടുപ്പുമൂലമാണെന്നു എല്ലാവരും സമ്മതിക്കും. ഇവിടത്തെ പാർട്ടികളുടെ നിലമാത്രംവച്ചുകൊണ്ടു ഈ കാര്യം തീരുമാനിക്കാൻ നിവൃത്തിയില്ല. വിശേഷിച്ചും, നമ്മുടെ രാജ്യത്തെ രാഷ്ട്രീയചരിത്രവും, രാഷ്ട്രീയസ്ഥിതിഗതി

[ശ്രീ. എ. താണുപിള്ള]

കളും നോക്കിയാലും ഇനി വരുന്ന തിരഞ്ഞെടുപ്പു വളരെ പ്രകടമായ വസ്തുതകൾ വെളിപ്പെടുത്തുമെന്നാണു എന്റെ വിശ്വാസം. ഞാൻ ആദ്യമെതന്നെ പ്രഖ്യാപിക്കുന്നതു്, എന്റെ പരിപൂർണ്ണമായ വിശ്വാസം ഇന്നത്തെ പ്രമേയത്തെ അനുകൂലിക്കുന്നവരുടെ കക്ഷി, ഈ രാജ്യത്തു മുൻപിലത്തേതിലും കൂടുതലായ രീതിയിൽ നിരസിക്കപ്പെടുമെന്നും, ഈ പ്രമേയത്തെ എതിർക്കുന്ന കക്ഷികളുടെ ഭാഗത്തു് ജനങ്ങൾ പൂർവ്വാധികം തടിച്ചു കൂടുമെന്നുമാണു്. ഞാൻ ഇതു പറയുന്നതു വോട്ടുകൾ കിട്ടുന്നതിനാണെന്നു വിചാരിക്കരുതു്. ഞാൻ ആദ്യമെതന്നെ പ്രഖ്യാപിച്ചിരുന്നു, ഇവിടെ മന്ത്രിസഭ രൂപീകരിച്ചിട്ടുണ്ടെങ്കിൽ, അതു് രാജ്യത്തെ ആവശ്യത്തെക്കരുതിയാണെന്നു്. ഈ മന്ത്രിസഭ തുടർന്നുപോകണമെന്നു ഞാനാഗ്രഹിക്കുന്നുണ്ടെങ്കിൽ, അതു രാജ്യത്തിന്റെ ആവശ്യത്തെ കരുതിയാണെന്നു ഞാൻ പറയുമ്പോൾ ഈ സഭയിലെ ഒരു ഭാഗം അതു വിശ്വസിച്ചില്ലെങ്കിലും, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെജനങ്ങൾ അതു വിശ്വസിക്കുമെന്നു എനിക്കു് ഉറപ്പുണ്ടു്. എന്താണുകഴിഞ്ഞ കാലത്തു് നടന്നതു്? ഇന്നത്തെ സ്ഥിതിഗതികൾ എന്താണു്? കഴിഞ്ഞ തിരഞ്ഞെടുപ്പുകഴിഞ്ഞിട്ടു പി. എസ്സ്. പി. മന്ത്രിസഭ രൂപീകരിച്ചു. പല ആക്ഷേപങ്ങളും അതിനുണ്ടായി. ഒരു വശത്തു പിൻബലവും ഉണ്ടായി. അതിരിക്കട്ടെ. എങ്ങനെ അതു സംഭവിച്ചു? അന്നു ഒരു കക്ഷിക്കും ഭൂരിപക്ഷമില്ലായിരുന്നു. അങ്ങനെ ഭൂരിപക്ഷത്തോടുകൂടിയ ഒരു മന്ത്രിസഭ രൂപീകരിക്കുവാൻ ആർക്കും സാദ്ധ്യമല്ലാതെവന്നു. ആ സന്ദർഭത്തിൽ കാൺഗ്രസ്സുകാർ പി. എസ്സ്. പി. ഗവണ്മെൻറിനു പിൻതുണ നൽകാമെന്നു പറഞ്ഞു. ഒരിക്കലും പി. എസ്സ്. പി. ആ പിൻതുണ അങ്ങോട്ടു ആവശ്യപ്പെട്ടില്ലെന്നു പ്രസ്താവിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. കേവലം 19 അംഗങ്ങൾ മാത്രമുള്ള ഒരു കക്ഷി 118 അംഗങ്ങളുള്ള നിയമസഭയിൽക്കൂടി ഭരണംനടത്തുവാൻ ധൈര്യപ്പെടുന്നതു് സാമാന്യനനോക്കിയാൽ അഭൂതപൂർവ്വമായ ഒരു കാര്യമാണു്. പക്ഷെ ഞാൻ അന്നു ധൈര്യപ്പെട്ടതു് ഒരു വിചാരം എനിക്കുണ്ടായതുകൊണ്ടാണു്. 'കാൺഗ്രസ്സുകാർ പിൻതുണനൽകാമെന്നു തീരുമാനിച്ചതിന്റെ കാരണം എന്താണെന്നു അന്നേ എനിക്കു സംശയമുണ്ടായിരുന്നു. ആ സംശയം പിന്നീടു ദൃഢീകൃതമായി. അതായതു്, കാൺഗ്രസ്സിനു ഈ നിയമസഭയിൽ തന്നെ ഒരു ഗവണ്മെൻറു രൂപീകരിക്കുവാൻ സാധിക്കുമൊ എന്നൊന്നു പരീക്ഷിക്കുവാൻ അവസരം നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അന്നു് അവരിൽ നിന്നും അകന്നുനിന്നിരുന്ന ഒരു കക്ഷിയെ അടുത്തുവരുത്തുവാൻ എന്താണു പോംവഴി എന്നാലോചിച്ചു കണ്ടുപിടിച്ചു അതു ശരിപ്പെടുത്തുവാൻ കാലതാമസം വേണ്ടിയിരുന്നു. കാൺഗ്രസ്സും തമിഴനാടുകാൺഗ്രസ്സുംകൂടി ചേർന്നു തിരഞ്ഞെടുപ്പിനു മുൻപു ഭരണംനടത്തി. ഒടുവിൽ അവർതമ്മിൽ യോജിച്ചുപോകാൻ നിവ്വാഹമില്ലാതെ പിണങ്ങിപ്പിരിഞ്ഞു. അവസാനം നിയമസഭ പിരിച്ചുവിട്ടു. വീണ്ടും തിരഞ്ഞെടുപ്പുനടത്തി. അങ്ങനെ അവർതമ്മിൽ അകന്നുനിന്നുകൊണ്ടു തിരഞ്ഞെടുപ്പു നടത്തിക്കഴിഞ്ഞ ഉടൻതന്നെ അവരോടു അടുക്കാൻ ആവശ്യപ്പെട്ടാൽ അവർ ആട്ടും എന്നുള്ളതിനാൽ, അതിനു് അവസരം ഉണ്ടാക്കാൻ വേണ്ടി അതുവരെ പി. എസ്സ്. പി. യെ സഹായിക്കാൻ അവർ തയാറായതാണു്. ഈ കാൺഗ്രസ്സിന്റെ ഉള്ളിലിരിപ്പു എന്തായിരുന്നാലും, അതു ഇത്രമാത്രം അവിശ്വസനീയമാണെന്നും, മറ്റെന്തോ ഉദ്ദേശമാണു അവരെ ഇതിനു പ്രേരിപ്പി

ക്കുന്നതെന്നും അന്നു എനിക്കു മനസ്സിലായില്ല. അവരും മനുഷ്യരാണല്ലോ, അവർ പറയുന്നതിൽ കുറെയൊക്കെ സത്യം കണ്ടേയ്ക്കും എന്നു ഞാൻ വിചാരിച്ചു. എന്നാൽ ലവലേശം സത്യസന്ധത അവർക്കുണ്ടായിരുന്നില്ലെന്നു് പിന്നീടുള്ള കാലത്തുണ്ടായ സംഭവങ്ങളിൽനിന്നും വ്യക്തമായിക്കൊണ്ടിരുന്നു. ഇതു എന്റെ പരിപൂർണ്ണമായ വിശ്വാസത്തിൽനിന്നും പറഞ്ഞ അഭിപ്രായമാണു്. ഈ ഗവണ്മെന്റിനെ ഏതാനുംമാസം മനസ്സില്ലാമനസ്സോടുകൂടി പിൻതാങ്ങിയ ഒരു കക്ഷിയെ കുററപ്പെടുത്തുന്നതു് സങ്കടകരമാണെങ്കിലും പരമാർത്ഥം അതാണു്. അക്കാര്യം ഈ സഭയിലെ അംഗങ്ങൾക്കും അറിയാവുന്നതാണു്. അവരുടെ പിൻതുണ സ്വീകരിക്കുന്നതു നല്ലവണ്ണം ആലോചിച്ചുവേണമെന്നു് എനിക്കറിയാം. ഞാൻ നല്ലവണ്ണം ആലോചിച്ചു നോക്കി. ആ പിൻതുണ സ്വീകരിക്കാതെ നിവ്വാഹമില്ല. അല്ലാതെന്തുചെയ്യും? നിയമസഭ പിരിച്ചുവിടണമെന്നു പറഞ്ഞു, പിരിച്ചുവിട്ടു് അഞ്ചാറുമാസം കഴിഞ്ഞു തിരഞ്ഞെടുപ്പുനടത്തി. ആക്കും ഭൂരിപക്ഷമില്ല. എന്നാൽ വേണ്ടാ വീണ്ടും തിരഞ്ഞെടുപ്പുനടത്തിക്കളയാം എന്നു തീരുമാനിക്കാൻ വിഷമമായിരുന്നു. അതിനുള്ള ചങ്കൂറപ്പു ശ്രീ. പനമ്പിള്ളിക്കും ഉണ്ടായില്ല. ഒരു കൂട്ടുമന്ത്രിസഭയുണ്ടാക്കുവാൻ തമിഴനാടുകാൻഗ്രസ്സുകാരെയും കിട്ടുന്നില്ല. പിന്നെ എന്താണുവഴി? അങ്ങനെ ആലോചിച്ചിരുന്നു. ഒടുവിലാണു് പി. എസ്സ്. പി. ക്കു പിൻതുണനൽകാമെന്നു കാൺഗ്രസ്സു് തീരുമാനിച്ചതു്.

ദേവികുളത്തു്, ഈ തമിഴനാടു സംരംഭത്തിന്റെ ആരംഭഘട്ടത്തിൽ അവിടത്തെസ്ഥിതി എന്തായിരുന്നുവെന്നു നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും. തൊഴിലാളികൾ തമ്മിൽ വേണ്ടാത്ത മത്സരവും, വാശിയും, സംഘട്ടനങ്ങളും അവിടെയുണ്ടാക്കി. പി. എസ്സ്. പി. ഗവണ്മെന്റ് എന്ന നിലയിലല്ലാതെ മറ്റുതരത്തിൽ ഒന്നും അതിൽ ബന്ധപ്പെട്ടിരുന്നില്ല. കാൺഗ്രസ്സുകാരുടെ തൊഴിലാളിസംഘടനയും, ടി. ടി. എൻ. സി. ക്കാരുടെ തൊഴിലാളിസംഘടനയും തമ്മിലുണ്ടായ സംഘട്ടനത്തിന്റെ ഫലമായി ആവിർഭവിച്ച പരിതഃസ്ഥിതിയെ നേരിടുന്നതിനു് അവിടത്തെ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടു ഗവണ്മെന്റിനെ അറിയിക്കാതെ തന്റെ അധികാരം ഉപയോഗിച്ചു് 144-ാംവകുപ്പു നടപ്പിലാക്കി. അപ്പോൾ അന്നുതന്നെ കാൺഗ്രസ്സു് സ്നേഹിതന്മാരിൽ ഒരാൾ പ്രസ്താവിക്കുകയുണ്ടായി, കാൺഗ്രസ്സിന്റെ ഒന്നും അല്ല ആ സംഘടനയെന്നു്. പിന്നെ എന്താണു് ഐ. എൻ. ടി. യു. സി. എന്നു ഞാൻ ചോദിക്കുന്നു. അങ്ങനെ അതു നടന്നു. തുടർന്നു് ഏതാനും സംഭവങ്ങൾ ഉണ്ടായി. ഇന്നു ഞാൻ ചോദിക്കുന്നു, തമിഴനാടുകാരുടെ വൈഷമ്യങ്ങളെ ചൂഷണംചെയ്തുകൊണ്ടു് ഒരു മന്ത്രിസഭ ഉണ്ടാക്കുവാനുള്ള സംരംഭങ്ങളല്ലേ കാൺഗ്രസ്സുകാർ ഇപ്പോൾ നടത്തുന്നതെന്നു്? ഭരണൈക്യം, ഉള്ളൈക്യം ഇവയെ അടിസ്ഥാനമാക്കി രണ്ടു കക്ഷികൾ തമ്മിൽ യോജിക്കാം. അങ്ങനെ ഒരു ഗവണ്മെൻറുണ്ടാക്കുകയും ചെയ്യാം. പക്ഷെ, ഒരു കക്ഷിയുടെ വൈഷമ്യങ്ങളെ ചൂഷണം ചെയ്തുകൊണ്ടു് ഒരു രാജ്യത്തെ ഭരണംനടത്തുന്നതു് അങ്ങേയററം നിന്ദ്യവും നീചവുമാണു്. ആ സംരംഭങ്ങളിലാണു് കാൺഗ്രസ്സുകാർ ഇന്നു ഇറങ്ങിയിരിക്കുന്നതു്. അതിനെപ്പററി ദീർഘമായി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

എന്തുകൊണ്ടാണു് കാൺഗ്രസ്സു് പിൻതുണ പിൻവലിച്ചതു്? ശ്രീ. പനമ്പിള്ളി ഇവിടെ പറഞ്ഞു, കമ്മ്യൂണിസ്ററ് പാർട്ടി പറയുന്നതെല്ലാം

[ശ്രീ. എ. താണുപിള്ള]

ചെയ്യുകൊടുത്തിട്ടെങ്കിലും മന്ത്രിസഭയിൽ ഇരിക്കുവാൻ മുഖ്യമന്ത്രി തയാറായിരിക്കുകയാണെന്നു്. കാൺഗ്രസ്സുകാർ പറയുന്നതിൽ ചിലതൊക്കെ ചെയ്യുകൊടുക്കാൻ ഈ മന്ത്രിസഭ തയാറായിരുന്നെങ്കിൽ അവർ ഇങ്ങനെ ഗവണ്മെൻറിനെ ഇപ്പോൾ എതിർക്കുമായിരുന്നോ എന്നു ഞാൻ ചോദിക്കുന്നു. ഇവിടെ ഇരിക്കുവാനായി ഞങ്ങൾ ആരു പറയുന്നതും കേൾക്കുന്നില്ല. ഇവിടെ ഇരിക്കണമെന്നുള്ളതല്ല പ്രധാനകാര്യം. രാജ്യത്തിനു കെടുതിവരുത്തരുതെന്നു വിചാരമുണ്ടു്. ഇന്നത്തെ വോട്ടു ഞങ്ങൾക്കു എതിരായാൽ യാതൊരു സങ്കടവുമില്ലാതെ ഞങ്ങളിറങ്ങി പോകും. ഇരുന്നിടത്തോളം ഞങ്ങൾ മാന്യമായി പ്രവർത്തിച്ചു. അന്നു് എന്നെ പുറത്തുവിട്ട കാൺഗ്രസ്സുകാർ നിങ്ങൾ മന്ത്രിസഭ രൂപീകരിക്കുക, ഞങ്ങൾ പിൻതാങ്ങാം എന്നു കൊച്ചിയിൽനിന്നുവന്ന കാൺഗ്രസ്സുകാർ കൂടി ചേർന്നിട്ടും എന്നോടു പറഞ്ഞില്ലേ? അതുകൊണ്ടു് ഇതിലൊന്നും എനിക്കു കുണ്ഠിതമില്ല. പക്ഷെ, രാജ്യത്തു കാര്യങ്ങൾ നേരെചൊവ്വേ നടക്കണമെന്നു നാല്പതു നാല്പത്തഞ്ചുകൊല്ലക്കാലത്തെ തിരുവിതാംകൂർ-കൊച്ചിയിലെ രാഷ്ട്രീയരംഗത്തു്, ആരംഭത്തിൽ തിരുവിതാംകൂറിലെ രാഷ്ട്രീയരംഗത്തു പ്രവർത്തിച്ചു ഒരാളെന്നനിലയിൽ ഞാനാഗ്രഹിക്കുന്നുണ്ടു്. ഞാൻ ചെയ്തതു് ആക്ഷേപകരമാണെന്നോ, അതിൽ നാണക്കേടുണ്ടെന്നോ എന്റെ സ്നേഹിതന്മാർ പറയുന്നുണ്ടെങ്കിലും, അങ്ങനെ യാതൊന്നും ചെയ്തിട്ടില്ലെന്നു ഞാൻ പറയുമ്പോൾ ഇവിടെ ഇരിക്കുന്നവരിൽ ചിലർ അതു വിശ്വസിച്ചില്ലെങ്കിലും നാട്ടുകാർ വിശ്വസിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു്.

എന്താണു് കാൺഗ്രസ്സുകാരുടെ പിൻതുണ പിൻവലിക്കൽ കാരണം? തമിഴനാട്ടുകാരുടെ വൈഷമ്യംകണ്ടു് അവരെ കൂട്ടുപിടിച്ചപ്പോൾ പിൻതുണ പിൻവലിക്കാമെന്നായി. ഇവിടെയുണ്ടായ വാദപ്രതിവാദത്തിൽ, നിന്നും, പിൻതുണ പിൻവലിക്കുവാൻ കാൺഗ്രസ്സുകാരെ പ്രേരിപ്പിച്ച കാരണം എന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ല. ഈ വശത്തിരിക്കുന്നവർ പോലീസുകാരുടെ പ്രവർത്തനങ്ങളെയും, അക്രമങ്ങളെയും കുറിച്ചു് ആക്ഷേപിച്ചു. തമിഴനാട്ടുകാരുടെ ഭാഷാപ്രവിശ്യാവാദത്തെ അനുകൂലിച്ചു് അവയെ അടിസ്ഥാനമാക്കി അവർ ചെയ്തുകൊണ്ടിരിക്കുന്ന സംരംഭങ്ങളെ എതിർത്തതു് ശരിയായില്ലെന്നു ഈ ഭാഗത്തിരിക്കുന്നവർ പറയുന്നതു് മനസ്സിലാക്കാം. അവർ എല്ലാക്കാലത്തും അതു പറയുന്നുണ്ടു്. പോലീസുകാരുടെ മർദ്ദനത്തെ ഈ വശത്തിരിക്കുന്നവർ എല്ലായ്പോഴും എതിർത്തിട്ടുണ്ടു്, കാൺഗ്രസ്സിന്റെ പിൻതുണ പിൻവലിക്കുന്നതിനു് കാൺഗ്രസ്സുകാർക്കു ഇതുവല്ലതും കാരണമാകുമോ? പിന്നെ എന്താണു കാരണം? ഒന്നും പറഞ്ഞു ഞാൻ കേട്ടില്ല. ഇവിടെ ചിലതു പറഞ്ഞതു വളരെ വിശേഷമാണു്. കാൺഗ്രസ്സുകാരോടു ഒന്നും ചോദിക്കുന്നില്ല, ചോദിക്കാനുള്ളതു് ചോദിക്കുന്നതിൽ ഒരു വിരോധവുമില്ല. അങ്ങനെ ചോദിക്കുന്നതു് കമ്മ്യൂണിസ്റ്റുകാരോടും, ആർ. എസ്സ്. പി. യോടും, കെ. എസ്സ്. പി. യോടും ചോദിക്കുന്ന നിലയിലല്ലാതെ അതിൽ കൂടുതലൊന്നും ചോദിക്കാൻ വിചാരിക്കുന്നില്ല. നാഗപ്പൂരിൽവച്ചുകൂടിയ പി. എസ്സ്. പി. കൺവെൻഷനിൽ ഇവിടത്തെ പി. എസ്സ്. പി. ക്കാരോടു രാജിവയ്ക്കുവാൻ പറയുമെന്നു കാൺഗ്രസ്സു് മോഹിച്ചു, പക്ഷെ അതു പറഞ്ഞില്ല. അതുകഴിഞ്ഞു് ഞാൻ ഇവിടെ എത്തുന്നതിനുമുൻപു് പിൻതുണ

പിൻവലിക്കുന്ന സംരംഭം ഉത്തേജിതത്തിലായി. എങ്ങനെയെങ്കിലും അധികാരത്തിൽ വരണമെന്നുള്ള ഒരു വ്യഗ്രതയിൽ മാത്രമാണ് കാൺഗ്രസ്സ് ഇപ്പോൾ നിലകൊള്ളുന്നത്.

ഇത്തവണത്തെ രാജപ്രമുഖന്റെ പ്രസംഗം വായിച്ചാൽ ആത്മാർത്ഥത ആർക്കെങ്കിലും ഉണ്ടെങ്കിൽ, ഞങ്ങൾ ചെയ്യാത്തതായി അതിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും സംഗതികൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ അവരെ വെല്ലുവിളിക്കുന്നു. ഞങ്ങൾ ഭരണം ഏററപ്പോൾ ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെല്ലാം നിറവേററിയിട്ടുണ്ട്. ശ്രീ. ടി. എസ്സ്. രാമസ്വാമി, "തൊഴിലാളികൾക്കുവേണ്ടി ഈ ഗവണ്മെന്റ് എന്തുചെയ്തു, തൊഴിലില്ലായ്മ നീക്കാൻ എന്തുചെയ്തു, ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ ഒരുകോടി രൂപ കടം എടുക്കണമെന്നു പറഞ്ഞില്ലേ?, തൊഴിലില്ലായ്മക്കുവേണ്ടി അതു ഉപയോഗിക്കണമെന്നു പറഞ്ഞിട്ടു എന്തുചെയ്തു," എന്നെല്ലാം ചോദിക്കുകയുണ്ടായി. ഞങ്ങൾ അതിനുവേണ്ടി ചിലതെല്ലാം ചെയ്തിട്ടുണ്ട്. പണം ചോദിച്ചിട്ടുമുണ്ട്. ഏകദേശം 5 കോടി രൂപയാണ് ഇൻഡ്യാഗവണ്മെൻറിനോടു കടം വാങ്ങിക്കാൻ ഏർപ്പാടുചെയ്തിരിക്കുന്നത്. ആൻറി സായിൽ ഇറോഷൻ, കാളനൈസേഷൻവക്കു ഈ രണ്ടു കാര്യങ്ങൾക്കുവേണ്ടി 5 കോടിരൂപ ഇൻഡ്യാഗവണ്മെൻറിൽനിന്നു കടം വാങ്ങിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ : അതിൽ എത്ര കോടി രൂപ കിട്ടിക്കഴിഞ്ഞുവെന്നു പറയാമോ?

ശ്രീ. ഏ. തണ്ണപിള്ള : ഇപ്പോൾ ജോലി തുടങ്ങിയിട്ടുണ്ട്. പണം ഏതെങ്കിലും വാങ്ങിച്ചോ എന്നു നിശ്ചയമില്ല. ഞങ്ങൾ ചെയ്യണമെന്നു പറഞ്ഞതിന്റെ അഞ്ചുമടങ്ങ് ചെയ്തിട്ടുണ്ട്. കാളനൈസേഷൻപദ്ധതി നടപ്പിൽവരുത്തുകയും, ഏതാനും ആളുകളെ അവിടെ താമസിപ്പിക്കുകയും ചെയ്തു. ഇതെല്ലാം ഫലപ്രദമായരീതിയിൽ നടപ്പിൽ വരുത്തുവാൻ ഇനിയും സമയം വേണം. ബഹുമാനപ്പെട്ട ഒരു മെംബർ ചോദിച്ചു, എന്തിനാണ് ഇപ്പോൾക്കെ ഇത്ര തിടുക്കത്തിൽ നടത്തുന്നതെന്ന്. തിടുക്കം വന്നാൽ അതു കുററം, താമസംവന്നാൽ അതും കുററം. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം തിടുക്കത്തിൽ ചെയ്യേണ്ട കാര്യങ്ങളാണ്.. ഇങ്ങനെ പല കാര്യങ്ങളും ഈ ഗവണ്മെൻറ് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽചെയ്തിട്ടുണ്ട്. ശ്രീ. ടി. എസ്സ്. രാമസ്വാമി ഇൻഡസ്ട്രിയലൈസേഷൻ വക്കുകളെപ്പററി പറയുകയുണ്ടായി. അതു സംബന്ധിച്ചും പലതും ചെയ്തിട്ടുണ്ട്. കയർ ഇൻഡസ്ട്രീസിനെ സംബന്ധിച്ച് അടുത്ത അവസരത്തിൽ രൂപീകരിക്കേണ്ട സഹകരണസംഘങ്ങൾ ഇപ്പോൾത്തന്നെ രൂപീകരിച്ചു കഴിഞ്ഞു. കൈത്തറിനെയ്ത്താണെങ്കിൽ, അതിനു പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. അതിലേയ്ക്കു സഹകരണസംഘങ്ങൾ സ്ഥാപിക്കാൻ നല്ലവണ്ണം പ്രയത്നിക്കുന്നുണ്ട്. പിന്നെ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനെപ്പററി പറഞ്ഞു. അധികമൊന്നും സൃഷ്ടിച്ചിട്ടില്ല. വല്ലതും ഉണ്ടെങ്കിൽ ഏതു ഉദ്യോഗമാണു അനാവശ്യമായി സൃഷ്ടിച്ചിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. അനാവശ്യമായി ഉദ്യോഗത്തിൽ ഒരാളെക്കൂടി നിയമിക്കണമെന്നു ആരെങ്കിലും ആവശ്യപ്പെട്ടാൽ ഞങ്ങൾ അതിനെ നിർദ്ദാക്ഷിണ്യം തള്ളിക്കളയുകതന്നെ ചെയ്യും.

ശ്രീ. എ. കുഞ്ഞൻ നാടാർ : തമിഴനാട്ടു കാൺഗ്രസ്സുകാരുടെപേരിലുള്ള കേസ്സുകൾ നടത്തുന്നതിലേയ്ക്കു് ഒരു സ്പെഷ്യൽ പ്രാസിക്യൂട്ടറെ നിയമിക്കേണ്ടതായി വന്നപ്പോൾ, ആ സ്ഥാനത്തേയ്ക്കു് ചീഫ് ജസ്റ്റിസിന്റെ സൺ ഇൻലായെ അല്ലേ നിയമിച്ചതു്?

ശ്രീ. എ. താണുപിള്ള : കേസു നടത്താൻ ഒരാളെ നിയമിക്കണം. മുൻപു് സർക്കാർ വക്കീലായിരുന്ന ഒരാൾ, ചീഫ് ജസ്റ്റിസിന്റെ സൺ ഇൻലാ ആണെന്നു അറിയുന്നു. സമർത്ഥനായ ഒരു അഡ്വക്കേറ്റ് ആയ അദ്ദേഹത്തെ നിയമിച്ചതു തെററാണോ?

ശ്രീ. എ. കുഞ്ഞൻ നാടാർ : ഹേബിയസ്കാർപ്പസ് പെററിഷൻ വാദംകേട്ടതിനു ശേഷമാണോ ഈ നിയമനം നടത്തിയിട്ടുള്ളതു്?

ശ്രീ. എ. താണുപിള്ള : അങ്ങനെയൊന്നും വന്നിട്ടില്ല. ഹേബിയസ് കാർപ്പസ്പെററിഷൻ വാദവും, ഈ നിയമനവും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ മന്ത്രിസഭ തുടരുന്നപക്ഷം കാലതാമസംകൂടാതെ തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാക്കാമെന്നാണു എന്റെ വിശ്വാസം.

വേമ്പനാട്ടു കായലിൽ മൂവായിരം ഏക്കർ നികഴ്ത്തുന്നതിനുള്ള പ്ലാൻ ഇൻഡ്യാഗവണ്മെൻറിനു് അയച്ചിട്ടുണ്ടു്. 30-40 അടി നീളമുള്ള വരമ്പുകളിൽ തെങ്ങുവച്ചു പിടിപ്പിക്കാനുള്ള പ്ലാനുണ്ടു്. ആൻറിസായിൽ എറോഷൻ സംബന്ധമായി ഏകദേശം 8,000 ആളുകൾക്കു് ആറുവർഷത്തോളം ജോലി കൊടുക്കാൻ കഴിയും. ആദ്യത്തെ പ്ലാനിൽ ഉദ്ദേശിക്കാത്ത പല ജോലികളും ഇപ്പോൾ എടുത്തിട്ടുണ്ടു്. ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കണം. ആ വഴിക്കൊന്നും ഈ ഗവണ്മെൻറിനെ കുററപ്പെടുത്താൻ സാധിക്കുകയില്ല. പിന്നെ സർവീസിന്റെ കാര്യത്തിൽ ഇങ്ങനെ ശമ്പളംകൂട്ടി കൊടുക്കാമോ എന്നു ചോദിച്ചാൽ ശമ്പളം ഒരു വിധത്തിലെങ്കിലും കൂട്ടി കൊടുക്കാതെ ഭരണം നേരെയാകുകയില്ല. അതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അടുത്ത ഫൈനാൻഷ്യൽ ഇയർ മുതൽ ശമ്പളക്കൂടുതൽ അനുവദിച്ചിട്ടുണ്ടു്. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂടുതൽ ആലോചനയിലിരിക്കുന്നു. ഈ ഗവണ്മെൻറ് ഇന്നു തീരുകയാണെങ്കിൽ ഇനിയൊരു ഗവണ്മെൻറുണ്ടാകുന്നതു അതു ചെയ്യണമെന്നാണു എനിക്കുള്ള അപേക്ഷ. സർവീസ് സംയോജനം പൂർത്തിയാക്കിയിട്ടുണ്ടു്. കുറച്ചു് അപ്പീലുകൾ മാത്രം ഇനി ശേഷിക്കുന്നുണ്ടു്. ഒരു പത്തുമണിക്കൂർ കൂടി ജോലിചെയ്താൽ സർവീസുസംയോജനം പരിപൂർണ്ണമായിത്തീരുന്നതാണു്. അതിനെപ്പററി പല ആക്ഷേപങ്ങളും ഉണ്ടായിട്ടുള്ളതായി പറയുന്നു. ആരേയും വ്യക്തിപരമായി പരിഗണിക്കേണ്ട ആവശ്യമില്ലെങ്കിലും ഞങ്ങൾ ആക്ഷേപങ്ങൾ കേൾക്കുന്നതിനുള്ള ഏർപ്പാടു ഒരു കൊച്ചീക്കാരനായ സെക്രട്ടറിയെ ഏൽപ്പിക്കുകയാണു് ചെയ്തതു്. അദ്ദേഹം ഫയലുകൾ നോക്കി, ചീഫ്സെക്രട്ടറിയും നോക്കി അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാര്യമെന്നുള്ള നിലയിൽ അതിരിക്കുകയാണു്. ചീഫ്സെക്രട്ടറിയും കൊച്ചീക്കാരനാണു്. ഒട്ടുവളരെ ഡിപ്പാർട്ടുമെൻറുകളിലെ കാര്യങ്ങൾ നോക്കിയിട്ടും പറയത്തക്കവിധം ഒരു മാററവും അവർ നിർദ്ദേശിച്ചിട്ടില്ല. കൊച്ചീക്കാരെ ധ്വംസിച്ചു എന്നു പറയുന്നതു വെറുതെയുള്ള ഒരു പരാതിയാണു്. അതു് രാഷ്ട്രീയ കക്ഷികൾക്കു് യോജിച്ചതാണോ? ഈ ഗവണ്മെൻറാണെങ്കിൽ കഴിഞ്ഞ

ഗവണ്മെൻറ ചെയ്തിരുന്ന കാര്യങ്ങൾ കഴിവുള്ളിടത്തോളം നിലനിത്താൻ തന്നെ നോക്കിയിട്ടുണ്ട്. അതൊക്കെ വലിയ കാര്യമായി പറയുകയല്ല. ഒരു ഗവണ്മെൻറ കഴിഞ്ഞു പിന്നീടുവരുന്ന ഗവണ്മെൻറിൻെറ കടമയായിട്ടാണ് ഞാൻ ഇതു കരുതുന്നതു്. സർവീസ് സംയോജനം കാൺഗ്രസ്സുഗവണ്മെൻറ നടത്തിയതു് മിക്ക ഡിപ്പാർട്ടുമെൻറുകളിലും താണ പടികളിൽ കൊച്ചിൻ കേഡറെന്നും തിരുവിതാംകൂർ കേഡറെന്നും ഉള്ള നിലയിലായിരുന്നു. ഞങ്ങൾ ഏക കേഡറാക്കി ശരിയായി ഇൻറഗ്രേഷൻ നടത്തി. അതിൽ പരാതിക്കു കാര്യമില്ല.

ഇവിടത്തെ വലിയൊരു പ്രശ്നമാണ് ലാൻഡുബിൽ. ഞങ്ങൾ ഏതായാലും ബിൽ ഹാജരാക്കി. വലിയ അഭിമാനത്തിനു വകയുണ്ടെന്നല്ല ഞാൻ പറയുന്നതു്. എങ്കിലും കാൺഗ്രസ്സുകാരെക്കാൾ ഞങ്ങൾക്കു അതിൽ അഭിമാനിക്കാൻ വകയുണ്ട്. താൽക്കാലികനിയമം പാസ്സാക്കി വിട്ടിട്ട് അഞ്ചാറുവർഷം അടുത്ത നിയമസഭയിൽ ബില്ലുകൊണ്ടുവരുമെന്ന് പറഞ്ഞു പറഞ്ഞു ഭരിച്ചതല്ലാതെ ഒരു ബില്ല് എഴുതിയുണ്ടാക്കാൻ കാൺഗ്രസ്സ് സ്നേഹിതന്മാർക്കു സാധിച്ചില്ല. എന്തുകൊണ്ടാണ്? ആ പ്രശ്നവും ഇവിടെ നിലവിലുള്ള പരിതഃസ്ഥിതിയും തമ്മിൽ ബന്ധമുള്ളതുകൊണ്ടാണു ഞാനിതു പറയുന്നതു്. കാൺഗ്രസ്സുകാർക്കു ഒരു ക്ലാസ് നിർണ്ണയിക്കാൻപോലും എളുപ്പമല്ല. കാൺഗ്രസ്സ് ഇന്നു ഒരു സോഷ്യലിസ്റ്റ വ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നു എന്ന് പ്രൈംമിനിസ്റ്റർ പറഞ്ഞിട്ടുണ്ടെങ്കിലും കാൺഗ്രസ്സ് സംഘടനയുടെ അടിത്തട്ടുമുതൽ ഇങ്ങേയററം വരെ സ്ഥാപിതതാല്പര്യക്കാരും ക്യാപ്പിററലിസ്റ്റും ലാൻഡ് ലാർഡ്സും ഉൾപ്പെട്ടിരിക്കുകയാണ്. ഒന്നുമില്ലാത്തവർ അതിനകത്തില്ല. ഈ നിയമസഭയിൽ നോക്കിയാൽ തന്നെ അറിയാം മററുള്ളവരുടെ ഇടയിൽ കിടന്നു ഞെരുങ്ങുന്ന ചിലരെയൊഴിച്ചാൽ ഒന്നുമില്ലാത്തവർ ഈ ഭാഗത്തുള്ള ബഞ്ചുകളിലാണുള്ളതെന്ന്.

ശ്രീ. കെ. എം. ജാർജ്ജ് : പി. എസ്. പി. യിൽ എത്ര പേർ ഒന്നുമില്ലാത്തവരുണ്ട്?

ശ്രീ. ഏ. താണുപിള്ള : പതിനെട്ടുപേരും ഒന്നുമില്ലാത്തവരാണ്.

ശ്രീ. എം. എം. മത്തായി : ശ്രീ. നംപൂതിരിക്കും ഒന്നുമില്ലെന്നാണോ പറയുന്നതു്?

ശ്രീ. ഏ. താണുപിള്ള : അതെ. ഒന്നുമില്ല. നംപൂതിരി എന്നു പേരു കേട്ടാൽ മതിയോ? അവിടെ ചെന്നു നോക്കിയാൽ അമ്പലമെല്ലാം നശിച്ചു കിടക്കുന്നതായി കാണാം.

പിന്നെ കാൺഗ്രസ്സുകാർ എങ്ങനെയാണ് ലാൻഡു ബിൽ എഴുതിയുണ്ടാക്കുക. പാട്ടം നാലിലൊന്ന് നിശ്ചയിക്കണമെന്നു പറയുമ്പോൾ മൂന്നിലൊന്നേ പാടുള്ളു എന്നൊരഭിപ്രായം വരികയും അതും ആപത്താണ്, പകുതിയിൽ കുറഞ്ഞാൽ ഒക്കുമോ എന്നെല്ലാമുള്ള അഭിപ്രായങ്ങൾ വരും. ആദ്യം, നന്നാക്കിയ ജന്മിക്കു മുക്കാലും കൃഷിക്കാരനു കാൽഭാഗവും മതി എന്നു മറെറാരു അഭിപ്രായം ഉണ്ടാകും, അങ്ങനെ ഒന്നും സ്വീകരിക്കാൻ വയ്യാതെ കുഴയുകയേ ഉള്ളു. പി. എസ്. പി. യാണെങ്കിൽ നാലിലൊന്നു എന്നു പറഞ്ഞാൽ അതനുസരിച്ചു തീർക്കും.

ശ്രീ. കെ. കരുണാകരൻ : ഈ [illegible]ളെല്ലാം കാൺഗ്രസ്സ് പ്രസിഡണ്ടായിരുന്ന കാലത്ത് ഓർമ്മയുണ്ടായിരുന്നതാണോ?

ശ്രീ. എ. താണുപിള്ള : അതൊരു അധികപ്രസംഗ ചോദ്യമല്ലേ? കരുണാകരന്റെ സുമുഖതയും ഈ ചോദ്യവും തമ്മിൽ യോജിക്കുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഒരു പോയിന്റ് ആഫ് ആർഡർ. 'അധികപ്രസംഗ ചോദ്യ'മെന്നു പറയാമോ? അതു പാർലമെന്ററിയാണോ എന്നൊരു റൂളിംഗ്വേണം.

മി. സ്പീക്കർ : 'അധികം പ്രസംഗം' എന്നുള്ള നിലയിലാണ് അതു പ്രയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് അതു പാർലമെന്ററിയാണ്.

ശ്രീ. എ. താണുപിള്ള : ഇന്നു ഞാൻ ഈ സ്റ്റേററിലെ ചീഫ് മിനിസ്റ്ററാണ്. 25 മിനിട്ടുകൂടി കഴിഞ്ഞാൽ എന്തായിരിക്കുമെന്നുള്ള കാര്യം പോകട്ടെ. എന്നോടു ചോദിക്കുകയാണ് ഒരു പതിനഞ്ചു വർഷങ്ങൾക്കു മുൻപ്, കാൺഗ്രസ് പ്രസിഡൻറായിരുന്നപ്പോഴുള്ള കണക്കുകളാണോ ഇതെന്ന്. ഇന്നുഎന്തെല്ലാം കണക്കുകൾ ഗവണ്മെൻറിന്റെ മുൻപിൽ വരുന്നുവെന്നു മി. കരുണാകരനു അറിഞ്ഞുകൂടാ. അദ്ദേഹം ഒരു മന്ത്രിയായാൽ അതൊക്കെ അറിയും. ഈ ലാൻഡു ബില്ലുകൾ സംബന്ധമായി നടന്ന പ്രസംഗങ്ങൾ ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഒരു വ്യത്യാസം എനിക്കു കാണാൻ കഴിഞ്ഞതു് എന്തെല്ലാം ആക്ഷേപങ്ങളും കുററങ്ങളും കുറവുകളും ചൂണ്ടിക്കാണിച്ചാലും ഈ ഭാഗത്തുനിന്നു പ്രസംഗിച്ചവർ ഇല്ലാത്തവനു വല്ലതും ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രസംഗിച്ചുവെന്നാണ്. കാൺഗ്രസ് ഭാഗത്തുനിന്നുമുള്ള പ്രസംഗം കേട്ടപ്പോൾ കൊടുക്കാൻ തയ്യാറാണെന്നുഭാവിക്കയും അതു അവസരത്തിൽ കൊടുക്കരുതെന്നുള്ള ഉദ്ദേശമാണുള്ളതെന്നും എന്നെ ബോദ്ധ്യപ്പെടുത്തി. പത്രങ്ങളിൽ കണ്ടതൊന്നും വിശ്വസിക്കേണ്ട. കാൺഗ്രസ്സുകാരുടെ ഇടയിൽ തന്നെ ഈ ബില്ലുകളിലെ വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം വളരെ അഭിപ്രായവ്യത്യാസമുള്ളതായി അറിയുന്നുണ്ട്. ഈ ഗവണ്മെൻറ് അധികാരത്തിൽനിന്നും പോയാൽ അടുത്തകാലത്ത് ഈ ബില്ലുകൾ വരുകയില്ലല്ലോ എന്നു വിചാരിക്കുന്നുണ്ടാകും. അഞ്ചാറുവർഷംകൊണ്ട് ഒരു ബില്ല് എഴുതിയുണ്ടാക്കാൻ കഴിയാത്ത കാൺഗ്രസ് ഗവണ്മെൻറ് രൂപീകരിച്ചാൽ എന്താണു നടക്കാൻ പോകുന്നതു്, ഈ ബിൽ ശരിയായി വരാൻ വളരെ വർഷം വേണം, അപ്പോൾ ഇതൊക്കെ മാറും എന്നൊരു കൂട്ടർ. എങ്ങനെയും അധികാരം എടുക്കണമെന്നുള്ള മറെറാരു കൂട്ടർ. ഇങ്ങനെ രണ്ടും കൂടി ഏകോപിച്ചപ്പോഴാണ് പിൻതുണ പിൻവലിക്കയുണ്ടായതു്. ഇതാണു യാഥാർത്ഥ്യം. അതൊന്നും നാം വിസ്തരിച്ചിട്ടു കാര്യമില്ല.

സർ, ചില കക്ഷികൾ ഈ സെഷനിൽ ഇതുവരെ പി. എസ്. പി. യെ അനുകൂലിച്ചു. അതിനുവേണ്ടി പുന്നപ്ര വയലാർ പ്രതികളെ വിടുകയും ഒരു ബിൽ അവതരിപ്പിക്കുകയും ചെയ്തുവെന്നു ഇവിടെ പറയുകയുണ്ടായി. ഈയിടെ സർക്കുലേററു ചെയ്ത ബില്ലിലെ വ്യവസ്ഥകളടങ്ങിയ ഒരു ബില്ലാണു ഇവിടെ ഹാജരാക്കിയിട്ടുള്ളതു്. ആ ബിൽ പാസാ

കുന്നതുവരെ നടപ്പിലിരിക്കത്തക്കവണ്ണമുള്ളതും ഭേദഗതികൾ വന്നാൽ ആ ഭേദഗതികൾ അന്നു കൈക്കൊള്ളിക്കത്തക്കവിധവും ഒരു ബിൽ ഇപ്പോൾ പാസാക്കണമെന്നുള്ള അഭിപ്രായങ്ങൾ ഉണ്ടായി. ഈ കടിയിറക്കിനെ സംബന്ധിച്ചു കമ്മ്യൂണിസ്റ്റുപാർട്ടി മാത്രമല്ല ഈ സഭയിലെ എല്ലാ ഭാഗക്കാരും അഭിപ്രായപ്പെടുകയുണ്ടായി. അതനുസരിച്ചു അതു നന്നായിരിക്കുമെന്നു വിചാരിച്ചു അങ്ങനെ ചെയ്തു. ഒന്നു ചെയ്തുപോയതിന്റെ അവസരത്തെ പിടിച്ചു കുററം പറയുന്നതിൽ കാര്യമൊന്നുമില്ല. അങ്ങനെയുള്ള ആക്ഷേപങ്ങളും ഇവിടെ കേട്ടു. സഹായം ചെയ്യുന്ന പാർട്ടി പറയുന്നതൊക്കെ കേട്ടിരിക്കാൻ പോകുന്നുവെന്നു ആരും തെററിധരിക്കേണ്ടാ. ഈ മോഷൻ പാസ്സായേക്കും. പാസായാൽ എന്തു വരുമെന്നു എനിക്കു തീർച്ചയില്ല. ഞാൻ വോട്ടിന്റെ എണ്ണത്തെപ്പററി ഒരന്വേഷണവും നടത്തിയില്ല. വരുന്നതുപോലെ വന്നുകൊള്ളട്ടെ എന്നുമാത്രമെയുള്ളു. ഈ മന്ത്രിസഭ പോയാൽ പിന്നെ എന്തു ഒരു മന്ത്രിസഭയുണ്ടാകുമെന്നുള്ളതു ആർക്കും ഒരു നിശ്ചയമില്ലാത്ത കാര്യമാണ്. ന്യായമായി കാര്യങ്ങൾ നടക്കുകയാണെങ്കിൽ ഒരു എലക്ഷൻ ഒട്ടും താമസിയാതെ നടക്കേണം. ഏഴും, എട്ടും മാസം അതിനു താമസം വരുത്തരുതു്.

Shri Panampilli Govinda Menon : Why is the hon. Member repeating this 8 months? Does he not know that the election took place in four months ?

Shri A. Thanu Pillai : It took more than four months. I know that.

Shri Panampilli Govinda Menon : No, it took place within 8 months.

ശ്രീ. എ. താണുപിള്ള: ശ്രീ. രാമസ്വാമി തൊഴിലില്ലായ്മയെ കുറിച്ചു പ്രസ്താവിക്കുകയുണ്ടായി. അതിനെപ്പററി ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. തമിഴ്നാട്ടു് അജിറേറഷനെപ്പററി ഒന്നുരണ്ടു വാക്കു് പറയണമെന്നു എനിക്കുണ്ടു്. ഭാഷാപ്രവിശ്യാ കാര്യത്തെപ്പററി റിപ്പോർട്ടുചെയ്യാൻ സ്റ്റേററ റീഓർഗനൈസേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുള്ള വസ്തുത എല്ലാവർക്കും അറിയാം. ആ കമ്മീഷൻ ഇവിടെയും വന്നിട്ടുപോയി. ആ കമ്മീഷന്റെ റിപ്പോർട്ടു അനുസരിച്ചുള്ള തീരുമാനമാണു ഈ വിഷയത്തിൽ സ്വീകരിക്കുന്നതു്. അങ്ങനെ ഒരു തീരുമാനം ചെയ്യുന്നതിൽ ഈ തമിഴ്പ്രദേശങ്ങൾ മദ്രാസ്സിലേയ്ക്കു പോകണമെന്നോ അതല്ല ഈ സ്റ്റേററിനകത്തുതന്നെ നിൽക്കുകയാണു നല്ലതെങ്കിൽ അങ്ങനെയോ വരട്ടെ. ഏതായിരുന്നാലും ആ തീരുമാനം വരുന്നതുവരെ ഈ രാജ്യവാസികളെല്ലാവരും യോജിച്ചു പോകണമെന്നാണു ഗവണ്മെൻറിന്റെ ആഗ്രഹം. ഈ ഗവണ്മെൻറിന്റെ കീഴിൽ താമസിക്കുന്നവർ ഈ ഗവണ്മെൻറിന്റെ കീഴിൽ താമസിക്കുന്നിടത്തോളംകാലം ഈ ഗവണ്മെൻറിനെ അനുസരിക്കണമെന്നുള്ളതു കേവലം മൗലികമായ ഒരു തത്വമല്ലേ? ഞാൻ ഈ കേസുകൾ കിടക്കുന്നതുകൊണ്ടു് ആ കാര്യങ്ങളിൽ പ്രവേശിക്കുന്നില്ലെങ്കിലും എന്റെ തമിഴനാട്ടു സ്നേഹിതനായ ശ്രീ. കുഞ്ഞൻനാടാരോടു ചോദിക്കുന്നു, ഈ ഗവണ്മെൻറു ഞങ്ങളുടെതല്ല, ഈ ഗവണ്മെൻറിനെ ഞങ്ങൾ അനുസരിക്കുകയില്ല, ഈ രാജ്യത്തെ നിയമങ്ങൾ ഞങ്ങൾ അനുസരിക്കുകയില്ല, കരം കൊടുക്കുകയില്ല എന്നൊക്കെ പ്രമേയങ്ങൾ പാസാ

[ശ്രീ. എ. താണുപിള്ള]

ക്കുകയും പ്രസംഗങ്ങൾ നടത്തുകയും മററും ചെയ്തു് ആളുകളെ ഒരു പ്രക്ഷോഭണത്തിനു ഉത്സാഹിപ്പിച്ചില്ലേയെന്നു്. ഇതു നിഷേധിക്കാൻ കഴിയുമോ? ഇക്കാര്യത്തിനു് ഗവണ്മെൻറിനെ ധിക്കരിക്കേണ്ട ആവശ്യമുണ്ടോ? അതു വിട്ടിട്ടു് പ്രക്ഷോഭണം നടത്തി.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ ഗവണ്മെൻറ ഞങ്ങളുടെ അല്ലെന്നാണു് പറഞ്ഞതു്. അതാണു് അവിശ്വാസപ്രമേയം കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : ഈ ഗവണ്മെൻറ എന്നു പറഞ്ഞാൽ പി. എസ്. പി. ഗവണ്മെൻറ എന്നുള്ള അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടതു്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ എന്നുള്ള അർത്ഥത്തിൽ മനസ്സിലാക്കണം. ആ അർത്ഥത്തിൽ മനസ്സിലാക്കുമ്പോൾ അവരുദ്ദേശിക്കുന്ന കാര്യസാദ്ധ്യത്തിനു് നിയമങ്ങളെ ധിക്കരിച്ചും മററുമുള്ള ഒരു പ്രക്ഷോഭണം നടത്തേണ്ട ആവശ്യമുണ്ടോ? ഉദ്ദേശസാദ്ധ്യത്തിനു ആ പ്രക്ഷോഭണം ഉപകരിക്കുമോ? മററു ചില ഉദ്ദേശങ്ങൾക്കു് ഉപകരിക്കുമെന്നല്ലാതെ അവരുടെ ഉദ്ദേശസാദ്ധ്യത്തിനു ഉപകരിക്കുമോ എന്നു ചിന്തിക്കണമെന്നാണു് ഞാൻ പറയുന്നതു് 11-ാംനു-യുള്ള സംഭവങ്ങൾ കഴിഞ്ഞശേഷം പ്രക്ഷോഭണം നിറുത്തിവച്ചു എന്നു് അദ്ദേഹം പ്രസ്താവിച്ചു. ശരിയാണു് സർ, അതിനു മുമ്പുണ്ടായിരുന്ന സംഭവങ്ങളെ സംബന്ധിച്ചാണു് പരാമർശനങ്ങൾ നടത്തിയതു്. ഞാൻ എടുത്തനില ശരിയാണോ എന്നു് ഭാവിയിലെങ്കിലും ചിന്തിക്കുന്നതിൽ തെററില്ലെന്നാണു് എൻെറ വിശ്വാസം. അങ്ങിനെയുള്ള സംരംഭങ്ങളിൽനിന്നുമുണ്ടായ സംഭവങ്ങൾ നിർഭാഗ്യകരമായിപ്പോയി എന്നുള്ളതിൽ സംശയമില്ല. ഞാൻ പറഞ്ഞു, ഇൻഡ്യൻ പ്രൈംമിനിസ്റ്റർ അവരെഉപദേശിച്ചു ഈ പ്രക്ഷോഭണം അർത്ഥരഹിതമാണെന്നു്. ഇതിൽ ഗവണ്മെൻറ എന്തുചെയ്യാൻ കഴിയും. സെൻട്രൽഗവണ്മെൻറിനോ സ്റ്റേറ്റുഗവണ്മെൻറിനോ ഇതിൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. സ്റ്റേറ്റു റീ ആർഗനൈസേഷൻ കമ്മീഷനുണ്ടു്, അവരുടെ റിപ്പോർട്ടു വരുന്നതുവരെ ഒന്നും സാദ്ധ്യമല്ലെന്നു പ്രൈംമിനിസ്റ്റർ അവരെ അറിയിച്ചിട്ടുണ്ടായിരുന്നു. ഞാൻ പറഞ്ഞിട്ടും എൻെറ സ്നേഹിതന്മാർ അതു കേട്ടില്ല. ശ്രീ. കുഞ്ഞൻനാടാർക്കറിയാം ഞാൻ തമിഴ്നാട്ടുകാരെ വെറുക്കുന്നവനല്ലെന്നു്. പക്ഷെ പ്രാറഫാറത്തിൽ കയറുമ്പോൾ അവർ വസ്തുതകൾ മറന്നു് പ്രസംഗിച്ചുപോകും. ഏതായാലും ഇതു് ഒരു ഗവണ്മെൻറിനും ഇപ്പോൾ കൈകാര്യംചെയ്യാമെന്നുള്ള പ്രശ്നമല്ല. ചില അനിഷ്ടസംഭവങ്ങൾ ഉണ്ടായി. തമിഴ്ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ മദ്രാസിൽ പോകണമെന്നാണു് അവസാന തീരുമാനം ഉണ്ടാകുന്നതെങ്കിൽ അതിനെ ആർക്കും ചെറുക്കാൻ സാദ്ധ്യമല്ല. ചെറുക്കുകയുമില്ല. പക്ഷെ അതുവരെ എല്ലാവരും യോജിച്ചു് കഴിയേണ്ടതുണ്ടു്. അതിനുള്ള വഴികളാണു് നാം ആലോചിക്കേണ്ടതു്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു് പല കാര്യങ്ങളെസംബന്ധിച്ചിടത്തോളവും പ്രവർത്തനങ്ങൾക്കു് ചില പരിമിതികളുണ്ടു്. അതിനെപ്പററിയൊന്നും കൂടുതലായി പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. എല്ലാവരും യോജിച്ചു് പോകണം. അതിനു് എന്താണു് ചെയ്യേണ്ടതെന്നാണു് നാം ആലോചിക്കേണ്ടതു്. കേസുകളെപ്പററി ഇവിടെ പറയുകയുണ്ടായി. കേസുകൾ മൈസൂറിലേക്കു്

മാററിയതു് ആക്ഷേപകരമാണെന്നു് ചില സ്നേഹിതന്മാർ പ്രസ്താവിച്ചു കേട്ടു. ചില വസ്തുതകളെ വച്ചുകൊണ്ടാണു് ജഡ്ജിമാർ വിധിച്ചിട്ടുള്ളതു്. ആ ജഡ്ജിമാരുടെ തീരുമാനങ്ങളെ നിരൂപണംചെയ്യാൻ നമുക്കാർക്കുംതന്നെ അവകാശമില്ല. അങ്ങനെ ചെയ്യണമെന്നു് ഞാൻ ഉദ്ദേശിക്കുന്നുമില്ല. കേസുകൾ മാററിയിട്ടുണ്ടു്. അവയുടെ ഗതി എന്തായിരിക്കുമെന്നു നോക്കണം. ഈ ഗവണ്മെൻറിനെക്കൊണ്ടു് ചെയ്യാവുന്നതു് എന്തൊക്കെയാണെന്നു ചിന്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ടു്. അങ്ങിനേ ചെയ്യുന്നെങ്കിൽ നിശ്ചയമായും ഞാനോ എന്റെ കക്ഷിയോ ഈ നാട്ടിൽ സമാധാനം പുലർത്തുന്നതിനു്, എല്ലാ ജനങ്ങൾക്കും യോജിച്ചു് സ്നേഹത്തോടുകൂടി ജീവിക്കുന്നതിനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുന്നതിനു് എതിരാകുകയില്ലെന്നു മാത്രമല്ല അതിനു് സഹായകമായ നില സ്വീകരിക്കുമെന്നു് ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. നിസ്സാരമായ കാര്യങ്ങളെസംബന്ധിച്ചും കേസുകൾ ഉണ്ടായിരിക്കാം. അതിനെപ്പററി ആലോചിക്കേണ്ടതുണ്ടു്. ഈ സ്റ്റേററിനു് വെളിയിൽ അയച്ചിട്ടുള്ള കേസുകളെസംബന്ധിച്ചാണെങ്കിൽ ഗവണ്മെൻറിനു് ആക്ഷേപമായിട്ടുള്ള ഒരഭിപ്രായമാണു് സുപ്രീംകോട്ടിലെ ആർഡറെന്നു് ഇവിടെ പ്രസ്താവിച്ചു. അതു ഗവണ്മെൻറിനു് ആക്ഷേപകരമാണെങ്കിൽ ആ വസ്തുതകൾ ഇന്നത്തെ ഗവണ്മെൻറു് പോയി ഇനി ഒരു ഗവണ്മെൻറു വരുന്നുണ്ടെങ്കിൽ ആ ഗവണ്മെൻറും കരുതണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ആരെയും ഉപദ്രവിക്കണമെന്നു് ഈ ഗവണ്മെൻറിനു ഉദ്ദേശമില്ല. പോലീസുകാരുടെ പ്രവൃത്തികളെപ്പററി ധാരാളം പരാതികളുണ്ടു്. അതു ഞാൻ ഈ നിയമസഭയിൽതന്നെ സമ്മതിച്ചിട്ടുള്ളതാണു്. അതൊക്കെ നീക്കംചെയ്യാൻ നോക്കണം. അതിനു പററിയ പരിതഃസ്ഥിതികളും എല്ലാവരും സൃഷ്ടിക്കണം. തൊഴിലാളിരംഗങ്ങളിൽനിന്നും പോലീസുകാരെപ്പററി പരാതി കേൾക്കുന്നുണ്ടു്.

ശ്രീ. കെ. സി. ജാർജ്ജ് : തെക്കൻതിരുവിതാംകൂറിലുള്ള കേസുകൾ പിൻവലിക്കുന്നതിനു തടസ്സമുണ്ടോ ?

ശ്രീ. എ. താണുപിള്ള : ട്രാൻസ്ഫർചെയ്യാത്ത കേസുകളെ സംബന്ധിച്ചിടത്തോളം ആലോചിക്കാം. ഞാൻ എത്രയോ കേസുകൾ പിൻവലിച്ചു. അനവധികേസുകൾ ഇതിൻകം പിൻവലിച്ചു. എന്നുവച്ചു് വലിയ അക്രമങ്ങൾ നടന്ന കേസുകൾ ഒന്നും പിൻവലിച്ചില്ല. എലക്ഷൻ സംബന്ധമായും തൊഴിൽ സംബന്ധമായുമുള്ള കേസുകളാണു് പിൻവലിച്ചിട്ടുള്ളതു്. തെക്കൻതിരുവിതാംകൂറിലെ കേസുകളെപ്പററി നമുക്കു് ആലോചിക്കാം.

തെക്കൻതിരുവിതാംകൂർകാരെ എന്നും ശത്രുക്കളായി വച്ചുകൊണ്ടിരിക്കണമെന്നുള്ളതല്ല ഗവണ്മെൻറിന്റെ ഉദ്ദേശം. തെക്കൻതിരുവിതാംകൂർകാർക്കു ഈ ഗവണ്മെൻറു് എതിരല്ല എന്നുള്ള വിവരം ശ്രീ. രാമസ്വാമിപ്പിള്ളയ്ക്കും അറിയാം. ചില പ്ലാററഫോറങ്ങളിൽ കയറിപ്പോയാൽ പിന്നെ ബോധിച്ചതുപോലെയൊക്കെ പ്രസംഗിച്ചുപോകുന്നതാണു്. സർ, ഇതിൽ അധികം ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ചിലർ ചോദിച്ചു, ഈ ഗവണ്മെൻറു് ഇവിടെ എന്തെല്ലാം ചെയ്തിട്ടുണ്ടു് എന്നു്. അതു് അവർ നിഷ്പക്ഷമായി ആലോചിച്ചാൽ അവർക്കു മനസ്സിലാകുന്നതാണു്. കാൺഗ്രസ്സുകാർ പിൻതുണ പിൻവലിച്ചപ്പോൾ,

[ശ്രീ. എ. താണുപിള്ള]

അവർ പറഞ്ഞു, ഇവിടെ ഒരു നിമിഷം ഞങ്ങൾക്കു അധികാരത്തിൽ തുടരാൻ പാടില്ല എന്നു്. അതു് ശരിയല്ല എന്നാണു് എനിക്കു ശ്രീ. പനമ്പിള്ളിയോടു പറയുവാനുള്ളതു്. ഈ നിയമസഭ വേണം അതു് തീരുമാനിക്കാനുള്ളതു്. അതുവരെ അതായതു് ഈ നിയമസഭയിൽ തീരുമാനമെടുക്കുന്നതുവരെ, രാജിവച്ചുപോകണമെന്നു പറയുവാൻ കാൺഗ്രസ്സുകാക്കു് അവകാശമില്ല. ഇന്നു് ഈ അവിശ്വാസപ്രമേയം പാസ്സാകുന്നെങ്കിൽ പോകേണ്ടതുതന്നെ. അങ്ങനെ ഒന്നു നടക്കുന്നതുവരെ ഈ മന്ത്രിസഭയ്ക്കു തുടരാൻ അവകാശമുണ്ടു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞു, അവിശ്വാസപ്രമേയത്തെ പിൻതാങ്ങുന്നതു് പല കാരണങ്ങളാലായിരിക്കുമെന്നു്. അതു ശരിയായിരിക്കും. ഒരു മന്ത്രിസഭയ്ക്കു പിൻതുണ നൽകുന്നതും പല കാരണങ്ങളാലായിരിക്കും. ഒരു മന്ത്രിസഭ പോയാൽ പിന്നെ ഒരു മന്ത്രിസഭ വരും. അതു് ഒരു കാൺഗ്രസ്സുമന്ത്രിസഭയായിരിക്കും എന്നും ഇവിടെ പറയുന്നതു കേട്ടു. കാൺഗ്രസ്സു മന്ത്രിസഭയാണു് നല്ലതെന്നും ഇവിടെ ചിലർ പറയുകയുണ്ടായി. ഏതായാലും പ്രീസിഡൻറ്സ് ഇവിടെ ഉണ്ടാക്കേണ്ട കാര്യമില്ല.

ഒരു മെംബർ, ഇവിടെ "Love leads Love" എന്നു പ്രസ്താവിച്ചതു് കേട്ടു. എനിക്കു് അതു് വളരെ ശരിയാണെന്നുതോന്നി. പക്ഷേ കാൺഗ്രസ്സുകാക്കു ഇപ്പോൾ തമിഴ്നാടുകാൺഗ്രസ്സുകാരോടുള്ള love അല്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. കറപ്ഷനെപ്പററിയും ഇവിടെ ചിലർ പ്രസ്താവിച്ചു. അതിൽഒന്നും ശരിയല്ല. പോലീസ്മർദ്ദനത്തെപ്പററിയും ഇവിടെ പ്രസ്താവിക്കുന്നതു കേട്ടു. അതിൽ കുറെയൊക്കെ, ശരിയായിരിക്കാം. ചിലതു് അതിശയോക്തിപരമായിട്ടുള്ളതായിരിക്കാം. അതിനെപ്പററി എനിക്കു് പ്രത്യേകിച്ചു് ഒന്നും പറയുവാനില്ല.

ഈ ഗവണ്മെൻറ് ഇതിനകം എന്തെല്ലാം ചെയ്തു എന്നുള്ള ചോദ്യത്തിനുകൂടി ഒരു വാചകത്തിൽ ഞാൻ ഉത്തരം പറഞ്ഞുകൊള്ളട്ടെ. ലേബർ, കോവാപ്പറേഷൻ ഈ ഡിപ്പാർട്ടുമെൻറുകളിൽ പല പുരോഗതികളും വരുത്തിയിട്ടുണ്ടു്. സർവ്വീസിനെ സംബന്ധിച്ചിടത്തോളം സർവ്വീസ് ഇൻറഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടു്, വിദ്യാഭ്യാസപരമായി ബേസിക്കു് ട്രെയിനിംഗ്സ്കൂളുകൾ തുടങ്ങാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. മിഡിൽസ്കൂളുകളിൽ ഒന്നും രണ്ടും ഫാറത്തുകളിൽ ഫീസ്സൗജന്യം നടപ്പിൽ വരുത്തിയിട്ടുണ്ടു്. അടുത്ത കൊല്ലത്തിൽ മൂന്നാം ഫാറത്തിലും ഫീസ് ഇളവുചെയ്യുന്നതാണു്. ഭക്ഷ്യസംബന്ധമായി ഈ ഗവണ്മെൻറ് ചാർജ്ജ് എടുത്തപ്പോൾതന്നെ ഒപ്രാക്യുവർമെൻറ് നിറുത്തലാക്കിയതുകൊണ്ടു് നാട്ടിലെ സാധാരണക്കാക്കു് ഭക്ഷണസാധനങ്ങളുടെ കാര്യത്തിൽ വളരെ അധികം സൗകര്യങ്ങളും ലാഭവും ഉണ്ടായിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: ഈ ഗവണ്മെൻറ് ചാർജ്ജ് എടുത്തതുകൊണ്ടല്ലേ ഇൻഡ്യയിൽ ആകമാനം നിറുത്തലാക്കിയതു്?

ശ്രീ. എ. താണുപിള്ള: അതല്ല ഞാൻ പറഞ്ഞതു്. ഇവിടെ നിറുത്തലാക്കിയതു് ഈ ഗവണ്മെൻറ് ചാർജ്ജെടുത്തതുകൊണ്ടാണു്. പിന്നെ ഇവിടെ ഒരു അഗ്രികൾച്ചറൽ കാളേജ് തുടങ്ങുന്നുണ്ടു്. അഗ്രി

കറപ്ചർസംബന്ധമായും, അനിമൽഹസ്ബൻട്രിസംബന്ധമായും അവിടെ പരിപ്പിക്കുന്നതായിരിക്കും. എക്സിക്യൂട്ടീവും ജുഡിഷ്യറിയും തമ്മിൽ വേർതിരിക്കുന്ന കാര്യം, അതിനുവേണ്ടി ഈ സഭയിൽ കൊണ്ടുവരപ്പെട്ട ഡിമാൻഡിനു അനുമതി കിട്ടാത്തതുനിമിത്തം, പ്രയോഗത്തിൽ വരുത്താൻ സാധിച്ചിട്ടില്ല.

ശ്രീ. ഇടിക്കുള ഇടിക്കുള : തെക്കൻതിരുവിതാംകൂറിൽ ഒരു സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

ശ്രീ. എ. താണുപിള്ള : അതിലേക്കു വളരെ താല്പര്യമുണ്ട്. അവിടെയുള്ള ചില കേസുകളെപ്പററി ആലോചിച്ചു പരിശോധിച്ചുനോക്കുന്നതാണ്. അവിടെ ജനങ്ങൾ തമ്മിൽ മാത്സര്യങ്ങൾ ഇല്ലാതാക്കുന്നതിനു വേണ്ട സകല വ്യവസ്ഥകളും ചെയ്യണമെന്നു ഗവണ്മെൻറ് വിചാരിക്കുകയാണ്. എനിക്ക് ഈയവസരത്തിൽ എൻെറ സ്നേഹിതൻ ശ്രീ. രാമസ്വാമിയോടു പറയുവാനുള്ളതു് ഈ പ്രമേയം പിൻവലിക്കണമെന്നാണ്. ശ്രീ. രാമസ്വാമി എന്നെക്കുറിച്ചു പലതും ഇവിടെ പറഞ്ഞു. പക്ഷേ ഞാൻ അതുമാതിരിയൊന്നും പറയുന്നില്ല. ശ്രീ. രാമസ്വാമി ആദ്യം പറഞ്ഞതിൽ വല്ല ആത്മാർത്ഥതയുമുണ്ടെങ്കിൽ അദ്ദേഹം ഈ പ്രമേയം പിൻവലിക്കണമെന്നും, ഈ രാജ്യത്തിൻെറ ഭരണം ശരിയായ വിധത്തിൽ തുടർന്നുകൊണ്ടുപോകുവാൻ ഉള്ള അന്തരീക്ഷം സൃഷ്ടിക്കുവാൻ ഉള്ള അവസരം നൽകുന്നുമെന്നും അതിലേയ്ക്കു വേണ്ട ധൈര്യം അദ്ദേഹത്തിനുണ്ടാകണമെന്നുമാണ് എനിക്കു അദ്ദേഹത്തോടു പറയുവാനുള്ളതു്.

Mr. Speaker : Has the hon. Member Shri Ramaswami anything to say further?

Shri T. S. Ramaswami : I do not wish to say anything except that it is my painful duty not to withdraw my motion.

Mr. Speaker : So, the hon. Member is pressing the motion ?

Shri T. S. Ramaswami: Yes.

Mr. Speaker: So, I have to put the question to the House. The question before the House is: "I move that this House has no confidence in the Council of Ministers headed by Shri A. Thanu Pillai."

The motion was put and carried.

Shri A. Thanu Pillai: Sir, I demand a poll.

A poll was taken when the House divided as follows:—

AYES—60.

1. Shri P. K. Abdul Khadir
2. „ K. C. Abraham
3. „ V. K. Achutha Menon
4. „ J. Alexander Parambithara
5. „ J. A. Bhatt
6. „ D. Anantharaman
7. „ M. A. Antony
8. Dr. P. P. Antony
9. Shri K. K. Balakrishnan
10. „ T. O. Bava
11. „ M. Bhaskaran Nair
12. „ N. G. Chacko
13 „ A. C. Chacko
14. „ K. M. Chacko
15. „ M. P. Chandrasekharan Pillai
16. „ K. M. Chandy
17. „ M. V. Cheriyan
18. „ A. Chidambaranatha Nadar
19. „ O. R. Chummar
20. „ T. T. Daniel
21. „ K. M. George
22. „ K. P. Gopala Menon
23. „ Panampilli Govinda Menon
24. „ K. P. Hormis
25. „ A. J. John
26. „ V. J. Joseph
27. „ K. Karunakaran
28. „ T. T. Kesavan Sastry
29. „ K. Kochukuttan
30. „ K. M. Korah
31. „ P. R. Krishnan
32. Dr. N. K. Kumaran
33. Shri A. Kunjan Nadar
34. „ P. M. Markose
35. „ M. M. Mathai
36. „ C. A. Mathew
37. „ N. Narayana Kurup
38. „ N. A. Noor Mohammed
39. „ N. Parameswaran Pillai
40. „ R. Ponnappa Nadar
41. „ A. A. Rahim
42. Dr. A. R. Menon
43. Shri P. Ramaswami Pillai
44. „ T. S. Ramaswami
45. „ S. Sattanatha Karayalar
46. „ P. J. Sebastian
47. „ V. V. Sebastian
48. „ S. Seshadrinatha Sarma
49. „ A. M. Simon
50. „ T. P. Sitaraman
51. „ P. Thanulingam Nadar
52. „ A. Thankiah
53. „ K. T. Thomas
54. Dr. P. T. Thomas
55. Shri P. S. Vasudevan Pillai
56. „ K. I. Velayudhan
57. „ Kalathil Velayudhan Nair
58. „ T. M. Varghese
59. „ M. William
60. „ A. A. D. Luiz

NOES—30.

1. Shri A. Achuthan
2. „ Baby John
3. „ K. Balakrishnan
4. „ B. B. Pandarathil
5. „ Prakkulam Bhasi
6. „ N. Chandrasekharan Nair
7. „ K. Chandrasekhara Sastri
8. „ D. Damodaran Potti
9. „ T. K. Divakaran
10. „ Idiculla Idiculla
11. „ Joseph Chazhikatt
12. „ P. Kesava Menon
13. „ C. Kochukunju
14. „ K. Krishna Pillai
15. „ K. S. Krishnan Sastry
16. Shri P. Kunjan
17. „ P. K. Kunju
18. „ Manjanatha Prabhu
19. „ K. Narayana Kurup

20. „ P. Narayanan Potti
21. „ P. S. Nataraja Pillai
22. „ U. Neelakantan
23. „ M. P. Menon
24. „ V. P. Parameswaran Nambudiri
25. „ C. K. Ramachandran Nair
26. „ K. A. Sivarama Bharathy
27. „ A. Thanu Pillai
28. „ P. Viswambaran
29. „ D. Vivekanandan
30. „ P. K. Yasodharan

NEUTRALS—27.

1. Shri P. V. Avira Tharakan
2. „ C. C. Ayyappan
3. „ K. A. Balan
4. „ R. Balakrishna Pillai
5. „ P. Bhaskaran Nair
6. „ Thoppil Bhaskara Pillai
7. „ P. K. Chathan
8. „ K. C. George
9. „ P. Gopalan
10. Sry. K. R. Gouri
11. Shri Joseph Mundassery
12. „ Thalekkara K. Krishnan
13. „ P. K. Kunjachan
14. „ Kuttappan Koickal
15. Shri P. R. Madhavan Pillai
16. „ T. A. Majeed
17. „ N. Neelakantaru Pandarathil
18. „ R. Prakasam
19. „ N. Raghava Kurup
20. „ P. Ravindran
21. „ C. G. Sadasivan
22. „ R. Sankaranarayanan Tampi
23. „ V. Sridharan
24. „ R. Sugathan
25. Dr. P. K. Sukumaran
26. Shri T. V. Thomas
27. „ C. K. Viswanathan

The motion was carried.

The Assembly adjourned *sine die* at 1-10 P. M.

APPENDIX.

NOTIFICATION.

LA1-180/1955.

In exercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constitution of India as amended read with Clause 1 of Article 238 thereof, His Highness the Rajpramukh of the State of Travancore-Cochin hereby prorogues the first session in 1955 of the Travancore-Cochin Legislative Assembly with effect from the 9th February 1955.

Legislature Secretariat,
Trivandrum,
19th February 1955.

V. KRISHNAMOORTHI,
Secretary,
Legislative Assembly.

PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY.

FIRST SESSION—1955

Vol. XII] OFFICIAL REPORT [Supplement.

QUESTIONS AND ANSWERS LAID ON THE TABLE.

(The number within brackets indicates the serial numbers in the list of admitted questions for the respective days to which the questions were posted.)

(The answers herein published are in respect of questions which were included in the list of admitted questions for the session but for which answers were not ready in the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table.)

WRITTEN ANSWERS.

STARRED QUESTIONS POSTED FOR ANSWER ON 27-1-1955.

ട്രാൻസ്ഫോർട്ട് പണിമുടക്കും പോലീസ് മർദ്ദനവും.

* 336 [25] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് പണിമുടക്കിനെ സംബന്ധിച്ച് ബസ്സിനു മുമ്പിൽ പിക്കററ് ചെയ്തവരെ പോലീസ് മർദ്ദിച്ചതായി ഗവണ്മെൻറിനു അറിവുണ്ടോ;

(ബി) ഈ മർദ്ദനത്തെപ്പററി പരസ്യാന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പാർലമെൻറ് മെമ്പറന്മാരായ സഖാവ് എ. കെ. ഗോപാലനും, പി. ടി. പുന്നൂസും പ്രസ്താവിച്ചതായ പ്രസ്താവന ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിന്മേൽ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഇല്ല.

(ബി) ഉണ്ട്.

(സി) ആരോപണങ്ങളെപ്പററി അന്വേഷണം നടത്തി. ബസ്സുകളെ പിക്കററ് ചെയ്ത് മാർഗ്ഗതടസ്സമുണ്ടാക്കാൻ ശ്രമിച്ചവരെ നീക്കം

ചെയ്യാൻ പോലീസിനു ഇടപെടേണ്ടിവന്നു. ഈ ഇടപെടലുകളെപ്പററിയുള്ള അതിശയോക്തിപരമായ ചിത്രീകരണങ്ങളാണ് പ്രസ്താവനയിൽ അടങ്ങിയിരുന്നതു് എന്നു ബോദ്ധ്യപ്പെട്ടു.

ഉന്നതാധികാരഉപദേശക കമ്മിഷൻ.

* 337. [26] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന് കാൺഗ്രസ്സിന് ഭൂരിപക്ഷമുള്ള ഒരു ഉന്നതാധികാര ഉപദേശകകമ്മിഷൻ രൂപീകരിക്കണമെന്ന് കാൺഗ്രസ്സ് സെക്രട്ടറി മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു മറുപടി നൽകി?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഒരു ഉപദേശകകമ്മീഷൻ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടില്ല. കാൺഗ്രസ്സ് ഭൂരിപക്ഷമുള്ളതും അവസാനതീരുമാനങ്ങൾ ചെയ്യാനധികാരമുള്ളതുമായ ഒരു പ്ലാനിംഗ് കൗൺസിൽ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

(ബി) ഒരു ഉപദേശകസമിതി രൂപീകരിക്കാമെന്നും കാൺഗ്രസ്സിനും മററു കക്ഷികൾക്കും പ്രാതിനിധ്യം നൽകാമെന്നുംമററും മറുപടി കൊടുത്തു.

അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള സമയം.

* 338. [30] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ : ഗവണ്മെൻറിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്കും പരാതികൾക്കും തീരുമാനമെടുത്തു് അപേക്ഷകരെ അറിയിക്കുവാൻ ശരാശരി എത്രദിവസം എടുക്കും?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : ഓരോ അപേക്ഷകൾക്കും പരാതിക്കും തീരുമാനമെടുക്കാൻ എത്രദിവസം വേണ്ടിവരുമെന്ന് കണക്കപ്പെടുത്തുവാൻ സാദ്ധ്യമല്ല.

തമിഴ്നാട്ടു പ്രക്ഷോഭണം.

* 339. [36] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴനാട്ട് പ്രക്ഷോഭണത്തിൽ ആഗസ്റ്റ് 11-ന് നടന്ന വെടിവയ്പിനെ തുടർന്ന് ഇന്നുവരെ ആകെ എത്ര പേർക്ക് വാറണ്ട് നൽകി; എത്രപേരെ അറസ്റ്റു ചെയ്തു; ഇനിയും പിടിക്കേണ്ടവരായി എത്ര പേരുണ്ട് ;

(ബി) വാറണ്ടുകൂടാതെ അറസ്റ്റുചെയ്തു ലാക്കപ്പിൽ താമസിച്ച ശേഷം മോചിക്കപ്പെട്ടിട്ടുള്ളതെത്ര ;

(സി) ലാക്കപ്പിൽവച്ച്, അറസ്റ്റുചെയ്തു കൊണ്ടുവന്ന പ്രതികളെ പോലീസ് മർദ്ദിച്ചിട്ടുള്ളതായി ഗവണ്മെൻറിന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 1. മുന്നൂററി എൺപതു പേക്ക്.

2. നൂററിഅൻപത്തിനാലു പേരെ അറസ്ററു ചെയ്തു. പന്ത്രണ്ടുപേർ കോടതിയിൽ ഹാജരായി.

3. ഇരുനൂററി പതിനാലു പേർ.

(ബി) ആരും ഇല്ല.

(സി) അറിവില്ല.

മന്ത്രിമാരുടെ ശമ്പളവും അലവൻസും സഞ്ചാരപ്പടിയും.

* 340. [37] ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 സെപ്ററംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലേയ്ക്കു സംസ്ഥാനമന്ത്രിമാർ ശമ്പളം ഇനത്തിൽ പററിയിട്ടുള്ള ആകെ തുക എന്ത്;

(ബി) പ്രസ്തുത മൂന്നു മാസങ്ങളിലേയ്ക്കു സഞ്ചാരപ്പടിയിനത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ പററിയിട്ടുള്ള ആകെ തുക എത്ര;

(സി) പ്രസ്തുത മൂന്നു മാസങ്ങളിലേയ്ക്ക് ബഹുമാനപ്പെട്ട ഓരോ മന്ത്രിയും പററിയിട്ടുള്ള സഞ്ചാരപ്പടി എന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള:)

(എ) 10,350 രൂപ.

(ബി) 7750 രൂപ 12 ണ.

(സി) 1. മുഖ്യമന്ത്രി—2949 രൂ. 12 ണ.

2. ധനകാര്യവകുപ്പുമന്ത്രി—600 രൂപ.

3. ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി—2174 രൂപ.

4. മെഡിക്കൽവകുപ്പുമന്ത്രി—2027 രൂപ.

അഴിമതിക്കുററത്തിന് ശിക്ഷിച്ചിട്ടുള്ളവർ.

* 341. [38] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ചുമാസത്തിനുശേഷം ഈ സ്റ്റേററിലെ സിവിൽ സർവ്വീസിൽ അഴിമതിക്കുററത്തിനായി എത്രപേരെ ശിക്ഷിച്ചിട്ടുണ്ട്;

(ബി) ഏതേതു വകുപ്പിൽ എത്രപേരെ വീതമെന്നും അവരുടെ ഗ്രേഡുകൾ എന്തെന്നും വെളിപ്പെടുത്തുമോ;

(സി) അക്കൂട്ടത്തിൽ പ്രതിമാസം 250 ഉറുപ്പികയിൽ കൂടുതൽ ശമ്പളമുള്ള എത്ര പേരുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 87.

(ബി) * ഈ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ആരും ഇല്ല.

* Please see Appendix I.

ഒന്നാം പഞ്ചവത്സരപദ്ധതി.

* 342. [39] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ : ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഇതുവരെയുള്ള പുരോഗതിയെപ്പററി അസംബ്ലി മുൻപാകെ ഒരു പ്രസ്താവന ചെയ്യുവാൻ ഗവണ്മെൻറു തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : * ഒരു സ്റ്റേററുമെൻറ് മേശമേൽ വച്ചിട്ടുണ്ട്.

നിയമനങ്ങൾ.

* 343. [42] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾ ഇപ്പോൾ കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ചുകൊണ്ടാണോ നടത്തുന്നത്;

(ബി) എങ്കിൽ ഏതുവിധത്തിലാണ്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഭരണഘടനാവകുപ്പുകൾ 16 (4) 335-ലും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതനുസരിച്ച് പിന്നോക്കസമുദായക്കാർക്കും പട്ടികജാതിക്കാർക്കും പബ്ലിക്ക് സർവ്വീസിൽ ഇൻറർമീഡിയററ് ഡിവിഷനിലും ലോവർ ഡിവിഷനിലും ഉള്ള നിയമനങ്ങൾക്കു സംവരണം നൽകിയിട്ടുണ്ട്.

(ബി) മേൽ പറഞ്ഞ സംവരണം പ്രായോഗികമാക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ജി. പി. എസ്. 215238/50. 17-9-52-ൻെറ കാപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്. ‡

കോടതിയാവശ്യത്തിനുള്ള ഫാറങ്ങൾ.

* 344. [44] ശ്രീ. കെ. പി. ഹാർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സിവിൾ കോടതികളിലേക്കു ആവശ്യമായ ഫാറങ്ങൾ അയച്ചുകൊടുക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരാണ്;

(ബി) ഫാറങ്ങൾ യഥാവസരത്തിൽ അയച്ചുകൊടുക്കാത്തതു കാരണം, കേസുകൾക്കു കാലവിളംബവും പൊതുജനങ്ങൾക്കു കഷ്ടനഷ്ടവും ഉണ്ടായിട്ടുള്ള വിവരം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേ പ്രകാരമുള്ള പരിതഃസ്ഥിതി സംജാതമായിട്ട് എത്ര മാസങ്ങളായി;

(ഡി) നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിൻെറ കാരണമെന്തു?

---

* Please See Appendices II & III.

‡ Please See Appendix IV.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഗവണ്മെൻറപ്രസ്സ് സൂപ്രണ്ട്, തിരുവനന്തപുരം.

(ബി) ഉണ്ട്.

(സി) ഏകദേശം ഒരു വർഷം.

(ഡി) ഈ കാര്യത്തിന് ഗവണ്മെൻറപ്രസ്സ് സൂപ്രണ്ടിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഫാറങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്ന വിഷയത്തിൽ ഇപ്പോൾ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

കേന്ദ്രകമ്മ്യൂണിക്കേഷൻസ് വകുപ്പ് മന്ത്രിയുടെ തിരുവിതാംകൂർ-കൊച്ചി സന്ദർശനം.

*345. [49] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രകമ്മ്യൂണിക്കേഷൻസ് വകുപ്പുമന്ത്രി ഈ അടുത്ത കാലത്തു തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചതു് സ്റ്റേറ്റിൻെറ ആവശ്യത്തിനാണോ അതോ പ്രൈവറ്റ സ്ഥാപനങ്ങളുടെയോ, സ്വകാര്യങ്ങളുടേയോ ആവശ്യത്തിനോ ;

(ബി) അദ്ദേഹത്തിനു തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുള്ളതായി അറിവുണ്ടോ ?

(സി) കിട്ടിയിട്ടുണ്ടെങ്കിൽ അതു് ഈ സംസ്ഥാനഗവണ്മെൻറിന് നടപടികൾക്കായി അയച്ചു തന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന് എന്തു് നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള)

(എ) കേന്ദ്രകമ്മ്യൂണിക്കേഷൻസ് മന്ത്രി 1954 ഒക്ടോബർ മാസത്തിൽ ഈ സ്റ്റേറ്റു സന്ദർശിച്ചതു് ഈ ഗവണ്മെൻറിൻെറ ആവശ്യപ്രകാരമല്ല. അദ്ദേഹത്തിൻെറ ഈ സ്റ്റേറ്റിലെ പരിപാടികളിൽ കമ്പിത്തപാൽ സ്ഥാപനങ്ങളുടെ സന്ദർശനം, മാതൃഭൂമി പ്രസ്സിൻെറ ടെലിപ്രിൻറർ ഉൽഘാടനം മുതലായവ ഉൾപ്പെടുന്നു.

(ബി) അദ്ദേഹത്തിന് തിരുവിതാംകൂർ-കൊച്ചിയിൽ നിന്ന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ എന്നു് ഗവണ്മെൻറിന് അറിവില്ല.

(സി&ഡി) ബിയുടെ ഉത്തരം കൊണ്ട് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മന്ത്രിമാരുടെ യാത്രപ്പടി.

* 346. [51] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-മാർച്ച് 16-നു-ക്കുശേഷം 1954 ഡിസംബർ 1-ാം നു-വരെ മന്ത്രിമാർക്കുള്ള യാത്രപ്പടിയിനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട്;

(ബി) ഓരോ മന്ത്രിമാക്കും യാത്രപ്പടിയിനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട് ;

(സി) 1954-55-ൽ മന്ത്രിമാരുടെ യാത്രപ്പടിയിനത്തിൽ എത്ര രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 16362 രൂപ 14 അണ ചെലവായിട്ടുണ്ട്.

(ബി) 1. മുഖ്യമന്ത്രി 6353 രൂപ, 6 അണ
2. ധനകാര്യമന്ത്രി 2440 രൂപ, 8 അണ
3. ട്രാൻസ്പോർട്ടുമന്ത്രി 2207 രൂപ 14 അണ
4. മെഡിക്കൽ മന്ത്രി 5361 രൂപ 2 അണ

(സി) 54,000 രൂപ മന്ത്രിമാക്കും അവരുടെ ആഫീസ് സ്റ്റാഫിനും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 28-1-1955.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ലേക്ക് വാങ്ങിയ ബസ്സുകൾ.

* 347. [2] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റുട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിലേക്ക് പുതുതായി ബസ്സുകൾ വാങ്ങാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുതരം ബസ്സുകളാണ്, മൊത്തം എത്ര രൂപ വിലവരുന്ന ബസ്സുകളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ ബസ്സുകൾ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡാർഡ് ടൈപ്പ് വാഹനങ്ങളിൽ പെടുന്നതാണോ ;

(ഡി) ഓരോ ബസ്സിൻെറയും കാൺട്രാക്ട് വില നിശ്ചയിച്ചിട്ടുണ്ടോ ; എത്രയാണ്;

(ഇ) ഈ ബസ്സുകൾ വാങ്ങാനുള്ള കാൺട്രാക്ട് ആർക്കെങ്കിലും നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആർക്കാണ് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 100 ബസ്സുകൾ വാങ്ങാൻ ആർഡർ കൊടുത്തിട്ടുണ്ട്.

(ബി) മെഴ്സിഡസ്ബൻസ്. ഉദ്ദേശം 24 ലക്ഷം രൂപ വില വരുന്ന ബസ്സുകളാണ്.

(സി) അതെ.

(ഡി) ഇല്ല.

(ഇ) ഇല്ല. ഈ ബസ്സുകൾ അവ ഉണ്ടാക്കുന്ന കമ്പനിയിൽ നിന്നും നേരിട്ടു വാങ്ങുകയാണ്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പ്രൈവററ് ബസ്സുകൾ.

* 348. [7] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെ പറയുന്ന റൂട്ടുകളിൽ ഇപ്പോൾ എത്ര പ്രൈവാറ ബസ്സുകൾ ഓടുന്നു ;

1. കോട്ടയം–കുമളി–തേക്കടി ലൈൻ
2. കോട്ടയം–മൂന്നാർവഴി ദേവികുളം
3. എറണാകുളം–ആലുവാ–ദേവികുളം.
4. എറണാകുളം–തൃശ്ശൂർ.
5. തൃശ്ശൂർ–ഷൊർണ്ണൂർ.
6. തൃശ്ശൂർ–കുന്നംകുളം.

(ബി) ഈ റൂട്ടുകളിൽ ഇപ്പോൾ ദിവസവും എത്ര എക്സ്പ്രസ്സ് ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട് ;

(സി) എറണാകുളം–മട്ടാഞ്ചേരി ലൈനിൽ എന്തുകൊണ്ട് എക്സ്പ്രസ്സ് സർവ്വീസ് ആരംഭിച്ചിട്ടില്ല ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

(എ) 1. 8 ബസ്സുകൾ.
2. 4 വണ്ടികൾ.
3. ഒരു ബസ്സും ഓടുന്നില്ല.
4. 8 വണ്ടികൾ.
5. ഒരു ബസ്സും ഓടുന്നില്ല.
6. 2 വണ്ടികൾ.

(ബി) കോട്ടയം–കുമളി 2 ബസ്സുകൾ, കോട്ടയം–മൂന്നാർ–ദേവികുളം 2 ബസ്സുകൾ, എറണാകുളം–തൃശ്ശൂർ 2 വണ്ടികൾ, തൃശ്ശൂർ–ഷൊർണ്ണൂർ 1 ബസ്സ്, തൃശ്ശൂർ–കുന്നംകുളം 1 ബസ്സ്.

(സി) എറണാകുളവും മട്ടാഞ്ചേരിയും അടുത്ത സ്ഥലങ്ങളായതുകൊണ്ട് എക്സ്പ്രസ്സ് സർവ്വീസിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ പുതിയ വണ്ടികൾ.

* 349. [19] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ ഭരണമേററതിനുശേഷം ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേക്ക് പുതിയ വണ്ടികൾ വരുത്തുന്നതിന് വല്ല ആർഡറുകളും നൽകുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണത്തിന്, ഏതിനം വണ്ടികൾ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) 100 എണ്ണത്തിന്, ഡീസൽ എഞ്ചിൻ വണ്ടികൾക്ക്.

റോഡ് കൺസ്ട്രക്ഷൻ വക്കുകൾ.

* 350. [21] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1952–53 ലെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരുന്ന ഏതെങ്കിലും റോഡ് കൺസ്ട്രക്ഷൻ വക്കുകൾക്കുള്ള തുകകൾ ലാപ്സായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉത്തരവാദിത്വം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്കുള്ളതല്ലേ;

(സി) പ്രസ്തുത പണികളും തുകകളും 1954–55–ലെ ബഡ്ജററിൽ ചേർക്കാതെ വിട്ടുപോയിട്ടുണ്ടോ;

(ഡി) കാരണമെന്തു്?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) അല്ല, സാങ്കേതികതടസ്സങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ്.

(സി) ഉണ്ട്. ഒരു റോഡുവേലമാത്രം ചേർക്കാതെ ഇരുന്നിട്ടുണ്ട്.

(ഡി) റോഡ് വെട്ടേണ്ടവഴി അതിനടുത്തുള്ള സ്ഥലമുടമസ്ഥന്മാരുടെ എതിർപ്പു കാരണം തീർച്ചപ്പെടുത്താൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ട്.

പുതിയ ബസ്സുകൾ.

* 351. [22] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 സെപ്ററംബർ മാസത്തിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേക്ക് എത്ര ബസ്സുകൾ വാങ്ങാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്;

(ബി) ആകെ എത്ര ബസ്സുകൾ;

(സി) ഏതു കമ്പനിയിൽ പ്രൊഡ്യൂസ് ചെയ്തതു്;

(ഡി) ബസ്സിൻെറ പേരു്, മോഡൽ;

(ഇ) ഓരോ ബസ്സിൻെറയും വില?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ)

(എ) ഉത്തരവു നൽകിയിട്ടില്ല.

(ബി. സി. ഡി. ഇ) ചോദ്യം ഉദിക്കുന്നില്ല.

ഹരിജൻ വിദ്യാർത്ഥികൾ.

* 352. [25] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തിൽ എത്ര ഹരിജൻ വിദ്യാർത്ഥികൾക്ക് കാളേജ് പ്രവേശനം നൽകിയിട്ടുണ്ട് ;

(ബി) ഏതെല്ലാം കാളേജുകളിൽ; എത്ര വീതം ;

(സി) പ്രൈവറ്റ് കാളേജുകളിൽ പ്രവേശനഫീസ് ആവശ്യപ്പെട്ടിരുന്നതുകൊണ്ട് വളരെ കുട്ടികൾക്ക് കാളേജ് പ്രവേശനം ലഭിക്കാതിരുന്നോ ;

(ഡി) ഗവണ്മെൻറ് കാളേജുകളിലെപ്പോലെ പ്രൈവറ്റ് കാളേജുകളിലും പ്രവേശനഫീസ് ഒഴിവാക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ) ഈ വർഷത്തിൽ 407 ഹരിജൻ വിദ്യാർത്ഥികൾക്ക് കാളേജ് പ്രവേശനം നൽകിയിട്ടുണ്ട്.

(ബി) വിവരം കാണിക്കുന്ന † പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) പ്രൈവറ്റ് കാളേജുകളിൽ പ്രവേശനഫീസ് ആവശ്യപ്പെട്ടിരുന്നതുകൊണ്ട് കാളേജ് പ്രവേശനം ലഭിക്കാതെയിരുന്നതായി അറിവില്ല.

(ഡി) ഗവണ്മെൻറ് കാളേജുകളിലെപ്പോലെ തന്നെ പ്രൈവറ്റ് കാളേജുകളിലും പ്രവേശനഫീസ് ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പുതിയ ബസ്സുകൾ.

* 353. [29] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ നിന്നും പുതുതായി എത്ര ബസ്സുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഏതുതരം ബസ്സുകൾ ആണ് ;

(സി) ഓരോന്നിനും വില എന്ത് ;

(ഡി) ഗവണ്മെൻറ് നേരിട്ടാണോ വാങ്ങുന്നത് ;

(ഇ) എന്തെങ്കിലും പ്രത്യേക ലാഭം ഇത്തരം ബസ്സ് വാങ്ങുന്നതുകൊണ്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) 100 ബസ്സുകൾ.

(ബി) മെഴ്സിഡസ് ബൻസ്.

† Please See Appendix V

(സി) 60 എണ്ണം, 25,010 രൂപ വീതം 20 എണ്ണം 22,755 രൂപ വീതം. 20 എണ്ണം, 23,985 രൂപവീതം.

(ഡി) അതെ.

(ഇ) ഉണ്ട്.

ട്രാൻസ്ഫോർട്ട് ദേശവൽക്കരണം.

* 354. [37] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ട്രാൻസ്ഫോർട്ട് ദേശവൽക്കരണത്തെപ്പററി ഗവണ്മെൻറിൻെറ നയം എന്താണ് ;

(ബി) ഏതെങ്കിലും റൂട്ട് ദേശവൽക്കരിക്കുമ്പോൾ ആ റൂട്ടിൽ ജോലി ചെയ്യുന്നതായ ട്രാൻസ്ഫോർട്ട് തൊഴിലാളികളെ എല്ലാം ഗവണ്മെൻറ് സർവ്വീസിൽ എടുക്കുമോ ;

(സി) 1954–55 വർഷത്തിൽ ട്രാൻസ്ഫോർട്ട് ഡിപ്പാർട്ടുമെൻറിൽ നിന്നും കൂടുതൽ റൂട്ടുകൾ ഏറെറടുത്ത് നടത്തുന്ന ഇനത്തിൽ എത്ര തുക ചെലവാക്കാൻ ഉദ്ദേശിക്കുന്നു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ക്രമമായും, ഒരു പ്ലാനനുസരിച്ചും ട്രാൻസ്ഫോർട്ട് ദേശവൽക്കരിക്കുക എന്നുള്ളതാണ്.

(ബി) എല്ലാ തൊഴിലാളികളേയും എടുക്കാൻ സാദ്ധ്യമല്ലാതെ വന്നേക്കാം.

(സി) ഏഴ് ലക്ഷം രൂപ.

മൈനർ ഇറിഗേഷൻ

* 355. [40] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ജലസേചനപദ്ധതികളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന മുതലാണ് വിട്ടുകൊടുത്തിട്ടുള്ളത് ?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ) ഇല്ല.

(ബി) (എ)യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ബസ്സ് റൂട്ടുകൾ ദേശവൽക്കരണം.

* 356. [44] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബസ്സ് റൂട്ടുകൾ ദേശവൽക്കരിക്കുമ്പോൾ പ്രൈവററ്ജോലിയിലിരിക്കുന്ന ജോലിക്കാരെക്കൂടി ഗവണ്മെൻറ് സർവ്വീസിലെടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

പ്രൈവററ സർവ്വീസിലിരിക്കുന്ന ജോലിക്കാർക്ക് ട്രാൻസ്ഫോർട്ട് ഡിപ്പാർട്ടുമെൻറിലേയ്ക്കെടുക്കുന്നതിനുള്ള യോഗ്യതയുണ്ടെങ്കിൽ അവരുടെ കാര്യം പരിഗണിക്കപ്പെടുന്നതാണ്.

ഫീസാനുകൂല്യത്തിനുള്ള അപേക്ഷ.

* 357. [49] ശ്രീ. കുട്ടപ്പൻകോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫീസ്സാനുകൂല്യമനുവദിച്ചിട്ടുള്ള പിന്നോക്കസമുദായ വിദ്യാർത്ഥികളിൽ നിന്നും ഫീസ്സാനുകൂല്യത്തിനുള്ള അപേക്ഷകൾ വാങ്ങുമ്പോൾ അതോടൊന്നിച്ച് അവരുടെ രക്ഷകർത്താക്കളുടെ സാമ്പത്തികവരുമാനത്തെ കാണിക്കുന്ന സർട്ടിഫിക്കററുകൾ ആവശ്യമാണോ ;

(ബി) ഇതു സംബന്ധിച്ചുള്ള ഉത്തരവുകൾ എന്നാണ് സ്കൂളുകളിലേക്കയച്ചിട്ടുള്ളത്; പ്രസ്തുത ഉത്തരവുകളിൽ ഇതിനെ സംബന്ധിച്ച് വ്യക്തമായി വല്ലതും പറഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ ഉത്തരവിൻെറ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) പിന്നോക്കസമുദായത്തിൽ ഉൾപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗം, കുടുംബി എന്നീ ഇനത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസാനുകൂല്യത്തിനുള്ള അപേക്ഷകൾ അയയ്ക്കുമ്പോൾ അതോടൊന്നിച്ച് അവരുടെ രക്ഷകർത്താക്കളുടെ സാമ്പത്തിക വരുമാനത്തെക്കാണിക്കുന്ന സർട്ടിഫിക്കററ് ആവശ്യമില്ല. എന്നാൽ മററ് പിന്നോക്ക സമുദായത്തിലും ക്രിസ്ത്യമതം സ്വീകരിച്ചിട്ടുള്ള പിന്നോക്ക സമുദായത്തിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അപ്രകാരമുള്ള സർട്ടിഫിക്കററ് ആവശ്യമാണ്.

(ബി) സ്കൂളുകളിലേക്ക് ഉത്തരവുകൾ അയച്ചിട്ടുള്ളത് ഇൻസ്പെക്ടരാഫീസുകളിൽ നിന്നാണ്. അതെന്നാണെന്നുള്ള വിവരം അന്വേഷണത്തിലിരിക്കുന്നു. ഗവണ്മെൻറ് ഉത്തരവുകൾ അയച്ചിട്ടുള്ളത് 13-11-50, 21-4-51 എന്നീ തീയതികളിൽ ആണ്. പ്രസ്തുത ഉത്തരവുകളിൽ ഇതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്. ആ ഉത്തരവുകളുടെ † പകർപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

റൂറൽ എലക്ട്രിഫിക്കേഷൻ സ്കീം.

* 358. [56] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ എലക്ട്രിഫിക്കേഷൻ സ്കീം ഏതു വർഷത്തിലാണ് നടപ്പാക്കിയത് ;

(ബി) ഈ സ്കീം അനുസരിച്ച് എത്ര ഗ്രാമങ്ങളിലേക്ക് ഇന്നുവരെ വിതരണം നടത്തി ;

(സി) ഈ വർഷത്തിൽ, നീരാവിൽ, അഷ്ടമുടി, കുരീപ്പുഴ, മതിലിൽ, തൃക്കരുവാ, സാമ്പ്രാണിക്കോടി, പ്രാക്കുളം എന്നീ സ്ഥലങ്ങളിലേക്ക് വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

†Please See Appendices VI & VII

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ, അതായതു് 1951-ൽ നടപ്പാക്കി.

(ബി) 487 ഗ്രാമങ്ങളിലേയ്ക്കു്.

(സി) നീരാവിൽ, അഷ്ടമുടി, കുരീപ്പുഴ, മതിലകം, സംപ്രാണിക്കോടി എന്നീ സ്ഥലങ്ങളിലേക്കു് ഇലക്ട്രിസിററി നീട്ടാൻ അനുവദിച്ചിട്ടുണ്ടു്. കഴിയുന്നതും വേഗത്തിൽ വേലകൾ പൂർത്തിയാക്കുകയും ചെയ്യും. പ്രാക്കുളത്തേക്കു് ഇതിനകംതന്നെ ഇലക്ട്രിസിററി നീട്ടിയിട്ടുണ്ടു്. തൃക്കരുവായിലേക്കുള്ള എക്സ്ററൻഷൻ അതിൽനിന്നുള്ള വരവിൻെറ തോതനുസരിച്ചു് പരിഗണിക്കുന്നതാണു്.

Civil and Development works.

* 359. [61] **Shri V. V. Sebastian** : Will the Minister for Works and Transport be pleased to state what is the amount expended by Government during the first half year of 1954-55 for (i) Civil Works ; and (ii) Development Works in each Taluk ?

Minister for Works and Transport **(Shri A. Achuthan)** :

† A list containing the information is placed on the table.

സ്റ്റേററിലെ റോഡുകൾ.

* 360. [71] ശ്രീ. പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേററിൽ ആകെ എത്ര മൈൽ ദൂരം റോഡുകൾ:—

1. കോൺക്രീററു്,
2. ടാർക്രീററു്,
3. സെമിഗ്രൗട്ടു്,
4. സർഫെസിംഗു്,
5. ഷെൽക്രീററു്, ഇവ ചെയ്തിട്ടുണ്ടു്;

(ബി) മേൽപ്പറഞ്ഞ സ്പെസിഫിക്കേഷനുകളിൽ ഓരോന്നിനും ഒരു മൈൽദൂരം വീതം തീർക്കുവാൻ ശരാശരി എന്തു ചെലവുവരും ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

(എ) 1. 108 മൈൽ.
2&5. 86 ,,
3. 467 ,,
4. 64 ,,

(ടാർക്രീററും ഷെൽക്രീററും ഏതാണ്ടു് ഒന്നു തന്നെയാണു്)

† Please See Appendix VIII

(ബി) 1. 60,000 മുതൽ 1,00,000 ക വരെ
2&5, 40,000. ക.
3. 30,000. ക.
4. 30,000. ക.

പട്ടികജാതി വിദ്യാർത്ഥികൾ.

* 361. [72] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കൊല്ലം കാളേജ് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്ര;

(ബി) ഇവരിൽ ഇക്കൊല്ലം ചേർന്ന കുട്ടികൾ എത്ര;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായി ഇക്കൊല്ലം കാളേജ് ക്ലാസ്സുകളിൽ വിദ്യാഭ്യാസ സൗജന്യത്തിന് എന്തു തുക വരുന്നു എന്ന് പറയാമോ;

(ഡി) ഇക്കൊല്ലം കാളേജ് ക്ലാസ്സുകളിൽ വിദ്യാഭ്യാസസൗജന്യം, പുസ്തകം, വസ്ത്രം മുതലായതുകൾക്കുള്ള സംഖ്യ കൊടുത്ത ആദ്യത്തെ തീയതിയും അവസാനത്തെ തീയതിയും പറയാമോ;

(ഈ) സൗജന്യം സമയത്തിന് കിട്ടുന്നില്ലെന്ന് പരാതികൾ കിട്ടാറുണ്ടോ; ഉണ്ടെങ്കിൽ ഇക്കൊല്ലം ഇതേവരെയായി എത്ര പരാതികൾ കിട്ടി;

(എഫ്) സൗജന്യം അനുവദിക്കാതെ സ്വന്ത കൈയാൽ ഫീസും പുസ്തകവും വാങ്ങി പഠിക്കുവാൻ നിർബന്ധിതരായ ഹരിജൻ വിദ്യാർത്ഥികൾ സംസ്ഥാനത്ത് എത്ര പേരുണ്ടെന്നറിയാമോ; എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിലേക്ക് ഇവരിൽനിന്ന് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്ന്; എന്തു നടപടി എടുത്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) ഇക്കൊല്ലം സംസ്ഥാനത്ത് കാളേജ് ക്ലാസ്സുകളിൽ 667 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നു.

(ബി) ഇവരിൽ 325 പേർ ഈ വർഷം ചേർന്നവരാണ്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കുമാത്രം കാളേജ് ക്ലാസ്സുകളിൽ വിദ്യാഭ്യാസ സൗജന്യത്തിന് ഇക്കൊല്ലം 4,20,200 ക. വേണ്ടി വരുന്നതാണ്.

(ഡി) ഈ വർഷം കാളേജ് ക്ലാസ്സുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പുസ്തകം വസ്ത്രം മുതലായവയ്ക്ക് അനുവദിച്ചിട്ടുള്ള സംഖ്യ കൊടുത്ത ആദ്യത്തെ തീയതി 21-7-54-ം, അവസാനത്തെ തീയതി 16-10-54-ം ആണ്.

(ഈ) സൗജന്യം സമയത്തിന് കിട്ടുന്നില്ലെന്ന് പരാതികൾ കിട്ടാറുണ്ട്. ഈ കൊല്ലം ഇതേവരെയായി 3 പരാതികൾ കിട്ടിയിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് കോളേജ് ക്ലാസ്സുകളിൽ സൗജന്യം അനുവദിക്കപ്പെടാത്ത ഒരു ഹരിജൻ വിദ്യാർത്ഥിയുണ്ട്. തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ, സീനിയർ ഇൻറർമീഡിയറേറ് ക്ലാസ്സിൽ പഠിക്കുന്ന എം. കുട്ടൻ എന്ന വിദ്യാർത്ഥിക്കാണ് സൗജന്യം അനുവദിക്കാത്തത്. പ്രസ്തുത വിദ്യാർത്ഥിയുടെ നിവേദനം കിട്ടി. ആ വിദ്യാർത്ഥി 1952-53-ൽ തൃശ്ശൂർ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചിരുന്നു. അന്ന് ഗവണ്മെൻറ് വേതനം വാങ്ങുകയും ചെയ്തിരുന്നു. ആ പഠിത്തം പൂർത്തിയാക്കാതെ കോളേജിൽ ചേർന്നു. അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് വീണ്ടും വേതനം നൽകുന്നതിന് രൂൾ അനുവദിക്കുന്നില്ല. പക്ഷേ നേരത്തെ വാങ്ങിയ വേതനം തിരിച്ചടയ്ക്കാമെന്നുണ്ടെങ്കിൽ കോളേജ് ക്ലാസ്സിൽ വേതനം കൊടുക്കാവുന്ന കാര്യം ആലോചിക്കാമെന്ന് വിദ്യാർത്ഥിയെ അറിയിച്ചിട്ടുണ്ട്.

ചേർത്തല—ആലപ്പുഴ റോഡ്.

* 362. [76] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല–ആലപ്പുഴ റോഡ് ഈ കൊല്ലംതന്നെ വെട്ടിത്തീർക്കുമോ ;

(ബി) റോഡുവെട്ട് Contract, Contactor മാർക്കു കൊടുക്കരുതെന്നു കാണിച്ച് ഗവണ്മെൻറിനു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(സി) പഞ്ചായത്തുകൾ റോഡുവെട്ടു പണി നടത്താമെന്നു കാണിച്ച് ഗവണ്മെൻറിനെ സമീപിച്ചോ, എന്തു നടപടിയെടുത്തു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ഒരു ലക്ഷത്തി നാല്പതിനായിരം രൂപയുടെ പണി ഈ സാമ്പത്തികവർഷം നടത്തുന്നതാണ്.

(ബി) ഇല്ല.

(സി) ഇല്ല.

തൊഴിൽ കുഴപ്പം.

* 363. [78] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊഴിൽ കുഴപ്പങ്ങളിൽ പോലീസുകാർ ഇടപെടുന്നതായി ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ ; ഏതെല്ലാം പ്രദേശങ്ങളിൽ ; ആ പരാതിയെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

എവിടെ നിന്നെല്ലാം പരാതികൾ കിട്ടിയിട്ടുണ്ടോ അവിടെയെല്ലാം അന്വേഷണം നടത്തിച്ചിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 29-1-1955

Pampa Scheme.

*364. [3] **Shri N. G. Chacko:** Will the Minister for Works and Transport be pleased to state:

(*a*) how many major hydro-electric and irrigation schemes are included in the II Five Year Plan in Travancore-Cochin;

(*b*) whether the Pampa Scheme is included in the Second Five Year Plan;

(*c*) what will be the total cost of the Pampa Scheme;

(*d*) when will the work of the Pampa Scheme begin and when will it be completed; and

(*e*) how much electricity will be produced and how much land will be benefited by the Pampa Scheme?

Minister for Works and Transport **(Shri A. Achuthan)**:

(*a*) The Second Five Year Plan has not been finalised. Government are not therefore in a position to furnish the information at present.

(*b*) Government intend to include the Pampa Scheme in the Second Five Year Plan.

(*c*) The Irrigation and Power sides of the scheme together may cost nearly 21·66 crores of rupees.

(*d*) Cannot definitely be stated now.

(*e*) 2·45 lakhs K. W. of electrical power can be developed. 70,000 acres of land can be irrigated for double crop cultivation.

ഷാക്ക് ലിവർ ഓയിൽ നിർമ്മാണം.

*365. [55] ശ്രീ. കുട്ടപ്പൻ ഒ. മയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷാർക്ക് ലിവർ ഓയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഗവണ്മെൻറിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു മുതലാണ് അതു തുടങ്ങിയിട്ടുള്ളത്; ആ കമ്പനിയുടെ പ്രവർത്തനഫലമായി 1953-54 വർഷത്തിൽ എന്തു ലാഭമുണ്ടായി; ഈ വ്യവസായം വികസിപ്പിക്കുന്നതിനു ഗവണ്മെൻറിനു വല്ല പദ്ധതിയുമുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

ഷാർക്കുലിവർ ഓയിൽ ഉൽപ്പാദിപ്പിക്കുവാൻ ഒരു ഫാക്ററി ഗവണ്മെൻറിൽനിന്നും തിരുവനന്തപുരത്തു നടത്തുന്നുണ്ട്.

1939 ഡിസംബറിൽ തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിൽ കുടിൽവ്യവസായാടിസ്ഥാനത്തിൽ ഒരു പരീക്ഷണമെന്ന നിലയ്ക്കു തുടങ്ങിയ ഈ സ്ഥാപനം 1952 ഏപ്രിൽ മുതൽ ഒരു വ്യവസായ സ്ഥാപനം ( ) എന്ന നിലയിൽ ഗവണ്മെൻറിന്റെ കീഴിൽ പ്രവർത്തനം നടത്തുന്നു. 1953-54-ൽ ഈ സ്ഥാപനത്തിൽ നിന്നും ലാഭം ഉണ്ടായിട്ടില്ല. 13,062 രൂപ 2 അണ 11 പൈസ നഷ്ടമാണുണ്ടായതു്.

ഈ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ ഒരു പദ്ധതി രണ്ടാംപഞ്ചവത്സരപദ്ധതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഫാക്ററിയിൽ ദിവസംപ്രതി 25 ഗ്യാലൻ ഷാർക്കുലിവർ ഓയിൽ ഉൽപ്പാദിപ്പിക്കുന്നതും 25 ഗ്യാലൻ ഓയിൽ വിററാമിൻ "എ" പ്രോസസ് ചെയ്യുന്നതുമാണ്.

തൊഴിൽതക്കേസ്സുകൾ.

* 366. [59] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽത്തക്കേസ്സുകളെ തുടർന്ന് തൊഴിലാളിപ്രവർത്തകന്മാരുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ള എത്ര കേസ്സുകൾ ഇന്ന് വിചാരണയിലിരിക്കുന്നു ;

(ബി) ഈ കേസ്സുകൾ പിൻവലിക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) തൊഴിൽത്തക്കങ്ങളെ തുടർന്ന് തൊഴിലാളി പ്രവർത്തകന്മാരുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ളതിൽ എഴുപത്തി ഒൻപതു((79) കേസ്സുകൾ ഇന്ന് വിചാരണയിലിരിക്കുന്നു.

(ബി) This involves the policy of Government.

(സി) The question does notlarise.

Production of Sugar.

* 367. [76] **Shri V. P. Parameswaran Nambudiri** : Will the Minister for Finance be pleased to state :

(*a*) whether the Government have made any survey of the land under sugar cane cultivation (a) in the State (b) in Thiruvalla Taluk ; and

(*b*) the cost of producing a ton of sugar cane ?

Minister for Finance **(Shri P. S. Nataraja Pillai)** : (*a*) Yes. According to the surveys the average area under sugar cane for the years 1949-53 in the State was 14,293 acres and for Thiruvalla Taluk 9,312 acres. For the years 1953-54 it was 15,497 acres for the State and for Thiruvalla Taluk 10,484 acres.

(*b*) No survey has been conducted in respect of the cost of production of sugar cane.

STARRED QUESTIONS POSTED FOR ANSWER ON **31-1-1955**

പുതിയബസ്സുകൾ.

* 368. [35] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേക്ക് ഇപ്പോൾ കൂടുതൽ ബസ്സുകൾ വാങ്ങുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതിനം ബസ്സുകളാണ് വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇപ്പോൾ ഏതെല്ലാം ഇനം ബസ്സുകളാണ് ഡിപ്പാർട്ടുമെൻറുവകയായുള്ളത് ;

(ഡി) പല കമ്പനികളുമായി ആലോചിച്ച് വില കുറച്ചു കിട്ടുന്ന ബസ്സുകളാണോ പുതിയതായി വാങ്ങുവാൻ ആലോചിക്കുന്നതു്;

(ഇ) പുതുതായി വാങ്ങുന്ന ബസ്സുകൾക്ക് കമ്മിഷൻ കിട്ടാറുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) മേർസിഡീസ് ബെൻസ്.

(സി) ഫോർഡ്, ഷെവർലെ, ഇൻറർനാഷണൽ, സ്റ്റുഡിബേക്കർ, ഡോഡ്ജ്, കോമർ, ലൈലൻഡ്, ഗ്രൈഓട്ടർ, ഓസ്റ്റിൻ.

(ഡി) അതേ.

(ഇ) ഇല്ല.

ട്രാൻസ്പോർട്ടുവകുപ്പിലേക്ക് വാങ്ങിയ ബസ്സുകൾ.

* 369. [38] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു വകുപ്പിലേക്ക് ബസ്സുകൾ വാങ്ങുന്നതു് കമ്പനികളിൽ നിന്നും നേരിട്ടോ അതോ ഏജൻസി വഴിയോ;

(ബി) ഏജൻറന്മാർ വഴിക്കാണെങ്കിൽ ഗ്രൈബസ്സുകളും, ലൈലൻറ് ബസ്സുകളും ഗവണ്മെൻറിലേക്ക് നൽകുന്ന ഏജൻറുമാർ ആരാണു്; അവർക്ക് എന്തു് കമ്മിഷൻ കൊടുക്കുന്നു;

(സി) പുതുതായി തുടങ്ങിയിരിക്കുന്ന കമ്പനിക്കാരിൽ നിന്നും ബസ്സുകൾ വാങ്ങുന്നതിനെക്കുറിച്ച് എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) കമ്പനികളിൽ നിന്നും നേരിട്ടും ഏജൻസികൾവഴിക്കും വാങ്ങിക്കാറുണ്ടു്.

(ബി) ഗ്രൈവണ്ടികൾ, മഹിന്ദ്രാ ആൻഡ് മഹിന്ദ്ര, ബാംബേയും, ലൈലൻഡു വണ്ടികൾ അശോകാ മോട്ടോഴ്സ്, മദ്രാസ്സും ആണു് ഗവണ്മെൻറിലേക്ക് നൽകിയതു്. ഇവർ കമ്പനിക്കാരുടെ ഇൻഡ്യയിലുള്ള ഏജൻറന്മാരും ആകുന്നു.

(സി) 100 മേഴ്സിഡസ് വണ്ടികൾ വാങ്ങുന്നതിനു് ആർഡർ കൊടുത്തിട്ടുണ്ടു്.

Works Committee.

* 370. [41] **Shri K. M. George:** Will the Minister for Works be pleased to state:

(*a*) whether the Central Works Committee constituted by this Ministry has ever met and transacted any work;

(*b*) if not why;

(*c*) how many times the Vaikom and Muvattupuzha taluk works committees have met;

(*d*) how many times the Kottayam District Committee has met ; and

(*e*) what is the amount spent by Government for all these meetings ?

Minister for Works and Transport **(Shri A. Achuthan)** :

(*a*) No.

(*b*) There was no necessity for holding the meeting. As per rules this Committee has to meet to consider the priority lists of works submitted by the Sub Division Committees and select works for inclusion in the next year's budget. This is only after the amount for P. W. D. works is fixed by Government.

(*c*) There are no Taluk Works Committees at Vaikom or Muvattupuzha, but only Sub-Division Committees. The Vaikom Committee met thrice during the year and the Muvattupuzha Committee twice.

(*d*) There is no District Committee at Kottayam.

(*e*) Nil.

സോഷ്യൽ വെൽഫെയർ സെൻററുകൾ.

* 371. [48] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സോഷ്യൽവെൽഫെയർ സെൻററുകൾ പ്രവർത്തിക്കുന്നു ; ഏവിടെയെല്ലാം ; എന്താണ് അതിൻെറ പ്രവർത്തനം ;

(ബി) ഏതെല്ലാം സെൻററുകളിൽ ഇന്നു കുഞ്ഞുങ്ങൾക്ക് പാൽപൊടിയും കഞ്ഞിക്കുള്ള അരിയും കൊടുക്കുന്നു എന്ന് പറയുമോ ; വിതരണം നടത്തുന്ന പാൽപൊടിയും കഞ്ഞിക്കുള്ള അരിയും സംസ്ഥാനഗവണ്മെൻറിൻെറ വകയാണോ ; ഇവ വിതരണം ചെയ്യുന്നതിന് എർപ്പാടുകൾ എന്തെല്ലാമാണെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള) :

(എ) ആകെ നാൽപ്പത്തു സെൻററുകൾ പ്രവർത്തിക്കുന്നു. ഇവ പ്രവർത്തിക്കുന്ന സ്ഥലങ്ങളുടെ പേരുകൾ ഈ ഉത്തരത്തോട് അനുബന്ധിച്ച് ഒരു ‡ പട്ടികയിൽ ചേർത്തിട്ടുണ്ട്. കുട്ടികൾ, സ്ത്രീകൾ, അംഗഭംഗം ഭവിച്ചവർ എന്നിവരുടെ ഉന്നമനത്തിനു വേണ്ടി സഹായം നൽകുന്നതിനാണ് ഈ സെൻററുകൾ പ്രവർത്തിക്കുന്നത്.

(ബി) കുഞ്ഞുങ്ങൾക്ക് പാൽപൊടിയും കഞ്ഞിക്കുള്ള അരിയും കൊടുക്കുന്ന സെൻററുകളുടെ പേർവിവരം ഇതിനോട് അനുബന്ധമായി ഒരു ‡ പട്ടികയിൽ ചേർത്തിരിക്കുന്നു. കുട്ടികൾക്കു നൽകുന്ന പാൽപൊടിയും കഞ്ഞിക്കുള്ള അരിയും സംസ്ഥാനഗവണ്മെൻറിൻെറ വകയല്ല. പാൽപൊടിയും കഞ്ഞിക്കുള്ള അരിയും വെൽഫെയർ സെൻററുകളിൽ നിന്നും സൌജന്യമായി വിതരണം ചെയ്യുന്നു.

‡ Please see Appendix IX

പിന്നാക്കസമുദായ ക്ഷേമാന്വേഷണകമ്മീഷൻ.

*372. [57] ശ്രീ. പി. എം. മാക്കോസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാഗവണ്മെൻറ് നിയമിച്ചിട്ടുള്ള പിന്നാക്കസമുദായക്ഷേമാന്വേഷണ കമ്മീഷൻ 1954 ഏപ്രിലിൽ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചു അവസരം ബഹുമാനപ്പെട്ട മന്ത്രിമാർ ആരെങ്കിലും കമ്മീഷനെ സമീപിച്ചു പിന്നാക്കസമുദായങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) പിന്നാക്കസമുദായ ക്രിസ്ത്യാനികളുടെ ആവലാതികൾ സംബന്ധിച്ച് എന്തെങ്കിലും വിവരം കമ്മീഷനുമായി പറഞ്ഞെങ്കിൽ അവ എന്തെല്ലാമാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) പിന്നാക്കസമുദായ സംരക്ഷണവകുപ്പുമന്ത്രിയെ കണ്ടു.

(ബി & സി) ഇവിടത്തെ പിന്നാക്കസമുദായങ്ങളുടേയും പട്ടികജാതിക്കാരുടേയും പൊതുവെയുള്ള സ്ഥിതിഗതികളെക്കുറിച്ച് ആരായുകയും അവർക്ക് ഉത്തരം പറയുകയും ചെയ്തു. പ്രത്യേക സമുദായവിഭാഗങ്ങളെക്കുറിച്ച് പ്രത്യേകമായി വ്യക്തമായി ഒന്നും സംസാരിച്ചതായി ഓർക്കുന്നില്ല.

വർക്ക് എസ്റ്റാബ്ളിഷ്മെൻറ ജീവനക്കാർ.

* 373. [58] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേവികുളംപീരുമേട്ടിലെ പി. ഡബ്ളിയു. ഡി. വർക്ക്എസ്റ്റാബ്ളിഷ്മെൻറ് ജീവനക്കാർക്ക് മററു ഡിപ്പാർട്ടുമെൻറ് ജീവനക്കാർക്ക് നൽകുന്നതുപോലുള്ള ലോക്കൽഅലവൻസ്, ക്വാർട്ടേഴ്സ് മുതലായവ നൽകുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

പഴയ ഹൈറേഞ്ച് സബ്ഡിവിഷനിൽപ്പെട്ട ദേവികുളം താലൂക്കിൽ ജോലിചെയ്യുന്ന പി. ഡബ്ളിയു. ഡി. വർക്ക്എസ്റ്റാബ്ളിഷ്മെൻറ ജീവനക്കാർക്ക് 5 ക. വീതം ലോക്കൽ അലവൻസു കൊടുക്കുന്നുണ്ട്. പീരുമേട്ടിൽ ജോലി ചെയ്യുന്നവർക്ക് ലോക്കൽ അലവൻസു നൽകുന്നില്ല. രണ്ടുസ്ഥലത്തും സ്ഥിരലാവണക്കാരായ ഉദ്യോഗസ്ഥന്മാരുടെ ആവശ്യം കഴിച്ചുള്ള ഗവണ്മെൻറ് ക്വാർട്ടേഴ്സ് വർക്ക്എസ്റ്റാബ്ളിഷ്മെൻറ ജീവനക്കാരുടെ താമസത്തിലേക്ക് അനുവദിച്ചുകൊടുക്കാറുണ്ട്.

ഫീസ്പിരിവ്

* 374. [60] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫീസുപിരിവുള്ള മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും ഹരിജൻ വിദ്യാർത്ഥികളുടെ ഫീസിനത്തിൽ മാനേജ്മെൻറിന് ഗവണ്മെൻറ് എത്രശതമാനം കൊടുക്കുന്നുണ്ട്;

(ബി) ഈ ശതമാനമനുസരിച്ചുള്ള തുക ലഭിക്കാത്ത മാനേജ്മെൻറ സ്കൂളുകൾ എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഹരിജൻവിദ്യാർത്ഥികൾക്ക് ഫീസുസൌജന്യം അനുവദിച്ചു വകയിൽ മാനേജ്മെൻറ് സ്കൂളുകൾക്ക് ഉണ്ടായിട്ടുള്ള നഷ്ടത്തിൻെറ 60% ഗവണ്മെൻറ നൽകുന്നുണ്ട്. സ്കീമിൽ ചേർന്നിട്ടുള്ള സ്കൂളുകൾക്ക് പ്രസ്തുത 60 ശതമാനത്തിൽ 20% മാത്രമേ ആകുന്നുള്ളൂ.

(ബി) ഈ ചോദ്യത്തിനു വേണ്ടിയ വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

Waiting Sheds.

*375. [65] **Shri V. V. Sebastian**: Will the Minister for Works and Transport be pleased to state:

(*a*) how many waiting sheds have been built for the use of the travelling public during 1954-55 and where;

(*b*) whether representations have not been received from the public for providing waiting sheds at Ettumanoor and Kuravilangadu; and

(*c*) will the Government be pleased to provide waiting sheds at the above mentioned places?

Minister for Works and Transport (**Shri A. Achuthan**):

(*a*) 5 Waiting sheds.

1. Oachira.
2. Chengamanadu.
3. Kottiyam.
4. Ambalapuzha.
5. Kallambalam.

(*b*) Representations have been received for a waiting shed at Ettumanoor but not at Kuravilangadu.

(*c*) The question will be considered.

Central Works Committee.

*376. [68] **Shri M. A. Antony**: Will the Minister for Works be pleased to state:

(*a*) whether the meeting of the Central Works Committee have been convened this year;

(*b*) If so, how many times?

Minister for Works & Transport (**Shri A. Achuthan**):

(*a*) No.

(*b*) Does not arise in view of answer to (a).

STARRED QUESTIONS POSTED FOR ANSWER ON 1-2-1955

മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും.

* 377. [28] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയനവർഷാരംഭത്തിൽ മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും പുതുതായി അനുവദിക്കുകയില്ലെന്നു ഗവണ്മെൻറു തീരുമാനം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) അടുത്ത അദ്ധ്യയനവർഷത്തിൽ പുതുതായി ഹൈസ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിലും പ്രൈവററുമായി 60 മിഡിൽസ്കൂളുകൾക്കു അടുത്തവർഷം അനുവാദം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷൻെറ ശുപാർശകൾ പ്രായോഗികമാക്കുന്നതുവരെ പഴയ രീതിയിലുള്ള ഹൈസ്കൂളുകൾ പുതുതായി ആരംഭിക്കുന്നതു് ആശാസ്യമായിരിക്കുകയില്ല. (കൂടാതെ ആരംഭിച്ചു കഴിഞ്ഞ പഴയ രീതിയിലുള്ള ഹൈസ്കൂളുകളെ വിവിധോദ്ദേശസ്കൂളുകളാക്കി രൂപാന്തരപ്പെടുത്തുന്നതിനും പ്രയോഗിക വൈഷമ്യങ്ങൾ ഉണ്ട്.)

ഖാദിവ്യവസായം.

* 378. [37] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദിവ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതു് ;

(ബി) സ്റ്റേററിലുള്ള ഖാദിനിർമ്മാണകേന്ദ്രങ്ങൾക്ക് ഗവണ്മെൻറിൽ നിന്നു് എന്തു സഹായമാണ് ചെയ്യുന്നതു് ;

(സി) സഹായം നൽകുന്ന കേന്ദ്രങ്ങൾ ഏവ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെൻറ് ആവശ്യങ്ങൾക്ക് ഖാദി വാങ്ങണമെന്നു് ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഖാദിവ്യവസായ അഭിവൃദ്ധിക്ക് പര്യാപ്തമായ ഒരു പദ്ധതി ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുകയാണ്. ഖാദി മുതലായ ഗ്രാമവ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഗവണ്മെൻറിനെ ഉപദേശിക്കുവാൻ (വ്യവസായവകുപ്പുമന്ത്രി അദ്ധ്യക്ഷനായും പതിനെട്ട് അംഗങ്ങളോടുകൂടിയതുമായ) ഒരു ഉപദേശകസമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ധനസഹായം ചെയ്യുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

Translation of Indian Constitution.

* 379. [46] **Shri M. P. Menon:** Will the Chief Minister be pleased to state:

(*a*) has Government set up a committee to translate the Constitution of India and if so when;

(*b*) who are the members of the committee and what is the total amount already paid to them by way of allowance or fees;

(*c*) has the committee completed its work;

(*d*) when will the Malayalam version be made available to the public?

Chief Minister (**Shri A. Thanu Pillai**): (*a*) At the instance of the Government of India a Committee was constituted to translate the Constitution of India in Malayalam on 20-9-1951.

(*b*) Members of the Committee were:—

Sri C. Narayana Pillai (Translator)

Sri Joseph Mundasseri (Translator)

Dr. Atchutha Menon (Language Expert)

Dr. K. Goda Varma (Language Expert)

Sri V. K. Krishna Menon (Jurist)

Sri Atchutha Menon and Sri Goda Varma passed away on 6th Feb. 1952 and 29th June 1952 respectively and thereafter the Committee functioned with the other Members.

The total amount paid to them by way of allowance or fees is Rs. 14332-14-0.

(*c*) The Committee has completed its work.

(*d*) The Malayalam translation of the Constitution is under print and will be made available to the public at an early date.

ശ്രീ. ജയപ്രകാശ് നാരായണന്റെ തിരുവിതാംകൂർ–കൊച്ചി പര്യടനം.

* 380. [26] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ജയപ്രകാശ് നാരായണന്റെ തിരുവിതാംകൂർ–കൊച്ചി പര്യടനം സംബന്ധിച്ച് ഗവണ്മെന്റിന് ആകെ എന്തു ചെലവ് നേരിടേണ്ടിവന്നു;

(ബി) അദ്ദേഹത്തിന്റെ സഞ്ചാരവേളയിൽ മീററിംഗുകളിലും പ്രകടനങ്ങളിലും പങ്കെടുക്കുന്നതിന് വിദ്യാലയങ്ങൾക്ക് ഒഴിവു നൽകണമെന്ന് ഗവണ്മെന്റ് വല്ല നിർദ്ദേശവും നൽകിയിരുന്നോ;

(സി) ഏതെങ്കിലും സ്കൂളുകളിൽ ഒഴിവു കൊടുത്തതായി ഗവണ്മെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ). ശ്രീ. ജയപ്രകാശ് നാരായണന്റെ തിരുവിതാംകൂർ-കൊച്ചി പര്യടനം സംബന്ധിച്ച് ഗവണ്മെന്റിന് ആകെ 1386 ക. 1 ണ. 6 പൈ. ചെലവ് വന്നിട്ടുണ്ട്.

(ബി) ഈ സംസ്ഥാനത്ത് ശ്രീ. ജയപ്രകാശ് നാരായണൻ സഞ്ചരിച്ചുകൊണ്ടിരുന്ന വഴികളിലുള്ളതായ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നതിന്നു് വിദ്യാലയങ്ങൾക്ക് വിദ്യാഭ്യാസ ഡയറക്ടർ 3 മണിമുതൽ ഒഴിവു കൊടുത്തിട്ടുണ്ട്. ഇതിന്ന് ഗവണ്മെന്റിന്നിന്ന് പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും കൊടുത്തിട്ടില്ല. പ്രകടനങ്ങളിൽ പങ്കെടുക്കുവാൻ അനുവാദം കൊടുത്തിട്ടില്ല.

(സി) ബി ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞപ്രകാരമല്ലാതെ മറ്റൊരുതരത്തിൽ ഒഴിവുകൊടുത്തതായി ഗവണ്മെന്റിന് അറിവില്ല.

തൊഴിലില്ലായ്മ

* 381. [32] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് തൊഴില്ലായ്മ പരിഹരിക്കുന്നതിന്ന് പ്രായോഗികമായ എന്തെങ്കിലും നടപടികൾ ഗവണ്മെന്റ് ആരംഭിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ, ബി) ഉണ്ട്. സംസ്ഥാനത്തെ തൊഴില്ലായ്മ പരിഹരിക്കുന്നതിലേയ്ക്കുവേണ്ടി കുടിയേറിപ്പാർപ്പുപദ്ധതി, മണ്ണൊലിപ്പുനിവാരണപദ്ധതി, ചെറുകിടവ്യവസായപദ്ധതി മുതലായവ ആരംഭിച്ചിട്ടുണ്ട്.

പ്രസവകാലവേതനം

* 382. [34] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിന്ന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സർവീസിലുള്ള സ്ഥിരപ്പെടുത്താത്ത സ്ത്രീകളുടെ എണ്ണം എത്ര; സ്ഥിരപ്പെടുത്താത്ത കാരണംകൊണ്ട് അവരുടെ പ്രസവകാലവേതനം നിഷേധിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

സർക്കാർ സർവീസിലുള്ള സ്ഥിരപ്പെടുത്താത്ത സ്ത്രീകളുടെ എണ്ണം 4369; അവർക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പ്രസവാവശ്യത്തിലേക്ക് അർഹതയുള്ള അവധിശരാശരിയും ബാക്കിയുള്ളകാലത്തേയ്ക്ക് ശമ്പളമില്ലാത്ത അവധിയും കൊടുത്തുവരുന്നതുകൊണ്ട് പ്രസവകാലവേതനം പൂർണ്ണമായി നിഷേധിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ.

പട്ടികജാതിക്കാരുടെ നിയമനം.

* 383. [139] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽ എത്ര ഗസററഡ് ആഫീസറന്മാരുണ്ട് ;

(ബി) പട്ടികജാതിക്കാരുടെ നിയമനകാര്യത്തിൽ ചില പ്രത്യേക വ്യവസ്ഥകൾ പാസ്സാക്കിയിട്ടുണ്ടോ ;

(സി) സർവ്വീസ് വകവയ്ക്കാതെ സ്പെഷ്യലായി ഏതെങ്കിലും പട്ടികജാതി ഉദ്യോഗസ്ഥനെ പ്രമോട്ടു ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) അഞ്ച്

(ബി) ഉണ്ട്. അതു സംബന്ധിക്കുന്ന ഗവണ്മെൻറു ഉത്തരവിൻെറ † കാപ്പി മേശമേൽ വച്ചിട്ടുണ്ട്.

(സി) ഇല്ല.

Allowances to Ministers.

* 384. [45] **Shri M. P. Menon :** Will the Chief Minister be pleased to state :

(*a*) what is the total amount of travelling and other allowances drawn by all the Ministers for the months of April to October 1954 ;

(*b*) what is the comparative figures for the same period in 1953.

Chief Minister **(Shri A. Thanu Pillai) :** (*a*) Rs. 22,197-12-0

(*b*) Rs. 36,209-0-0.

Colonisation in Devicolam.

* 385. [47] **Shri K. M. George :** Will the Chief Minister be pleased to state :

(*a*) whether Government propose to constitute a non-official committee for selecting people for colonising in the newly opened Devicolam Colonisation area;

(*b*) will the Government be pleased to give adequate representation to the contiguous taluks of Muvattupuzha, Thodupuzha, Meenachil and Kunnathunad.

(*c*) will the Committee members be representative from the above taluks?

Minister for Local Self Government **(Shri P. K. Kunju):**

(*a*) Government have not yet decided about the agency for selection of colonies. A pilot colony for about 200 families has been started in Kallar in Vandanmettu Pakuthy and the selection for this was made by an official committee consisting

† Please see Appendix X.

of the Special Officer, First Member, Board of Revenue and Director of Colonisation.

(b) and (c) These issues will be considered when the Committee is constituted.

തമിഴ്നാട് പ്രക്ഷോഭണവും അറസ്റ്റും.

* 386. [49] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടു പ്രക്ഷോഭണം സംബന്ധിച്ച് 7-12-54 വരെ എത്രപേരെ അറസ്റ്റുചെയ്തിട്ടുണ്ട് ;

(ബി) എത്രപേരുടെ പേർക്ക് വാറണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(സി) തമിഴ് പ്രദേശങ്ങളിൽ നടത്തിയ വെടിവയ്പ്പിൽ എത്ര പേർ മരിച്ചിട്ടുണ്ട് ;

(ഡി) തമിഴ്നാട്ടു പ്രക്ഷോഭണങ്ങൾക്കെതിരായി പോലീസ് സജ്ജീകരണങ്ങൾക്ക് എത്ര പോലീസുകാരെ നിയോഗിച്ചിരുന്നു ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) 285.

(ബി) 330.

(സി) 7.

(ഡി) സ്റ്റേഷനുകളിലുള്ളവരേയും പ്രക്ഷോഭണബാധിതപ്രദേശങ്ങളിൽ പെട്രോൾഡ്യൂട്ടിയിൽ ഏർപ്പെട്ടിരുന്നവരേയും നിയോഗിച്ചു. ഉപയോഗിക്കപ്പെട്ട റിസർവ്വ് പോലീസുകാരുടെ എണ്ണം 198 ആണ്.

Water Cess.

* 387. [80] **Shri M. A. Antony :** Will the Minister for Revenue be pleased to state whether the Government have taken any steps to exempt from water cess the lands which are not benefited by the Lift Irrigation Schemes.

Minister for Works and Transport **(Shri A. Achuthan)** : Steps are being taken to exempt such lands as are not benefited from the payments of water cess.

STARRED QUESTIONS POSTED FOR ANSWER ON 2-2-1955

പുതിയ ട്രാൻസ്പോർട്ട് ലൈനുകൾ.

* 388. [31] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1954 ഡിസംബർ ഒന്നാംതീയതി ഏതെല്ലാം റൂട്ടുകളിലാണ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടാൻ തുടങ്ങിയതെന്നും, ഒന്നാംതീയതി മുതൽ അഞ്ചാംതീയതിവരെ എത്ര ബസ്സുകൾവീതം ഓരോ ലൈനിലും ഓടിയെന്നും പറയുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

1954 ഡിസംബർ ഒന്നാംതീയതിമുതൽ ഓടിയ ട്രാൻസ്പോർട്ട് ബസ്സുകളുടെ എണ്ണം.

		ദൂരകഠം.	
എറണാകുളം	—	തൃശ്ശൂർ	2
തൃശ്ശൂർ	—	കുന്നംകുളം	1
തൃശ്ശൂർ	—	ഷൊർണ്ണൂർ	1
എറണാകുളം	—	ദേവികുളം	1
കോട്ടയം	—	ദേവികുളം	1
കോട്ടയം	—	തേക്കടി	2

തൊഴിൽത്തക്കം.

* 389. [41] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. റിയിൽ 1954 അക്ടോബർ മാസത്തിലുണ്ടായ തൊഴിൽത്തക്കം അവസാനിപ്പിക്കുവാൻ തൊഴിൽമന്ത്രിക്കുടി സംബന്ധിച്ച ഒരു കാൺഫറൻസ് നടത്തുകയുണ്ടായോ ;

(ബി) ഈ തൊഴിൽത്തക്കത്തിനിടയായ വിഷയങ്ങൾ അഡ്ജുഡിക്കേഷനിലിരിക്കുമ്പോഴല്ലേ ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ ഒരു കാൺഫറൻസിൽ സംബന്ധിച്ച് ആ വിഷയങ്ങൾ ചർച്ചചെയ്തത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) എഫ്. എ. സി. റി-യിൽ 1954 അക്ടോബർ മാസത്തിലുണ്ടായ തൊഴിൽത്തക്കം അഡ്ജുഡിക്കേഷനു് അയച്ചു. അഡ്ജുഡിക്കേഷനയച്ചതുകൊണ്ട് തൃപ്തിപ്പെടാതെ ലേബർ അസോസിയേഷൻ മാനേജുമെൻറിനു് സ്ട്രൈക്ക് നോട്ടീസ് അയച്ചു. മാനേജുമെൻറും അസോസിയേഷനും ഒരു സ്ട്രൈക്ക് കൂടാതെ കാര്യങ്ങൾ അവസാനിപ്പിക്കണമെന്ന ആഗ്രഹത്തോടുകൂടി ലേബർമന്ത്രിയെ സമീപിക്കുകയും മന്ത്രിയുമായി ചർച്ചചെയ്ത് ഒരു ഒത്തുതീർപ്പിലെത്തുകയും ചെയ്തു.

(ബി) അഡ്ജുഡിക്കേഷനിലിരിക്കുമ്പോൾ ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതിനു് രണ്ടു കക്ഷികളും മന്ത്രിയെ സമീപിച്ച് ചർച്ചകൾ നടത്തുന്നതു് നിയമവിരുദ്ധമല്ല. ഒത്തുതീർപ്പ് അനുസരിച്ച് അവാർഡ് പുറപ്പെടുവിക്കാവുന്നതാണ്.

പുറമ്പോക്കുസ്ഥലങ്ങൾ.

*390. [45] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറമ്പോക്കുസ്ഥലങ്ങളുടെ പൂർണ്ണമായ അവകാശം പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കണമെന്ന ഗവണ്മെൻറ് തീരുമാനം ഇതുവരെയും നടപ്പിലായിക്കാണാത്തതു് എന്തുകൊണ്ടാണ് ;

(ബി) ഇതെപ്പററിയുള്ള ഗവണ്മെൻറിൻെറ ഇന്നത്തെ നിലപാട് എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ.യും ബി.യും) പുറമ്പോക്കുസ്ഥലങ്ങൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്നതിനെപ്പററി ഗവണ്മെൻറ് വിശദമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തുകൾക്ക് ഗ്രാൻറ്.

*391. [46] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് സർക്കാരിൽനിന്നും നൽകിവരുന്ന ഗ്രാൻറ് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കൂടുതൽ ഗ്രാൻറ് നൽകുന്നതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്.

ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറിലേയ്ക്കു ഇൻസുലേററർ മററും.

* 392. [47] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിനുള്ള ഇൻസുലേററർ തുടങ്ങിയ സാധനങ്ങൾ സംസ്ഥാനത്തു സപ്ലൈ ചെയ്യുന്നതാരാണ്, അവക്ക് എത്ര കൊല്ലത്തേയ്ക്കുണ്ട്;

(ബി) സംസ്ഥാനഗവണ്മെൻറിൻെറ വക സിറാമിക് ഫാക്ററിയിൽ നിർമ്മിക്കുന്ന ഏററവും വിലകുറഞ്ഞ സാധനങ്ങൾ ഇതി ഉണ്ടോ;

(സി) തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് 1953, 1954 എന്നീ വർഷങ്ങളിൽ വെളിയിൽ നിന്നും എത്ര തുകയ്ക്കു ഇലക്ട്രിക്ക് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്;

(ഡി) എന്തുകൊണ്ട് കുണ്ടറ സിറാമിക്ക് ഫാക്ററിയിൽ നിർമ്മിക്കുന്ന സാധനങ്ങൾ ഇവിടത്തെ ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറ് എടുക്കുന്നില്ല?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഇൻസുലേററർ തുടങ്ങിയ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ആണ്ടുതോറും ഡിപ്പാർട്ടുമെൻറ് കൊടുക്കുന്ന (Indent) ഇൻഡൻറ് അനുസരിച്ച് സ്റ്റോർപർച്ചേസ് കമ്മിററി ടെൻഡറുകൾ ക്ഷണിക്കുന്നു. കുറഞ്ഞവിലയ്ക്ക് കൂടുതൽ ഗുണമുള്ള സാധനങ്ങൾ സൌകര്യമായ ഒരു കാലയളവിനുള്ളിൽ എത്തിച്ചുതരാമെന്നേൽക്കുന്നവർക്ക് അതാതു കൊല്ലത്തേയ്ക്ക് വേണ്ട സാധനങ്ങൾ സപ്ലൈ ചെയ്യുവാൻ ആർഡർ കൊടുക്കുന്നു.

(ബി) ഉണ്ട്. ഇൻസുലേററർ തുടങ്ങിയ ചില പോർസിലെയിൻ സാധനങ്ങൾ ഇതിൽ ഉണ്ട്.

(സി) 1952–53, 1953–54 എന്നീ വർഷങ്ങളിൽ ഉദ്ദേശം ഓരോ കോടി രൂപയ്ക്കുവീതം ഇലക്ട്രിക്ക് സാധനങ്ങൾക്ക് ആർഡർ കൊടുത്തിട്ടുണ്ട്.

(ഡി) ബോർഡ് ഇൻസുലേററർ തുടങ്ങിയ ചില പോർസിലെയിൻ സാധനങ്ങൾ കുണ്ടറ സ്റാമിക്ക് ഫാക്ററിയിൽ നിന്നും വാങ്ങുന്നുണ്ട്. L. T. Insulators വെളിയിൽ വില കുറഞ്ഞുകിട്ടുന്നതിനാൽ ഫാക്ററിയിൽ നിന്നും വാങ്ങുന്നില്ല.

തൊഴിൽത്തക്കങ്ങൾ.

*393. [50] ശ്രീ. പി. നാരായണൻപോററി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 മാർച്ച് 16-നുശേഷം ഡിസംബർ 31 വരെ ഈ സംസ്ഥാനത്ത് ആകെ എത്ര തൊഴിൽത്തക്കങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണം തീരുമാനിക്കപ്പെട്ടു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) 1954 മാർച്ച് 16-നുശേഷം ഡിസംബർ 31 വരെ ഈ സംസ്ഥാനത്ത് ആകെ 2815 തൊഴിൽ തക്കത്തങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) അവയിൽ ആകെ 2614 എണ്ണം തീരുമാനിക്കപ്പെട്ടു.

Mishap to Kanakam Steam Boat.

*394. [51] **Shri N. Parameswaran Pillai :** Will the Minister for Works be pleased to state :

(*a*) was there a committee constituted to enquire into the mishap caused to the Kanakam Steam Boat in the Vembanad lake, and has the committee submitted its report ;

(*b*) what steps have the Government taken to implement the recommendations of the committee to prevent mishaps to passenger service boats ?

Minister for Works and Transport **(Shri A. Achuthan) :** (*a*) Yes.

(*b*) The recommendations of the committee regarding restricting the construction of boats in future and the conveyance of cargo in passenger boats as well as the recommendation that the canal sub-division officer should be a qualified Mechanical Engineer, have been accepted and implemented. The other recommendations are being examined.

പഞ്ചായത്ത് അധികാരാവകാശങ്ങൾ.

* 395. [54] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്ത്ആക്റ്റും റൂൾസും അനുശാസിക്കുന്ന അധികാരാവകാശങ്ങൾ മുഴുവൻ ഇതിനകം പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തുകഴിഞ്ഞുവോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

പഞ്ചായത്താക്റ്റും റൂളുകളും അനുശാസിക്കുന്ന അധികാരാവകാശങ്ങൾ മുഴുവനും പഞ്ചായത്തുകൾക്കു വിട്ടുകൊടുത്തുകഴിഞ്ഞിട്ടില്ല. മററു പല ഡിപ്പാർട്ടുമെൻറുകളിലും നിക്ഷിപ്തമായിരിക്കുന്ന പ്രസ്തുത അധികാരാവകാശങ്ങൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്നതിന് വേണ്ട നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസസംബന്ധമായ റിപ്പോർട്ട്.

* 396. [55] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തേയിലത്തോട്ടത്തിലെ തൊഴിലാളികളുടെ കുട്ടികൾക്ക് ഇന്നു മാനേജ്മെൻറ് നൽകിവരുന്ന വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ഗവണ്മെൻറിലേയ്ക്ക് റിപ്പോർട്ടുചെയ്യുന്നതിനുമായി ഒരു കമ്മിററിയെ ഏർപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

തോട്ടംതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യങ്ങൾ നൽകുന്നതിനെസംബന്ധിച്ച് വേണ്ട നിയമങ്ങൾ ഗവണ്മെൻറ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ അതിനെ സംബന്ധിച്ച് ഒരു പ്രത്യേക കമ്മിററിയെ നിയമിക്കേണ്ടതില്ല.

Contribution to the Panchayats.

*397. [57] **Shri V. V. Sebastian :** Will the Minister for Local Self Government be pleased to state :

(*a*) whether the Government have, during 1954-55, paid any contribution to the Panchayats under Section 55 Sub-section (3) of the Panchayats Act ;

(*b*) if so, the name of the Panchayats, with the amounts paid to each ?

Minister for Local Self Government **(Shri P. K. Kunju) :**

(a) Government have not paid any contribution under Section 55 (3) of the Panchayats Act II of 1950, during the year 1954-55.

(b) This question does not arise in view of answer to (a).

Breach of tri-partite agreement.

*398. [59] **Shri V. P. Parameswaran Namboodiri** : Will the Minister for Labour be pleased to state :

(*a*) how many complaints have been received since July 54 of breach of tripartite agreement or refusal to implement award of Tribunal, by the employers;

(*b*) how many employers have been prosecuted ?

Minister for Local Self Government (**Shri P. K. Kunju**) : (*a*) 18 complaints have been received since July 1954 of breachof tripartite agreement of refusal to implement award of Tribunal by the employers.

(*b*) 4 employers have been prosecuted for this.

Wells.

*399. [60] **Shri M. A. Antony** : Will the Minister for Local Self Government be pleased to state :

How many wells have been sanctioned by the Public Health Department this year ?

Minister for Local Self Government (**Shri P. K. Kunju**) : 36.

STARRED QUESTIONS POSTED FOR ANSWER ON 3-2-1955

പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പാരിതോഷികങ്ങൾ.

* 400. [14] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953 സെപ്റ്റംബർ 15-ാം മട്ടാഞ്ചേരിയിൽ നടന്ന വെടിവയ്പിൽ അസാമാന്യമായ ധീരതയും മനഃസാന്നിദ്ധ്യവും പ്രകടിപ്പിച്ച പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഗവണ്മെൻറിൽനിന്നും പാരിതോഷികങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാരിതോഷികത്തിനർഹരായവരാരെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഉവ്വ്.

(ബി) അർഹരായവരുടെ ഒരു സ്റ്റേറ്റുമെൻറ്† മേശപ്പുറത്തു വച്ചിട്ടുണ്ട്.

അദ്ധ്യാപികമാർക്ക് പ്രസവാവധി.

*401 [16] ശ്രീ. ടി. എ മജീദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസവകുപ്പിൽ ആക്ടിംഗ് അദ്ധ്യാപികമാർക്ക് പ്രസവാവധി നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിന് കാരണം എന്ത് ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

ആക്ടിംഗ് അദ്ധ്യാപികമാർക്കും നാലു മാസത്തെ പ്രസവാവധി നൽകാറുണ്ട്.

† Please see Appendices XI, XI (*a*) and XI (*b*).

കപ്പകൃഷി.

*402 [23] ശ്രീ. എൻ. നീലകണ്ഠരുപണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലാകെ എത്ര ഏക്കർ സ്ഥലത്താണ് കപ്പ കൃഷിചെയ്തുവരുന്നത്;

(ബി) വാർഷികോൽപ്പാദനം എന്തു വരും;

(സി) ഇവിടത്തെ ഭക്ഷണാവശ്യത്തിന് വേണ്ടതെത്ര; ബാക്കി എത്ര;

(ഡി) ബാക്കി വരുന്ന കപ്പയിൽനിന്നു സംസ്കൃതസാധനങ്ങൾ ഉൽപ്പാദിപ്പിക്കത്തക്ക സൗകര്യം ഉണ്ടാക്കേണ്ടതു് കർഷകന്റെ ഏററവും വലിയ ആവശ്യമായിത്തീർന്നിട്ടുണ്ടെന്ന് ഗവണ്മെൻറ് കരുതുന്നുണ്ടോ;

(ഇ) കപ്പകൃഷി വളരെയധികം നടത്തുന്ന നെടുമങ്ങാട്ടുതാലൂക്കിൽ ഇത്തരമൊരു ഫാക്ററി സ്ഥാപിക്കാൻ ഗവണ്മെൻറ് വേണ്ട നടപടികൾ ഉടനെ സ്വീകരിക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഏതാണ്ട് 6 ലക്ഷം ഏക്കർ സ്ഥലത്ത് കപ്പകൃഷി ചെയ്തുവരുന്നു.

(ബി) പതിനഞ്ചു ലക്ഷം ടൺ.

(സി) ഏതാണ്ട് 8 ലക്ഷം ടൺ വേണ്ടിയിരിക്കുന്നു. ബാക്കി 7 ലക്ഷം ടൺ വരും.

(ഡി) ഉണ്ട്. കപ്പയിൽനിന്നും സാഗോ, സ്റ്റാർച്ച് മുതലായ സംസ്കൃതസാധനങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ ഒരു പദ്ധതി ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൽനിന്നും ആയിട്ടുള്ള രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുണ്ടറയിലെ ലക്ഷ്മി സ്റ്റാർച്ച് ഫാക്ററിയിൽ ഇപ്പോൾതന്നെ സാഗോ മുതലായ സംസ്കൃതസാധനങ്ങൾ ഉൽപ്പാദിപ്പിച്ചുവരുന്നുണ്ട്.

(ഇ) ഇതേപ്പററി ആലോചിക്കുന്നതാണ്.

Security given by acceded schools.

*403. [30] **Shri M. V. Cheriyan** : Will the Chief Minister be pleased to state :

(*a*) are the Government now insisting on security for acceded schools ;

(*b*) the number of individual management schools, High and Middle, which have remitted (1) security in full (2) security in part ; (3) no security ;

(*c*) if the security is not insisted on now, will the Government take immediate steps to return the amounts deposited by managements for the improvements of the schools as recommended by Inspecting Officers?

Chief Minister (**Shri A. Thanu Pillai**) : (*a*) Remittance of security on the part of acceded school is insisted on.

(*b*) The information is being collected.

(*c*) The question does not arise in view of the answer to part (a).

സ്വീകരണം.

* 404. [34] ശ്രീ. യു. നീലകണ്ഠൻ : താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ്ഇൻസ്പെക്ടർമാർ സ്വീകരണത്തിൽ പങ്കെടുക്കുന്നതിനെപ്പററി സർക്കാരിൻെറ നയമെന്ത്;

(ബി) സ്വീകരണങ്ങൾ കേസുകളുടെ സത്യാവസ്ഥ കണ്ടുപിടിക്കുവാൻ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; ഈ ഏർപ്പാടുകളിൽ ഉദ്യോഗസ്ഥന്മാർ വിശേഷിച്ച് പോലീസുദ്യോഗസ്ഥന്മാർ പങ്കെടുക്കരുതെന്ന് ചട്ടം കെട്ടുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ & ബി) സ്വീകരണങ്ങളിൽ പങ്കെടുക്കുന്നതിനെ കർശനമായി തടഞ്ഞുകൊണ്ട് സർക്കുലറുകൾ ഗവണ്മെൻറിൽനിന്നും അയച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥന്മാരെ മാത്രമല്ല, എല്ലാ ഗവണ്മെൻറുദ്യോഗസ്ഥന്മാരേയും തടഞ്ഞിട്ടുണ്ട്.

എണ്ണയാട്ടുസഹകരണസംഘങ്ങൾ.

* 405. [36] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) എണ്ണയാട്ടുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണസംഘങ്ങൾ ഏത്ര;

(ബി) ഈ സഹകരണസംഘങ്ങൾക്ക് നൽകിയിട്ടുള്ള ഗ്രാൻറുകൾ ശരിയായവിധം ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുവാൻ വേണ്ട സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇവരുടെ നിയമനത്തിന് എന്തു താമസം ഉണ്ടാകും ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഏഴ്.

(ബി) ഇല്ല.

(സി) എണ്ണയാട്ടുവ്യവസായം സംബന്ധിച്ചുള്ള പദ്ധതികളൊന്നും ഗവണ്മെൻറ് ഇതുവരെ അംഗീകരിച്ചിട്ടില്ല.

(ബി) ടി വ്യവസായം സംബന്ധിച്ചുള്ള പദ്ധതികൾ ഏതെങ്കിലും അംഗീകരിച്ച് നടപ്പിലാക്കുന്നതുവരെ.

സ്റ്റേഷനറി സാധനങ്ങൾ.

* 406. [37] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പോലീസ്സ്റ്റേഷനിലും കടലാസ്, പെൻസിൽ, കാർബൺപേപ്പർ തുടങ്ങിയ ഇനങ്ങളിലായി എത്ര രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ നൽകുന്നുണ്ട്?

(ബി) ഇപ്പോൾ നൽകുന്ന സാധനങ്ങൾ പോലീസ്സ്റ്റേഷനിലെ ആവശ്യത്തിന് മതിയാകുന്നില്ലെന്ന് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെപ്പററി ഗവണ്മെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ഡി) പോലീസ്സ്റ്റേഷനിൽ ആവലാതിയുമായി ചെല്ലുന്ന കക്ഷികളെക്കൊണ്ട് മുകളിൽ പറഞ്ഞതരത്തിലുള്ള സ്റ്റേഷനറി സാമാനങ്ങൾ പോലീസുകാർ വാങ്ങിപ്പിക്കുന്ന പതിവുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) സ്റ്റേററിലെ എല്ലാ പോലീസ്സ്റ്റേഷനിലേക്കും ഒരേ തോതിലല്ല സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നത്. ഓരോ സ്റ്റേഷനിലും ഉള്ള ജോലിയുടെ അടിസ്ഥാനത്തിലാണ് അവ വിതരണം ചെയ്യുന്നത്. ഓരോ സ്റ്റേഷനിലേയ്ക്കും വേണ്ടതായ സ്റ്റേഷനറി സാധനങ്ങൾ നിശ്ചയിക്കുന്നത് ഓരോ ഡിസ്ട്രിക്ററിലേയും ഡി. എസ്സ്. പി. മാരാണ്. സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഓരോ ഡിസ്ട്രിക്ററിലേക്കും ഉള്ളതായ സ്റ്റേഷനറി സാധനങ്ങൾ ഒന്നായി അതതു ഡി. എസ്സ്. പി. മാർക്ക് കൊല്ലംതോറും കൊടുക്കുകയാണ് പതിവ്. ഓരോ ഡിസ്ട്രിക്ററിലേയും ഡി. എസ്സ്. പി. ആഫീസിലേയും എ. എസ്സ്. പി. ആഫീസുകളിലേയും, സർക്കിൾ ഇൻസ്പെക്ടർമാരുടെ ആഫീസുകളിലേയും ഓരോ പോലീസ് സ്റ്റേഷനിലെയും ആവശ്യത്തിനുള്ളതാണ് ഇവ.

(ബി) ഓരോ പോലീസ്സ്റ്റേഷനിലേയും ആവശ്യത്തിന് കൂടുതൽ സ്റ്റേഷനറിസാധനങ്ങൾ നൽകണമെന്ന് പോലീസ് ഇൻസ്പെക്ടർ ജനറൽ ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പോലീസ്ഡിപ്പാർട്ടുമെൻറിലേക്ക് ഉള്ള സ്റ്റേഷനറി സാധനങ്ങളുടെ സപ്ലൈ വർദ്ധിപ്പിക്കുന്നകാര്യം അടുത്തകൊല്ലത്തേയ്ക്കുള്ള ആനുവൽ ഇൻഡൻഡ് പാസ്സാക്കുമ്പോൾ സ്റ്റേഷനറി കൺട്രോളർ പരിഗണിക്കുന്നതാണെന്ന് ഗവണ്മെൻറ് കല്പനയായിട്ടുണ്ട്. ഇക്കൊല്ലത്തേയ്ക്ക് എല്ലാ ഡി. എസ്സ്. പി. മാരോടും അവരവരുടെ ചുമതലയിലുള്ള ആവശ്യത്തിനുള്ള supplementary Indents സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിലേക്ക് അയക്കുവാൻ ആവശ്യപ്പെടുന്നതിന് ഐ. ജി—യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കിട്ടുന്ന supplementary Indents സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിൽനിന്നും പർച്ചേസ്സ് ചെയ്തു വരികയാണ്.

(ഡി) അങ്ങനെ ഒരു പതിവുള്ളതായി ഗവണ്മെൻറിന് അറിവില്ല. അങ്ങനെ വല്ലതും ഉണ്ടെങ്കിൽ അത് പാടെ നിർത്തുവാനായി ഐ. ജി—യോട് ആവശ്യപ്പെട്ടിട്ടും ഉണ്ട്.

Cases pending against political workers.

* 407. [39] **Shri D. Vivekanandan** : Will the Chief Minister be pleased to state:

(*a*) how many cases were pending against political workers when the P. S. P. Government came into power ;

(b) how many of them have been withdrawn till this date;

(c) what is the principle followed in such withdrawal; and

(d) is there any discrimination made in this respect between the accused on account of their party affiliation?

Chief Minister **(Shri A. Thanu Pillai)**:

(a) 132.

(b) 81.

(c) The gravity of the offences involved and also other special circumstances attending to each such case were taken into consideration for the withdrawal of the cases.

(d) No.

അദ്ധ്യാപകന്മാരുടെ ശമ്പളം.

* 408. [40] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് സംസ്ഥാനത്തെ എത്ര ഹൈസ്കൂളുകൾ ഫീസ് പിരിവു ഇനത്തിൽ അടയ്ക്കുന്നുണ്ട്;

(ബി) അപ്രകാരം അക്സീഡു ചെയ്തിട്ടുള്ള എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും ഗ്രേഡും നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്;

(സി) 1952 മുതൽ ഫീസുപിരിവ് ഇനത്തിൽ അടച്ചിട്ടും അദ്ധ്യാപകന്മാരുടെ ശമ്പളവും ഗ്രേഡും നിശ്ചയിച്ചിട്ടില്ലാത്ത എത്ര സ്കൂളുകളുണ്ട്;

(ഡി) കല്ലുപ്പാറ പകുതിയിൽ ആനിക്കാട്ട് സെൻറ്മേരീസ് ഹൈസ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും ഗ്രേഡും ഇതേവരെ തീരുമാനിക്കാതിരിക്കാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 445 ഹൈസ്കൂളുകൾ.

(ബി) 430 ഹൈസ്കൂളുകൾ.

(സി) 15 ഹൈസ്കൂളുകൾ.

(ഡി) ആനിക്കാട്ട് സെൻറ് മേരീസ് ഹൈസ്കൂളിലെ 12 അദ്ധ്യാപകന്മാരുടെ സർവ്വീസ് ചരിത്രഫാറങ്ങൾ ഡയറക്ടർക്ക് കിട്ടി. അവയിൽ 10 അദ്ധ്യാപകന്മാരുടെ ശമ്പളം നിർണ്ണയിച്ചുകഴിഞ്ഞു. ബാക്കി 2 അദ്ധ്യാപകന്മാരിൽ ഒന്ന് ഹെഡ്മാസ്റ്ററും, മറേറതു് ഒരു മിഡി സ്കൂൾ അദ്ധ്യാപകനുമാകുന്നു. 1-12-1951-ന് മുൻപ് ഹെഡ്മാസ്റ്റർ മറെറാരു സ്കൂളിൽ ജോലിയിലായിരുന്നതുകൊണ്ട് ആ സ്കൂളിൽനിന്നും പൂരിപ്പിച്ച സർവ്വീസ് ചരിത്രഫാറത്തിൻെറ അടിസ്ഥാനത്തിൽ ശമ്പളം നിർണ്ണയിക്കണമെന്നും അതിനു തക്കതായ നടപടികൾ എടുക്കണമെന്നും കാണിച്ച് ആനിക്കാട്ട് ഹൈസ്കൂൾ മാനേജരെ 10-6-1953- ഡയറക്ടർ അറിയിച്ചു. അദ്ദേഹത്തിൻെറ സർവ്വീസ് ചരിത്രഫാറം മുൻസ്കൂളിൽനിന്നും ഇനിയും ലഭിച്ചിട്ടില്ല. മറേറ അദ്ധ്യാപകൻ ഒരു മിഡിൽസ്കൂൾ അസിസ്റ്റൻറാണ്. ിയാൻ 13-1-1121 മുതൽ 5-7-1950 വരെ അവധിയിലായിരുന്നു. ടി

അവധിസമയത്ത് ടിയാന് സ്കൂളിൽ സ്ഥിരലാവണമുണ്ടോ എന്നുള്ള വിവരം അറിയേണ്ടിയിരിക്കുന്നു. ടി വിവരം കിട്ട്യാൽ ആ അദ്ധ്യാപകന്റെയും ശമ്പളനിർണ്ണയം ചെയ്യുന്നതാണ്.

T. A. to Ministers

*409. [43] **Shri K. M. George :** Will the Chief Minister be pleased to state:

(*a*) what amount has been expended on T. A. of Ministers during the first eight months of the present Minstry;

(*b*) what is the average yearly expenditure on T. A. for the Ministers during the previous four years; and

(*c*) what amount has been received by each of the Ministers since this Council of Ministers took charge?

Chief Minister (**Shri A. Thanu Pillai**) :

(*a*) Rs. 12,047-12-0 (till the end of October 1954).

*(*b*) For the year 1949-50—Rs. 27,162- 6-10.
" 1950-51—Rs. 20,714- 6- 0.
" 1951-52—Rs. 23,066- 0- 0.
" 1952-53—Rs. 29,289-10- 0.

(*c*) (1) Chief minister Rs. 7,309-0-0.
(2) Minister for Finance Rs. 3,779-8-0.
(3) Minister for Works Rs. 3,743-6-0.
(4) Minister for L. S. G. etc. Rs. 6,324-0-0.

*(b) The figures shown for the year 1949-50 is for the expenditure under T. A. for 7 1/2 months.

ഒരു പുതിയ പത്രം നടത്തുന്നതിനുള്ള പണപിരിവ്.

*410. [45] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രജാസോഷ്യലിസ്റ്റ് പാർട്ടിക്കുവേണ്ടി നടത്തുവാൻ ഉദ്ദേശിക്കുന്ന ഒരു പത്രത്തിന്റെ ആവശ്യത്തിലേക്ക് ചില സർക്കാർ ഉദ്യോഗസ്ഥന്മാരും പി. എസ്സ്. പി. നേതാക്കന്മാരും ചേർന്ന് പൊതുജനങ്ങളിൽ നിന്ന് പണം പിരിക്കുവാൻ ശ്രമിച്ചുവരുന്നതായ "കേരളകൗമുദി" "മലയാളി" എന്നീ പത്രങ്ങളിലെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഉണ്ട്.

(ബി) "കേരളകൗമുദി" പത്രത്തിന്റെ പത്രാധിപരോട് പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം തരുവാൻ ആവശ്യപ്പെടുകയുണ്ടായി. പേരുവിവരം തരുവാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം മറുപടി അയച്ചു. അതുകൊണ്ട് കൂടുതൽ നടപടി നടത്തിയില്ല.

ഹരിജനവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗജന്യം.

* 411. [60] ശ്രീ. പി. എം. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനവിദ്യാർത്ഥികൾക്കും, ഹരിജനങ്ങളിൽ നിന്നും ക്രിസ്ത്യാനികളായ വിദ്യാർത്ഥികൾക്കും നൽകുന്ന വിദ്യാഭ്യാസസൗജന്യങ്ങളിൽ കൂടുതൽ കുറവ് എന്ന വ്യത്യാസം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ഹിന്ദുവായാലും, ക്രിസ്ത്യാനിയായാലും സാധുക്കളായ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗജന്യം തുല്യനിരക്കിൽ കൊടുക്കുവാൻ ദയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ഹരിജനവിദ്യാർത്ഥികൾക്കും, ഹരിജനങ്ങളിൽ നിന്നും ക്രിസ്ത്യാനികളായ വിദ്യാർത്ഥികൾക്കും നൽകുന്ന വിദ്യാഭ്യാസസൗജന്യങ്ങളിൽ വ്യത്യാസം ഉണ്ട്.

(ബി) അധഃകൃത ക്രിസ്ത്യാനികളുടെ സാമ്പത്തികവും, സാമുദായികവുമായ നില, പട്ടികജാതികളുടെയും പട്ടികവർഗ്ഗങ്ങളുടെയും നിലയേക്കാൾ പൊതുവേ ഉയർന്നതാണെന്നുള്ള കാരണത്താൽ വിദ്യാഭ്യാസസൗജന്യങ്ങൾ നൽകുന്ന കാര്യത്തിൽ അധഃകൃത ക്രിസ്ത്യാനികളെ ഇതര പിന്നാക്കസമുദായങ്ങൾക്ക് തുല്യമായി മാത്രം പരിഗണിക്കുവാൻ രീതിമാനച്ചതാണ് ഇതിനുള്ള കാരണം.

(സി) ഹിന്ദുവായാലും, ക്രിസ്ത്യാനിയായാലും സാധുക്കളായ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗജന്യം തുല്യനിരക്കിൽ കൊടുക്കുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ഹരിജനവിദ്യാർത്ഥികൾ.

* 412. [67] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറിസ്കൂളുകളിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഹരിജനവിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഗവണ്മെൻറിൽ നിന്നും സൗജന്യമായി ഇപ്പോൾ കൊടുത്തു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു സ്കൂളുകളിൽ നൽകിയിട്ടുണ്ട്;

(സി) കൊട്ടാരക്കര താലൂക്കിൽ വെട്ടിക്കവല പ്രൈമറിസ്കൂളിൽ പഠിക്കുന്ന അവശസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ സഹായധനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) സംസ്ഥാനത്തെ പ്രൈമറിസ്കൂളുകളിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഹരിജനവിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഗവണ്മെൻറിൽ നിന്നും സൗജന്യമായി ഇപ്പോൾ കൊടുത്തുവരുന്നുണ്ട്.

(ബി) 23 സ്കൂളുകൾ ഒഴിച്ച് സംസ്ഥാനത്തുള്ള എല്ലാ സ്കൂളുകളിലും നടക്കിയിട്ടുണ്ട്.

(സി) കൊട്ടാരക്കരതാലൂക്കിൽ വെട്ടിക്കവല പ്രൈമറിസ്കൂളിൽ പഠിക്കുന്ന അവശസമുദായത്തിലെപ്പെട്ട വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ ലഭിച്ചിട്ടില്ല.

(ഡി) അതിനുള്ള കാരണത്തെക്കുറിച്ച് ഹെഡ്മാസ്റ്ററുടെ സമാധാനം ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടിയാലുടൻ വേണ്ട നടപടി എടുക്കുന്നതാണ്.

Sea Erosion.

* 413. [74] **Shri J. Alexander Parambithara :** Will the Minister for Finance be pleased to state:

(*a*) how many of the people rendered homeless by the Sea erosion last year in the Trichur District were given relief by Government;

(*b*) how many of these cases are from the Chellanam-Manassery area;

(*c*) what was the type of relief granted; and

(*d*) how many of such people have not yet been granted any relief as yet?

Minister for Works and Transport **(Shri A. Achuthan):**

(*a*) 75.

(*b*) Out of the 75 persons 5 belong to Palluruthy, 51 belong to Kumbalangy Village, 12 belong to Chellanam Village, and remaining 7 belong to Nayarambalam Village of Cochin-Kanayannur Taluk.

(*c*) Relief was granted at the rate of Rs. 25 per person.

(*d*) 221 deserving persons remain to be paid financial help and action is in progress to give them also financial help.

STARRED QUESTIONS POSTED FOR ANSWER ON 4-2-1955

കശുഅണ്ടി ഫാക്ടറികൾ.

* 414. [43] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-ൽ തുടർച്ചയായി 150 ദിവസം തുറന്നു പ്രവർത്തിച്ചിട്ടുള്ള കശുഅണ്ടി ഫാക്ടറികൾ സംസ്ഥാനത്തു് എത്രയുണ്ട്;

(ബി) 150 ദിവസം തുടർച്ചയായി പണിചെയ്യിച്ചിട്ടില്ലാത്ത കശുഅണ്ടി ഫാക്ടറികൾ എത്ര ; ഉടമസ്ഥന്മാർ ആരെല്ലാം ;

(സി) 6 ദിവസം പണിയും 4 ഹാജരും ഫാക്ടറികളിൽ കൊടുക്കുന്ന ഏർപ്പാടു് തടയാൻ എന്തെങ്കിലും നടപടി നടത്തുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 121 കശുഅണ്ടി ഫാക്ടറികൾ ഉണ്ടു്.

(ബി) 14 കശുഅണ്ടി ഫാക്ടറികൾ.

ഉടമസ്ഥന്മാരുടെ പേരുവിവരം,

E. C. G. A. & Sons, Kunnathur, Indian Cashew Nuts and Plantations Ltd. Kannimangalam; Janab Abdul Khadir Musaliar and Sons, Mynagappally Popular Cashews, Muringad and Irinjalakuda; Janab Mytheen kunju, Proprietor K. M. K. and Sons, Kilikolloor; Shri P. Gangadharan, Proprietor, Ratna Cashew Factory, Kundara; Shri K. Gangadharan, Proprietor, K. Gangadharan Cashew Factory, Keralapuram; Shri N. Ramachandra Reddiar, Proprietor, N. A. N. R., & Sons cashew Factory, Nedunpaikulam.

(സി) കശുഅണ്ടി ഫാക്ടറികളിൽ ഗ്രേഡിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ, മിനിമംവേജ് റിപ്പോർട്ടു അനുസരിച്ചു് പ്രതിദിനം ചെയ്യുതീർക്കേണ്ട വർക്ക്ലോഡു് പൂർത്തിയാക്കാൻ കഴിവില്ലാത്ത അപൂർവ്വം ചില തൊഴിലാളികളെമാത്രം ബാധിക്കുന്ന കാര്യമാണിതു്. ചെയ്യുതീർക്കുന്ന ജോലിയുടെ അളവനുസരിച്ചു് ജോലി ദിവസം കണക്കാക്കുന്നതുകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതു്.

കയർതൊഴിലാളികളുടെ തൊഴിലില്ലായ്മ.

* 415. [44] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞ കൂലിനിരക്കു് ഗവണ്മെൻറ് പ്രഖ്യാപിച്ചതിനെ തുടർന്നു് ഈ സംസ്ഥാനത്തു് കയർവ്യവസായികൾ ജോലി നിറുത്തിവച്ചതുമൂലം തൊഴിലാളികളുടെ ഇടയിൽ വർപ്പിച്ച തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ചില സ്ഥലങ്ങളിൽ കയർ ഉൽപ്പാദകർ ജോലി കൾ നിറുത്തിവച്ചതായും തന്മൂലം കുറെ തൊഴിലാളികൾക്കു് ജോലി നഷ്ടപ്പെട്ടിട്ടുള്ളതായും അറിവു് ലഭിച്ചിട്ടുണ്ടു്.

(ബി) കയർ ഉൽപ്പാദനത്തിൽ ഇന്നു് നേരിട്ടിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് വേണ്ട അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു് ചെയ്യുന്നതിനു് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടു്. കാലതാമസംകൂടാതെതന്നെ കമ്മിററിയുടെ റിപ്പോർട്ടു് ഗവണ്മെൻറിനു് ലഭിക്കുന്നതും അതിൻപ്രകാരം വേണ്ട നടപടികൾ എടുക്കുന്നതുമാണു്.

സഞ്ചാരപ്പടി.

* 416. [56] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-ൽ മുൻ നിയമസഭാംഗങ്ങൾ മെംബർമാരായിരുന്ന പി. ഡബ്ളിയു. ഡി. വർക്കു് കമ്മിററികൾ സമ്മേളിച്ചവകയിൽ കൊല്ലം

ഡിവിഷനിൽ ഇനിയും എത്ര മെംബർമാർക്ക് സഞ്ചാരപ്പടിയും സിറ്റിംഗ് ഫീസും കൊടുക്കാനുണ്ട് ?

(ബി) ആർക്കെല്ലാം, എത്ര രൂപവീതം ;

(സി) ഇതുവരെ ആ തുകകൾ കൊടുത്തുതീർക്കാതിരിക്കാൻ കാരണം എന്ത് ;

(ഡി) എന്നേയ്ക്ക് മേൽപ്പറഞ്ഞ തുകകൾ കൊടുത്തു തീർക്കാനാണ് ഗവൺമെൻറുദ്ദേശിക്കുന്നത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

(എ) 1953 വരെ 14 പേർക്ക്.

(ബി) വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) തുകകൾ അനുവദിക്കുന്നതിലുള്ള താമസംമൂലം.

(ഡി) തുകകൾ അനുവദിച്ചാൽ ഉടനെതന്നെ കൊടുത്തുതീർക്കും.

Special staff for Land Acquisition.

*417. [61] **Shri M. A. Antony:** Will the Minister for Public Works be pleased to state :

(*a*) whether the Government intend to appoint special staff attached to the Public Works Department for land acquisition proceedings ;

(*b*) whether Government will take steps to acquire lands wherever new roads have been opened by the Department but could not be completed ?

Minister for Works and Transport (**Shri A. Achuthan**) :

(*a*) No.

(*b*) Necessary steps are being taken by Government, whenever occasion arises, as quickly as possible.

STARRED QUESTIONS POSTED FOR ANSWER ON 5-2-1955.

Courts.

*418. [38] **Shri K. M. George :** Will the Chief Minister be pleased to state :

(*a*) have the Government decided to constitute a Commission to re-adjust the territorial jurisdiction of the Civil and Criminal Courts in the State ;

(*b*) if so who are the personnel ; and

(*c*) will Government be pleased to include one individual from each of the four Districts in this Commission?

Chief Minister (**Shri A. Thanu Pillai**): (*a*) Yes. The Government have sanctioned the appointment of a Commissioner to report to the High Court on the changes to be made in the territorial jurisdiction of Civil and Criminal Courts in the State.

(*b*) There is only one person. Shri K. Padmanabhan, District and Sessions Judge, is appointed as the Commissioner.

(*c*) Does not arise.

† Please See Appendix. XII.

First Five Year Plan.

*419. [46] **Shri Prakkulam Bhasi :** Will the Chief Minister be pleased to state :

(*a*) the number and details of industries started and agricultural improvements carried out under First Five Year Plan in the State ;

(*b*) the location of these industries in the State ;

(*c*) what concrete measures the Government are going to take up for industrialising our State for the solution of unemployment?

Chief Minister (**Shri A. Thanu Pillai**): (*a*) and (*b*) A statement † containing the information required is laid on the table.

(*c*) In the Second Five Year Plan, which is under preparation, it is expected the schemes for industrialising the State will be included, in order to solve the problem of unemployment.

വർത്തമാനപ്പത്രങ്ങൾ.

* 420. [48] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു ആകെ എത്ര ദിനപ്പത്രങ്ങൾ ഉണ്ട് ;

(ബി) അതിൽ ഏതെല്ലാം പത്രങ്ങൾ ഗവണ്മെൻറു വിലയ്ക്കു വാങ്ങുന്നുണ്ട് ;

(സി) ചില പത്രങ്ങളെ അവഗണിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്തു് ;

(ഡി) ഗവണ്മെൻറു പബ്ളിക്കേഷനായ "ദക്ഷിണസന്ദേശം" എല്ലാ പിന്നാക്കസമുദായോന്നമന ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തുന്ന വായനശാലകൾക്കു സൗജന്യമായി നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 21 ദിനപ്പത്രങ്ങൾ,

(ബി) ഈ സംസ്ഥാനത്തുള്ള എല്ലാ ദിനപ്പത്രങ്ങളും ഗവണ്മെൻറു വിലയ്ക്കു വാങ്ങുന്നുണ്ട്.

(സി) അവഗണിച്ചിട്ടില്ല.

(ഡി) തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം സിദ്ധിച്ചിട്ടുള്ള എല്ലാ വായനശാലകൾക്കും "ദക്ഷിണ സന്ദേശം" സൗജന്യമായി നൽകുന്നുണ്ട്.

റേഷൻ വ്യാപാരികളുടെ ഡിപ്പോസിറ്റ്.

*. 421. [49] ശ്രീ. ടി. കാ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ റീട്ടെയിൽ വ്യാപാരികളുടെ ഡിപ്പോസിറ്റ് നാഷണൽ ബോണ്ടായി നിക്ഷേപിച്ചിരിക്കുന്നതു് തിരിച്ചുകൊടുത്തിട്ടുണ്ടോ ;

† Please see Appendix XIII.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ചുരുക്കം ചില വ്യാപാരികളുടെതാഴ്ക്കെ ബാക്കി എല്ലാവരുടേയും ബോണ്ട് തിരികെ കൊടുത്തുകഴിഞ്ഞിട്ടുണ്ട്

(ബി) പറവൂർ, കുന്നത്തുനാട് എന്നീ താലൂക്കുകളുടെ കാര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അനുവാദം കിട്ടുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ടും, ചങ്ങനാശ്ശേരി താലൂക്കിലെ ചില വ്യാപാരികളുടെ കാര്യത്തിൽ അവർ ഗവണ്മെൻറിലേക്ക് അടച്ചുതീർക്കേണ്ടതായ ബാദ്ധ്യത തീരുമാനിക്കപ്പെട്ടുകഴിഞ്ഞിട്ടില്ലാത്തതിനാലുമാണ് ബോണ്ടുകൾ തിരികെ കൊടുക്കുന്നതിന് താമസം നേരിടുന്നത്.

Second Five Year Plan.

*422. [50] **Shri N. Parameswaran Pillai**: Will the Chief Minister be pleased to state:

Have non-official organisations except Panchayats and Municipalities been allowed to submit proposals for the Second Five Year Plan?

Chief Minister **(Shri A. Thanu Pillai)**: Proposals for the Second Five Year Plan are acceptable from all sources.

വളം വിതരണം.

* 423. [65] ശ്രീ. ജെ. എ. ഷട്ട് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ കൃഷിക്കാർക്ക് ഏതുകാലങ്ങളിലാണ് ഗവണ്മെൻറിൽനിന്നും സബ്സിഡിയോടുകൂടി വളം വിതരണം ചെയ്യുന്നത് ;

(ബി) ഈ വർഷത്തിലെ വളം ആവശ്യത്തിന് കപ്പലണ്ടിപ്പിണ്ണാക്കും സപ്ലൈചെയ്യുവാൻ ടെണ്ടർ വിളിച്ചതു് എപ്പോഴാണ്;

(സി) എത്ര ടെണ്ടറുകൾ കിട്ടി ;

(ഡി) ആർക്കാണ് വളം സപ്ലൈചെയ്യുവാൻ ഏൽപ്പിച്ചത് ;

(ഇ) തക്കസമയത്ത് Bonemeal സപ്ലൈ ചെയ്യുവാൻ സാധിച്ചോ ;

(എഫ്) ഇല്ലെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി എടുത്തു ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. ടി. എസ്. നടരാജപിള്ള):

(എ) കുട്ടനാട്ടിലെ കർഷകർക്ക് എല്ലാകാലങ്ങളിലും കൃഷിസമയത്ത് സബ്സിഡിയോടുകൂടി വളം വിതരണം ചെയ്യാറുണ്ട്.

(ബി) 1954 ഒക്ടോബർ 26-ാംനു-

(സി) 14 ടെണ്ടറുകൾ കിട്ടി.

(ഡി) എല്ലുപൊടി സപ്ലൈ ചെയ്യുന്നതിന് M/s. കുമാരസ്വാമി മുതലിയാർ ആൻറ് സണ്സിനേയും, കപ്പലണ്ടിപ്പിണ്ണാക്ക് സപ്ലൈചെയ്യുന്നതിന് മേഗ്ജിമാൻഡി കമ്പനി, കൊച്ചി എന്നിവരെയുംഏൽപ്പിച്ചു.

(ഇ) Bonemeal സപ്ലൈചെയ്യുന്നതിന് ഏറ്റെടുത്തിരുന്ന കൺട്രാക്ടർക്ക് തക്കസമയത്ത് സപ്ലൈചെയ്യുന്നതിന് സാധിച്ചിട്ടില്ല.

(എഫ്) കൺട്രാക്ടർ എല്ലുപൊടി സപ്ലൈചെയ്യാത്തതുനിമിത്തം വീണ്ടും ടെണ്ടർ വിളിച്ചു. മററു ഡിപ്പോകളിലുള്ള സ്റ്റോക്കിൽ നിന്നും കർഷകരുടെ ആവശ്യത്തിന് എല്ലുപൊടി നൽകി സമയത്ത് സപ്ലൈ നടത്താതിരുന്ന കൺട്രാക്ടരുടെ പേരിൽ അയാൾ എഴുതിവച്ചിട്ടുള്ള ഉടമ്പടിയിലെ വ്യവസ്ഥ അനുസരിച്ച് സർക്കാരിലേക്കുള്ള നഷ്ടം ഈടാക്കാൻ നടപടി നടന്നുവരുന്നു.

UNSTARRED QUESTIONS POSTED FOR ANSWER ON 27-1-1955

പുൽപ്പായ് വ്യവസായം.

188. [3] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവണ്മെൻറിൽ നിന്നും പുൽപ്പായ് വ്യവസായത്തിന് ഈ സ്റ്റേറിലേക്ക് ഏതെങ്കിലും സംഖ്യ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര; എന്ന് ;

(സി) ടി സംഖ്യ യഥാകാലം ആവശ്യാർത്ഥികൾക്ക് വിനിയോഗിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) പുൽപ്പായ്വ്യവസായം പ്രധാനമായി നടക്കുന്ന താലൂക്ക് ഏതു് ;

(എഫ്) എത്രപേർ ഈ തൊഴിൽകൊണ്ട് ഉപജീവനം കഴിക്കുന്നു ?

ഉത്തരം.

(എ) ഉണ്ട്.

(ബി) കേന്ദ്രഗവണ്മെൻറിൽ നിന്ന് 1953 മാർച്ചുമാസത്തിൽ, തിരുവനന്തപുരം ഡിസ്ട്രിക്ട് കുടി വ്യവസായ മാർക്കററിംഗ് സഹകരണ സംഘം ക്ക് അപ്പം 2502-ന് 15,000 രൂപയും, 1954 ഏപ്രിൽമാസത്തിൽ കൊച്ചിൻകുടിൽവ്യവസായ മാർക്കററിംഗ് സഹകരണസംഘത്തിന് 20,000 രൂപയും ഗ്രാൻറായി അനുവദിച്ചുകൊണ്ടുള്ള കൽപ്പന കിട്ടി.

(സി) ഉണ്ട്.

(ഡി) മേൽപ്പറഞ്ഞ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചിറയിൻകീഴ് താലൂക്ക്.

(എഫ്) കണക്ക് എടുത്തിട്ടില്ലാത്തതിനാൽ അറിവില്ല.

കൈത്തറി വികസനപദ്ധതി.

189. [15] ശ്രീ. പി. വിശ്വംഭരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വികസനപദ്ധതിയനുസരിച്ച് ഇതിനകം എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അവയിലെല്ലാംകൂടി എത്ര നെയ്ത്തുകാർ അംഗങ്ങളായി ചേർന്നിട്ടുണ്ട്;

(സി) എത്ര സംഘങ്ങൾക്ക് പദ്ധതി അനുസരിച്ചുള്ള ധനസഹായങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) അങ്ങിനെ കൊടുത്തിട്ടുള്ള മൊത്തം തുക എന്ത്?

ഉത്തരം.

(എ) 131 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉദ്ദേശം 10,000 നെയ്ത്തുകാർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) 39 പ്രൈമറി നെയ്ത്തു സംഘങ്ങൾക്ക് ഓഹരി മൂലധനവും, 37 പ്രൈമറി നെയ്ത്തുസംഘങ്ങൾക്ക് പ്രവർത്തനമൂലധനവും അനുവദിച്ചിട്ടുണ്ട്. കൂടാതെ രണ്ട് സെൻട്രൽ സംഘങ്ങൾക്ക് വായ്പ, വേതനം, റിബേറ്റ് ഈ ഇനങ്ങളിലും, രണ്ട് സംഘങ്ങൾക്ക് റിബേറ്റിനത്തിലും ധനസഹായം ചെയ്തിട്ടുണ്ട്,

(ഡി) രൂപ, 5,52,265 മാത്രം.

ഭൂമി.

190. [17] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിലുള്ള കാണിപ്പുറം പ്രദേശങ്ങൾ സർവ്വെ ചെയ്യുവാൻ നിയുക്തമായിട്ടുള്ള സ്പെഷ്യൽ സ്റ്റാഫിന്റെ പ്രവർത്തനം എന്തായി;

(ബി) ഇതുവരെയുള്ള അവരുടെ പ്രവർത്തനപുരോഗതി തൃപ്തികരമാണോ;

(സി) അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗവണ്മെന്റിൽ നിന്നും എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം, ലഭിച്ച റിപ്പോർട്ട് ഇവയുടെ വിവരവും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വെളിപ്പെടുത്താമോ;

(ഇ) ഈ ജോലി ഈ തോതിൽ മുന്നോട്ടുപോയാൽ പൂർത്തിയാകാൻ എത്ര കാലം വേണ്ടിവരും;

(എഫ്) കൂടുതൽ ശീഘ്രതരമായി ഈ വക ജോലികൾ ചെയ്തുതീർക്കുവാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ഉത്തരം.

(എ) സ്പെഷ്യൽ സ്റ്റാഫ് ഇപ്പോഴും സർവ്വെ ജോലി നടത്തിക്കൊണ്ടിരിക്കുന്നു. 10-12-1954 വരെ ആയിരംഏക്കർ കാണിപ്പുറവ ഭൂമിയുടെ സർവ്വെ പൂർത്തിയാക്കി.

(ബി) പുരോഗതി തൃപ്തികരമാണ്.

(സി) ഉണ്ട്.

(ഡി) പ്രോഗ്രസ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട് അതിൽ നിന്നും സ്പെഷ്യൽ സ്റ്റാഫ് ഇപ്പോൾ നെയ്യാറണയുടെ റിസർവായിരിന്റെ പരിസരങ്ങളിൽ ഉള്ള കാണിപ്പുറവ ഭൂമിയിൽ ആയിരം ഏക്കർ സർവ്വെ ചെയ്തു കഴിഞ്ഞിട്ടുള്ളതായി കാണുന്നു.

(ഇ) ഇനിയും ഉദ്ദേശം (10,000) ഏക്കറോളം കാണിപ്പുറവ ഭൂമി സർവ്വെ ചെയ്യാൻ ബാക്കിയുള്ളതുകൊണ്ട് സ്പെഷ്യൽ സ്റ്റാഫിനെ ചുരുങ്ങിയതു് രണ്ടു വർഷത്തേയ്ക്കു് കൂടെ ഈ ജോലിയിൽ തന്നെ ഏർപ്പെടുത്തേണ്ടതായി വരുമെന്ന് കണക്കാക്കപ്പെടുന്നു.

(എഫ്) ഈ ജോലി ശീഘ്രം ചെയ്തു തീർക്കുവാൻ സത്വരനടപടികൾ എടുക്കുന്നുണ്ട്.

സെസ്സ് ഫണ്ട്.

191. [21] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന വ്യവസായപ്രമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെസ്സ്ഫണ്ട് ഇനത്തിൽ ആകെ എന്തു തുക സ്റ്റോറേജവണ്ടെൻറിന് ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ ഇതിനകം എത്ര വിതരണം ചെയ്തു കഴിഞ്ഞു; ആർക്കെല്ലാം, എത്രവീതം;

(സി) സെസ്സ്ഫണ്ട് അഡ്മിനിസ്ട്രേഷൻ മുഴുവനായും ഹാൻഡ്ലൂം ബോർഡിൻെറ നിയന്ത്രണത്തിലാണോ നടക്കുന്നത്;

(ഡി) അല്ലെങ്കിൽ ഈ ബോർഡിന് എന്തെല്ലാം അധികാരങ്ങളുണ്ട്?

ഉത്തരം.

(എ) 18,06,000 ക.

(ബി) 4,47,180—14—0. വിവരത്തിന് † പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. ബാക്കി തുകയും ഈ വർഷംതന്നെ വിതരണം ചെയ്യുന്നതാണ്.

(സി) അല്ല.

(ഡി) ബോർഡ് ഒരു ഉപദേശകസമിതി മാത്രമാണ്.

† Please See Appendix No. XIV.

പുറംപോക്കുതോട്.

192. [22] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളിപഞ്ചായത്തിലെ ചെട്ടിപ്പീലിയോട് എന്ന സ്ഥലത്ത് ഒരു പുറംപോക്കുതോട്, ചെമ്മീൻപിടിക്കാൻ അടച്ചുകെട്ടിയതിനെപ്പററി പൊതുജനങ്ങളിൽ നിന്നു ആവലാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) സ്ഥലത്തെ പഞ്ചായത്തിൽ നിന്ന് ആവലാതി ലഭിച്ചിട്ടുണ്ട്

(ബി) വേണ്ട നടപടി നടത്തിവരുന്നു.

ഒല്ലൂക്കര ഗവണ്മെൻറ് സെൻട്രൽ ഫാം.

193. [44] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂക്കര ഗവണ്മെൻറ് സെൻട്രൽ ഫാം തുടങ്ങിയിട്ട് ഇപ്പോൾ എത്ര കാലമായി;

(ബി) നിത്യക്കൂലിവേലക്കാരായി ഈ ഫാമിൽ എത്ര ജോലിക്കാരുണ്ട്; അവരുടെ കൂലിനിരക്കുകളും, സേവനവ്യവസ്ഥകളും എന്തെല്ലാം;

(സി) അധഃകൃതരായ ജോലിക്കാർക്ക് മാത്രമാണോ അവിടെ ഓണപ്പടവ കൊടുത്തുപോരുന്ന പതിവുള്ളത്;

(ഡി) ഇക്കഴിഞ്ഞ ഓണം പ്രമാണിച്ച് ഓണപ്പടവ കൊടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം.

(എ) 38 കൊല്ലമായി.

(ബി) നിത്യക്കൂലിവേലക്കാരായി ഫാമിലെ കൃഷി വിഭാഗത്തിൽ ഇപ്പോൾ 44 പുരുഷന്മാരും, 40 സ്ത്രീകളും കൂടി 84 പേരുണ്ട്. അവരുടെ കൂലിനിരക്ക് സ്ത്രീകൾക്ക് 8 ആണയും, പുരുഷന്മാർക്ക് 1 രൂപയും വിദഗ്ദ്ധവേലക്കാർക്ക് 2 രൂപവരെയും ഉണ്ട്. ഇവർ Casual labourers ആണ്. പ്രവൃത്തി ചെയ്യുന്ന ദിവസങ്ങൾക്കുള്ള കൂലി വർഗ്ഗവ്യത്യാസം അവർക്കു കൊടുക്കുന്നു. ഫാമിന് മുടക്കുദിവസം ഇല്ലാത്തതുകൊണ്ട് കൊല്ലത്തിൽ എല്ലാ ദിവസവും ഇവർക്ക് ജോലി കൊടുക്കുന്നുണ്ട്.

(സി) അതേ.

(ഡി) ഇക്കഴിഞ്ഞ ഓണം പ്രമാണിച്ച് കൂലിക്കാർക്ക് ഓണപ്പടവ കൊടുക്കുന്നതിലേയ്ക്കു് നടപടികൾ എടുത്തിട്ടുണ്ട്.

തണ്ണീർമുക്കം ബണ്ടുപണി.

194. [53] ശ്രീ. കെ. ആർ. ഗൌരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് ഡെവലപ്പുമെൻറിൻെറ ഭാഗമായി തണ്ണീർമുക്കം ബണ്ടുപണി ഉടൻ തുടങ്ങുന്നതാണെന്ന് മുഖ്യമന്ത്രി ഇയിടെ പ്രസ്താവിച്ചോ;

(ബി) ഉണ്ടെങ്കിൽ ബണ്ടുമൂലം പാർപ്പിടവും, തൊഴിലായ മത്സ്യപിടിത്തവും നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് പാർപ്പിടസൌകര്യവും, തൊഴിൽ നഷ്ടവും കൊടുക്കുമോ;

(സി) ഇക്കാര്യം സംബന്ധിച്ച് ഗവണ്മെൻറിന് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല. തണ്ണീർമുക്കം ബണ്ട് പദ്ധതി, സംസ്ഥാനഗവണ്മെൻറ്, സെൻട്രൽ ഗവണ്മെൻറ്, കൊച്ചിൻ ഹാർബർമേധാവികൾ, സെൻട്രൽ വാട്ടർ പൗവ്വർ കമ്മീഷൻ എന്നിവരുടെ ഓരോ പ്രതിനിധികളടങ്ങിയ ഒരു വിദഗ്ദ്ധസമിതിയുടെ പരിശോധനക്കായി സമർപ്പിച്ചിരിക്കുകയാണ്. ബണ്ട് പണി പ്രസ്തുത സമിതിയുടെ തീരുമാനത്തിനു വിധേയമാണ്.

(ബി) ബണ്ടുപണി തുടങ്ങുമ്പോൾ ഇക്കാര്യങ്ങളെപ്പററി പരിഗണിക്കുന്നതാണ്.

(സി) തണ്ണീർമുക്കം 521-ാംനമ്പർ മത്സ്യവ്യവസായകോവാപ്പറേററീവ് സൊസൈററിയിൽ നിന്നും, അഖിലതിരുവിതാംകൂർ ഖാലസമുദായസേവാസമിതിയിൽ നിന്നും നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

Colonisation of fishermen in Andamans.

195. [55] **Shri T. S. Ramaswami Pillai**: Will the Chief Minister be pleased to state:

(*a*) the steps taken by the State Government in connection with the Colonisation of fishermen in the Andamans,

(*b*) whether the State Government have taken any steps to see that fishermen from Cape Comorin who have offered to go to Andamans are sent to Andamans; and

(*c*) whether they have sent any communications to the Central Government in this connection?

Answer.

(*a*) There is no colonisation scheme exclusively for fishermen in the Andamans. Under the Five Year scheme for the development and colonisation of the Andamans, the Government of India have agreed to take 30 families of agriculturists and 30 *bona fide* sea fishermen families in 1954. But on actual selection only 28agriculturists families and 7 fishermen families were found fit for emigration in the Andamans, according to the Andaman

Representative who came over here to finalise the selection. None were selected from Cape Comorin.

(b) Government have not taken any steps on regional basis to recruit fishermen for colonisation in Andamans.

(c) Government have sent many communications to the Central Government in this connection. But the quota for 1955 is fixed as 90 agriculturist families. They have informed this Government that no fishermen are required for settling in the Andamans.

UNSTARRED QUESTIONS POSTED FOR ANSWER ON 28-1-1955.

എം. എസ്. പി. ബി. വട്ടർ വർക്സ്‌ലെ ഉദ്യോഗസ്ഥന്റെ പേരിൽ പരാതി.

196. [5] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര എം. എസ്. പി. ബി. വട്ടർവർക്സ്‌ലെ ഗാർഡൻ ജോലിക്കാരിൽനിന്നും അവിടത്തെ ചാർജ്ജുകാരനായ ഉദ്യോഗസ്ഥന്റെ പേരിൽ വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് ;

(സി) അതേപ്പററി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.

(ബി)-(സി) എന്തുള്ള ഉത്തരംകൊണ്ട് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പഞ്ചായത്താഫീസ്.

197. [7] ശ്രീ. കെ. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണഞ്ചേരി പഞ്ചായത്താഫീസ് താത്ക്കാലികമായി മാററി സ്ഥാപിക്കാനുള്ള പഞ്ചായത്തിന്റെ തീരുമാനത്തെ ഡയറക്ടർ തടഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത് ;

(സി) ഇന്നത്തെ ആഫീസിന്റെ വാടക എന്ത് ;

(ഡി) അത് ഗവണ്മെന്റ് റേററ് അനുസരിച്ചുള്ള വാടകയാണോ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രതിമാസം 14 രൂപ.

(ഡി) ഗവണ്മെൻറ റേറ്റ് അനുസരിച്ചാണെന്നുള്ളതിനു റെൻറ് സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല. ഇതു സംബന്ധിച്ച് പഞ്ചായത്തുമായി എഴുത്തുകുത്തു നടത്തിവരികയാണ്.

ശുദ്ധജലവിതരണം.

198. [9] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നംകുളം മുനിസിപ്പാലിറ്റിയുടെ അതിർത്തിക്കുള്ളിൽ കുഴൽമാർഗ്ഗമായി (പൈപ്പ്‌ലൈൻ) വെള്ളം സപ്ലൈ ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ഉത്തരം.

കുന്നംകുളം മുനിസിപ്പാലിറ്റിയുടെ അതിർത്തിക്കുള്ളിൽ ജലവിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയുടെ Investigation നടന്നുകൊണ്ടിരിക്കുകയാണ്.

വിദ്യുച്ഛക്തി വിതരണം.

199. [12] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ തുകകൊള്ളിച്ചിട്ടും ജോലികൾ ആരംഭിക്കാത്ത എത്ര ലൈൻ എക്സ്റ്റൻഷൻ ഇപ്പോൾ ഉണ്ട്;

(ബി) ഇപ്രകാരം ജോലികൾ ആരംഭിക്കാതിരിക്കുവാൻ കാരണമെന്താണ്;

(സി) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള വഴിത്തല ലൈൻ എക്സ്റ്റൻഷൻ ഇക്കൊല്ലംതന്നെ ചെയ്തുതീർക്കുവാൻ വേണ്ടതു ചെയ്യുമോ?

ഉത്തരം.

(എ) മുപ്പത്തിമൂന്ന്.

(ബി) മിനിമം ഗാരണ്ടി എഗ്രിമെൻറ് എക്സിക്യൂട്ട് ചെയ്യുന്നതിലും, എക്സ്റ്റൻഷനു് ആവശ്യമായ സാധനസാമഗ്രികൾ ലഭിക്കുന്നതിലും ഉള്ള കാലതാമസം മുതലായ കാരണങ്ങളാൽ.

(സി) ചെയ്യാം.

മാള കൃഷ്ണൻകോട്ട ബണ്ട്.

200. [16] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള കൃഷ്ണൻകോട്ട ബണ്ട് പണിയുന്നതിനുവേണ്ടി ഗവണ്മെൻറിൽ നിന്നും എത്ര പണം ചെലവാക്കിയിട്ടുണ്ട്;

(ബി) പണി ആരംഭിച്ചത് ഏതു വർഷത്തിൽ, ഇന്നും അതു പൂർത്തിയാകാതെ കിടക്കുന്നതിന്റെ കാരണമെന്തു്?

ഉത്തരം.

(എ) 37,891 രൂ. 4 ണ.

(ബി) 1950-ൽ ഈ പദ്ധതിയെ സംബന്ധിച്ച് പല പരാതികളും ലഭിച്ചിട്ടുള്ളതിനാൽ ഇതിന്റെ സാങ്കേതികവും പ്രായോഗികവുമായ എല്ലാവശങ്ങളേയും കുറിച്ച് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ ചീഫ് എൻജിനീയർക്കു നിർദ്ദേശം കൊടുത്തിരിക്കയാണ്. ഇൻവെസ്റ്റിഗേഷന്റെ ഫലം അറിഞ്ഞതിനുശേഷമേ പണി പൂർത്തിയാക്കുന്നകാര്യം തീരുമാനിക്കുകയുള്ളൂ.

ട്രാൻസ്ഫോർട്ട് ഡിസ്ട്രിക്റ്റുകൾ.

201. [17] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1951 ജനുവരിക്കു ശേഷം പുതുതായി എത്ര ട്രാൻസ്ഫോർട്ട് ഡിസ്ട്രിക്റ്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകൾ പൊതുജനങ്ങളിൽനിന്നും ലഭിച്ചു;

(ബി) അതിൽ എത്ര സ്ഥലത്ത് പുതിയ ഡിസ്ട്രിക്റ്റുകൾ സ്ഥാപിക്കുകയുണ്ടായ;

(സി) ചെങ്ങന്നൂർ ഒരു ട്രാൻസ്ഫോർട്ട് ഡിസ്ട്രിക്റ്റ് ആഫീസ് സ്ഥാപിച്ച് ചെങ്ങന്നൂർ—എരുമേലി, ചെങ്ങന്നൂർ—പത്തനംതിട്ട, ചെങ്ങന്നൂർ—കായംകുളം മുതലായസ്ഥലങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കുന്നതെന്ന് ആവശ്യപ്പെട്ടിട്ട് ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു;

(ഡി) 1954 ജനുവരിക്കുശേഷം എത്ര ദൂരം (മൈൽ) ഗവണ്മെന്റ് ദേശീകരണം നടത്തുകയുണ്ടായ?

ഉത്തരം.

(എ) മൂന്ന്.

(ബി) ഒരിടത്തും പുതിയ ഡിസ്ട്രിക്റ്റ് ആഫീസ് സ്ഥാപിക്കുകയുണ്ടായില്ല.

(സി) ചോദ്യത്തിൽ പറയുന്ന സർവ്വീസുകൾ നടത്തുന്നതിനുവേണ്ടി മാത്രം ചെങ്ങന്നൂരിൽ ഒരു ഡിസ്ട്രിക്റ്റ് ആഫീസ് ആവശ്യമല്ല. ഇട്ടലൈനുകളിലും സർവ്വീസ് നടത്തുന്നകാര്യം ഗവണ്മെന്റ് ആലോചിച്ചു വരുന്നതേയുള്ളൂ.

(ഡി) ദേശീകരണം ഒരിടത്തും നടത്തുകയുണ്ടായില്ല.

കേരളപണ്ഡിതമഹാജനസഭ.

202. [19] ശ്രീ. കെ. പി. ഹാർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷുരകൻ, അമ്പട്ടൻ, പ്രാദേശികാരി, നമ്പിയാൻ, വിളക്കിത്തല മുതലായ പേരുകളാൽ അറിയപ്പെടുന്ന സമുദായാംഗങ്ങളെ

ചേർത്ത് കേരളപണ്ഡിതമഹാജനസഭ എന്ന പേരിൽ കൊച്ചിൻ രജിസ്ട്രേഷൻ ഓഫ് ലിററററി സയൻറിഫിക് ആൻഡ് ചാരിററബിൾ സൊസൈററീസ് ആക്ററ് പ്രകാരം രജിസ്റ്റർചെയ്ത ഒരു സംഘടന നിലവിലുണ്ടോ:

(ബി) പ്രസ്തുത സംഘടന ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം.

(എ) ക്ഷുരകൻ, അമ്പട്ടൻ, പ്രാണോപകാരി, നമ്പിയാൻ, വിളക്കിത്തല മുതലായ പേരുകളാൽ അറിയപ്പെടുന്ന സമുദായാംഗങ്ങളെ ചേർത്ത് അഖിലകേരള പണ്ഡിത മഹാജനസഭ എന്ന പേരിൽ കൊച്ചിൻ രജിസ്ട്രേഷൻ ഓഫ് ലിററററി സയൻറിഫിക് ആൻഡ് ചാരിററബിൾ സൊസൈററീസ് ആക്ററ് പ്രകാരം രജിസ്ററർചെയ്ത ഒരു സംഘടന നിലവിലുണ്ട്.

(ബി) പ്രസ്തുത സംഘടന ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ട്.

(സി) അത് ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

ക്വനാൽ മെയിൻറനൻസ്.

203. [20] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. സി. ക്വനാലിൽ വക്കല സെക്ഷനിൽ മെയിൻറനൻസിന് 1953-54-ലും 1954-55-ലും അനുവദിച്ചിട്ടുള്ള തുക എത്ര; തുക മുഴുവൻ ചെലവാക്കിയോ, ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) വേറെപോലെ മെയിൻറനൻസ് നടക്കാത്തതുകൊണ്ട് ഗതാഗതം ചെയ്യുന്നവർക്ക് വലിയ അസൗകര്യം ഉള്ളതായി സർക്കാരിനറിയാമോ?

ഉത്തരം.

(എ) പ്രസ്തുത വർഷങ്ങളിൽ 7085 രൂപവീതം അനുവദിച്ചിട്ടുണ്ട്. 1953-54-ൽ അനുവദിച്ച തുക മുഴുവനും ചെലവായി. 1954-55-ലും മുഴുവൻ തുകയും ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) അറിവില്ല.

മരാമത്തുവേലകൾ.

204. [21] ശ്രീ. യു നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1952-53, 1953-54, 1954-55 എന്നീ വർഷങ്ങളിൽ കൊച്ചി പ്രദേശത്തും തിരുവിതാംകൂർ പ്രദേശത്തും നടന്ന മരാമത്തുവേലകൾക്ക് ചെലവായ തുക എത്ര വീതം;

(ബി) തിരുവിതാംകൂർ പ്രദേശത്ത് താരതമ്യേന കുറഞ്ഞ തുകയേ ചെലവായിട്ടുള്ളുവെങ്കിൽ അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ഉത്തരം.

	തിരുവിതാംകൂർ	കൊച്ചി
(എ)	1952-53-ൽ 2,48,89,429 ക.	93,68,245 ക.
	1953-54-ൽ 2,39,20,561 ക.	80,79,144 ക.
	1954-55-ൽ 1,08,98,248 ക.	43,62,652 ക.

(ബി) ന്യായമായ കുറവുണ്ടെന്നു തോന്നുന്നില്ല.

റോഡുപണി.

205. [28] ശ്രീ. എൻ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വായിൽ നിന്നും തകഴിയിലേയ്ക്കുള്ള റോഡുവിഭാഗത്തിൽ കോഴിമുക്ക് തെക്കേ മുറിവരെ ഉദ്ദേശം ആറുഫർലാംഗ് നീളത്തിൽ പൊക്കിയിട്ടുള്ള റോഡുപണി പൂർത്തിയാക്കി ഇടയ്ക്കുള്ള പാലങ്ങൾ തീർക്കുന്നതിന് തകഴിമെംബറിൽ നിന്നും 1954 ജൂലൈ, ആഗസ്റ്റുമാസങ്ങളിൽ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തുത്തരവുണ്ടായി;

(സി) അതുസംബന്ധിച്ച് പി. ഡബ്ളിയു. ഡി. ചീഫ് ഇൻജിനിയരോ ഗവണ്മെന്റോ വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(ഡി) ടി റോഡുവിഭാഗമെങ്കിലും ഈ ബഡ്ജറ്റുവർഷത്തിൽ തീർക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി, സി.) ഈ ജോലിക്ക് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക തീരെ പരിമിതമായതിനാൽ അടുത്തവർഷം ആദ്യം പണി ആരംഭിക്കാനുദ്ദേശിക്കുന്നു.

(ഡി) ഇല്ല.

കവിയൂർ—മല്ലപ്പള്ളി റോഡ്.

206. [30] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവിയൂർ—മല്ലപ്പള്ളി റോഡ് ഈ ആണ്ടിൽ ഇതേവരെ മെയിൻറനൻസു നടത്താതിരിക്കാൻ കാരണമെന്ത്?

ഉത്തരം.

"കവിയൂർ—മല്ലപ്പള്ളി" എന്ന പേരിൽ ഒരു റോഡ് ഡിപ്പാർട്ടുമെൻറൽ മെയിൻറനൻസിൽ ഇല്ല.

Alignment of road.

207. [35] **Shri N. Parameswaran Pillai**: Will the Minister for Works and Transport be pleased to state:

(*a*) has the alignment of the proposed approach road connecting market landing Changanacherry with Changanacherry-Alleppey road been finally approved by Government; and

(*b*) when do the Government expect to complete the work of the said road?

Answer.

(*a*) Yes; only very recently.

(*b*) The work will be arranged for as soon as the detailed estimate is sanctioned and funds provided.

കുന്നത്തൂരിലെ കടത്തുവള്ളങ്ങൾ.

208. [37] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ കടവിലുള്ള വള്ളങ്ങൾ ഇന്ന് ഉപയോഗശൂന്യമായതുമൂലം കരയിൽ കയററിവച്ചിരിക്കയാണെന്ന് ഗവണ്മെൻറിനറിവുണ്ടോ;

(ബി) ഉടൻതന്നെ അവിടെ പുതിയ വള്ളങ്ങൾ ഇടാൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

ഉത്തരം.

(എ) ഈ കടത്തിലെ വള്ളങ്ങൾ ഓരോന്നായി അററകുററപ്പണികൾക്കായി കരയിൽ കയററ വച്ചിരിക്കുന്നതും ഇപ്പോൾ വീണ്ടും ഉപയോഗത്തിലിരിക്കുന്നതും ആകുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നീറിക്കാട്ടുപാലം.

209. [40] ശ്രീ. പി. എം. മാർക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയപുരം പകുതിയിൽ നീറിക്കാട്ടു പ്രൈമറിസ്കൂളിനു സമീപമുള്ള നീറിക്കാട്ടു പാലം അപകടനിലയിൽ ആയിരിക്കയാണെന്നും ഉടനെ നന്നാക്കേണ്ടതു് അത്യാവശ്യമാണെന്നുമുള്ള നാട്ടുകാരുടെ ഒരു നിവേദനം 1954 ജൂലായ്മാസത്തിൽ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്ന് എന്തു നടപടിയാണ് സ്വീകരിച്ചതെന്നു പറയുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) പ്രസ്തുത നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്.

(ബി) ചോദ്യത്തിൽ പറയുന്ന പാലം നന്നാക്കാൻ ലോക്കൽ ഡെവലപ്പുമെൻറസ്കീമിൽപ്പെടുത്തി 31-3-1955-നുള്ളിൽ പൂർത്തിയാക്കുവാൻ പഞ്ചായത്തു ഡയറക്ററക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

Negotiations with the Transport Employees' Union.

210. [42] **Shri P. V. Aviratharakan** : Will the Minister for Works and Transport be pleased to state :

(*a*) whether the Government made any negotiations with the Transport Employees' Union when the hunger strike was going on in front of the Secretariat ;

(*b*) if so, what was the result ;

(*c*) did the Government fulfil any of the conditions in the agreement ; and

(*d*) if not why ?

Answer.

(*a*) No. But an agreement was arrived at by Government and the President of the Transport Employees' Union which provided for :—

(1) the appointment of an Enquiry Commission to enquire into the working of the Transport Department,

(2) revision of scale of pay of the employees, and

(3) readmission of all workers of the Department who reported for duty on or before 14-9-54.

(*b*) As a result of the agreement the strike was called off.

(*c*) The conditions of the agreement are contained in a Press Note dated 5-9-54 issued by Government. All these terms have already been implemented.

(*d*) The question does not arise.

Roads in Vennikulam.

211. [48] **Shri M. M. Mathai** : Will the Minister for Works and Transport be pleased to state :

(*a*) what are the roads taken for departmental maintenance in the Vennikulam Sub Division ;

(*b*) how many of those roads have been maintained this year ; and

(*c*) what is the total amount spent for such maintenance ?

Answer.

(*a*) 66 roads as per list appended. *

(*b*) 62 roads.

(*c*) Rs. 84,431.

റോഡുകൾ.

212. [50] ശ്രീ കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഏത്ര താലൂക്കുകളിലാണ് ടാറിംഗ് നടത്തിയിട്ടുള്ള റോഡുകൾ ഉള്ളത് ;

* Please see Appendix XV.

(ബി) അവയുടെ പേരുകൾ എന്തെല്ലാം;

(സി) ടാറിംഗ് നടത്താത്ത റോഡുകൾ എത്ര താലൂക്കുകളിൽ;

(ഡി) അവയുടെ പേര് എന്ത്?

ഉത്തരം.

(എ) 33 താലൂക്കുകളിൽ.

(ബി) വിളവങ്കോട്, കൊട്ടാരക്കര, ചിറയിൻകീഴ് എന്നീ താലൂക്കുകൾ ഒഴിച്ച് ബാക്കി എല്ലാ താലൂക്കുകളും.

(സി) എല്ലാ താലൂക്കുകളിലും ഉണ്ട്.

(ഡി) മറുമറുപടികളിലുള്ള വിവരണംകൊണ്ട് പ്രത്യേകം പ്രത്യേകം പേരുകൾ പറയേണ്ട ആവശ്യം ഉണ്ടാകുന്നില്ല.

ബഡ്ജററി കൊള്ളിച്ചിരുന്ന വേലകൾ.

213. [54] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-54-ലേക്ക് കുന്നത്തൂർ താലൂക്കിലെ പൊതുമരാമത്തു പണികൾക്കായി ബഡ്ജററിൽ കൊള്ളിച്ചിരുന്ന എത്ര പണികൾ പൂർത്തിയാക്കി ; ഏതെല്ലാമാണ് പൂർത്തിയാക്കിയത്;

(ബി) പണിതുടങ്ങി മുഴുമിക്കാത്ത പണികളേതെല്ലാമാണ്; അതിന് എന്തു തുകവീതം ഇതുവരെ ഗവണ്മെൻറിൽ നിന്നും ചെലവു ചെയ്തു ;

(സി) ഇതുവരെ ആരംഭിക്കാത്ത പണികളുണ്ടോ ; ഏതെല്ലാം ; തുടങ്ങാതിരുന്നതിന് കാരണമെന്ത്?

ഉത്തരം.

(എ) മൂന്നു പണികൾ പൂർത്തിയാക്കി.

1. അടൂർ താലൂക്കാഫീസിലേയ്ക്കുള്ള അപ്രോച്ചു റോഡ്.
2. അടൂർ-പട്ടാഴി റോഡ് മെററലിംഗ്.
3. എം. സി. റോഡ് 54-ാംമൈലിൽ നിന്നും പട്ടാഴിക്കുള്ള റോഡ് മെററലിംഗ്.

(ബി) 1. ആനന്ദപ്പള്ളി-കുടമൺറോഡ്. ചെലവായ തുക 13,507 രൂപ.

2. വള്ളിക്കോട്-വകയാർ റോഡ്. ചെലവായ തുക 20,419 രൂപ.

3. അടൂർ-ശാസ്താംകോട്ട റോഡ്. 4/11-ാംമൈലിൽ നിന്ന് വെള്ളച്ചിറ-ചേന്നൻപള്ളി റോഡും 5/3 മൈലിൽ ചേരുന്ന റോഡും. ചെലവായ തുക 13,499 രൂപ.

4. ഏഴംകുളം-ഏനാദിറോഡ്. ചെലവായ തുക 16,599 രൂപ.

(സി) ഉണ്ട്. കടമ്പനാട്-ഏനാദിറോഡ്. ടി റോഡിൻെറ പണിക്കായി തയ്യാറാക്കിയ എസ്റ്റിമേററ് അനുവദിച്ച് ബഡ്ജററിൽ പണം കൊള്ളിച്ചുകഴിയുമ്പോൾ ജോലി തുടങ്ങും.

Road in Neyyattinkara Taluk.

214. [59] **Shri P. Viswambharan :** Will the Minister for Works and Transport be pleased to state what action the Government have taken on the representations from the public for the completion of Vellayakadavu-Vellanad road, Punnamoodu-Vellayani road and for the improvement of Peyad-Vellanad road in the Neyyattinkara Taluk ?

Answer.

Government have given instructions to the Chief Engineer, P. W. D., to take necessary action with regard to the works of the Vellayakkadavu-Vellanad road and Peyad-Vellanad road, after consulting the Works Committee and ascertaining their views. Regarding Punnamoodu-Vellayani road, necessary estimate has been prepared and it is proposed to make provision for the work in the next budget.

പാലം പണി.

215. [60] ശ്രീ. ഇടിക്കുള ഇടിക്കുള : തഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പഴ, കൈപ്പട്ടൂർ, റാന്നി മുതലായ കടവുകളിൽ പാലം പണി എന്നത്തേക്ക് ആരംഭിക്കുമെന്ന് പറയുവാൻ ദയവുണ്ടാകുമോ;

(ബി) അടുത്ത കാലത്ത് വർക്സ് മന്ത്രി റാന്നി സന്ദർശിച്ച് അവിടത്തെ ചില പ്രധാന റോഡുകൾ പുതുക്കിയാക്കേണ്ട ആവശ്യകത നേരിട്ടു മനസ്സിലാക്കിയതിനെപ്പററി എന്തു നടപടികൾ സ്വീകരിച്ചുവെന്ന് പറയുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) കുമ്പഴ പാലം പണി 1954-55-ൽ ആരംഭിക്കും. കൈപ്പട്ടൂർ-റാന്നി പാലങ്ങൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ട്.

(ബി) വലിയകാവ് റിസർവു റോഡിലുള്ള തടിപ്പാലത്തിന്റെ അററകുററപ്പണി പുതുക്കിയാക്കി.

Cremation ground and Prayer hall.

216. [63] **Shri V. P. Parameswaran Namboodiri :** Will the Minister for Backward Communities be pleased to state :

(*a*) whether the Cheramars of Mepral, Nedumpuram (Murinjachira) and Kizhakkumbhagam in Kadapra constituency have applied for a cremation ground and prayer hall ;

(*b*) if so, when was each application made ;

(*c*) has any been sanctioned ; and

(*d*) if not, why not ?

Answer.

(*a*) Yes.

(b) The applications for the provision of a common building and a burial ground were made on 29-1-52 and 14-10-52 respectively.

(c) No.

(d) Suitable sites for the common building and burial ground have not so far been located. Further enquiries are being made.

Bridge at Arattupuzha Kadavu.

217. [64] **Shri V. P. Parameswaran Namboodiri:** Will the Minister for Public Works be pleased to state whether the Government have received any representation to give priority to the Bridge at Arattupuzha Kadavu (Mavelikara) ?

Answer.

Yes.

UNSTARRED QUESTIONS POSTED FOR ANSWER ON 29-1-1955.

ഭോപ്പാൽ കുടിയേററം.

218. [8] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭോപ്പാലിലേക്ക് കുടിയേറിപ്പാർക്കുന്നതിന് എത്രകുടുംബങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് ;

(ബി) ആരെങ്കിലും അവിടെ പോയിട്ടുള്ളതായി ഗവണ്മെൻറിന് അറിയാമോ ;

(സി) അവർക്ക് എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ?

ഉത്തരം.

(എ) ഭോപ്പാലിലേയ്ക്ക് കുടിയേറിപ്പാർക്കുന്നതിന് 106 കുടുംബങ്ങളെ ഈ സ്റ്റേറ്റിൽ നിന്നും തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആരും അവിടെ പോയിട്ടില്ല. അവർക്ക് താമസിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ അവിടെ പൂർത്തിയായതിനു ശേഷം അവരെ കൊണ്ടുപോകുന്നതാണ്.

(സി) ടി സ്ഥലത്ത് കുടിയേറിപ്പാർക്കുന്നവർക്ക് നൽകുന്ന സഹായങ്ങളും, വ്യവസ്ഥകളും ഉൾക്കൊള്ളുന്ന ഒരു *സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

ജലനികുതി.

219. [50] ശ്രീ. ററ്. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്ട് മുകുന്ദപുരം താലൂക്ക് പൊറത്തിശ്ശേരി വില്ലേജിലെ പുഞ്ചകൃഷിക്കാർ പീച്ചി വെള്ളത്തിൻെറ പേരിൽ പുതിയ

* Please see Appendix XVI(a)

തായി ചുമത്തിയ ജലനികുതിയെ സംബന്ധിച്ച് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തുനടപടി സ്വീകരിച്ചു ;

(സി) എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം.

(എ) ഉണ്ട്.

(ബി) ടി നിവേദനത്തെ സംബന്ധിച്ച് അവസാന ഉത്തരവു പാസ്സാക്കുന്നതുവരെ ജലനികുതി പിരിക്കുവാനുള്ള നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) ഈ സംഗതി ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

UNSTARRED QUESTIONS POSTED FOR ANSWER ON 31-1-1955.

റോഡിന്റെ മെയിൻറനൻസ്.

220. [11] ശ്രീ. സി. എ. മാത്യു. താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറു ഏറ്റെടുത്തിട്ട് യാതൊരു വിധമായ മെയിൻറനൻസു വേലകളും നടത്താത്ത എത്ര മൈൽ റോഡുണ്ട് തിരുവിതാംകൂർ–കൊച്ചിയിൽ ;

(ബി) അങ്ങനെയുള്ള റോഡുകൾ ഉടനടി നന്നാക്കി എടുക്കുവാൻ എന്തെങ്കിലും പ്രായോഗിക നടപടി സ്വീകരിക്കുമോ ?

(സി) കരിംകുന്നം–വഴിത്തലറോഡു ഗവണ്മെൻറ് ഏറ്റെടുത്തിട്ട് എത്ര കൊല്ലമായി, എന്തു തുക ഈ റോഡിനുവേണ്ടി ആണ്ടിതോറും ചെലവാക്കുന്നുണ്ട് ;

(ഡി) വളരെ പ്രാധാന്യമുള്ള ഈ റോഡ് വാഹനഗതാഗതയോഗ്യമാക്കുവാൻ എന്തു തുക ചെലവാകും ?

ഉത്തരം.

(എ) 33 മൈൽ റോഡ്.

(ബി) സ്വീകരിക്കാം.

(സി) 9 കൊല്ലം. 1600 രൂപ.

(ഡി) 50,000 രൂപ.

വെള്ളക്കരം.

221. [17] ശ്രീ. കെ. പി. ഹാർമിസ്. താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) കാലടിയിലെ ലിഫ്ട്ഇറിഗേഷൻ കൊണ്ട് ജലസേചനം ചെയ്യുന്ന പഴയ കൊച്ചിയിലേയും തിരുവിതാംകൂർ വിഭാഗത്തി

ലെയും കൃഷിസ്ഥലങ്ങൾക്ക് വ്യത്യസ്തനിരക്കിലാണോ വെള്ളക്കരം ചുമത്തുന്നത്;

(ബി) ആണെങ്കിൽ ആ നിരക്കുകൾ എന്താണ്;

(സി) വ്യത്യസ്തമായ പരിഗണനകൾക്ക് കാരണമെന്താണ്?

ഉത്തരം

(എ) അല്ല.

(ബി–സി) ഉദിക്കുന്നില്ല.

കടത്തുചങ്ങാടതൊഴിലാളികൾ.

222. [21] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിൽ എത്ര കടത്തുചങ്ങാടതൊഴിലാളികളുണ്ട്;

(ബി) ഇവരുടെ വേലസമയത്തിന് യാതൊരു സമയക്രിയവുമില്ലെന്ന് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് വൈക്കം താലൂക്കിലെ ചങ്ങാടതൊഴിലാളികൾ നൽകിയിരുന്ന മെമ്മോറാണ്ഡത്തിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം.

(എ) 110.

(ബി) ജോലിസമയം ചട്ടംമൂലം നിഷ്കർഷിച്ചിട്ടില്ലെങ്കിലും പ്രായേണ, ആഹാരം മുതലായവയ്ക്കു പോകുന്നതിനൊഴിച്ച്, കാലത്ത് 6 മണി മുതൽ രാത്രി 8 മണിവരെ ആണ്.

(സി) മെമ്മോറാണ്ഡം പരിഗണനയിൽ ഇരിക്കുന്നു.

റോഡ്.

223. [26] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ). തിരുവല്ലാ–കോഴഞ്ചേരി റോഡ് ടാർ ചെയ്യുന്നതിന് ഉത്തരവു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് അതിൻെറ പണി ആരംഭിക്കും?

ഉത്തരം.

(എ) ഉണ്ട്.

(ബി) പണി ആരംഭിച്ചുകഴിഞ്ഞു.

വെണ്ണിക്കുളത്തു കൃഷ്ണൻനായർ റോഡ്.

224. [28] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെണ്ണിക്കുളത്ത് കൃഷ്ണൻ നായർ റോഡിൽ രണ്ടു മൈൽ ടാർ ചെയ്യണമെന്ന് തിരുവല്ലാ സബ്ഡിവിഷൻ കമ്മിററി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഉണ്ട്.

(ബി) സെൻട്രൽ വർക്ക്സ് കമ്മിററിയുടെ അടുത്ത യോഗത്തിൽ ആലോചനയ്ക്കു വയ്ക്കുവാൻ നിശ്ചയിച്ചിരിക്കയാണ്.

കുട്ടികളുടെ ആരോഗ്യപരിശോധന.

225. [30] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യനില ആണ്ടുതോറും പരിശോധിപ്പിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണ് പ്രസ്തുത പരിശോധനകൾ നടത്തുന്നത്; എപ്പോഴെല്ലാം ?

ഉത്തരം.

(എ) ഏതാനും കൊല്ലങ്ങളായി സ്കൂൾകുട്ടികളുടെ ആരോഗ്യനില പരിശോധിക്കാറില്ല. ആരോഗ്യപരിശോധന വീണ്ടും തുടങ്ങുവാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) മുൻഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

പാലാരിവട്ടം ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ.

226. [33] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലാരിവട്ടം ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ കെട്ടിടം ഇപ്പോൾ എന്താവശ്യത്തിന് ഉപയോഗിക്കുന്നു;

(ബി) എറണാകുളം പോലീസ് കസ്ബാ സ്റ്റേഷൻ ഇങ്ങോട്ടു മാറുവാൻ വല്ല ആലോചനയുമുണ്ടോ ?

ഉത്തരം.

(എ) സ്ഥലത്തെ വിദ്യുച്ഛക്തി ഉദ്യോഗസ്ഥന്മാരുടെ ആഫീസായി ഉപയോഗിക്കുന്നു.

(ബി) ഉണ്ട്. അതിനെപ്പററിയുള്ള എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കയാണ്.

കുന്നത്തൂർപാലം.

227. [36] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർകടവിൽ ഒരു പാലം പണി കഴിപ്പിക്കണമെന്ന് ദീർഘകാലമായി നിവേദനം കിട്ടിക്കൊണ്ടിരുന്നിട്ടും അതിന്മേൽ ഇതേവരെ നടപടി നടത്താതിരിക്കുന്നതെന്താണ്;

(ബി) പ്രസ്തുത പാലം ഉടനടി പണി കഴിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) വേണ്ട നടപടികൾ നടത്തിവരികയാണ്.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

നെന്മാറ വാട്ടർവർക്സ്.

228. [89] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ വാട്ടർവർക്സിലെ കുഴലുകൾ പലതും കേടുവന്നിരിക്കുന്നതുകൊണ്ട് ആവശ്യത്തിനുള്ള വെള്ളം എല്ലാ സ്ഥലത്തും കിട്ടുന്നില്ലെന്ന് പരാതിയുണ്ടോ ;

(ബി) നെന്മാറയിലെ ജലക്ഷാമം പരിഹരിക്കാൻ കാര്യമായി എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ ?

ഉത്തരം.

(എ) പരാതിയുണ്ട്.

(ബി) നെന്മാറ വാട്ടർവർക്സിൽ പുതിയതായി ഒരു air Compressor-ും ഒരു Pump set-ും സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ എടുത്തുവരുന്നു. Over head tank-ലെ level വർദ്ധിപ്പിച്ചിട്ടുണ്ട്.

Labour Disputes.

229. [41] **Shri P. V. Avira Tharakan :** Will the Minister for Labour be pleased to state :

(*a*) how many Labour Disputes have been settled after the present Ministry have taken charge ;

(*b*) how many labour disputes have been referred for adjudication during this period ;

(*c*) how many disputes were pending when this Ministry took charge ?

Answer.

(*a*) 2716.

(*b*) 101.

(*c*) 381.

പാലംപണി.

230. [43] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപുരം-ആയൂർ റോഡിൽ നെടുങ്കാവ് എന്ന സ്ഥലത്ത് ആറിനു ഒരു പാലം പണിയിക്കുന്നതിന് ഗവണ്മെൻറിലേക്ക് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തിട്ടുണ്ട്; എന്തു തുക ചെലവാകുമെന്ന് ഗവണ്മെൻറ് കണക്കാക്കുന്നുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) അടങ്കൽ തയ്യാറാക്കുന്നതിനുള്ള പ്രാരംഭനടപടികൾ എടുത്തുവരുന്നു. ഒരു ലക്ഷം രൂപയോളം ചെലവു വരും.

റോഡ് മെയിൻറനൻസ്.

231. [45] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം-കുമളിറോഡിൽ രണ്ടുവർഷത്തിനുമായി എത്ര മൈൽ നീളത്തിൽ ബസ്സ്സർവ്വീസുണ്ട്;

(ബി) ബസ്സ്സർവ്വീസ് ഇല്ലാത്ത ഭാഗത്തും മൈലൊന്നിന് 2500 രൂപാ മെയിൻറനൻസിനുവേണ്ടി ചെലവു ചെയ്യുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ പൊതുമുതൽ ചോർത്തിയെടുക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) 32 മൈൽ.

(ബി) മെയിൻറനൻസിനുവേണ്ടിയും പുതിയ കലുങ്കുകളും മറ്റും പണിയുന്നതിനുവേണ്ടിയും മൈലൊന്നിന് 2500 രൂപാ ചെലവു ചെയ്യുന്നുണ്ട്.

(സി) അനുവദിച്ചിട്ടുള്ള തുക മുഴുവനും റോഡുപണിക്കുപയോഗിക്കുന്നതുകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

തോന്നല്ലൂർ പകുതിയിലെ വെൽഫയർകേന്ദ്രം.

232. [50] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോന്നല്ലൂർപകുതിയിലെ വെൽഫയർ എക്സ്റ്റൻഷൻ പ്രോജക്റ്റിനുവേണ്ടി ഒരു ലക്ഷ്യക്കുട്ടി അമ്മയ്ക്ക് പബ്ലിക്ക് ഹെൽത്ത് ഡയറക്ടരുടെ 3.11.1954-ലെ 204-ാം നമ്പർ ഉത്തരവിൻപ്രകാരം 4500 റാത്തൽ അരി പാവപ്പെട്ട കുഞ്ഞുങ്ങൾക്കായി വിതരണം ചെയ്യാൻ നൽകിയിട്ടുണ്ടോ;

(ബി) ഇങ്ങനെ തിരുവിതാംകൂർ-കൊച്ചിയിൽ എവിടെയെല്ലാം നൽകിയിട്ടുണ്ട്; മൊത്തം എത്ര ടൺ അരിയാണ് നൽകിയിട്ടുള്ളത്?

ഉത്തരം.

(എ) കീഴിക്കാട്ട് കണ്ടല്ലൂർ വെൽഫയർ എക്സ്റ്റൻഷൻ പ്രോജക്ററിൽ 100 സാധു കുട്ടികൾക്ക് കഞ്ഞി വിതരണം ചെയ്യുന്നതിന് പ്രസ്തുത ഡെലിവറി ഓർഡറിൻപ്രകാരം 4500 പൗണ്ട് അരി ശ്രീമതി കെ. ലക്ഷ്മിക്കുട്ടിഅമ്മയെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സെപ്ററംബർമുതൽ ഇന്നേവരെ സ്റ്റോറിൻെറ നാനാഭാഗങ്ങളിലായി 340 സെൻററുകളിൽ ഇപ്രകാരം വിതരണം നടത്തുന്നുണ്ട്. മൊത്തം 489 ടൺ അരിയാണ് വിതരണം ചെയ്തിട്ടുള്ളത്.

റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി.

233. [54] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി അനുസരിച്ച് തൂൺ നാട്ടി കമ്പി വലിച്ച് ജോലി പൂർത്തിയാക്കിയിട്ടുള്ള ഏതെല്ലാം സ്ഥലങ്ങളിൽ കറൻറ് ഇതുവരെയും സപ്ലൈ ചെയ്തിട്ടില്ലെന്ന് ദയവായി പറയുമോ ;

(ബി) മേൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ ജോലികളും റാന്നിയിൽ പൂർത്തിയായിട്ട് എത്ര മാസങ്ങളായി എന്ന് ദയവായി പറയുമോ ;

(സി) റാന്നിയിൽ എന്നത്തേക്ക് കറണ്ട് സപ്ലൈ ചെയ്യുവാൻ സാധിക്കുമെന്ന് ദയവായി പറയുമോ ;

(ഡി) റാന്നിയിലെ ഗവണ്മെൻറുകെട്ടിടങ്ങളിലേയ്ക്ക് എന്നത്തേക്ക് ഇലക്ട്രിക്ക്ലൈൻ നീട്ടുമെന്ന് ദയവായി പറയുമോ?

ഉത്തരം.

(എ) ജോലി പൂർത്തിയാക്കിയിട്ടുള്ള സ്ഥലങ്ങളിലെല്ലാം കറൻറ് സപ്ലൈ ചെയ്തിട്ടുണ്ട്.

(ബി) എല്ലാ ജോലികളും റാന്നിയിൽ പൂർത്തിയായിട്ടില്ല.

(സി) ഒരു മാസത്തിനകം കറണ്ട് സപ്ലൈ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) റാന്നി-ഡിസ്ട്രിബ്യൂഷൻ ലൈനിൻെറ പരിസരങ്ങളിലുള്ള സർക്കാർ കെട്ടിടങ്ങൾ അടുത്ത സാമ്പത്തികവർഷാവസാനത്തിനു മുമ്പ് ധനസ്ഥിതിക്കനുസരണമായി വൈദ്യുതീകരണം നടത്തുന്നതാണ്.

വർക്ക് എസ്റ്റാബ്ലിഷ്മെൻറ് ജീവനക്കാർ.

234. [55] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ല്യു. ഡി. വർക്ക് എസ്റ്റാബ്ലിഷ്മെൻറ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) സ്ഥിരപ്പെടുത്താനുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

Ayurveda Hospitals.

235. [56] **Shri N. Parameswaran Pillai:** Will the Minister for Public Health be pleased to state :

(*a*) how many Ayurveda hospitals have been newly opened in the State this year, and in which places; and

(*b*) will the Government take steps to raise the Ayurveda dispensary at Changanacherry to a hospital with convenience for accommodating in-patients?

Answer.

(*a*) The Ayurveda dispensaries at Alleppey, Quilon and Kottayam have been up-graded to hospitals during this financial year. The hospital sanctioned for Thodupuzha will be opened shortly.

(*b*) The question of up-grading the existing Ayurveda dispensary at Changanacherry into a hospital will be taken up for consideration during the next financial year if sufficient funds are available.

Waiting shed for Passengers.

236. [62] **Shri V. P. Parameswaran Namboodiri:** Will the Minister for Transport be pleased to state :

(*a*) whether the Government have realised the inconvenience of passengers at Tiruvalla Bus Station on account of want of a proper office with waiting room; and

(*b*) if so, what steps are proposed to rectify this?

Answer.

(*a*) Yes.

(*b*) Speedy steps are being taken to augment the facilities now provided.

Midwifery Centre.

236. [63] **Shri V. P. Parameswaran Namboodiri:** Will the Minister for Public Health be pleased to state whether the people of Nedumpuram in Pennangara Panchayat had applied for opening a Midwifery Centre in Neerattupuram?

Answer.

A resolution from the Peringara Panchayat has been received by the Director of Public Health to this effect. The question of opening a midwifery centre at Neerattupuram is being considered.

ഇടവാ പഞ്ചായത്ത്.

238. [67] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇടവാ പഞ്ചായത്ത് പ്രസിഡൻറിൻെറമേൽ പഞ്ചായത്ത് അവിശ്വാസം രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) ഈ പഞ്ചായത്തിൻെറ ഈ തീരുമാനം ഗവണ്മെൻറ് സ്റ്റേ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ഡി) സ്റ്റേ ഇപ്പോഴും തുടരുകയാണോ; സ്റ്റേ കൊടുത്തതിനു ശേഷം ഒരു അവസാന തീരുമാനം എടുക്കാൻ ഇത്ര കാലതാമസമുണ്ടായതിനു കാരണമെന്ത്;

(ഇ) പഞ്ചായത്തുപ്രസിഡൻറിൻെറ പ്രവർത്തനവൈകല്യങ്ങളെപ്പററി മെംബറന്മാരിൽനിന്നും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി; നടത്തിയെങ്കിൽ എപ്പോൾ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം.

(എ) ഇടവാ പഞ്ചായത്തുപ്രസിഡൻറിൻെറ മേൽ പഞ്ചായത്ത് അവിശ്വാസം രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) 1954 അക്ടോബർ 9-ാംതീയതി.

(സി) പഞ്ചായത്തിൻെറ തീരുമാനം ഗവണ്മെൻറിൽനിന്നും G. P. L. S. 12-20491|55|DD 12-10-1954 പ്രകാരം താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) സ്റ്റേ ഇപ്പോഴും ഉയർന്നിതത്തിൽ ഇരിക്കുകയാണ്. അവിശ്വാസപ്രമേയത്തിനെപ്പററി മററു മെംബറന്മാരിൽനിന്നും ഗവണ്മെൻറിനു കിട്ടിയ പരാതികളുടെമേൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഇ) 26.11.1954-ൽ ഒരു മീററിംഗ്, രണ്ടുമെംബറന്മാരെ (alleged to be disqualified) ഉൾപ്പെടുത്താതെ നടത്തി എന്നൊരു പരാതി മേൽപ്പറഞ്ഞ ഒരു മെംബറുടെ പക്കലുനിന്നും കിട്ടിയിട്ടുണ്ട്. അതിന്മേൽ അന്വേഷണം നടത്തിവരികയാണ്.

വക്കല-പാരിപ്പള്ളിറോഡ്

239. [69] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊടിയുടെ ശല്യംനിമിത്തം വക്കല-പാരിപ്പള്ളിറോഡ് സഞ്ചാരത്തിന് അസൗകര്യപ്രദമായി തീർന്നിരിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡ് ഈ സാമ്പത്തികവർഷത്തിൽ തന്നെ മെററാൾ ചെയ്യുവാൻ ഗവണ്മെൻറു വേണ്ട നടപടികൾ സത്വരമായി കൈക്കൊള്ളുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ഈ റോഡ് മെററൽ ചെയ്യുന്നതിനു താൎക്കാലം ഉദ്ദേശിക്കുന്നില്ല.

വക്കല-കല്ലമ്പലം റോഡ്.

240. [70] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കല-കല്ലമ്പലം റോഡ് ഇന്നു വാഹനഗതാഗതത്തിനു തീരെ അസഹ്യകരമായ രീതിയിൽ കേടുപാടുള്ളതായിതീൎന്നിരിക്കുന്നകാൎയ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ പ്രാധാന്യത്തെ കരുതി 1955–56 സാമ്പത്തികവർഷത്തിൽ ഈ റോഡു ടാർ ചെയ്യുവാൻ ഗവണ്മെൻറ് സത്വരനടപടികൾ കൈക്കൊള്ളുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ഇതിലും പ്രാധാന്യമുള്ള റോഡുകൾ ടാർ ചെയ്യേണ്ടതായിട്ടുള്ളതുകൊണ്ട് 1955–56-ൽ ഈ റോഡ് ടാർചെയ്യുവാൻ ഇടയില്ല.

UNSTARRED QUESTIONS POSTED FOR ANSWERS ON 1-2-1955

കാളനിക്ക് സ്ഥലം.

241. [28] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ആലപ്പുഴ റോഡിന്റെ ഒരുവശത്ത് കാളനിക്കുവേണ്ടി സ്ഥലം നികത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര നാഴികനീളത്തിൽ നികത്തിയിട്ടുണ്ട്; സ്ഥലത്തിന്റെ വിസ്തീൎണ്ണം പറയുമോ;

(സി) ആ നികത്തിയസ്ഥലം ഇടിഞ്ഞുപോകാതിരിപ്പാൻ സൎക്കാരിൽനിന്നും ഓരോ കൊല്ലവും വല്ല സംഖ്യയും ചെലവുചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത്;

(ഡി) ആ സ്ഥലം കാളനിക്ക് വീതിച്ചുകൊടുത്താൽ സ്ഥലം കിട്ടുന്നവർ അവരവരുടെ വീതം സംരക്ഷിക്കുകയും, സൎക്കാരിന് ആണ്ടോടാണ്ടുള്ള ചെലവ് ലാഭം വരികയും ചെയ്യുകയില്ലേ;

(ഇ) നികത്തിയസ്ഥലം കാളനിക്ക് ഉടനടി കൊടുക്കാതിരിക്കാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ;

(എഫ്) ഉടനടി കൊടുക്കാൻ നടപടി നടത്തുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ആറരമൈൽ നീളത്തിലും, മുപ്പത് അടി ശരാശരി വീതിയിലും നികത്തിയിട്ടുണ്ട്.

(സി) ഇതിലേക്ക് ഒന്നും ചെലവാക്കേണ്ട ആവശ്യം ഇതുവരെ നേരിട്ടിട്ടില്ല.

(ഡി) സംരക്ഷണച്ചെലവില്ലാത്തതിനാൽ ലാഭത്തിന്റെ കാര്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

Manure to cultivators.

242. [42] **Shri N. Parameswaran Pillai** : Will the Minister for Finance be pleased to state :

(*a*) has the Government given manures to cultivators on the security of crops to be raised this year; and

(*b*) if not why was the practice stopped?

Answer.

(*a*) Government have sanctioned the continuance of the credit sale system of manures till the end of the current financial year.

(*b*) The practice has not been stopped.

വ്യവസായശാലകളുള്ള സഹായധനം.

243. [44] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ സമാധാനം നിലനിറുത്തുന്ന വ്യവസായശാലകൾ മാത്രമെ സഹായധനം നൽകാവൂ എന്ന വ്യവസ്ഥയുണ്ടോ;

(ബി) അശോകാ മുണിമില്ലിന് സഹായധനം നൽകുമ്പോൾ തൊഴിൽ സമാധാനം നിലനിൽക്കുന്നുണ്ടായിരുന്നോ ;

(സി) തൊഴിൽ സമാധാനം നിലനിറുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചോ?

ഉത്തരം.

(എ) അങ്ങനെ യാതൊരു വ്യവസ്ഥയുമില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിയ അനുരഞ്ജന നടപടികൾ ഫലപ്രദമായതിനാൽ ഈ തൊഴിൽതർക്കം അഡ്ജുഡിക്കേഷന് വിധേയമാക്കി. അഡ്ജുഡിക്കേഷന് ശേഷം പണിമുടക്ക് നടക്കുമ്പോൾ അനൗപചാരികസംഭാഷണങ്ങൾവഴി കക്ഷികൾതമ്മിൽ ഒത്തുതീർപ്പിന് ശ്രമിച്ചിട്ടുണ്ട്.

Sub-treasury at Ettumanoor.

244. [45] **Shri V. V. Sebastian** : Will the Minister for Finance be pleased to state :

(*a*) whether the Government have not received a report from the Treasury Officer of the newly established Sub-treasury

at Ettumanoor regarding the lack of accommodation and such other facilities required for the said Sub-treasury ;

(b) whether the Government have taken any action on the said report; and

(c) if so, what action has been taken thereon ?

Answer.

(a) No report for additional accommodation has been received from the Sub-treasury Officer. A report has been received for the installation of electric lights.

(b) Yes.

(c) The Superintending Engineer (Electricity) Northern Circle, Pallom, has been requested from the Board to take immediate action and instal lights at the Sub-treasury.

പോലീസ് അറസ്റ്റ്.

245. [53] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുക്കണമെന്നാവശ്യപ്പെട്ട സ: സലിം ഉൾപ്പടെ അഞ്ചുപേരെ കടയ്ക്കാവൂർ പോലീസ് ഇൻസ്പെക്ടർ മി. ലോപ്പസും പാർട്ടിയും വക്കത്തുവച്ചു അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ചു ഐ. ജി. ക്ക ഒരു പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതിയെപ്പററി എ. എസ്സ്. പി. അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണഫലം എന്ത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) 1. ഉണ്ട്.
2. ഉണ്ട്.

(സി) പരാതി അടിസ്ഥാനരഹിതമാണെന്ന് വെളിപ്പെട്ടു.

തൊഴിലാളിജാഥയുടെ നേക്കുള്ള ആക്രമണം.

246. [54] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്കിൽ ചെറുന്നിയൂർ എന്ന സ്ഥലത്തു 1954 നവംബർമാസത്തിൽ കയർപണിമുടക്ക സംബന്ധിച്ച് നടന്ന ഒരു തൊഴിലാളി ജാഥയെ ഒരുസംഘം അക്രമികൾ ആയുധങ്ങളുമായി തടഞ്ഞുനിറുത്തി മർദ്ദിച്ചിട്ടുണ്ടോ;

(ബി) മർദ്ദനമേററവരിൽ എത്രപേരെ ആശുപത്രിക്ക് അയച്ചു;

(സി) ഈ അക്രമികളുടെ പേരിൽ കേസു ചാർജ്ജ് ചെയ്തിട്ടുണ്ടോ?

ഉത്തരം.

(എ) ഇപ്രകാരം ഒരു പരാതി കയർ തൊഴിലാളികളിൽനിന്നും കിട്ടിയിട്ടുണ്ട്.

(ബി) നാലുപേരെ.

(സി) ഉണ്ട്.

UNSTARRED QUESTIONS POSTED FOR ANSWER ON 2-2-55.

പഞ്ചായത്താഫീസുകൾക്ക് അധികാരം

247. [1] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സംസ്ഥാനത്തെ പഞ്ചായത്താഫീസുകൾക്ക്, ഗവണ്മെൻറാഫീസുകൾക്കനുവദിച്ചിട്ടുള്ള അവധി ദിവസങ്ങൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇതേപ്പററി എന്തെങ്കിലും ഉത്തരവുകൾ പഞ്ചായത്തുകൾക്ക് ഗവണ്മെൻറ് നൽകിയിട്ടുണ്ടോ ?

ഉത്തരം.

(എ) ഗവണ്മെൻറാഫീസുകൾക്ക് അനുവദിച്ചിട്ടുള്ള എല്ലാ പൊതു ഒഴിവുദിവസങ്ങളും പഞ്ചായത്തുകൾക്കും നൽകുന്നുണ്ട്.

(ബി) ഇതേപ്പററി പ്രത്യേകം ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസ്.

248. [3] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസ് പ്രവർത്തനം തൃശ്ശൂർ ഡിസ്ട്രിക്ററിലെ പുതുതായി ഏതെല്ലാം ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഇപ്പോൾ ഈ ലൈനുകളിൽ ഓടുന്ന സർവ്വീസുകളിലെ ഉടമസ്ഥന്മാർക്ക് യഥാക്രമം വേണ്ടുന്ന മുന്നറിയിപ്പുകൾ ഗവണ്മെൻറ് നൽകിയിട്ടുണ്ടോ ;

(സി) ഈ ബസ്സുടമകൾക്ക് പുതിയ റൂട്ടുകൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകൾ;

(ഡി) ഈ കാര്യങ്ങളെല്ലാം സംബന്ധിച്ച് ബസ്സുടമകളുമായി ഏതെല്ലാം കൂടിയാലോചനകൾ നടത്തിയിട്ടുണ്ട് ; ഉണ്ടെങ്കിൽ എന്ത് ?

ഉത്തരം.

(എ) ഇതിനെ സംബന്ധിച്ച് അവസാനതീരുമാനം എടുത്തിട്ടില്ല.

(ബി) സർവ്വീസു തുടങ്ങുന്നതിനു മുമ്പ് പ്രൈവററ ബസ്സുടമസ്ഥന്മാർക്ക് നോട്ടീസ് നൽകുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറുവക ബസ്സുകൾ.

249. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറുവക എത്ര ബസ്സുകളും ലോറികളും ഇപ്പോൾ ഓടുന്നുണ്ട് ;

(ബി) നികുതിയിനത്തിലും ഇൻഷുറൻസ് ഇനത്തിലും ആയി എന്തു തുക ഈ വാഹനങ്ങളിൽ നിന്നും സാധാരണ നിരക്കിൽ കിട്ടേണ്ടതാണ് ;

(സി) പ്രൈവറുവാഹനങ്ങൾ ടെസ്റ്റു ചെയ്യുന്ന രീതിയിൽ, ആറുമാസത്തിലൊരിക്കൽ ഈ വാഹനങ്ങൾ ടെസ്റ്റു ചെയ്യുന്നുണ്ടോ ?

(ഡി) ടെസ്റ്റിംഗ് ഫീസിനത്തിൽ എത്ര രൂപ ഈ ഡിപ്പാർട്ടുമെൻറിനു ചെലവുണ്ട് ?

ഉത്തരം.

(എ) ദിവസം ശരാശരി 325 ബസ്സുകളും 14 ലോറികളും ഇപ്പോൾ ഓടുന്നുണ്ട്.

(ബി) നികുതിയിനത്തിൽ ആണ്ടുതോറും ഉദ്ദേശം 12 ലക്ഷം രൂപ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കേണ്ടതായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ശരാശരി വർഷംതോറും 10,000 രൂപ ടെസ്റ്റിംഗ് ഫീസിനത്തിൽ ചെലവുണ്ട്.

വൈദ്യുത ലൈൻ നീട്ടൽ.

250. [8] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) അമരവിള ആനപ്പാറ റോഡിൽ വൈദ്യുതലൈൻ നീട്ടിക്കിട്ടണമെന്നു കാണിച്ച് നാട്ടുകാരിൽനിന്നും എത്ര നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട് ;

(ബി) അവയിന്മേൽ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ആ ജോലി ഉടനടി ആരംഭിക്കുവാൻ ഗവണ്മെൻറ് തയ്യാറാവുമോ ?

ഉത്തരം.

(എ) കൊല്ലയിൽ പഞ്ചായത്തു പ്രസിഡൻറിന്റെ ഒരു അപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) ലൈൻ നീട്ടുന്ന കാര്യം ആലോചനയിലിരിക്കുന്നു.

(സി) പ്രസ്തുത ലൈൻ ഡിപ്പാർട്ടുമെൻറിന് ആദായകരമായിരിക്കുന്നപക്ഷം ജോലി അടുത്ത ആണ്ടിൽ ആരംഭിക്കാവുന്നതാണ്.

ഹരിജൻ കോളനികൾ.

251. [13] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽ ആകെയുള്ള ഹരിജൻ കോളനികൾ എത്ര;

(ബി) ഓരോ കോളനിയിലും ഗവണ്മെൻറിൽനിന്ന് എത്ര വീടു വീതം നിർമ്മിച്ചുകൊടുത്തിട്ടുണ്ട്;

(സി) ഗവണ്മെൻറിൽ നിന്നും പണിയിച്ചു കൊടുത്തിട്ടുള്ള വീടുകളുടെ കെട്ടുമേച്ചിലിന് എന്തു തുക കൊള്ളിച്ചിട്ടുണ്ട്;

(ഡി) ഈ വർഷത്തിൽ കോളനികളിൽ വീടു നിർമ്മിക്കുന്നതിന് എന്ത് ചെലവ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്; അത് ഏതെല്ലാം കോളനികളിൽ?

ഉത്തരം.

(എ) ഈ സ്റ്റേറ്റിൽ ആകെ 187 ഹരിജൻ കോളനികൾ ഉണ്ട്.

(ബി) ഓരോ കോളനിയിലും ഉള്ള വീടുകളുടെ പട്ടിക മേശപ്പുറത്ത് വച്ചിരിക്കുന്നു. *

(സി) വീടുകളുടെ കെട്ടിമേച്ചിലിന് ഗവണ്മെൻറിൽനിന്നും തുക അനുവദിച്ചിട്ടില്ല.

(ഡി) ഈ വർഷത്തിൽ കോളനികളിൽ വീട് നിർമ്മിക്കുന്നതിന് 87,500 രൂപ ചെലവുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അവ ചേത്തല ഉള്ളാടകോളനി, കുളക്കട മോഡൽ കോളനി, കൽക്കുളം കരിഞ്ഞാൻചാൽ ഹരിജൻ കോളനി, കൊട്ടാരക്കര വെട്ടിക്കവല കോളനി, മൂവാററുപുഴ മന്നാൻകണ്ടം കോളനി, കൊച്ചി-കണയന്നൂർ താലൂക്കിലെ ശ്രീമൂലപുരം കോളനി, എന്നീ കോളനികളിലാണ്.

തിരുവല്ലാ ചന്തത്തോട്.

252. [15] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ താലൂക്കിലെ ചന്തത്തോട് വെട്ടുന്നതിനു വല്ല എക്സ്പെർട്ട് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തോട് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പൈപ്പിടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

---

* Please see Appendix XVI.

ശാസ്താംകടവു പാലം.

253. [22] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയൂർ—കേളപുരം റോഡിൽ ശാസ്താംകടവിൽ ഒരു പാലം പണിയുന്നതിനെക്കുറിച്ച് നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) അതിനെക്കുറിച്ച് മേൽനടപടി എവിടംവരെയായി ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അടങ്കൽ തയാറാക്കുന്നതിനുള്ള പ്രാരംഭനടപടികൾ എടുത്തു വരുന്നു.

ആശുപത്രികൾ.

254. [26] ശ്രീ. പി. നാരായണൻ പോററി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേററിൽ ഗവണ്മെൻറു വകയായി എത്ര

(1) ഡിസ്പെൻസറികൾ;
(2) ഹോസ്പിററലുകൾ ;
(3) ഡിസ്ട്രിക്ററ് ഹോസ്പിററലുകൾ, ഇവയുണ്ട്;

(ബി) ആകെ എത്ര ഡാക്ടർമാരുണ്ട് ;

(സി) ഡാക്ടർമാരിൽ (1) എം. ബി. ബി. എസ്സിന് മുകളിൽ ഇൻഡ്യനോ വിദേശത്തുള്ളതോ ആയ ഉപരി പരീക്ഷായോഗ്യതയുള്ളവർ

(2) എം. ബി. ബി. എസ്സുകാർ ;
(3) എൽ. എം. പി. മാർ;
(4) അതിന് താഴെ യോഗ്യതയുള്ളവർ എത്രവീതമുണ്ട്;

(ഡി) ആകെ ഡാക്ടർമാരിൽ പുരുഷന്മാരെത്ര ; സ്ത്രീകളെത്ര ?

ഉത്തരം.

(എ) 161
45
4

(ബി) 403

(സി) (1) 54
(2) 200
(3) 149
(4) ആരുമില്ല.

(ഡി) പുരുഷന്മാർ 312
സ്ത്രീകൾ 91

ഇലക്ട്രിക്ക് എക്സ്റ്റൻഷൻ.

255. [27] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപേരൂർ മല്ലപ്പള്ളി ഇലക്ട്രിക്ക് എക്സ്റ്റൻഷൻ എവിടെവരെ പൂർത്തിയായിട്ടുണ്ട്;

(ബി) കമ്പികളും തൂണുകളുമെല്ലാം ഇട്ട് Transformer വച്ചുകഴിഞ്ഞിട്ട് രണ്ടുമൂന്നുമാസങ്ങൾ കഴിഞ്ഞിട്ടും കറണ്ട് കൊടുക്കാത്തതിന്റെ കാരണമെന്ത്;

(സി) എത്ര നാളുകൾക്കകം വയറിംഗ് പൂർത്തിയായിട്ടുള്ള സ്ഥലങ്ങളിലെങ്കിലും കറണ്ട് കൊടുക്കാൻ കഴിയും;

(ഡി) G. I. Wires ഇല്ലെന്നുള്ള കാരണം പറഞ്ഞാണോ കറണ്ട് വീടുകളിൽ കൊടുക്കാതിരിക്കുന്നത്;

(ഈ) ആണെങ്കിൽ ആവശ്യമുള്ള വയർ നൽകാമെന്ന് ആരെങ്കിലും ഗവണ്മെൻറിലേയ്ക്ക് എഴുതി അയച്ചിട്ടുണ്ടോ?

ഉത്തരം.

(എ) മല്ലപ്പള്ളിവരെ പൂർത്തിയായിട്ടുണ്ട്.

(ബി) Distribution ജോലികൾ പൂർത്തിയാകാത്തതുകൊണ്ട്.

(സി) കറണ്ട് കൊടുക്കാൻ സാധിക്കുന്ന കാലാവധി ഈ ജോലിക്കാവശ്യമായ G. I. Wire-ം, മററു സാധനസാമഗ്രികളും ലഭിക്കുന്നതിനെ ആശ്രയിച്ചിരിക്കും. എത്രയും വേഗം കറണ്ട് കൊടുക്കുവാൻ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

(ഡി) ജോലി പൂർത്തിയാക്കാൻ സാധിക്കാതെവന്ന കാരണങ്ങളിലൊന്ന് G. I. Wire-ന്റെ അഭാവമാണ്.

(ഇ) ഒരാൾ വയർ നൽകാമെന്ന് അറിയിച്ചു; പക്ഷെ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് അങ്ങനെ വാങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അതു പരിഗണിക്കുകയുണ്ടായില്ല.

കാമ്പൻസേഷൻ.

256. [28] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്ക് ലൈൻ മല്ലപ്പള്ളിയിലേയ്ക്കു നീട്ടുന്ന ആവശ്യത്തിലേയ്ക്ക് വെട്ടിയിട്ടുള്ള വൃക്ഷങ്ങൾക്ക് എത്ര രൂപ കാമ്പൻസേഷൻ കൊടുക്കേണ്ടതായിട്ടുണ്ട്;

(ബി) അതിൽ എത്ര രൂപ കാമ്പൻസേഷൻ കൊടുത്തിട്ടുണ്ട്;

(സി) വളരെയധികംപേർക്ക് ഇതേവരെ കാമ്പൻസേഷൻ കൊടുക്കാതിരിക്കാൻ കാരണമെന്ത്?

ഉത്തരം.

(എ) 4,416 രൂ. 5 ണ.

(ബി) ഒന്നും ഇതുവരെ കൊടുത്തിട്ടില്ല.

(സി) പ്രതിഫലം കൊടുക്കുന്നതിനുമുമ്പ് ചട്ടപ്രകാരം ചില നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. അതിനു കുറച്ചു കാലതാമസം അനിവാര്യമാണ്.

Bridges and Culverts in Vennikulam and Mallappally.

257. [30] **Shri M. M. Mathai**: Will the Minister for Works be pleased to state: (a) how many bridges and culverts have to be constructed in the roads already under departmental maintenance in Vennikulam and Mallappally Sections;

(b) which are they;

(c) what is the scheme for constructing these bridges and culverts?

Answer.

(a) 21 bridges and 28 culverts in Vennikulam Section and 3 bridges and 19 culverts in Mallappally Section.

(b) Separate lists * containing the information are appended.

(c) There is no specific scheme for the purpose.

Village Road Development.

258. [31] **Shri M. M. Mathai**: Will the Minister for Works be pleased to state: (a) what are the roads taken up under the V. R. D. for the First Five Year Plan in Thiruvella Sub-Division;

(b) how many of them have been completed;

(c) will the Government be able to start the work of the bridge in Poovanakadavu-Chelakompu road this year;

(d) what is the amount of money spent every year for these roads;

(e) will the Government be able to complete all these roads towards the close of the first five year?

Answer.

(a) † A list of such roads is appended.

(b) 23.

(c) The work of the bridge will be started according to availability of funds.

(d) 1951-52	..	Rs.	1,81,120
1952-53	..	Rs.	2,57,912
1953-54	..	Rs.	2,15,499
1954-55	..	Rs.	79,287

(e) Yes, if the required funds could be provided.

* Please see Appendix XVII.

† Please see Appendix XVIII.

കല്ലുപ്പാറ ചന്തറോഡ്.

259. [32] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രയാറുകടവു കല്ലുപ്പാറ ചന്തയിലേയ്ക്കുള്ള റോഡ് ഇതേവരെ ഗവണ്മെൻറ് ഏറ്റെടുക്കാത്തതിന്റെ കാരണമെന്തു്?

ഉത്തരം.

"Ryots Road Rules" അനുസരിച്ച് റോഡ് പൂർത്തിയാക്കാതിരിക്കുന്നതുകൊണ്ടു്.

പാലം പണി.

260. [35] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട താലൂക്കിൽപ്പെട്ട കുമ്പഴപ്പാലം, കൈപ്പട്ടൂർ പാലം, റാന്നി പാലം ഇവകളുടെ പണി എപ്പോൾ ആരംഭിക്കും?

ഉത്തരം.

കുമ്പഴപ്പാലത്തിന്റെ പണി ഇക്കൊല്ലവും (1955), കൈപ്പട്ടൂർ പാലത്തിന്റെയും, റാന്നി പാലത്തിന്റെയും പണി 1956-ലും ആരംഭിക്കാമെന്നു് പ്രതീക്ഷിക്കുന്നു.

New Bridges.

261. [43] **Shri V. P. Parameswaran Namboodiri**: Will the Minister for Public Works be pleased to state what bridges in Kadapra Constituency have been recommended to be included in the Second Five Year Plan?

Answer.

Proposals for the Second Five Year Plan have not been finalised. It is not, therefore, possible to give the information at present.

Facilities of Transporting Sugarcane.

262. [44] **Shri V. P. Parameswaran Namboodiri**: Will the Minister for Public Works be pleased to state: (a) whether the Government have received representations to improve facilities of transporting sugarcane to the Pamba River Factory;

(b) whether any of the proposed work has been done?

Answer.

(a) Yes.

(b) No; but arrangements have been made to execute works to the extent of Rs. 20,000 this year in this behalf.

പാലം പണി.

263. [48] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടവാ-അയിരൂർ റോഡിൽ ടി. എസ്സ്. കനാലിൽ ഒരു പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി നാട്ടുകാരിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഉണ്ട്.

(ബി) വർക്ക്സ് കമ്മിററിയുടെ അഭിപ്രായത്തിനു വച്ചിട്ടുണ്ട്.

UNSTARRED QUESTIONS POSTED FOR ANSWER ON 3.2.55.

കേസ്സുകൾ.

264. [28] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ അവശതാനിവാരണനിയമം അനുസരിച്ച് എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് ;

(ബി) എത്ര കേസ്സുകൾ ശിക്ഷിച്ചിട്ടുണ്ട് ?

ഉത്തരം.

(എ) ആറു കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി) ഒരു കേസ്സ് ശിക്ഷിച്ചിട്ടുണ്ട്.

കയർ ഫാക്ററി വ്യവസായമാന്ദ്യം.

265. [35] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950-ൽ സംസ്ഥാനത്ത് ആകെ ഉണ്ടായിരുന്ന കയർ ഫാക്ററികൾ എത്ര; അവിടെ മൊത്തമായി പണി എടുത്തിരുന്ന തൊഴിലാളികൾ എത്ര; തുറന്നു പണിയെടുക്കുന്ന ഫാക്ററികളുടെയും, പണി എടുക്കുന്ന തൊഴിലാളികളുടെയും എണ്ണം 1954-ൽ എത്ര;

(ബി) സംസ്ഥാനത്ത് ആകെ 1950-ൽ ഉണ്ടായിരുന്ന കത്തു അണ്ടി ഫാക്ററികളും, അവിടെ പണി എടുത്തിരുന്ന തൊഴിലാളികളും എത്ര ; 1954-ൽ എത്ര;

(സി) സംസ്ഥാനത്ത് ആകെ 1950-ൽ ഉണ്ടായിരുന്ന ഓടുവ്യവസായശാലകളും, അവിടെ പണി എടുത്തിരുന്ന തൊഴിലാളികളും എത്ര; 1954-ൽ എത്ര ;

(ഡി) സംസ്ഥാനത്ത് ആകെ 1950-ൽ ഉണ്ടായിരുന്ന തുണി മില്ലുകൾ എത്ര? അവിടെ പണി എടുത്തിരുന്ന തൊഴിലാളികൾ എത്ര; 1954-ൽ എത്ര;

(ഇ) 1950-ൽ സംസ്ഥാനത്തു് ആകെ പ്രവർത്തനത്തിലിരുന്ന കൈത്തറികളും ആ വ്യവസായത്തെ ആശ്രയിച്ചു കഴിഞ്ഞിരുന്ന തൊഴിലാളികളും എത്ര ; 1954-ൽ എത്ര് ;

(എഫ്) 1950-ൽ സംസ്ഥാനത്തിൽ ആകെ പ്രവർത്തനത്തിലിരുന്ന കയർ ഫാക്ടറികളും, ആ വ്യവസായത്തെ ആശ്രയിച്ചു കഴിഞ്ഞിരുന്ന തൊഴിലാളികളും എത്ര ; 1954-ൽ എത്ര;

(ജി) പഞ്ചവത്സരപദ്ധതിയുടെ നേട്ടങ്ങൾ മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളുടെ വെളിച്ചത്തിൽ അഭിമാനാർഹമാണോ; അല്ലെങ്കിൽ എന്തുകൊണ്ടു് ?

ഉത്തരം.

		No of Factories	No. of Workers.
(എ)	1950-ൽ	566	21,829
	1954 ,,	569	18,161
(ബി)	1950-ൽ	25	12,213
	1954 ,,	26	14,277
(സി)	1950-ൽ	88	5,486
	1954 ,,	87	4,594
(ഡി)	1950-ൽ	7	6,202
	1954 ,,	7	7,173
(ഇ)	1950-ൽ	4,812	13,059
	1954 ,,	3,458	8,144
(എഫ്)	1950-ൽ	7,250	36,700
	1954 ,,	11,450	48,700

(ജ്) അഭിമാനാർഹമാണ്.

UNSTARRED QUESTIONS POSTED FOR ANSWER ON 4-2-1955

പുനലൂർ ഡിസ്പെൻസറി.

266. [2] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) വ്യാവസായികമായും, ജനസംഖ്യാപരമായും വളരെ ഉയർന്ന ഒരു പട്ടണമായ പുനലൂരിൽ ഒരു നല്ല ആശുപത്രിയുടെ ആവശ്യമുണ്ടെന്നു ഗവർണ്മെൻറ് അംഗീകരിക്കുന്നുവോ?

ഉത്തരം.

(എ) തൽക്കാലം സ്വീകരിക്കുവാൻ നിവൃത്തിയില്ല. എന്നാൽ നാട്ടുകാർ പുതിയ വാർഡുകൾ പണികഴിപ്പിക്കാൻ സന്നദ്ധരാകുന്നെങ്കിൽ ഇക്കാര്യത്തെപ്പററി ആലോചിക്കുന്നതാണ്.

(ബി) ഇപ്പോൾ പുനലൂരിലുള്ള ഡിസ്പെൻസറി അവിടത്തെ ആവശ്യങ്ങൾ നിറവേറുന്നതിന് മതിയാകുന്നതാണ്. വല്ല പോരായ്മയും ഉണ്ടെങ്കിൽ ക്രമേണ അവ പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

രജിസ്റ്റേഡ് ട്രേഡ്യൂണിയൻ.

267. [ ] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഇന്ന് എത്ര രജിസ്റ്റേഡ് ട്രേഡ്യൂണിയനുകൾ ഉണ്ട്.

(ബി) അവയുടെ ലിസ്റ്റ് ദയവായി തരുമോ?

ഉത്തരം.

(എ) 730

(ബി) ട്രേഡ്യൂണിയനുകളുടെ വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് * മേശപ്പുറത്ത് വച്ചിരിക്കുന്നു.

Tarring Moovattupuzha-Piravom Road.

268. [12] **Shri M. V. Cheriyan :** Will the Minister for Works and Transport be pleased to state :

(a) has any representation reached the Government regarding improvements and tarring of the Moovattupuzha-Piravom road ;

(b) have the Government been impressed of its urgent need of tarring the above road and if so, the action taken thereof ;

(c) would the Government take immediate steps to execute the above work this year itself ?

Answer.

(a) Yes.

(b) & (c) Government have been convinced of the necessity of improving the Moovattupuzha-Piravom road and they have sanctioned the maintenance grant of this road being raised from Rs. 500 per mile to Rs. 1,000 per mile from 1955-56 onwards.

ശുദ്ധജലക്ഷാമം.

269. [18] ശ്രീ. കെ നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊൻകുന്നം, ചിറക്കടവ് എന്നീ സ്ഥലങ്ങളിൽ വേനൽക്കാലത്ത് കുടിക്കുവാൻപോലും വെള്ളം കിട്ടുന്നില്ല എന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

* Placed on the Library Table.

(ബി) ഉണ്ടെങ്കിൽ അതു് പരിഹരിക്കാൻ നടപടികൾ എത്രയും വേഗം സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ടു്.

